# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## മൂന്നാം സമ്മേളനം

2021 ഒക്ടോബർ 4, തിങ്കൾ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

1413/22

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി  വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസം-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

## അംഗങ്ങൾ

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടയ്ക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ)(എസ്.സി)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ)(എസ്.സി)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര)(എസ്.സി)
17. ശ്രീമതി സി. കെ. ആശ (വൈക്കം)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)
24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി) (എസ്.ടി)

25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)
26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)
27. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)
28. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)
29. ശ്രീമതി ദെലീമ (അരൂർ)
30. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)
31. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)
32. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ) (എസ്.സി)
33. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)
34. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)
35. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)
36. ഡോ. കെ. ടി. ജലീൽ (തവനൂർ)
37. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)
38. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)
39. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)
40. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)
41. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)
42. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)
43. ശ്രീ. വി. ജോയി (വർക്കല)
44. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി) (എസ്.ടി)
45. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)
46. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)
47. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)
48. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)
49. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ) (എസ്.സി)

50. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)

51. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)

52. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)

53. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)

54. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)

55. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)

56. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

57. ശ്രീ. മാണി സി. കാപ്പൻ (പാലാ)

58. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)

59. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

60. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

61. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)

62. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)

63. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)

64. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക)(എസ്.സി)

69. ഡോ. എം. കെ. മുനീർ (കൊടുവള്ളി)

70. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

71. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

72. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)

73. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)

74. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

75. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

76. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)

78. ശ്രീ. പ്രമോദ് നാരായൺ (റാന്നി)

79. ശ്രീ. പി. പ്രസാദ് (ചേർത്തല)

80. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

81. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

82. ശ്രീമതി യു. പ്രതിഭ (കായംകുളം)

83. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)

84. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര) (എസ്.സി)

85. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

86. ശ്രീ. പി. ടി. എ. റഹീം (കുന്നമംഗലം)

87. ശ്രീ. എ. രാജ (ദേവികുളം) (എസ്.സി)

88. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

89. ശ്രീ. കെ. രാജൻ (ഒല്ലൂർ)

90. ശ്രീ. പി. രാജീവ് (കളമശ്ശേരി)

91. ശ്രീ. എം. ബി. രാജേഷ് (തൃത്താല)

92 ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)

93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

94. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

96. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)

97. ശ്രീമതി കെ. കെ. രമ (വടകര)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി) (എസ്.സി)

101. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)

104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

105. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)

106. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട്) (എസ്.സി)

107. ശ്രീ. എ. കെ. ശശീന്ദ്രൻ (എലത്തൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ്) (എസ്.സി)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)

116. ശ്രീ. വി. ശിവൻകുട്ടി (നേമം)

117. ശ്രീ. വാഴൂർ സോമൻ (പീരുമേട്)

118. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട്) (എസ്.സി)

119. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)

120. ഡോ. സുജിത് വിജയൻപിള്ള (ചവറ)

121. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)

122. ശ്രീ. പി. പി. സുമോദ് (തരൂർ) (എസ്.സി)

123. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)

124. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)

125. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)

126. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)

127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)

128. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)

129. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)

130. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)

131. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ (വൈപ്പിൻ)

132. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)

133. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)

134. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)

135. ശ്രീ. പിണറായി വിജയൻ (ധർമ്മടം)

136. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)

137. ശ്രീ. എം. വിൻസെന്റ് (കോവളം)

138. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)

139. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)

140. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

## വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക

**ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി**

- പൊതുഭരണം
- അഖിലേന്ത്യാ സർവ്വീസുകൾ
- ആസൂത്രണവും സാമ്പത്തിക കാര്യവും
- ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി
- മലിനീകരണ നിയന്ത്രണം
- സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ
- പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്
- തെരഞ്ഞെടുപ്പ്
- ഇന്റഗ്രേഷൻ
- ഇൻഫർമേഷൻ ടെക്നോളജി
- സൈനികക്ഷേമം
- ദുരിതാശ്വാസം
- സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി
- എയർപോർട്ട്സ്
- മെട്രോ റെയിൽ
- അന്തർസംസ്ഥാന നദീജലം
- കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ
- കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ
- ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്
- നോർക്ക
- ആഭ്യന്തരം
- വിജിലൻസ്
- അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്
- അഗ്നിശമനം
- ജയിലുകൾ
- അച്ചടിയും സ്റ്റേഷനറിയും
- ന്യൂനപക്ഷക്ഷേമം
- നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും
- മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

**ശ്രീ. വി. അബ്ദുറഹിമാൻ, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന  വകുപ്പുമന്ത്രി**

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

**ശ്രീ. അഹമ്മദ് ദേവർകോവിൽ, തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി**

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

**ശ്രീ. ജി. ആർ. അനിൽ, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി**

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

**ശ്രീ. ആന്റണി രാജു, ഗതാഗത വകുപ്പുമന്ത്രി**

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

**ശ്രീ. കെ. എൻ. ബാലഗോപാൽ, ധനകാര്യ വകുപ്പുമന്ത്രി**

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യ നികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടി

**ഡോ. ആർ. ബിന്ദു, ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി**

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ. സി. സി.

അസാപ് (ASAP)

സാമൂഹ്യനീതി

**ശ്രീമതി ജെ. ചിഞ്ചുറാണി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി**

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല

**ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി**

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

**ശ്രീ. കെ. കൃഷ്ണൻകുട്ടി, വൈദ്യുതി വകുപ്പുമന്ത്രി**

വിദ്യുച്ഛക്തി

അനെർട്ട്

**ശ്രീ. പി. എ. മുഹമ്മദ് റിയാസ്, പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി**

പൊതുമരാമത്ത്

വിനോദസഞ്ചാരം

**ശ്രീ. പി. പ്രസാദ്, കൃഷി വകുപ്പുമന്ത്രി**

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

**ശ്രീ. കെ. രാധാകൃഷ്ണൻ, പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി**

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നാക്കസമുദായക്ഷേമം

ദേവസ്വം

പാർലമെന്ററികാര്യം

**ശ്രീ. കെ. രാജൻ, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി**

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

**ശ്രീ. പി. രാജീവ്, നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി**

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

**ശ്രീ. റോഷി അഗസ്റ്റിൻ, ജലവിഭവ വകുപ്പുമന്ത്രി**

ജലസേചനം
കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി
ഭൂജല വകുപ്പ്
ശുദ്ധജലവിതരണവും ശുചീകരണവും

**ശ്രീ. സജി ചെറിയാൻ, മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി**

മത്സ്യബന്ധനം
ഹാർബർ എഞ്ചിനീയറിംഗ്
ഫിഷറീസ് സർവ്വകലാശാല
സാംസ്കാരികം
കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ
കേരള ചലച്ചിത്ര അക്കാദമി
കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്
യുവജനകാര്യം

**ശ്രീ. എ. കെ. ശശീന്ദ്രൻ, വനം-വന്യജീവി വകുപ്പുമന്ത്രി**

വനം
വന്യജീവി സംരക്ഷണം

**ശ്രീ. വി. ശിവൻകുട്ടി, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി**

പൊതുവിദ്യാഭ്യാസം
സാക്ഷരതാ മിഷൻ
തൊഴിൽ
തൊഴിലും പരിശീലനവും
നൈപുണ്യം
പുനരധിവാസം
ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്
ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്
ലേബർ കോടതികൾ

**ശ്രീ. വി. എൻ. വാസവൻ, സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി**

സഹകരണം
രജിസ്ട്രേഷൻ

**ശ്രീമതി വീണാ ജോർജ്ജ്, ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി**

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...24

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...24
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...74

**II ചരമോപചാരം**

സി. എ. മാത്യുവിന്റെ നിര്യാണം ...438

**III ചെയർമാൻമാരുടെ പാനൽ** ...438

**IV അടിയന്തരപ്രമേയം**

പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കാൻ നടപടി
ശ്രീ. ഷാഫി പറമ്പിൽ ...438
(അവതരണാനുമതി നിഷേധിച്ചു.)

**V ശ്രദ്ധ ക്ഷണിക്കൽ**

(1) ഉപരിപഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുള്ള ക്രമീകരണം
– ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ...458

(2) വയനാട് ജില്ലയിലെ രാസവളക്ഷാമം പരിഹരിക്കാൻ നടപടി
– ശ്രീ. ടി. സിദ്ദിഖ് ...463

**VI സബ്മിഷൻ**

1. ആർ.ടി.പി.സി.ആർ. ടെസ്റ്റിന് ഈടാക്കുന്ന അമിത തുക
– ശ്രീ. എം. രാജഗോപാലൻ ...466

2. ജ്വല്ലറി നിക്ഷേപ തട്ടിപ്പ്
– ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ...467

3. ബിവറേജസ് ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കൽ
– ശ്രീ. പി. സി. വിഷ്ണുനാഥ് ...468

പേജ്

4. ഗ്രീൻ ഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റ്

– ശ്രീ. പി. എസ്. സുപാൽ ...470

5. ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിലെ പുതിയ കോഴ്സുകൾ

– ശ്രീ. കെ. പി. മോഹനൻ ...471

6. പോളിടെക്നിക് കോളേജായി ഉയർത്തൽ

– ശ്രീമതി കാനത്തിൽ ജമീല ...473

7. കായികാദ്ധ്യാപക തസ്തികയുടെ യോഗ്യതാ മാനദണ്ഡം

– ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ...474

8. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും ഏറ്റെടുക്കൽ

– ശ്രീ. മോൻസ് ജോസഫ് ...477

9. കൗൺസിലിംഗ്

– ശ്രീ. യു. എ. ലത്തീഫ് ...479

10. താലൂക്കാശുപത്രിയായി ഉയർത്തൽ

– ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ...481

**VII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...484

**VIII നിയമനിർമ്മാണകാര്യം** ...493

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ
(ii) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ
(iii) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ
(iv) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

പേജ്

**ക്രമപ്രശ്നം**

1. ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രനിയമത്തിന് വിരുദ്ധം
   – ശ്രീ. കെ. ബാബു. (തൃപ്പൂണിത്തുറ) ...493
2. ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം
   – ശ്രീ. എൻ. ഷംസുദ്ദീൻ ...494
3. ബിൽ ഭരണഘടനാ വിരുദ്ധം
   – ശ്രീ. മഞ്ഞളാംകുഴി അലി ...495

**റൂളിംഗ്** ...499

**നിയമനിർമ്മാണകാര്യം - തുടർച്ച** ...500

**X അറിയിപ്പ്** ...656

**അനുബന്ധം** ...657

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### മൂന്നാം സമ്മേളനം

*2021 ഒക്ടോബർ 4, തിങ്കൾ*

വാല്യം 186] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനം 2021 ഒക്ടോബർ മാസം 4-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ നക്ഷത്രചിഹ്നമിട്ട 1-ാം നമ്പർ ചോദ്യവുമായി നക്ഷത്രചിഹ്നമിട്ട 10-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. ഇ. കെ. വിജയനും നക്ഷത്രചിഹ്നമിട്ട 14-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. ഒ. ആർ. കേളുവും നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ സമാനമായതുകൊണ്ട് നക്ഷത്രചിഹ്നമിട്ട 14-ാം നമ്പർ ചോദ്യത്തിന് ക്ലബ്ബിംഗ് അനുവദിക്കുന്നു. വിഷയം വ്യത്യസ്തമായതിനാൽ നക്ഷത്രചിഹ്നമിട്ട 10-ാം നമ്പർ ചോദ്യത്തിന് ക്ലബ്ബിംഗ് അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 1, 14 എന്നിവയ്ക്ക് ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

1413/2022

## പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി

1 (*1) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:

ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അർഹരായവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം അനർഹരെ ഒഴിവാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) : സർ, (എ) 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തെ അടിസ്ഥാനപ്പെടുത്തി പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽതന്നെ നിരവധി നടപടികൾ സ്വീകരിച്ചിരുന്നു. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, വകുപ്പിന്റെ പോർട്ടൽ വഴി റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നിരീക്ഷിക്കാനുള്ള സംവിധാനം എന്നിവയെല്ലാം അതിന്റെ ഭാഗമാണ്. രാജ്യത്തിനുതന്നെ മാതൃകയാകുന്നവിധത്തിൽ സംസ്ഥാനത്തെ പൊതുവിതരണരംഗം കാര്യക്ഷമവും സുതാര്യവുമാക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ കൂടുതൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആദിവാസി മേഖലകളിലെ "സഞ്ചരിക്കുന്ന റേഷൻകട" പദ്ധതി തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിൽക്കൂടി നടപ്പിലാക്കി. "വിശപ്പുരഹിത കേരളം" പദ്ധതിയുടെ ഭാഗമായി നിർധനർക്ക് ഒരുനേരത്തെ ആഹാരം സൗജന്യനിരക്കിൽ ലഭ്യമാക്കുന്ന 'സുഭിക്ഷ ഹോട്ടൽ' തിരുവനന്തപുരത്തും ആരംഭിച്ചു. പൊതുവിതരണ ശൃംഖലയിലെ തെറ്റായ പ്രവണതകൾ തടയുന്നതിന് ശക്തമായ പരിശോധനാ സംവിധാനം ഏർപ്പെടുത്തി. താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി നടപടികളുണ്ടാകണമെന്ന് കർശന നിർദ്ദേശം നൽകി. പൊതുവിതരണ വകുപ്പിന്റെ 5 മേഖലകൾ തിരിച്ച് സ്ക്വാഡുകൾ രൂപീകരിച്ച് ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ കടകൾ പരിശോധിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ മൊബൈൽ ആപ്പ് സംവിധാനം ഏർപ്പെടുത്തി. കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി വാതിൽപ്പടി വിതരണം നടത്തുന്ന വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കുന്നതിനും എല്ലാ ഗോഡൗണുകളിലും സി.സി.ടി.വി. സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2022-2027 പദ്ധതി കാലയളവിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ NFSA (National Food Security Act) ഗോഡൗണുകൾ ശാസ്ത്രീയ മാനദണ്ഡങ്ങൾ അനുസരിച്ച് നിർമ്മിക്കുന്നകാര്യം പരിഗണനയിലാണ്. കൂടാതെ റേഷൻ കടകളുടെ പശ്ചാത്തലസൗകര്യങ്ങൾ വികസിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ നൽകിവരുന്ന റേഷൻ സാധനങ്ങൾക്കുപുറമേ ചില പലവ്യഞ്ജനസാധനങ്ങളും റേഷൻ കടകളിലൂടെ വിതരണം ചെയ്യാൻ സർക്കാർ ആലോചിക്കുന്നു.

(ബി) 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. (Priority House Holds)വിഭാഗങ്ങളെയാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മുൻഗണനാവിഭാഗങ്ങളെ കണ്ടെത്തുന്നത്. ഇപ്രകാരമുള്ള മുൻഗണനാവിഭാഗങ്ങളിലെ ഗുണഭോക്താക്കളുടെ ആകെ സംഖ്യ സംസ്ഥാനത്ത് 1,54,80,040 (ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തി നാല്പത്) ആയി കേന്ദ്ര സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ മുൻഗണനാവിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ കണ്ടെത്തി ഒഴിവാക്കുകയും അങ്ങനെ വരുന്ന ഒഴിവുകളിലേയ്ക്ക് അർഹരായ കുടുംബങ്ങളുടെ കാർഡുകൾ തരംമാറ്റി നൽകുകയും ചെയ്യുന്നത് ഒരു തുടർപ്രവർത്തനമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരുന്നവർക്ക് ശിക്ഷകൂടാതെ അവ തിരിച്ചേൽപ്പിക്കാൻ അവസരം നൽകി. ഇങ്ങനെ 11587 എ.എ.വൈ. കാർഡുകളും 74624 പി.എച്ച്.എച്ച്. കാർഡുകളും 55974 നോൺ പ്രയോറിറ്റി (സബ്സിഡി) കാർഡുകളും തിരിച്ചേല്പിക്കപ്പെട്ടു. ഇതുകൂടാതെ പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളും ലഭ്യമായി. 2021 ജൂലായ് 31 വരെ ഈ രണ്ടുതരത്തിലും മുൻഗണനാവിഭാഗത്തിൽ ലഭ്യമായിട്ടുള്ള ഒഴിവുകളിലേയ്ക്ക് 12,596 എ.എ.വൈ. കാർഡുകളും 1,19,866 പി.എച്ച്.എച്ച്. കാർഡുകളും തരംമാറ്റി നൽകുകയുണ്ടായി. 2021 ആഗസ്റ്റ് 1 മുതൽ മുൻഗണനാവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനായി താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭിച്ച അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി പുരോഗമിച്ചുവരികയാണ്.

നക്ഷത്രചിഹ്നമിട്ട 14-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരങ്ങൾ ഒന്നാമത്തെ ചോദ്യത്തിന്റെ ഉത്തരത്തിലുൾപ്പെടുന്നതുകൊണ്ട് പ്രധാന പോയിന്റുകൾമാത്രം സൂചിപ്പിച്ച് ബാക്കിയുള്ളവ മേശപ്പുറത്തുവയ്ക്കുന്നു.*

---

* അനുബന്ധമായി ചേർക്കുന്നു.

2 (*14) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അശാസ്ത്രീയമായി മുൻഗണനാ ഗുണഭോക്താക്കളുടെ എണ്ണം നിജപ്പെടുത്തിയത് അർഹതപ്പെട്ട നിരവധി പേർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കാതെ പോകുന്നതിനും സൗജന്യ ചികിത്സ നിഷേധിക്കപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ടെന്നതിനാൽ മുൻഗണനാ ഗുണഭോക്താക്കളുടെ ക്വാട്ട ശാസ്ത്രീയമായി പുനർനിർണ്ണയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

(ബി) സംസ്ഥാനത്ത് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശപ്പെടുത്തിയിട്ടുള്ളവരെ കണ്ടെത്തി മുൻഗണനാ ലിസ്റ്റിൽനിന്ന് ഒഴിവാക്കാൻ സ്വീകരിച്ച നടപടിയുടെ പുരോഗതി അറിയിക്കാമോ?

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) : സർ, (എ) ഉണ്ട്. സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗര പ്രദേശങ്ങളിൽ 39.5 ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നത്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ പട്ടികയിലുൾപ്പെടുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണമുണ്ടായിട്ടില്ല.

അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് സർക്കാരിനെ അറിയിക്കുന്നതിലേയ്ക്കായി 9495998223 എന്ന ഫോൺ നമ്പർ പരസ്യപ്പെടുത്തുകയും പരാതി നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. 1-8-2021 മുതൽ 43635 അപേക്ഷകളാണ് താലൂക്കുതലത്തിൽ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിന് ലഭ്യമായിട്ടുള്ളത്. അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി തുടർന്നുവരികയാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, പൊതുവിതരണ ശൃംഖലയെ സംരക്ഷിക്കുകയും വിജയകരമായി മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുന്ന സംസ്ഥാനമാണ് കേരളം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 'വിശപ്പുരഹിത

കേരളം' പദ്ധതിയുടെ ഭാഗമായി വിവിധ പരിപാടികൾ നടപ്പിലാക്കിവരുന്നത് സന്തോഷകരവും സ്വാഗതാർഹവുമാണ്. വീടില്ലാതെ തെരുവോരത്ത് താമസിക്കുന്നവർക്ക് 2013-ലെ എൻ.എഫ്.എസ്.എ. പ്രകാരം ഭക്ഷ്യധാന്യങ്ങൾക്ക് അർഹതയുള്ളതായി കാണുന്നു. ഈ സാഹചര്യത്തിൽ ആധാർ പരിശോധന നടത്തി മറ്റൊരു റേഷൻ കാർഡിലും പേരില്ലാത്തപക്ഷം നടപടിക്രമങ്ങൾ ലളിതമാക്കി ഇത്തരക്കാർക്കുകൂടി റേഷൻ കാർഡ് നൽകുന്നകാര്യം സർക്കാർ പരിഗണിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഇക്കാര്യം പരിഗണനയിലാണെന്ന് മാത്രമല്ല, അതുസംബന്ധിച്ച വിതരണ നടപടികൾ തുടങ്ങിയിട്ടുമുണ്ട്. ഒരു റേഷൻ കാർഡിലും പേരില്ലാത്ത ആധാർ കാർഡുള്ളവർക്ക് റേഷൻ കാർഡ് നൽകാനും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാനുമാവശ്യമായ നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, സംസ്ഥാനത്ത് സ്വന്തമായി വീടില്ലാത്ത, വാടകയ്ക്ക് താമസിക്കുന്നവർക്ക് വീട്ടുടമയുടെ സമ്മതപത്രം ലഭിക്കാത്തതുൾപ്പെടെയുള്ള കാരണത്താൽ റേഷൻ കാർഡ് ലഭിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നടപടിക്രമങ്ങൾ ലളിതമാക്കി ഈ വിഭാഗത്തിൽപ്പെട്ടവർക്കുകൂടി റേഷൻ കാർഡ് നൽകുന്നകാര്യം പരിഗണിക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്ത് വാടക വീടുകളിൽ താമസിക്കുന്നവർക്കും റേഷൻ കാർഡ് അനുവദിച്ച് റേഷൻ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനായി സാധുവായ വാടക കരാറോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ, അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന പരിഗണിച്ച് അപേക്ഷകന്റെയും കാർഡിലുൾപ്പെടുന്ന മറ്റംഗങ്ങളുടെയും ആധാർ കാർഡ് പരിശോധിച്ച് മറ്റൊരു റേഷൻ കാർഡിലും ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പുവരുത്തിയശേഷം റേഷൻ കാർഡ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവിറക്കിയിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ നിരവധി പേർക്ക് കാർഡ് വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്.

ശ്രീ. തോമസ് കെ. തോമസ്: സർ, പൊതുവിതരണ സംവിധാനം ഏറ്റവും നല്ല രീതിയിൽ സംസ്ഥാനത്ത് നടക്കുന്നുവെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. നേരത്തെ 148 റേഷൻ കടകളുണ്ടായിരുന്ന കുട്ടനാട് ഇപ്പോൾ 118 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. വലിയ ഏരിയയുള്ള പ്രദേശമാണ് കുട്ടനാട്. പക്ഷെ, ജനങ്ങൾ വളരെ കുറവാണ്. ചില ഏരിയകളിൽ ജനങ്ങൾക്ക് എത്തിപ്പെടാൻ കഴിയാത്ത

സാഹചര്യമുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ക്യാൻസൽ ചെയ്ത റേഷൻ കടകൾ വീണ്ടും ആരംഭിക്കാനുള്ള സംവിധാനമുണ്ടാക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, പുതിയ റേഷൻ കടകൾക്കുവേണ്ടി ലഭിച്ചിട്ടുള്ള നിരവധി അപേക്ഷകൾ സർക്കാരിന്റെ പരിശോധനയിലാണ്. കൂടാതെ ക്യാൻസൽ ചെയ്ത 599 റേഷൻ കടകളും മറ്റ് രൂപത്തിലുള്ള കടകളും പുതിയ ലൈസൻസികൾക്ക് നൽകാൻ കഴിയുന്നതരത്തിലുള്ള നടപടിയിലേയ്ക്കാണ് വകുപ്പ് നീങ്ങിയിട്ടുള്ളത്. അതുമായി ബന്ധപ്പെട്ട എല്ലാ നടപടിയും പാലിച്ചുകൊണ്ട് ഒക്ടോബർ, നവംബർ മാസങ്ങളിലായി കടകൾ നൽകാനുള്ള നടപടിയിലേയ്ക്ക് പോകുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: സർ, 2021 ഒക്ടോബർ 1-ാം തീയതി കേരളത്തിലെ ഒരുലക്ഷത്തിനാൽപ്പത്തിരണ്ടായിരത്തോളംവരുന്ന എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി മാറ്റിയതുമൂലം അർഹരായവർക്ക് ആനുകൂല്യം ലഭ്യമാക്കിയ സർക്കാരിനെയും വകുപ്പുമന്ത്രിയേയും വകുപ്പിനെയും എല്ലാവിധത്തിലുമുള്ള അഭിനന്ദനങ്ങളും അറിയിക്കുകയാണ്. 50 ശതമാനം അംഗവൈകല്യം സംഭവിച്ച ഒരു കുട്ടിയുടെ പിതാവ് വിദേശത്താണെങ്കിൽ അവരുടെ കുടുംബത്തിന് എ.പി.എൽ. കാർഡാണ് അനുവദിക്കുന്നത്. അതിൽ വരുമാനം കൂടുതലായിട്ടാണ് കാണിക്കുന്നത്. അതുകൊണ്ട് പല ആനുകൂല്യങ്ങളും അവർക്ക് നിഷേധിക്കപ്പെടുകയാണ്. അതിന് പരിഹാരമായി ഇത്തരം കുട്ടികൾ അംഗങ്ങളായുള്ള വീടുകൾക്ക് ബി.പി.എൽ. കാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, സംസ്ഥാനത്തെ ഭിന്നശേഷിക്കാർ അംഗങ്ങളായുള്ള കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് നൽകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. എന്നാൽ ഭിന്നശേഷിക്കാരുടെ അംഗപരിമിതിയുടെ ശതമാനം കണക്കാക്കി ഒരു നിശ്ചിത ശതമാനത്തിന് മുകളിൽ അംഗപരിമിതിയുള്ളവർക്ക് മുൻഗണനാ കാർഡ് നൽകുവാൻ കഴിയുമോയെന്നകാര്യം പരിശോധിച്ചുവരികയാണ്. ഇക്കാര്യത്തിൽ സാമൂഹ്യനീതി വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞശേഷം വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വയംചലനശേഷി പൂർണ്ണമായും നഷ്ടപ്പെട്ട അംഗങ്ങളുള്ള കുടുംബങ്ങളെ മുൻഗണനാപട്ടികയിലുൾപ്പെടുത്തുന്നകാര്യം സർക്കാർ ഗൗരവമായി കാണുന്നു.

ശ്രീ. ഒ. ആർ. കേളു: സർ, കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ചില മാനദണ്ഡങ്ങൾപ്രകാരം മുൻഗണനാവിഭാഗത്തിലുള്ള ഗുണഭോക്താക്കളുടെ എണ്ണം

കേരളത്തിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത് വർദ്ധിപ്പിച്ചുകിട്ടുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും കേന്ദ്രമന്ത്രിമാരെ നേരിട്ടുകണ്ട് ഇതിന് പരിഹാരമുണ്ടാക്കാനുമാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിന്റെ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, 1,37,369 മുൻഗണനാ കാർഡുകൾ സറണ്ടർ ചെയ്യിച്ച് അവയ്ക്കുപകരമായി പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി കാർഡുവിതരണം നടത്തുന്ന വകുപ്പിന്റെ നടപടിയെ അഭിനന്ദിക്കുന്നു. മുൻഗണനാ കാർഡിനുവേണ്ടി അപേക്ഷ സ്വീകരിക്കുമ്പോൾത്തന്നെ ഹിയറിംഗ് തീയതി നിശ്ചയിച്ചുകൊടുക്കുകയും ഹിയറിംഗ് കഴിയുന്നമുറയ്ക്ക് മുൻഗണനാ കാർഡ് ലഭിക്കുമോയെന്ന് അപേക്ഷകനെ അറിയിക്കുകയും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ വിവിധ താലൂക്ക് സപ്ലൈ ഓഫീസുകളിൽ മുൻഗണനാ കാർഡിനുവേണ്ടിയുള്ള നിരവധി അപേക്ഷകൾ വരുന്നുണ്ട്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ആ അപേക്ഷകൾക്കെല്ലാം കൃത്യമായി കൈപ്പറ്റ് രസീത് നൽകുന്നുണ്ട്. ഓരോ അപേക്ഷയും വകുപ്പിന്റെ കൈവശം ലഭിച്ചാൽ അതിനാവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കാനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇപ്പോൾ നാൽപ്പത്തിയാറായിരത്തിൽപ്പരം അപേക്ഷകൾ പരിശോധനയിലാണ്. പരിശോധന പൂർത്തിയാക്കി അർഹരായവർക്ക് കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

ശ്രീ. ജി. സ്റ്റീഫൻ: സർ, മുൻഗണനാ കാർഡുകൾക്കുള്ള അപേക്ഷകൾ ഇപ്പോൾ അപേക്ഷകരിൽനിന്നും നേരിട്ടാണ് സ്വീകരിക്കുന്നത്. ഇത്തരത്തിൽ മാനുവലായി അപേക്ഷ നൽകുന്നത് ഒഴിവാക്കി ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുകയാണെങ്കിൽ അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിനും സമയബന്ധിതമായി സേവനം നൽകുന്നതിനും പ്രയോറിറ്റി ലിസ്റ്റിൽ സ്ഥാനം, കിട്ടിയ മാർക്ക് എന്നിവ ഉൾപ്പെടെ അപേക്ഷകർക്ക് ഓൺലൈനായി മനസ്സിലാക്കാനും ഈ സംവിധാനത്തിന്റെ സുതാര്യത വർദ്ധിപ്പിക്കാനും കഴിയും. ഇത്തരത്തിലുള്ള ഓൺലൈൻ അപേക്ഷാ സംവിധാനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യവും നിർദ്ദേശവും വളരെ സ്വാഗതാർഹമായ ഒന്നാണ്. ഇപ്പോഴും വകുപ്പ്

ഓൺലൈനിലൂടെയും ടെലിഫോണിലൂടെയും അപേക്ഷകൾ ക്ഷണിക്കുന്നുണ്ട്. എന്നാൽ ഈ പറഞ്ഞ രീതിയിലേയ്ക്ക് അത് ക്രമീകരിച്ച് വളരെ പ്രയോജനകരമാകുന്ന അവസ്ഥയിലേയ്ക്ക് മാറ്റുന്നതാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രതിച്ഛായ വർദ്ധിപ്പിക്കാൻ ഭക്ഷ്യ-പൊതുവിതരണരംഗത്ത് കൈവരിച്ച മുന്നേറ്റത്തിന് സാധിച്ചിട്ടുണ്ട്. ഭക്ഷ്യയോഗ്യമായ നാണ്യവിളകൾ സംഭരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ആ രംഗത്ത് എത്രമാത്രം മുന്നോട്ടുപോയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ വിഷയം ഈ സഭയുടെ ആദ്യ സമ്മേളനത്തിൽ ബഹുമാന്യനായ ഗവർണ്ണറുടെ നയപ്രഖ്യാപനത്തിലുള്ളതാണ്. സിവിൽ സപ്ലൈസ് വകുപ്പ് കൃഷിക്കാരുടെ, വിശേഷിച്ചും മലയോരമേഖലയിലെ നാണ്യവിളകൾ സംഭരിച്ച് വാല്യു ആഡഡ് പ്രോഡക്ടുകളാക്കി മാറ്റി സപ്ലൈകോയുടെ ഔട്ട്‌ലെറ്റുകളിലൂടെ വിൽക്കാൻ കഴിയുന്നതരത്തിൽ ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, കഴിഞ്ഞ മാസത്തെ ഭക്ഷ്യകിറ്റ് കിട്ടിയില്ല; ഈ മാസവും കൊടുക്കുമോയെന്നറിയില്ല. ആളുകൾ ഭക്ഷ്യകിറ്റിനെ പ്രതീക്ഷിച്ചിരിക്കുകയാണ്. ഭക്ഷ്യകിറ്റ് ഇനി കൊടുക്കുമോ ഇല്ലയോ; ഭക്ഷ്യകിറ്റ് വിതരണം നിർത്തി എന്നൊരു വാർത്ത നേരത്തെ വന്നു. എന്നാൽ അങ്ങനെയൊരു തീരുമാനമെടുത്തിട്ടില്ലെന്ന് മന്ത്രിയുടെ വിശദീകരണവും വന്നു. ഭക്ഷ്യകിറ്റ് വിതരണം തുടരുമോ അതോ ഭരണം കിട്ടാനുള്ള ഭരണക്കിറ്റായി ഇത് അവസാനിക്കുമോ? ഇക്കാര്യത്തിൽ കൃത്യമായ ഒരു മറുപടിയാണ് വേണ്ടത്.

ശ്രീ. ജി. ആർ. അനിൽ: സർ, ഭരണം കിട്ടിയതിനുശേഷവും കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. കോവിഡ്-19 മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി ഘട്ടത്തിലാണ് സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി അതിജീവന കിറ്റുകൾ വിതരണം ചെയ്തത്. ഇപ്പോൾ ആ പ്രതിസന്ധിഘട്ടം കുറച്ച് മാറിവരുന്ന സാഹചര്യമാണുള്ളത്. അതുകൊണ്ട് അതിജീവന കിറ്റുകളുടെ വിതരണത്തെ സംബന്ധിച്ച് ആലോചിക്കേണ്ട വിഷയമാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഒന്നാം പിണറായി സർക്കാർ 16 ഇനം അവശ്യവസ്തുക്കൾ 5 വർഷക്കാലം ഒരു രൂപപോലും വർദ്ധിപ്പിക്കാതെ വിതരണം ചെയ്യുകയുണ്ടായി. ഈ അവശ്യവസ്തുക്കൾ ഇത്തവണയും വില വർദ്ധിപ്പിക്കാതെ നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ഗവൺമെന്റ് കഴിഞ്ഞ ദിവസംവരെയും ഭക്ഷ്യകിറ്റ് കൊടുത്തുവരികയാണ്. കടുത്ത സാമ്പത്തിക ബാദ്ധ്യതയാണെങ്കിലും മാർക്കറ്റ് ഇന്റർവെൻഷൻ ഇപ്പോഴും നടത്തിവരുന്നുണ്ട്. ആലോചിച്ചതിനുശേഷമേ എന്തെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തുകയുള്ളൂ.

ശ്രീ. പി. ടി. തോമസ്: സർ, ഓണക്കിറ്റിലൂടെ വിതരണം ചെയ്ത ഏലക്കായ് ഗുണനിലവാരമില്ലാത്തതാണെന്നും അത് തിരിച്ചെടുക്കാൻ ഗവൺമെന്റ് ഉത്തരവ് നൽകിയെന്നുമുള്ള വാർത്തകൾ പുറത്തുവരികയുണ്ടായി. Fast-Moving Consumer Goods (FMCG) Konni CFRD (Council for Food Research and Development) ലാബിൽ നടത്തിയ പരിശോധനയിൽ ഗുണനിലവാരമില്ലാത്തതാണെന്നും mfd 0121 PO No. Mkt 9182 28-07-2021 ഭക്ഷ്യയോഗ്യമല്ലാത്തതാണെന്നും തെളിഞ്ഞതായി വകുപ്പിന്റെ കണ്ടെത്തലുണ്ട്. ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി ഓണക്കിറ്റിലൂടെ വിതരണം ചെയ്ത ഏലക്കായ് ഗുണനിലവാരമില്ലാത്തതാണെന്നും കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നുവെന്നും പത്രസമ്മേളനത്തിലൂടെ ഞാൻ ഉന്നയിച്ചിരുന്നു. അന്ന് അതിനെ ബഹുമാനപ്പെട്ട മന്ത്രി തെറ്റായി ചിത്രീകരിക്കുകയാണ് ചെയ്തത്. പക്ഷേ ഞാൻ പറഞ്ഞത് ശരിയാണെന്ന് ഗവൺമെന്റിന്റെ ഈ കണ്ടെത്തൽ ഔദ്യോഗികമായി തെളിയിക്കുകയാണ്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുമോ?

ശ്രീ. ജി. ആർ. അനിൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഏലക്കായ് തിരിച്ചെടുക്കുന്നകാര്യം വകുപ്പ് ആലോചിച്ചിട്ടില്ല. തിരുവോണ ദിവസമാണ് ഏലക്കായ് വിതരണത്തിൽ 8 കോടി രൂപയുടെ അഴിമതിയുണ്ടെന്ന ആക്ഷേപം ശ്രീ. പി. ടി. തോമസ് ഉന്നയിച്ചത്. വളരെ നിർഭാഗ്യകരമായ സംഭവമാണിത്. എല്ലാ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയാണ് ഓണക്കാലത്ത് ഏലക്ക വാങ്ങിയത്. പട്ടം കോളനി സഹകരണ സംഘം 15 ലക്ഷം, ഉണ്ണിക്കുളം വനിതാ സഹകരണ സംഘം 18.30 ലക്ഷം, Royal Rich Condiments 13.62 ലക്ഷം, കോച്ച് ലാൻഡ് പ്ലാന്റേഷൻസ് 7 ലക്ഷം എന്നീ രീതിയിലാണ് പാക്കറ്റുകൾ വാങ്ങിയത്. ജൂലൈ 31-നുതന്നെ വിതരണം ചെയ്യാൻ സാധിക്കുന്നനിലയിലാണ് ഓണക്കിറ്റുകൾ സ്വരൂപിച്ച് വകുപ്പ് വിതരണം ചെയ്തത്. വിതരണം ചെയ്യുന്നതിന് ധാരണയുണ്ടായിരുന്ന കരാറുകാർ പായ്ക്ക് ചെയ്യുന്നതിന് തടസ്സം പറഞ്ഞതുകൊണ്ട് ആദ്യ സമയത്ത് ഏലക്കായ്ക്കും അണ്ടിപരിപ്പിനും കുറച്ച് ഷോർട്ടേജ് വന്നു, അവർ ഉന്നയിച്ച തടസ്സങ്ങളെല്ലാം പരിഹരിച്ച് കൃത്യദിവസംതന്നെ വിതരണം ചെയ്യുകയും ചെയ്തു. 78,14,163 പായ്ക്കറ്റുകൾ ടെണ്ടർ നടപടികൾ പാലിച്ചുകൊണ്ട് വാങ്ങിയിട്ടുണ്ട്. ഏലക്കായ് വാങ്ങിയ ഇനത്തിൽ 86,34,359 പായ്ക്കറ്റുകൾക്ക് 26.81 കോടി രൂപയാണ് ചെലവായത്. അതിൽ 8 കോടി രൂപയുടെ അഴിമതിയുണ്ടെന്ന ആരോപണമാണ്

ഉന്നയിച്ചിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട് ഒരു പൈസയുടെ അഴിമതിയോ അത്തരത്തിലുള്ള സംഭവങ്ങളോ വകുപ്പ് നടത്തിയിട്ടില്ലെന്ന് വളരെ വ്യക്തമായി സഭയെ അറിയിക്കുകയാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് യാതൊരു അന്വേഷണത്തിന്റെയും കാര്യമില്ലെന്നതാണ് യാഥാർത്ഥ്യം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വാടക കരാർ ഇല്ലാത്തവർക്കും ആധാർ കാർഡുപയോഗിച്ച് റേഷൻ കാർഡ് നൽകുമെന്ന് അങ്ങ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പ്രഖ്യാപിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് ഈ സഭാ സമ്മേളനത്തിനുമുമ്പുതന്നെ ഉത്തരവിറക്കിയ ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുകയാണ്. മുൻഗണനാ കാർഡുകളിൽനിന്നും അനർഹരായ ആയിരക്കണക്കിനാളുകളെ ഒഴിവാക്കിയെന്ന് അങ്ങ് പറഞ്ഞു. ഇത് തുടർ പ്രോസസ്സായിരിക്കുമോ? സർക്കാർ ജോലിയടക്കമുള്ള ജോലികൾ ലഭിക്കുമ്പോൾ ഇവർ മുൻഗണനാ കാർഡിന് പുറത്തുപോകും. ഇപ്പോഴും മുൻഗണനാ കാർഡുകൾ രഹസ്യമായി കൈവശം വച്ചിരിക്കുന്ന വ്യക്തികളുണ്ട്. അവരെ ഒഴിവാക്കുന്നതിന് എന്ത് സംവിധാനമാണ് വകുപ്പ് ഉദ്ദേശിക്കുന്നത്?

ശ്രീ. ജി. ആർ. അനിൽ: സർ, 1, 42, 187 കാർഡുകളാണ് സ്വമേധയാ സർക്കാരിലേയ്ക്ക് തിരിച്ചേൽപ്പിച്ചത്. ഇപ്പോഴും നൂറുകണക്കിന് കാർഡുകൾ സറണ്ടർ ചെയ്തുവരികയാണ്. ഒക്ടോബർ 15 വരെ സറണ്ടർ ചെയ്യുന്ന കാർഡുടമകൾക്ക് പിഴ ഈടാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ ഒക്ടോബർ 15-നുശേഷം അനർഹരായവർ മുൻഗണനാ കാർഡ് കൈവശംവയ്ക്കുന്നപക്ഷം നിയമാനുസൃതമായ പിഴയ്ക്കും ശിക്ഷയ്ക്കും വിധേയമാക്കുന്നതാണ്. ഈ നിലയിലാണ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുള്ളത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭക്ഷ്യകിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ കുടിശ്ശിക അനുവദിക്കാത്തതുമായി ബന്ധപ്പെട്ട് ആഴ്ചകളോളമായി റേഷൻ വ്യാപാരികൾ സെക്രട്ടേറിയറ്റിനുമുൻപിൽ സമരത്തിലാണ്. അതുമായി ബന്ധപ്പെട്ട് അവർ ഒട്ടേറെ ആവശ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കമ്മീഷൻ കുടിശ്ശിക കൊടുത്തു തീർക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. ആർ. അനിൽ: 2020 ഏപ്രിൽ, മേയ്, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി കാർഡുടമകൾക്ക് രണ്ട് അതിജീവന കിറ്റുകൾ വിതരണം ചെയ്ത ഇനത്തിൽ 10,60,28,792 രൂപ റേഷൻ വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ വ്യാപാരികൾക്കും കഴിഞ്ഞ ഓണത്തിന് 1000 ഓണറേറിയം രൂപ നൽകിയിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുൾപ്പെടെ എല്ലാവരുടെയും സജീവ

പിന്തുണയാണ് സർക്കാരിന് കോവിഡ് കാലത്തുണ്ടായിട്ടുള്ളത്. സമാശ്വാസക്കിറ്റ് വിതരണം ചെയ്യുന്നതിൽ റേഷൻ വ്യാപാരികൾ വഹിച്ച പങ്ക് പ്രശംസനീയമാണ്. റേഷൻ വ്യാപാരികൾ സ്ഥലപരിമിതികളെക്കുറിച്ച് സൂചിപ്പിച്ചുവെങ്കിലും ആ പ്രയാസങ്ങളെല്ലാം സഹിച്ചുകൊണ്ടുതന്നെ കിറ്റുകൾ സംഭരിച്ച് വിതരണം നടത്തുകയുണ്ടായി. കോവിഡ് മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന സംസ്ഥാനത്ത് കോവിഡ് വ്യാപനം ഇപ്പോഴും നിലനിൽക്കുകയാണ്. ഈ സാഹചര്യത്തിൽ റേഷൻ വ്യാപാരികളോട് സർക്കാർ സ്വീകരിച്ച പ്രത്യേക പരിഗണനയുടെ ഭാഗമായി അവർക്ക് 7.5 ലക്ഷം രൂപയുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തി. റേഷൻ വ്യാപാരികളുടെ ക്ഷേമനിധിയിലേയ്ക്ക് സംസ്ഥാന വിഹിതമായി 5 കോടി രൂപ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കോവിഡ് അതിജീവന പ്രവർത്തനങ്ങളിൽ സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങളും അവരുടേതായ പങ്ക് വഹിച്ചതായി നമുക്ക് കാണാൻ കഴിയും. കിറ്റ് വിതരണവുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾ നടത്തിയ പ്രവർത്തനത്തെ ഒരു സേവനമായി കാണണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഈ സാഹചര്യത്തിൽ കിറ്റ് വിതരണത്തിന് പ്രത്യേക തുക നൽകണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം ഉടൻ പരിഗണിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. എങ്കിലും റേഷൻ വ്യാപാരികളുടെ ഈ ആവശ്യം പരിഗണിക്കാൻ കഴിയുമോയെന്നകാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

<u>മി. സ്പീക്കർ</u>: ചോദ്യം നമ്പർ (*2) ചോദ്യം നമ്പർ (*18)-ഉം ആയി ക്ലബ്ബ് ചെയ്യണമെന്ന് ശ്രീ. എ. സി. മൊയ്തീൻ നോട്ടീസ് നൽകിയിട്ടുണ്ട്. ചോദ്യങ്ങൾ സമാനസ്വഭാവമുള്ളതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഒരു കാര്യം എനിക്ക് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഒരു അഷ്വറൻസ് അങ്ങ് സഭയ്ക്ക് നൽകിയിട്ടുണ്ട്. സാധാരണ ചോദിക്കുന്ന രീതിയനുസരിച്ചുള്ള ചോദ്യമല്ല, രാഷ്ട്രീയ പാർട്ടിയുടെ ആഭ്യന്തര കാര്യം സംബന്ധിച്ച ഒരു ചോദ്യമാണിത്. ഇത്തരമൊരു കീഴ്‌വഴക്കം സഭയുടെ ചരിത്രത്തിലില്ല. ദുരുദ്ദേശ്യങ്ങളുള്ള ഇത്തരം ചോദ്യങ്ങൾ ചോദിക്കാൻ പാടില്ലെന്ന് റൂൾസ് ഓഫ് പ്രൊസീഡ്യുവറിൽ വളരെ കൃത്യമായി പറയുന്നുണ്ട്. അത് ലംഘിച്ചിരിക്കുകയാണ്. പവിത്രമായ ഒന്നാണ് ചോദ്യോത്തരവേള. നാട്ടിലെ സാധാരണക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ഏറ്റവും പ്രധാനപ്പെട്ട വേദികൂടിയാണ് ചോദ്യോത്തരവേള. അതിന്റെ പവിത്രത തകർത്തുകൊണ്ടും രാഷ്ട്രീയമായി ദുരുപയോഗം ചെയ്തുകൊണ്ടും വെറും രാഷ്ട്രീയ ആരോപണങ്ങൾമാത്രം ഉന്നയിക്കാനുള്ള വേദിയാക്കി ചോദ്യോത്തരവേളയെ മാറ്റാനുള്ള നീക്കത്തെ അങ്ങ് തടയണം. ഈ ചോദ്യം റദ്ദാക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: ഇതുസംബന്ധിച്ച റൂളിംഗ് നേരത്തെ നൽകിയിട്ടുള്ളതാണ്. ബന്ധപ്പെട്ട അംഗങ്ങൾ എഴുതിത്തന്നാൽ മാത്രമേ ചോദ്യം റദ്ദാക്കാൻ സാധിക്കുകയുള്ളൂ. .....(ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചത് ഗൗരവമുള്ള പ്രശ്നംതന്നെയാണ്. അതുകൊണ്ടാണ് നേരത്തെ റൂളിംഗ് നൽകിയത്. ഇത് ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്ന് പറഞ്ഞിട്ടുള്ളതുമാണ്. .....(ബഹളം)..... പ്രതിപക്ഷ നേതാവ് ഉന്നയിച്ച പ്രശ്നമാണോ നിങ്ങൾ പറയുന്നത്. ........(ബഹളം).........

## സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാൻ നടപടി

3 (*2) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി കാനത്തിൽ ജമീല :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീനീതിക്കുവേണ്ടിയും ആത്മാഭിമാനക്ഷതത്തിനെതിരെയും പ്രതികരിച്ചതിന്റെ പേരിൽ സംസ്ഥാനത്തെ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വം ആ പാർട്ടിയിൽപ്പെട്ട വനിതാ പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കുകയും കൂടുതൽ അവഹേളനത്തിനിരയാക്കുകയും ചെയ്യുതുമൂലം സമൂഹത്തിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന തെറ്റായ പൊതുബോധം മാറ്റിയെടുക്കുന്നതിന് വ്യാപകമായ പ്രചരണം നടത്താൻ സർക്കാർ തയ്യാറാകുമോ;

(ബി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ പരാതി നൽകുന്നതിനും ഗാർഹിക അതിക്രമങ്ങൾ ശാരീരികാക്രമണത്തിലേയ്ക്ക് നയിക്കാതിരിക്കുന്നതിനുമുള്ള പോലീസ് സംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാൻ ഊന്നൽ നൽകുമോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന പോലീസ് ഏർപ്പെടുത്തിയിട്ടുള്ള അപരാജിത, നിഴൽ എന്നീ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും സുരക്ഷിതത്വവും ഉറപ്പാക്കുന്നതിനായി Gender Awareness Programme ഉൾപ്പെടെയുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇലക്ട്രോണിക്-അച്ചടി മാധ്യമങ്ങൾവഴി ഫലപ്രദമായി നടപ്പിലാക്കിവരുന്നു. ഇതോടൊപ്പംതന്നെ സ്ത്രീ സുരക്ഷയ്ക്കുള്ള നിയമപരിരക്ഷ, സേവനങ്ങൾ ഇവ നേടിയെടുക്കേണ്ടവിധം എന്നിവ സംബന്ധിച്ച ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. രാത്രികാലങ്ങളിൽ സുരക്ഷിതമായും നിർഭയമായും സഞ്ചരിക്കാൻ നടപ്പിലാക്കിയ പദ്ധതിയായ 'സധൈര്യം മുന്നോട്ട്',

'പൊതുയിടം എന്റേതും' എന്ന പരിപാടിയുമായി ബന്ധപ്പെട്ട് നടത്തിയ രാത്രി നടത്തം, രാത്രികാല ഷോപ്പിംഗ് എന്നിവ കാലങ്ങളായി നിലനിൽക്കുന്ന ചിന്താഗതികളിൽ മാറ്റം വരുത്തുന്നതിന് സഹായകമായിട്ടുണ്ട്. സ്ത്രീശാക്തീകരണ നയം അനുശാസിക്കുന്നപ്രകാരം സംസ്ഥാനത്തെ സ്ത്രീകൾക്ക് തുല്യനീതി, തുല്യ അവസരം എന്നിവ ഉറപ്പുവരുത്താനും യാതൊരു തരത്തിലുമുള്ള അതിക്രമങ്ങൾക്കും ഇരയാകാതെ സ്വതന്ത്രമായും അന്തസ്സോടെയും ജീവിതം നയിക്കാനുമുതകുന്ന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. പൊതുസമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതരത്തിലുള്ള സ്ത്രീവിരുദ്ധ ഇടപെടലുകളിൽനിന്നും രാഷ്ട്രീയ പാർട്ടികളും സംഘടനകളും മാറി നിൽക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. സ്ത്രീ സമൂഹത്തിനെതിരായ തെറ്റായ പൊതുബോധം മാറ്റിയെടുക്കുന്നതിൽ സർക്കാരിനുപുറമേ രാഷ്ട്രീയ പാർട്ടികൾ, സംഘടനകൾ, സാമൂഹിക-സന്നദ്ധ സംഘടനകൾ എന്നിവയുടെ ഉത്തരവാദപ്പെട്ട നേതൃത്വത്തിനും ഗണ്യമായ പങ്കുവഹിക്കാൻ കഴിയുന്നതാണ്.

(ബി) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതി aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 9497996992 എന്ന നമ്പരിലും പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറുടെ 9497999955 എന്ന നമ്പരിലും അറിയിക്കാവുന്നതാണ്. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നുതവണ അമർത്തുമ്പോൾ പോലീസ് ആസ്ഥാനത്തെ കമാൻഡ് സെന്ററിൽ ലഭിക്കുന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസുദ്യോഗസ്ഥൻ തിരികെ വിളിച്ച് അന്വേഷിക്കുകയും അടിയന്തര പോലീസ് സഹായം നൽകിവരികയും ചെയ്യുന്നു. ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി രൂപീകരിച്ച പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് വഴി സ്ത്രീകൾക്കാവശ്യമായ ബോധവത്കരണവും നിയമസഹായവും നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിൽ ജനാധിപത്യപരമായ നീതി ഉറപ്പുവരുത്തുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Center (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്.

(സി) ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പോലീസ് വകുപ്പ് ഏർപ്പെടുത്തിയ സംവിധാനമാണ് 'അപരാജിത'. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും

aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പറിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി, ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പറിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷയൊരുക്കുന്നതിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് 'നിഴൽ'. പോലീസ് ആസ്ഥാനത്ത് പോലീസ് കമാൻഡ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം ഏർപ്പെടുത്തിയിട്ടുള്ളത്. കേരളത്തിലെ എല്ലാ ജില്ലയിൽനിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. വിളിക്കുന്നയാൾ ഉള്ള സ്ഥലം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൃത്യമായി മനസ്സിലാക്കാൻ കമാൻഡ് സെന്ററിന് കഴിയും. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നുതവണ അമർത്തിയാൽ കമാൻഡ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസുദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും. '112 ഇന്ത്യ' എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാൻഡ് സെന്ററിൽ സന്ദേശമെത്തും.

4 (*18) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി യു. പ്രതിഭ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധനവുമായി ബന്ധപ്പെട്ടും പൊതുഇടങ്ങളിലും സ്ത്രീകൾക്കെതിരെയുള്ള അവഹേളനം, സൈബർ അതിക്രമം തുടങ്ങിയവ നേരിടുന്നതിനായി കേരള പോലീസ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഗാർഹിക, സ്ത്രീധന അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനും പീഡനങ്ങൾക്കിരയാകുന്നവർക്ക് സംരക്ഷണവും സഹായവും ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വിശദമാക്കുമോ;

(സി) ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിനും കുട്ടികളിലെ മാനസിക പ്രശ്നങ്ങളിൽനിന്ന് അവരെ മോചിപ്പിക്കുന്നതിനുമുതകുന്ന കൗൺസിലിംഗ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) ഉണ്ട്. സ്ത്രീധനവുമായി ബന്ധപ്പെട്ടതും പൊതുഇടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അവഹേളനം, സൈബർ അതിക്രമം തുടങ്ങിയവ നേരിടുന്നതിനുമായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയായ ശ്രീമതി നിശാന്തിനി, ഐ.പി.എസ്.-നെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ട് 'അപരാജിത' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പറിലും പരാതികൾ അറിയിക്കാം. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പിങ്ക് പോലീസ് സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, Women Help Desk എന്നിവ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽവന്നു. ഈ പദ്ധതിപ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസുദ്യോഗസ്ഥർ വീടുകളിൽപ്പോയി ഇത്തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും ആവശ്യമായ നിയമസഹായവും നൽകിവരുന്നു. ആക്രമണങ്ങൾക്കിരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്നെത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നുതവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാൻഡ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസുദ്യോഗസ്ഥൻ തിരികെവിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തര പോലീസ് സഹായം നൽകുകയും ചെയ്യും. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിൽ ജനാധിപത്യപരമായ നീതി ഉറപ്പുവരുത്തുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്കുപുറമേ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഒന്നുവീതം ആകെ നാല് വനിതാ പോലീസ് സ്റ്റേഷനുകൾകൂടി സ്ഥാപിച്ചിട്ടുണ്ട്. വനിതാ-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി.

2. സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം.

3. ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി.

4. വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സ്ആപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു.

5. സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി '181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്.

6. ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺ സ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ചുവരുന്നു.

7. കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം നിഴൽ പദ്ധതിയിലൂടെ ലഭ്യമാണ്.

ഇതിനുപുറമെ, അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏതുസമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പറിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള കമാൻഡ് സെന്ററിൽ ലഭ്യമാണ്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ ക്യാമ്പയിൻ സംഘടിപ്പിക്കുമെന്ന് പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

(സി) ഉണ്ട്. ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിനായി വനിതാ സെല്ലിന്റെ കീഴിൽ സാമൂഹികനീതി വകുപ്പിൽനിന്നും പരിശീലനം നേടിയ ഉദ്യോഗസ്ഥർ കൗൺസിലിംഗ് നടത്തിവരുന്നു. ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിനും കുട്ടികളെ മാനസിക പ്രശ്നങ്ങളിൽനിന്നും മോചിപ്പിക്കുന്നതിനുമുതകുന്ന കൗൺസിലിംഗ് സംവിധാനമായി CHIRI HELP DESK, പ്രായമായവരുടെ കൗൺസിലിംഗിനായി പ്രശാന്തി സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ശിഥിലമാകുന്ന കുടുംബബന്ധങ്ങളെ ഒരുമിപ്പിക്കുന്നതിന് കേരളത്തിലെ 38 കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. കുട്ടികളെ മാനസിക പ്രശ്നങ്ങളിൽനിന്ന് മോചിപ്പിക്കുന്നതിന് വകുപ്പിന്റെകീഴിൽ സംയോജിത

ശിശു സംരക്ഷണ പദ്ധതിയുടെ നേതൃത്വത്തിൽ വിപുലമായ പാരന്റിംഗ് ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ടി പാരന്റിംഗ് ക്യാമ്പയിനിന്റെ ഭാഗമായി പാരന്റിംഗുമായി ബന്ധപ്പെട്ട വെബിനാറുകൾ, പാരന്റിംഗ് ക്ലിനിക്കുകൾ കൂടാതെ ആയതുമായി ബന്ധപ്പെട്ട വിവിധ ബോധവൽക്കരണ പരിപാടികളും നടത്തി വരുന്നു.

മി. സ്പീക്കർ: ചോദ്യം നമ്പർ (*2)-ന്റെ (എ) ഭാഗം സംബന്ധിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ആക്ഷേപമുന്നയിച്ചത്. ചോദ്യം നമ്പർ (*2)-ന്റെ (എ) ഭാഗം ചട്ടം 36 (സി) പ്രകാരം എഡിറ്റ് ചെയ്തിരുന്നതാണ്. ഇത് 25-09-2021-ന് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയതും ഇതുസംബന്ധിച്ച് ഇതുവരെ പരാതി ലഭിക്കാതിരുന്നതുമാണ്. ആ സാഹചര്യത്തിലാണ് ഈ ചോദ്യം സഭയിൽ വന്നത്. നേരത്തെ ചെയർ നൽകിയിട്ടുള്ള റൂളിംഗിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞിട്ടുള്ളത്. ബഹുമാനപ്പെട്ട ചോദ്യകർത്താക്കളും ആ സ്പിരിറ്റിൽനിന്നുകൊണ്ടുതന്നെ ചോദ്യം ചോദിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിനുമുമ്പ് നിയമസഭാ സെക്രട്ടേറിയറ്റിനെക്കുറിച്ച് ഒരു വാക്കുപോലും പറയേണ്ട സാഹചര്യമുണ്ടായിട്ടില്ല. എന്തുകൊണ്ടാണ് ഇത്രയും രാഷ്ട്രീയ ദുരാരോപണങ്ങൾ കലർത്തിക്കൊണ്ടുള്ള ചോദ്യങ്ങൾക്ക് നിയമസഭാ സെക്രട്ടേറിയറ്റ് അനുമതി നൽകുന്നത്? അങ്ങത് പ്രത്യേകമായി ശ്രദ്ധിക്കണം. ചെയറിന്റെ റൂളിംഗിന് വിരുദ്ധമായാണ് ഈ ചോദ്യം സഭയിൽ വന്നിരിക്കുന്നതെന്ന കാര്യം മാത്രമാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പൊതു സമൂഹത്തിൽ സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് സ്വാഗതാർഹമായ കാര്യങ്ങളാണ്, അതിനെ ഞാൻ അഭിനന്ദിക്കുകയാണ്. സ്ത്രീവിരുദ്ധമായ ലൈംഗിക ചുവകലർന്ന പരാമർശം നടത്തിയവർക്ക് സംരക്ഷണം കൊടുക്കുകയും പരാതി ഉന്നയിച്ച പെൺകുട്ടികൾക്ക് ശിക്ഷയും ....(ബഹളം).... ഞാൻ ആരെക്കുറിച്ചും പറഞ്ഞിട്ടില്ല. ....(ബഹളം)....

മി. സ്പീക്കർ: എല്ലാവരും സീറ്റുകളിൽ ഇരിക്കൂ... താങ്കൾ ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇതിനുമുമ്പ് എന്തെല്ലാം ചോദ്യങ്ങളാണ് ഇവർ ഇവിടെ ചോദിച്ചിട്ടുള്ളത്; എന്തിനാണ് ഇവർ വിഷമിക്കുന്നത്?

മി. സ്പീക്കർ: അങ്ങ് ചോദ്യം പൂർത്തിയാക്കൂ.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഇവിടെ നീതി കൊടുക്കേണ്ടവർ നീതി നിഷേധിക്കുമ്പോൾ ആ നീതി നിഷേധത്തെ തുറന്ന് കാണിക്കാനുള്ള ഉത്തരവാദിത്വമില്ലേ?

മി. സ്പീക്കർ: അങ്ങ് പ്രസംഗിക്കാതെ ചോദ്യം ചോദിക്കൂ.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഈ ബഹളം വയ്ക്കുന്നവരുടെ സ്ത്രീവിരുദ്ധ മനോഭാവത്തിന്റെ തെളിവാണ് ഇതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ പൊതു സമൂഹത്തിനാകെ അപമാനകരമായനിലയിൽ ഉയർന്നുവന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ നിലപാടിനെ സംബന്ധിച്ച് പറയാനുള്ളത് തെറ്റാണെന്ന് ഞാൻ ധരിക്കുന്നില്ല. അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക് കടന്നുവരുന്ന വനിതാ പൊതുപ്രവർത്തകർക്ക് ഇത്തരത്തിലുള്ള അവഹേളനവും മാനസിക പീഡനവും ഒഴിവാക്കി ശാന്തമായി പൊതു പ്രവർത്തനം നടത്താൻ വേണ്ടിയുള്ള....

മി. സ്പീക്കർ: എന്താണ് അങ്ങയുടെ ചോദ്യം?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമായ ഇടപെടലുണ്ടാകണമെന്നാണ് ഞാൻ ഈ ചോദ്യത്തിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ഗവൺമെന്റ് സ്വീകരിച്ച നടപടികളെല്ലാം അംഗീകരിക്കുമ്പോൾത്തന്നെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന ഇത്തരം കാര്യങ്ങളിൽക്കൂടി അടിയന്തര നടപടി സ്വീകരിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സംസ്ഥാനം സ്ത്രീകളെ അടിച്ചമർത്തുന്നതിനെതിരെയുള്ള പൊതുനിലപാടുകൾ നവോത്ഥാന കാലഘട്ടംമുതൽ ആരംഭിച്ചതാണ്. അതിന്റെ ഭാഗമായാണ് അടുക്കളയിൽ കഴിഞ്ഞിരുന്ന സ്ത്രീകൾ, അരങ്ങിലേയ്ക്ക് വരിക എന്ന സന്ദേശത്തോടെയുള്ള നാടകങ്ങളും മറ്റും ആ കാലത്ത് അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളീയ സമൂഹം രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ രീതിയിൽ പുരോഗതിനേടിയെന്നത് വസ്തുതയാണ്. മറ്റ് സംസ്ഥാനങ്ങളുടെ പൊതുസാഹചര്യങ്ങൾ പരിശോധിച്ചാൽ നമുക്ക് അഭിമാനിക്കാൻ വകനൽകുന്ന ഒട്ടേറെ കാര്യങ്ങളുണ്ട്. എന്നാൽ സ്ത്രീകൾക്കെതിരെയുള്ള നീക്കങ്ങൾ, പുരുഷ മേധാവിത്തപരമായ സമീപനങ്ങൾ മുതലായവ നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ഇല്ലാതായിട്ടില്ല, ഇപ്പോഴും അതിന്റെ അംശങ്ങൾ ബാക്കി നിൽക്കുകയാണ്. മാത്രമല്ല, നമ്മളാകെ ഞെട്ടിപ്പോകുന്ന തരത്തിലുള്ളതും നമ്മളെല്ലാവരും കക്ഷി വ്യത്യാസമെന്യേ അപലപിക്കുന്നതുമായ ഒട്ടേറെ സംഭവങ്ങൾ കേരളത്തിൽ ഉണ്ടായിട്ടുണ്ടെന്നുള്ളതും നാം പ്രത്യേകം ഓർക്കേണ്ടതാണ്. അത്തരമൊരു സാഹചര്യത്തിൽ പഴയകാലത്ത് നാം സ്ത്രീകളെ സംരക്ഷിക്കുന്നതിനും ഉയർത്തിക്കൊണ്ടുവരുന്നതിനും സ്വീകരിച്ച പൊതു

സമീപനത്തിന്റെ തുടർച്ചയുണ്ടാവുകയെന്നത് ഏറ്റവും പ്രധാനമാണ്. അതിൽനിന്ന് വ്യത്യസ്തമായ നിലയുണ്ടാകുമ്പോൾ അതിനെ വിമർശനബുദ്ധിയോടെ സമീപിക്കുമെന്നത് നാം കാണേണ്ടതായിട്ടുണ്ട്. സ്ത്രീകളുടെ തുല്യ പദവി ഉയർത്തിക്കൊണ്ടുവരാനുള്ള ലിംഗനീതി ശരിയായ രീതിയിൽ അംഗീകരിക്കപ്പെടുന്നതിനുള്ള സമീപനമാണ് എല്ലാവരും സ്വീകരിച്ചുപോകേണ്ടത്. നേരത്തെ ഉത്തരത്തിൽ പറഞ്ഞതുപോലെതന്നെ ഇതൊരു സർക്കാർ കാര്യം മാത്രമല്ല, സർക്കാർ മാത്രമായി ചെയ്യേണ്ടതുമല്ല. സംസ്ഥാനത്ത് വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളുമുണ്ട്, ഒട്ടേറെ പ്രസ്ഥാനങ്ങളും കൂട്ടായ്മകളുമുണ്ട്. അവയെല്ലാം ഒരേ മനസ്സോടെ ഇക്കാര്യത്തിൽ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. ഏതെങ്കിലും ആളുകൾക്ക് എന്തെങ്കിലും അപഭ്രംശം വന്നിട്ടുണ്ടെങ്കിൽ അത് കൃത്യമായി തിരിച്ചറിഞ്ഞ് തിരുത്തുന്നതിനുള്ള സമീപനം സ്വീകരിക്കേണ്ടതുമാണ്. സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യത്തിൽ കൂടുതൽ ശക്തമായ നടപടികളുമായിത്തന്നെ സർക്കാർ മുന്നോട്ടുപോകും.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, പ്രണയ നൈരാശ്യംമൂലമുള്ള കൊലപാതകങ്ങളും ആക്രമണങ്ങളും നേരിടുന്നതിന് വനിതകളെ പ്രാപ്തരാക്കാൻ എന്തെല്ലാം നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്; ഇനി സ്വീകരിക്കാൻ പോകുന്നത്? കഴിഞ്ഞ ദിവസവും ഞെട്ടിപ്പിക്കുന്ന സംഭവമാണ് സംസ്ഥാനത്തുണ്ടായത്.

ശ്രീ. പിണറായി വിജയൻ: സർ, പ്രണയ നൈരാശ്യത്തിന്റെ ഭാഗമായി ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത ചില കാര്യങ്ങൾ സംസ്ഥാനത്ത് ഈ അടുത്തകാലത്ത് സംഭവിച്ചിരിക്കുകയാണ്. അവയെല്ലാം അതിക്രൂരമായ രീതിയിലുള്ള സംഭവങ്ങളായിരുന്നു. ഏറ്റവും ഒടുവിലുണ്ടായതും അതിക്രൂരമായ നടപടിയാണ്. ഇത് എങ്ങനെ തടയും; എന്ത് നടപടി സ്വീകരിക്കും എന്നാണ് ബഹുമാനപ്പെട്ട ചോദ്യകർത്താവ് ഉന്നയിച്ചത്. നേരത്തെ ഒരു പെൺകുട്ടിയെ വെടിവച്ച് കൊലപ്പെടുത്തിയ സംഭവമുണ്ടായിട്ടുണ്ട്. ആ സംഭവത്തിനുമുൻപ് പെൺകുട്ടിയുടെ അച്ഛൻ പോലീസിൽ പരാതിപ്പെട്ടിരുന്നു. പോലീസ് അവരെ വിളിച്ച് താക്കീത് ചെയ്ത് വിട്ടയച്ചു. ഇനി ഇങ്ങനെയുള്ള സംഭവങ്ങളുണ്ടാകില്ലെന്നാണ് പോലീസും കരുതിയത്. ഈ അനുഭവത്തിൽനിന്നും കാണേണ്ടത്, ഇത്തരം സംഭവങ്ങൾ പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ ഭാഗമായി മറ്റ് പ്രതികാര നടപടികളുണ്ടാകുന്ന സാഹചര്യത്തിൽ ഇന്നത്തെ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് അത്തരത്തിലുള്ള എന്തെങ്കിലും നീക്കങ്ങൾ ഈ ആളിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോയെന്ന് മനസ്സിലാക്കാനുള്ള തുടർശ്രമം ഉണ്ടാകേണ്ടതായിട്ടുണ്ട്. ആ ശ്രമം ഏറ്റവും പ്രധാനമാണ്. അതോടൊപ്പം ശക്തമായ ബോധവൽക്കരണ പരിപാടികൾ, പോലീസിന്റെ ഭാഗത്തുനിന്നുമാത്രമല്ല,

നാമെല്ലാവരുംകൂടി ഈ സമൂഹത്തിൽ നടത്തേണ്ടതായിട്ടുണ്ട്. പരിശുദ്ധ പ്രണയത്തെ ക്രൂരമായ കൊലപാതക രീതിയിലേയ്ക്കെത്തിക്കുന്ന മാനസികാവസ്ഥയിൽ എത്താതിരിക്കുന്നതിനാവശ്യമായ ബോധവൽക്കരണ നടപടികളും സ്വീകരിക്കേണ്ടതാണ്.

ശ്രീ. എ. എൻ. ഷംസീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി ശാന്തകുമാരി കെ.: സർ, കേരള ജനസംഖ്യയിൽ 15 ശതമാനത്തിൽ താഴെയാണ് രാഷ്ട്രീയ പാർട്ടികളിലോ പൊതുരംഗത്തോ പ്രവർത്തിക്കുന്ന സ്ത്രീകളുള്ളത്. അതിൽ ചെറിയൊരു ശതമാനം മാത്രമേ ഏതെങ്കിലുമൊരു ഭാരവാഹിത്വം വഹിക്കുന്നുള്ളൂ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലിംഗസമത്വം എന്നത് സ്ത്രീകളുടെ മാത്രമല്ല, പൊതുസമൂഹത്തിന്റെ പ്രശ്നമായി നിലനിൽക്കുകയാണ്. സ്ത്രീ പദവി ഉയർത്തുന്നതിന് രാഷ്ട്രീയ പാർട്ടികളും ഭരണ സംവിധാനങ്ങളും വലിയ ഉത്തരവാദിത്വമാണ് വഹിച്ചുവരുന്നത്. ഭരണഘടനയുടെ അനുച്ഛേദം 15 (3) പ്രകാരം സ്ത്രീകൾക്ക് ഇത്തരം കാര്യങ്ങൾക്കുവേണ്ടി പ്രത്യേക നിയമങ്ങളുണ്ടാക്കാൻ ഗവൺമെന്റുകൾക്ക് അധികാരം നൽകുന്നുണ്ട്. 51 എ (ഇ) പ്രകാരം സ്ത്രീകളുടെ അന്തസ്സും അഭിമാനവും ഹനിക്കുന്ന പ്രവൃത്തികൾ ഒഴിവാക്കേണ്ടതാണെന്ന് ഉറപ്പുനൽകുകയും ചെയ്യുന്നുണ്ട്. ഈ സാഹചര്യത്തിൽ പൊതുരംഗത്തേയ്ക്കും രാഷ്ട്രീയരംഗത്തേയ്ക്കും വരുന്ന സ്ത്രീകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ലിംഗപദവിയും സ്ത്രീ പദവിയും ഉയർത്തുന്നതിനുംവേണ്ടി ഗവൺമെന്റ് ഏറ്റെടുക്കാനുദ്ദേശിക്കുന്ന തുടർ പദ്ധതികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്ത് ഒരു പ്രത്യേക നിലയിലെത്തിയ സ്ത്രീകളെക്കുറിച്ചുള്ള ചോദ്യമാണിത്. അവരെക്കുറിച്ചല്ല നമ്മൾ ചിന്തിക്കേണ്ടത്. നമ്മുടെ നാട്ടിലെ സാധാരണക്കാരായ സ്ത്രീകളും അവർ അനുഭവിക്കുന്ന വിഷമങ്ങളുമുണ്ട്. അവരെ ശരിയായ രീതിയിലേയ്ക്ക് എത്തിക്കാനാണ് ശ്രമിക്കേണ്ടത്. രാഷ്ട്രീയ രംഗത്തേയ്ക്ക് കടന്നുവന്ന സ്ത്രീകൾ സ്വാഭാവികമായും കാര്യങ്ങൾ അവതരിപ്പിക്കാനും എന്തെങ്കിലും പ്രശ്നംവന്നാൽ അതിനെ നേരിടാനുമൊക്കെ സ്വയം ആർജ്ജിതമായ പരിശീലനം ലഭിച്ചവരാണ്. അതിന്റെ ഭാഗമായുള്ള നടപടികളും അവർക്ക് സ്വീകരിക്കാനാകും. എന്നാൽ ലക്ഷക്കണക്കായ മറ്റ് വിഭാഗത്തെ നാമെല്ലാവരുംകൂടി പ്രോത്സാഹിപ്പിക്കുകയെന്നതാണ് ഏറ്റവും പ്രധാനം. കാര്യങ്ങൾ വിലയിരുത്തി ശരിയായി പ്രവർത്തിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന സമീപനം രാഷ്ട്രീയ പാർട്ടികളും സ്വീകരിക്കുന്നുണ്ടെന്നാണ് കരുതുന്നത്.

ശ്രീമതി കാനത്തിൽ ജമീല: സർ, വ്യത്യസ്തതലത്തിൽ അക്രമങ്ങൾക്കും മാനഹാനിക്കും വിധേയരാകുന്ന സ്ത്രീകൾ അതിനെതിരെ പരാതി നൽകുമ്പോൾ

സംഘടിതമായി സോഷ്യൽ മീഡിയയിലെ അക്രമംകൂടി നേരിടേണ്ടിവരുന്ന സ്ഥിതിയാണ് ഇപ്പോൾ തുടർന്നുവരുന്നത്. ജനാധിപത്യം തൊട്ടുതീണ്ടിയിട്ടില്ലാത്ത മതവർഗ്ഗീയ വിഭാഗമാണ് ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. സൈബർ ആക്രമണങ്ങളിൽ നടപടിയെടുത്ത് മുന്നോട്ടുപോകേണ്ടതാണ്. പ്രണയം നിരസിച്ചാൽ, ആജ്ഞ നിരസിച്ചാൽ, അനുസരിക്കാതിരുന്നാൽ, ആ സമയത്തുതന്നെ വൈരാഗ്യംമൂത്ത് ഒരു കൂസലുമില്ലാതെ ആയുധമേന്തി കൊലചെയ്യുന്ന രീതിയിലേയ്ക്കാണ് കൗമാരക്കാരുടെ മാനസികാവസ്ഥ പോയിക്കൊണ്ടിരിക്കുന്നത്. ഇതിന് സാധാരണ നിയമനടപടികൾ പോരായെന്നാണ് പറയാനുള്ളത്. സ്കൂളുകളിലും കലാലയങ്ങളിലും മുൻകാലങ്ങളിലുള്ളതുപോലുള്ള സംഘടനകൾ ശക്തമാക്കേണ്ടതുണ്ട്. അതുപോലെ സ്കൂളുകളിൽ എൻ.എസ്.എസ്. ക്യാമ്പുപോലെ ആൺകുട്ടികളും പെൺകുട്ടികളും ഒന്നിച്ചുനിന്നുകൊണ്ട് ഒരു ടീമായി പ്രവർത്തിക്കുന്ന രീതിയിലേയ്ക്കും എത്തേണ്ടതുണ്ട്, അത് ശക്തമാക്കേണ്ടതാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, അങ്ങേയ്ക്ക് നിർദ്ദേശങ്ങളാണ് സമർപ്പിക്കാനുള്ളതെങ്കിൽ അത് മറ്റൊരു അവസരത്തിലാകാം.

<u>ശ്രീമതി കാനത്തിൽ ജമീല</u>: സർ, സ്കൂളുകളിൽ സെൽഫ് ഡിഫൻസ് പോലെയുള്ള സംഗതികൾ ഏർപ്പെടുത്താൻ സാധിക്കുമോ എന്നുള്ളതാണ്. ഇത്തരം കാര്യങ്ങളെ പ്രതിരോധിക്കാൻ പെൺകുട്ടികൾക്ക് ആത്മധൈര്യം ലഭിക്കാൻവേണ്ടിയുള്ള കാര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സ്ത്രീകൾക്കെതിരെയുള്ള സൈബർ ആക്രമണങ്ങൾ ശക്തമായ നടപടിയിലൂടെ നേരിടണമെന്നുതന്നെയാണ് സർക്കാർ കാണുന്നത്. അതിന് പോലീസിന് കരുത്തുറ്റ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഒരു വിട്ടുവീഴ്ചയും കാണിക്കാൻ പാടില്ല. ഇത്തരം ശക്തികൾക്കെതിരെ കടുത്ത നടപടി സ്വീകരിക്കണമെന്നുതന്നെയാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ഏറ്റവും ഒടുവിലും പോലീസുദ്യോഗസ്ഥരോട് അക്കാര്യം പ്രത്യേകം ഓർമ്മിപ്പിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ ചില മേഖലകളിൽ മാധ്യമ മറവിൽ കാര്യങ്ങൾ ചെയ്യുന്നുണ്ട്. സോഷ്യൽ മീഡിയ രംഗത്ത് ഓൺലൈൻ മാധ്യമങ്ങളെന്നുപറയുന്ന ചില വിഭാഗങ്ങൾ ഇത്തരത്തിലുള്ള ചില പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതായി കാണുന്നുണ്ട്. അത് സാധാരണ വാർത്തകളല്ല. അപമാനിക്കാനും അവഹേളിക്കാനും അധിക്ഷേപിക്കാനുമുള്ള ഒരു മാധ്യമമായി ഇതിനെ ഉപയോഗിക്കുന്ന ആളുകളെ കണ്ടുവരുന്നുണ്ട്. അത്തരം ആളുകൾക്കെതിരെയും കർക്കശ നടപടിയെടുക്കണമെന്നുതന്നെയാണ് സർക്കാർ സമീപനം. പെൺകുട്ടികൾക്കും യുവതികൾക്കുമാവശ്യമായ Self Defence പരിശീലനം (സ്വയം

പ്രതിരോധ പരിശീലനം) നൽകുക എന്നത് നേരത്തേതന്നെ അംഗീകരിച്ചിട്ടുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

ശ്രീ. ഡി. കെ. മുരളി: സർ, കാലവും ലോകവും Gender Equality (ലിംഗസമത്വം)-യെ പൊതുവെ അംഗീകരിച്ചുപോകുന്ന ഒരു സന്ദർഭത്തിൽ നമ്മൾ ഭയപ്പെടേണ്ട താലിബാനിസംപോലെയുള്ള സ്ത്രീവിരുദ്ധ ശക്തികൾക്കും പ്രാമുഖ്യം കിട്ടുന്നുണ്ട് എന്നത് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിന്റെ ആവേശംകൊണ്ട് ആരെങ്കിലും എവിടെയെങ്കിലും പ്രവർത്തിച്ചാൽ അത് പൊതുസമൂഹത്തിൽ തെറ്റായ നിലയിൽ സ്വാധീനിക്കപ്പെടുമെന്നതിന് യാതൊരു സംശയവുമില്ല. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ വനിതാ പ്രസ്ഥാനമായ 'ഹരിത'-യിലെ ഒരു പെൺകുട്ടി ലൈംഗികാധിക്ഷേപം നടന്നുവെന്നുള്ള പരസ്യ പ്രസ്താവനയുമായി രംഗത്തുവന്നു. ആ കുട്ടിതന്നെ വനിതാ കമ്മീഷനിലും ചെങ്ങമനാട് പോലീസ് സ്റ്റേഷനിലും പരാതി നൽകിയതായി വാർത്തയും വന്നിട്ടുണ്ട്. ആ പരാതിയിൽ/കേസിൽ കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ പ്രസ്ഥാനത്തിന്റെയോ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയോ നേതാക്കളോ പ്രവർത്തകരോ ഉൾപ്പെട്ടിട്ടുണ്ടോയെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങൾ മാധ്യമങ്ങൾവഴി എല്ലാവരും അറിയുന്നവയാണ്. സർക്കാർ മനസ്സിലാക്കുന്ന കാര്യങ്ങൾ മാത്രമേ സർക്കാരിന് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ എന്റെ കയ്യിൽ അതുമായി ബന്ധപ്പെട്ട ഔദ്യോഗിക വിവരങ്ങൾ ഇല്ലാത്തതുകൊണ്ട് ആ ഭാഗത്തേയ്ക്ക് കടക്കുന്നില്ല.

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയാൻ ആഭ്യന്തര വകുപ്പും വനിതാ-ശിശു വികസന വകുപ്പും സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ഒരുപാട് പരിരക്ഷ നൽകുന്ന ഈ നിയമങ്ങളൊക്കെയുണ്ടെങ്കിലും താഴേത്തലത്തിൽ ഏറ്റവും പരിഗണിക്കപ്പെടേണ്ട, പിന്നാക്കം നിൽക്കുന്ന സ്ത്രീ വിഭാഗങ്ങൾക്കിടയിൽ ഇതിനെക്കുറിച്ചുള്ള അവബോധം എത്തപ്പെടുന്നില്ലെന്നുള്ള സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമ്പോൾ ക്രൈം മാപ്പിംഗ് നടത്തുന്നതിനെക്കുറിച്ച് പറഞ്ഞു. ചില ജില്ലകളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ വാർത്തകളും പത്രങ്ങളിൽ വരുന്നുണ്ട്. അത്തരത്തിലുള്ള ഒരു ക്രൈം മാപ്പിംഗ് നടത്തി ഇതിനെതിരായ നിയമനിർമ്മാണത്തിനും പരാതി പരിഹാരത്തിനും അവബോധത്തിനും വേണ്ടിയുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിലുള്ള ജാഗ്രതാ സമിതികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും പോലീസ് സംവിധാനത്തിനേയും കൂട്ടിയിണക്കി പ്രാവർത്തികമാക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും നല്ലൊരു നിർദ്ദേശമാണിത്. നമ്മുടെ തദ്ദേശഭരണ സ്ഥാപനാതിർത്തികളിൽ ഇത്തരത്തിലുള്ള ജാഗ്രതാ സമിതികളുണ്ടായാൽ അതത് പ്രദേശത്തുള്ള പ്രശ്നങ്ങൾ മനസ്സിലാക്കാനും ഇടപെടാനും ചിലത് തിരുത്തിക്കാനുമൊക്കെ അങ്ങേയറ്റം സഹായകരമായിരിക്കും. ജനമൈത്രി പോലീസിന്റെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്ന പോലീസിനും ഇതിന്റെ ഭാഗമായി മാറാവുന്നതാണ്. പോലീസും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതുവിൽ ഇതിൽ തൽപ്പരരായ ആളുകളുമെല്ലാംകൂടി ഇതിനെതിരെയുള്ള ശക്തമായ ക്യാമ്പയിനും ആവശ്യമായ നടപടികളും വേണ്ടിവരുന്ന ഘട്ടത്തിൽ സ്വീകരിക്കുന്നത് നന്നാകും. അത്തരം കാര്യങ്ങൾ നമുക്ക് ആലോചിക്കാവുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, .....(മൈക്ക് ഓഫ്).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവേ, ലിസ്റ്റിൽ പേരുള്ളവരെയാണ് ചോദ്യം ചോദിക്കുന്നതിനായി വിളിക്കുന്നത്. അങ്ങ് ആവർത്തിച്ചാവർത്തിച്ച് അസ്വസ്ഥത പ്രകടിപ്പിക്കുന്നതുകൊണ്ടാണ് ഞാൻ ഇക്കാര്യം വ്യക്തമാക്കുന്നത്. ഉപചോദ്യം ചോദിക്കാൻ എല്ലാവർക്കും ഒരുപോലെയാണ് അവസരം നൽകുന്നത്. അങ്ങയുടെ അവസരം വരുമ്പോൾ ചോദ്യം ചോദിക്കാവുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, 2019-ലെ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ വ്യക്തമാക്കുന്നത് ഇന്ത്യയിൽ ഓരോ മണിക്കൂറിലും ഒരു സ്ത്രീ വീതം സ്ത്രീധന പീഡനത്തെത്തുടർന്ന് മരിക്കുന്നുവെന്നാണ്. ഓരോ നാല് മിനിട്ടിലും ഒരു സ്ത്രീയെന്ന കണക്കിൽ ഭർത്താവിൽനിന്നോ ബന്ധുക്കളിൽനിന്നോ ശാരീരിക-മാനസിക പീഡനത്തിനിരയാവുകയാണ്. ഈ സാഹചര്യത്തിൽ നമ്മുടെ കോളേജ് ക്യാമ്പസുകളിൽ പ്രത്യേകമായ ക്യാമ്പയിൻ നടത്തുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് സംസാരിക്കാൻ മൈക്ക് കൊടുക്കാറുണ്ട്. (...ബഹളം...)

മി. സ്പീക്കർ: നടപടിക്രമങ്ങൾ അനുസരിച്ചുമാത്രമേ പോകാൻ സാധിക്കുകയുള്ളൂ. അങ്ങ് ദയവായി സീറ്റിലിരിക്കൂ. (...ബഹളം...)

ശ്രീ. പിണറായി വിജയൻ: സർ, ഈയൊരു കാര്യത്തെക്കുറിച്ചുകൂടി ഇവിടെ പ്രതികരിക്കേണ്ടതുണ്ടെന്നാണ് തോന്നുന്നത്. ബഹുമാന്യനായ സ്പീക്കറെ സമ്മർദ്ദത്തിലാക്കുന്നത് ശരിയല്ല. സാധാരണ നടപടിക്രമവും കീഴ്വഴക്കങ്ങളും അനുസരിച്ചാണ് ബഹുമാനപ്പെട്ട സ്പീക്കർ പ്രവർത്തിക്കുക. അത് ലംഘിക്കുന്നതിന്

കടുത്ത സമ്മർദ്ദം ചെലുത്തുകയെന്നത് സാധാരണഗതിയിൽ നല്ല കാര്യമല്ല. ഇതാണ് അതുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്. ...(ബഹളം)... ഇവിടെ ബഹുമാന്യനായ അംഗം ചോദിച്ചത്... ...(ബഹളം)... ചിലർക്ക് ഇവിടെ പ്രത്യേക അവകാശമുണ്ടെന്നുള്ള നിലയെടുക്കരുത്. ചിലർ ഇവിടെ പ്രത്യേക അവകാശമുള്ളവരാണെന്നുള്ള ധാരണയുള്ളവരാണ്. ......(ബഹളം).....

മി. സ്പീക്കർ: ഓർഡർ....ഓർഡർ.... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സോഷ്യൽ പോലീസിംഗ്

5(*3) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിനെ ജനകീയവൽക്കരിക്കുക എന്ന നയത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാന പോലീസിനെ ജനസൗഹൃദമാക്കുക എന്നതാണ് സർക്കാരിന്റെ നയം. ഇതിന്റെ ഭാഗമായി ജനമൈത്രി സുരക്ഷാ സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുകയുണ്ടായി. പോലീസിനെ സമീപിക്കുന്ന പൊതുജനങ്ങളുടെ ആവശ്യങ്ങൾ കേൾക്കുന്നതിനും അവരെ സഹായിക്കുന്നതിനും പോലീസ് സ്റ്റേഷനുകളിൽ പബ്ലിക് റിലേഷൻ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കി വരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി 165 സ്കൂളുകളിൽക്കൂടി വ്യാപിപ്പിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുന്നതിനും തുടക്കം കുറിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും ഏത് സ്റ്റേഷനിലും സഹായം തേടുന്നതിനും അവരുടെ ആവശ്യങ്ങൾ സ്വകാര്യമായി അറിയിക്കുന്നതിനും പ്രത്യേക സംവിധാനമൊരുക്കിയിട്ടുണ്ട്. കുട്ടികളുടെയും സ്ത്രീകളുടെയും സംരക്ഷണത്തിനും ആവശ്യമായ സാമൂഹ്യ ഇടപെടലുകളും പോലീസ് സേന ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നു. സൈബർ ഇടങ്ങളിൽ

സ്ത്രീകളും കുട്ടികളും അടക്കമുള്ളവരുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുശക്തമായ സൈബർ പട്രോളിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി (കുസാറ്റ്)-യുമായി ചേർന്ന് ഡാറ്റാ സയൻസിലടക്കം പ്രാപ്തരായ ഉദ്യോഗസ്ഥർക്ക് പഠനാവസരം നൽകി പോലീസ് സേനയ്ക്ക് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പോലീസും ജനങ്ങളും തമ്മിൽ ആശയങ്ങളും അഭിപ്രായങ്ങളും പങ്കുവയ്ക്കുന്നതിന്റെ ഭാഗമായി മികച്ച മീഡിയാ പ്ലാറ്റ്ഫോം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ലോകത്ത് പോലീസ് സേനയുടെ പ്ലാറ്റ്ഫോമുകളിൽ ഏറ്റവും കൂടുതൽ ഫോളോവേഴ്സുള്ള പ്ലാറ്റ്ഫോമായി കേരള പോലീസിന്റെ ഫെയ്സ്ബുക്ക് പേജിന് മാറാൻ കഴിഞ്ഞിട്ടുണ്ട്. തനിച്ച് താമസിക്കുന്ന മുതിർന്ന പൗരന്മാർ, അഗതികൾ എന്നിവർക്ക് മരുന്ന്, ഭക്ഷണം തുടങ്ങിയ അവശ്യസാധനങ്ങൾ എത്തിക്കുന്നതിനും ഭവനരഹിതർക്ക് വീട് വച്ചുനൽകുന്നതിനും നിർദ്ധനരായ കുട്ടികൾക്ക് ആവശ്യമായ പുസ്തകം, മൊബൈൽ ഫോൺ, ടി.വി. എന്നിവയും കോവിഡ് മഹാമാരിയിൽ കഷ്ടത അനുഭവിക്കുന്നവർക്ക് നിത്യോപയോഗ സാധനങ്ങളും എത്തിച്ചുനൽകുന്നതിനും ജനമൈത്രി പോലീസ് സംവിധാനത്തിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ, ക്ലബ്ബുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് സ്ത്രീസുരക്ഷ, ലഹരി, ആന്റി റാഗിംഗ്, ട്രാഫിക് തുടങ്ങി വിവിധ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. ഉരുൾ പൊട്ടൽ, മണ്ണിടിച്ചിൽ, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ സജീവമായി ഏകോപിപ്പിച്ച് നടത്തിയതുൾപ്പെടെ കൂടുതൽ ഫലപ്രദമായി ജനമൈത്രി സംവിധാനം നടപ്പിലാക്കിയതിലൂടെ പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കുവാൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ ഗെയിമിന് അടിമപ്പെടുന്ന കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് ഡിജിറ്റൽ ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതാണ്. സോഷ്യൽ പോലീസിംഗ് ശക്തിപ്പെടുത്തുന്നതിലേയ്ക്കായി ആരംഭിച്ച സോഷ്യൽ പോലീസ് ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സോഷ്യൽ പോലീസിംഗ് കൂടുതൽ ശക്തമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സോഷ്യൽ പോലീസിംഗ് കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഈ സാമ്പത്തിക വർഷം കമ്മ്യൂണിറ്റി പോലീസിംഗ് സ്കീമിൽ കമ്മ്യൂണിറ്റി മീഡിയേഷൻ സെന്റർ, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്ക്, ജനമൈത്രി കേന്ദ്രം പദ്ധതി, കുട്ടികൾക്കുള്ള ഹോപ്പ്, ചിരി ഹെൽപ്പ് ഡെസ്ക് എന്നീ പദ്ധതികൾക്കും കടലോര ജാഗ്രതാ സമിതി പ്രവർത്തനങ്ങൾക്കുമായി 2.99 കോടി രൂപ പോലീസ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്.

(സി) പോലീസിനെതിരെ രാഷ്ട്രീയലക്ഷ്യത്തോടെയുള്ള അപവാദ പ്രചാരണങ്ങളുടെ സത്യാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് പോലീസിന്റെ സോഷ്യൽ മീഡിയ ഇടപെടൽ ശക്തമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പോലീസിനെതിരെയുള്ള പ്രചാരണങ്ങളുടെ സത്യാവസ്ഥ സാമൂഹ്യമാധ്യമങ്ങൾവഴി ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് പോലീസിന്റെ സോഷ്യൽ മീഡിയ ഇടപെടൽ ശക്തമാക്കിയിട്ടുണ്ട്. ഇതിലേയ്ക്കായി സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ (SPMC) എന്ന പേരിൽ ഒരു അത്യാധുനിക പബ്ലിക് റിലേഷൻസ് വിഭാഗം പ്രവർത്തിക്കുന്നു. ഇതിനുപുറമേ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെയുള്ള ഇടപെടലിനായി 'കേരളാ പോലീസ് സോഷ്യൽ മീഡിയ സെല്ലും' പ്രവർത്തിച്ചുവരുന്നു.

(ഡി) കേസന്വേഷണത്തിന് ശാസ്ത്രീയമായി തെളിവുകൾ വിശകലനം ചെയ്യേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഫോറൻസിക് ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫോറൻസിക് സയൻസ് ലബോറട്ടറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 4.5 കോടി രൂപ 2021-22-ലെ സ്റ്റേറ്റ് ആക്ഷൻ പ്ലാനിൽ കേന്ദ്ര പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയുടെയും തൃശ്ശൂർ, കണ്ണൂർ റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് 'നിർഭയ ഫണ്ട് സ്കീം' പ്രകാരം കേന്ദ്രം 6.50 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകി. ഇതിൽ ആദ്യ ഗഡുവായി 3.25 കോടി രൂപ പോലീസ് വകുപ്പിന് ലഭ്യമാക്കിയിട്ടുമുണ്ട്.

(ഇ) ജനമൈത്രി പോലീസ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന പോലീസിനെ കൂടുതൽ ജനകീയമാക്കാൻ സാധിച്ചിട്ടുണ്ട്. പരമ്പരാഗതമായി പിന്തുടർന്നുവന്നിരുന്ന ശൈലിയിൽനിന്നും തീർത്തും വ്യത്യസ്തമായി സമൂഹത്തിൽ ലഭ്യമായ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി പൊതുജന സഹകരണത്തോടെ സമൂഹത്തിലെ ഓരോ വിഭാഗങ്ങളുടെയും വ്യത്യസ്തങ്ങളായ പ്രശ്നങ്ങളിൽ ഇടപെടുന്നതിനും ഇതിലൂടെ പോലീസ് സ്റ്റേഷനിലെ പരാതികളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. പോലീസിന്റെ കടമകൾ ഭംഗിയായി നിറവേറ്റുന്നതിന് പൊതുസമൂഹത്തിന്റെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതുവഴി

നിയമ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുവാൻ ജനമൈത്രി പദ്ധതികൊണ്ട് സഹായകരമായിട്ടുണ്ട്.

## നിപ പ്രതിരോധ പ്രവർത്തനങ്ങൾ

6 (*4) ശ്രീ. പി. ടി. എ. റഹീം:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിപ വൈറസ് വീണ്ടും സ്ഥിരീകരിച്ചതിനെ തുടർന്ന് സ്വീകരിച്ച ജാഗ്രതാ നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പഴുതടച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഉറപ്പാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഇതിനായി തയ്യാറാക്കിയ കർമ്മപദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; ആയതിനായി രൂപീകരിച്ച സമിതികളുടെ പ്രവർത്തനവും ചുമതലകളും സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

കോഴിക്കോട് ജില്ലയിൽ നിപരോഗം സ്ഥിരീകരിച്ചതിനെ തുടർന്ന് ജില്ലാ ഭരണകൂടത്തിന്റെയും ജില്ലാ ആരോഗ്യ വകുപ്പിന്റെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും കീഴിൽ ഊർജ്ജിത പ്രതിരോധ പ്രവർത്തനങ്ങളാണ് നടന്നത്. 18 കമ്മിറ്റികൾ രൂപീകരിക്കുകയും ഓരോ കമ്മിറ്റിയും പ്രത്യേകം തയ്യാറാക്കിയ കർമ്മപദ്ധതികളുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യരായ ആരോഗ്യ വകുപ്പുമന്ത്രിയുടെയും പൊതുമരാമത്ത് ടൂറിസം വകുപ്പുമന്ത്രിയുടെയും വനം വകുപ്പുമന്ത്രിയുടെയും തുറമുഖ വകുപ്പുമന്ത്രിയുടെയും അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യം, ഡി.എം.ഇ., ഡി.എച്ച്.എസ്., എസ്.എം.ഡി, ജില്ലാ കളക്ടർ, ഡി.എം.ഒ, ഡി.പി.എം. എന്നിവരുടെയും നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. 27-9-2021 വരെ (നിപ രോഗം റിപ്പോർട്ട് ചെയ്ത് 21-ാം ദിവസം വരെ) നടത്തിയ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

ആകെ റിപ്പോർട്ട് ചെയ്ത കേസ് - 1 നിപ സ്ഥിരീകരിച്ച് ഔദ്യോഗിക പ്രഖ്യാപനം വന്ന് മണിക്കൂറിനുള്ളിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. നിപ റിപ്പോർട്ട് ചെയ്ത പ്രദേശത്തിന്റെ മൂന്നു കിലോമീറ്റർ ചുറ്റളവിൽ 5-9-2021 മുതൽ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചു. റൂട്ട് മാപ്പ് പ്രസിദ്ധീകരിച്ചു. കോൺടാക്റ്റ് ട്രെയിസിംഗ് നടത്തി. 12 മണിക്കൂറിനുള്ളിൽ 24x7

കൺട്രോൾ റൂം ആരംഭിച്ചു. 12 മണിക്കൂറിനുള്ളിൽ മെഡിക്കൽ കോളേജിൽ 80 റൂമുകൾ ഐസോലേഷനായി തയ്യാറാക്കി 36 മണിക്കൂറിനുള്ളിൽ നിപ്പാ പരിശോധനയ്ക്കായി എൻ.ഐ.വി. പൂനെയുടെ സഹായത്തോടെ POC ലാബ് മെഡിക്കൽ കോളേജിൽ സജ്ജീകരിച്ചു. 48 മണിക്കൂറിനുള്ളിൽ കമ്മ്യൂണിറ്റി സർവ്വയലൻസ് ആരംഭിക്കുകയും ചുരുങ്ങിയ ദിവസത്തിനുള്ളിൽ അഞ്ച് പഞ്ചായത്തുകളിൽ (കാരശ്ശേരി, കൊടിയത്തൂർ, മാവൂർ, മുക്കം, ചാത്തമംഗലം) പൂർത്തീകരിക്കുകയും ചെയ്തു. രോഗലക്ഷണമുള്ളവരിൽ നിന്നും സാമ്പിൾ കളക്ഷൻ അതിവേഗം പൂർത്തിയാക്കി. നാലുദിവസത്തിനുള്ളിൽ CDMS (Communicable Disease Management System) സോഫ്റ്റ്‌വെയർ e-ഹെൽത്ത് മുഖേന പ്രവർത്തനസജ്ജമാക്കി. ഗവൺമെന്റ്, സ്വകാര്യ ആശുപത്രികളിലുള്ള ആരോഗ്യ പ്രവർത്തകർക്ക് നിപ്പാ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള ട്രെയിനിംഗ് നൽകി. NCDC, NIV പൂനെ എന്നിവിടങ്ങളിൽനിന്നുള്ള വിദഗ്ദ്ധർ നിപ ബാധിത പ്രദേശങ്ങളിൽ സന്ദർശനം നടത്തി. ക്വാറന്റൈനിലുള്ള വ്യക്തികൾക്ക് മാനസിക പിന്തുണ നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തി. നിരീക്ഷണത്തിലുള്ളവർക്ക് അവശ്യ സാധനങ്ങളുടെ ലഭ്യതയും ഫുഡ് കിറ്റും ഉറപ്പുവരുത്തി. മന്ത്രിമാരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും പ്രവർത്തന അവലോകനവും മീഡിയ ബ്രീഫിംഗും നടത്തി 21 ദിവസത്തെ നിരീക്ഷണത്തിനുശേഷം നിയന്ത്രണങ്ങൾ പിൻവലിച്ചു.

1. സമ്പർക്കപട്ടിക മേൽനോട്ടം - 240 പേരുടെ സമ്പർക്ക പട്ടികയാണ് തയ്യാറാക്കിയത്. റൂട്ട് മാപ്പ് പ്രസിദ്ധീകരിച്ചു. ഹോട്ട് സ്പോട്ട് കണ്ടെത്തി മുഴുവൻ കോൺടാക്ടുകളെയും കണ്ടുപിടിച്ചു. ഇതിൽ 92 പേർ ഹൈ റിസ്ക് ഗ്രൂപ്പിൽപ്പെട്ടവരും 56 പേർ മറ്റു ജില്ലകളിൽ നിന്നുള്ളവരുമായിരുന്നു. ഇവരെ കൺട്രോൾ റൂമിൽനിന്നും ഫീൽഡിൽനിന്നും എല്ലാ ദിവസവും ലക്ഷണങ്ങൾ മോണിറ്റർ ചെയ്തു. ഇതിനുവേണ്ടി പത്തുപേരടങ്ങിയ കോൾ സെന്റർ രൂപീകരിച്ചു.

2. സർവ്വയലൻസ് ടീമിന്റെ പ്രവർത്തനങ്ങൾ- നിപ്പ രോഗം റിപ്പോർട്ടുചെയ്ത പ്രദേശങ്ങളിൽ മുഴുവൻ വീടുകളിലും ആർ.ആർ.ടി., വോളണ്ടിയർമാർ, കുടുംബശ്രീ പ്രവർത്തകർ, പഞ്ചായത്ത് മെമ്പർമാർ എന്നിവരടങ്ങുന്ന മെഡിക്കൽ ടീം സർവ്വെ നടത്തി. ഒപ്പം ബോധവൽക്കരണ നോട്ടീസും പോസ്റ്ററുകളും നൽകി. 16,732 വീടുകളിൽ സർവ്വെ നടത്തി. 76,074 പേരെ പരിശോധിച്ചു. 93 പേർക്ക് നേരിയ ലക്ഷണങ്ങൾ കണ്ടെത്തി. 50 പേരിൽനിന്നും 4 മൊബൈൽ യൂണിറ്റുകൾവഴി സാമ്പിളുകൾ പരിശോധിച്ചു. ഇവയുടെയെല്ലാം പരിശോധനാഫലം നെഗറ്റീവാണ്.

3. സാമ്പിൾ പരിശോധനകളും റിസൾട്ടും - സാമ്പിളുകൾ എൻ.ഐ.വി പൂനെയിലും തുടർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിൽ സജ്ജീകരിച്ച POC ലാബിലുമാണ് പരിശോധന നടത്തിയത്. 164 സാമ്പിളുകൾ പരിശോധിച്ചു. ഇതിൽ 31 എണ്ണം എൻ.ഐ.വി. പൂനയിലും 133 എണ്ണം കോഴിക്കോട് POC ലാബിലുമാണ് പരിശോധിച്ചത്.

4. രോഗികളുടെ റഫറൽ/യാത്ര ലക്ഷണങ്ങൾ ഉള്ളവരെ കൺട്രോൾ റൂം മുഖേന designate ambulance-ൽ മെഡിക്കൽ കോളേജിൽ എത്തിച്ച് ആവശ്യമായ പരിശോധനകളും ചികിത്സയും ലഭ്യമാക്കി.

5. മരുന്നുകളുടെ ലഭ്യത - കെ.എം.എസ്.സി.എൽ. ആവശ്യത്തിന് മരുന്നുകൾ (Ribavirin-(KMSCL19208, MCH -9000), Remdisivir -10000, Favipiravir -6000) സ്റ്റോക്ക് ചെയ്തു.

6. വിദഗ്ദ്ധ സംഘ സന്ദർശനം - നിപ്പ റിപ്പോർട്ട് ചെയ്തപ്രദേശങ്ങളിൽ എൻ.സി.ഡി.സി. സെൻട്രൽ ടീം, എൻ.ഐ.വി. പൂനെയിൽനിന്നുള്ള സംഘം സന്ദർശിച്ച നിർദേശങ്ങൾ നൽകി. NIV Pune -Bat Survey Team 103 വവ്വാലുകളുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ഡിസ്ട്രിക്റ്റ് ആനിമൽ ഹസ്ബെൻഡറി ഡിപ്പാർട്ട്മെന്റും ഇതോടൊപ്പം സാമ്പിളുകൾ ഭോപ്പാൽ ലാബിലേയ്ക്ക് അയച്ചു.

7. ബോധവൽക്കരണ പരിപാടികൾ - സോഷ്യൽ മീഡിയ പോസ്റ്ററുകളും മോഷൻ പോസ്റ്ററുകളും തയ്യാറാക്കി എൻ.എച്ച്.എം. ഫേസ്ബുക്ക് പേജിലും വിവിധ വാട്സ് ആപ്പ് ഗ്രൂപ്പുകളിലും അയച്ചു. ആരോഗ്യ വകുപ്പുമന്ത്രിയുടെ വീഡിയോ ഓഡിയോ സന്ദേശങ്ങൾ തയ്യാറാക്കി എൻ.എച്ച്.എം. ഫേസ്ബുക്ക് പേജിലും എഫ്.എം. റേഡിയോകളിലും പ്രക്ഷേപണം നടത്തി. 44000 നോട്ടീസുകളും 22000 പോസ്റ്ററുകളും തയ്യാറാക്കി ജില്ലകളിലെ മുഴുവൻ ആരോഗ്യസ്ഥാപനങ്ങളിലും വിതരണം ചെയ്തു. ജനങ്ങൾക്ക് സംശയ നിവാരണങ്ങൾക്കായി ആരോഗ്യ വകുപ്പിലെ ഡോക്ടറും മൃഗസംരക്ഷണ വകുപ്പിലെ ഡോക്ടറും ചേർന്ന് വീഡിയോ ടോക്ക് ഷോ തയ്യാറാക്കി പ്രചരിപ്പിച്ചു. പ്രദേശിക ചാനലുകളിൽ സ്ക്രോൾ ന്യൂസ് നല്കി. കോവിഡ് വാക്സിനേഷൻ സെന്ററുകളിൽ നിപ്പ ബോധവൽക്കരണം നടത്തി. എല്ലാ ഐ.ഇ.സി-കളും എൻ.എച്ച്.എം. ബ്ലോഗിൽ ഫയൽ ചെയ്ത് സ്റ്റേറ്റ് ഓഫീസിനു നൽകി. മൂന്നു വ്യാജ സന്ദേശങ്ങൾക്കെതിരെ നടപടി എടുത്തു.

8. ആശുപത്രി സജ്ജീകരണം - 80 മുറികളും 10 ഐ.സി.യു-കളും 10 വെന്റിലേറ്ററുകളും IMG-യിൽ 24 മുറികളും തയ്യാറാക്കി. 50 പുതിയ സ്റ്റാഫ് നഴ്സുമാരെ എൻ.എച്ച്.എം. വഴി നിയമിക്കുന്നതിന് അംഗീകാരം നൽകി.

9. കോൾ സെന്റർ - അനേകം കോളുകളാണ് വന്നത്. ഇതിൽ സംശയ ദൂരീകരണവും സ്വയം റഫറൽ കേസുകളും ഉണ്ടായിരുന്നു.

10. ഡാറ്റാ അനാലിസിസ് - ദിവസേന ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നിപ്പ റിപ്പോർട്ട് അവലോകനം നടത്തി. സി.ഡി.എം.എസ്. സോഫ്റ്റ്‌വെയർ ഡാറ്റാ അപ്‌ലോഡ് ചെയ്ത് അവലോകനം നടത്തുവാൻ ഉപയോഗിച്ചു.

11. മാനസികാരോഗ്യം - ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി 568 പേർ നിപ്പയുമായി ബന്ധപ്പെട്ട് കൗൺസിലിംഗ് സേവനം നൽകി. കൂടാതെ മെഡിക്കൽ കോളേജ് സൈക്യാട്രിക് ടീം ചികിത്സയിലുള്ളവർക്ക് മാനസിക പിന്തുണ നൽകി.

12. പരിശീലനങ്ങൾ - 21 ബാച്ച് പരിശീലനങ്ങൾ വിവിധ കാറ്റഗറി സ്റ്റാഫുകൾക്കായി സംഘടിപ്പിച്ചു. 1384 പേർ പങ്കെടുത്തു. മൃഗ സംരക്ഷണ വകുപ്പ്, വനം വകുപ്പ് എന്നിവരുടെ നേതൃത്വത്തിൽ വിവിധ മൃഗങ്ങളുടെയും ഫലങ്ങളുടെയും സാമ്പിളുകൾ സമീപ പ്രദേശത്തുനിന്നും പരിശോധനയ്ക്കയച്ചു. ഭോപ്പാൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ പരിശോധനാഫലങ്ങൾ നെഗറ്റീവായി ലഭിച്ചു. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് ചിട്ടയായ പ്രവർത്തനം നടന്നു. പോലീസ്, സിവിൽ സപ്ലൈസ്, തദ്ദേശ സ്ഥാപനങ്ങൾ, കുടുംബശ്രീ പ്രവർത്തകർ എല്ലാവരും ആരോഗ്യ വകുപ്പുമായി കൈകോർത്തു. 26-9-2021-ന് കോൺടാക്റ്റ് ലിസ്റ്റിലുള്ള മുഴുവൻ ആളുകളെയും ക്വാറന്റൈനിൽനിന്ന് റിലീസ് ചെയ്തു. എങ്കിലും ആ മേഖലയിൽ 21 ദിവസം കൂടി നിരീക്ഷണം തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വൈറസിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഉപയോഗിക്കുന്ന മരുന്നുകളുടെയും സാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

പൂനെ NIV-യിലെ വിദഗ്ദ്ധ സംഘം നിപ്പാ വൈറസ് സ്ഥിരീകരിച്ച പഞ്ചായത്തിന് സമീപ പ്രദേശങ്ങളിൽ (കൊടിയത്തൂർ, താമരശ്ശേരി) നിന്നും

ശേഖരിച്ച 50 വവ്വാലുകളുടെ പരിശോധന ഫലം പുറത്തുവന്നു. ഇതിൽ ടെറോപസ് വിഭാഗത്തിൽപ്പെട്ട വവ്വാലിലും റോസിറ്റെസ് വിഭാഗത്തിൽപ്പെട്ട വവ്വാലുകളിലും വൈറസിനെതിരായ lgG ആന്റിബോഡിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ഇതുമായി ബന്ധപ്പെട്ട് കൂടുതൽ പഠനങ്ങൾ നടത്തേണ്ടതുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളുമായി യോജിച്ച് കൂടുതൽ പഠനങ്ങളുമായി മുന്നോട്ടുപോകേണ്ടതുണ്ട്. പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ഉപയോഗിക്കുന്ന മരുന്നുകളുടെയും സാമഗ്രികളുടെയും ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**എക്സൈസ് എൻഫോഴ്സ്മെന്റ് ശാക്തീകരിക്കാൻ നടപടി**

7 (*5) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:
<u>ശ്രീ. കെ. ആൻസലൻ</u>:
<u>ശ്രീ. എം. എം. മണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എക്സൈസ് എൻഫോഴ്സ്മെന്റിന്റെ അധികാര പരിമിതി മുതലാക്കി അന്താരാഷ്ട്ര ബന്ധമുള്ള സംഘങ്ങൾ ഉൾപ്പെടെ വിമാനത്താവളം വഴിയും ട്രെയിൻ മാർഗ്ഗവും എം.ഡി.എം.എ. പോലുള്ള രാസലഹരി വസ്തുക്കളും ഹാഷിഷ് ഉൾപ്പെടെ മറ്റു ലഹരിവസ്തുക്കളും സംസ്ഥാനത്തേയ്ക്ക് കടത്തി കൊച്ചിയെ മയക്കുമരുന്ന് ഹബ്ബാക്കാൻ നീക്കം നടത്തുന്നതായി പറയപ്പെടുന്നതിനാൽ സംസ്ഥാന എക്സൈസ് വകുപ്പ് പോലീസുമായി കൈകോർത്ത് എൻഫോഴ്സ്മെന്റ് ശാക്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിമാനത്താവളം വഴിയും ട്രെയിൻ മാർഗ്ഗവുമുള്ള മയക്കുമരുന്നുകൾ, രാസലഹരി വസ്തുക്കൾ എന്നിവയുടെ കടത്ത് തടയുന്നതിനായി പോലീസ് വകുപ്പുമായി ചേർന്ന് പരിശോധന നടത്തുന്നുണ്ട്. പോലീസ് വകുപ്പ് കൂടാതെ ഡ്രഗ്സ് കൺട്രോൾ, ഭക്ഷ്യസുരക്ഷ, റവന്യൂ, കസ്റ്റംസ് തുടങ്ങി മറ്റുവിഭാഗങ്ങളുമായി ചേർന്നും സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. ഈ വർഷം (2021 ജനുവരി മുതൽ നാളിതുവരെ) 1161 സംയുക്ത റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) ചെക്ക്പോസ്റ്റുകൾ ആധുനികോപകരണങ്ങളുടെ സഹായത്തോടെ ശക്തിപ്പെടുത്താനായിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട 14 ചെക്ക്പോസ്റ്റുകളിലും സി.സി.റ്റി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനം നടക്കുന്നുണ്ട്. 25 ചെക്ക്പോസ്റ്റുകളിൽ Solar Highmast ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. രാത്രി കാലങ്ങളിൽ ചെക്ക്പോസ്റ്റുകളുടെ സാന്നിദ്ധ്യം തിരിച്ചറിയുന്നതിനായി ഡിജിറ്റൽ LED സൈൻ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. 27 ചെക്ക്പോസ്റ്റുകളിൽ ഇരുചക്ര വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ചെക്ക്പോസ്റ്റുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടത്തിയിട്ടുണ്ട്.

(സി) ലഹരിവേട്ട ശക്തിപ്പെടുത്താൻ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ലഹരിവേട്ട ശക്തിപ്പെടുത്തുന്നതിനായി നിലവിൽ എല്ലാ ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് & ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളുണ്ട്. ഇടുക്കി ജില്ലയിൽ കഞ്ചാവ് കൃഷി തടയുന്നതിനുൾപ്പെടെയായി ഒരു നാർക്കോട്ടിക് എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. മൂന്ന് മേഖലകളിൽ മേഖലാ സ്ക്വാഡുകളും എക്സൈസ് കമ്മീഷണറുടെ നിയന്ത്രണത്തിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തന പരിധിയുള്ള സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രവർത്തിച്ചു വരുന്നു. ഈ സ്ക്വാഡുകളിലെ എക്സൈസ് ഇൻസ്പെക്ടർ റാങ്കിന് മുകളിലുള്ളവർക്ക് കേസ് രജിസ്റ്റർ ചെയ്യാനുള്ള അധികാരം നൽകുന്നതിനും ഇപ്പോൾ നടപടികളെടുത്തിട്ടുണ്ട്.

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം

8 (*6) ശ്രീ. വി. ശശി:
ശ്രീ. പി. എസ്. സുപാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന് നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്നും വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എം.ജി.എസ്.വൈ., ആർ.കെ.ഐ., സി.എം.എൽ.ആർ.ആർ.പി., കിഫ്ബി (കില വഴി) എന്നിവ മുഖേന തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന പ്രവൃത്തികളിൽ വിവിധ തലങ്ങളിലായി

ഗുണനിലവാര പരിശോധനാ സംവിധാനം നടപ്പാക്കിവരുന്നു. ഇവയിൽ ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. സ്കീമുകളിൽപ്പെട്ട നിർമ്മിതികൾക്ക് Defect Liability Period അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചശേഷമുള്ള 5 വർഷ കാലയളവിലുണ്ടാകുന്ന ഏത് അറ്റകുറ്റപ്പണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാധ്യതപ്പെടുത്തുന്നുണ്ട്. സി.എം.എൽ.ആർ.ആർ.പി. അനുസരിച്ചുള്ള നിർമ്മാണങ്ങൾക്കാകട്ടെ 2 വർഷത്തെ Defect Liability Period ഉറപ്പുവരുത്തുന്നുണ്ട്. (ആർ.കെ.ഐ., പി.എം.ജി.എസ്.വൈ., സി.എം.എൽ.ആർ.ആർ.പി. എന്നിവിടങ്ങളിലെ ഗുണനിലവാര പരിശോധനാ സംവിധാനം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ എഞ്ചിനീയർമാരുടെയും ഓവർസിയർമാരുടെയും നേരിട്ടുള്ള മേൽനോട്ടത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിനുമായി ജില്ലാ പഞ്ചായത്തുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ 14 ജില്ലകളിലും 18 ബ്ലോക്കുകളിലുമായി Quality Control Lab-കൾ സജ്ജീകരിക്കുകയും കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി മൂന്ന് റീജിയണൽ ലബോറട്ടറികൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. (ബ്ലോക്കുകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു*.) കിലവഴി കിഫ്ബി ഏറ്റെടുക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുന്നതിനുള്ള സജ്ജീകരണങ്ങളും ഒരുക്കിവരുന്നു.

(സി) നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നടപടിക്രമങ്ങൾ കൂടുതൽ സുതാര്യമാക്കുവാനും പരിശോധനാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മുകളിൽ പറഞ്ഞതടക്കമുള്ള ഗുണനിലവാര പരിശോധനാ സംവിധാനം മുഴുവൻ പ്രവൃത്തികൾക്കും വ്യാപകമാക്കുന്നതിന്റെയും ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി ഒരു ആഭ്യന്തര സാങ്കേതിക പരിശോധനാ സംവിധാനം രൂപീകരിക്കുന്നതിനായി 17-8-2021-ലെ സ.ഉ(സാധാ.) നം.1591/2021/തസ്വഭവ. പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ) കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് മുഴുവൻ പ്രവൃത്തികൾക്കും ഫലപ്രദമായ ഗുണനിലവാര പരിശോധനാ സംവിധാനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മതസൗഹാർദ്ദം തകർക്കുന്നവർക്കെതിരെ നടപടി

9 (*7) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രസ്താവനകളും പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് മതസൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രസ്താവനകളും പ്രവർത്തനങ്ങളും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സാമൂഹ്യമാധ്യമങ്ങളെ നിരീക്ഷിക്കുന്നതിനും മതസൗഹാർദ്ദം തകർക്കുന്ന പ്രവർത്തനത്തിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും തയ്യാറാകുമോ;

(സി) വ്യാജ ഐ.ഡി. ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്നതരത്തിൽ സമൂഹ മാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ സൈബർ ഡോം, ഹൈ-ടെക് സെൽ, കേരളാ പോലീസ് സോഷ്യൽ മീഡിയ സെൽ, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ സെൽ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും വ്യാജ ഐ.ഡി. ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും IPC, IT Act എന്നിവയിലെ പ്രസക്ത വകുപ്പുകൾ പ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) മത സാമുദായിക സംഘടനാ നേതാക്കളുടെ യോഗം വിളിച്ച് പ്രശ്നങ്ങൾ ചർച്ചചെയ്ത് രമ്യതയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ അത്തരമൊരു യോഗം വിളിച്ചു ചേർക്കേണ്ട സാഹചര്യമില്ല.

## കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം

10 (*8) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽനിന്നും തുക നൽകാൻ തീരുമാനിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് കോവിഡ്മൂലം മരിച്ചവരുടെ പട്ടികയിൽ ഉൾപ്പെടാത്തവരുടെ പേരുകൾ കണ്ടെത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കോവിഡ്മൂലം സംസ്ഥാനത്ത് മരിച്ചവരുടെ പട്ടിക തയ്യാറാക്കുന്നതിനായി ഇ-ഹെൽത്ത് ഒരു ഡെത്ത് റിപ്പോർട്ടിംഗ് ആൻഡ് ഓഡിറ്റിംഗ് പോർട്ടൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 2021 ജൂൺ 16 മുതൽ എല്ലാ കോവിഡ് മരണങ്ങളും ഓൺലൈനായി ഈ പോർട്ടൽ വഴിയാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. സംസ്ഥാനത്തെ ആദ്യ കോവിഡ് മരണം മുതൽ നിലവിലെ തീയതി വരെയുള്ള എല്ലാ കോവിഡ് മരണങ്ങളുടെ വിവരങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്. പൊതുജനങ്ങൾക്ക് മരണ തീയതി അടിസ്ഥാനമാക്കി ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്ന കോവിഡ് മരണം, ഡെത്ത് ഇൻഫർമേഷൻ പോർട്ടൽ (URL: https://covid19.kerala.gov.in/deathinfo) വഴി കാണാൻ കഴിയും. കൂടാതെ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന കോവിഡ് ഡെത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് അടിസ്ഥാനമാക്കിയുള്ള മറ്റ് വിശദാംശങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്. ഇതുകൂടാതെ കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ കേരള സർക്കാർ വികസിപ്പിച്ചെടുക്കുന്നുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ചവ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സാങ്കേതിക കമ്മിറ്റിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ അത്തരം മരണങ്ങൾ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്.

(ബി) കോവിഡും കോവിഡാനന്തര രോഗങ്ങളുംമൂലം മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ "Guidelines for Ex-Gratia assistance to next of kin of the deceased by Covid-19" മാനദണ്ഡമനുസരിച്ച് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പുതുക്കിക്കൊണ്ട് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25-9-2021-ലെ സ.ഉ. (കൈ)നം.3/2021/ഡിഎംഡി.

പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ് -19 കേസിന്റെ തീയതി മുതൽ കോവിഡ്-19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം ബാധകമാണ്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽ ഭേദഗതിയോടെ അംഗീകരിക്കുകയും ടി പോർട്ടൽവഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽവഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്.

(സി) കോവിഡ് മരണം സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ?

കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ. ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തുവന്നിരുന്നത്. ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണകാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് കോവിഡ്-19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും ചെയ്തു (F.No. 18018/11/2021/DM Cell/GOI, New Delhi, dated 3-9-2021). ഇതുപ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റു മോളികുലർ പരിശോധനകൾവഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റു പരിശോധനകൾവഴി രോഗം സ്ഥിരീകരിച്ചവരെയോയാണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ ആത്മഹത്യ ചെയ്തതോ/ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും എം.സി.സി.ഡി. ഫോം 4 & 4 എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ്-19 മരണമെന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ് 19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്.

മാത്രമല്ല ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ്-19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ(സാധാ)നം. 2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ച് ഇതിന് പരിഹാരം കണ്ടെത്തണമെന്നുമുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ജില്ലാ സർവ്വൈലൻസ് ഓഫീസർ (നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ ലഭിച്ച് 30 ദിവസത്തിനകം ഇതിന് തീർപ്പ് കൽപ്പിക്കുന്നതാണ്.

**(ഡി) കോവിഡ് നെഗറ്റീവായി 30 ദിവസത്തിനുള്ളിൽ സംഭവിച്ച മരണങ്ങൾ കോവിഡ് മരണങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?**

**സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും ആണ് കോവിഡ് മരണങ്ങളായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ**

29-9-2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടാത്ത ഇത്തരം മരണങ്ങൾ കണ്ടെത്താൻ ഒരു പുതിയ പോർട്ടൽ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പോർട്ടൽ മുഖേന മരിച്ച വ്യക്തിയുടെ ബന്ധുവിന്, മരണപ്പെട്ട വ്യക്തിയുടെ മരണം കോവിഡ്-19 മൂലമാണെന്ന് സ്ഥിരീകരിച്ച് ലഭിക്കുവാനും കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട കോവിഡ് ഡെത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുമുള്ള അപേക്ഷ സമർപ്പിക്കാം. ഇതു സംബന്ധിച്ച പരാതികൾ കോവിഡ് മരണങ്ങൾ ഉറപ്പുവരുത്തുന്നതിനായി ജില്ലാതലത്തിൽ രൂപീകരിക്കുന്ന സമിതിയുടെ അംഗീകാരത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ്-19 മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി നിർദ്ദിഷ്ട മാതൃകയിലുള്ള സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതാണ്.

**സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള അപവാദപ്രചരണം തടയാൻ നടപടി**

11(*9) ശ്രീ. ടി. ഐ. മധുസൂദനൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ബഹുമത, മതനിരപേക്ഷ സമൂഹത്തിൽ പുലർത്തേണ്ട ഉത്തരവാദിത്വം നിറവേറ്റാൻ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച സങ്കുചിത മത-വർഗ്ഗീയ ശക്തികൾ സാമൂഹ്യ വിഭജനത്തിനുപകരണമാക്കാൻ നടത്തുന്നതായി പറയപ്പെടുന്ന ശ്രമം കർശനമായി തടയാൻവേണ്ട ഇടപെടൽ നടത്തുമോ?

കേരളം ഇന്ത്യയ്ക്ക് മാതൃകയാകുന്നത് മതനിരപേക്ഷ സമൂഹം എന്ന നിലയിൽ കൂടിയാണ്. നാനാജാതി, മതവിഭാഗങ്ങൾ പരസ്പരം സഹകരണത്തോടും സഹിഷ്ണുതയോടുംകൂടി ജീവിക്കുന്ന പ്രദേശമാണ് കേരളം. എന്നാൽ കേരളീയ സമൂഹത്തെ വിഷലിപ്തമാക്കാനും വിഭജിക്കാനുമുള്ള തീവ്രശ്രമങ്ങളെ ശക്തമായി നേരിടാൻ നമുക്ക് കഴിഞ്ഞു. മതനിരപേക്ഷ പാരമ്പര്യത്തിന്റെ ബലത്തിലാണ് നാം അത്തരം വിഭാഗീയ ശ്രമങ്ങളെ എക്കാലവും മറികടക്കുന്നത്. മതപരമായി ജനതയെ ഭിന്നിപ്പിക്കാൻ വർഗ്ഗീയവാദികൾ നിരന്തരം ശ്രമിക്കുന്നുണ്ട്. മതനിരപേക്ഷതയുടെ പാഠങ്ങളിൽ നിന്നുകൊണ്ട് അതിനെ മറികടക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിയത്. വർഗ്ഗീയ സംഘർഷങ്ങൾ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിച്ചത് തികഞ്ഞ മതനിരപേക്ഷ നിലപാടുകൾ സർക്കാർ സ്വീകരിച്ചതുകൊണ്ടാണ്. വാട്ട്സ്ആപ്പ് ഹർത്താൽ പോലുള്ളവയും വർഗീയ പ്രചരണങ്ങളും സംഘർഷങ്ങളും സൃഷ്ടിക്കാൻ വർഗ്ഗീയ ശക്തികൾ വലിയ ശ്രമം നടത്തുന്നുണ്ട്. ഇത്തരം ഘട്ടത്തിലും കേരളത്തെ വർഗ്ഗീയ

സംഘർഷങ്ങളിൽ നിന്ന് മുക്തമാക്കുന്നതിന് കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടമാണ്. മതസൗഹാർദ്ദത്തിൽ ഊന്നിനിന്നുകൊണ്ട് നിരവധി പ്രവർത്തനങ്ങൾ സർക്കാർ നടത്തിയിട്ടുണ്ട്. സർക്കാർ നേതൃത്വത്തിൽ നിരവധി പരിപാടികൾ ഇക്കാര്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വിവിധ വിഭാഗീയ ശക്തികൾ സാമൂഹ്യമാധ്യമങ്ങളിലൂടെ നടത്തുന്ന വിദ്വേഷ പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള ഇത്തരം പ്രചരണങ്ങൾക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുമോ;

(ഡി) ഇത്തരം സംഭവങ്ങളുടെ പശ്ചാത്തലത്തിൽ സാമൂഹ്യമാധ്യമങ്ങളിലൂടെ തുടർച്ചയായി നടക്കുന്ന അപവാദപ്രചരണങ്ങളും വിദ്വേഷപ്രചരണങ്ങളും നിരീക്ഷിച്ച് അത്തരക്കാരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ പോലീസ് ജാഗ്രത കാണിക്കുന്നുണ്ടോ?

(സി&ഡി)സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്നതരത്തിൽ സമൂഹ്യ മാധ്യമങ്ങളിലൂടെ വ്യാജ പ്രചാരണങ്ങൾ നടത്തുന്നവരെ കണ്ടെത്തുന്നതിനും അവരെ നിരീക്ഷിക്കുന്നതിനും കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ സൈബർ ഡോം, ഹൈ-ടെക് സെൽ, കേരള പോലീസ് സോഷ്യൽ മീഡിയ സെൽ, സൈബർ പോലീസ് സ്റ്റേഷനുകൾ, സൈബർ സെൽ എന്നിവ പ്രവർത്തിച്ചുവരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും വ്യാജ ഐ.ഡി. ഉണ്ടാക്കി വിവാദങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും IPC, IT ACT എന്നിവയിലെ പ്രസക്ത വകുപ്പുകൾപ്രകാരം നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇക്കാര്യങ്ങൾ പോലീസ് ജാഗ്രതയോടെയാണ് കൈകാര്യം ചെയ്തുവരുന്നത്.

**ഭക്ഷ്യധാന്യ സംഭരണം കാര്യക്ഷമമാക്കാൻ നടപടി**

12(*10) ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യ സംഭരണം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ-യിൽനിന്നും നോഡൽ ഏജൻസിയായ സപ്ലൈകോ മുഖേന വിട്ടെടുത്ത് എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ സംഭരിച്ച് വാതിൽപ്പടി വിതരണത്തിലൂടെ എല്ലാ റേഷൻ കടകളിലും എത്തിക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ കർഷകരുടെ പക്കൽനിന്നും നെല്ല് സംഭരിക്കുന്നതിന് സപ്ലൈകോയെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. സപ്ലൈകോ സംഭരിക്കുന്ന നെല്ല് സ്വകാര്യ മില്ലുകളിൽ സംസ്കരിച്ച് കുത്തരിയാക്കി(CMR)വിതരണത്തിനായി റേഷൻ കടകളിൽ എത്തിക്കുന്നു. റേഷൻ വിതരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഓരോ താലൂക്കിലും ധാന്യസംഭരണത്തിനായി സൗകര്യപ്രദമായ സ്ഥലത്ത് ശാസ്ത്രീയമാതൃകയിലുള്ള ഗോഡൗണുകൾ സർക്കാർ ഉടമസ്ഥതയിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി 2022-2027 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഭക്ഷ്യധാന്യ സംഭരണം കാര്യക്ഷമമാക്കുന്നതിനായി ഭക്ഷ്യ-പൊതുവിതരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ വാതിൽപ്പടി വിതരണം നടത്തുന്നതിന്റെ നോഡൽ ഏജൻസി സപ്ലൈകോയാണ്. 216 ഗോഡൗണുകൾ Central Warehousing Corporation, State Warehousing Corporation, Private Agency-കൾ എന്നിവരിൽനിന്ന് വാടകയ്ക്കെടുത്താണ് എഫ്.സി.ഐ.-യിൽനിന്നും വിട്ടെടുക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നത്. ടി ഗോഡൗണുകൾ ശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ളതല്ല. സംസ്ഥാനത്തെ ശാസ്ത്രീയമായ ഗോഡൗണുകളുടെ കുറവ് ഭക്ഷ്യധാന്യങ്ങൾ കേടുവരുന്നതിന് കാരണമായി കാണുന്നു. ആയതിനാൽ, 2022-27 പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ താലൂക്കിലും പൊതു വിതരണ വകുപ്പിന്റെ കീഴിൽ ഓരോ എൻ.എഫ്.എസ്.എ. ഗോഡൗണുകൾവീതം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന് ഏകദേശം 462 കോടി രൂപ ചെലവ് കണക്കാക്കുന്നു. കേരളത്തിലെ എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ ശാസ്ത്രീയമായ ക്രമീകരണങ്ങൾ വരുത്തി FIRST IN FIRST OUT സമ്പ്രദായം നടപ്പിലാക്കും. ധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ആധുനിക സംവിധാനം ഏർപ്പെടുത്തും.

(സി) ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാരത്തോടെ സൂക്ഷിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ സൗകര്യങ്ങൾ ഗോഡൗണുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

ഭക്ഷ്യപൊതുവിതരണ വകുപ്പിന് കീഴിൽ ശാസ്ത്രീയമായി എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുമ്പോൾ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കുന്നതാണ്.

(ഡി) ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിൽനിന്നും റേഷൻ കടകളിലേയ്ക്ക് എത്തുന്നതിനുമുൻപ് ഉണ്ടാകാവുന്ന തിരിമറികൾ പൂർണ്ണമായും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഗോഡൗണുകളിൽനിന്നും വാതിൽപ്പടി വിതരണം വഴി എത്തിക്കുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിൽ ലഭിച്ചിട്ടുണ്ടെന്ന് റേഷൻ വ്യാപാരികൾ ബോധ്യപ്പെട്ട് കൈപ്പറ്റ് രസീത് നൽകേണ്ടതും Supply Chain Management System (എസ്.സി.എം.എസ്.) സോഫ്റ്റ്‌വെയർ മുഖാന്തരം ഇ-പോസ് മെഷീനിൽ രേഖപ്പെടുത്തിയിട്ടുള്ള സ്റ്റോക്ക് കൃത്യമായ അളവിൽത്തന്നെ ലഭിച്ചിട്ടുണ്ടെന്ന് ഇ-പോസ് മെഷീനിൽ റേഷൻ വ്യാപാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എൻ.എഫ്.എസ്.എ. ഗോഡൗണിൽനിന്നും റേഷൻകടയിലേയ്ക്ക് വാതിൽപ്പടി വിതരണം നടത്തുന്ന എല്ലാ വാഹനങ്ങളിലും ജി.പി.എസ്. ഘടിപ്പിച്ച് വാഹനങ്ങൾ ട്രാക്ക് ചെയ്യുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ക്രമീകരണങ്ങൾ അന്തിമഘട്ടത്തിലാണ്. കൂടാതെ നിലവിലുള്ള എല്ലാ എൻ.എഫ്.എസ്.എ. ഗോഡൗണുകളിലും സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) റേഷൻ കടകളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി റേഷൻ കടകൾ പുതിയ ലൈസൻസികളെ ഏൽപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതിന്റെ ഭാഗമായി റേഷൻകട നവീകരണത്തോടനുബന്ധിച്ച് കേരള റേഷനിംഗ് ഓർഡർ, 1966 പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെ.ആർ.ഒ., 1966 പരിഷ്കരിച്ചുകൊണ്ട് 18-2-2021-ൽ KTPDS (Kerala Targeted Public Distribution System) (Control) ഓർഡർ, 2021 നിലവിൽവന്നു. ഇതോടെ പ്രവർത്തനം നിർത്തിവച്ചിരുന്ന റേഷൻ കടകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലകളിൽ നിന്നുള്ള റിപ്പോർട്ട് പ്രകാരം സ്ഥിരമായി റദ്ദ് ചെയ്ത 599 റേഷൻ കടകൾക്ക് നോട്ടിഫിക്കേഷൻ പ്രകാരം റിസർവേഷൻ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പുതിയ ലൈസൻസികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ലൈഫ് പദ്ധതി**

13 (*11) ശ്രീ. പി. പി. സുമോദ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതിയിൽ പതിനായിരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ടോ?

സംസ്ഥാനത്ത് 100 ദിന കർമ്മപദ്ധതിയുടെ ഭാഗമായി ലൈഫ് പദ്ധതിയിൽ പതിനായിരം വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമായിട്ടുണ്ട്. 12,067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്താരംഭിച്ച ലൈഫ് പദ്ധതിയിൽ ഇതുവരെ എത്ര വീടുകൾ നിർമ്മിച്ചെന്ന കണക്ക് ലഭ്യമാണെങ്കിൽ അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്താരംഭിച്ച ലൈഫ് പദ്ധതിയിൽ നാളിതുവരെ 2,75,314 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിച്ച വീടുകളുടെ വിവരം അനുബന്ധം (1) ആയി ചേർക്കുന്നു*.

(സി) ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്?

ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 5 ലക്ഷം വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) രണ്ടാംഘട്ടം ലൈഫ് പദ്ധതിയിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചെന്നതിന്റെ കണക്ക് ലഭ്യമാണോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ തയ്യാറായിട്ടുണ്ടോ?

രണ്ടാംഘട്ടം ലൈഫ് പദ്ധതിയിലേയ്ക്ക് 9,20,261 അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ആയത് അനുബന്ധം (2)ആയി ചേർക്കുന്നു*. ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് പദ്ധതി ദുർബലപ്പെടുത്താൻ ചില രാഷ്ട്രീയകക്ഷികൾ നടത്തുന്നതായി പറയപ്പെടുന്ന നീക്കത്തെ അതിജീവിക്കാനായിട്ടുണ്ടോ?

അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ലൈഫ് ഭവന പദ്ധതിയുടെ പുരോഗതിയെ ബാധിച്ചിട്ടില്ല.

## സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള വ്യാജ പ്രചരണം തടയാൻ നടപടി

14 (*12) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും വിവിധ വിഭാഗങ്ങൾക്കിടയിൽ സ്പർദ്ധ വളർത്തുന്ന പ്രവൃത്തികൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇത്തരം പ്രവൃത്തികൾ തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും വിവിധ വിഭാഗങ്ങൾക്കിടയിൽ സ്പർദ്ധ വളർത്തുന്ന പ്രവൃത്തികൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സാമൂഹ്യമാധ്യമങ്ങളിൽ ഇത്തരത്തിൽ വരുന്ന പോസ്റ്റുകൾ പോലീസിന്റെ വിവിധ സൈബർ വിഭാഗങ്ങൾ, ജില്ലാ സൈബർ സെല്ലുകൾ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, സൈബർ ഡോമുകൾ, സോഷ്യൽ മീഡിയ സെൽ, ഹൈ-ടെക് സെൽ എന്നിവ വഴി സൈബർ പട്രോളിംഗ് നടത്തുകയും നിയമ വിരുദ്ധമായ പോസ്റ്റുകൾക്കും വീഡിയോകൾക്കും ശബ്ദ സന്ദേശങ്ങൾക്കുമെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വ്യാജവാർത്തകൾ നൽകി വർഗ്ഗീയകലാപം സൃഷ്ടിക്കാൻ ചില ഓൺലൈൻ പോർട്ടലുകൾ ശ്രമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള ഓൺലൈൻ പോർട്ടലുകൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി സൈബർ സെല്ലുകളും സൈബർ ഡോമുകളും പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗവും പ്രത്യേകം നിരീക്ഷണവും നടത്തിവരുന്നുണ്ട്. ഓൺലൈൻ പോർട്ടലുകൾ മുഖേന വ്യാജ വാർത്തകൾ നൽകി വർഗ്ഗീയ കലാപം സൃഷ്ടിക്കാൻ ശ്രമിച്ച സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുമുണ്ട്.

**ക്യാമ്പസുകളിലെ വിധ്വംസക പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടി**

15(*13) ശ്രീ. നജീബ് കാന്തപുരം:

ഡോ. എം. കെ. മുനീർ:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള ക്യാമ്പസുകളെ കേന്ദ്രീകരിച്ച് വിദ്യാസമ്പന്നരായ യുവതികളെ വർഗ്ഗീയതയിലേയ്ക്കും തീവ്രവാദ സ്വഭാവങ്ങളിലേയ്ക്കും ആകർഷിക്കുന്നതിന് ബോധപൂർവമായ ശ്രമങ്ങൾ നടക്കുന്നുവെന്ന പ്രചരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാന ഇന്റലിജൻസ് വകുപ്പ് മേധാവി സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(സി) ക്യാമ്പസുകൾ കേന്ദ്രീകരിച്ച് നടക്കുന്ന ഇത്തരം വിധ്വംസക പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(എ-സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മൂന്നുവയസ്സുകാരിയെ കാറിൽ പൂട്ടിയിട്ടതിൽ നടപടി**

16 (*15) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ബാലരാമപുരത്ത് അമിതവേഗം ആരോപിച്ച് തടഞ്ഞ വാഹനത്തിൽ മൂന്നുവയസ്സുകാരിയെ പോലീസ് പൂട്ടിയിട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അതിൽ ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഇക്കാര്യത്തിൽ നെയ്യാറ്റിൻകര ഡി.വൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കുട്ടികളുടെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുന്ന സന്ദർഭങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കുന്നതാണ്.

**ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി**

17 (*16) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ച 12-8-2021-ലെ സ.ഉ. (സാധാ) നമ്പർ 1735/2021/ആ.കു.വ. നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) എങ്കിൽ ഇപ്രകാരമുള്ള അതിക്രമങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് പോലീസ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സർക്കാർ ആശുപത്രികളിൽ പോലീസ് എയ്ഡ് പോസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളതും ആശുപത്രി പരിസരത്ത് പോലീസ് സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതോടൊപ്പം റിപ്പോർട്ടാകുന്ന അതിക്രമ സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് സത്യസന്ധവും നീതിയുക്തവുമായി അന്വേഷണം നടത്തി പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് പ്രോസിക്യൂഷന്റെ സഹായത്തോടെ പരമാവധി ശിക്ഷ വാങ്ങി കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(സി) ആരോഗ്യപ്രവർത്തകർക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ കേരള ഹൈക്കോടതി അതൃപ്തി പ്രകടിപ്പിക്കുകയും ആയത് പരിഹരിക്കാൻ സർക്കാരിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങളും അനിഷ്ട സംഭവങ്ങളും ഭാവിയിൽ ഉണ്ടാകില്ലെന്ന് ഉറപ്പുവരുത്തുന്നതിന് WP(C)നം.10659/2021-ലെ ആർ.പി. നം.379/2021-ലെ 26-8-2021-ലെ ഇടക്കാല ഉത്തരവിൽ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. 2012-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യ രക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) നിയമത്തിലെ വ്യവസ്ഥകളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് ആശുപത്രികളുടെ പരിസരത്ത് വേണ്ടത്ര പ്രചാരണം നൽകുന്നതോടൊപ്പം ഓൺലൈൻ/ഓഫ് ലൈൻ മാധ്യമങ്ങളിലൂടെയും വ്യാപക പ്രചരണം നൽകണമെന്ന് 9-9-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയിൽനിന്നുള്ള ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആരോഗ്യ പ്രവർത്തകരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും അതിക്രമങ്ങൾ ഉണ്ടായാൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് കർശനമായി പാലിക്കുവാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്. ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കും ആരോഗ്യ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാക്സിൻ ഉല്പാദന യൂണിറ്റ്

18(*17) ശ്രീ. വി. ജോയി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ തീവ്രവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം രോഗങ്ങളെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വാക്സിൻ ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

തിരുവനന്തപുരം തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ ഒരു വാക്സിൻ ഉല്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനായി 11-6-2021-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 19/2021/ശാ.സാ.വ. പ്രകാരം ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിരുന്നു. ഇതര സംസ്ഥാനങ്ങളുടെ വാഗ്ദാനങ്ങൾ അടിസ്ഥാനമാക്കി വ്യത്യസ്ത കമ്പനികൾ ഉന്നയിച്ച ആവശ്യങ്ങൾ അടങ്ങിയ ശിപാർശ, ലൈഫ് സയൻസസ് പാർക്കിൽ വിപുലമായ നിർമ്മാണ യൂണിറ്റുകളും അനുബന്ധ ഗവേഷണ വികസന സൗകര്യവും സ്ഥാപിക്കുവാൻ "ആങ്കർ വ്യവസായങ്ങളായി" മുന്നോട്ടുവരുന്ന കമ്പനികൾക്ക് നൽകേണ്ട സ്പെഷ്യൽ പാക്കേജ്, ഇതര സംസ്ഥാനങ്ങൾ നൽകുന്ന പാക്കേജുകളുടെ താരതമ്യ പ്രസ്താവന എന്നിവ തയ്യാറാക്കുകയും 27-7-2021-ൽ നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ആയത് പരിഗണിക്കുകയും ചെയ്തു. തുടർന്ന് 10-9-2021-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ.33/2021/ശാ.സ.വ. പ്രകാരം പ്രത്യേക പാക്കേജ് അനുവദിക്കുകയും ചെയ്തു.

(ബി) വാക്സിൻ ഉല്പാദന മേഖലയ്ക്ക് സർക്കാർ നൽകുന്ന ഇളവുകൾ, സർക്കാർ തലത്തിൽ ഒരുക്കുന്ന സൗകര്യങ്ങൾ എന്നിവ വിശദമാക്കാമോ;

(സി) ഉല്പാദിപ്പിക്കുന്ന വാക്സിൻ, സാങ്കേതിക വിദ്യ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വിശദമാക്കാമോ?

(ബി&സി) തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഫിൽ ഫിനിഷ് അഥവാ വാക്സിൻ ഉല്പാദന യൂണിറ്റ് ആരംഭിക്കാൻ തയ്യാറാകുന്ന ആങ്കർ വ്യവസായങ്ങൾക്ക് ചുവടെ (i) മുതൽ (x) വരെ ചേർത്തിട്ടുള്ളവിധം പ്രത്യേക പാക്കേജ് അനുവദിച്ചു.

(i) ലീസ് പ്രീമിയത്തിന്റെ 50% സബ്സിഡിയോടെ 60 വർഷത്തേയ്ക്ക് ലീസിന് ഭൂമി നൽകാവുന്നതാണ്. ലീസ് പ്രീമിയം സംരംഭത്തിനായുള്ള സർക്കാരിന്റെ ഓഹരിയായി കണക്കാക്കാവുന്നതും പ്രവർത്തനം തുടങ്ങി 10 വർഷം മൊറട്ടോറിയം കാലാവധിക്കുശേഷം ടി തുക കമ്പനിയിൽനിന്നും തിരികെ ഈടാക്കാവുന്നതുമാണ്. ഓഹരിയുടെ 50% പതിനൊന്നാം പ്രവർത്തന വർഷത്തിൽ ഈടാക്കാവുന്നതും ബാക്കിയുള്ള ഓഹരി രണ്ട് തുല്യഗഡുക്കളായി 12, 13 പ്രവർത്തന വർഷങ്ങളിൽ ഈടാക്കാവുന്നതുമാണ്. 18-11-2020-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ. 101/2020/ ഐ.ഡി. പ്രകാരം ലൈഫ് സയൻസസ് പാർക്ക് ഘട്ടം-1-ൽ ഭൂമി അനുവദിക്കുമ്പോൾ പാട്ടത്തിൽ 50% കുറവ് അനുവദിച്ചിട്ടുണ്ട്.

(ii) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായുള്ള പാട്ടക്കരാർ രജിസ്റ്റർ ചെയ്യുന്നതിന് 1959-ലെ കേരള സ്റ്റാമ്പ് ആക്ടിന്റെ സെക്ഷൻ 9(1)(a) പ്രകാരം അടയ്ക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടിയും 1908-ലെ രജിസ്ട്രേഷൻ ആക്ടിന്റെ സെക്ഷൻ 78(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി നൽകാവുന്നതാണ്.

(iii) ഉപകരണങ്ങൾ, പ്ലാന്റ്, യന്ത്രങ്ങൾ എന്നിവയുടെ വിലയുടെ 30% വരെയുള്ള തുക ഫിൽ ഫിനിഷ് യൂണിറ്റിന് ഒരു കോടി രൂപയ്ക്കകത്തും വാക്സിൻ ഉൽപ്പാദന യൂണിറ്റിന് അഞ്ച് കോടി രൂപയ്ക്കകത്തും നിജപ്പെടുത്തി, സബ്സിഡി നിരക്കിലെ മൂലധനസഹായം എന്ന നിലയിൽ നൽകാവുന്നതാണ്.

(iv) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ മുഖേന, പ്രാരംഭമായി 5 വർഷത്തേയ്ക്ക് പ്രതിവർഷം 4% സബ്സിഡി പലിശ നിരക്കിലും ബാക്കി 15 വർഷത്തേയ്ക്ക് നിലവിലുള്ള ഫ്ലോട്ടിങ്ങ് നിരക്കിലും വാണിജ്യ പ്രവർത്തനങ്ങൾ തുടങ്ങി 3 വർഷത്തിനുശേഷം മാത്രം തിരിച്ചടവ് ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയത്തോടെ, 20 വർഷത്തെ ദീർഘകാല തിരിച്ചടവ് നിശ്ചയിച്ച് ആകർഷകമായ വായ്പകൾ നൽകാവുന്നതാണ്. ഫിൽ

ഫിനിഷ് യൂണിറ്റിനുള്ള വായ്പാ പരിധി 20 കോടി രൂപയുടെയും വാക്സിൻ ഉല്പാദന യൂണിറ്റിനുള്ള വായ്പാ പരിധി 30 കോടി രൂപയുടെയും നിജപ്പെടുത്താവുന്നതും ആകെ വായ്പാ തുക 100 കോടി രൂപയ്ക്കകത്ത് നിജപ്പെടുത്താവുന്നതുമാണ്.

(v) സംരംഭത്തിന് ഏകജാലക ക്ലിയറൻസും അതിവേഗ ട്രാക്ക് അംഗീകാരവും 30 ദിവസത്തിനുള്ളിൽ നൽകാവുന്നതാണ്.

(vi) ലൈഫ് സയൻസസ് പാർക്കിലുള്ള ആങ്കർ വാക്സിൻ ഉല്പാദന യൂണിറ്റിനും ഫിൽ ഫിനിഷ് യൂണിറ്റിനും ബിൽ തുകയിൽ ഒരു യൂണിറ്റിന് 2 രൂപ പവർ താരിഫ് സബ്സിഡി നൽകാവുന്നതാണ്. ഓരോ ഫിൽ ഫിനിഷ് യൂണിറ്റിനും ആയത് പ്രതിവർഷം ഒരു കോടി രൂപയുടെയും ഓരോ വാക്സിൻ ഉല്പാദന യൂണിറ്റിനും ആയത് പ്രതിവർഷം 1.25 കോടി രൂപയുടെയും നിജപ്പെടുത്താവുന്നതാണ്. പവർ താരിഫ് സബ്സിഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭ 5 വർഷ കാലയളവിലേയ്ക്ക് ദീർഘിപ്പിക്കാവുന്നതാണ്. പ്രതിവർഷം വ്യവസായങ്ങൾക്ക് ടി സബ്സിഡി തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് പണമടച്ച ബില്ലുകൾ സമർപ്പിക്കുമ്പോൾ, സംസ്ഥാന സർക്കാർ പ്രതിപൂരണം ചെയ്ത് നൽകാവുന്നതാണ്.

(vii) പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷത്തേയ്ക്കുള്ള ബിൽ തുകയിൽ ഒരു കെഎല്ലിന് 10 രൂപ വാട്ടർ ചാർജ് സബ്സിഡി നൽകാവുന്നതാണ്. വാർഷികാടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് പണമടച്ച ബില്ലുകൾ സമർപ്പിക്കുമ്പോൾ, സബ്സിഡി തുക സംസ്ഥാന സർക്കാർ വ്യവസായങ്ങൾക്ക് പ്രതിപൂരണം ചെയ്യാവുന്നതാണ്. വാട്ടർ ചാർജ് സബ്സിഡി മുഴുവൻ പ്രോജക്ടിനും പ്രതിവർഷം പരമാവധി 20 ലക്ഷം രൂപയായും ഒരു യൂണിറ്റിന് പ്രതിവർഷം 5 ലക്ഷം രൂപയായും നിജപ്പെടുത്താവുന്നതാണ്. വാട്ടർ ചാർജ് സബ്സിഡി വാണിജ്യ പ്രവർത്തനത്തിന്റെ പ്രാരംഭ 5 വർഷത്തെ കാലയളവിലേയ്ക്ക് ദീർഘിപ്പിക്കാവുന്നതാണ്.

(viii) കേരളത്തിന് ആവശ്യമായ വാക്സിനുകളോ, ഓപ്പൺ മാർക്കറ്റിൽ നിന്ന് സർക്കാർ വാങ്ങുന്ന വാക്സിനുകളോ ഉത്പാദിപ്പിക്കണമെന്ന ലക്ഷ്യത്തോടെ, വാക്സിൻ ഉത്പാദിപ്പിക്കുന്ന കമ്പനികൾക്ക് സർക്കാരിൽ നിന്നും കൗണ്ടർ ഗ്യാരന്റി/പുരോഗമനപരമായ പർച്ചേസ് ഓർഡറുകൾ/ പർച്ചേസ് ഉടമ്പടികൾ മുഖേന

വാങ്ങുന്നതിന് മുൻഗണന എന്നിവ ഓരോ കേസും പ്രത്യേകം പ്രത്യേകമായി പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.

(ix) വിപണിയിൽ നിർമ്മാണ കമ്പനികൾക്കുണ്ടാകാവുന്ന നേട്ടം നിഷേധിക്കാതിരിക്കുവാൻ, ഉത്പ്പാദിപ്പിക്കേണ്ട വാക്സിൻ, ഉപയോഗിക്കേണ്ട സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യം തുടങ്ങിയവ കമ്പനികൾക്ക് തീരുമാനിക്കാവുന്നതാണ്.

(x) ലൈഫ് സയൻസസ് പാർക്കിൽ പൂർത്തിയാകുന്ന 85,000 ചതുരശ്ര അടി കെട്ടിടം, വാക്സിൻ ഉത്പ്പാദന യൂണിറ്റുകൾ സ്ഥാപിക്കുവാനായി അനുയോജ്യമാണെന്ന് കമ്പനികൾ ഉറപ്പുവരുത്തിയാൽ ടി കെട്ടിടം വാർഷിക ലീസിന് റെന്റ് അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

2. ലൈഫ് സയൻസസ് പാർക്കിലെ വാക്സിൻ വ്യവസായ യൂണിറ്റുകളുടെ അടിസ്ഥാന സൗകര്യങ്ങളും ഇതര ആവശ്യങ്ങളുടേയും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ഫ്ലോട്ട് ചെയ്യേണ്ട പി.എം.യു. ആയിരിക്കും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ. പാർക്കിൽ പ്രവർത്തിക്കുന്ന എല്ലാ കമ്പനികൾക്കുമായി, ഒരു പൊതു മലിനജല ശുദ്ധീകരണ പ്ലാന്റ്, ഒരു സോളാർ പ്ലാന്റ്, ഒരു ജൈവ മാലിന്യ സംസ്കരണ കേന്ദ്രം (ഖര, ദ്രാവകം) എന്നിവ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷന് നിർമ്മിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്. വിതുരയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എജ്യുക്കേഷൻ ആൻഡ് റിസർച്ചിൽ നിലവിലുള്ള അത്യാധുനിക അനിമൽ ഹൗസ് സൗകര്യം വിപുലീകരിക്കാവുന്നതും ആയത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെയും വ്യവസായങ്ങളുടെയും ആവശ്യങ്ങൾക്കായി അനുമതിയോടെ പ്രയോജനപ്പെടുത്താവുന്നതുമാണ്. പൊതു സുരക്ഷാ സംവിധാനങ്ങൾ, സൗജന്യ ഉയർന്ന ബാൻഡ്‌വിഡ്ത്ത് ഇന്റർനെറ്റ് കണക്റ്റിവിറ്റി, (സമർപ്പിത ലീസ്ഡ് ലൈനുകൾ), താമസ സൗകര്യങ്ങൾ, ഗസ്റ്റ് ഹൗസ്, കോൺഫറൻസ് ഹാളുകൾ, ഓഡിറ്റോറിയം, വിനോദ സൗകര്യങ്ങൾ, PPE കിറ്റുകൾ പോലുള്ള സുരക്ഷാ സംവിധാനങ്ങളുടെ തടസ്സ രഹിതമായ വിതരണം എന്നിവ പാർക്കിൽ ഉറപ്പുവരുത്താവുന്നതാണ്. ആങ്കർ വ്യവസായങ്ങളെ തെരഞ്ഞെടുത്തതിനുശേഷം മാത്രമേ ഉൽപ്പാദിപ്പിക്കുന്ന വാക്സിൻ, സാങ്കേതിക വിദ്യ എന്നിവ തീരുമാനിക്കുകയുള്ളൂ.

(ഡി) സംസ്ഥാനത്ത് വാക്സിൻ നയം രൂപീകരിക്കുന്നതിന് ആലോചനയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന ആരോഗ്യ വകുപ്പ് ഒരു വാക്സിൻ നയം രൂപീകരിക്കുന്നതിനും ഡോ. ബി. ഇക്ബാലിന്റെ നേതൃത്വത്തിലുള്ള ഒരു ടീമിനെ വാക്സിൻ നയം വികസിപ്പിക്കുന്നതിനായുള്ള ചുമതല ഏൽപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**മത സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ നടപടി**

19 (*19) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ മതവിഭാഗങ്ങൾ തമ്മിൽ സ്പർദ്ധ വളർന്നുവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

ചില മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നതിനുള്ള എല്ലാ നടപടികളും സർക്കാർ കൈക്കൊണ്ടുവരുന്നുണ്ട്.

(ബി) വിവിധ മത സമൂഹങ്ങൾ തമ്മിലുള്ള സൗഹാർദ്ദം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ കഴിഞ്ഞ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ?

(ബി & സി) വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദ്ദപരമായ അന്തരീക്ഷമാണ് നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നത്. നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. അതോടൊപ്പം മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നതിനുള്ള ക്രിയാത്മകമായ നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) എല്ലാ മത സാമുദായിക വിഭാഗത്തിൽപ്പെട്ട പ്രമുഖരെയും ഉൾപ്പെടുത്തി സർവ്വകക്ഷി യോഗം വിളിക്കാൻ സർക്കാർ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

നിലവിൽ ഇത്തരത്തിൽ ഒരു യോഗം വിളിച്ചുചേർക്കേണ്ട സാഹചര്യമില്ല.

## തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കായുള്ള പദ്ധതി

20 (*20) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. മുകേഷ്:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികളെ സംരക്ഷിക്കുവാൻ എന്തെല്ലാം പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ്മൂലം തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി, "പ്രവാസി ഭദ്രത" എന്ന പേരിൽ ആരംഭിച്ചു. ഇവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭപദ്ധതികൾ ആവിഷ്കരിക്കുന്നതിനായി 2021-22-ലെ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും വിവിധ ധനകാര്യ സ്ഥാപനങ്ങളുടെയും സ്വയംതൊഴിൽ/പുനരധിവാസ പദ്ധതികൾ/ പരിപാടികൾ ഏകോപിപ്പിച്ച് പ്രവാസി കേരളീയർക്ക് ലഭ്യമാക്കുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

1. നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - പേൾ) അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീവഴി പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

2. മൈക്രോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - മൈക്രോ) വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ഇതിലൂടെ ലഭിക്കുന്നത്. അഞ്ചുലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യംതന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡിയും നൽകുന്നതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തുവരികയാണ്.

3. സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - മെഗാ) സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണ് 'പ്രവാസി ഭദ്രത മെഗാ' . പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും അനുവദിക്കും.

ഇതുകൂടാതെ, മടങ്ങിയെത്തിയ പ്രവാസികളെ സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

NDPREM-തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ സഹായം നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പ്രവാസി ഭദ്രത പദ്ധതി കൂടാതെ NDPREM പദ്ധതി വിപുലീകരിച്ചതിന്റെ ഭാഗമായി പദ്ധതി വിഹിതം 2020-21 സാമ്പത്തിക വർഷത്തിലെ 18 കോടി രൂപയിൽനിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ 24.4 കോടി രൂപയായി വർദ്ധിപ്പിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കൃഷി, വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ,

ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ മുഖേനയുള്ള പ്രോജക്ടുകൾക്കും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകിവരുന്നു.

സാന്ത്വന-തിരിച്ചുവരുന്ന പ്രവാസികൾക്കുവേണ്ടി നോർക്ക റൂട്ട്സ് നടപ്പിലാക്കിവരുന്ന സമാശ്വാസ പദ്ധതിയായ സാന്ത്വന പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷത്തിലെ പദ്ധതി അടങ്കൽ തുക 27 കോടി രൂപയിൽനിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപയായി വർദ്ധിപ്പിച്ചു. ഈ പദ്ധതി പ്രകാരം അർഹതാമാനദണ്ഡങ്ങൾക്ക് വിധേയമായി മരണമടഞ്ഞ പ്രവാസികളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപവരെയും ചികിത്സാ ധനസഹായമായി 50,000 രൂപവരെയും പ്രവാസികളുടെ പെൺമക്കളുടെ വിവാഹ ധനസഹായമായി 15,000 രൂപയും അനുവദിച്ചുവരുന്നു. ഇതുകൂടാതെ തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം സുഗമമാക്കുന്നതിനും പുതിയ കുടിയേറ്റ മേഖലകളിലേയ്ക്ക് നയിക്കുന്നതിനുമായി "നോർക്ക സ്കിൽ റിപ്പോസിറ്ററി പദ്ധതി" എന്ന പേരിൽ ഏകജാലക സംവിധാനവും മടങ്ങി വന്നവരുടെ തൊഴിൽ വൈദഗദ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനായി "സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നോഡൽ ഏജൻസി ഏതാണ്; എത്ര പ്രവാസികൾ ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്നും എത്ര തുക ഇതിനകം ഈ പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ നൽകുമോ?

പ്രസ്തുത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന നോഡൽ ഏജൻസി നോർക്ക റൂട്ട്സാണ്. പ്രവാസി ഭദ്രത പദ്ധതിയുടെ കീഴിലുള്ള ഉപപദ്ധതികളായ പ്രവാസി ഭദ്രത-പേൾ, പ്രവാസി ഭദ്രത-മെഗാ എന്നീ പദ്ധതികൾ 2021 ആഗസ്റ്റ് 26-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി ആദ്യഘട്ട തുകയിൽ 15 കോടി രൂപ ഇതിനകംതന്നെ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. തിരിച്ചുവരുന്ന പ്രവാസികളുടെ സമഗ്ര പുനരധിവാസ പദ്ധതിയായ NDPREM-ൽ കോവിഡ് കാലയളവായ 2020-2021 മുതൽ നാളിതുവരെയായി 1030 പ്രവാസികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്. ഇതിനായി 20.72 കോടി രൂപ ചെലവഴിച്ചു. കൂടാതെ തിരിച്ചുവരുന്ന പ്രവാസികൾക്ക് വേണ്ടിയുള്ള സമാശ്വാസ പദ്ധതിയായ സാന്ത്വന പദ്ധതിയിൽ കോവിഡ് കാലയളവായ 2020-2021 മുതൽ നാളിതുവരെയായി 5618 പ്രവാസികൾ ഗുണഭോക്താക്കളായിട്ടുണ്ട്. ഇതിനായി 34.29 കോടി രൂപ ചെലവഴിച്ചു.

(സി) കോവിഡ് പ്രതിസന്ധിയിലായ പ്രവാസികളെ സംരക്ഷിക്കുവാൻ കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഇല്ല.

**സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി**

21 (*21) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ പശ്ചാത്തലത്തിൽ ഇവ തടയുന്നതിനായി പോലീസിൽ സാങ്കേതികവിദ്യാധിഷ്ഠിതമായി സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും റിപ്പോർട്ട് ചെയ്യുന്ന കുറ്റകൃത്യങ്ങളിലെ കുറ്റവാളികളെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനുമായി കേന്ദ്ര സർക്കാർ സ്ഥാപനമായ C-DAC മുഖേന പോലീസ് ഉദ്യോഗസ്ഥർക്ക് Cyber Crime Investigation and Cyber Forensic-ൽ വിദഗ്ധ പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കിയ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് കണ്ണൂർ റൂറൽ ഒഴികെ സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പോലീസ് സ്റ്റേഷനുകളിൽ റിപ്പോർട്ടാകുന്ന Information Technology Act പ്രകാരമുള്ള കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിന് സഹായിക്കുന്നതിന് ഓരോ പോലീസ് സ്റ്റേഷനുകളിലും പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ സൈബർ ഡോമുകൾ പോലീസ് ആസ്ഥാനത്തെ Hi-Tech Crime Enquiry Cell എന്നിവ മുഖേന കേസുകളുടെ അന്വേഷണത്തിന് ആവശ്യമായ സൈബർ വിദ്യയിലധിഷ്ഠിതമായ സഹായങ്ങൾ നൽകിവരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, തിരുവനന്തപുരത്ത് Cyber Security Centre സ്ഥാപിക്കുന്നതിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി 22-6-2021-ലെ സ.ഉ.(സാധാ) നം. 1733/2021/ആഭ്യന്തരം പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ 15 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് സൈബർ ഡോമുകളിലെയും സൈബർ കുറ്റാന്വേഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് 450 ലക്ഷം രൂപയും

വകയിരുത്തിയിട്ടുണ്ട്. ‘ Assistance to States for Modernisation of Police’ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ, 2021-22 വർഷത്തെ State Action Plan-ൽ ‘ Improving Cyber Crime Investigation Infrastructure' -നായി 100 ലക്ഷം രൂപയും ‘ State Social Media Analysis Lab’ സ്ഥാപിക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപയും വകയിരുത്തി അനുമതി നൽകിയിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും സൈബർ കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സൈബർ ക്രൈം ഇൻവെസ്റ്റിഗേഷൻ ഡിവിഷന് പകരം “ സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് ഡിവിഷൻ” സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഉയർന്ന നിലവാരത്തിലുള്ള സൈബർ കേസുകൾ അന്വേഷിക്കുന്നതിനും സൈബർ സുരക്ഷ/സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ മേഖലകളിലെ ഗവേഷണത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും സൈബർ പട്രോളിംഗിന് പ്രചോദനം നൽകുന്നതിനുമായി ഒരു സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് ഡിവിഷൻ, സൈബർ ഓപ്പറേഷൻസ് വിംഗ് എന്നിവ രൂപീകരിക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സൈബർ കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മികച്ച സാങ്കേതിക സഹായം നൽകുന്നതിനായി സൈബർ ഓപ്പറേഷൻസ് ആൻഡ് സെക്യൂരിറ്റി ഡിവിഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

പോലീസ് സബ് ഡിവിഷൻതലത്തിലെ സൈബർ സഹായത്തിനും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്ന എല്ലാ പോലീസ് സ്റ്റേഷനുകളിലും ശക്തമായ സൈബർ സഹായം ഉറപ്പാക്കുന്നതിനുമായി ഒരു സൈബർ ഓപ്പറേഷൻസ് വിംഗ് രൂപീകരിക്കുന്നതിനായുള്ള കാര്യങ്ങൾ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) ഡാർക്ക് നെറ്റ് വഴി ഡ്രഗ്സ് വിൽപ്പനയും ഭീകരവാദ പ്രവർത്തനങ്ങളും ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പോലീസിന്റെ ഇടപെടൽ ശക്തമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡാർക്ക് വെബിൽ ശക്തവും ഫലപ്രദവുമായ രീതിയിൽ പോലീസ് ഇടപെടൽ നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തി കുറ്റക്കാർക്കെതിരെ

ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനായി ആപ്ലിക്കേഷൻ നിർമ്മിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള പോലീസ് സൈബർ ഡോം ഓൺലൈൻ ഹാക്കത്തോൺ നടത്തുകയുണ്ടായി. HackP 2021 എന്ന ഓൺലൈൻ ഹാക്കത്തോണിലൂടെ ഡെവലപ് ചെയ്ത സോഫ്റ്റ്‌വെയർ Grapnel 1.0 വഴി ഡാർക്ക് വെബിലൂടെ നടക്കുന്ന കുറ്റകൃത്യങ്ങളായ ചൈൽഡ് പോണോഗ്രാഫി, മയക്കുമരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ, റാൻസം വെയർ സർവീസ്, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവ നിരീക്ഷിക്കുവാനും വിശകലനം ചെയ്യുവാനും സാധിക്കും. ഇന്ത്യയിൽ ആദ്യമായി കേരള പോലീസാണ് ഡാർക്ക് വെബിലെ നിഗൂഢതകൾ നീക്കുന്നതിനും ഡാർക്ക് വെബിലെ ക്രൈമുകൾ അനലൈസ് ചെയ്യുന്നതിനും ഡാർക്ക് വെബിലെ പോലീസിംഗിന് ആവശ്യമായ ഇത്തരത്തിലുള്ള ഒരു സോഫ്റ്റ്‌വെയർ നിർമ്മിച്ചത്. ഡാർക്ക് നെറ്റിലെ ക്രൈമുകൾ കണ്ടെത്തുന്നതിനും ഡാർക്ക് നെറ്റിലെ ഫലപ്രദമായ പോലീസിംഗിനുംവേണ്ടി അഡ്വാൻസ് ഡാർക്ക് നെറ്റ് സെർച്ച് എൻജിൻ, ഇന്റലിജന്റ് ഡാർക്ക് നെറ്റ് മോണിറ്ററിംഗ്, ഡിസെക്ടിംഗ് ഡാർക് വെബ് എന്നീ സവിശേഷതകൾ ലഭ്യമാക്കിക്കൊണ്ടുള്ള ഒരു ഡാർക്ക് നെറ്റ് പോലീസിംഗ് ആപ്ലിക്കേഷനാണ് Grapnel 1.0.

**ഇ-റേഷൻ കാർഡ് പദ്ധതി**

22 (*22) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലെ പുസ്തക രൂപത്തിലുള്ള റേഷൻ കാർഡിനുപകരം ഇ-റേഷൻ കാർഡ് പദ്ധതി പ്രയോഗത്തിൽ വരുന്നതോടെ എന്തെല്ലാം സൗകര്യങ്ങളാണ് റേഷൻ ഉപഭോക്താക്കൾക്ക് ലഭ്യമാകുകയെന്നും ഇ-കാർഡിന് അപേക്ഷ നൽകേണ്ട രീതിയും വിശദമാക്കാമോ;

(ബി) മുൻഗണന, മുൻഗണനേതര വിഭാഗങ്ങളെ തിരിച്ചറിയാൻ ഇ-റേഷൻ കാർഡ് പദ്ധതിയിൽ സംവിധാനമുണ്ടാകുമോ; ഇ-റേഷൻ കാർഡ് പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

(എ&ബി) നിലവിലുള്ള റേഷൻ കാർഡിന്റെ രൂപത്തിലും കാർഡ് വിതരണ സമ്പ്രദായത്തിലും സമൂലമായ മാറ്റംകൊണ്ടുവന്ന ഇ-റേഷൻ കാർഡ് പദ്ധതി

സംസ്ഥാനത്ത് 3-5-2021 മുതൽ സമ്പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്. ഉപഭോക്താവ് അക്ഷയ കേന്ദ്രം/ Citizen login വഴി നൽകുന്ന അപേക്ഷ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ Approve ചെയ്യുന്നതിനെ തുടർന്ന് Citizen login-ലൂടെയോ അല്ലെങ്കിൽ ഏതെങ്കിലും അക്ഷയ കേന്ദ്രം മുഖേനയോ തന്നെ ആ കാർഡിന്റെ PDF Document download ചെയ്യുന്നതിനും printout എടുക്കുന്നതിനും ഇ-റേഷൻ കാർഡ് സംവിധാനത്തിലൂടെ സാധിക്കുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പുതിയ കാർഡ് പുസ്തകരൂപത്തിലുള്ളതിന് പകരം കാർഡ് രൂപത്തിലുള്ളതും എല്ലാ വിവരങ്ങളും മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തിയിട്ടുള്ളതുമായിരിക്കും. ഈ പദ്ധതി നടപ്പിൽ വന്നതോടെ, കോവിഡ് വ്യാപന പശ്ചാത്തലത്തിൽ പൊതുജനത്തിന് റേഷൻ കാർഡ് സംബന്ധമായ ആവശ്യങ്ങൾക്ക് താലൂക്ക് സപ്ലൈ ഓഫീസുകളിലെത്തേണ്ട സാഹചര്യം ഒഴിവാക്കി, വീട്ടിലിരുന്ന് തന്നെ അപേക്ഷ നൽകി, കാർഡ് കൈപ്പറ്റുന്നതിനുള്ള സാഹചര്യം സംജാതമായിട്ടുണ്ട്. റേഷൻകട വഴിയുള്ള ഭക്ഷ്യധാന്യങ്ങളുടെ വിതരണം Online ആയതിനാൽ റേഷൻ കടയിൽനിന്നും വാങ്ങുന്ന സാധനങ്ങളുടെ വിവരം കാർഡിൽ പതിക്കേണ്ടതായി വരുന്നില്ല. എല്ലാ വിഭാഗം ഇ-കാർഡുകളും ഒരേ നിറത്തിലുള്ളതായിരിക്കും. എന്നാൽ ഇ-കാർഡ് Print-ൽ അതാത് കാർഡ് വിഭാഗം രേഖപ്പെടുത്തിയിരിക്കുന്നതിന് സമീപത്തായി tick mark രേഖപ്പെടുത്തിയ ഒരു ചതുരകളം അതാത് വിഭാഗം സംബന്ധിച്ചുള്ള നിറത്തിലുണ്ട്. (AAY- മഞ്ഞ, PHH – പിങ്ക്, NPS – നീല, NPNS – വെള്ള, NPI – ബ്രൗൺ) അപേക്ഷ നൽകുമ്പോൾ പേര്, വീട്ടുപേര്, വില്ലേജ്, തദ്ദേശസ്വയംഭരണ സ്ഥാപനം, സ്ഥലം മുതലായവയെല്ലാം ഇംഗ്ലീഷിലും മലയാളത്തിലും enter ചെയ്യുന്നതിനുള്ള സംവിധാനം E-Card Module-ൽ ഉണ്ട്. തുടർന്ന് ആവശ്യമായ സർട്ടിഫിക്കറ്റുകൾ upload ചെയ്യേണ്ടതും Submit button ക്ലിക്ക് ചെയ്യേണ്ടതും Submitted Application Printout എടുത്ത് അപേക്ഷകൻ ഒപ്പിട്ട് Scan ചെയ്ത് Upload ചെയ്യേണ്ടതുമാണ്. അതിനുശേഷം Module-ലുള്ള Online Payment സംവിധാനത്തിലൂടെ E-Treasury മുഖേന 50 രൂപ Service Charge ഒടുക്കേണ്ടതാണ്. Final Submit ചെയ്യപ്പെട്ട അപേക്ഷകളാണ് താലൂക്ക് സപ്ലൈ ഓഫീസ് ലോഗിനിൽ process ചെയ്യുന്നതിനായി ലഭിക്കുക. അപൂർണ്ണമായ അപേക്ഷ Return ചെയ്യുന്നതിന് താലൂക്ക് സപ്ലൈ ഓഫീസർക്ക് സാധിക്കുന്നതാണ്. അപേക്ഷകന് അത് ആവശ്യമായ തിരുത്തലുകൾ വരുത്തി വീണ്ടും പണമടയ്ക്കാതെതന്നെ ടി അപേക്ഷ Re-submit ചെയ്യുന്നതിനുള്ള സൗകര്യവും നിലവിലുണ്ട്. താലൂക്ക് സപ്ലൈ ഓഫീസർ അപേക്ഷ Approve ചെയ്തുകഴിഞ്ഞാൽ കാർഡുമായി ലിങ്ക് ചെയ്തിട്ടുള്ള Mobile Number-ൽ ഒരു Secret Password ലഭിക്കുന്നതാണ്. തുടർന്ന് അക്ഷയ/Citizen login-ൽ PDF രൂപത്തിൽ ലഭിക്കുന്ന റേഷൻ കാർഡ് ടി Secret Password ഉപയോഗിച്ച് അപേക്ഷകന് Open ചെയ്യാവുന്നതും print എടുക്കാവുന്നതുമാണ്. പുസ്തകരൂപത്തിലുള്ള കാർഡ്

ഉപയോഗിക്കുന്നതുപോലെ തന്നെ എല്ലാ ആവശ്യങ്ങൾക്കും ഇ-കാർഡ് ഉപയോഗിക്കാവുന്നതാണ്. ഇ-റേഷൻ കാർഡ് പദ്ധതി സമ്പൂർണ്ണമായി നടപ്പാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടില്ല.

**പ്രവാസി ക്ഷേമ പദ്ധതികൾ**

23 (*23) ഡോ. കെ. ടി. ജലീൽ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് ജോലി നഷ്ടപ്പെട്ട് തിരികെയെത്തിയ പ്രവാസികളെ സംരക്ഷിക്കുന്നതിന് ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി സർക്കാർ ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സംരംഭകത്വ സഹായ പദ്ധതികളുടെ ഭാഗമായി ആരംഭിക്കുന്ന പ്രവാസി ഭദ്രത പേൾ, പ്രവാസി ഭദ്രത മെഗാ എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ; പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിലൂടെ തൊഴിൽ രഹിത പ്രവാസി മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോവിഡ്മൂലം തൊഴിൽ നഷ്ടപെട്ട് മടങ്ങിയെത്തിയ പ്രവാസികൾക്കായി നോർക്ക പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതി, 'പ്രവാസി ഭദ്രത' എന്ന പേരിൽ ആരംഭിച്ചു. ഇവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭപദ്ധതികൾ ആവിഷ്കരിക്കുന്നതിലേയ്ക്കുമായി 2021-22-ലെ ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിരുന്നു. വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയുടെയും വിവിധ ധനകാര്യ സ്ഥാപനങ്ങളുടെയും സ്വയം തൊഴിൽ/പുനരധിവാസ പദ്ധതികൾ/പരിപാടികൾ എന്നിവ ഏകോപിപ്പിച്ച് പ്രവാസി കേരളീയർക്ക് ലഭ്യമാക്കുവാൻ ഈ പദ്ധതി വിഭാവനം ചെയ്യുന്നു. താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

1. നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - പേൾ) അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക

സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് നൽകുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

2. സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത-മെഗാ) സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണ് 'പ്രവാസി ഭദ്രത മെഗാ' . പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ അനുവദിക്കും.

ഇതുകൂടാതെ, മടങ്ങിയെത്തിയ പ്രവാസികളെ സംരക്ഷിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്.

NDPREM-തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ സഹായം നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പ്രവാസി ഭദ്രത പദ്ധതി കൂടാതെ NDPREM പദ്ധതി വിപുലീകരിച്ചതിന്റെ ഭാഗമായി പദ്ധതിവിഹിതം 2020-21 സാമ്പത്തിക വർഷത്തിലെ 18 കോടി രൂപയിൽനിന്ന് 2021-22 സാമ്പത്തിക വർഷത്തിൽ 24.4 കോടി രൂപയായി വർദ്ധിപ്പിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന നൽകുക. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കൃഷി, വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ മുഖേനയുള്ള പ്രോജക്റ്റ്സിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകി വരുന്നു. ഇതുകൂടാതെ തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസം സുഗമമാക്കുന്നതിനും പുതിയ കുടിയേറ്റ മേഖലകളിലേയ്ക്ക് നയിക്കുന്നതിനുമായി "നോർക്ക സ്കിൽ റിപ്പോസിറ്ററി പദ്ധതി" എന്ന പേരിൽ ഏകജാലക സംവിധാനവും മടങ്ങിവന്നവരുടെ തൊഴിൽ

വൈദഗ്ദ്ധ്യം ഇന്ത്യയ്ക്കകത്തും വിദേശത്തുമുള്ള തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിനായി "സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം" എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പ്രവാസി ഭദ്രത-പേൾ, പ്രവാസി ഭദ്രത-മെഗാ എന്നീ പദ്ധതികൾ 2021 ആഗസ്റ്റ് 26-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി ആദ്യഘട്ട തുകയിൽ 15 കോടി രൂപ ഇതിനകംതന്നെ കുടുംബശ്രീ മിഷന് കൈമാറിയിട്ടുണ്ട്. തിരിച്ചുവരുന്ന പ്രവാസികളുടെ സമഗ്ര പുനരധിവാസ പദ്ധതിയായ NDPREM-ൽ കോവിഡ് കാലയളവായ 2020-2021 മുതൽ നാളിതുവരെയായി 1030 പ്രവാസികൾ ഗുണഭോക്താക്കളായിട്ടുണ്ട്. മടങ്ങിവന്ന് നാട്ടിൽ തൊഴിൽ തേടുന്നവരെ ലക്ഷ്യമിട്ടുള്ള പ്രവാസി ഭദ്രത, NDPREM എന്നീ പദ്ധതികളിലൂടെ സമഗ്രമായ പുനരധിവാസ സാധ്യതയാണ് സർക്കാർ ലക്ഷ്യമിടുന്നത്. വിദേശങ്ങളിലേയ്ക്ക് മടങ്ങിപ്പോകാൻ ആഗ്രഹിക്കുന്നവർക്ക് നൈപുണ്യ വികസനത്തിനുള്ള (Upskilling) പദ്ധതി അങ്ങേയറ്റം പ്രയോജനപ്രദമാണ്. ഇവ വഴി കോവിഡ് മഹാമാരിയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ ജീവിതമാർഗ്ഗം തുറക്കാൻ കഴിയും.

**ശബരിമല വിമാനത്താവള പദ്ധതി**

24 (*24) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവള പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ആരെയാണ് സാധ്യതാ പഠനത്തിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ&ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയും സാധ്യതാപഠനം നടത്തുന്നതിനും സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയും ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ശബരിമല വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ലൂയിസ് ബർഗർ

കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത കൺസൾട്ടന്റ് സമർപ്പിച്ച പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റിപ്പോർട്ട് കേന്ദ്ര വ്യോമയാന ഡയറക്ടറേറ്റിന് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ തുടർ പ്രവർത്തനം വിശദമാക്കാമോ?

ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള ആവശ്യമായ വിശദീകരണം കെ.എസ്.ഐ.ഡി.സി. സമർപ്പിക്കുന്ന മുറയ്ക്ക് സർക്കാർതലത്തിൽ വിശദമായ അവലോകനം നടത്തി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

(ഡി) എരുമേലി ചെറുവള്ളി എസ്റ്റേറ്റിൽ വിമാനത്താവളം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

വിവിധ മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സർക്കാർ നിയമിച്ച കമ്മിറ്റി നിർദ്ദേശിച്ച പ്രദേശങ്ങളിൽ ഏറ്റവും അനുയോജ്യമെന്ന് കണ്ടെത്തിയ ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന മലയാളം പ്ലാന്റേഷനെയാണ് വിമാനത്താവളം സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്തത്. നിർദ്ദിഷ്ട വിമാനത്താവളത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്മാർട്ട് റേഷൻ കാർഡുകൾ

25 (*25) <u>ശ്രീ. സി. സി. മുകുന്ദൻ</u>:
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>:
<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>:
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ)സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡുകളുടെ ദുരുപയോഗം ഒഴിവാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈപ്പറ്റി ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് എന്നീ വകുപ്പുകളുടെ ഡാറ്റായുമായി ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്. ഇവരിൽനിന്നും പിഴ ഈടാക്കിവരുന്നു. മരണപ്പെട്ടവരുടെ

വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. കൂടാതെ ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻ കാർഡുകൾ പരിശോധനയ്ക്ക് വിധേയമാക്കിയും നാലുചക്ര വാഹനമുള്ളവരെ (ഉപജീവന മാർഗ്ഗത്തിന് ടാക്സിയായി വാഹനം ഉപയോഗിക്കുന്നവർ ഒഴികെ) കണ്ടെത്തിയും അനർഹരെ ഒഴിവാക്കുന്ന നടപടികൾ തുടർന്ന് വരുന്നുണ്ട്. സർക്കാർ ജീവനം, 25000 രൂപയ്ക്ക് മേൽ വരുമാനം ലഭിക്കുന്നവർ, ആദായ നികുതി ഒടുക്കുന്നവർ, ഒരേക്കറിൽ അധികം ഭൂമിയുള്ളവർ (പട്ടിക വർഗ്ഗക്കാർ ഒഴികെ), തുടർച്ചയായി 3 മാസം റേഷൻ സാധനങ്ങളോ സൗജന്യ ഭക്ഷ്യ കിറ്റോ വാങ്ങാത്ത കുടുംബങ്ങൾ എന്നിവർ മുൻഗണനാ കാർഡ് കൈവശം വച്ചിട്ടുള്ളതായി കണ്ടെത്തുന്നപക്ഷം അനർഹരാണെന്ന് ബോദ്ധ്യപ്പെടുന്നവരെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിവരുന്നു. ഇതിനുപുറമേ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവർക്ക് പിഴ കൂടാതെ അവ സ്വമേധയാ സറണ്ടർ ചെയ്യുന്നതിനുള്ള അവസരം നൽകിയിരുന്നു. അതിലൂടെ അനർഹമായ 11587 എ.എ.വൈ. കാർഡുകളും 74626 പി.എച്ച്.എച്ച്. കാർഡുകളും 55974 എൻ.പി.എസ്. കാർഡുകളും പൊതു വിഭാഗത്തിലേയ്ക്ക് മാറ്റി. അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നമുറയ്ക്ക് അർഹരെ ഉൾപ്പെടുത്തുന്ന നടപടി പുരോഗമിച്ചുവരുന്നു. പരിശോധനയിൽ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നതായി കണ്ടെത്തുന്നവർക്കെതിരെ KTPDS (Control) Order, 2021-ലെ ഖണ്ഡിക 11 പ്രകാരം താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

1. നിയമത്തിലെ സെക്ഷൻ 9 പ്രകാരമുള്ള ക്രിമിനൽ നടപടികൾ.
2. കേന്ദ്ര അല്ലെങ്കിൽ സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ മേഖല, സർക്കാർ സഹായത്തോടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരാണെങ്കിൽ അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ
3. റേഷൻ കാർഡ് റദ്ദാക്കൽ
4. കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച നിരക്കിൽ (ഇക്കണോമിക്/ കമ്പോള നിരക്ക്) സർക്കാരിനുണ്ടായ നഷ്ടം വീണ്ടെടുക്കൽ. കൂടാതെ അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് സർക്കാരിനെ അറിയിക്കുന്നതിനായി 9495998223 എന്ന ഫോൺ നമ്പർ പരസ്യപ്പെടുത്തിയിട്ടുണ്ട്. പരാതി നൽകുന്നവരുടെ വിവരം രഹസ്യമായി സൂക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) റേഷൻ കാർഡിലെ പേര് നീക്കംചെയ്യൽ ഉൾപ്പെടെ റേഷൻ കാർഡ് സംബന്ധിച്ച നടപടിക്രമങ്ങൾ ലളിതമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പുതിയ കാർഡിനായോ തിരുത്തലുകൾക്കായോ ഉള്ള അപേക്ഷകൾ പൊതുവിതരണ വകുപ്പിന്റെ www.civilsupplieskerala.gov.in എന്ന വെബ്സൈറ്റിലെ സിറ്റിസൺ ലോഗിൻ എന്ന പോർട്ടൽ വഴി അപേക്ഷകന് സ്വന്തമായോ, അക്ഷയ കേന്ദ്രം വഴിയോ online ആയി സമർപ്പിക്കാവുന്നതാണ്. വാടകയ്ക്ക് താമസിക്കുന്നതും എന്നാൽ വാടക ചീട്ട് ഹാജരാക്കുവാൻ നിർവ്വാഹമില്ലാത്തതുമായ ആളുകൾ, തെരുവോരത്ത് ജീവിക്കുന്നവർ എന്നിവരുടെ ആധാർ കാർഡ് പരിശോധിച്ച് മറ്റൊരു കാർഡിലും ഉൾപ്പെട്ടിട്ടില്ലാത്തപക്ഷം റേഷൻ കാർഡ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പുസ്തക രൂപത്തിലുള്ള റേഷൻ കാർഡിന് പകരം സ്മാർട്ട് റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സ്മാർട്ട് റേഷൻ കാർഡുകൾ മുൻഗണന വിഭാഗത്തിൽപ്പെട്ടവർക്ക് സൗജന്യമായി നല്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) സ്മാർട്ട് റേഷൻ കാർഡിന്റെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(സി-ഇ) പുസ്തക രൂപത്തിലുള്ള റേഷൻകാർഡുകൾക്കുപകരം ഇ-റേഷൻ കാർഡുകളാണ് 3-5-2021 മുതൽ അക്ഷയ കേന്ദ്രം മുഖേന വിതരണം നടത്തി വരുന്നത്. ഇ-റേഷൻകാർഡുകൾ പരിഷ്കരിച്ച് ക്യൂ.ആർ. കോഡ്, ബാർ കോഡ് എന്നിവയുള്ള ATM Card-ന്റെ വലിപ്പത്തിലുള്ള സ്മാർട്ട് റേഷൻ കാർഡ് വിതരണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഉടമയുടെ പേര്, ഫോട്ടോ, വിലാസം തുടങ്ങിയ വിവരങ്ങൾ മുൻവശത്തും പ്രതിമാസ വരുമാനം, റേഷൻ കട നമ്പർ, വീട് വൈദ്യുതീകരിച്ചതാണോ, ഗ്യാസ് കണക്ഷനുണ്ടോ തുടങ്ങിയ വിവരങ്ങൾ മറുവശത്തുമുണ്ടാകും. 25 രൂപ ഫീസ് ഈടാക്കി വിതരണം ചെയ്യാനുദ്ദേശിക്കുന്ന സ്മാർട്ട് കാർഡുകൾ മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി നൽകുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കും. തിരിച്ചറിയൽ കാർഡായും ഉപയോഗിക്കാവുന്ന ഈ സ്മാർട്ട് കാർഡുകൾ കയ്യിൽ കരുതുന്നതിനും കൂടുതൽ സൗകര്യപ്രദമായിരിക്കും.

## തീവ്രവാദ വഴിയിലേയ്ക്ക് ചിന്തിപ്പിക്കാനുള്ള ശ്രമം സംബന്ധിച്ച അന്വേഷണം

26 (*26) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ കേന്ദ്രീകരിച്ച് യുവതികളെ തീവ്രവാദത്തിന്റെ വഴിയിലേയ്ക്ക് ചിന്തിപ്പിക്കാൻ ശ്രമം നടക്കുന്നതായി ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ രാഷ്ട്രീയ പ്രമേയത്തിൽ പരാമർശിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രൊഫഷണൽ കോളേജുകൾ കേന്ദ്രീകരിച്ച് യുവതികളെ തീവ്രവാദത്തിന്റെ വഴിയിലേയ്ക്ക് ചിന്തിപ്പിക്കാൻ ശ്രമം നടക്കുന്നതായി സർക്കാർ ഏതെങ്കിലും അന്വേഷണത്തിലൂടെ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് പ്രൊഫഷണൽ കോളേജുകൾ കേന്ദ്രീകരിച്ച് എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ-സി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മാലിന്യസംസ്കരണം

27 (*27) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ)സദയം മറുപടി നൽകുമോ:

(എ) ജീവിതനിലവാരത്തിലും ജീവിതരീതിയിലും നഗരവൽക്കരണത്തിലും സംസ്ഥാനം കൈവരിച്ച നേട്ടം പ്രതിഫലിപ്പിക്കുന്ന വിധത്തിൽ സംസ്ഥാനം മാലിന്യമുക്തമാകേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് അതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പരിപാടിയുടെ വിശദാംശം ലഭ്യമാക്കാമോ?

ജീവിത നിലവാരത്തിലും ജീവിതരീതിയിലും നഗരവൽക്കരണത്തിലും സംസ്ഥാനം കൈവരിച്ച നേട്ടം പ്രതിഫലിപ്പിക്കുന്ന വിധത്തിൽ സംസ്ഥാനം

മാലിന്യമുക്തമാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ അനുബന്ധം 1-ആയി ചേർക്കുന്നു*.

(ബി) ഗാർഹിക, സാമൂഹികതല ഉറവിട ജൈവമാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈവരിക്കാനായ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജൈവ അജൈവ മാലിന്യ സംസ്കരണം സംബന്ധിച്ച അവസ്ഥ 2021 ഏപ്രിൽ മാസം വിശദമായി ജില്ലതിരിച്ച് വിലയിരുത്തിയിട്ടുണ്ട്. ജില്ലാതല വിലയിരുത്തൽ റിപ്പോർട്ടുകൾ സംസ്ഥാനതലത്തിൽ പരിശോധിക്കുകയും ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളിലും മാലിന്യസംസ്കരണ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ വിവിധ ഘടകങ്ങളിൽ നേടിയ നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഹരിത കേരള മിഷനുമായി ചേർന്ന് ശുചിത്വ പദവി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും 71 നഗരസഭകളും 3 കോർപ്പറേഷനുകളും 718 ഗ്രാമപഞ്ചായത്തുകളും ശുചിത്വ പദവി നേടുകയും ചെയ്തു. മറ്റുള്ള തദ്ദേശഭരണ സ്ഥാനപങ്ങൾ ശുചിത്വ പദവി നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. 986 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 3038 ഹരിതകർമ്മ സേനാ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 30,000-ത്തോളം ഹരിതകർമ്മ സേനാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ സാങ്കേതികമായി സഹായിക്കുന്നതിനായി 31 ഹരിതസഹായ സ്ഥാപനങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. 3810 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലൂടെ 7,66,252 കിലോഗ്രാം ജൈവമാലിന്യം പ്രതിദിനം സംസ്ഥാനത്ത് സംസ്കരിക്കപ്പെടുന്നുണ്ട്. ഗാർഹികതലത്തിൽ 11,81,254 എണ്ണം കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന 31,968 എണ്ണവും അയ്യങ്കാളി പദ്ധതി മുഖേന 35,254 ഉം കമ്പോസ്റ്റ് പിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) സെപ്റ്റേജ് മാലിന്യസംസ്കരണത്തിന് നഗരസഭകൾ ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ജലാശയങ്ങളിലും നദികളിലും സെപ്റ്റേജ് തള്ളുന്നത് അവസാനിപ്പിക്കാൻ കർശന നടപടിയെടുത്തിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവിഷ്കരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ ദ്രവമാലിന്യസംസ്കരണം ഫലപ്രദമാക്കുന്നതിനായി Liquid Waste Management Policy രൂപീകരണം അന്തിമഘട്ടത്തിലാണ്. സ്വീവേജ് സെപ്റ്റേജ് മാലിന്യ സംസ്കരണം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സ്വീകരിച്ചുവരുന്ന നടപടികളും സംബന്ധിച്ച വിവരം അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*. ജലാശയങ്ങളിൽ മാലിന്യം കളയുന്നത് തടയാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും Liquid Waste Management Action Plan-കൾ തയ്യാറാക്കിവരുന്നു. ടോയ്‌ലറ്റുകളുടെ/സെപ്റ്റിക് ടാങ്കുകളുടെ പുനർനിർമ്മാണം, അനധികൃത ഡ്രെയിനുകളുടെ മാപ്പിംഗും അടയ്ക്കലും ജലാശയങ്ങൾക്ക് സമീപമുള്ള മാലിന്യ കൂമ്പാരം നീക്കംചെയ്യൽ, FSTPs/STPs സജ്ജമാക്കൽ എന്നീ പ്രവർത്തനങ്ങൾ സമയപരിധി നിശ്ചയിച്ച് ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് 340(ബി) പ്രകാരം 340(എ) വകുപ്പ് പ്രകാരമുള്ള ഒരു കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശത്തോടെയോ ഒരുക്കത്തോടെയോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതു നിരത്തിലൂടെയോ കടത്തിക്കൊണ്ടു പോകുകയോ നിക്ഷേപിക്കുകയോ ചെയ്താൽ നിയമ വ്യവസ്ഥകൾ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സിൽവർലൈൻ റെയിൽപാത**

28 (*28) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ കോർപ്പറേഷൻവഴി നടപ്പിലാക്കാനുദ്ദേശിക്കുന്ന തിരുവനന്തപുരം-കാസർഗോഡ് അർദ്ധ അതിവേഗ റെയിൽപാതയുടെ വിശദമായ പദ്ധതിരേഖയും സാദ്ധ്യതാ പഠന റിപ്പോർട്ടും അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സാദ്ധ്യതാ പഠന റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ ബോർഡിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര റെയിൽ മന്ത്രാലയത്തിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും കേരള സർക്കാർ ടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന്റെയും കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പാതയ്ക്കായി പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സിൽവർ ലൈൻ പാതയ്ക്കായുള്ള പരിസ്ഥിതി ആഘാത പഠനം കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഒരു ദ്രുത പരിസ്ഥിതി ആഘാത പഠനം സെന്റർ ഫോർ എൻവയോൺമെന്റ് ആൻഡ് ഡെവലപ്മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനം മുഖേന നടത്തിയിരുന്നു. ഇതിന്റെ റിപ്പോർട്ട് കെ-റെയിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കൂടാതെ ഒരു സമഗ്ര പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ പരിസ്ഥിതി ആഘാത പഠനത്തിനായി നിയോഗിച്ചിരിക്കുന്ന കമ്പനി ഏതെല്ലാം മേഖലകളിലാണ് പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; കരാറിൽ ഇക്കാര്യം ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ പരിസ്ഥിതി ആഘാത പഠനത്തിനായി നിയോഗിച്ചിരിക്കുന്ന കമ്പനി പ്രസ്തുത പഠനത്തിന്റെ ഭാഗമായിത്തന്നെ ഫീൽഡ് വർക്ക്, സമഗ്ര പരിസ്ഥിതി ആഘാത വിലയിരുത്തൽ റിപ്പോർട്ട്, എൻവയോൺമെന്റ് മാനേജ്മെന്റ് പ്ലാൻ, വിശദ സാമൂഹിക ആഘാത പഠനം, പുനരധിവാസ പഠനം ഇൻഡിജീനസ് പീപ്പിൾ പ്ലാൻ എന്നീ മേഖലകളിലാണ് പഠനം നടത്തുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇക്കാര്യം കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ പദ്ധതിമൂലം അടിസ്ഥാന വികസന മേഖലയിൽ ഉണ്ടാകാനിടയുള്ള നഷ്ടങ്ങളും ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങളും വിലയിരുത്തിയിട്ടുണ്ടോ?

കേരളത്തിന്റെ അടിസ്ഥാന വികസന മേഖലയിൽ വൻ കുതിപ്പുണ്ടാക്കുന്ന പദ്ധതിയാണ് സിൽവർ ലൈൻ. വിശദമായ സാമൂഹിക ആഘാത പഠനം, കൃത്യമായ ഭൂമി അളന്നുതിട്ടപ്പെടുത്തുക എന്നിങ്ങനെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹിക ആഘാത പഠനം നടത്തുന്നതാണ്. 63,941 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്ന ഈ

പദ്ധതിക്ക് 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ ആവശ്യമായിവരുക. ഇതിൽ 1198 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. സ്ഥലം ഏറ്റെടുക്കുന്നതിന് 13362.32 കോടി രൂപ ആവശ്യമായി വരും. നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങളെയും പാടങ്ങളെയും കാവുകളെയും ബാധിക്കാത്ത രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീടുകൾ ഉൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഏറ്റവും സാങ്കേതിമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകികൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് ഈ പദ്ധതിക്കുള്ള അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. ഒരു ഹെക്ടറിന് ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കിയിരിക്കുന്നു. ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ കൂടിയാണ് പാതയുടെ കൂടുതൽ ഭാഗവും കടന്നുപോകുന്നത്. പദ്ധതിക്കായുള്ള പാരിസ്ഥിതിക-സാമൂഹിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി ഈ പ്രദേശങ്ങളിൽ ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിൽ 115 കിലോമീറ്റർ പാടശേഖരങ്ങളിലെ 88 കിലോമീറ്റർ ആകാശപാതയിലൂടെയുമാണ് കടന്നുപോകുന്നത്. ജലാശയങ്ങളും തണ്ണീർതടങ്ങളും മറ്റും സംരക്ഷിക്കുന്നതിനുവേണ്ടിയിട്ടുള്ള പാലങ്ങളും കൽവർട്ടുകളും ഇതിനായി നിർമ്മിക്കുന്നതായിരിക്കും. അതുപോലെതന്നെ നിർമ്മാണ ഘട്ടത്തിൽ പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളായിരിക്കും പദ്ധതിക്കായി നടപ്പിലാക്കുക. പദ്ധതി സംബന്ധിച്ച് ജനങ്ങൾക്കുണ്ടാകുന്ന ആശങ്കകളും പ്രശ്നങ്ങളും ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കും. ആർ.എഫ്. സി.റ്റി.എൽ, എ.ആർ.ആർ. അനുസരിച്ചുള്ള പബ്ളിക് ഹിയറിംഗ് നടത്തുന്നതാണ്. ഇതുകൂടാതെ വിവിധ സാമൂഹിക സാംസ്കാരിക സംഘടനകൾ നടത്തുന്ന സെമിനാറുകളിലും കൂടിക്കാഴ്ചകളിലും പ്രസ്തുത വിഷയം അവതരിപ്പിക്കുകയും ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഇ) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിന് മുമ്പ് സംസ്ഥാന സർക്കാർ പ്രസ്തുത പദ്ധതിയ്ക്കായുള്ള സർവ്വേ നടപടികളും ഭൂമി ഏറ്റെടുക്കലും സംബന്ധിച്ച പ്രഖ്യാപനം നടത്തിയിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ?

കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 5-8-2016-ലെ കത്ത് നം. 24(35) പി.എഫ്.11/2012 പ്രകാരം തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് ലാൻഡ് അക്വിസിഷൻ നടപടികൾ തുടങ്ങുവാൻ അനുമതിയുണ്ട്. മാത്രവുമല്ല

റെയിൽവേ ബോർഡിന്റെ കത്ത് നം. 2018/ജെ.വി സെൽ/ജെന/എസ്.പി.വി./പോളിസി/2 പ്രകാരവും ലാൻഡ് അക്വസിഷൻ നടപടി തുടങ്ങുവാൻ അനുമതിയുണ്ട്. കൂടാതെ ഡി.പി.ആർ അംഗീകരിച്ച 11-6-2020-ലെ കേരള സർക്കാർ ഉത്തരവ് സ.ഉ. (കൈ). നം. 18/2020/ഗതാ. പ്രകാരം ലാൻഡ് അക്വസിഷൻ നടപടികൾ തുടങ്ങുവാനും ധനസമാഹരണ പ്രവർത്തനങ്ങൾ തുടങ്ങുവാനും അറിയിച്ചിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി കേന്ദ്ര സർക്കാരിന്റെ പദ്ധതി അംഗീകാരത്തിനുശേഷം മാത്രമെ സാധിക്കുകയുള്ളൂ. സിൽവർലൈൻ പദ്ധതി റെയിൽ മന്ത്രാലയത്തിന്റെയും കേന്ദ്ര സർക്കാരിന്റെയും സജീവ പരിഗണനയിലാണ്. ഉടൻതന്നെ കേന്ദ്രത്തിൽനിന്നും അന്തിമാനുമതി പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമേറ്റെടുക്കലിന് മുന്നോടിയായി ചെയ്യേണ്ട നിരവധി നടപടിക്രമങ്ങളുണ്ട്. വിശദമായ സാമൂഹികാഘാത പഠനം, കൃത്യമായ ഭൂമി അളന്നുതിട്ടപ്പെടുത്തൽ എന്നിങ്ങനെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. ഇതുമായി ബന്ധപ്പെട്ട് 11-6-2021-ലെ സ.ഉ. (കൈ) നം 13/2021/ഗതാ. പ്രകാരവും റവന്യൂ വകുപ്പിന്റെ 18-8-2021-ലെ സ.ഉ. (കൈ) നം. 163/2021/റവ. തീയതി ഉത്തരവുപ്രകാരവും ഭരണാനുമതിയും 2013-ലെ എൽ.എ.ആർ.ആർ വകുപ്പുപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും അനുശാസിച്ചുകൊണ്ട് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് അനുമതിയും നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസവും അതിനോടനുബന്ധിച്ച് പദ്ധതിയുടെ ചെലവ് കൂടുന്നതും ഒഴിവാക്കാനായി പ്രാരംഭ നടപടിക്രമങ്ങൾ ഉടനടി നടത്തേണ്ടതുണ്ട്. റെയിൽ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനം നിയമപരമായി ആവശ്യമില്ല എങ്കിലും വിശദ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനം നടത്തുകയുണ്ടായി. ഭൂമി ഏറ്റെടുക്കലിന്റെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹിക ആഘാത പഠനവും നടത്തുന്നതാണ്.

**കോവിഡാനന്തര ചികിത്സയ്ക്ക് പണം ഈടാക്കുന്നത് നിർത്തലാക്കാൻ നടപടി**

29 (*29) ശ്രീ. അൻവർ സാദത്ത്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡാനന്തര ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളിൽ പണം ഈടാക്കാൻ ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) കോവിഡാനന്തര ചികിത്സയ്ക്ക് സർക്കാർ ആശുപത്രികളിൽ പണം ഈടാക്കുന്നത് സാധാരണ ജനങ്ങളെ കടുത്ത ദുരിതത്തിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീവിതശൈലി രോഗങ്ങൾ കൂടുതലുള്ള കേരളത്തിൽ പ്രസ്തുത നടപടി ജനങ്ങൾക്ക് കടുത്ത പ്രയാസം സൃഷ്ടിച്ചതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഈ ഉത്തരവ് പിൻവലിക്കാൻ തയ്യാറാകുമോ?

(എ-സി) കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിൽ എത്തിക്കുന്നതിനുവേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കിവരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെപോലെതന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകിവരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇതുകൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എ.പി.എൽ. വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/കോവിഡ് അസോസിയേറ്റഡ് പൾമണറി ആസ്പെർഗില്ലോസിസ് (CAPA) എന്നിവയ്ക്കുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16/08/2021-ലെ സ.ഉ (സാധാ) നം. 1750/2021/H&FWD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം

കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നത് വഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിത നിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചെലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എ.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണ്ണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകിവരുന്നു.

**മുൻഗണന ഗുണഭോക്തൃ ക്വാട്ട**

30 (*30) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രത നിയമപ്രകാരമുള്ള റേഷൻ സമ്പ്രദായത്തിൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ മുൻഗണന ഗുണഭോക്താക്കളുടെ എണ്ണത്തിൽ കേരളത്തിന് അർഹമായ ക്വാട്ട കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുസരിച്ച് മുൻഗണനാ പട്ടികയിൽ അംഗങ്ങളെ ഉൾപ്പെടുത്തിയിരിക്കുന്നത് 2011-ലെ ജനസംഖ്യ സെൻസസ് അനുസരിച്ചാണ്. ഇതിലെ അർബൻ, റൂറൽ റേഷ്യോ അനുസരിച്ചാണ് മുൻഗണനാ പട്ടിക നിശ്ചയിച്ചിരിക്കുന്നത്. അതനുസരിച്ച് കേരളത്തിലെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താവുന്ന അംഗങ്ങളുടെ പരിധി 1,54,800,40 ആണ്. ഇത് കേരളത്തിലെ ജനസംഖ്യയുടെ 43% മാത്രമാണ്. നഗരപ്രദേശങ്ങളിൽ 39.5 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതേസമയം ബീഹാറിൽ ഈ അനുപാതം 74.53%-ഉം 85.12%-ഉം ഉത്തർപ്രദേശിൽ 64.43%-ഉം 79.56%-ഉം ആണ്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് പരിധി നിശ്ചയിച്ചിട്ടുള്ളതിനാൽ

അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. കേരളത്തിലെ മെച്ചപ്പെട്ട ജീവിത നിലവാരവും റേഷനെ ആശ്രയിച്ച് കഴിയുന്ന ആളുകളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവായതും മുൻഗണനാ പട്ടികയിൽ കേരളത്തിന്റെ പ്രാതിനിധ്യം കുറയുന്ന കാരണങ്ങളായി കാണുന്നു. ഭക്ഷ്യഭദ്രതാ നിയമം, 2013 ഇന്ത്യൻ പാർലമെന്റിൽ പാസ്സാക്കുന്ന ചർച്ചാവേളയിൽ മുൻഗണനാ പട്ടികയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനുള്ള സമ്മർദ്ദം വേണ്ടരീതിയിൽ ഉണ്ടായിട്ടില്ലെന്നാണ് മനസ്സിലാക്കുന്നത്. മുൻഗണനാ പരിധി വർദ്ധിപ്പിച്ച് നല്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും അനുകൂല പ്രതികരണം ഇതുവരെ ഉണ്ടായിട്ടില്ല.

(ബി) അനർഹമായി മുൻഗണന കാർഡുകൾ കൈവശം വച്ചവരെ നീക്കം ചെയ്തതിനെത്തുടർന്ന് ഉണ്ടായ ഒഴിവിലേയ്ക്ക് അർഹരായവരെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുസരിച്ച് എ.എ.വൈ, പി.എച്ച്.എച്ച് വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നത്. എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിന് കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിന് സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 പേരിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിന് ഭക്ഷ്യവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. ടി.പി.ഡി.എസ്. (കൺട്രോൾ) ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയാണ്. ഇതുപ്രകാരം മുൻഗണനാ വിഭാഗങ്ങളിൽനിന്നും ഒഴിവാക്കപ്പെടുന്ന എണ്ണത്തിന് പകരമായി അർഹരെ കണ്ടെത്തി ഉൾപ്പെടുത്തിവരുന്നു. എ.എ.വൈ/പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ആധാർ ലിങ്ക് ചെയ്യാത്തതോ, ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ കണ്ടെത്തുന്നതിനുള്ള നടപടികൾ തുടരുന്നു. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറുമാസകാലയളവിലേയ്ക്ക് ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളവരിൽ എ.എ.വൈ. വിഭാഗത്തിൽപെട്ട കാർഡുടമകൾ ഉണ്ടെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും തുടരുന്നു. മുൻഗണനാ കാർഡുകൾ അനർഹമായി കൈവശം

വച്ചിരുന്നവർ പ്രസ്തുത കാർഡുകൾ സ്വമേധയാ സറണ്ടർ ചെയ്യുന്നതിന് സർക്കാർ അഭ്യർത്ഥിച്ചിരുന്നു. ഇതുപ്രകാരം 25-9-2021 വരെ ആകെ 1,42,187 മുൻഗണനാ കാർഡുകൾ തിരികെ ലഭിച്ചിട്ടുണ്ട്. 11,587 എ.എ.വൈ. കാർഡുകളും 74,626 പി.എച്ച്.എച്ച് കാർഡുകളും 55,974 എൻ.പി.എസ്. കാർഡുകളുമാണ് തിരികെ ലഭിച്ചത്. കൂടാതെ കൃത്യമായ പരിശോധനയിലൂടെ കണ്ടെത്തിയതും ഉൾപ്പെടെ എ.എ.വൈ. വിഭാഗത്തിൽ 13,000-ഉം പി.എച്ച്.എച്ച്. വിഭാഗത്തിൽ 1,32,000 ഒഴിവുകളുമുണ്ട്. 31-7-2021 വരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് 12,596 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. സർക്കാരിലേയ്ക്ക് സറണ്ടർ ചെയ്ത 11,000-ത്തോളം എ.എ.വൈ. കാർഡുകൾ ഏറ്റവും അർഹരെ കണ്ടെത്തി ആഗസ്റ്റ് 9-ന് വിതരണം ആരംഭിച്ചു. ഇവയുടെ വിതരണം പൂർത്തിയായിവരുന്നു. 1,20,000-ത്തോളം പി.എച്ച്.എച്ച്. കാർഡുകളുടെ വിതരണത്തിലെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 29-ന് തിരുവനന്തപുരത്ത് നടന്നു. സംസ്ഥാനത്തെ ഓരോ നിയോജക മണ്ഡലങ്ങളിലേയും ഉദ്ഘാടനങ്ങൾ താലൂക്കുകളിൽ അതത് മന്ത്രിമാർ/എം.എൽ.എമാർ/ജനപ്രതിനിധികൾ എന്നിവരുടെ നേതൃത്വത്തിൽ ഒക്ടോബർ 1, 2, 3 തീയതികളിലായി നടന്നു. പി.എച്ച്.എച്ച്. കാർഡുകളുടെ വിതരണം ഒക്ടോബർ 15-ഓടുകൂടി പൂർത്തിയാക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനുള്ള പരിശോധന സംവിധാനം നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം രൂപീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് മന്ത്രിയുമായി സംവദിക്കുവാൻ എല്ലാ മാസത്തിലെയും ആദ്യ വെള്ളിയാഴ്ച ഫോൺ ഇൻ പരിപാടി നടത്തുന്നു. പൊതുവിതരണ മേഖലയെ അഴിമതി മുക്തമാക്കുന്നതിന് ശക്തമായ ഒരു പരിശോധന സംവിധാനമുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമെ വിജിലൻസ് ഓഫീസർ, താലൂക്ക് സപ്ലൈ ഓഫീസർ (മൊബൈൽ പട്രോൾ), ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർ, ഭക്ഷ്യ കമ്മീഷൻ എന്നിവരും റേഷൻ കടകളിൽ മിന്നൽ പരിശോധനകൾ നടത്തുന്നുണ്ട്. ഇപ്രകാരം നിരന്തരം പരിശോധനകൾ നടത്തി നിയമ ലംഘനം നടത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സെക്രട്ടേറിയറ്റ്തലത്തിലുള്ള പരിശോധനാ

സംഘവും പരാതികളിൻമേൽ അന്വേഷണം നടത്തിവരുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മതസൗഹാർദ്ദം തകർക്കുന്ന നടപടി

1 (1) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാർക്കോട്ടിക് ജിഹാദ് സംവാദം ഉയർത്തി സമുദായങ്ങൾക്കിടയിൽ സംഘർഷം ഉണ്ടാക്കി മതസൗഹാർദ്ദം തകർക്കുന്ന നിലയിൽ സമുദായ സ്പർദ്ധയും സംഘർഷവും സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) വിവിധ മതവിഭാഗങ്ങൾ തമ്മിൽ നല്ല സൗഹാർദ്ദപരമായ അന്തരീക്ഷമാണ് നമ്മുടെ സംസ്ഥാനത്ത് പൊതുവിൽ നിലനിൽക്കുന്നത്. സമുദായങ്ങൾക്കിടയിൽ സ്പർദ്ധയും സംഘർഷവും സൃഷ്ടിക്കുന്നതിനായി സംവാദം ഉയർത്തിയതായി കാണുന്നില്ല. മതസൗഹാർദ്ദം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾക്കൊപ്പം നാടിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗങ്ങളെയും സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

(സി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സമുദായ നേതാക്കന്മാരുടെ ഒരു യോഗം വിളിച്ച് പ്രശ്ന പരിഹാരത്തിന് മുൻകയ്യെടുക്കാൻ സർക്കാർ തയ്യാറാകുമോ?

നിലവിൽ അത്തരമൊരു യോഗം വിളിച്ചുചേർക്കേണ്ട സാഹചര്യമില്ല.

## സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ

2 (2) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ത്രൈമാസ പദ്ധതി ചെലവ് അവലോകന കമ്മിറ്റി യോഗങ്ങളിൽ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ അവലോകനം നടത്തുകയും ആയവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകുകയും ചെയ്യാറുണ്ട്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടേയും യോഗംചേർന്ന് പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതിനാവശ്യമായ കർമ്മ പരിപാടികൾ രൂപീകരിക്കുകയും online realtime monitoring system ഇതിനുവേണ്ടി വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പോർട്ടൽ (www.cmopcmg.kerala.gov.in) വഴി വൻകിട പദ്ധതികൾ ഉൾപ്പെടെ എല്ലാ പ്രധാന പദ്ധതികളും നിരീക്ഷിക്കുന്നതിനും യഥാസമയങ്ങളിൽ ബന്ധപ്പെട്ടവർക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടൽ നിരീക്ഷിക്കുന്നതിന് സെക്രട്ടറിമാർ കൂടാതെ ഭരണ വകുപ്പിൽനിന്ന് നോഡൽ ഓഫീസറേയും ലിങ്ക് നോഡൽ ഓഫീസറേയും നിയോഗിക്കുകയും പദ്ധതികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ, നിർവ്വഹണ വകുപ്പ്/ഏജൻസി എന്നിവയിൽ നിന്ന് പോർട്ടൽ യഥാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിന് നോഡൽ ഓഫീസർമാരെയും നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിലൂടെ പദ്ധതികളുടെ ഭൗതിക പുരോഗതിയും സാമ്പത്തിക പുരോഗതിയും പ്രശ്നപരിഹാരവും സാധ്യമാക്കുന്നുണ്ട്. ചീഫ് സെക്രട്ടറിതലത്തിൽ ഇടപെടലുകൾ ആവശ്യമായ പദ്ധതികൾ പ്രത്യേകമായി അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ (Priority Projects) അവലോകനം ചെയ്യുന്നതിനായി പ്രത്യേക യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ മുഖ്യമന്ത്രി വിളിച്ച ചേർക്കുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനായി 'PLAN SPACE'

(www.planspace.kerala.gov.in) എന്ന 'Online Realtime Monitoring System' നിലവിലുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികളുടെ/പ്രോജക്ടുകളുടെ പുരോഗതി സമയാസമയങ്ങളിൽ പ്രസ്തുത സംവിധാനങ്ങളിലൂടെ അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്. വാർഷിക പ്ലാൻ പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി Working Group-കളുടെ സാമ്പത്തിക അധികാര പരിധി 15 കോടി രൂപയായും Special Working Group (SWG)-ന്റേത് 15 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്കായും പുതുക്കി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, പദ്ധതി ഘടകങ്ങളിലും ഘടനയിലും മാറ്റമില്ലാത്തതുമായ തുടർപദ്ധതികൾക്ക് പരിധിയില്ലാതെ ഭരണവകുപ്പിന് തന്നെ ഭരണാനുമതി നൽകാൻ കഴിയുന്നതാണ്. പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നത് ഉറപ്പുവരുത്തുന്നതിനും ഭരണാനുമതിക്ക് സമർപ്പിക്കുന്ന പ്രൊപ്പോസലിനോടൊപ്പം ആവശ്യമായ രേഖകൾ, price software-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ എന്നിവ സഹിതം നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി സമർപ്പിക്കുന്നത് സംബന്ധിച്ച് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, SWG എല്ലാ ആഴ്ചയിലും യോഗങ്ങൾ കൂടി പദ്ധതികൾക്ക് ഭരണാനുമതി നൽകിവരുന്നുണ്ട്. സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുവാനായി ധനകാര്യ വകുപ്പ് ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം (BMS) എന്ന സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ (budgetdata.kerala.gov.in) വഴി ഓരോ വർഷത്തെയും ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലെ പദ്ധതികളുടെ പുരോഗതി Chief Controlling Officer-മാർ രേഖപ്പെടുത്തുന്നത് നിരീക്ഷിക്കുന്നതിനും യഥാസമയം ബന്ധപ്പെട്ടവർക്ക് സെക്രട്ടറിതലത്തിൽ ഉചിതമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഉപയുക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പോർട്ടലിലൂടെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ ഭൗതിക പുരോഗതി നിരീക്ഷിക്കുവാനും സാദ്ധ്യമാണ്.

## സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നോക്ക സമുദായങ്ങളുടെ പട്ടിക

3 (3) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നോക്ക സമുദായങ്ങളുടെ പട്ടിക സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന സമുദായങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇല്ല, എന്നാൽ കേരളത്തിൽ നിലവിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കാത്ത സംവരണേതര വിഭാഗങ്ങളുടെ പട്ടിക 3-6-2021-ലെ സ.ഉ(എം.എസ്)നം.114/2021/പൊഭവ. വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിൽ 135-ാം ക്രമ നമ്പറായ ശൈവവെള്ളാള സമുദായത്തെ സംബന്ധിച്ച് ഭേദഗതി വരുത്തി 5-7-2021-ൽ സ.ഉ(എം.എസ്) നം.129/2021/പൊഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സാമ്പത്തിക സംവരണത്തിന് അർഹതയുള്ള മുന്നോക്ക സമുദായങ്ങളുടെ സമ്പൂർണ്ണ പട്ടികയല്ല. പ്രസ്തുത വിജ്ഞാപനം അനുബന്ധം I, II ആയി ചേർക്കുന്നു*.

## കെ-റെയിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ

4 (4) ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്ഥലമേറ്റെടുക്കൽ നടപടികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിൽവർലൈൻ പദ്ധതിയുടെ പ്രീ ഇൻവെസ്റ്റ് ആക്റ്റിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്തുനടത്തുന്നതിന് റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയുണ്ടായി. ഇപ്രകാരം തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ലാൻഡ് അക്വിസിഷൻ നടപടികൾ തുടങ്ങേണ്ടതുണ്ട്. വിശദമായ സാമൂഹിക ആഘാത പഠനം, ഭൂമി അളന്നുതിട്ടപ്പെടുത്തുക എന്നിങ്ങനെ 2013-ലെ RFCTLARR വകുപ്പുപ്രകാരമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. സെമി ഹൈസ്പീഡ് റെയിൽവേ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച 18-8-2021-ലെ സ.ഉ(കൈ) നം. 163/2021/റവ. ഉത്തരവിൽ സാമൂഹിക ആഘാത പഠനം നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധസമിതിയെ രൂപീകരിച്ച് ശിപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ LARR ആക്ട് 2013-ലെ സബ്സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമാനുമതി ലഭ്യമായതിനുശേഷം മാത്രമേ പുറപ്പെടുവിക്കൂ എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ആവശ്യത്തിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ കൃഷിഭൂമി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായാണ് സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. കൊട്ടുംവളവുകൾ ഒഴിവാക്കിക്കൊണ്ട് രൂപകല്പന ചെയ്ത സിൽവർ ലൈനിന്റെ ട്രാക്ക് താരതമ്യേന ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ കൂടിയാണ് കൂടുതൽ ഭാഗവും കടന്നുപോകുന്നത്. പദ്ധതിക്കായുള്ള പാരിസ്ഥിതിക-സാമൂഹിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഈ പ്രദേശങ്ങളിൽ ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിൽ 115 കിലോമീറ്റർ പാടശേഖരങ്ങളിൽ 88 കിലോമീറ്റർ ആകാശപാതയിലൂടെയുമാണ് കടന്നുപോകുന്നത്. ജലാശയങ്ങളും തണ്ണീർതടങ്ങളും മറ്റും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പാലങ്ങളും കൾവർട്ടുകളും ഇതിനായി നിർമ്മിക്കുന്നതായിരിക്കും. അതുപോലെതന്നെ നിർമ്മാണ ഘട്ടത്തിൽ പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളായിരിക്കും പദ്ധതിക്കായി നടപ്പിലാക്കുക.

(സി) ജൈവവൈവിധ്യങ്ങളുടെ കലവറയായ ഭൂമി ഏറ്റെടുക്കുന്നതുവഴി പാരിസ്ഥിതിക നാശം ഉണ്ടാകുമെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഏറ്റവും സാങ്കേതികമായും സാമ്പത്തികമായും അതിലുമുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് സിൽവർലൈൻ പദ്ധതിയുടെ നിർദ്ദിഷ്ട അലൈൻമെന്റ് കടന്നുപോകുന്നത്. 74% ഭൂപ്രതലത്തിലൂടെയും 26% ആകാശപാത അല്ലെങ്കിൽ തുരങ്കപാതയായാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട സിൽവർലൈൻ പദ്ധതി സംരക്ഷിത വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്നില്ല. കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസെഡ്) ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ NCSCM-നെ നിയോഗിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുകയും പാത കടന്നുപോവുന്ന പ്രധാന നദികളിൽ ഹൈഡ്രോളജിക്കൽ സർവ്വേ നടത്തുകയും ചെയ്യുന്നതാണ്. കൃഷിഭൂമിയും ജനവാസമേഖലകളും ഒഴിവാക്കാനാവാത്ത മേഖലകളിൽ ഒരു തരത്തിലും സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്തവിധത്തിലുള്ള ബദൽ നിർമ്മാണ മാർഗ്ഗങ്ങളും അവലംബിക്കുന്നുണ്ട്. സിൽവർലൈൻ പാത കടന്നു പോകുമ്പോൾ ഉണ്ടാകാവുന്ന പ്രകമ്പനം ഒഴിവാക്കുന്നതിനായി വൈബ്രേഷൻ അറസ്റ്റർ, സൗണ്ട്

പ്രൂഫിംഗ്, നോയിസ്സ് ബാരിയർ എന്നിവ സ്ഥാപിക്കുന്നതാണ്. പദ്ധതിയുടെ നിർമ്മാണഘട്ടത്തിൽ പൂർണ്ണമായും പുനരുപയോഗ ഊർജ്ജം, അക്ഷയോർജ്ജം തുടങ്ങിയവ ഉപയോഗിച്ചും ഉരുക്കും കോൺക്രീറ്റും പുനഃചംക്രമണം ചെയ്ത് ഉപയോഗിച്ചും നിർമ്മാണത്തിലുണ്ടാകുന്ന പാഴ്വസ്തുക്കൾ പുനർസംസ്കരിച്ചുമായിരിക്കും പ്രവർത്തിക്കുക. മലിനീകരണമുക്തമായ യന്ത്രങ്ങൾ ആയിരിക്കും നിർമ്മാണത്തിന് ഉപയോഗിക്കുക. ഇത്തരത്തിൽ ഹരിതമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാകും സിൽവർലൈനിന്റെ എല്ലാ പ്രവൃത്തികളും നടപ്പാക്കുക. ആയതിനാൽ സിൽവർലൈൻ പദ്ധതി ഒരു തരത്തിലും പാരിസ്ഥിതിക നാശം ഉണ്ടാക്കുന്നില്ല. ഈ പദ്ധതി സാദ്ധ്യമാകുന്നതോടുകൂടി ഹരിത ഗൃഹ വാതക ബഹിർഗമനം കുറയ്ക്കാൻ സാധിക്കുന്നതാണ്. വീടുകളും കെട്ടിടങ്ങളും പരമാവധി ഒഴിവാക്കാനുള്ള നടപടികളും വീടുകൾ അഥവാ കെട്ടിടങ്ങൾ പൊളിക്കാതെ മാറ്റി സ്ഥാപിക്കാവുന്ന സാങ്കേതിക വിദ്യയും പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്യുന്നുണ്ട്. കട്ട് ആന്റ് കവർ നിർമ്മാണരീതിയുള്ള സ്ഥലങ്ങളിൽ വീടുകൾക്ക് ഒരു തരത്തിലുമുള്ള ഭീഷണിയുണ്ടാകുന്നുമില്ല.

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് വൻ സാമ്പത്തിക ബാധ്യത വരുത്തുന്നതും അതിനനുസൃതമായി സാധാരണ ജനവിഭാഗത്തിന് പ്രയോജനമില്ലാത്തതും പരിസ്ഥിതിയെ നശിപ്പിക്കുന്നതും സംസ്ഥാനത്തെ വെട്ടി മുറിക്കുന്നതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് പകരം നിലവിലെ റെയിൽപാതകൾ നവീകരിക്കുന്നതിനും ചുരുങ്ങിയ ചെലവിൽ വിമാന സർവീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഒരു ലക്ഷം കോടിയിലധികം രൂപ വേണ്ടിവരുന്ന ഹൈസ്പീഡ് റെയിൽ പദ്ധതികളേക്കാൾ ചെലവ് കുറഞ്ഞതും കേരളത്തിന്റെ സാമ്പത്തിക നിലയ്ക്ക് അനുയോജ്യമായതുമായ സിൽവർലൈൻ തീർത്തും പ്രായോഗികമായ പദ്ധതിയാണ്. വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിയുടെ ചെലവ് 63,940.67 കോടി രൂപയാണ്. ഇതിൽ 2150 കോടി രൂപയാണ് കേന്ദ്ര റെയിൽവെ വിഹിതം. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുക. 975 കോടി രൂപ റെയിൽവെ ഭൂമിയുടെ വിലയാണ്. 4252 കോടി രൂപ പൊതുജന ഓഹരിപങ്കാളിത്തത്തിലൂടെയും സമാഹരിക്കും. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 33,700 കോടി രൂപയും സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി., ജൈക്ക, എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ല്യൂ എന്നിവരെ കേന്ദ്ര ധനകാര്യമന്ത്രാലയം വഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുകഴിഞ്ഞു. വായ്പയ്ക്കായി ഇതുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ

ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തിക കാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനാവശ്യമായ 13,265 കോടി രൂപയ്ക്കായി ഹഡ്കോ, കിഫ്ബി, ഇന്ത്യൻ റെയിൽവെ ഫിനാൻസ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായി ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഭൂമിയേറ്റെടുക്കലിനായി ഹഡ്കോ ഇതിനകംതന്നെ 3000 കോടി രൂപയുടെ വായ്പ അനുവദിച്ചുകഴിഞ്ഞു. സ്ഥലമേറ്റെടുപ്പിനായി കിഫ്ബിയിൽനിന്നും 2100 കോടി രൂപ വായ്പയെടുക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തു. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാവുന്ന സാഹചര്യമാണ്. കണ്ണൂർ, കൊച്ചി വിമാനത്താവള വികസനമാതൃകയിൽ പൊതുജനനിക്ഷേപവും കൊണ്ടുവരാൻ സാധിക്കും. പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായാണ് സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. പദ്ധതിയുടെ നിർമ്മാണഘട്ടത്തിൽ പൂർണ്ണമായും പുനരുപയോഗ ഊർജ്ജം, അക്ഷയോർജ്ജം തുടങ്ങിയവ ഉപയോഗിച്ചും ഉരുക്കും കോൺക്രീറ്റും പുനഃചംക്രമണം ചെയ്ത് ഉപയോഗിച്ചും നിർമ്മാണത്തിൽ ഉണ്ടാകുന്ന പാഴ്വസ്തുക്കൾ പുനർസംസ്കരിച്ചുമായിരിക്കും പ്രവർത്തിക്കുക. മലിനീകരണ മുക്തമായ യന്ത്രങ്ങൾ ആയിരിക്കും നിർമ്മാണത്തിന് ഉപയോഗിക്കുക. ഇത്തരത്തിൽ ഹരിതമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാകും സിൽവർലൈനിന്റെ എല്ലാ പ്രവൃത്തികളും നടപ്പാക്കുക. നിർമ്മാണ സമയത്തെ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനപ്രശ്നം പരിഹരിക്കാൻ വിവിധ സംഘടനകളുമായി ചേർന്ന് റെയിൽ ഇടനാഴി പരിധിയിൽ നഗര വനവൽക്കരണ പരിപാടി നടപ്പാക്കാനും പദ്ധതിയുണ്ട്. സിൽവർലൈനിനെ ആശ്രയിക്കുന്ന യാത്രക്കാർ വർദ്ധിക്കുന്നതോടെ യാഥാർത്ഥ്യമാവുന്ന ആദ്യവർഷംതന്നെ ഏകദേശം 2.8 ലക്ഷം ടൺ കാർബൺ ഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാനാവും. 2052-ഓടെ വർഷത്തിൽ 5,94,636 ടണ്ണോളം കാർബൺഡൈയോക്സൈഡ് അന്തരീക്ഷത്തിൽനിന്ന് കുറയാൻ സിൽവർലൈൻ നിമിത്തമാവും. കേരള വികസനത്തിന്റെ മുഖച്ഛായ മാറ്റുന്നതിനൊപ്പം അന്തരീക്ഷ മലിനീകരണത്തിന്റെ തോത് ഗണ്യമായി കുറയ്ക്കാനും ഈ ഹരിതപദ്ധതി വഴിയൊരുക്കും. ഇന്ത്യൻ റെയിൽവെ നയപ്രകാരം 140 കിലോമീറ്ററിന് മുകളിൽ വേഗത്തിൽ ട്രെയിൻ സഞ്ചരിക്കുന്ന ട്രാക്കുകൾക്ക് ചുറ്റും പൊതുജനങ്ങളുടെ സുരക്ഷയെ കരുതി സംരക്ഷണഭിത്തി സ്ഥാപിക്കേണ്ടതുണ്ട്. റെയിൽവെ ട്രാക്കിന് ചുറ്റും സംരക്ഷണഭിത്തി സ്ഥാപിക്കുന്നത് രാജ്യത്ത് പുതുമയുള്ള കാര്യമല്ല. മണിക്കൂറിൽ 160 കിലോമീറ്റർ വരെ വേഗതയിൽ സഞ്ചരിക്കുന്ന ഗതിമാൻ എക്സ്പ്രസ് സർവീസ് നടത്തുന്ന ഡൽഹി-ആഗ്ര സെക്ഷനിൽ നിലവിൽ ട്രാക്കിനിരുവശവും സംരക്ഷണഭിത്തിയുണ്ട്. 160 കിലോമീറ്റർ വരെ വേഗതയിൽ ട്രെയിൻ സർവീസ് നടത്താനുദ്ദേശിക്കുന്ന ഡൽഹി-മുംബൈ, ഡൽഹി-ഹൗറ സെക്ഷനുകളിലും

സംരക്ഷണ ഭിത്തിയൊരുക്കുന്നുണ്ട്. സിൽവർ ലൈനിന്റെ ട്രാക്ക് 137 കിലോമീറ്ററോളം ദൈർഘ്യത്തിൽ മേൽപ്പാത, തുരങ്കം, വയഡക്ട് എന്നിവയിലൂടെയാണെന്നതിനാൽ ഇവിടങ്ങളിൽ സഞ്ചാരസ്വാതന്ത്ര്യത്തിന് ഒരു തടസ്സമുണ്ടാവില്ല. മറ്റിടങ്ങളിൽ പാത മുറിച്ചുകടക്കൽ സൗകര്യത്തിനായി ഓരോ അഞ്ഞൂറുമീറ്ററിലും അടിപ്പാതകളോ മേൽപ്പാതകളോ സിൽവർലൈൻ ട്രാക്കിന് കുറുകെയുണ്ടാവുകയും ചെയ്യും. ജനസാന്ദ്രത കൂടിയ വികസിത നഗരഭാഗങ്ങളിലൂടെയാണ് റെയിൽവെ ലൈൻ കടന്നുപോവുന്നതെന്നതിനാൽ തിരുവനന്തപുരത്തിനും കാസർഗോഡിനുമിടയിലെ അസംഖ്യം വളവുകൾ നിറഞ്ഞ ഭാഗം നിവർത്തുന്നത് പ്രായോഗികമല്ല. തിരൂർ-തിരുവനന്തപുരം ഭാഗത്തെ അപേക്ഷിച്ച് താരതമ്യേന വളവുകളിൽ കുറവുള്ളതുകൊണ്ട് മാത്രമാണ് സിൽവർ ലൈൻ പാത തിരൂർ മുതൽ കാസർഗോഡ് വരെ നിലവിലെ പാതയ്ക്ക് സമാന്തരമായി നിശ്ചയിച്ചത്. തലസ്ഥാനത്തുനിന്ന് തിരൂർ വരെയുള്ള ട്രാക്ക് കൊടുംവളവുകളും കയറ്റിറക്കങ്ങളും നിറഞ്ഞതാണ്. മാത്രമല്ല ഇവിടങ്ങളിൽ പാത കടന്നുപോവുന്നത് അധികവും നഗര സ്വഭാവമുള്ള, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകൾക്കടുത്ത് കൂടിയാണ്. അതിനാൽ തന്നെ ഭൂമിയേറ്റെടുക്കൽ പ്രക്രിയ വ്യാപകമായ എതിർപ്പും വലിയ കാലതാമസവും വരുത്തിവയ്ക്കും. നൂറുകണക്കിന് ട്രെയിനുകളാണ് നിലവിലെ ട്രാക്കിൽ സംസ്ഥാനത്ത് സർവീസ് നടത്തുന്നത് എന്നിരിക്കെ വളവുകൾ ഇനി നിവർത്താൻ സാധിച്ചാൽപ്പോലും ട്രെയിൻ സാന്ദ്രത കാരണം ശരാശരി 90 കിലോമീറ്റർ വേഗതപോലും കൈവരിക്കാൻ സാധിക്കില്ല. ആയതിനാൽ നിലവിലെ ബ്രോഡ്ഗേജ് പാത ഇരട്ടിപ്പിച്ചതുകൊണ്ട് കേരളത്തിലെ റെയിൽപാതയിലൂടെ അതിവേഗ യാത്ര സാധ്യമാവില്ല. മാത്രമല്ല നിലവിലെ ട്രെയിനുകളിലേറെയും പുതിയ പാതയിലേയ്ക്ക് മാറിയാൽ ട്രെയിനുകളുടെ സാന്ദ്രത കാരണം അതിവേഗ യാത്രയും സാധ്യമാവില്ല. നിലവിലെ റെയിൽപാത നഗര വികസനം കൂടുതലുള്ള ജനവാസ മേഖലകളിലൂടെയാണ് കൂടുതലായി കടന്നുപോവുന്നത് എന്നതിനാൽ പാത നവീകരണം പ്രായോഗികമല്ല. കേരളത്തിൽ പ്രധാനമായും 4 വിമാനത്താവളങ്ങളാണ് സർവ്വീസ് നടത്തുന്നത്. എന്നാൽ, യാത്ര ചെലവ് കൂടി കണക്കിലെടുത്താൽ ഇത് ട്രെയിൻ യാത്രയെ അപേക്ഷിച്ച് സാധാരണക്കാർക്ക് ഒട്ടും താങ്ങാവുന്ന ഒന്നല്ല.

## സർട്ടിഫിക്കറ്റുകൾക്ക് പകരം സത്യവാങ്മൂലം

5 (5) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജോലികൾക്കും പരീക്ഷകൾക്കും മറ്റു സേവനങ്ങൾക്കും അപേക്ഷിക്കുമ്പോൾ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്നതിനുപകരം സത്യവാങ്മൂലം ആവശ്യപ്പെടുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്ന് മുതൽക്കാണ് ഇത് നടപ്പാക്കുക; വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധമായി ഉത്തരവുകളെന്തെങ്കിലും പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-സി) നാലാം ഭരണപരിഷ്കാര കമ്മീഷന്റെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ അത്യാവശ്യമില്ലാത്ത സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് നിർത്തലാക്കുവാനും കഴിയുന്നിടത്തോളം സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ/ സത്യവാങ്മൂലം നൽകുന്ന സംവിധാനം നടപ്പിലാക്കാനും തീരുമാനിച്ചുകൊണ്ട് 13-8-2021-ലെ ജി.ഒ.(എം.എസ്) നം.19/2021/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*). സ്ഥിരമായ എല്ലാ സർട്ടിഫിക്കറ്റുകളും ഡിജിലോക്കർ ഇലക്ട്രോണിക് സംവിധാനത്തിലൂടെ നൽകുന്നതിനും അവ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, മറ്റ് റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. സത്യവാങ്മൂലം മാത്രം സമർപ്പിച്ചാൽ ലഭ്യമാക്കാൻ കഴിയുന്ന സേവനങ്ങൾ കണ്ടെത്തുവാനും അത്യാവശ്യമല്ലാത്ത സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നത് ഒഴിവാക്കാനും തീരുമാനിച്ചിട്ടുണ്ട്.

## സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനം

6 (6) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി സൃഷ്ടിച്ച ദുർഘട സാഹചര്യത്തിൽ അധികാരത്തിലേറിയ ഈ സർക്കാർ എല്ലാവരെയും ഉൾച്ചേർക്കുന്ന സാമൂഹ്യനീതിയിലധിഷ്ഠിതമായ വികസനത്തിന് പ്രാരംഭം കുറിക്കുന്നതിന് പ്രഖ്യാപിച്ച നൂറുദിന പരിപാടികൾ ലക്ഷ്യം സഫലീകരിക്കുന്നതിൽ വിജയിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ജനങ്ങളുടെ ക്ഷേമ, വികസനാവശ്യങ്ങൾ സമയബന്ധിതമായും ആസൂത്രിതമായും നിറവേറ്റുന്നതിന് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി)ഉണ്ട്. നൂറുദിന കർമ്മ പരിപാടിയിൽ 32 വകുപ്പുകളിൽ നിന്നായി 181 പദ്ധതികൾ ഉൾക്കൊള്ളിച്ചതിൽ 100 ദിവസങ്ങൾക്കുള്ളിൽ 137 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്, അവശേഷിക്കുന്ന 44 പദ്ധതികൾ പൂർത്തീകരണപാതയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൂറുദിന കർമ്മപരിപാടിയിൽ 100 ദിവസങ്ങൾക്കുള്ളിൽ 75,000 തൊഴിലവസരങ്ങൾ വിവിധ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയിൽ സൃഷ്ടിക്കുന്നതിനായി ലക്ഷ്യമിട്ടുപ്രവർത്തിച്ചതിൽ 80559 തൊഴിലവസരങ്ങൾ (107%) സൃഷ്ടിക്കുവാൻ സാധിച്ചുവെന്നത് വലിയ നേട്ടമാണ്. കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് വികസിപ്പിച്ചെടുത്ത www.100days.kerala.gov.in എന്ന പോർട്ടലിലൂടെ ഈ പദ്ധതിയുടെ പുരോഗതി പൊതുജനങ്ങൾക്കും നിരീക്ഷിക്കാവുന്നതാണ്. നൂറുദിന പരിപാടിയിൽ ഉൾപ്പെടാത്ത മറ്റ് നിരവധി പദ്ധതികളും ഈ കാലയളവിൽ വിവിധ വകുപ്പുകൾ മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.

(സി) നവകേരള നിർമ്മിതിയെന്ന ലക്ഷ്യത്തിൽ എല്ലാവരെയും ഭാഗഭാഗാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള സുപ്രധാന പരിപാടികളെക്കുറിച്ച് അറിയിക്കാമോ?

പ്രകൃതിക്ഷോഭങ്ങൾ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, പകർച്ചവ്യാധികൾ തുടങ്ങിയ ദുരന്തങ്ങൾ അതിജീവിച്ച് പുതിയ വികസന കാഴ്ചപ്പാടുകളും പ്രവർത്തനരീതികളും വഴി പുതിയ കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിന്റെ സാക്ഷാത്കാരത്തിനായാണ് നിലവിലുള്ള നാല് വികസന മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയേയും (RKI) ഉൾക്കൊള്ളുന്ന നവകേരളം കർമ്മപദ്ധതി-2-ന് തുടക്കം കുറിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയതോതിൽ ബഹുജനങ്ങളെ അണിനിരത്തി, വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനവും കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതികളുടെ സംയോജനവുംവഴി അടുത്ത മൂന്നുവർഷംകൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. നവകേരള നിർമ്മിതിക്കായുള്ള പൊതുലക്ഷ്യങ്ങളും എല്ലാവരേയും ഭാഗഭാഗാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പരിപാടികളും ചുവടെ ചേർക്കുന്നു:

- പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം, അടിസ്ഥാന ആവശ്യങ്ങളും ജീവനോപാധിയും കൃഷി വ്യാപനം, ജലസംരക്ഷണം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം, ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്നതും പരിസ്ഥിതി സൗഹൃദവുമായ വികസന പദ്ധതികൾ എന്നീ മേഖലകളിൽ വരുംകാല വെല്ലുവിളികളെക്കൂടി നേരിടാൻ കഴിയുംവിധത്തിലുള്ള മുന്നേറ്റമുണ്ടാക്കിയും നിലവിലുള്ള പരിമിതികൾ പരിഹരിച്ച് ഏറ്റവും ഉയർന്ന ഗുണമേന്മ ഉറപ്പാക്കിയും ജനപങ്കാളിത്തത്തോടെ ഒരു നവകേരളം സൃഷ്ടിക്കുക.

- കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധി വ്യാപനം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് കാരണമാകാവുന്ന പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിച്ച് സാധ്യമായ രീതികളിലെല്ലാം പരിസ്ഥിതി പുനഃസ്ഥാപനം സാധ്യമാക്കുക.

- പാരിസ്ഥിതിക സന്തുലനാവസ്ഥ നിലനിർത്തുന്നതിന് ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പദ്ധതികൾക്ക് രൂപം നൽകുക.

- പരിസ്ഥിതി സൗഹൃദ നിർമ്മിതികളും ഹരിതഊർജ്ജ വിനിയോഗവും ഇ-വാഹന നയവും ഹരിത ടൂറിസവും ഉൾപ്പെടെയുള്ളവയിലൂടെ ജൈവ വൈവിധ്യ സംരക്ഷണത്തിനും പോഷണത്തിനും അനുഗുണമായ സാഹചര്യം സൃഷ്ടിക്കുക.

- വികസന പ്രക്രിയയുടെ മുഖ്യധാരയിലെത്താൻ കഴിയാതെ പോയവരുടെ ജീവിത സൗകര്യങ്ങളും ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും സാമൂഹ്യ ക്ഷേമ സൗകര്യങ്ങളും മെച്ചപ്പെടുത്തുക.

- മണ്ണും-ജലവും ഉൾപ്പെടെയുള്ള പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുകയും അവയുടെ വിനിയോഗത്തിന് ശാസ്ത്രീയമായരീതികൾ വികസിപ്പിക്കുകയും പ്രകൃതി ദുരന്തങ്ങൾ ഉൾപ്പെടെയുള്ള സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയുംവിധം പ്രകൃതി വിഭവ പരിപാലന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക.

- നീർത്തടാധിഷ്ഠിത വികസന കാഴ്ചപ്പാടിൽ ഊന്നിയ ഒറ്റ പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ആസൂത്രണം ചെയ്ത്, വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനംവഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം സാധ്യമാക്കി കൂടുതൽ ഫലപ്രദവും സുസ്ഥിരതയുള്ളതുമായ പദ്ധതികൾ നടപ്പാക്കുക.

- പാർപ്പിടവും ഉപജീവന മാർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അടിസ്ഥാന ആവശ്യങ്ങൾ ഇല്ലാത്തവരെ കണ്ടെത്തി അവരുടെ ജീവിത ഗുണമേന്മയും ഉപജീവന സൗകര്യങ്ങളും വർദ്ധിപ്പിക്കുക.

- ആശുപത്രികളിലും പൊതു വിദ്യാലയങ്ങളിലും സൃഷ്ടിക്കപ്പെട്ടിട്ടുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളെ പ്രയോജനപ്പെടുത്തി അവിടങ്ങളിൽനിന്ന് ലഭിക്കുന്ന സേവനങ്ങളുടെയും വിദ്യാഭ്യാസത്തിന്റെയും ഗുണനിലവാരം ഉയർത്തുക.

- മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി, പരിസ്ഥിതി സംരക്ഷണം, പൊതു ആസ്തികളുടെ പരിപാലനം, ആശുപത്രികളുടെയും ആരോഗ്യ സേവനങ്ങളുടെയും പരിപാലനം എന്നിവയിൽ ഉത്തരവാദിത്ത സമീപനം വളർത്തിയെടുക്കുകയും നേട്ടങ്ങൾ സുസ്ഥിരമാക്കുകയും ചെയ്യുക. വകുപ്പുകളുടേയും സ്ഥാപനങ്ങളുടേയും അടിസ്ഥാന സൗകര്യം,

ധനസ്രോതസ്സ്, മനുഷ്യശേഷി എന്നീ വിഭവങ്ങളെയെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പ്രയോജനപ്പെടുത്താൻ കഴിയുന്ന സ്ഥിതി സൃഷ്ടിക്കുക.

- സോഷ്യൽ ഓഡിറ്റിംഗ്, സാമൂഹ്യ വിലയിരുത്തൽ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവയിലൂടെ ജനാഭിലാഷത്തിനനുസൃതമായ വികസനം സാധ്യമാക്കുക.
- സന്നദ്ധ സംഘടനകൾ, മത സ്ഥാപനങ്ങൾ, പ്രവാസികൾ, സർക്കാരിതര സംഘടനകൾ തുടങ്ങി സമൂഹത്തിന്റെ സമസ്ത മേഖലയിലുള്ള ജനങ്ങളുടെയും പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും പൂർണ്ണ സഹകരണവും അധിക വിഭവ സമാഹരണത്തിനുള്ള പങ്കാളിത്തവും വികസന പ്രവർത്തനങ്ങളിൽ ഉൾച്ചേരുന്ന പുതിയ സംസ്കാരം വളർത്തുക.
- ആർജ്ജിക്കുന്ന നേട്ടങ്ങൾ വരുംകാല വികസന പ്രവർത്തനങ്ങൾക്കുള്ള ദിശാസൂചികയാക്കാൻ കഴിയും വിധത്തിൽ വിവരസഞ്ചയം (repository of knowledge) സൃഷ്ടിക്കുക.
- ഉത്തരവാദിത്തത്തോടെ സുതാര്യവും ഫലപ്രദവുമായ ഭരണ നിർവ്വഹണം സാധ്യമാക്കുക.
- പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പാക്കുന്നതിലും മോണിറ്ററിംഗിനും വർദ്ധിച്ച ജനപങ്കാളിത്തം ഉറപ്പാക്കുക.
- വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പാക്കി ജനകീയ ക്യാമ്പയിനുകളായി പ്രവർത്തനങ്ങൾ നടപ്പാക്കുക.
- പുതിയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ എല്ലാ മേഖലയിലും പരമാവധി പ്രയോജനപ്പെടുത്തുക.
- വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനവും, പദ്ധതികളുടെ സംയോജനവും തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പരമാവധി ലഭ്യമാക്കി പ്രവർത്തനങ്ങൾ നടപ്പാക്കുക.
- സുസ്ഥിരതയും കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പാക്കിയും പാരിസ്ഥിതിക നാശമുണ്ടാക്കാത്ത വിധത്തിലും പദ്ധതികൾ നടപ്പിലാക്കുക.
- ഹ്രസ്വകാല-ദീർഘകാല പ്രവർത്തനങ്ങൾക്ക് പ്രത്യേക സമീപനം സ്വീകരിച്ചും സമയക്രമം കൃത്യമായി പാലിച്ചും അനുയോജ്യമായ നൂതന സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കുന്ന രീതി വികസിപ്പിക്കുക.

- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സംയോജനവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പാക്കുക.
- വകുപ്പുകളുടെ കീഴിൽ പ്രത്യേകമായി തയ്യാറാക്കുന്ന കേന്ദ്ര-സംസ്ഥാന പദ്ധതികളും വിഭവങ്ങളും കഴിയുന്നിടത്തോളം തദ്ദേശസ്വയംഭരണ സ്ഥാപനതല പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പാക്കുക.
- പ്രാദേശിക വിഭവ സമാഹരണത്തിന്റെയും സന്നദ്ധ പ്രവർത്തനത്തിന്റെയും ജനകീയ ഇടപെടലുകളുടെയും സ്പോൺസർഷിപ്പുകളുടെയും രൂപത്തിൽ ലഭിക്കുന്ന വിഭവങ്ങളും പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനതല പദ്ധതിയുടെ ഭാഗമാക്കി മാറ്റുക.
- വിവരസാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം എല്ലാ രംഗത്തും ഉറപ്പാക്കുകയും ഓരോ മേഖലയിലും നൂതന ആശയങ്ങളും ആഗോളതല മികച്ച പ്രവർത്തന മാതൃകകളും പ്രോത്സാഹിപ്പിക്കുകയും കേരളത്തിന്റെ സാഹചര്യങ്ങൾക്കനുസൃതമായി അവ പ്രയോഗത്തിൽ വരുത്തുകയും ചെയ്യുക.

**ഫയൽ തട്ടുകളുടെ എണ്ണം**

7 (7) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയലുകളിൽ തീരുമാനമെടുക്കുന്നതിൽ നിലവിലുള്ള തട്ടുകളുടെ എണ്ണം കുറയ്ക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ & ബി) നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ പതിമൂന്നാം റിപ്പോർട്ടായ സെക്രട്ടേറിയറ്റ് റിഫോംസിൽ വിവിധ തലങ്ങളിൽ ഫയൽ ചംക്രമണം ചെയ്യുന്നത് സംബന്ധിച്ച് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പൊതുഭരണ വകുപ്പിലെ ജോലിഭാരം ക്രമീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പ്രവൃത്തി പഠനം നടത്തി കരട് പഠന റിപ്പോർട്ട് 12-3-2019-ലെ സ.ഉ(കൈ)നം.4/2019/ഉഭപവ. പ്രകാരം രൂപീകരിച്ച സമിതിക്ക് നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ സെക്ഷനും വകുപ്പ് സെക്രട്ടറിക്കും ഇടയിൽ രണ്ട് മധ്യതല ഓഫീസർമാരുടെ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതും (ആദ്യ തലത്തിൽ അണ്ടർ/ഡെപ്യൂട്ടി സെക്രട്ടറി, രണ്ടാം തലത്തിൽ ഡെപ്യൂട്ടി/ജോയിന്റ്/ അഡീഷണൽ സെക്രട്ടറി) ആയത് അധികരിക്കുവാൻ പാടില്ലാത്തതുമാണെന്ന്

ശിപാർശ ചെയ്തിരുന്നു. ടി വിഷയം ജോലിഭാരം ക്രമീകരിക്കുന്നതുമായി ബന്ധപ്പെട്ട മേൽ പരാമർശിച്ച സമിതി തയ്യാറാക്കിയ റിപ്പോർട്ടിലും ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് 25-11-2020-ലെ സ.ഉ(കൈ)നം.229/2020/ പൊഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**വകുപ്പുകൾ തമ്മിലുള്ള തർക്കം കാരണം മുടങ്ങിയ പദ്ധതികൾ**

8 (8) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള തർക്കം കാരണം പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പദ്ധതികൾ മുടങ്ങിയത് കാരണം സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള തർക്കങ്ങൾ സംബന്ധിച്ച കോടതി കേസുകൾ കൈകാര്യം ചെയ്ത വകയിൽ സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത എത്രയെന്ന് വ്യക്തമാക്കാമോ?

(എ-സി) വകുപ്പുകൾ തമ്മിലുള്ള തർക്കംമൂലം പദ്ധതികൾ തടസ്സപ്പെടാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥ സംവിധാനമെന്താണെന്ന് വ്യക്തമാക്കാമോ; ഈ സംവിധാനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ /കോർപ്പറേഷനുകൾ/ ബോർഡുകൾ/സ്വയംഭരണസ്ഥാപനങ്ങൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തരം, ആസൂത്രണം എന്നീ വകുപ്പുകളിലേയും വിഷയം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പിന്റെയും സെക്രട്ടറിമാരടങ്ങുന്ന ഒരു സമിതി പുനർരൂപീകരിച്ചുകൊണ്ട് 15-9-2021- ലെ സ.ഉ(കൈ)നം. 21/2021/ഉഭപവ. നമ്പർ പ്രകാരം ഉത്തരവായി. മേൽ സംവിധാനത്തിന്റെ ഫലപ്രദമായ നടത്തിപ്പിലേയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ അനുമതി

9 (9) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിമൂലം സമാന്തര വിദ്യാഭ്യാസ മേഖല വലിയ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ എൻട്രൻസ് കോച്ചിംഗ് സെന്ററുകൾ ഉൾപ്പെടെയുള്ള സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യമേഖലയിലെ വിദഗ്ധരുൾപ്പെടുന്ന വിദഗ്ധ സമിതി ചെയർമാനെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങളെയും ഉൾപ്പെടുത്തി മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന ക്രൈസിസ് മാനേജ്മെന്റ് മീറ്റിംഗിലാണ് കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന് ഓരോ ഘട്ടത്തിലും ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത്. ആവശ്യമായ ഘട്ടങ്ങളിൽ നിയന്ത്രണം ബാധകമാക്കുകയും സ്ഥിതിഗതികൾ മെച്ചപ്പെടുന്നതനുസരിച്ച് ഇളവ് നൽകുകയും ചെയ്യുന്ന പ്രായോഗിക സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും 4-10-2021 മുതൽ തുറന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്ഥിതിഗതികൾ മെച്ചപ്പെടുന്നമുറയ്ക്ക് എൻട്രൻസ് കോച്ചിംഗ് സെന്ററുകൾ ഉൾപ്പെടെയുള്ള സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ അനുമതി നൽകുന്നകാര്യം ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് മീറ്റിംഗിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

## കാലാവധി അവസാനിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

10 (10) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ആഗസ്റ്റിൽ കാലാവധി അവസാനിച്ച് റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമെന്നും തസ്തികകളുടെ പേരും കാറ്റഗറി നമ്പരും സഹിതമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

(ബി) 2021 ആഗസ്റ്റിൽ റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഏതെല്ലാം തസ്തികകൾക്കാണ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതുസംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) ഈ കാലയളവിൽ റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഏതെല്ലാം തസ്തികകൾക്കാണ് ഇനി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിക്കാനുള്ളതെന്ന് പറയാമോ; വ്യക്തമായ വിവരം ലഭ്യാക്കുമോ?

ഓരോ വർഷവും ഒഴിവുകൾ പ്രതീക്ഷിക്കുന്ന തസ്തികകളിൽ മാത്രമാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ അല്ലെങ്കിൽ കാലാവധി അവസാനിച്ചയുടനെ പി.എസ്.സി. പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാറുള്ളത്. മറ്റ് തസ്തികകളുടെ വിജ്ഞാപനങ്ങൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അവസരങ്ങളിൽ മാത്രമാണ് പുറപ്പെടുവിച്ചുവരുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾ ഭേദഗതി**

11 (11) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് നിയമനങ്ങൾ വിട്ടുനൽകിയിട്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം കാരണം ഏതെല്ലാം പൊതുമേഖലാ/ അർദ്ധസർക്കാർ/ബോർഡ്/കമ്പനി സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേന ഇപ്പോഴും നികത്താൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഏതെല്ലാം തീയതികളിലാണ് പി.എസ്.സി.-ക്ക് വിട്ടതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സ്പെഷ്യൽ റൂൾ ഭേദഗതിക്ക് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്ലാനിംഗ് (ബിപിഇ) വകുപ്പിൽനിന്ന് പുറപ്പെടുവിച്ച 8-9-2010-ലെ 11870/BPE.1/10/Plg, 8-8-2014-ലെ 10557/BPE.1/2014/Plg, എന്നീ സർക്കുലറുകളിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കേണ്ടത്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.)

(ഡി) സർക്കാർ പി.എസ്.സി.-ക്ക് വിട്ടുനൽകിയ നിയമനങ്ങളിൽ വർഷങ്ങൾക്കുശേഷവും സ്പെഷ്യൽ റൂൾ ഭേദഗതിക്ക് അനന്തമായ കാലതാമസമുണ്ടാകുന്ന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകൾ അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-ഓഫീസ് സംവിധാനം

12 (12) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയലുകൾ എളുപ്പത്തിൽ തീർപ്പാക്കുന്നതിനും ഓഫീസിലെത്താതെതന്നെ ജനങ്ങൾക്ക് സേവനം ലഭ്യമാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ വകുപ്പുകളും ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്തെ എത്ര വകുപ്പുകളാണ് ഇപ്പോൾ ഇ-ഓഫീസ് സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകൾ, 43 ഡയറക്ടറേറ്റുകൾ, 8 കമ്മിഷണറേറ്റുകൾ, 14 കളക്ടറേറ്റുകൾ, 20 സബ് കളക്ടറേറ്റ്/ആർ.ഡി.ഒ ഓഫീസുകൾ, 15 താലൂക്ക് ഓഫീസുകൾ, ഇടുക്കി, വയനാട്, കോഴിക്കോട് ജില്ലകളിലെ വില്ലേജ് ഓഫീസുകൾ, 52 മറ്റ് ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്.

(സി) നിയമനം, സ്ഥലം മാറ്റം ഉൾപ്പെടെയുള്ളവ കൈകാര്യം ചെയ്യുന്ന എസ്റ്റാബ്ലിഷ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിയമനം, സ്ഥലം മാറ്റം ഉൾപ്പെടെയുള്ളവ ഇലക്ട്രോണിക് സംവിധാനത്തിലൂടെ കൈകാര്യം ചെയ്യുന്നതിനായി എസ്റ്റാബ്ലിഷ്മെന്റ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.

## കോവിഡ് സാഹചര്യത്തിലെ ഓഫീസ് പ്രവർത്തനം

13 (13) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ ഓഫീസ് പ്രവർത്തനത്തിൽവന്ന ക്രമീകരണംമൂലം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നുണ്ടോ?

കോവിഡ് വ്യാപനം നിലനിന്നിരുന്ന സാഹചര്യത്തിൽ ഓഫീസുകളിൽ ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങളിൽ/ നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവിധ വകുപ്പുകളിലെ ഫയലുകൾ തീർപ്പാക്കുന്നതിന് ജില്ലാതലത്തിൽ അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമോ?

(ബി&സി) ജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്ന റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളിലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. ഇതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ ഒക്ടോബർ 1 മുതൽ 10 വരെ കമ്മീഷണറേറ്റ് തലത്തിലും ഒക്ടോബർ 11 മുതൽ 31 വരെ ജില്ലാതലത്തിലും നവംബർ 1 മുതൽ 30 വരെ താലൂക്ക് തലത്തിലും ഡിസംബർ 1 മുതൽ 31 വരെ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകൾ പരമാവധി തീർപ്പാക്കുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പിലാക്കിവരുന്നു. അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കുന്നത് സർക്കാർ പരിശോധിക്കുന്നതാണ്.

**മഞ്ചേശ്വരം താലൂക്കിൽ സർക്കാർ ഓഫീസുകൾ**

14 (14) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര താലൂക്കുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

കേരളത്തിൽ 78 താലൂക്കുകൾ നിലവിലുണ്ട്. തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറയിൻകീഴ്, വർക്കല, കാട്ടാക്കട, കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, കുന്നത്തൂർ, പത്തനാപുരം, പുനലൂർ, കോഴഞ്ചേരി, മല്ലപ്പള്ളി, അടൂർ, റാന്നി, തിരുവല്ല, കോന്നി, ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, മീനച്ചിൽ, വൈക്കം, തൊടുപുഴ, ദേവികുളം, പീരുമേട്, ഉടുമ്പൻചോല, ഇടുക്കി, കണയന്നൂർ, പറവൂർ, ആലുവ, കുന്നത്തുനാട്, കൊച്ചി, മൂവാറ്റുപുഴ, കോതമംഗലം, തൃശ്ശൂർ, മുകുന്ദപുരം, തലപ്പള്ളി, കൊടുങ്ങല്ലൂർ, ചാവക്കാട്, ചാലക്കുടി, കുന്നംകുളം, പാലക്കാട്, ചിറ്റൂർ, ആലത്തൂർ, ഒറ്റപ്പാലം, മണ്ണാർക്കാട്,

പട്ടാമ്പി, അട്ടപ്പാടി ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ, തിരൂർ, പൊന്നാനി, തിരൂരങ്ങാടി, കൊണ്ടോട്ടി, കോഴിക്കോട്, വടകര, കൊയിലാണ്ടി, താമരശ്ശേരി, വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി, കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, ഇരിട്ടി, പയ്യന്നൂർ, കാസർഗോഡ്, ഹോസ്ദുർഗ്, മഞ്ചേശ്വരം, വെള്ളരിക്കുണ്ട്.

(ബി) ഓരോ താലൂക്ക് പരിധിയിലുമുള്ള താലൂക്ക്തല സർക്കാർ ഓഫീസുകൾ, സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെ ആണെന്ന് വിശദമാക്കാമോ;

(സി) മഞ്ചേശ്വരം താലൂക്ക് പരിധിയിൽ പുതുതായി തുടങ്ങുന്നതിന് പരിഗണനയിലുള്ള സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**വകുപ്പുകൾ തമ്മിലുള്ള ഏകോപനം**

15 (15) <u>ശ്രീ. കെ. ജെ. മാക്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഏകോപനക്കുറവുമൂലം വകുപ്പുകൾ തമ്മിൽ നിയമ നടപടി വരെയെത്തുന്നതും കോടതി വ്യവഹാരങ്ങളുണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ളത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ പരിശോധിച്ച് സർക്കാർ നയങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ചെലവാക്കുന്ന തുക അവരിൽനിന്നും ഈടാക്കുന്നതുമുൾപ്പെടെ എന്ത് നടപടികളാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) സർക്കാരിനുകീഴിലെ ഒരു വകുപ്പ് മറ്റൊരു വകുപ്പിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതിനും വകുപ്പുകൾ തമ്മിൽ ചർച്ചകൾ നടത്തി പരിഹാരം കാണുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവിധ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ/സ്വയംഭരണസ്ഥാപനങ്ങൾ/തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഒരു ഉന്നതതല സമിതി രൂപീകരിച്ചുകൊണ്ട് 23-8-1996-ലെ സ.ഉ.(കൈ)നം.27/96/ഉഭപവ., 30-9-2010-ലെ സ.ഉ(എം.എസ്)നം. 35/2010/ഉഭപവ. എന്നിവ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് വകുപ്പുകൾ

തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും ഫലപ്രദമായ ഏകോപനം നൽകുന്നതിനും പ്രസ്തുത കമ്മിറ്റി പുനഃസൃഷ്ടിച്ചുകൊണ്ട് 13-4-2015-ലെ സ.ഉ.(കൈ)നം.14/2014/ഉഭപവ. നം. പ്രകാരം ഉത്തരവായി. വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് മേൽ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത്. എന്നിരുന്നാലും ചില വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ കോർപ്പറേഷനുകൾ/ബോർഡുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി വിവിധ കോടതികളേയും ട്രൈബ്യൂണലുകളെയും മറ്റ് നിയമ ഫോറങ്ങളെയും സമീപിക്കുന്നുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. അതിനാൽ വിവിധ വകുപ്പുകൾ തമ്മിലുള്ള തർക്കം ഒഴിവാക്കുന്നതിനായി ഭരണപരമായ ഒരു സംവിധാനം ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ചീഫ് സെക്രട്ടറി ചെയർമാനായും ധനകാര്യം, ആഭ്യന്തരം, ആസൂത്രണം എന്നീ വകുപ്പുകളിലേയും തർക്ക വിഷയം കൈകാര്യം ചെയ്യുന്ന ബന്ധപ്പെട്ട വകുപ്പിന്റെയും സെക്രട്ടറിമാർ അടങ്ങുന്ന ഒരു സമിതിയായി പുനഃസംഘടിപ്പിച്ചുകൊണ്ടും 15-9-2021-ലെ സ.ഉ.(കൈ)നം. 21/2021/ഉഭപവ. നമ്പർ പ്രകാരം ഉത്തരവായി. മേൽ സംവിധാനത്തിന്റെ ഫലപ്രദമായ നടത്തിപ്പിലേയ്ക്കായി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## പി. എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ

16 (16) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിൽ എത്ര പേർ താൽക്കാലികം, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖാന്തരം നിയമനം നടത്തേണ്ട തസ്തികയിൽ എത്ര പേർ താൽക്കാലികം, ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദീകരിക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ എത്രയും പെട്ടെന്ന് റിപ്പോർട്ട് ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പി.എസ്.സി മുഖേന നികത്തേണ്ട എല്ലാ ഒഴിവുകളും അവ ഉണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പെൻഷൻ പ്രായപരിധി**

17 (17) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായപരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പെൻഷൻപ്രായം വർദ്ധിപ്പിക്കുമ്പോൾ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് എപ്രകാരം നിയമനം നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായപരിധി ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഓരോ വർഷവും ശരാശരി എത്ര കോടി രൂപ ബാധ്യത വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതം | ആകെ ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 15503.43 | 15278.07 |
| 2017-18 | 18174.29 | 19939.4 |
| 2018-19 | 18221.3 | 19015.12 |
| 2019-20 | 18911.83 | 19067.52 |
| 2020-21 | 20970.41 | 18945.58 |

**ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾ**

18 (18) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി ഗസറ്റഡ് തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## മുത്തേടം വില്ലേജിലെ മിച്ചഭൂമി കേസ്

19 (19) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ മുത്തേടം വില്ലേജിലെ SR 156/97 മിച്ചഭൂമി കേസിലെ ഇരകളായ നിരവധി കുടുംബങ്ങൾക്ക് നിരപരാധികളായിട്ടും നീതി നിഷേധിക്കപ്പെട്ട കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിലുണ്ടോ; 1970-നുമുമ്പ് പട്ടയം ഉണ്ടായിട്ടും മിച്ചഭൂമി കേസുകളിലകപ്പെട്ട് കഴിയുന്നവരുടെ ആക്ഷേപങ്ങൾ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ പ്രത്യേക കേസായി പരിഗണിച്ച് തീർപ്പാക്കാൻ സാധിക്കുമോ; മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് C6-119003/17 ഫയൽ നമ്പർ പ്രകാരം മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയ അടിയന്തര പ്രാധാന്യമുള്ള കത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് മുത്തേടം വില്ലേജിലെ ശ്രീ.പുതിയറ ഉണ്ണി അലവി എന്നവരുടെ SR 156/97-ാം മിച്ചഭൂമി കേസിൽ കേരള ഭൂപരിഷ്കരണ നിയമം വകുപ്പ് 85(8) പ്രകാരം ലഭിച്ച അപേക്ഷയിന്മേൽ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡിൽ വിചാരണ നടന്നുവരികയാണ്.

(ബി) മേൽ ഭൂമിയിലെ 155 കുടുംബങ്ങൾ മിച്ചഭൂമിയിൽ ഉൾപ്പെട്ടതല്ലെന്ന് സ്പെഷ്യൽ തഹസിൽദാർ ലാൻഡ് ബോർഡ് മുമ്പാകെ 2017-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതിനാൽ തുടർപരിശോധന വേഗത്തിൽ നടത്തി തീർപ്പുകൽപ്പിച്ച് ഉത്തരവ് നൽകാൻ സാധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീ. പുതിയറ ഉണ്ണി അലവി എന്നയാളുടെ എസ്.ആർ.156/97-ാം നമ്പർ മിച്ചഭൂമി കേസിൽ നിലമ്പൂർ മുത്തേടം വില്ലേജിലെ വിവിധ സർവ്വെ നമ്പരിൽ നിന്നും 373.80 ഏക്കർ ഭൂമി ഏറ്റെടുക്കാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ മുത്തേടം വില്ലേജിലെ സർവ്വെ നമ്പർ 1186/2A-യിലെ മൊത്ത വിസ്തീർണ്ണമായ 2558.50 ഏക്കർ ഭൂമിയിൽനിന്നുമാണ് 281.60 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടത്. ടി സർവ്വെ നമ്പരിൽ താമസിക്കുന്ന 238-ഓളം കക്ഷികൾ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ മുമ്പാകെ കേരള ഭൂപരിഷ്കരണ നിയമം, വകുപ്പ് 85(8) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 155 പേരുടെ അപേക്ഷയിന്മേൽ ഓതറൈസ്ഡ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ പ്രഖ്യാതാവുമായി ബന്ധമില്ലായെന്ന് കാണുന്നു. ആയതിനാൽ പ്രഖ്യാതാവിന്റെ അക്കൗണ്ടിൽ നിന്നും ടി ഭൂമി കുറവ് ചെയ്യാൻ സാധിക്കാത്തതിനാൽ 26-8-2021-ലെ വിചാരണയിൽ ഏറ്റെടുക്കേണ്ട ഭൂമി ഐഡന്റിഫൈ ചെയ്ത് തുടർനടപടികൾ

സ്വീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമുള്ളതായി ഓതറൈസ്ഡ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേയ്ക്ക് വില്ലേജ് ഓഫീസറെയും ഓതറൈസ്ഡ് ഓഫീസറെയും സഹായിക്കുന്നതിലേയ്ക്ക് ഒരു സർവ്വെ ടീമിന്റെ സഹായം താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അഞ്ച് സെന്റിൽ താഴെ ഭൂമിയുള്ള പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഉൾപ്പടെ 1980-ന് മുൻപ് പട്ടയം ലഭിച്ചിട്ടും മിച്ചഭൂമി കേസിന്റെ ഇരകളായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ വിഷയത്തിൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് ബോർഡ് സെക്രട്ടറി C6-119003/17, LB(E) 2-5363/17 നമ്പർ ഫയലിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മേൽ വിഷയത്തിൽ ശ്രീ. വി. കെ. ഷാനവാസ് ബഹു. മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ എൻ1/174/2017/റവന്യൂ എന്ന ഫയലിൽ പരിശോധിക്കുകയും അപേക്ഷകന് 24-2-2018-ന് മറുപടി നൽകി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ടി മിച്ചഭൂമി കേസിൽ കക്ഷികളുടെ പരാതിയിൻമേൽ അടിയന്തര നടപടി സ്വീകരിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുവാൻ നിലമ്പൂർ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാനോട് നിർദ്ദേശിച്ചിട്ടുണ്ട്.

**സേവനാവകാശനിയമം**

20 (20) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവന അവകാശ നിയമം നിലവിൽ വന്നതിനുശേഷം തീർപ്പാക്കാതെ കിടന്നിരുന്ന ഫയലുകളുടെ കാര്യത്തിലുണ്ടായ മാറ്റം എന്തൊക്കെയാണെന്നും ഫയലുകളിൽ തീരുമാനം വേഗത്തിൽ ആയി തുടങ്ങിയോയെന്നും അനന്തമായി നിശ്ചലാവസ്ഥയിലാകുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ സെക്രട്ടേറിയറ്റിലും കളക്ടറേറ്റുകളിലും (ജില്ലതിരിച്ച്) തീർപ്പാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം എത്രയാണെന്നും എത്രകാലമായി തീരുമാനമാകാതെ ഈ ഫയലുകൾ ഏതെല്ലാം വകുപ്പുകളിൽ കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) സേവനാവകാശനിയമം നിലവിൽ വന്നതിനുശേഷം പ്രസ്തുത നിയമപ്രകാരം സേവനം നൽകാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; നൽകിയ ശിക്ഷ എന്താണെന്നും കുറ്റത്തിന്റെ സ്വഭാവം എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) ആരും ശിക്ഷിക്കപ്പെട്ടിട്ടില്ലെങ്കിലോ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം കുറവാണെങ്കിലോ അത് സേവനാവകാശ നിയമത്തിന്റെ നേട്ടമാണോ കാണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാനത്ത് നിലവിലുള്ള വകുപ്പുകൾ**

21 (21) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വകുപ്പുകളുടെ പേര് വിവരങ്ങൾ നൽകാമോ?

കേരള സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടപ്രകാരം കേരള സർക്കാരിൽ നാല്പത്തിയഞ്ച് വകുപ്പുകളുണ്ട്. വകുപ്പുകളുടെ പേര് വിവരം അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) സംസ്ഥാനത്ത് സെക്രട്ടേറിയറ്റ് വകുപ്പെന്നും ഫീൽഡ് വകുപ്പെന്നും രണ്ട് തരം വകുപ്പുകൾ ഉണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ രണ്ടിന്റെയും പേര് വിവരങ്ങൾ ലിസ്റ്റ് തിരിച്ചു നൽകാമോ?

മേൽ സൂചിപ്പിച്ച സെക്രട്ടേറിയറ്റ് വകുപ്പുകളുടെ കീഴിൽ ഡയറക്ടർ, കമ്മീഷണർ, കൺട്രോളർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഫീൽഡ് വകുപ്പുകളുണ്ട്. അവ സംബന്ധിച്ച പേര് വിവരം അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) ഇ- ഡിസ്ട്രിക്ട് പ്രകാരം വിവിധ വകുപ്പുകളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകളിൽ അതാത് വകുപ്പുകളുടെ പേര് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതാത് വകുപ്പുകളുടെ പേര് ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നറിയിക്കുമോ?

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പിന്റെ ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം നിലവിൽ റവന്യൂ വകുപ്പിൽ നിന്നുള്ള, വകുപ്പ് അംഗീകരിച്ച നിശ്ചിത മാതൃകയിലുള്ള, 24 സർട്ടിഫിക്കറ്റുകളാണ് നൽകിവരുന്നത്. സർട്ടിഫിക്കറ്റുകൾ നല്കുന്ന വകുപ്പിൽനിന്നും ആവശ്യപ്പെടുന്നപക്ഷം സർട്ടിഫിക്കറ്റുകളുടെ മാതൃകയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താവുന്നതാണ്.

(ഡി) സംസ്ഥാനത്തെ ജില്ലാ കളക്ടർ എന്ന പോസ്റ്റ് ഏത് വകുപ്പിന്റെ കീഴിൽ വരുന്നതാണെന്ന് വ്യക്തമാക്കാമോ?

പൊതുഭരണ വകുപ്പിന്റെ കീഴിലുള്ള ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ഉദ്യോഗസ്ഥരുടെ കേഡർ തസ്തികയാണ് ജില്ലാ കളക്ടർ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**രാജകുടുംബങ്ങൾക്കുള്ള ധനസഹായം**

22 (22) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ:

(എ) കോഴിക്കോട് സാമൂതിരി രാജകുടുംബത്തിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ;

(ബി) എങ്കിൽ എന്ന് മുതലാണ് ധനസഹായം നൽകി തുടങ്ങിയത്?

(എ&ബി) ഉണ്ട്. കേന്ദ്ര സർക്കാർ നല്കുന്ന മാലിഖാന പെൻഷൻ 1960 മുതലും സംസ്ഥാന സർക്കാർ നല്കുന്ന പ്രത്യേക അലവൻസ് ആയി പ്രതിമാസം 2500 രൂപ വീതം 2013 വർഷം മുതലും നല്കിവരുന്നുണ്ട്.

(സി) കഴിഞ്ഞ പത്ത് വർഷമായി എത്ര തുകയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2013 മുതൽ നാളിതുവരെയായി 19,51,81,500/- രൂപ (പത്തൊൻപത് കോടി അൻപത്തിയൊന്ന് ലക്ഷത്തി എൺപത്തിയൊന്നായിരത്തി അഞ്ഞൂറ് രൂപ) വിതരണം ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഏതെല്ലാം രാജകുടുംബങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്; ഇങ്ങനെ ധനസഹായം നൽകുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

ധനസഹായം നല്കുന്ന രാജകുടുംബങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. 29-8-1969-ലെ സ.ഉ (സാ. ധാ.) നം. 1208/69/RD സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായി തിരുവിതാംകൂർ-കൊച്ചി നാട്ടുരാജ്യങ്ങളിലെ മുൻ നാട്ടുരാജാക്കന്മാർക്കും കുടുംബാംഗങ്ങൾക്കും ഫാമിലി & പൊളിറ്റിക്കൽ പെൻഷൻ അനുവദിച്ച് വരുന്നുണ്ട്. മലബാർ മേഖലയിലെ നാട്ടുരാജാക്കന്മാർക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന മാലിഖാന പെൻഷൻ നല്കിവരുന്നുണ്ട്.

**ഹെലികോപ്ടർ വാടക**

23 (23) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഏതൊക്കെ ആവശ്യങ്ങൾക്ക് വേണ്ടിയാണ് ഹെലികോപ്ടർ വാടകയ്ക്ക് എടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നാളിതുവരെ സംസ്ഥാന സർക്കാർ വാടകയ്ക്ക് എടുത്ത ഹെലികോപ്റ്റർ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചത്; ഈ ആവശ്യങ്ങൾക്കുവേണ്ടി എത്ര മണിക്കൂർ ഹെലികോപ്റ്റർ ഉപയോഗിച്ചതെന്നും ആയതിന് എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ;

(സി) ഹെലികോപ്റ്റർ വാടകയ്ക്കെടുത്ത വകയിൽ സർക്കാരിനുണ്ടായ ആകെ ചെലവ് എത്രയെന്ന് വ്യക്തമാക്കാമോ?

(എ-സി) വ്യോമ നിരീക്ഷണം, മാവോയിസ്റ്റുകളുടെ സഞ്ചാരപാത നിരീക്ഷണം, ആരോഗ്യ രക്ഷാപ്രവർത്തനം, സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശങ്ങൾ, തീരദേശം, വനമേഖലകൾ, വിനോദ സഞ്ചാര-തീർത്ഥാടന മേഖലകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും അടിയന്തരഘട്ടങ്ങളിലെ പോലീസിന്റേയും വിശിഷ്ട വ്യക്തികളുടേയും യാത്രയ്ക്കുമാണ് ഹെലികോപ്റ്ററിന്റെ സേവനം നൽകിയിരുന്നത്. 105.3 മണിക്കൂർ ഹെലികോപ്റ്റർ ഉപയോഗിച്ചിരുന്നു. ആകെ 222,151,000 രൂപ ജി.എസ്.ടി. ഉൾപ്പെടെ ചെലവായിട്ടുണ്ട്.

**മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ നൽകിയ അപേക്ഷ**

24 (24) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കണ്ണമംഗലം വെസ്റ്റ് എം.ഐ.എസ്.എം. യു.പി സ്കൂളിൽ അറബിക് അധ്യാപികയായി 51A ക്ലെയമെന്റ് ആയ ശ്രീമതി സലീന കക്കാട്ടുചാലിക്ക് നിയമനം നൽകണമെന്ന ഹൈക്കോടതി നിർദ്ദേശം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ 2-6-2021-ന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ;

(ബി) ഈ വ്യക്തിക്ക് അർഹതപ്പെട്ട ജോലി ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കണ്ണമംഗലം വെസ്റ്റ് എം.ഐ.എസ്.എം.യു.പി. സ്കൂളിൽ 28-7-2003 മുതൽ 4-11-2007 വരെ അറബിക് അധ്യാപികയായി ജോലി ചെയ്ത് അപ്രൂവൽ ലഭിക്കാത്ത ശ്രീമതി സലീന കക്കാട്ടുചാലി നിയമന അംഗീകാരം ആവശ്യപ്പെട്ട് മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ സമർപ്പിച്ച അപേക്ഷയിന്മേൽ വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ശ്രീമതി സലീന കക്കാട്ടുചാലി കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 51 എ അവകാശിയാണെന്നും സ്കൂളിൽ തുടർന്നുണ്ടാകുന്ന അടുത്ത ഒഴിവിൽ ടിയാൾക്ക് നിയമനാംഗീകാരം നൽകണമെന്നും ബഹു. ഹൈക്കോടതി വിധിയുമുണ്ട്. വിധി നടപ്പാക്കുന്നതിന് മാനേജർക്ക് നിർദ്ദേശം

നൽകിയിരുന്നുവെങ്കിലും ടിയാൻ കോടതി വിധി നടപ്പാക്കാൻ വിസമ്മതം കാണിക്കുന്നതിനാൽ മാനേജർക്കെതിരെ അടിയന്തര നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ 12-3-2021 ലെ എസ്.സി.3/285/2020/പൊ.വി.വ. കത്ത് പ്രകാരം വേങ്ങര ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

25 (25) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ദേവികുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

- 235 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.
- എല്ലാ വില്ലേജ് ഓഫീസുകളിലും ഔദ്യോഗിക വെബ് സൈറ്റ് ആരംഭിച്ചിട്ടുണ്ട്.
- എല്ലാ വില്ലേജ് ഓഫീസുകളിലേയും തണ്ടപ്പേർ, അടിസ്ഥാന ഭൂനികുതി രജിസ്റ്റർ എന്നിവയിൽ ആക്ഷേപരഹിതമായ എല്ലാ തണ്ടപ്പേരുകളുടെയും ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്.
- ഭൂനികുതി ഒടുക്കുന്നതിനുള്ള മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.
- ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷ സ്വീകരിക്കുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്.
- സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുള്ള ഓൺലൈൻ മൊഡ്യൂൾ ആരംഭിച്ചിട്ടുണ്ട്.
- കുഞ്ചിത്തണ്ണി ജി.എച്ച്.എസ്.എസ്. ബൈസൺവാലി ജി.എച്ച്.എസ്.എസ്. എന്നീ സ്കൂളുകളിലെ ലാബ് നവീകരണത്തിന്റെ ഉദ്ഘാടനം നടത്തി.
- ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിവാസൽ പഞ്ചായത്തിൽ 8.5 ലക്ഷം രൂപയുടെ പ്രവൃത്തികളടങ്ങുന്ന പദ്ധതി ഉദ്ഘാടനം ചെയ്തു.
- സുഭിക്ഷം സുരക്ഷിതം കേരളം എന്ന ലക്ഷ്യത്തോടെ വട്ടവടയിൽ ജൈവകൃഷി ആരംഭിച്ചു.

## നൂറുദിന പദ്ധതി

26 (26) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ നൂറുദിന പദ്ധതിയുടെ ഭാഗമായി ഉദ്ഘാടനം ചെയ്യപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

അനുബന്ധം - I ആയി ചേർത്തിരിക്കുന്നു*.

(ബി) നൂറുദിന പദ്ധതിയുടെ ഭാഗമായി പുതിയതായി ആവിഷ്കരിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

നൂറുദിന പദ്ധതി പുതിയതായി ആവിഷ്കരിക്കുന്ന പദ്ധതികളല്ല. നിലവിലുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിച്ചുള്ള സംരംഭമാണ്. അനുബന്ധം-II ആയി ചേർത്തിരിക്കുന്നു*.

## സിവിൽ സർവീസിൽ ഉദ്യോഗസ്ഥ ക്ഷാമം

27 (27) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവീസിൽ ഉദ്യോഗസ്ഥ ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; എത്ര തസ്തികകളാണ് ഇപ്രകാരം ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന സിവിൽ സർവീസിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ (എൽ.എ.-എൻ.എച്ച്), കണ്ണൂർ എന്ന തസ്തികയാണ് നിലവിൽ ഒഴിഞ്ഞ് കിടക്കുന്നത്. പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാന കേഡറിലെ ഐ.എ.എസ്., ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ അംഗബലം എത്രയാണെന്ന് വ്യക്തമാക്കാമോ; കേരള കേഡറിലുള്ള എത്ര ഉദ്യോഗസ്ഥരാണ് ഇപ്പോൾ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളതെന്ന് അറിയിക്കുമോ?

കേരള കേഡറിൽ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ ആകെ അംഗീകൃത അംഗബലം 231 ആണ്. ഇന്റർ കേഡർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന ഒരു ഐ.എ.എസ്. ഓഫീസർ ഉൾപ്പെടെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആകെ 143 ഐ.എ.എസ്. ഉദ്യോഗസ്ഥരാണ് കേരള കേഡറിൽ നിലവിൽ ജോലി ചെയ്തുവരുന്നത്. കേരള കേഡറിൽ ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ ആകെ അംഗീകൃത അംഗബലം 172 ആണ്. ഇന്റർ കേഡർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്ന 3 ഐ.പി.എസ്. ഓഫീസർമാർ ഉൾപ്പെടെ ആകെ 105 ഐ.പി.എസ്. ഉദ്യോഗസ്ഥരാണ് നിലവിൽ കേരള കേഡറിൽ ജോലി ചെയ്യുന്നത്. കേരള കേഡറിൽ നിന്നും നിലവിൽ 21 ഐ.എ.എസ്. ഉദ്യോഗസ്ഥരും 22 ഐ.പി.എസ്. ഉദ്യോഗസ്ഥരും കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്.

## ലോണുകളുടെ പുനഃക്രമീകരണം

28 (28) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ മൊറട്ടോറിയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകിയവരുടെ ലോണുകൾ ചില ബാങ്കുകൾ പുനഃക്രമീകരണം ചെയ്തു നൽകിയതിന്റെ ഫലമായി ഇടപാടുകാർക്ക് അധിക പലിശ ബാധ്യത ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അധിക പലിശ ബാധ്യത ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

വായ്പകളിൽ പുനഃക്രമീകരണം നടത്തുമ്പോൾ വായ്പയുടെ കാലാവധി നീട്ടി നൽകുകയോ തിരിച്ചടവിന് സാവകാശം നൽകുകയോ അല്ലെങ്കിൽ ഇവ രണ്ടും നൽകുകയോയാണ് സാധാരണയായി ബാങ്കുകൾ ചെയ്യുന്നത്. പൊതുവെ പുനഃക്രമീകരണം ചെയ്യുമ്പോൾ പലിശ നിരക്കിൽ മാറ്റം വരില്ല. മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് റിസർവ് ബാങ്ക് ഗവർണറോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കൂടാതെ കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്രസർക്കാരിനോടും അഭ്യർത്ഥിച്ചിട്ടുള്ളതുമാണ്.

## ചങ്ങനാശ്ശേരി മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതി

29 (29) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങളും ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു*.

**മങ്കട മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

30 (30) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി മങ്കട നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

മങ്കട നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ റീ ബീൽഡ് കേരള പദ്ധതികൾ**

31 (31) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബീൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) അതുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) നിലവിൽ ഏതെങ്കിലും പദ്ധതികൾ മുടങ്ങിക്കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

**റീബിൽഡ് കേരളയിൽ പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ സ്റ്റാറ്റസ്**

32 (32) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടാമ്പി മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഇതിലെ ഓരോ പദ്ധതിയുടെയും ഇപ്പോഴത്തെ സ്റ്റാറ്റസ് എന്താണെന്ന് വിശദമാക്കാമോ?

പട്ടാമ്പി നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി വഴി സർക്കാർ നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശം അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു*.

**ഹരിത കേരളം പദ്ധതി**

33 (33) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരളം പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഹരിതകേരളം മിഷൻ പദ്ധതി പ്രവർത്തനക്ഷമമാണ്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന ശുചിത്വവും ജലസമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ഹരിതകേരളം മിഷന്റെ മുഖ്യലക്ഷ്യങ്ങൾ. കാലാവസ്ഥാ വ്യതിയാനം പോലെയുള്ള പുതിയ വെല്ലുവിളികൾ നേരിടുന്നതിനുള്ള പ്രാദേശിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും മിഷൻവഴി ലക്ഷ്യമിടുന്നുണ്ട്. കൂടാതെ ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിദ്ധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനഃസ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക, പാരിസ്ഥിതിക സുരക്ഷയും ഉൽപ്പാദന ക്ഷമതയും സ്വയംപര്യാപ്തതയും ലക്ഷ്യമിട്ടുകൊണ്ടുള്ള സംയോജിത

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി രൂപീകരിക്കുന്നതിന് പ്രേരകശക്തിയായി പ്രവർത്തിക്കുക, ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക, മഴവെള്ള സംഭരണം വ്യാപകമാക്കുക, ഭൂഗർഭ ജലസംപോഷണം ഉറപ്പാക്കുക, ഫലവൃക്ഷങ്ങൾ വിവിധ ഇനം, ഔഷധ സസ്യങ്ങൾ എന്നിവ വ്യാപകമായി വച്ചുപിടിപ്പിക്കുക തുടങ്ങിയവയും പൊതുവായ ലക്ഷ്യങ്ങളാണ്.

(ബി) മാലിന്യ സംസ്കരണത്തിൽ ഈ പദ്ധതിക്ക് നൽകിയിരിക്കുന്ന പ്രാധാന്യം വ്യക്തമാക്കാമോ?

ശുചിത്വ മാലിന്യ സംസ്കരണം ഹരിതകേരളം മിഷന്റെ മൂന്ന് ഉപമിഷനുകളിൽ ഒന്നാണ്. പുതിയ നഗര ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ അനുസരിച്ച് ഒരു സാധാരണ പൗരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിച്ചും ഉത്തരവാദിത്വ മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യപരിപാലന സംസ്കാരം സൃഷ്ടിച്ചും ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് ഹരിതകേരളം മിഷൻ മാലിന്യ സംസ്കരണ പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്. ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, വിവിധ ഏജൻസികൾ എന്നിവയുടെ ഏകോപനത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് ഹരിതകേരളം മിഷൻ നേതൃത്വം നൽകിവരുന്നു. 986 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 3038 ഹരിതകർമ്മസേനാ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലൂടെ 30,000-ത്തോളം ഹരിതകർമ്മ സേനാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്താകമാനം 47% വീടുകളിലും 36% സ്ഥാപനങ്ങളിലും വാതിൽപ്പടി അജൈവ മാലിന്യ ശേഖരണം നടത്തുന്നുണ്ട്. 4708 മിനി എം.സി.എഫ്.-കൾ വാർഡ്തലത്തിൽ പാഴ് വസ്തു സംഭരണത്തിനായി സ്ഥാപിച്ച് പ്രവർത്തിക്കുന്നു. ഇതിൽ 3177 മിനി എം.സി.എഫ്.-കൾ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേനയാണ് സ്ഥാപിച്ചിട്ടുള്ളത്. 1110 എം.സി.എഫ്.-കൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പാഴ് വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനായി സ്ഥാപിച്ച് പ്രവർത്തിക്കുന്നു. അതിൽ 64 എണ്ണം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി മുഖേനയാണ് സ്ഥാപിച്ചിട്ടുള്ളത്. പാഴ് വസ്തുക്കൾ പുനരുപയോഗ യോഗ്യമാക്കുന്നതിനായി യന്ത്ര സംവിധാനങ്ങളോടുകൂടിയ 171 ആർ.ആർ.എഫ്.-കൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സ്ഥാപിച്ച് ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. അതിൽ 9 എണ്ണം അയ്യങ്കാളി തൊഴിലുറപ്പ് വഴി നിർമ്മിച്ചിട്ടുള്ളതാണ്. മാലിന്യ സംസ്കരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സാങ്കേതികമായി സഹായിക്കുന്നതിനായി 31 ഹരിതസഹായ സ്ഥാപനങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. 4800 മെട്രിക് ടൺ അജൈവ പാഴ് വസ്തുക്കൾ ക്ലീൻകേരള കമ്പനി മുഖാന്തരം ഇതിനോടകം

ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. 3810 കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലൂടെ 7,66,252 കിലോഗ്രാം ജൈവമാലിന്യം പ്രതിദിനം സംസ്ഥാനത്ത് സംസ്കരിക്കപ്പെടുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന 31,968 കമ്പോസ്റ്റ് പിറ്റുകളും അയ്യങ്കാളി പദ്ധതി മുഖേന 35,254 കമ്പോസ്റ്റ് പിറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. 11,510 സർക്കാർ ഓഫീസുകൾ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു. 1,800-ഓളം വിദ്യാലയങ്ങളിലായി 7,479 എണ്ണം (1,869 യൂണിറ്റ്) കളക്ടേഴ്സ് @ സ്കൂൾ സെഗ്രിഗേഷൻ ബിന്നുകൾ സ്ഥാപിച്ചു. 5 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററുകൾ (ഹരിത സഹായ കേന്ദ്രങ്ങൾ) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു-വരുന്നുയെന്ന് വ്യക്തമാക്കുമോ?

ശുചിത്വ മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം എന്നീ മേഖലകളിൽ വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും ഏകോപനത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയും സുസ്ഥിരതയും ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഹരിതകേരളം മിഷൻ സ്വീകരിച്ചുവരുന്നു. മിഷൻ മുൻകയ്യെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പച്ചത്തുരുത്തുകൾ, ജലഗുണപരിശോധനാ ലാബുകൾ, നീർച്ചാലുകളുടെ വീണ്ടെടുപ്പായ "ഇനി ഞാനൊഴുകട്ടെ" കാമ്പയിൻ എന്നീ പരിപാടികൾ നവകേരളം കർമ്മപദ്ധതി 2-ന്റെ ഭാഗമായി തുടർന്നും നടന്നുവരുന്നു.

**കോതമംഗലം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി**

34 (34) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ; ഇവ കോതമംഗലം മണ്ഡലത്തിലെ മൃഗാശുപത്രികൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ മൃഗാശുപത്രിയും കേന്ദ്രീകരിച്ച് എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഇക്കാര്യത്തിനായി കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു*. പ്രസ്തുത പദ്ധതികൾക്കായി കൂടുതൽ തുക അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

35 (35) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) റീ-ബിൽഡ് കേരളയുമായി ബന്ധപ്പെട്ട് നേരിട്ട് പാറശ്ശാല മണ്ഡലത്തിൽ പദ്ധതികളൊന്നും നിലവിൽ നടപ്പാക്കുന്നില്ല. എന്നാൽ വിവിധ വകുപ്പുകളുടെ സംസ്ഥാന തലത്തിലുള്ള പദ്ധതികളിൽ പാറശ്ശാല മണ്ഡലവും ഉൾപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർക്കുന്നു*.

(സി) തിരുവനന്തപുരം ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ പൂർത്തീകരിക്കപ്പെട്ട പ്രവൃത്തികളുടെ കരാറുകാർക്ക് ബിൽ മാറി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

വിവിധ വകുപ്പുകൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ആർ.കെ.ഐ. അതതു നിർവ്വഹണ ഏജൻസി/ഉദ്യോഗസ്ഥർക്ക് ഡി.ഡി.ഒ. അലോക്കേഷൻവഴി ഫണ്ട് അനുവദിക്കുകയാണ് ചെയ്യുന്നത്. പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ബില്ലുകൾ അതത് വകുപ്പുകളുടെ നിർവ്വഹണ ചുമതലയുള്ള ഉദ്യോഗസ്ഥരാണ് മാറിനൽകുന്നത്.

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രോജക്ടുകൾ

36 (36) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രോജക്ടുകളുടെ പേര്, തുക എന്നീ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിർമ്മാണം ആരംഭിച്ചവയുടെയും മറ്റുള്ളവയുടെയും ഭൗതിക നില വിശദമാക്കാമോ?

(എ&ബി) റീബിൽഡ് കേരള ഇനിഷ്യേറ്റിവിനുകീഴിൽ അംഗീകരിക്കപ്പെട്ട പദ്ധതികളിൽ അമ്പലപ്പുഴ മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശവും അനുബന്ധം 1-ൽ ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതികളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

മണ്ഡലത്തിൽ നടപ്പാക്കുന്ന ആർ.കെ.ഐ. പദ്ധതികളിൽ കൃഷി, മൃഗസംരക്ഷണം, കുടുംബശ്രീ തുടങ്ങിയവയുമായി ബന്ധപ്പെട്ടവ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ റോഡുകളിൽ നാലെണ്ണം പൂർത്തിയായി. ശേഷിക്കുന്നവ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ആലപ്പുഴ-ചങ്ങനാശേരി സെമി എലിവേറ്റഡ് ഹൈവേ പദ്ധതി 29-6-2023-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ കോവിഡുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഗണിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി പദ്ധതി പൂർത്തിയാക്കാനുള്ള തീയതി 28-11-2023 ആയി നീട്ടിയിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെയും ആർ.കെ.ഐ. സി.ഇ.ഒ.-യുടെയും നേതൃത്വത്തിൽ നിരന്തര വിലയിരുത്തൽ നടത്തുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

**ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. അംഗീകാരം**

37 (37) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) യു.ജി.സി. നൽകിയ അംഗീകാരത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഡിജിറ്റൽ യൂണിവേഴ്സിറ്റിയിൽ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇവയുടെ നിയമനരീതി എങ്ങനെയാണെന്ന് വിശദമാക്കാമോ?

(സി&ഡി) യൂണിവേഴ്സിറ്റിക്ക് സ്റ്റാറ്റ്യൂട്ട് നിലവിലില്ലാത്തതിനാൽ സ്ഥിര നിയമനങ്ങൾ നടത്തിയിട്ടില്ല. നിലവിൽ IIITM-K- യിൽനിന്നുള്ള അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവനം താൽക്കാലിക അടിസ്ഥാനത്തിൽ യൂണിവേഴ്സിറ്റി വിനിയോഗിക്കുകയാണ് ചെയ്യുന്നത്. ഇവ കൂടാതെ കരാർ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| തസ്തിക | നിയമനരീതി |
|---|---|
| അസിസ്റ്റന്റ് | കരാർ നിയമനം ഒരു വർഷത്തേയ്ക്ക്. (പത്രത്തിൽ പരസ്യം നൽകി അപേക്ഷ ക്ഷണിച്ചു. ആയതിനുശേഷം Centre for Management Development (CMD) മുഖേന സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം യൂണിവേഴ്സിറ്റി അഭിമുഖം നടത്തി നിയമിച്ചു.) |
| ലൈബ്രറി അസിസ്റ്റന്റ് | കരാർ നിയമനം ഒരു വർഷത്തേയ്ക്ക്. (പത്രത്തിൽ പരസ്യം നൽകി അപേക്ഷ ക്ഷണിച്ചു. ആയതിനുശേഷം ICT Academy മുഖേന എഴുത്തു പരീക്ഷ നടത്തിയതിന് ശേഷം യൂണിവേഴ്സിറ്റി അഭിമുഖം നടത്തി നിയമിച്ചു.) |
| അസിസ്റ്റന്റ് മാനേജർ (ബിസിനസ് ഡെവലപ്മെന്റ്) | കരാർ നിയമനം ഒരു വർഷത്തേയ്ക്ക്. (പത്രത്തിൽ പരസ്യം നൽകി അപേക്ഷ ക്ഷണിച്ചു. യൂണിവേഴ്സിറ്റി അഭിമുഖം നടത്തി നിയമിച്ചു.) |

### ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണം

38 (38) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - വയനാട് ജില്ലകളെ തമ്മിൽ ബന്ധിപ്പിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണ അനുമതിക്കായി പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പാരിസ്ഥിതിക ആഘാത പഠന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) എങ്കിൽ പരിസ്ഥിതി ക്ലിയറൻസിന് കേന്ദ്ര സർക്കാരിനെ സമീപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി ക്ലിയറൻസ് ആവശ്യമില്ല.

## ഭാരതപ്പുഴയിലെ മലിനീകരണത്തിൽ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ നിർദ്ദേശങ്ങൾ

39 (39) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയിലെ മലിനീകരണവുമായി ബന്ധപ്പെട്ട് നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

രാജ്യത്ത് മലിനീകരിക്കപ്പെട്ടതായി കണ്ടെത്തിയ 351 നദീഭാഗങ്ങളുടെ പട്ടികയിൽ കേരളത്തിലെ 21 നദീഭാഗങ്ങൾ ഉൾപ്പെടുന്നു. ബയോളജിക്കൽ ഓക്സിജൻ ഡിമാൻഡ്, ഫീക്കൽ കോളിഫാം ബാക്ടീരിയയുടെ അളവ് എന്നിവ കണക്കിലെടുത്ത് 5 മുൻഗണനാ ക്രമം തീരുമാനിച്ചിട്ടുണ്ട് (Priority I to V). ഭാരതപ്പുഴ പ്രയോറിറ്റി V-ൽ ഉൾപ്പെടുന്ന നദീ ഭാഗം പട്ടാമ്പി ഉൾപ്പെടുന്ന നദിയാണ്. ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിൽ ബയോളജിക്കൽ ഓക്സിജൻ ഡിമാൻഡ് 3mg/L-ൽ താഴെയും ഫീക്കൽ കോളിഫാം സാന്നിദ്ധ്യം 500 MPN/ml-ൽ താഴെയും എത്തിക്കുവാൻ ആവശ്യമായ പ്രവൃത്തികൾ ഉൾപ്പെടുന്ന ആക്ഷൻ പ്ലാൻ തയ്യാറാക്കി, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് ചുമതല നൽകിയിട്ടുള്ളത് റിവർ റിജ്യൂവനേഷൻ കമ്മിറ്റിയെയാണ്. ആക്ഷൻ പ്ലാൻ തയ്യാറാക്കുമ്പോൾ ശ്രദ്ധിക്കേണ്ട ഘടകങ്ങൾ സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ബഹു. ട്രൈബ്യൂണൽ നൽകിയിട്ടുണ്ട്.

എ) ഉറവിട നിയന്ത്രണം

i) വ്യാവസായിക മലിനീകരണം

ii) ഗാർഹിക മാലിന്യ സംസ്കരണവും നീക്കം ചെയ്യലും

ബി) നദീതട സംരക്ഷണവും മാനേജ്മെന്റും - ഭൂജല വിനിയോഗ നിയന്ത്രണം, സമയബന്ധിതമായ ജലഗുണനിലവാര പരിശോധന എന്നിവയുൾപ്പെടെ.

(ബി) ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

12-12-2018-ലെ സ.ഉ. (ആർ.ടി) നം. 135/ 2018/പരിസ്ഥിതി പ്രകാരം റിവർ റിജ്യൂവനേഷൻ കമ്മിറ്റിയും ആക്ഷൻ പ്ലാൻ കരട് നിർദ്ദേശം തയ്യാറാക്കി

സമർപ്പിക്കുന്നതിന് 30-4-2019-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 12/2019/ജവിവ. പ്രകാരം ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ജലസേചന വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ചെയർമാനും മലിനീകരണ നിയന്ത്രണ ബോർഡ് എൻവയോൺമെന്റൽ എഞ്ചിനീയർ കൺവീനറുമായാണ് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്. ഭാരതപ്പുഴയുടെ പൊന്നാനി ഭാഗത്തെ മലിനീകരണ തോത് കുറച്ച്, കുളിക്കുന്നതിന് അനുയോജ്യമായ തോതിൽ എത്തിക്കുന്നതിനുള്ള ആക്ഷൻ പ്ലാനും പ്രത്യേക പദ്ധതി രേഖയും തയ്യാറാക്കിയിട്ടുണ്ട്. പട്ടാമ്പി ഭാഗത്ത് മാലിന്യമുക്തമാക്കാൻ ഒരു കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ കാതലായ ഭാഗം അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*. ഷെഡ്യൂൾ ഓഫ് റേറ്റിൽവന്ന മാറ്റം കണക്കിലെടുത്ത് പദ്ധതി രേഖയിൽ ആവശ്യമായ മാറ്റംവരുത്തി സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ജലസേചന വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കർമ്മപദ്ധതി നടപ്പിലാക്കുന്നതിന്റെ ഏറ്റവും പുതിയ സ്ഥിതി വിവരം (ആഗസ്റ്റ് 2021) അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു*. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, ഇറിഗേഷൻ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവർ കർമ്മപദ്ധതി നടപ്പിലാക്കിവരുന്നു. മേൽ പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടില്ല. ബോർഡ് പ്രോജക്ടിൽനിന്നും മോണിറ്ററിംഗിനായുള്ള ഫണ്ട് ചെലവഴിച്ചുവരുന്നു.

## വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകൾ

40 (40) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് അടക്കമുള്ള അതീവ ഗുരുതര വൈറസ് രോഗങ്ങൾ പിടിമുറുക്കുന്ന സാഹചര്യത്തിൽ ഇത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 2018 മുതൽ 'ആരോഗ്യജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി, വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെ, പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതോടൊപ്പം ഐ.ഡി.എസ്.പി. (സംയോജിത രോഗനിരീക്ഷണ പരിപാടി) സംവിധാനത്തിലൂടെ സബ് സെന്റർ മുതൽ സംസ്ഥാനതലം വരെ പ്രതിദിന/ പ്രതിവാര അടിസ്ഥാനത്തിലുണ്ടാകുന്ന പകർച്ചവ്യാധികളുടെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച്, അപഗ്രഥിച്ച് വേണ്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. വൈറസ് മൂലമുള്ളതോ മറ്റ് കാരണങ്ങളാലോ ഉള്ള പകർച്ച വ്യാധികളായാലും ഗുരുതര രോഗമാണെങ്കിലും അല്ലെങ്കിലും ഇത്തരം പകർച്ചവ്യാധികളുടെ അപകട സൂചനകൾ (ഏർലി വാണിംഗ് സിഗ്നലുകൾ) കണ്ടെത്തിയാൽ വിവിധ തലങ്ങളിലുള്ള ദ്രുതകർമ്മ സേനകൾ (ആർ.ആർ.ടി) സ്ഥലം സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തുകയും രോഗാണുവിന്റെയും രോഗം പരത്തുന്ന ജീവികളുടെയും തരം അനുസരിച്ച് ഊർജ്ജിത രോഗനിയന്ത്രണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. ഇതിൽ ഗൃഹസന്ദർശനം, സ്ഥാപന സന്ദർശനം, പനി സർവ്വേ, രോഗ നിരീക്ഷണം, ലബോറട്ടറി നിരീക്ഷണം, രോഗം പരത്തുന്ന പ്രാണികളുടെ നിരീക്ഷണം, രോഗചികിത്സ, ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മരുന്ന്, പരിശോധനാ കിറ്റുകൾ, വ്യക്തി സുരക്ഷാ ഉപാധികൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കൽ, സംയോജിത പ്രാണി നിയന്ത്രണം, ക്ലോറിനേഷൻ/സൂപ്പർ ക്ലോറിനേഷൻ തുടങ്ങി രോഗത്തിന്റെ തരം അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. കൂടാതെ ആവശ്യമായ ബോധവത്കരണം, പരിശീലനം തുടങ്ങിയവയും നടത്തിവരുന്നു. ഗുരുതരമായ പകർച്ച രോഗങ്ങളാണെങ്കിൽ രോഗികളെ മാറ്റി പാർപ്പിക്കാനും ഐ.സി.യു., വെന്റിലേറ്റർ തുടങ്ങിയ സംവിധാനങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. അംഗീകൃത ചികിത്സാ മാർഗ്ഗരേഖകൾക്ക് അനുസൃതമായ ചികിത്സയും ഉറപ്പാക്കുന്നു. പകർച്ചവ്യാധികളുടെ പ്രതിരോധ നിയന്ത്രണത്തിനായി ആരോഗ്യത്തിനെ നിയന്ത്രിക്കുന്ന പ്രധാന സാമൂഹിക പാരിസ്ഥിതി ഘടകങ്ങളായ മാലിന്യ നിർമ്മാർജ്ജനം, പരിസ്ഥിതി ശുചിത്വം, കുടിവെള്ള ശുചിത്വം, ഭക്ഷ്യ ശുചിത്വം, കൊതുക് നശീകരണം മുതലായവയ്ക്ക് വളരെയധികം പങ്കുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും ഏജൻസികളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനം മുതൽ വാർഡ്തലം വരെ നടപ്പിലാക്കുന്നത്. നിപ്പപോലുള്ള ഗുരുതര വൈറസ് രോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് കേരളത്തിന്റെ രോഗനിരീക്ഷണ സംവിധാനത്തിന്റെ കാര്യക്ഷമതയെയാണ് സൂചിപ്പിക്കുന്നത്. ഇത്തരം രോഗങ്ങൾ യഥാസമയം കണ്ടെത്തി ചികിത്സിക്കുന്നതിന് ശക്തമായ ലബോറട്ടറി സംവിധാനം അനിവാര്യമാണ്. നിലവിൽ പി.സി.ആർ. ഉൾപ്പെടെയുള്ള പരിശോധനാ സംവിധാനം പബ്ലിക് ഹെൽത്ത് ലാബുകളിലും മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബുകളിലും ലഭ്യമാണെങ്കിലും നിപ്പപോലുള്ള ഗുരുതര വൈറസുകളെ കണ്ടെത്തുവാനായി ബയോസേഫ്റ്റി ലെവൽ കൂടുതലുള്ള റഫറൻസ് ലാബുകളെ ആശ്രയിക്കേണ്ടി വരുന്നു. NIV പൂനെ, ഭോപ്പാൽ ഹൈ സെക്യൂരിറ്റി

അനിമൽ ഡിസീസ് ലബോറട്ടറി (HSADL) മുതലായ ലാബുകളിൽ അയച്ചാണ് ഇത്തരം രോഗനിർണ്ണയം നടത്തുന്നത്. തോന്നയ്ക്കലിലെ വൈറോളജി ലാബ് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുന്നതോടുകൂടി ഇതിന് പരിഹാരമാകുന്നതാണ്.

(ബി) തോന്നയ്ക്കലിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പ്രവർത്തനസജ്ജമാക്കുവാൻ എന്തെല്ലാം സത്വരനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിനുള്ള ഉപകരണങ്ങൾ സജ്ജമാക്കിയിട്ടുണ്ടോ; 2018-ൽ തുടക്കം കുറിച്ച പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തന സജ്ജമാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(ബി&സി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ലബോറട്ടറികൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. ലബോറട്ടറി ഉപകരണങ്ങൾ വാങ്ങിക്കഴിഞ്ഞു. കോവിഡ് രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രോഗനിർണ്ണയം നടത്തുന്നതിനുള്ള ലബോറട്ടറിയുടെ (Diagnostic facility) പ്രവർത്തനം ഐ.സി.എം.ആർ. മാനദണ്ഡങ്ങൾക്ക് വിധേയമായി ആരംഭിക്കുന്നതിനാണ് മുൻഗണന നൽകുന്നത്. കൊറോണ വൈറസിന്റെ പലതരം പ്രാദേശിക വകഭേദങ്ങളുടെ ജനിതക ഘടന മനസ്സിലാക്കി ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിലേയ്ക്ക് അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളും വൈറസ് അനുബന്ധ രോഗ ഗവേഷണത്തിൽ വൈദഗ്ധ്യമുള്ള സ്ഥാപനങ്ങളുമായി സംയുക്ത ഗവേഷണ പദ്ധതികൾക്കുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഡയറക്ടർ, സീനിയർ പ്രിൻസിപ്പൽ സയന്റിസ്റ്റ് എന്നീ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. സയന്റിസ്റ്റ് ഇ 2, സയന്റിസ്റ്റ് സി തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പൂർത്തിയായി. ടെക്നിക്കൽ ഓഫീസർ, ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ഇതിന്റെ പ്രാരംഭഘട്ടത്തിൽ അഡ്വൈസറായി ആരെയാണ് നിയോഗിച്ചിരുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത അഡ്വൈസറെ മാറ്റി നിയമിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

31-5-2019-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 10/2019/ശാ.സ.വ. പ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയുടെ സീനിയർ അഡ്വൈസർ ആയി പ്രൊഫ. വില്യം ഡബ്ല്യൂ ഹാളിനെ (ഡയറക്ടർ സെന്റർ ഫോർ റിസർച്ച് ഇൻ ഇൻഫക്ഷ്യസ് ഡിസീസസ്, ഡബ്ലിൻ) നിയമിച്ചു. സീനിയർ അഡ്വൈസറെ മാറ്റി നിയമിച്ചിട്ടില്ല.

(ഇ) ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ രോഗനിർണ്ണയത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

എറണാകുളം ജില്ലയിൽ 2019-ൽ നിപ റിപ്പോർട്ട് ചെയ്തതിനുശേഷം, ആലപ്പുഴയിലുള്ള നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ PoC പരിശോധനയും നിപയ്ക്കുള്ള ആർ.ടി.പി.സി.ആർ. പരിശോധനയും സ്റ്റാൻഡർഡൈസ് ചെയ്തു. 2021-ൽ കോഴിക്കോട് നിപ റിപ്പോർട്ട് ചെയ്യുന്നതുവരെ, ICMR-NIV കേരള യൂണിറ്റ് നിപയ്ക്കുള്ള PoC ടെസ്റ്റിംഗിനായി സാമ്പിളുകൾ സ്വീകരിക്കുകയും PoC ടെസ്റ്റിംഗും RTPCR- ഉം ചെയ്തുവരുന്നു.

**ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്**

41 (41) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി സ്വാസ്ഥ്യ സുരക്ഷ യോജന (പി.എം.എസ്.എസ്.വൈ.) പദ്ധതിപ്രകാരം കേരളം ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് (എയിംസ്) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

19-6-2014-ലെ D.O.No.Z-28016/158/2014-SSH നമ്പർ കേന്ദ്ര സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി.എം.എസ്.എസ്.വൈ-ൽ ഉൾപ്പെടുത്തി കേരളത്തിന് AIIMS അനുവദിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നുവെങ്കിലും നാളിതുവരെ AIIMS അനുവദിച്ച് നൽകിയിട്ടില്ല.

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുത്താൻ കേരളം എപ്പോഴെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഏത് സർക്കാരിന്റെ കാലത്ത് എപ്പോൾ ആരോടാണാവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ; രേഖാമൂലം ആവശ്യപ്പെട്ടതാണെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) എയിംസ് കേരളത്തിന് അനുവദിക്കുമെന്ന് കേന്ദ്രം സൂചന നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) എയിംസ് സ്ഥാപിക്കാൻ എത്ര ഏക്കർ സ്ഥലമാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം സംബന്ധിച്ച് തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) എയിംസ് കേരളത്തിന് അനുവദിക്കുകയാണെങ്കിൽ ഏതെല്ലാം ജില്ലകളെയാണ് പ്രൊപ്പോസലിൽ ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നതെന്നും അവയിൽ പ്രഥമ പരിഗണന ഏത് ജില്ലയ്ക്കായിരിക്കുമെന്നും വ്യക്തമാക്കാമോ?

(ബി-എഫ്) 2014 മുതൽ അതത് കാലത്തെ സംസ്ഥാന സർക്കാരുകൾ ഇക്കാര്യം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. പ്രധാനമന്ത്രിയുമായുള്ള 2021 ജൂലൈ മാസത്തിൽ ഡൽഹിയിൽവച്ചുള്ള കൂടിക്കാഴ്ചയിലും ഇക്കാര്യം ഉന്നയിച്ചു. ആഗസ്റ്റ് മാസത്തിൽ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി കേരളം സന്ദർശിച്ചപ്പോഴും സംസ്ഥാനത്തിന്റെ ആവശ്യം അവതരിപ്പിച്ചു. ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ 22-9-2021-ൽ കേന്ദ്ര ആരോഗ്യ മന്ത്രിക്കയച്ച കത്തിൽ AIIMS തുടങ്ങുന്നതിനാവശ്യമായ 200 ഏക്കർ സ്ഥലം കോഴിക്കോട് ജില്ലയിൽ കിനാലൂരിൽ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുമുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ജി) എല്ലാ മേഖലകളിലും വിശിഷ്യ ആരോഗ്യമേഖലയിൽ കാസർകോട് ജില്ല അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതവും പോരായ്മകളും പരിഗണിച്ച് എയിംസ് സ്ഥാപിക്കുന്ന കാര്യത്തിൽ പ്രസ്തുത ജില്ലയ്ക്ക് സർക്കാർ പ്രഥമ പരിഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**റാന്നിയിൽ കാർഷിക ഗവേഷണ കേന്ദ്രം**

42 (42) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഷരഹിതവും രുചികരവുമായ റംബൂട്ടാൻ, മാംഗോസ്റ്റിൻ, കപ്പ, ചക്ക എന്നീ കാർഷികവിഭവങ്ങളാൽ സമ്പന്നവും കേരളത്തിൽ ഏറ്റവും കൂടുതൽ ഗുണമേന്മയുള്ള റബ്ബർ ലഭിക്കുന്നതുമായ റാന്നിയിൽ കാർഷിക ഗവേഷണ കേന്ദ്രമോ ഉപകേന്ദ്രമോ ആരംഭിച്ച് കർഷകർക്ക് കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്ന ഉൽപ്പാദന അവസരം സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പരിശോധിച്ചുവരുന്നു.

(ബി) കുടുംബശ്രീയുടെയും കാർഷിക ഗവേഷണ കേന്ദ്രത്തിന്റെയും സഹകരണത്തോടുകൂടി റാന്നിയിൽ റബർ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ബ്ലഡ് ബാഗ്, കയ്യുറകൾ, പ്രത്യുൽപ്പാദന നിയന്ത്രണ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ ഫീസിബിലിറ്റി സ്റ്റഡി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് വഴി നടത്തുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എസ്.സി./എസ്.ടി. വിഭാഗത്തിന്റെ ഒഴിവുകൾ

43 (43) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എസ്.സി./എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന സർക്കാർ ജോലിയിൽ പ്രവേശിച്ച ഒരാൾ റിലീവ് ചെയ്തോ രാജിവച്ചോ പോകുന്ന സാഹചര്യത്തിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. ജനറൽ ഒഴിവുകൾ ആയി പരിഗണിച്ച് നിയമനം നടത്തുന്നതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് റാങ്ക് ലിസ്റ്റിലുള്ള എസ്.സി., എസ്.ടി. ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

എസ്.സി/എസ്.ടി സ്പെഷ്യൽ റിക്രൂട്ട്മെന്റിനായുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് സർക്കാർ ജോലിയിൽ പ്രവേശിച്ച ഒരാൾ ബന്ധപ്പെട്ട വകുപ്പിൽ നിന്നും വിടുതൽ ചെയ്തോ രാജി വച്ചോ പോകുന്ന സാഹചര്യത്തിൽ, പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിലുണ്ടെങ്കിൽ ടി ഒഴിവ് വെക്കേഷൻ വേക്കൻസിയായി പരിഗണിച്ച് റാങ്ക് പട്ടികയിലെ അടുത്ത ഉദ്യോഗാർത്ഥിക്ക് നിയമന ശിപാർശ നൽകുകയാണ് ചെയ്യുന്നത്. എന്നാൽ റാങ്ക് പട്ടികയുടെ കാലാവധി അവസാനിച്ചശേഷം ഉണ്ടാകുന്ന പ്രസ്തുത ഒഴിവുകളിൽ തൊട്ടടുത്ത വർഷം ജനുവരിയിൽ നടത്തുന്ന വാർഷിക അവലോകനത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായുള്ള തസ്തിക സംവരണം ചെയ്യുകയും നിയമനം നടത്തി വരികയുംചെയ്യുന്നു. ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## പി.എസ്.സി. അംഗങ്ങളുടെ യോഗ്യതാ മാനദണ്ഡങ്ങൾ

44 (44) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. അംഗങ്ങളുടെ നിയമനത്തിന് യോഗ്യതാ മാനദണ്ഡങ്ങൾ നിലവിലുണ്ടോ;

(ബി) ഉദ്യോഗാർത്ഥികൾക്കായി ഇന്റർവ്യൂവും മറ്റും നടത്തുന്ന പി.എസ്.സി. അംഗങ്ങൾക്ക് കാലാനുസൃതമായ യോഗ്യതാ മാനദണ്ഡങ്ങൾ നിഷ്കർഷിക്കേണ്ടതില്ലേ;

(സി) പി.എസ്.സി. അംഗങ്ങളുടെ യോഗ്യത കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 316(1) പ്രകാരം പി.എസ്.സി. അംഗങ്ങളായി നിയമിക്കപ്പെടുന്നവരിൽ പകുതിപ്പേർ കേന്ദ്ര/സംസ്ഥാന സർവ്വീസിൽ കുറഞ്ഞത് പത്ത് വർഷത്തെ സേവനപരിചയമുള്ളവരായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**സ്പെഷ്യൽ റൂൾസ് തയ്യാറാക്കൽ**

45 (45) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനം പി.എസ്.സി.-ക്ക് വിട്ട സർക്കാർ, പൊതുമേഖല, സാംസ്കാരിക, സഹകരണ സ്ഥാപനങ്ങളിലെ ഏതൊക്കെ വകുപ്പുകളിലെ ഏതൊക്കെ തസ്തികകളിലാണ് സ്പെഷൽ റൂൾസ് തയ്യാറാക്കാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്പെഷ്യൽ റൂൾസ് എത്രയും വേഗം തയ്യാറാക്കി പി.എസ്.സി. നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്പെഷ്യൽ റൂൾസ് അടിയന്തരമായി രൂപീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുകൾ അതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**പി.എസ്.സി. നിയമനങ്ങൾ**

46 (46) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പി.എസ്.സി. വഴി എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കി; പൊതുമേഖലയുൾപ്പെടെ മറ്റിതര സ്ഥാപനങ്ങൾവഴി എത്ര പേർക്ക് തൊഴിൽ ഉറപ്പാക്കി; വിശദാംശം വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,61,361 (ഒരു ലക്ഷത്തി അറുപത്തിയൊന്നായിരത്തി മുന്നൂറ്റി അറുപത്തിയൊന്ന്) പേർക്ക് പി.എസ്.സി. നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ നൂറ് ദിന പരിപാടിയിൽ പി.എസ്.സി. വഴി ഉൾപ്പെടെ വിവിധ മേഖലകളിലായി എത്ര പേർക്ക് തൊഴിൽ ഉറപ്പാക്കി; വ്യക്തമാക്കുമോ?

21-5-2021 മുതൽ 31-8-2021 വരെ 9618 (ഒൻപതിനായിരത്തി അറുന്നൂറ്റി പതിനെട്ട്) നിയമന ശിപാർശകൾ പി.എസ്.സി. നൽകിയിട്ടുണ്ട്.

(സി) അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ സഹായിക്കാനും തൊഴിലുൾപ്പെടെ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുമായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**റാങ്ക് ലിസ്റ്റിലെ ആദ്യ നിയമനം**

47 (47) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനങ്ങളിൽ ഒരു റാങ്ക് ലിസ്റ്റിന്റെ ആദ്യത്തെ അഡ്വൈസ് വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന തീരുമാനത്തിന് ആധാരമായ സംഗതികൾ വിശദമാക്കാമോ; എന്ന് മുതലാണ് ഈ തീരുമാനം പി.എസ്.സി. നടപ്പിലാക്കുന്നത്; ഇത് സംബന്ധിച്ച തീരുമാനം എപ്പോഴാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കാമോ?

1995-ലെ PWD Act വകുപ്പ് 33 അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ നിയമനങ്ങളിൽ 3% സംവരണം ഉറപ്പാക്കുന്നതിനായി 14-7-1998-ലെ GO(P) NO. 20/98/P&ARD, 19-5-2008 ലെ GO(P) No. 31/08/SWD എന്നീ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. 19-7-2008-ലെ GO(P) No. 46/08/SWD ഉത്തരവ് പ്രകാരം റിസർവേഷൻ റോസ്റ്ററിൽ ഔട്ട് ഓഫ് ടേൺ ആയി 33,66,99 എന്നീ ടേണുകൾ നിശ്ചയിക്കുകയും ചെയ്തിരുന്നു. 6-5-2017-ലെ G.O.(P) No. 08/17/SWD സർക്കാർ ഉത്തരവ് പ്രകാരം പ്രസ്തുത ഔട്ട് ഓഫ് ടേണുകൾ 1, 34, 67 എന്നായി മാറ്റിയതിനെ തുടർന്ന് 6-5-2017 മുതലുള്ള ഭിന്നശേഷി നിയമനങ്ങളിൽ 1, 34, 67 എന്നീ ഔട്ട് ഓഫ് ടേണുകളാണ് അനുവർത്തിച്ചുവരുന്നത്. ബഹു. സുപ്രീം കോടതിയുടെ SLP NO. 14889 of 2009 -ലെയും Civil Appeal No. 9096/2013-ലെയും വിധിന്യായത്തിന്റെയും വിവിധ കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് മേൽ ഉത്തരവ് പുറപ്പെടുവിക്കപ്പെട്ടിട്ടുള്ളത്.

(ബി) ഇതുമൂലം റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്കുപോലും നിയമനം ലഭിക്കാത്ത സാഹചര്യം സംബന്ധിച്ച പരാതികൾ സർക്കാരിന്റെയും പി.എസ്.സി.യുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ പി.എസ്.സി.-യോ സർക്കാരോ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ആകെ ഒഴിവുകളുടെ എണ്ണം ഒന്ന് മാത്രമുള്ള തസ്തികകളിൽ ആദ്യത്തെ അഡ്വൈസ് വികലാംഗർക്ക് എന്ന ഉത്തരവ് ബാധകമാണോ; പോലീസ് വകുപ്പിൽ ഫോറൻസിക് സയൻസ് ലാബിലെ സയന്റിഫിക് അസിസ്റ്റന്റ്

(പോളിഗ്രാഫ്) തസ്തികയുടെ കേഡർ സ്ട്രെങ്ത് പി.എസ്.സി.-യിൽ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെങ്കിലും വകുപ്പ് അവരുടെ ഏതെങ്കിലും തസ്തികയുടെ കേഡർ സ്ട്രെങ്ത് രണ്ടിൽനിന്നും ഒന്നായി കുറച്ചാലോ, ഒന്നിൽ നിന്നും രണ്ടായി ഉയർത്തിയാലോ ആ വിവരം പി.എസ്.സി.-യെ അറിയിക്കേണ്ടതുണ്ടോ; അങ്ങനെ അറിയിക്കാതിരുന്നാൽ പി.എസ്.സി. അഡ്വൈസിൽ വ്യത്യാസമുണ്ടാകുമോ; കേഡർ സ്ട്രെങ്തിൽ വകുപ്പുകൾ വ്യത്യാസം വരുത്തിയാൽ അതിന് സർക്കാരിന്റെ അംഗീകാരം നേടാതിരുന്നാൽ പി.എസ്.സി. അംഗീകരിക്കുമോ;

(ഇ) കേഡർ സ്ട്രെങ്ത് ഒന്ന് ഉള്ള തസ്തികകളിൽ അപേക്ഷ ക്ഷണിക്കുമ്പോൾ ആദ്യത്തെ അഡ്വൈസ് വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് ആയിരിക്കുമെന്ന് പി.എസ്.സി. വ്യക്തമാക്കാത്തത് എന്തുകൊണ്ടാണ്; ഇതിലൂടെ ഉദ്യോഗാർത്ഥികളുടെ എണ്ണം കുറയ്ക്കാനും സാമ്പത്തികം, സമയം മുതലായ റിക്രൂട്ട്മെന്റ് ചെലവ് കുറയ്ക്കാനും പി.എസ്.സി. നടപടി സ്വീകരിക്കുമോ?

(ബി-ഇ) നിലവിലുള്ള ഉത്തരവുകൾ അനുസരിച്ച് ആകെ ഒഴിവുകൾ ഒന്ന് മാത്രമുള്ള തസ്തികകളിലും ഭിന്നശേഷി സംവരണം പാലിക്കുന്നുണ്ട്. ഭിന്നശേഷിക്കാർക്കായി പ്രസ്തുത ടേണുകൾ നൽകുന്നതിനാൽ നിയമനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം തസ്തികകളുടെ കേഡർ സ്ട്രെങ്ത് പി.എസ്.സി.-യിൽ ലഭ്യമാക്കേണ്ടതില്ല.

**ആശ്രിത നിയമനത്തിലെ കാലതാമസം**

48 (48) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള സമാശ്വാസ തൊഴിൽ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആശ്രിത നിയമനം സമയബന്ധിതമായി നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

(എ&ബി) സർക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് 24-5-1999-ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ആശ്രിത നിയമനം അനുവദിക്കുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 30 പ്രകാരം സർവ്വീസിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിലെ ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ

നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിലേയ്ക്ക് ആശ്രിതന് നിയമനം നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, എല്ലാ വകുപ്പുകളിലും ഓരോ വർഷവുമുണ്ടാകുന്ന 5 ശതമാനം ഒഴിവുകൾ ആശ്രിത നിയമനം നടത്തുന്നതിനായി പൊതു ഭരണ (കംപാഷണേറ്റ് എംപ്ലോയ്മെന്റ് സെൽ) വകുപ്പിൽ അതത് വകുപ്പുകൾ റിപ്പോർട്ട് ചെയ്യേണ്ടതുണ്ട്. മാതൃ വകുപ്പിൽ ഒഴിവില്ലാതെ വരുമ്പോഴോ അപേക്ഷകൻ മറ്റു വകുപ്പുകളിലെ തസ്തികയിൽ നിയമനം ആവശ്യപ്പെടുമ്പോഴോ നിയമനം നൽകുന്നതിനാണ് ഇപ്രകാരം തസ്തികകൾ നീക്കിവയ്ക്കുന്നത്. 24-5-1999-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 30-ലെ നിയമനത്തിനുപുറമെയാണ് ഇപ്രകാരം 5 ശതമാനം നിയമനങ്ങൾ നടത്തിവന്നിരുന്നത്. ആഭ്യന്തരവകുപ്പിൽ മുൻകാലത്ത് ആശ്രിത നിയമന പദ്ധതിയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ജീവനക്കാർ അവരുടെ സർവ്വീസ് ക്രമീകരണവുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഹർജികൾ ഫയൽ ചെയ്തിരുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 29-6-2018-ൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ വകുപ്പിലും ഓരോ വർഷവുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനം മാത്രമേ ആശ്രിതനിയമനത്തിനായി നീക്കി വയ്ക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചും ഈ ഉത്തരവ് ശരിവച്ചു. ബഹു. കോടതി ഉത്തരവിനെ തുടർന്ന് മാതൃവകുപ്പുകളിൽ നടത്തുന്ന നിയമനങ്ങൾ ഉൾപ്പെടെ ആകെ ആശ്രിതനിയമനം ഓരോ വർഷവും ഓരോ വകുപ്പിലുമുണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ നിജപ്പെടുത്തുന്ന സ്ഥിതിയുണ്ടായി, ബഹു. ഹൈക്കോടതി ഉത്തരവ്, 24-5-1999-ലെ ഉത്തരവിലെ ഖണ്ഡിക 30-ലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാൽ വിധി ന്യായം പുന:പരിശോധിക്കാൻ സംസ്ഥാന പോലീസ്, റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പൊതുതസ്തികകളിൽ ആശ്രിതനിയമനം ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് പൊതു തസ്തികകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചവർക്ക് യോഗ്യത അനുസരിച്ച് സാങ്കേതിക തസ്തികകളിൽ ഉൾപ്പെടെ അർഹമായ മറ്റ് തസ്തികകളിലേയ്ക്ക് തസ്തിക മാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സർക്കാരിന്റെ 7-6-2021-ലെ സ.ഉ. (കൈ)നം.12/2021/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ആശ്രിതനിയമനത്തിനായുള്ള അപേക്ഷകരിൽ കാലാവധി കഴിഞ്ഞിട്ടും നിയമനം ലഭിക്കാത്തവരെ കമ്പനി/കോർപ്പറേഷൻ/ യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർക്കാർ വകുപ്പുകളിൽ ജോലി ചെയ്തുവരവെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സർക്കാർ വകുപ്പുകളിൽ മാത്രമേ നിയമനം നൽകുവാൻ വ്യവസ്ഥയുള്ളൂ.

## ഡിജിറ്റൽ മേഖലയിലെ തൊഴിൽ സൗകര്യങ്ങൾ

49 (49) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര കാലത്ത് ഡിജിറ്റൽ ജോലികൾ ചെയ്യുന്നവർക്ക് എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

(i) കോവിഡാനന്തര കാലത്ത് സർക്കാർ ഐ.ടി. പാർക്കുകളുമായി ബന്ധപ്പെട്ട് മാർക്കറ്റിംഗ് പ്രചാരണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നിർവ്വഹിക്കുകയും തൽഫലമായി ഐ.ടി. കമ്പനികളിലെ തൊഴിലവസരങ്ങളും മികച്ച തൊഴിലന്തരീക്ഷവും ഉദ്യോഗാർത്ഥികൾക്കും പുതിയ ഐ.ടി. നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും ഒരുപോലെ സഹായകരമായിട്ടുണ്ട്.

(ii) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലവിൽ കേരളത്തിലെ ഐ. ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി. /ഐ.ടി. ഇതര സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിയ വാടക ഇളവുകളും മറ്റ് ആനുകൂല്യങ്ങളും വലിയതോതിൽ ആശ്വാസം നല്കുകയും ഐ. ടി. വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കമ്പനികൾക്ക് ടെക്നോപാർക്കിൽ നിക്ഷേപം നടത്തുവാൻ പ്രേരകമാകുകയും അത് വഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതിനും കാരണമായിട്ടുണ്ട്.

(iii) വൈദഗ്ധ്യം ഉള്ളവരും ഡിജിറ്റൽ തൊഴിലുകളിൽനിന്ന് ഒഴിവാക്കപ്പെട്ടവർക്കും കേരളത്തിലിരുന്ന് അവരവരുടെ യോഗ്യതയ്ക്കും അനുഭവസമ്പത്തിനും അനുയോജ്യമായ തൊഴിലുകൾ ലഭ്യമാക്കാനും അത്തരം തൊഴിലുകൾക്കാവശ്യമായ ഹ്രസ്വകാല-ദീർഘകാല പരിശീലനങ്ങൾ നേടുന്നതിനും സാഹയകമായ ഒരു പദ്ധതി കെ-ഡിസ്കിന് കീഴിൽ "കേരള നോളജ് ഇക്കോണമി മിഷൻ" എന്ന പേരിൽ സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

(iv) ആഗോളതലത്തിൽ മുന്നിൽ നിൽക്കുന്നതും കേരളത്തിൽ പ്രാതിനിധ്യം ഇല്ലാത്തതുമായ ഐ.ടി./ഐ.ടി.ഇ.എസ്. മേഖലകളിലെ വൻകിട കമ്പനികളെ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിലുള്ള " കോവർക്കിംഗ് സ്പെയിസ്" സംവിധാനം ശ്രദ്ധയിൽപ്പെടുത്തി അവ പ്രയോജനപ്പെടുത്തിക്കൊണ്ട് " റിമോട്ട് വർക്ക് ഫോഴ്സ്" വഴി ഈ കമ്പനികളുടെ ബിസിനസ്സ് കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഡിജിറ്റൽ ജോലികൾ ചെയ്യുന്നവർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഡിജിറ്റൽ മേഖലയിൽ ജോലി ചെയ്യുന്നവരെയും തൊഴിൽ ദാതാക്കളെയും പരസ്പരം ബന്ധിപ്പിച്ച് അനുയോജ്യമായ തൊഴിലും അതിനാവശ്യമായ നൈപുണ്യങ്ങളും ആർജ്ജിക്കാൻ സഹായിക്കുന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ആയ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം-DWMS വഴിയാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

(സി) ഡിജിറ്റൽ മേഖലയിൽ തൊഴിൽ ലഭിക്കുന്നവരുടെ സാമൂഹ്യസുരക്ഷ ബാധ്യത ഏറ്റെടുക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമത്തിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടി ഒരു നിധി രൂപീകരിക്കുകയും പ്രസ്തുത മേഖലയിലെ ജീവനക്കാരുടെ ക്ഷേമം മുൻനിർത്തി ക്ഷേമപദ്ധതി രൂപീകരിച്ച് ആയതിന്റെ നടത്തിപ്പ് കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ക്ഷേമനിധിയിൽ അംഗത്വമെടുക്കുവാൻ അർഹതയുള്ളതും പദ്ധതി ആനുകൂല്യങ്ങൾക്ക് അർഹരാകാവുന്നതുമാണ്. 2021-ലെ കേരളത്തിലെ ഐ.റ്റി., ഐ.റ്റി. അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്ത ജീവനക്കാർക്കും സംരംഭകർക്കും പെൻഷൻ, വിവാഹാനുകൂല്യം, പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര സഹായം, മരണാനന്തര ചെലവ് എന്നീ ആനുകൂല്യങ്ങൾ പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുണ്ട്.

(ഡി) ഈ മേഖലയിൽ ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുമായി ധാരണാപത്രങ്ങൾ ഒപ്പിട്ടിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ?

കേരള നോളജ് ഇക്കോണമി മിഷൻ ലക്ഷ്യമിടുന്ന ‘ 20 ലക്ഷം അഭ്യസ്തവിദ്യർക്കുള്ള തൊഴിൽ' പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമായി പ്രവർത്തിക്കുന്ന (Platform of Platforms) DWMS എന്ന ഡിജിറ്റൽ പ്ലാറ്റ്ഫോം ആണ്. ഇതിലെ വിവിധ പ്രവർത്തനങ്ങൾക്കായി ദേശീയ-അന്തർ ദേശീയ തലങ്ങളിൽ സമാനമായ പ്രവർത്തനങ്ങൾ നടത്തുന്ന ഡിജിറ്റൽ പ്ലാറ്റ് ഫോമുകളുമായി ചർച്ചകൾ നടന്നുവരുന്നു. www.monsterindia.com എന്ന ഡിജിറ്റൽ തൊഴിൽദായക പ്ലാറ്റ്ഫോമുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

**കെ-ഫോൺ പദ്ധതി**

50 (50) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫോൺ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ നാളിതുവരെ എത്ര രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ ആയ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് നല്കുവാനുള്ള തുകയിൽ 238,75,24,702 രൂപയും വിവിധ പ്രദേശങ്ങളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിക്കുന്നതിനും വൈദ്യുതി ഇനത്തിലും മറ്റ് അനുബന്ധ ചെലവുകൾക്കുമായി 13,27,60,417 രൂപയും ചേർത്ത് ആകെ 252,02,85,119 (ഇരുനൂറ്റി അമ്പത്തിരണ്ട് കോടി രണ്ട് ലക്ഷത്തി എൺപത്തയ്യായിരത്തി ഒരുനൂറ്റി പത്തൊമ്പത് രൂപ മാത്രം) നാളിതുവരെ ചെലവാക്കിയിട്ടുണ്ട്.

(ബി) കെ-ഫോണിന്റെ നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

ജനങ്ങൾക്ക് അതിവേഗ ഇന്റർനെറ്റ്, സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച കെ-ഫോൺ പദ്ധതിയുടെ ഒന്നാം ഘട്ടം 2021 ഫെബ്രുവരി 15-ന് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 30,000 ഓഫീസുകളുടെ സർവ്വേയും 35,000 കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളിന്റെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി. പോളുകളുടെ സർവ്വേയും 375 PoP (Point of Presence)-കളുടെ പ്രീഫാബ് ലൊക്കേഷനുകളും പൂർത്തീകരിച്ചിട്ടുണ്ട്. നെറ്റ് വർക്ക് ഓപ്പറേഷൻസ് സെന്ററിന്റെ പണികൾ പൂർത്തീകരിച്ചുവരുന്നു. കെ.എസ്.ഇ.ബി. പോളുകൾ വഴി കേബിളുകൾ വലിക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. ഇതിനോടകം സംസ്ഥാനത്താകമാനം 7641 സർക്കാർ സ്ഥാപനങ്ങളെ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ മുഖേന ബന്ധിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര സർക്കാരിന്റെ വിഹിതം എത്രയെന്നും അതിൽ എത്ര ലഭിച്ചിട്ടുണ്ടെന്നും അറിയിക്കുമോ?

കെ-ഫോൺ പദ്ധതിയിൽ കേന്ദ്രസർക്കാർ വിഹിതം ഒന്നുംതന്നെയില്ല.

(ഡി) ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമാണെന്നും അവർക്ക് ലഭിക്കുന്ന സേവനത്തിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

കെ-ഫോൺ പദ്ധതിവഴി മുപ്പതിനായിരത്തോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സർക്കാർ സ്ഥാപനങ്ങൾക്കും ഇടതടവില്ലാതെ ഇന്റർനെറ്റ് സേവനം നൽകുന്നതിന്

പുറമെ 20 ലക്ഷത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ലഭ്യമാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം**

51 (51) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ഡിജിറ്റൽ ആക്കുന്ന നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

27-2-2016-ന് കോഴിക്കോട് സൈബർ പാർക്കിൽ അന്നത്തെ രാഷ്ട്രപതിയായിരുന്ന ബഹുമാനപ്പെട്ട പ്രണബ് മുഖർജി കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമായി പ്രഖ്യാപിക്കുകയുണ്ടായി. കോവിഡിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ തങ്ങളുടെ വീടുകളിൽ ഇരുന്നുതന്നെ സർക്കാരിന്റെ എല്ലാ സേവനങ്ങളും ഒരു ഏകീകൃത പോർട്ടലിലൂടെ ലഭ്യമാവേണ്ടത് അനിവാര്യമാണ്. ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാർ എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും ' m- സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകിയിട്ടുള്ളത്.

(ബി) വിവിധ വകുപ്പുകളിലെ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി കൈമാറാൻ ഒരുക്കിയിട്ടുള്ള ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ജനങ്ങൾ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ എത്ര ശതമാനം വരുമെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖേന ലഭ്യമാകുന്ന സേവനങ്ങൾക്കും സർട്ടിഫിക്കറ്റുകൾക്കുമായുള്ള അപേക്ഷകൾ നൂറ് ശതമാനവും ഓൺലൈനായിട്ടാണ് സമർപ്പിക്കുന്നത്. നിലവിൽ റവന്യൂ വകുപ്പിന്റെ 24 സർട്ടിഫിക്കറ്റുകളാണ് ഇ-ഡിസ്ട്രിക്ട് പോർട്ടൽവഴി ലഭ്യമാക്കിവരുന്നത്.

(സി) ഇ-ഗവേണൻസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ തയ്യാറാക്കുന്ന ആപ്പുകളും വെബ് സൈറ്റുകളും എത്രപേർ ഉപയോഗിക്കുന്നു എന്നും ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്നും പരിശോധിക്കുമോ?

നിലവിൽ വ്യത്യസ്ത വകുപ്പുകളുടെ ഓൺലൈൻ സേവനങ്ങൾ അതത് വകുപ്പുകളുടെ വെബ്സൈറ്റ് മുഖാന്തരം ഉപയോഗിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് കേരള സർക്കാർ

എല്ലാ വകുപ്പുകളുടെയും ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 'e-സേവനം' എന്ന കേന്ദ്രീകൃത സർവീസ് പോർട്ടലും ' m- സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനും രൂപം നൽകിയിട്ടുള്ളത്. പ്രസ്തുത പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും 1-10-2021-ൽ ഉദ്ഘാടനം ചെയ്യുകയുണ്ടായി. ഇതോടൊപ്പംതന്നെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ഓൺലൈൻ സേവനങ്ങളുടെ സ്ഥിതിവിവരങ്ങൾ ലഭ്യമാക്കുന്ന സർവീസ് ഡാഷ്ബോർഡും (www.dashboard.kerala.gov.in) വികസിപ്പിച്ചിട്ടുണ്ട്. ഇതുവഴി ഓരോ വകുപ്പിന്റെയും സേവന വിതരണവുമായി ബന്ധപ്പെട്ട സ്ഥിതിവിവരങ്ങൾ ലഭ്യമാകുന്നതാണ്.

### ആലുവ കാഞ്ഞൂർ തിരുനാരായണപുരം അക്ഷയകേന്ദ്രം

52 (52) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ എത്ര അക്ഷയ കേന്ദ്രങ്ങൾക്ക് പ്രവർത്തനാനുമതിയുണ്ടെന്ന് വ്യക്തമാക്കാമോ?

രണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തിലെ തിരുനാരായണപുരം പട്ടികജാതി കോളനിയിലെ പ്രവർത്തനം നിലച്ച അക്ഷയ കേന്ദ്രം പുനരാരംഭിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; അക്ഷയ കേന്ദ്രം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പ്രവർത്തനമാരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

അപേക്ഷകളൊന്നും പരിഗണനയിലില്ല.

### സ്പ്രിംഗ്ലർ കമ്പനിയുമായി ഒപ്പിട്ട കരാർ

53 (53) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗബാധയുടെ ആദ്യകാലയളവിൽ വിവര വിശകലനത്തിനായി ഐ.ടി. വകുപ്പ് സ്പ്രിംഗ്ലർ കമ്പനിയുമായി ഒപ്പിട്ട കരാർ ചട്ടവിരുദ്ധമായിരുന്നുവെന്ന് ഇതുസംബന്ധിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന സമിതികൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) നിയമ വകുപ്പിന്റെ പരിശോധന ഇല്ലാതെയും ചീഫ് സെക്രട്ടറിയും വകുപ്പുമന്ത്രിയും അറിയാതെയും ഇത്തരം കരാറുകളിൽ ഏർപ്പെടുവാൻ വകുപ്പ് സെക്രട്ടറിമാർക്ക് അധികാരം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) മാനദണ്ഡങ്ങൾ പാലിക്കാതെ കരാറുണ്ടാക്കിയതായി പറയപ്പെടുന്നവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

(എ-സി) കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി കോവിഡ് ബാധിതരുടെ വിവരശേഖരണങ്ങളും അതിനനുസരിച്ചുള്ള നിർവ്യാപന പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് Sprinklr.inc എന്ന കമ്പനിയെ ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് സഹകരിപ്പിച്ചതിനെ തുടർന്ന് പൊതുസമൂഹത്തിൽ ഉയർന്നുവന്ന വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച കമ്മിറ്റികൾ സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടുകളിലെ കണ്ടെത്തലുകളും നിർദ്ദേശങ്ങളും സർക്കാർ പരിശോധിച്ചുവരുന്നു.

**സി-ഡിറ്റിന്റെ പ്രവർത്തനങ്ങളിന്മേൽ പരാതി**

54 (54) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ സി-ഡിറ്റിൽ അഴിമതി, നിയമ വിരുദ്ധവും ക്രമവിരുദ്ധ/ ചട്ടങ്ങൾ ലംഘിച്ചുള്ള പ്രവർത്തനങ്ങൾ എന്നിവ നടക്കുന്നതായി ആരോപിച്ച് സി-ഡിറ്റ് എംപ്ലോയീസ് ഓർഗനൈസേഷൻ നൽകിയ 25-6-2021-ലെ സി.ഇ.ഒ. 2021/8 നമ്പർ പരാതി ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എന്തൊക്കെ വിഷയങ്ങളാണ് പരാതിയായി ലഭിച്ചിട്ടുള്ളത്?

പൊതുവായ പ്രവർത്തനം, പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കൽ, ജീവനക്കാരുടെ പ്രവർത്തനങ്ങളിലെ ന്യൂനത തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ചാണ് പരാതി.

(സി) പ്രസ്തുത വിഷയങ്ങളിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പരാതി പരിശോധനയിലാണ്.

**വയനാട് ജില്ലയിലെ ഇന്റർനെറ്റ് കണക്ഷൻ**

55 (55) <u>ശ്രീ ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി മേഖലകളിൽ ഉൾപ്പെടെ ഇന്റർനെറ്റ് കണക്ഷൻ വേഗത്തിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതിനായി സ്വീകരിച്ച പ്രാരംഭ നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) വയനാട് ഉൾപ്പെടെയുള്ള ജില്ലകളിലെ ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി വിഭാഗങ്ങൾക്ക് വാർത്താവിനിമയ ഉപാധികളുടെയും ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെയും അപര്യാപ്തതയുള്ളതായി, ഓൺലൈൻ വിദ്യാഭ്യാസ ലഭ്യത സംബന്ധിച്ച അവലോകനങ്ങളിലൂടെ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. പുതിയ ടവറുകൾ സ്ഥാപിച്ചും കെ.എസ്.ഇ.ബി. പോളുകൾ വഴി ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ വലിച്ചും കണക്ടിവിറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ VSAT ഉൾപ്പെടെയുള്ള നൂതന സാങ്കേതിക സാധ്യതകളും പരിശോധിച്ചുവരികയാണ്. വിദൂര പ്രദേശങ്ങളിലുള്ള ആദിവാസി കോളനികളെ കണക്ടിവിറ്റി ലഭ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുകയും കണക്ടിവിറ്റി കുറവുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകുകയും അത്തരം കോളനികൾക്ക് കണക്ടിവിറ്റി നൽകുന്നതിനായി വിവിധ ടെലികോം സേവന ദാതാക്കൾക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. വയനാട് ജില്ലയിലേതുൾപ്പെടെയുള്ള ആദിവാസി മേഖലകളിൽ കണക്റ്റിവിറ്റി നല്കുന്നതിന്റെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പോളുകൾ വഴി കേബിളുകൾ വലിക്കുന്നതിന് വാർഷിക വാടക ഇനത്തിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. ഓൺലൈൻ വിദ്യാഭ്യാസത്തിന് ഇന്റർനെറ്റിന്റെ പ്രാധാന്യം കണക്കിലെടുത്ത്, ഇടതടവില്ലാതെ അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനുതകുന്ന നയപരവും സാമ്പത്തികവുമായ തീരുമാനങ്ങൾ ഉൾപ്പെടുത്തിയുള്ള മാർഗ്ഗരേഖയും സർക്കാർ തയ്യാറാക്കിയിട്ടുണ്ട്.

## സി-ഡിറ്റ് വാങ്ങിയ സോഫ്റ്റ്‌വെയർ

56 (56) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന് അനുവദിച്ച പദ്ധതി വിഹിതം ഉപയോഗിച്ച് മുപ്പത്തിയഞ്ച് ലക്ഷം രൂപയുടെ നെസ്സസ് റ്റെനേബിൾ നെറ്റ്‌വർക്ക് അസ്സസ്സ്മെൻറ് സോഫ്റ്റ്‌വെയർ മാർച്ച് 2018-ൽ വാങ്ങിയിരുന്നോ; ഒരു വർഷ കാലാവധി ഉണ്ടായിരുന്ന പ്രസ്തുത സോഫ്റ്റ്‌വെയർ ഒരു പ്രാവശ്യംപോലും ഉപയോഗിക്കാതെ കാലഹരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വാങ്ങിയിരുന്നു. ഇതുസംബന്ധിച്ച് ലഭിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ 15 ലാപ്ടോപ്പുകൾ പ്രസ്തുത സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യാതെ ചട്ടവിരുദ്ധമായി കെ.എസ്.എഫ്.ഇ.-യ്ക്ക് നൽകി സി-ഡിറ്റ് പണം വാങ്ങിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സോഫ്റ്റ്‌വെയർ കാലഹരണപ്പെട്ടതുമൂലമുണ്ടായ സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടിയെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(ബി&സി) കെ.എസ്.എഫ്.ഇ.-യുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ പ്രവാസി ചിട്ടി പ്രോജക്ടിന്റെ കോണ്ടാക്ട് സെന്ററിനുവേണ്ടി കരാർ വ്യവസ്ഥ അനുസരിച്ച് പണം കൈപ്പറ്റി ലാപ്ടോപ്പുകൾ സി-ഡിറ്റ് കെ.എസ്.എഫ്.ഇ.-യ്ക്ക് നൽകിയിട്ടുണ്ട്. സി-ഡിറ്റിന്റെ ആസ്തിയായി കൈവശമുണ്ടായിരുന്ന ലാപ്ടോപ്പുകളാണ് പ്രസ്തുത ആവശ്യത്തിലേയ്ക്ക് ഉപയോഗിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളെല്ലാം പരിശോധനയിലാണ്.

**കോതമംഗലം-പെരുമ്പൻകുത്ത് റോഡ് പുനർനിർമ്മാണം**

57 (57) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-പെരുമ്പൻകുത്ത് റോഡ് (പഴയ ആലുവ - മൂന്നാർ രാജപാത) പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ;

(സി) 1924-ലെ വെള്ളപ്പൊക്കത്തിൽ (99-ലെ വെള്ളപ്പൊക്കം) കരിന്തരിമല ഇടിഞ്ഞ് പ്രസ്തുത റോഡ് സഞ്ചാരയോഗ്യമല്ലാതായി തീർന്നശേഷം നാളിതുവരെ പുനർനിർമ്മിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റോഡ് പുനർനിർമ്മിച്ചാൽ കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ, പൂയംകുട്ടി, കല്ലേലിമേട്, ഉരുളൻ തണ്ണി, പിണവൂർക്കുടി തുടങ്ങിയ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിനുതകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത റോഡ് നവീകരണവുമായി ബന്ധപ്പെട്ട ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത റോഡ് പുനർനിർമ്മിച്ച് സഞ്ചാര യോഗ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, 1924-ലെ വെള്ളപ്പൊക്കംമൂലം കരിന്തിരി മല ഇടിഞ്ഞ് സഞ്ചാരയോഗ്യമല്ലാതായതിനുശേഷം ഈ പാത പുനർ നിർമ്മിച്ചിട്ടില്ല. കോതമംഗലത്തുനിന്നും പെരുമ്പൻകുത്ത് വരെ 40 കി.മീ. റോഡ് പൊതുമരാമത്ത് വകുപ്പിന്റേതാണ്. ഇതിൽ പൂയംകുട്ടി (കി.മീ.28/000) ഭാഗത്ത് വനം വകുപ്പ് റോഡ് ബ്ലോക്ക് ചെയ്തിരിക്കുകയും അതുവഴി റോഡ് വികസനത്തിന്

അനുവാദം ഇല്ലാത്തതുമാണ്. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെ വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങൾ ഇല്ലാതെ മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവുള്ളതായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിനും പൂയംകുട്ടിക്കുമിടയിൽ മല ഇടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്. ഈ റോഡ് തുറക്കണമെന്ന് കാണിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി റോഡ് വികസനം സംബന്ധിച്ച ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ പ്രാരംഭ നടപടികൾ വനം വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

**കടൽക്ഷോഭംമൂലമുള്ള നാശനഷ്ടം ലഘൂകരിക്കൽ**

58 (58) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കടൽക്ഷോഭംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുവാൻ എന്തെങ്കിലും ശാസ്ത്രീയ പഠനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഇന്ത്യയിലെ തീരദേശ സംസ്ഥാനങ്ങളിലെ തിരമാലകളുടെ ശക്തി (Wave Energy) കണക്കാക്കുമ്പോൾ വേവ് എനർജി കൂടുതലുള്ള തിരമാലകളുള്ള കടൽതീരമാണ് കേരളത്തിന്റേത്. കേരളത്തിന്റെ വടക്കൻ തീരങ്ങളെ അപേക്ഷിച്ച് തെക്കൻ തീരങ്ങളിലാണ് തിരമാലകളുടെ ശക്തി കൂടുതൽ. ഇക്കാരണം കൊണ്ടുതന്നെ വലിയ തോതിലുള്ള തീരശോഷണം സംഭവിക്കുന്ന സംസ്ഥാനമാണ് കേരളം. ഇതിനുപുറമെയാണ് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുള്ള സമുദ്ര ജലനിരപ്പ് ഉയരുന്ന പ്രതിഭാസവും സമീപകാലത്തായുണ്ടായ ചുഴലിക്കാറ്റുകളുടെ പ്രഭാവംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങളും. കടൽക്ഷോഭം കാരണമുണ്ടാകുന്ന നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിന് പരമ്പരാഗതമായി ഉപയോഗിച്ചുവരുന്ന കടൽഭിത്തികൾക്ക് കഴിയാത്ത സാഹചര്യമാണ് കാണുന്നത്. ഇത് കണക്കിലെടുത്ത് വിവിധ ഏജൻസികൾ മുഖേനയുള്ള വിവരശേഖരണം, രൂപകൽപ്പനകൾ, ഭാവികാലത്തേയ്ക്കുകൂടി ഉപയോഗിക്കാൻ കഴിയുംവിധമുള്ള വിവരശേഖരണവും വിശകലനവും പഠനവും തുടങ്ങിയ പ്രവർത്തനം വിവിധ സർക്കാർ ഏജൻസികളും ഗവേഷണ സ്ഥാപനങ്ങളും പഠനം നടത്തി വരുന്നു. ചെന്നൈ ഐ.ഐ.ടി. സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ, പൂനെ (കേന്ദ്ര ജലകമ്മീഷൻ കീഴിലെ സ്ഥാപനം) എന്നീ സ്ഥാപനങ്ങൾക്ക് പുറമെ തീരശോഷണം/തീരദേശ വെള്ളപ്പൊക്കം എന്നിവ സംബന്ധിച്ച് നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ്

സ്റ്റഡീസ് എന്നീ സ്ഥാപനങ്ങളും പഠനം നടത്തിയിട്ടുണ്ട്. തിരമാലയുമായി ബന്ധപ്പെട്ട ദിശ, ഉയരം, ആവൃത്തി എന്നിവ സംബന്ധിച്ച വിവരം സ്ഥിരമായി ശേഖരിക്കുന്നതിനും വിശകലനം നടത്തി മുന്നറിയിപ്പ് നൽകുന്നതിനുമായി 'വേവ് റൈഡർ ബോയ്' ഉപയോഗിച്ച് ഇന്ത്യൻ നാഷണൽ സെൻറർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവ്വീസ് (INCOIS) എന്ന സ്ഥാപനവും തീരദേശത്ത് വിവരശേഖരണം നടത്തുന്നുണ്ട്. കൂടാതെ, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ കീഴിലുള്ള 'സ്പേസ് ആപ്ലിക്കേഷൻ സെന്റർ' (അഹമ്മദാബാദ്), കേന്ദ്ര ജലകമ്മീഷന്റെ കീഴിലെ 'കോസ്റ്റൽ ഇറോഷൻ ഡയറക്ടറേറ്റ്' എന്നീ സ്ഥാപനങ്ങൾ കേരളത്തിലെ തീരശോഷണം സംബന്ധിച്ച് ഉപഗ്രഹസഹായത്താൽ പഠനം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള റിപ്പോർട്ടുകളിലുള്ള നിർദ്ദേശങ്ങളും വിവരങ്ങളും ആധാരമാക്കുന്നതിനോടൊപ്പം ജലസേചന വകുപ്പിൻകീഴിലെ കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസ് വിഭാഗം ശേഖരിച്ച് വിശകലനം ചെയ്യുന്ന വിവരങ്ങളുംകൂടി പ്രയോജനപ്പെടുത്തിയാണ് കടൽക്ഷോഭ നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനുള്ള പ്രവൃത്തികൾ ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നത്. സമീപകാലത്തായി വർദ്ധിച്ചുവരുന്ന തീരശോഷണവും ആൾനാശവും കണക്കിലെടുത്തും കാലാവസ്ഥാ വ്യതിയാന മുന്നറിയിപ്പുകൾ കണക്കിലെടുത്തും ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന സ്ഥാപനവുമായി ചേർന്ന് കേരളതീരത്തെക്കുറിച്ച് പൊതുവിലും അതിതീവ്രശോഷണം അനുഭവപ്പെടുന്ന 10 കേന്ദ്രങ്ങളെക്കുറിച്ച് പ്രത്യേകമായും പഠനം നടത്തി പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഒരു കരാറിലേർപ്പെടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

59 (59) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഏതെല്ലാം അസുഖങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

കിഡ്നി, ഹൃദയം, കാൻസർ, കരൾ, ബ്രെയിൻ സംബന്ധമായ രോഗങ്ങൾ, അപൂർവ്വ രോഗങ്ങൾ, മറ്റ് ഗുരുതര രോഗങ്ങൾ തുടങ്ങിയവയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) പരമാവധി എത്ര രൂപയാണ് ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കാൻ കഴിയുന്നതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ജില്ലാ കളക്ടർക്ക് 10,000 രൂപയും റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000 രൂപയും റവന്യൂ വകുപ്പുമന്ത്രിക്ക് 25,000 രൂപയും മുഖ്യമന്ത്രിക്ക് 3 ലക്ഷം രൂപയും മാത്രമെ പരമാവധി അനുവദിക്കാൻ കഴിയുകയുള്ളൂ. 3 ലക്ഷം രൂപയ്ക്ക് മുകളിൽ തുക അനുവദിക്കുന്നതിന് മന്ത്രിസഭായോഗത്തിന്റെ അംഗീകാരം ആവശ്യമാണ്.

**കോവിഡ് മരണങ്ങളിൽ ധനസഹായം**

60 (60) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടഞ്ഞവരുടെ കുടുംബത്തിന് എന്തെങ്കിലും പ്രത്യേക ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ "Guidelines for Ex-Gratia assistance to next of kin of the deceased by Covid-19" മാനദണ്ഡമനുസരിച്ച് കോവിഡ് -19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പുതുക്കിക്കൊണ്ട് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25-9-2021-ലെ സ.ഉ.(കൈ) നം.3/2021/ഡിഎംഡി. പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ് 19- കേസിന്റെ തീയതി മുതൽ കോവിഡ്-19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം അനുവദനീയമാണ്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽവഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽവഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

61 (61) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഏതെല്ലാം ആവശ്യങ്ങൾക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചികിത്സാ ധനസഹായം, അപകട മരണം, പ്രകൃതി ദുരന്തം, തീപിടിത്തത്തിൽ വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും, കടൽക്ഷോഭം മറ്റ് അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ നഷ്ടപ്പെടുന്നവർക്കും മറ്റ് വകുപ്പുകൾ ആവശ്യപ്പെടുന്ന ധനസഹായങ്ങളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്നുണ്ട്.

(ബി) ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് ഏതൊക്കെ രേഖകളാണ് ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ പേരുൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, രോഗവിവരം വ്യക്തമാക്കി പ്രതിപാദിക്കുന്ന 6 മാസകാലാവധിക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളാണ് ആവശ്യമായിട്ടുള്ളത്.

(സി) കാൻസർ, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾ കാരണം ദുരിതമനുഭവിക്കുന്നവർക്ക് ധനസഹായം അനുവദിക്കുന്നതിന് ഏതെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; ഇത്തരം രോഗികൾക്ക് എത്ര രൂപയാണ് അനുവദിക്കാറുള്ളതെന്ന് വ്യക്തമാക്കാമോ?

ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ പേരുൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, 2 ലക്ഷം രൂപയിൽ താഴെ പരിധിയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, രോഗവിവരം വ്യക്തമാക്കി പ്രതിപാദിക്കുന്ന 6 മാസ കാലാവധിക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ ഹാജരാക്കേണ്ടതാണ്. രോഗത്തിന്റെ തീവ്രതയ്ക്കും ചികിത്സ ചെലവുമനുസരിച്ചും പരമാവധി 3 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നുണ്ട്.

(ഡി) ചികിത്സയ്ക്ക് മുമ്പ് അപേക്ഷിക്കുന്നവർക്ക് പ്രതീക്ഷിത തുക അനുവദിക്കുമോ; ഇല്ലെങ്കിൽ പ്രതീക്ഷിക്കുന്ന തുകയുടെ എത്ര ശതമാനമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശസ്ത്രക്രിയയ്ക്കും മറ്റും ധനസഹായം അനുവദിക്കുന്നുണ്ട്. ഇതിന് ശതമാനം നിശ്ചയിച്ചിട്ടില്ല.

(ഇ) ചികിത്സാ ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിന് ഏതെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ചികിത്സാ ധനസഹായത്തിന് സി.എം.ഒ. പോർട്ടൽ വഴി ലഭിക്കുന്ന ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നുണ്ട്.

(എഫ്) ഏതൊക്കെ രീതിയിലുള്ള മരണങ്ങൾക്കാണ് ദുരിതാശ്വാസ നിധിയിൽനിന്ന് ആശ്രിതർക്ക് സഹായം അനുവദിക്കാറുള്ളത്; ഈ ധനസഹായത്തിനുവേണ്ടി എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടത്; എത്ര രൂപ വരെയാണ് ആശ്രിതർക്ക് ധനസഹായമായി നൽകിവരുന്നത്; വിശദമാക്കുമോ?

അപകടമരണങ്ങൾക്കാണ് ദുരിതാശ്വാസ നിധിയിൽനിന്ന് ആശ്രിതർക്ക് സഹായം അനുവദിക്കാറുള്ളത്. 2 ലക്ഷം രൂപയിൽ താഴെ പരിധിയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മാർട്ടം സർട്ടിഫിക്കറ്റ്, എഫ്.ഐ.ആർ. എന്നീ രേഖകളാണ് സമർപ്പിക്കേണ്ടത്. ഒരുലക്ഷം രൂപയാണ് ആശ്രിതർക്ക് ധനസഹായമായി നൽകിവരുന്നത്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

62 (62) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആർക്കെല്ലാമാണ് തുക അനുവദിക്കുന്നത്; അനുവദിക്കുന്ന പരമാവധി തുക എത്രയാണെന്ന് വിശദമാക്കാമോ?

ചികിത്സാ ധനസഹായം, അപകട മരണം, പ്രകൃതി ദുരന്തം, തീപിടിത്തത്തിൽ വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും കടൽക്ഷോഭം മറ്റ് അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ നഷ്ടപ്പെടുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000 രൂപ വീതം ജില്ലാ കളക്ടർമാർ അനുവദിക്കുന്നുണ്ട്. തീപിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ നാശനഷ്ടത്തിന്റെ തോത് കണക്കാക്കി പരമാവധി 1 ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക്

പരമാവധി 1 ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1 ലക്ഷം രൂപയും കട്ടമരം ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 20,000 രൂപയും നൽകിവരുന്നുണ്ട്. അപകടമരണങ്ങൾക്ക് ഒരു ലക്ഷം രൂപ നൽകുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന മറ്റ് ധനസഹായങ്ങൾക്ക് പരമാവധി തുക നിശ്ചയിച്ചിട്ടില്ല.

(ബി) ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

ചികിത്സാ ധനസഹായം അനുവദിക്കുന്നതിന് അപേക്ഷയോടൊപ്പം ഗുണഭോക്താവിന്റെ പേരുൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്, 2 ലക്ഷം രൂപയിൽ താഴെ പരിധിയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജ്, രോഗവിവരം വ്യക്തമാക്കി പ്രതിപാദിക്കുന്ന 6 മാസ കാലാവധിക്കകത്തുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

(സി) അപേക്ഷ സമർപ്പിച്ചതിനുശേഷം തുക അനുവദിക്കുന്നതിന് സമയപരിധിയുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സമയപരിധി നിശ്ചയിച്ചിട്ടില്ല. ചികിത്സാ ധനസഹായത്തിനായി സി.എം.ഒ. പോർട്ടൽ വഴി ആവശ്യമായ എല്ലാ രേഖകളും ഉൾപ്പെടുത്തി ലഭിക്കുന്ന അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നുണ്ട്.

**ശബരിമല വിമാനത്താവളം**

63 (63) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വിമാനത്താവളം സംബന്ധിച്ച് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെയോ ഡി.ജി.സി.എ.-യുടെയോ തടസ്സവാദ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ പ്രതികൂല പരാമർശം പരിഹരിക്കുവാനും വിമാനത്താവളം യാഥാർത്ഥ്യമാക്കുവാനുമായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) ഇല്ല. ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനം

നടത്തുന്നതിന് ആധികാരിക ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയിരുന്നു. ടി വിമാനത്താവളത്തിനായുള്ള ടെക്നോ എക്കണോമിക് പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും ടെണ്ടർ പ്രോസസ് മുഖേന ചുമതലപ്പെടുത്തിയ ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പ്രാഥമിക ഫീസിബിലിറ്റി റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിൽനിന്ന് ലഭിച്ച അഭിപ്രായങ്ങൾക്കുള്ള നിയമാനുസൃതമായ വിശദീകരണം തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ആയത് വിശദമായ അവലോകനത്തിനുശേഷം സമയബന്ധിതമായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്.

## കോഴിക്കോട് വിമാനത്താവള വികസനം

64 (64) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കോഴിക്കോട് വിമാനത്താവള വികസന സ്ഥലമെടുപ്പിൽ ടെർമിനൽ വികസനത്തിനായി 137 ഏക്കർ ഭൂമിയും കാർ പാർക്കിംഗിനായി 15.5 ഏക്കർ ഭൂമിയും ഉൾപ്പെടെ ആകെ 152.5 ഏക്കർ ഭൂമി 2013-ലെ ലാൻഡ് അക്വിസിഷൻ ആക്ട് പ്രകാരം ഏറ്റെടുക്കേണ്ടതുണ്ട്. ടെർമിനൽ വികസനത്തിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് 2018-ൽ കണ്ണൂർ ആസ്ഥാനമായുള്ള ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് എന്ന ഏജൻസിയേയും കാർ പാർക്കിംഗുമായി ബന്ധപ്പെട്ട് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് 2020-ൽ കോട്ടയം ആസ്ഥാനമായുള്ള കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് എന്ന ഏജൻസിയേയും സർക്കാർ നിയമിച്ചിരുന്നു. എന്നാൽ സ്ഥലം ഉടമകളുടെ എതിർപ്പ് കാരണം സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഏറ്റെടുപ്പ് നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട റവന്യൂ, പൊതുമരാമത്ത്, ഗതാഗത, കായികം വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ 1-9-2021-ന് ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഒരു യോഗം ഓൺലൈനായി ചേരുകയും തുടർന്ന് ഭൂമി ഏറ്റെടുക്കലിന്റെ നിജസ്ഥിതി വിലയിരുത്തുന്നതിന് കാലിക്കറ്റ് വിമാനത്താവളത്തിൽ വച്ച് ഓഫ് ലൈൻ ആയി യോഗം ചേരുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ വിഷയത്തിൽ കേന്ദ്ര വ്യോമയാന മന്ത്രിയുമായി 30-9-2021-ന് ചർച്ച നടത്തിയിട്ടുണ്ട്.

(ബി) 2020 ആഗസ്റ്റിലുണ്ടായ വിമാന ദുരന്തത്തിന്റെ അന്വേഷണ റിപ്പോർട്ട് സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അപകട കാരണങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഇല്ല.

(സി) കോഴിക്കോട് വിമാനത്താവള സ്വകാര്യവൽക്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിമാനത്താവളം വികസിപ്പിക്കുന്നതിനും വലിയ വിമാനങ്ങൾ വീണ്ടും സർവീസ് ആരംഭിക്കുന്നതിനും വിമാനത്താവളം പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കോഴിക്കോട് വിമാനത്താവള വികസനവും ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് എയർപോർട്ട് അതോറിറ്റി ചെയർമാൻ, എയർപോർട്ട് ഡയറക്ടർ, എന്നിവരുമായി നടന്ന ചർച്ചയിൽ കോഴിക്കോട് വിമാനത്താവള വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ കോസ്റ്റ് ഓഫ് അക്വിസിഷൻ മുഴുവൻ സംസ്ഥാന സർക്കാർ വഹിക്കണമെന്നും ടി ഭൂമി ഏറ്റെടുക്കൽ പ്രൊപ്പോസലിൽ റൺവേ വികസനം ഉൾപ്പെട്ടിട്ടില്ലെന്നും റൺവേ വികസനം ഇല്ലാത്ത സാഹചര്യത്തിൽ E Category wide body ഫ്ലൈറ്റുകൾ ഇറക്കാൻ സാധിക്കുകയില്ലെന്നും എയർപോർട്ട് ചെയർമാൻ അറിയിക്കുകയുണ്ടായി. കോഴിക്കോട് വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നത് സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

**കെ-റെയിൽ പദ്ധതി**

65 (65) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കെ-റെയിൽ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സ്ഥലമേറ്റെടുക്കൽ നടപടികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിൽവർലൈൻ പദ്ധതിയുടെ പ്രീ ഇൻവെസ്റ്റ് ആക്ടിവിറ്റീസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് റെയിൽ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിക്കുകയുണ്ടായി. ഇപ്രകാരം തത്വത്തിൽ അംഗീകാരം കിട്ടിയ പദ്ധതികൾക്ക് പ്രാഥമിക ലാൻഡ് അക്വിസിഷൻ നടപടികൾ തുടങ്ങേണ്ടതുണ്ട്. വിശദമായ സാമൂഹിക ആഘാത പഠനം, ഭൂമി അളന്ന് തിട്ടപ്പെടുത്തുക എന്നിങ്ങനെ 2013-ലെ RFCTLARR വകുപ്പുപ്രകാരമുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. സെമി ഹൈസ്പീഡ്

റെയിൽവേ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ച 18-8-2021-ലെ സ.ഉ(എം.എസ്) നം. 163/2021/റവ. ഉത്തരവിൽ സാമൂഹിക ആഘാത പഠനം നടത്തുന്നതിനും പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതിയെ രൂപീകരിച്ച് ശിപാർശ സമർപ്പിക്കുന്നതിനും അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ LARR ആക്ട് 2013-ലെ സബ്സെക്ഷൻ 2 സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിനുള്ള അനുമതി ഉത്തരവ് റെയിൽവേ ബോർഡിന്റെ അന്തിമാനുമതി ലഭ്യമായതിനുശേഷം മാത്രമേ പുറപ്പെടുവിക്കുയെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ കൃഷിഭൂമി ഉൾപ്പെട്ടിട്ടുണ്ടോ?

പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായാണ് സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. കൊടും വളവുകൾ ഒഴിവാക്കിക്കൊണ്ട് രൂപകല്പന ചെയ്ത സിൽവർ ലൈനിന്റെ ട്രാക്ക് താരതമ്യേന ജനവാസം കുറഞ്ഞ പ്രദേശങ്ങളിൽ കൂടിയാണ് കൂടുതൽ ഭാഗവും കടന്നുപോകുന്നത്. പദ്ധതിക്കായുള്ള പാരിസ്ഥിതിക-സാമൂഹിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഈ പ്രദേശങ്ങളിൽ ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിൽ 115 കിലോമീറ്റർ പാടശേഖരങ്ങളിലൂടെയും 88 കിലോമീറ്റർ ആകാശപാതയിലൂടെയുമാണ് കടന്നുപോകുന്നത്. ജലാശയങ്ങളും തണ്ണീർത്തടങ്ങളും മറ്റും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള പാലങ്ങളും കൾവർട്ടുകളും ഇതിനായി നിർമ്മിക്കുന്നതായിരിക്കും. അതുപോലെതന്നെ നിർമ്മാണ ഘട്ടത്തിൽ പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളായിരിക്കും പദ്ധതിക്കായി നടപ്പിലാക്കുക.

(സി) ജൈവ വൈവിധ്യങ്ങളുടെ കലവറയായ ഭൂമി ഏറ്റെടുക്കുന്നതുവഴി പാരിസ്ഥിതിക നാശം ഉണ്ടാകുമെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ?

ഏറ്റവും സാങ്കേതികമായും സാമ്പത്തികമായും അതിലുമുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് സിൽവർലൈൻ പദ്ധതിയുടെ നിർദ്ദിഷ്ട അലൈൻമെന്റ് കടന്നുപോകുന്നത്. 74% ഭൂപ്രതലത്തിലൂടെയും 26% ആകാശപാത അല്ലെങ്കിൽ തുരങ്കപാതയായാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. നിർദ്ദിഷ്ട സിൽവർലൈൻ പദ്ധതി സംരക്ഷിത വനപ്രദേശങ്ങളിലൂടെ കടന്നുപോകുന്നില്ല. കോസ്റ്റൽ റെഗുലേഷൻ സോൺ (സി.ആർ.ഇസെഡ്) ക്ലിയറൻസ് ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ NCSCM-നെ നിയോഗിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ

കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള ഒരു സമഗ്ര പദ്ധതി ആവിഷ്കരിക്കുകയും പാത കടന്നുപോവുന്ന പ്രധാന നദികളിൽ ഹൈഡ്രോളജിക്കൽ സർവ്വേ നടത്തുകയും ചെയ്യുന്നതാണ്. കൃഷിഭൂമിയും ജനവാസമേഖലകളും ഒഴിവാക്കാനാവാത്ത മേഖലകളിൽ ഒരുതരത്തിലും സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് കോട്ടംതട്ടാത്ത വിധത്തിലുള്ള ബദൽ നിർമ്മാണ മാർഗ്ഗങ്ങളും അവലംബിക്കുന്നുണ്ട്. സിൽവർലൈൻ പാത കടന്നു പോകുമ്പോൾ ഉണ്ടാകാവുന്ന പ്രകമ്പനം ഒഴിവാക്കുന്നതിനായി വൈബ്രേഷൻ അറസ്റ്റർ, സൗണ്ട് പ്രൂഫിംഗ്, നോയിസ്സ് ബാരിയർ എന്നിവ സ്ഥാപിക്കുന്നതാണ്. പദ്ധതിയുടെ നിർമ്മാണ ഘട്ടത്തിൽ പൂർണ്ണമായും പുനരുപയോഗ ഊർജ്ജം, അക്ഷയോർജ്ജം തുടങ്ങിയവ ഉപയോഗിച്ചും ഉരുക്കും കോൺക്രീറ്റും പുനഃചംക്രമണം ചെയ്ത് ഉപയോഗിച്ചും നിർമ്മാണത്തിൽ ഉണ്ടാകുന്ന പാഴ്വസ്തുക്കൾ പുനർസംസ്കരിച്ചുമായിരിക്കും പ്രവർത്തിക്കുക. മലിനീകരണമുക്തമായ യന്ത്രങ്ങളായിരിക്കും നിർമ്മാണത്തിനുപയോഗിക്കുക. ഇത്തരത്തിൽ ഹരിതമാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാകും സിൽവർലൈനിന്റെ എല്ലാ പ്രവൃത്തികളും നടപ്പാക്കുക. ആയതിനാൽ സിൽവർലൈൻ പദ്ധതി ഒരു തരത്തിലും പാരിസ്ഥിതിക നാശം ഉണ്ടാക്കുന്നില്ല. ഈ പദ്ധതി സാദ്ധ്യമാകുന്നതോടുകൂടി ഹരിത ഗൃഹ വാതക ബഹിർഗമനം കുറയ്ക്കാൻ സാധിക്കുന്നതാണ്. വീടുകളും കെട്ടിടങ്ങളും പരമാവധി ഒഴിവാക്കാനുള്ള നടപടികളും വീടുകൾ അഥവാ കെട്ടിടങ്ങൾ പൊളിക്കാതെ മാറ്റി സ്ഥാപിക്കാവുന്ന സാങ്കേതിക വിദ്യയും പദ്ധതിയുടെ ഭാഗമായി ആസൂത്രണം ചെയ്യുന്നുണ്ട്. കട്ട് ആൻഡ് കവർ നിർമ്മാണരീതിയുള്ള സ്ഥലങ്ങളിൽ വീടുകൾക്ക് ഒരു തരത്തിലുമുള്ള ഭീഷണിയുണ്ടാകുന്നുമില്ല.

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തിന് വൻ സാമ്പത്തിക ബാധ്യത വരുത്തുന്നതും അതിനനുസൃതമായി ജനങ്ങൾക്ക് പ്രയോജനമില്ലാത്തതും പരിസ്ഥിതിയെ നശിപ്പിക്കുന്നതും സംസ്ഥാനത്തെ വെട്ടി മുറിക്കുന്നതുമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിക്ക് പകരം നിലവിലെ റെയിൽപാതകൾ നവീകരിക്കുന്നതിനും ചുരുങ്ങിയ ചെലവിൽ വിമാന സർവീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഒരു ലക്ഷം കോടിയിലധികം രൂപ വേണ്ടിവരുന്ന ഹൈസ്പീഡ് റെയിൽ പദ്ധതികളേക്കാൾ ചെലവ് കുറഞ്ഞതും കേരളത്തിന്റെ സാമ്പത്തിക നിലയ്ക്ക് അനുയോജ്യമായതുമായ സിൽവർലൈൻ തീർത്തും പ്രായോഗികമായ പദ്ധതിയാണ്. വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർലൈൻ പദ്ധതിയുടെ ചെലവ് 63,940.67 കോടി രൂപയാണ്. ഇതിൽ 2150 കോടി രൂപയാണ് കേന്ദ്ര റെയിൽവേ വിഹിതം. സംസ്ഥാന സർക്കാർ 3253 കോടി രൂപയാണ് വഹിക്കുക. 975 കോടി രൂപ റെയിൽവെ ഭൂമിയുടെ വിലയാണ്. 4252

കോടി രൂപ പൊതുജന ഓഹരി പങ്കാളിത്തത്തിലൂടെയും സമാഹരിക്കും. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് 33,700 കോടി രൂപയും സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി., ജൈക്ക, എ.ഐ.ഐ.ബി., കെ.എഫ്.ഡബ്ല്യു. എന്നിവരെ കേന്ദ്ര ധനകാര്യമന്ത്രാലയം വഴി സമീപിക്കുകയും വിശദ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തുകഴിഞ്ഞു. വായ്പയ്ക്കായി ഇതുമായി ബന്ധപ്പെട്ട് റെയിൽവേ ബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ഇതിനോടകംതന്നെ കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന് പദ്ധതി ശിപാർശ ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനാവശ്യമായ 13,265 കോടി രൂപയ്ക്കായി ഹഡ്കോ, കിഫ്ബി, ഇന്ത്യൻ റെയിൽവേ ഫിനാൻസ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളുമായി ചർച്ചകൾ പുരോഗമിച്ചുവരുന്നു. ഭൂമിയേറ്റെടുക്കലിനായി ഹഡ്കോ ഇതിനകംതന്നെ 3000 കോടി രൂപയുടെ വായ്പ അനുവദിച്ചുകഴിഞ്ഞു. സ്ഥലമേറ്റെടുപ്പിനായി കിഫ്ബിയിൽനിന്നും 2100 കോടി രൂപ വായ്പയെടുക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തു. നിലവിൽ നിക്ഷേപ സൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കേരളത്തിൽ വിവിധ തലങ്ങളിലുള്ള ധനസമാഹരണത്തിലൂടെ സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കാനാവുന്ന സാഹചര്യമാണ്. കണ്ണൂർ, കൊച്ചി വിമാനത്താവള വികസനമാതൃകയിൽ പൊതുജനനിക്ഷേപവും കൊണ്ടുവരാൻ സാധിക്കും. പൂർണ്ണമായും പരിസ്ഥിതി സൗഹൃദമായാണ് സിൽവർലൈൻ പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. പദ്ധതിയുടെ നിർമ്മാണഘട്ടത്തിൽ പൂർണ്ണമായും പുനരുപയോഗ ഊർജ്ജം, അക്ഷയോർജ്ജം തുടങ്ങിയവ ഉപയോഗിച്ചും ഉരുക്കും കോൺക്രീറ്റും പുനഃചംക്രമണം ചെയ്ത് ഉപയോഗിച്ചും നിർമ്മാണത്തിലുണ്ടാകുന്ന പാഴ്വസ്തുക്കൾ പുനർസംസ്കരിച്ചുമായിരിക്കും പ്രവർത്തിക്കുക. മലിനീകരണ മുക്തമായ യന്ത്രങ്ങളായിരിക്കും നിർമ്മാണത്തിനുപയോഗിക്കുക. ഇത്തരത്തിൽ ഹരിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാകും സിൽവർലൈനിന്റെ എല്ലാ പ്രവൃത്തികളും നടപ്പാക്കുക. നിർമ്മാണ സമയത്തെ ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനപ്രശ്നം പരിഹരിക്കാൻ വിവിധ സംഘടനകളുമായി ചേർന്ന് റെയിൽ ഇടനാഴി പരിധിയിൽ നഗര വനവൽക്കരണ പരിപാടി നടപ്പാക്കാനും പദ്ധതിയുണ്ട്. സിൽവർലൈനിനെ ആശ്രയിക്കുന്ന യാത്രക്കാർ വർദ്ധിക്കുന്നതോടെ യാഥാർത്ഥ്യമാവുന്ന ആദ്യവർഷം തന്നെ ഏകദേശം 2.8 ലക്ഷം ടൺ കാർബൺഡയോക്സൈഡ് ബഹിർഗമനം കുറയ്ക്കാനാവും. 2052-ഓടെ വർഷത്തിൽ 594636 ടണ്ണോളം കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിൽനിന്ന് കുറയാൻ സിൽവർലൈൻ നിമിത്തമാവും. കേരള വികസനത്തിന്റെ മുഖച്ഛായ മാറ്റുന്നതിനൊപ്പം അങ്ങനെ അന്തരീക്ഷ മലിനീകരണത്തിന്റെ തോത് ഗണ്യമായി കുറയ്ക്കാനും ഈ ഹരിതപദ്ധതി വഴിയൊരുക്കും. ഇന്ത്യൻ റെയിൽവേ നയപ്രകാരം 140 കിലോമീറ്ററിന് മുകളിൽ വേഗത്തിൽ ട്രെയിൻ സഞ്ചരിക്കുന്ന ട്രാക്കുകൾക്ക്

ചുറ്റും പൊതുജനങ്ങളുടെ സുരക്ഷയെ കരുതി സംരക്ഷണഭിത്തി സ്ഥാപിക്കേണ്ടതുണ്ട്. റെയിൽവെ ട്രാക്കിന് ചുറ്റും സംരക്ഷണഭിത്തി സ്ഥാപിക്കുന്നത് രാജ്യത്ത് പുതുമയുള്ള കാര്യമല്ല. മണിക്കൂറിൽ 160 കിലോമീറ്റർ വരെ വേഗതയിൽ സഞ്ചരിക്കുന്ന ഗതിമാൻ എക്സ്പ്രസ് സർവീസ് നടത്തുന്ന ഡൽഹി ആഗ്ര സെക്ഷനിൽ നിലവിൽ ട്രാക്കിനിരുവശവും സംരക്ഷണഭിത്തിയുണ്ട്. 160 കിലോമീറ്റർ വരെ വേഗതയിൽ ട്രെയിൻ സർവീസ് നടത്താനുദ്ദേശിക്കുന്ന ഡൽഹി-മുംബൈ, ഡൽഹി-ഹൗറ സെക്ഷനുകളിലും സംരക്ഷണ ഭിത്തിയൊരുക്കുന്നുണ്ട്. സിൽവർലൈനിന്റെ ട്രാക്ക് 137 കിലോമീറ്ററോളം ദൈർഘ്യത്തിൽ മേൽപ്പാത, തുരങ്കം, വയഡക്ട് എന്നിവയിലൂടെയാണെന്നതിനാൽ ഇവിടങ്ങളിൽ സഞ്ചാര സ്വാതന്ത്ര്യത്തിന് ഒരു തടസ്സമുണ്ടാവില്ല. മറ്റിടങ്ങളിൽ പാത മുറിച്ചുകടക്കൽ സൗകര്യത്തിനായി ഓരോ അഞ്ഞൂറുമീറ്ററിലും അടിപ്പാതകളോ മേൽപ്പാതകളോ സിൽവർലൈൻ ട്രാക്കിന് കുറുകെയുണ്ടാവുകയും ചെയ്യും. ജനസാന്ദ്രത കൂടിയ വികസിത നഗരഭാഗങ്ങളിലൂടെയാണ് നിലവിലെ റെയിൽവേ ലൈൻ കടന്നു പോകുന്നതെന്നതിനാൽ തിരുവനന്തപുരത്തിനും കാസർഗോഡിനുമിടയിലെ അസംഖ്യം വളവുകൾ നിറഞ്ഞ ഭാഗം നിവർത്തുന്നത് പ്രായോഗികമല്ല. തിരൂർ-തിരുവനന്തപുരം ഭാഗത്തെ അപേക്ഷിച്ച് താരതമ്യേന വളവുകളിൽ കുറവുള്ളതുകൊണ്ട് മാത്രമാണ് സിൽവർലൈൻ പാത തിരൂർ മുതൽ കാസർഗോഡ് വരെ നിലവിലെ പാതയ്ക്ക് സമാന്തരമായി നിശ്ചയിച്ചത്. തലസ്ഥാനത്തുനിന്ന് തിരൂർവരെയുള്ള ട്രാക്ക് കൊടുംവളവുകളും കയറ്റിറക്കങ്ങളും നിറഞ്ഞതാണ്. മാത്രമല്ല, ഇവിടങ്ങളിൽ പാത കടന്നുപോവുന്നത് അധികവും നഗര സ്വഭാവമുള്ള, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകൾക്കടുത്ത് കൂടിയാണ്. അതിനാൽത്തന്നെ ഭൂമിയേറ്റെടുക്കൽ പ്രക്രിയ വ്യാപകമായ എതിർപ്പും വലിയ കാലതാമസവും വരുത്തിവയ്ക്കും. നൂറുകണക്കിന് ട്രെയിനുകളാണ് നിലവിലെ ട്രാക്കിൽ സംസ്ഥാനത്ത് സർവീസ് നടത്തുന്നത് എന്നിരിക്കെ വളവുകൾ ഇനി നിവർത്താൻ സാധിച്ചാൽപോലും ട്രെയിൻ സാന്ദ്രത കാരണം ശരാശരി 90 കിലോമീറ്റർ വേഗതപോലും കൈവരിക്കാൻ സാധിക്കില്ല. ആയതിനാൽ നിലവിലെ ബ്രോഡ്ഗേജ് പാത ഇരട്ടിപ്പിച്ചതുകൊണ്ട് കേരളത്തിലെ റെയിൽപാതയിലൂടെ അതിവേഗ യാത്ര സാധ്യമാവില്ല. മാത്രമല്ല നിലവിലെ ട്രെയിനുകളിലേറെയും പുതിയ പാതയിലേയ്ക്ക് മാറിയാൽ ട്രെയിനുകളുടെ സാന്ദ്രത കാരണം അതിവേഗ യാത്രയും സാധ്യമാവില്ല. നിലവിലെ റെയിൽപാത നഗര വികസനം കൂടുതലുള്ള ജനവാസ മേഖലകളിലൂടെയാണ് കൂടുതലായി കടന്നുപോകുന്നത് എന്നതിനാൽ പാത നവീകരണം പ്രായോഗികമല്ല. കേരളത്തിൽ പ്രധാനമായും 4 വിമാനത്താവളങ്ങളാണ് സർവ്വീസ് നടത്തുന്നത്. എന്നാൽ, യാത്രാ ചെലവുകൂടി കണക്കിലെടുത്താൽ ഇത് ട്രെയിൻ യാത്രയെ അപേക്ഷിച്ച് സാധാരണക്കാർക്ക് ഒട്ടും താങ്ങാവുന്ന ഒന്നല്ല.

## കാസർഗോഡ്-തിരുവനന്തപുരം അതിവേഗ പാത

66 (66) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം അതിവേഗ തീവണ്ടിപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്?

സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അന്തിമാനുമതിക്കായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് റെയിൽവേബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ജൈക്ക, എ.ഡി.ബി, എ.ഐ.ഐ.ബി, കെ.എഫ്.ഡബ്ല്യൂ തുടങ്ങിയ വിദേശ വായ്പ ഏജൻസികളിൽനിന്നുമുള്ള വായ്പ ഇനത്തിൽപ്പെടുന്ന ധനസഹായത്തിനായി കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിനു ശിപാർശ ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും 2100 കോടി രൂപ കിഫ്ബിയിൽനിന്ന് വായ്പ എടുക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഗവേഷണ പഠനം, ഗതാഗത പഠനം, ലിഡാർ സർവ്വേ, ദ്രുത പരിസ്ഥിതി ആഘാത പഠനം എന്നീ പഠനങ്ങൾ നടത്തുകയും ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേയുടെയും സാമ്പത്തികകാര്യ വകുപ്പിന്റെയും കേന്ദ്ര മന്ത്രിസഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പാതയുടെ മതിപ്പ് ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

63941 കോടി രൂപ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പാത എന്ന് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

റെയിൽവേ ബോർഡിന്റേയും കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും അനുമതി ലഭിക്കുന്ന മുറയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ പദ്ധതി യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**എടച്ചേരി പഞ്ചായത്തിലെ ബോട്ട് ജെട്ടി നിർമ്മാണം**

67 (67) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിൽ മാഹിപുഴയുടെ വശങ്ങളിൽ ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അനുവദിച്ച ബോട്ട് ജെട്ടി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ മാഹിപുഴയുടെ കരയിൽ കച്ചേരി, കായപ്പനച്ചി എന്നീ സ്ഥലങ്ങളിൽ ബോട്ട് ജെട്ടിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയെങ്കിലും തീരദേശ പരിപാലന നിയമം (CRZ) അനുസരിച്ചുള്ള അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ടെണ്ടർ ചെയ്തിട്ടില്ല.

(ബി) ബോട്ട് ജെട്ടികൾ ഉൾപ്പെടെ പുഴകളിലെ സർക്കാർ നിർമ്മാണങ്ങൾക്ക് തീരദേശ വികസന പരിപാലന മാനേജ്മെന്റിന്റെ പ്രത്യേക അനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

തീരദേശ പരിപാലന മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തീരദേശ പരിപാലന നിയമം ദുർവ്യാഖ്യാനം ചെയ്ത് സർക്കാർ പദ്ധതികൾക്ക് തടസ്സം നിൽക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തീരദേശ പരിപാലന നിയമം ദുർവ്യാഖ്യാനം ചെയ്ത് സർക്കാർ പദ്ധതികൾക്ക് തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പാർവ്വതീ പുത്തനാർ നവീകരണം**

68 (68) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവ്വതീ പുത്തനാർ നവീകരണ പുരോഗതി വിശദമാക്കാമോ?

പാർവ്വതീ പുത്തനാറിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന SPV-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പാർവ്വതീ പുത്തനാറിൽ മൂന്നാറ്റുമുക്ക് മുതൽ ആക്കുളം വരെയുള്ള ഭാഗത്ത് പ്രാഥമിക ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കുളവാഴയും മറ്റു ജലജന്യസസ്യങ്ങളും നീക്കം ചെയ്ത് ശുചീകരിച്ച കനാൽ ഭാഗങ്ങൾ

പരിപാലിക്കുന്നുണ്ട്. പാർവ്വതീ പുത്തനാർ നവീകരണം രണ്ടാംഘട്ട പദ്ധതിയുടെ ഭാഗമായി കനാലിന്റെ ഇരുവശങ്ങളിലുമായി സ്ഥലം ഏറ്റെടുക്കുന്നതിനായി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. വെസ്റ്റ് കോസ്റ്റ് കനാലിന്റെ കോവളം മുതൽ വർക്കല വരെയുള്ള ഭാഗത്ത് കനാലിനോട് ചേർന്ന് താമസിക്കുന്നവരുടെ പുനരധിവാസത്തിനായുള്ള 247.2 കോടി രൂപയുടെ പുനരധിവാസ പദ്ധതിക്ക് കിഫ്ബിയിൽനിന്നും ധനസഹായം തേടുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. പാർവ്വതീ പുത്തനാർ നവീകരണ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. കിഫ്ബി ധനസഹായം ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുന്നതാണ്.

(ബി) കോവളം-കാസർഗോഡ് ദേശീയ ജലപാത പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

കോവളം മുതൽ കാസർഗോഡ് ബേക്കൽ വരെ 616 കി.മീ. ദൂരമുള്ള വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ഭാഗം ദേശീയ ജലപാത (NW3)-യായി പ്രഖ്യാപിച്ചിട്ടുള്ളതും നിലവിൽ ഇത് സഞ്ചാരയോഗ്യവുമാണ്. കോട്ടപ്പുറം മുതൽ വടക്കോട്ട് കോഴിക്കോട് ജില്ലയിലെ കല്ലായിപ്പുഴ വരെ ദേശീയ ജലപാതാ നിലവാരത്തിൽ (NW 3) extension ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കോവളം മുതൽ കൊല്ലം വരെയുള്ള ഭാഗം സംസ്ഥാന ജലപാതാ നിലവാരത്തിൽ വികസിപ്പിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോഴിക്കോട് പട്ടണത്തിൽക്കൂടി കടന്നുപോകുന്നതും ജലപാതാ വികസനത്തിന് തടസ്സമായിട്ടുള്ളതുമായ കല്ലായി മുതൽ ഇരഞ്ഞിക്കൽ വരെയുള്ള കനോലി കനാൽ എന്നറിയപ്പെടുന്ന ഭാഗത്തെ വികസനത്തിനാവശ്യമായ സാമ്പത്തിക സഹായം കിഫ്ബിയിൽനിന്ന് ലഭിക്കുന്നതിനായി ഒരു കൺസപ്റ്റ് നോട്ട് (ആശയ കുറിപ്പ്) KWIL തയ്യാറാക്കിവരുന്നു. വടകര-മാഹി കനാലിൽ ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നതോടൊപ്പം ആയതിന്റെ പൂർത്തീകരണത്തിലേയ്ക്കാവശ്യമായ 75 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. ഇതിലേയ്ക്കായി എട്ട് (8) പ്രവൃത്തികളിലേയ്ക്ക് 11 (1) വിജ്ഞാപനം ആവശ്യമുള്ളതിൽ ഏഴിനും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മാഹി - വളപട്ടണം ഭാഗത്തെ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ KWIL-ന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് അലൈൻമെന്റ് മാറ്റേണ്ടതായി വന്നതിനാൽ പുതുക്കിയ DPR സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. നീലേശ്വരം ബേക്കൽ ഭാഗത്തെ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് KWIL-ന്റെ നേതൃത്വത്തിൽ ഭൂമി

ഏറ്റെടുക്കൽ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ജലലഭ്യത വിലയിരുത്തുന്നതിനാവശ്യമായ വാട്ടർ ബാലൻസ് പഠനം നടന്നുവരുന്നു. റിപ്പോർട്ട് KITCO-യിൽ ഒക്ടോബർ രണ്ടാം വാരത്തോടെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**നാദാപുരം കളിയാമ്പള്ളി പാലം നിർമ്മാണം**

69 (69) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മുട്ടുങ്ങൽ-നാദാപുരം സ്റ്റേറ്റ് ഹൈവേയിലെ കളിയാമ്പള്ളി പാലം നിർമ്മാണത്തിന് പാലത്തിന്റെ ഡിസൈൻ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.) തിരുവനന്തപുരം കാര്യാലയത്തിൽ പുരോഗമിച്ചുവരികയാണ്.

(ബി) ഡിസൈൻ പ്രവൃത്തി വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

കനാലിന് കുറുകെ പാലത്തിന് പുറമെ ഇരുവശത്തും ഓരോ ലാൻഡ് സ്പാൻ ഉൾപ്പെടെയുള്ള ഡിസൈനാണ് തയ്യാറാക്കുന്നത്. ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.) മുൻഗണനാ ക്രമത്തിൽ ഡിസൈൻ പൂർത്തീകരിച്ചുവരികയാണ്. ഒക്ടോബർ മാസത്തിൽ ഡിസൈൻ പൂർത്തീകരിച്ച് ഡ്രോയിംഗ് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അടിയന്തരനടപടി സ്വീകരിക്കുമോ?

ഡിസൈൻ ലഭ്യമാകുന്നമുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**നാദാപുരം മണ്ഡലത്തിലെ തയ്യിൽപ്പാലം നിർമ്മാണം**

70 (70) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമ പഞ്ചായത്തിനെയും വടകര മണ്ഡലത്തിലെ ഏറാമല ഗ്രാമ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തയ്യിൽപ്പാലം നിർമ്മാണത്തിന് ഡിസൈൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിനെയും വടകര മണ്ഡലത്തിലെ ഏറാമല ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തയ്യിൽ

പാലത്തിനുവേണ്ടി ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ് (ഐ.ഡി.ആർ.ബി.) തിരുവനന്തപുരം മുഖേന ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഒക്ടോബർ മാസം പ്രസ്തുത ഡിസൈൻ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ക്ഷേമനിധി**

71 (71) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് മാത്രമായി പ്രത്യേക ക്ഷേമനിധി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് ജില്ലാതല അക്രഡിറ്റേഷൻ ഏർപ്പെടുത്തുമോ?

2008-ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 2-2-2016-ലെ ജി.ഒ.(പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗമായി ചേരുവാനുള്ള അവകാശം പ്രാദേശിക പത്രപ്രവർത്തകർക്ക് ഇപ്പോൾ നിലവിലുണ്ട്. വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955-ന്റെ പരിധിയിൽ വരാത്തവരും ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടയർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. പ്രാദേശിക മാധ്യമപ്രവർത്തകർക്ക് 2008-ലെ അൺ-ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമ (കേന്ദ്രനിയമം) പ്രകാരം നിലവിൽവന്ന കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാവുന്നതാണ്. കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് 19-8-2019-ലെ സ.ഉ. (സാധാ) നം. 1005/2019/തൊഴിൽ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന" പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക്

അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000 രൂപ ചികിത്സാ സഹായമായി നല്കുന്നതാണ്. അതിനാൽ, പ്രാദേശിക പത്രപ്രവർത്തകർക്ക് കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ പദ്ധതിയിൽ അംഗങ്ങളാകാൻ അവസരം നൽകുകയും ഈ പദ്ധതിമുഖേന പ്രാദേശിക പത്രപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതും പരിഗണിക്കാവുന്നതുമാണ്. അക്രഡിറ്റേഷൻ ഇല്ലാത്ത മാധ്യമ പ്രവർത്തകർക്ക് വകുപ്പിൽനിന്നും നൽകിവരുന്ന പ്രസ് ഐഡന്റിറ്റി കാർഡ് സുരക്ഷാകാരണങ്ങളാൽ അനുവദിക്കുന്നില്ല. പ്രാദേശിക ലേഖകർക്ക് സർക്കാർതലത്തിൽ ഏതെങ്കിലും തരത്തിലുള്ള തിരിച്ചറിയൽ കാർഡ്/ അക്രഡിറ്റേഷൻ കാർഡ് നൽകുന്നത് അഭികാമ്യമല്ല. മീഡിയാ ലിസ്റ്റിലുള്ള മാധ്യമപ്രവർത്തകർക്ക് സ്ഥാപനത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വകുപ്പിൽ പ്രവേശിക്കാൻ എൻട്രി പാസ് അനുവദിക്കുന്നുണ്ട്. ആയതിനാൽ പ്രാദേശിക മാധ്യമപ്രവർത്തകർക്ക് ജില്ലാതല അക്രഡിറ്റേഷൻ ഏർപ്പെടുത്താൻ നിലവിൽ ആലോചിച്ചിട്ടില്ല.

(ബി) ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പ്രാദേശിക മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് നിലവിൽ ചികിത്സാ ആനുകൂല്യങ്ങൾ ലഭിക്കും.

(സി) പ്രാദേശിക മാധ്യമ പ്രവർത്തകർക്കെതിരെ നടക്കുന്ന അക്രമങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ലഭിക്കുന്ന പരാതികളിൽ ആഭ്യന്തര വകുപ്പ് മുഖാന്തരം നടപടി സ്വീകരിക്കുന്നുണ്ട്.

**പ്രവാസി ക്ഷേമനിധി**

72 (72) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

60 വയസ്സിനുമുകളിൽ പ്രായമുള്ള പ്രവാസികൾക്ക് ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനും ചികിത്സാ സഹായങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും സാധ്യമാകുന്ന രീതിയിൽ നിയമ ഭേദഗതി വരുത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

## ഉയർന്ന വിമാന നിരക്ക്

73 (73) ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എൻ. കെ. അക്ബർ:

ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് നാട്ടിലേയ്ക്ക് മടങ്ങാൻ നിർബന്ധിതരായ പ്രവാസികളുടെ തിരിച്ചുപോക്കിന് വഴിയൊരുങ്ങിയ സാഹചര്യത്തിൽ ദുരിതത്തിന് വിധേയരായവരെ വീണ്ടും പ്രതിസന്ധിയിലാക്കുന്ന തരത്തിൽ വിമാന കമ്പനികൾ വളരെ ഉയർന്ന യാത്രാനിരക്ക് ഈടാക്കുന്നകാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നോ; കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് വിമാന ചാർജ് കുറയ്ക്കാൻ എന്തെങ്കിലും തരത്തിലുള്ള ഇടപെടൽ ഉണ്ടായതായി അറിയാമോ?

വിമാന യാത്രാനിരക്ക് വർദ്ധനവ് നിയന്ത്രിക്കുന്നതിനായി സർവ്വീസുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. വിമാന യാത്രാനിരക്ക് വർദ്ധനവ് തടയുന്നതിനും വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രിതലത്തിൽ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടൽ ഉണ്ടായതായി അറിവില്ല. ഇക്കാര്യത്തിലുണ്ടായിരുന്ന നിയന്ത്രണം കേന്ദ്രസർക്കാർ എടുത്തുകളഞ്ഞതിലൂടെ എയർക്രാഫ്റ്റുകൾക്ക് സ്വന്തംനിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്.

(ബി) പ്രവാസികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ പ്രവാസി ക്ഷേമത്തിനും പുനരധിവാസത്തിനുമായി നോർക്ക-റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവ മുഖേന ലഭ്യമാക്കുന്ന പദ്ധതികളെയും സഹായങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) മഹാമാരി കാരണം തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കായി കേന്ദ്ര സർക്കാരിനോട് പ്രത്യേക പാക്കേജ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച് അനുകൂല പ്രതികരണം ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവാസികൾക്കായി പ്രത്യേക പാക്കേജ് പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല.

**പ്രവാസി മലയാളികളുടെ മടങ്ങിപ്പോക്കിന് സഹായം**

74 (74) ശ്രീ. എം. എം. മണി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെ തുടർന്ന് മടങ്ങാനാവാതെ ലക്ഷക്കണക്കിന് മലയാളി പ്രവാസികൾ നാട്ടിൽ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ മടങ്ങിപ്പോക്കിന് സഹായകമാകുന്ന എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തേയ്ക്ക് തൊഴിലിനായി പോകുന്നവർക്കും വിദേശ രാജ്യങ്ങളിൽ പഠിക്കുന്നവർക്കും വാക്സിനേഷന് മുൻഗണന നൽകുകയും നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ, വിവിധ രാജ്യങ്ങളുമായുണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനംവഴി പ്രവാസികൾക്ക് യാത്രാസൗകര്യം ലഭ്യമാക്കിയിരുന്നു.

(ബി) ലഭിച്ച വാക്സിന്റെ അംഗീകാരമില്ലായ്മ, വിസ കാലാവധി കഴിഞ്ഞ സാഹചര്യം, പതിൻമടങ്ങ് വർദ്ധിച്ച വിമാനക്കൂലി തുടങ്ങിയ പ്രശ്നങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ കേന്ദ്രഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയാമോ; വ്യക്തമാക്കാമോ?

വാക്സിൻ അംഗീകാരം, വിസ റഗുലറൈസേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് നയതന്ത്ര ചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയങ്ങളോട് ചീഫ് സെക്രട്ടറി തലത്തിലും ബഹു.പ്രധാനമന്ത്രി, വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോട് മുഖ്യമന്ത്രിതലത്തിലും അഭ്യർത്ഥിച്ചിട്ടുണ്ട്. വിമാനക്കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുവാൻ മുഖ്യമന്ത്രി കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ നിരക്ക് നിയന്ത്രണം

കേന്ദ്രസർക്കാർ എടുത്തുകളഞ്ഞതിലൂടെ എയർ ക്രാഫ്റ്റുകൾ സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്.

(സി) ഗൾഫ് നാട്ടുകളിലേയ്ക്ക് മടങ്ങാനാകാതെ കഷ്ടപ്പെടുന്നവരുടെ എണ്ണം സംബന്ധിച്ച് എന്തെങ്കിലും കണക്ക് സർക്കാരിന്റെ കൈവശമുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ജാഗ്രതാ പോർട്ടലിലെ 1-10-2021-ൽ ലഭ്യമായ കണക്കുകൾ പ്രകാരം ആകെ മടങ്ങി വന്ന പ്രവാസികൾ 17,12,667 (പതിനേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി അറുന്നൂറ്റിയറുപത്തേഴ്) ആണ്. എയർപോർട്ട് അതോറിറ്റി ലഭ്യമാക്കുന്ന വിവരങ്ങൾ പ്രകാരം മേയ് 2020 - ആഗസ്റ്റ് 2021 കാലയളവിൽ കേരളത്തിലെ 4 എയർപോർട്ടുകൾ വഴി വിദേശത്തേയ്ക്ക് യാത്ര ചെയ്തവർ 31,71,844 (മുപ്പത്തിയൊന്ന് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി എണ്ണൂറ്റി നാൽപ്പത്തിനാല്) ആണ്. തിരിച്ചുപോകാൻ ആഗ്രഹിച്ചവരിൽ ഭൂരിഭാഗം പേരും തിരിച്ചുപോയിട്ടുണ്ടെന്ന് മേൽ കണക്ക് പ്രകാരം കരുതാവുന്നതാണ്.

**പേൾ പദ്ധതി**

75 (75) <u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. പി. നന്ദകുമാർ:</u>
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>
<u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മൂലം പ്രതിസന്ധിയിലായ പ്രവാസികൾക്കായി സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവാസി ഭദ്രത പദ്ധതിയായ പേൾ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്-19 മഹാമാരിയെത്തുടർന്ന് പ്രതിസന്ധിയിലായ അവിദഗ്ദ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ മുഖേന പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് പ്രവാസി ഭദ്രതാ-പേൾ പദ്ധതിയുടെ ഉദ്ദേശ്യം. പദ്ധതിയുടെ സവിശേഷതകൾ ചുവടെ ചേർക്കുന്നു.

1) റിവോൾവിംഗ് ഫണ്ട് മാതൃകയിൽ വ്യക്തിഗത/ഗ്രൂപ്പ് സംരംഭങ്ങൾക്ക് സഹായം

2) സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ

3) 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പ

4) 2 വർഷത്തിനുള്ളിൽ തിരിച്ചടവ്

(ബി) കോവിഡുമൂലം ജോലി നഷ്ടപ്പെട്ട് തിരികെയെത്തി സംരംഭം ആരംഭിച്ച പ്രവാസികൾക്ക് പേൾ പദ്ധതിയുടെ പ്രയോജനം ലഭിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോവിഡുമൂലം ജോലി നഷ്ടപ്പെട്ട് തിരികെയെത്തി സംരംഭം ആരംഭിച്ച പ്രവാസികൾക്ക് അവരുടെ സംരംഭം വിപുലീകരിക്കുന്നതിന് ഈ പദ്ധതിയിൻ കീഴിൽ വായ്പ ലഭിക്കുന്നതാണ്.

(സി) കോവിഡ് കാരണം നാട്ടിലേയ്ക്കുമടങ്ങിയ പ്രവാസികൾ എത്രയെന്നും അതിൽ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടുയെന്നതിന്റെയും കണക്ക് ലഭ്യമാണോ; തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ സംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

ഏകദേശം 17 ലക്ഷം പ്രവാസി കേരളീയരാണ് ഇത്തരത്തിൽ ഈ കാലഘട്ടത്തിൽ തിരികെയെത്തിയിരിക്കുന്നത്. ആയതിൽ 12.3 ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നാണ് 29-9-2021-ലെ കോവിഡ്-19 ജാഗ്രതാ പോർട്ടലിലെ വിവരങ്ങൾ സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ തിരിച്ചെത്തിയവരെ പുനരധിവസിപ്പിക്കുന്നതിനും അവരുടെ നിലനിൽപ്പിനാവശ്യമായ തൊഴിൽ സംരംഭ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും 2021-22 ബഡ്ജറ്റിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന തൊഴിൽ സംരംഭകത്വ പദ്ധതികളാണ് പ്രവാസി പുനരധിവാസ ഏകോപന സംയോജന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്.

1. നാനോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത - പേൾ): അവിദഗ്ദ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാനപരിധിയിൽ വരുന്നവരുമായ പ്രവാസി കേരളീയർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകത്വ വായ്പകളും സഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. അപേക്ഷകൻ കുടുംബശ്രീ അയൽക്കൂട്ട അംഗത്വം നേടിയ പ്രവാസിയോ അല്ലെങ്കിൽ അയൽക്കൂട്ട അംഗത്തിന്റെ കുടുംബാംഗമായ പ്രവാസിയോ ആയിരിക്കണം. പരമാവധി 2 ലക്ഷം രൂപ വരെയുള്ള പലിശരഹിത വായ്പയാണ് ലഭിക്കുന്നത്. ഇതിന്റെ തിരിച്ചടവ് കാലാവധി 24 മാസമാണ്.

2. മൈക്രോ എന്റർപ്രൈസ് അസിസ്റ്റൻസ് സ്കീം (പ്രവാസി ഭദ്രത – മൈക്രോ): വിവിധ സഹകരണ സ്ഥാപനങ്ങൾ, പ്രവാസി കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ എന്നിവ മുഖേന സ്വയം തൊഴിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മൈക്രോ. പരമാവധി 5 ലക്ഷം രൂപ വരെയുള്ള വായ്പയാണ് ഇതിലൂടെ ലഭിക്കുന്നത്. അഞ്ചു ലക്ഷം രൂപ വായ്പ തുകയിൽ ഒരു ലക്ഷം രൂപ ആദ്യം തന്നെ മൂലധന സബ്സിഡി അനുവദിക്കും എന്നതാണ് പദ്ധതിയുടെ സവിശേഷത. കൃത്യമായ തിരിച്ചടവുള്ളവർക്ക് ത്രൈമാസ കാലയളവിൽ പലിശ സബ്സിഡിയും നൽകുന്നതാണ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച ചെയ്തുവരികയാണ്.

3. സ്പെഷ്യൽ അസ്സിസ്റ്റന്റ്സ് സ്കീം (പ്രവാസി ഭദ്രത – മെഗാ): സ്വയം തൊഴിൽ പദ്ധതികൾക്കായി KSIDC മുഖാന്തരം 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ 8.25% മുതൽ 8.75% വരെ പലിശ നിരക്കിൽ വായ്പ നൽകുന്ന പദ്ധതിയാണ് പ്രവാസി ഭദ്രത മെഗാ. പ്രസ്തുത പലിശ നിരക്കിൽ, 5% ഗുണഭോക്താവും 3.25% മുതൽ 3.75% വരെ പലിശ സബ്സിഡിയായി ത്രൈമാസ കാലയളവിൽ നോർക്ക റൂട്ട്സും അനുവദിക്കും.

4. NDPREM: തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഗുണഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ പിന്തുണ നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പ്രവാസി ഭദ്രത പദ്ധതി കൂടാതെ NDPREM പദ്ധതി വിപുലീകരിച്ചതിന്റെ ഭാഗമായി പദ്ധതിവിഹിതം 2020-21 സാമ്പത്തിക വർഷത്തിലെ 18 കോടി രൂപയിൽനിന്ന് 2021- 22 സാമ്പത്തിക വർഷത്തിൽ 24.4 കോടി രൂപയായി വർദ്ധിപ്പിച്ചു. സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പകൾക്ക് 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം) 4 വർഷത്തേയ്ക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവർക്ക് സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി) മുഖേന വേണ്ട ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ലഭ്യമാക്കുന്നു. കൃഷി, വ്യവസായം, കച്ചവടം, സേവനങ്ങൾ, വാഹന വായ്പ, ഉത്പാദനം എന്നീ സംരംഭങ്ങൾക്കും സ്റ്റാർട്ട് അപ്പ് മിഷൻ മുഖേനയുള്ള പ്രോജക്ട്സിനും ടി പദ്ധതി മുഖേന ബാങ്ക് വായ്പ നൽകിവരുന്നു.

## വിദേശ മലയാളികളുടെ യാത്രാസൗകര്യം

76 (76) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ വിദേശരാജ്യങ്ങളിൽനിന്നും തിരിച്ചെത്തിയ മലയാളികൾക്ക് യഥാസമയം തിരിച്ച് ജോലിസ്ഥലങ്ങളിൽ എത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നോർക്ക വകുപ്പ് ഇടപെട്ട് ഇവരെ അവർ ജോലിചെയ്യുന്ന സ്ഥലങ്ങളിൽ തിരികെ എത്തിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; യഥാസമയം ജോലിക്ക് എത്താൻ സാധിക്കാത്തത് കാരണം ജോലി നഷ്ടപ്പെട്ടവരുടെ കണക്ക് വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദേശത്തേയ്ക്ക് തൊഴിലിനായി പോകുന്നവർക്കും വിദേശരാജ്യങ്ങളിൽ പഠിക്കുന്നവർക്കും വാക്സിനേഷന് മുൻഗണന നൽകുകയും നാട്ടിൽ കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 പശ്ചാത്തലത്തിൽ, വിവിധ രാജ്യങ്ങളുമായുണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി പ്രവാസികൾക്ക് യാത്രാ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. വാക്സിൻ അംഗീകാരം, വിസ റഗുലറൈസേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ആരോഗ്യ-കുടുംബക്ഷേമ മന്ത്രാലയങ്ങളോട് ചീഫ് സെക്രട്ടറി തലത്തിലും ബഹു. പ്രധാനമന്ത്രി, കേന്ദ്ര വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോട് മുഖ്യമന്ത്രിതലത്തിലും അഭ്യർത്ഥിച്ചിട്ടുണ്ട്. യഥാസമയം ജോലിക്കെത്താൻ സാധിക്കാത്തത് കാരണം ജോലി നഷ്ടപ്പെട്ടവരുടെ കണക്ക് കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമായിട്ടില്ല. ജാഗ്രതാ പോർട്ടലിൽ ലഭ്യമായ കണക്കനുസരിച്ച് 17.13 ലക്ഷം പേർ കേരളത്തിലേയ്ക്ക് മടങ്ങിയിട്ടുണ്ട്. എന്നാൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ നൽകുന്ന വിവരങ്ങൾ അനുസരിച്ച് 31.72 ലക്ഷം ആളുകൾ കേരളത്തിലെ 4 എയർപോർട്ടുകൾ വഴി വിദേശത്തേയ്ക്ക് സഞ്ചരിച്ചിട്ടുണ്ട്.

## മതസാഹോദര്യം തകർക്കുന്നതിനുള്ള സംഘടിത ശ്രമങ്ങൾ

77 (77) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതസാഹോദര്യം തകർക്കാൻ ബോധപൂർവ്വവും സംഘടിതവുമായ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

മതസാഹോദര്യം തകർക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത് നേരിടാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

മതസൗഹാർദ്ദം തകർക്കുന്ന തരത്തിലുള്ള പ്രചരണങ്ങളെ തുടക്കത്തിൽ തന്നെ പ്രതിരോധിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ പോലീസ് സ്റ്റേഷൻ, സബ് ഡിവിഷൻ ജില്ല എന്നീ തലങ്ങളിൽ സാമുദായിക സൗഹൃദ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്. കൂടാതെ ലോക്കൽ പോലീസിന്റെയും സ്റ്റേറ്റ്/ജില്ല സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽനിന്നും മുൻകൂറായി വിവരശേഖരണം നടത്തി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച് വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

78 (78) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ അധികാരത്തിൽവന്ന 2016 മുതൽ പോലീസ് വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ വെളിപ്പെടുത്തുമോ?

മുൻ സർക്കാർ അധികാരത്തിൽവന്ന 2016 മുതൽ പോലീസ് വകുപ്പിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയ്ക്കും എസ്.എച്ച്.ഒ.-മാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. ഇതുമൂലം ഓരോ പോലീസ് സ്റ്റേഷന്റെയും ഭരണപരമായ കാര്യങ്ങളിലും മറ്റുമുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാകുകയും പൊതുജനങ്ങളുടെ ആവലാതികൾ എസ്.എച്ച്.ഒ.-മാരായ ഇൻസ്പെക്ടർമാർ കേൾക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. രണ്ടോ അതിലധികമോ എസ്.ഐ.-മാരുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനപാലനവും രണ്ട് വിഭാഗങ്ങളാക്കി വേർതിരിച്ചിട്ടുണ്ട്. ഈ പരിഷ്കാരം വഴി കേസന്വേഷണത്തിലും ക്രമസമാധാന പാലനത്തിലും ശക്തമായി ഇടപെടാനും അതുവഴി പൊതുജനങ്ങൾക്ക് പരാതിക്കിടനൽകാത്തവിധം പോലീസിന് പ്രവർത്തിക്കുവാനും സാധിക്കുന്നുണ്ട്. ഇത്തരം പരിഷ്കാരം പൊതുജനങ്ങൾക്കിടയിൽ പോലീസിന്റെ സ്വീകാര്യത

വർദ്ധിപ്പിക്കുന്നതിനും പൊതുസമൂഹത്തിൽ ജനസൗഹൃദ പോലീസ് എന്ന അവബോധം വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ട്. നേരിട്ടെടുക്കാവുന്ന കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ഏതെങ്കിലും വ്യക്തി കുറ്റകൃത്യം നടന്ന പോലീസ് സ്റ്റേഷന്റെ അധികാര പരിധിക്ക് പുറത്തെ പോലീസ് സ്റ്റേഷനിൽ പരാതി സമർപ്പിച്ചാൽ അധികാരപരിധി നോക്കാതെ ഏതൊരു പോലീസ് സ്റ്റേഷനിലും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണമെന്ന് സംസ്ഥാന പോലീസ് മേധാവി സർക്കുലർ നം.1/2020 തീയതി 3-1-2020 പ്രകാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ CCTNS-ന് ആവശ്യമായ കമ്പ്യൂട്ടറുകളും ലാപ് ടോപ്പുകളും വാങ്ങി നൽകിയിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണം കൂടുതൽ ശാക്തീകരിക്കുന്നതിനായി സയന്റിഫിക് ഉപകരണങ്ങളായ DNA Sequencer, Advanced equipment for document examination, Digital Zoom Static Microscope, FTIR Spectrometer, Refractometer, PCR Machine, Ultra low temperature freezer, Refrigerated centrifuge തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഫോറൻസിക് സയൻസ് ലാബുകളിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായി. നിലവിലെ പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് പരാതികൾ നൽകുന്നതിനായി ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാനും അവരുടെ പരാതികൾക്ക് അതിവേഗം നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുമെന്നും പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതുമൂലം പ്രസ്തുത മേഖലയിലെ ക്രമസമാധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ കഴിയുമെന്നും മനസ്സിലാക്കി അത്തരമൊരു നയം ഈ സർക്കാർ സ്വീകരിക്കുകയും തുടർന്ന് രണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങളിലായി നാല് വനിതാ പോലീസ് സ്റ്റേഷനുകളടക്കം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്താകെ ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ മാത്രമേ നിലവിലുണ്ടായിരുന്നുള്ളൂ. സൈബർ ഇടങ്ങളിൽ സ്ത്രീകളും പ്രായമായവരും നേരിടുന്ന വെല്ലുവിളികളും അവർക്കെതിരെ ഉണ്ടാകുന്ന കുറ്റകൃത്യങ്ങളും ഓൺലൈൻ തട്ടിപ്പുകൾ അടക്കമുള്ള മറ്റ് കുറ്റകൃത്യങ്ങളും ഫലപ്രദമായി തടയുന്നതിനായി സംസ്ഥാനത്ത് എല്ലാ പോലീസ് ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ (19 എണ്ണം) ആരംഭിച്ചിട്ടുണ്ട്. കേരള പോലീസിന്റെ മൊബൈൽ ആപ്ലിക്കേഷനുകളായ രക്ഷ, സിറ്റിസൺ സേഫ്റ്റി, ഡയൽ-എ-കോപ്, ഇ-ഗ്രന്ഥ, സൈബർ ഗൈഡ്, Know Your Jurisdiction, THUNA തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനുകൾ ഏകോപിപ്പിച്ച് ' POL-APP' എന്ന പേരിൽ പൊതുജനങ്ങൾക്കായി നൽകിയിട്ടുണ്ട്. പോലീസ് പൊതുജന സൗഹാർദ്ദ

പോർട്ടൽ സംവിധാനം വഴി പൊതുജനങ്ങൾക്ക് ഓൺലൈനായി പരാതികൾ സമർപ്പിക്കാവുന്നതാണ്. ജീവഹാനി കൂടാതെ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനും നിർവ്വീര്യമാക്കുന്നതിനുമുള്ള ഉപകരണങ്ങൾ, സ്യൂട്ടുകൾ, നിരീക്ഷണ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. തീരദേശ സുരക്ഷയ്ക്കും LWE/മാവോയിസ്റ്റ് ബാധിത പ്രദേശങ്ങളിൽ സുരക്ഷയുടെ ഭാഗമായി നൂതന സാങ്കേതിക വിദ്യയിലുള്ള സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി കേന്ദ്ര സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് Cyber Crime Prevention Against Women and Children (CCPWC) പ്രോജക്ട്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പോലീസ് ഓഫീസർമാർ, പബ്ലിക് പ്രോസിക്യൂട്ടർമാർ, ജുഡീഷ്യൽ ഓഫീസർമാർ എന്നിവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലെ അനലോഗ് ടെലിഉപകരണങ്ങൾക്ക് പകരം അത്യാധുനിക രീതിയിലുള്ള ഡിജിറ്റൽ റേഡിയോ കമ്മ്യൂണിക്കേഷൻ സിസ്റ്റം തൃശ്ശൂർ ജില്ലയിൽ ആവിഷ്കരിക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പൊതുജനങ്ങൾക്ക് പോലീസ് വകുപ്പിൽനിന്നും നൽകിവരുന്ന ഒരു സുപ്രധാന സേവനമാണ് പാസ്സ്പോർട്ട് വെരിഫിക്കേഷൻ. പൗരൻമാർക്ക് 3-4 ദിവസങ്ങൾക്കുള്ളിൽ പാസ്പോർട്ടിന് ആവശ്യമായ പോലീസ് വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് നൽകുന്നതിന് e-VIP (Electronic Verification Interface for Passport Applications) എന്ന പോർട്ടൽവഴി സാധ്യമായിവരുന്നു. മോട്ടോർ വാഹന നിയമപ്രകാരമുള്ള പിഴ/ഫീസ് എന്നിവ ഡിജിറ്റലായി ഒടുക്കുന്നതിനുള്ള ' Traffic Offence Compounding E-Chalan System' ഫെഡറൽ ബാങ്കിന്റെ സഹകരണത്തോടെ ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം സിറ്റി, കൊല്ലം സിറ്റി, കൊച്ചി സിറ്റി, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നീ 5 പോലീസ് ജില്ലകളിൽക്കൂടി ആരംഭിക്കുന്നതാണ്. അവസാന ഘട്ടത്തിൽ 6 പോലീസ് ജില്ലകളിൽക്കൂടി പദ്ധതി നടപ്പിലാക്കുന്നതോടെ സംസ്ഥാനത്താകെ ഡിജിറ്റലായി പിഴ/ഫൈൻ ഒടുക്കാനുള്ള സംവിധാനം ലഭ്യമാകുന്നതാണ്. 23-11-2017-ലെ സ.ഉ.(ആർ.റ്റി)നം.3113/2017/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും National Emergency Response System (NERS) സംവിധാനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം പിന്നീട് Emergency Response Support System (ERSS) എന്ന് പുനർനാമകരണം ചെയ്തു. 112 എന്ന എമർജൻസി നമ്പരിലേയ്ക്ക് അടിയന്തര സഹായത്തിനായി പൊതുജനങ്ങൾക്ക് പോലീസ് സഹായം ആവശ്യപ്പെടാവുന്നതും ഈ സംവിധാനം

വഴി വളരെ വേഗവും കൃത്യവുമായ പോലീസ് സഹായം ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. സംസ്ഥാന പോലീസ് സേനയുടെ ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനങ്ങളുടെ നവീകരണത്തിന്റെ ഭാഗമായി Modern Interrogation Room-ന്റെ പ്രവർത്തനം 18-3-2017-ൽ ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ആധുനിക ചോദ്യംചെയ്യൽ മുറി സ്ഥാപിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടനം കൂടുതൽ സുഗമമാക്കുന്നതിന് "Virtual Q" നടപ്പിലാക്കിയിട്ടുണ്ട്. ആയത് കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പദ്ധതിയാണ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്. പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ലോകത്തും സ്ത്രീകൾക്ക് സുരക്ഷ ഒരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. പിങ്ക്പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പ് കൽപ്പിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം ടി പദ്ധതി വഴി നൽകുന്നതാണ്. വനിതാസെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധസംഘടനകളുടെ സഹായത്തോടെ ശക്തിപ്പെടുത്താനും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. പൊതുനിരത്തുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പു വരുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് പിങ്ക് പോലീസ് പട്രോൾ. സ്കൂൾ-കോളേജ് പരിസരങ്ങൾ, ബസ് സ്റ്റാൻഡുകൾ എന്നിവ കേന്ദ്രീകരിച്ച് പട്രോളിംഗ് നടത്തുന്ന വനിതാ പോലീസ് ഉദ്യോഗസ്ഥരാണ് ഈ സംവിധാനത്തിലുള്ളത്. ക്യാമറ, ജി.പി.എസ്. എന്നിങ്ങനെ ആധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങളാണ് പിങ്ക് പോലീസിനായി നൽകിയിരിക്കുന്നത്. കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് അവരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടെ കേരളാ പോലീസ് ആവിഷ്കരിച്ച പദ്ധതിയാണ് വനിതാ സ്വയം പ്രതിരോധ സംഘം. സ്കൂൾ, കോളേജ്, റെസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ യൂണിറ്റുകൾ മുതലായ സ്ഥലങ്ങളിൽ കേരളാ പോലീസിന്റെ വനിതാ സ്വയംപ്രതിരോധ സംഘം സൗജന്യ ക്ലാസുകൾ ലഭ്യമാക്കുന്നു. കൗൺസിലിംഗ്, നിയമം, മോട്ടിവേഷൻ എന്നിവയിലും അടിസ്ഥാന വിവരങ്ങൾ ഈ ക്ലാസുകളിലൂടെ നൽകി വരുന്നു. കേരളത്തിലെ 19 പോലീസ്

ജില്ലകളിലും വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഇത്തരം പരിശീലനങ്ങൾക്ക് പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഏകോപന ചുമതല ക്രൈം ബ്രാഞ്ച് വിഭാഗം എ.ഡി.ജി.പി.-ക്കാണ്. ഗാർഹികപീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാവുന്നതാണ്. സ്ത്രീധനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടക്കുന്ന വിവിധ അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ആർ. നിശാന്തിനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പരാതികൾ 9497999955 എന്ന നമ്പരിൽ നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതായാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷ ഒരുക്കുന്നതിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് നിഴൽ. ഏത് അടിയന്തര സാഹചര്യത്തിലും ആവശ്യമായ സഹായമെത്തിക്കാൻ തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് പോലീസ് കമാന്റ് സെന്റർ കേന്ദ്രമായാണ് ഈ പ്രത്യേക സംവിധാനത്തിന്റെ പ്രവർത്തനം. കേരളത്തിലെ എല്ലാ ജില്ലയിൽനിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. രാത്രി ഒറ്റയ്ക്ക് സഞ്ചരിക്കുന്ന വനിതകൾക്ക് പോലീസ് സഹായം എത്തിക്കാനും ഈ സംവിധാനം വഴി സാധിക്കും. വിളിക്കുന്നയാളുള്ള സ്ഥലം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൃത്യമായി മനസ്സിലാക്കാൻ കമാന്റ് സെന്ററിന് കഴിയും. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും. 112 ഇൻഡ്യ എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാന്റ് സെന്ററിൽ സന്ദേശമെത്തും. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിക്കുന്നതിനും മേൽനടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ സ്റ്റേറ്റ് വനിതാ സെൽ പ്രവർത്തിച്ചുവരുന്നു. ഇതേ ലക്ഷ്യത്തോടുകൂടി ജില്ലകളിലും വനിതാസെൽ ഉണ്ട്. കൂടാതെ വയനാട് ജില്ല ഒഴികെ എല്ലാ റവന്യൂ ജില്ലകളിലും ഒരു വനിതാ പോലീസ് സ്റ്റേഷൻ വീതവും സ്ഥാപിച്ചിട്ടുണ്ട്. കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണങ്ങളും അതിക്രമങ്ങളും തടയുന്നതിനും Child Pornography-ക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കുകയും കേസുകളുടെ അന്വേഷണം

കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി എ.ഡി.ജി.പി. (എച്ച്.ക്യൂ) ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്.-ന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു Counter Child Sexual Exploitation Centre (CCSE) സ്ഥാപിച്ചിട്ടുണ്ട്. ദേശീയ അന്തർദേശീയ ഏജൻസികളായ ICMEC, Interpol, NECMEC, NCRB എന്നിവയുമായി പ്രസ്തുത കേന്ദ്രം സഹകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെന്റർ മുഖേന കുട്ടികളെ Online-ൽ ദുരുപയോഗം ചെയ്യുന്നവരെ കണ്ടെത്തി പിടികൂടി നിയമപരമായ നടപടികൾ സ്വീകരിക്കുവാനും ഇരകളായ കുട്ടികളെ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാനും കഴിയും. കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് Children and Police (CAP). പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

CAP Call Centre, CAP Project, CAP Internet De-addiction centre, Coordination and supervision of CAP initiatives, Child Friendly Police Stations (CFPS), Project Hope Project, Our Responsibility to Children (ORC), School Protection Groups (SPG), Student Police Cadets Programme (SPC), Partnership Hubs ഈ പദ്ധതി മുഖേന ഇന്റർനെറ്റിന് അടിമകളായ കുട്ടികൾക്ക് കൗൺസിലിംഗ് ഉൾപ്പെടെ സഹായങ്ങൾ ലഭ്യമാക്കുവാനും കുട്ടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ നൽകാൻ ഒരു കോൾ സെന്ററും ഇവിടെ പ്രവർത്തിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് CCPWC പ്രോജക്ട്. ഇതിന്റെ ഭാഗമായി കേരള പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീ സുരക്ഷയ്ക്ക് അതീവ പ്രാധാന്യം കൊടുത്തുകൊണ്ട് വനിതാ ബറ്റാലിയൻ, വനിതാ ബീറ്റ് എന്നിവയും പോലീസിൽ നടപ്പിലാക്കിയ പദ്ധതികളാണ്.

### സല്യൂട്ടിന് അർഹതയുള്ളവർ

79 (79) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ചട്ടപ്രകാരം സല്യൂട്ടിന് അർഹതയുള്ളവർ ആരൊക്കെയാണെന്ന് അറിയിക്കുമോ; സല്യൂട്ട് ചെയ്യാത്ത പോലീസുകാർക്കുള്ള ശിക്ഷ എന്താണെന്ന് വ്യക്തമാക്കുമോ?

പോലീസ് സ്റ്റാന്റിംഗ് ഓർഡറിലെ Chapter XVIII സെക്ഷൻ 424(7) പ്രകാരമാണ് പോലീസ് സല്യൂട്ടിന് അർഹരായിട്ടുള്ളവർ ആരൊക്കെയാണെന്ന്

നിർവ്വചിച്ചിരിക്കുന്നത് (പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു*). അച്ചടക്ക ലംഘനം നടത്തിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ 1958-ലെ കേരള പോലീസ് ഡിപ്പാർട്ട്മെന്റ് അന്വേഷണ വിചാരണയും ശിക്ഷ ചുമത്തലും അപ്പീലും ചട്ടങ്ങൾ പ്രകാരമാണ് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്വപ്ന സുരേഷ് എന്ന വ്യക്തിയെ സല്യൂട്ട് ചെയ്തില്ലെന്ന പേരിൽ 3 പോലീസുകാരെ സസ്പെൻഡ് ചെയ്യണമെന്ന ശിപാർശ യു.എ.ഇ. കോൺസുലേറ്റിൽ നിന്ന് തിരുവനന്തപുരം കമ്മീഷണർ ഓഫീസിലേയ്ക്ക് അയച്ചിരുന്നോ; ശിപാർശയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇത്തരത്തിൽ ഒരു ശിപാർശ ലഭിച്ചതായി കാണുന്നില്ല.

**മതസൗഹാർദ്ദം തകർക്കുന്നവർക്കെതിരെ നടപടി**

80 (80) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലവ് ജിഹാദ്, നാർകോട്ടിക് ജിഹാദ് എന്നിവ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മതസ്പർദ്ധയുണ്ടാക്കുന്ന തരത്തിൽ നടക്കുന്ന പ്രചാരണങ്ങളും പ്രസ്താവനകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രവണതകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മതസൗഹാർദ്ദം തകർക്കാൻ ചില തത്പരകക്ഷികൾ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും പ്രചാരണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതസ്പർദ്ധയുണ്ടാക്കുന്ന തരത്തിൽ നടക്കുന്ന പ്രചാരണങ്ങളും പ്രസ്താവനകളും വളരെ ഗൗരവമായാണ് കാണുന്നത്. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 153 A പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിൽ സമൂഹമാധ്യമങ്ങളിലും മറ്റും നടക്കുന്ന പ്രചാരണങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമുദായിക സൗഹാർദ്ദം തകർക്കുന്ന തരത്തിൽ സമൂഹ മാധ്യമങ്ങളിലും മറ്റും നടക്കുന്ന പ്രചാരണങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (25-5-2016 മുതൽ 19-5-2021 വരെ)- 132, ഈ സർക്കാരിന്റെ കാലത്ത് (20-5-2021 മുതൽ 26-9-2021 വരെ) - 7.

## സംഘടിത കുറ്റകൃത്യങ്ങൾ തടയുന്നതിന് നിയമനിർമ്മാണം

81 (81) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യം തടയുന്നത് സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ ഒരു നിയമം സംസ്ഥാനത്ത് കൊണ്ടുവരുവാൻ ഉണ്ടായ സാഹചര്യം വിശദമാക്കുമോ;

(സി) ടി ബില്ലിന്റെ കരടിന് നിയമ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കുമോ?

(എ-സി) ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## ശബരിമല സ്ത്രീ പ്രവേശനം, പൗരത്വ പ്രക്ഷോഭം എന്നിവയുമായി ബന്ധപ്പെട്ട കേസുകൾ

82 (82) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് ഇതുവരെയായി എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പൗരത്വ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര കേസുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്?

(എ&ബി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശബരിമല സ്ത്രീപ്രവേശന വിധിക്കെതിരെയും പൗരത്വ ഭേദഗതി നിയമത്തിനെതിരെയും നിയമാനുസൃതം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതിഷേധിച്ചവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ശബരിമല സ്ത്രീപ്രവേശന വിധിക്കെതിരെ നടന്ന അക്രമസമരങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 2636 കേസുകളും പൗരത്വ ഭേദഗതി നിയമത്തിനെതിരെ നടന്ന പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 836 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) രണ്ട് വിഭാഗത്തിലും ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ട കേസുകൾ പിൻവലിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ശബരിമല സ്ത്രീ പ്രവേശന വിഷയവുമായി ബന്ധപ്പെട്ടുണ്ടായ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെ തുടർന്നും പൗരത്വ ഭേദഗതി നിയമം കൊണ്ടുവന്നതിനെ തുടർന്നും സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(ഇ) എങ്കിൽ ഇതിനുവേണ്ടി ഇക്കാലയളവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇതിനായി, ഈ സംഭവങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ നിലവിലെ സ്ഥിതി, സ്വഭാവം എന്നിവ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംബ്രാഞ്ച്) തിരുവനന്തപുരം റേഞ്ചിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**പോലീസിലെ രാഷ്ട്രീയവൽക്കരണം**

83 (83) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ആർ.എസ്.എസ്. ഗാങ്ങ് പ്രവർത്തിക്കുന്നുണ്ട് എന്ന സംസ്ഥാന ഭരണകക്ഷിയുടെ വനിതാ ദേശീയ നേതാവ് പ്രസ്താവന നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് പോലീസ് സേനയിൽ ആർ.എസ്.എസ്.- വൽക്കരണം ഉണ്ടെങ്കിൽ ആയത് അവസാനിപ്പിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) പോലീസിലെ രാഷ്ട്രീയവൽക്കരണ ശ്രമം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥർ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ വകുപ്പുതല നടപടി സ്വീകരിച്ചു വരുന്നുണ്ട്.

**വനിതാപോലീസ് സേനയിൽ റൊട്ടേഷൻ നടപ്പിലാക്കാൻ നടപടി**

84 (84) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ പോലീസ് സേനയ്ക്ക് രാജ്യത്തെ ഒരു സേനകൾക്കും ലഭിക്കാത്ത സൗകര്യങ്ങൾ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത സേനാംഗങ്ങൾ പൊതുജനങ്ങളുടെ മേൽ അനുവദനീയമായതിലുമപ്പുറം അമിത അധികാരപ്രയോഗം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സേനയിലെ പിങ്ക് പോലീസ് വിഭാഗം ഉൾപ്പെടെയുള്ളവരുടെ പദവി വിനിയോഗ നടപടികൾ അടുത്തിടെ പൊതുജനങ്ങൾക്കുണ്ടാക്കിയ ബുദ്ധിമുട്ടുകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പോലീസ് സേനയിലെ പിങ്ക് വിഭാഗം ഉൾപ്പെടെയുള്ളവരുടെ പദവി ദുരുപയോഗം ചെയ്യുന്ന നടപടികൾ ഉണ്ടാകാതിരിക്കുവാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയത് ഉറപ്പ് വരുത്തുകയും ചെയ്തുവരുന്നു. ഇതിലേയ്ക്കായി 12-7-2021-ൽ സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് പുറപ്പെടുവിച്ചിട്ടുമുണ്ട്.

(സി) പിങ്ക് പോലീസ് സേനയിൽ ഉൾപ്പെടെയുള്ള മൃദുവായ ഡ്യൂട്ടിയിൽ ചിലർ മാത്രം എന്നതിനുപകരം വനിതാപോലീസ് സേനയിലെ എല്ലാവർക്കും അവസരം ലഭ്യമാകുംവിധം റൊട്ടേഷൻ നടപ്പിലാക്കാൻ സാധിക്കുമോ; എന്നത്തേയ്ക്ക് നടപ്പിലാക്കാനാകുമെന്ന് വിശദമാക്കാമോ?

പിങ്ക് പോലീസിൽ ചില അംഗങ്ങൾക്ക് മാത്രം തുടർച്ചയായി നിയമനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പിങ്ക് പോലീസ് ഡ്യൂട്ടിക്ക് താൽപ്പര്യമുള്ള വനിതാ സേനാംഗങ്ങളുടെ താല്പര്യപത്രം വാങ്ങി കാലാകാലങ്ങളിൽ മാറ്റി നിയമിച്ചുവരുന്നു.

**പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ.-യും ഐ.ടി. വിദഗ്ധനും**

85 (85) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനങ്ങളുമായി സംവദിക്കുന്നതിനായി പി.ആർ.ഒ.-മാരെയും ജനങ്ങൾക്ക് ഓൺലൈൻ സേവനങ്ങൾ ഉറപ്പാക്കുന്നതിനായി ഐ.ടി. വിദഗ്ധൻമാരെയും നിയമിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനങ്ങളുമായി സംവദിക്കുന്നതിനായി SCPO/ASI റാങ്കിലുള്ള ഉദ്യോഗസ്ഥരെ PRO ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്പ്യൂട്ടറിൽ പ്രാവീണ്യമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഓൺലൈൻ സേവനങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി കൊടുക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികകൾ മുഖേന എന്തൊക്കെ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന പൊതുജനങ്ങളുടെ പ്രത്യേകിച്ച് സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരൻമാർ എന്നിവരുടെ പരാതികളും ആവശ്യങ്ങളും പ്രത്യേകം പരിഗണിച്ച് അവർക്ക് ആവശ്യമായ സേവനങ്ങൾ വളരെ വേഗത്തിൽ ലഭ്യമാക്കാനും PRO-മാരുടെ മാന്യവും സൗമ്യവുമായ ഇടപെടലുകൾമൂലം അവർക്ക് സുരക്ഷിതത്വബോധം നൽകുവാനും സാധിക്കുന്നു.

(സി) ഇതിനായി വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കാനാണോ നിലവിലുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് സേവനം നൽകുന്നതിനാണോ സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഇതിനായി പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ഡി) നിലവിലുള്ള ഉദ്യോഗസ്ഥരെ ഇതിനായി ഉപയോഗപ്പെടുത്തുമ്പോൾ പോലീസ് സ്റ്റേഷനുകളിലെ മറ്റ് പോലീസുകാരുടെ ജോലിഭാരം ക്രമാതീതമായി വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇതുമൂലം പോലീസ് സ്റ്റേഷനിലെ ജോലിഭാരം ക്രമാതീതമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വയനാട് ജില്ലയിൽ നിയമനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥർ

86 (86) ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ വയനാട് ജില്ലയിൽ ആകെ നിയമനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്; തസ്തികകൾ തരം തിരിച്ച് വ്യക്തമാക്കാമോ?

2011-2016 കാലഘട്ടത്തിൽ വയനാട് ജില്ലയിൽ 463 പോലീസ് ഉദ്യോഗസ്ഥർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ഇതിൽ 446 സിവിൽ പോലീസ് ഓഫീസർമാരും 17 വനിതാ സിവിൽ പോലീസ് ഓഫീസർമാരും ഉൾപ്പെടുന്നു.

(ബി) 2016-2021 ആഗസ്റ്റ് 31 വരെ വയനാട് ജില്ലയിൽ നിയമനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം എത്രയാണ്; തസ്തികകൾ തരം തിരിച്ച് വ്യക്തമാക്കാമോ?

2016-2021 ആഗസ്റ്റ് 31 വരെ വയനാട് ജില്ലയിൽ 434 പോലീസ് ഉദ്യോഗസ്ഥർക്ക് നിയമനം ലഭിച്ചിട്ടുണ്ട്. ഇതിൽ 412 സിവിൽ പോലീസ് ഓഫീസർമാരും 22 വനിതാ സിവിൽ പോലീസ് ഓഫീസർമാരും ഉൾപ്പെടുന്നു.

## സംസ്ഥാനത്തെ പോലീസ് സേനയുടെ ശാക്തീകരണം

87 (87) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. രാജ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയെ രാജ്യത്തെ ഏറ്റവും മികവുറ്റ സേനയാക്കി നിലനിർത്തുന്നതിന് എന്തെല്ലാം ശാക്തീകരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കുമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ സബ്ഡിവിഷനുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ക്രമസമാധാനപാലനം മെച്ചപ്പെടുത്തുന്നതിനായി 10-2-2021-ലെ സ.ഉ.(കൈ) നം.35/2021/ആഭ്യന്തരം, പ്രകാരം 25 പുതിയ സബ് ഡിവിഷനുകൾ ആരംഭിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സ്ത്രീകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേകം പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സ്ത്രീകൾ, വയോജനങ്ങൾ, കുട്ടികൾ എന്നിവർക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കുന്നതിനും പരാതി നൽകുന്നതിനുമായി പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതുമാണ്. കൂടാതെ ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. ഈ പദ്ധതി പ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ വീടുകളിൽ പോയി ഇത്തരത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും ആവശ്യമായ നിയമസഹായവും നൽകിവരുന്നു. ഇതിനുപുറമെ 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, സ്ത്രീസൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗ വിവേചനത്തിനെതിരെയുള്ള അവബോധനത്തിനുമായി 5.5 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. പിങ്ക് കൺട്രോൾ റൂമുകൾക്ക് 7 വാഹനങ്ങൾ വാങ്ങുന്നതിന് 43 ലക്ഷം രൂപയും Women Victim Support Scheme-ന് 15 ലക്ഷം രൂപയും self Defence Programmes & Training-ന് 50 ലക്ഷം രൂപയും നിർഭയ വോളന്റീയർസിനുള്ള പ്രതിഫലത്തിനായി 12 ലക്ഷം രൂപയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്ലാനിൽ സംസ്ഥാനത്തെ 80 പോലീസ് സ്റ്റേഷനുകൾ സ്ത്രീ-ശിശു സൗഹൃദമാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി മോഡുലാർ ടോയ്‌ലറ്റ് സ്ഥാപിക്കുന്നതിനും Napkin Vending Machine/ Incinerators വാങ്ങുന്നതിനുമായി 400 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ഉത്തരവാദിത്തപൂർണ്ണമാക്കുന്നതിനും ചില പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ആശാസ്യമല്ലാത്ത പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിനുമുൾപ്പെടെ സഹായകരമായ തരത്തിൽ എല്ലാ സ്റ്റേഷനിലും സി.സി.ടി.വി. സ്ഥാപിക്കാൻ നടത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ CCTV ക്യാമറ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**ഡാൻസഫ് പിരിച്ചുവിടാനുള്ള കാരണം**

88 (88) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ഡിസ്ട്രിക്ട് ആന്റി-നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസഫ്) പിരിച്ചുവിടാനുള്ള കാരണം വ്യക്തമാക്കാമോ?

തലസ്ഥാനത്തുള്ള ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) നാർക്കോട്ടിക്ക് സെൽ അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിൽ ആവശ്യത്തിന് അംഗങ്ങളുമായി പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) ലഹരി മാഫിയയെ അമർച്ചചെയ്യാൻ വേണ്ടി തുടങ്ങിയ ഡാൻസഫ് അന്യസംസ്ഥാനങ്ങളിൽനിന്ന് ലഹരിമരുന്ന് കടത്തുന്നതിന് കൂട്ടുനിന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കണ്ടെത്തിയിട്ടില്ല.

(സി) ഏതൊക്കെ ജില്ലകളിലാണ് ഡാൻസഫ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും ഡാൻസഫ് രൂപീകരിച്ചിട്ടുണ്ട്.

**പോലീസ് കബഡി ടീം**

89 (89) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിൽ പ്രൊഫഷണലായി പരിശീലനം ലഭിച്ച ഏതൊക്കെ സ്പോർട്ട്സ് ടീമുകൾ നിലവിലുണ്ട് എന്ന് വിശദീകരിക്കുമോ?

സംസ്ഥാന പോലീസ് സേനയിൽ പ്രൊഫഷണലായി പരിശീലനം ലഭിച്ച നിലവിലുള്ള സ്പോർട്സ് ടീമുകൾ ഇവയാണ്.

1. അത്‌ലറ്റിക്സ് (പുരുഷ-വനിതാ വിഭാഗങ്ങൾ)
2. വോളിബോൾ (പുരുഷ-വനിതാ വിഭാഗങ്ങൾ)
3. ബാസ്കറ്റ് ബോൾ (പുരുഷ- വനിതാ വിഭാഗങ്ങൾ)
4. നീന്തൽ (സ്വിമ്മിംഗ്) (പുരുഷ- വനിതാ വിഭാഗങ്ങൾ)

5. ഫുട്ബോൾ (പുരുഷ വിഭാഗം)

6. ഹാൻഡ് ബോൾ (പുരുഷ വിഭാഗം)

7. ജൂഡോ (പുരുഷ വിഭാഗം)

8. വാട്ടർ പോളോ (പുരുഷ വിഭാഗം)

9. ഷൂട്ടിംഗ് (വനിതാ വിഭാഗം)

(ബി) പ്രൊഫഷണലായി പരിശീലനം ലഭിച്ച കബഡി താരങ്ങളെ ഉൾപ്പെടുത്തി പോലീസ് സേനയിൽ പോലീസ് കബഡി ടീം ഉണ്ടാക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേരളാ പോലീസിൽ വിവിധ ടീമുകൾക്കായി സർക്കാർ കാലാകാലങ്ങളിൽ അനുവദിച്ച സ്പോർട്സ് ക്വാട്ട തസ്തികകൾ വഴി നിയമനം നടത്തി പരിശീലനം നൽകി വരികയാണ്. കേരള പോലീസിൽ സ്പോർട്സ് ക്വാട്ട നിയമനത്തിനായി 30-8-2018-ലെ ജി.ഒ.(എം.എസ്) 136/2018/ആഭ്യന്തരം, 7-1-2020-ലെ ജി.ഒ (എം.എസ്) 05/2020/ആഭ്യന്തരം എന്നിവ പ്രകാരം 150 തസ്തികകൾ അനുവദിച്ച് സർക്കാർ ഉത്തരവ് ആയിട്ടുള്ളതിൽ കബഡി ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ടീമുകൾക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ എണ്ണം തസ്തികകളിൽനിന്നും കബഡി ടീമിനായി തസ്തിക കണ്ടെത്തുക ദുഷ്കരമാണ്. ആൾ ഇന്ത്യാ പോലീസിൽ മത്സര ഇനമായി പുരുഷ വനിത കബഡി മത്സരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളാ പോലീസിൽ കോൺസ്റ്റബിൾ തസ്തികകളിൽ കബഡി മത്സരങ്ങൾക്കായി തസ്തികകൾ പുതുതായി അനുവദിക്കുന്ന കാര്യം നിലവിൽ തീരുമാനിച്ചിട്ടില്ല.

## കോവിഡുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ

90 (90) <u>ശ്രീമതി യു. പ്രതിഭ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് 19-നെ തുടർന്ന് ലോക്ഡൗൺ ചട്ടങ്ങൾ ലംഘിച്ചതിന് കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ എണ്ണം, പിഴയായി ഈടാക്കിയ തുക എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സംസ്ഥാനത്തെ പിങ്ക് പോലീസിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനം

91 (91) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിങ്ക് പോലീസിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനം സ്ത്രീ സൗഹൃദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ക്രമസമാധാന പാലനത്തിന് നിയോഗിക്കപ്പെട്ട ടി വിഭാഗത്തിൽ നിന്ന് ആറ്റിങ്ങലിൽ ദളിതനായ അച്ഛനെയും മകളെയും മോഷണക്കുറ്റമാരോപിച്ച് കൈകാര്യം ചെയ്തതുൾപ്പെടെയുള്ള സംഭവങ്ങൾ അതീവ ഗൗരവമായി കണ്ടിരുന്നോ; എങ്കിൽ എന്തെല്ലാം നടപടികൾ ഇക്കാര്യത്തിൽ സ്വീകരിച്ചു; വ്യക്തമാക്കാമോ?

വിലയിരുത്തിയിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി രൂപീകരിച്ച പിങ്ക് പോലീസ് വളരെ മെച്ചപ്പെട്ട പ്രവർത്തനമാണ് നടത്തിവരുന്നത്. രാവിലെ 8 മുതൽ രാത്രി 8 വരെ സ്ത്രീകൾ കൂടുതലായി എത്തുന്ന പ്രദേശങ്ങളിൽ ജി.പി.ആർ.എസ്. സംവിധാനമുള്ള വാഹനത്തിൽ പിങ്ക് പോലീസ് പട്രോളിംഗ് സജീവമായി നടത്തി വരുന്നുണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമിലെ ഹോട്ട്ലൈൻ സംവിധാനം വഴി അടിയന്തരഘട്ടത്തിൽ സേവനം ലഭ്യമാക്കി വരുന്നുണ്ട്. പിങ്ക് പോലീസ് കൺട്രോൾ റൂമിലെ ഹോട്ട്ലൈൻ സംവിധാനംവഴി സ്ത്രീകൾക്ക് നേരെയുള്ള ഉപദ്രവത്തിന്റെയോ ലൈംഗിക അതിക്രമത്തിന്റെയോ സാധ്യതകൾ തടയുന്നതിനും കൺട്രോൾ റൂമിലെ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ആവശ്യമുള്ള മേഖലയിലേയ്ക്ക് കാലതാമസം കൂടാതെ പിങ്ക് പോലീസിനെ വിന്യസിക്കുന്നതിന് സാധിക്കുന്നുമുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി പൊതുസ്ഥലങ്ങളായ ബസ്സ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, പാർക്കുകൾ, സ്കൂൾ-കോളേജ് പരിസരങ്ങൾ എന്നിവിടങ്ങളിൽ പ്രധാനമായും പട്രോളിംഗ് നടത്തി സ്ത്രീകൾക്ക് നിർഭയമായി സഞ്ചരിക്കുവാനുള്ള അന്തരീക്ഷം ഒരുക്കികൊടുക്കുന്നതിൽ പിങ്ക് പോലീസ് സംവിധാനം സഹായകരമായി തീർന്നിട്ടുണ്ട്. ആറ്റിങ്ങലിൽ ദളിതനായ അച്ഛനെയും മകളെയും മോഷണക്കുറ്റം ചുമത്തി കൈകാര്യം ചെയ്ത സംഭവം വളരെ ഗൗരവമായി കണ്ടിട്ടുള്ളതും ഇതിൽ ആരോപണ വിധേയയായ ആറ്റിങ്ങൽ പിങ്ക് പട്രോൾ വാഹനത്തിലെ ഡ്രൈവർ ഡ്യൂട്ടി നോക്കിയിരുന്ന ഉദ്യോഗസ്ഥയെ കൊല്ലം സിറ്റി പോലീസ് യൂണിറ്റിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുള്ളതും രണ്ടാഴ്ചത്തെ Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) പിങ്ക് പോലീസിലേയ്ക്കുള്ള നിയമനത്തിൽ ചില അംഗങ്ങൾക്കുമാത്രം തുടർച്ചയായി നിയമനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ

സമീപനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ തയ്യാറാകുമോ; ജനങ്ങളോടുള്ള സമീപനത്തിൽ നിയമപരമല്ലാത്ത അമിതാധികാര ഇടപെടലുകൾ ഉണ്ടാകാതിരിക്കാൻ പിങ്ക് പോലീസ് സേനാംഗങ്ങൾക്ക് തുടർച്ചയായ നിയമനമെന്നതിൽ മാറ്റം ഉണ്ടാക്കുമോ?

പിങ്ക് പോലീസിൽ ചില അംഗങ്ങൾക്ക് മാത്രം തുടർച്ചയായി നിയമനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പിങ്ക് പോലീസ് ഡ്യൂട്ടിക്ക് താൽപ്പര്യമുള്ള വനിതാ സേനാംഗങ്ങളുടെ താൽപ്പര്യപത്രം വാങ്ങി കാലാകാലങ്ങളിൽ മാറ്റി നിയമിച്ചുവരുന്നു.

(സി) അടുത്തിടെയായി ഇത്തരക്കാർ നിയമം കയ്യിലെടുക്കുന്നതുമൂലം കുറ്റകൃത്യം ചെയ്യുന്നവരുടെ സ്ഥാനത്തേക്ക് എത്തിപ്പെടുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ ആവശ്യമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുമോ; ഇല്ലെങ്കിൽ ടി സേനയുടെ നിരീക്ഷണത്തിന് ആവശ്യമായ സംവിധാനമേർപ്പെടുത്തുമോ?

ഇത്തരം ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പിങ്ക് പോലീസിന്റെ പ്രവർത്തനങ്ങൾ കൃത്യമായി നിരീക്ഷിച്ചുവരികയും സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നുണ്ട്.

## പോലീസിന്റെ യൂണിഫോമും ചിഹ്നങ്ങളും മറ്റിതരസ്ഥാപനങ്ങൾ ഉപയോഗിക്കുന്നത് തടയൽ

92 (92) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ യൂണിഫോമും ആയതിലുപയോഗിക്കുന്ന ചിഹ്നങ്ങളും മറ്റിതരവകുപ്പുകളും സ്ഥാപനങ്ങളും പല രീതിയിൽ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പോലീസ് യൂണിഫോമും ചിഹ്നങ്ങളും മറ്റിതര വിഭാഗങ്ങൾ ഉപയോഗിക്കുന്നത് തടയുവാനും ഓരോ വകുപ്പിനും സ്ഥാപനങ്ങൾക്കും സ്വകാര്യ സെക്യൂരിറ്റി വിഭാഗങ്ങൾക്കും പ്രത്യേകം യൂണിഫോം നിഷ്കർഷിക്കുവാനും എന്തുനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) പോലീസ് യൂണിഫോമും ചിഹ്നങ്ങളും മറ്റിതര വകുപ്പുകളും സ്വകാര്യ സെക്യൂരിറ്റി ഏജൻസികളും ഉപയോഗിക്കാൻ പാടുള്ളതല്ല. ഇത്തരം നടപടിക്രമങ്ങൾ അനുവർത്തിക്കുന്നപക്ഷം ആയത് ശിക്ഷാർഹമാണ്. മറ്റിതര വകുപ്പുകൾ പോലീസ് യൂണിഫോം ധരിക്കുന്നതിനെതിരെ നിരവധി പരാതികൾ

ലഭിച്ചിട്ടുള്ളതും ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുള്ളതും പോലീസ് വകുപ്പിനോട് സാമ്യമുള്ള യൂണിഫോമുകൾ പ്രൈവറ്റ് സെക്യൂരിറ്റി ഏജൻസികൾ ഉപയോഗിക്കുകയാണെങ്കിൽ ടി ജീവനക്കാർക്ക് എതിരെയും ഏജൻസിക്കെതിരെയും The Private Security Agencies (Regulation) Act 2005 സെക്ഷൻ 21 പ്രകാരം ശിക്ഷാ നടപടികൾ കൈക്കൊള്ളാവുന്നതാണ് എന്ന് സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാരിൽനിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**പോലീസ് സേനയുടെ നിലവാരം അന്താരാഷ്ട്ര തലത്തിൽ എത്തിക്കുന്നതിന് നടപടി**

93 (93) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉദ്യോഗസ്ഥരുടെ ജോലി സംബന്ധമായുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുമായി എന്തൊക്കെ പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി കുറ്റാന്വേഷണ മേഖലയിലും ക്രമസമാധാനപാലനത്തിനും മറ്റുകാര്യങ്ങളിലും നൂതന സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി ധാരാളം ഇൻ സർവീസ് പരിശീലന പരിപാടികൾ കേരള പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും നടത്തിവരുന്നു. മാത്രമല്ല, ഇന്ത്യയിലെ വിവിധ പരിശീലന കേന്ദ്രങ്ങളിൽ അയച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള വിവിധതരം പരിശീലനങ്ങൾ നൽകിവരുന്നു. ഉദ്യോഗസ്ഥരുടെ ജോലി സംബന്ധമായുണ്ടാകുന്ന മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് സ്ട്രസ് മാനേജ്മെന്റ്, സോഫ്റ്റ് സ്കിൽ മാനേജ്മെന്റ്, യോഗ പരിശീലനം തുടങ്ങിയവ കേരള പോലീസ് അക്കാദമിയിലും പോലീസ് ട്രെയിനിംഗ് കോളേജിലും നൽകിവരുന്നു.

(ബി) പോലീസ് സേനയുടെ ആത്മവീര്യം വർദ്ധിപ്പിക്കുന്നതിനും പൊതുജന സേവനം സുതാര്യവും കാര്യക്ഷമമാക്കുന്നതിനുമായി പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മനശാസ്ത്ര - മാനേജ്മെന്റ് ട്രെയിനിംഗ് പദ്ധതി സംബന്ധിച്ച് വിശദമാക്കുമോ?

പോലീസ് ഉദ്യോഗസ്ഥരുടെ അടിസ്ഥാന പരിശീലനത്തിൽ സ്ട്രെസ് മാനേജ്മെന്റ് പ്രോഗ്രാം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊതുജനങ്ങളോട് പെരുമാറേണ്ടരീതികൾ സംബന്ധിച്ച് പോലീസുകാർക്ക് താഴെപ്പറയുന്ന പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നുണ്ട്.

1. ജനമൈത്രി പോലീസ് പരിശീലനം.
2. Soft Skill Training
3. Gender Sensitisation
4. Stress Management with Human relations
5. Inter Personal relationship
6. Positive handling of drug abuses
7. Life style Management.
8. Correctional behavioural Training

(സി) സംസ്ഥാന പോലീസ് സേനയുടെ നിലവാരം അന്താരാഷ്ട്ര തലത്തിൽ എത്തിക്കുന്നതിനായി ഈ സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച് വിശദമാക്കുമോ ?

സംസ്ഥാന പോലീസ് സേനയുടെ നിലവാരം ഉയർത്തുന്നതിനായി 2021-22 വർഷത്തിൽ പോലീസ് വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- 2021-22 വർഷത്തിൽ 12 പോലീസ് സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പോലീസ് വകുപ്പ് പദ്ധതിയിട്ടിട്ടുണ്ട്. പുലിക്കീഴ്, പെരുനാട്, മൂഴിയാർ(പത്തനംതിട്ട), വിയ്യപുരം(ആലപ്പുഴ), വാഗമൺ, മുല്ലപ്പെരിയാർ(ഇടുക്കി), പന്തീരങ്കാവ്(കോഴിക്കോട് സിറ്റി), മുഴക്കുന്ന്, മട്ടന്നൂർ, ആലക്കോട്(കണ്ണൂർ), തങ്കമണി(ഇടുക്കി), എഴുകോൺ(കൊല്ലം റൂറൽ) എന്നിവയാണ്.
- 2021-22 വർഷത്തിൽ പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിക്കുന്നതാണ്.
- 2021-22 വർഷത്തിൽ തിരുവനന്തപുരത്ത് സൈബർ സെക്യൂരിറ്റി സെന്റർ സ്ഥാപിക്കുന്നതാണ്.

- സംസ്ഥാനത്ത് 15 പുതിയ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ സർക്കാർ അനുമതി നൽകുകയും ഇതിനായി ആവശ്യത്തിന് വിഹിതം നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്.

- സൈബർ ക്രൈം അനാലിസിസ്സിലെ പുതിയ പ്രവണതകൾക്ക് അനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

- 2021-22 വർഷത്തിൽ ആലപ്പുഴ, എറണാകുളം റൂറൽ, മലപ്പുറം, കണ്ണൂർ സിറ്റി എന്നീ ജില്ലാ പോലീസ് ഓഫീസുകൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതാണ്.

- കോഴിക്കോട് ആസ്ഥാനമാക്കി 6-ാമത് സായുധ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.

- തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.

- കൊല്ലം സിറ്റി, ഇടുക്കി, പത്തനംതിട്ട, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി എന്നിവിടങ്ങളിൽ പുതിയ ജില്ലാ കൺട്രോൾ റൂമുകൾ നിർമ്മിക്കുന്നതാണ്.

- ഗുരുവായൂർ ടെംപിൾ പോലീസ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

- തിരുവനന്തപുരത്ത് പോലീസ് ടെക്നോളജി സെന്ററിന്റെ നിർമ്മാണം 2021-22 വർഷത്തിൽ പൂർത്തിയാക്കുന്നതാണ്.

- നിലവിൽ 803 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് പദ്ധതി (SPC) പ്രവർത്തനം നടത്തുകയും 2021-22 വർഷത്തിൽ SPC പദ്ധതി 167 സ്കൂളുകളിൽ കൂടി നടപ്പിലാക്കുകയും ചെയ്തിട്ടുള്ളതാണ്.

- സ്കൂൾപഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുട്ടികൾക്ക് ആവശ്യമായ മാനസിക-സാമൂഹിക പിന്തുണ നൽകുന്നതിനായി ഹോപ്പ് പദ്ധതി നടപ്പിലാക്കുന്നതാണ്. Children & Police (CAP) programme കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

- എല്ലാ പോലീസ് സ്റ്റേഷനുകളും 'Service Delivery Centres' ആക്കി മാറ്റുന്നതിന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
- കേരളാ റെയിൽവേ പോലീസ്, കേരളാ ആംഡ് പോലീസ് ബറ്റാലിയൻ തുടങ്ങിയവയ്ക്ക് സമാനമായി " കോസ്റ്റൽ പോലീസ് ഡിവിഷൻ" രൂപീകരിക്കുവാനായി ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്.
- ഇന്ത്യയിൽ ചാര പ്രവർത്തനം, വിധ്വംസക - അട്ടിമറി പ്രവർത്തനങ്ങൾ തുടങ്ങിയ നിയമ വിരുദ്ധവും അപകടകരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദേശ ഏജൻസികളെ തകർക്കുവാനും, പ്രതിരോധിക്കുവാനുമായി പോലീസ് വകുപ്പിൽ ഒരു " Counter Intelligence Cell" -രൂപം നൽകുന്നകാര്യം പരിഗണനയിലാണ്.
- തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകളും, കണ്ണൂർ റൂറൽ പോലീസ് ജില്ലയിൽ സൈബർ പോലീസ് സ്റ്റേഷനും ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.
- സൈബർ കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിലേക്ക് സൈബർ ഓപ്പറേഷൻ വിംഗ് & സൈബർ ഇൻവെസ്റ്റിഗേഷൻ ആൻഡ് റിസർച്ച് അനാലിസിസ് ഡിവിഷൻ തുടങ്ങുന്നത് പരിഗണനയിലാണ്.
- സാമ്പത്തിക കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്ക് പ്രത്യേകമായി എക്കണോമിക് ഒഫൻസ് വിംഗ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലും പരിഗണനയിലുണ്ട്.

## പോലീസ് മാന്വൽ/പോലീസ് സ്റ്റാൻഡിംഗ് ഓർഡേഴ്സിന്റെ ലംഘനങ്ങൾ തടയുവാൻ നടപടി

94 (94) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള ഒരു രാജ്യസഭാംഗം തൃശ്ശൂരിൽ വച്ച് ഒല്ലൂർ എസ്.ഐ.-യെക്കൊണ്ട് കഴിഞ്ഞദിവസം കേരള പോലീസ് മാന്വലിന് വിരുദ്ധമായി നിർബന്ധിച്ച് സല്യൂട്ട് ചെയ്യിപ്പിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കേരള പോലീസ് നടപടിക്രമങ്ങൾ നോട്ടിഫൈഡ് റൂൾ ആകയാൽ അത് ലംഘിച്ച് സല്യൂട്ട് ചെയ്യ ഒല്ലൂർ എസ്.ഐ.-ക്കെതിരെ നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) സെക്രട്ടേറിയറ്റിലെ ജി.എ.ഡി. വിഭാഗത്തിലെ ഫയലുകൾ തീപിടിച്ച് നശിച്ച കേസ് തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ കേരള പോലീസ് മാന്വലിലെ വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷിച്ചതുപോലെ പ്രസ്തുത മാന്വലിലെ സല്യൂട്ട് സംബന്ധിച്ചുള്ള വകുപ്പിന്റെ ലംഘനം ബോധപൂർവ്വം നടത്തിയതിന് പ്രസ്തുത എം.പി.-ക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

(ബി&സി) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ഡി) നോട്ടിഫൈഡ് റൂളായ പോലീസ് മാന്വൽ/പോലീസ് സ്റ്റാൻഡിംഗ് ഓർഡേഴ്സിന്റെ ലംഘനങ്ങൾ തടയുവാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ച് ഉചിതമായ നിർദ്ദേശങ്ങൾ പോലീസ് മേധാവി മുഖേന നൽകുന്നതാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്

95 (95) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് ആരംഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി നൽകിയിരിക്കുന്നു.*

## ആലത്തൂർ താലൂക്കിലെ സ്കൂളുകളിൽ എസ്.പി.സി.

96 (96) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിലെ മംഗളംഡാം, വടക്കഞ്ചേരി, ആലത്തൂർ, കുഴൽമന്ദം പോലീസ് സ്റ്റേഷൻ പരിധിയിലെ എത്ര സ്കൂളുകളിൽ എസ്.പി.സി. നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിലെ സ്കൂളുകളിൽനിന്നും എസ്.പി.സി. ആരംഭിക്കുന്നതിനുവേണ്ടി എത്ര പുതിയ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വിവരം ലഭ്യമാക്കാമോ?

(എ&ബി) അനുബന്ധമായി നൽകിയിരിക്കുന്നു.*

**കാസർഗോഡ് എം.പി.-ക്കെതിരെയുള്ള ആക്രമണ ശ്രമം**

97 (97) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എം.പി.-യെ ട്രെയിനിൽവച്ച് ആക്രമിക്കാൻ ശ്രമിച്ചതുമായി ബന്ധപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എം.പി. പരാതി നൽകിയിട്ടുണ്ടോ?

ഉണ്ട്.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ബഹുമാനപ്പെട്ട എം.പി. ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 11-8-2021 ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 763/2021 U/s 120(ബി), 307 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിനാസ്പദമായ സംഭവസ്ഥലം കാസർഗോഡ് റെയിൽവേ പോലീസ് സ്റ്റേഷൻ പരിധിയിൽ ആയതിനാലും ടി സംഭവത്തിന് കാസർഗോഡ് റെയിൽവേ പോലീസ് സ്റ്റേഷനിൽ 8-8-2021-ലെ ക്രൈം നം. 14/2021 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതിനാലും ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് ക്രൈം നം. 14/2021-ൽ ക്ലബ് ചെയ്ത് U/s 294(ബി) 506 120(ബി) 307 r/w 34 IPC ആയി റെയിൽവേ പോലീസ് ഇൻസ്പെക്ടർ അന്വേഷണം നടത്തി വരുന്നു.

(ഡി) ആരൊക്കെയാണ് പ്രതികൾ; പ്രതികളെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

1) പത്മരാജ് കെ., 2)അനിൽകുമാർ ടി. വി, 3) ഭവിൻരാജ് എന്നിവരാണ് ടി കേസിലെ പ്രതികൾ. ഇതിൽ ഒന്നും രണ്ടും പ്രതികളെ ക്രൈം നമ്പർ 14/2021 U/s 294(ബി), 506 r/w 34 IPC കേസിൽ അറസ്റ്റ് ചെയ്തിട്ടുള്ളതും സ്റ്റേഷൻ ജാമ്യത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിട്ടയച്ചിട്ടുള്ളതുമാണ്. കേസിലെ മൂന്നാം പ്രതിയെ അറസ്റ്റ് ചെയ്തിട്ടില്ല.

(ഇ) കേസ്സിൽ പ്രതികളായവർക്ക് രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

പ്രതികൾ കോൺഗ്രസ് പാർട്ടി പ്രവർത്തകരാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്.

**സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ**

98 (98) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എച്ച്. സലാം:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ കമ്മീഷന് പരാതി നൽകിയെന്ന കാരണത്താൽ സംസ്ഥാനത്തെ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടി അതിന്റെ വനിതാ വിഭാഗം പിരിച്ചു-വിട്ടതായി പറയപ്പെടുന്ന സംഭവം സമൂഹത്തിലെ സ്ത്രീവിരുദ്ധ മനോഭാവം കൂടുതൽ രൂക്ഷമാക്കാനിടയുള്ളതുകൂടി കണക്കിലെടുത്ത് സ്ത്രീവിരുദ്ധ കാഴ്ചപ്പാടുകൾക്കും നിലപാടുകൾക്കുമെതിരെയുള്ള പ്രചരണം കൂടുതൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

പൊതുസമൂഹത്തിൽ സ്ത്രീകൾക്ക് തുല്യനീതിയും ലിംഗസമത്വവും ഉറപ്പാക്കുന്നതിനായി Gender Awareness Programme ഉൾപ്പെടെയുള്ള വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഇലക്ട്രോണിക്-അച്ചടി മാധ്യമങ്ങൾ വഴി ഫലപ്രദമായി നടപ്പിലാക്കിവരുന്നു. ഇതോടൊപ്പംതന്നെ സ്ത്രീ സുരക്ഷയ്ക്കുള്ള നിയമപരിരക്ഷ, സേവനങ്ങൾ ഇവ നേടിയെടുക്കേണ്ടവിധം എന്നിവ സംബന്ധിച്ച ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. സ്ത്രീശാക്തീകരണ നയം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തിലെ സ്ത്രീകൾക്ക് തുല്യനീതി, തുല്യ അവസരം എന്നിവ ഉറപ്പുവരുത്താനും യാതൊരു തരത്തിലുമുള്ള അതിക്രമങ്ങൾക്കും ഇരയാകാതെ സ്വതന്ത്രമായും അന്തസ്സോടെയും ജീവിതം നയിക്കുവാൻ ഉതകുന്ന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. പൊതുസമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്ന തരത്തിലുള്ള സ്ത്രീവിരുദ്ധ ഇടപെടലുകളിൽനിന്നും രാഷ്ട്രീയ പാർട്ടികളും സംഘടനകളും മാറി നിൽക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. സ്ത്രീ സമൂഹത്തിനെതിരായ തെറ്റായ പൊതുബോധം മാറ്റിയെടുക്കുന്നതിൽ സർക്കാരിനുപുറമേ രാഷ്ട്രീയപാർട്ടികൾ, സംഘടനകൾ, സാമൂഹികസന്നദ്ധ

സംഘടനകൾ എന്നിവയുടെ ഉത്തരവാദിത്തപ്പെട്ട നേതൃത്വത്തിനും ഗണ്യമായ പങ്ക് വഹിക്കാൻ കഴിയുന്നതാണ്.

(ബി) സ്ത്രീകളെ രണ്ടാംതരം പൗരന്മാരായി പരിഗണിക്കുന്ന കാഴ്ചപ്പാടുകൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നുണ്ടോ?

സ്ത്രീകൾക്ക് തുല്യ അവസരം ഉറപ്പാക്കുന്നതിനും അവരുടെ അഭിവൃദ്ധിക്കും ഉന്നമനത്തിനുംവേണ്ടി സെമിനാറുകൾ, ജാഗ്രതാ സമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസിലിംഗ്, കലാലയജ്യോതി എന്നീ ബോധവത്കരണ പരിപാടികൾ വനിതാ കമ്മീഷൻ നടത്തി വരുന്നു. കൂടാതെ പോലീസ് വകുപ്പിൽ Women Self Defence Training-ന്റെ ഭാഗമായി ലിംഗസമത്വം സംബന്ധിച്ച ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) ബോധവൽക്കരണ പരിപാടികൾക്ക് പ്രാമുഖ്യം നൽകുന്നതിനോടൊപ്പം സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും പ്രതിരോധിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ സംബന്ധിച്ച പരാതി aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 9497996992 എന്ന നമ്പരിലും പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസർക്ക് 9497999955 എന്ന നമ്പരിലും അറിയിക്കാവുന്നതാണ്. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ 3 തവണ അമർത്തുമ്പോൾ പോലീസ് ആസ്ഥാനത്തെ കമാൻഡ് സെന്ററിൽ ലഭിക്കുന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് അന്വേഷിക്കുകയും അടിയന്തര പോലീസ് സഹായം നൽകി വരികയും ചെയ്യുന്നു. ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി രൂപീകരിച്ച പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് സ്ത്രീകൾക്കാവശ്യമായ നിയമസഹായവും നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങൾ തടയുന്നതിന് കുടുംബങ്ങളിലെ സമാധാനത്തിനും അനുരഞ്ജനശ്രമങ്ങൾക്കുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centres (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും പ്രതിരോധിക്കുന്നതിനും എല്ലാ ജില്ലകളിലും വാർഡുതലം മുതൽ ജാഗ്രതാസമിതിയുടെ മേൽനോട്ടത്തിൽ ജാഗ്രതാ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്. കൂടാതെ വനിതാ കമ്മീഷൻ ഡയറക്ടറുടെ കീഴിൽ ശക്തമായ ഒരു ഇൻവെസ്റ്റിഗേഷൻ ടീം പ്രവർത്തിക്കുന്നുണ്ട്.

## സ്ത്രീസുരക്ഷ

99 (99) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തുടരെത്തുടരെ ഉണ്ടാകുന്ന സ്ത്രീപീഡനങ്ങളിലെ ഇരകൾക്ക് നീതി കിട്ടാനും കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കാനും അതിക്രമങ്ങൾക്ക് തടയിടാൻ പ്രതികൾക്ക് മുൻകൂർ ജാമ്യം ലഭിക്കാതിരിക്കാനുമുള്ള കടുത്ത നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്തുണ്ടാകുന്ന സ്ത്രീപീഡന കേസുകളിലെ ഇരകൾക്ക് നീതി ലഭിക്കുന്നതിന്, ശരിയായ രീതിയിൽ അന്വേഷണം നടത്തി തെളിവുകൾ ശേഖരിച്ച് സമയബന്ധിതമായി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച് പ്രോസിക്യൂഷന്റെ സഹായത്തോടെ കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ക്രൈം No 454/സി.ആർ/എസ് 1/02

100 (100) <u>ശ്രീ. ടി. ജെ. വിനോദ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈംബ്രാഞ്ച് അന്വേഷിക്കുന്ന ക്രൈം നം. 454/സി.ആർ/എസ് 1/02 എന്ന കേസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത കേസിൽ തുടരന്വേഷണം ആവശ്യമില്ലായെന്ന് പോലീസ് ക്രൈംബ്രാഞ്ച് അറിയിച്ചിട്ടുണ്ടോ?

തിരുവനന്തപുരം ക്രൈംബ്രാഞ്ച് സെൻട്രൽ യൂണിറ്റ് 1-ൽ അന്വേഷണത്തിലിരിക്കുന്ന ക്രൈം നം 454/CB/CU-1/TVM/2002 u/s 65,76,78 of IT Act 2000 &17 (d), 51,63(ബി),64,69 of Copy Right Act 1957 & 378, 379, 380, 403, 411, 415, 417, 420 IPC പ്രകാരമുള്ള കേസ് Further Action Dropped ആയി ഫൈനൽ റിപ്പോർട്ട് തയ്യാറാക്കി ബഹു.നെയ്യാറ്റിൻകര ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി II മുൻപാകെ 30-3-2021-ൽ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) OP No. 9071 of 2003-ഹൈക്കോടതി വിധിയിൽ പ്രസ്തുത വിഷയത്തിൽ ദുരുദ്ദേശ്യത്തോടെ സർക്കാരിനെ വഞ്ചിക്കാനായി പ്രവർത്തിച്ച എന്ന പരാമർശമുള്ള വ്യക്തിതന്നെയാണ് കേസ് പിൻവലിക്കാൻ അഭ്യർത്ഥിച്ച് കത്തയച്ചത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കേസ്സന്വേഷണം

അവസാനിപ്പിക്കുന്നതിനുപകരം ഊർജ്ജിതമായി അന്വേഷണം പൂർത്തിയാക്കാൻ നിർദ്ദേശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി കേസിന്റെ അന്വേഷണത്തിൽ കുറ്റകൃത്യം നടന്നതായി വ്യക്തമായിട്ടില്ലാത്തതിനാൽ കേസ് FAD ആയി പരിഗണിക്കുവാൻ അന്തിമ റിപ്പോർട്ട് തയ്യാറാക്കി ബഹു. കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണ്. ആയതിനാൽ ബഹു. കോടതിയുടെ നിർദ്ദേശപ്രകാരം മാത്രമേ പ്രസ്തുത കേസ് പുനരന്വേഷണം നടത്താൻ സാധിക്കുകയുള്ളൂ.

(സി) 2002-ൽ രജിസ്റ്റർ ചെയ്ത പ്രസ്തുത കേസ്സന്വേഷണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത കേസുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ; അവ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത കേസ് 2007 മുതൽ 2018 വരെ SLP 6028/2007 (Civil Appeal No 79/2008) നമ്പരായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിൽ ആയിരുന്നതിനാൽ ആ കാലയളവിൽ കേസ് അന്വേഷണ നടപടികൾ നടത്തുന്നതിനും അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനും കാലതാമസം ഉണ്ടായിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

**ആമിന അബ്ദുൾ ഖാദറിന്റെ കൊലപാതക കേസ്**

101 (101) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കാരിയൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ട്യാർ പിള്ളിൽ വീട്ടിൽ ആമിന അബ്ദുൾ ഖാദറിന്റെ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ;

(ബി) കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 434/2021, u/s 174 Crpc പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസിൽ കുറ്റവാളികളെ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ് അന്വേഷണ ചുമതല ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ-സി) ഇക്കാര്യവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 434/2021 U/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ

അന്വേഷണത്തിൽ മരണപ്പെട്ട ആമിന അബ്ദുൾ ഖാദർ ധരിച്ചിരുന്ന സ്വർണ്ണാഭരണങ്ങൾ നഷ്ടപ്പെട്ടതായി കണ്ടെത്തുകയും പ്രസ്തുത ആഭരണങ്ങൾ അപഹരിക്കുന്നതിനായി ആമിനയെ ആരെങ്കിലും കൊല ചെയ്തിരിക്കാം എന്നുള്ള നിഗമനത്തിൽ പ്രസ്തുത കേസിന്റെ സെക്ഷൻ 302, 397 IPC പ്രകാരം ഭേദഗതി ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. പ്രസ്തുത കേസ്സിലെ പ്രതികളെ കണ്ടെത്താൻ സാധിക്കാതെ വന്നതിനെ തുടർന്ന് ഈ കേസ്സിന്റെ അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറുകയും ഈ കേസ് ക്രൈം 257/CB/EKM/R/2021 ആയി റീനമ്പർ ചെയ്ത് 22-9-2021 മുതൽ ക്രൈംബ്രാഞ്ച് അന്വേഷണം ഏറ്റെടുത്ത് നടത്തിവരുന്നതാണ്.

(ഡി) കേസ് അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേസിൽ ക്രൈം ബ്രാഞ്ച് ഊർജ്ജിത അന്വേഷണം നടത്തി വരികയാണ്.

**ക്യാമ്പസുകൾ കേന്ദ്രീകരിച്ച് ലഹരിമരുന്ന് മാഫിയയുടെ പ്രവർത്തനം**

102 (102) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ലഹരിമരുന്ന് മാഫിയയുടെ സഹായത്തോടെ ക്യാമ്പസുകൾ കേന്ദ്രീകരിച്ച് യുവാക്കളെ തീവ്രവാദത്തിലേയ്ക്ക് ആകർഷിക്കുന്നതായി ഏതെങ്കിലും സർക്കാർ ഏജൻസി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

അത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

**മയക്കുമരുന്ന് ഉപയോഗം തടയാൻ നടപടി**

103 (103) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവതയുടെ ഭാവിയെ കാർന്നുതിന്നുന്ന മയക്കുമരുന്ന് മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ലഹരി മാഫിയയുടെ പ്രവർത്തനങ്ങൾ തടയുന്നതിനും ലഹരി ഉത്പന്നങ്ങളുടെ ലഭ്യത കുറയ്ക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാന തലത്തിൽ ഒരു സ്റ്റേറ്റ് ലെവൽ എൻകോർഡ് (നാർക്കോ കോർഡിനേഷൻ സെന്റർ) കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയിൽ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ, സംസ്ഥാന പോലീസ് മേധാവി,

എക്സൈസ് കമ്മീഷണർ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, നികുതി വകുപ്പ്, റവന്യൂ ഇന്റലിജൻസ് ഡയറക്ടർ, കസ്റ്റംസ് വകുപ്പ്, ഫോറസ്റ്റ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ, ഡ്രഗ്സ് കൺട്രോളർ, ഫോറൻസിക് സയൻസ് ലബോറട്ടറി ഡയറക്ടർ, ചീഫ് കെമിക്കൽ എക്സാമിനർ എന്നിവർ അംഗങ്ങളാണ്. പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം കൂടുകയും ലഹരി ഉത്പന്നങ്ങളുടെ വിതരണം നിയന്ത്രിക്കുവാൻ വേണ്ടനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ 10-9-2021-ലെ സ.ഉ. (സാധാ) നം.2441/2021/ആഭ്യന്തരം പ്രകാരം ലഹരി ഉത്പന്നങ്ങളുടെ വില്പന, കടത്ത് എന്നിവ നിയന്ത്രിക്കുക, സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ ലഹരി ഉത്പന്നങ്ങൾ ഉപയോഗിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുക, ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക, ഡി-അഡിക്ഷൻ കേന്ദ്രങ്ങൾ വിപുലീകരിക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് സമഗ്രമായ ഒരു കർമ്മ പദ്ധതി സർക്കാർ തയ്യാറാക്കുകയും അതിന്മേൽ പോലീസ്, എക്സൈസ്, സാമൂഹ്യനീതി, വിദ്യാഭ്യാസം, നികുതി, തദ്ദേശസ്വയംഭരണം, ആരോഗ്യം, വനം എന്നീ വകുപ്പുകൾക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. മയക്കുമരുന്ന് കടത്ത്/വിതരണം തടയുന്നതിനായി എക്സൈസ് വകുപ്പ് 'സ്ട്രൈക്കിംഗ് ഫോഴ്സ്' എന്ന പേരിലുള്ള എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകൾ മുഖേനയും ജില്ലാതല എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡ് മുഖേനയും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് വാഹന പരിശോധന നടത്തിയും ട്രെയിൻ/റെയിൽവേ സ്റ്റേഷൻ മാർഗമുള്ള കടത്ത് ആർ.പി.എഫ്., പോലീസ് ഡോഗ് സ്ക്വാഡ് എന്നിവരുടെ സഹായത്തോടെയും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ്, സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് എന്നിവ മുഖേന സംസ്ഥാന-അന്തർസംസ്ഥാന മയക്കുമരുന്ന് കടത്ത് സംബന്ധിച്ച രഹസ്യ വിവരങ്ങൾ ശേഖരിക്കപ്പെടുന്നുമുണ്ട്. ലഹരി മരുന്നുകളുടെ ദൂഷ്യഫലങ്ങളെപ്പറ്റി അവബോധം നൽകുന്നതിന് വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ പ്രചരണ പരിപാടികളും ബോധവത്കരണ പരിപാടികളും സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഹരി വിരുദ്ധ പ്രചരണ പരിപാടികളും പോലീസ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവ മുഖേന രഹസ്യവിവരങ്ങൾ ശേഖരിച്ചും പോലീസ് വകുപ്പ് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) ജില്ലാ/താലൂക്ക് കേന്ദ്രീകരിച്ച് ശ്വാനസേന രൂപീകരിക്കുകയാണെങ്കിൽ മയക്കുമരുന്ന് വിപണനവും ഉപയോഗവും ഒരു പരിധി വരെ നിയന്ത്രിക്കാൻ പറ്റുമെന്നതിനാൽ ഇത്തരം ശ്വാനസേനകൾ ജില്ലാ/താലൂക്ക് കേന്ദ്രീകരിച്ച് കൊണ്ടുവരുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

എല്ലാ ജില്ലകളിലും ശ്വാനസേന രൂപീകരിച്ചിട്ടുണ്ട്.

## ഇന്റലിജൻസ്, പോലീസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി

104 (104) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ ചക്കിട്ടപ്പാറ, മുതുകാട് മേഖലകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുവരെയായി ഇവർ എന്തൊക്കെ പ്രവർത്തനങ്ങളാണ് ടി സ്ഥലങ്ങളിൽ നടത്തിയതെന്ന് വ്യക്തമാക്കുമോ?

മാവോയിസ്റ്റുകൾ പ്രസ്തുത മേഖലകളിൽ കടന്നുവന്ന് നിരോധിത സംഘടനായ സി.പി.ഐ. മാവോയിസ്റ്റ് പാർട്ടിയുടെ പേരിലുള്ള പോസ്റ്ററുകൾ പതിക്കുകയും നോട്ടീസുകൾ വിതരണം ചെയ്യുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കെതിരെയും പഞ്ചായത്ത് പ്രസിഡന്റിനെതിരെയും വിദ്വേഷപരമായി സംസാരിക്കുകയും സംഭവ സ്ഥലത്ത് വിതരണം ചെയ്ത വാർത്താ ബുള്ളറ്റിനിൽ സംസ്ഥാന സർക്കാരിനെതിരെ ആരോപണങ്ങൾ ഉന്നയിക്കുകയും ചില വീടുകളിൽനിന്നും ഭക്ഷണം ആവശ്യപ്പെടുകയും ഭക്ഷണം പാകം ചെയ്യുന്നതിനുവേണ്ട പലചരക്കുസാധനങ്ങൾ എടുത്തുകൊണ്ടു പോകുകയും ചെയ്തു എന്നാണ് പോലീസ് റിപ്പോർട്ടിലുള്ളത്.

(സി) ഇന്റലിജൻസ്, പോലീസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മാവോയിസ്റ്റ് ഭീഷണി നേരിടുന്നതിന് ഇന്റലിജൻസ്, പോലീസ് സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

## മൂന്നാം ക്ലാസുകാരിയെയും പിതാവിനെയും പരസ്യവിചാരണ നടത്തിയ സംഭവം

105 (105) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിൽ മൂന്നാം ക്ലാസുകാരിയെയും പിതാവിനെയും മൊബൈൽ ഫോൺ മോഷണത്തിന്റെ പേരിൽ പോലീസ് നടുറോഡിൽ അരമണിക്കൂറിലേറെ പരസ്യവിചാരണ നടത്തിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

പ്രസ്തുത സംഭവത്തിൽ ആരോപണ വിധേയയായ ആറ്റിങ്ങൽ പിങ്ക് പട്രോൾ വാഹനത്തിലെ ഡ്രൈവർ ഡ്യൂട്ടി നോക്കിയിരുന്ന GSCPO T 3243 രജിതയെ തിരുവനന്തപുരം റേഞ്ച് DIG യുടെ 29-8-2021-ലെ No.A2(എ)/10052/2021 TR പ്രകാരം കൊല്ലം സിറ്റി പോലീസ് യൂണിറ്റിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതും രണ്ടാഴ്ചത്തെ Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതും ആയത് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. ഇതിലേയ്ക്കായി സംസ്ഥാന പോലീസ് മേധാവി 12-7-2021 ൽ എക്സിക്യൂട്ടീവ് ഡയറക്ടീവ് നം. 21/2021 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**പോലീസ് അതിക്രമങ്ങൾ**

106 (106) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗണിന്റെ പേരിൽ പിഞ്ചുകുഞ്ഞുങ്ങളെ അടക്കം പോലീസ് ഉപദ്രവിക്കുന്ന സംഭവങ്ങൾ കൂടിവരുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഐ.എസ്.ആർ.ഒ.-യുടെ വാഹനം കടന്നുപോകുന്നത് കാണാനായി ആറ്റിങ്ങലിൽ നിൽക്കുമ്പോൾ ഫോൺ മോഷ്ടിച്ചുവെന്ന് ആരോപിച്ച് മൂന്ന് വയസ്സുകാരിയോട് അപമര്യാദയായി പെരുമാറിയ പിങ്ക് പോലീസിനെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംഭവത്തിൽ കുട്ടിയുടെ അച്ഛൻ നൽകിയ പരാതിയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നും പരാതിയിൽ എസ്.സി./എസ്.ടി.

അട്രോസിറ്റീസ് പ്രിവെൻഷൻ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും അറിയിക്കുമോ?

(ബി&സി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി ആരോപണ വിധേയയായ ഉദ്യോഗസ്ഥയെ മറ്റൊരു ജില്ലയിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുള്ളതും Behaviour Improvement Training നൽകുന്നതുൾപ്പെടെയുള്ള വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇതിലേയ്ക്ക് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) അമിതവേഗത്തിന് പെറ്റി അടയ്ക്കാത്തതിന് വാഹനവേഗത പരിശോധിക്കുന്ന ഇൻസ്പെക്ടർ വാഹനത്തിലുണ്ടായിരുന്ന മൂന്നു വയസുകാരിയെ കാറിൽ പൂട്ടിയിട്ട സംഭവത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത വിഷയത്തിൽ അന്വേഷണം നടന്നുവരുന്നു.

## സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് നടപടി

107 (107) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ സൈബർ കുറ്റകൃത്യങ്ങൾ വളരെ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടി കുറ്റകൃത്യങ്ങൾ ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ വിഭാഗമാണ് സൈബർഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസ്സിലാക്കി കുറ്റകൃത്യങ്ങൾ തടയുന്നതിന് ആവശ്യമായ സൈബർ പട്രോളിംഗ്, സാമ്പത്തിക തട്ടിപ്പുകൾക്കെതിരായി റിസർവ് ബാങ്കുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റിന്റെ സുരക്ഷാ പരിശോധനകൾ, റാൻസംവയർ, മാൽവെയർ അറ്റാക്ക് എന്നിവയെക്കുറിച്ചുള്ള അനാലിസിസ് തുടങ്ങിയവ ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ ഡിജിറ്റൽ അസെറ്റുകളുടെ സുരക്ഷയ്ക്കാവശ്യമായ സാങ്കേതിക വിദ്യാകേന്ദ്രമായി പ്രവർത്തിക്കുന്നതിന് പുറമേ സാമ്പത്തിക-സോഷ്യൽ മീഡിയാ തട്ടിപ്പുകൾ തടയുന്നതിനാവശ്യമായ സോഫ്റ്റ്വെയറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സൈബർ ഡോം സ്വീകരിച്ചുവരുന്നു. കേരള പോലീസിന്റെ സൈബർ ഡോമിന്റെ മികവിന് ദേശീയ അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയാൻ കൂടുതൽ സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി 17-4-2018-ലെ G.O.(MS) No. 68/2018/HOME എന്ന ഉത്തരവുപ്രകാരം എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. തുടർന്ന് സൈബർ കുറ്റകൃത്യങ്ങളുടെ വർദ്ധനവ് കണക്കിലെടുത്ത് എല്ലാ പോലീസ് ജില്ലകളിലും ഒരു സൈബർ പോലീസ് സ്റ്റേഷൻ ഉണ്ടാകണമെന്ന് സർക്കാർ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22-10-2020-ലെ G.O.(MS) No. 198/2020/HOME എന്ന ഉത്തരവുപ്രകാരം 15 പോലീസ് ജില്ലകളിൽക്കൂടി സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 19 പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി രൂപീകരിച്ച കണ്ണൂർ റൂറൽ ജില്ലയിൽ സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**സൈബർ പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ**

108 (108) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർഗീയ സംഘർഷങ്ങൾക്കിടയാവുന്ന രീതിയിൽ സമൂഹ മാധ്യമങ്ങളിലൂടെ വിദ്വേഷ പ്രചരണം നടത്തിയതിന് 2021 ജൂൺ മുതൽ നാളിതുവരെ സംസ്ഥാന സൈബർ പോലീസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

സമൂഹ മാധ്യമങ്ങളിലൂടെ വിദ്വേഷപ്രചരണം നടത്തിയതിന് 2021 ജൂൺ മുതൽ നാളിതുവരെ സംസ്ഥാനത്ത് സൈബർ പോലീസ് 5 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പത്തനംതിട്ട - 1, മലപ്പുറം - 2, കോഴിക്കോട് സിറ്റി - 2.

**സമൂഹമാധ്യമങ്ങളുടെ ദുരുപയോഗം**

109 (109) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമൂഹമാധ്യമങ്ങളിലൂടെയും മറ്റിതര മേഖലകൾ വഴിയും മതവിദ്വേഷ പ്രവർത്തനങ്ങൾ കൂടിവരുന്നതും ആയത് സംസ്ഥാനത്ത് ഉണ്ടാക്കുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മതവിദ്വേഷ പ്രവർത്തനങ്ങളും മതസ്പർദ്ധയുണ്ടാക്കുന്നതരത്തിൽ നടക്കുന്ന പ്രചാരണങ്ങളും പ്രസ്താവനകളും വളരെ ഗൗരവമായി കാണുകയും ഇത്തരം

പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 153 A പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) എങ്കിൽ കഴിഞ്ഞ 10 വർഷക്കാലയളവിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയവരുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്രപേരുടെ പേരിൽ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

കഴിഞ്ഞ 10 വർഷക്കാലയളവിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയ 1798 ആളുകളുടെ പേരിൽ 464 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 236 കേസുകളിൽ കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കുന്ന തരത്തിൽ അന്വേഷണം നടത്തി ബഹു. കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മതവിദ്വേഷ പ്രചരണവും പ്രവർത്തനങ്ങളും നടത്തി മതസൗഹാർദ്ദം തകർക്കുന്ന ഛിദ്രശക്തികളെ ഇല്ലാതാക്കാനും ഇവർക്കെതിരെ കർശന ശിക്ഷാനടപടി ഉറപ്പാക്കാനുമായി നിയമനിർമ്മാണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നത് പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

സമൂഹമാധ്യമങ്ങളിലൂടെ മതവികാരം വ്രണപ്പെടുത്തുന്ന രീതിയിലും വർഗ്ഗീയ ചേരിതിരിവുണ്ടാക്കുന്ന തരത്തിലും പ്രചരണം നടത്തുന്നവരെ നിരീക്ഷിച്ചുവരുന്നതും അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ പോലീസ് സ്റ്റേഷൻ, സബ് ഡിവിഷൻ ജില്ല എന്നീ തലങ്ങളിൽ സാമുദായിക സൗഹൃദ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും സ്റ്റേറ്റ്/ജില്ല സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സഹായത്തോടെ വർഗീയ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽനിന്നും മുൻകൂറായി വിവരശേഖരണം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച് വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. മതവിദ്വേഷ പ്രചരണം നടത്തുന്നവർക്കെതിരെ നടപടിയെടുക്കുവാൻ ഇന്ത്യൻ ശിക്ഷാനിയമത്തിൽത്തന്നെ വ്യവസ്ഥയുള്ളതിനാൽ പുതിയൊരു നിയമനിർമ്മാണത്തിന്റെ ആവശ്യമുദിക്കുന്നില്ല.

## സൈബർ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണം

110 (110) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനം, തൊഴിൽ, യോഗങ്ങൾ, അപേക്ഷകൾ തുടങ്ങിയവ ഓൺലൈനിലേയ്ക്ക് മാറിയ സാഹചര്യത്തിൽ സൈബർ ആക്രമണങ്ങളിലും ചതിയിലും സാധാരണക്കാർ ഇരയാകാൻ സാധ്യത വർദ്ധിച്ചത് കണക്കിലെടുത്ത്

സൈബർ സുരക്ഷ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന് നടപടികൾ ആസൂത്രണം ചെയ്യാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇക്കാര്യം കണക്കിലെടുത്ത് കേരള പോലീസിന്റെ ഔദ്യോഗിക സാമൂഹിക മാധ്യമ അക്കൗണ്ടുകൾവഴി നിരന്തരം സൈബർ സുരക്ഷ നിർദ്ദേശങ്ങൾ നൽകിവരുന്നു. പോലീസിന്റെ വിവിധ സൈബർ വിഭാഗങ്ങൾ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, സൈബർ ഡോമുകൾ, സോഷ്യൽ മീഡിയ സെൽ, ഹൈടെക് സെൽ എന്നിവകൾ വഴി സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവയുമായി നിരന്തരം ബോധവത്കരണം നടത്തിവരുന്നുണ്ട്. സൈബർ അപകടങ്ങൾ, അവയിലെ ചതിക്കുഴികൾ എന്നിവയെപ്പറ്റി വീഡിയോ, ചിത്രങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ നിർമ്മിച്ച് സാമൂഹ്യ മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരണം നടത്തുന്നുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ നേരിടുന്നതിൽ സംസ്ഥാനം എത്രത്തോളം നേട്ടം കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽത്തന്നെ എല്ലാ ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷൻ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും രണ്ടിൽ കുറയാത്ത പോലീസ് ഓഫീസർമാർക്ക് പ്രത്യേക സൈബർ പരിശീലനം നൽകി സൈബർ കേസുകൾ തടയുന്നതിനും കൈകാര്യം ചെയ്യുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഗൗരവമേറിയ കുറ്റാന്വേഷണങ്ങളിൽ സംസ്ഥാനത്തെ ക്രൈംബ്രാഞ്ചിനെയും ലോക്കൽ പോലീസിനെയും സൈബർ കേസുകളും മറ്റും കൈകാര്യം ചെയ്യുന്നതിന് സഹായിക്കാൻ പ്രത്യേക പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയുള്ള ഹൈടെക് ക്രൈം എൻക്വയറി സെൽ പോലീസ് ആസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. രാജ്യത്ത് ആദ്യമായി സൈബർ സുരക്ഷയെ സംബന്ധിച്ച സൈബർ ഗവേഷണത്തിനും പൊതുജനങ്ങൾക്കുള്ള ബോധവൽക്കരണത്തിനും മറ്റും പബ്ലിക്-പ്രൈവറ്റ് പാർട്ട്ണർഷിപ്പായി തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സൈബർ ഡോമുകൾ പ്രവർത്തിച്ചുവരുന്നു. കേരള പോലീസിൽ ഒരു പ്രത്യേക വിഭാഗവും (CCSE-Counter Child Sexual Exploitation) കുട്ടികൾക്കെതിരായ കുറ്റകൃത്യം കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ ഫോറൻസിക് പരിശോധനയ്ക്കും മറ്റുമായി സ്റ്റേറ്റ് ഫോറൻസിക് ലബോറട്ടറികളിൽ സൈബർ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

**ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി**

111 (111) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിൽ ആണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന സമയക്രമം അറിയിക്കാമോ?

(എ&ബി) നിലവിൽ അനുവദിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായതിനുശേഷം പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ ഉചിതമായി പരിശോധിക്കുന്നതാണ്.

**അരൂർ പോലീസ് സ്റ്റേഷൻ നിർമ്മാണം**

112 (112) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ പോലീസ് സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സ്റ്റേഷനിലെ സ്ഥലപരിമിതിമൂലം പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്റ്റുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അരൂർ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് അരൂർ വില്ലേജിൽ സർവ്വേ നമ്പർ 13/5B-യിൽ ഉൾപ്പെട്ട 25.5 ആർ (62.98 സെന്റ്) ഭൂമി അനുയോജ്യമായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പോലീസ് വകുപ്പിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മതപരിവർത്തനത്തിന് ലഹരിമരുന്ന് ഉപയോഗപ്പെടുത്തൽ**

113 (113) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മതപരിവർത്തനത്തിന് ലഹരിമരുന്ന് ഉപയോഗപ്പെടുത്തുന്നതായി സർക്കാരിന്റെ ഏതെങ്കിലും ഏജൻസി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

അത്തരത്തിലുള്ള റിപ്പോർട്ടുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

## കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (KHFL) -ന്റെ നിക്ഷേപ തട്ടിപ്പ്

114 (114) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (KHFL)-ന്റെ നിക്ഷേപ തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് (KHFL) നിക്ഷേപക തട്ടിപ്പുമായി ബന്ധപ്പെട്ട് 87 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധം (1 & 2) ആയി ചേർത്തിരിക്കുന്നു.*

(ബി) ഇതുമായി ബന്ധപ്പെട്ട് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത കേസുമായി ബന്ധപ്പെട്ട് 8 പേർ അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഈ കേസുകളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു:

UI-61, PT-25, Quashed-1.

(ഡി) തട്ടിപ്പിനിരയായവർക്ക് അവരുടെ നിക്ഷേപം തിരികെ ലഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചുവരുന്നു.

## സംസ്ഥാന ദുരന്ത നിവാരണ നിധിയിൽനിന്നുള്ള ധനസഹായം

115 (115) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം സംസ്ഥാനത്ത് എത്രപേരാണ് ഇതുവരെ മരണപ്പെട്ടതെന്നും ഇപ്രകാരം മരണപ്പെട്ടവർക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽനിന്നും ധനസഹായം നൽകുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ബി) കോവിഡുമൂലം മരണപ്പെട്ടവർക്കുള്ള സർക്കാർ സഹായത്തിന് അപേക്ഷ സമർപ്പിക്കുന്നതിനും ധനസഹായ വിതരണത്തിനുമായി വില്ലേജുകളിലും ഗ്രാമപഞ്ചായത്ത്/നഗരസഭകളിലും പ്രത്യേക ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ ആദ്യമായി റിപ്പോർട്ട് ചെയ്തതു മുതൽ 2-10-2021 വരെ 25303 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ മന്ത്രാലയവും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും സംയുക്തമായി പുറപ്പെടുവിക്കുന്ന മാനദണ്ഡപ്രകാരം കോവിഡ് രോഗംമൂലം മരണപ്പെട്ടവരുടെയും കോവിഡുമായി ബന്ധപ്പെട്ട റിലീഫ് ആക്ടിവിറ്റികളിൽ ഏർപ്പെടവെ രോഗബാധിതരായി മരണപ്പെട്ടുവെന്ന് സാക്ഷ്യപ്പെടുത്തുന്നവരുടെയും ഏറ്റവും അടുത്ത ബന്ധുവിന് 50,000 രൂപ വീതം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ്-19 കേസിന്റെ തീയതി മുതൽ കോവിഡ് 19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം അനുവദനീയമാണ്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽവഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽവഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്ത്രീധനം എന്ന വിപത്തിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടി

116 (116) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സ്ത്രീധനം എന്ന വിപത്തിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള ബോധവൽക്കരണ പരിപാടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി, വനിതാ ശിശു വികസന ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും 14 ജില്ലകളിലേയും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായും നിയോഗിച്ചിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥതലത്തിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നൽകുന്നതിലേയ്ക്കായി declaration form ഉൾപ്പെടെ എല്ലാ വകുപ്പ്

മേധാവികൾക്കും WEC 1/9752/21 dated.16-7-2021 എന്ന സർക്കുലർ പ്രകാരം ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. സത്യവാങ്മൂലം സമർപ്പിക്കാത്ത ഉദ്യോഗസ്ഥരുടെ വിവരം റിപ്പോർട്ട് ചെയ്യുന്നതിന് ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് പ്രസ്തുത സർക്കുലർപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഗാർഹിക/സ്ത്രീപീഡനം നേരിടുന്ന സ്ത്രീകളെ അവ ചെറുക്കുന്നതിനായി ശാക്തീകരിക്കുക, ബോധവത്കരണ പ്രവർത്തനങ്ങൾ എല്ലാ മേഖലകളിലും സംഘടിപ്പിക്കുന്ന എന്നീ ഉദ്ദേശ്യത്തോടെ 'കനൽ' എന്ന കർമ്മ പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ പരിപാടികൾ നടന്നുവരുന്നു. സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം, ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ച ജന്റർ റിസോഴ്സ് പേഴ്സൺ മുഖാന്തരം Gender relations and Women Legislation എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിംഗ് ലഭ്യമാക്കുകയും പൊതുജനങ്ങളിൽ Gender Awareness നടത്തി ലിംഗസമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക, ലൈംഗിക, സ്ത്രീധന പീഡനങ്ങളെപ്പറ്റിയും സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻവഴി ബോധവൽക്കരണ ക്ലാസ്സ് നൽകിയിട്ടുണ്ട്. സ്ത്രീ പുരുഷ വിവേചനം സമൂഹത്തിൽനിന്നും തുടച്ചുനീക്കുന്നതിനായി ആദ്യം യുവാക്കളായ കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ലിംഗസമത്വവും സ്ത്രീ സുരക്ഷ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നത്, വിവാഹ ധൂർത്ത് നിയന്ത്രിക്കുന്നത്, ശൈശവവിവാഹം നിരോധിക്കുന്നത് തുടങ്ങിയ വിഷയങ്ങൾ ടെക്നിക്കൽ/നോൺ ടെക്നിക്കൽ കോളേജ് കോഴ്സുകളിലെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നതിന് കരിക്കുലം കമ്മിറ്റിക്ക് നിർദേശം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ലിംഗ അസമത്വം, സ്ത്രീധന ഗാർഹിക പീഡനം ഇവയ്ക്കെതിരെ വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും വ്യാപക പ്രചരണം നടത്തിവരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ സ്ത്രീസുരക്ഷാ പദ്ധതികളെക്കുറിച്ചുള്ള പോസ്റ്ററുകളും ചെറുവീഡിയോകളും സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തരം പ്രചരിപ്പിച്ചുവരുന്നു. ലിംഗസമത്വം യുവാക്കളിൽനിന്ന് തുടങ്ങണമെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺ മുഖാന്തരം NCC, NSS, കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവരുടെ സഹകരണത്തോടെ Gender Awareness Campaign സംഘടിപ്പിക്കുന്നു. പൊതുസ്ഥലങ്ങളിൽ സ്ത്രീ ശാക്തീകരണ പോസ്റ്ററുകൾ പതിപ്പിക്കുന്നതിനും സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം

നടത്തുവാൻ വിവാഹ മണ്ഡപങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, രജിസ്ട്രേഷൻ ഓഫീസുകൾ, പോലീസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ ബഹു. വനിതാ ശിശു വികസന വകുപ്പുമന്ത്രിയുടെ സന്ദേശം ആലേഖനം ചെയ്ത കാർഡുകൾ വനിതാ ശിശു വികസന വകുപ്പ് മുഖേന ദമ്പതിമാർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഗാർഹിക ലൈംഗിക സ്ത്രീധന പീഡനങ്ങളുമായി ബന്ധപ്പെട്ടുള്ള സ്ത്രീകളുടെ നിയമ പരിരക്ഷയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാനായി പീഡനങ്ങൾ, ഗാർഹികാതിക്രമങ്ങൾ, സ്ത്രീധനപീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ/കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി പ്രസ്തുത അതിക്രമങ്ങൾക്കെതിരെയുള്ള നിയമ പരിരക്ഷ, സേവനങ്ങൾ നേടിയെടുക്കേണ്ട വിധം എന്നിവയെപ്പറ്റി അവരെ ബോധവൽക്കരിക്കുവാനും വേണ്ടസഹായം ലഭ്യമാക്കുവാനും നിർദ്ദേശം നൽകി. ആയതിനായി സൂപ്പർവൈസർമാർ അതത് പഞ്ചായത്ത്/സെക്ടർതലത്തിൽ എല്ലാ വെള്ളിയാഴ്ചയും 9.30 മണി മുതൽ 1 മണി വരെ, അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് ആവശ്യമുള്ള നിയമ സഹായവും പരിരക്ഷയും ലഭ്യമാക്കേണ്ടതാണെന്നും അവർക്ക് സൗജന്യ നിയമസഹായം, കൗൺസിലിംഗ്, വൈദ്യസഹായം, പോലീസ് സഹായം എന്നിവ വേണ്ടതുണ്ടെങ്കിൽ ആയവയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്ക് പരാതിപ്പെടാനുള്ള സഹായം ഉറപ്പുവരുത്തുകയും വനിതാ ശിശു വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ, സേവനങ്ങൾ എന്നിവ ലഭ്യമാക്കി പരാതിക്ക് പരിഹാരം തേടാനുള്ള വഴി സുഗമമാക്കുവാനും ഡൗറി പ്രൊഹിബിഷൻ ഓഫീസർ, ശൈശവ വിവാഹ നിരോധന ഓഫീസർ, CWC, JJB, ജാഗ്രതാ സമിതി, വനിതാ സംരക്ഷണ ഓഫീസ്, കാതോർത്ത്, രക്ഷാദൂത്, വാട്ട്സ്ആപ് ഹെൽപ്പ് ലൈൻ 9400080292, 181 മിത്ര ഹെൽപ്പ് ലൈൻ, വൺസ്റ്റോപ്പ് സെന്റർ, District Legal Service Authority, Service Providing Centres, Family Counselling Centres എന്നിവയെപ്പറ്റിയും സ്ത്രീകളുടേയും കുട്ടികളുടേയും പുനരധിവാസത്തിനായി വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ഷെൽട്ടർ ഹോമുകളെപ്പറ്റിയും പൊതുജനങ്ങൾക്ക് അറിവ് പകർന്നുകൊടുക്കുവാനും സഹായം ആവശ്യമുള്ളവർക്ക് സമയബന്ധിതമായി സഹായം/സേവനം നൽകാൻ നടപടി സ്വീകരിക്കുവാനും വകുപ്പിനുകീഴിലുള്ള എല്ലാ കാര്യാലയ മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ത്രീധനം എന്ന സാമൂഹ്യ തിന്മക്കെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്കരണ പ്രവർത്തനങ്ങൾ അച്ചടി, ദൃശ്യ, ശ്രവ്യ ഓൺലൈൻ സോഷ്യൽ മാധ്യമങ്ങളായ പത്രപരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ

പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ വനിതാ കമ്മിഷൻ പ്രചാരണം നടത്തിവരുന്നു. എൻഡ് ഡൗറി, സകുടുംബം സ്ത്രീധനത്തിനെതിരെ എന്നീ രണ്ട് ക്യാംപെയ്നുകളും കമ്മീഷൻ നടത്തുന്നു. സോഷ്യൽ മീഡിയയിലൂടെ ഓൺലൈനായി സ്ത്രീധന വിരുദ്ധ പ്രതിജ്ഞയെടുക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) എന്നിവ അച്ചടിച്ച് സൗജന്യമായി കമ്മിഷൻ അദാലത്തുകളിൽ പങ്കെടുക്കാനെത്തുന്നവർക്കും മറ്റു പൊതുജനങ്ങൾക്കും വിതരണം ചെയ്തുവരുന്നു. വനിതാ കമ്മിഷന്റെ തനത് ബോധവത്കരണ പരിപാടികളായ സെമിനാറുകൾ, ജാഗ്രതാ സമിതി പരിശീലനം, വിവാഹപൂർവ്വ കൗൺസിലിംഗ് കലാലയ ജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീ സംരക്ഷണ നിയമങ്ങളെക്കുറിച്ചും നിരന്തരം ക്ലാസ്സുകൾ ഓൺലൈനായടക്കം ചെയ്തുവരുന്നു.

**സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി തടയൽ**

117 (117) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സർവ്വീസിലെ അഴിമതി തടയുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

സംസ്ഥാന സിവിൽ സർവ്വീസ് അഴിമതി രഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതലനടപടികൾ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ബന്ധപ്പെട്ട ഭരണ വകുപ്പ് മുഖേന നടപടികൾ സ്വീകരിക്കുന്നു. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അപാകതകൾ നടക്കുന്നുവെന്ന് വിവരം ലഭിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിക്കുന്നുമുണ്ട്. പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളിലും

അഴിമതിയിലും ഉൾപ്പെട്ട ആരോപണവിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമാർജ്ജനത്തിനും ആവശ്യമായ ശിപാർശകളോടെ സർക്കാരിൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ മുഖേന തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ആയത് ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകിവരാറുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021 ജനുവരി 1- ന് പ്രഖ്യാപിച്ച പത്തിന പരിപാടികളിലെ നാലാം ഇനമായ " അഴിമതിമുക്ത പൊതുസേവന രംഗം" എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പരാതിക്കാരന് തന്റെ വ്യക്തിഗത വിവരങ്ങൾ വെളിപ്പെടുത്താതെ അഴിമതി സംബന്ധിച്ച വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ട് വരുന്നതിനായി "ജനജാഗ്രതാ പോർട്ടൽ" എന്ന ഇലക്ട്രോണിക് സംവിധാനം ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ സുതാര്യവും ജനങ്ങളുടെ അവകാശവുമാക്കി അഴിമതിക്കുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കാൻ ഇതിനകംതന്നെ വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ് ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടെ വേഗത്തിലാക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സിവിൽ സർവ്വീസിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം നിർദ്ദേശങ്ങളാണ് സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനുമായി സമഗ്രമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ലക്ഷ്യമിട്ട് നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. 30-4-2021-ന്

കാലാവധി പൂർത്തീകരിച്ച കമ്മീഷൻ 13 റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഭരണ നവീകരണവും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനായുള്ള നിരവധി നിർദ്ദേശങ്ങൾ കമ്മീഷൻ റിപ്പോർട്ടുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകൾ വിലയിരുത്തി നടപ്പിലാക്കുവാനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സെക്രട്ടറിമാരുടെ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതി നാളിതുവരെ 6 റിപ്പോർട്ടുകൾ പരിശോധിച്ച ശിപാർശകൾ സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ശിപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്. സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.വി.സി) വകുപ്പ് സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ പരിശോധന നടത്തുകയും കൂടാതെ ഏതെങ്കിലും ഓഫീസുകളിലെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി ലഭ്യമാകുന്നമുറയ്ക്ക് അതിനെക്കുറിച്ച് പ്രസ്തുത ഓഫീസുകളിൽ നേരിട്ട് അന്വേഷണം നടത്തുകയും വീഴ്ചയോ അലംഭാവങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ വസ്തുനിഷ്ഠമായ തുടർപരിശോധനകൾ നടത്തി ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് ശിപാർശ ചെയ്യുകയും ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും നല്കുന്നത് സംബന്ധിച്ചും സർക്കാർ ഓഫീസുകളിൽനിന്നും അയയ്ക്കുന്ന കത്തുകളിൽ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലപേര്, പിൻകോഡ്, ഫോൺ നമ്പർ സാക്ഷ്യപ്പെടുത്തിയ/പുറപ്പെടുവിച്ചിട്ടുള്ള ഉദ്യോഗസ്ഥന്റെ ഒപ്പിനും തസ്തികയ്ക്കും താഴെ ഇ-മെയിൽ ഐഡിയും ഫോൺ നമ്പരും രേഖപ്പെടുത്തേണ്ടതാണെന്നും സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകുന്നത് സംബന്ധിച്ചും സർക്കാർ ഓഫീസുകളിൽനിന്നുള്ള എല്ലാ ഔദ്യോഗിക രേഖകളും വ്യക്തവും ലളിതവുമായ ഭാഷയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകിക്കൊണ്ട് സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ അഴിമതി തടയുന്നതിനും ഡ്യൂട്ടിയിലുള്ള സർക്കാർ ജീവനക്കാരെ തിരിച്ചറിയുന്നതിനുംവേണ്ടി എല്ലാ ജീവനക്കാരും നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട്. ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്തുവാനും വികസിപ്പിക്കുവാനും ഭരണമികവിലേയ്ക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനുമായി എല്ലാ സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകിവരുന്നു. ഇതുകൂടാതെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വകുപ്പുകളിലെ specialized സേവനങ്ങളുമായി ബന്ധപ്പെട്ട് വിവിധ പരിശീലന പരിപാടികൾ വകുപ്പുകളിലെത്തന്നെ ഇൻഹൗസ് ട്രെയിനിങ് സെന്ററുകൾ വഴിയും നൽകിവരുന്നു.

**അഴിമതി കേസുകളുടെ വിവരങ്ങൾ സംബന്ധിച്ച്**

118 (118) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസിലെ ജീവനക്കാരുടെ എത്ര അഴിമതി കേസുകളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയ കേസുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം വകുപ്പുകളിലാണ് ഇത്തരത്തിലുള്ള കേസുകൾ കൂടുതലായി റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

(എ-സി) കഴിഞ്ഞ 5 വർഷ കാലയളവിനുള്ളിൽ സിവിൽ സർവ്വീസ് ജീവനക്കാർ ഉൾപ്പെട്ട 665 അഴിമതി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിൽ 361 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി. 304 കേസുകളിൽ നിലവിൽ അന്വേഷണം നടന്നുവരുന്നു. കേസുകളുടെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**മൊബൈൽ കോടതികൾ**

119 (119) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊബൈൽ കോടതികൾ നിർത്തലാക്കി അവ സാധാരണ കോടതികളായി പ്രവർത്തിപ്പിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അത് നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊബൈൽ കോടതികൾ നിർത്തലാക്കണമെന്ന സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കേരള ഹൈക്കോടതിയുടെ അഭിപ്രായം ആരാഞ്ഞിരുന്നു. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ 6 മൊബൈൽ കോടതികളെ (ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതികൾ) സാധാരണ മജിസ്ട്രേറ്റ് കോടതികളായി പരിവർത്തനം ചെയ്യണമെന്നും അതിനാവശ്യമായ അധിക തസ്തികകളും ഭൗതിക സൗകര്യങ്ങളും അനുവദിക്കണമെന്ന ഹൈക്കോടതി രജിസ്ട്രാറുടെ ശിപാർശ താൽക്കാലികമായി മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇപ്രകാരം കോടതികൾ പ്രവർത്തിപ്പിക്കുന്നതിന് എത്ര തസ്തികകൾ പുതിയതായി സൃഷ്ടിക്കേണ്ടിവരുമെന്ന് അറിയിക്കുമോ?

16 തസ്തികകൾ പരിവർത്തനം ചെയ്യുകയും 21 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്യേണ്ടതടക്കം ആകെ 37 തസ്തികകൾ വേണ്ടിവരുമെന്ന് കണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

**കൊമേഴ്സ്യൽ കോടതികൾ**

120 (120) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കൊമേഴ്സ്യൽ കോടതികൾ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാമാണ്; ജില്ല തിരിച്ച് വിശദവിവരം നൽകുമോ; കൊമേഴ്സ്യൽ കോടതിയിൽ ഏതെല്ലാം തരത്തിലുള്ള കേസുകളാണ് പരിഗണിക്കുന്നത്?

നിർദ്ദിഷ്ട മൂല്യമുള്ള സാമ്പത്തിക തർക്കങ്ങളും വിഷയങ്ങളുമാണ് കൊമേഴ്സ്യൽ കോടതിയിൽ പരിഗണിക്കുന്നത്. 14 ജില്ലകളിലും ഓരോ സബോർഡിനേറ്റ് ജഡ്ജസ് കോടതികളെ കൊമേഴ്സ്യൽ കോടതികളായും പ്രിൻസിപ്പൽ ജില്ലാ കോടതികളെ കൊമേഴ്സ്യൽ അപ്പലേറ്റ് കോടതികളായും വിജ്ഞാപനം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ബാങ്കുകൾ വ്യക്തികൾക്ക് നൽകുന്ന മൂന്ന് ലക്ഷത്തിന് മുകളിലുള്ള വിദ്യാഭ്യാസ ലോണുകൾ, കാർഷിക ലോണുകൾ, ഹൗസിംഗ് ലോണുകൾ മുതലായ മണി സ്യൂട്ടുകൾ കൊമേഴ്സ്യൽ കോടതികളുടെ അധികാര പരിധിയിൽ വരുന്നതാണോ; പല ജില്ലകളിലും ഒരു സബ് കോടതി മാത്രമേ കൊമേഴ്സ്യൽ കോടതികളായി പ്രവർത്തിക്കുന്നുള്ളൂവെന്നതുകൊണ്ട് ടി കോടതികളിൽ കേസുകളുടെ ബാഹുല്യം നിമിത്തം കേസുകൾ തീർപ്പാക്കാൻ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊമേഴ്സ്യൽ കോർട്ട് ആക്ട് 2015-ലെ ചാപ്റ്റർ I ക്ലോസ് 2(സി)ൽ കൊമേഴ്സ്യൽ തർക്കങ്ങൾക്കുകീഴിൽ വരുന്ന കേസുകളാണ് കൊമേഴ്സ്യൽ കോടതികളുടെ അധികാര പരിധിയിൽ വരുന്നത്. കൊമേഴ്സ്യൽ കോടതികളിൽ കേസുകളുടെ ബാഹുല്യം നിമിത്തം കേസുകൾ തീർപ്പാക്കാൻ കാലതാമസം വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊമേഴ്സ്യൽ കോടതികളിലേക്ക് പോകുന്ന കേസുകളുടെ സല മുൻസിഫ് കോടതിയുടെ മറ്റു കേസുകളുടെ സലയായ 10 ലക്ഷമായി ഉയർത്താൻ സർക്കാർ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവിറക്കുമോ; ജില്ലാ കോടതികളിൽ 3 ലക്ഷത്തിന് മുകളിലുള്ള കൊമേഴ്സ്യൽ സ്യൂട്ടുകൾ ഫയൽ ചെയ്യാൻ അധികാരമുണ്ടോ;

(ഡി) കൊമേഴ്സ്യൽ കോടതികളിൽ തീർപ്പ് കൽപ്പിക്കുന്ന 3 ലക്ഷത്തിന് മുകളിലുള്ള കേസുകളിലെ അപ്പീൽ കോടതി ഏതാണ്;

(ഇ) ജില്ലാ കോടതി ആണെങ്കിൽ 3 ലക്ഷത്തിന് മുകളിൽ കേസ് ഫയൽ ചെയ്യാൻ പറ്റാത്ത കോടതിയിൽ അപ്പീൽ നൽകുന്നത് അപാകതയല്ലേ; ഇത് പരിഹരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

(സി-ഇ) 14 ജില്ലകളിലെ കൊമേഴ്സ്യൽ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുള്ള സബ് കോടതികളിൽ 3 ലക്ഷത്തിനുമുകളിൽ മൂല്യമുള്ള കേസുകൾ ഫയൽ ചെയ്യാവുന്നതാണ്. ഹൈക്കോടതിയുടെ ചട്ടങ്ങൾ അനുസരിച്ച് കൊമേഴ്സ്യൽ കോടതികളിൽ നിന്നുള്ള 20 ലക്ഷത്തിൽ കവിയാത്ത മൂല്യം വരുന്ന വിഷയങ്ങൾ സംബന്ധിച്ച കേസുകളിലെ അപ്പീലുകൾ ജില്ലകളിലെ കൊമേഴ്സ്യൽ അപ്പലേറ്റ് കോടതികളിലും മറ്റ് അപ്പീലുകൾ ഹൈക്കോടതിയുടെ കൊമേഴ്സ്യൽ അപ്പലേറ്റ് വിഭാഗത്തിലും കൈകാര്യം ചെയ്യുന്നു. കൊമേഴ്സ്യൽ കോടതികളിൽ പരിഗണിക്കുന്ന കേസുകളുടെ സല മുൻസിഫ് കോടതിയുടെ മറ്റു കേസുകളുടെ സല ഉയർത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പുതുക്കാട് മുനിസിഫ് മജിസ്ട്രേറ്റ് കോടതി**

121 (121) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മുനിസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഹൈക്കോടതിയുടെ മുൻഗണന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രസ്തുത കോടതി ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ) നം.79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ 47-ാമതായിട്ടാണ് തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മുനിസിഫ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ശിപാർശ പരിശോധിച്ചശേഷമാണ് മുൻഗണനാക്രമം നിശ്ചയിച്ച് കോടതികൾ അനുവദിക്കുന്നത്.

## മതസൗഹാർദ്ദം തകർക്കുന്ന വ്യാജ പ്രചരണങ്ങൾ

122 (122) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജനവിഭാഗങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാക്കുവാനും രാജ്യത്തിന്റെ മതേതരത്വ ജനാധിപത്യ മുന്നേറ്റത്തിന് ഭീഷണി ഉയർത്തുവാനും സഹായിക്കുന്ന പ്രസ്താവനകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരം പ്രസ്താവനകൾ നമ്മുടെ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സമീപനങ്ങൾ സ്വീകരിക്കുന്നവർക്കെതിരെ മുഖം നോക്കാതെ നടപടി സ്വീകരിക്കുമോ?

ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ശിക്ഷാനിയമം സെക്ഷൻ 153 A പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സാമുദായിക സ്പർദ്ധ ഉണ്ടാക്കുന്നതരത്തിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വ്യാജപ്രചരണങ്ങൾ നടത്തുന്നവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുവാനും കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനും നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ?

സമൂഹ മാധ്യമങ്ങളിലൂടെ മതവികാരം വ്രണപ്പെടുത്തുന്ന രീതിയിലും വർഗ്ഗീയ ചേരിതിരിവുണ്ടാക്കുന്ന തരത്തിലും പ്രചരണം നടത്തുന്നവരെ നിരീക്ഷിച്ചുവരുന്നതും അവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. സംസ്ഥാനത്ത് വിവിധ മതങ്ങൾ തമ്മിൽ സൗഹാർദ്ദം ഊട്ടിയുറപ്പിക്കാൻ പോലീസ് സ്റ്റേഷൻ, സബ് ഡിവിഷൻ, ജില്ല എന്നീ തലങ്ങളിൽ സാമുദായിക സൗഹൃദ മീറ്റിംഗുകൾ നടത്തിവരുന്നുണ്ട്. ലോക്കൽ പോലീസിന്റെയും സ്റ്റേറ്റ്/ജില്ല സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സഹായത്തോടെ വർഗ്ഗീയ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളിൽനിന്നും മുൻകൂറായി വിവരശേഖരണം നടത്തി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച് വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മാണം

123 (123) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനിയിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര തുകയെന്ന് അറിയിക്കുമോ?

ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഭരണാനുമതി നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഫയർ സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(ബി-ഡി) ഭരണാനുമതി നൽകിയിട്ടില്ല. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**പാറശ്ശാല ഫയർ സ്റ്റേഷൻ നിർമ്മാണം**

124 (124) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന പാറശ്ശാല ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഭരണാനുമതി ലഭിച്ചില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(ഡി) കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളും നടപടികളും എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) പാറശ്ശാല ഫയർ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച് ശിപാർശ സർക്കാരിൽ ലഭ്യമായിട്ടില്ല.

**മട്ടന്നൂർ ഫയർ സ്റ്റേഷൻ നിർമ്മാണം**

125 (125) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേറ്റ് റിവിഷൻ വന്നതിന്റെ ഫലമായി മട്ടന്നൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് ടി.എസ്. ലഭിക്കാത്ത സാഹചര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) അന്താരാഷ്ട്ര വിമാനത്താവള നഗരം കൂടിയായ മട്ടന്നൂരിൽ ഫയർ സ്റ്റേഷൻ അടിയന്തരമായി നിർമ്മിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ?

(എ&ബി) പ്രവൃത്തികളുടെ റേറ്റ് റിവിഷൻ വന്ന സാഹചര്യത്തിൽ ഭരണാനുമതി പുതുക്കി നൽകിയാൽ മാത്രമേ സാങ്കേതികാനുമതി നൽകാൻ കഴിയുകയുള്ളൂ. ഭരണാനുമതി പുതുക്കുന്നതിനുള്ള ശിപാർശ ലഭ്യമായിട്ടില്ല.

**പുതുക്കാട് ഫയർ സ്റ്റേഷനിലെ ഒഴിവുകൾ**

126 (126) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ഫയർ സ്റ്റേഷനിൽ സ്റ്റേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികകളിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പുതുക്കാട് ഫയർ സ്റ്റേഷൻ നാൽപ്പത് ജീവനക്കാരുള്ള ഒരു ഫുൾ സ്റ്റേഷനായി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് നിലയം ഒരു ഫുൾ സ്റ്റേഷനാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**തേഞ്ഞിപ്പലത്ത് പുതിയ ഫയർ സ്റ്റേഷൻ**

127 (127) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ തേഞ്ഞിപ്പലം കേന്ദ്രീകരിച്ച് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വകുപ്പുതല ശിപാർശയടക്കം സർക്കാരിൽ നിലവിലുള്ള ഫയൽ പുനഃപരിശോധിക്കുമോ;

(ബി) പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സർവ്വകലാശാല, എയർപോർട്ട്, കിൻഫ്ര പാർക്ക് തുടങ്ങിയ സ്ഥാപനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കാമോ?

(എ&ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**തലശ്ശേരി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

128 (128) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; ഭൂമി ഏറ്റെടുക്കാനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സർക്കാർ തലത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളൊന്നും നിലവിലില്ല. തലശ്ശേരി മുനിസിപ്പാലിറ്റിയിലുള്ള തലശ്ശേരി അംശം വാടിക്കകം ദേശത്തെ വാർഡ് 2 ബ്ലോക്ക് 6 ടി.എസ്.170/7-ൽ സ്ഥിതി ചെയ്യുന്ന ജല അതോറിറ്റിയുടെ അധീനതയിലുള്ള 0.3468 ഹെക്ടർ സ്ഥലം വകുപ്പിന് അനുവദിച്ച് കിട്ടുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നുണ്ട്.

**ചാലക്കുടി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

129 (129) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി കണ്ടെത്തിയ സ്ഥലത്തിന് ഇറിഗേഷൻ വകുപ്പിന്റെ നിരാക്ഷേപപത്രം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ലഭിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ?

പ്രസ്തുത സ്ഥലം മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിംഗിന്റെയും അനുബന്ധ കാര്യാലയങ്ങളുടെയും പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ ഭൂമി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വിട്ടുനൽകുവാൻ നിർവ്വാഹമില്ലായെന്നും ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം**

130 (130) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ?

ആലത്തൂർ ഫയർ സ്റ്റേഷൻ നിലവിൽ വാടകയില്ലാതെ പ്രവർത്തിച്ചുവരുന്നത് ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ കമ്മ്യൂണിറ്റി ഹാളിലാണ്.

(ബി) പ്രസ്തുത ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കെട്ടിട നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(ഡി) കെട്ടിട നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

(ബി - ഡി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ഇരിക്കൂർ ഫയർ സ്റ്റേഷൻ**

131 (131) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

(എ&ബി) ഇരിക്കൂർ മണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

**ജയിലിൽ തടവുകാരുടെ ഫോൺ വിളി**

132 (132) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ ഭരണപക്ഷ രാഷ്ട്രീയ പാർട്ടികളുമായി ആഭിമുഖ്യം പുലർത്തുന്ന തടവുകാർക്ക് മൊബൈൽ ഫോൺ അടക്കമുള്ള സൗകര്യം ലഭിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഇല്ല.

(ബി) ടി.പി. കേസ് പ്രതിയും തൃശ്ശൂരിലെ ഫ്ലാറ്റ് കൊലക്കേസ് പ്രതിയും വിയ്യൂർ ജയിലിൽനിന്നും ആയിരത്തിലധികം ഫോൺ വിളിച്ചതായി പറയപ്പെടുന്ന സംഭവത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിൽ ജയിൽ ഉദ്യോഗസ്ഥർ ക്രിമിനലുകൾക്ക് ഒത്താശ ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ജയിലിലെ ചില ഉദ്യോഗസ്ഥരുടെ ഒത്താശയോടെ തടവുകാരിൽ ചിലർ ജയിലിനുള്ളിൽ പാലിക്കേണ്ട ചട്ടങ്ങൾ ലംഘിക്കുകയും ജയിൽ സുരക്ഷാ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ ചില പ്രവൃത്തികളിൽ ഏർപ്പെടുകയും ചെയ്യുന്നത് സംബന്ധിച്ച് അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ജയിൽ മേധാവി സർക്കാരിലേയ്ക്ക് നൽകിയ ശിപാർശയും വീഴ്ചകളുടെ ഗൗരവവും കണക്കിലെടുത്ത് വിയ്യൂർ സെൻട്രൽ ജയിലിൽ സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ജോയിന്റ് സൂപ്രണ്ട് എന്നിവരെ സ്ഥലംമാറ്റുകയും ചെയ്തിട്ടുണ്ട്.

(സി) ജയിലുകളിലെ ഫോൺ വിളിയുമായി ബന്ധപ്പെട്ട് ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി. വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ ഈ അന്വേഷണത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ജയിലിലെ അച്ചടക്ക ലംഘനവും അതിൽ ഉദ്യോഗസ്ഥരുടെ പങ്ക് സംബന്ധിച്ചും അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽ ചില ഉദ്യോഗസ്ഥർ കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഉത്തരമേഖലാ ജയിൽ ഡി.ഐ.ജി. വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ജയിൽ മേധാവിയുടെ ശിപാർശയും വീഴ്ചകളുടെ ഗൗരവവും കണക്കിലെടുത്ത് വിയ്യൂർ സെൻട്രൽ ജയിൽ സൂപ്രണ്ടിനെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തു. വീഴ്ച കണക്കിലെടുത്ത് ജോയിന്റ് സൂപ്രണ്ടിനെയും ഡെപ്യൂട്ടി പ്രിസൺ ഓഫീസറെയും സ്ഥലംമാറ്റിയിട്ടുമുണ്ട്.

**ജയിലുകളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി**

133 (133) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർ സ്ഥിരമായി മൊബൈൽ ഫോൺ ഉപയോഗിക്കുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ?

ജയിൽ ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ള പരിശോധനയിൽ ചില തടവുകാർ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവ

പിടിച്ചെടുക്കുകയും ജയിൽ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ കൈക്കൊള്ളുകയും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പരിശോധനയിൽ ജയിലുകളിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇല്ല.

(സി) ജയിലുകളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ജയിലുകളിലെ ചുറ്റുമതിൽ ഇലക്ട്രിക് ഫെൻസിംഗ് നടത്തി സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. മെയിൻ ഗേറ്റും പരിസര പ്രദേശങ്ങളും കർശന നിരീക്ഷണത്തിനായി ഐ.ആർ.ബി. ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സി.സി.ടി.വി., ഡി.എഫ്.എം.ഡി., എക്സ്റേ ബാഗേജ് സ്കാനർ എന്നീ സംവിധാനത്തിലൂടെയുള്ള പരിശോധന കർശനമായി നടപ്പാക്കിവരുന്നു. ജയിൽ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ നിരീക്ഷണം ഏർപ്പെടുത്താനും സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കാനും ഡ്യൂട്ടി സ്ഥലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് തടവുകാരുടെ നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും ഇതിലൂടെ ജയിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൂത്തുപറമ്പിൽ ജയിൽ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന സ്പെഷ്യൽ സബ് ജയിലിന്റെ പ്രവർത്തനം

134 (134) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പിൽ ആരംഭിക്കുന്ന സ്പെഷ്യൽ സബ് ജയിലിന്റെ പ്രവർത്തനത്തിന് തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) കൂത്തുപറമ്പിൽ ആരംഭിക്കുന്ന സ്പെഷ്യൽ സബ് ജയിലിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവ്വീസസ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## ഗസറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം

135 (135) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗസറ്റ് വിജ്ഞാപനങ്ങൾ പ്രസിദ്ധീകരണ തീയതി കഴിഞ്ഞ് എത്ര ദിവസത്തിനുള്ളിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സർക്കാർ ഗസറ്റുകൾ പ്രസിദ്ധീകരണ തീയതിയിൽത്തന്നെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗസറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യം ഒഴിവാക്കുന്നതിന് ഗസറ്റുകൾ പ്രസിദ്ധീകരണ തീയതിയിൽത്തന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കേരള സർക്കാർ (വീക്കിലി) ഗസറ്റുകൾ 2021 ഒക്ടോബർ 2 മുതൽ പൂർണ്ണമായി ഇലക്ട്രോണിക് മാധ്യമത്തിലൂടെ ഓൺലൈനായി കമ്പോസ് (Comprehensive Operation and Management of Presses Over Secure Environment) സോഫ്റ്റ്‌വെയർ മുഖാന്തരം പ്രസിദ്ധീകരിച്ച് തുടങ്ങിയിട്ടുണ്ട്. ഗസറ്റുകൾ എല്ലാ ചൊവ്വാഴ്ചകളിലുമാണ് പ്രസിദ്ധീകരിക്കുന്നത്. കമ്പോസ് സോഫ്റ്റ്‌വെയർ മുഖേന കേരള ഗസറ്റ് ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധീകരിക്കുന്നതിന് പൊതുജനങ്ങൾ ഇതര വകുപ്പുകൾ, വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ, അപേക്ഷകൾ സമർപ്പിക്കുന്നതിലേയ്ക്ക് പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു*).

## വിടുതൽ സർട്ടിഫിക്കറ്റിൽ മതത്തിന്റെ ഉപവിഭാഗം ചേർക്കൽ

136 (136) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലങ്കര സഭയിൽ ഉൾപ്പെട്ട കുട്ടികളുടെ സ്കൂൾ/കോളേജ് വിടുതൽ സർട്ടിഫിക്കറ്റുകളിൽ മതത്തിന്റെ ഉപവിഭാഗം ചേർക്കാൻ കഴിയാത്ത സാഹചര്യവും ഇതുമൂലം ഇവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിച്ച് മലങ്കര ക്രിസ്ത്യൻ പ്രെയർ ഫെലോഷിപ്പ് സർക്കാരിനെ സമീപിച്ചിട്ടുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ആവശ്യത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

(എ-സി) 'ക്രിസ്ത്യൻ മലങ്കര' എന്ന ജാതിപ്പേര് ബന്ധപ്പെട്ട വെബ് സൈറ്റുകളിലും ന്യൂസ് മീഡിയകളിലും ഉൾപ്പെടുത്തുന്നതിനും സഭാംഗങ്ങളായ കുട്ടികൾക്ക് സ്കൂൾ/കോളേജ് പ്രവേശനം/വിടുതൽ സർട്ടിഫിക്കറ്റുകളിൽ അപ്രകാരം രേഖപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് മലങ്കര ക്രിസ്ത്യൻ പ്രെയർ ഫെലോഷിപ് ഡയറക്ടർ റവ. സാജു വർഗ്ഗീസ് സമർപ്പിച്ച നിവേദനത്തിന്മേൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിലെ റവന്യൂ വകുപ്പ് ഇക്കാര്യം പരിശോധിച്ചുവരുന്നുണ്ട്.

## ന്യൂനപക്ഷ സമുദായങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ

137 (137) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ന്യൂനപക്ഷ സമുദായങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1-ആയി ചേർക്കുന്നു*.

(ബി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന സ്കോളർഷിപ്പുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2-ആയി ചേർക്കുന്നു*. സ്കോളർഷിപ്പ് തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക് എന്തെങ്കിലും സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കായുള്ള ഇമ്പിച്ചി ബാവ ഭവന നിർമ്മാണ/പുനരുദ്ധാരണ പദ്ധതിയിൽ മുൻ വർഷങ്ങളിൽ അനുവദിച്ചതും എന്നാൽ ആ വർഷങ്ങളിൽ പൂർത്തീകരിക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനാണ് ധനസഹായം നൽകിവരുന്നത്. ഇതുകൂടാതെ, 2021-22 സാമ്പത്തിക വർഷത്തിൽ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുതായി ഭവന പുനരുദ്ധാരണ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചിട്ടുള്ളതുമാണ്. ശരിയായ ജനലുകൾ/ വാതിലുകൾ/മേൽക്കൂര/ഫ്ളോറിംഗ്/ഫിനിഷിംഗ്/പ്ലംബിംഗ്/സാനിട്ടേഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയില്ലാത്ത വീടുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനാണ് പുനരുദ്ധാരണ പദ്ധതിയിലൂടെ ധനസഹായം നൽകുന്നത്. ഒരു വീടിന്റെ അറ്റകുറ്റപ്പണികൾക്ക് 50,000 രൂപയാണ് ധനസഹായം. ഇത് തിരിച്ചടയ്ക്കേണ്ടതില്ല. അപേക്ഷകയുടെ സ്വന്തം/ പങ്കാളിയുടെ പേരിലുള്ള വീടിന്റെ പരമാവധി വിസ്തീർണ്ണം 1200 സ്ക്വയർ ഫീറ്റ് കവിയരുത്. അപേക്ഷക കുടുംബത്തിലെ ഏക വരുമാനദായകയായിരിക്കണം. ബി.പി.എൽ. കുടുംബത്തിന് മുൻഗണന. അപേക്ഷകയോ അവരുടെ മക്കളോ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ/പെൺകുട്ടികൾ മാത്രമുള്ള അപേക്ഷക എന്നീ ഗണത്തിൽപ്പെടുന്നവർക്ക് മുൻഗണന നൽകും.

## കോച്ചിംഗ് സെന്റർ ഫോർ മൈനോറിറ്റി

138 (138) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര മൈനോറിറ്റി കോച്ചിംഗ് സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നതെന്നും അവ ഏതൊക്കെയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

സംസ്ഥാനത്താകെ 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളും 32 ന്യൂനപക്ഷ യുവജന പരിശീലന ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത കോച്ചിംഗ് സെന്ററിൽ എന്തൊക്കെ പരിശീലനങ്ങളാണ് ഉദ്യോഗാർത്ഥികൾക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി, യു.പി.എസ്.സി, റെയിൽവേ, ബാങ്കിംഗ് തുടങ്ങിയ മേഖലകളിൽ തൊഴിൽ ലഭിക്കുന്നതിനായുള്ള പരീക്ഷാ പരിശീലനവും ആലുവ പരിശീലന കേന്ദ്രത്തിന് കീഴിൽ സേനകളിൽ ചേരുന്നതിനുള്ള ഫിസിക്കൽ ട്രെയിനിംഗും നൽകിവരുന്നു.

(സി) ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ളതും സർക്കാർ- പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥ പ്രാതിനിധ്യം കുറവുള്ളതുമായ മഞ്ചേശ്വരം താലൂക്കിൽ മൈനോറിറ്റി കോച്ചിംഗ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മൈനോറിറ്റി കോച്ചിംഗ് സെന്റർ തുടങ്ങുന്നതിന് ആവശ്യമായ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മഞ്ചേശ്വരം താലൂക്കിലെ ഉപ്പളയിൽ ലഭ്യമാക്കിയാൽ ഈ വർഷം തന്നെ കോച്ചിംഗ് സെന്റർ ആരംഭിക്കുവാൻ കഴിയുമോ; വ്യക്തമാക്കാമോ?

(സി&ഡി)പരിശോധിക്കുന്നതാണ്.

**മംഗലപുരം - വിഴിഞ്ഞം ആറുവരി പാതയുടെ നിർമ്മാണം**

139 (139) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മംഗലപുരം - വിഴിഞ്ഞം ആറുവരി പാതയുടെ നിർമ്മാണം സംബന്ധിച്ച സാധ്യതാ പഠനം പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത പാത കടന്നു പോകുന്ന പഞ്ചായത്തുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ; പാത നിർമ്മിക്കുന്നതിന്റെ ലക്ഷ്യം, തുടർ നടപടികൾ എന്നിവയുടെ വിശദാംശം നൽകുമോ?

ഉണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെടുത്തി ഏകദേശം 79 കി.മീറ്റർ നീളമുള്ള ഔട്ടർ റിംഗ് റോഡ് നഗരത്തിൻെറ വടക്ക് ഭാഗത്ത് നാവായിക്കുളത്തുനിന്ന് ആരംഭിച്ച് വെയിലൂർ, പള്ളിപ്പുറം, അണ്ടൂർക്കോണം, വട്ടപ്പാറ, അരുവിക്കര, ഊരൂട്ടമ്പലം, ബാലരാമപുരം കടന്ന് ബൈപ്പാസുമായി കൂടിച്ചേരുന്നു. ഈ പദ്ധതിയിൽ തേക്കടയിൽ നിന്ന് മംഗലപുരത്തേയ്ക്ക് 13.94 കി.മീ നീളത്തിൽ ഒരു ലിങ്ക് റോഡും ഉൾപ്പെട്ടിരിക്കുന്നു. ഈ പദ്ധതി മുഖ്യമായും ലക്ഷ്യമിടുന്നത് തലസ്ഥാന നഗരത്തിൻെറ പ്രാന്തപ്രദേശങ്ങളുടെ സുസ്ഥിരവും ശാസ്ത്രീയവും മികവുറ്റ ആസൂത്രണത്തിലധിഷ്ഠിതവുമായ വികസനത്തോടൊപ്പം ഈ നഗരത്തിൻെറ ഗതാഗതം സുഗമവും കുറ്റമറ്റതുമായ രീതിയിൽ കൈകാര്യം ചെയ്യലും വിഭവങ്ങളുടെ ഗുണകരവും പ്രയോജനപ്രദവുമായ ഉപയോഗവുമാണ്. ഈ പദ്ധതിയുടെ നിർദ്ദേശത്തിന് ഭാരത് മാല പരിയോജനയുടെ കീഴിൽ തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. എൻ.എച്ച്.എ.ഐ.-യ്ക്കാണ് നിർമ്മാണ ചുമതല. ഈ പദ്ധതിയുടെ പരിസ്ഥിതി സാമൂഹിക ആഘാത വിശകലന റിപ്പോർട്ട് പബ്ലിക് ഹിയറിംഗിനായി പൊല്യൂഷൻ കൺട്രോൾ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ തുടർ നടപടികൾ പദ്ധതിയുടെ പബ്ലിക് ഹിയറിംഗ്, MoRTH-ന്റെ അന്തിമ അംഗീകാരം, ഭൂമി ഏറ്റെടുക്കൽ എന്നിവയാണ്. ഈ പദ്ധതി കടന്നുപോകുന്ന പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പന**

140 (140) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പന കേന്ദ്ര സർക്കാർ മുന്നോട്ട് കൊണ്ടുപോവുകയും ഇപ്പോൾ ദേശീയപാതയും റെയിൽവേ സ്റ്റേഷനുകളും ഉൾപ്പെടെയുള്ള പൊതുസ്വത്തുക്കൾകൂടി സ്വകാര്യമേഖലയ്ക്ക് വിൽക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുള്ളത് സംസ്ഥാനത്തെ ജനങ്ങളുടെ അവകാശം ഹനിക്കുന്നതാകയാൽ ഈ നടപടികളിൽ നിന്ന് പിന്തിരിയാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

കേന്ദ്ര സർക്കാരിന്റെ സ്വകാര്യവത്കരണ നയം സംസ്ഥാനത്തെ ജനങ്ങളെ ആകെ ആശങ്കപ്പെടുത്തുന്നതാണെന്നും ഇത്തരം നടപടികളിൽ നിന്നും പിന്തിരിയണമെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവല്ക്കരിക്കുന്നതുമൂലം സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിയും പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ടും പരോക്ഷമായും തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികളെയും പ്രസ്തുതസ്ഥാപനങ്ങളെ ആശ്രയിച്ചുവരുന്ന അനുബന്ധ വ്യവസായ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെയും സാരമായി ബാധിക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, BPCL, BEML എന്നീ സ്ഥാപനങ്ങൾ നീതി ആയോഗിന്റെ ശിപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു. ഇതിനെത്തുടർന്ന് ഇവയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. നീതി ആയോഗിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചതിന്റെ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, കാസർഗോഡ് ജില്ലയിലെ ഭെൽ -ഇ.എം.എൽ. എന്നീ കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങൾ കേരള സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിന്റെ ഓഹരികൾ വിറ്റഴിക്കാൻ കേന്ദ്രം തീരുമാനിച്ച സാഹചര്യത്തിൽ പ്രസ്തുത യൂണിറ്റ് ഏറ്റെടുക്കുന്നകാര്യം കേരളം പരിഗണിക്കുകയും 20-7-2018-ലെ G.O.(Ms)No: 52/2018/ID പ്രകാരം ബുക്ക് മൂല്യത്തിന്റെ അടിസ്ഥാനത്തിൽ മൊത്ത ആസ്തി

മൂല്യം (Net Asset Value) 53.02 കോടി രൂപയായി കണക്കാക്കി സ്ഥാപനം ഏറ്റെടുക്കാൻ ഉത്തരവായി. ഇതുസംബന്ധിച്ച് പരസ്പര ചർച്ചയ്ക്ക് ശേഷം തയ്യാറാക്കിയ കരട് MoU കേന്ദ്ര കാബിനറ്റ് അംഗീകരിക്കുന്നതിനായി നൽകിയിട്ടും നാളിതുവരെ അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. അതിനിടെ പ്രസ്തുത സ്ഥാപനം നിലനിൽക്കുന്ന പാലക്കാട്ടെ ഭൂമിയുടെ വിലകൂടി Asset (ആസ്തി) ആയി കണക്കാക്കണം എന്ന നിലപാടാണ് കേന്ദ്ര തലത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരളം വ്യവസായ ആവശ്യത്തിനായി ഏറ്റെടുത്ത് സൗജന്യമായി നല്കിയ 123.12 ഏക്കർ ഭൂമിയുടെ വില കൂടി നൽകണമെന്ന കേന്ദ്ര ആവശ്യം ഇക്കാര്യത്തിലുള്ള പുരോഗതി മന്ദീഭവിപ്പിച്ചു. ഇതുസംബന്ധിച്ച് വിവിധ കത്തുകളിലൂടെ കേരളത്തിന്റെ സമീപനം ബോധ്യപ്പെടുത്തിയിരിക്കുകയാണ്. ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡ്, പാലക്കാട് കേന്ദ്രസർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ളതാണ്. 2010 മേയ് മാസം മുതൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ Rolling Stock Manufacturing Unit സ്ഥാപിക്കുന്നതിനായി 1000 ഏക്കർ ഭൂമി അനുവദിക്കണമെന്ന് കേന്ദ്ര സർക്കാർ അഭ്യർത്ഥിച്ചതനുസരിച്ച് 374 ഏക്കർ ഭൂമി കുറഞ്ഞ നിരക്കിലുള്ള പാട്ടവ്യവസ്ഥയിൽ 'കിൻഫ്ര' മുഖാന്തരം നൽകിയിട്ടുണ്ട്. ഇതിൽ 170 ഏക്കർ ഭൂമി അതിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. ആഗോള ടെൻഡറുകൾ വഴി ധാരാളം ഓർഡറുകൾ ലഭിക്കുന്ന പൊതുമേഖലാ സ്ഥാപനമാണ് BEML. ദേശീയ സുരക്ഷ കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലാ യൂണിറ്റായി നിലനിർത്തേണ്ടതുണ്ട്. അത്തരമൊരു ലാഭമൊരുക്കലിന്റെയും തന്ത്രപരമായി പ്രധാനപ്പെട്ട കമ്പനി ഷെയറുകളുടെയും ഓഹരികൾ വിറ്റഴിക്കരുതെന്ന നിരന്തരമായ ആവശ്യങ്ങൾ വിവിധതലങ്ങളിൽ ഉയർന്ന സാഹചര്യം കണക്കിലെടുത്ത് 2016 ഒക്ടോബറിൽ, ഈ ദിശയിലേയ്ക്കുള്ള മുൻനീക്കം മുന്നോട്ടുപോയിട്ടില്ല. എങ്കിലും 5-1-2021-ൽ ബഹു. പ്രധാനമന്ത്രിക്ക് മുകളിൽപ്പറഞ്ഞ വസ്തുതകളും സാഹചര്യങ്ങളും ഓർമ്മപ്പെടുത്തി ഈ പൊതുമേഖലാ സ്ഥാപനം സ്വകാര്യവത്ക്കരിക്കരുതെന്ന് ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ പെട്രോളിയം കമ്പനിയും മഹാരത്ന പദവിയുമുള്ള ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ) കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കപ്പെടുന്നവയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബി.പി.സി.എൽ. കൊച്ചി റിഫൈനറി സ്വകാര്യവല്ക്കരിക്കാനുള്ള നീക്കത്തിൽനിന്ന് പിന്മാറണമെന്ന് ബഹു. മുഖ്യമന്ത്രിയുടെ 17-10-2019, 18-3-2020 എന്നീ തീയതികളിലെ കത്തുകളിലൂടെ ബഹു. പ്രധാനമന്ത്രിയോടും ബഹു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോടും ആവശ്യപ്പെട്ടിരുന്നു. കൊച്ചി റിഫൈനെറിയുടെ സ്വകാര്യവത്കരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ ദേശീയ താല്പര്യവും സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യവും കണക്കിലെടുത്ത് കമ്പനിയെ പൊതുമേഖലയിൽത്തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നിർദ്ദിഷ്ട ഓഹരി വിറ്റഴിക്കൽ നടപടികളിൽനിന്നും കേന്ദ്രസർക്കാർ

അടിയന്തരമായി പിന്മാറേണ്ടതുണ്ടെന്നും ആവശ്യപ്പെട്ടുകൊണ്ട് 2019 നവംബർ 19-ാം തീയതി കേരള നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കിയിട്ടുള്ളതും ആയത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതുമാണ്.

(ബി) പൊതുസ്വത്ത് സ്വകാര്യമേഖലയ്ക്ക് നൽകി അതിന് യൂസർഫീ ഏർപ്പെടുത്തി ജനങ്ങളെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ സമീപനത്തോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

പൊതുസ്വത്ത് സ്വകാര്യമേഖലയ്ക്ക് നൽകി അതിന് യൂസർഫീ ഏർപ്പെടുത്തി ജനങ്ങളെ ചൂഷണം ചെയ്യുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ സമീപനത്തോട് സംസ്ഥാന സർക്കാരിന് പൂർണ്ണ വിയോജിപ്പാണ്. ഈ നയത്തോടുള്ള സംസ്ഥാന സർക്കാരിന്റെ ഏതിർപ്പ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(സി) തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറാൻ കേന്ദ്ര സർക്കാർ നീക്കം ത്വരിതപ്പെടുത്തിയിട്ടുള്ളതിനെതിരെ സംസ്ഥാന സർക്കാരിന് എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നിയമപരമായി സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

141 (141) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര വീതമാണെന്ന് അറിയിക്കാമോ;

(സി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ-സി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുകീഴിൽ അംഗീകരിക്കപ്പെട്ട പദ്ധതികളിൽ കാഞ്ഞങ്ങാട് മണ്ഡലവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന പദ്ധതികളും അതിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**രക്തസാക്ഷി നിഘണ്ടുവിൽനിന്നും പേരുകൾ നീക്കംചെയ്യൽ**

142 (142) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി 1921-ൽ മലബാറിൽ മാപ്പിളമാരുടെ നേതൃത്വത്തിൽ നടന്ന പോരാട്ടത്തിൽ രക്തസാക്ഷികളായവരുടെ പേരുകൾ രക്തസാക്ഷി നിഘണ്ടുവിൽനിന്നും നീക്കംചെയ്യുന്നതിന് ഇന്ത്യൻ ചരിത്ര കൗൺസിൽ തീരുമാനിച്ച വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനെതിരെ ചരിത്ര കൗൺസിലിനോ, കേന്ദ്ര സർക്കാരിനോടോ സംസ്ഥാനത്തിന്റെ വിയോജിപ്പ് ഔദ്യോഗികമായി അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഇതിലുള്ള വിയോജിപ്പ് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇ- ഹെൽത്ത് പദ്ധതി**

143 (143) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായ മാടപ്പള്ളി, പായിപ്പാട് എന്നിവിടങ്ങളിൽ ഇ-ഹെൽത്ത് നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ, ത്രിക്കൊടിത്താനം കുടുംബാരോഗ്യ കേന്ദ്രത്തിൽ നടന്നുകൊണ്ടിരിക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും.

(ബി) ഇ-ഹെൽത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ആശുപത്രിക്കും എത്ര തുക അനുവദിച്ചുവെന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഓരോ ആശുപത്രിയുടെയും വലുപ്പം പ്രവർത്തനസജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാറുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള

അനുമതി ലഭിക്കുന്നമുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

### ചികിത്സാ സഹായം

144 (144) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിന്റെ കീഴിൽ ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഓരോന്നിന്റെയും പരിധി എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരോഗ്യ കിരണം പദ്ധതി ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ ബി എസ് കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരുംതന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. ആർബിഎസ്കെ.-യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്കൊഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണം വഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. കൂടുതൽ ചെലവേറിയ വിദഗ്ധ ചികിത്സയ്ക്കുള്ള സഹായം ലഭ്യമാകുന്നതിന് ജില്ലാ എൻ.എച്ച്.എം. ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. ആ അപേക്ഷയിന്മേൽ ജില്ലാതലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റികൂടി പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് ചികിത്സാ സഹായം നൽകിവരുന്നത്. ആരോഗ്യ കിരണം പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ജനനി ശിശു സുരക്ഷാ കാര്യക്രം പദ്ധതി (JSSK) - ജനനി ശിശു സുരക്ഷാ കാര്യക്രമം പദ്ധതി പ്രകാരം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഒരു വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവയും ലഭ്യമാണ്. ഇതുകൂടാതെ മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയാണെങ്കിൽ സൗജന്യ വാഹന സൗകര്യം ലഭിക്കുന്നു. ജനനി ശിശു സുരക്ഷാ കാര്യക്രം പ്രകാരം ഗർഭിണികൾക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യമായ ചികിത്സ, മരുന്നുകൾ, ലബോറട്ടറി പരിശോധനകൾ എന്നിവ ലഭിക്കുന്നു.

സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ (SMAP) - ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതി മുഖേന മാരകരോഗങ്ങളാൽ അവശത അനുഭവിക്കുന്ന 3 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള നിർദ്ധനരായ രോഗികൾക്ക് സൊസൈറ്റി അംഗീകൃത ആശുപത്രികളിലെ ഡോക്ടർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകുന്നു. സൊസൈറ്റി അംഗീകരിച്ച 15 അംഗീകൃത ആശുപത്രികളിലെ അംഗീകൃത ചികിത്സകൾക്കും ശസ്ത്രക്രിയകൾക്കും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ 8-1-2016-ലെ സ.ഉ.സാധാ നം. 129/2016 പ്രകാരം 34 ആശുപത്രികളേയും പക്ഷാഘാത ചികിത്സയ്ക്കുവേണ്ടി 17 ആയുർവ്വേദ ചികിത്സാ സ്ഥാപനങ്ങളേയുംകൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. രോഗങ്ങളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി - 29-5-2018-ലെ G.O. (Rt) No. 1739/2018/H&FWD പ്രകാരം കേരള സർക്കാർ ലേബർ വകുപ്പിനുകീഴിൽ നടപ്പിലാക്കിവന്നിരുന്ന (ആർ.എസ്.ബി.വൈ., ചിസ്, ചിസ് പ്ലസ്) എന്നീ പദ്ധതികൾ ഏകീകരിച്ച് രൂപം നൽകിയ പദ്ധതിയാണ് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP). പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അനുബന്ധം 2 ആയി ചുവടെ ചേർക്കുന്നു*.

കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) - കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) അംഗത്വം ഇല്ലാത്തതും മൂന്ന് ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള എല്ലാ കുടുംബങ്ങൾക്കും കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) പദ്ധതിയുടെ അർഹത ലഭിക്കുന്നതാണ്. KASP പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളിൽനിന്നും കെ.ബി.ഫ്. പദ്ധതിയുടെ സേവനം ലഭ്യമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ബി.ഫ്. പദ്ധതിപ്രകാരം രണ്ടുലക്ഷം രൂപയുടെ ദ്വിതീയ, ത്രിതീയ സൗജന്യ ചികിത്സ ലഭ്യമാണ്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് മൂന്ന് ലക്ഷം രൂപവരെ അനുവദിക്കുന്നതാണ്.

കാൻസർ, ക്ഷയം, കുഷ്ഠം എന്നീ രോഗികൾക്കുള്ള പെൻഷൻ - വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങളിലെ കാൻസർ, ക്ഷയം, കുഷ്ഠം ഇവയിൽ ഏതെങ്കിലും രോഗമുള്ളവർക്ക് പ്രതിമാസം ആയിരം രൂപ വീതം ധനസഹായം നൽകിവരുന്നു. പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റുസഹിതം ബന്ധപ്പെട്ട താലൂക്ക് ഓഫീസിലാണ് സമർപ്പിക്കേണ്ടത്.

മറ്റു ആനുകൂല്യങ്ങൾ - 6-7-2018-ലെ സ.ഉ.(സാധാ)നം.2171/2018/ആ.കു.വ. പ്രകാരം അന്ത്യോദയ അന്നയോജന (AAY), മുൻഗണന (Priority) എന്നീ വിഭാഗങ്ങളിലെ റേഷൻകാർഡ് അംഗങ്ങൾക്ക് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനും ഗുരുതര രോഗം ബാധിച്ചിട്ടുള്ള 24-10-2018-ലെ (സ.ഉ.(സാധാ)നം.3204/2018/ആ.കു.വ. പ്രകാരം പട്ടികപ്പെടുത്തിയ രോഗങ്ങൾ അനുബന്ധം 3 -ൽ കണ്ടാലും*) പൊതുവിഭാഗം സബ്സിഡി വിഭാഗത്തിൽ (Non Priority State Subsidy) ഉൾപ്പെടുന്ന അംഗത്തിനും റേഷൻ കാർഡിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറുടെ "സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയ്ക്ക് അർഹനാണ്" എന്ന സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ അനുവദിച്ച് നൽകിയിട്ടുണ്ട്.

**സ്ത്രീ സുരക്ഷയും ശാക്തീകരണവും**

145 (145) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീമതി ഒ. എസ്. അംബിക:</u>
<u>ശ്രീമതി ശാന്തകുമാരി കെ.:</u>
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രണയനിരാശയെ തുടർന്ന് നടക്കുന്ന കൊലപാതകങ്ങളും കൊലപാതകത്തിലേയ്ക്കോ ആത്മഹത്യയിലേയ്ക്കോ നയിക്കുന്ന സ്ത്രീധന പീഡനങ്ങളും തുറന്നുകാട്ടുന്ന ലിംഗ അസമത്വം അവസാനിപ്പിക്കുന്നതിനായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനിത ശിശുവികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

പ്രണയനിരാശയെ തുടർന്ന് നടക്കുന്ന കൊലപാതകങ്ങളും കൊലപാതകത്തിലേയ്ക്കോ ആത്മഹത്യയിലേയ്ക്കോ നയിക്കുന്ന സ്ത്രീധന പീഡനങ്ങളും തുറന്നുകാട്ടുന്ന ലിംഗ അസമത്വം അവസാനിപ്പിക്കുന്നതിനായി വനിതാ ശിശു വികസന വകുപ്പ് നടത്തുന്ന പരിപാടികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) സ്ത്രീകളുടെ സംരക്ഷണത്തിനും സുരക്ഷയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് വ്യക്തമാക്കാമോ?

സ്ത്രീകളുടെ സുരക്ഷയ്ക്കും സാമ്പത്തിക ഭദ്രതയ്ക്കും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(സി) സ്ത്രീധന നിരോധന നിയമം ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയാതെ പോകാനിടവരുന്ന സാമൂഹ്യ സ്ഥിതിയും ചില വിഭാഗങ്ങൾക്കിടയിൽ കുടുംബസ്വത്തിൽ സ്ത്രീകൾക്ക് അധികാരമില്ലാതെയോ അല്ലെങ്കിൽ തുല്യാവകാശമില്ലാതെയൊ പോകുന്ന രീതിയും സ്ത്രീധന സമ്പ്രദായത്തിന്റെ പ്രോത്സാഹനത്തിനിട നല്കുമെന്നതിനാൽ ഇവയ്ക്ക് പരിഹാരം കാണാൻ പ്രചരണ പരിപാടികൾ നടത്തുകയും നിയമസഹായം നൽകുകയും ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ?

സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടത്തുന്നതിന് സ്വീകരിച്ച നടപടികൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*.

(ഡി) സ്ത്രീ സുരക്ഷയ്ക്കും ശാക്തീകരണത്തിനും ഉതകുന്ന മിത്ര 181 വേണ്ടത്ര ഫലപ്രദമാക്കാനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുമോ?

സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ഗാർഹിക പീഡനം, മറ്റ് അതിക്രമങ്ങൾ എന്നിവയുണ്ടായാൽ 181 മിത്ര ഹെൽപ് ലൈനിൽ വിളിച്ച് പരാതിപ്പെടാവുന്നതാണ്. ആവശ്യമെങ്കിൽ കൗൺസിലിംഗ് സഹായം ലഭ്യമാക്കുന്നതാണ്. 181 മിത്ര ഹെൽപ് ലൈൻ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ അറിവ് ലഭ്യമാക്കുന്നതിലേയ്ക്കായി മാധ്യമങ്ങൾ വഴി പ്രചരണം നൽകിയിട്ടുണ്ട്. കേരളത്തിലെ വനിതകൾക്ക് 181 എന്ന ടോൾ ഫ്രീ നമ്പരിലൂടെ ഗാർഹിക പീഡനം, മാനസിക ശാരീരിക വൈകാരിക പ്രശ്നങ്ങൾ, തർക്കങ്ങൾ, സുരക്ഷാഭീതി തുടങ്ങി പിന്തുണ ആവശ്യമുള്ള ഏതുതരം സേവനങ്ങൾക്കും സഹായം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പാക്കിവരുന്നു. പ്രശ്നങ്ങൾക്ക് എത്രയുംവേഗം പരിഹാരം കണ്ടെത്താൻ സഹായിക്കുന്നതിന് വേണ്ടി 24 മണിക്കൂറും പ്രവർത്തന സജ്ജമായ പദ്ധതിയാണ് മിത്ര 181 വിമൻ ഹെൽപ്പ് ലൈൻ. പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ 2 ലക്ഷത്തിലധികം കോളുകൾക്ക് സേവനം നൽകാൻ സാധിച്ചിട്ടുണ്ട്. 181 പദ്ധതിയുടെ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായും പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായും നിലവിൽ ഉപയോഗിച്ചുവരുന്ന സോഫ്റ്റ്‌വെയർ അപ്ഗ്രേഡ് ചെയ്യുകയും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

## എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട പദ്ധതികൾ

146 (146) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ആരോഗ്യ രംഗവുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി നീക്കിവച്ച തുകയിൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ വിവിധ നിയോജക മണ്ഡലം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ആരോഗ്യവകുപ്പിന് കോവിഡ്-19 പ്രതിരോധ/പരിശോധന ഉപകരണങ്ങൾ വാങ്ങുന്നതിനായി അനുവദിച്ച തുകയുടെ വിശദാംശങ്ങളും എലമ്പുള്ളി താലൂക്ക് ആശുപത്രി വികസനത്തിനായി അനുവദിച്ച തുകയുടെ വിശദാംശവും അനുബന്ധം I ആയി ചേർക്കുന്നു*. കോവിഡ്-19 പശ്ചാത്തലത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി 26-7-2021-ലെ സ.ഉ.(സാധാ) നം.1555/2021/ആ.കു.വ. പ്രകാരം സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഒന്ന് വീതം ഐസോലേഷൻ വാർഡുവീതം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൻപ്രകാരം പാലക്കാട് ജില്ലയിലെ നിയോജക മണ്ഡലങ്ങളിൽ ഐസോലേഷൻ വാർഡ് സ്ഥാപിക്കാൻ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു. കിഫ്ബി ഫണ്ടും എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടും ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| ക്രമ നം | നിയോജക മണ്ഡലം | സ്ഥാപനം |
|---|---|---|
| 1 | തൃത്താല | സാമൂഹികാരോഗ്യകേന്ദ്രം, തൃത്താല |
| 2 | പട്ടാമ്പി | താലൂക്ക് ആസ്ഥാന ആശുപത്രി, പട്ടാമ്പി |
| 3 | ഷൊർണ്ണൂർ | സാമൂഹികാരോഗ്യകേന്ദ്രം, ചെർപ്പുളശ്ശേരി |
| 4 | ഒറ്റപ്പാലം | സാമൂഹികാരോഗ്യ കേന്ദ്രം, കടമ്പഴിപ്പുറം |
| 5 | കൊങ്ങാട് | സാമൂഹികാരോഗ്യകേന്ദ്രം, കൊങ്ങാട് |
| 6 | മണ്ണാർക്കാട് | സാമൂഹികാരോഗ്യകേന്ദ്രം, അലനല്ലൂർ |
| 7 | മലമ്പുഴ | കുടുംബാരോഗ്യകേന്ദ്രം, മരുതറോഡ് |
| 8 | പാലക്കാട് | ജില്ലാശുപത്രി, പാലക്കാട് |
| 9 | തരൂർ | സാമൂഹികാരോഗ്യകേന്ദ്രം,വടക്കാഞ്ചേരി |
| 10 | ചിറ്റൂർ | സാമൂഹികാരോഗ്യകേന്ദ്രം, കൊഴിഞ്ഞാമ്പാറ |
| 11 | നെന്മാറ | സാമൂഹികാരോഗ്യ കേന്ദ്രം, നെന്മാറ |
| 12 | ആലത്തൂർ | സാമൂഹികാരോഗ്യകേന്ദ്രം, കുഴൽമന്ദം |

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടാമ്പി നിയോജക മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി ഫണ്ടിൽനിന്നും കോവിഡ്-19 സാഹചര്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു*.

**വയനാട് ജില്ലയിലെ ആദിവാസികൾക്കുള്ള മാനസിക ആരോഗ്യ പദ്ധതികൾ**

147 (147) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആദിവാസി മേഖലയിൽ മാനസിക ആരോഗ്യത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി മാസംതോറുമുള്ള ക്ലിനിക്കുകൾ ആദിവാസി മേഖലകളിലെ എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നടന്നുവരുന്നു. ഇതിന്റെ ഭാഗമായി സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവരടങ്ങുന്ന സേവനവും മാനസികാരോഗ്യ ഔഷധങ്ങളും നൽകിവരുന്നു. ദേശീയ മാനസികാരോഗ്യപദ്ധതി (NMHP)-യും കോഴിക്കോട് IMHANS-ഉം ജില്ലയിലെ ആദിവാസി വിഭാഗങ്ങൾക്കായി വിവിധ മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി ഊരുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണവും സമഗ്ര മാനസികാരോഗ്യ പദ്ധതി (CMHP)-ക്ക് കീഴിൽ പ്രവർത്തിക്കുന്ന പകൽവീട്ടിൽ ആദിവാസി വിഭാഗങ്ങളിൽനിന്നുള്ള അന്തേവാസികളെ പാർപ്പിച്ച് ആവശ്യമായ പരിചരണം നൽകിവരുന്നു. ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി (DHMP) ജില്ലകളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും മാനസികാരോഗ്യ ക്യാമ്പുകൾ നടത്തിവരുന്നു.

(ബി) ആദിവാസി മേഖലയിലെ കൗമാരക്കാരായ കുട്ടികൾക്ക് ഏതെങ്കിലും തരത്തിലുള്ള മാനസിക-ആരോഗ്യ വളർച്ചാ പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

മാനസികാരോഗ്യ പരിപാടിയുടെ കീഴിലുള്ള ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കൗമാരക്കാരായ കുട്ടികൾക്കുവേണ്ടി ലഹരി വിരുദ്ധ ബോധവല്ക്കരണം, ലൈഫ് സ്കിൽ പരിശീലനം, കുട്ടികളുടെ വൈകാരിക പെരുമാറ്റ പ്രശ്നങ്ങൾ നേരത്തെതന്നെ കണ്ടെത്തി പരിഹരിക്കുക എന്നിവ നടന്നുവരുന്നു.

## ഐ.സി.ഡി.എസ്. പ്രോജക്ടുകൾ

148 (148) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര ഐ.സി.ഡി.എസ്. പ്രോജക്ടുകളാണുള്ളത്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്താകെ 258 ഐ.സി.ഡി.എസ്. പ്രോജക്ടുകളാണുള്ളത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) ഓരോ പ്രോജക്ടിലും എത്ര ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളാണ് നിലവിലുള്ളത് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഓരോ പ്രോജക്ടിലും നിലവിലുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെയും സൂപ്പർവൈസർ തസ്തികകളുടെയും രൂപീകരണം എന്ത് മാനദണ്ഡത്തിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഐ.സി.ഡി.എസ്. മാന്വലിന്റെയും കേന്ദ്രസർക്കാർ നിശ്ചയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ രൂപീകരണം നടത്തുന്നത്. ആയതുപ്രകാരം റൂറൽ, അർബൻ ഏരിയകളിൽ 1,00,000 ജനസംഖ്യയ്ക്ക് 1 ഐ.സി.ഡി.എസ്. പ്രോജക്ട്, ട്രൈബൽ ഏരിയകളിൽ 35,000 ജനസംഖ്യയ്ക്ക് 1 ഐ.സി.ഡി.എസ്. പ്രോജക്ട് എന്ന മാനദണ്ഡത്തിലാണ് പ്രോജക്ടുകളുടെ രൂപീകരണം നടത്തുന്നത്. 25 അങ്കണവാടിക്ക് ഒരു സൂപ്പർവൈസർ എന്നതാണ് സൂപ്പർവൈസർ തസ്തികയുടെ മാനദണ്ഡം.

(ഡി) ഏത് വർഷത്തെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ് നിലവിലുള്ള പ്രോജക്ടുകളിൽ സൂപ്പർവൈസർ തസ്തികകൾ നിശ്ചയിച്ചിട്ടുള്ളത്?

കേന്ദ്ര വനിതശിശു വികസന മന്ത്രാലയത്തിന്റെ നം.1-4/2014-CDI dated 5-6-2014 പ്രകാരമാണ് നിലവിലുള്ള പ്രോജക്ടുകളിൽ സൂപ്പർവൈസർ തസ്തികകൾ നിശ്ചയിച്ചിട്ടുള്ളത്.

(ഇ) ജനസംഖ്യാനുപാതികമായി ഐ.സി.ഡി.എസ്. പ്രോജക്ടുകളുടെ എണ്ണത്തിൽ മാറ്റംവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന നടപടി

149 (149) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ആര്യങ്കോട് ഗ്രാമപഞ്ചായത്തിലെ ചെമ്പൂർ, പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പരശുവയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനായുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ ആര്യൻകോട് ഗ്രാമപഞ്ചായത്തിലെ ചെമ്പൂർ പ്രാഥമികാരോഗ്യകേന്ദ്രത്തെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയും ടി സ്ഥാപനത്തിന് സംസ്ഥാന പ്ലാൻ ഫണ്ട് മുഖേന 14 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എച്ച്.എൽ.എൽ.

ലൈഫ് കെയർ ലിമിറ്റഡിനാണ് നിർമ്മാണ ചുമതല. ആർദ്രം പദ്ധതിപ്രകാരം ഒരു ഡോക്ടറുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ പാറശ്ശാല ഗ്രാമപഞ്ചായത്തിലെ പരശുവയ്ക്കൽ പ്രാഥമികാരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുവേണ്ടി തെരഞ്ഞെടുത്ത് 15.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കോവിഡ് പശ്ചാത്തലത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തന സമയം ഉച്ചവരെയായി നിജപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ പൂഴനാട്, അമ്പൂരി എന്നിവിടങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങൾ നിലവിൽ ഉച്ചവരെ മാത്രമാണ് പ്രവർത്തിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം വൈകുന്നേരംവരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കോവിഡ് പശ്ചാത്തലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തന സമയം ഉച്ചവരെയായി നിജപ്പെടുത്തിയിട്ടില്ല. എന്നാൽ സ്ഥാപനങ്ങളിലെ ഡോക്ടർമാരെ കോവിഡ് ഡ്യൂട്ടിക്കായി നിയോഗിച്ച സാഹചര്യത്തിൽ ചിലയിടത്തെങ്കിലും ഉച്ചവരെ മാത്രമേ പ്രവർത്തിക്കുവാൻ കഴിയുന്നുള്ളൂ. നിലവിലുള്ള കോവിഡ് സാഹചര്യം മെച്ചപ്പെടുന്നമുറയ്ക്ക് കുടുംബാരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം 6 മണി വരെ ദീർഘിപ്പിക്കുവാൻ സാധിക്കുന്നതാണ്.

## ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിലെ ആശുപത്രികളിൽ പദ്ധതികൾ

150 (150) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഒറ്റപ്പാലം മണ്ഡലത്തിൽ ഉണ്ടെങ്കിൽ അവ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ആർദ്രം പദ്ധതി ഒന്നാംഘട്ടം - ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും 8,10,000 (എട്ട് ലക്ഷത്തി പതിനായിരം രൂപ) ചെലവഴിച്ച് ഒ.പി കൗണ്ടർ, പ്രീ ചെക്കപ്പ് റൂം, ഫാർമസി നവീകരണം, ലാബ് സൗകര്യം, മുലയൂട്ടൽ റൂം മുതലായ അടിസ്ഥാന സൗകര്യങ്ങളും രോഗീ സൗഹൃദ അന്തരീക്ഷവും സൃഷ്ടിച്ച് സ്ഥാപനം കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചുവരികയാണ്. ആർദ്രം പദ്ധതി മാർഗ്ഗരേഖ പ്രകാരം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകിവരുന്ന എല്ലാ സേവനങ്ങളും ടി സ്ഥാപനത്തിൽ നൽകിവരുന്നു. ഇതിനായി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതി രണ്ടാംഘട്ടം - ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പേരൂർ, എലമ്പുലാശ്ശേരി, പൂക്കോട്ടുകാവ് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തെരഞ്ഞെടുക്കുകയും പേരൂർ പി.എച്ച്.സി, എലമ്പുലാശ്ശേരി പി.എച്ച്.സി. എന്നീ സ്ഥാപനങ്ങൾക്ക് 15.5 ലക്ഷം രൂപാ വീതവും പൂക്കോട്ടുകാവ് പി.എച്ച്.സി-ക്ക് 14 ലക്ഷം രൂപയും ആരോഗ്യകേരളം (NHM) വഴി അനുവദിക്കുകയും അതുവഴി ഒ.പി കൗണ്ടർ, പ്രീ ചെക്ക് മുറി, ഫാർമസി നവീകരണം, ലാബ് സൗകര്യം, പ്രത്യേക മുലയൂട്ടൽ റൂം, ഒ.പി റൂം നവീകരണം, രോഗീ സൗഹൃദ അന്തരീക്ഷം എന്നീ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് നിലവിൽ ടി സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി പേരൂർ കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും പൂക്കോട്ടുകാവ് കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും എലമ്പുലാശ്ശേരി കുടുംബാരോഗ്യ കേന്ദ്രത്തിന് ഒരു സ്റ്റാഫ് നഴ്സ് തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതി മൂന്നാംഘട്ടം - ആർദ്രം പദ്ധതി മൂന്നാം ഘട്ടത്തിൽ കോട്ടപ്പുറം തച്ചനാട്ടുകര, ലക്കിടി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. കൂടാതെ ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി.ഡി ട്രാൻസ്ഫോർമേഷൻ പ്രവർത്തനങ്ങൾക്കായി 12723717 (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി ഇരുപത്തി മൂവായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപാ മാത്രം) രൂപയുടെ പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും ഒന്ന് വീതം ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെ

തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. കൂടാതെ ആർദ്രം മിഷൻ, ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതിനായി ഓരോ റവന്യൂ ബ്ലോക്കിൽനിന്നും ഒരു സ്ഥാപനം വീതം തെരഞ്ഞെടുത്ത് ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തീരുമാനിച്ചതിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽനിന്നും കടമ്പഴിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിന് 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുമുണ്ട്. പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. കൂടാതെ ഒറ്റപ്പാലം താലൂക്ക് ആശുപത്രി നവീകരണത്തിനായി കിഫ്ബി വഴി 13.63 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആർദ്രം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്താൻ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത പി.എച്ച്.സി, ലക്കിടി, പി.എച്ച്.സി തച്ചനാട്ടുകര, പി.എച്ച് സി. കോട്ടപ്പുറം എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

**മലബാർ കാൻസർ സെന്ററിലെ നഴ്സിംഗ് കോളേജിന്റെ നിർമ്മാണം**

151 (151) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി മണ്ഡലത്തിലെ മലബാർ കാൻസർ സെന്ററിലുള്ള നഴ്സിംഗ് കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ?

തലശ്ശേരിയിലുള്ള മലബാർ കാൻസർ സെന്ററിന്റെ ഭാഗമായുള്ള നഴ്സിംഗ് കോളേജിന്റെ നിർമ്മാണത്തിനായി 2012-ൽ 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2015-ൽ കൺസൾട്ടന്റായി ചുമതലപ്പെടുത്തിയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 20 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ലഭ്യമായ ഫണ്ടുപയോഗിച്ച് ഒന്നാംഘട്ടം പൂർത്തിയാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 3888.14 ച.മീറ്റർ വിസ്തൃതിയിൽ രണ്ട് നിലകളിലായുള്ള കെട്ടിടത്തിന്റെ പ്രവൃത്തികൾ 2017-ൽ പൂർത്തിയാക്കി 2018 മുതൽ പ്രവർത്തനം നടന്നുവരുന്നു. മേൽ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിനായി പ്ലാൻ ഫണ്ടിൽപ്പെടുത്തി 9-8-2021-ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണപ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുമോ?

രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നടപ്പാക്കുന്നതിന് മലബാർ കാൻസർ സെന്റർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ

152 (152) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രികളിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളുടെ നടത്തിപ്പിനുവേണ്ട സ്ഥലസൗകര്യം ലഭ്യമാക്കുവാൻ സന്നദ്ധരായ സർക്കാർ ആശുപത്രി അധികൃതരോ, ആ സ്ഥലത്തെ ജനപ്രതിനിധിയോ ആവശ്യപ്പെടുന്ന മുറയ്ക്കാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

(ബി) ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ കാരുണ്യ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഒറ്റപ്പാലം താലൂക്കാശുപത്രിയിൽ 2014 ഒക്ടോബർ മുതൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പ്രവർത്തിച്ചുവരുന്നുണ്ട്.

## സംസ്ഥാനത്തെ ആശുപത്രികൾ

153 (153) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ, സഹകരണ, സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അലോപ്പതി, ആയുർവ്വേദം, ഹോമിയോ, യുനാനി എന്നിവ തരംതിരിച്ച് വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ 1284 അലോപ്പതി ആശുപത്രികൾ പ്രവർത്തിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 13 മെഡിക്കൽ കോളേജുകളും മെഡിക്കൽ കോളേജുകൾക്ക് കീഴിൽ ആശുപത്രി, പബ്ലിക് ഹെൽത്ത് സെന്റർ, റൂറൽ ഹെൽത്ത് സെന്ററുകൾ ഉൾപ്പെടെ 27 സ്ഥാപനങ്ങളും 5 ദന്തൽ കോളേജുകളും അനുബന്ധമായി 5 ദന്തൽ ആശുപത്രികളും പ്രവർത്തിച്ചു-വരുന്നു. ഹോമിയോപ്പതി വകുപ്പിനുകീഴിൽ 34 സർക്കാർ ഹോമിയോ ആശുപത്രികളും 669 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 3 സർക്കാർ ആയുർവ്വേദ കോളേജുകളിലായി 5 ആയുർവ്വേദ ആശുപത്രികളും 2 എയിഡഡ് ആയുർവ്വേദ മെഡിക്കൽ കോളേജ് ആശുപത്രികളും 12 സ്വകാര്യ ആയുർവ്വേദ കോളേജ് ആശുപത്രികളും ഒരു സിദ്ധ മെഡിക്കൽ കോളേജ് ആശുപത്രിയും ഒരു യുനാനി മെഡിക്കൽ കോളേജിന് കീഴിലായി 6 യുനാനി ആശുപത്രികളുമുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെ നിയന്ത്രണത്തിൽ 130 ആശുപത്രികളും 818 ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു.

| വിഭാഗം | ആശുപത്രി | ഡിസ്പെൻസറി | ആകെ |
|---|---|---|---|
| ആയുർവേദം | 128 | 810 | 938 |
| സിദ്ധ | 1 | 6 | 7 |
| യുനാനി | | 1 | 1 |
| പ്രകൃതി ചികിത്സ | 1 | 1 | 2 |
| ആകെ | 130 | 818 | 948 |

സഹകരണ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് 75 ആശുപത്രികൾ പ്രവർത്തിക്കുന്നു. NHM-നുകീഴിൽ 94 NUHM ഡിസ്പെൻസറികളും 264 ആയുർവ്വേദ ഡിസ്പെൻസറികളും 436 ഹോമിയോ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും 15 യുനാനി ഡിസ്പെൻസറികളും സ്ഥിതി ചെയ്യുന്നു. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് അംഗീകൃത ക്ലിനിക്കുകൾ, മെഡിക്കൽ ഷോപ്പുകൾ, ലബോറട്ടറികൾ, സ്കാനിംഗ് സെന്ററുകൾ എന്നിവ എത്രയാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഹോമിയോപ്പതി വകുപ്പിനുകീഴിൽ 14 ആശുപത്രികളിലായി 14 ലാബുകൾ പ്രവർത്തിക്കുന്നു. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലുള്ള അംഗീകൃത ക്ലിനിക്കുകൾ, മെഡിക്കൽ ഷോപ്പുകൾ, ലബോറട്ടറികൾ, സ്കാനിംഗ് സെന്ററുകൾ എന്നിവ സംബന്ധിച്ചുള്ള വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു*. അലോപ്പതി വിഭാഗത്തിലുള്ള അംഗീകൃത ക്ലിനിക്കുകൾ, മെഡിക്കൽ ഷോപ്പുകൾ, ലബോറട്ടറികൾ, സ്കാനിംഗ് സെന്ററുകൾ എന്നിവ സംബന്ധിച്ചുള്ള ക്രോഡീകരിച്ച വിവരങ്ങൾ നിലവിൽ ലഭ്യമല്ല.

(സി) സംസ്ഥാനത്ത് ആരോഗ്യരംഗവുമായി ബന്ധപ്പെട്ട് സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്നവരുടെ 2018-19, 2019-20, 2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | 2018-19 | 2019-20 | 2020-21 |
|---|---|---|---|
| ആരോഗ്യ വകുപ്പ് | 48447 | 49419 | 49645 |
| മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് | 14086 | 15323 | 16695 |
| ഹോമിയോപ്പതി വകുപ്പ് | 3199 | 3199 | 3199 |
| സർക്കാർ ആയുർവ്വേദ കോളേജ് | 947 | 955 | 950 |
| എയിഡഡ് ആയുർവ്വേദ കോളേജ് ആശുപത്രികൾ | 268 | 273 | 270 |
| സ്വകാര്യ ആയുർവ്വേദ, സിദ്ധ, യുനാനി കോളേജ് ആശുപത്രികൾ | 2094 | 1968 | 1840 |
| ഭാരതീയ ചികിത്സാ വകുപ്പ് | 5401 | 5413 | 5414 |
| എൻ.എച്ച്.എം. | 7409 | 8018 | 9177 |

സ്വകാര്യ മേഖല, സഹകരണ മേഖല എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുടെ ക്രോഡീകരിച്ച വിവരങ്ങൾ ആരോഗ്യ വകുപ്പിൽ നിലവിൽ ലഭ്യമല്ല.

**കോവിഡ് പരിശോധനകളും മൂന്നാം തരംഗം നേരിടലും**

154 (154) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ അമ്പലപ്പുഴ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, പ്രൈമറി ഹെൽത്ത് സെന്ററുകൾ എന്നിവയിൽ കോവിഡ് നേരിടുന്നതിന് വേണ്ടി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രി: വാർഡുകൾ, ഐ.സി.യു എന്നിവ സജ്ജീകരിക്കുകയും കോവിഡ് രോഗികളെ തുടക്കം മുതൽതന്നെ ചികിത്സിച്ചുവരുകയും ചെയ്യുന്നു. ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരെ കോവിഡ് മേഖലകളിലേയ്ക്ക് വിന്യസിച്ച് ചികിത്സ സുഗമമായി നടത്താൻ സംവിധാനം ഒരുക്കിയിട്ടുണ്ട്. അമ്പലപ്പുഴ അർബൻ ഹെൽത്ത് ട്രെയിനിംഗ് സെന്ററിൽ കോവിഡ്-19 ലക്ഷണങ്ങളുള്ളവരെ കോവിഡ് ടെസ്റ്റിന് വിധേയമാക്കുന്നു. സമ്പർക്കപ്പട്ടിക തയ്യാറാക്കി സമ്പർക്കത്തിലുള്ളവർക്ക് നിർദ്ദേശങ്ങൾ നൽകുന്നു. പാലിയേറ്റീവ് രോഗികൾക്ക് ഉൾപ്പെടെ വാക്സിനേഷൻ

നടത്തുന്നു. ഹോം ക്വാറന്റൈനിൽ ഇരിക്കുന്നവരെ പോലീസിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സഹായത്തോടെ നിരന്തരം നിരീക്ഷിക്കുകയും ആവശ്യംവേണ്ട മെഡിക്കൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ആശുപത്രി കേന്ദ്രീകരിച്ച് പോസ്റ്റ് കോവിഡ് ക്ലിനിക്ക് നടത്തുന്നു. ഹോം ക്വാറന്റൈനിൽ ഇരിക്കുന്നവർക്ക് പോലീസിന്റെയും ഗ്രാമപഞ്ചായത്തിന്റെയും സംയോജനത്തോടെ ഇവരെ നിരീക്ഷിച്ച് ഗുരുതരമായ രോഗികളെ ചികിത്സാവശ്യാനുസരണം ബന്ധപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഇപ്പോൾ നിലവിലുള്ള പീഡിയാട്രിക് CCG ക്രമീകരണങ്ങൾക്കുപുറമേ പുതിയതായി 12 കോവിഡ് പീഡിയാട്രിക് ICU ബെഡുകളും 24 HDU ബെഡുകളും പീഡിയാട്രിക് വർക്ക് പ്ലാനിന്റെ ഭാഗമായി സജ്ജീകരിച്ചിരിക്കുന്നു.

ജനറൽ ആശുപത്രി, ആലപ്പുഴ: 24 മണിക്കൂറും പ്രവർത്തിക്കുന്ന ട്രയാജ് പ്രവർത്തിച്ചുവരുന്നു. നിലവിൽ 20 ബെഡുകളുണ്ട്. ഇത് 163 വരെ ഉയർത്തുവാൻ സാധിക്കുന്നതാണ്. വെന്റിലേറ്റർ സൗകര്യമുള്ള 5 ഐസിയു ബെഡുകൾ സജ്ജീകരിച്ചിട്ടുണ്ട്. ആന്റിബോഡി നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ദിനംപ്രതി 2500 പേർക്ക് വാക്സിനേഷൻ നൽകുന്നതിനുള്ള സൗകര്യം ലഭ്യമാണ്. എൻ.എച്ച്.എം. മുഖേന അധിക ജീവനക്കാരെ ലഭ്യമാക്കിയിട്ടുണ്ട്. ഐ.സി.യു-വിലെ ഡ്യൂട്ടിക്കായി മറ്റ് സ്ഥാപനങ്ങളിൽനിന്ന് വിവിധ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഒരു ദിവസം 1000 കോവിഡ് ടെസ്റ്റ് നടത്തുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. 1000 LPM കപ്പാസിറ്റിയുള്ള ഓക്സിജൻ പ്ലാന്റ് പ്രവർത്തനക്ഷമമാണ്. വനിതാശിശു ആശുപത്രി, ആലപ്പുഴ: കോവിഡ് ചികിത്സയ്ക്ക് 200 ബെഡ് സൗകര്യം ലഭ്യമാണ്. 24X7 ICL ആംബുലൻസ് സർവ്വീസ് ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികൾക്ക് 25 കിടക്കകളുള്ള ഐസിയു യൂണിറ്റ് തയ്യാറാക്കി വരുന്നു. 1000 LPM കപ്പാസിറ്റിയുള്ള ഓക്സിജൻ പ്ലാന്റ് പ്രവർത്തിക്കുന്നു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുഖേന 95% വാക്സിനേഷൻ നടത്തിയിട്ടുണ്ട്. കൂടാതെ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

(ബി) കോവിഡ് പരിശോധനകൾ നടത്തുന്നതിന് സർക്കാർ സംവിധാനങ്ങൾക്കുപുറമെ സ്വകാര്യമേഖലയിൽ എന്തെങ്കിലും സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

25-9-2021 വരെയുള്ള ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് ഗവൺമെന്റ് മേഖലയിലും പ്രൈവറ്റ് മേഖലയിലുമായി 3020 ലാബുകളാണ് കോവിഡ്-19 ടെസ്റ്റ് നടത്തുന്നത്. ഇതിൽ 27 ഗവൺമെന്റ് ലാബുകളും 72 പ്രൈവറ്റ് ലാബുകളും RTPCR ടെസ്റ്റ് നടത്തുന്നു. CBNAAT ടെസ്റ്റുകൾ നടത്തുന്നത് 14

ഗവൺമെന്റ് ലാബുകളിലും 17 പ്രൈവറ്റ് ലാബുകളിലുമാണ്. TRUENAT ടെസ്റ്റ് നടത്തുന്നത് 30 ഗവൺമെന്റ് ലാബുകളിലും 56 പ്രൈവറ്റ് ലാബുകളിലുമാണ്. ആന്റിജൻ ടെസ്റ്റ് നടത്തുന്നത് 1586 ഗവൺമെന്റ് ലാബുകളിലും 1218 പ്രൈവറ്റ് ലാബുകളിലുമാണ്. (Out Source ചെയ്യപ്പെട്ട മൊബൈൽ ലാബുകൾ ഉൾപ്പെടെയുള്ള കണക്കുകൾ).

(സി) മൂന്നാംതരംഗം കൂടുതലായി ബാധിക്കുക കുട്ടികളെയായിരിക്കും എന്നത് പരിഗണിച്ച് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആശുപത്രികളിൽ കുട്ടികൾക്കായി പ്രത്യേക വെന്റിലേറ്ററുകൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

കേരളത്തിലെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പീഡിയാട്രിക് അടിയന്തര ചികിത്സാ സംവിധാനങ്ങൾ, തീവ്ര പരിചരണ കിടക്കകൾ, ഓക്സിജൻ ലഭ്യതയുള്ള കിടക്കകൾ, മരുന്നുകളും മറ്റു ചികിത്സാ സാമഗ്രികളും എന്നിവ ലഭ്യമാക്കി സജ്ജീകരിച്ചുകൊണ്ടിരിക്കുന്നു. കുട്ടികൾ കൂടുതലായി ബാധിക്കപ്പെട്ടാൽ വേണ്ടിവന്നേക്കാവുന്ന അധിക സാമഗ്രി - മാനവ വിഭവശേഷി ആവശ്യങ്ങൾ തിട്ടപ്പെടുത്തി Paediatric Surge Plan തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം അധിക ആവശ്യങ്ങൾ ഓരോ കോളേജിലും ആവശ്യാനുസരണം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ആശുപത്രികളിൽ ആകെ 122 എണ്ണം പീഡിയാട്രിക് വെന്റിലേറ്ററുകളുണ്ട്. ഇതിൽ 79 എണ്ണം Invasive ആണ്. പീഡിയാട്രിക് കോവിഡ് കേസുകൾ കൂടുന്ന സാഹചര്യം ഉണ്ടായാൽ എല്ലാ മെഡിക്കൽ കോളേജിലും ആവശ്യാനുസരണം പീഡിയാട്രിക് വെന്റിലേറ്ററുകൾ വർദ്ധിപ്പിക്കുന്നതിനുള്ള Paediatric Surge Action Plan തയ്യാറാക്കിയിട്ടുണ്ട്. എല്ലാ ആരോഗ്യ പ്രവർത്തകർക്കുമുള്ള തുടർ പരിശീലനം നിരന്തരം നൽകിവരുന്നു. കൂടാതെ, താലൂക്ക്/ജില്ലാ ആശുപത്രികൾ, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ഹൈ ഡിപ്പന്റൻസി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

**സർക്കാർ ആശുപത്രികളിൽ ഹൗസ് സർജൻസി ചെയ്യുന്നതിന് ഫീസ്**

155 (155) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ കോളേജുകളിലും വിദേശ മെഡിക്കൽ കോളേജുകളിലും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ ഹൗസ് സർജൻസി ചെയ്യുന്നതിന് ഫീസ് ഈടാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സ്വകാര്യ മെഡിക്കൽ കോളേജുകളിലും വിദേശ മെഡിക്കൽ കോളേജുകളിലും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ ഹൗസ് സർജൻസി ചെയ്യുന്നതിന് 16-10-2020-ലെ ജി.ഒ(ആർ.റ്റി)നം.1903/2020/ആ.കു.വ നമ്പർ ഉത്തരവുപ്രകാരം ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇങ്ങനെ സർക്കാർ ഇതര മെഡിക്കൽ കോളേജുകളിൽ പഠിച്ച് സർക്കാർ ആശുപത്രികളിൽ ഹൗസ് സർജൻസി ചെയ്യുന്ന കുട്ടികൾ കോവിഡ് ഡ്യൂട്ടിയാണ് ചെയ്യുന്നതെന്ന കാര്യവും നിലവിലെ സ്ഥിതിയും പരിഗണിച്ച് ഇവരിൽനിന്നും ഈടാക്കുന്ന ഫീസ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ്**

156 (156) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഓരോ നിയമസഭാമണ്ഡലത്തിലേയും ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ 140 നിയമസഭാമണ്ഡലങ്ങളിൽ ഒരു ഐസൊലേഷൻ വാർഡ് വീതം സ്ഥാപിക്കുന്നതിന് 26-7-2021-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. 2400 ചതുരശ്ര അടി വിസ്തീർണ്ണത്തിൽ 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഐസൊലേഷൻ വാർഡ് ഏത് തരത്തിൽ സജ്ജീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഐസൊലേഷൻ വാർഡിനുവേണ്ട മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ സൗകര്യങ്ങളോടുംകൂടി 2400 ചതുരശ്ര അടി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിസ്തീർണ്ണത്തിൽ 10 കിടക്കകളുള്ള പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ചർ ഉപയോഗിച്ചുള്ള ഐസൊലേഷൻ വാർഡാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(സി) കോവിഡിന്റെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ച എം.എൽ.എ. ആസ്തി വികസന ഫണ്ട് ഐസോലേഷൻ വാർഡ് സ്ഥാപിക്കുന്നതിനാണോ വിനിയോഗിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നുള്ള തുകയും വിനിയോഗിക്കുന്നതാണ്.

## ബ്ലോക്ക് ലെവൽ ഫാമിലി ഹെൽത്ത് സെന്റർ

157 (157) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബ്ലോക്ക് ലെവൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ബ്ലോക്ക് ലെവൽ ഫാമിലി ഹെൽത്ത് സെന്ററുകളായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഇറങ്ങിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു*.

(ബി) ഇപ്രകാരം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്നത്; വിശദീകരിക്കാമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള പുതിയ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശം നൽകാമോ?

(ബി&സി) ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതി പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന വിവരങ്ങൾ സംബന്ധിച്ചുള്ള വിവരവും പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ചിട്ടുള്ള പുതിയ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശവും അനുബന്ധം II ആയി ചേർക്കുന്നു*.

## കുടുംബാരോഗ്യ കേന്ദ്രങ്ങൾ

158 (158) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്രയെണ്ണം ഇതേവരെ പൂർത്തീകരിച്ചിട്ടുണ്ട്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർദ്രം പദ്ധതിപ്രകാരം ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയവ

1. തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ-170
2. നിർമ്മാണം പൂർത്തിയായി പ്രവർത്തിക്കുന്നത് - 166
3. അടിസ്ഥാനസൗകര്യങ്ങളുടെ കുറവും നിർമ്മാണത്തിനുള്ള ഭൂമിയുടെ ലഭ്യതക്കുറവുംമൂലം പണി പൂർത്തീകരിക്കാനുള്ളത് - 4
4. രണ്ടാംഘട്ടം കുടുംബാരോഗ്യ കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ -504
5. ഭരണാനുമതി നൽകിയത് - 445
6. പൂർത്തീകരിച്ചത് - 329
7. പ്രവർത്തികൾ നടന്നുവരുന്നത് -61
8. മൂന്നാം ഘട്ടം കുടുംബാരോഗ്യ കേന്ദ്രങ്ങൾ തെരഞ്ഞെടുത്ത സ്ഥാപനങ്ങൾ -212
9. പണി പൂർത്തീകരിച്ചത് -6
10. നിർമ്മാണം പുരോഗമിക്കുന്നത് -9

മറ്റുള്ളവയുടെ ഡീറ്റെയിൽഡ് പ്രോജക്റ്റ് തയ്യാറാക്കുന്ന പ്രവർത്തനങ്ങളും ഭരണാനുമതി നൽകാനുള്ള നടപടികളും നടന്നുവരുന്നു.

(ബി) അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

അവശേഷിക്കുന്നവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നിർമ്മാണ ഏജൻസികൾക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

### എരുമേലി സി.എച്ച്.സി.-യുടെ പരിധി വികസിപ്പിക്കൽ

159 (159) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങൾ മറ്റൊരു പഞ്ചായത്തായ മണിമല കരിക്കാട്ടൂർ എഫ്.എച്ച്.സി.-യുടെ കീഴിലായതിനാൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾക്ക് അസൗകര്യം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോട്ടയം ജില്ലയിലെ മണിമല ഗ്രാമപഞ്ചായത്തിന് കീഴിൽ രണ്ട് ആരോഗ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പി.എച്ച്.സി. മണിമലയും പി.എച്ച്.സി കരിക്കാട്ടൂരും. ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മണിമല പി.എച്ച്.സി-യെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തി ടി സ്ഥാപനത്തിന് ഡോക്ടർ -1, സ്റ്റാഫ് നഴ്സ്- 2, ലാബ് ടെക്നീഷ്യൻ -1, ഫാർമസിസ്റ്റ് -1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പി.എച്ച്.സി കരിക്കാട്ടൂരിനെ ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ആരോഗ്യ കാര്യങ്ങൾ സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്നതിലേയ്ക്കാണ് ഈ രണ്ട് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. മണിമല പഞ്ചായത്തിലെ 6 വാർഡും എരുമേലി പഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകളും കരിക്കാട്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിന്റെ നിയന്ത്രണത്തിലാണ്. ജനങ്ങളുടെ സേവനത്തിനായും സാമൂഹികാരോഗ്യ പ്രവർത്തനങ്ങൾക്കായും 2 ജെ.എച്ച്.ഐ.-മാരുടെയും 3 ജെ.പി.എച്ച്.എൻ.-മാരുടെയും സേവനം നൽകി വരുന്നു. എരുമേലി പഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകളിലായി 6020 ജനസംഖ്യയാണ് നിലവിലുള്ളത്. ടി ജനങ്ങളുടെ സേവനത്തിനായി ചേനപ്പാടി സബ് സെന്റർ പ്രവർത്തിക്കുന്നു. ടി സബ് സെന്ററിൽനിന്നും എല്ലാവിധ സേവനങ്ങളും ജനങ്ങൾക്ക് ലഭ്യമാക്കുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ടെസ്റ്റിംഗ്, ഐസോലേഷൻ, വാക്സിനേഷൻ എന്നിവ കാര്യക്ഷമമായി നൽകുന്നതിന് ഈ സബ്സെന്റർ മുൻഗണന നൽകുന്നു. ജനങ്ങൾക്ക് അസൗകര്യങ്ങൾ നേരിടുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത് പരിഹരിക്കുന്നതിനായി എരുമേലി ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളും എരുമേലി സി.എച്ച്.സി.-യുടെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

എരുമേലി പഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകൾ സി.എച്ച്.സി. എരുമേലിയിൽനിന്നും 10 കി.മി. ദൂരത്ത് സ്ഥിതി ചെയ്യുന്നതിനാലാണ് ഈ വാർഡുകളുടെ ചുമതല സമീപ കുടുംബാരോഗ്യകേന്ദ്രമായ കരിക്കാട്ടൂരിന് നൽകിയിട്ടുള്ളത്. എരുമേലി പഞ്ചായത്തിലെ 1 മുതൽ 4 വരെയുള്ള വാർഡുകളുടെ നിയന്ത്രണമുള്ള സബ്സെന്റർ ചേനപ്പാടിയുടെ കീഴിലാണ് ചെറുവള്ളി എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. ടി എസ്റ്റേറ്റ് മേഖലയിലെ ലയങ്ങളിൽ ജനങ്ങൾ തിങ്ങി പാർക്കുകയും ചെയ്യുന്നുണ്ട്. ടി ജനങ്ങൾക്കാവശ്യമായ എല്ലാ സേവനങ്ങളും മെച്ചപ്പെട്ട രീതിയിൽ കരിക്കാട്ടൂർ കുടുംബാരോഗ്യ കേന്ദ്രം മുഖേന നൽകിവരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി വാക്സിനേഷൻ ഡ്രൈവും ടി എസ്റ്റേറ്റിൽ നൽകുന്നു. കരിക്കാട്ടൂർ കുടുംബാരോഗ്യകേന്ദ്രത്തിൽ നിന്നും 1 മുതൽ 4

വരെ വാർഡുകളുടെ ചുമതലയുള്ള സബ്സെന്റർ ചേനപ്പാടി എരുമേലി സി.എച്ച്.സി-യോട് കൂടി ചേർക്കുമ്പോൾ ടി സബ് സെന്ററിന്റെ ചുമതലയുള്ള ജീവനക്കാരെയും സി.എച്ച്.സി. എരുമേലിക്ക് വിട്ട് നൽകേണ്ടതായിട്ടുള്ള സാഹചര്യമുണ്ടാകും. നിലവിൽ കോവിഡ് പ്രതിരോധ പ്രവർത്തനവും വാക്സിനേഷനും മെച്ചപ്പെട്ട രീതിയിൽ സി.എച്ച്.സി. എരുമേലിയും കുടുംബാരോഗ്യകേന്ദ്രം കരിക്കാട്ടൂരും നടത്തപ്പെടുന്നതിനാൽ നിലവിലെ സ്ഥിതി തുടരുന്നതാണ്.

**ആലത്തൂർ താലൂക്കാശുപത്രി നവീകരണം**

160 (160) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കാശുപത്രി നവീകരിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ഒ.പി., കാഷ്വാലിറ്റി, രോഗ നിർണ്ണയ സംവിധാനങ്ങൾ എന്നിവയുടെ വികസനത്തിനായി സർക്കാർ 12.31 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഹൈറ്റ്സ് (HITES) തയ്യാറാക്കിയ വിശദ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ കിഫ്ബി 11.04 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി നിർദ്ദേശ പ്രകാരം വിശദ പദ്ധതി രേഖയുടെ ഡിസൈൻ റിവ്യൂ കിഫ്ബിയുടെ സാങ്കേതിക വിഭാഗം നടത്തിവരികയാണ്. ഇത് പൂർത്തിയായശേഷം പദ്ധതിയുടെ ടെണ്ടർ നടപടികളിലേയ്ക്ക് കടക്കുന്നതാണ്. നിലവിലെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത നവീകരണത്തിനായി അനുവദിക്കുന്ന ഫണ്ട് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

നവീകരണ പ്രവർത്തനങ്ങൾക്ക് 11.04 കോടിയുടെ സാമ്പത്തികാനുമതിയാണ് നൽകിയിട്ടുള്ളത്.

**ഗുരുവായൂർ മണ്ഡലത്തിലെ എൻ.എച്ച്.എം. പദ്ധതികൾ**

161 (161) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ചാവക്കാട് താലൂക്ക് ആസ്ഥാന ആശുപത്രിയുടെ ഒ.പി. നവീകരണവുമായി ബന്ധപ്പെട്ട് എൻ.എച്ച്.എം. മുഖേന 1.22 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2017-2018 സാമ്പത്തിക വർഷത്തിൽ അനുമതിയായിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

(ബി) എൻ.എച്ച്.എം. മുഖേന ഗുരുവായൂർ മണ്ഡലത്തിലെ വിവിധ ആശുപത്രികൾ, സബ്സെന്ററുകൾ എന്നിവിടങ്ങളിൽ നടത്തുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിലെ പൂന്നയൂർ, ഏങ്ങണ്ടിയൂർ, പൂക്കോട്, തൈക്കാട്, അണ്ടത്തോട്, ഒരുമനയൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. കൂടാതെ നഗര കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി പ്രകാരം ഗുരുവായൂർ എഫ്.എച്ച്.സി.-യുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ചേറ്റുവ, ഒരുമനയൂർ, നെന്മിനി, കടിക്കാട്, പൂക്കോട്, എടക്കഴിയൂർ എന്നീ സബ് സെന്ററുകളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയതിനുശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

(സി) ചാവക്കാട് താലൂക്കാശുപത്രിയുടെ മാസ്റ്റർ പ്ലാൻ പ്രകാരം ഏതെങ്കിലും പദ്ധതികൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇക്കാര്യത്തിനുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്.

## കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ ഡയാലിസിസ് സൗകര്യം

162 (162) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ വൃക്ക സംബന്ധമായ അസുഖങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡയാലിസിസ് സൗകര്യം കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കരുനാഗപ്പള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ 7 ഡയാലിസിസ് മെഷീനുകളോടുകൂടി ഒരു ഡയാലിസിസ് യൂണിറ്റാണ് പ്രവർത്തിക്കുന്നത്. ആയതിൽ ഒരു ഡയാലിസിസ് മെഷീൻ സ്റ്റാൻഡ് ബൈ ആണ്. ടി യൂണിറ്റിൽ ഒരു ദിവസം മൂന്ന് ഷിഫ്റ്റായി 18 ഡയാലിസിസ് നടത്തുന്നുണ്ട്. ആയതിൻ പ്രകാരം ടി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഒരു ഹെഡ് നഴ്സ്, മൂന്ന് സ്റ്റാഫ് നഴ്സ്, 6 ഡയാലിസിസ് ടെക്നീഷ്യന്മാർ എന്നിവരുടെ സേവനം

ലഭ്യമാക്കുന്നുണ്ട്. ഡയാലിസിസ് സൗകര്യം വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാനസൗകര്യ വികസനം**

163 (163) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സാമൂഹികാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നബാർഡ് - റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മുക്കം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണത്തിന് ഫണ്ട് നബാർഡ് റൂറൽ - ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

**പാനൂർ താലൂക്കാശുപത്രി**

164 (164) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാനൂർ താലൂക്കാശുപത്രിയിലെ സ്ഥല പരിമിതി കാരണം രോഗികളും ജീവനക്കാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ.?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാനൂർ താലൂക്കാശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി പദ്ധതി പ്രകാരം കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 24-12-2020 ലെ ജി.ഒ (ആർ.ടി) നം. 2387/2020/ആ.കു.വ. എന്ന ഉത്തരവുപ്രകാരം 93,20,49,289 രൂപയ്ക്ക് ഭരണാനുമതി നൽകുകയും WAPCOS എന്ന ഏജൻസിയെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾക്കായി കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്ക്, പാനൂർ വില്ലേജ് റീസർവ്വേ നമ്പർ 128/1,128/2 എ, 128/2 ബി-ൽപ്പെട്ട 78.70 ആർസ് ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 2-3-2020-ലെ സ.ഉ(സാ.ധാ) നം.469/2020 ആ.കു.വ. എന്ന ഉത്തരവുപ്രകാരം ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതുപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന്

11-11-2020-ലെ കണ്ണൂർ ജില്ലാ കളക്ടറുടെ DCKNR/2753/2021/C1 നമ്പർ പ്രകാരം ഉത്തരവ് ആകുകയും ഏറ്റെടുക്കുന്ന ഭൂമിക്ക് ആർ ഒന്നിന് 6,56,757 രൂപ അടിസ്ഥാന വില നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ടി ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുകകൂടി കിഫ്ബി ഫണ്ടിൽനിന്നും ചെലവഴിക്കാൻ സർക്കാർ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഏറ്റെടുക്കേണ്ട ഭൂമിയുടെ ഉടമ ഭൂമി ഏറ്റെടുക്കൽ നടപടി ഉപേക്ഷിക്കണമെന്ന് അപേക്ഷിച്ച് ബഹു. ഹൈക്കോടതിയിൽ നിലവിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കേസ് നിലവിൽ ബഹു.കോടതിയുടെ പരിഗണനയിലാണ്.

(ബി) പാനൂർ താലൂക്കാശുപത്രിയിലേയ്ക്ക് സ്പെഷ്യൽ മെഡിക്കൽ ഓഫീസർമാരെ നിയമിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ മുഖാന്തരം ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

## തൃശ്ശൂർ ജനറൽ ഹോസ്പിറ്റൽ വികസനം

165 (165) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജനറൽ ഹോസ്പിറ്റലിലെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഡോക്ടർമാരുടെയും മറ്റു ജീവനക്കാരുടെയും ഒഴിവുകൾ നികത്താമോ?

സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ തൃശ്ശൂർ ജനറൽ ആശുപത്രിയിൽ തസ്തികകളൊന്നുംതന്നെ നിലവിലില്ല.

(ബി) തൃശ്ശൂർ ജനറൽ ഹോസ്പിറ്റലിൽ പി.ജി. കോഴ്സുകൾ (DIP) ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ബോർഡ് നിഷ്കർഷിച്ച യോഗ്യതയുള്ള ഫാക്വൽറ്റീസ് (മെഡിക്കൽ ഓഫീസർമാർ) ഇല്ലാത്തതിനാൽ ഈ കോഴ്സിന് അപേക്ഷ സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(സി) വിദൂര സ്ഥലങ്ങളിൽനിന്നും ജോലിക്കുവരുന്ന ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഇതുസംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

## കോഴിക്കോട് ത്വക്ക് രോഗാശുപത്രിയുടെ വികസനം

166 (166) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ത്വക്ക് രോഗാശുപത്രിയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇവിടെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഡെർമെറ്റോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിലെ ആശുപത്രി വികസനത്തിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-സി) കോഴിക്കോട് ത്വക്ക് രോഗാശുപത്രിയുടെ വികസനത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ ടി വിഷയം സർക്കാർ പരിഗണനയിലില്ല.

## കല്ലാംകുഴിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സെന്റർ

167 (167) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഗ്രാമ പഞ്ചായത്തിൽ 15-ാം വാർഡ് കല്ലാംകുഴിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സബ് സെന്ററിന്റെ പ്രവർത്തനം, കഴിഞ്ഞ ആറ് മാസമായി ഡോക്ടറോ മറ്റ് ആരോഗ്യ സംവിധാനങ്ങളോ ഇല്ലാത്തതുകാരണം മുടങ്ങിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്ററിലേയ്ക്ക് ഡോക്ടറുടെയും നഴ്സുമാരുടെയും സേവനം മുടക്കമില്ലാതെ ലഭ്യമാക്കുന്നതിനും ആവശ്യമായ മരുന്നുകൾ അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കോങ്ങാട് നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിലെ കല്ലാംകുഴി, തൃക്കള്ളൂർ സബ് സെന്ററിന്റെ ചുമതലയുണ്ടായിരുന്ന ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് 1-3-2021-ന് സ്ഥലം മാറി പോയതിനാൽ ടി തസ്തിക ഒഴിഞ്ഞ് കിടന്നിരുന്നു. എങ്കിലും പ്രതിമാസം നടത്തിവന്നിരുന്ന പ്രതിരോധ കുത്തിവയ്പുകൾ ഡോക്ടറുടെ നേതൃത്വത്തിൽ കല്ലാംകുഴി, തൃക്കള്ളൂർ സബ് സെന്ററിലും നടത്തിവരുന്നുണ്ട്. നിലവിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ കല്ലാംകുഴി സബ്സെന്ററിലേയ്ക്ക് ജൂനിയർ പബ്ലിക്

ഹെൽത്ത് നഴ്സിനെ നിയമിക്കുകയും 12-8-2021-ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഡോക്ടറുടെ അഭാവത്തിൽ നൽകാൻ കഴിയുന്ന അത്യാവശ്യം മരുന്നുകളുടെ ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

**കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നവീകരണം**

168 (168) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

സർക്കാരിന്റെ ആർദ്രം മിഷൻ മൂന്നാം ഘട്ടത്തിൽ കക്കയം പ്രാഥമികാരോഗ്യ കേന്ദ്രത്തെ 22-10-2020-ലെ സ.ഉ. (ആർ.ടി) നം. 1947 /2020/ ആകുവ., പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിൽ സ്ഥാപനത്തിന് സ്വന്തമായി സ്ഥലമോ, ഭൂമിയോ ഇല്ല. കെ.എസ്.ഇ.ബി.-യുടെ കൈവശമുള്ള സ്ഥലത്തും കെട്ടിടത്തിലുമാണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. സ്വന്തമായി സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണം അടക്കമുള്ള വികസന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമിവിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന് ആരോഗ്യവകുപ്പ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഭൂമിയാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമി വിട്ടുകിട്ടുന്നതിനുള്ള അപേക്ഷ ഇലക്ട്രിസിറ്റി ബോർഡിന് ആരോഗ്യ വകുപ്പ് നൽകിയിട്ടുണ്ട്. കക്കയം പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതിചെയ്യുന്ന ഒരു ഏക്കറോളം വരുന്ന സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ഇതുവരെ ഭൂമി സ്വന്തമായി ലഭ്യമായിട്ടില്ല.

(സി) അമ്പലക്കുന്ന് ആദിവാസി മേഖലയിലുള്ളവർക്ക് ആശ്രയിക്കാൻ കഴിയുന്ന ഏക ആരോഗ്യ കേന്ദ്രമായ കക്കയം കുടുംബാരോഗ്യ കേന്ദ്രം നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കക്കയം പ്രാഥമികാരോഗ്യ കേന്ദ്രത്തെ സർക്കാരിന്റെ ആർദ്രം മിഷൻ പദ്ധതിയിൽ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ, രോഗീ സൗഹൃദ അന്തരീക്ഷം എന്നിവ വർദ്ധിപ്പിച്ച് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുണ്ട്. സ്വന്തമായി ഭൂമി ലഭ്യമാകുന്നമുറയ്ക്ക് ആർദ്രം പദ്ധതി വിഭാവനം ചെയ്യുന്നരീതിയിൽ സ്ഥാപനത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കുന്നംകുളം മണ്ഡലത്തിലെ ആശുപത്രികളിലെ ഒഴിവുകൾ**

169(169) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടേയും പാരാമെഡിക്കൽ സ്റ്റാഫുകളുടേയും നിരവധി ഒഴിവുകൾ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുന്നംകുളം മണ്ഡലത്തിൻ കീഴിലുള്ള സർക്കാർ ആശുപത്രികളായ ചൊവ്വന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഫാർമസിസ്റ്റ് തസ്തികയിലും ആർത്താറ്റിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ലാബ് ടെക്നീഷ്യൻ തസ്തികയിലും കുന്നംകുളം താലൂക്ക് ആശുപത്രിയിൽ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിലും ഓരോ ഒഴിവുകളുണ്ട്.

(ബി) എങ്കിൽ ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ?

കൺസൾട്ടന്റ് തസ്തിക ഒഴികെയുള്ള തസ്തികകളിലെ ഒഴിവുകളെല്ലാം തന്നെ യഥാസമയം പി.എസ്.സി.-യെ അറിയിച്ചിട്ടുള്ളതാണ്. വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റി (ഡി.പി.സി) കൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് കൺസൾട്ടന്റ് തസ്തതികയിലെ ഒഴിവ് നികത്തുന്നതാണ്.

**ആലത്തൂർ താലൂക്കാശുപത്രിയിലെ ഡയാലിസിസ് സെന്റർ**

170 (170) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കാശുപത്രിയിലെ ഡയാലിസിസ് സെന്റർ രോഗികൾക്കായി തുറന്നുകൊടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡയാലിസിസ് സെന്റർ രോഗികൾക്ക് എന്ന് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആലത്തൂർ താലൂക്കാശുപത്രിയിലെ ഡയാലിസിസ് കേന്ദ്രത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ ടി ഡയാലിസിസ് യൂണിറ്റിനുവേണ്ട ജീവനക്കാരുടെ തെരഞ്ഞെടുപ്പും പരിശീലനവും പൂർത്തീകരിച്ചിട്ടുണ്ട്. ഡയാലിസിസ് നടത്തുന്നതിനാവശ്യമായ റീ ഏജന്റും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ബ്ലോക്ക് പഞ്ചായത്ത് പദ്ധതി വകയിരുത്തിയിട്ടുണ്ട്. കൂടാതെ അനുബന്ധ ഉപകരണങ്ങൾ, ജനറേറ്റർ എന്നിവ

വിതരണം ചെയ്യുന്നതിനായി കെ.എം.എസ്.സി.എൽ.-നും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## ടൈപ്പ് 'ഡി' ആംബുലൻസിൽ സുരക്ഷാ ഉപകരണം സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

171 (171) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കാശുപത്രിയിലേയ്ക്കായി പുതുതായി വാങ്ങിയ ടൈപ്പ്-ഡി ആംബുലൻസിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവിൽ ഉപകരണങ്ങൾക്കും തുകയ്ക്കും ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടായിരിക്കണമെന്ന് ആവശ്യപ്പെടുന്നതിന് അടിസ്ഥാനമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുന്ന ഫയൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നടപ്പുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കൊയിലാണ്ടി താലൂക്കാശുപത്രിയിലേയ്ക്കായി പുതുതായി വാങ്ങിയ ടൈപ്പ്-ഡി ആംബുലൻസിൽ ജീവൻരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായുള്ള ഭരണാനുമതി ഉത്തരവിൽ ഉപകരണങ്ങൾക്കും തുകയ്ക്കും ആരോഗ്യ വകുപ്പ് നിഷ്കർഷിക്കുന്ന സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടായിരിക്കണമെന്ന് പരാമർശിച്ചിട്ടുള്ളതിനാൽ ആയത് ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ ആശുപത്രികൾക്കാവശ്യമായ ഉപകരണങ്ങളുടെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. കെ.എം.എസ്.സി.എൽ.-ൽ ആരോഗ്യ വകുപ്പിലെ വിദഗ്ധ ഡോക്ടർമാരുൾപ്പെടുന്ന സമിതിയാണ് Technical Specification തയ്യാറാക്കുന്നത്. ആയതിനാൽ മേൽ പദ്ധതി പ്രകാരം ആവശ്യപ്പെട്ട ഉപകരണങ്ങളുടെ Specification, estimated rate മുതലായവ ലഭ്യമാക്കുവാൻ കെ.എം.എസ്.സി.എൽ.-നോട് ആവശ്യപ്പെടുകയും അവിടുന്ന് ലഭ്യമായ സ്പെസിഫിക്കേഷനും റേറ്റും പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ മെഡിക്കൽ ഓഫീസിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ആയത് വിദഗ്ധ സമിതി പരിശോധിച്ച് അടിയന്തരമായി അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഉപകരണങ്ങൾ വാങ്ങാനുള്ള എസ്റ്റിമേറ്റിന് അംഗീകാരം നൽകുക, പുതിയ സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ ഉണ്ടെങ്കിൽ ആയത് നിർദ്ദേശിക്കുക തുടങ്ങിയ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിന് കഴിഞ്ഞ പത്ത് മാസത്തിലധികമായി കാലതാമസമുണ്ടായതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) മേൽ പദ്ധതി നടപ്പിലാക്കാൻ ഏതെങ്കിലും തരത്തിലുള്ള വിഘാതം നിലനിൽക്കുന്നുവെങ്കിൽ ആയതെന്തെന്ന് വിശദമാക്കാമോ;

(ഡി) മറ്റ് തടസ്സങ്ങളില്ല എങ്കിൽ പർച്ചേസ് നിയമങ്ങൾ പാലിച്ച് ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങി ഫിറ്റ് ചെയ്ത് പദ്ധതി നടപ്പിലാക്കാൻ എത്ര സമയംകൂടി വേണ്ടിവരുമെന്ന് വിശദമാക്കാമോ?

(ബി-ഡി) ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും മറുപടി ലഭിക്കുവാനുണ്ടായ കാലതാമസം മാത്രമേ നേരിട്ടിട്ടുള്ളൂ. പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## റാന്നി മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ പദ്ധതികൾ

172 (172) ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിലുള്ള വിവിധ സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളും അതിനായി വകയിരുത്തിയ തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും പട്ടികയായി വിശദമാക്കാമോ?

റാന്നി മണ്ഡലത്തിലുള്ള വിവിധ സർക്കാർ ആശുപത്രികളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പട്ടിക രൂപത്തിൽ അനുബന്ധം -1 ആയി ചേർക്കുന്നു*.

(ബി) റാന്നി മണ്ഡലത്തിലുള്ള വിവിധ സർക്കാർ ആശുപത്രികളിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും അതിനായി വകയിരുത്തിയിരിക്കുന്ന തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും പട്ടികയായി വിശദമാക്കാമോ?

വിശദാംശം അനുബന്ധം- 2 ആയി ചേർക്കുന്നു*.

## വർക്കല താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണം

173 (173) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണ പ്രവൃത്തികൾക്ക് പൊതുമരാമത്ത് വകുപ്പ് നൽകിയിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

വർക്കല താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിലിരിക്കുന്ന പുതിയ കെട്ടിടത്തിന്റെ വൈദ്യുതീകരണം ഉൾപ്പെടെ 1,59,00,000 (ഒരു കോടി അൻപത്തി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒൻപത് ലക്ഷം രൂപ) രൂപയുടെ ഫണ്ടിനായുള്ള പൊതുമരാമത്ത് വകുപ്പ് (വൈദ്യുതി വിഭാഗം) തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്സിന്റെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നുണ്ട്.

**കുണ്ടറ നിയോജകമണ്ഡലത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

174 (174) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർതലത്തിൽ നടപ്പിലാക്കുന്ന നവീകരണ പദ്ധതികളെന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കുണ്ടറ നിയോജക മണ്ഡലത്തിലെ പ്രധാന കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളും മറ്റ് നവീകരണ പദ്ധതികളും ചുവടെ കൊടുക്കുന്നു.

1. കുണ്ടറ നിയോജക മണ്ഡലത്തിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രം/ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ആർടിപിസിആർ പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
2. കുണ്ടറ താലൂക്ക് ആശുപത്രിയിൽ ട്രെയിനിംഗ് നൽകുകയും രോഗികളെ കിടത്തി ചികിത്സിക്കുകയും ചെയ്യുന്നുണ്ട്.
3. ഹോംകെയർ, ഡി.സി.സി സംവിധാനങ്ങൾ നിലവിലുണ്ട്.
4. രോഗികളെ ഷിഫ്റ്റ് ചെയ്യുന്നതിന് കോവിഡ് ആംബുലൻസ് സംവിധാനം ഉണ്ട്.
5. കോവിഡ് പ്രതിരോധത്തെക്കുറിച്ച് ജനങ്ങളിൽ അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. (ഫീൽഡ് വാക്സിനേഷൻ)
6. മാതൃകവചം, പാലിയേറ്റീവ് പദ്ധതികൾ വഴി വാക്സിനേഷൻ നൽകിവരുന്നു.
7. ഇ-സഞ്ജീവനി പദ്ധതി വഴിയും ടെലി കൺസൾട്ടേഷൻ വഴിയും സേവനങ്ങൾ നൽകുന്നു.
8. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായും മറ്റ് പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ മുന്നൊരുക്കത്തിന്റെ ഭാഗമായും സംസ്ഥാനത്തെ ഓരോ നിയോജകമണ്ഡലത്തിലും 10 കിടക്കകളോടുകൂടിയ ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന പദ്ധതിയിൽ കുണ്ടറ നിയോജകമണ്ഡലത്തിലെ നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രത്തെ തെരഞ്ഞെടുത്തിട്ടുണ്ട്.

9. വാക്സിനേഷൻ പ്രവർത്തനങ്ങൾ

- പ്രാഥമികാരോഗ്യകേന്ദ്രം കൊറ്റങ്കരയിൽ ദിവസേന വാക്സിനേഷൻ സെഷൻ നടത്തുന്നുണ്ട്. പാലിയേറ്റീവ് അവശതകളുള്ള രോഗികൾ മുതലായവർക്ക് വീട്ടിൽപ്പോയി വാക്സിനേഷൻ നൽകിവരുന്നു. ആദ്യഡോസ് 17672. രണ്ടാം ഡോസ് 7680 (കോവിൻ പോർട്ടൽ ഡേറ്റ) കൊറ്റങ്കര പ്രാഥമികാരോഗ്യ കേന്ദ്ര വാക്സിനേഷൻ സെന്ററിൽനിന്നും നൽകിയിട്ടുണ്ട്.

- പ്രാഥമികാരോഗ്യകേന്ദ്രം ഇളമ്പള്ളൂരിൽ 6 വാക്സിനേഷൻ മെഗാക്യാമ്പ് സംഘടിപ്പിച്ചു. ആദ്യഡോസ് 17150. രണ്ടാം ഡോസ് 7608 (കോവിൻ പോർട്ടൽ ഡേറ്റ). ഇളമ്പള്ളൂർ കുടുംബാരോഗ്യ കേന്ദ്ര വാക്സിനേഷൻ സെന്റർ വഴി നൽകി.

- പ്രാഥമികാരോഗ്യ കേന്ദ്രം പേരയം - സബ് സെന്റർ ഉൾപ്പെടെയുള്ള വിവിധ സെന്ററുകൾ വഴി കോവിഡ് വാക്സിനേഷൻ നൽകിവരുന്നു. ആദ്യഡോസ് 11917. രണ്ടാം ഡോസ് 5329 (കോവിൻ പോർട്ടൽ ഡേറ്റ). പേരയം പ്രാഥമികാരോഗ്യ കേന്ദ്രം വഴി വാക്സിനേഷൻ നൽകി. ആകെ 5274 സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കി.

- പ്രാഥമികാരോഗ്യകേന്ദ്രം പെരിനാട് - ആദ്യഡോസ് 19691. രണ്ടാം ഡോസ് 9712 (കോവിൻ പോർട്ടൽ ഡേറ്റ). പെരിനാട് പ്രാഥമികാരോഗ്യ കേന്ദ്രം വാക്സിനേഷൻ സെന്ററുകൾ വഴി നൽകി. രണ്ട് സെന്ററുകളിലായാണ് വാക്സിനേഷൻ നടക്കുന്നത്.

- താലൂക്കാശുപത്രി കുണ്ടറ – ആദ്യ ഡോസ് 16981 രണ്ടാം ഡോസ് 8564 (കോവിൻ പോർട്ടൽ ഡേറ്റ) കുണ്ടറ താലൂക്കാശുപത്രി വാക്സിനേഷൻ സെന്റർ വഴി നൽകി. ആറു സെന്ററുകളിലായാണ് വാക്സിനേഷൻ സംഘടിപ്പിച്ചത്.

- പ്രാഥമികാരോഗ്യ കേന്ദ്രം തൃക്കോവിൽവട്ടം - 15 മെഗാക്യാമ്പുകൾ സംഘടിപ്പിച്ചു. ആദ്യഡോസ് 25186 രണ്ടാം ഡോസ് 9907 (കോവിൻ പോർട്ടൽ ഡേറ്റ). തൃക്കോവിൽവട്ടം പ്രാഥമികാരോഗ്യ കേന്ദ്രം വാക്സിനേഷൻ സെന്റർ വഴി നൽകി.

- സാമൂഹികാരോഗ്യ കേന്ദ്രം നെടുമ്പന – നെടുമ്പനയിൽ 7 മെഗാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ആദ്യഡോസ് 21686 രണ്ടാം ഡോസ് 9049 (കോവിൻപോർട്ടൽ ഡേറ്റ) നെടുമ്പന സാമൂഹികാരോഗ്യ കേന്ദ്രം വാക്സിനേഷൻ സെന്റർ വഴി നൽകി.

## വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

175 (175) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്റെ നിലവിലെ സ്ഥിതിയും തുടർനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

20-3-2020-ലെ സ.ഉ(സാധാ)നം.619/2020/ആ.കു.വ. പ്രകാരം വിളപ്പിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തി 37.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് നിർമ്മാണ ചുമതല നൽകുകയും ഡി.പി.ആർ. തയ്യാറാക്കിവരികയും ചെയ്യുന്നു.

## തുറവൂർ താലൂക്കാശുപത്രി

176 (176) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്കാശുപത്രി താലൂക്കാശുപത്രിയായി ഉയർത്തിയിട്ടും താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ അനുവദിച്ചിട്ടില്ല എന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആർദ്രം മാനദണ്ഡപ്രകാരം ആരോഗ്യ സ്ഥാപനങ്ങളുടെ പദവി ഉയർത്തുന്നതിലുപരി അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാണ് ആരോഗ്യ വകുപ്പ് പ്രാമുഖ്യം നൽകുന്നത്. ഇതുപ്രകാരം ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്കുതല ആശുപത്രിയായും വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. തുറവൂർ താലൂക്കാശുപത്രി ചേർത്തല താലൂക്കിലാണ് ഉൾപ്പെടുന്നത്. ചേർത്തല താലൂക്കാശുപത്രിയാണ് താലൂക്കുതല ആശുപത്രിയായി തെരഞ്ഞെടുത്തിരിക്കുന്നത്. തുറവൂർ താലൂക്കാശുപത്രിയാക്കി ഉയർത്തിയതിനുശേഷം ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

1. Consultant - 1, GO (MS) No.655/2010/H&FWD dated 30-10-2010
2. Junior Consultant - 2

3. Head Nurse - 1
4. Staff Nurse - 4
5. Nursing Assistant - 1
6. Hospital Attendant Gr.II - 1
7. Dental Asst. Surgeon – 1, GO(MS) No.06/2016/H&FWD dated 7-1-2016
8. Dental Hygienist - 1
9. Casualty Medical Officer – 4, GO(MS) No. 170/2016/H&FWD dated 17-8-2016
10. Lab Technician – 1, GO(MS)No.192/2016/H&FWD dated 7-10-2016
11. LD Clerk – 1, GO(MS)No.168/2021/H&FWD dated 22-9-2021
12. Staff Nurse - 2.

(ബി) ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി താല്ക്കാലികമായി എൻ.ആർ.എച്ച്.എം. വഴി ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി എൻ.എച്ച്.എം. വഴി 1 പി.ആർ.ഒ, 1 ഫാർമസിസ്റ്റ്, 2 സ്റ്റാഫ് നഴ്സ് (പാലിയേറ്റീവ് കെയർ), 1 ഫിസിയോ തെറാപ്പിസ്റ്റ് (പാലിയേറ്റീവ് കെയർ), 2 ആർ.ബി.എസ്.കെ. നഴ്സ്, 1 ലാബ് ടെക്നീഷ്യൻ, 1 സ്റ്റാഫ് നേഴ്സ് ബോണ്ടഡ് എന്നിവരെ നിയമിച്ചിട്ടുണ്ട്.

(സി) നിലവിൽ എത്ര എൻ.ആർ.എച്ച്.എം. ജീവനക്കാരെയാണ് അരൂർ മണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ?

എൻ.എച്ച്.എം. വഴി താഴെപ്പറയുന്ന ജീവനക്കാരെ അരൂർ മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ നിയമിച്ചിട്ടുണ്ട്.

| ക്രമ നം. | തസ്തിക | എണ്ണം |
|---|---|---|
| 1 | മെഡിക്കൽ ഓഫീസർ | 5 |
| 2 | ഡെന്റൽ സർജൻ | 1 |
| 3 | പി.ആർ.ഒ | 1 |
| 4 | സ്റ്റാഫ് നഴ്സ് | 27 |
| 5 | ആർ.ബി.എസ്.കെ നഴ്സ്/ജെ.പി.എച്ച്.എൻ | 8 |
| 6 | ഫാർമസിസ്റ്റ് | 1 |
| 7 | ലാബ് ടെക്നീഷ്യൻ | 2 |
| 8 | ഫിസിയോതെറാപ്പിസ്റ്റ് | 2 |
| 9 | ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 1 |
| **ആകെ** | | **48** |

**മാവേലിക്കര ജില്ലാ ആശുപത്രിക്ക് ഡോക്ടർ**

177 (177) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിലെ രണ്ട് ഫിസിഷ്യന്മാരിൽ ഒരാൾ വർക്കിംഗ് അറേഞ്ച്മെന്റിൽ പത്തനംതിട്ട കാത്ത് ലാബിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാരണത്താൽ മാവേലിക്കരയിൽ ഫിസിഷ്യന്റെ സേവനം വേണ്ടവിധം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഡോക്ടറെ മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലനിർത്തുകയോ പകരം മറ്റൊരു ഡോക്ടറെ നിയമിക്കുകയോ ചെയ്യണം എന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ-സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ നിലവിൽ ഒരു ഫിസിഷ്യന്റെ സേവനം ലഭ്യമാണ്. ടി ആശുപത്രിയിൽനിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിയമിച്ചിട്ടുള്ള ഡോക്ടർ കാർഡിയോളജിയിൽ അധിക യോഗ്യതയുള്ള ആളാണ്. ശബരിമല ഉൾപ്പെടെ

വളരെയേറെ തിരക്ക് അനുഭവപ്പെടുന്ന സ്ഥലമായതിനാൽ പൊതുതാത്പര്യം പരിഗണിച്ച് കാത്ത് ലാബിന്റെ പ്രവർത്തനം കണക്കിലെടുത്താണ് ടി ഡോക്ടറെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളത്.

**ഞാറക്കൽ താലൂക്കാശുപത്രിയിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം**

178 (178) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ 26-7-2021-ലെ 1555/2021 നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയ വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറക്കൽ താലൂക്കാശുപത്രിയിൽ ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതെന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

(എ&ബി) ഞാറയ്ക്കൽ താലൂക്കാശുപത്രി ഉൾപ്പെടെ സംസ്ഥാനത്ത് 140 ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കുന്നതിന് നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്ക് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പദ്ധതിയിൽ ഐസൊലേഷൻ വാർഡിനുവേണ്ട മെഡിക്കൽ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അനുബന്ധ സൗകര്യങ്ങളോടുംകൂടിയ ഐസൊലേഷൻ വാർഡാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിനുള്ള താൽപ്പര്യപത്രം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് ക്ഷണിച്ചിട്ടുണ്ട്.

**പട്ടാമ്പി താലൂക്കാശുപത്രി വികസന പദ്ധതികൾ**

179 (179) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികൾ ആണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ; ഈ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള ഡയാലിസിസ് കെട്ടിടത്തിന്റെ പണി പൂർത്തിയായി. പ്ലമ്പിംഗ് ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിക്കുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ചുള്ള Out Patient Unit, Casualty Block, Diagnostics Building എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പട്ടാമ്പി താലൂക്കാശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

പട്ടാമ്പി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് കിഫ്ബിവഴി നടപ്പിലാക്കുന്ന പദ്ധതിക്ക് 13.27 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബി 9.9 കോടി രൂപയുടെ സാമ്പത്തിക അനുമതിയും നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് വളരെയധികം കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട അനുമതികൾ ലഭ്യമാക്കുന്നതിന് താമസം നേരിടുന്നുണ്ട്. റെയിൽവേയുടെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രമേ പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ കഴിയൂ. റെയിൽവേയുടെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

**കുന്നത്തുനാട് മണ്ഡലത്തിലെ പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണം**

180(180) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഏതൊക്കെ പൊതുജനാരോഗ്യകേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണത്തിനാണ് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മാണത്തിന് ചുമതലപ്പെടുത്തിയ ഏജൻസികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പുളിങ്കുന്ന് സർക്കാർ ആശുപത്രി നവീകരണം**

181 (181) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഏറ്റവും കൂടുതൽ ആളുകൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന പുളിങ്കുന്ന് സർക്കാർ ആശുപത്രി നവീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

15-8-2019-ലെ ജി.ഒ (ആർ.ടി) നം. 2000/2019/എച്ച് &എഫ്. ഡബ്ല്യൂ.ഡി, ഉത്തരവുപ്രകാരം പുളിങ്കുന്ന് താലൂക്ക് ആസ്ഥാന ആശുപത്രി വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഹുനില കെട്ടിടം, അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ എന്നിവയ്ക്കായി 144.06 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നവീകരണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

പുതിയ ബഹുനില കെട്ടിടം പണികഴിപ്പിക്കുന്ന നിർമ്മാണ സ്ഥലത്തെ അടിയന്തരമായി നിലനിർത്തേണ്ടവ ഒഴിവാക്കി ബാക്കിയുള്ള കെട്ടിടങ്ങൾ പൊളിച്ചുനീക്കി സൈറ്റ് ബന്ധപ്പെട്ട എസ്.പി.വി. ആയ M/s. Inkel Limited-ന് കൈമാറുന്നതിന് തയ്യാറായിവരുന്നു. ടി ആശുപത്രി സ്ഥിതി ചെയ്യുന്ന സ്ഥലം (സർവ്വേ നം.223/3-ൽപ്പെട്ട 68.73 ആർ) പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന പള്ളിയുടെ പേരിലാണ്. ഈ ഭൂമി ആശുപത്രിയുടെ പേരിലേയ്ക്ക് മാറ്റാൻ ബന്ധപ്പെട്ട പള്ളി അധികൃതർ നൽകിയ സമ്മതപത്രം പ്രകാരം തുടർനടപടികൾക്കായി ആർ.ഡി.ഒ-യ്ക്ക് നൽകിയിട്ടുണ്ട്.

(സി) പുളിങ്കുന്ന് സർക്കാർ ആശുപത്രിയിൽ ആധുനിക ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട ബഹുനില കെട്ടിടം പണി പൂർത്തിയാകുന്നമുറയ്ക്ക് ആധുനിക ചികിത്സാ സൗകര്യം ഏർപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ 73 സ്ഥിരം ജീവനക്കാർ, 30 താൽക്കാലിക ജീവനക്കാർ (HMC-3, NHM-26, RSBY-1) എന്നിങ്ങനെയാണ് ആശുപത്രി ജീവനക്കാർ. കൂടാതെ 22-09-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം.168/2021/ ആ.കു.വ. പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ സ്റ്റാഫ് നഴ്സ് - 1, ക്ലാർക്ക് - 1 എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

**കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാൻ സ്ഥാപിക്കൽ**

182 (182) <u>ശ്രീമതി യു പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം താലൂക്കാശുപത്രിയിൽ സി.ടി. സ്കാനർ, പവർ ലോൺട്രി എന്നിവ അനുവദിച്ചിട്ട് മാസങ്ങൾ ഏറെയായിട്ടും നാളിതുവരെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്താണെന്നും എന്നത്തേയ്ക്ക് ഇത് സ്ഥാപിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

വാർഷിക പദ്ധതി 2015-2016-ൽ ഉൾപ്പെടുത്തി കായംകുളം താലൂക്ക് ആശുപത്രിക്ക് സി.ടി. സ്കാനർ, പവർ ലോൺട്രി എന്നിവ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇവ സ്ഥാപിക്കുന്നതിനുവേണ്ട കെട്ടിടം പണി, ഇലക്ട്രിക്കൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. സി.ടി സ്കാനറും പവർ ലോൺട്രിയും പ്രവർത്തിക്കുന്നതിനാവശ്യമായ 250 KWA ട്രാൻസ്ഫോർമറും സബ്സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രവൃത്തി പൂർത്തിയാകുന്നമുറയ്ക്ക് സി.ടി സ്കാൻ യൂണിറ്റും പവർ ലോൺട്രിയും പ്രവർത്തന യോഗ്യമാകുന്നതാണ്.

**ഇരിക്കൂർ താലൂക്കാശുപത്രി വികസനം**

183 (183) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ ധനസഹായത്തോടെയുള്ള ഇരിക്കൂർ ഗവൺമെന്റ് ആശുപത്രി കെട്ടിടനിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആർക്കിടെക്ചറൽ ഡ്രോയിംഗ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രി കെട്ടിട നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഇരിക്കൂർ ഗവൺമെന്റ് ആശുപത്രി കെട്ടിടനിർമ്മാണത്തിനായി 11,30,00,000 രൂപയുടെ (11 കോടി 30 ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് സോയിൽ ടെസ്റ്റിംഗ് പൂർത്തിയാക്കുകയും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡിസൈനിംഗ് വർക്ക് നടത്തി വരികയുമാണ്. ഡിസൈനിംഗ് വർക്ക് പൂർത്തിയാക്കി മറ്റ് നടപടിക്രമം പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

**പാലക്കാട് എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണം**

184 (184) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കാമോ?

എലപ്പുള്ളി താലൂക്ക് ആസ്ഥാന ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിക്കായി മലമ്പുഴ നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി

വികസന പദ്ധതി (2018 -2019) ഫണ്ടിൽ നിന്നും 30 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണത്തിനായി പഴയ മെയിൽ വാർഡ് കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കെട്ടിടം പൊളിക്കുന്നതിനുള്ള ലേലം, പുനർ ലേലം, പത്ര പരസ്യം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രി വികസന സമിതി യോഗത്തിൽ ആശുപത്രിയിലെ പ്രവർത്തന യോഗ്യമല്ലാത്ത മറ്റു കെട്ടിടങ്ങളും പൊളിച്ചുമാറ്റി, എം.എൽ.എ. ഫണ്ടുപയോഗിച്ച് കൂടുതൽ സൗകര്യങ്ങളോടുകൂടിയ ബഹുനില കെട്ടിടം പണിയുവാൻ തീരുമാനിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ കെട്ടിടങ്ങളുടെ അൺഫിറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ ബ്ലോക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും ഇനി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

നിലവിൽ ജനറൽ ഒ.പി, സ്പെഷ്യാലിറ്റി ഒ.പി (ഗൈനക്കോളജി), പീഡിയാട്രിക്സ്, ഡെന്റൽ സൗകര്യങ്ങളുണ്ട്. ദിവസേനയുള്ള വാക്സിനേഷൻ, പ്രതിരോധ കുത്തിവെയ്പ്പ് എന്നിവ നടന്നുവരുന്നു. സായാഹ്ന ഒ.പി തുടങ്ങുന്നതിനായി എൻ.എച്ച്.എം. ഡോക്ടറുടെ സേവനം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഭാവിയിൽ പുതിയ കെട്ടിടം വരുന്ന മുറയ്ക്ക് ഐ.പി. സേവനങ്ങളും മറ്റ് ബന്ധപ്പെട്ട സേവനങ്ങളും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

## കുമ്മണ്ണൂർ ഡിസ്പെൻസറി

185 (185) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച് 22-1-2020-ൽ നൽകിയ ഹെൽത്ത് - എഫ്.ഡബ്ല്യൂ.1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ കോട്ടയം ഡി.എം.ഒ. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; റിപ്പോർട്ട് എന്നത്തേയ്ക്ക് സമർപ്പിക്കും എന്നറിയിക്കാമോ; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

(എ&ബി) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുമ്മണ്ണൂരിൽ ഡിസ്പെൻസറി ആരംഭിക്കുന്നതു സംബന്ധിച്ച് 22-1-2020-ൽ നൽകിയ ഹെൽത്ത്-എഫ്.ഡബ്ല്യു1/6/2020 നമ്പർ കത്തിന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ

30-9-2021-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

## പാലക്കാട് മരുതറോഡ് പി.എച്ച്.സി.-യിൽ കോവിഡ് ഐസൊലേഷൻ വാർഡ്

186 (186) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ മരുതറോഡ് പി.എച്ച്.സി.-യിൽ കോവിഡ് ഐസൊലേഷൻ വാർഡ് സ്ഥാപിക്കുവാൻ ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കാമോ; ആയതിന്റെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മലമ്പുഴ നിയോജക മണ്ഡലത്തിലെ മരുതറോഡ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിന് 26-7-2021-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. 10 കിടക്കകളുള്ള 140 ഐസൊലേഷൻ വാർഡുകൾക്കായി 236.3 കോടി രൂപയ്ക്കാണ് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്. പ്രീ എഞ്ചിനീയറിംഗ് സ്ട്രക്ചർ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്ഷണിച്ചിട്ടുള്ള ആർ.എഫ്.പി പ്രൊപ്പോസൽ ലഭിച്ചാൽ മാത്രമേ ഒരു ഐസൊലേഷൻ വാർഡിനുവേണ്ടി വരുന്ന കൃത്യമായ തുക കണക്കാക്കുവാൻ കഴിയുകയുള്ളൂ.

## നാദാപുരം താലൂക്കാശുപത്രി

187 (187) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്കാശുപത്രിയുടെ പുതിയ ബ്ലോക്കിലേയ്ക്ക് മെഡിക്കൽ ഉപകരണങ്ങളും മറ്റു സ്റ്റേഷനറികളും ലഭ്യമാക്കുന്നതിന് നൽകിയ പ്രോപ്പോസലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബ്ലോക്കിലേയ്ക്ക് ആവശ്യമായ സാധന സാമഗ്രികൾ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) നാദാപുരം താലൂക്കാശുപത്രിയുടെ പുതിയ ബ്ലോക്കിനായി അനുവദിച്ച 10 ലക്ഷം രൂപയിൽ 1,66,156 രൂപയുടെ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Fire -Extinguisher- Rs. 45,371/-

Portable X-ray Film - Rs. 50,617/-

Led Spot Light - Rs. 20,000/-

Indent Trolley- Rs. 20,168/-

Finger Tips Pulse Oximeter - Rs. 30,000/-

പ്രസ്തുത തുകയിൽനിന്നും സ്പോൺസർഷിപ്പ് മുഖേനയും താഴെപ്പറയുന്ന പ്രവൃത്തികൾ ചെയ്തുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. ഹോസ്പിറ്റൽ കോട്ട്

2. ബെഡ് സൈഡ് ലോക്കർ

3. ഫ്രിഡ്ജ്

4. വാട്ടർഹീറ്റർ

5. ക്രോഷ് കാർട്ട്

6. IV സ്റ്റാൻഡ്

7. എക്സാമിനേഷൻ ടേബിൾ

8. സി.സി.ടി.വി ഫെസിലിറ്റി

9. പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം

10. സബ്മെർസിബിൾ പമ്പ്

11. ഇന്റർ കോം ഫെസിലിറ്റി

**ആശുപത്രികളുടെ പ്രവർത്തനവും വികസനവും**

188 (188) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ; ഇവിടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത്സെന്റർ, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ Urban Health Training Centre ആയി പ്രവർത്തിച്ചുവരികയാണ്. മെഡിക്കൽ കോളേജ് ഹെൽത്ത് യൂണിറ്റ് പാങ്ങപ്പാറ

എന്ന് പേരുള്ള ഈ സ്ഥാപനം 7-10-2020 മുതൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി രാവിലെ 9 മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി.-യും 8 കിടക്കകളുമുള്ള ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ ആയി പ്രവർത്തിക്കുവാൻ തുടങ്ങി. പ്രവർത്തനങ്ങൾ ഒ.പി : രാവിലെ 9 മുതൽ വൈകുന്നേരം 6 വരെ, ഐ.പി കിടക്കകൾ : 8 ( 4 പുരുഷൻ, 4 സ്ത്രീ) സ്പെഷ്യാലിറ്റി ഒ.പി-കൾ: (മെഡിക്കൽ കോളേജിലെ ഡോക്ടർമാർ വന്ന് നടത്തുന്നത്)

1. ഗൈനക്കോളജി - ചൊവ്വ, വ്യഴം, ശനി

2. ഇ.എൻ.റ്റി - രണ്ടാഴ്ച കൂടുമ്പോൾ ബുധനാഴ്ച

3. റസ്പിറേറ്റി മെഡിസിൻ - തിങ്കൾ

4. ദന്തൽ ഒ.പി - വ്യാഴം, ശനി

5. പീഡിയാട്രിക് - ശനി

6. സൈക്യാട്രി - വെള്ളി

7. ഒഫ്ത്താൽമോളജി - ആഴ്ചതോറും വെള്ളി/ ശനി

8. സ്കിൻ ഒ.പി - ബുധൻ

9. പി.എം.ആർ. – വ്യാഴം

10. കാഴ്ചപരിശോധന - ആഴ്ചയിൽ 6 ദിവസം

11. പോസ്റ്റ് കോവിഡ് ക്ലിനിക്ക്- തിങ്കൾ രാവിലെ 10 മണിമുതൽ ഉച്ചക്ക് 12 മണിവരെ.

12. ആന്റിനേറ്റർ ക്ലിനിക്ക് - തിങ്കൾ

<u>മറ്റ് ക്ലിനിക്കുകളും സേവനങ്ങളും</u>

കുട്ടികളുടെ കുത്തിവെയ്പ് - ബുധൻ, ശനി

എൻ.സി.ഡി. ക്ലിനിക്ക് - എല്ലാ ദിവസവും

ഒ.പി രജിസ്ട്രേഷൻ - ശനിയാഴ്ച

ഫീൽഡ്തല പ്രവർത്തനങ്ങൾ - കോർപ്പറേഷന്റെ 11 വാർഡുകളിലുമായി 140000 പേരുടെ ജനസംഖ്യയെ ഉൾക്കൊണ്ട് ഫീൽഡിലെ പ്രവർത്തനങ്ങൾ നടത്തുന്നു.

ട്രെയിനിംഗ് - മെഡിക്കൽ കോളേജ് തിരുവനന്തപുരം, എം.ബി.ബി.എസ്, പി.ജി വിദ്യാർത്ഥികൾ, നഴ്സിംഗ്, പാരാമെഡിക്കൽ വിദ്യാർത്ഥികൾ.

മറ്റ് സ്ഥാപനങ്ങളിൽനിന്ന് ഡി.എം.ഒ. & ഡി.എം.ഇ. വഴി ട്രെയിനിംഗിന് വരുന്ന മറ്റ് വിദ്യാർത്ഥികൾ - ഇവർക്ക് പ്രൈമറി ഹെൽത്ത് കെയർ & പബ്ലിക് ഹെൽത്ത് ട്രെയിനിംഗ് നൽകിവരുന്നു. വികസന പ്രവർത്തനങ്ങൾ നിലവിലെ ഉച്ചയ്ക്കുശേഷമുള്ള ഒ.പി.-യും ഐ.പി സംവിധാനവും കോർപ്പറേഷൻ പ്രോജക്ടുവച്ച് മാനവ വിഭവശേഷിയും മരുന്നുകളുടെയും സാമഗ്രികളുടെ പർച്ചേസും നടത്തിയാണ് നടപ്പിലാക്കിവരുന്നത്. തുടർന്നും കോർപ്പറേഷൻവഴി ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്റർ നടത്തിപ്പിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി ലഭ്യമായ ഒരു പുതിയ കെട്ടിടത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു. എം.സി.എച്ച്. യൂണിറ്റ് പാങ്ങപ്പാറയുടെ കീഴിലുള്ള 3 സബ് സെന്ററുകൾക്കായുള്ള പുതിയ കെട്ടിടം പണിയുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. ടി സ്ഥാപനത്തിൽനിന്നും ലഭിക്കുന്ന ചികിത്സയും ഫീൽഡ് സേവനങ്ങളും ട്രെയിനിംഗും മെച്ചപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) തീരദേശവാസികൾക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് വേളി പി.എച്ച്.സി.-യുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വേളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 56,41,561 രൂപ ചെലവഴിച്ച് ഒരു ഐ.പി. കെട്ടിടം പണികഴിപ്പിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഇപ്പോൾ കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ കീഴിൽ ഒരു ലബോറട്ടറി ടെക്നീഷ്യനെ നിയമിച്ച് ഒരു ലബോറട്ടറിയും പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ വേളി പി.എച്ച്.സി.-യെ എഫ്.എച്ച്.സി. ആയി ഉയർത്തുകയും ടി സ്ഥാപനത്തിൽ 1 ഡോക്ടർ, 1 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം കോർപ്പറേഷൻ മുഖേന ഒരു ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നിങ്ങനെ ജീവനക്കാരെ നിയമിച്ച് എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ഒ.പി. പ്രവർത്തിപ്പിച്ചുകൊണ്ട് തീരദേശവാസികൾക്ക് മെച്ചപ്പെട്ട ചികിത്സ നൽകി വരുന്നു. കോവിഡ് മഹാമാരിയെത്തുടർന്ന് വേളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ വിവിധ തസ്തികകളിലായി 7 ജീവനക്കാരെ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. ടി ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. ഡോക്ടർ -1, സ്റ്റാഫ് നഴ്സ് -3 (ഒരാൾ 2021 ജൂൺ മാസം ഡ്യൂട്ടിയിൽനിന്നും വിടുതൽ ചെയ്തു), ഡാറ്റ എൻട്രി ഓപ്പറേറ്റർ- 2, ക്ലീനിംഗ് സ്റ്റാഫ്- 1. കൂടാതെ എൻ.എച്ച്.എം മുഖേന ഒരു സ്റ്റാഫ് നഴ്സ്, ഒരു മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡർ, ആർ.എസ്.ബി.കെ മുഖേന ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് എന്നിവരെയും അധികമായി നിയമിച്ച് തീരദേശ വാസികൾക്ക് മെച്ചപ്പെട്ട

ചികിത്സാ സൗകര്യം ലഭ്യമാക്കിവരുന്നു. കോവിഡ് ചികിത്സയോടനുബന്ധിച്ച് വേളി കുടുംബാരോഗ്യ കേന്ദ്രത്തിനുകീഴിൽ തിരുവനന്തപുരം മൺവിള കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് സെന്ററിൽ ഒരു സമയം 60 രോഗികളെ പ്രവേശിപ്പിക്കാവുന്ന ഒരു സി.എഫ്.എൽ.റ്റി.സി. പ്രവർത്തിച്ചുവരുന്നു. ടി സ്ഥാപനത്തിൽ വേളി കുടുംബാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസർ നോഡൽ ഓഫീസർ ആയും ഈ സ്ഥാപനത്തിലെതന്നെ ഫാർമസിസ്റ്റും അധിക സേവനമനുഷ്ഠിച്ചുവരുന്നു. കൂടാതെ ഒരു നഴ്സിംഗ് ഓഫീസർ, 3 ഡോക്ടർമാർ, 3 സ്റ്റാഫ് നഴ്സുമാർ, 2 അറ്റൻഡർമാർ എന്നീ ജീവനക്കാരെ മറ്റ് സ്ഥാപനങ്ങളിൽ നിന്നും ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നു.

(സി) പുലയനാർകോട്ട ഡയബറ്റിക് സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സർക്കാർ ധനസഹായത്തോടെ തിരുവനന്തപുരത്ത് പുലയനാർകോട്ടയിൽ ഒ.പി, ഐ.പി സൗകര്യങ്ങളോടെ പ്രമേഹത്തിനും അനുബന്ധ രോഗങ്ങൾക്കുമുള്ള ചികിത്സ വളരെക്കുറഞ്ഞ നിരക്കിൽ നടത്തി വരുന്ന സ്ഥാപനമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്. മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിന് ആഴ്ചയിൽ അഞ്ച് ദിവസം എൻഡോക്രൈനോളജി ഡോക്ടർമാരുടെ സേവനം, ആഴ്ചയിൽ ഓരോ ദിവസം വീതം കാർഡിയോളജി, നെഫ്രോളജി, ഗ്യാസ്ട്രോ എന്ററോളജി, ന്യൂറോളജി, ദന്തൽ എന്നിവയും ആഴ്ചയിൽ അഞ്ച് ദിവസം ഡയബറ്റിക് റെറ്റിനോപ്പതിയുമായി ബന്ധപ്പെട്ട കണ്ണ് പരിശോധനയും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രമേഹ രോഗികൾക്കുണ്ടാകുന്ന പാദ സംബന്ധമായ മുറിവുകൾ ഉൾപ്പെടെയുള്ള അസുഖത്തിന് ഈ സ്ഥാപനത്തിലെ പാദസംരക്ഷണ വിഭാഗം (പൊഡിയാട്രി) വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നു. NABH അക്രഡിറ്റേഷനോടുകൂടി ആധുനിക സൗകര്യമുള്ള ലാബ്, വിപുലമായ ഫാർമസി, ഡിജിറ്റൽ X-Ray യൂണിറ്റ്, കളർ ഡോപ്ലറോട് കൂടിയുള്ള അൾട്രാ സൗണ്ട് സ്കാൻ സൗകര്യം, ബോൺ ഡെൻസിറ്റി നിർണ്ണയിക്കുന്ന ഡെക്സാ സ്കാൻ സൗകര്യം ഇവിടെ ലഭ്യമാണ്. ജീവിതശൈലീ രോഗങ്ങൾ തടയുന്നതിനുള്ള വ്യായാമ മുറകൾ പരിശീലിക്കാനുള്ള മൾട്ടി ജിം ഈ സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. പേവാർഡ് ഉൾപ്പെടെ 40 കിടക്കകളുള്ള ഇൻപേഷ്യന്റ് വിഭാഗവും ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലുള്ള പഠന ഗവേഷണ പദ്ധതികളും ഇവിടെ നടന്നുവരുന്നു. കേരളത്തിൽ പ്രമേഹത്തിന്റെ തോത് നിർണ്ണയിക്കുന്നതിനുള്ള പഠനം ICMR-ന്റെ സഹകരണത്തോടെ ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിലാണ് നടത്തിയത്.

(ഡി) പുലയനാർകോട്ട ക്ഷയരോഗ ആശുപത്രിയുടെ വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പുലയനാർകോട്ട ക്ഷയരോഗാശുപത്രിയുടെ വികസനത്തിനായി 48,25,000 രൂപ എൻ.എച്ച്.എം മുഖേന പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി (DRTB Ward) വിനിയോഗിച്ചിട്ടുണ്ട്.

(ഇ) തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായി കിഫ്ബി ഫണ്ട് മുഖാന്തരം അനുവദിച്ച 717.29 കോടി രൂപ ഉപയോഗിച്ച് മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ 2019 മേയ് 15-ാം തീയതി തുടങ്ങിയിട്ടുണ്ട്. ഘട്ടം ഘട്ടമായി പണിതീർക്കാനുദ്ദേശിച്ച പദ്ധതിയുടെ 1-ാം ഘട്ടമാണ് ഇപ്പോൾ പൂർത്തിയായി വരുന്നത്. ഇതിൽ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഏകദേശം 65%-ത്തോളം നിർമ്മാണ പ്രവർത്തനങ്ങൾ 1-ാം ഘട്ടത്തിന്റെയായി പൂർത്തീകരിച്ചിട്ടുണ്ട്. 2-ാം ഘട്ടത്തിന്റെ പ്രോജക്ട് റിപ്പോർട്ട് കിഫ്ബി സമർപ്പിച്ചിട്ടുണ്ട്. 3-ാം ഘട്ടത്തിന്റെ പ്രോജക്ട് റിപ്പോർട്ട് ഉടൻ തയ്യാറാക്കി നൽകാമെന്നും M/s INKEL അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വിവിധ തലത്തിൽ നോഡൽ ഓഫീസറും എസ്.പി.വി.-യെയും കോൺട്രാക്ടറേയും ഉൾപ്പെടുത്തി കൃത്യമായ ഇടവേളകളിൽ റിവ്യൂ മീറ്റിംഗുകൾ നടത്തുന്നുണ്ട്. ബന്ധപ്പെട്ട കോൺട്രാക്ടറോട് തൊഴിലാളികളുടെ എണ്ണം കൂട്ടി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ത്വരിതഗതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(എഫ്) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എസ്.എ.ടി. ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനായി ഈ ആശുപത്രിയിലെ ഗൈനക്ക് വിഭാഗത്തിൽ ഗർഭിണികൾക്കും രോഗികൾക്കും ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ഒ.പി. ബ്ലോക്ക് പണികഴിപ്പിക്കുകയും തിരക്ക് കണക്കിലെടുത്ത് ടോക്കൺ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജീർണ്ണാവസ്ഥയിലുള്ള 5, 8 വാർഡുകൾ പുതുക്കിപ്പണിതു. 2-ാം വാർഡിന്റെയും പോസ്റ്റ് ഓപ്പറേറ്റീവ് വാർഡിന്റെയും മെയിന്റനൻസ് വർക്ക് നടന്നു കൊണ്ടിരിക്കുന്നു. എച്ച്.എൽ.എൽ.-ന്റെ കീഴിൽ എസ്.എ.ടി. ആശുപത്രിക്കകത്ത് എം.ആർ.ഐ., സി.ടി. സ്കാനുകൾ എടുക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. രോഗികൾക്കായി പുതിയ ബ്ലോക്കിൽ വാട്ടർ പ്യൂരിഫയറും

വൃത്തിയുള്ള ശുചിമുറിയും സജ്ജമാക്കിയിട്ടുണ്ട്. ഒ.പി. ബ്ലോക്കിൽ ലഘുഭക്ഷണശാലയും സജ്ജമാക്കിയിട്ടുണ്ട്. ഈ ആശുപത്രിയിലെ പീഡിയാട്രിക് വിഭാഗത്തിലെ കുട്ടികളുടെ ഡയബറ്റിസ് ചികിത്സയ്ക്കായി മിഠായി ക്ലിനിക്ക്, നിയോനാറ്റോളജി, ഗ്യാസ്ട്രോ എന്ററോളജി ചികിത്സകൾ, കാർഡിയോതെറാപ്പി യൂണിറ്റ് വിഭാഗങ്ങൾ എന്നിവ രൂപീകരിച്ചു. കൂടാതെ 4-ാം വാർഡിനെ 24 കിടക്കകളുള്ള ഐ.സി.യും 8 High dependent beds ആയി മാറ്റാനുള്ള നവീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഈ ആശുപത്രിയിൽ 5.5 കോടി രൂപ ചെലവിൽ പുതിയ കാത്ത് ലാബ് സ്ഥാപിച്ചു. ശിശു ഹൃദയ ശസ്ത്രക്രിയ യൂണിറ്റ് ആരംഭിച്ചു. 18 വയസ്സിന് താഴെയുള്ള ജനിതക ഹൃദ്രോഗമുള്ള കുട്ടികൾക്ക് സൗജന്യമായി ചികിത്സ നൽകി വരുന്നു. ഇ.ഇ.ജി. ലാബിൽ മുഴുവൻ സമയം ഇലക്ട്രോ ഫിസിയോളജിസ്റ്റിനെ നിയമിച്ച് ഇ.ഇ.ജി., നെർവ് കണക്ഷൻ, ഇ.എം.ജി എന്നീ പരിശോധനകൾ നടത്തിവരുന്നു. പീഡിയാട്രിക് ന്യൂറോളജി ഡിപ്പാർട്ട്മെന്റിന് പുതിയ ഇ.ഇ.ജി. ലാബ്, ക്ലാസ്സ് മുറി, വാർഡ്, ഐ.സി.യു. എന്നിവ നിർമ്മിച്ചു. ബോട്ടുലിനം, ടോക്സിൻ എന്നീ വിലയേറിയ മരുന്നുകൾ ആവശ്യമുള്ള കുട്ടികൾക്കെല്ലാം സൗജന്യമായി നൽകി ചികിത്സിച്ചുവരുന്നു.

(ജി) സർക്കാർ ആശുപത്രികളിൽ ടെലി മെഡിസിൻ സ്ഥിരം സംവിധാനം ആക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുമോ എന്ന് വിശദമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി സർക്കാർ അവരുടെ പ്ലാറ്റ്ഫോം വഴി സൗകര്യം നൽകാൻ ഇ-ഹെൽത്ത് വകുപ്പിന് നിർദ്ദേശം നൽകി. ഒരു രോഗി ലോഗിൻ ചെയ്യാനും ടെലിമെഡിസിൻ സൗകര്യത്തിനായി രജിസ്റ്റർ ചെയ്യാനും കഴിയുന്ന ഒരു ഹെൽത്ത് ആപ്പ് സൃഷ്ടിച്ചു. ടെലിമെഡിസിൻ സൗകര്യത്തിന്റെ ട്രയൽ റൺ ഇതിനകം നടത്തിക്കഴിഞ്ഞു. ഇപ്പോൾ ഇത് പരീക്ഷണ ഘട്ടത്തിലാണ്. ഇപ്പോൾ സർക്കാർ മെഡിക്കൽ കോളേജിൽ താഴെപ്പറയുന്ന വകുപ്പുകളിൽ ഇ-സഞ്ജീവനി പ്ലാറ്റ്ഫോമിലൂടെയാണ് സേവനങ്ങൾ നൽകുന്നത്.

1. ഡെർമറ്റോളജി
2. ഇ.എൻ.ടി
3. ശ്വസന മരുന്ന്
4. ഒഫ്താൽമോളജി
5. ജനറൽ ഒ.പി
6. കോവിഡ് ഒ.പി

അദ്ധ്യാപകരും സീനിയർ റസിഡന്റുമാരും ജൂനിയർ റസിഡന്റുകളും രാവിലെ 8.30-നും 12.30-നും 1 മുതൽ 5.30-നും ഇടയിൽ രാവിലെയും ഉച്ചയ്ക്കും സെഷനുകളിൽ സേവനം നൽകും. എല്ലാ മെഡിക്കൽ കോളേജുകളും സമാനമായ സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു. തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ഈ സേവനങ്ങൾ ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. മറ്റ് സർക്കാർ ആശുപത്രികളിലും ടെലി മെഡിസിൻ സംവിധാനമൊരുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**നെഫ്രോളജിസ്റ്റിന്റെ തസ്തിക**

189 (189) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

തൽക്കാലം പരിഗണനയിലില്ല. പരിശോധിക്കുന്നതാണ്.

(ബി) നെഫ്രോളജിസ്റ്റിനെ നിയമിച്ചാൽ നിലവിലുള്ളതിന്റെ ഇരട്ടിയിലധികം ആളുകൾക്ക് ഡയാലിസിസ് നൽകാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇപ്പോൾ നിലവിൽ എം.സി.എച്ച്. മറ്റ് ഹയർ സെന്ററുകളിൽ initiate ചെയ്ത രോഗികൾക്ക് തുടർ ചികിത്സയാണ് കൊടുക്കുന്നത്. കൂടുതൽ പേർക്ക് ഡയാലിസിസ് തുടങ്ങണമെങ്കിൽ നെഫ്രോളജിസ്റ്റിനെ നിയമിക്കുന്നതോടൊപ്പം കൂടുതൽ മെഷീനും സ്റ്റാഫും ആവശ്യമാണ്.

**കാട്ടാക്കട വെൽനസ് സെന്റർ**

190 (190) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ വെൽനസ് സെന്റർ ആയി ഉയർത്തിയിട്ടുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉപകേന്ദ്രം പനയംകോട്, ഉപകേന്ദ്രം കുരിശുമുട്ടം, ഉപകേന്ദ്രം പുന്നമൂട്, ഉപകേന്ദ്രം പുന്നാവൂർ, ഉപകേന്ദ്രം പ്ലാവൂർ എന്നിവയാണ് കാട്ടാക്കട മണ്ഡലത്തിൽ വെൽനസ് സെന്ററായി ഉയർത്തുവാൻ തെരഞ്ഞെടുത്തിട്ടുള്ള ഉപകേന്ദ്രങ്ങൾ. ടി ഉപകേന്ദ്രങ്ങളുടെ നവീകരണ പ്രവർത്തങ്ങൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത വെൽനസ് സെന്ററുകളിലെ നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ; തുടർന്നുള്ള നടപടികൾ സംബന്ധിച്ച വിശദമാക്കാമോ?

നിലവിൽ മേൽപ്പറഞ്ഞ സബ് സെന്ററുകളിൽ ഉപകേന്ദ്രങ്ങളിൽനിന്നും ലഭ്യമാക്കേണ്ടുന്ന സേവനങ്ങളാണ് നൽകിവരുന്നത്. പ്രസ്തുത സബ്സെന്ററുകൾ വെൽനസ് സെന്ററുകളായി ഉയർത്തുമ്പോൾ എം.എൽ.സി.പി., സ്റ്റാഫ് നഴ്സിന്റെ സേവനവും അതോടൊപ്പം വിവിധ ക്ലിനിക്കുകൾ സംഘടിപ്പിക്കുക, കാൻസർ, എൻ.സി.ഡി, പകർച്ചവ്യാധികൾ, അന്ധത തുടങ്ങിയുള്ള പൊതുജനാരോഗ്യ പ്രശ്നങ്ങൾ, പ്രസ്തുത ഏരിയയിൽ ഉൾപ്പെടുന്ന വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾ, കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ, ഗർഭിണികളുടെ പരിശോധന, മാനസികാരോഗ്യ പരിശോധനകൾ, കൗൺസിലിംഗ്, ദന്തരോഗ പരിശോധന, പാലിയേറ്റീവ് കെയർ രോഗികളുടെ പരിശോധന, അത്യാവശ്യ ഘട്ടങ്ങളിൽ പ്രാഥമിക ശുശ്രൂഷകൾ നൽകുന്ന സേവനം, ടെലി കൗൺസിലിംഗ് തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുന്നതാണ്.

**കാസർഗോഡ് ജനറൽ ആശുപത്രിക്ക് ഡെന്റൽ എക്സ്റേ മെഷീൻ**

191 (191) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിക്ക് ഡെന്റൽ എക്സ്റേ മെഷീൻ അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴാണ് അനുവദിച്ചതെന്നും ഇതിന്റെ വിലയെന്തെന്നും വ്യക്തമാക്കാമോ?

(എ&ബി) ആരോഗ്യ വകുപ്പിലെ 2017-18-ലെ പ്ലാൻ സ്കീം 13-7-2017)-ലെ (G.O.(Rt)No.1963/17/H&FWD പ്രകാരം കാസർഗോഡ് ജനറൽ ആശുപത്രിക്ക് ഒരു ഡെന്റൽ എക്സ് റേ മെഷീൻ അനുവദിക്കുകയും കെ.എം.എസ്.സി.എൽ. 5-11-2018-ന് ഉപകരണം ആശുപത്രിയിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ടി ഉപകരണത്തിന്റെ വില 3,80,800 രൂപയാണ്.

(സി) ഈ എക്സ്റേ മെഷീൻ ഇപ്പോൾ ഉപയോഗിക്കുന്നുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഡെന്റൽ എക്സ്റേ യൂണിറ്റ് പ്രവർത്തിക്കാത്തത് കാരണം ജനറൽ ആശുപത്രിയിൽ എത്തുന്ന എക്സ്റേ ആവശ്യമുള്ള രോഗികൾക്ക് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥ വരുന്നുയെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി&ഡി) ഉപകരണം സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥല സൗകര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തീകരിക്കുന്നമുറയ്ക്ക് ഡെന്റൽ എക്സ്റേ മെഷീൻ പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

(ഇ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഉള്ള ചികിത്സാ സംവിധാനങ്ങളിൽ ഉപയോഗിക്കാതെ കിടക്കുന്നവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജനറൽ ആശുപത്രിയിലുള്ള ചികിത്സാ സംവിധാനങ്ങളിൽ ഡെന്റൽ എക്സ്റേ മെഷീൻ ഒഴികെ മറ്റെല്ലാവയും ഉപയോഗിച്ചുവരുന്നു.

**മലക്കപ്പാറയിലെ ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ**

192 (192) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിർത്തി ഗ്രാമമായ മലക്കപ്പാറയിൽ ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടും ഹെൽത്ത് ആൻഡ് വെൽനെസ് സെന്റർ പ്രവർത്തനം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണം വിശദീകരിക്കുമോ;

(സി) പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ?

(എ-സി) എൻ.എച്ച്.എം. ഫണ്ടുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഹെൽത്ത് & വെൽനെസ് സെന്റർ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി**

193 (193) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ സാന്നിധ്യം അമിതമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ സാന്നിധ്യം അനലിറ്റിക്കൽ ലാബുകളിൽ നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) അന്യസംസ്ഥാനത്ത് നിന്നെത്തുന്ന ഇത്തരത്തിലുള്ള ഭക്ഷ്യവസ്തുക്കളെ ആശ്രയിക്കുന്നത് ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; അറിയിക്കാമോ?

ഭക്ഷ്യവസ്തുക്കളിൽ കീടനാശിനികളുടെ സാന്നിധ്യം ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുമെന്നതിനാൽ ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ ശേഖരിച്ച്

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(സി) അതിർത്തി കടന്നെത്തുന്ന ഭക്ഷ്യവസ്തുക്കളിലെ കീടനാശിനി സാന്നിധ്യം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) കീടനാശിനി പ്രയോഗം നടത്താത്ത ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുന്നതിനായി സ്വീകരിക്കുന്ന അടിയന്തര നടപടികൾ വിശദമാക്കാമോ?

(സി&ഡി) ഇതര സംസ്ഥാനങ്ങളിൽനിന്നും അതിർത്തി കടന്ന് എത്തുന്നതുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തിവരുന്നു. ഓണം, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും അല്ലാതെയും പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തി ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് Gas Chromatograph, Gas Chromatograph coupled with Mass Spectrophotometer (GCMS MS), High Performance Liquid Chromatograph (HPLC) എന്നീ ഉപകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പ്രവർത്തിപ്പിച്ചുവരുന്നു. കഴിഞ്ഞ മൂന്നുവർഷക്കാലം അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്നതുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ 3929 സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ കീടനാശിനിയുടെ സാന്നിദ്ധ്യം പരിശോധിച്ചതിൽ 320 നോൺ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിലും 207 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളിലും കീടനാശിനിയുടെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഇക്കാലയളവിൽ 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം 207 പ്രോസിക്യൂഷൻ കേസുകൾ സംസ്ഥാനത്ത് ഒട്ടാകെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയിൽ ഒരു കേസ് വിധിയാവുകയും കുറ്റക്കാരായി കണ്ടെത്തിയ 7 പേർക്ക് 3,50,000 രൂപ പിഴ വിധിക്കുകയും ചെയ്തിട്ടുണ്ട്.

**പാവപ്പെട്ട രോഗികൾക്ക് ചികിത്സ ഉറപ്പാക്കുന്നതിനുള്ള നടപടികൾ**

194 (194) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെലവേറുന്ന ചികിത്സകൾ പാവപ്പെട്ട രോഗികൾക്ക് ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ചെലവേറുന്ന ചികിത്സകൾ പാവപ്പെട്ട രോഗികൾക്ക് ഉറപ്പാക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കീഴിൽ KBF, KASP കാരുണ്യ, താലോലം, സി-സുരക്ഷ (കാൻസർ) എന്നീ പദ്ധതികൾ നിലവിലുണ്ട്. ആരോഗ്യകിരണം, ആർ.ബി.എസ്.കെ, ഹൃദ്യം എന്നീ പദ്ധതികളിലൂടെ കുട്ടികളുടെ ചികിത്സ നൽകുന്നു. KASP പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് ഓരോ കുടുംബത്തിനും ഓരോ വർഷവും 5 ലക്ഷം രൂപയുടെ വരെ ചികിത്സകൾ സൗജന്യമായി നൽകുന്നു. KBF പദ്ധതി പ്രകാരം പാവപ്പെട്ട രോഗികൾക്ക് 2 ലക്ഷം രൂപയുടെ ചികിത്സാ സഹായം നൽകുന്നു.

(ബി) ബൈപ്പാസ് ശസ്ത്രക്രിയ, ആൻജിയോ പ്ലാസ്റ്റി, കിഡ്നി, കരൾമാറ്റിവയ്ക്കൽ ശസ്ത്രക്രിയ തുടങ്ങിയവ നടത്തുന്നതിന് നിലവിൽ സർക്കാർ ആശുപത്രികളിൽ ഉള്ള സംവിധാനം എന്തൊക്കെ എന്നും എത്ര ചെലവാണ് ഈ ശസ്ത്രക്രിയയ്ക്കായി രോഗി മുടക്കേണ്ടത് എന്നും വ്യക്തമാക്കാമോ?

സർക്കാർ മെഡിക്കൽ കോളേജുകളിൽ ബൈപ്പാസ് ശസ്ത്രക്രിയ, ആൻജിയോ പ്ലാസ്റ്റി എന്നീ ശസ്ത്രക്രിയകൾ ചെയ്യുന്നതിനുള്ള ആധുനിക കാത്ത് ലാബ് സൗകര്യം നിലവിലുണ്ട്. കൂടാതെ ഹൃദ്രോഗ ചികിത്സയ്ക്കായി സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനുകീഴിൽ ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി മഞ്ചേരി, ജനറൽ ആശുപത്രി തൃശ്ശൂർ എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്നുണ്ട്. KASP/KBF തുടങ്ങിയ ചികിത്സാ പദ്ധതികൾ വഴിയുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവർക്ക് ഈ പദ്ധതികൾ അനുസരിച്ചുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നു. പദ്ധതികൾ വഴിയല്ലാതെ ചികിത്സ തേടുന്ന രോഗികൾക്ക് കൺസ്യൂമബിൾസിന്റെ വിലയും HDS/HDC/KHRWS ഏർപ്പെടുത്തിയ പ്രൊസീജ്യർ ചാർജ്ജും ഈടാക്കി ആശുപത്രികളിൽ ചികിത്സ ഒരുക്കിവരുന്നു. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ മെഡിക്കൽ കോളേജുകളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ ആരംഭിച്ചിട്ടുണ്ട്.

(സി) ഇത്തരം ശസ്ത്രക്രിയകൾ ജില്ലാ ആശുപത്രികൾ, താലൂക്കാശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവിടങ്ങളിൽ നടത്താൻ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ആർദ്രം പദ്ധതി പ്രകാരം ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തുകയും സൂപ്പർസ്പെഷ്യാലിറ്റി വിഭാഗം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ഡോക്ടർമാരുടേയും അനുബന്ധ ജീവനക്കാരുടേയും തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കിഫ്ബി പദ്ധതിപ്രകാരം നടന്നുവരുന്ന നിർമ്മാണ

പ്രവർത്തനങ്ങളിൽ ആധുനിക രീതിയിലുള്ള ഓപ്പറേഷൻ തീയേറ്ററിന്റെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുമുണ്ട്. ഹൃദ്രോഗ ചികിത്സയ്ക്കായി സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനുകീഴിൽ ജനറൽ ആശുപത്രി തിരുവനന്തപുരം, ജില്ലാ ആശുപത്രി കൊല്ലം, ജനൽ ആശുപത്രി പത്തനംതിട്ട, ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ആശുപത്രി പാലക്കാട്, ജനറൽ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി മഞ്ചേരി, ജനറൽ ആശുപത്രി തൃശ്ശൂർ എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ കിഫ്ബി പദ്ധതി പ്രകാരം ജനറൽ ആശുപത്രി ആലപ്പുഴ, ജില്ലാ ആശുപത്രി കണ്ണൂർ, ജില്ലാ ആശുപത്രി കാഞ്ഞങ്ങാട്, ജനറൽ ആശുപത്രി കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിൽ കാത്ത് ലാബിന്റെ നിർമ്മാണ പ്രവർത്തി പുരോഗമിക്കുന്നു. കൂടാതെ ജില്ലാ-താലൂക്ക് ആശുപത്രികളിലായി 87 ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നു. 2021 അവസാനത്തോടുകൂടി 6 ഡയാലിസിസ് യൂണിറ്റുകൾകൂടി പ്രവർത്തന സജ്ജമാകും.

### കോവിഡ് രോഗികളുടെ വർദ്ധനവ്

195 (195) ശ്രീ. എൻ. ഷംസുദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കോവിഡ് രോഗികളുടെ എണ്ണത്തിലും റ്റി.പി.ആർ.-ലും ചികിത്സയിലുള്ള രോഗികളുടെ എണ്ണത്തിലും കേരളം വളരെ മുന്നിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവിടെ കോവിഡ് രോഗികളുടെ എണ്ണം വർദ്ധിക്കുവാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇന്ത്യയൊട്ടാകെ രണ്ടാം തരംഗം ആരംഭിച്ചത് മാർച്ച് മാസത്തോടു-കൂടിയാണെങ്കിലും കേരളത്തിലെ കേസുകൾ വർദ്ധിച്ചുതുടങ്ങിയത് ഏപ്രിൽ ആദ്യ വാരത്തോടെയാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ നിലവിലെ കേസുകൾ കൂടുതലാണെങ്കിലും ഇത് ഒരു ഘട്ടത്തിലും കേരളത്തിലെ ആരോഗ്യ സംവിധാനത്തെ സമ്മർദ്ദത്തിലാക്കുന്ന തരത്തിലേയ്ക്ക് എത്തിയിരുന്നില്ല. ഏപ്രിൽ മാസത്തിൽ കേസുകൾ വർദ്ധിച്ചു തുടങ്ങി മേയ്, ജൂൺ മാസങ്ങളിൽ അതിന്റെ പാരമ്യത്തിലെത്തുകയും പിന്നീട് കുറഞ്ഞു തുടങ്ങുകയും ചെയ്തു. ഇതോടൊപ്പം ഐ.സി.എം.ആർ.-ന്റെ സീറോ സർവ്വയലൻസ് പഠനത്തിൽ കേരളത്തിലെ രോഗവ്യാപനം 44% പേരിൽ മാത്രമാണെന്നും അതിനാൽത്തന്നെ പ്രമേഹവും രക്താദിസമ്മർദ്ദവും ഏറ്റവുമധികമുള്ള കേരളത്തിൽ ഇനിയും കൂടുതലാളുകൾക്ക് രോഗം വരാനുള്ള സാധ്യതയുണ്ടെന്നുമാണ് കണ്ടെത്തിയത്. ഇത് സൂചിപ്പിച്ചത് കേരളത്തിലെ കോവിഡ് പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നുവെന്നാണ്.

മാത്രമല്ല ഓണത്തിനുശേഷവും കേരളത്തിൽ കേസുകളുടെ എണ്ണത്തിൽ വലിയൊരു കുതിച്ചുചാട്ടം പ്രതീക്ഷിച്ചിരുന്നുവെങ്കിലും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ അത് തടയാൻ സാധിച്ചു. മാസംതോറുമുള്ള മരണങ്ങളുടെ എണ്ണവും മരണനിരക്കും ജനസാന്ദ്രതയും മറ്റു അനുബന്ധ രോഗങ്ങളും കൂടുതലുള്ള കേരളം പോലൊരു സംസ്ഥാനത്ത് മരണം വർദ്ധിച്ചിട്ടില്ല എന്നതും എടുത്തുപറയേണ്ടതാണ്.

(ബി) ആരോഗ്യ പരിപാലന രംഗത്ത് ഇന്ത്യയിൽ തന്നെ മുൻപന്തിയിലാണ് കേരളം എന്ന് അവകാശപ്പെടുമ്പോഴും കോവിഡ് നിയന്ത്രണവിധേയമാകാതെ പോകുന്നത് സർക്കാർ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലമാണോ എന്ന കാര്യം പരിശോധിക്കുമോ; വിശദ വിവരം നൽകുമോ?

കോവിഡ് ചികിത്സയും പ്രതിരോധ പ്രവർത്തനവും ശക്തമാക്കുന്നതിനായി മറ്റ് വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഇതിനായി തദ്ദേശ വകുപ്പ്, റവന്യൂ വകുപ്പ്, പോലീസ് വകുപ്പ്, സാമൂഹികക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളുമായി ചേർന്നുള്ള ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് നടത്തിവരുന്നത്. ഇന്ത്യയൊട്ടാകെ രണ്ടാം തരംഗം ആരംഭിച്ചത് മാർച്ച് മാസത്തോടുകൂടിയാണെങ്കിലും കേരളത്തിലെ കേസുകൾ വർദ്ധിച്ച് തുടങ്ങിയത് ഏപ്രിൽ ആദ്യ വാരത്തോടെയാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ നിലവിലെ കേസുകൾ കൂടുതലാണെങ്കിലും ഇത് ഒരുഘട്ടത്തിലും കേരളത്തിലെ ആരോഗ്യ സംവിധാനത്തെ സമ്മർദ്ദത്തിലാക്കുന്ന തരത്തിലേയ്ക്ക് എത്തിയിരുന്നില്ല. ഏപ്രിൽ മാസത്തിൽ കേസുകൾ വർദ്ധിച്ച് തുടങ്ങി മേയ്, ജൂൺ മാസങ്ങളിൽ അതിന്റെ പാരമ്യത്തിലെത്തുകയും പിന്നീട് കുറഞ്ഞു തുടങ്ങുകയും ചെയ്തു.

(സി) സംസ്ഥാനത്തെ സ്കൂളുകൾ നവംബർ മാസം മുതൽ തുറക്കുവാൻ മുന്നൊരുക്കം ആരംഭിച്ച സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്തെ സ്കൂളുകൾ നവംബർ മാസം മുതൽ തുറക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കുന്നു.

1. ശാരീരിക അകലം പാലിക്കുക.
2. കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി സാനിറ്റൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കുക.
3. മാസ്ക് ശരിയായി ധരിക്കുക.
4. പ്രതലങ്ങളും വസ്തുക്കളും മുറികളും കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളും ഇടവേളകളിൽ അണുവിമുക്തമാക്കുക.

5. കോവിഡ് ലക്ഷണങ്ങൾ തിരിച്ചറിയുക, ലക്ഷണങ്ങളുണ്ടെങ്കിൽ കരുതൽ നിരീക്ഷണത്തിൽ കഴിയുക.

6. അദ്ധ്യാപകർ, അനദ്ധ്യാപകർ, ഡ്രൈവർ, സഹായികൾ തുടങ്ങിയ ജീവനക്കാർ കോവിഡ് വാക്സിനേഷൻ സ്വീകരിക്കുക.

സ്കൂൾ തുറക്കുന്നതിന് മുൻപായി ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നു.

1. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ പ്രിൻസിപ്പൽമാർ, ഹെഡ് മാസ്റ്റർമാർ, അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ ഭാരവാഹികൾ എന്നിവരുടെ യോഗങ്ങൾ ആരോഗ്യ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നു.

2. സ്കൂൾതലത്തിൽ പി.ടി.എ. മീറ്റിംഗുകൾ ക്ലാസ് ചുമതലയുള്ള അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തുന്നു.

3. എൻ.എസ്.എസ്., സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൗട്ട് ആൻഡ് ഗൈഡ്സ് വോളന്റിയർമാർ എന്നിവർക്ക് കോവിഡ് പ്രതിരോധ അനുയോജ്യ പെരുമാറ്റങ്ങളുടെ പാലനത്തെക്കുറിച്ച് പരിശീലനം.

4. കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം.

5. സ്കൂളിലെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പരിശീലനം.

6. കൈകഴുകുന്നതിനും സാനിറ്റൈസ് ചെയ്യുന്നതിനും കവാടങ്ങളിൽ സൗകര്യം ഒരുക്കുക, ബോധവത്കരണ സാമഗ്രികൾ പ്രദർശിപ്പിക്കുക. കൂടാതെ, സ്കൂൾ തുറക്കുന്നതിനുള്ള അന്തിമ മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് തയ്യാറാക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചേർന്ന് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം**

196 (196) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ 30-4-2021 മുതൽ ഇ-ഓഫീസ് സംവിധാനം നടപ്പിൽവന്നു. ആദ്യഘട്ടമെന്ന നിലയിൽ ഡയറക്ടറേറ്റിലെ FW സെക്ഷനിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ടി സംവിധാനം പൂർണ്ണമായി നടപ്പിൽ വരുത്തുന്നതാണ്.

(ബി) ഡി.എച്ച്.എസ്.-ൽ തപാലുകളും മറ്റും നിലവിൽ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തപാലുകൾ സ്പീഡ് പോസ്റ്റ്, രജിസ്റ്റേർഡ് പോസ്റ്റ്, രജിസ്റ്റേർഡ് പാർസൽ, ഓർഡിനറി, നേരിട്ട് കൊണ്ടുവരുന്നവ എന്നീ മാർഗ്ഗങ്ങൾ മുഖേനയാണ് തപാൽ സെക്ഷനിൽ എത്തുന്നത്. ഓരോ മാർഗ്ഗം മുഖേന വരുന്ന തപാലുകൾ തരംതിരിച്ച്, തപാൽ സെക്ഷൻ ക്ലർക്കുമാർ അവ കൈപ്പറ്റുകയും ഈ തപാലുകൾ (സർവ്വീസ് ബുക്കുകൾ ഉൾപ്പെടെ) സെക്ഷൻ സൂപ്രണ്ടിന്റെ തീയതിയോടുകൂടിയുള്ള ഒപ്പും സെക്ഷൻ മാർക്കിംഗും കഴിഞ്ഞ് ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നു. ഇവ അതേ ദിവസംതന്നെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററുകളിൽ ചേർത്ത്, ബന്ധപ്പെട്ട സെക്ഷനുകളിൽ ഓഫീസ്, അസിസ്റ്റന്റുമാർ മുഖേന എത്തിക്കുകയും ചെയ്യുന്നു. സർക്കാരിൽ നിന്നും വരുന്ന തപാലുകൾ, മനുഷ്യാവകാശ കമ്മീഷൻ, വികലാംഗ കമ്മീഷൻ, ബാലാവകാശ കമ്മീഷൻ, ന്യൂനപക്ഷ കമ്മീഷൻ, ലോകായുക്ത, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവിടങ്ങളിൽ നിന്നും വരുന്ന തപാലുകൾ തുടങ്ങിയവ, തപാൽ സെക്ഷനിൽനിന്ന് നേരിട്ട് ഡി.എച്ച്.എസ്. ക്യാബിനിൽ എത്തിക്കുകയാണ് ചെയ്യുന്നത്. കോടതിയിൽ നിന്നും വരുന്ന ഒ.എ-കൾ അതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ ചേർത്ത്, ബന്ധപ്പെട്ട സെക്ഷനുകളിൽ നൽകുന്നു. അടിയന്തര സ്വഭാവമുള്ള തപാലുകൾ, "അടിയന്തരം റജിസ്റ്റർ"ൽ ചേർത്ത് അന്നന്നുതന്നെ എത്തിക്കുന്നു. തപാലുകളിൽ നിന്ന് അതാത് രജിസ്റ്ററുകളിൽ ചേർക്കപ്പെട്ട സർവ്വീസ് ബുക്കുകളെ "സേവന പുസ്തക റജിസ്റ്റർ" -ൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷനുകളിൽ ഓഫീസ് അറ്റൻഡന്റുമാർ മുഖേന എത്തിക്കുന്നു. "വിവരാവകാശ നിയമം 2005" മുഖേന ഉത്തരം നൽകേണ്ട തപാലുകൾ പ്രത്യേകം ശേഖരിച്ച് അവ "വിവരാവകാശ രജിസ്റ്ററിൽ" ചേർത്ത് അവ ലഭ്യമാകുന്ന അന്നുതന്നെ "ഒ&എം" സെക്ഷനിൽ എത്തിക്കുന്നു.

**നിപ പ്രതിരോധം**

197 (197) ശ്രീമതി യു. പ്രതിഭ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത ആശങ്ക സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്ത് വീണ്ടും പൊട്ടിപ്പുറപ്പെട്ട നിപയെ ഫലപ്രദമായി പ്രതിരോധിക്കാൻ മുൻ അനുഭവവും

ആരോഗ്യ മേഖലയിലെ മികച്ച അടിസ്ഥാന സൗകര്യങ്ങളും എത്രത്തോളം പ്രയോജനപ്പെട്ടെന്ന് വ്യക്തമാക്കാമോ?

2018-ൽ ആദ്യമായി നിപരോഗം സംസ്ഥാനത്ത് കോഴിക്കോട് പൊട്ടിപ്പുറപ്പെട്ടപ്പോൾ യുദ്ധകാലാടിസ്ഥാനത്തിൽ കൺട്രോൾ റൂമുകൾ സജ്ജമാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെ രോഗപ്രതിരോധ, നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിന്റെ ഫലമായി വളരെ വേഗം രോഗം നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിരുന്നു. ആകെ രോഗബാധിതർ 18, മരണപ്പെട്ടവർ 16. 2019-ൽ എറണാകുളം ജില്ലയിൽ വീണ്ടും നിപരോഗം റിപ്പോർട്ട് ചെയ്തപ്പോഴും ഊർജ്ജിതപ്രവർത്തനങ്ങളിലൂടെ രോഗം ഒരാളിൽ മാത്രമായി ഒതുക്കുവാനും മരണം ഒഴിവാക്കുവാനും സാധിച്ചു. എറണാകുളത്ത് ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ NIV പൂനെയുടെ സഹായത്തോടെ POC ടെസ്റ്റ് നടത്തിയതിലൂടെ രോഗം വളരെവേഗം നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിരുന്നു. തുടർന്ന് 2021 സെപ്റ്റംബറിൽ കോഴിക്കോട് ജില്ലയിൽ ചൂലൂരിൽ ഒരു ആൺകുട്ടി (13 വയസ്) നിപ്പരോഗം പിടിപെട്ട് മരണപ്പെടുകയുണ്ടായി. നിപ്പ സ്ഥിരീകരിച്ച സെപ്റ്റംബർ 4-ന് രാത്രിതന്നെ ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ മറ്റ് മന്ത്രിമാരുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും അടിയന്തരയോഗം നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചു. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കൺട്രോൾ റൂമുകൾ തുറക്കുകയും രോഗനിരീക്ഷണം, സമ്പർക്കപ്പട്ടികയിലുള്ളവരുടെ നിരീക്ഷണം, കാര്യകാരണ വിശകലനം, ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ മുറികൾ ഒരുക്കൽ, ഐ.സി.യു, വെന്റിലേറ്റർ തുടങ്ങിയവ സജ്ജീകരിക്കൽ, കോഴിക്കോട് മെഡിക്കൽ കോളേജിൽ പി.ഒ.സി. ലാബ് സൗകര്യം ഏർപ്പെടുത്തൽ, കെ.എം.എസ്.സി.എൽ./ മെഡിക്കൽ കോളേജ് വഴി നിപാ ചികിത്സയ്ക്കുള്ള മരുന്ന്, വ്യക്തി സുരക്ഷാ ഉപാധികൾ തുടങ്ങിയവ ലഭ്യമാക്കൽ, രോഗസ്ഥിരീകരണത്തിന് സാമ്പിൾ ശേഖരിച്ച് അയയ്ക്കുന്നത്, ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനം, ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങി വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾക്കുള്ള കർമ്മപദ്ധതി തയ്യാറാക്കി നടപ്പിലാക്കി. ഇത്തരം പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ 18 സമിതികൾ രൂപീകരിച്ച് ഓരോ സമിതിക്കും ഓരോ നോഡൽ ഓഫീസർമാരെ ഏർപ്പെടുത്തുകയുമുണ്ടായി. മരണമടഞ്ഞ കുട്ടിയുടെ വീടിന് 3 കീ.മി ചുറ്റളവിൽ കണ്ടെയിൻമെന്റ് സോണായി പ്രഖ്യാപിച്ചു. എൻ.സി.ഡി.സി., എൻ.ഐ.വി. പൂന, ഭോപ്പാൽ ഹൈസെക്യൂരിറ്റി ആനിമൽ ഡിസീസ് ലാബ് എന്നീ കേന്ദ്രങ്ങളിൽനിന്നുള്ള വിദഗ്ധ സംഘവും ഇൻവെസ്റ്റിഗേഷൻ നടത്തി. കുട്ടിയുമായി സമ്പർക്കത്തിൽവന്ന 240 പേരെ പ്രത്യേകം നിരീക്ഷിച്ചുപോന്നു. ആകെ 164 പേരുടെ സാമ്പിളുകൾ

പരിശോധിച്ചതിൽ ആർക്കും നിപ്പ സ്ഥിരീകരിച്ചില്ല. ഇപ്രകാരം ഊർജ്ജിത പ്രവർത്തനങ്ങൾകൊണ്ട് നിപ്പ നിയന്ത്രണവിധേയമാക്കാൻ നമുക്ക് സാധിച്ചു.

(ബി) നിപ വൈറസിന്റെ സാന്നിധ്യം മനസ്സിലാക്കി രോഗ പകർച്ച തടയുന്നതിന് അനിവാര്യമായ വൈറോളജി ലബോറട്ടറി ഹ്രസ്വകാലം കൊണ്ട് രൂപീകരിക്കാനായത് സംസ്ഥാനത്തെ പൊതുജനാരോഗ്യ മേഖലയുടെ കരുത്ത് തെളിയിക്കുന്നതാണോ; വിശദമാക്കുമോ?

നിപ്പരോഗ സ്ഥിരീകരണത്തിന് കാലതാമസമുണ്ടായാൽ മരണനിരക്ക് കൂടാം. അതിനാൽ രോഗം സംശയിക്കുന്നവരുടെ ശരീരസ്രവങ്ങൾ ആർ.ടി.പി.സി.ആർ. പരിശോധന നടത്തി രോഗം സ്ഥിരീകരിക്കുവാനായി കോഴിക്കോട് മെഡിക്കൽ കോളേജിൽ പി.ഒ.സി. ലാബ് (പോയിന്റ് ഓഫ് കെയർ) 48 മണിക്കൂറിനുള്ളിൽ സജ്ജീകരിക്കുകയുണ്ടായി. രോഗിയുമായി സമ്പർക്കത്തിൽ വന്നവരിൽ നേരിയ രോഗലക്ഷണങ്ങളെങ്കിലും കണ്ട 133 പേരുടെ സാമ്പിളുകൾ പി.ഒ.സി. ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി. 31 സാമ്പിളുകൾ എൻ.ഐ.വി. പൂനെയിൽ പരിശോധിച്ചു. ആകെ 164 സാമ്പിളുകൾ പരിശോധിച്ചു. എല്ലാംതന്നെ നിപ്പ നെഗറ്റീവായിരുന്നു. ഇത് പൊതുജനാരോഗ്യമേഖലയുടെ കരുത്ത് തെളിയിക്കുന്ന ഒന്നാണ്. തിരുവനന്തപുരത്ത് തോന്നയ്ക്കലിലെ വൈറോളജി ലാബ് പ്രവർത്തനക്ഷമമാകുമ്പോൾ കേരളത്തിന്റെ പൊതുജനാരോഗ്യ സംവിധാനത്തിന് തീർച്ചയായും ഒരു മുതൽക്കൂട്ടാകുന്നതാണ്.

(സി) 2011-2016 കാലയളവിലെ സർക്കാരിൽനിന്ന് വിഭിന്നമായി മുൻ സർക്കാരും ഈ സർക്കാരും പൊതുജനാരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യ വിപുലീകരണത്തിനും ആധുനീകരണത്തിനും നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ആർദ്രം പദ്ധതി പ്രകാരം സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പരിവർത്തനം ചെയ്യുക വഴി ടി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും ലബോറട്ടറി സംവിധാനം ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തി മെച്ചപ്പെട്ട ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രികളിലായി മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കിഫ്ബി മുഖേന ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങൾ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, എൻ.എച്ച്.എം. ഫണ്ട്, എം.എൽഎ./എം.പി. ഫണ്ടുകൾ എന്നിവ മുഖേനയും അടിസ്ഥാന സൗകര്യ

വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. താലൂക്ക്തല ആശുപത്രികളിൽ ഡയാലിസിസ് സൗകര്യം ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി സേവനങ്ങളും ജില്ലാതല ആശുപത്രികളിൽ കാത്ത് ലാബ് സൗകര്യവും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളും ഘട്ടംഘട്ടമായി ഏർപ്പെടുത്തി വരുന്നുണ്ട്.

## തിരുവനന്തപുരം ആർ.സി.സി.-യിൽ ചികിത്സയ്ക്കായി വരുന്ന രോഗികൾക്ക് ടോക്കൺ സംവിധാനത്തിന് നടപടി

198 (198) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.-യിൽ ചികിത്സയ്ക്കായി വരുന്ന രോഗികൾക്ക് റിസപ്ഷൻ, ക്യാഷ് കൗണ്ടർ, ടെസ്റ്റിംഗ് സെന്ററുകൾ തുടങ്ങിയ ഇടങ്ങളിൽ നീണ്ട ക്യൂ പാലിക്കേണ്ടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഓൺലൈൻ/ഓഫ്ലൈൻ ടോക്കൺ സംവിധാനം ഏർപ്പെടുത്തുകയും കൗണ്ടറുകളുടെ എണ്ണം കൂട്ടുകയും കൂടുതൽ ഇരിപ്പിടങ്ങൾ സജ്ജീകരിക്കുകയും ചെയ്യുമോ; വിശദമാക്കാമോ;

(സി) ഇത് പരിഹരിക്കുന്നതിനായി മറ്റെന്തെങ്കിലും പദ്ധതികൾ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

(എ-സി) തിരുവനന്തപുരം ആർ.സി.സി-യിൽ ചികിത്സയ്ക്ക് വരുന്ന രോഗികൾക്ക് ദീർഘനേരം ക്യൂ നിൽക്കേണ്ട സാഹചര്യം ഇപ്പോൾ ഇല്ല. ആർ.സി.സി.-യിൽ പുതുതായിവരുന്ന രോഗികൾക്ക് ടോക്കൺ നൽകുകയും അതോടൊപ്പം അപേക്ഷ ഫോം നൽകുകയും ചെയ്യുന്നു. അത് പൂരിപ്പിച്ചു ടോക്കൺ വിളിക്കുന്ന മുറയ്ക്ക് രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയാക്കി ചുരുങ്ങിയ സമയത്തിനുള്ളിൽ ഡോക്ടറുടെ മുന്നിൽ രോഗിയെ എത്തിക്കാനുള്ള നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി റിസപ്ഷൻ, ക്യാഷ്കൗണ്ടർ, ടെസ്റ്റിംഗ് സെന്ററുകൾ തുടങ്ങിയ ഇടങ്ങളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ ബഹുനില മന്ദിരം പ്രവർത്തനം ആരംഭിക്കുന്നമുറയ്ക്ക് സ്ഥലസൗകര്യങ്ങൾ മെച്ചപ്പെടുകയും അതോടൊപ്പം കൂടുതൽ മികച്ച സേവനങ്ങൾ രോഗികൾക്ക് ലഭ്യമാകുന്നതുമാണ്.

## സ്വകാര്യ ആശുപത്രിയിലെ അമിത ചികിത്സാച്ചെലവ്

199 (199) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ശസ്ത്രക്രിയകൾ, രോഗ നിർണ്ണയ പരിശോധനകൾ, ചികിത്സ എന്നിവയുടെ നിരക്കുകളിൽ വലിയ വർദ്ധന നിലനിൽക്കുന്നത് പരിശോധിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

ചികിത്സാ സൗകര്യം, പരിശോധനാ സംവിധാനം എന്നിവ കണക്കിലെടുത്ത് സ്വകാര്യ ആശുപത്രികളെ ഏതെങ്കിലും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് 2018 പ്രകാരം കേരളത്തിലെ സർക്കാർ, സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ, ഡയഗ്നോസ്റ്റിക് സെന്ററുകൾ എന്നിവയുടെ പ്രൊവിഷണൽ രജിസ്ട്രേഷൻ നടപടികൾ നടന്നുവരുന്നു. ആശുപത്രികൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന്റെ ഭാഗമായി മിനിമം സ്റ്റാൻഡേർഡ് നിർണ്ണയിക്കുന്നതിനുള്ള സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ആശുപത്രികളെ തരംതിരിച്ച് മാനദണ്ഡങ്ങൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) കോവിഡ് രോഗ പ്രതിസന്ധിക്കിടയിലും ചികിത്സയ്ക്കും ശസ്ത്രക്രിയകൾക്കും രോഗനിർണയത്തിനും ചില സ്വകാര്യ ആശുപത്രികൾ അമിത തുക ഈടാക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സിലെ പരാതി പരിഹാര സമിതി കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട പരാതികളുടെ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിച്ചുവരുന്നു. അപ്പലേറ്റ് അതോറിറ്റിക്ക് ലഭിച്ച പരാതികൾ അപ്പലേറ്റ് അതോറിറ്റി പരിശോധിച്ച് അനന്തര നടപടികൾക്കായി അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അയച്ചുകൊടുക്കുന്നുണ്ട്. മറ്റ് ചികിത്സാ/ ശസ്ത്രക്രിയാ സംബന്ധമായ പരാതികൾ അന്വേഷണത്തിനും റിപ്പോർട്ടിനുമായി ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയുംചെയ്യുന്നു.

**ദന്തൽ ഹൈജീനിസ്റ്റ് കോഴ്സ്**

200 (200) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ സംസ്ഥാനത്ത് ബാച്ചിലർ ഇൻ ദന്തൽ ഹൈജീനിസ്റ്റ് കോഴ്സ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള ദ്വിവത്സര ദന്തൽ ഹൈജീനിസ്റ്റ് കോഴ്സ് ബാച്ചിലർ കോഴ്സ് ആയി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

**സർക്കാർ ജീവനക്കാരുടെയും ആശ്രിതരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ**

201 (201) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും ആശ്രിതരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ സമയബന്ധിതമായി ആയവ തീർപ്പാക്കാൻ പ്രത്യേക അദാലത്ത് നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉടൻ തീർപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിൽ എത്ര അപേക്ഷകളാണ് തീർപ്പാക്കാൻ ബാക്കിയുള്ളത്?

1365.

(ഡി) ഈ വർഷം ഏത് മാസംവരെ ലഭിച്ച അപേക്ഷകളാണ് പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് തിരിച്ചയച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ 6 സെക്ഷനുകളാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലുള്ളത്. അപേക്ഷകരുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിലാണ് ഓരോ സെക്ഷനുകളും തരംതിരിച്ചിരിക്കുന്നത്. ഓരോ സെക്ഷനിലും തപാലുകൾ ലഭ്യമാകുന്നമുറയ്ക്ക് ബില്ലുകൾ തീർപ്പുകൽപ്പിച്ച് വരുന്നു. പലിശരഹിത ചികിത്സാവായ്പാ ക്രമീകരണം, മാരകരോഗങ്ങൾ, മരണപ്പെട്ട ജീവനക്കാരുടെ ബില്ലുകൾ, ആവശ്യമായ രേഖകൾ സഹിതം ഉള്ള റീ സബ്മിഷൻ തുടങ്ങിയ ചികിത്സാ ബില്ലുകൾക്ക് മുൻഗണന നൽകി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് തിരിച്ചയച്ചുവരുന്നു.

**തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ പദ്ധതി**

202 (202) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന്

വിശദമാക്കാമോ; ഈ പദ്ധതി എപ്പോൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരിയെത്തുടർന്നുണ്ടായ നിയന്ത്രണങ്ങളും തൊഴിലാളികൾ കോവിഡ് ബാധയുടെ ഭീതിയിൽ സ്ഥാപനത്തിൽ ജോലിക്ക് എത്താതിരുന്നതും മാസ്റ്റർ പ്ലാൻ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിരുന്നെങ്കിലും നിലവിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തോടടുക്കുന്നു. ഒന്നാംഘട്ടം മാർച്ച് 2022-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ള രണ്ടാംഘട്ട നിർമ്മാണം രണ്ടുവർഷത്തിനകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

റോഡ് വർക്ക് - 90% മേൽപ്പാലം നിർമ്മാണം - 65% മൾട്ടി ലെവൽ കാർ പാർക്കിംഗ് - ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇലക്ട്രിക്കൽ വർക്കുകൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

നിരീക്ഷണ സംവിധാനം നിലവിലുണ്ട്. കൃത്യമായ ഇടവേളയിൽ വിവിധ തലത്തിൽ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ INKEL-നേയും കരാറുകാരെയും ഉൾപ്പെടുത്തി യോഗം കൂടി പ്രവർത്തനം വിലയിരുത്തുന്നുണ്ട്. അതോടൊപ്പംതന്നെ മാസ്റ്റർ പ്ലാൻ നോഡൽ ഓഫീസർ തലത്തിൽ സ്ഥിരമായ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

## തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ എം.ഡി. കോഴ്സ്

203 (203) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ എം.ഡി. കോഴ്സ് ആരംഭിക്കുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാമോ?

അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ വിഭാഗത്തിൽ എം.ഡി. കോഴ്സ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്ക്

204 (204) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കോവിഡ്, നിപ്പ, എച്ച്1 എൻ1, ഡിഫ്ത്തീരിയ എന്നീ പകർച്ചവ്യാധികൾ ബാധിച്ച രോഗികളെ സുരക്ഷിതരായി കിടത്തുന്നതിന് നിർമ്മിക്കുന്ന ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രൊപ്പോസലിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഇൻഫെക്ഷ്യസ് ഡിസീസ് ബ്ലോക്കിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

## ജില്ലാ ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് കേന്ദ്രങ്ങളിലേയ്ക്ക് കമ്മ്യൂണിക്കേഷൻ ഓഫീസർ നിയമനം

205 (205) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് കേന്ദ്രങ്ങളിലേയ്ക്ക് കമ്മ്യൂണിക്കേഷൻ ഓഫീസർ പോസ്റ്റിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിരുന്നുവോ?

ഇല്ല.

(ബി) ഇതിനായി നിശ്ചയിച്ചിരുന്ന യോഗ്യതകൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

15-12-1989-ലെ സ.ഉ. (കൈ) നം. 266/89/ആ.കു.വ. പ്രകാരം കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിലെ യോഗ്യത താഴെ പറയും പ്രകാരമാണ്.

Qualification

I. Post Graduate Degree or Diploma in Communication/ Journalism/Social Work/Health Education/Community Development from a recognised University/Institution

II. 5 Years experience in supervisory capacities in conducting communication/extension educational activities or in organizing training courses for Health Personnel (Experience Certificate obtained from a competent authority will only be considered).

(സി) ഏതെല്ലാം ജില്ലകളിലാണ് കമ്മ്യൂണിക്കേഷൻ ഓഫീസർ പോസ്റ്റിലേയ്ക്ക് നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പോസ്റ്റിലേയ്ക്ക് ഏതൊക്കെ ജില്ലകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

(സി&ഡി) തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിലെ ആരോഗ്യ കുടുംബക്ഷേമ ട്രെയിനിംഗ് കേന്ദ്രങ്ങളിലേയ്ക്കാണ് കമ്മ്യൂണിക്കേഷൻ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നത്. പ്രസ്തുത കേന്ദ്രങ്ങളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തിക

206 (206) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശപ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ എണ്ണം ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ ആരോഗ്യ വകുപ്പിന് കീഴിൽ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) 2018-ൽ ആർദ്രം പദ്ധതിക്ക് കീഴിൽ അഞ്ഞൂറ്റി നാൽപ്പത്തിയേഴ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചിരുന്നോ; എങ്കിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ടി തസ്തികകൾ ഒഴിവാക്കിയതെന്ന് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയുടെ കീഴിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചിരുന്നു. ആർദ്രം പദ്ധതി നടത്തിപ്പിന് അനിവാര്യമായ തസ്തികകൾ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ.

(സി) ആരോഗ്യ വകുപ്പ് 16 വർഷമായി നടത്തിവരുന്ന ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പ്രസ്തുത സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മുനിസിപ്പൽ കോമൺ സർവ്വീസിൽ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് 1972-ലെ കേരള മുനിസിപ്പൽ കോമൺ സർവ്വീസ് റൂൾസ് പ്രകാരമാണ്. പ്രസ്തുത നിയമനത്തിനുള്ള യോഗ്യതയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ എന്ന കോഴ്സ് ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സ്പെഷ്യൽ റൂൾ അന്തിമമാകുന്നമുറയ്ക്ക് മേൽ പ്രശ്നത്തിന് പരിഹാരമുണ്ടാകുന്നതാണ്.

### ദന്തൽ വിഭാഗം

207 (207) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിൽ ദന്ത വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനാവശ്യമായവിധം ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങളുടെ മാതൃകയിൽ ദന്ത വിഭാഗത്തിന് പ്രത്യേക ഡയറക്ടറേറ്റ് സ്ഥാപിക്കാനും ദന്തൽ ഡയറക്ടറെ നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ബി) ദന്ത വിഭാഗത്തിന്റെ ശാക്തീകരണത്തിനായി നിലവിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള ഏക ദന്തൽ ഡെപ്യൂട്ടി ഡയറക്ടറെ ദന്ത വിഭാഗം അഡീഷണൽ ഡയറക്ടർ ആയി ഉയർത്തണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

തത്കാലം പരിഗണനയിലില്ല.

(സി) ആരോഗ്യ മേഖലയിലെ സീനിയർ ദന്തൽ ഹൈജീനിസ്റ്റുകളെ കേന്ദ്ര മാനദണ്ഡപ്രകാരം ദന്തൽ/ഓറൽ ഹൈജീൻ ആഫീസർ ആയി പുനർ നാമകരണം നടത്താനുള്ള വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

### ഫിസിയോതെറാപ്പിസ്റ്റുകളുടെ സ്ഥിര നിയമനം

208 (208) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ ജനറൽ, ജില്ലാ, താലൂക്കാശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളുടെ എത്ര തസ്തികകൾ ഉണ്ടെന്ന് വിശദമാക്കാമോ?

ആരോഗ്യ വകുപ്പിനുകീഴിൽ ഫിസിയോതെറാപ്പിസ്റ്റിന്റെ 25 തസ്തിക നിലവിലുണ്ട്. ജില്ല, ജനറൽ, താലൂക്കാശുപത്രി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജനറൽ ഹോസ്പിറ്റൽ, തിരുവനന്തപുരം | - 2 |
| ജില്ലാ ഹോസ്പിറ്റൽ, കൊല്ലം | - 2 |
| ജനറൽ ഹോസ്പിറ്റൽ, പത്തനംതിട്ട | - 1 |
| ജനറൽ ഹോസ്പിറ്റൽ, ആലപ്പുഴ | - 1 |
| ജില്ലാ ഹോസ്പിറ്റൽ, ചെങ്ങന്നൂർ | - 1 |
| ജനറൽ ഹോസ്പിറ്റൽ, ചങ്ങനാശ്ശേരി | - 1 |
| ജില്ലാ ഹോസ്പിറ്റൽ, കോട്ടയം | - 1 |
| ജില്ലാ ഹോസ്പിറ്റൽ, പാലാ | - 1 |
| ജില്ലാ ഹോസ്പിറ്റൽ, തൊടുപുഴ | - 1 |
| ജില്ലാ ഹോസ്പിറ്റൽ, ഇടുക്കി | - 1 |
| ജില്ലാ ഹോസ്പിറ്റൽ, മാനന്തവാടി | - 1 |
| ജില്ലാ ഹോസ്പിറ്റൽ, തൃശ്ശൂർ | - 1 |
| ജില്ലാ ഹോസ്പിറ്റൽ, ഇരിങ്ങാലക്കുട | - 1 |
| ജില്ലാ ഹോസ്പിറ്റൽ, മഞ്ചേരി | - 1 |
| ജില്ലാ ഹോസ്പിറ്റൽ, തിരൂർ | - 1 |
| ജനറൽ ഹോസ്പിറ്റൽ, എറണാകുളം | - 2 |
| ജില്ലാ ഹോസ്പിറ്റൽ, കോഴിക്കോട് | - 1 |
| ജില്ലാ ഹോസ്പിറ്റൽ, കണ്ണൂർ | - 1 |
| ജനറൽ ഹോസ്പിറ്റൽ, തലശ്ശേരി | - 2 |
| ജില്ലാ ഹോസ്പിറ്റൽ, പാലക്കാട് | - 1 |
| ജില്ലാ ഹോസ്പിറ്റൽ, കാഞ്ഞങ്ങാട് | - 1 |
| ആകെ | -25. |

(ബി) നിലവിൽ ഫിസിയോതെറാപ്പിസ്റ്റുകൾ ഇല്ലാത്ത ജനറൽ, ജില്ലാ, താലൂക്കാശുപത്രികളിൽ ഫിസിയോതെറാപ്പിസ്റ്റുകളെ നിയമിക്കുന്നത് പരിഗണയിലുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**മലപ്പുറം ബ്ലോക്ക് പ്രാഥമിക ആരോഗ്യകേന്ദ്രം സ്റ്റാഫ് പാറ്റേൺ**

209 (209) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ബ്ലോക്ക് പ്രാഥമിക ആരോഗ്യകേന്ദ്രം അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോവിഡ് പാശ്ചാത്തലത്തിൽ ആവശ്യമായ ജീവനക്കാരുടെ കുറവ് കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുവാനും നിയമനങ്ങൾ നടത്തുവാനും നടപടി സ്വീകരിക്കുമോ?

(എ&ബി) 1-8-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1633/2021/ആ.കു.വ. പ്രകാരം മലപ്പുറം പൂക്കോട്ടൂർ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച് വിശദാംശം നൽകാമോ; ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ പൂക്കോട്ടൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ താഴെപ്പറയുന്ന ഒഴിവുകളാണുള്ളത്. ജെ.പി.എച്ച്.എൻ. ഗ്രേഡ് I: പ്രസ്തുത ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ഉത്തരവ് ലഭ്യമാകാത്തതിനാൽ പ്രസ്തുത ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്. എച്ച്.എ ഗ്രേഡ് II: പ്രസ്തുത ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

**ആശുപത്രികളിൽ കരാർ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാർ**

210 (210) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ എത്ര ജീവനക്കാരെ താൽക്കാലികമായി കരാർ ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ?

(എ&ബി) കോവിഡിനെ തുടർന്ന് സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ താൽക്കാലികമായി കരാർ/ദിവസവേതന അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളവരുടെ (29-9-2021-ലെ കണക്ക് പ്രകാരം) വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളിൽ മഹാമാരി മറികടക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം സ്ഥാപനാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) വിവിധ കാറ്റഗറിയിൽപ്പെട്ട ദിവസവേതന ജീവനക്കാർക്ക് പ്രതിദിനം നൽകുന്ന ശമ്പളം എത്രയാണെന്ന് വിശദമാക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**ജീവനക്കാരുടെ മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്**

211 (211) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട് 31-8-2021 വരെ ലഭിച്ച എത്ര ഫയലുകൾ നിലവിൽ തീർപ്പുകല്പിക്കാനുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ എം.ആർ. സെക്ഷനിൽ 31-8-2021 വരെ ലഭിച്ച മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഫയലുകളിൽ 1041 ഫയലുകൾ തീർപ്പാക്കാനുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഫയലുകൾ തീർപ്പാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിലെ ജീവനക്കാരുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പ്രത്യേകാനുമതിക്കായി സർക്കാരിലേയ്ക്ക് അയച്ചതും ആവശ്യമായ രേഖകൾ ജില്ലാ മെഡിക്കൽ ഓഫീസിൽ (ആരോഗ്യം) ആവശ്യപ്പെട്ടിട്ട് ലഭ്യമാകാത്തതിനാൽ തീർപ്പാക്കാൻ കഴിയാത്തതുമായ 93 ഫയലുകൾ എം.എച്ച്. സെക്ഷനിലും തീർപ്പാക്കാനുണ്ട്. കൂടാതെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽനിന്നും പ്രത്യേകാനുമതി നൽകുന്ന കാര്യത്തിൽ അഭിപ്രായത്തിനായി ലഭ്യമാക്കിയ 150 ഫയലുകളും തീർപ്പാക്കാനുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏത് തീയതിവരെ ലഭിച്ച ഫയലുകളിലാണ് നിലവിൽ തീർപ്പ് കല്പിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ 6 സെക്ഷനുകളാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലുള്ളത്. അപേക്ഷകരുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിലാണ് ഓരോ സെക്ഷനുകളും തരംതിരിച്ചിരിക്കുന്നത്. ഓരോ സെക്ഷനിലും തപാലുകൾ ലഭ്യമാകുന്ന മുറയ്ക്ക് ബില്ലുകൾ തീർപ്പുകൽപ്പിച്ച് വരുന്നുണ്ട്. അടിയന്തര പ്രാധാന്യമുള്ളവ മുൻഗണനാ ക്രമത്തിൽ തീർപ്പാക്കിവരുന്നു.

(സി) ഏത് വിധത്തിലുള്ള ഫയലുകൾക്കാണ് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ അനുമതി ലഭ്യമാകേണ്ടത്; വ്യക്തമാക്കുമോ?

കേരളത്തിലെ എല്ലാ വകുപ്പുകളിലെയും കേന്ദ്ര ജീവനക്കാരുടെയും 1 ലക്ഷം രൂപയിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളും 2 ലക്ഷം രൂപയിൽ കൂടുതലുള്ള സർക്കാർ ആശുപത്രിയിലെ ബില്ലുകളുമാണ് അനുവദനീയ തുക കണക്കാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിക്കുന്നത്.

(ഡി) ചികിത്സാ ചെലവ് വർദ്ധിച്ച സാഹചര്യത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ നിന്നും അനുമതി ലഭ്യമാകേണ്ട ചികിത്സാ ചെലവ് പരിധി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്നും അനുവദനീയ തുക നിശ്ചയിക്കേണ്ട സർക്കാർ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകളുടെ പരിധി 50,000 രൂപ മുതൽ 2 ലക്ഷം രൂപവരെയായും ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അനുവദനീയ തുക നിശ്ചയിക്കേണ്ട സർക്കാർ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകളുടെ പരിധി 2 ലക്ഷം രൂപയ്ക്ക് മുകളിലുമാക്കി 6-10-2017-ലെ സ.ഉ.(കൈ) നം.145/2017/ആ.കു.വ പ്രകാരം പുതുക്കിനിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് സ്വകാര്യ ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾക്കുകൂടി ബാധകമാക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്.

(ഇ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുമായി ബന്ധപ്പെട്ട് ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിന് മാത്രമായി ഫയൽ അദാലത്ത് സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

തീർപ്പാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് പ്രൊബേഷൻ ഡിക്ലറേഷൻ

212 (212) ശ്രീ. തോമസ് കെ. തോമസ്
ശ്രീ. കെ. പി. മോഹനൻ
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ 5-1-2008-ൽ പ്രസിദ്ധീകരിച്ച സീനിയോരിറ്റി ലിസ്റ്റിൽനിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തിയെങ്കിലും അവരുടെ പ്രൊബേഷൻ ഡിക്ലറേഷൻ ആരോഗ്യ വകുപ്പ് ഡയറക്ടർ നിരസിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യ വകുപ്പിൽ 1-1-1997 മുതൽ 31-3-2000 വരെ സേവനത്തിൽ പ്രവേശിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലെ ജീവനക്കാരുടെ സീനിയോറിറ്റിയിൽ എച്ച്.ഐ.സി, എസ്.ഐ.സി ടെക്നിക്കൽ യോഗ്യതയിലെ മുൻഗണന സംബന്ധിച്ച് നിരവധി തർക്കങ്ങളും കോടതി വ്യവഹാരങ്ങളും നിലവിലുണ്ട്. പ്രസ്തുത സീനിയോറിറ്റി തർക്കംകാരണം ആരോഗ്യ വകുപ്പിലെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ സ്ഥാനക്കയറ്റം മുടങ്ങുകയുണ്ടായി. 2018 കാലഘട്ടത്തിൽ സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക സമയത്ത് ഫീൽഡ് വിഭാഗം ജീവനക്കാരുടെ കുറവ് പൊതുജനാരോഗ്യ പ്രവർത്തനങ്ങളെ ബാധിച്ചു. ഈ സാഹചര്യത്തിൽ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലുള്ള SLP No-12363/2018, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള OA No-620/2018 കേസുകളുടെ അന്തിമവിധിക്ക് വിധേയമായി 5-1-2008-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റ് പ്രകാരം നിലവിലുള്ള ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 തസ്തികയിലെ ഒഴിവുകളിലേയ്ക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നടത്തുന്നതിന് 12-9-2018-ലെ സ.ഉ.(സാധാ) നം-2797/2018/ആ.കു.വ. പ്രകാരം അനുമതി നൽകിയിരുന്നു. സ്ഥാനക്കയറ്റം നൽകുന്നത് താൽക്കാലികവും SLP No-12363/2018, OA No- 620/2018 എന്നീ കേസുകളുടെ അന്തിമവിധിക്ക് വിധേയവുമാണ് എന്ന് ഉത്തരവിൽ രേഖപ്പെടുത്തിയിരുന്നു. താൽക്കാലിക സ്ഥാനക്കയറ്റം നൽകിയ ജീവനക്കാരുടെ സേവനം ക്രമവൽക്കരിച്ചതിനുശേഷം മാത്രമേ പ്രസ്തുത ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവാകുന്നതിന് കഴിയുകയുള്ളൂ. ഈ സാഹചര്യത്തിലാണ് 5-1-2008-ൽ പ്രസിദ്ധീകരിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -2 സ്ഥാനക്കയറ്റം നടത്തിയ ജീവനക്കാരുടെ പ്രൊബേഷൻ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയാത്തത്.

(ബി) പ്രസ്തുത കാരണത്താൽ ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ പരാതി പരിഹരിച്ച് അർഹതപ്പെട്ട പ്രൊമോഷൻ അടിയന്തരമായി ലഭ്യമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലുള്ള SLP No-12363/2018, ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള OA No-620/2018 എന്നീ കേസുകളുടെ അന്തിമവിധി വന്നതിനുശേഷം മറ്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമേ ടിയാളുകൾക്ക് പ്രൊമോഷൻ നൽകുവാൻ കഴിയുകയുള്ളൂ.

## വയനാട് ജില്ലയിലെ ആശുപത്രികളിലെ ഒഴിവുകൾ

213 (213) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിവിധ ആശുപത്രികളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫുകളുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആരോഗ്യ വകുപ്പിനുകീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലുള്ള ഒഴിവുകളുടെ വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു*. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ താഴെ പറയുന്ന തസ്തികകളിൽ ഒഴിവുകളുണ്ട്.

| തസ്തിക | നിലവിലുള്ള ഒഴിവുകളുടെ എണ്ണം |
|---|---|
| പ്രൊഫസർ | 3 |
| അസ്സോസിയേറ്റ് പ്രൊഫസർ | 21 |
| അസിസ്റ്റന്റ് പ്രൊഫസർ | 23 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II | 1 |
| ജൂനിയർ ലാബ് അസിസ്റ്റന്റ് | 2 |
| ലൈബ്രേറിയൻ ഗ്രേഡ് IV | 2 |
| മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ ഗ്രേഡ് II | 2 |
| ഫുൾ ടൈം സ്വീപ്പർ പാർട്ട് ടൈം സ്വീപ്പർ 2 | 1 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വയനാട് ജില്ലയിലെ ഏതെല്ലാം ആശുപത്രികളിലാണ് പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തേണ്ടതായിട്ടുള്ളത്; വിശദ വിവരങ്ങൾ നൽകാമോ?

വയനാട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ആദ്യ വർഷ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിനാവശ്യമായ തസ്തികകൾ നിലവിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആർദ്രം കർമ്മ പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി മാറ്റിയ ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ സുഗമമായ പ്രവർത്തനത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത തസ്തികകൾ സൃഷ്ടിക്കാൻ കഴിയുമോയെന്നകാര്യം പരിശോധിക്കുന്നതാണ്. എന്നാൽ ജീവനക്കാരുടെ അഭാവംമൂലം ആശുപത്രികളുടെ പ്രവർത്തനങ്ങൾ തടസ്സം വരാതിരിക്കുന്നതിന് NHM മുഖേനയും മറ്റുമായി താൽക്കാലിക ജീവനക്കാരുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്.

(സി) നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നിലവിൽ തസ്തികകളുടെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിനുകീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

നിലവിലുള്ള കൺസൾട്ടന്റ് തസ്തികയിലെ ഡോക്ടർമാരുടെ ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനായി വകുപ്പുതല ഉദ്യോഗ കമ്മിറ്റി കൂടുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ ഡോക്ടർമാരുടെ ഒഴിവ് കൗൺസിലിംഗ് മുഖേന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വയനാട് ജില്ലാ മെഡിക്കൽ ഓഫീസിൽ അനുവദിച്ചിട്ടുള്ള ഡെപ്യൂട്ടി ഡിസ്ട്രിക്ട് എജ്യൂക്കേഷൻ & മീഡിയാ ഓഫീസറുടെ ഒഴിവ് നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -2, വയനാട് ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II പി.എസ്.സി റാങ്ക് പട്ടിക നിലവിലില്ലാത്തതിനാൽ അഡ്ഹോക്ക് വ്യവസ്ഥയിൽ താൽക്കാലിക നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്-I, തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് സാങ്കേതിക തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ കോവിഡ് സാഹചര്യം തരണംചെയ്യുന്നതിനായി മുഴുവൻ ഒഴിവുകളിലേയ്ക്കും അഡ്ഹോക് വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

പബ്ലിക് ഹെൽത്ത് നഴ്സ് - ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ് I തസ്തികയിൽനിന്നും പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനായി സ്പെഷ്യൽ റൂൾസ് പ്രകാരം ആറ് മാസത്തെ എഫ്.എച്ച്.എസ്. ട്രെയിനിംഗ് ആവശ്യമാണ്. അപ്രകാരം ട്രെയിനിംഗ് ലഭിച്ചവർ നിലവിലില്ല. താൽക്കാലിക പ്രൊമോഷൻ നടത്തുന്നത് സംബന്ധിച്ചുള്ള വിഷയം സർക്കാർ പരിശോധിച്ച് വരുന്നു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - വയനാട് ജില്ലയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ടി തസ്തികയിലെ ഒഴിവുകൾ അഡ്ഹോക്ക് നിയമനം മുഖാന്തരം നികത്തിയിരുന്നു. എന്നാൽ നിയമന കാലാവധി അവസാനിച്ചതിനാൽ തുടർന്നുള്ള അഡ്ഹോക്ക് നിയമനത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I - ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ല. അന്തിമ സീനിയോറിറ്റി പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലെ ഒഴിവുകൾ നികത്തുന്നതാണ്. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റത്തിലൂടെ നികത്താനുള്ള നടപടി സ്വീകരിച്ച് പോരുന്നു.

ഫീൽഡ് വർക്കർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. എംപ്ലോയ്മെന്റ് മുഖാന്തരം നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ട്. ഇൻസെക്ട് കളക്ടർ തസ്തികയിലെ ഒഴിവ് സ്ഥാനക്കയറ്റം മുഖാന്തരം നികത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഡിസ്ട്രിക്ട് വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ തസ്തികയുടെ ഒരു ഫീഡർ വിഭാഗമായ അസിസ്റ്റന്റ് എന്റമോളജിസ്റ്റ് തസ്തികയിലെ നിലവിലെ ജീവനക്കാരിൽ ചിലരുടെ നിയമനവും സീനിയോറിറ്റിയും സംബന്ധിച്ച് തർക്കവും കോടതി വ്യവഹാരങ്ങളും നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കുന്നമുറയ്ക്ക് ടി തസ്തികയിലെ ഒഴിവ് നികത്തുന്നതാണ്. ബയോളജിസ്റ്റ്-ബയോളജിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിന് ഫീഡർ വിഭാഗം ജീവനക്കാരിൽനിന്ന് ലഭിച്ച അപേക്ഷയിൽ നിലവിൽ സീനിയോറിറ്റി തർക്കമില്ലാത്ത 5 പേർക്ക് സംസ്ഥാനത്താകെയുള്ള ബയോളജിസ്റ്റ് തസ്തികയിലെ 8 ഒഴിവിൽനിന്ന് 5 എണ്ണം വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ അംഗീകാരത്തോടെ സ്ഥാനക്കയറ്റം നടത്തി നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II - ഈ തസ്തികയിലെ നിലവിലെ ഒഴിവ് നികത്തുന്നതിലേയ്ക്കായി വകുപ്പുതല സ്ഥാനക്കയറ്റ സമിതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I - ഈ തസ്തികയുടെ വിശേഷാൽ ചട്ടം 12-12-2017-ലെ GO(P) 75/2017/H&FWD എന്ന ഉത്തരവിലൂടെയാണ് രൂപീകരിക്കപ്പെടുന്നത്. പ്രസ്തുത ഉത്തരവ് പ്രസിദ്ധീകരിക്കുന്നത് വരെ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I/ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലേയ്ക്ക് താൽക്കാലികമായാണ് സ്ഥാനക്കയറ്റം നടത്തിയത്. ടി തസ്തികയുടെ ഫീഡർ വിഭാഗമായ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രസ്തുത തസ്തികയിലെ നിയമനം ക്രമപ്പെടുത്തിയാൽ മാത്രമേ തുടർന്നുള്ള ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ നിലവിലെ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -2 തസ്തികയിലെ ജീവനക്കാരുടെ താൽക്കാലിക സ്ഥാനക്കയറ്റം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഫാർമസിസ്റ്റ് ഗ്രേഡ് 2, നഴ്സിംഗ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ നഴ്സിംഗ് ഓഫീസർ തസ്തികയിലെ സ്ഥാനക്കയറ്റത്തിനായി സെലക്ട് ലിസ്റ്റ് നിലവിലില്ല. ദന്തൽ ഹൈജീനിസ്റ്റ്, ഒപ്റ്റോമെടിസ്റ്റ്, ട്രീറ്റ്മെന്റ് ഓർഗനൈസർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ദന്തൽ ഹൈജീനിസ്റ്റ്, ട്രീറ്റ്മെന്റ് ഓർഗനൈസർ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ട്രീറ്റ്മെന്റ് ഓഗനൈസർ തസ്തികയിൽ എംപ്ലോയ്മെന്റ് മുഖേന താല്ക്കാലിക നിയമനം നടത്തിയിട്ടുണ്ട്. ഇ.സി.ജി ടെക്നീഷ്യന്റെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലില്ല. ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തിക ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും ടി തസ്തികയുടെ നിയമന രീതി, യോഗ്യത എന്നിവ സംബന്ധിച്ച് സർക്കാരിൽ നിന്നും ഉത്തരവ് ലഭ്യമായിട്ടില്ലാത്തതിനാൽ ടി തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2 തസ്തികയിലെ ഒരു ഒഴിവ് (എസ്.സി/എസ്.ടി) സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേക്കൻസിയായി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. ടി തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - 2 തസ്തികയിലുള്ള 22 ഒഴിവുകളിൽ 18 എണ്ണം ജില്ലാ കളക്ടറുടെ പൊതു സീനിയോറിറ്റി ലിസ്റ്റിൽനിന്നും നികത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 ഒഴിവുകൾ ജില്ലയിലെ യോഗ്യരായ പാർട്ട് ടൈം സ്വീപ്പറുടെ സ്ഥാനക്കയറ്റം മുഖേന നികത്തുന്നതാണ്. ജൂനിയർ സയന്റിഫിക് ഓഫീസർ തസ്തികയിലെ ഒഴിവുകൾ പ്രൊമോഷൻവഴിയാണ് നികത്തുന്നത്. ആയതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ക്ലർക്ക്, ക്ലർക്ക് ടൈപ്പിസ്റ്റ്, മെഡിക്കൽ

റെക്കോർഡ്സ് ലൈബ്രേറിയൻ, ഡ്രൈവർ ഗ്രേഡ് II, ഹെൽപ്പർ മെക്കാനിക്ക് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പുതുക്കാട് താലൂക്കാശുപത്രിയിലെ സി.എഫ്.എൽ.ടി.സി.-യുടെ നിർമ്മാണം

214 (214) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്കാശുപത്രിയിൽ അനസ്തെറ്റിസ്റ്റ്, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തുടങ്ങിയ തസ്തികകളിൽ നിയമനം നടത്തുന്നതിനും അതുവഴി ഇപ്പോഴുള്ള സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം അതത് ഡിപ്പാർട്ട്മെന്റുകളിൽ മാത്രമായി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

പുതുക്കാട് താലൂക്കാശുപത്രിയിൽ അനസ്തേഷ്യ വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ ഒരു തസ്തികയുണ്ട്. ടി തസ്തികയിൽ നിലവിൽ ഒരു ഡോക്ടർ ജോലി ചെയ്യുന്നുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തിക നിലവിലില്ല.

(ബി) പുതുക്കാട് താലൂക്കാശുപത്രിയിൽ അനുവദിച്ചിട്ടുള്ള 20 കിടക്കകളോടുകൂടിയ സി.എഫ്. എൽ. ടി. സി.യുടെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്നും എന്നു മുതൽ പ്രവർത്തനസജ്ജമാകുമെന്നും വ്യക്തമാക്കാമോ;

(സി) ഇതിനായുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(ബി&സി) 10 കിടക്കകളോടുകൂടിയ ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി പുതുക്കാട് താലൂക്കാശുപത്രിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

## മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഏർലി ഡിറ്റക്ഷൻ സെന്ററും ക്ലിനിക്കും സ്ഥാപിക്കൽ

215 (215) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻഡോസൾഫാൻ ബാധിതരുൾപ്പെടെ വ്യാപകമായ തോതിൽ കാൻസർ രോഗികളുള്ള കാസർഗോഡ് ജില്ലയിൽ മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒരു ക്ലിനിക്കും ഏർലി ഡിറ്റക്ഷൻ സെന്ററും അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

നിലവിൽ കാസർഗോഡ് ജില്ലയിൽ മലബാർ കാൻസർ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ചെറുവത്തൂരും തൃക്കരിപ്പൂരും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോടുചേർന്ന് പ്രാരംഭ അർബുദ നിർണ്ണയ ക്ലിനിക്ക് പ്രവർത്തിക്കുന്നുണ്ട്. നീലേശ്വരം ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 2016-ൽ അതിജീവനം പദ്ധതിയുടെ ഭാഗമായാണ് ഇവ തുടങ്ങിയത്. കൂടാതെ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ മലബാർ കാൻസർ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ കാസർഗോഡ് ജില്ലയിലെ ചിറ്റാരിക്കരയിൽ മറ്റൊരു പ്രാരംഭ അർബുദ നിർണ്ണയ ക്ലിനിക്കും പ്രവർത്തിക്കുന്നുണ്ട്. ഈ ക്ലിനിക്കുകളിൽ വായയിലെ അർബുദം, ഗർഭാശയഗള അർബുദം, സ്തനാർബുദം എന്നിവ നിർണ്ണയിക്കുവാനുള്ള പ്രാഥമിക പരിശോധനകൾ ലഭ്യമാണ്.

**കോന്നി മണ്ഡലത്തിൽ സിദ്ധ ആശുപത്രികൾ**

216 (216) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ പുതുതായി സിദ്ധ ആശുപത്രികൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നറിയിക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ആരോഗ്യ വകുപ്പിന് കീഴിലെ 'ഐക്കോൺസ്'**

217 (217) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഐക്കോൺസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സർക്കാരിന്റെ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ദീർഘ കാലമായി ഒഴിഞ്ഞുകിടന്നിരുന്ന ഡയറക്ടർ തസ്തികയിലേയ്ക്ക് ശ്രീചിത്തിര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ന്യൂറോളജി വിഭാഗം തലവനും പ്രഗത്ഭനായ ന്യൂറോളജിസ്റ്റുമായ ഡോ. സഞ്ചീവ് വി.തോമസിനെ അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. പുതിയതായി ഒരു സൈക്യാട്രിസ്റ്റിനെ നിയമിക്കുന്നതിനും കൂടുതൽ വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഷൊർണ്ണൂർ ഐക്കോൺസിൽ സ്ട്രോക്ക് ചികിത്സ നടത്തുന്നതിനായി ഒരു സ്ട്രോക്ക് വാർഡ് പ്രവർത്തനക്ഷമമാക്കികൊണ്ടിരിക്കുകയാണ്. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന BASLP കോഴ്സിനുപുറമെ ഗവേഷണ മേഖലയിൽ ഗൗരവപരമായ പല ഗവേഷണങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) നിലവിൽ ഐക്കോൺസിന്റെ ഗവേണിംഗ് ബോർഡ് പുന:സംഘടിപ്പിച്ചിട്ടുണ്ടോ; ഗവേണിംഗ് ബോർഡിൽ സ്ഥാപനം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ എം.എൽ.എ.-യെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻവേണ്ട നടപടി സ്വീകരിക്കുമോ?

ഐക്കോൺസിന്റെ ഗവേണിംഗ് ബോഡി 5-9-2019-ലെ സർക്കാർ ഉത്തരവ് നം. 2184/2019/ആ.ക.വ. പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ ജനപ്രതിനിധികളായി തിരുവനന്തപുരം കോർപ്പറേഷൻ മേയറേയും ഷൊർണ്ണൂർ മുനിസിപ്പൽ ചെയർ പേഴ്സണേയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗവേണിംഗ് ബോഡിയിൽ സ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തെ എം.എൽ.എ.-യെ ഉൾപ്പെടുത്തുന്ന വിഷയം ഗവേണിംഗ് ബോഡി തലത്തിൽ തീരുമാനിക്കേണ്ടതാണ്.

(സി) ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം 11-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ പുനർനിർണ്ണയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

10-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുശേഷം മാത്രമേ 11-ാം ശമ്പള കമ്മീഷന്റെ അടിസ്ഥാനത്തിൽ ഐക്കോൺസിലെ ജീവനക്കാരുടെ ശമ്പളം പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**രജിസ്റ്റേഡ് ദന്തൽ ഹൈജീനിസ്റ്റുകൾ**

218 (218) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദന്തൽ കൗൺസിൽ രജിസ്ട്രേഷൻ ഉള്ള എത്ര ദന്തൽ ഹൈജീനിസ്റ്റുകൾ ഉണ്ടെന്ന് അറിയിക്കാമോ?

567 പേർ.

(ബി) കേരള ദന്തൽ കൗൺസിലിൽ ദന്തൽ ഹൈജനിസ്റ്റുകളുടെ പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല. ദന്തൽ ഹൈജീനിസ്റ്റുകളുടെ പ്രതിനിധിയെ കേരള ദന്തൽ കൗൺസിലിൽ ഉൾപ്പെടുത്തുന്നതിന് 1948-ലെ ഡെന്റിസ്റ്റ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

(സി) ദന്തൽ കൗൺസിൽ രജിസ്ട്രേഷൻ ഇല്ലാത്ത ദന്തൽ ഹൈജീനിസ്റ്റുകൾ ആരോഗ്യ വകുപ്പിനുകീഴിൽ ദന്തൽ വിഭാഗത്തിൽ ജോലി ചെയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എങ്കിൽ അപ്രകാരമുള്ള കേസുകൾക്ക് ദന്തൽ കൗൺസിൽ ചുമത്തുന്ന ശിക്ഷാനടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കേരള ഡെന്റൽ കൗൺസിലിൽ രജിസ്റ്റർ ചെയ്യാതെ പ്രാക്ടീസ് ചെയ്യുന്നവെന്ന് കാണുന്നപക്ഷം അവർക്കെതിരെ ക്രിമിനൽ നിയമ നടപടിക്ക് ശിപാർശ ചെയ്യുവാൻ ദന്തൽ കൗൺസിലിന് അധികാരമുണ്ട്.

**കണ്ണടയും ഇവയുടെ ലെൻസുകളുടെയും നിർമ്മാണവും വിൽപ്പനയും**

219 (219) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിൽ 'കണ്ണടകൾ', ഇവയുടെ ലെൻസുകൾ എന്നിവ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് ആരോഗ്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് പൊതുമേഖലയിൽ 'കണ്ണടകൾ', ഇവയുടെ ലെൻസുകൾ എന്നിവ നിർമ്മിക്കുന്ന സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ല.

(ബി) സ്വകാര്യ കമ്പനികൾ മാത്രം പ്രവർത്തിക്കുന്ന ഈ മേഖലയിൽ, സർക്കാർ ഉടമസ്ഥതയിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇത്തരം യൂണിറ്റുകൾ പ്രവർത്തിച്ചാൽ ഒരുപരിധിവരെ പൊതുവിപണിയിൽ ഇവയുടെ വില കുറച്ചുകൊണ്ടുവരാൻ കഴിയുകയില്ലേ;

(സി) ഇതിനായി എന്തെങ്കിലും സംവിധാനമേർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(ബി &സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) വനിതകളുടെ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി താലൂക്കാശുപത്രികൾ മുതൽ നേത്രരോഗവിഭാഗമുള്ള എല്ലാ ആശുപത്രികളിലും കണ്ണടകളുടെ വില്പനയ്ക്ക് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

എറണാകുളം ജില്ലയിലെ ജില്ലാ ആശുപത്രി, ആലുവ താലൂക്ക് ആസ്ഥാന ആശുപത്രി, നോർത്ത് പറവൂർ എന്നീ സ്ഥാപനങ്ങളിൽ SHE OPTICALS പ്രവർത്തിക്കുന്നു. കൂടുതൽ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന വിഷയം പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## സംസ്ഥാനത്തെ കോവിഡ് വ്യാപനം സംബന്ധിച്ച് കേന്ദ്ര സംഘത്തിന്റെ നിഗമനങ്ങൾ

220 (220) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ മറ്റു സംസ്ഥാനങ്ങളിൽ കോവിഡ് വ്യാപനം കുറയുമ്പോൾ സംസ്ഥാനത്ത് കോവിഡ് കേസുകളും മരണങ്ങളും കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇന്ത്യയൊട്ടാകെ രണ്ടാം തരംഗം ആരംഭിച്ചത് മാർച്ച് മാസത്തോടു കൂടിയാണെങ്കിലും കേരളത്തിലെ കേസുകൾ വർദ്ധിച്ചുതുടങ്ങിയത് ഏപ്രിൽ ആദ്യ വാരത്തോടെയാണ്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ നിലവിലെ കേസുകൾ കൂടുതലാണെങ്കിലും ഇത് ഒരു ഘട്ടത്തിലും കേരളത്തിലെ ആരോഗ്യ സംവിധാനത്തെ സമ്മർദ്ദത്തിലാക്കുന്ന തരത്തിലേയ്ക്കെത്തിയിരുന്നില്ല. ഏപ്രിൽ മാസത്തിൽ കേസുകൾ വർദ്ധിച്ചു തുടങ്ങി മേയ്, ജൂൺ മാസങ്ങളിൽ അതിന്റെ പാരമ്യത്തിലെത്തുകയും പിന്നീട് കുറഞ്ഞു തുടങ്ങുകയും ചെയ്തു. ഇതോടൊപ്പം ഐ.സി.എം.ആർ.-ന്റെ സീറോ സർവയിലൻസ് പഠനവും എടുത്തുപറയേണ്ട ഒന്നാണ്. ഈ പഠനത്തിൽ കേരളത്തിലെ രോഗ വ്യാപനം 44% പേരിൽ മാത്രമാണെന്നും അതിനാൽത്തന്നെ പ്രമേഹവും രക്താദിസമർദവും ഏറ്റവുമധികമുള്ള കേരളത്തിൽ ഇനിയും കൂടുതലാളുകൾക്ക് രോഗം വരാനുള്ള സാധ്യതയുണ്ട് എന്നുമാണ് കണ്ടെത്തിയത്. ഇത് സൂചിപ്പിച്ചത് കേരളത്തിലെ കോവിഡ് പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്നാണ്. മാത്രമല്ല, ഓണത്തിന് ശേഷവും കേരളത്തിൽ കേസുകളുടെ എണ്ണത്തിൽ വലിയൊരു കുതിച്ചുചാട്ടം പ്രതീക്ഷിച്ചിരുന്നു എങ്കിലും ചിട്ടയായ പ്രവർത്തനത്തിലൂടെ അത് തടയാൻ നമുക്കായി. പ്രതിമാസ മരണങ്ങുടെ എണ്ണവും മരണനിരക്കും ജനസാന്ദ്രതയും മറ്റു അനുബന്ധ രോഗങ്ങളും കൂടുതലുള്ള കേരളംപോലൊരു സംസ്ഥാനത്ത് വർദ്ധിച്ചിട്ടില്ല എന്നതും എടുത്തുപറയേണ്ടതാണ്.

(ബി) സംസ്ഥാനത്ത് കോവിഡ് വ്യാപനം കുറയാത്ത സാഹചര്യത്തിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർതലത്തിൽ എന്തെങ്കിലും പഠനങ്ങൾ നാളിതുവരെ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഇതിനെപ്പറ്റി കൂടുതൽ മനസ്സിലാക്കുന്നതിനുവേണ്ടി സംസ്ഥാനം സീറോ സർവയിലൻസ് പഠനം നടത്തിയിട്ടുണ്ട്. അതിന്റെ വിശകലന റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇതുവഴി നിലവിലെ രോഗവ്യാപന നിരക്കും കുട്ടികളിൽ എത്രത്തോളം പേർക്ക് രോഗപ്രതിരോധ ആന്റിബോഡികളുണ്ടെന്നും മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

(സി) ആർ.ടി.പി.സി.ആർ. ടെസ്റ്റിന് പകരം ആന്റിജൻ ടെസ്റ്റുകൾ വ്യാപകമാക്കിയതാണ് രോഗവ്യാപനത്തിനുള്ള ഒരു കാരണം എന്ന കേന്ദ്ര സംഘത്തിന്റെ കണ്ടെത്തൽ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്?

കേരളം തുടക്കം മുതൽ ആന്റിജൻ, ആർ.ടി.പി.സി.ആർ. അധിഷ്ഠിത ടെസ്റ്റിംഗ് വഴി ഫോക്കസ്ഡ് ടെസ്റ്റിംഗ് പിന്തുടർന്നുവന്നിരുന്നു. എല്ലാ രോഗലക്ഷണക്കാരെയും ആർ.എ.ടി./ആർ.ടി.പി.സി.ആർ. ഉപയോഗിച്ച് പരിശോധിക്കുകയും എന്നാൽ രോഗലക്ഷണമുള്ള ആർ.എ.ടി. നെഗറ്റീവ് ഉണ്ടെങ്കിൽ, ആർ.ടി.പി.സി.ആർ. ടെസ്റ്റിംഗ് നടത്തുകയും ചെയ്യുകയാണ് ചെയ്തിരുന്നത്. രോഗലക്ഷണമുള്ള ആളുകളിൽ ആന്റിജൻ ടെസ്റ്റുകൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിനാൽ, രോഗലക്ഷണം ആരംഭിച്ചതിനുശേഷം ഒരു നിശ്ചിത ദിവസങ്ങൾക്കുള്ളിൽ, രോഗലക്ഷണമുള്ള ആളുകളിൽ ആന്റിജൻ ടെസ്റ്റുകൾ ഇടയ്ക്കിടെ ഉപയോഗിക്കുന്നു. കോവിഡ്-19 ഉള്ള ഒരു വ്യക്തിയുമായി വ്യക്തിക്ക് അറിയപ്പെടുന്ന എക്സ്പോഷറുള്ള രോഗനിർണ്ണയ ടെസ്റ്റിംഗ് സാഹചര്യങ്ങളിലും ആന്റിജൻ ടെസ്റ്റുകൾ വിജ്ഞാനപ്രദമായേക്കാം. കൂടാതെ രോഗലക്ഷണമില്ലാത്ത കേസുകൾ സാർസ്-കോവി-2-ന്റെ വ്യാപനത്തിന് ഗണ്യമായ സംഭാവന നൽകാൻ സാധ്യതയില്ല. മാത്രമല്ല ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് കൂടുതലുള്ള സ്ഥലങ്ങളിൽ രണ്ടാം തരംഗത്തിന്റെ സമയത്ത് തന്നെ ആർ.ടി.പി.സി.ആർ. ടെസ്റ്റിംഗ് നിരക്ക് കൂട്ടുകയും ചെയ്തിരുന്നു. എന്നാൽ ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം കുറയ്ക്കുകയും ആർ.ടി.പി.സി.ആർ. ടെസ്റ്റിംഗ് നിരക്ക് കൂട്ടുകയും ചെയ്യണം എന്ന കേന്ദ്ര നിർദ്ദേശത്തെ തുടർന്ന് കേരളം ഇപ്പോൾ ആർ.ടി.പി.സി.ആർ. ടെസ്റ്റിംഗാണ് കൂടുതൽ നടത്തുന്നത്.

(ഡി) കേന്ദ്ര ആരോഗ്യ സംഘത്തിന്റെ മറ്റ് നിർദ്ദേശങ്ങൾ എന്തൊക്കെ ആയിരുന്നുവെന്നും ഓരോ നിർദ്ദേശത്തിന്മേലും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

കേന്ദ്ര സംഘത്തിന്റെ നിർദ്ദേശങ്ങളും സംസ്ഥാനം സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു:

1. കണ്ടയിൻമെന്റ് സോൺ നിർണ്ണയവും കോണ്ടാക്റ്റ് ട്രേസിങ്ങും ശക്തിപ്പെടുത്തുക. ഇതിൻപ്രകാരം ആരോഗ്യ വിദഗ്ധരോട് കൂടിയാലോചിച്ച് ടി.പി.ആർ. നിർണ്ണയത്തിൽനിന്നും ഡബ്ല്യൂ.ഐ.പി.ആർ. നിർണ്ണയത്തിലേയ്ക്ക് സംസ്ഥാനം മാറി.

2. സാമൂഹിക വ്യാപനം നിൽക്കുന്ന സാഹചര്യത്തിൽ പ്രായോഗികമായി കോണ്ടാക്റ്റ് ട്രേസിംഗും ശക്തിപ്പെടുത്താനായി നിർദ്ദേശം ജില്ലകൾക്ക് നൽകി.

3. ആശുപത്രി കിടക്കകളുടെ എണ്ണവും രോഗികളുടെ എണ്ണവും പരിശോധിക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. അത് സസൂക്ഷ്മം വിലയിരുത്തുകയും ഓക്സിജൻ കിടക്കകളുടെയും ഐ.സി.യു. കിടക്കകളുടെയും എണ്ണവും മോണിട്ടർ ചെയ്യുകയും ചെയ്തുവരുന്നു. മാത്രമല്ല ആശുപത്രി കിടക്കകളുടെ ഒക്യുപൻസി സംബന്ധിച്ച വിവരങ്ങൾ ആരോഗ്യവകുപ്പിന്റെ ബുള്ളറ്റിനിൽ പബ്ലിഷ് ചെയ്തുവരുന്നു.

4. ഡെത്ത് സർട്ടിഫിക്കേഷൻ നടത്തുന്നത് ഐ.സി.എം.ആർ/കേന്ദ്ര ആരോഗ്യ മന്ത്രാലയ മാർഗ്ഗനിർദ്ദേശപ്രകാരമാണ്. ആദ്യം മുതൽത്തന്നെ ഇതേ രീതിയാണ് തുടർന്നുപോരുന്നത്.

5. വീടുകളിലെ നിരീക്ഷണം ശക്തിപ്പെടുത്താൻ നിർദേശം നൽകി.

6. വാക്സിനേഷൻ കൂടുതൽ ശക്തിപ്പെടുത്താൻ നിർദേശം നൽകി

7. കൂടുതൽ ആളുകളുടെ ഒത്തുചേരലുകൾ ഒഴിവാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചു.

8. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ട ബോധവൽക്കരണങ്ങൾ ഊർജ്ജിതപ്പെടുത്താൻവേണ്ട നിർദ്ദേശങ്ങൾ ജില്ലകൾക്ക് നൽകി.

**കോവിഡാനന്തര രോഗങ്ങൾ**

221 (221) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 രോഗം ഭേദമായവർക്ക് കോവിഡാനന്തര രോഗങ്ങൾ ബാധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡ്-19 രോഗം ഭേദമായവർക്ക് കോവിഡാനന്തര രോഗങ്ങൾ ബാധിക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം ഒരു പഠനം നടത്തിയിട്ടുണ്ട്. കോവിഡ് ബാധിച്ച് 25 ദിവസം കഴിഞ്ഞിട്ടും മൂന്നിൽ രണ്ടുപേർക്കും പലവിധ കോവിഡ് സംബന്ധിച്ച ബുദ്ധിമുട്ടുകൾ നിലനിന്നിരുന്നു എന്നാണ് ഈ പഠനത്തിൽ വ്യക്തമായത്. തിരുവനന്തപുരം, കോട്ടയം, കൊല്ലം മെഡിക്കൽ കോളേജുകളിൽ ഇത് സംബന്ധിച്ച് പഠനം നടന്നുവരുന്നു. ആലപ്പുഴ, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ പഠനം ആരംഭിക്കുന്നു. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ പോസ്റ്റ്

കോവിഡ് സിൻഡ്രോമിന് ചികിത്സ തേടുന്ന രോഗികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും പഠിക്കുന്നതിനായി രണ്ട് ഗവേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കോവിഡാനന്തര രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സ നൽകുന്നതിൽ പ്രത്യേക സൗകര്യങ്ങൾ എന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് കോവിഡ് രോഗം വന്ന് രോഗമുക്തി നേടിയവരിൽ വിവിധതരം ആരോഗ്യ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ആരംഭിച്ച് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കിവരുന്നു. കോവിഡ് മുക്തരായ എല്ലാ രോഗികൾക്കും പോസ്റ്റ് കോവിഡ് ക്ലിനിക്കിന്റെ പ്രയോജനം ലഭിക്കുന്നതാണ്. നിസ്സാരമായ ക്ഷീണവും കിതപ്പും മുതൽ ഗുരുതരമായ ഹൃദ്രോഗങ്ങൾവരെ പോസ്റ്റ് കോവിഡ് സിൻഡ്രോമിൽ ഉൾപ്പെടുന്നു. ഈ രോഗങ്ങളെ മുൻകൂട്ടി കണ്ടെത്തുന്നതിനും അവയ്ക്ക് ഫലപ്രദമായ ചികിത്സ നൽകുന്നതിനും തുടർ ചികിത്സ നൽകുന്നതിനുമാണ് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ സ്ഥാപിച്ചിരിക്കുന്നത്. നിസ്സാര ലക്ഷണമുള്ളവരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സിക്കുകയും തുടർ ചികിത്സ ആവശ്യമുള്ളവരെയും ഗുരുതര രോഗലക്ഷണങ്ങളുള്ളവരെയും താലൂക്കാശുപത്രികളിലും ജില്ലാ ആശുപത്രികളിലും പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ക്ലിനിക്കുകളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. കൂടാതെ, മെഡിക്കൽ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും ഇതിനായി ഉപയോഗപ്പെടുത്തിവരുന്നു.

**കോവിഡ്- നഷ്ടപരിഹാരം**

222 (222) <u>ശ്രീ. പി. ജെ. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലം മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ "Guidelines for Ex-Gratia assistance to next of kin of the deceased by Covid-19" മാനദണ്ഡമനുസരിച്ച് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന്

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പുതുക്കിക്കൊണ്ട് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25-9-2021-ലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി. പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ്-19 കേസിന്റെ തീയതി മുതൽ കോവിഡ്-19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം ബാധകമാണ്. ധനസഹായ വിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽ ഭേദഗതിയോടെ അംഗീകരിക്കുകയും ടി പോർട്ടൽവഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്.

(ബി) നാളിതുവരെ സംസ്ഥാനത്ത് എത്രപേർക്ക് ഫസ്റ്റ് ഡോസ്, സെക്കന്റ് ഡോസ് വാക്സിനുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 29 സെപ്റ്റംബർ 2021 വരെ 24648965 (രണ്ട് കോടി നാൽപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി എട്ടായിരത്തി തൊള്ളായിരത്തി അറുപത്തിയഞ്ച്) പേർക്ക് ഒന്നാം ഡോസ് കോവിഡ് വാക്സിൻ നൽകിയിട്ടുണ്ട്. പ്രസ്തുത തീയതി വരെ 1,08,55,907 (ഒരു കോടി എട്ടുലക്ഷത്തി അമ്പത്തയ്യായിരത്തി തൊള്ളായിരത്തി ഏഴ്) പേർക്ക് രണ്ടാം ഡോസ് കോവിഡ് വാക്സിൻ നൽകിയിട്ടുണ്ട്.

**അഴീക്കോട് മണ്ഡലത്തിലെ കോവിഡ് വാക്സിനേഷൻ കണക്ക്**

223 (223) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ നാളിതുവരെ കോവിഡ് പ്രതിരോധ വാക്സിനുകളുടെ ആദ്യ ഡോസ്, രണ്ടാം ഡോസ് എന്നിവ എടുത്തവരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ആദ്യ ഡോസ് മാത്രം എടുത്തവരുടെ എണ്ണം ലഭ്യമാക്കാമോ?

(എ&ബി) അഴീക്കോട് മണ്ഡലത്തിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ COWIN പോർട്ടൽവഴി വാക്സിൻ എടുത്തവരുടെ എണ്ണം മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. ഒരു ആരോഗ്യ സ്ഥാപനം (CVC) വഴി പല പഞ്ചായത്തുകളിൽനിന്നും മറ്റ് ജില്ലകളിൽനിന്നുപോലും ഓൺലൈനായി സ്ലോട്ട് ലഭിക്കുന്നതിനാൽ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥാപനങ്ങളിൽനിന്നും വാക്സിനേഷൻ ലഭിച്ച പഞ്ചായത്ത്/മുനിസിപ്പാലിറ്റി നിവാസികളുടെ കണക്ക് ലഭ്യമല്ല. അഴീക്കോട് മണ്ഡലത്തിലെ ആരോഗ്യ വകുപ്പിന് കീഴിലെ 8 സ്ഥാപനങ്ങളിലായി നല്കിയ വാക്സിൻ ഡോസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

അഴീക്കോട് സി.എച്ച്.സി - 39875

പാപ്പിനിശ്ശേരി സി.എച്ച്.സി - 34385

ചിറയ്ക്കൽ എഫ്.എച്ച്.സി - 30041

വളപട്ടണം എഫ്.എച്ച്.സി - 11760

നാറാത്ത് എഫ്.എച്ച്.സി - 23316

പള്ളിക്കുന്ന് പി.എച്ച്.സി - 21212

പുഴതി പി.എച്ച്.സി - 25024

(സി) വാക്സിൻ എടുക്കാത്തവരുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പഞ്ചായത്ത് അടിസ്ഥാനത്തിൽ വാക്സിൻ എടുക്കാത്തവരുടെ എണ്ണം ലഭ്യമല്ല.

**സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്കുകൾ**

224 (224) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്കുകൾ പരസ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

10-5-2021-ലെ സ.ഉ(സാധാ)നം. 1066/2021/ആ.കു.വ. പ്രകാരം ചികിത്സാ നിരക്ക് സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം എല്ലാ ആശുപത്രികൾക്കും നൽകിയിട്ടുണ്ട്.

(ബി) കോവിഡാനന്തര ചികിത്സകൾക്ക് സർക്കാർ ആശുപത്രികളിൽ എ.പി.എൽ. വിഭാഗക്കാരിൽനിന്ന് പണം ഈടാക്കുവാൻ ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സാങ്കേതികമായി എ.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുകയും കോവിഡ്കാല വരുമാന നഷ്ടംമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയും ചെയ്യുന്ന ഒരു വലിയ വിഭാഗത്തെ പ്രസ്തുത ഉത്തരവ് കാര്യമായി ബാധിക്കുമെന്നതിനാൽ എല്ലാ വിഭാഗക്കാർക്കും കോവിഡാനന്തര ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിന് വേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കിവരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെ പോലെ തന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകിവരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇത് കൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എ.പി.എൽ. വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/ കോവിഡ് അസോസിയേറ്റഡ് പൾമണറി

ആസ്പെർഗില്ലോസിസ് (CAPA) എന്നിവയ്ക്കുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16-8-2021-ലെ സ.ഉ (സാധാ) നം. 1750/2021/H&FWD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നത് വഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിത നിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചിലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എ.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണ്ണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകിവരുന്നു.

**പീഡിയാട്രിക് വെന്റിലേറ്റർ**

225 (225) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗത്തെ പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ കുട്ടികളുടെ ചികിത്സയ്ക്ക് ആവശ്യമായ പീഡിയാട്രിക് വെന്റിലേറ്ററുകളുടെ വില ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പീഡിയാട്രിക് വെന്റിലേറ്റർ വിതരണം ചെയ്യുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിതരണ കമ്പനിയുമായി രണ്ട് വർഷത്തേയ്ക്ക് കരാർ ഉറപ്പിച്ചിട്ടുണ്ട്. ആയതിനാൽ വിലയിലുണ്ടായ വർദ്ധനവ് സർക്കാർ സ്ഥാപനങ്ങളെ ബാധിക്കില്ല.

(ബി) പീഡിയാട്രിക് വെന്റിലേറ്ററുകളുടെ വില നിയന്ത്രിക്കുന്നതിനും ആവശ്യത്തിന് എണ്ണം സർക്കാർ ആശുപത്രികളിൽ ക്രമീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് റേറ്റ് കോൺട്രാക്റ്റ് വ്യവസ്ഥ പ്രകാരം തെരഞ്ഞെടുത്ത കമ്പനിക്ക് 98 പീഡിയാട്രിക് വെന്റിലേറ്ററുകൾ വിതരണം ചെയ്യുന്നതിന് ഉത്തരവ് നൽകുകയും അവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പീഡിയാട്രിക് വെന്റിലേറ്ററിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ ജെം പോർട്ടൽ മുഖേന ദർഘാസ് നടപടി പൂർത്തിയാക്കി

വിതരണ കമ്പനിയെ കോർപ്പറേഷൻ കണ്ടെത്തുകയും ഈ കമ്പനിക്ക് 92 വെന്റിലേറ്ററുകൾ വിതരണം ചെയ്യുന്നതിന് ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ആശുപത്രികളിൽ ആകെ 122 പീഡിയാട്രിക് വെന്റിലേറ്ററുകളുണ്ട്. ഇതിൽ 79 എണ്ണം Invasive ആണ്. പീഡിയാട്രിക് കോവിഡ് കേസുകൾ കൂടുന്ന സാഹചര്യമുണ്ടായാൽ എല്ലാ മെഡിക്കൽ കോളേജിലും ആവശ്യാനുസരണം പീഡിയാട്രിക് വെന്റിലേറ്ററുകൾ വർദ്ധിപ്പിക്കുന്നതിനുള്ള Paediatric Surge Action Plan തയ്യാറാക്കിയിട്ടുണ്ട്.

**നാളിതുവരെ സംസ്ഥാനത്ത് നല്കിയ കോവിഡ് വാക്സിൻ കണക്കുകൾ**

226 (226) ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര ഡോസ് വാക്സിനാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; 18 വയസ്സിന് മുകളിലുള്ളവരിൽ എത്ര ശതമാനം പേർക്ക് ആദ്യ ഡോസും രണ്ടാം ഡോസ് വാക്സിനും നൽകിക്കഴിഞ്ഞു; വിശദമാക്കുമോ;

(ബി) ഒന്നും രണ്ടും ഡോസ് വാക്സിൻ ലഭിച്ചവരുടെ അനുപാതത്തിന്റെ ദേശീയ ശരാശരിയും സംസ്ഥാന ശരാശരിയും എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് 29-9-2021 വരെ ഒന്നാം ഡോസ് വാക്സിൻ 2,46,48,965 പേർക്കും രണ്ടാം ഡോസ് 1,08,55,907 പേർക്കും നൽകിയിട്ടുണ്ട്. പതിനെട്ട് വയസ്സിന് മുകളിലുള്ളവരിൽ 92% പേർക്ക് ഒന്നാം ഡോസ് വാക്സിനും 40% പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. ദേശീയ ശരാശരി ഒന്നാം ഡോസ് 69 ശതമാനവും രണ്ടാം ഡോസ് 25 ശതമാനവുമാണ്.

(സി) വാക്സിനേഷൻ യജ്ഞത്തിന്റെ ഭാഗമായി ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ എത്ര ഡോസ് വാക്സിൻ സംസ്ഥാനത്ത് നൽകുവാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വാക്സിനേഷൻ യജ്ഞത്തിന്റെ ഭാഗമായി 2021 ആഗസ്റ്റ് മാസത്തിൽ 88,59,212 ഡോസ് വാക്സിനും 2021 സെപ്റ്റംബർ മാസത്തിൽ 64,11,087 ഡോസ് വാക്സിനും നൽകുവാനായിട്ടുണ്ട്.

## സ്കൂൾ തുറക്കുന്നതിന് മുൻപുള്ള കോവിഡ് ബോധവല്കരണം

227 (227) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്ക് സ്കൂൾ തുറക്കുന്നതിന് മുൻപായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കോവിഡ് പ്രതിരോധ ബോധവൽക്കരണ പരിപാടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സ്കൂളുകൾ നവംബർ മാസം മുതൽ തുറക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.

1. ശാരീരിക അകലം പാലിക്കുക.
2. കൈകൾ ഇടയ്ക്കിടെ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകി സാനിറ്റൈസർ ഉപയോഗിച്ച് അണുവിമുക്തമാക്കുക.
3. മാസ്ക് ശരിയായി ധരിക്കുക.
4. പ്രതലങ്ങളും വസ്തുക്കളും മുറികളും കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളും ഇടവേളകളിൽ അണുവിമുക്തമാക്കുക.
5. കോവിഡ് ലക്ഷണങ്ങൾ തിരിച്ചറിയുക, ലക്ഷണങ്ങളുണ്ടെങ്കിൽ കരുതൽ നിരീക്ഷണത്തിൽ കഴിയുക.
6. അദ്ധ്യാപകർ, അനദ്ധ്യാപകർ, ഡ്രൈവർ, സഹായികൾ തുടങ്ങിയ ജീവനക്കാർ കോവിഡ് വാക്സിനേഷൻ സ്വീകരിക്കുക.

സ്കൂൾ തുറക്കുന്നതിന് മുൻപായി ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

1. ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത് തലങ്ങളിൽ പ്രിൻസിപ്പൽമാർ, ഹെഡ് മാസ്റ്റർമാർ, അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ ഭാരവാഹികൾ എന്നിവരുടെ യോഗങ്ങൾ ആരോഗ്യ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ നടത്തും.
2. സ്കൂൾ തലത്തിൽ പി.ടി.എ. മീറ്റിംഗുകൾ ക്ലാസ് ചുമതലയുള്ള അദ്ധ്യാപകരുടെ നേതൃത്വത്തിൽ നടത്തും.
3. എൻ.എസ്.എസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ, സ്കൗട്ട് ആൻഡ് ഗൈഡ്സ് വോളന്റിയർമാർ എന്നിവർക്ക് കോവിഡ് പ്രതിരോധ അനുയോജ്യ പെരുമാറ്റങ്ങളുടെ പാലനത്തെക്കുറിച്ച് പരിശീലനം.

4. കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളിലെ ജീവനക്കാർക്ക് പരിശീലനം.

5. സ്കൂളിലെ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പരിശീലനം.

6. കൈകഴുകുന്നതിനും സാനിറ്റൈസ് ചെയ്യുന്നതിനും കവാടങ്ങളിൽ സൗകര്യം ഒരുക്കുക, ബോധവത്കരണ സാമഗ്രികൾ പ്രദർശിപ്പിക്കുക.
 കൂടാതെ, സ്കൂൾ തുറക്കുന്നതിനുള്ള അന്തിമ മാർഗ്ഗനിർദ്ദേശങ്ങൾ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് തയ്യാറാക്കുന്നതിലേയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചേർന്ന് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) കുട്ടികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

യോഗങ്ങളും പരിശീലനങ്ങളും ഓൺലൈനായോ ഓഫ് ലൈനായോ ജില്ല, പഞ്ചായത്ത്, സ്കൂൾ, ക്ലാസ് തലങ്ങളിൽ നടത്തും. സ്കൂളുകളിൽ പ്രദർശിപ്പിക്കാനായി ബോധവല്ക്കരണ സാമഗ്രികൾ, (പോസ്റ്ററുകൾ, ഓഡിയോ, വീഡിയോ സന്ദേശങ്ങൾ, സ്റ്റിക്കറുകൾ തുടങ്ങിയവ) തയ്യാറാക്കും. സ്കൂൾതലത്തിൽ നടത്തുവാനുദ്ദേശിക്കുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ആരോഗ്യ വകുപ്പ് നടപ്പിലാക്കിവരുന്ന 'ബി ദ വാരിയർ' കാമ്പയിൻ പ്രവർത്തനങ്ങൾ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കും. കുട്ടികളെ ഇതിൽ പങ്കെടുപ്പിക്കാനായി പോസ്റ്റർ തയ്യാറാക്കൽ, ലേഖനങ്ങൾ, കവിതകൾ, അനുഭവക്കുറിപ്പുകൾ തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തും.

2. "ബി ദ വാരിയർ" പ്രതിജ്ഞ ക്ലാസ്സുകളിൽ ചൊല്ലും.

3. സ്കൂളുകളിൽ പോസ്റ്റർ, ബോധവത്കരണ ബോർഡുകൾ പ്രദർശിപ്പിക്കും.

4. പോസ്റ്ററുകൾ, വീഡിയോകൾ, അനിമേഷൻ ചിത്രങ്ങൾ ഇവ തയ്യാറാക്കി സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കും.

5. ബോധവല്ക്കരണ വീഡിയോകൾ വിക്ടേഴ്സ് ചാനലിലൂടെ പ്രദർശിപ്പിക്കും.

6. കുട്ടികളെ കൊണ്ടുവരുന്ന വാഹനങ്ങളിൽ ബോധവല്ക്കരണ സ്റ്റിക്കറുകൾ പ്രദർശിപ്പിക്കും.

7. റേഡിയോ, എഫ്.എം. റേഡിയോകൾവഴി ബോധവത്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കും.

8. അച്ചടി മാധ്യമങ്ങളിലൂടെ ലേഖനങ്ങൾ, വാർത്തകൾ എന്നിവ നൽകും.

**വാക്സിനേഷൻ കാര്യക്ഷമമാക്കാൻ സംവിധാനം**

228 (228) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ്-19 വാക്സിനേഷൻ ഏറ്റവും കാര്യക്ഷമമായി നടപ്പിലാക്കിയതിന്റെ ഭാഗമായി ഡ്രൈവ് ത്രൂ വാക്സിനേഷൻ സംവിധാനം ഏർപ്പെടുത്തിയിരുന്നുവോ; വിശദമാക്കാമോ?

സംസ്ഥാനത്തെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ ഡ്രൈവ് ത്രൂ വാക്സിനേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ കേന്ദ്രങ്ങളിൽ ഗുണഭോക്താക്കൾക്ക് സ്വന്തം വാഹനങ്ങളിൽത്തന്നെ വന്ന് പ്രതിരോധ കുത്തിവയ്പ്പ് എടുക്കാനും കഴിയുന്നതാണ്. വാക്സിൻ എടുത്തതിനുശേഷം അരമണിക്കൂർ പ്രസ്തുത സ്ഥലത്ത് ഒബ്സർവേഷന് ശേഷമാണ് ആളുകളെ വിട്ടയയ്ക്കുന്നത്.

(ബി) ചിട്ടയായും സുരക്ഷിതമായും മികവുറ്റ രീതിയിലും വാക്സിനേഷൻ നൽകുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസരിച്ചുള്ള വാക്സിനേഷൻ സെന്ററുകളാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. വാക്സിനേഷനായി മുറികൾ സജ്ജീകരിച്ചിരിക്കുന്നു. ഓരോ നിർദ്ദിഷ്ട കേന്ദ്രത്തിന്റെയും സൗകര്യങ്ങൾ ഒരു സിവിസി ആയി അംഗീകരിക്കുന്നതിന് മുമ്പ് ആർ.സി.എച്ച്.ഒ.-യുടെ നേതൃത്വത്തിലുള്ള ജില്ലാ ടീം പരിശോധിക്കും. എല്ലാ കേന്ദ്രങ്ങളിലും കോവിഡ് ഉചിതമായ പെരുമാറ്റം പിന്തുടരുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേക മുൻകരുതലുകൾ എടുത്തിട്ടുണ്ട്. CVC-കൾ വയോജന സൗഹൃദവും വികലാംഗ സൗഹൃദവുമാക്കി. ഷെഡ്യൂൾ അനുസരിച്ച് വാക്സിനേഷൻ പൂർത്തിയാക്കാൻ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ആദിവാസി-പ്രാക്തന ഗോത്ര സമൂഹങ്ങൾക്കും വാക്സിനേഷൻ സൗകര്യം ഒരുക്കുന്നതിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ആദിവാസി-പ്രാക്തന ഗോത്ര സമൂഹങ്ങൾക്കും എസ്.ടി. ജനവിഭാഗങ്ങൾക്കും പ്രതിരോധ കുത്തിവയ്പ്പിനായി പ്രത്യേക ക്രമീകരണങ്ങൾ ചെയ്തു. ആദ്യഘട്ടത്തിൽത്തന്നെ ഇവരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വാക്സിനേഷൻ ത്വരിതപ്പെടുത്തി. വൃദ്ധസദനങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കായി, മിക്ക കേസ്സുകളിലും വൃദ്ധസദനങ്ങളിൽ/അഗതി മന്ദിരങ്ങളിൽത്തന്നെ വാക്സിനേഷൻ നടത്തുകയും ഇതുവരെ 99% പേർക്കും ആദ്യ ഡോസ് വാക്സിനും 56% പേർക്ക് രണ്ട് ഡോസുകളും ലഭിക്കുകയും ചെയ്തു. ട്രൈബൽ മേഖലയിലും പ്രത്യേക പരിഗണന നൽകി വാക്സിനേഷൻ നടത്തി.

(ഡി) വാക്സിനേഷനോട് വിമുഖത കാണിക്കുന്നവർക്കായി കൂടുതൽ കാര്യക്ഷമമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമോ; വിശദമാക്കാമോ?

കോവിഡ് വാക്സിൻ എടുക്കാൻ മടിക്കുന്ന ഗുണഭോക്താക്കളെ എത്രയും വേഗം പ്രതിരോധ കുത്തിവയ്പ്പ് എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഇതിനകംതന്നെ IEC പ്രവർത്തനങ്ങൾ പ്രസ്സ്, ദൃശ്യ, സോഷ്യൽ മീഡിയ വഴിയുള്ള പ്രചാരണങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

(ഇ) ആവശ്യമായ അളവിൽ വാക്സിൻ യഥാസമയം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കാതിരുന്നിട്ടും വാക്സിനേഷന്റെ കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ മുകളിലെത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

വാക്സിനേഷന്റെ കാര്യത്തിൽ ദേശീയ ശരാശരിയേക്കാൾ മുകളിലെത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ആദ്യ ഡോസ് വാക്സിനേഷൻ (% of eligible population) കേരളത്തിൽ 2,46,48,965 (92%)-ഉം ഇന്ത്യയിൽ 64,77,45,605 (69%)-ഉം രണ്ടാം ഡോസ് വാക്സിനേഷൻ കേരളത്തിൽ 1,08,55,907 (40%)-ഉം ഇന്ത്യയിൽ 23,64,52,584 (25%)-ഉം ആണ്.

**താൽക്കാലിക ജീവനക്കാരുടെ സേവന കാലാവധി**

229 (229) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ദേശീയ ആരോഗ്യ മിഷൻ സംസ്ഥാനത്ത് നിയമിച്ച താൽക്കാലിക ജീവനക്കാരുടെ സേവന കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കോവിഡ് മൂന്നാം തരംഗത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതിനാൽ പ്രസ്തുത ജീവനക്കാരുടെ സേവനം തുടർന്നും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കോവിഡ് ബ്രിഗേഡിൽ നിയമിച്ച താൽക്കാലിക ജീവനക്കാരുടെ കരാർ കാലാവധി മാർച്ച് മാസംവരെയായിരുന്നു. ആയത് 6 മാസത്തേയ്ക്ക് സംസ്ഥാന സർക്കാരാണ് ദീർഘിപ്പിച്ച് നൽകിയത്. കോവിഡ് രോഗം നിയന്ത്രണ വിധേയമായി വരുന്ന സാഹചര്യത്തിലും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ചിരുന്ന ഫണ്ട് നിർത്തലാക്കിയതിനാലും കോവിഡ് ബ്രിഗേഡ് സംവിധാനം നിർത്തലാക്കി ഓരോ ജില്ലയിലും അവശ്യംവേണ്ട ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്താൻ ഒരു പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരളത്തിലെ കോവിഡ് മരണങ്ങൾ**

230 (230) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 സെപ്റ്റംബർ 20 വരെ സംസ്ഥാനത്ത് കോവിഡ് ബാധിച്ച് എത്ര പേർ മരിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

2021 സെപ്റ്റംബർ 20 വരെ സംസ്ഥാനത്ത് കോവിഡ് ബാധിച്ച് മരിച്ചവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു*.

(ബി) കോവിഡ് പോസിറ്റീവായി 30 ദിവസത്തിനുള്ളിൽ മരിച്ചവരും കോവിഡ് മരണത്തിൽ ഉൾപ്പെടുമെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ കേരളത്തിലെ കോവിഡ് മരണങ്ങൾ ഇതനുസരിച്ച് പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ; ഇതിനായി മരിച്ചവരുടെ ബന്ധുക്കൾ പ്രത്യേകം അപേക്ഷ ആരോഗ്യവകുപ്പിന് നൽകേണ്ടതുണ്ടോ;

(സി) കോവിഡ് മരണ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിലവിൽ എന്ത് മാനദണ്ഡമാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കോവിഡ് മരണം കണക്കാക്കുന്നത് സംബന്ധിച്ച് ബന്ധുക്കൾക്ക് പരാതിയുണ്ടെങ്കിൽ പരിഗണിക്കാൻ സംസ്ഥാനത്ത് ജില്ലാതലത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി-ഡി) കോവിഡ്-19 മരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പ്രക്രിയ കേരളത്തിൽ ഐ.സി.എം.ആർ. ലോകാരോഗ്യ സംഘടനയുടെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് ചെയ്തുവന്നിരുന്നത്. കോവിഡ്-19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം, ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണകാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് റിപ്പോർട്ട് ചെയ്യുന്നത്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയും ചെയ്തു (F.No. 18018/11/2021/DM Cell/GOI, New Delhi, dated 03-09-2021). ഇത് പ്രകാരം ആർ.ടി.പി.സി.ആർ./റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റു മോളികുലർ പരിശോധനകൾവഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റ് പരിശോധനകൾവഴി രോഗം സ്ഥിരീകരിച്ചവരെയോയാണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്. എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ ആത്മഹത്യ ചെയ്തതോ/ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ് 19 മരണമെന്ന് രേഖപ്പെടുത്തിയ മരണങ്ങളെ കോവിഡ്-19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണ നിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ബന്ധുക്കൾക്ക് നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ(സാധാ)നം.2110/2021/H&FWD പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെ തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ച് ഇതിന് പരിഹാരം കണ്ടെത്തണമെന്നുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ

മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ജില്ലാ സർവ്വൈലൻസ് ഓഫീസർ (നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ദ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ ലഭിച്ച് 30 ദിവസത്തിനകം ഇതിന് തീർപ്പ് കൽപ്പിക്കുന്നതാണ്.

(ഇ) വിദേശത്തുവച്ച് കോവിഡ് ബാധിച്ച് മരിച്ച കേരളീയരുടെ കണക്കുകൾ സർക്കാരിൽ ലഭ്യമാണോ; ഇല്ലെങ്കിൽ ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ?

വിദേശത്തുവച്ച് കോവിഡ് ബാധിച്ച് മരണമടഞ്ഞ പ്രവാസി മലയാളികളെ സംബന്ധിച്ച ഡാറ്റ തയ്യാറാക്കുന്നതിനായി വിശദവിവരങ്ങൾ ക്രോഡീകരിച്ച് ലഭ്യമാക്കുവാൻ വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ എംബസികളോടും എല്ലാ ജില്ലാ കളക്ടർമാരോടും അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ വിവരങ്ങൾ എല്ലായിടങ്ങളിൽനിന്നും നാളിതുവരെയും ലഭ്യമാകാത്ത സാഹചര്യത്തിൽ വ്യക്തമായ കണക്കുകൾ നിലവിൽ സർക്കാരിൽ ലഭ്യമല്ല.

**സർക്കാർ ആശുപത്രികളിൽ കോവിഡാനന്തര സൗജന്യ ചികിത്സ**

231 (231) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ കോവിഡാനന്തര സൗജന്യ ചികിത്സയിൽനിന്ന് എ.പി.എൽ. കാർഡ് ഉടമകളെ ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എ.പി.എൽ. വിഭാഗത്തിന് കിടക്കയ്ക്ക് ഒരു ദിവസം ഈടാക്കുന്ന വാടക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കോവിഡ്മൂലം എല്ലാ മേഖലയിലും ഒരുപോലെ സാമ്പത്തിക പ്രതിസന്ധി ബാധിച്ചിരിക്കുന്നതിനാൽ പ്രസ്തുത തീരുമാനം പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്.

കൂടാതെ രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിന് വേണ്ട ആംബുലൻസ് സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കിവരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡ്ഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെ പോലെത്തന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകിവരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇതുകൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എ.പി.എൽ. വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുക എന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/ കോവിഡ് അസോസിയേറ്റഡ് പൾമണറി ആസ്പെർഗില്ലോസിസ് (CAPA) എന്നിവയുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16-08-2021-ലെ സ.ഉ (സാധാ) നം. 1750/2021/H&FWD പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നത് വഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിത നിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണ്ണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചെലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എ.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണ്ണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകിവരുന്നു.

## കോവിഡിന് ഇരയായവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച്

232 (232) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന് ഇരയായവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയുടെ "Guidelines for Ex-Gratia assistance to next of kin of the deceased by Covid-19" മാനദണ്ഡമനുസരിച്ച് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകാൻ ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം പുതുക്കിക്കൊണ്ട് കോവിഡ്-19 ബാധിച്ച് മരണമടഞ്ഞ വ്യക്തിയുടെ ഏറ്റവും അടുത്ത ബന്ധുവിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) ധനസഹായം നൽകുന്നതിന് 25-9-2021-ലെ സ.ഉ (കൈ)നം.3/2021-ഡിഎംഡി പ്രകാരം സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. രാജ്യത്ത് റിപ്പോർട്ട് ചെയ്ത ആദ്യത്തെ കോവിഡ് -19 കേസിന്റെ തീയതി മുതൽ കോവിഡ് 19 ദുരന്തമായി പ്രഖ്യാപിച്ച വിജ്ഞാപനം റദ്ദ് ചെയ്യുന്നതുവരെയോ ഇതുസംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ ഈ ധനസഹായം ബാധകമാണ്. ധനസഹായവിതരണം സുഗമവും സുതാര്യവുമാക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ രൂപകൽപ്പന ചെയ്ത റിലീഫ് പോർട്ടൽ ഭേദഗതിയോടെ അംഗീകരിക്കുകയും ടി പോർട്ടൽവഴി ധനസഹായം വിതരണം ചെയ്യുവാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പോർട്ടൽ വഴി അപേക്ഷകർക്ക് ഓൺലൈനായി ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. പോർട്ടൽ പൂർണ്ണതോതിൽ പ്രവർത്തനമാരംഭിച്ച് അപേക്ഷകൾ ലഭ്യമാകുന്നമുറയ്ക്ക് ധനസഹായ വിതരണം വേഗത്തിൽ പൂർത്തിയാക്കുന്നതാണ്.

(ബി) കോവിഡിന് ഇരയായവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡിന് ഇരയായവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭിച്ചിട്ടില്ല.

(സി) കോവിഡ്മൂലം സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുകയും തുടർന്ന് മരണമടയുകയും ചെയ്തവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ചെലവിന് ധനസഹായം അനുവദിക്കുമോ എന്ന് വ്യക്തമാക്കാമോ?

കോവിഡ്മൂലം സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടുകയും തുടർന്ന് മരണപ്പെടുകയും ചെയ്തവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ചെലവിന് ധനസഹായം നിലവിൽ അനുവദിക്കുന്നില്ല.

**കോവിഡ് വാക്സിനേഷൻ നടപടികൾ**

233 (233) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് നിയന്ത്രണവിധേയമാക്കുന്നതിനും രോഗവ്യാപന നിയന്ത്രണത്തിനുമായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കോവിഡ് നിയന്ത്രണ വിധേയമാക്കുന്നതിനും രോഗവ്യാപന നിയന്ത്രണത്തിനുമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. രോഗബാധിതനെ എത്രയും നേരത്തെ കണ്ടെത്തുകയും ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നതിനായി ടെസ്റ്റിംഗ്, ട്രാക്കിംഗ്, ട്രീറ്റ്മെന്റ് എന്നിവ ശക്തമാക്കിയിട്ടുണ്ട്. രണ്ടാം തരംഗത്തിൽ കേസുകൾ കൂടിയ സാഹചര്യം മുൻകൂട്ടിക്കണ്ട് കൂടുതൽ ഓക്സിജൻ ബെഡുകൾ, വെന്റിലേറ്ററുകൾ, ICU സൗകര്യങ്ങൾ എന്നിവ സജ്ജീകരിച്ചു. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ ആരംഭിച്ചും നിലവിലുള്ള കോവിഡ് ആശുപത്രികളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിദഗ്ധ ചികിത്സ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. ഓക്സിജൻ ലഭ്യത ഉറപ്പുവരുത്തുന്നതിനായി അധികമായി ഓക്സിജൻ പ്ലാന്റുകൾ, ഓക്സിജൻ പൈപ്പ് ലൈനുകൾ, ഓക്സിജൻ സിലിണ്ടറുകൾ എന്നിവ സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഓക്സിജൻ വാർ റൂമുകളും ഓഡിറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡ് ചികിത്സയ്ക്കാവശ്യമായ മരുന്നുകളുടെയും ഉപകരണങ്ങളുടെയും ലഭ്യത കെ.എം.എസ്.സി.എൽ. മുഖാന്തരം ഉറപ്പുവരുത്തി. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി കെ.എ.എസ്.പി-ൽ എംപാനൽ ചെയ്ത രോഗികൾക്കും കോവിഡ് ചികിത്സ 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റി വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രാഥമികാരോഗ്യകേന്ദ്ര തലം മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾവഴി കോവിഡിന് ശേഷമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് ചികിത്സ ലഭ്യമാക്കിവരുന്നു. ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ നിരന്തരമായി

നടത്തിവരുന്നു. വാക്സിൻ ലഭ്യത ഉറപ്പുവരുത്തുന്നതിനും പരമാവധി ജനങ്ങളിലേയ്ക്ക് വാക്സിൻ എത്തിക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിവരുന്നു. കുട്ടികൾക്കുള്ള ചികിത്സാസൗകര്യം കൂടുതലായി സജ്ജീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു. കോവിഡ്-19 വൈറസിന്റെ ജനിതകമാറ്റം വന്ന വകഭേദങ്ങൾ കണ്ടെത്തുന്നതിന് ജീനോമിക് സ്വീക്വൻസിംഗ് നടത്തുന്നതിനുവേണ്ട സജ്ജീകരണങ്ങൾ IGIB വഴി ഏർപ്പെടുത്തിയിട്ടുണ്ട്. അന്താരാഷ്ട്ര യാത്രികർക്ക് വിമാനത്താവളങ്ങളിൽ ആർ.റ്റി.പി.സി.ആർ. പരിശോധന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി. WIPR മാനദണ്ഡങ്ങളനുസരിച്ച് കണ്ടെയിൻമെന്റ് സോണുകൾ നിലവിൽവന്നു.

(ബി) കോവിഡുമായി ബന്ധപ്പെട്ട ഇളവുകൾ പ്രഖ്യാപിക്കുമ്പോഴും റ്റി.പി.ആർ. നിരക്ക് കുറയാതിരിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിദഗ്ദ്ധ സമിതിയുടെ തീരുമാനം അടിസ്ഥാനമാക്കിയാണോ സംസ്ഥാനത്ത് ഇളവുകൾ അനുവദിക്കുന്നത്?

വിലയിരുത്തിയിട്ടുണ്ട്. ലോകാരോഗ്യ സംഘടന ഗൈഡ്‌ലൈൻ പ്രകാരം കോവിഡ് നിയന്ത്രണ വിധേയമാണെന്ന് വിലയിരുത്തുന്നത് റ്റി.പി.ആർ 5%-ൽത്താഴെ വരുമ്പോഴാണ്. 2021 മാർച്ച് മുതൽ ഇന്ത്യയൊട്ടുക്കും കോവിഡ് കേസ്സുകൾ വർദ്ധിക്കുകയും തുടർന്ന് ഏപ്രിൽ ആദ്യവാരം മുതൽ കേരളത്തിലും ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാവുകയും ചെയ്തു. ഇതിനെത്തുടർന്ന് സംസ്ഥാനമൊട്ടുക്കും മുഴുവൻ സമയ ലോക്ഡൗൺ ഏർപ്പെടുത്തുകയുമുണ്ടായി. ഇതിനെത്തുടർന്ന് ദിനംപ്രതി റിപ്പോർട്ട് ചെയ്യുന്ന കേസുകളുടെ എണ്ണത്തിൽ കുറവ് വരികയും ജൂൺ രണ്ടാമത്തെ ആഴ്ചയോടുകൂടി ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകളുടെ എണ്ണം പതിനായിരത്തിനോടടുത്തും റ്റി.പി.ആർ. 10 ശതമാനത്തോടടുത്തും എത്തിക്കാൻ കേരളത്തിനും കഴിഞ്ഞു. തുടർന്ന് അഞ്ച് ആഴ്ചയോളം റ്റി.പി.ആർ നിരക്ക് 10% അടുത്ത് പിടിച്ചുനിർത്താൻ സംസ്ഥാനത്തിനായി. ഈ കാലഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.പി.ആർ. അടിസ്ഥാനമാക്കിയാണ് കണ്ടെയിൻമെന്റ് സോണുകൾ നിശ്ചയിച്ചിരുന്നത്.

(സി) ടി.പി.ആർ.-ൽനിന്നും വ്യത്യസ്തമായി ഡബ്ല്യൂ.ഐ.പി.ആർ. പരിഗണിക്കുന്ന സാഹചര്യത്തിൽ രോഗനിയന്ത്രണത്തിനായി സ്വീകരിച്ചുവരുന്ന പ്രാദേശിക നടപടികൾ വ്യക്തമാക്കുമോ?

ഉന്നതതല യോഗ തീരുമാനപ്രകാരം കണ്ടെയിൻമെന്റ് സോൺ നിർണ്ണയവും കോൺടാക്ട് ട്രേസിംഗും ശക്തിപ്പെടുത്തുന്നതിനുവേണ്ടി ആരോഗ്യ വിദഗ്ദ്ധരോട് കൂടിയാലോചിച്ച് റ്റി.പി.ആർ. നിർണ്ണയത്തിൽനിന്നും ഡബ്ല്യൂ.ഐ.പി.ആർ.

നിർണ്ണയത്തിലേയ്ക്ക് കേരളം മാറി. ഒരു വാർഡിലുള്ള ആകെ ജനങ്ങളിൽ ഒരു ആഴ്ചയിൽ കോവിഡ് പോസിറ്റീവ് ആയവരുടെ നിരക്കിനെയാണ് ഡബ്ല്യു.ഐ.പി.ആർ. എന്നുപറയുന്നത്. ആയതിനെ കണക്കാക്കുന്നത് താഴെ പറയുന്ന രീതിയിലാണ്.

WIPR= ഒരു ആഴ്ചയിലെ കോവിഡ് പോസിറ്റീവ് എണ്ണം x1000/ പഞ്ചായത്ത്/അർബൻ വാർഡ് ജനസംഖ്യ. WIPR 10-ന് മുകളിൽ റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിൽ കട്ടത്ത ലോക്ഡൗൺ നിയന്ത്രണങ്ങൾ നടത്തിവരുന്നു. കൂടാതെ പ്രസ്തുത കണ്ടെയിൻമെന്റ് സോൺ പ്രദേശങ്ങളുടെ പട്ടിക എല്ലാ ആഴ്ചയും പുനഃപരിശോധിക്കുകയും കോവിഡ് ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

(ഡി) വാക്സിനേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്നും സംസ്ഥാനത്ത് പൂർണ്ണ വാക്സിനേഷൻ എത്രപേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്നും ആയത് എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ?

സെപ്റ്റംബർ 29-ാം തീയതി സംസ്ഥാനത്ത് 2,46,48,965 (രണ്ട് കോടി നാൽപ്പത്തി ആറ് ലക്ഷത്തി നാൽപ്പത്തി എണ്ണായിരത്തി തൊള്ളായിരത്തി അറുപത്തി അഞ്ച്) പേർക്ക് ഒന്നാം ഡോസ് കോവിഡ് വാക്സിനും 1,08,55,907 (ഒരു കോടി എട്ട് ലക്ഷത്തി അമ്പത്തി അയ്യായിരത്തി തൊള്ളായിരത്തിയേഴ്) പേർക്ക് രണ്ടാം ഡോസ് കോവിഡ് വാക്സിനും നൽകിയിട്ടുണ്ട്. 2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ പ്രകാരം 18 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ 40 % പേർക്ക് രണ്ട് ഡോസും നൽകിയിട്ടുണ്ട്.

(ഇ) വാക്സിനേഷന് വിമുഖത പുലർത്തുന്നവരുടെ കണക്ക് എടുത്തിട്ടുണ്ടോ; അലർജിയോ മറ്റ് അസുഖങ്ങളോമൂലം വാക്സിനേഷൻ സ്വീകരിക്കാൻ കഴിയാത്തവരുടെ കാര്യത്തിൽ എന്ത് മാർഗ്ഗമാണ് അവലംബിക്കുന്നതെന്ന് വിശദമാക്കുമോ?

വാക്സിനേഷൻ വിമുഖത പുലർത്തുന്നവരുടെ കണക്ക് എടുത്തിട്ടില്ല. വിമുഖതയുള്ളവരോട് നേരിട്ട് ആരോഗ്യപ്രവർത്തകർ സംസാരിച്ച് വാക്സിനെടുക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ മാർഗ്ഗരേഖ പ്രകാരം അലർജിയുള്ളവർക്ക് കോവിഡ് വാക്സിൻ നൽകാൻ കഴിയില്ല.

(എഫ്) സംസ്ഥാനത്ത് സമ്പൂർണ്ണ വാക്സിനേഷൻ എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് സെപ്റ്റംബർ 29-ാം തീയതിവരെ 18 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ 92% പേർക്ക് ഒന്നാം ഡോസ് വാക്സിനും 40% പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകിയിട്ടുണ്ട്. വാക്സിൻ ലഭ്യമാകുന്ന മുറയ്ക്കും ഒന്നാം ഡോസ്

എടുത്തയാളിന്റെ രണ്ടാം ഡോസിനുള്ള സമയമാകുന്ന മുറയ്ക്കും വാക്സിനേഷൻ വളരെ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ജി) തദ്ദേശസ്വയംഭരണതലത്തിൽ വാക്സിനേഷൻ സംബന്ധിച്ച് നടത്തുന്ന സർവ്വേ ഫലപ്രദമാണോ; ഇനിയും വാക്സിനേഷൻ എടുക്കാത്തവരുടെ കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 1200-ലധികം കോവിഡ് വാക്സിനേഷൻ സെന്ററുകൾ വഴി കോവിഡ് വാക്സിനേഷൻ നൽകിവരുന്നു. ഇതുവരെ വാക്സിൻ സ്വീകരിക്കാത്തവർക്ക് കോവിൻ പോർട്ടൽവഴി ബുക്ക് ചെയ്തോ കോവിഡ് വാക്സിനേഷൻ സെന്ററുകളിൽ നേരിട്ടുപോയി സ്പോട്ട് രജിസ്ട്രേഷൻ വഴിയോ വാക്സിൻ എടുക്കാവുന്നതാണ്. കോവിഡ് വാക്സിൻ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

**കോവിഡാനന്തര ചികിത്സാച്ചെലവ്**

234 (234) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ നടത്തുന്ന കോവിഡാനന്തര ചികിത്സയ്ക്ക് പണം ഈടാക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ തരത്തിലുള്ള ചികിത്സകൾക്കാണ് പണം ഈടാക്കാൻ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കോവിഡ് അനുബന്ധ രോഗമായ ബ്ലാക്ക് ഫംഗസ് പോലുള്ള രോഗങ്ങളുടെ ചെലവേറിയ ചികിത്സയ്ക്ക് പണം ഈടാക്കുന്നുണ്ടോ;

(ഡി) ലോക്ഡൗൺമൂലം തൊഴിലും ജീവിതവും നഷ്ടപ്പെട്ട ദുരിതത്തിലായ ജനങ്ങളിൽനിന്ന് ചികിത്സയ്ക്കായി വീണ്ടും പണം ഈടാക്കുന്നത് ഇവരെ കൂടുതൽ ദുരിതത്തിലാഴ്ത്തുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ കോവിഡ് സംബന്ധമായ എല്ലാ ചികിത്സകളും സൗജന്യമായി നല്കുന്നതിനു നടപടി സ്വീകരിക്കുമോ?

(എ-ഇ) കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും കോവിഡ് ടെസ്റ്റിംഗ്, ചികിത്സ, വാക്സിനേഷൻ എന്നിവ സൗജന്യമായാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. കൂടാതെ രോഗികളെ ആശുപത്രികളിലെത്തിക്കുന്നതിന് വേണ്ട ആംബുലൻസ്

സൗകര്യം സർക്കാർ സൗജന്യമായി ലഭ്യമാക്കിവരുന്നു. അതോടൊപ്പം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി KASP-ൽ ഉൾപ്പെട്ടിട്ടുള്ള രോഗികൾക്കും സർക്കാർ റഫർ ചെയ്യുന്ന രോഗികൾക്കും KASP-ൽ എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കി. കോവിഡ് ചികിത്സയ്ക്ക് 50% ബെഡുകൾ സ്വകാര്യ ആശുപത്രികളിൽ മാറ്റിവയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സാധാരണ ജനങ്ങൾക്ക് സ്വകാര്യ ആശുപത്രികളിൽ മിതമായ നിരക്കിൽ കോവിഡ് ചികിത്സ ഉറപ്പാക്കുന്നതിനായി സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാ നിരക്ക് നിശ്ചയിച്ച് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാം തരംഗം ആരംഭിച്ചത് മുതൽ കോവിഡ് രോഗികളെ പോലെത്തന്നെ കോവിഡാനന്തര രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. ആയത് പരിഗണിച്ച് ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കോവിഡാനന്തര ചികിത്സയും സൗജന്യമായാണ് നൽകിവരുന്നത്. KASP പദ്ധതിയിൽ ഉൾപ്പെടുന്ന 41.70 ലക്ഷം കുടുംബങ്ങൾക്കും കോവിഡാനന്തര ചികിത്സ പൂർണ്ണമായും സൗജന്യമാണ്. ഇതുകൂടാതെ APL വിഭാഗത്തിൽപ്പെട്ടതും 3 ലക്ഷം രൂപയിൽത്താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് KBF പദ്ധതി പ്രകാരവും കോവിഡാനന്തര ചികിത്സ സൗജന്യമാണ്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടാത്ത എ.പി.എൽ. വിഭാഗങ്ങൾക്കുള്ള കോവിഡാനന്തര ചികിത്സയ്ക്ക് അമിത ചാർജ്ജ് ഈടാക്കുന്നത് തടയുകയെന്ന ലക്ഷ്യത്തോടെ പോസ്റ്റ് കോവിഡ് സിൻഡ്രോം, കുട്ടികളിലും മുതിർന്നവരിലുമുള്ള മൾട്ടിസിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം (MIS-C, MIS-A), കോവിഡ് അസോസിയേറ്റഡ് മ്യൂക്കോർമൈക്കോസിസ് (CAM)/ കോവിഡ് അസോസിയേറ്റഡ് പൾമണറി ആസ്പെർഗില്ലോസിസ് (CAPA) എന്നിവയ്ക്കുള്ള ചികിത്സാ നിരക്ക് നിശ്ചയിച്ചുകൊണ്ട് 16-8-2021-ലെ സ.ഉ (സാധാ) നം. 1750/2021/H&FWD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതുപ്രകാരം കോവിഡാനന്തര രോഗങ്ങൾക്ക് ചികിത്സാ നിരക്ക് നിജപ്പെടുത്തുക മാത്രമാണ് ചെയ്തത്. ഇപ്രകാരം ചികിത്സകളുടെ നിരക്ക് നിശ്ചയിക്കുന്നതുവഴി സ്വകാര്യ ആശുപത്രികൾ രോഗികളിൽനിന്നും അമിതനിരക്ക് ഈടാക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ, കോവിഡ് മൂലമുള്ള സങ്കീർണ്ണതകൾക്കുള്ള വളരെ ഉയർന്ന ചികിത്സാ ചെലവ് കണക്കിലെടുക്കുമ്പോൾ, ഇത്തരത്തിൽ ചികിത്സാ നിരക്ക് നിശ്ചയിച്ചത് എ.പി.എൽ. വിഭാഗത്തിലെ രോഗികൾക്ക് മിതമായ നിരക്കിൽ ചികിത്സ ലഭ്യമാക്കുന്നതിന് സഹായകരമാണ്. അപ്രകാരം സംസ്ഥാനത്തെ പാവപ്പെട്ടവർക്കും സാമ്പത്തികമായി പരിമിതപ്പെട്ടവർക്കും പൊതു ആശുപത്രികളിലെ പോസ്റ്റ് കോവിഡ് സങ്കീർണ്ണതകൾക്കുള്ള ചികിത്സ സൗജന്യമായി നൽകിവരുന്നു.

## കോവിഡ് മരണ നിരക്ക് നിർണ്ണയത്തിലെ അപാകത

235 (235) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മരണ നിരക്ക് തെറ്റായി നിർണ്ണയിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കോവിഡ് രോഗവുമായി ബന്ധപ്പെട്ട ഗവേഷണങ്ങളെയും സുപ്രീംകോടതി നിർദ്ദേശ പ്രകാരമുള്ള നഷ്ടപരിഹാര പ്രക്രിയയെയും ദോഷകരമായി ബാധിക്കുമെന്നതിനാൽ എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(ബി) മരണം കോവിഡ് മുഖാന്തരമാണോയെന്ന് നിർണ്ണയിക്കുന്നതിനായി സംസ്ഥാന സർക്കാർ നിലവിൽ ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കോവിഡ് മരണ നിരക്ക് നിർണ്ണയിച്ചതിലുണ്ടായ പിഴവ് പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) കേരളം തുടക്കം മുതൽക്കുതന്നെ ലോകാരോഗ്യ സംഘടനയുടേയും ഐ.സി.എം.ആർ.-ന്റെയും മാനദണ്ഡങ്ങൾ പ്രകാരമാണ് കോവിഡ് മരണങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നത്. കോവിഡ് മരണനിരക്ക് തെറ്റായ രീതിയിൽ ആയിരുന്നില്ല റിപ്പോർട്ട് ചെയ്തിരുന്നത്. കോവിഡ്-19 മൂലമുള്ള മരണങ്ങൾ സംസ്ഥാനം, ചികിത്സാ രേഖകൾ സസൂക്ഷ്മം പരിശോധിക്കുകയും മരണ കാരണം ശ്രദ്ധാപൂർവ്വം കണ്ടെത്തുകയും ചെയ്താണ് റിപ്പോർട്ട് ചെയ്യുന്നത്. ബന്ധപ്പെട്ട ആശുപത്രിയിലെ ചികിത്സിച്ച ഡോക്ടർ റിപ്പോർട്ട് ചെയ്യുന്ന മെഡിക്കൽ ബുള്ളറ്റിൻ, ജില്ലാ തലത്തിൽ ജില്ലാ സർവ്വെലൻസ് ഓഫീസർ പരിശോധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ കോവിഡ് മൂലമാണോ മരണം സംഭവിച്ചതെന്ന് സ്ഥിരീകരിക്കുന്നു. ഇങ്ങനെ സ്ഥിരീകരിക്കുന്ന മരണങ്ങളുടെ ഹെൽത്ത് ഡിക്ലറേഷൻ ഡോക്യുമെന്റ് പോർട്ടലിൽനിന്നും ഡൗൺലോഡ് ചെയ്ത് ജില്ലാ മെഡിക്കൽ ഓഫീസർ ഒപ്പിട്ട് മരിച്ചയാളുടെ അവകാശിക്ക് നൽകിവരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ റിട്ട് പെറ്റീഷൻ 539, 554 കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റുകയുണ്ടായി. (F.No. 18018/11/2021/DM Cell/GOI, New Delhi, dated 3-9-2021). ഇതുപ്രകാരം ആർ.ടി.പി.സി.ആർ./ റാപിഡ് ആന്റിജൻ ടെസ്റ്റ്/മറ്റു മോളികുലർ പരിശോധനകൾവഴി രോഗം സ്ഥിരീകരിച്ചവരെയോ ചികിത്സിക്കുന്ന ഡോക്ടർ മറ്റു പരിശോധനകൾവഴി രോഗം സ്ഥിരീകരിച്ചവരെയോയാണ് കോവിഡ് രോഗികളായി കണക്കാക്കുന്നത്.

എന്നാൽ കോവിഡ് രോഗം സ്ഥിരീകരിച്ചവരിൽ ആത്മഹത്യ ചെയ്തതോ/ ആക്സിഡന്റിൽപ്പെട്ട് മരണപ്പെട്ടതോ ആയവരെ നിലവിൽ ഈ പട്ടികയിൽ ഉൾപ്പെടുത്തുകയില്ല. വീടുകളിലോ ആശുപത്രികളിലോ മരണപ്പെട്ടതും എം.സി.സി.ഡി. ഫോം 4 & 4എ പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിൽ കോവിഡ്-19 മരണമെന്ന് രേഖപ്പെടുത്തിയതുമായ മരണങ്ങളെ കോവിഡ്-19 മരണങ്ങളായി കണക്കാക്കാം. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളെ കോവിഡ് മരണങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നതാണ്. മാത്രമല്ല ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ്-19 ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവെ മരണപ്പെടുകയാണെങ്കിൽ അത് കോവിഡ് മരണമായി കണക്കാക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി കോവിഡ് മരണനിർണ്ണയത്തിനും കോവിഡ് -19 മരണം സംബന്ധിച്ച ഔദ്യോഗിക രേഖ മരണപ്പെട്ടയാളിന്റെ ഏറ്റവും അടുത്ത ബന്ധുക്കൾക്ക് (നിയമപരമായ അവകാശി) നൽകുന്നതിനുമായി വിശദമായ മാർഗ്ഗരേഖ 29-9-2021-ലെ സ.ഉ (സാധാ) നം.2110/2021 ആ.കു.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് ബാധയെത്തുടർന്ന് മരണപ്പെട്ട ആളിന്റെ അടുത്ത അവകാശിക്ക് നൽകപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റിൽ അവർക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുവേണ്ടി സംസ്ഥാനം ഒരു കമ്മിറ്റിയെ നിയോഗിച്ചു. മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കോവിഡ് മരണവുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുവാൻ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർ/ജില്ലാ സർവ്വൈലൻസ് ഓഫീസർ, മെഡിക്കൽ കോളേജിലെ മെഡിസിൻ ഡിപ്പാർട്ട്മെന്റ് തലവൻ/ ജില്ലാ സർവ്വൈലൻസ് ഓഫീസർ (നോൺ കോവിഡ്), ബന്ധപ്പെട്ട വിദഗ്ധൻ (Subject expert) എന്നിവരടങ്ങുന്ന കോവിഡ്-19 ഡെത്ത് അസർറ്റെയിനിംഗ് കമ്മിറ്റി (CDAC) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമിതി പരാതികൾ ലഭിച്ച് 30 ദിവസത്തിനകം ഇതിന് തീർപ്പ് കൽപ്പിക്കുന്നതാണ്. 25-9-2021-ലെ G.O. (MS) No.3/2021/ DMD TVPM പ്രകാരം കോവിഡ്-19 മൂലം മരണപ്പെട്ടവരുടെ അടുത്ത അവകാശികൾക്ക് 50,000 രൂപ (അമ്പതിനായിരം രൂപ മാത്രം) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിവഴി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഈ മരണങ്ങൾ സെപ്റ്റംബർ 3-ാം തീയതി കേന്ദ്ര/ആരോഗ്യ മന്ത്രാലയവും, ഐ.സി.എം.ആർ-ഉം പുറത്തിറക്കിയ മാനദണ്ഡങ്ങൾ പ്രകാരമുള്ളതായിരിക്കണം. ഇതിനെത്തുടർന്ന് ദേശീയ ദുരന്തനിവാരണ അതോറിറ്റി സെപ്റ്റംബർ-11 ന് പുറത്തിറക്കിയ

ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എസ്.ഡി.ആർ.എഫ്. ഫണ്ടിൽനിന്നും ആവശ്യമായ തുക നൽകുവാൻ തീരുമാനമായിട്ടുണ്ട്.

**കോവിഡ് മരണങ്ങൾ**

236 (236) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കോവിഡ് മരണങ്ങളാണ് റിപ്പോർട്ട് ചെയ്തത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര കോവിഡ് മരണങ്ങൾ ഉണ്ടായി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

(എ&ബി) 3-10-2021 വരെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്ത കോവിഡ് മരണങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി വച്ചിട്ടുണ്ട്*.

(സി) 18 വയസ്സിൽ താഴെയുള്ള എത്ര കുട്ടികളാണ് കോവിഡുമായി ബന്ധപ്പെട്ട് മരണപ്പെട്ടത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

കോവിഡുമായി ബന്ധപ്പെട്ട് 18 വയസ്സിൽത്താഴെയുള്ള 52 മരണങ്ങൾ ഉണ്ടായി. മരണപ്പെട്ട കുട്ടികളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം II ആയി ചേർക്കുന്നു*.

**കുട്ടികൾക്ക് കോവിഡ് പ്രതിരോധ വാക്സിൻ**

237 (237) ശ്രീ. അബ്ദുൽ ഹമീദ് പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്ക് കോവിഡ് പ്രതിരോധ വാക്സിൻ നൽകുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

കുട്ടികൾക്കുള്ള കോവിഡ് വാക്സിനുകളൊന്നുംതന്നെ ഇപ്പോൾ ഇന്ത്യയിൽ ലഭ്യമല്ല.

(ബി) കുട്ടികൾക്കായുള്ള പ്രത്യേക വാക്സിൻ ഉല്പാദനം സംസ്ഥാനത്ത് നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോവിഡ് പ്രതിരോധ വാക്സിൻ നൽകാതെ കുട്ടികളെ സ്കൂളുകളിൽ പ്രവേശിപ്പിക്കുന്നതിന് നിയമതടസ്സം ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

കുട്ടികൾക്കുള്ള കോവിഡ് വാക്സിനുകളൊന്നുംതന്നെ ഇപ്പോൾ ഇന്ത്യയിൽ ലഭ്യമല്ല. സ്കൂൾ തുറക്കുന്നതിന് നിയമ തടസ്സമില്ല. ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾ എല്ലാവശങ്ങളും പരിശോധിച്ച് തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാകും സ്കൂളുകൾ തുറന്നുപ്രവർത്തിക്കുന്നത്.

**കോവിഡ് വാക്സിനേഷൻ യജ്ഞം**

238 (238) ശ്രീമതി ദെലീമ:
ഡോ. സുജിത് വിജയൻ പിള്ള:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണപ്പെടുന്നവരിൽ 90 ശതമാനവും വാക്സിനെടുക്കാത്തവരാണെന്നതിനാൽ സംസ്ഥാനത്ത് സമ്പൂർണ വാക്സിനേഷൻ യജ്ഞം ത്വരിതപ്പെടുത്തിയിട്ടുണ്ടോ; കേന്ദ്ര സർക്കാർ ആവശ്യാനുസരണം വാക്സിൻ ലഭ്യമാക്കാത്തത് വാക്സിനേഷൻ പൂർത്തീകരണത്തിനുള്ള കാലദൈർഘ്യം വർദ്ധിപ്പിക്കുന്നുണ്ടോ; വാക്സിൻ ലഭ്യതയിലെ കുറവ് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

കോവിഡ് പ്രതിരോധ കുത്തിവയ്പ്പ് സംസ്ഥാനത്ത് ഊർജ്ജിതമാക്കിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തിന് ആവശ്യത്തിന് കോവിഷീൽഡ് സ്റ്റോക്കുണ്ട്. കോവാക്സിൻ നേരിയ കുറവുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്ന് ലഭിച്ച ആശയവിനിമയമനുസരിച്ച് കുറച്ച് ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് വാക്സിൻ ലഭ്യമായവരുടെ എണ്ണവും ശതമാനവും ദേശീയ ശരാശരിയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ?

സംസ്ഥാനത്തിന്റെ പ്രതിരോധ കുത്തിവയ്പ്പ് താഴെ കാണിച്ചിരിക്കുന്നതുപോലെ ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. ആദ്യ ഡോസ് വാക്സിനേഷൻ (% of eligible population) കേരളത്തിൽ 2,46,48,965 (92%)-ഉം ഇന്ത്യയിൽ 64,77,45,605 (69%)-ഉം രണ്ടാം ഡോസ് വാക്സിനേഷൻ കേരളത്തിൽ 1,08,55,907 (40%)-ഉം ഇന്ത്യയിൽ 23,64,52,584 (25%)-ഉം ആണ്.

(സി) സർക്കാരിന്റെ ഇടപെടലിലൂടെ കോവിഡ് മഹാമാരിയിൽനിന്നും ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിൽ മികച്ച നേട്ടം കൈവരിക്കാനായതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ?

ഇന്ത്യയിലെത്തന്നെ ആദ്യത്തെ കോവിഡ് കേസ് കേരളത്തിൽ റിപ്പോർട്ട് ചെയ്ത നാൾ മുതൽ ഇതുവരെ കേരള സർക്കാർ വളരെ ശാസ്ത്രീയവും ചിട്ടയായതുമായ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. അതിന്റെ ഫലമായി കേരളത്തിൽ മരണനിരക്ക് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കുറയ്ക്കുവാനായി സാധിച്ചിട്ടുണ്ട്. കേരളത്തിൽ ഒന്നാം തരംഗത്തിൽ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് 2020 ഒക്ടോബർ മാസത്തിലാണ്. 2021-ൽ ഇത് മേയ് മാസത്തിലും ആയിരുന്നു. ഈ രണ്ട് കാലയളവിലും രോഗബാധ ഉച്ചസ്ഥായിയിലെത്തിക്കുന്നത് വൈകിപ്പിക്കുന്നതിനുവേണ്ടിയും മരണനിരക്ക് കുറയ്ക്കുന്നതിനുവേണ്ടിയും ആരോഗ്യ വകുപ്പ് നിരവധി നടപടികൾ സ്വീകരിക്കുകയുണ്ടായി. രോഗമുള്ളവരെയെല്ലാം കണ്ടെത്തി ചികിത്സിക്കുന്നതിനായി കോവിഡ് രോഗികളുമായി സമ്പർക്കത്തിലേർപ്പെട്ട ആളുകളെ കണ്ടെത്തി അവർക്ക് ക്വാറന്റീൻ, ടെസ്റ്റിംഗ് എന്നിവ നടപ്പിലാക്കി. ഇതുകൂടാതെ രണ്ടാം തരംഗത്തിൽ കേസുകൾ കൂടും എന്നുള്ളതുകൊണ്ട് ചികിത്സയ്ക്കാവശ്യമായ മുന്നൊരുക്കങ്ങൾ (ഓക്സിജൻ ബെഡ്, ഐ.സി.യു വെന്റിലേറ്റർ) ശക്തിപ്പെടുത്തി. പ്രത്യേകമായുള്ള കോവിഡ് ആശുപത്രികൾ കൂടാതെ CFLTC, CSLTC, DCL തുടങ്ങിയ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. ഓക്സിജന്റെ ആവശ്യകത കൂടുമെന്നതിനാൽ അതിന്റെ ലഭ്യത ഉറപ്പാക്കി. സ്റ്റേറ്റ് ഹെൽത്ത് ഏജൻസിവഴി KASP എംപാനൽ ചെയ്ത രോഗികൾക്ക് സ്വകാര്യ ആശുപത്രികളിൽ ചികിത്സാ സൗകര്യമൊരുക്കി. മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി ആരോഗ്യ പ്രവർത്തകർക്ക് ഐ.സി.യു. ട്രെയിനിംഗ് ഉൾപ്പെടെയുള്ള വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കി. ജനുവരി 18 മുതൽ സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ നടപ്പിലാക്കി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാക്സിൻ നൽകിയ ഒരു സംസ്ഥാനമായി കേരളം മാറുകയുണ്ടായി. കോവിഡ് ചികിത്സയ്ക്കാവശ്യമായ വിവിധതരം മരുന്നുകളും മറ്റ് ആശുപത്രി ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഇത്തരം ചിട്ടയായ പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ ജനസംഖ്യയുടെ പകുതിയിലധികം പേരെ കോവിഡ് മഹാമാരിയിൽനിന്നും രക്ഷിക്കാനായിയെന്ന് ഐ.സി.എം.ആർ. അടുത്തിടെ നടത്തിയ സീറോ സർവ്വേ ഫലം സൂചിപ്പിക്കുന്നു.

## കുട്ടികൾക്കുള്ള വാക്സിനേഷൻ

239 (239) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് വാക്സിനേഷൻ നൽകുന്നതിനുള്ള മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വിശദീകരിക്കാമോ?

കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് വാക്സിൻ നൽകിവരുന്നത്. കുട്ടികൾക്ക് വാക്സിൻ നൽകുന്നതിനുള്ള അറിയിപ്പ് കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല.

## കോവിഡ് വാക്സിൻ വിതരണം

240 (240) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിൽനിന്ന് സൗജന്യമായും അല്ലാതെയും ലഭ്യമാകുന്ന കോവിഡ്-19 വാക്സിനുകളുടെ വിവരങ്ങൾ പ്രത്യേകമായി വിശദീകരിക്കാമോ?

കേന്ദ്രസർക്കാരിൽനിന്ന് സൗജന്യമായും അല്ലാതെയും ലഭ്യമാകുന്ന കോവിഡ്-19 വാക്സിനുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) സംസ്ഥാന സർക്കാർ നേരിട്ട് ഉല്പാദകരിൽനിന്നോ ഏജൻസികളിൽനിന്നോ വാക്സിൻ വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ നൽകാമോ?

ഭാരത് ബയോടെക് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിൽനിന്നും കോവാക്സിന്റെ 1,37,580 ഡോസും സിറം ഇൻസ്റ്റിറ്റ്യൂട്ട് ലൈഫ് സയൻസസ് പ്രൈവറ്റ് ലിമിറ്റഡിൽനിന്നും കോവിഷീൽഡ് വാക്സിന്റെ 22,04,960 ഡോസും ഉൾപ്പെടെ ആകെ 23,42,540 ഡോസ് വാക്സിൻ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സർക്കാർ നേരിട്ട് സംഭരിച്ചിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് വാക്സിൻ ദൗർലഭ്യം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്തിന് ആവശ്യത്തിന് കോവിഷീൽഡ് സ്റ്റോക്കുണ്ട്. കോവാക്സിൻ നേരിയ കുറവുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്ന് ലഭിച്ച

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആശയവിനിമയമനുസരിച്ച് കുറച്ച് ദിവസങ്ങൾക്കുള്ളിൽ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) സംസ്ഥാനത്ത് നാളിതുവരെ എത്ര ശതമാനം പേർ വാക്സിൻ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

2021-ലെ എസ്റ്റിമേറ്റ് ജനസംഖ്യ അനുസരിച്ച് സംസ്ഥാനത്ത് 18 വയസ്സിൽ കൂടുതൽ പ്രായമുള്ളവരിൽ 92% പേർക്ക് ഒന്നാം ഡോസ് വാക്സിനും 40% പേർക്ക് രണ്ടാം ഡോസ് കോവിഡ് വാക്സിനും നൽകിയിട്ടുണ്ട്.

(ഇ) ഇതുവരേയും വാക്സിൻ സ്വീകരിക്കാത്തവർക്ക് അവ നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കോവിഡ് വാക്സിനേഷൻ സെന്ററുകളിലും കോവിഡ് വാക്സിൻ ലഭ്യമാണ്. ഇതുവരെ വാക്സിൻ സ്വീകരിക്കാത്തവർക്ക് കോവിൻ പോർട്ടൽവഴി ബുക്ക് ചെയ്തോ, വാക്സിനേഷൻ സെന്ററുകളിൽ നേരിട്ടുപോയോ വാക്സിൻ സ്വീകരിക്കാവുന്നതാണ്. ആരോഗ്യ വകുപ്പ് കോവിഡ് വാക്സിനേഷനെ സംബന്ധിച്ച് ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുന്നു.

**ആശാവർക്കർമാരുടെ സേവന-വേതന പ്രശ്നങ്ങൾ**

241 (241) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ നിസ്തുലമായ പ്രവർത്തനം നടത്തുന്ന ആശാവർക്കർമാരുടെ സേവന-വേതന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് ആശാവർക്കർമാർക്കുള്ള സേവന-വേതന വ്യവസ്ഥകൾ തീരുമാനിക്കുന്നത്. ആശാപ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന 6000 രൂപ പ്രതിമാസ ഓണറേറിയവും കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസംതോറും 1000 രൂപ കോവിഡ് ഇൻസെന്റീവായും 2020 ഫെബ്രുവരി മുതൽ നൽകിവരുന്നുണ്ട്. നിലവിൽ ആശാപ്രവർത്തകർക്ക് 2021 ജൂലൈ വരെയുള്ള പ്രതിമാസ ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്. ഓഗസ്റ്റ് മാസത്തെ ഓണറേറിയം

വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) തുച്ഛമായ വരുമാനംപോലും യഥാസമയം ലഭിക്കുന്നില്ല എന്നതും വണ്ടിക്കൂലിക്കും ഫോൺ റീചാർജ്ജ് ചെയ്യുന്നതിനുമായി നല്ലൊരു തുക ചെലവാകുന്നു എന്നുമുള്ള ആശാവർക്കർമാരുടെ പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

ആശാപ്രവർത്തകർ സന്നദ്ധ ആരോഗ്യ പ്രവർത്തകരാണ്. ഇവർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് വിവിധ പദ്ധതികളിൽനിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും സംസ്ഥാന സർക്കാർ മാസംതോറും നൽകുന്ന ഓണറേറിയവും കേന്ദ്ര സർക്കാർ നൽകുന്ന പ്രതിമാസ നിശ്ചിത ഇൻസെന്റീവുകളുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. 2011-12 ലെ സംസ്ഥാന ബഡ്ജറ്റിലാണ് ആശമാർക്ക് 300 രൂപ പ്രതിമാസ ഓണറേറിയം ആദ്യമായി നൽകിത്തുടങ്ങിയത്. അതിനുശേഷം 2011 ജൂലൈയിൽ ഇത് 500 രൂപയായി ഉയർത്തിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ ഓണറേറിയം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ 6000 രൂപയായി പ്രതിമാസ ഓണറേറിയം വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ആരോഗ്യമേഖലയിൽ മതിയായ സുരക്ഷാസംവിധാനമില്ലാതെ ജോലി ചെയ്യുന്ന ആശാവർക്കർമാരെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ ജീവനക്കാരായി നിയമിച്ച് അവരുടെ വേതനവും മറ്റാനുകൂല്യങ്ങളും ഉയർത്തുന്നതിന് നടപടിയുണ്ടാകുമോ; വ്യക്തമാക്കാമോ?

ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**അങ്കണവാടി ടീച്ചർമാരുടെയും ആയമാരുടെയും വേതനം**

242 (242) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ടീച്ചർമാരുടെയും ആയമാരുടെയും വേതനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് അങ്കണവാടി പ്രവർത്തകർക്ക് ഓണറേറിയം അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഓണറേറിയത്തിന് പുറമേ അങ്കണവാടി വർക്കർ/ഹെൽപ്പർമാർക്ക് കേരളത്തിൽ സംസ്ഥാന സർക്കാർ അധിക തുക ഓണറേറിയമായി നൽകിവരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം | | | കേന്ദ്ര വിഹിതത്തിന് പുറമെ സംസ്ഥാനം അനുവദിക്കുന്ന ഹോണറേറിയം | | ആകെ (3+4+5) |
|---|---|---|---|---|---|---|
| | കേന്ദ്ര വിഹിതം 60% | സംസ്ഥാന വിഹിതം 40% | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഓണറേറിയം ആകെ | സംസ്ഥാന വിഹിതം | തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിതം | |
| | (1) | (2) | (1+2)(3) | (4) | (5) | |
| അങ്കണവാടി വർക്കർ | 2700 | 1800 | 4500 | 5300 | 2200 | 12000 |
| മിനി അങ്കണവാടി വർക്കർ | 2100 | 1400 | 3500 | 5300 | 2200 | 11000 |
| അങ്കണവാടി ഹെൽപ്പർ | 1350 | 900 | 2250 | 4300 | 1450 | 8000 |

(ബി) അങ്കണവാടി ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പൊതുമാനദണ്ഡങ്ങൾ എന്തെങ്കിലുമുണ്ടോ?

ഉണ്ട്. 24-11-2010-ലെ സ.ഉ(എം.എസ്) നം. 82/2010/സാക്ഷേവ, 30-4-2018-ലെ സ.ഉ(സാധാ)നം. 254/2018/സാനീവ. എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് അങ്കണവാടി പ്രവർത്തകരുടെ സ്ഥലംമാറ്റം നടത്തിവരുന്നത്. ആയതിന്മേലുള്ള സ്പഷ്ടീകരണം 22-2-2020-ലെ സാനീവ./ബി2/406/19 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടേയും ജീവനക്കാരുടെയും എണ്ണം വ്യക്തമാക്കുന്ന വിശദമായ പട്ടിക നൽകാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടേയും ജീവനക്കാരുടെയും എണ്ണം വ്യക്തമാക്കുന്ന വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്ത് | അങ്കണവാടികളുടെ തസ്തികകളുടെ എണ്ണം | എണ്ണം | |
|---|---|---|---|---|
| | | | വർക്കർ | ഹെൽപ്പർ |
| 1 | ആലപ്പാട് | 27 | 27 | 27 |
| 2 | കരുനാഗപ്പള്ളി | 49 | 49 | 49 |
| 3 | തൊടിയൂർ | 45 | 45 | 45 |
| 4 | ക്ലാപ്പന | 24 | 24 | 24 |
| 5 | ഓച്ചിറ | 27 | 27 | 27 |
| 6 | കുലശേഖരപുരം | 40 | 40 | 40 |
| 7 | തഴവ | 41 | 41 | 41 |
| ആകെ | | 253 | 253 | 253 |

**പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജന്മാരുടെ സ്റ്റൈപ്പൻഡ്**

243 (243) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൈവറ്റ് മെഡിക്കൽ കോളേജുകളിലെ ഹൗസ് സർജന്മാർക്ക് സർക്കാർ മെഡിക്കൽ കോളേജുകളിലേതിന് തുല്യമായ സ്റ്റൈപ്പന്റ് നൽകണമെന്ന ഉത്തരവ് പ്രൈവറ്റ് മെഡിക്കൽ കോളേജുകളിൽ നടപ്പാക്കുന്നില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അടിയന്തരമായി നടപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

സർക്കാർ കോളേജുകളിലെ PG&UG ഇന്റേൺസിന് നൽകുന്ന സ്റ്റൈപ്പന്റിന് തുല്യമായിത്തന്നെ സ്വകാര്യ കോളേജുകളിലേയും PG & UG ഇന്റേൺസിന് സ്റ്റൈപ്പന്റ് നൽകണമെന്ന് കേരള ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിൽവരുന്ന

എല്ലാ സ്വകാര്യ കോളേജുകളിലെയും പ്രിൻസിപ്പൽമാർക്ക് 22-01-2016-ലെ 938/AC-H/2016/KUHS നമ്പർ സർക്കുലർ പ്രകാരം കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശം കർശനമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആരോഗ്യ സർവ്വകലാശാലയോട് ആവശ്യപ്പെടുന്നതാണ്.

**സംസ്ഥാന അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരണം**

244 (244) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന സമയപരിധിക്കുള്ളിൽ സംസ്ഥാന അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽ സംസ്ഥാന അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്നതിന് നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

(ബി) സംസ്ഥാനത്ത് കൗൺസിൽ രജിസ്ട്രേഷൻ ഇല്ലാത്തതിനാൽ പാരാമെഡിക്കൽ കോഴ്സ് പഠിച്ചിറങ്ങിയവർക്ക് വിദേശ ജോലി സാധ്യത നഷ്ടപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഈ വിഷയം സംബന്ധിച്ച് പരാതികളും അപേക്ഷകളും ലഭിക്കാറുണ്ട്. 2008-ലെ G.O. (Rt) No. 1504/2008/H&FWD പ്രകാരം കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽനിന്നും സംസ്ഥാനത്തെ മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽനിന്നും പാരാമെഡിക്കൽ ഡിപ്ലോമ/ബിരുദ ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമേ നിലവിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നുള്ളൂ. G.O. (Rt) No. 3716/2008/H&FWD, G.O. (Rt) No. 4934/2010/H&FWD പ്രകാരം, കേരളത്തിന് പുറത്ത് പഠനം പൂർത്തിയാക്കിയ അപേക്ഷകർക്ക് നിലവിൽ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ കൊടുക്കാൻ സാധ്യമല്ല. സംസ്ഥാന അലൈഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുമ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ കൗൺസിലിന്റെ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും രജിസ്ട്രേഷൻ നൽകുന്നതും മറ്റും പ്രസ്തുത കൗൺസിൽ പരിശോധിച്ച് യുക്തമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഹൗസ് സർജൻസി ചെയ്യുന്നതിന് പ്രത്യേക ഫീസ്

245 (245) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്തുനിന്നും എം.ബി.ബി.എസ്. പരീക്ഷ വിജയിച്ചതിനുശേഷം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ തുല്യ പരീക്ഷ വിജയിച്ചവർക്ക് ഹൗസ് സർജൻസി ചെയ്യുന്നതിന് പ്രത്യേക ഫീസ് ഈടാക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സ്വകാര്യ മെഡിക്കൽ കോളേജുകളിലും വിദേശ മെഡിക്കൽ കോളേജുകളിലും പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ ഇന്റേൺഷിപ്പ് ചെയ്യുന്നതിന് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. ആയത് ഒഴിവാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ഒഴിവുകൾ

246 (246) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജുകളിൽ വേണ്ടത്ര അദ്ധ്യാപകരുടെ സേവനം ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തിരുവനന്തപുരം/കോഴിക്കോട് ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകളിൽ പ്രൊഫസർ, റീഡർ/അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ പ്രൊമോഷൻ നൽകി നിയമിക്കുന്നതിന് ഡി.പി.സി. കൂടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ഒഴിവുള്ള മുഴുവൻ പ്രൊഫസർ തസ്തികകളിലെയും 4 റീഡർ/അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയും ഒഴിവുകൾ നികത്തപ്പെടും. ആയതിനുശേഷം വരുന്ന 9 റീഡർ/അസോസിയേറ്റ് പ്രൊഫസർ തസ്തികകളിലേയ്ക്ക് നിയമനം നടത്തണമെങ്കിൽ പ്രസ്തുത തസ്തികയിൽ പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം നടത്തുകയോ അല്ലെങ്കിൽ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പി.എസ്.സി. വഴി വരുന്നവർക്ക് 4 വർഷത്തിനുശേഷം പ്രൊമോഷൻ നൽകി നികത്തുകയോ ചെയ്യേണ്ടിവരും. എൻട്രി കേഡർ തസ്തികയായ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും പ്രസ്തുത തസ്തികയിലെ പ്രായപരിധിയെ ചൊല്ലി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലവിലുള്ള

കേസിൻമേലുള്ള ബഹു. ട്രൈബ്യൂണലിന്റെ നിർദ്ദേശമനുസരിച്ച് ടി തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പി.എസ്.സി. താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. പി.എസ്.സി. വഴിയുള്ള സ്ഥിര നിയമനത്തിന്റെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തി അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജിൽ അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

കോഴിക്കോട് ഗവ. ഹോമിയോപ്പതിക് മെഡിക്കൽ കോളേജിൽ പ്രൊഫസർ തസ്തികയിൽ 5-ഉം റീഡർ/അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ 7-ഉം ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ 15-ഉം ഒഴിവുകളാണുള്ളത്.

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഒഴിവുകളിൽ പ്രൊഫസർ, റീഡർ/ അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ ഡി.പി.സി. ചേർന്ന് ബന്ധപ്പെട്ട ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ലക്ചറർ/ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഓരോ വർഷത്തെ കാലാവധിയിൽ കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചുവരുന്നു.

**കുട്ടനാട്ടിൽ ആയുർവ്വേദ മെഡിക്കൽ കോളേജ് ആശുപത്രി**

247 (247) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദേശത്തുനിന്നും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ ആധുനിക സംവിധാനത്തോടെ കുട്ടനാട്ടിൽ ഒരു ആയുർവ്വേദ മെഡിക്കൽ കോളേജ് ആശുപത്രി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റി**

248 (248) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുഷ് വകുപ്പിന്റെ 3-7-2021-ലെ G.O.(Ms)32/2020/AYUSH ഉത്തരവ് പ്രകാരം സംസ്ഥാനത്ത് എത്ര ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ; ഓരോ ജില്ലയിലും സൊസൈറ്റികൾ രജിസ്റ്റർ ചെയ്തതെന്നാണെന്നും വ്യക്തമാക്കാമോ?

3-7-2020-ലെ G.O.(Ms) No.30/2020/AYUSH പ്രകാരം 14 ഡിസ്ട്രിക്റ്റ് ആയുഷ് ഹെൽത്ത് സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | രജിസ്ട്രേഷൻ തീയതി |
|---|---|---|
| 1 | കാസർഗോഡ് | 13-7-2021 |
| 2 | കണ്ണൂർ | 16-9-2020 |
| 3 | കോഴിക്കോട് | 29-6-2021 |
| 4 | വയനാട് | 30-6-2021 |
| 5 | മലപ്പുറം | 23-9-2020 |
| 6 | പാലക്കാട് | 9-9-2020 |
| 7 | തൃശ്ശൂർ | 19-7-2021 |
| 8 | എറണാകുളം | 7-4-2021 |
| 9 | ഇടുക്കി | 28-4-2021 |
| 10 | കോട്ടയം | 14-7-2021 |
| 11 | ആലപ്പുഴ | 26-8-2020 |
| 12 | പത്തനംതിട്ട | 30-6-2021 |
| 13 | കൊല്ലം | 7-7-2021 |
| 14 | തിരുവനന്തപുരം | 26-8-2020 |

(ബി) ഓരോ ജില്ലയിലും ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികളുടെ മെമ്പർ സെക്രട്ടറിമാരായി നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണെന്ന് വിശദമാക്കാമോ?

നാഷണൽ ആയുഷ് മിഷനിലെ ജില്ലാ പ്രോഗ്രാം മാനേജർമാരെയാണ് ആയുഷ് ഹെൽത്ത് സൊസൈറ്റികളുടെ മെമ്പർ സെക്രട്ടറിമാരായി നിയമിച്ചിട്ടുള്ളത്. നിലവിൽ ഏഴ് ജില്ലാ പ്രോഗ്രാം മാനേജർമാരെയാണ് നിയമിച്ചിട്ടുള്ളത്. ഓരോ ജില്ലാ പ്രോഗ്രാം മാനേജർക്കും മറ്റൊരു ജില്ലയുടെ അധിക ചുമതലകൂടി നൽകിയിട്ടുണ്ട്.

(സി) ഈ സൊസൈറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ആയുഷിന് കീഴിലുള്ള ഏതെല്ലാം ചികിത്സാ രീതികളാണ് സൊസൈറ്റിക്ക് കീഴിൽ വരികയെന്നറിയിക്കാമോ?

നോൺ കമ്മ്യൂണിക്കൽ ഡിസീസ് (NCD), റീപ്രൊഡക്റ്റീവ് ആൻഡ് ചൈൽഡ് ഹെൽത്ത്, മാനസികാരോഗ്യം, പാലിയേറ്റീവ് കെയർ, ജിറിയാട്രിക് കെയർ, അന്ധതാ നിവാരണം തുടങ്ങിയ മുൻഗണന മേഖലകളിൽ പ്രത്യേക ഊന്നൽ നൽകിക്കൊണ്ട് ആയുഷ് പദ്ധതികൾ ജില്ലകളിൽ നടപ്പിലാക്കാൻ ആയുഷ് വകുപ്പിനെ സഹായിക്കുക, വിവിധ ആയുഷ് സ്പെഷ്യാലിറ്റികൾ പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുക, നിലവിലെ ആയുഷ് സ്ഥാപനങ്ങളുടെ സേവനവും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുക, ആയുഷ് ഔഷധസസ്യ കൃഷിയുടെ പ്രോത്സാഹനം, ആയുഷ് മരുന്നുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, യുനാനി, യോഗ ആൻഡ് നാച്ചുറോപ്പതി എന്നീ ചികിത്സാ രീതികളാണ് സൊസൈറ്റിയുടെ കീഴിൽവരുന്നത്.

(ഡി) ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റികളുടെ പ്രവർത്തനങ്ങൾക്കായി ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടോ; ഫണ്ടുകൾ അനുവദിക്കാത്തതുകാരണം സൊസൈറ്റികളുടെ പ്രവർത്തനങ്ങൾ ആരംഭിക്കാനായിട്ടില്ലെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സൊസൈറ്റികളുടെ പ്രവർത്തനലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) ഡിസ്ട്രിക്ട് ആയുഷ് ഹെൽത്ത് സൊസൈറ്റിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടില്ല. സൊസൈറ്റികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിന് ജില്ലാ പ്രോഗ്രാം മാനേജരെയും അക്കൗണ്ടിംഗ് ക്ലാർക്കിനെയും 7 ജില്ലകളിൽ ആദ്യപടിയായി നിയമിച്ചിട്ടുണ്ട്. ഇവർക്ക് തൊട്ടടുത്ത ജില്ലകളിൽ അധിക ചുമതല നൽകിയിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങൾ സൊസൈറ്റിയെന്ന രീതിയിൽ ആരംഭിച്ചിട്ടില്ല.

**അരുവിക്കര മണ്ഡലത്തിലെ ആയുർവ്വേദ ഡിസ്പെൻസറികളിൽ കിടത്തിചികിത്സ**

249 (249) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തര ആരോഗ്യ പ്രശ്നങ്ങൾ അലട്ടുന്ന വയോജനങ്ങളുടെ ചികിത്സകൂടി കണക്കിലെടുത്ത് സംസ്ഥാനത്തെ തെരഞ്ഞെടുത്ത ആയുർവ്വേദ ഡിസ്പെൻസറികളെ കിടത്തിചികിത്സയുള്ള ആശുപത്രികളാക്കി ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അരുവിക്കര മണ്ഡലത്തിലെ തൊളിക്കോട്, പൂവച്ചൽ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ആയുർവ്വേദ ഡിസ്പെൻസറികളിൽ കിടത്തിചികിത്സാ സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

( എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

**പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിലെ പി.ജി. കോഴ്സുകൾ**

250 (250) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിൽ നിലവിലുള്ള പി.ജി. കോഴ്സുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

പരിയാരം സർക്കാർ ആയുർവ്വേദ കോളേജിൽ നിലവിലുള്ള പി.ജി. കോഴ്സുകൾ ക്രിയാശരീര, രോഗനിദാന, രസശാസ്ത്ര & ഭൈഷജ്യ കൽപ്പന, ശല്യതന്ത്ര, ശാലാക്യതന്ത്ര എന്നിവയാണ്.

(ബി) പ്രസ്തുത കോഴ്സുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നുണ്ട്?

ക്രിയാശരീര - 9 സീറ്റ്, രോഗനിദാന - 8 സീറ്റ്, രസശാസ്ത്ര & ഭൈഷജ്യകൽപ്പന - 7 സീറ്റ്, ശല്യതന്ത്ര - 6 സീറ്റ്, ശാലാക്യതന്ത്ര - 6 സീറ്റ്.

(സി) കൂടുതൽ പി.ജി. കോഴ്സുകൾ തുടങ്ങിയ സാഹചര്യത്തിൽ അതിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പുതിയ പി.ജി. കോഴ്സുകൾ ആരംഭിച്ച സാഹചര്യത്തിൽ നിലവിലുള്ള ക്രിയാശരീര, ശല്യതന്ത്ര, ശാലാക്യതന്ത്ര, രസശാസ്ത്ര & ഭൈഷജ്യകൽപ്പന വകുപ്പുകളിലെ പി.ജി. കോഴ്സുകൾക്ക് കേരള ആരോഗ്യ സർവ്വകലാശാല അംഗീകാരം ലഭിക്കുന്നതിന് അദ്ധ്യാപകരുടെ ന്യൂനത പരിഹരിക്കുന്നതിനായി യൂണിവേഴ്സിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. 24-9-2021-ലെ 4-53/2021-Ay ഉത്തരവുപ്രകാരം കണ്ണൂർ ഗവ. ആയുർവ്വേദ കോളേജിന് 2021-22 വർഷം NCISM (National Commission for Indian Systems of Medicine)-ന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിനാൽ കേരള ആരോഗ്യ സർവ്വകലാശാല ചൂണ്ടിക്കാണിച്ച അപാകതകൾ പരിശോധിച്ച് ഉചിതമായ നടപടികൾ ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പുതിയതായി ഏതെല്ലാം പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിനാണ് അപേക്ഷ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

പുതുതായി പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

**മരുന്നുകളുടെ ഗുണനിലവാരം**

251 (251) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച ഏതെല്ലാം റിപ്പോർട്ടുകളാണ് സർക്കാരിന് ലഭിച്ചിട്ടുള്ളത്;

(ബി) മരുന്നുകളുടെ ഗുണനിലവാര പരിശോധന കാര്യക്ഷമമല്ലെന്ന റിപ്പോർട്ടുകളിൽ കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാന ഔഷധ വിപണിയിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന സംബന്ധിച്ച് പത്ര മാധ്യമങ്ങളിൽവന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വിപണിയിൽ ലഭ്യമാകുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിലെ വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടപ്പിലാക്കുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തര പരിശോധനകളിലൂടെ വളരെ കാര്യക്ഷമമായിട്ടാണ് ഗുണനിലവാര പരിശോധന നടപ്പിലാക്കുന്നത്. വിപണിയിൽ ലഭ്യമാകുന്ന മരുന്നുകളുടെ 98 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിന്നായതിനാൽ ഗുണനിലവാരമുള്ളവയാണ് സംഭരിക്കുന്നതെന്നും അവയുടെ ഷെൽഫ് ലൈഫിലുടനീളം ഗുണനിലവാരം ഉറപ്പാക്കുന്ന രീതിയിൽത്തന്നെയാണ് ഇവ ഔഷധ വ്യാപാരികൾ സൂക്ഷിക്കുന്നതെന്നും വകുപ്പിലെ ഉദ്യോഗസ്ഥർ കർശന പരിശോധനയിലൂടെ നിരീക്ഷിച്ചുവരുന്നുണ്ട്.

**വിപണിയിൽ എത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന**

252 (252) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണിയിൽ എത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഒരു മരുന്നിന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ വിപണിയിൽ എത്തിക്കുവാൻ പാടുള്ളൂവെന്ന് ഡ്രഗ്സ് റൂൾസിലെ Good Manufacturing Practice വ്യവസ്ഥകളിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദന ശാലകൾ നിരന്തരം പരിശോധിച്ച് ഉറപ്പുവരുത്താറുണ്ട്. മരുന്ന് നിർമ്മാണ പ്രക്രിയയിലെ അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ നിർമ്മാണവേളയിലെ ഓരോ ഘട്ടങ്ങളിലും അവ Tablet, Capsules, Injection, Liquid Orals എന്നിങ്ങനെയുള്ള അന്തിമ രൂപത്തിൽ (Finished Product) ആകുന്ന പ്രക്രിയയും ഇവ വിപണിയിലേയ്ക്ക് എത്തുന്നവരെയുള്ള പ്രക്രിയയും ടി ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് നിയന്ത്രിക്കപ്പെടുന്നത്. വിപണിയിൽ എത്തിയശേഷവും പ്രസ്തുത മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കുവേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനംമൂലവും നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്. ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ വകുപ്പുതല നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് മൊത്തം പരിശോധനയ്ക്കെടുക്കുന്ന മരുന്ന് സാമ്പിളുകളുടെ 5 ശതമാനത്തിൽത്താഴെ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) ഒരു വർഷം ശരാശരി എത്ര ബാച്ച് മരുന്നുകളാണ് സംസ്ഥാനത്തെ വിപണിയിലെത്തുന്നത്; ഇതിൽ എത്ര ബാച്ച് മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കാണ് സംസ്ഥാനത്ത് സംവിധാനമുള്ളത് എന്ന് വ്യക്തമാക്കുമോ?

വിവിധ സംസ്ഥാനങ്ങളിലായി എണ്ണായിരത്തോളം മരുന്ന് യൂണിറ്റുകൾ ചേർന്ന് എഴുപതിനായിരത്തോളം മരുന്നുകൾ വിപണിയിൽ എത്തിക്കുന്നുണ്ട്. ഓരോ ബ്രാൻഡ് ഉത്പന്നത്തിന്റെയും നാലുമുതൽ അഞ്ചോളം ബാച്ചുകൾ കണക്കാക്കിയാൽ സംസ്ഥാന ഔഷധ വിപണിയിൽ ഒരു സമയം ഏകദേശം രണ്ടര ലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം

ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിച്ചുറപ്പിക്കുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസംവരെ സമയം ആവശ്യമാണ്. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ഗുണനിലവാരം പരിശോധിക്കുക പ്രായോഗികമല്ല. ഇത്തരം സാഹചര്യം നിലനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം വകുപ്പ് ഉറപ്പുവരുത്തുന്നത്. ഇത് രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. വകുപ്പിന്റെ കീഴിൽ പൂർണ്ണമായും പ്രവർത്തനശേഷിയുള്ള തിരുവനന്തപുരം, എറണാകുളം ലാബുകളിലെയും 2019-ൽ ഭാഗികമായി പ്രവർത്തനസജ്ജമായിട്ടുള്ള തൃശ്ശൂർ ലാബിലെയും പരിശോധനാശേഷി കണക്കാക്കുമ്പോൾ സംസ്ഥാനത്ത് നിലവിൽ ഒരു മാസം 1155 മരുന്ന് സാമ്പിളുകളാണ് പരിശോധിക്കാൻ സാധിക്കുന്നത്. 23-9-2021-ൽ ഉദ്ഘാടനം ചെയ്യപ്പെട്ട കോന്നി ലാബും നിലവിലെ തൃശ്ശൂർ ലാബും പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നമുറയ്ക്ക് സംസ്ഥാനത്ത് പ്രതിമാസം 1908 മരുന്ന് സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുന്നതാണ്.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും നേരിട്ട് മെഡിക്കൽ സ്റ്റോറുകളിൽ വില്പനയ്ക്ക് എത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന ഉറപ്പാക്കുന്നതിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് നിലവിലുള്ള ഡ്രഗ് ഇൻസ്പെക്ടർമാരുടെ എണ്ണം മരുന്നുകളുടെ ഗുണനിലവാര പരിശോധന ഉറപ്പാക്കുന്നതിന് പര്യാപ്തമാണോ; അല്ലെങ്കിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) രാജ്യത്തെ പ്രമുഖ മരുന്ന് നിർമ്മാണ കമ്പനികളുടെയും അന്താരാഷ്ട്ര കമ്പനികളുടെയും സംസ്ഥാനത്തുള്ള കമ്പനി ഡിപ്പോകൾവഴിയാണ് മരുന്നുകൾ വിതരണത്തിനായി എത്തിക്കുന്നത്. എന്നാൽ ജി.എസ്.ടി. സമ്പ്രദായം നിലവിൽവന്നതിനുശേഷം രാജ്യത്ത് എവിടെനിന്നും നിയമപരമായി മരുന്നുകൾ വാങ്ങുന്നതിന് വ്യാപാരികൾക്ക് അവസരം ലഭ്യമായിട്ടുണ്ട്. ഈ സമ്പ്രദായത്തിലൂടെ ഗുണനിലവാരമില്ലാത്തതോ വ്യാജ മരുന്നുകളോ വിപണിയിൽ എത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനായി ഇത്തരം വ്യാപാര സ്ഥാപനങ്ങളിൽ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തുകയും മരുന്നുകൾ നേരിട്ട് വാങ്ങുന്ന പ്രവണത നിരുത്സാഹപ്പെടുത്തുകയും ചെയ്യാറുണ്ട്. ഇപ്രകാരം വിപണിയിൽ എത്തിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടേയും തീവ്രമായ ഗുണനിലവാര പരിശോധന അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നിരീക്ഷണത്തിലൂടെ ഉറപ്പാക്കുന്നുണ്ട്. വിപണിയിൽ എത്തിയ ശേഷവും പ്രസ്തുത

മരുന്നുകളുടെ ഷെൽഫ് ലൈഫിന്റെ അവസാനഘട്ടംവരെ നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്ക് വേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/സ്വകാര്യ) എന്നിവിടങ്ങളിൽനിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നിവയിലെ അപാകതകൾ കാരണവും അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നീ ഭൗതികാവസ്ഥകളുടെ സ്വാധീനംമൂലവും നിശ്ചിത ഗുണനിലവാരത്തിൽനിന്നും വ്യതിയാനം വരുന്നതായി റിപ്പോർട്ടുകൾ ലഭിക്കാറുണ്ട്, ഇത്തരം മരുന്നുകളുടെ വിൽപ്പന തടഞ്ഞ് കമ്പനികൾക്കെതിരെ വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് മൊത്തം പരിശോധനയ്ക്കെടുക്കുന്ന മരുന്ന് സാമ്പിളുകളുടെ 5 ശതമാനത്തിൽത്താഴെ മാത്രമാണ് ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഡ്രഗ്സ് കൺട്രോൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ തസ്തിക സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## അലോപ്പതി മരുന്നുകളുടെ വിപണനം

253 (253) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിമാസം സംസ്ഥാനത്ത് വിപണനം നടത്തുന്ന അലോപ്പതി മരുന്നുകളുടെ ഉദ്ദേശ്യ വിപണിമൂല്യം എത്രയെന്നും വിപണനം നടത്തുന്ന മരുന്നുകളുടെ സാംപിൾ പരിശോധന കൃത്യമായി നടത്തുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രതിവർഷം 20,000 കോടിയോളം രൂപയുടെ വിപണിമൂല്യമുള്ള അലോപ്പതി മരുന്നുകളാണ് വിപണനം നടത്തുന്നതെന്ന് കണക്കാക്കുന്നു. മേൽപ്പറഞ്ഞ കണക്കനുസരിച്ച് പ്രതിമാസം 1600 കോടി രൂപയുടെ അലോപ്പതി മരുന്നുകളാണ് വിപണനം ചെയ്യുന്നതെന്ന് കണക്കാക്കുന്നു. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. ലബോറട്ടറി പരിശോധനയിലൂടെ ഒരു മരുന്നിന്റെ ഗുണനിലവാര പരിശോധന പൂർത്തീകരിക്കുന്നതിന് 3 മുതൽ 20 ദിവസം വരെ സമയം ആവശ്യമാണ്. ആയതിനാൽ വിപണിയിൽ ലഭ്യമാകുന്ന എല്ലാ മരുന്നുകളുടെയും ഗുണനിലവാരം പരിശോധിക്കുക പ്രായോഗികമല്ല. ഇത്തരം സാഹചര്യം നിൽനിൽക്കുന്നതിനാലാണ് നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തി വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം വകുപ്പ് ഉറപ്പുവരുത്തുന്നത്. ഇത്

രാജ്യമൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. വകുപ്പിന്റെകീഴിൽ പൂർണ്ണമായും പ്രവർത്തനശേഷിയുള്ള തിരുവനന്തപുരം, എറണാകുളം ലാബുകളിലെയും 2019-ൽ ഭാഗികമായി പ്രവർത്തനസജ്ജമായിട്ടുള്ള തൃശ്ശൂർ ലാബിലെയും പരിശോധനാശേഷി കണക്കാക്കുമ്പോൾ സംസ്ഥാനത്ത് നിലവിൽ ഒരു മാസം 1155 മരുന്ന് സാമ്പിളുകളാണ് പരിശോധിക്കാൻ സാധിക്കുന്നത്.

(ബി) കഴിഞ്ഞ മൂന്നുമാസക്കാലയളവിൽ സംസ്ഥാനത്താകമാനം വിപണനം നടത്തിയ മരുന്നുകളുടെ എണ്ണവും തോതും എത്രയെന്നും എത്ര ശതമാനം മരുന്നുകൾ പരിശോധനയ്ക്ക് വിധേയമാക്കിയെന്നും വ്യക്തമാക്കുമോ?

വിവിധ സംസ്ഥാനങ്ങളിലായി എണ്ണായിരത്തോളം മരുന്ന് യൂണിറ്റുകൾ ചേർന്ന് എഴുപതിനായിരത്തോളം മരുന്നുകൾ വിപണിയിൽ എത്തിക്കുന്നുണ്ട്. ഓരോ ബ്രാൻഡ് ഉത്പന്നത്തിന്റെയും നാല് മുതൽ അഞ്ചോളം ബാച്ചുകൾ കണക്കാക്കിയാൽ സംസ്ഥാന ഔഷധ വിപണിയിൽ ഒരു സമയം ഏകദേശം രണ്ടരലക്ഷത്തോളം ബാച്ച് മരുന്നുകൾ ലഭ്യമാകുന്നുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കഴിഞ്ഞ മൂന്ന് മാസക്കാലയളവിൽ ഏകദേശം 3500-ഓളം മരുന്നുകളാണ് വകുപ്പിന്റെകീഴിലുള്ള മൂന്ന് ലബോറട്ടറികളിലായി പരിശോധനയ്ക്ക് വിധേയമാക്കിയത്.

(സി) മനുഷ്യജീവനെ ബാധിക്കുന്ന മരുന്നുവിപണനവും ഉപയോഗവും പരിശോധനകൾക്ക് വിധേയമായി മാത്രമാക്കുന്നതിനായി ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഒരേ മരുന്നിനുതന്നെ മെഡിക്കൽ സ്റ്റോറുകളിൽ പല വിലകൾ ഈടാക്കുന്ന പ്രവണത നിയന്ത്രിച്ച് വിലകളുടെ ഏകോപനം ഉറപ്പുവരുത്താനും സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേന്ദ്രനിയമമായ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടും അതിനുകീഴിലുള്ള റൂളുകളിലും മരുന്നുകളുടെ അസംസ്കൃത വസ്തു തെരഞ്ഞെടുക്കുന്നത് മുതൽ മരുന്ന് ഫോർമുലേഷനായി രൂപപ്പെടുത്തുന്നത് വരെയുള്ള സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയയിൽ പാലിക്കേണ്ടുന്ന വ്യവസ്ഥകൾ നിഷ്കർഷിക്കുന്നുണ്ട്. രാജ്യത്തെവിടെയും ഈ നിയമത്തിനുവിധേയമായി മാത്രമേ മരുന്നുകൾ നിർമ്മിച്ച് വിതരണം ചെയ്യുവാൻ സാധിക്കുകയുള്ളൂ. മറ്റ് ലോക രാഷ്ട്രങ്ങളിൽ സ്വീകരിച്ചുവരുന്ന പ്രക്രിയയ്ക്ക് തുല്യമായോ അതിൽ കൂടുതലോ നിയമനിഷ്കർഷത പാലിച്ചാണ് രാജ്യത്ത് മരുന്ന് നിർമ്മാണ പ്രക്രിയ നടന്നുവരുന്നത്. സംസ്ഥാനത്ത് വിതരണത്തിനായി എത്തുന്ന മരുന്നുകളുടെ 98 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ചുവരുന്നവയാണ്. അതത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ നിരീക്ഷണത്തിൽ നിർമ്മിക്കപ്പെടുന്ന ഇത്തരം

മരുന്നുകൾ മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ പാലിച്ചാണ് നിർമ്മിക്കപ്പെടുന്നത്. സംസ്ഥാനത്ത് എത്തിയതിനുശേഷം നിയമം അനുശാസിക്കുന്ന രീതിയിൽ റാൻഡം സാമ്പിളിംഗ് നടത്തിയും മരുന്നുകളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ആയതിന്റെ സാമ്പിളിംഗ് നടത്തിയും വിപണിയിലുള്ള മരുന്നുകളുടെ ഗുണനിലവാരം വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. ഇത് രാജ്യത്തൊട്ടാകെ പാലിച്ചുവരുന്ന പ്രക്രിയയാണ്. ഒരു മരുന്നിന്റെ ഗുണനിലവാരം ഏകദേശം 10 മുതൽ 15 വരെ വിവിധയിനം ഗുണനിലവാര മാനദണ്ഡങ്ങൾ പ്രകാരമാണ് നിശ്ചയിക്കപ്പെടുന്നത്. നിർമ്മാണ ഘട്ടം മുതൽ പലവിധ പരിശോധനകൾക്ക് വിധേയമായാണ് മരുന്നുകൾ നിർമ്മാതാക്കൾ വിപണനത്തിനായി എത്തിക്കുന്നത്. മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിലുടനീളം നിശ്ചിത ഗുണനിലവാരം പുലർത്തേണ്ടവയാണ്. എന്നാൽ ബാഹ്യഘടകങ്ങളായ അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം എന്നിവ കാരണം നിശ്ചിത ഗുണനിലവാര വ്യതിയാനം വരുന്നതിന് കാരണമാകുന്നു. മൊത്തം പരിശോധനയ്ക്കെടുക്കുന്ന സാമ്പിളുകളുടെ 5 ശതമാനത്തിൽത്താഴെ മാത്രമാണ് ഇപ്രകാരമുള്ള ഗുണനിലവാര വ്യതിയാനങ്ങളെന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നു. ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ നിർമ്മാതാക്കൾക്കെതിരെ അതത് സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്ര അവശ്യവസ്തു നിയമം (Essential Commodities Act)-ന്റെ പരിധിയിൽനിന്നുകൊണ്ട് ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ (DPCO 2013) പ്രകാരം കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിനുകീഴിലുള്ള ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി (National Pharmaceutical Pricing Authority) ആണ് രാജ്യത്ത് മരുന്നുകളുടെ വില നിശ്ചയിച്ചുറപ്പിക്കുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് അധികാരപരിധിയില്ല. വിപണി അധിഷ്ഠിത വില നിയന്ത്രണ രീതിയിൽ ഒരു ശതമാനമോ അതിലധികമോ മാർക്കറ്റ് ഷെയറുള്ള കമ്പനികളുടെ വിവിധ ബ്രാൻഡുകളുടെ ശരാശരി വിലയാണ് മരുന്നിന്റെ സീലിംഗ് പ്രൈസായി നിശ്ചയിച്ചുറപ്പിക്കുന്നത്. ടി വിലയ്ക്കൊപ്പം ജി.എസ്.ടി. ഉൾപ്പെടുത്തി പരമാവധി ചില്ലറ വിൽപ്പന വില (എം.ആർ.പി.)-യിൽ മരുന്നുകൾ നിർമ്മാതാക്കൾ വിപണിയിൽ ലഭ്യമാക്കണമെന്നാണ് ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിഷ്കർഷിക്കുന്നത്. ആയതിനാൽ അവശ്യ മരുന്നുകളുടെ വില ഒരു മാനദണ്ഡവുമില്ലാതെ വർദ്ധിപ്പിക്കുവാൻ സാധിക്കുകയില്ല. ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നുകൾ വിൽക്കപ്പെടുന്നില്ലെന്നും ജീവൻ രക്ഷാ മരുന്നുകൾ സുലഭമായി ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിലും പരാതികളുടെ അടിസ്ഥാനത്തിൽ നടത്തുന്ന പരിശോധനകളിലും മരുന്നുവില പരിധി ലംഘിക്കുന്നതായി കാണുന്ന മരുന്ന്

നിർമ്മാതാക്കളുടെ വിശദാംശങ്ങൾ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നുണ്ട്. ഇത്തരം നിയമ ലംഘനങ്ങളിൻമേൽ ദേശീയ ഔഷധ വില നിയന്ത്രണ അതോറിറ്റി നേരിട്ട് നിർമ്മാതാക്കൾക്ക് നോട്ടീസ് നൽകി, മരുന്ന് ബാച്ചുകളുടെ വിവരങ്ങൾ ശേഖരിച്ച് അമിതവില ഈടാക്കിയ തുക മുഴുവനും കേന്ദ്ര സർക്കാരിലേയ്ക്ക് അടപ്പിക്കുന്നതിനാവശ്യമായ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. വിലപരിധി നിയന്ത്രണം മറികടന്നുള്ള മരുന്നുവിൽപ്പന ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യവസ്തു നിയമം അനുശാസിക്കുന്ന പ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

**വാക്സിൻ ലഭ്യതയും ഉത്പാദനവും**

254 (254) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആവശ്യകതയനുസരിച്ച് കേന്ദ്ര സർക്കാർ മതിയായ എണ്ണം കോവിഡ് വാക്സിൻ ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ സംസ്ഥാനത്തിന് ആവശ്യത്തിന് കോവിഷീൽഡ് സ്റ്റോക്കുണ്ട്. കോവാക്സിൻ നേരിയ കുറവുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽനിന്ന് ലഭിച്ച ആശയവിനിമയമനുസരിച്ച് കുറച്ച് ദിവസങ്ങളിൽ പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) സംസ്ഥാന സർക്കാർ വാക്സിനുകൾ ഉത്പാദിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

(സി&ഡി) തിരുവനന്തപുരത്തുള്ള തോന്നയ്ക്കലിലെ ലൈഫ് സയൻസസ് പാർക്കിൽ ഒരു വാക്സിൻ ഉല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ 11-9-2021-ലെ സ.ഉ.(കൈ)നം 33/2021/ശാ.സാ.വ. ഉത്തരവ് പ്രകാരം സർക്കാർ ലൈഫ് സയൻസസ് പാർക്കിൽ വാക്സിൻ ഫിൽ ഫിനിഷ് അഥവാ വാക്സിൻ ഉത്പാദന യൂണിറ്റ് സ്ഥാപിക്കുന്ന ആങ്കർ ഇൻഡസ്ട്രികൾക്കുള്ള പ്രത്യേക പാക്കേജ് അംഗീകരിക്കുകയും യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും കമ്പനികളുടെ സാങ്കേതിക,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തികശേഷി പരിശോധിക്കുന്നതിനും തുടർനടപടികൾ നിർദ്ദേശിക്കുകയും കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി)-നെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

**സ്മാർട്ട് അങ്കണവാടി**

255 (255) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികൾ സ്മാർട്ടാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് 1-4-2019 മുതൽ നിർമ്മിക്കാൻ തീരുമാനിച്ച അങ്കണവാടികൾക്ക് ഒരു ഏകീകൃത മോഡൽ വേണമെന്ന സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വകുപ്പിനുകീഴിൽ സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് ആധുനിക രീതിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാനും പ്രൈസ് സോഫ്റ്റ്‌വെയറിലുള്ള എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് (10, 7.5, 5, 3, 3(Slopping Terrain), 1.25 സെന്റ്) അനുസൃതവും അനുയോജ്യവുമായ പ്ലാനും എസ്റ്റിമേറ്റും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കൈമാറുകയും പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ ഏകീകൃത പ്ലാൻ അനുസരിച്ച് നിർമ്മിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. സ്മാർട്ട് അങ്കണവാടി നിർമ്മാണത്തിനായി ഒരു പുതിയ ശീർഷകം അനുവദിച്ചിരുന്നു. ഇത്തരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രൊപ്പോസൽ നൽകുമ്പോൾ നിർമ്മാണം നടത്തുന്ന കെട്ടിടത്തിന് ആനുപാതികമായി ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട LSGD വിഹിതമായും കണ്ടെത്തിയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ആദ്യത്തെ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലുമാണ്. 2020-21 വർഷത്തിൽ 88 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനും 2021-22-ൽ 50 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശിശുസൗഹൃദ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്കുള്ള നിലവിലെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ശിശുസൗഹൃദ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയ്ക്കുള്ള മാനദണ്ഡങ്ങൾ വനിത ശിശു വികസന വകുപ്പിൽ നിശ്ചയിക്കുന്നില്ല. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹിക ചുറ്റുപാടുകളിൽ അവരുടെ പങ്കാളിത്തം, സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്നതിനും വേണ്ടിയാണ്

ശിശുസൗഹൃദ പഞ്ചായത്തുകൾ എന്ന ആശയം രൂപീകരിച്ചിട്ടുള്ളത്. യൂണിസെഫിന്റെ സഹായത്തോടെ കിലയാണ് ഈ പദ്ധതിക്ക് തുടക്കം കുറിച്ചത്.

**ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ**

256 (256) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കാമോ?

ഓരോ മാസവും വിതരണത്തിനുമുമ്പ് അതത് മാസം എഫ്.സി.ഐ-ൽ നിന്നും അലോട്ട് ചെയ്യുന്ന സ്റ്റോക്ക്, എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. എഫ്.സി.ഐ.-യിലെയും സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങളുടെ കർശന പരിശോധനയ്ക്കുശേഷമാണ് എഫ്.സി.ഐ.-യിൽനിന്നും സി.എം.ആർ. മില്ലുകളിൽനിന്നും ഭക്ഷ്യ ധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽനിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻ കടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോധ്യപ്പെടേണ്ട ഉത്തരവാദിത്വം എ.ആർ.ഡി.-കൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം ഗോഡൗണുകളുമായി ബന്ധപ്പെട്ട് ധാന്യങ്ങൾ മാറ്റി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ സപ്ലൈ ഓഫീസർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻ കടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. NFSA ഗോഡൗണുകളിൽനിന്നും റേഷൻ കടകളിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഏലയ്ക്ക വാങ്ങിയതിലെ ക്രമക്കേട് സംബന്ധിച്ച ആക്ഷേപം**

257 (257) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കിറ്റിലേയ്ക്ക് ഏലയ്ക്ക വാങ്ങിയതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ എട്ട് കോടി രൂപയുടെ അഴിമതിയുണ്ടെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും രേഖാമൂലം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സൗജന്യ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ സുതാര്യമായ ഇ-ടെണ്ടർ മുഖേനയും കൃത്യമായ

മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി (DMC) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, കൺസ്യൂമർഫെഡ്, റെയ്ഡ്കോ മറ്റ് വിതരണക്കാർ മുതലായവരിൽ നിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്.

(ബി) സഹകരണ സംഘങ്ങളെയും കർഷകരെയും ഒഴിവാക്കി നിലവാരം കുറഞ്ഞ ഏലയ്ക്ക ഇടനിലക്കാരിൽനിന്നും ഉയർന്ന വിലയ്ക്ക് വാങ്ങാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

കേരളത്തിലെ ഏലയ്ക്ക ഉത്പാദകർക്കും വിതരണക്കാർക്കും മാത്രം ടെണ്ടറിൽ പങ്കെടുക്കാമെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് ഇ-ടെണ്ടർ മുഖേന സുതാര്യമായ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ നിരക്കിൽ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ളവരിൽനിന്നുമാണ് ഏലയ്ക്ക വാങ്ങിയിട്ടുള്ളത്. ഇതുകൂടാതെ കൺസ്യൂമർഫെഡ്, റെയ്ഡ്കോ എന്നീ സർക്കാർ അധീനതയിലുള്ള സഹകരണ സ്ഥാപനങ്ങളിൽനിന്നുമാണ് ഏലയ്ക്ക വാങ്ങിയിട്ടുള്ളത്.

(സി) ഇതുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ വൈകിയതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ വൈകിയിട്ടില്ല. 19-7-2021-ലെ സ.ഉ. (സാധാ)നം.296/2021/ഭ.പൊ.വി.വ. ഉത്തരവുപ്രകാരമാണ് കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ നേരത്തെ സർക്കാർ തലത്തിൽ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ 15-07-2021-ൽ തന്നെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. ഇ-ടെണ്ടർ നിബന്ധനപ്രകാരമുള്ള ഏറ്റവും കുറഞ്ഞ കാലയളവായ 7 ദിവസംമാത്രമാണ് ടെണ്ടർ സമർപ്പിക്കുവാൻ നൽകിയിട്ടുള്ളത്.

(ഡി) ഏലയ്ക്ക വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏലയ്ക്കയുടെ ഗുണമേന്മയുമായി ബന്ധപ്പെട്ട് ലഭിച്ച പരാതി അന്വേഷണത്തിനായി പൊതുവിതരണ വകുപ്പ് ഡയറക്ടറേറ്റിലെ വിജിലൻസ് വിംഗിന് കൈമാറിയിട്ടുണ്ട്.

**സപ്ലൈകോ ഇ-ടെൻഡർ**

258 (258) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലേയ്ക്ക് എന്ന പേരിൽ സപ്ലൈകോ ഇ-ടെൻഡറിൽ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലേയ്ക്ക് എന്ന പേരിൽ സപ്ലൈകോ ഇ-ടെണ്ടറിൽ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടില്ല. എന്നാൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണം പത്രവാർത്തയിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുതാര്യമായ രീതിയിൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകി ഏവർക്കും ലഭ്യമായ രീതിയിൽ സപ്ലൈകോ വെബ്സൈറ്റിലൂടെയാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

(ബി) താൽപ്പര്യമുള്ള കരാറുകാരനെ തെരഞ്ഞെടുക്കുന്ന രീതിയിലുള്ള നിബന്ധനകൾ താൽപ്പര്യപത്രത്തിൽ ഉൾപ്പെടുത്തിയിരുന്നോ; എങ്കിൽ അതിനുള്ള അനുമതി മന്ത്രിതലത്തിൽ നൽകിയിരുന്നോയെന്ന് വിശദമാക്കാമോ?

താൽപ്പര്യമുള്ള കരാറുകാരനെ തെരഞ്ഞെടുക്കുന്ന രീതിയിലുള്ള നിബന്ധനകൾ താൽപ്പര്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സുതാര്യമായ രീതിയിൽ പത്രമാധ്യമങ്ങളിലൂടെ പരസ്യം നൽകി ഏവർക്കും ലഭ്യമാകുന്ന രീതിയിൽ സപ്ലൈകോ വെബ്സൈറ്റിലൂടെയാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതുമായി ബന്ധപ്പെട്ട് വിളിച്ച താല്പര്യപത്രത്തിലെ ചില നിബന്ധനകൾ ഒഴിവാക്കാൻ സപ്ലൈകോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വാർഷിക വിറ്റുവരവ് 100 കോടി രൂപയിൽ കുറയാൻ പാടില്ലെന്നുള്ളതും ISO Certification വേണമെന്നതും താത്പര്യപത്രം നൽകുന്ന സ്ഥാപനങ്ങളുടെ ഫാക്ടറി, സപ്ലൈകോ ഹെഡ് ക്വാർട്ടേഴ്സിന്റെ 35 കിലോമീറ്റർ ചുറ്റളവിൽ വേണമെന്നുമുള്ള നിബന്ധനകൾ ഒഴിവാക്കാൻ സർക്കാർതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ഇ-ടെൻഡർ മുഖേന മാത്രമേ പാടുള്ളൂവെന്ന കേന്ദ്ര വിജിലൻസ് കമ്മീഷന്റെയും സർക്കാരിന്റെയും ഉത്തരവുകൾ ലംഘിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരവ് ലംഘനം നടന്നിട്ടില്ല. 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ ഇടപാടുകളും സുതാര്യമായ രീതിയിൽ ഇ-ടെണ്ടർ വഴിയാണ് നടത്താറുള്ളത്.

**ഭക്ഷ്യകിറ്റ് വിതരണം**

259 (259) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ വിതരണം ചെയ്തുവരുന്ന ഭക്ഷ്യകിറ്റ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) ഭക്ഷ്യ കിറ്റിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശന ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺമാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD FQM Lab, റീജിയണൽ അനാലിറ്റിക്കൽ ലാബ്, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തരനടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലയർക്കെതിരെ വിലക്കേർപ്പെടുത്തൽ, പിഴ ഈടാക്കൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുന്നതിനുള്ള കർശന നടപടികൾ എടുത്തുവരുന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സപ്ലൈകോ വഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യക്കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും മേൽപ്പറഞ്ഞ സംവിധാനംതന്നെയാണ് ഉപയോഗപ്പെടുത്തുന്നത്.

(സി) ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വസ്തുക്കളുടെ സംഭരണത്തിൽ വ്യാപകമായ അഴിമതി നടക്കുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സൗജന്യ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ സുതാര്യമായ ഇ-ടെണ്ടർ മുഖേനയും കൂടാതെ കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി (DMC) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, മറ്റ് വിതരണക്കാർ മുതലായവരിൽനിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്. കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഇരിക്കൂർ മണ്ഡലത്തിലെ പ്രവർത്തനങ്ങൾ

260 (260) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുഖാന്തരം ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ?

പൊതുവിതരണ വകുപ്പ് വഴിയുള്ള പദ്ധതികൾ എല്ലാംതന്നെ സംസ്ഥാന തലത്തിലാണ് നടപ്പാക്കിവരുന്നത്. സംസ്ഥാനതലത്തിൽ ദേശീയ ഭക്ഷ്യഭദ്രത നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കിയ എല്ലാ പ്രവർത്തനങ്ങളും ഇരിക്കൂർ മണ്ഡലത്തിലും നടപ്പാക്കിയിട്ടുണ്ട്. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠപുരം മുനിസിപ്പാലിറ്റിയിൽപ്പെട്ട ചെമ്പന്തൊട്ടിയിൽ 2016-2021 കാലയളവിൽ സപ്ലൈകോ പുതിയ മാവേലി സ്റ്റോർ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, നിലവിലുള്ള നടുവിൽ മാവേലി സ്റ്റോർ ഇക്കാലയളവിൽ സൂപ്പർ മാർക്കറ്റായി ഉയർത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതിനായി അനുവദിച്ച തുകയും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് 5,30,363 രൂപ അനുവദിക്കുകയും പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

261 (261) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ അനുവദിച്ച ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനതലത്തിൽ ദേശീയ ഭക്ഷ്യഭദ്രതാ നിയമവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടപ്പാക്കിയ എല്ലാ പ്രവർത്തനങ്ങളും വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ സപ്ലൈകോ വിൽപ്പനശാലകളായ വടക്കാഞ്ചേരി സൂപ്പർ മാർക്കറ്റ്, വടക്കാഞ്ചേരി മെഡിക്കൽ സ്റ്റോർ, ആത്രപാടം മെഡിക്കൽ സ്റ്റോർ, കുണ്ടുകാട് മാവേലി സ്റ്റോർ എന്നിവ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. എന്നാൽ 2016-2021 കാലയളവിൽ പുതിയ പദ്ധതികൾ സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. എന്നാൽ പ്രസ്തുത കാലയളവിൽ ഒരു എൻ.എഫ്.എസ്.എ. (അരി/ഗോതമ്പ്) സംഭരണ കേന്ദ്രം മണ്ഡലത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണം**

262 (262) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനർഹരായവർക്ക് മുൻഗണനാ റേഷൻ കാർഡുകൾ നൽകാൻ ഇടയായ സാഹചര്യം വിശദമാക്കാമോ?

സംസ്ഥാനത്ത് കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം, 2013 നടപ്പിലാക്കിയപ്പോൾ, ഗുണഭോക്താക്കൾ പ്രീപോപ്പുലേറ്റഡ് ഫോമുകളിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കാർഡുകൾ വിതരണം ചെയ്തത്. വിശദമായ പരിശോധനയിൽ പ്രസ്തുത പട്ടികയിൽ അനർഹർ കടന്നുകൂടിയതായി കണ്ടെത്തുകയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചവരെ കണ്ടെത്തി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇപ്രകാരം 6.67 ലക്ഷം മുൻഗണനാ കാർഡുകൾ നാളിതുവരെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. അർഹരായ കുടുംബങ്ങൾക്ക് 12000-ത്തോളം എ.എ.വൈ. കാർഡുകളും 1,20,000-ത്തോളം പി.എച്ച്.എച്ച്. കാർഡുകളും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകിയിട്ടുണ്ട്. എ.എ.വൈ. കാർഡുകൾ നൽകിയതിന്റെ സംസ്ഥാനതല ഉദ്ഘാടനം ആഗസ്റ്റ് 9-നും പി.എച്ച്.എച്ച്. കാർഡ് നൽകിയതിന്റെ സംസ്ഥാനതല ഉദ്ഘാടനം സെപ്റ്റംബർ 29-നും നടന്നു. മുൻഗണനാ കാർഡുകളുടെ താലൂക്കുതല വിതരണം സെപ്റ്റംബർ 30, ഒക്ടോബർ 1, 2, 3 തീയതികളിലായി നടന്നു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയാണ്. മാനദണ്ഡങ്ങൾക്ക്

വിധേയമായി മുൻഗണനാ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്കും പൊതുവിഭാഗത്തിലുള്ളവർ മുൻഗണനയിലേയ്ക്കും മാറ്റപ്പെട്ടുകൊണ്ടിരിക്കും.

(ബി) ഓഫീസുകൾ കേന്ദ്രീകരിച്ച് ഇടനിലക്കാർ മുഖേന അനർഹർക്ക് മുൻഗണനാ റേഷൻ കാർഡ് നൽകിയതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; അതിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അർഹരായവർക്ക് മുൻഗണനാ കാർഡുകൾ സമയബന്ധിതമായി നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

നിലവിൽ പുതിയ റേഷൻ കാർഡ് അനുവദിക്കുന്നത് NP(NS) വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം, അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു. കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80,040 ആണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

**അഴിക്കോട് മണ്ഡലത്തിലെ റേഷൻ കാർഡുകളുടെ എണ്ണം**

263 (263) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിക്കോട് മണ്ഡലത്തിലെ ആകെ റേഷൻ കാർഡുകളുടെ എണ്ണം മുൻഗണനാക്രമം അനുസരിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

അഴിക്കോട് മണ്ഡലത്തിൽ ആകെയുള്ള 71405 റേഷൻ കാർഡുകളുടെ മുൻഗണനാക്രമം അനുസരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) റേഷൻ കാർഡിന് അപേക്ഷ നൽകി പരിഗണനയിലുള്ളവരുടെ എണ്ണവും ആയത് ലഭ്യമാക്കാത്തതിന്റെ കാരണവും വിശദമാക്കാമോ?

റേഷൻ കാർഡിന് ലഭ്യമായ അപേക്ഷകളിൽ 7 എണ്ണം ഒഴികെ എല്ലാ അപേക്ഷകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകളിൽ വിശദമായ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

**മുൻഗണനാ റേഷൻ കാർഡ്**

264 (264) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായ മുഴുവൻ കുടുംബങ്ങൾക്കും മുൻഗണനാ റേഷൻ കാർഡ് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. മുൻഗണനാ ഒഴിവുകളുടെ എണ്ണം പരിമിതമായതിനാൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന അനർഹരെ ഒഴിവാക്കുന്നമുറയ്ക്ക് മാത്രമേ അർഹരായവരെ ഉൾപ്പെടുത്താനാകു. അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്. മുൻഗണന വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം, അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിനുവിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

(ബി) മാരകരോഗം ബാധിച്ചവരും ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളവരുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ, ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ പ്രസ്തുത വിഭാഗത്തിൽ

ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽനിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക- സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നതിന് സംസ്ഥാന ഭക്ഷ്യഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 5 പ്രകാരം "സ്റ്റേറ്റ് പ്രയോറിറ്റി' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകൾ പരിമിതമാണെന്നത് പരിഗണിച്ചും ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള പദ്ധതികളിൽ ഭിന്നശേഷി വിഭാഗത്തിന്റെ പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് കൂടി കണക്കിലെടുത്തും റേഷൻ മുൻഗണനയിൽ ടി വിഭാഗത്തിന്റെ സംവരണത്തിനായി 10 മാർക്ക് വെയിറ്റേജ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനർഹരായ എത്ര കുടുംബങ്ങളെ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കിയെന്നും അർഹതയുള്ള എത്ര കുടുംബങ്ങളെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയെന്നും അറിയിക്കാമോ?

മുൻഗണനാ റേഷൻ കാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം നൽകിയതുപ്രകാരം 11587 എ.എ.വൈ. കാർഡുകളും 74,626 പി.എച്ച്.എച്ച്. കാർഡുകളും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളും ഉൾപ്പെടെ എ.എ.വൈ. വിഭാഗത്തിൽ 13,000-ഉം പി.എച്ച്.എച്ച്. വിഭാഗത്തിൽ 1,32,000-വും ഒഴിവുകളുണ്ടായി. ഈ ഒഴിവുകളിൽനിന്ന് അർഹരെന്ന് കണ്ടെത്തിയ 12,596 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി 1-8-2021 മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ മുൻഗണനാ റേഷൻ കാർഡുകൾ**

265 (265) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ- പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ എ.പി.എൽ., ബി.പി.എൽ. റേഷൻ കാർഡുകൾ സംബന്ധിച്ച എത്ര പരാതികളാണ് ആലത്തൂർ താലൂക്ക്

സപ്ലൈ ഓഫീസിൽ ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം |
|---|---|
| മേലാർകാട് | 395 |
| കുഴൽമന്ദം | 298 |
| തേക്കുറിശ്ശി | 318 |
| കിഴക്കഞ്ചേരി | 564 |
| ആലത്തൂർ | 429 |
| വണ്ടാഴി | 368 |
| എരിമയൂർ | 512 |
| ആകെ | 2884 |

(ബി) പ്രസ്തുത പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ലഭ്യമായ 2884 അപേക്ഷകളിൽ 1463 എണ്ണം ഹിയറിംഗ് നടത്തി 968 എണ്ണം മുൻഗണനയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ശേഷിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഫീൽഡ് വിസിറ്റും ഹിയറിംഗും നടത്തി പരിശോധിച്ചതിൽ എത്ര പരാതികളാണ് അർഹതയില്ലാത്തതായി കണ്ടെത്തിയതെന്ന വിവരം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ; അർഹരായവരുടെ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ കാർഡുടമകളെ യഥാസമയം രേഖാമൂലം അറിയിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ?

| പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം |
|---|---|
| മേലാർകാട് | 52 |
| കുഴൽമന്ദം | 78 |
| തേക്കുറിശ്ശി | 57 |
| കിഴക്കഞ്ചേരി | 94 |
| ആലത്തൂർ | 80 |
| വണ്ടാഴി | 61 |
| എരിമയൂർ | 73 |
| ആകെ | 495 |

കാർഡ് മാറ്റം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ കാർഡുടമകളെ ഫോൺ മുഖാന്തരം അറിയിക്കുന്നുണ്ട്.

**വയനാട് ജില്ലയിലെ റേഷൻ കാർഡ് ഉടമകൾ**

266 (266) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ആകെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം താലൂക്ക് തിരിച്ച് നൽകാമോ?

| താലൂക്ക് | റേഷൻ കാർഡ് ഉടമകളുടെ എണ്ണം |
|---|---|
| വൈത്തിരി | 71767 |
| സുൽത്താൻ ബത്തേരി | 85002 |
| മാനന്തവാടി | 71438 |
| ആകെ | 228207 |

(ബി) കഴിഞ്ഞ അഞ്ച് വർഷങ്ങൾകൊണ്ട് വർദ്ധിച്ച റേഷൻ കാർഡുകളുടെ എണ്ണം താലൂക്ക് തിരിച്ച് നൽകാമോ?

| താലൂക്ക് | വർദ്ധിപ്പിച്ച റേഷൻ കാർഡുകളുടെ എണ്ണം |
|---|---|
| വൈത്തിരി | 10597 |
| സുൽത്താൻ ബത്തേരി | 12707 |
| മാനന്തവാടി | 20431 |
| ആകെ | 43735 |

(സി) വയനാട് ജില്ലയിൽ ഇതുവരെ വിതരണം ചെയ്ത സൗജന്യ ഭക്ഷ്യധാന്യ കിറ്റുകളുടെ എണ്ണം മാസം തിരിച്ച് നൽകാമോ?

അനുബന്ധമായി ചേർക്കുന്നു*.

(ഡി) വയനാട് ജില്ലയിലെ റേഷൻ കടകളുടെ എണ്ണം താലൂക്ക് തിരിച്ച് നൽകാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| താലൂക്ക് | റേഷൻ കടകളുടെ എണ്ണം |
|---|---|
| വൈത്തിരി | 92 |
| സുൽത്താൻ ബത്തേരി | 122 |
| മാനന്തവാടി | 99 |
| ആകെ | 313 |

### വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ്

267 (267) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് കെട്ടിട ഉടമ നൽകുന്ന എഗ്രിമെന്റ് ഇല്ലെങ്കിലും റേഷൻ കാർഡ് അനുവദിക്കും എന്ന പ്രഖ്യാപനം നടപ്പിലായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ;

(സി) ഇല്ലെങ്കിൽ ഉത്തരവിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

(എ-സി) വാടക കെട്ടിടത്തിൽ താമസിക്കുന്നവർക്ക് വാടകച്ചീട്ടോ കെട്ടിട ഉടമയുടെ സമ്മതപത്രമോ ഇല്ലാതെ സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കുന്നപക്ഷം ആധാർകാർഡ് പരിശോധിച്ച് മറ്റേതെങ്കിലും റേഷൻകാർഡിൽ പേരില്ലെന്ന് ഉറപ്പുവരുത്തി പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

### കോങ്ങാട് മണ്ഡലത്തിലെ റേഷൻ കാർഡുടമകൾ

268 (268) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി നിലവിൽ എത്ര റേഷൻകാർഡ് ഉടമകളുണ്ടെന്നും അതിൽ എത്ര കാർഡുകൾ മുൻഗണനാ വിഭാഗങ്ങളിൽ ഉൾപ്പെടുന്നുവെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പട്ടിക പ്രകാരം എ.പി.എൽ. വിഭാഗത്തിൽനിന്നും ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റാനായി നൽകിയ എത്ര അപേക്ഷകൾ ഇനിയും തീർപ്പുകൽപ്പിക്കാതെയുണ്ടെന്ന് വ്യക്തമാക്കാമോ; അപേക്ഷകൾ അടിയന്തരമായി തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

378. ടി അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

**മുൻഗണന റേഷൻ കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ**

269 (269) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി മുൻഗണന റേഷൻ കാർഡുകൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം എ.എ.വൈ, പി.എച്ച്.എച്ച്. വിഭാഗങ്ങളാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്നത്. എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനായി 18-9-2017-ലെ സ.ഉ(സാധാ)നം. 320/2017/ഭ.പൊ.വി.വ. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു)* പ്രകാരമുള്ള സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പുതുതായി അനുവദിക്കുന്ന റേഷൻകാർഡുകൾ പൊതുവിഭാഗം നോൺസബ്സിഡിയിൽ ഉൾപ്പെടുത്തിയാണ് അനുവദിക്കുന്നത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

(ബി) മാനദണ്ഡങ്ങൾ ലംഘിച്ച് മുൻഗണന റേഷൻ കാർഡുകൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രലോഭനങ്ങൾക്ക് വഴങ്ങി മുൻഗണന കാർഡ് നൽകുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മുൻഗണനാ കാർഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ മാറ്റണമെന്ന ആവശ്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(ഇ) മാരകരോഗം ബാധിച്ച പാവപ്പെട്ടവർക്ക് അത്യാവശ്യഘട്ടങ്ങളിൽ മുൻഗണന റേഷൻ കാർഡുകൾ ചികിത്സ ആനുകൂല്യങ്ങൾക്കായി നൽകുന്നതിനായി ഫാസ്റ്റ് ട്രാക്ക് സംവിധാനം പോലെയുള്ളവ ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം നൽകാമോ?

ഇല്ല. എന്നാൽ ഗുരുതര ശാരീരിക/മാനസിക വൈകല്യമുള്ളവർ ഉൾപ്പെടുന്ന കുടുംബങ്ങളെ, ഒഴിവാക്കൽ മാനദണ്ഡങ്ങൾ ബാധകമല്ലെങ്കിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽപ്പെട്ട് മുൻഗണനാ വിഭാഗത്തിൽ നിന്ന് പുറത്തായിട്ടുണ്ടെങ്കിലും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച് ഉചിത തീരുമാനമെടുക്കുന്നതിന് പൊതുവിതരണ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യം ലഭ്യമാക്കുന്നതിന് 'സ്റ്റേറ്റ് പ്രയോറിറ്റി' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) 2021 നവംബർ 1 മുതൽ കേരളത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന റേഷൻ കാർഡിന് പകരമുള്ള പുതിയ ചിപ് കാർഡിന്റെ വിശദവിവരങ്ങൾ നൽകാമോ?

പുസ്തക രൂപത്തിലുള്ള റേഷൻ കാർഡുകൾക്കുപകരം ഇ-റേഷൻ കാർഡുകളാണ് 3-5-2021 മുതൽ അക്ഷയ കേന്ദ്രം മുഖേന വിതരണം നടത്തിവരുന്നത്. ഇ-റേഷൻകാർഡുകൾ പരിഷ്കരിച്ച് ക്യൂ.ആർ.കോഡ്, ബാർ കോഡ് എന്നിവയുള്ള ATM Card-ന്റെ വലിപ്പത്തിലുള്ള സ്മാർട്ട് റേഷൻ കാർഡ് വിതരണം നടത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഉടമയുടെ പേര്, ഫോട്ടോ, വിലാസം തുടങ്ങിയ വിവരങ്ങൾ മുൻവശത്തും പ്രതിമാസ വരുമാനം, റേഷൻകട നമ്പർ, വീട് വൈദ്യുതീകരിച്ചതാണോ, ഗ്യാസ് കണക്ഷനുണ്ടോ തുടങ്ങിയ വിവരങ്ങൾ മറുവശത്തുമുണ്ടാകും. 25 രൂപ ഫീസ് ഈടാക്കി വിതരണം ചെയ്യാനുദ്ദേശിക്കുന്ന സ്മാർട്ട് കാർഡുകൾ മുൻഗണനാ വിഭാഗങ്ങൾക്ക് സൗജന്യമായി നൽകുവാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കും. തിരിച്ചറിയൽ കാർഡായും ഉപയോഗിക്കാവുന്ന ഈ സ്മാർട്ട് കാർഡുകൾ കയ്യിൽ കരുതുന്നതിനും കൂടുതൽ സൗകര്യപ്രദമായിരിക്കും.

## കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും അനുവദിച്ച മുൻഗണനാ റേഷൻ കാർഡുകൾ

270 (270) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽനിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അവസാന തീയതിയായ 2021 ജൂലൈ 15 കഴിഞ്ഞപ്പോൾ കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ എത്ര റേഷൻ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1-6-2021 മുതൽ 15-7-2021 വരെ 960 റേഷൻ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) പൊതുവിഭാഗത്തിൽനിന്നും മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി നിലവിൽ എത്ര അപേക്ഷകൾ കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

1445.

(സി) ഇതിൽ എത്ര അപേക്ഷകർക്ക് കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയെന്ന് വ്യക്തമാക്കാമോ?

1054.

(ഡി) കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽനിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയ റേഷൻ കാർഡുകൾക്ക് പകരം എത്രപേരെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുൻഗണനാ റേഷൻ കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയതിലൂടെ ലഭ്യമായ ഒഴിവുകളിൽ, അർഹരായവരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ ലഭിച്ച മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള അപേക്ഷകളിൽ വേഗത്തിൽ തീരുമാനമെടുത്ത് അർഹരായ ആളുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിലവിലുള്ള മാനദണ്ഡപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി 30 മാർക്കോ അതിൽ കൂടുതലോ, ലഭിക്കുന്ന കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

### മുൻഗണനാ റേഷൻ കാർഡിനുള്ള അപേക്ഷകൾ

271 (271) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർത്തികപ്പള്ളി, മാവേലിക്കര താലൂക്കുകളിൽ റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ഇനിയും തീർപ്പുകൽപ്പിക്കാനുള്ളത് എത്രയെന്ന് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

### റേഷൻകാർഡ് മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തുന്നതിന് നടപടി

272 (272) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവരുന്ന എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നതിനായി കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. വിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാന മാനദണ്ഡങ്ങളും നിലവിലുണ്ട്. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അർഹരായവരെ കണ്ടെത്തി കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തിയിട്ടുള്ള 1,54,80,040 ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാപട്ടികയുടെ ശുദ്ധീകരണം തുടർപ്രക്രിയയായതിനാൽ 1000 സ്ക്വയർഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരുടെയും മരണപ്പെട്ടവരുടെയും

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നാലുചക്ര വാഹനം സ്വന്തമായുള്ളവരുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പിൽനിന്നും ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്നും ശേഖരിച്ച് ആർ.സി.എം.എസ് ഡാറ്റ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കി പ്രസ്തുത ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്തിവരുന്നു. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ/പി.എച്ച്.എച്ച് വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കുന്നുണ്ട്. കൂടാതെ ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻകാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ കണ്ടെത്തുന്ന നടപടികൾ തുടരുന്നുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറു മാസക്കാലയളവിലേയ്ക്ക് ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളവരിൽ എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട കാർഡുടമകൾ ആണെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും തുടർന്നുവരുന്നു. ഇതിനുപുറമേ എ.എ.വൈ., മുൻഗണനാ റേഷൻകാർഡുകൾ അനർഹമായി കൈവശം വച്ചിരിക്കുന്നവർക്ക് പിഴയോ മറ്റ് ശിക്ഷാനടപടികളോ കൂടാതെ, അത് തിരിച്ചേൽപ്പിക്കുന്നതിനുള്ള അവസരം നൽകുകയുണ്ടായി. ഇതുപ്രകാരം 11587 എ.എ.വൈ കാർഡുകളും 74,626 പി.എച്ച്.എച്ച്. കാർഡുകളും 55974 എൻ.പി.എസ്. കാർഡുകളും സ്വമേധയാ സറണ്ടർ ചെയ്യുകയുണ്ടായി. കൂടാതെ കൃത്യമായ പരിശോധനയിലൂടെ കണ്ടെത്തിയ ഒഴിവുകളും ഉൾപ്പെടെ എ.എ.വൈ വിഭാഗത്തിൽ 13,000-ഉം പി.എച്ച്.എച്ച് വിഭാഗത്തിൽ 1,32,000 ഒഴിവുകളുമുണ്ടായി. 31-07-2021 വരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് മേൽപ്പറഞ്ഞ ഒഴിവുകളിൽനിന്ന് 12,596 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി 1-8-2021 മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിൽ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്.

(ബി) റേഷനിംഗ് ഇൻസ്പെക്ടർമാരുടെ സമയബന്ധിതമായ പരിശോധനയുടെ അഭാവം കാരണം റേഷൻ ആനുകൂല്യങ്ങൾ അനർഹർ കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല, ബാധകമല്ല.

(സി) അനർഹമായി റേഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇത്തരത്തിൽ ഈടാക്കിയ പിഴയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

അനർഹമായി റേഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റിയവർക്ക് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും വിശദീകരണം തൃപ്തികരമല്ലെങ്കിൽ ടി കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും ഇവരുടെ കയ്യിൽനിന്നും അനർഹമായി കൈപ്പറ്റിയ റേഷൻ സാധനങ്ങളുടെ കമ്പോള വില ഈടാക്കുകയും ചെയ്യുന്നു. നാളിതുവരെ പിഴ ഇനത്തിൽ 3,44,28,978 രൂപ ഈടാക്കിയിട്ടുണ്ട്.

(ഡി) തലശ്ശേരി താലൂക്ക് സപ്ലൈ ഓഫീസിന്റെ കീഴിൽ ഇത്തരത്തിൽ അനർഹമായ എത്ര റേഷൻ കാർഡുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് പഞ്ചായത്ത്, നഗരസഭ തിരിച്ച് വിശദമാക്കാമോ; അർഹരായവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ?

തലശ്ശേരി താലൂക്ക് സപ്ലൈ ഓഫീസിന്റെ കീഴിൽ ഇതുവരെ 9665 അനർഹമായ റേഷൻ കാർഡുകൾ കണ്ടെത്തിയിട്ടുണ്ട്.

| | |
|---|---|
| മുനിസിപ്പാലിറ്റി | 2074 |
| പഞ്ചായത്ത് | 7591 |
| ആകെ | 9665 |

മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം അദാലത്ത് നടത്തി നിർബന്ധമായും ഉൾപ്പെടുത്തേണ്ടവരുടെയും ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകി മുപ്പതോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെയും സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് സിവിൽ സപ്ലൈസ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിവരുന്നു.

**റേഷൻ മുൻഗണനാ പട്ടിക**

273 (273) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ മുൻഗണനാ പട്ടികയിൽ അനർഹർ ഉൾപ്പെടുകയും അർഹരായവർ പുറത്തുനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, അനർഹരായവരെ ഒഴിവാക്കിയതിനുശേഷം മാത്രമേ അർഹരായവർക്ക് മുൻഗണന പട്ടികയിൽ ഇടം

നൽകാൻ സാധിക്കുകയുള്ളൂ എന്ന നിലപാട് നീതിനിഷേധമായതിനാൽ ഇക്കാര്യത്തിൽ ഫലപ്രദമായ ബദൽമാർഗ്ഗങ്ങൾ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തിന് അനുവദനീയമായ മുൻഗണനാ ഒഴിവുകളുടെ എണ്ണം 15480040 അംഗങ്ങളായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളേയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചുനൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിൽ അനർഹരായവരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അനുവദനീയമായ മുൻഗണനാ ഒഴിവുകളിൽ അർഹരായവരെ ഉൾപ്പെടുത്താനാകൂ എന്നത് പരിഗണിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടികൾ ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിലേയ്ക്ക് വീണ്ടും കത്ത് നൽകിയിട്ടുണ്ട്.

**റേഷൻ വ്യാപാരികൾ**

274 (274) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് നൽകുവാനുള്ള കമ്മീഷൻ കുടിശ്ശിക അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ 2020 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്കും 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത ഓണക്കിറ്റുകൾക്കും handling charge അനുവദിച്ചിട്ടുണ്ട്. 2020 ഒക്ടോബർ മുതൽ 2021 ജൂൺ വരെയും 2021 ആഗസ്റ്റിൽ വിതരണം ചെയ്ത ഓണക്കിറ്റുകൾക്കും handling charge അനുവദിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) കോവിഡ് ബാധിച്ച് മരണപ്പെട്ട റേഷൻ വ്യാപാരികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കോവിഡ് ബാധിച്ച് മരിച്ച റേഷൻ വ്യാപാരികളുടെ കുടുംബത്തിന് മാത്രമായി മരണാനന്തര ധനസഹായം നൽകുന്നത് പരിഗണനയിലില്ല. മറിച്ച് റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാവർക്കുമുള്ള മരണാനന്തര

ധനസഹായം വർദ്ധിപ്പിക്കുന്നതിനായി ബന്ധപ്പെട്ട ആക്റ്റിന്റെ രണ്ടാം പട്ടിക ഭേദഗതി ചെയ്യുന്നതിന് ശിപാർശ ലഭ്യമാക്കാൻ ക്ഷേമനിധി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ട റേഷൻ വ്യാപാരികളുടെ അനന്തരാവകാശികൾക്ക് സോൾവൻസി തുക ഒരു ലക്ഷം രൂപ എന്നത് പതിനായിരമായും KTPDS റൂൾ 2021 പ്രകാരം അനന്തരാവകാശി 10-ാം ക്ലാസ് പാസ്സാകണമെന്ന നിബന്ധനയിലും ഇളവുവരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് റേഷൻ വ്യാപാരികൾ കഴിഞ്ഞ കുറേ ദിവസങ്ങളായി നടത്തുന്ന സമരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒരു വിഭാഗം റേഷൻ വ്യാപാരികൾ മാധ്യമങ്ങളിലൂടെ നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റേഷൻ വ്യാപാരികൾ അതിജീവനക്കിറ്റ് വിതരണം ചെയ്ത വകയിൽ ആവശ്യപ്പെടുന്ന കമ്മീഷൻ നൽകുന്നതിനുള്ള ബുദ്ധിമുട്ട് സംഘടനാ നേതാക്കളുമായുള്ള ചർച്ചയിലും ഫോൺ സംഭാഷണത്തിലും ബോധ്യപ്പെടുത്തിയിരുന്നു.

**റേഷൻ വ്യാപാരികൾക്കുള്ള സഹായം**

275 (275) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും ഏർപ്പെടുത്തിയിട്ടുള്ള ഇൻഷ്വറൻസ് പരിരക്ഷയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

28,398 എഫ്.പി.എസ്. ഡീലർമാർക്കും സെയിൽസ്മാൻമാർക്കും ആളൊന്നിന് 1060 രൂപ പ്രീമിയം നിരക്കിൽ ഒരു വർഷക്കാലത്തേയ്ക്ക് മാത്രം 7.5 ലക്ഷം രൂപയുടെ കോവിഡ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിലേയ്ക്കുള്ള തുകയായ 3,01,02,000 രൂപ 16-9-21 ലെ ജി.ഒ (ആർ.ടി) നമ്പർ 6113/21/ധന. ഉത്തരവ് പ്രകാരം അഡീഷണൽ ഓതറൈസേഷൻവഴി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആവശ്യപ്പെട്ട വിവരങ്ങൾ കൈമാറി ടി പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

(ബി) റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് നൽകുന്ന മരണാനന്തര സഹായം ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇക്കാര്യം സംബന്ധിച്ച ശിപാർശ സമർപ്പിക്കുവാൻ ക്ഷേമനിധി സെക്രട്ടറി & ചീഫ് എക്സിക്യൂട്ടീവിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

**റേഷൻ കടകൾ മുഖേന മറ്റ് ഉൽപ്പന്നങ്ങളുടെ വിൽപ്പന**

276 (276) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ റേഷൻ കടകൾ മുഖേന വിൽക്കുന്ന ഉൽപ്പന്നങ്ങൾക്ക് പുറമെ മറ്റ് ഉപഭോക്തൃ ഉൽപ്പന്നങ്ങൾകൂടി വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കുമോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. റേഷൻ കടകളിലെ വൈവിദ്ധ്യവത്കരണത്തിനുള്ള നടപടികളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി കുപ്പിവെള്ളം, സപ്ലൈകോ ബ്രാൻഡായ ശബരി ഉത്പന്നങ്ങളിൽ ഉൾപ്പെടുന്ന തേയില, വെളിച്ചെണ്ണ, കായപ്പൊടി, ഉപ്പ്, കറിപൗഡർ, സോപ്പ്, അപ്പംപൊടി തുടങ്ങിയവ വിതരണം നടത്തുന്ന പദ്ധതി ആരംഭിച്ചിരുന്നു. എന്നാൽ കോവിഡ് വ്യാപന പ്രതിരോധ നടപടികളുടെ ഭാഗമായി സപ്ലൈകോ വഴി ഭക്ഷ്യ കിറ്റുകളുടെ പാക്കിംഗും വിതരണവും നടത്തുന്നതിൽ കൂടുതൽ സമയം ചെലവഴിച്ചതും ശബരി ബ്രാൻഡ് ഉത്പന്നങ്ങളുടെ ലഭ്യതക്കുറവും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് അവരുടെ നാണ്യവിളകൾ വില്പന നടത്തുവാൻ ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യത്തിൽ അവ റേഷൻ കടകൾവഴി സംഭരിച്ച് വിപണനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**ഊരക്കനാട് റേഷൻകട അനുവദിക്കുന്നതിന് നടപടി**

277 (277) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി താലൂക്കിലെ ഊരക്കനാട് എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന റേഷൻകട (എ.ആർ.ഡി.62) നിർത്തലാക്കിയിരിക്കുന്നതിനാൽ പ്രദേശവാസികൾ വളരെ അകലെയുള്ള റേഷൻകടയിലാണ് പോകേണ്ടതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശവാസികളുടെ ആവശ്യാനുസരണം ഊരക്കനാട് പുതിയ റേഷൻകട അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. ഊരക്കനാട് പുതിയ റേഷൻകട അനുവദിക്കേണ്ടതിന്റെ ആവശ്യകത പരിശോധിച്ചുവരുന്നു.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾ

278 (278) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര പത്താം വാർഡിൽ ചോലത്തടം, തിടനാട് പഞ്ചായത്ത് ഏഴാം വാർഡിൽ വാര്യാനിക്കാട് എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ സ്ഥാപിക്കണമെന്ന പ്രദേശവാസികളുടെ ആവശ്യത്തിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ തെക്കേക്കര പത്താം വാർഡിൽ ചോലത്തടം, തിടനാട് പഞ്ചായത്ത് ഏഴാം വാർഡിൽ വാര്യാനിക്കാട് എന്നിവിടങ്ങളിൽ പുതിയ റേഷൻ കടകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ലഭ്യമായ നിവേദനങ്ങൾ പരിശോധിച്ച്, പരിഗണനാർഹമാണെങ്കിൽ ശിപാർശ സഹിതം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പൊതുവിതരണ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## താളുങ്കലിൽ റേഷൻകട അനുവദിക്കുന്നതിന് നടപടി

279 (279) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പിള്ളി താലൂക്കിലെ താളുങ്കൽ എന്ന സ്ഥലത്ത് പ്രവർത്തിച്ചിരുന്ന റേഷൻകട (എ.ആർ.ഡി.150) കെട്ടിടം ഇടിഞ്ഞുവീഴാറായതിനെത്തുടർന്ന് കുട്ടിക്കൽ ടൗണിലേയ്ക്ക് മാറ്റിസ്ഥാപിച്ചിരിക്കുന്നതിനാൽ പ്രദേശവാസികൾക്ക് റേഷൻ കടയിൽ പോകുന്നതിനായി വളരെ ദൂരം സഞ്ചരിക്കേണ്ടതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻപ് റേഷൻകട പ്രവർത്തിച്ചിരുന്ന താളുങ്കലിൽത്തന്നെ പുതിയ റേഷൻകട അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. പുതിയ റേഷൻകട അനുവദിക്കേണ്ടതിന്റെ ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കമ്മീഷൻ കുടിശ്ശിക**

280 (280) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യക്കിറ്റ് വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ ഇനത്തിൽ നൽകാനുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അതിജീവന കിറ്റുകൾ വിതരണം ചെയ്ത വകയിൽ 10.61 കോടി രൂപ റേഷൻ വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അതിജീവന കിറ്റ് വിതരണം നടത്തിയ വകയിൽ റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്ന തുക ഉടൻ നൽകാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. എന്നാലും പ്രസ്തുത തുക നൽകാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**റേഷൻകടകൾ വഴിയുള്ള ഭക്ഷ്യ കിറ്റ് വിതരണം**

281 (281) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾ വഴിയുള്ള ഭക്ഷ്യ കിറ്റ് വിതരണം തുടരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

(ബി) നിത്യോപയോഗ സാധനങ്ങൾ റേഷൻകടകൾവഴി വിപണനം നടത്തുന്നത് ആലോചനയിലുണ്ടോ; സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റേഷൻ കടകളിലെ വൈവിധ്യവത്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികൾക്ക് അധിക വരുമാനവും ലഭ്യമാക്കുന്നതിന് റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾവഴി വിതരണം ചെയ്യുന്നതിന്റെ ഭാഗമായി കുപ്പിവെള്ളം, ശബരി ഉത്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, കായപ്പൊടി, ഉപ്പ്, കറിപൗഡർ, സോപ്പ്, അപ്പംപൊടി തുടങ്ങിയവ വിതരണം നടത്തുന്ന സ്കീം ആരംഭിച്ചു. എന്നാൽ കോവിഡ് വ്യാപന പ്രതിരോധ നടപടികളുടെ ഭാഗമായി സപ്ലൈകോവഴി ഭക്ഷ്യക്കിറ്റുകളുടെ പാക്കിംഗും വിതരണവും നടന്നിരുന്നതിനാലും ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവും കാരണം ടി സ്കീമിൽ വിതരണം തടസ്സപ്പെട്ടതായി

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് അവരുടെ നാണ്യവിളകൾ വിൽപ്പന നടത്തുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന സാഹചര്യത്തിൽ റേഷൻ കടകൾവഴി അവ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും പ്രസ്തുത പദ്ധതി വിജയകരമാകുകയാണെങ്കിൽ തുടർന്ന് പോകുന്നതിനുമുള്ള രീതിയിൽ ഒരു സ്കീം ആരംഭിക്കുന്നതിനായി തീരുമാനിക്കുകയും സപ്ലൈകോയെ ഇതിന്റെ നോഡൽ ഏജൻസിയായി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അർഹതയുള്ള മുഴുവൻ റേഷൻ കാർഡുടമകളെയും മുൻഗണനാ വിഭാഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തുന്നതിനുള്ള പരിധിയായി നിശ്ചയിച്ചിരിക്കുന്നത് 154,80,040 അംഗങ്ങളെയാണ്. ആയതിനാൽ അനർഹരെ കണ്ടെത്തി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ മേൽപ്പറഞ്ഞ പട്ടികയിൽനിന്ന് അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

**പുതിയ റേഷൻകടകൾ**

282 (282) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എത്ര പുതിയ റേഷൻകടകൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഒരു റേഷൻ കട. ഇടുക്കി ജില്ല, ദേവികുളം താലൂക്കിൽ ദേവികുളം ഗ്രാമപഞ്ചായത്തിൽ 16-ാം വാർഡ് കുറ്റിയാർവാലി എന്ന പ്രദേശത്ത് അനുവദിക്കുകയുണ്ടായി.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ എത്ര പുതിയ റേഷൻകടകൾക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടെന്നും ആയതിൽ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ മാട്ടുമ്മൽ, പുന്ന എന്ന പ്രദേശങ്ങളിൽ രണ്ട് പുതിയ റേഷൻകടകൾ അനുവദിക്കുന്നതിനുള്ള ശിപാർശകൾ ജില്ലാ സപ്ലൈ ഓഫീസർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ശിപാർശകൾ അംഗീകരിച്ച് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) റേഷൻകടയിലൂടെയുള്ള ഭക്ഷ്യവിതരണം മോണിറ്റർ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റേഷൻ കടകൾ ഉൾപ്പെടെയുള്ള പൊതുവിതരണ സമ്പ്രദായം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി, ഗ്രാമസഭ നാമനിർദ്ദേശം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികളടങ്ങുന്ന റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

## ഭക്ഷ്യക്കിറ്റ് വിതരണം

283 (283) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻകടകൾവഴി ഓണത്തിനായുള്ള ഭക്ഷ്യക്കിറ്റ് വിതരണം ഓണത്തിന് മുമ്പ് പൂർത്തിയാകാത്തതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ?

2021 തിരുവോണത്തിനുമുമ്പ് റേഷൻകടകളിൽ സൗജന്യ ഓണക്കിറ്റ് വാങ്ങാൻ എത്തിയ എല്ലാ കാർഡുടമകൾക്കും ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി സപ്ലൈകോ ഡിപ്പോകൾ, പാക്കിംഗ് സെന്ററുകൾ, റേഷൻകടകൾ എന്നിവ 19-8-2021, 20-8-2021 (ഉത്രാടം) എന്നീ അവധി ദിവസങ്ങളിൽ വരെ പ്രവർത്തിച്ച് സൗജന്യ കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. റേഷൻ കടകളിൽ സൗജന്യ കിറ്റ് ആവശ്യപ്പെട്ട് എത്തുന്ന എല്ലാവർക്കും കിറ്റ് ലഭ്യമാക്കാൻ ഡിപ്പോകൾക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. ഓണത്തിന് കിറ്റ് കൈപ്പറ്റാൻ എത്താതിരുന്ന കാർഡുടമകൾക്കുകൂടി സൗജന്യ കിറ്റ് കൈപ്പറ്റാനായി കിറ്റ് വിതരണം 3-9-2021 വരെ ദീർഘിപ്പിച്ചിരുന്നു.

(ബി) പ്രസ്തുത ഭക്ഷ്യക്കിറ്റിനൊപ്പം വിതരണം ചെയ്ത ഏലയ്ക്ക ലഭിക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ടോ?

കിറ്റ് വിതരണത്തിന്റെ ആദ്യഘട്ടത്തിൽ ടെണ്ടർ പ്രകാരം പർച്ചേസ് ഓർഡർ നിശ്ചയിച്ച് നൽകിയ ഏജൻസികൾ ഏലയ്ക്ക വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ കിറ്റ് വിതരണം പുരോഗമിച്ചതോടെ ടെണ്ടർ പ്രകാരവും അംഗീകൃത നിരക്കുകളിൽ DMC മുഖേനയും ഏലയ്ക്കയുടെ ലഭ്യത ഉറപ്പാക്കി ഓണത്തിനുമുമ്പ് ബഹുഭൂരിപക്ഷം കിറ്റുകളും വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഗുണനിലവാരമില്ലാത്ത ഏലയ്ക്ക വിതരണം ചെയ്യേണ്ടിവന്നത് ചില ഇടനിലക്കാരെ ആശ്രയിക്കേണ്ടിവന്നതിനാലാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സപ്ലൈകോ ഗുണനിലവാര മാനദണ്ഡങ്ങൾ കൃത്യമായി നിഷ്കർഷിച്ച് ഇ-ടെൻഡർ മുഖേനയും സഹകരണ സംഘങ്ങളായ കൺസ്യൂമർഫെഡ്, റെയ്ഡ്കോ എന്നിവരിൽനിന്നുമാണ് ഏലയ്ക്ക മുഖ്യമായും വാങ്ങിയിട്ടുള്ളത്.

## കാസർഗോഡ് ജില്ലയിലെ റേഷൻ വിതരണം

284 (284) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹികമായും സാമ്പത്തികമായും ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കുള്ള എ.എ.വൈ. കാർഡിനുള്ള പച്ചരി വിതരണം കാസർഗോഡ് ജില്ലയിൽ മുടങ്ങിയിട്ട് മൂന്ന് വർഷത്തിലധികമായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഉണ്ട്. എഫ്.സി.ഐ.-യിൽനിന്നുള്ള സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ചാണ് പച്ചരി വിതരണം നടത്തുന്നത്. പച്ചരിയുടെയും പുഴുക്കലരിയുടെയും എഫ്.സി.ഐ. ഡിപ്പോകളിൽനിന്നുള്ള സ്റ്റോക്കിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിലാണ് ഓരോ വിഭാഗത്തിനുമുള്ള ഇനം തിരിച്ചുള്ള അരിയുടെ അളവ് നിശ്ചയിക്കുന്നത്.

(സി) ജില്ലയിൽ എത്ര റേഷൻ കാർഡുകളും ഉപഭോക്താക്കളുമാണുള്ളത്; ഇതിൽ എ.എ.വൈ. വിഭാഗത്തിൽപ്പെട്ട എത്ര കാർഡുകളും ഉപഭോക്താക്കളുമുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ ആകെ 328781 കാർഡുകളിലായി 1448239 ഗുണഭോക്താക്കളാണുള്ളത്. 31075 എ.എ.വൈ. കാർഡുകളിലായി 129457 ഗുണഭോക്താക്കളുമാണുള്ളത്.

(ഡി) നിലവിൽ മുൻഗണനാവിഭാഗമായ പിങ്ക് കാർഡിലെ ഒരംഗത്തിന് ഒരു കിലോഗ്രാം വീതം കൃത്യമായി ലഭിക്കുന്ന പച്ചരി മറ്റുള്ള കാർഡുകൾക്ക് എന്തുകൊണ്ട് ലഭിക്കുന്നില്ലെന്ന് വ്യക്തമാക്കാമോ?

എല്ലാ വിഭാഗത്തിനും പച്ചരി ലഭ്യമാകത്തക്ക രീതിയിൽ വിതരണം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ച് കുത്തരിയാക്കി റേഷൻ കടകൾവഴി വിതരണം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) നെല്ല് സംഭരിച്ച് കുത്തരിയാക്കി കാസർകോഡ്, വയനാട് എന്നിവ ഒഴികെയുള്ള ജില്ലകളിൽ വിതരണത്തിനായി നൽകുന്നുണ്ട്.

(എഫ്) കാസർകോട് ജില്ലയിൽ നാളിതുവരെ ഒരു റേഷൻ കടയിലും കുത്തരി വിതരണത്തിനെത്തിയില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരമെന്ന നിലയിൽ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. സി.എം.ആർ. അരിയുടെ ലഭ്യത, ആവശ്യകത, ഭക്ഷ്യധാന്യങ്ങളുടെ സമയബന്ധിതമായ വിട്ടെടുപ്പ്, കടത്തുകൂലിയിനത്തിൽ സർക്കാരിന് കൂടുതൽ സാമ്പത്തിക ബാദ്ധ്യത എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു.

**റേഷൻ വാതിൽപ്പടി വിതരണം**

285 (285) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വാതിൽപ്പടി വിതരണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

2017 മാർച്ച് മാസം മുതൽ സംസ്ഥാനത്ത് വാതിൽപ്പടി വിതരണം ആരംഭിച്ചിട്ടുണ്ട്. സപ്ലൈകോയാണ് ഇതിന്റെ നോഡൽ ഏജൻസി.

(ബി) ഈ സർക്കാർ കാലയളവിൽ മുൻഗണനാ വിഭാഗത്തിൽപ്പെട്ട എത്ര കാർഡുടമകൾ അവർക്ക് അനുവദിക്കപ്പെട്ട കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് അപേക്ഷിച്ചിട്ടുണ്ട്?

75,263.

(സി) മുൻഗണനേതര വിഭാഗത്തിൽനിന്ന് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറുന്നതിനായി എത്ര അപേക്ഷകൾ ഈ കാലയളവിൽ ലഭിച്ചിട്ടുണ്ട്?

1,76,097.

(ഡി) റേഷൻ വിതരണവുമായി ബന്ധപ്പെട്ട് റേഷൻ കടയുടമകൾക്ക് എത്ര രൂപ ഇനിയും നൽകാനുണ്ടെന്ന് വിശദമാക്കുമോ?

റേഷൻ വിതരണവുമായി ബന്ധപ്പെട്ട കമ്മീഷൻ 2021 ആഗസ്റ്റ് മാസംവരെ വിതരണം ചെയ്തിട്ടുണ്ട്. സെപ്റ്റംബറിൽ നൽകേണ്ട തുക കണക്കാക്കി വരുന്നതേയുള്ളൂ.

(ഇ) ഭക്ഷ്യക്കിറ്റ് വിതരണത്തിൽ എത്ര കാർഡുടമകൾ കിറ്റ് വാങ്ങാതിരിക്കുകയോ നിരസിക്കുകയോ താല്പര്യമില്ലായ്മ പ്രകടിപ്പിക്കുകയോ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത കിറ്റുകൾ ഏത് രീതിയിൽ വിനിയോഗിച്ചുവെന്ന് വ്യക്തമാക്കുമോ?

8 റേഷൻ കാർഡുടമകൾ സൗജന്യ കിറ്റ് ആവശ്യമില്ലെന്ന് സ്വമേധയാ അറിയിച്ചിട്ടുണ്ട്; ഓരോ മാസങ്ങളിലെയും ഭക്ഷ്യക്കിറ്റുകളുടെ വിതരണത്തിന്റെ

പുരോഗതി വിലയിരുത്തി പൂർത്തീകരണ തീയതികളോട് അനുബന്ധിച്ച് ദിനം-പ്രതിയുള്ള കിറ്റ് വിതരണത്തിന്റെ ശരാശരി തോത് കണക്കാക്കി ഓരോ റേഷൻ കടകളിലേയ്ക്കും ആവശ്യാനുസരണത്തിനുള്ള കിറ്റുകൾ മാത്രമാണ് ബന്ധപ്പെട്ട കേന്ദ്രങ്ങളിലൂടെ തയ്യാറാക്കി നൽകിയിട്ടുള്ളത്.

**തൃശ്ശൂർ താലൂക്ക് സിറ്റി റേഷനിംഗ് ഓഫീസ്**

286 (286) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടുലക്ഷത്തി നാല്പതിനായിരത്തോളം റേഷൻ കാർഡുകൾ നിലവിലുള്ള തൃശ്ശൂർ താലൂക്ക് സപ്ലൈ ഓഫീസ് വിഭജിച്ച് സിറ്റി റേഷനിംഗ് ഓഫീസ് സ്ഥാപിക്കുന്നത് കാർഡ് ഉടമകൾക്ക് സമയബന്ധിതമായി സേവനം ലഭിക്കുന്നതിന് സഹായകരമായതിനാൽ സിറ്റി റേഷനിംഗ് ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാമോ?

സർക്കാരിന്റെ പരിഗണനയിലാണ്.

**ഭിന്നശേഷിക്കാരായ കുട്ടികളെ പാർപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഭക്ഷ്യക്കിറ്റ്**

287 (287) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ സർക്കാർ നടത്തുന്ന ഭക്ഷ്യക്കിറ്റ് വിതരണത്തിൽ നിന്നും ഭിന്നശേഷിക്കാരായ കുട്ടികളെമാത്രം പാർപ്പിക്കുന്ന സ്ഥാപനങ്ങളെ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമ സ്ഥാപനങ്ങൾ, ക്ഷേമ ആശുപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ തുടങ്ങിയവയിലെ അന്തേവാസികൾക്കാണ് സൗജന്യ ഭക്ഷ്യ കിറ്റ് വിതരണം നടത്തിയിട്ടുള്ളത്. സാമൂഹ്യനീതി വകുപ്പ് നൽകുന്ന ക്ഷേമസ്ഥാപനങ്ങളുടെ പട്ടിക അടിസ്ഥാനപ്പെടുത്തിയാണ് കിറ്റ് വിതരണം നടത്തിയത്.

**ഭക്ഷ്യക്കിറ്റ് വിതരണം**

288 (288) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാലത്ത് കേരളത്തിലെ സകല കുടുംബങ്ങൾക്കും ആശ്വാസമേകിയ ഭക്ഷ്യക്കിറ്റ് വിതരണം തുടരുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കോവിഡിന്റെ ഭീതി ഒഴിയും വരെ മുൻഗണനാ പട്ടികയിലുള്ള കുടുംബങ്ങൾക്ക് മാസംതോറും ഭക്ഷ്യക്കിറ്റ് നൽകുവാനും മുൻഗണനേതര കുടുംബങ്ങൾക്ക് വിശേഷ ഉത്സവാവസരങ്ങളിൽ ഭക്ഷ്യക്കിറ്റ് നൽകുവാനും ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

(സി) ഭക്ഷ്യക്കിറ്റ് ഭക്ഷ്യഭദ്രതാ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിൽനിന്ന് അവശ്യ ധന-വിഭവ സമാഹരണം ലഭ്യമാക്കി സർക്കാർ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്കായി വിതരണം ചെയ്ത സൗജന്യ ഭക്ഷ്യക്കിറ്റ് പൂർണ്ണമായും സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ്. ഭക്ഷ്യഭദ്രതാ നിയമം ഒരു കേന്ദ്രനിയമം ആയതിനാൽ ഭക്ഷ്യക്കിറ്റ് വിതരണം ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കില്ല.

**ഭക്ഷ്യക്കിറ്റ് കമ്മീഷൻ കുടിശ്ശിക**

289 (289) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്ക് ഭക്ഷ്യക്കിറ്റിന്റെ കമ്മീഷൻ കുടിശ്ശികയായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ സർക്കാർ നൽകിയ അതിജീവനക്കിറ്റുകൾ വിതരണം ചെയ്ത വകയിൽ റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്ന കൈകാര്യചെലവ് നൽകാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം**

290 (290) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തവകയിൽ ഇതുവരെയായി എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തുവെന്നും വെളിപ്പെടുത്താമോ?

കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് വിവിധ മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കുമായി നാളിതുവരെ 10,98,77,132 കിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. ഈയിനത്തിൽ നാളിതുവരെ 5538.48 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ്-19 വ്യാപനവുമായി ബന്ധപ്പെട്ട് ജീവനോപാധി നഷ്ടപ്പെട്ട തീരദേശ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലും സംസ്ഥാനത്തെ വിവിധ ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന ലിസ്റ്റ് പ്രകാരവും സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

(ബി) മുൻഗണനാ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ടവർക്ക് മാത്രമായി എല്ലാ മാസവും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## ഇ-പോസ് മെഷീനുമായി ഇലക്ട്രോണിക് ത്രാസുകളെ ബന്ധിപ്പിക്കുന്ന പദ്ധതി

291 (291) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് മെഷീനുമായി ഇലക്ട്രോണിക് ത്രാസുകളെ ബന്ധിപ്പിക്കുന്ന പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇത് എന്നത്തേയ്ക്ക് പൂർണ്ണമായും നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

(എ&ബി) റേഷൻ കടകളിൽ ഇലക്ട്രോണിക് വെയിംഗ് മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് മൂന്ന് തവണ ഇ-ടെണ്ടർ ചെയ്തപ്പോഴും ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുള്ള അതേ കമ്പനിതന്നെയാണ് വെയിംഗ് മെഷീൻ പ്രീ ക്വാളിഫിക്കേഷൻ ഇവാല്യൂവേഷനിലും വിജയിച്ചത്. 'vendor lock' എന്ന സാഹചര്യമാണ് നിലവിൽ വന്നിരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത ഇലക്ട്രോണിക് വെയിംഗ് മെഷീൻ ഇ-പോസുമായി ബന്ധിപ്പിക്കുന്ന പദ്ധതി വിശദമായി പരിശോധിച്ചുമാത്രമേ അന്തിമതീരുമാനം കൈക്കൊള്ളുകയുള്ളൂ.

## റേഷൻ ഡീലർമാർക്കുള്ള മാർജിൻ

292 (292) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്തെ ഭക്ഷ്യ കിറ്റ് വിതരണത്തിലും റേഷൻ വിതരണ ഇനത്തിലും റേഷൻ ഡീലർമാർക്കുള്ള മാർജിൻ പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ടോ?

റേഷൻ വിതരണം പൂർത്തിയായാൽ ഉടനെതന്നെ റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ അനുവദിച്ച് നൽകുന്നുണ്ട്. ടി ഇനത്തിൽ 2021 ഓഗസ്റ്റ് മാസംവരെയുള്ള കമ്മീഷൻ നൽകിയിട്ടുണ്ട്. കോവിഡിനോടനുബന്ധിച്ച് 2020 ഏപ്രിൽ മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്കും ഓണത്തോടനുബന്ധിച്ച് 2020 ആഗസ്റ്റ്/ സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്കും കൈകാര്യ ചെലവിനത്തിൽ 10,60,28,792 രൂപ അനുവദിച്ചിട്ടുണ്ട്. ഒക്ടോബർ 2020 മുതൽ ജനുവരി 2021 വരെ വിതരണം നടത്തിയ അതിജീവന കിറ്റുകൾക്ക് റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്ന കൈകാര്യച്ചെലവ് നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഇല്ലെങ്കിൽ ഈയിനത്തിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ?

2020 ഒക്ടോബർ മുതൽ 2021 ജൂൺവരെ വിതരണം നടത്തിയ കിറ്റുകൾക്കും 2021 ആഗസ്റ്റ് മാസം വിതരണം ചെയ്ത ഓണക്കിറ്റുകൾക്കും കൈകാര്യചെലവ് വേണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം പരിഗണിക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) കുടിശ്ശിക എപ്പോൾ കൊടുത്ത് തീർക്കുമെന്ന് വ്യക്തമാക്കാമോ?

ഒക്ടോബർ 2020 മുതൽ വിതരണം ചെയ്ത അതിജീവന കിറ്റുകൾക്ക് റേഷൻ വ്യാപാരികൾ ആവശ്യപ്പെടുന്ന കൈകാര്യച്ചെലവ് നൽകേണ്ടതുണ്ടോ എന്ന കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ഡി) റേഷൻ ഡീലർമാർക്കുള്ള മാർജിൻ യഥാകാലങ്ങളിൽ പരിഷ്കരിക്കണമെന്ന് ടി.പി.ഡി.എസ്. ചട്ടങ്ങൾ 2021-ൽ പരാമർശിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പരാമർശിച്ചിട്ടില്ല.

**ഭക്ഷ്യക്കിറ്റ് കമ്മീഷൻ കുടിശ്ശിക**

293 (293) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ കിറ്റുകളുടെ കമ്മീഷൻ കുടിശ്ശിക റേഷൻ വ്യാപാരികൾക്ക് പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇല്ലായെങ്കിൽ പ്രസ്തുത ഇനത്തിൽ എത്ര രൂപ നൽകാനുണ്ടെന്ന് വിശദമാക്കുമോ;

(സി) കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കുടിശ്ശിക നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

(എ-സി) കോവിഡ് വ്യാപനത്തെത്തുടർന്നുള്ള പ്രത്യേക സാഹചര്യത്തിൽ സംസ്ഥാനത്ത് അതിജീവന കിറ്റുകൾ വിതരണം ചെയ്ത വകയിൽ 2 തവണയായി 10.16 കോടി രൂപ റേഷൻ വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. ഇതിനുപുറമെ 1000 രൂപ ഓണറേറിയവും നൽകിയിട്ടുണ്ട്. അതിജീവന കിറ്റുകൾ അനുവദിച്ച വകയിൽ തുക അനുവദിക്കണമെന്ന റേഷൻ വ്യാപാരികളുടെ ആവശ്യം പരിഗണിക്കാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഓണക്കിറ്റ്**

294 (294) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്ത ഓണക്കിറ്റ് ഓണത്തിനുമുൻപ് എല്ലാ കുടുംബങ്ങളിലേയ്ക്കും എത്തിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

2021 തിരുവോണത്തിനുമുമ്പ് റേഷൻകടകളിൽ സൗജന്യ ഓണക്കിറ്റ് വാങ്ങാനെത്തിയ എല്ലാ കാർഡുടമകൾക്കും ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി സപ്ലൈകോ ഡിപ്പോകൾ, പാക്കിംഗ് സെന്ററുകൾ, റേഷൻകടകൾ എന്നിവ 19-8-2021, 20-8-2021 (ഉത്രാടം) എന്നീ അവധി ദിവസങ്ങളിൽവരെ പ്രവർത്തിച്ച് സൗജന്യ കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. റേഷൻ കടകളിൽ സൗജന്യ കിറ്റ് ആവശ്യപ്പെട്ട് എത്തുന്ന എല്ലാവർക്കും കിറ്റ് ലഭ്യമാക്കാൻ ഡിപ്പോകൾക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. ഓണത്തിന് കിറ്റ് കൈപ്പറ്റാൻ എത്താതിരുന്ന കാർഡുടമകൾക്കുകൂടി സൗജന്യകിറ്റ് കൈപ്പറ്റാനായി കിറ്റ് വിതരണം 3-9-2021 വരെ ദീർഘിപ്പിച്ചിരുന്നു.

(ബി) പ്രസ്തുത കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സൗജന്യ ഭക്ഷ്യക്കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ സുതാര്യമായ ഇ-ടെണ്ടർ മുഖേനയും കൃത്യമായ മാനദണ്ഡങ്ങൾ പാലിച്ച് ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി (DMC) മുഖേന കുടുംബശ്രീ, സഹകരണ സംഘങ്ങൾ, മറ്റ് വിതരണക്കാർ മുതലായവരിൽനിന്നുമാണ് സപ്ലൈകോ വാങ്ങിക്കുന്നത്. കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങൾ വാങ്ങിയത് സംബന്ധിച്ച് ക്രമക്കേടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കിറ്റിൽ ഉൾപ്പെടുത്തിയ സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്; വിശദമാക്കാമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ കർശനമായ ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. സപ്ലൈകോ വാങ്ങുന്ന മാവേലി, നോൺമാവേലി സാധനങ്ങൾക്കെല്ലാം ഗുണനിലവാര മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സപ്ലയർമാർ ഡിപ്പോകളിൽ എത്തിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി സാധനങ്ങൾ പരിശോധിച്ച് സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് സ്വീകരിക്കുന്നത്. ഇതിനാവശ്യമായ പരിശോധനാ സംവിധാനങ്ങൾ എല്ലാ ഡിപ്പോകളിലും ഒരുക്കിയിട്ടുണ്ട്. Chemical Test ആവശ്യമുള്ള സന്ദർഭങ്ങളിൽ CFRD FQM Lab, റീജിയണൽ അനാലിറ്റിക്കൽ ലാബ്, മറ്റ് NABL Accredited Lab-കൾ എന്നിവയിൽ സാമ്പിളുകൾ അയച്ച് പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇപ്രകാരം സ്വീകരിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഗോഡൗണിൽ ശാസ്ത്രീയമായി സംഭരിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. ആവശ്യമെങ്കിൽ കീടനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000/HACCP/AGMARK/FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഓരോ ജില്ലയിലേയും ക്വാളിറ്റി അഷ്വറൻസ് ഓഫീസർ സപ്ലൈകോ വില്പനശാലകളിൽനിന്ന് ഏകദേശം ഇരുപതോളം ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ എല്ലാ മാസവും റാൻഡമായി ശേഖരിച്ച് കോന്നിയിലുള്ള CFRD ലാബിൽ അയച്ച് ഗുണനിലവാര പരിശോധന നടത്തുന്ന കർശന ഗുണനിലവാര നിയന്ത്രണസംവിധാനവും നിലവിലുണ്ട്. ടെസ്റ്റുകളിൽ പരാജയപ്പെടുന്ന ഭക്ഷ്യവസ്തുക്കളുടെ വില്പന നിർത്തിവയ്ക്കുന്നതിനും വിപണിയിൽനിന്നും പിൻവലിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം സപ്ലൈയർക്കെതിരെ വിലക്കേർപ്പെടുത്തൽ, പിഴ ഈടാക്കൽ അടക്കമുള്ള കർശന നടപടികളും സ്വീകരിച്ചുവരുന്നു. ഡിപ്പോകളിൽ കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ വരുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുന്നതിനുള്ള കർശന നടപടികൾ എടുത്തുവരുന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സപ്ലൈകോവഴി വിതരണം ചെയ്തുവരുന്ന ഭക്ഷ്യ കിറ്റിൽ ഉൾപ്പെട്ട സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനും മേൽപ്പറഞ്ഞ സംവിധാനംതന്നെയാണ് ഉപയോഗപ്പെടുത്തുന്നത്. ഓണക്കിറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ക്വാളിറ്റി വിഭാഗവും വിജിലൻസ് വിഭാഗവും സംയുക്തമായി ചേർന്ന് എല്ലാ ജില്ലകളിലെയും കിറ്റ് പാക്കിംഗ് സെന്ററുകളിൽ പരിശോധന നടത്തിയിട്ടുണ്ട്.

## ഭക്ഷ്യക്കിറ്റ് വിതരണം

295 (295) ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഓണക്കാലത്ത് എത്രപേർക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്തുവെന്ന കണക്ക് ലഭ്യമാണെങ്കിൽ അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കുമായി 2021-ലെ ഓണക്കാലത്ത് 8692064 കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇതിനായി ചെലവായ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

484.83 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ച് നൽകിയിരുന്നു.

(സി) തുടർന്നും ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

## സപ്ലൈകോയിലെ വിജിലൻസ് അന്വേഷണം

296 (296) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഉയർന്നുവന്ന എത്ര ആരോപണങ്ങളിൽ വിജിലൻസ് അന്വേഷണം നടത്തിയിട്ടുണ്ട്;

(ബി) വിജിലൻസ് അന്വേഷണം നടത്തിയ കേസുകളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

(എ&ബി) 11 ആരോപണങ്ങളിൽ വിജിലൻസ് അന്വേഷണം നടത്തിവരുന്നു.

## മാവേലി സൂപ്പർ സ്റ്റോറുകൾ

297 (297) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി മാവേലി സൂപ്പർ സ്റ്റോറുകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

അനുയോജ്യമായ കെട്ടിട സൗകര്യം (കുറഞ്ഞത് 700 ച.അടി), വിപണന സാധ്യതയുള്ള പ്രദേശങ്ങളിൽ വാടക രഹിതമായോ/വാടക ഇളവിലോ ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ സാധ്യതാപഠനം നടത്തി, വിൽപ്പന സാധ്യത വിലയിരുത്തി, പ്രവർത്തന നഷ്ടം ഉണ്ടാവില്ലെന്നത് ഉറപ്പുവരുത്തി പുതിയ വിൽപ്പനശാല തുടങ്ങുന്നതിനാവശ്യമായ ജീവനക്കാരുടെ ലഭ്യതയുടെ അടിസ്ഥാനത്തിലും ബ്രാന്റഡ് ഇനങ്ങൾക്ക് സെൽഫ് സർവ്വീസ് സൗകര്യവും ഏർപ്പെടുത്തിക്കൊണ്ടാണ് മാവേലി സൂപ്പർ സ്റ്റോറുകൾ ആരംഭിക്കുവാനുള്ള അനുമതി നൽകുന്നത്.

(ബി) സംസ്ഥാനത്ത് നാളിതുവരെ എത്ര മാവേലി സൂപ്പർ സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് അറിയിക്കുമോ?

സംസ്ഥാനത്ത് നാളിതുവരെ അനുവദിച്ചിട്ടുള്ള മാവേലി സൂപ്പർ സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

**സപ്ലൈകോയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ**

298 (298) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയ്ക്ക് സാധനങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1500-ഓളം വരുന്ന ഔട്ട്ലെറ്റുകളിലേയ്ക്ക് രണ്ടര മാസത്തേയ്ക്കാവശ്യമായ 38 ഇനം പലവ്യഞ്ജന സാധനങ്ങൾ, ഡിപ്പോകളിൽനിന്നും ഇൻഡന്റ് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഡിപ്പോയിലെ സ്ഥല സൗകര്യം, ഫണ്ടിന്റെ പര്യാപ്തത, കമ്പോള നിലവാരം തുടങ്ങിയ കാര്യങ്ങൾകൂടി പരിഗണിച്ച് എല്ലാ മാസവും കേന്ദ്രീകൃത സംവിധാനം വഴി ഇ-ടെൻഡർ മുഖേന വാങ്ങി വില്പനശാലകളിലൂടെ വിതരണം ചെയ്യുന്നു. ഏറ്റവും സുതാര്യമായ ഡിജിറ്റൽ കീ സംവിധാനത്തോടുകൂടിയ ഇ-ടെൻഡർ മുഖാന്തരം സാധനങ്ങൾ വാങ്ങിക്കുന്നതിനാൽ സുതാര്യത ഉറപ്പുവരുത്തി ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങി ദൗർലഭ്യമില്ലാതെ യഥാസമയം വിതരണം നടത്താൻ സാധിക്കുന്നു.

(ബി) അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസ് ഉൾപ്പെടെ എല്ലാ ഇടപാടുകളും ഇ-ടെൻഡർ മുഖേന മാത്രമേ പാടുള്ളൂവെന്ന സംസ്ഥാന സർക്കാർ ഉത്തരവ് നിലനിൽക്കുമ്പോഴും സപ്ലൈകോ ചില ഉൽപ്പന്നങ്ങൾക്കുവേണ്ടി ഇ-ടെൻഡർ ഒഴിവാക്കി താത്പര്യപത്രം ക്ഷണിച്ചത് സർക്കാരിന്റെ അനുമതിയോടെയാണോയെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സപ്ലൈകോയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഗുണമേന്മയുള്ള കൂടുതൽ ഉത്പന്നങ്ങൾ ന്യായമായ വിലയ്ക്ക് ശബരി ബ്രാൻഡിൽ വിപണിയിലിറക്കുന്നതിന്റെ ഭാഗമായി, കറി പൗഡർ, മസാല പൗഡർ എന്നീ ഉൽപ്പന്നങ്ങൾ പ്രോസസ്സിംഗ് യൂണിറ്റ് ലീസിനെടുത്തു ശബരി ബ്രാൻഡിൽ ഉത്പാദിപ്പിച്ച് പ്രോസസ്സ് ചെയ്ത് വിതരണം നടത്തുന്നതിനും റവ/സൂചി, മൈദ, കുടംപുളി, ഹാൻഡ് സാനിറ്റൈസർ, ഹാൻഡ് വാഷ്, ലിക്വിഡ് ടോയ്ലറ്റ് ക്ലീനർ, ഡിറ്റർജന്റ് പൗഡർ, സൺഫ്ലവർ ഓയിൽ/ പാമോലിൻ എന്നിവ ശബരി ബ്രാൻഡിൽ പ്രോസസ്സ് ചെയ്ത് വിതരണം നടത്തുന്നതിനും ബോർഡ് അനുമതി ലഭിച്ചതിനെ തുടർന്ന്, ടി വിഷയം സപ്ലൈകോയുടെ ആദ്യസംരംഭമായതിനാൽ, വിവിധ സാങ്കേതിക വിഷയങ്ങളെക്കുറിച്ചും സ്പെസിഫിക്കേഷനെ സംബന്ധിച്ചും അറിവുള്ള നിർമ്മാതാക്കളിൽനിന്ന് താല്പര്യപത്രം ക്ഷണിച്ച്, സുതാര്യമായ രീതിയിലുള്ള സാങ്കേതിക ചർച്ചകൾക്കുശേഷം ടെൻഡർ ക്ഷണിക്കുന്നതിന് മുന്നോടിയായി സ്പെസിഫിക്കേഷനുകൾ അന്തിമമാക്കേണ്ടതായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് താത്പര്യപത്രം ക്ഷണിച്ചിട്ടുള്ളത്. സപ്ലൈകോയുടെ നഷ്ടം കുറയ്ക്കുന്നതിനായി ഭക്ഷ്യസാധനങ്ങൾക്കുപുറമെ അവശ്യ സാധനങ്ങൾകൂടി ശബരി ബ്രാൻഡിൽ വിപണിയിലിറക്കുന്നുണ്ട്. സപ്ലൈകോയുടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നതിന് സപ്ലൈകോയുടെ നേരിട്ടുള്ള മേൽനോട്ടം അത്യന്താപേക്ഷിതമാണ്. ശബരി ബ്രാൻഡിൽ ശബരി ചക്കി ഫ്രഷ് ആട്ട പ്രോസസ് ചെയ്ത് വിതരണം ചെയ്തുവരുന്നു. അതിനാവശ്യമായ അസംസ്കൃത വസ്തു (ഗോതമ്പ്) പർച്ചേസ് വിഭാഗം ഇ-ടെൻഡർ നടപടികളിലൂടെ ലഭ്യമാക്കുന്നു. പ്രസ്തുത താല്പര്യപത്രത്തിലെ ചുവടെ ചേർക്കുന്ന നിബന്ധനകൾ സർക്കാർ നിർദ്ദേശപ്രകാരം മാറ്റിയിട്ടുണ്ട്.

1. സ്ഥാപനത്തിന്റെ വാർഷിക വിറ്റുവരവ് 100 കോടിയിൽ കൂടുതലായിരിക്കണം

2. താല്പര്യപത്രത്തിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ ഫാക്ടറി സപ്ലൈകോ ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് 35 കിലോമീറ്റർ ചുറ്റളവിൽ വേണം

3. ISO Certification നിർബന്ധമാണ്. 19-11-2018-ലെ 17/428 നമ്പറായ ബോർഡ് തീരുമാനത്തിന്റെയും 12-3-2019-ലെ 38/C2/2019 F&CSD നമ്പറായ സർക്കാർ അനുമതിയുടെയും അടിസ്ഥാനത്തിൽ ശബരി അപ്പംപൊടി/പുട്ടുപൊടി എന്നിവ താല്പര്യപത്രം മുഖാന്തരം ഫാക്ടറി ലീസിനെടുത്ത് പ്രോസസ്സ്ചെയ്ത് പാക്ക് ചെയ്ത് വിതരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സപ്ലൈകോ ക്ഷണിച്ച താൽപ്പര്യപത്രം

299 (299) ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ഇ-ടെൻഡർ വഴിയായിരിക്കണമെന്ന ഉത്തരവ് ലംഘിച്ച് ശബരി ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ സപ്ലൈകോ താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരവ് ലംഘനം ഒന്നുംതന്നെ നടന്നിട്ടില്ല. 5 ലക്ഷത്തിന് മുകളിലുള്ള എല്ലാ ഇടപാടുകളും സുതാര്യമായ രീതിയിൽ ഇ-ടെൻഡർ വഴിയേ നടത്താറുള്ളൂ. സപ്ലൈകോയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഗുണമേന്മയുള്ള കൂടുതൽ ഉത്പന്നങ്ങൾ ന്യായമായ വിലയ്ക്ക് ശബരി ബ്രാൻഡിൽ വിപണിയിലിറക്കുന്നതിന്റെ ഭാഗമായി, കറി പൗഡർ, മസാല പൗഡർ എന്നീ ഉൽപ്പന്നങ്ങൾ പ്രോസസ്സിംഗ് യൂണിറ്റ് ലീസിനെടുത്ത് ശബരി ബ്രാൻഡിൽ ഉത്പാദിപ്പിച്ച് പ്രോസസ്സ്ചെയ്ത് വിതരണം നടത്തുന്നതിനും റവ/സൂചി, മൈദ, കുടംപുളി, ഹാൻഡ് സാനിറ്റൈസർ, ഹാൻഡ് വാഷ്, ലിക്വിഡ് ടോയ്ലറ്റ് ക്ലീനർ, ഡിറ്റർജന്റ് പൗഡർ, സൺഫ്ലവർ ഓയിൽ/പാമോലിൻ എന്നിവ ശബരി ബ്രാൻഡിൽ പ്രോസസ്സ് ചെയ്ത് വിതരണം നടത്തുന്നതിനും ബോർഡ് അനുമതി ലഭിച്ചതിനെ തുടർന്ന്, ടി വിഷയം സപ്ലൈകോയുടെ ആദ്യസംരംഭമായതിനാൽ, അതിന്റെ വിവിധ സാങ്കേതിക വിഷയങ്ങളെക്കുറിച്ചും സ്പെസിഫിക്കേഷനെ സംബന്ധിച്ചും അറിവുള്ള നിർമ്മാതാക്കളിൽനിന്ന് താല്പര്യപത്രം ക്ഷണിച്ച്, സുതാര്യമായ രീതിയിലുള്ള സാങ്കേതിക ചർച്ചകൾക്കുശേഷം ടെൻഡർ ക്ഷണിക്കുന്നതിന് മുന്നോടിയായി സ്പെസിഫിക്കേഷനുകൾ അന്തിമമാക്കേണ്ടതായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് താത്പര്യപത്രം ക്ഷണിച്ചിട്ടുള്ളത്. സപ്ലൈക്കോയുടെ നഷ്ടം കുറയ്ക്കുന്നതിനായി ഭക്ഷ്യ സാധനങ്ങൾക്കുപുറമെ അവശ്യ സാധനങ്ങൾകൂടി ശബരി ബ്രാൻഡിൽ വിപണിയിലിറക്കുന്നുണ്ട്. സപ്ലൈകോയുടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നതിന് സപ്ലൈകോയുടെ നേരിട്ടുള്ള മേൽനോട്ടം അത്യന്താപേക്ഷിതമാണ്. ശബരി ബ്രാൻഡിൽ ശബരി ചക്കി ഫ്രഷ് ആട്ട പ്രോസസ്സ്ചെയ്ത് വിതരണം ചെയ്തുവരുന്നു. അതിനാവശ്യമായ അസംസ്കൃത വസ്തു (ഗോതമ്പ്) പർച്ചേസ് വിഭാഗം ഇ-ടെൻഡർ നടപടികളിലൂടെ ലഭ്യമാക്കുന്നു. 19-11-2018-ലെ 17/428 നമ്പറായ ബോർഡ് തീരുമാനത്തിന്റെയും 12-3-2019-ലെ 38/C2/2019 F&CSD നമ്പറായ സർക്കാർ അനുമതിയുടെയും അടിസ്ഥാനത്തിൽ ശബരി അപ്പംപൊടി/പുട്ടുപൊടി എന്നിവ താല്പര്യപത്രം മുഖാന്തരം ഫാക്ടറി

ലീസിനെടുത്തു പ്രോസസ്സ്ചെയ്ത് പാക്ക് ചെയ്ത് വിതരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടുതൽ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ ഉൾപ്പെടുത്തുന്നതിന് സപ്ലൈകോ ഡയറക്ടർ ബോർഡ് തീരുമാനിച്ചപ്രകാരം താല്പര്യപത്രം ക്ഷണിക്കുവാൻ സപ്ലൈകോ തീരുമാനിച്ചിരുന്നു. താല്പര്യപത്രം നൽകുന്ന സ്ഥാപനങ്ങൾക്ക് 100 കോടി രൂപ വാർഷിക വിറ്റുവരവ് വേണമെന്നും ISO Certification, ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ ഫാക്ടറി സപ്ലൈകോ ഹെഡ് ക്വാർട്ടേഴ്സിന്റെ 35 കിലോമീറ്റർ ചുറ്റളവിന് ഉള്ളിലായിരിക്കണം എന്നീ നിബന്ധനകൾ മാറ്റണമെന്ന് സർക്കാർതലത്തിൽ ആവശ്യപ്പെട്ടപ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. 100 കോടി രൂപ വാർഷിക വിറ്റുവരവ് എന്നത് ഒരു കോടി രൂപയായി മാറ്റിയിട്ടുണ്ട്. ISO Certification നിബന്ധന, 35 കിലോമീറ്റർ ചുറ്റളവിനകത്ത് ഫാക്ടറി വേണം എന്നിവ മാറ്റിയിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ ഉല്പന്നങ്ങൾ വാങ്ങുന്നതിനാണ് ഇപ്രകാരം താൽപര്യപത്രം ക്ഷണിച്ചതെന്ന് അറിയിക്കുമോ?

റവ/സൂചി, മൈദ, കറി പൗഡർ, മസാല പൗഡർ, കുടംപുളി, ഹാൻഡ് സാനിറ്റൈസർ, ഹാൻഡ് വാഷ്, ലിക്വിഡ് ടോയ്‌ലറ്റ് ക്ലീനർ, ഡിറ്റർജന്റ് പൗഡർ, സൺഫ്ലവർ ഓയിൽ/പാമോലിൻ എന്നീ ഉല്പന്നങ്ങൾ വാങ്ങുന്നതിനാണ് ഇപ്രകാരം താൽപ്പര്യപത്രം ക്ഷണിച്ചിട്ടുള്ളത്.

(സി) ഇതുസംബന്ധിച്ച് കേന്ദ്ര വിജിലൻസ് കമ്മീഷന്റെയും സംസ്ഥാന സർക്കാരിന്റെയും ഉത്തരവുകൾ ലംഘിച്ചുകൊണ്ട് സപ്ലൈകോ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര വിജിലൻസ് കമ്മീഷന്റെയും സംസ്ഥാന സർക്കാരിന്റെയും ഉത്തരവുകൾ ലംഘിച്ചുകൊണ്ട് താല്പര്യപത്രം ഒന്നുംതന്നെ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ ക്ഷണിച്ചിട്ടില്ല.

**മാവേലി സ്റ്റോറുകളുടെ പ്രവർത്തനം**

300 (300) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയെന്ന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിപണിയിൽ കാര്യക്ഷമമായി ഇടപെട്ടുകൊണ്ട് ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയെന്ന നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സപ്ലൈകോ താഴെപ്പറയും പ്രകാരം നടപടികൾ എടുത്തുവരുന്നുണ്ട്.

I. സപ്ലൈകോ വിൽപ്പനശാലകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ വിറ്റുവരവിന്റെ അടിസ്ഥാനത്തിലും കെട്ടിടങ്ങളുടെ ലഭ്യതയ്ക്കനുസരിച്ചും വിപുലീകരിച്ചുവരുന്നു. കുറഞ്ഞത് 700 ച.അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ലഭ്യമായാൽ മാവേലി സൂപ്പർ സ്റ്റോറുകളായും 1500 ച.അടിക്ക് മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ലഭ്യമായാൽ സൂപ്പർ മാർക്കറ്റുകളായും ഉയർത്താനുള്ള നടപടികൾ എടുത്തുവരുന്നു.

II. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച.അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി നടപ്പിലാക്കിവരുന്നു.

III. സ്ഥല സൗകര്യം കുറഞ്ഞ വില്പനശാലകളിലേയ്ക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങളെത്തിച്ചുകൊണ്ട് അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.

IV. മുൻ മാസങ്ങളിലെ വില്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വില്പന, ഉൽസവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വില്പന ശാലകളിലും മതിയായ അളവിൽ അവശ്യ സാധനങ്ങൾ എത്തിച്ചുകൊടുക്കുവാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

V. സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങളുടെ സേവനംകൂടി ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയുംവേഗം വില്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

VI. മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ യഥാസമയം ലഭ്യമാക്കുവാനായി സ്റ്റോക്ക് ലഭ്യമായ ഡിപ്പോകളിൽനിന്ന് മറ്റു ഡിപ്പോകളിലേയ്ക്കും സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖല മാനേജർമാർക്കും നൽകിയിട്ടുണ്ട്.

VII. സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സപ്ലൈകോയുടെകീഴിൽ സുസജ്ജമായ ഒരു ഓഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോതലത്തിലും മേഖലാ കാര്യാലയതലത്തിലും കേന്ദ്രകാര്യാലയതലത്തിലും പ്രവർത്തന അവലോകനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

VIII. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇന്റേണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വില്പനശാലകളിൽ പരിശോധന നടത്തിവരുന്നുണ്ട്.

IX. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യമാക്കുന്നതിന് സ്റ്റോറുകളിൽ ക്യാമറ സർവൈലൻസ് സംവിധാനം ഏർപ്പെടുത്തുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

X. മാവേലി സ്റ്റോറിൽനിന്നും സാധനങ്ങൾ ഓൺലൈനായി ഓർഡർ ചെയ്യുന്നവർക്ക് സാധനങ്ങൾ വീട്ടിലെത്തിക്കുന്നതിനുള്ള പദ്ധതിയും പുരോഗമിച്ചുവരുന്നു.

(ബി) എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പാക്കുന്നത് മാവേലി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എങ്ങനെയെല്ലാം സഹായകരമാവുമെന്ന് വിശദമാക്കാമോ?

എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ERP) സംവിധാനം നടപ്പാക്കുന്നതുവഴി മാവേലി സ്റ്റോറുകളുടെ സ്റ്റോക്ക് ലഭ്യത, വിൽപ്പന വിവരങ്ങൾ യഥാസമയം അറിയുവാനും അതുവഴി അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുവാനും സാധിക്കുന്നു. ഇത്തരത്തിൽ ERP നടപ്പിലാക്കുന്നത് മാവേലി സ്റ്റോറുകളുടെ സേവനം മെച്ചപ്പെടുത്താൻ സഹായകരമാണ്. പൊതുവിപണിയിൽ വിലനിലവാരം നിയന്ത്രിക്കുന്നതിനും അവശ്യവസ്തുക്കൾ കുറഞ്ഞവിലയ്ക്ക് അർഹരായവർക്ക് വേഗത്തിലെത്തിക്കുന്നതിനുംവേണ്ടി ഫലപ്രദമായ രീതിയിൽ വിപണിയിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന സപ്ലൈകോയിൽ നിലവിലുള്ള 1500-ൽപ്പരം

ഔട്ട്‌ലെറ്റുകളെയും 56 ഡിപ്പോകളെയും കമ്പ്യൂട്ടർവഴി ബന്ധിപ്പിച്ചുകൊണ്ട് സമഗ്രമായ പദ്ധതി രൂപരേഖ (Detailed Project Report) അടിസ്ഥാനമാക്കി ERP (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) സോഫ്റ്റ്‌വെയർ നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

**മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിന് നടപടി**

301 (301) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി പുതുതായി മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ?

പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളായ പെരുങ്കടവിള, മൈലച്ചിൽ, കീഴാറൂർ, ഉടലി എന്നീ സ്ഥലങ്ങളിൽ പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. പുതിയ വിൽപ്പനശാലകൾ അനുവദിക്കുന്നതു സംബന്ധിച്ച് നിലവിലെ 22-2-2019-ലെ സർക്കാർ ഉത്തരവ് 386/19/ത.സ്വ.ഭ.വ. പ്രകാരമുള്ള വാടകരഹിത കെട്ടിടം, കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപ എന്നിവ അനുവദിച്ച് കിട്ടുന്നതിനുമുള്ള തീരുമാനങ്ങൾകൂടി കൈക്കൊണ്ട് ലഭ്യമാക്കുന്നതിനായി, അതത് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം അനുയോജ്യമായ കെട്ടിടം വാടകരഹിതമായി കണ്ടെത്തി ലഭ്യമാക്കിയാൽ വിൽപ്പന സാധ്യതകൂടി പരിശോധിച്ച് ജീവനക്കാരുടെ ലഭ്യതയുടെകൂടി അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ എന്നിവ തുടങ്ങുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പ്രത്യേക കർമ്മ പദ്ധതികളൊന്നും നിലവിലില്ല.

**ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബ്രാൻഡുകൾ**

302 (302) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സപ്ലൈകോ, മാവേലി സ്റ്റോറുകൾ എന്നിവ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബ്രാൻഡുകളെ സംബന്ധിച്ച വിശദാംശങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സപ്ലൈകോ, മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാര പരിശോധനയിൽ പരാജയപ്പെടുന്ന ബ്രാൻഡുകളെ സംബന്ധിച്ച വിശദാംശങ്ങൾ പൊതുജനങ്ങളെ അറിയിക്കാറില്ല. എന്നാൽ ഗുണനിലവാരം കുറവാണെന്ന് കണ്ടെത്തുന്ന ബ്രാൻഡുകളുടെ വില്പന നിർത്തിവയ്ക്കുന്നതിനും സപ്ലൈകോയുടെ വില്പനശാലകളിൽനിന്നും പിൻവലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവഴി പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങളാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ ബ്രാൻഡഡ് ഐറ്റം ഭക്ഷ്യസാധനങ്ങളുടെ ഗുണനിലവാര പരിശോധനയിൽ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ (FSSAI 2006) ലംഘനം കണ്ടെത്തുന്ന സാഹചര്യത്തിൽ ടി വിവരം ഭക്ഷ്യ സുരക്ഷാ വകുപ്പിനെ അറിയിച്ചുവരുന്നു.

### സേനാപതി പഞ്ചായത്തിൽ ധാന്യസംഭരണശാല

303 (303) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ സേനാപതി പഞ്ചായത്തിൽ ധാന്യസംഭരണശാല ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ?

അനുവദിച്ചിരുന്ന സ്ഥലം പരിശോധിച്ച് സംഭരണശാല നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) ധാന്യസംഭരണശാല ആരംഭിക്കുന്നതിനായി റവന്യൂ വകുപ്പ് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ?

ഉണ്ട്.

(സി) ധാന്യസംഭരണശാലയുടെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

2022-2027 സാമ്പത്തിക വർഷത്തിനകം പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിൽ സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും എൻ.എഫ്.എസ്.എ. ഗോഡൗണുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആസൂത്രണ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. ഉടുമ്പൻചോല താലൂക്കിലെ ധാന്യ സംഭരണശാലയുടെ നിർമ്മാണവും ടി പദ്ധതിയിൽ ഉൾപ്പെടുന്നു.

### ചങ്ങനാശ്ശേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

304 (304) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

പൊതുവിതരണ വകുപ്പ് വഴിയുള്ള പദ്ധതികളെല്ലാം സംസ്ഥാന തലത്തിലാണ് നടപ്പാക്കിവരുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ സർക്കാർ നിർദ്ദേശപ്രകാരം ഭക്ഷ്യഭദ്രതാ നിയമം 2013 പ്രകാരം പൊതുവിതരണം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവനുസരിച്ച് കോവിഡ് കാലത്ത് 92,000-ത്തിലധികം വരുന്ന കാർഡുടമകൾക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണം നടത്തി. കൂടാതെ, PHH, AAY (മുൻഗണന) കാർഡുകൾക്ക് PMGKAY അരി, ഗോതമ്പ് എന്നിവ സർക്കാർ നിശ്ചയിച്ചതോതിൽ നൽകിയിട്ടുണ്ട്. ടി കാലയളവിൽ 880 NPI കാർഡുകളും 108 AAY കാർഡുകളും 2009 PHH കാർഡുകളും 3589 NPS കാർഡുകളും 10363 NPNS കാർഡുകളും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ മണ്ഡലത്തിൽ പ്രസ്തുത വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

മേൽ പദ്ധതികൾക്കുപുറമേ അർഹതയില്ലാത്ത AAY, PHH, NPS കാർഡുകൾ കൈവശം വച്ചിരുന്ന 1190-ലധികം കാർഡുടമകളെ കണ്ടെത്തി പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ അർഹരായ 81 പേർക്ക് AAY കാർഡും 741 പേർക്ക് PHH കാർഡും അനുവദിച്ചുനൽകിയിട്ടുണ്ട്.

**അഴിമതി നടത്തിയവർക്കെതിരെ നടപടി**

305 (305) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഭക്ഷ്യക്കിറ്റ് വിതരണത്തിനായി ഉപയോഗിക്കുന്ന തുണിസഞ്ചി വാങ്ങിയതിൽ അഴിമതി നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാരായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യക്കിറ്റ് വിതരണത്തിനായി ഉപയോഗിക്കുന്ന തുണിസഞ്ചി വാങ്ങിയതിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടില്ല.

**പുതിയ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ നിയമം**

306 (306) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ നിയമം-2019 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ/പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

പുതിയ കേന്ദ്ര ഉപഭോക്തൃ സംരക്ഷണ നിയമം-2019 നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുക, മീഡിയേഷൻ സെല്ലുകൾ രൂപീകരിക്കുക, ഇ-ഫയലിംഗ് സംവിധാനം ഒരുക്കുക, നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക, സംസ്ഥാന/ജില്ലാ ഉപഭോക്തൃ സംരക്ഷണ കൗൺസിലുകൾ രൂപീകരിക്കുക, സംസ്ഥാന ജില്ലാ കമ്മീഷനുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും ഉറപ്പുവരുത്തുക എന്നിവയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ/പ്രവർത്തനങ്ങൾ.

(ബി) പുതിയ നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജില്ലാതല മീഡിയേഷൻ സെൽ, പൊതുജനങ്ങൾക്കുള്ള ഇ-ഫയലിംഗ് സംവിധാനം എന്നിവ ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ജില്ലാതല മീഡിയേഷൻ സെല്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുജനങ്ങൾക്ക് പരാതികൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനുവേണ്ടി ദേശീയതലത്തിൽ നടപ്പിലാക്കിയിട്ടുള്ള 'e-dakhil' എന്ന ഇ-ഫയലിംഗ് സംവിധാനം കൂടുതൽ യൂസർ ഫ്രണ്ട്‌ലി ആക്കുന്നതിനും മലയാളഭാഷ ഉൾപ്പെടുത്തുന്നതിനുംവേണ്ട നടപടികൾ കേരള NIC-യുമായി ചേർന്ന് സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ്/ഡയറക്ട് സെല്ലിംഗ് കമ്പനികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി 2018-ൽ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ അനുശാസിക്കുന്നതരത്തിലുള്ള എൻറോൾമെന്റ് നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

സംസ്ഥാന മൾട്ടിലെവൽ മാർക്കറ്റിംഗ്/ഡയറക്ട് സെല്ലിംഗ് മാർഗരേഖ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടിലെവൽ മാർക്കറ്റിംഗ്/ഡയറക്ട് സെല്ലിംഗ് കമ്പനികളെ എൻറോൾ ചെയ്യിക്കുന്നതിനായി mlm.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുണ്ട്. നിലവിൽ 44 കമ്പനികളിൽനിന്നും പ്രസ്തുത പോർട്ടലിൽ ലഭിച്ച അപേക്ഷകളിന്മേൽ പ്രാഥമിക പരിശോധന നടത്തിവരികയും പ്രസ്തുത അപേക്ഷകൾ തുടർപരിശോധനകൾക്കായി സംസ്ഥാന മൾട്ടിലെവൽ മാർക്കറ്റിംഗ്/ഡയറക്ട് സെല്ലിംഗ് മോണിറ്ററിംഗ് അതോറിറ്റിയിലെ മറ്റു വകുപ്പുകളായ സെൻട്രൽ GST, സ്റ്റേറ്റ് GST, പോലീസ് വകുപ്പുകൾക്കും വിഷയ വിദഗ്ധനായി സർക്കാർ മോണിറ്ററിംഗ് അതോറിറ്റിയിൽ

നിയോഗിച്ചിട്ടുള്ള ശ്രീ. തോമസ് ളുങ്കഴിക്കും നൽകിയിട്ടുണ്ട്. ആ റിപ്പോർട്ടുകൾകൂടി ലഭിക്കുന്നമുറയ്ക്ക് എൻറോൾമെന്റ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്ന തരത്തിൽ ജില്ലാതലത്തിൽ ഓഫീസർമാരെ നിയോഗിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

സംസ്ഥാന മൾട്ടിലെവൽ മാർക്കറ്റിംഗ്/ഡയറക്ട് സെല്ലിംഗ് മാർഗ്ഗരേഖ അനുശാസിക്കുന്നതരത്തിൽ അതത് ജില്ലാ സപ്ലൈ ഓഫീസർമാരെ ജില്ലാ അധികാരികളായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉപഭോക്തൃ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ഗവൺമെന്റ് സഹായം എത്രയാണ്; ആയത് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2020-21 സാമ്പത്തിക വർഷം 56 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷം 21,67,688 രൂപയും കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ലീഗൽ മെട്രോളജി ഓഫീസ് സമുച്ചയം/വർക്കിംഗ് സ്റ്റാൻഡേർഡ് ലബോറട്ടറി നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷം 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ ഭൂമി റവന്യൂ വകുപ്പിൽനിന്നും ലീഗൽമെട്രോളജി വകുപ്പിന് കൈമാറിക്കിട്ടിയിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും സെക്കൻഡ് ബാച്ച് SDG മുഖേന തുക ലഭ്യമായാലുടൻ കെട്ടിട നിർമ്മാണം ആരംഭിക്കുന്നതാണ്.

**അളവ് തൂക്കം സംബന്ധിച്ച അവബോധം**

307 (307) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉപഭോക്തൃ കോടതിയിൽ 2020-21 കാലയളവിൽ ഫയൽ ചെയ്ത കേസുകൾ എത്രയാണെന്നും ഇതിൽ എത്രയെണ്ണം തീർപ്പുകൽപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

കേസുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) അളവ് തൂക്കത്തെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

അളവ് തൂക്കത്തെ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ അച്ചടി-ദൃശ്യമാധ്യമങ്ങൾ വഴി ലീഗൽ മെട്രോളജി വകുപ്പിൽനിന്നും പരസ്യങ്ങൾ നൽകിവരുന്നു. കൂടാതെ ലോക, ദേശീയ ഉപഭോക്തൃ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദിനാചരണത്തിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ വകുപ്പിന്റെ Facebook പേജ് വഴി പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നുണ്ട്. കൂടാതെ വകുപ്പിലെ ഡെപ്യൂട്ടി കൺട്രോളർമാർ എഫ്.എം. റേഡിയോ, ദൂരദർശൻ, മറ്റ് സ്വകാര്യ ചാനലുകൾ എന്നിവയിൽ സംവാദ പരിപാടികളിലും അഭിമുഖങ്ങളിലും പങ്കെടുത്തുവരുന്നു. 2020-21 സാമ്പത്തിക വർഷത്തിൽ പൂജ ഹോളിഡേയ്സ്, ക്രിസ്തുമസ്-ന്യൂഇയർ എന്നീ ആഘോഷ സമയങ്ങളിലും 2021-22 സാമ്പത്തിക വർഷത്തിൽ ഓണത്തോടനുബന്ധിച്ചും എഫ്.എം. റേഡിയോയിലും വിവിധ അച്ചടി മാധ്യമങ്ങളിലും പരസ്യം നൽകിയിരുന്നു. ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കി വകുപ്പിന്റെ പരസ്യചിത്രങ്ങൾ നിർമ്മിക്കുന്നതിന് KSFDC-യെ ചുമതലപ്പെടുത്തുകയും ആദ്യ 3 പരസ്യ ചിത്രങ്ങൾ നിർമ്മിച്ച് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അത് ഉടനെ ദൃശ്യ മാധ്യമങ്ങൾ വഴിയും സാമൂഹ്യമാധ്യമങ്ങൾ വഴിയും പ്രക്ഷേപണം ചെയ്യുന്നതാണ്.

## കെട്ടിട നിർമ്മാണ പെർമിറ്റുകൾ

308 (308) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ നൽകുന്ന കെട്ടിട നിർമ്മാണ പെർമിറ്റുകൾ ഉപയോഗിച്ച് വീടുവയ്ക്കുമ്പോൾ ക്രമവത്കരണം ആവശ്യമായി വന്നാൽ സ്വീകരിക്കേണ്ട നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ?

സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ നൽകുന്ന കെട്ടിട നിർമ്മാണ പെർമിറ്റുകൾ ഉപയോഗിച്ച് വീടുവയ്ക്കുമ്പോൾ ക്രമവത്കരണം ആവശ്യമായി വന്നാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് കേരള പഞ്ചായത്ത്/ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. ചില നിർമ്മാണങ്ങൾ ക്രമവത്കരിക്കാനുള്ള സെക്രട്ടറിയുടെ അധികാരവും നടപടിക്രമവും 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ 20, 92 മുതൽ 95 വരെ ചട്ടങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്. സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ നൽകുന്ന കെട്ടിടനിർമ്മാണ പെർമിറ്റുകൾ ഉപയോഗിച്ച് വീടുവയ്ക്കുമ്പോൾ ക്രമവത്കരണം ആവശ്യമായിവരുന്ന സാഹചര്യങ്ങളിലും പ്രസ്തുത ചട്ടപ്രകാരമുള്ള നടപടിക്രമം സ്വീകരിക്കേണ്ടതാണ്. (ചട്ടങ്ങളുടെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.)* കൂടാതെ 28-6-2021-ലെ ജി.ഒ.(എം.എസ്) നമ്പർ 121/2021/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ആയത് അനുബന്ധം II ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വാതിൽപ്പടി സേവനപദ്ധതി

309 (309) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സേവനം വീട്ടുപടിക്കൽ എത്തിക്കുന്ന വാതിൽപ്പടി സേവനപദ്ധതി സംസ്ഥാന വ്യാപകമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഏതൊക്കെ സേവനങ്ങളാണ് ഇതുവഴി ഇപ്പോൾ ലഭ്യമാക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. വിവിധ കാരണങ്ങളാൽ സർക്കാർ സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാതിരിക്കുന്ന ജനവിഭാഗങ്ങൾക്ക് വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനം പദ്ധതി സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്നതിന് മുന്നോടിയായിട്ടാണ് പൈലറ്റ് അടിസ്ഥാനത്തിൽ 50 തദ്ദേശ ഭരണസ്ഥാപനങ്ങളിൽ (38 ഗ്രാമ പഞ്ചായത്തുകളിലും 12 നഗരസഭകളിലും) ആരംഭിച്ചിട്ടുള്ളത്. സാമൂഹിക സന്നദ്ധസേന, ആശാവർക്കർമാർ, അക്ഷയ കേന്ദ്രങ്ങൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവയുടെ സഹകരണത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ മസ്റ്ററിംഗ്, ലൈഫ് സർട്ടിഫിക്കറ്റ്, സാമൂഹ്യ സുരക്ഷാ പെൻഷനുള്ള അപേക്ഷ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിനുള്ള അപേക്ഷ, ജീവൻരക്ഷാ മരുന്നുകളുടെ വിതരണം എന്നീ അഞ്ച് സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## സാമൂഹ്യ സുരക്ഷാ പെൻഷൻ - മസ്റ്ററിംഗ്

310 (310) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മഹാമാരി കാരണം മസ്റ്ററിംഗ് നടക്കാത്തതിനാൽ അർഹരായവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) മസ്റ്ററിംഗ് നടക്കാത്തതിനാൽ അർഹതപ്പെട്ടവർക്ക് മാസങ്ങളായി പെൻഷൻ ലഭിക്കാത്ത സാഹചര്യത്തിൽ അർഹതയുള്ളവർക്ക് മസ്റ്ററിംഗ് നടത്താനുള്ള അവസരമോ, അല്ലെങ്കിൽ മറ്റ് സാവകാശങ്ങളോ നല്കി പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019 ഡിസംബർ 31 വരെ പെൻഷൻ അനുവദിക്കപ്പെട്ടവർ, മസ്റ്റർ ചെയ്താൽ മാത്രമേ പെൻഷൻ അനുവദിക്കാൻ കഴിയുകയുള്ളൂ. മസ്റ്റർ ചെയ്യുന്നതിനായി 2019 നവംബർ മുതൽ 2020 ഒക്ടോബർ 15 വരെ വിവിധ ഘട്ടങ്ങളിലായി സമയം അനുവദിച്ചിരുന്നു. ഇനിയും മസ്റ്റർ ചെയ്യുവാനുള്ളവർക്ക് ഒരു അവസരം കൂടി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

(സി) കോവിഡ് മഹാമാരിമൂലം മസ്റ്ററിംഗ് നടക്കാത്തതിനാൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ (പഞ്ചായത്ത്/നഗരസഭ തരംതിരിച്ച്) അർഹരായ എത്ര ആളുകൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്ത 1237 പെൻഷൻ ഗുണഭോക്താക്കളാണുള്ളത്. ഇവരുടെ ഗ്രാമപഞ്ചായത്ത്/നഗരസഭ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു*. മരണപ്പെട്ടവരെയും അനർഹരെയും പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിക്കൂടിയാണ് മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. അതിനാൽ ഇതിൽ അർഹരായ എത്ര പേർക്കാണ് പെൻഷൻ മുടങ്ങിക്കിടക്കുന്നതെന്ന് മസ്റ്ററിംഗ് പൂർത്തിയാക്കിയാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

**കായംകുളം മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

311 (311) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അതിന്റെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

പ്രവൃത്തികളുടെ പേരും നിലവിലെ പുരോഗതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

**വൈപ്പിൻ മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം**

312 (312) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വൈപ്പിൻ മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന ഏതെല്ലാം റോഡുകൾക്കാണ് തുക അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത റോഡുകൾക്കായി അനുവദിച്ച തുക എത്രയെന്നും നിർമ്മാണ പ്രവൃത്തിയുടെ നിജസ്ഥിതി എന്തെന്നും എന്നാണ് ഭരണാനുമതി നൽകിയതെന്നും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(എ&ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*.

(സി) ഭരണാനുമതിയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഭരണാനുമതി ഉത്തരവുകളുടെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

**ഈഴവതിരുത്തി ശ്മശാനത്തിന്റെ നിർമ്മാണ പ്രവർത്തനം**

313 (313) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊന്നാനി താലൂക്കിലെ ഈഴവതിരുത്തി ശ്മശാന നിർമ്മാണത്തിന് 2020-21, 2021-22 ബഡ്ജറ്റുകളിൽ തുക അനുവദിച്ചുവെങ്കിലും ആയതിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പൊന്നാനി നഗരസഭ ശ്മശാന നിർമ്മാണത്തിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നതാണ്. ടി പ്രോജക്ട് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെന്ന് പറയുന്നുണ്ടെങ്കിലും ആയതിന്റെ വിശദമായ പരിശോധനയോ അംഗീകാരം നൽകുകയോ നടത്തിയത് സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ല. ആയതിനാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഉചിതതലങ്ങളിൽ പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ നഗരസഭയിൽ കോറോത്ത് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം**

314 (314) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിലെ കോറോത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന് ആവശ്യമായ ഭൂമി കൈമാറുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പൊതു ആവശ്യത്തിലേയ്ക്ക് നീക്കിവച്ച ഭൂമി വിട്ടുകിട്ടുന്നതിനായി ലൈഫ് മിഷൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ എവിടെയാണുള്ളതെന്നും ആയതിന്റെ ഫയൽ നമ്പർ ഏതാണെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പയ്യന്നൂർ നഗരസഭയിലെ കോറോം വില്ലേജിലെ റീസ. 3/15-ൽ ഉൾപ്പെടുന്ന 0.3238 ഹെക്ടർ ഭൂമിയാണ് ലൈഫ് മിഷൻ ഫ്ളാറ്റിനായി കണ്ടെത്തിയിട്ടുള്ളത്. മിച്ചഭൂമിയായി നോട്ടിഫൈ ചെയ്തിരുന്ന ഭൂമി ലാൻഡ് ബോർഡ് സെക്രട്ടറിയുടെ 9-2-2021-ലെ എൽ.ബി (ബി.3) 3991/09(1) ഉത്തരവ് പ്രകാരം പൊതു ആവശ്യത്തിനുള്ള ഭൂമിയാക്കി മാറ്റിയിട്ടുണ്ട്. ലൈഫ് മിഷൻ 11-9-2020-ന് മേൽ ഭൂമി മിഷന് കൈമാറുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. പൊതു ആവശ്യത്തിനുള്ള ഭൂമി ആയി മാറ്റിയതിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂർ തഹസിൽദാർ ലൈഫ് മിഷന്റെ അപേക്ഷ പ്രകാരം ഭൂമി കൈമാറുന്നതിന് തളിപ്പറമ്പ ആർ.ഡി.ഒ. മുഖേന കണ്ണൂർ ജില്ലാ കളക്ടർക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) ഭൂമി കൈമാറ്റനടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മിച്ചഭൂമി ആയതിനാലാണ് കൈമാറ്റ നടപടികൾ വൈകിയത്. പൊതു ആവശ്യത്തിനുള്ള ഭൂമിയായി തരം മാറ്റിയതോടെ ഭൂമി കൈമാറുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

### വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ റോഡുകൾ

315 (315) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് വികസന പദ്ധതി പ്രകാരം വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-2021 കാലയളവിൽ അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അവയുടെ നിലവിലെ സ്ഥിതി പട്ടികതിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ പേരും വിശദാംശങ്ങളും അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

### കോങ്ങാട് നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

316 (316) <u>ശ്രീമതി ശാന്തകുമാരി. കെ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിലൂടെ കോങ്ങാട് നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ റോഡുകൾ ഏതൊക്കെയാണെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

(എ&ബി) പ്രവൃത്തികളുടെ പേരും വിശദാംശങ്ങളും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

**മൂലമ്പിള്ളി-പിഴല റോഡ് നിർമ്മാണം**

317 (317) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ കൗൺസിൽ അംഗീകാരം നൽകിയതും തദ്ദേശസ്വയംഭരണ വകുപ്പ് 4.8 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതുമായ മൂലമ്പിള്ളി - പിഴല പാലത്തിന്റെ അപ്രോച്ച് റോഡായ പിഴല 350 മീറ്റർ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ആരാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

(എ&ബി) പിഴല 350 മീറ്റർ റോഡിനുവേണ്ടി 4.8 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജിഡ മുഖേന സ്വീകരിച്ചുവരികയാണ്. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് ധനകാര്യ വകുപ്പിന്റെ അക്രെഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ULCCS) ആണ്.

(സി) ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ഈ പ്രവൃത്തിക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും സാങ്കേതികാനുമതി ലഭ്യമാക്കാനാകില്ല എന്നറിയിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് സാങ്കേതികാനുമതി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുമതി ലഭ്യമായിട്ടില്ല. ഈ സാഹചര്യത്തിൽ, സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ആവശ്യമായ പിന്തുണ നൽകുന്നതിന് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട്സ് (KSTP)-ന്റെ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് എന്നത്തേയ്ക്ക് റോഡിന്റെയും മൂലമ്പിള്ളി പാലത്തിന്റെയും പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

സാങ്കേതികാനുമതി, സ്ഥലമെടുപ്പ് നടപടികൾ, പാരിസ്ഥിതികാനുമതികൾ എന്നിവ ലഭ്യമാകുന്നതോടെ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് സാധിക്കുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ ഒഴിവുകൾ**

318 (318) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് , നഗരസഭ ഓഫീസുകളിൽ ഏതെല്ലാം വിഭാഗങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഇരിക്കൂർ, ചെങ്ങളായി, എരുവേശ്ശി പയ്യാവൂർ, ആലക്കോട്, നടുവിൽ, ഉദയഗിരി, ഉളിക്കൽ എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, അക്കൗണ്ടന്റ്, ഹെഡ് ക്ലർക്ക്, സീനിയർ ക്ലർക്ക്, ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ്, പി.റ്റി.ആർ.എസ്, പി.റ്റി.എസ്, ഡ്രൈവർ, പി.റ്റി ലൈബ്രേറിയൻ, എഫ്.റ്റി.ആർ.എസ്, പൗണ്ട് കീപ്പർ എന്നീ തസ്തികകളും എഞ്ചിനീയറിംഗ് വിഭാഗവുമുണ്ട്. ശ്രീകണ്ഠാപുരം നഗരസഭയിൽ ജനറൽ, റവന്യൂ, ഹെൽത്ത്, ശുചീകരണം, എഞ്ചിനീയറിംഗ് എന്നീ വിഭാഗങ്ങളാണുള്ളത്.

(ബി) പ്രസ്തുത വിഭാഗങ്ങളിൽ ഓരോന്നിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണം പഞ്ചായത്ത്, നഗരസഭ തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോയെന്നും അല്ലാത്തപക്ഷം ഇനി എത്ര ജീവനക്കാർ ആവശ്യമുണ്ടെന്നും വ്യക്തമാക്കാമോ?

നഗരകാര്യ വകുപ്പിൽ ക്ലർക്ക്-5, സീനിയർ ക്ലർക്ക് -5, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II-2, നൈറ്റ് വാച്ച്മാൻ -1 എന്നിങ്ങനെ ജീവനക്കാരെ ആവശ്യമുള്ളതായി നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ക്ലറിക്കൽ തസ്തികയിൽ ഒരു ഹെഡ് ക്ലർക്കിന്റെയും ഓരോ പഞ്ചായത്തിലും ഓരോ ക്ലർക്കിന്റെയും മുനിസിപ്പാലിറ്റിയിൽ 3 ക്ലർക്കുമാരുടെയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യകതയുണ്ടെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുടെ എണ്ണം പര്യാപ്തമല്ലായെന്ന് പഞ്ചായത്ത് ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഓരോ വിഭാഗത്തിലും അനുവദിച്ച തസ്തികകൾ എത്രയാണെന്നും ഒഴിഞ്ഞുകിടക്കുന്നത് ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

**മാവേലിക്കര മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

319 (319) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി അനുവദിച്ച ചുനക്കര കരിമുളക്കൽ ജംഗ്ഷൻ വികസനം - എഴുപത് ലക്ഷം രൂപ - എന്ന പ്രവൃത്തിക്കുപകരമായി കരിമുളക്കൽ ജംഗ്ഷനിൽ നിന്നും വടക്കോട്ട് ചിറവരമ്പ് കോളനിയിലേയ്ക്കുള്ള റോഡ് നിർമ്മിക്കുവാൻ ഭരണാനുമതി നല്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുമോ?

(ബി&സി) ബഹു. എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം ചുനക്കര കരിമുളയ്ക്കൽ ജംഗ്ഷൻ നവീകരണ പ്രവൃത്തിക്ക് പകരമായി കരിമുളയ്ക്കൽ-മാമ്മൂട്-കുഴിവിള മേപ്പള്ളി റോഡ് നവീകരണം എന്ന പ്രവൃത്തി ഉൾപ്പെടുത്തി ഭരണാനുമതി ഭേദഗതി ചെയ്യുന്നതിന് ചീഫ് എഞ്ചിനീയർ സമർപ്പിച്ച ശിപാർശ സർക്കാരിൽ പരിശോധിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നടയ്ക്കാവ്-എത്തേരിക്കാവ് റോഡ്

320 (320) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വാഴക്കുളം പഞ്ചായത്തിൽ ഭരണാനുമതി ലഭിച്ചിരുന്ന നടയ്ക്കാവ്-എത്തേരിക്കാവ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നടയ്ക്കാവ്-എത്തേരിക്കാവ് റോഡ് പ്രവൃത്തിയുടെ ടെണ്ടർ എക്സസ് അനുമതിക്കായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പ്രോജക്ട് ഡയറക്ടർ പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ടി വിഷയം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ പരിശോധിച്ചുവരികയാണ്.

(ബി) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയ നോർത്ത് എഴിപ്പുറം-മാടവന റോഡിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

പ്രവൃത്തിയുടെ സർവ്വേ നടപടികൾ പുരോഗമിച്ചുവരികയാണ്. തുടർന്ന് ഭരണാനുമതിക്കാവശ്യമായ ഡി.പി.ആർ. തയ്യാറാക്കുന്നതാണ്.

## കൽപ്പറ്റ ടൗൺ നവീകരണ പ്രവർത്തനങ്ങൾ

321 (321) ശ്രീ. ടി.സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ ടൗൺ നവീകരണ പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

അവലോകനം നടത്തിയിട്ടുണ്ട്. ടൗൺ നവീകരണത്തിന്റെ ഭാഗമായി കൽപ്പറ്റ നഗരത്തിന്റെ റോഡിന്റെ ഇരുവശങ്ങളിലും ഡ്രെയിനേജ്, നടപ്പാത, കൈവരി, ഒരു ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്നിവയാണ് പ്രവൃത്തികൾ. ആയതിൽ ഒരു ഭാഗത്ത് നടപ്പാത, കൈവരി എന്നീ പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മറുഭാഗത്ത് കരാറുകാരന്റെ അലംഭാവംമൂലം പ്രവൃത്തി മന്ദഗതിയിലാണ്.

(ബി) കൽപ്പറ്റ ടൗൺ നവീകരണ പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2 കോടി രൂപ.

(സി) പ്രസ്തുത പ്രദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നഗരത്തിന്റെ ഒരുവശം കൈവരി സ്ഥാപിച്ചു. നടപ്പാത ടൈൽപാകി മനോഹരമാക്കി. തെരുവുവിളക്ക് പോസ്റ്റുകൾ സ്ഥാപിച്ചു.

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നഗരത്തിന്റെ ഒരു ഭാഗത്ത് ഏകദേശം 2 കി.മീ. ദൂരം പ്രവൃത്തി ആരംഭഘട്ടത്തിലാണ്. നടപ്പാത, കൈവരി സ്ഥാപിക്കൽ, ടൈൽ പാകൽ എന്നീ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.

(ഇ) കൽപ്പറ്റ ടൗൺ നവീകരണ പ്രവർത്തനങ്ങൾക്ക് അനുവദിച്ച തുക വിവിധ പദ്ധതികൾ പൂർത്തീകരിക്കാൻ പര്യാപ്തമല്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ആവശ്യത്തിനായി അധിക തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉണ്ട്. അധിക തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക്, ഫണ്ട് ലഭ്യത അനുസരിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

**പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ച റോഡ് പുനരുദ്ധാരണ പദ്ധതികൾ**

322 (322) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത പദ്ധതി പ്രകാരം പട്ടാമ്പി മണ്ഡലത്തിൽ പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരംഭിച്ചിട്ടില്ലാത്ത കരിമ്പുള്ളി - ആണ്ടലാടി റോഡ് എന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഭരണസമിതി തീരുമാനം ലഭ്യമായാലുടൻ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**പാറശ്ശാല നിയോജക മണ്ഡലത്തിലെ ലൈഫ് പദ്ധതി**

323 (323) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലേയ്ക്കായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ലൈഫ് പദ്ധതിയുടെ മൂന്നാം ഘട്ടത്തിലേയ്ക്കായി (ഭൂരഹിത ഭവന രഹിതർ) സർവ്വേയിലൂടെ കണ്ടെത്തിയ ഗുണഭോക്താക്കളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദവിവരം ചുവടെചേർക്കുന്നു.

| തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് | സർവ്വേയിലൂടെ കണ്ടെത്തിയവർ |
|---|---|
| അമ്പൂരി | 217 |
| ആര്യങ്കോട് | 343 |
| കള്ളിക്കാട് | 333 |
| കൊല്ലയിൽ | 367 |
| കുന്നത്തുകാൽ | 417 |
| ഒറ്റശേഖരമംഗലം | 339 |
| പാറശ്ശാല | 337 |
| പെരുങ്കടവിള | 220 |
| വെള്ളറട | 763 |
| ആകെ | 3336 |

(ബി) ടി അപേക്ഷകൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം അറിയിക്കാമോ?

പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ അർഹരായവരുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിശദവിവരം ചുവടെചേർക്കുന്നു.

| തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പേര് | അർഹരായവർ |
|---|---|
| അമ്പൂരി | 63 |
| ആര്യങ്കോട് | 52 |
| കള്ളിക്കാട് | 106 |
| കൊല്ലയിൽ | 73 |
| കുന്നത്തുകാൽ | 64 |
| ഒറ്റശേഖലമംഗലം | 138 |
| പാറശ്ശാല | 150 |
| പെരുങ്കടവിള | 31 |
| വെള്ളറട | 41 |
| ആകെ | 718 |

**തിരുവനന്തപുരം കോർപ്പറേഷനിലെ ക്രമക്കേട്**

324 (324) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നികുതി ഇനത്തിൽ ലഭിച്ച തുക ബാങ്കിൽ അടയ്ക്കാതെ തിരുവനന്തപുരം കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ ക്രമക്കേട് കാട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലെ വിവിധ സോണൽ ഓഫീസുകളിലെ ജീവനക്കാർക്കെതിരെ നഗരസഭാതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീകാര്യം സോണൽ ഓഫീസിലെ ക്ലർക്ക് ശ്രീ. അനിൽ കുമാറിനെയും ഓഫീസ് അറ്റൻഡന്റായ ശ്രീ. ബിജു.വി-യെയും സസ്പെൻഡ് ചെയ്യുകയും നിലവിൽ കൊല്ലം കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി ലളിതാംബികയ്ക്കെതിരായി വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

2. നേമം സോണൽ ഓഫീസിലെ സൂപ്രണ്ട് ശ്രീമതി ശാന്തി. എസ്-നെയും ക്ലർക്ക് ശ്രീമതി സുനിത. എസ്-നെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നേമം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്.

3. ആറ്റിപ്ര സോണൽ ഓഫീസിലെ ചെയിൻമാനായ ശ്രീ.- ജോർജ്ജുകുട്ടിയെ സസ്പെൻഡ് ചെയ്യുകയും നിലവിൽ കൊല്ലം കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സുമതിക്കെതിരെ വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി**

325 (325) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്ന മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തിയായ തഴക്കര വാർഡ് ഇരുപത് കല്ലുമല ഐ.ടി.ഐ. ജംഗ്ഷൻ -പുറ്റംപാട്ട് മുക്ക് റോഡ് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത റോഡ് പ്രവൃത്തിക്കുപകരമായി തഴക്കര പഞ്ചായത്തിലെ വാർഡ് ഏഴ് ഗുരുമന്ദിരം ജംഗ്ഷൻ - പഴഞ്ചിറകുളം റോഡ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് ഭരണാനുമതി

ലഭ്യമാക്കുമോ; ഈ ആവശ്യത്തിലേയ്ക്ക് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടി സ്വീകരിക്കുന്നതാണ്.

**കോടഞ്ചേരി പഞ്ചായത്തിൽ പറപ്പറ്റ പാലം നിർമ്മാണം**

326 (326) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി പഞ്ചായത്തിൽ പ്രളയത്തിൽ തകർന്ന പറപ്പറ്റ പാലം പുനർനിർമ്മിക്കുന്നതിന് അനുവദിക്കപ്പെട്ട തുക തികയാത്തതിനാൽ കൂടുതൽ ഫണ്ട് അനുവദിച്ച് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) 3-9-2021-ലെ സ.ഉ.(കൈ)നം. 193/2021/തസ്വഭവ. ഉത്തരവുപ്രകാരം പ്രവൃത്തിയുടെ ഭരണാനുമതി പുതുക്കി ഉത്തരവായിട്ടുണ്ട്.

**തിരുവമ്പാടി മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പ്രവൃത്തി**

327 (327) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിൽ അനുവദിച്ച സി.എം.എൽ.ആർ.ആർ.പി. പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) ഫൈനൽ ബിൽ സമർപ്പിച്ച പ്രവൃത്തികളുടെ ബിൽ തുക മാറുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ബിൽ തുക അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) പ്രവൃത്തികളുടെ ആധിക്യം കാരണം ബിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ പരിമിതമായ ജീവനക്കാരെ ഉപയോഗപ്പെടുത്തി നടപടി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കുന്നതിൽ വലിയ കാലതാമസത്തിന് ഇടയാക്കുന്ന എന്നതിനാൽ ബിൽ പ്രോസസ്സ് ചെയ്ത് തുക അനുവദിക്കുന്നതിനുള്ള അധികാരം 22-9-2021-ലെ സ.ഉ. (സാധാ) നം.211/2021/തസ്വഭവ. നമ്പർ ഉത്തരവുപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ കൈക്കൊണ്ടുവരികയാണ്.

**വെണ്ണല ഗവൺമെന്റ് എൽ. പി. സ്കൂളിലെ ക്ലാസ്സ് മുറി നിർമ്മാണം**

328 (328) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കിയ വെണ്ണല ഗവൺമെന്റ് എൽ.പി. സ്കൂളിൽ പുതിയ ക്ലാസ്സ് മുറിയുടെ നിർമ്മാണ പ്രവൃത്തിയുടെ ഫൈനൽ ബിൽ അലോട്ട്മെന്റ് കരാറുകാരന് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

ഉണ്ട്.

(ബി) നല്കിയിട്ടുണ്ടെങ്കിൽ എന്നാണ് നൽകിയതെന്നും പ്രസ്തുത തുക നല്കുവാനുണ്ടായ കാലതാമസത്തിന്റെ കാരണവും വിശദമാക്കുമോ?

1-10-2021-നാണ് നൽകിയത്. ഈ പ്രവൃത്തിയുടെ ബില്ലുകൾ രണ്ട് പാർട്ടുകളായാണ് അനുവദിച്ചത്. ആദ്യ പാർട്ട് ബിൽ 25-4-2018-ന് അനുവദിച്ചു. ഫൈനൽ ബിൽ തുക അനുവദിക്കുന്നതിനായി ലഭ്യമാക്കിയ ബില്ലിലും അനുബന്ധ രേഖകളിലും ചില അപാകതകൾ ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും ചെയ്തു. കോവിഡിനെ തുടർന്നുണ്ടായ ഭരണപരമായ ബുദ്ധിമുട്ടുകളും ഫൈനൽ ബിൽ തുക കരാറുകാരന് യഥാസമയം നൽകാൻ കഴിയാത്തതിന് കാരണമായി.

(സി) ഈ വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കൈകാര്യം ചെയ്യുന്ന എല്ലാ ഫയലുകളുടെയും പൂർണ്ണമായ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### വൈപ്പിൻ നിയോജകമണ്ഡലത്തിലെ ലൈഫ് പദ്ധതി

329 (329) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിയുടെ വിവിധ ഘട്ടങ്ങളിലായി എത്രപേർക്ക് ഭവനം അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ലൈഫ് പദ്ധതിവഴി 990 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ 745 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

(ബി) ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി) ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹരായവരെ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

2017-ലെ പ്രഥമ ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ കുടുംബങ്ങൾക്ക് 1-8-2020 മുതൽ 23-9-2020 വരെയും 15-2-2021 മുതൽ 20-2-2021 വരെയും ഓൺലൈനായി അപേക്ഷിക്കുവാൻ അനുമതി നൽകിയിരുന്നു.

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

പുതിയ അപേക്ഷകളിന്മേൽ സൂക്ഷ്മപരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കൈവശാവകാശ സർട്ടിഫിക്കറ്റ്

330 (330) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശാവകാശ സർട്ടിഫിക്കറ്റിൽ ഏതാവശ്യത്തിനായി നൽകിയതാണ് ഭൂമിയെന്ന് രേഖപ്പെടുത്താത്തത് സംബന്ധിച്ച് കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട WPC 17983/2019, 29865/19, 32098/2019 എന്നീ കേസുകളിലെ 25-6-2020-ലെ പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ബിൽഡിംഗ്

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെർമിറ്റുമായി ബന്ധപ്പെട്ട് Possession Certificate-നുള്ള അപേക്ഷയിൽ നിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്ന ഭൂമി കേരള ലാൻഡ് അസ്സസ്സെന്റ് ആക്ട് 1960, പ്രകാരം ഒരു പ്രത്യേക ആവശ്യത്തിനായി പതിച്ചു നൽകിയതാണോ അല്ലയോ എന്ന വിഷയംകൂടി ബന്ധപ്പെട്ട വില്ലേജ് ഓഫീസർ പരിശോധിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ടപ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമിയാണെങ്കിൽ ആ വിവരംകൂടി രേഖപ്പെടുത്തി മാത്രമേ ബന്ധപ്പെട്ട റവന്യൂ അധികാരികൾ Possession Certificate അനുവദിക്കാൻ പാടുള്ളൂവെന്ന് 2-12-2020-ലെ സ.ഉ.(എം.എസ്) 290/2020/റവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. റവന്യൂ അധികാരികൾ അനുവദിക്കുന്ന Possession Certificate-ൽ രേഖപ്പെടുത്തിയ പ്രകാരം ഏതാവശ്യത്തിനാണ് ഭൂമി പതിച്ചു നൽകിയിട്ടുള്ളത് എന്ന വിവരം പരിശോധിച്ചശേഷം അതനുസരിച്ചു മാത്രമേ തദ്ദേശഭരണസ്ഥാപനങ്ങളിലെ അധികാരികൾ പെർമിറ്റ് അനുവദിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകി 22-2-2021-ലെ സ.ഉ.(എം.എസ്) 61/2021/തസ്വഭവ. പ്രകാരം ഉത്തരവ് പുറപെടുവിച്ചിട്ടുണ്ട്.

(ബി) ഈ വിധിമൂലം പതിച്ചുകിട്ടിയ ഭൂമിയിൽ വീടടക്കം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിൽനിന്ന് നിർമ്മാണാനുമതി ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സർട്ടിഫിക്കറ്റ് പ്രകാരം ഏത് ആവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയിട്ടുള്ളതെന്ന വിവരം പരിശോധിച്ചതിനുശേഷം മാത്രമേ കെട്ടിട നിർമ്മണാനുമതി നൽകാവൂ എന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവുമൂലം പലർക്കും പതിച്ച് കിട്ടിയ ഭൂമിയിൽ വീട് നിർമ്മിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി &സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മുൻകാലങ്ങളിൽ മലയോര മേഖലകളിൽ രണ്ട് ഏക്കറിന് മുകളിൽ റവന്യൂ ഭൂമി പതിച്ചുനൽകിയിരുന്നുവെങ്കിലും പുതിയ കോടതി വിധിമൂലം പഞ്ചായത്തുകൾക്ക് ഇവിടങ്ങളിൽ വീട് വയ്ക്കാനുള്ള അനുമതി നൽകാൻ സാധിക്കാത്ത വിഷയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**അജൈവ മാലിന്യം നീക്കംചെയ്യാൻ നടപടി**

331 (331) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കോർപ്പറേഷനുകൾ അജൈവ മാലിന്യം നീക്കംചെയ്യുന്നതിന് സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സരോജിനി പൊന്നയ്യ ഫൗണ്ടേഷൻ, BM ട്രേഡേഴ്സ് എന്നീ രണ്ട് സ്വകാര്യ ഏജൻസികളുമായി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. M/s ഭാരത് ട്രേഡേഴ്സ് എന്ന സ്ഥാപനത്തെ ബ്രഹ്മപുരം പ്ലാന്റിലെത്തുന്ന പ്ലാസ്റ്റിക് മാലിന്യം നീക്കംചെയ്യുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ചുമതലപ്പെടുത്തിയിരിക്കുന്നു. നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോനാരി അഡ്വാൻസ്ഡ് പോളിമേഴ്സ് എന്നീ സ്വകാര്യ ഏജൻസികളുമായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് എന്ന സ്ഥാപനവുമായി കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കൊല്ലം, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനുകൾ സ്വകാര്യ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

## നഗരസഭകളിലെ സ്റ്റാഫ് പാറ്റേൺ

332 (332) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കുന്നതിന് മാനദണ്ഡങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) മാനദണ്ഡങ്ങളുണ്ടെങ്കിൽ അത് കൃത്യമായി നടപ്പാക്കാറുണ്ടോ?

(എ&ബി) നഗരസഭകളുടെ വരുമാനത്തിന്റെയും ജനസംഖ്യയുടെയും അടിസ്ഥാനത്തിലാണ് നഗരസഭകളുടെ ഗ്രേഡ് നിശ്ചയിക്കുന്നത്. അതിൻപ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ വിശദമായ പരിശോധന നടത്തിയാണ് ആവശ്യമായ പുതിയ തസ്തികകൾ നഗരസഭകളിൽ അനുവദിക്കുന്നത്.

(സി) കൂടുതൽ വരുമാനവും ജനസംഖ്യയുമുള്ള മുനിസിപ്പാലിറ്റികളേക്കാൾ കുറഞ്ഞ വരുമാനവും ജനസംഖ്യയുമുള്ള നഗരസഭകളിൽ അധിക സ്റ്റാഫുകളെ നിശ്ചയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) ഉണ്ടെങ്കിൽ സ്റ്റാഫിനെ ആവശ്യമായ നഗരസഭകളിൽ തസ്തിക പുനർനിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

## തദ്ദേശ സ്വയംഭരണ പൊതുസർവ്വീസ്

333 (333) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ-സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് എന്ന് മുതലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടങ്ങൾ, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 19-7-2010-ലെ 11884/R1/2007/P&ARD നമ്പർ Circular (Simplified procedure for framing Special Rules) പ്രകാരമുള്ള നടപടിക്രമം പാലിച്ച് അന്തിമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജില്ലാതല ഓഫീസുകൾ എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി പൂർത്തിയാക്കിവരുന്നു. പ്രസ്തുത നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് പൊതുസർവ്വീസ് പ്രാവർത്തികമാകുന്നതാണ്.

(ബി) ഇത് പ്രാവർത്തികമാക്കുമ്പോൾ ഉദ്യോഗസ്ഥരുടെ സ്ഥാനപ്പേരിൽ എന്തെങ്കിലും മാറ്റങ്ങൾ സംഭവിക്കുമോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഏകീകൃത വകുപ്പിന്റെ ഘടനയനുസരിച്ച് നിലവിലുള്ള വകുപ്പിൽനിന്നും സമാനതസ്തികയിലുള്ളവരെ ഏകോപിപ്പിക്കുന്നതിനായി തസ്തികകൾ പുനർനാമകരണം ചെയ്ത് സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് അന്തിമമായിട്ടില്ല.

**ടേക്ക് എ ബ്രേക്ക് പദ്ധതി**

334 (334) <u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ-സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ വഴി സ്നാക്സ് ബാർ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ?

"ടേക്ക് എ ബ്രേക്ക്" പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ യൂണിറ്റുകൾ വഴി സ്നാക്സ് ബാർ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നയിടങ്ങളിൽ വഴിയിടവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്താൻ തദ്ദേശ ഭരണ സ്ഥാപനതലത്തിൽ ഏതെങ്കിലും സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്നറിയ്ക്കുമോ?

"ടേക്ക് എ ബ്രേക്ക്" പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന ടോയ്‌ലെറ്റുകളുടെ നിർമ്മാണ പദ്ധതിയുടെ ശുചിത്വ പരിപാലന ചുമതല അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിലെ കുടുംബശ്രീ യൂണിറ്റുകളാണ് നിർവ്വഹിക്കുന്നത്.

**വർക്കല നിയോജക മണ്ഡലത്തിലെ ലൈഫ് പദ്ധതി**

335 (335) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല നിയോജകമണ്ഡലത്തിൽ മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുവദിച്ച വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പേര് | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|
| വെട്ടൂർ | 126 |
| ചെമ്മരുതി | 178 |
| ഇലകമൺ | 158 |
| നാവായിക്കുളം | 486 |
| ഇടവ | 222 |
| പള്ളിക്കൽ | 102 |
| മടവൂർ | 118 |
| വർക്കല മുനിസിപ്പാലിറ്റി | 152 |
| ആകെ | 1542 |

(ബി) നിലവിൽ എത്ര അപേക്ഷകർക്ക് വീടുകൾ അനുവദിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ?

അർഹരായ 2,812 ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിക്കുവാനുണ്ട്.

**ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റികളിലെ ജീവനക്കാർ**

336 (336) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫസ്റ്റ് ഗ്രേഡായി ഉയർത്തിയ മുൻസിപ്പാലിറ്റികളിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?

നഗരസഭകളിൽനിന്നും പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്.

(ബി) എത്ര മുൻസിപ്പാലിറ്റികളാണ് ഫസ്റ്റ് ഗ്രേഡായി ഉയർത്തിയിരിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

22-7-2014-ലെ സ.ഉ (കൈ) നം.135/2014/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 28 നഗരസഭകളെ ഫസ്റ്റ് ഗ്രേഡായി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച് നഗരസഭകളുടെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നഗരസഭകളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകളിൽ നഗരകാര്യ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ആവശ്യമായ തസ്തികകൾ അനുവദിച്ചു നൽകുന്നുണ്ട്.

**ഐ. കെ.എം. സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനക്ഷമത**

337 (337) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.കെ.എം. മുഖേന തദ്ദേശസ്വയംഭരണ വകുപ്പുകളിൽ നടപ്പാക്കുന്ന പൊതുജന സേവനങ്ങൾക്കുള്ള വിവിധ സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തിയിട്ടുണ്ടോ?

ഐ.കെ.എം. രൂപകൽപ്പനചെയ്ത പൊതുജന സേവനങ്ങൾക്കുള്ള സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനക്ഷമത വിലയിരുത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. പ്രശ്നങ്ങളും പരാതികളും ഉയർന്നുവരുമ്പോൾ യഥാസമയം പരിശോധിച്ച് പരിഹരിച്ചുവരുന്നുണ്ട്.

(ബി) ഇത് കൂടുതൽ ജനസൗഹൃദമാക്കാൻ നടപടി സ്വീകരിക്കുമോ?

പഞ്ചായത്തിൽനിന്നും നൽകിവരുന്ന ഇരുന്നൂറിൽപ്പരം സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കുന്നതിനും ഓൺലൈൻ ആയി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം 2021 സെപ്റ്റംബർ 6 മുതൽ നിലവിൽവന്നു. പ്രസ്തുത സംവിധാനം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ സോഫ്റ്റ്‌വെയറുകൾ ജനസൗഹൃദമാക്കാൻ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള മാറ്റങ്ങൾ സമയോചിതമായി സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**സംയോജിത ജില്ലാ വികസന രൂപരേഖ**

338 (338) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പ്രാദേശിക വികസന രൂപരേഖയും ഓരോ ജില്ലയ്ക്കും സംയോജിത ജില്ലാ വികസന രൂപരേഖയും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ വകുപ്പ് 53-ൽ പ്രതിപാദിക്കുന്നത് പ്രകാരമുള്ള ജില്ലാ പദ്ധതികൾ 2017-18 കാലയളവിൽ എല്ലാ ജില്ലകളിലും തയ്യാറാക്കിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ ജില്ലാ പദ്ധതിയിലെ വികസന പരിപ്രേക്ഷ്യവും കീഴ്ത്തട്ട് നിർദ്ദേശങ്ങളും പരിഗണിച്ചുവേണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതി തയ്യാറാക്കേണ്ടതെന്ന് 11-1-2021-ലെ സ.ഉ. (കൈ)നം.04/2021/തസ്വഭവ. ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. 1996-ൽ ആരംഭിച്ച ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന റിപ്പോർട്ടുകൾ തയ്യാറാക്കിയിരുന്നു. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷത്തിൽ പതിന്നാലാം പദ്ധതി പ്രവർത്തനത്തിന്റെ മുന്നൊരുക്കമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന റിപ്പോർട്ടുകൾ പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഉറവിട മാലിന്യ സംസ്കരണം**

339 (339) ശ്രീ. ജി സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്ന കമ്പോസ്റ്റിംഗ്, ബയോമെഥനേഷൻ, സാങ്കേതിക വിദ്യകളിൽ അധിഷ്ഠിതമായ ഉറവിട മാലിന്യ

സംസ്കരണ പദ്ധതികളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നത്. അതുപോലെ നിലവിൽ പ്രവർത്തിക്കുന്ന കേന്ദ്രീകൃത ജൈവമാലിന്യ സംസ്കരണ പ്ലാന്റുകൾ മെയിന്റനൻസ് ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായം ശുചിത്വ മിഷന്റെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്നു. ഗാർഹികതലത്തിൽ അഴുകുന്ന മാലിന്യത്തെ കലം കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, പോർട്ടബിൾ ബിൻ, കിച്ചൺ ബിൻ, ബയോകമ്പോസ്റ്റർ, പൈപ്പ് കമ്പോസ്റ്റ്, പിറ്റ് കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിച്ച് വളവും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് പാചക ഇന്ധനവും ഉത്പാദിപ്പിക്കുക വഴി ജനപങ്കാളിത്തത്തോടെ ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുസ്ഥലങ്ങളിൽ തുമ്പൂർമൂഴി മോഡൽ എയറോബിക് കമ്പോസ്റ്റിംഗും ബയോഗ്യാസ് പ്ലാന്റുകളും ഓർഗാനിക് വേസ്റ്റ് കൺവെർട്ടർ എന്നിവ സ്ഥാപിച്ച് മാലിന്യ സംസ്കരണം നടത്തിവരുന്നു.

(ബി) ഉറവിട മാലിന്യ സംസ്കരണം എന്ന ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും ജനപങ്കാളിത്തത്തോടെ ഇത് വ്യാപകമാക്കുന്നതിനും ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

ഉറവിട ജൈവമാലിന്യ സംസ്കരണം എന്ന ആശയം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നത് ലക്ഷ്യമാക്കി ' മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' എന്ന ക്യാമ്പയിനോടുകൂടിയാണ് ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇതിന്റെ ഭാഗമായി 2017 ആഗസ്റ്റ് മാസത്തിൽ 50 ലക്ഷം വീടുകൾ സന്ദർശിച്ച് ഉറവിടമാലിന്യ സംസ്കരണത്തിന്റെയും ഉറവിടത്തിൽ തരംതിരിവിന്റെയും സന്ദേശം കൈമാറുകയും തുടർന്ന് ഹരിതകർമ്മസേനയുൾപ്പെടെ വിപുലമായ ഭൗതീക സൗകര്യങ്ങൾ ഈ മേഖലയിൽ ഉണ്ടായി വന്നിട്ടുള്ളതുമാണ്. മാലിന്യത്തിൽനിന്നും സ്വാതന്ത്ര്യം ക്യാമ്പയിന്റെ രണ്ടാംഘട്ടം സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്. പരമാവധി വീടുകളിലും സ്ഥാപനങ്ങളിലും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുകയും അജൈവ പാഴ്വസ്തുക്കൾ ക്ലീൻ കേരള കമ്പനി പുറത്തിറക്കിയിട്ടുള്ള കൃത്യമായ കലണ്ടറിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ശേഖരിച്ച് സംസ്കരണത്തിന് അയയ്ക്കുകയും ചെയ്യുന്ന പ്രവർത്തനത്തിന് പരമാവധി പ്രചരണം നൽകുക എന്നതാണ് രണ്ടാംഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്ക് സ്വീകാര്യത വർദ്ധിപ്പിക്കുകയും അനുകൂല അന്തരീക്ഷം സൃഷ്ടിക്കുന്നതിനും രണ്ടാംഘട്ടത്തിൽ മുൻഗണന നൽകും. ഹരിതനിയമങ്ങൾ

സംബന്ധിച്ച ബോധവൽക്കരണ ക്യാമ്പയിനുകൾ തുടങ്ങിയവ രണ്ടാം ഘട്ടത്തിൽ സംഘടിപ്പിക്കും. നഗരസഭകളിൽ വാട്ട്സ് ആപ്പ് കൂട്ടായ്മകൾവഴിയും റസിഡന്റ്സ് അസോസിയേഷൻ വഴിയും സന്നദ്ധ സംഘടനകൾ വഴിയും ഉറവിട മാലിന്യ സംസ്കരണത്തിന് വ്യാപകമായ ബോധവത്കരണം നടത്തിവരുന്നു.

**ദേവികുളം മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. പദ്ധതി**

340(340) <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) അനുവദിക്കപ്പെട്ട പദ്ധതികളിൽ പൂർത്തീകരിക്കാത്ത പദ്ധതികളുടെ പേരും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**നീർത്തടാധിഷ്ഠിത ആസൂത്രണം**

341 (341) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നീർത്തടാധിഷ്ഠിത ആസൂത്രണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് 2010-11 മുതൽ സംയോജിത നീർത്തട പരിപാലന പരിപാടി (ഇപ്പോഴത്തെ പി.എം.കെ.എസ്.വൈ.-യുടെ നീർത്തട ഘടകം) നടപ്പിലാക്കിവരുന്നു. നിലവിലുള്ള പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ കാർഷിക അനുബന്ധ മേഖലയിലെ പ്രോജക്ടുകൾക്ക് സംയോജിത നീർത്തടപരിപാലന സമീപനം ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള റോഡുകളുടെ ഗുണനിലവാരം

342 (342) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭാ പരിധിയിൽപ്പെട്ട പ്രധാന റോഡുകൾ പൊതുമരാമത്ത് റോഡുകളുടെ മാതൃകയിൽ ബി.എം. ആൻഡ് ബി.സി. ടാറിംഗ് നടത്തി ഗതാഗതം സുഗമമാക്കുന്നതിനും റോഡിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ ആലോചനയിലുണ്ടോ?

ഉണ്ട്. റോഡിന്റെ ട്രാഫിക് അനുസരിച്ചാണ് ബി.എം. ആൻഡ് ബി.സി. ടാറിംഗ് നടത്തുന്നത്. ട്രാഫിക് കൂടുതലുള്ള റോഡുകളിൽ ബി.എം. ആൻഡ് ബി.സി. ടാറിംഗ് നടത്തുന്നതിനുള്ള പ്രോജക്ടുകൾ നഗരസഭ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രവൃത്തി നിർവ്വഹിക്കുന്ന റോഡുകളുടെ ഗുണനിലവാരം നിലവിൽ പരിശോധിക്കുന്നുണ്ടോ; ഗുണനിലവാരം കുറഞ്ഞ നിർമ്മാണ പ്രവൃത്തികൾക്ക് ഉത്തരവാദികളായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉണ്ട്. ഗുണനിലവാരം കുറഞ്ഞ നിർമ്മാണ പ്രവൃത്തികൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു. കാലപരിധി സൂചിപ്പിച്ചാൽ കൃത്യമായ വിവരം നൽകുന്നതാണ്.

(സി) തിരുവനന്തപുരം നഗരസഭാ പരിധിയിലുള്ള പ്രധാന റോഡുകൾ പി.ഡബ്ല്യു.ഡി./കെ. ആർ. എഫ്. ബി.-ക്ക് സറണ്ടർ ചെയ്ത് മാതൃകാറോഡുകൾ ആക്കുന്നതിനുള്ള നടപടികൾ ആലോചനയിലുണ്ടോ?

ഇല്ല.

(ഡി) പ്രസ്തുത നഗരസഭയിലെ പതിനൊന്ന് വാർഡുകളിൽ സേവനം നൽകി വരുന്ന പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് നഗരസഭ നൽകിവരുന്ന സഹായങ്ങൾ വിശദമാക്കാമോ?

പാങ്ങപ്പാറ ഇന്റഗ്രേറ്റഡ് ഫാമിലി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനത്തിനായി മെഡിക്കൽ/പാരാ മെഡിക്കൽ സ്റ്റാഫിനെ നിയമിച്ചിട്ടുള്ളതും സെന്ററിലേയ്ക്കാവശ്യമായ മെഡിസിൻ വാങ്ങുന്നതിന് ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഹെൽത്ത് സെന്ററിന്റെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതും നഗരസഭയാണ്.

(ഇ) തിരുവനന്തപുരം നഗരസഭാ സോണൽ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സോണൽ ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഒരു ഉയർന്ന ഉദ്യോഗസ്ഥന് ചുമതല നൽകി, നിശ്ചിത സമയത്ത് ഓഫീസിൽ പോയി പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ സോണൽ ഓഫീസിന്റെയും ചുമതല ഓരോ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് നൽകിയിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ സോണൽ ഓഫീസുകളിൽ നിലവിൽ വസ്തു നികുതി, ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾ, 300 ച.മീ. താഴെയുള്ള വാസഗൃഹങ്ങളുടെ പെർമിറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈനായി നഗരസഭ വെബ് സൈറ്റായ http://tmc.lsgkerala.gov.in വഴി നൽകിവരുന്നുണ്ട്. കൂടാതെ പൊതുജനങ്ങളുടെ പരാതികളും ഓൺലൈനായി സ്വീകരിക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്. സ്മാർട്ട് ട്രിവാൻഡ്രം മൊബൈൽ ആപ്ലിക്കേഷൻവഴി കുടിവെള്ളം ലഭ്യമാക്കൽ, കക്കൂസ് മാലിന്യം നീക്കം ചെയ്യൽ തുടങ്ങിയ സേവനങ്ങൾ ഓൺലൈനായി നൽകുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ സൗകര്യവും ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷന്റെ കീഴിലുള്ള മേഖലാ ഓഫീസുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി ഓഫീസുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വരവ് ചെലവ് കണക്കുകൾ അതാത് ദിവസം മെയിൻ ഓഫീസിൽ ഇരുന്ന് നിരീക്ഷിക്കുന്നതിനും ജീവനക്കാർക്ക് വേണ്ടത്ര പരിശീലനം നൽകുന്നതിനുമുള്ള നടപടികളും അടിയന്തരമായി സ്വീകരിക്കുന്നതാണ്.

(എഫ്) നഗരസഭയുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും നഗരസഭാ സേവനങ്ങൾ വീട്ടുപടിക്കൽ എന്ന ആശയം നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. വസ്തു നികുതി, ജനനമരണ വിവാഹ സർട്ടിഫിക്കറ്റുകൾ, 300 ച.മീ. താഴെയുള്ള വാസഗൃഹങ്ങളുടെ പെർമിറ്റ്, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ഓൺലൈനായി നിലവിൽ നൽകിവരുന്നു. കൂടാതെ പൊതുജനങ്ങളുടെ പരാതികളും ഓൺലൈനായി സ്വീകരിക്കുന്നുണ്ട്. കുടിവെള്ളം ലഭ്യമാക്കൽ, കക്കൂസ് മാലിന്യം നീക്കം ചെയ്യൽ തുടങ്ങിയ സേവനങ്ങൾ ഓൺലൈനായി നൽകിവരുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ സൗകര്യവും ഇതിനായി സ്ഥാപിച്ചിട്ടുണ്ട്. വാതിൽപ്പടി സേവനങ്ങൾ നൽകുന്നതിനായി സംസ്ഥാന അക്ഷയയും ഐ.റ്റി. മിഷനും ഐ.കെ.എം.-മായി

സഹകരിച്ച് വീട്ടുപടിക്കൽ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2022 ജനുവരിയോടുകൂടി ഇത് പ്രാവർത്തികമാക്കുവാൻ സാധിക്കുന്നതാണ്.

## കെട്ടിട നിർമ്മാണ പെർമിറ്റ്

343 (343) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിടത്തിന്റെ അടിത്തറ നിർമ്മിക്കാനുള്ള ജോലികൾക്ക് മണ്ണ് മാറ്റുന്നതിനും പുരത്തറയിൽ മണ്ണ് നിക്ഷേപിക്കുന്നതിനും കെട്ടിട നിർമ്മാണ പെർമിറ്റ് മതിയാകുമെന്ന് വ്യവസ്ഥ ചെയ്തു ഉത്തരവിറക്കിയിട്ടുണ്ടോ; കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇത് സംബന്ധിച്ച വ്യവസ്ഥ ഏതാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. ഡെവലപ്മെന്റ് പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ 2019-ലെ കെട്ടിട നിർമ്മാണ ചട്ടം 109 പ്രകാരം സ്പഷ്ടീകരണം നൽകി, 18-9-2021-ലെ സ.ഉ. (സാധാ)നം.1795/2021/തസ്വഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

344 (344) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവയ്ക്കുള്ള വിഹിതം എത്ര വീതമെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷം പ്രാദേശിക സർക്കാരുകൾക്ക് ബഡ്ജറ്റിൽ 12398.24 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രാദേശിക തലം തിരിച്ചുള്ള കണക്കുകൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) 2021-22 സാമ്പത്തിക വർഷം നാളിതുവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ട് എന്നും വകയിരുത്തിയതിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര ശതമാനമാണ് നൽകിയിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് കണക്കുകൾ ലഭ്യമാക്കുമോ?

2021-22 സാമ്പത്തിക വർഷം നാളിത് വരെ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച കണക്ക് അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) പദ്ധതി വിഹിതം യഥാസമയം അനുവദിക്കാത്തത് കാരണം കോവിഡ് സാഹചര്യത്തിൽ ആരോഗ്യമേഖലയിൽ ഉൾപ്പെടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട് എന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിയന്തരമായി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതമടക്കമുള്ള എല്ലാ ഫണ്ടുകളും യഥാസമയം അനുവദിച്ചിട്ടുണ്ട്.

**കെട്ടിട നിർമ്മാണത്തിന് മണ്ണെടുത്ത് മാറ്റുന്നതിനുള്ള അനുമതി**

345 (345) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റുന്നതിനായി അനുമതി ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു കെട്ടിടം നിർമ്മിക്കാൻ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചാൽ ആ കെട്ടിടത്തിന്റെ ഫൗണ്ടേഷൻ നിർമ്മാണ ജോലികൾക്ക് മണ്ണുമാറ്റി ഭൂമി നിരപ്പാക്കി നിർമ്മാണത്തിന് അനുയോജ്യമാക്കേണ്ടതുണ്ടെങ്കിൽ ആയതിന് അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് മതിയാകുന്നതാണ്.

(ബി) പ്രസ്തുത അനുമതിക്കായി ജിയോളജി വകുപ്പിലേയ്ക്ക് അപേക്ഷ നൽകേണ്ടതുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

Mineral Transit Pass അനുവദിക്കുന്നതിനാവശ്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് ബിൽഡിംഗ് പെർമിറ്റ് നൽകുന്ന സംഗതിയിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ച് 3 ദിവസത്തിനകം ബിൽഡിംഗ് പെർമിറ്റിന്റെയും ബിൽഡിംഗ് പ്ലാനിന്റെയും ഒരു പകർപ്പ് ജില്ലാ ജിയോളജിസ്റ്റിന് ഇ-മെയിൽ മുഖേന അയച്ചുനൽകേണ്ടതും ആയതിന്റെ വിവരം പ്രിന്റെടുത്ത് ഫയലിൽ ചേർക്കേണ്ടതുമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മണ്ണെടുത്ത് മാറ്റുന്നതിനുള്ള അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

2019-ലെ കെട്ടിട നിർമ്മാണ ചട്ടം 109 പ്രകാരം ഡെവലപ്മെന്റ് പെർമിറ്റ് അനുവദിക്കുന്ന വിഷയത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മണ്ണ് മാറ്റുന്നത് സംബന്ധിച്ച് 18-9-2021-ലെ സ.ഉ(സാധ)നം. 1795/2021/തസ്വഭവ. പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. ആയത് അനുബന്ധമായി ചേർക്കുന്നു*.

**കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ളുക്കപാലം നിർമ്മാണം**

346 (346) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ളുക്കപാലത്തിന്റെ പ്രൊപ്പോസൽ തയ്യാറായിട്ടുണ്ടോ; അറിയിക്കാമോ;

(ബി) കേരളാ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലിമിറ്റഡ് തയ്യാറാക്കി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുള്ള പ്രൊപ്പോസൽ, ഡി. പി. ആർ. എന്നിവയുടെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഫയൽ നമ്പറും കമ്പ്യൂട്ടർ നമ്പരും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് കേരള ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ലിമിറ്റഡ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ആനുപാതികമായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ഡി. പി. ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) ഈ പദ്ധതിയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ-ഡി) കിടങ്ങൂർ പഞ്ചായത്തിലെ കാവാലിപ്പുഴ ളുക്കപാലം പ്രവൃത്തി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

**തൃശ്ശൂർ ശക്തൻ മാർക്കറ്റ് വികസനം**

347 (347) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ശക്തൻ മാർക്കറ്റ് സമഗ്ര വികസനവുമായി ബന്ധപ്പെട്ട് ആധുനിക രീതിയിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൃശ്ശൂർ ശക്തൻ മാർക്കറ്റ് സമഗ്ര വികസനവുമായി ബന്ധപ്പെട്ട് നിലവിലുള്ള ആധുനിക സൗകര്യങ്ങൾക്ക് പുറമേ പുതിയ പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

### ചങ്ങനാശ്ശേരി മണ്ഡലത്തിലെ സി.എം.എൽ.ആർ.പി. പദ്ധതി

348 (348) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ അനുമതിലഭിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിശദാംശങ്ങളടങ്ങിയ പട്ടികയും ഭരണാനുമതി ഉത്തരവുകളുടെ പകർപ്പും അനുബന്ധമായി ചേർക്കുന്നു*.

### ഇടുക്കി ജില്ലയിൽ പൊതുശ്മശാനം

349 (349) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ സ്വന്തമായി പൊതുശ്മശാനം ഇല്ലാത്ത എത്ര പഞ്ചായത്തുകൾ ഉണ്ട്; ഈ പഞ്ചായത്തുകളുടെ പേരുകൾ ബ്ലോക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

ഇടുക്കി ജില്ലയിൽ സ്വന്തമായി പൊതുശ്മശാനം ഇല്ലാത്ത 29 പഞ്ചായത്തുകൾ ഉണ്ട്.

1. തൊടുപുഴ ബ്ലോക്ക്- ഇടവെട്ടി, കുമാരമംഗലം, മണക്കാട്, മുട്ടം.
2. ഇളംദേശം ബ്ലോക്ക്- ആലക്കോട,കരിമണ്ണൂർ,കുടയത്തൂർ, കോടിക്കുളം, ഉടുമ്പന്നൂർ.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3. ഇടുക്കി ബ്ലോക്ക്- അറക്കുളം, മരിയാപുരം, വാത്തിക്കുടി, ഇടുക്കി, കഞ്ഞിക്കുഴി, കാമാക്ഷി.

4. കട്ടപ്പന ബ്ലോക്ക്- ഇരട്ടയാർ, ഉപ്പുതറ, കാഞ്ചിയാർ.

5. നെടുംകണ്ടം ബ്ലോക്ക്- കരുണാപുരം, ഉടുമ്പൻചോല.

6. ദേവികുളം ബ്ലോക്ക്- ശാന്തൻപാറ, മറയൂർ, കാന്തല്ലൂർ,ദേവികുളം, മാങ്കുളം, പള്ളിവാസൽ.

7. അടിമാലി ബ്ലോക്ക്- ബൈസൺവാലി.

8. അഴുത ബ്ലോക്ക്- പെരുവന്താനം, കൊക്കയാർ.

(ബി) സ്വന്തമായി സ്ഥലം ഇല്ലാത്തവരും അഗതി മന്ദിരങ്ങളിലെ അന്തേവാസികളും കോവിഡ്മൂലം മരണപ്പെട്ടാൽ മൃതശരീരം സംസ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഏറെ ബുദ്ധിമുട്ടുകൾ ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഈ ബുദ്ധിമുട്ടുകൾ ശാശ്വതമായി പരിഹരിക്കുന്നതിന് എല്ലാ പഞ്ചായത്തുകളിലും പൊതുശ്മശാനം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശവും സഹായവും നൽകുന്നതാണ്.

**എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികളുടെ കാലതാമസം**

350 (350) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. (എസ്.ഡി.എഫ്.) പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിന് നിലവിലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ എം.എൽ.എ. (എസ്.ഡി.എഫ്.) പ്രവൃത്തികളുടെ നിർവ്വഹണത്തിൽ പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

പാലിക്കുന്നുണ്ട്.

(സി) എം.എൽ.എ. (എസ്.ഡി.എഫ്.) മരാമത്ത് പ്രവൃത്തികളുടെ ഫയൽ കൈമാറ്റം വേഗത്തിലാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഭരണാനുമതിക്കായി സമർപ്പിച്ച എസ്റ്റിമേറ്റുകൾ, റേറ്റ് പുതുക്കൽ നിലവിൽ വരുമ്പോൾ വീണ്ടും ഭരണാനുമതിക്കായി വിവിധ തലങ്ങളിലൂടെ കൈമാറ്റം ചെയ്യുന്നത് വഴിയുള്ള കാലതാമസം ഒഴിവാക്കുന്നതിനു സ്വീകരിക്കുന്ന നടപടിക്രമങ്ങൾ അറിയിക്കാമോ?

ആദ്യഘട്ടത്തിൽത്തന്നെ കുറ്റമറ്റ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഒഴിവാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ മാത്രം എസ്റ്റിമേറ്റിൽ ഭേദഗതി നടത്തിയാൽ മതിയാകുന്നതാണ്.

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി**

351 (351) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിക്ക് കീഴിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് വീടുകൾ അനുവദിച്ചതെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കാമോ?

ലൈഫ് ഭവന പദ്ധതി മുഖേന നിലമ്പൂർ നിയോജക മണ്ഡലത്തിൽ 405 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിവരം ചുവടെചേർക്കുന്നു.

| തദ്ദേശസ്വയംഭരണ സ്ഥാപനം | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|
| Nilambur | 43 |
| Amarambalam | 74 |
| Chungathara | 48 |
| Edakkara | 25 |
| Karulai | 40 |
| Moothadem | 39 |
| Pothukkal | 95 |
| vazhikkadavu | 41 |
| Total | 405 |

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഉൾവനങ്ങളിലെ ആദിവാസി കോളനികളിൽ എൺപത് ശതമാനം പേർക്കും വാസയോഗ്യമായ വീട് ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആദിവാസി വിഭാഗത്തിന് ലൈഫ് ഭവന പദ്ധതിയിൽ പ്രത്യേക പരിഗണനയും കൂടുതൽ വീടുകളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

എല്ലാ വിഭാഗത്തിൽപ്പെട്ട സംസ്ഥാനത്തെ മുഴുവൻ അർഹരായ കുടുംബങ്ങൾക്കും ലൈഫ് ഭവനപദ്ധതിയിലൂടെ വാസയോഗ്യവും അടച്ചുറപ്പുള്ളതുമായ ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് ലൈഫ് മിഷൻ മുഖേന നടപ്പിലാക്കിവരുന്നത്.

(ഡി) ഇതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ എന്നറിയിക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-7-2017-ലെ സ.ഉ. (എം.എസ്) നം.151/2017/ത.സ്വ.ഭ.വ. ഉത്തരവുപ്രകാരം ലൈഫ് മിഷൻ മാർഗ്ഗ രേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും 6-9-2019-ലെ സ.ഉ (സാധാ) നം. 1946/2019/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ ഭേദഗതിയുടെയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിവരുന്നത്.

## പ്രൈസ് സോഫ്റ്റ്‌വെയർ

352 (352) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എസ്.ആർ. 2018 നിരക്ക് വർദ്ധന നിലവിൽവന്ന സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം ഉപയോഗിക്കുന്ന പ്രൈസ് സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത നിരക്ക് എപ്പോൾ പ്രാബല്യത്തിൽ വരും എന്നറിയിക്കാമോ?

ഡി.എസ്.ആർ. 2018 നിരക്ക് വർദ്ധനയ്ക്കനുസരിച്ച് പ്രൈസ് സോഫ്റ്റ്‌വെയർ മാറ്റം വരുത്തുന്നതിന് എൻ.ഐ.സി.-ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. 2021 നവംബർ 1 മുതൽ പ്രസ്തുത നിരക്ക് പ്രാബല്യത്തിൽ വരുത്തുവാനാണ് നടപടി സ്വീകരിച്ചിരിക്കുന്നത്.

(ബി) ടെണ്ടർ ഇല്ലാതെ നേരിട്ട് അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളിൽ ഡി.എസ്.ആർ.-2016 നിരക്കിനേക്കാൾ പത്ത് ശതമാനം വരെ കുറച്ചുള്ള നിരക്കാണ് നിലവിലുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ടെണ്ടർ ഇല്ലാതെ നേരിട്ട് അക്രെഡിറ്റഡ് ഏജൻസികളെ ഏൽപ്പിക്കുന്ന പ്രവൃത്തികളിൽ ഡി.എസ്.ആർ. 2016 നിരക്ക് തന്നെയാണ് നൽകിവരുന്നത്.

(സി) മികച്ച അക്രെഡിറ്റഡ് ഏജൻസികൾക്ക് ഈ നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഇന്ദിര ആവാസ് യോജന**

353 (353) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-5-2013-ലെ 11013/2013/R4 കേന്ദ്ര സർക്കാർ കത്ത് പ്രകാരം ഇന്ദിര ആവാസ് യോജന വീടുകളുടെ കാര്യത്തിൽ ന്യൂനപക്ഷങ്ങളുടെ വിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ 7-5-2013-ലെ 11013/2013/RH4 നമ്പർ കത്ത് പ്രകാരം 2013-14 വർഷം ഇന്ദിരാ ആവാസ് യോജന വീടുകളുടെ കാര്യത്തിൽ ന്യൂനപക്ഷങ്ങളുടെ വിഹിതം ചുവടെ ചേർക്കുന്നു.

വിഭാഗം - ഭൗതിക ലക്ഷ്യം

ന്യൂനപക്ഷം - 21588.

(ബി) ഈ മാനദണ്ഡം മാറ്റണമെന്ന് ആവശ്യപ്പെട്ട് കേരള സർക്കാർ കേന്ദ്രത്തിന് കത്തെഴുതിയിരുന്നുവോ?

ഐ.എ.വൈ. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ആകെ ഭൗതിക ലക്ഷ്യത്തിന്റെ 40% പട്ടികജാതിക്കാർക്കും 20% പട്ടികവർഗ്ഗക്കാർക്കും 15% ന്യൂനപക്ഷ വിഭാഗക്കാർക്കും (1992-ലെ ദേശീയ ന്യൂനപക്ഷ കമ്മീഷന്റെ സെക്ഷൻ 2(സി) പ്രകാരം) നൽകേണ്ടതുള്ളതിനാൽ ഭൗതികലക്ഷ്യം ഇപ്രകാരം നിശ്ചയിച്ച് നൽകണമെന്ന് കേരള സർക്കാർ 18-7-2013-ലെ 43637/ഡിഡി1/2013/ എൽ.എസ്.ജി.ഡി നമ്പർ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(സി) പദ്ധതി നടത്തിപ്പ് നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിരുന്നുവോ; എങ്കിൽ കാരണം വിശദമാക്കാമോ?

പദ്ധതി നടത്തിപ്പ് നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിരുന്നില്ല.

**മങ്കട സി.എച്ച്.സി. മാസ്റ്റർ പ്ലാൻ എസ്റ്റിമേറ്റ്**

354 (354) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള മങ്കട സി.എച്ച്.സി. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പാക്കൽ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അടിയന്തരമായി സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മങ്കട സി.എച്ച്.സി. തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പാക്കൽ എന്ന പ്രവൃത്തിയുടെ 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

നിർദ്ദേശം നൽകിയിട്ടുണ്ട്.

**ലൈഫ് ഭവന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനം**

355 (355) ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി ശാന്തകുമാരി.കെ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഗുണഭോക്തൃ മാനദണ്ഡങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; അപേക്ഷകളുടെ സൂക്ഷ്മ പരിശോധന, അന്തിമപട്ടിക എന്നിവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ലൈഫ് ഭവന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി 2020-21 കാലയളവിൽ ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ 27-7-2020-ലെ സ.ഉ.(എം.എസ്) 112/2020/ത.സ്വ.ഭ.വ. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള

മാനദണ്ഡങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തി ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ലൈഫ് ഭവന പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തിയാവുന്നതിലൂടെ സംസ്ഥാനത്തെ എല്ലാ ഭൂരഹിതർക്കും ഭവനരഹിതർക്കും മാന്യമായ പാർപ്പിടം എന്ന ലക്ഷ്യം എത്രത്തോളം പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ലഭ്യമായ അപേക്ഷകളിന്മേൽ മാനദണ്ഡങ്ങളുടേയും ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന നടത്തി അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അഞ്ച് വർഷത്തിനുള്ളിൽ മുൻഗണനാ ക്രമത്തിൽ ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

**എം.എൽ.എ. ഫണ്ട് അനുവദിച്ച പ്രവൃത്തികൾ**

356 (356) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് അനുവദിച്ച പ്രവൃത്തികൾ ആരംഭിച്ചശേഷം നിർമ്മാണവേളയിൽ ഉണ്ടാകുന്ന എസ്റ്റിമേറ്റ് ഭേദഗതികൾക്ക് എം.എൽ.എ.-മാരുടെ അനുമതി കത്ത് ആവശ്യമാണോയെന്ന് വിശദമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകൾ/സർക്കുലറുകൾ നിലവിലുണ്ടെങ്കിൽ വ്യക്തമാക്കാമോ?

നിർമ്മാണവേളയിൽ അംഗീകാരം ലഭിച്ച എസ്റ്റിമേറ്റിൽനിന്നും പ്രവൃത്തിക്ക് ഘടനാപരമായ വ്യത്യാസങ്ങൾ വരുത്തേണ്ടിവരുന്ന സാഹചര്യത്തിൽ, എം.എൽ.എ.-യുടെ ശിപാർശ കത്ത് ആവശ്യപ്പെടാറുണ്ട്. 4-8-2018-ലെ സർക്കാർ ഉത്തരവ് 119/2018/ധന. പ്രകാരം സ്ഥലത്തിലെ മാറ്റങ്ങൾ, പ്രവൃത്തി ടി സ്ഥലത്ത് അനിവാര്യമല്ലാതെ വരിക എന്നീ സാഹചര്യത്തിൽ എം.എൽ.എ.-യ്ക്ക് റിപ്പോർട്ട് ചെയ്യണം എന്ന് വിശദമാക്കുന്നുണ്ട്.

(ബി) തികച്ചും സാങ്കേതികപരമായ കാര്യങ്ങൾക്ക് എഞ്ചിനീയർമാരുടെ അനുമതി മാത്രം മതിയെന്നിരിക്കെ പ്രവൃത്തികളിലെ ചെറുതും വലുതുമായ ഭേദഗതികൾക്ക് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം എം.എൽ.എ.-മാരുടെ കത്ത് ആവശ്യപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നതും പൂർത്തീകരിച്ച പ്രവൃത്തികളിൽ കരാറുകാർക്ക് ബിൽ മാറി നൽകുന്നത് താമസിപ്പിക്കുന്നതും വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) പ്രവൃത്തികളുടെ സ്വഭാവത്തിൽതന്നെ വലിയ വ്യത്യാസങ്ങൾ വരുത്തുകയാണെങ്കിൽ മാത്രം കത്ത് മുഖേന എം.എൽ.എ.-യെ അറിയിക്കാനുള്ള നടപടി സ്വീകരിക്കുമോ; നടപടിക്രമം സംബന്ധിച്ച് വകുപ്പ് വ്യക്തത വരുത്തുമോ; വിശദമാക്കാമോ?

നിലവിൽ പ്രവൃത്തികളുടെ സ്വഭാവത്തിൽ വ്യത്യാസം വരുത്തുകയാണെങ്കിൽ മാത്രമാണ് കത്ത് മുഖേന എം.എൽ.എ.-യെ അറിയിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നത്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ

357 (357) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ച സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരെ നിയമിച്ചിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. നഗരകാര്യ വകുപ്പിൽ ഗ്രേഡ് ഉയർത്തിയ നഗരസഭകളിൽ ഗ്രേഡിനനുസൃതമായി ജീവനക്കാരെ നിയമിക്കേണ്ടതുണ്ടെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിക്കുന്നതാണ്. ഗ്രാമവികസന വകുപ്പിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാതിരുന്നതിനാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരില്ല. ജില്ലകളിൽ പി.എസ്.സി. അഡ്വൈസ് ലഭ്യമാകുന്നമുറയ്ക്ക് നിയമനം നടന്നുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടനുബന്ധിച്ചുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരില്ല. പ്രസ്തുത വിഭാഗത്തിൽ പി.എസ്.സി. മുഖേന നികത്തേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് വകുപ്പിനു കീഴിലുള്ള തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇവരുടെ എണ്ണത്തിലുള്ള കുറവുമൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനങ്ങൾ നടത്തിയും നിലവിലുള്ള ജീവനക്കാർക്ക് അധിക ചുമതല നൽകിയും കാലതാമസം പരിഹരിക്കുന്നുണ്ട്.

## ത്രിതല പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ കൂടുതൽ നടപടി

358 (358) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ ആസൂത്രണത്തിലൂടെ രാജ്യത്തിനാകെ മാതൃകയായ കേരള മോഡൽ ത്രിതല പഞ്ചായത്ത് സംവിധാനം കൂടുതൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നതിന് ഇനിയും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമ പഞ്ചായത്തുകൾക്ക് കൂടുതൽ ഭൗതിക സാഹചര്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പതിനാലാം പഞ്ചവത്സരപദ്ധതി രൂപീകരിക്കുന്നതിന്റെ ഭാഗമായി ജനകീയാസൂത്രണത്തിന്റെ കഴിഞ്ഞ 25 വർഷത്തെ അനുഭവങ്ങൾ സമഗ്രമായി വിലയിരുത്തുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കഴിഞ്ഞ കാലങ്ങളിലുണ്ടായ നേട്ട - കോട്ടങ്ങളെ സംബന്ധിച്ച് അവസ്ഥാ വിശകലനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഓരോ വികസന മേഖലയും നേരിടുന്ന വെല്ലുവിളികൾ, വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ എന്നിവയെല്ലാം ഉൾപ്പെടുത്തി അവസ്ഥാരേഖ (Status Report) തയ്യാറാക്കുകയും ചെയ്യുന്നതാണ്. പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. താരതമ്യേന ലളിതവും കാലതാമസം ഒഴിവാക്കുന്നതും വിദഗ്ധരുടേയും സന്നദ്ധ പ്രവർത്തകരുടേയും പങ്കാളിത്തം ഉറപ്പുവരുത്തുന്നതുമായ ആസൂത്രണപ്രക്രിയയാണ് ഉദ്ദേശിക്കുന്നത്. പ്രോജക്ടുകളുടെ ഗുണമേന്മയും സാങ്കേതിക നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കും. നിലവിൽ സംസ്ഥാനത്തെ 2 ഗ്രാമപഞ്ചായത്തുകളിലൊഴികെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്

359 (359) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകൾക്കായി യഥാക്രമം 1972, 1994 വർഷങ്ങളിൽ പുറപ്പെടുവിച്ച സ്പെഷ്യൽ റൂളുകൾ ഇനിയും പരിഷ്കരിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പുകളിലെ ജെ.എച്ച്.ഐ. തസ്തികയുടെ യോഗ്യതയായിപ്പറയുന്ന കോഴ്സുകൾ ഒന്നും നിലവിൽ സംസ്ഥാന സർക്കാർ നടത്തുന്നില്ലെന്നതും ആരോഗ്യ വകുപ്പ് പതിനാറ് വർഷമായി നടത്തുന്ന 'ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ' കോഴ്സ് ഇതിനായുള്ള യോഗ്യതയായി ഉൾപ്പെട്ടിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ&ബി) ഉണ്ട്. തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) മികച്ച യോഗ്യതയുള്ളവർ ഇത്തരം പ്രധാന തസ്തികകളിൽ നിന്നും ഒഴിവാക്കപ്പെടുന്നത് തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഏകീകൃത സ്പെഷ്യൽ റൂൾ അടിയന്തരമായി വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കരട് സ്പെഷ്യൽ റൂൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) മുനിസിപ്പൽ കോമൺ സർവ്വീസ്, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ ജെ.എച്ച്.ഐ. തസ്തികയുടെ നിയമനത്തിനുള്ള യോഗ്യതയായി ആരോഗ്യ വകുപ്പിന്റെ 'ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ' കോഴ്സും പരിഗണിക്കുന്നതിനായുള്ള തീരുമാനം സർക്കാർ തലത്തിൽ ഉണ്ടായിട്ടുണ്ടോ; അറിയിക്കുമോ?

തദ്ദേശസ്വയംഭരണ പൊതു സർവ്വീസ് രൂപീകരണ പ്രകാരമുള്ള കരട് സ്പെഷ്യൽ റൂളിൽ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിനുള്ള യോഗ്യതകളിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിൽ പുതിയ അക്ഷയ കേന്ദ്രം**

360 (360) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ അക്ഷയ കേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമ പഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുനിസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനുകളിൽ 1 കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ

ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേണൻസ് സൊസൈറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രത്തിനുള്ള ലൊക്കേഷൻ അനുവദിച്ച് കഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും സംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഒരു പുതിയ അക്ഷയ കേന്ദ്രം അനുവദിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതിയുടെ നിവേദനം (എം.എൽ.എ.-യുടെ കത്ത് ഉൾപ്പെടെ നൽകിയത്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കുളക്കാട്ടുകുറിശ്ശി ലൊക്കേഷനിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംരംഭക തെരഞ്ഞെടുപ്പിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പേരാമ്പ്ര, മേലടി, പന്തലാനി ബ്ലോക്കുകൾ**

361 (361) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര, മേലടി, പന്തലായനി ബ്ലോക്കുകളിലെ പഞ്ചായത്തുകളിൽ ഗ്രേഡ് I, ഗ്രേഡ് II, ഗ്രേഡ് III ഓവർസിയറുമാരുടെയും എ.ഇ., എ.എക്സ്.ഇ. മാരുടെയും ഒഴിവുകൾ എത്രയുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

മേലടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒരു ഒഴിവ് നിലവിലുണ്ട്. നൊച്ചാട്, ചെങ്ങരോത്ത്, മൂടാടി ഗ്രാമപഞ്ചായത്തുകളിലും പന്തലായനി ബ്ലോക്ക് പഞ്ചായത്തിലും ഒന്നാം തരം ഓവർസിയറുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചെറുവണ്ണൂർ, കായണ്ണ, കീഴരിയൂർ, മേപ്പയ്യൂർ, അരിക്കുളം ഗ്രാമപഞ്ചായത്തുകളിലും മേലടി ബ്ലോക്ക് പഞ്ചായത്തിലും രണ്ടാം തരം ഓവർസിയറുടെ ഓരോ ഒഴിവുകൾ നിലവിലുണ്ട്. ചെങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ മൂന്നാം തരം ഓവർസിയറുടെ ഒരു ഒഴിവ് നിലവിലുണ്ട്.

(ബി) പ്രസ്തുത ഒഴിവുകൾ നികത്താത്തത് കാരണം പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഓവർസിയർ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ടി തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒന്നാം തരം, രണ്ടാംതരം ഓവർസിയർ തസ്തികകളിലെ ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം കോഴിക്കോട് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തികയിലെ ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നവീകരണം**

362 (362) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകൾക്ക് സ്വന്തമായുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ 5 വർഷത്തിനിടയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

നഗരസഭകൾക്ക് സ്വന്തമായുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നവീകരണത്തിനായി കഴിഞ്ഞ 5 വർഷത്തിനിടയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി) നഗരസഭകളിലെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ ഏതൊക്കെ കേന്ദ്രങ്ങളെയാണ് അർബൻ ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

വിവിധ നഗരസഭകളിലായി അർബൻ ഹെൽത്ത് സെന്ററായി ഉയർത്തിയിട്ടുള്ള മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളുടെ നഗരസഭ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി) നഗരസഭകളിലെ മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളിൽ ജോലി നിർവഹിക്കേണ്ട ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നഗരസഭകളുടെ മറ്റ് ജോലികൾക്ക് നിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല.

(ഡി) പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽത്തന്നെ ജോലി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ബാധകമല്ല

**വയനാട് ജില്ലയിലെ ഉദ്യോഗസ്ഥരുടെ എണ്ണം**

363 (363) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2011-2016 കാലഘട്ടത്തിൽ നിയമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2011-2016 കാലഘട്ടത്തിൽ 229 ഉദ്യോഗസ്ഥരെ ചുവടെ ചേർക്കും പ്രകാരം നിയമിച്ചിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 22 |
| ഓവർസിയർ ഗ്രേഡ് II | 8 |
| ഓവർസിയർ ഗ്രേഡ് III | 2 |
| ക്ലർക്ക് | 126 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 10 |
| ഓഫീസ് അറ്റൻഡന്റ് | 35 |
| ഡ്രൈവർ | 13 |
| ടൈപ്പിസ്റ്റ് | 5 |
| ആകെ | 229 |

(ബി) 2016 ജൂൺ 1 മുതൽ 2021 ആഗസ്റ്റ് 31 വരെ വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിൽ നിയമിച്ച ഉദ്യോഗസ്ഥരുടെ എണ്ണം വ്യക്തമാക്കാമോ?

2016 ജൂൺ 1 മുതൽ 2021 ആഗസ്റ്റ് 31-വരെ വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലായി 284 ഉദ്യോഗസ്ഥരെ ചുവടെ ചേർക്കും പ്രകാരം നിയമിച്ചിട്ടുണ്ട്.

| തസ്തിക | എണ്ണം |
|---|---|
| ക്ലർക്ക് | 91 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 16 |
| ഓഫീസ് അറ്റൻഡന്റ് | 47 |
| ഡ്രൈവർ | 4 |
| ടൈപ്പിസ്റ്റ് | 4 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് | 1 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ | 6 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 6 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 29 |
| ഓവർസിയർ ഗ്രേഡ് I | 17 |
| ഓവർസിയർ ഗ്രേഡ് II | 11 |
| ഓവർസിയർ ഗ്രേഡ് III | 50 |
| ആകെ | 284 |

### പാലക്കാട് ജില്ലയിലെ തദ്ദേശ റോഡുകളുടെ നവീകരണം

364 (364) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം തദ്ദേശ റോഡുകൾ ആണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ; ഓരോ റോഡിനും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

13-8-2019-ലെ സർക്കാർ ഉത്തരവ് (കൈ)നം. 25/2019/ആ.സാ.വ. പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

1. ആനമട പുളിമ്പാറ റോഡ്, നെന്മാറ LAC

2. പുളിയമ്പാറ കോട്ടയ്ക്കാട് റോഡ്, നെന്മാറ LAC.

വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ടി റോഡുകളുടെ സർവ്വേ തുടങ്ങുവാൻ സാധിച്ചിട്ടില്ല.

### CAPART, PAD(Kerala) എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം

365 (365) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) CAPART, PAD(Kerala) എന്നീ ഓഫീസുകൾ നിർത്തലാക്കിക്കൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

CAPART കേന്ദ്ര സർക്കാർ രൂപീകരിച്ച സ്ഥാപനമായിരുന്നു. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലല്ലാത്തതിനാൽ ആ സ്ഥാപനവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ല. 2-6-2009-ലെ സ.ഉ.(കൈ) നം.94/09/ ത.സ്വ.ഭ.വ. പ്രകാരം PAD(K) നിർത്തലാക്കിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) PAD (Kerala) കേരള വഴി കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ പാവുമ്പ പി.ഒ.-യിൽ ഗ്രാമവികസന പൗരസമിതി രജിസ്റ്റർ നമ്പർ ക്യൂ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

171/191 എന്ന സർക്കാർ സംഘടനയ്ക്ക് 1996-2020 വരെ എത്ര പ്രോജക്ടുകൾക്കാണ് ധനസഹായം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അത്തരത്തിൽ ധനസഹായം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പും പ്രോജക്ടുകളുടെ വിശദവിവരങ്ങളുടെ പകർപ്പും ലഭ്യമാക്കാമോ;

(സി) PAD(Kerala) വഴി എത്ര പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നടപ്പിലാക്കിയ പ്രോജക്ടുകൾ ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കിയ വർഷം, മാസം, തീയതി എന്നിവ വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ സർക്കാരിതര സംഘടനയ്ക്ക് പ്രോജക്ട് നം.0414/0015/97-98 RSP/SSZ/dtd 15-05-1998 എന്ന സ്കീമിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ടി സ്കീമിന്റെ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ; മേൽപ്പറഞ്ഞ സംഘടനയുടെ പേരിൽ തുകകൾ കൈപ്പറ്റിയ ആളുകളുടെ വിവരങ്ങൾ വിശദമാക്കാമോ?

(ബി-ഡി) 12 വർഷം മുമ്പ് നിർത്തലാക്കിയ സ്ഥാപനമായതിനാൽ PAD(K) വഴി നടപ്പിലാക്കിയ പദ്ധതികളേയും സഹായങ്ങളെയും സംബന്ധിച്ച രേഖകൾ സർക്കാരിൽ ഇപ്പോൾ ലഭ്യമല്ല.

**ഗുരുവായൂർ മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി. റോഡ് പദ്ധതികൾ**

366 (366) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി.-യിൽ ഉൾപ്പെടുത്തി ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഗുരുവായൂർ മണ്ഡലത്തിൽ എത്ര റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ പേരും നിലവിലെ സ്ഥിതിയും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) ഇനിയും നിർമ്മാണം പൂർത്തീകരിക്കാത്ത പ്രവൃത്തികളും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഓരോ പ്രവൃത്തിയിലും സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുണ്യാർക്കുളം ഗ്രാമപഞ്ചായത്തിലെ നാലപ്പാട്ട് റോഡ് വാർഡ് 11 എന്ന പ്രവൃത്തിയാണ് ഇനി പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്നത്. ടി റോഡുൾപ്പെടുന്ന പ്രദേശം കോവിഡ് കണ്ടെയ്ൻമെന്റ് ഏരിയ ആയിരുന്നതിനാലും തുടർന്ന് മഴയായിരുന്നതിനാലുമാണ് പ്രവൃത്തി ചെയ്യുവാൻ സാധിക്കാതിരുന്നത്. മഴ മാറിയാലുടൻ പ്രവൃത്തി പൂർത്തിയാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

**ടൗൺ പ്ലാൻ പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ട സ്ഥലത്ത് പ്രോജക്ടുകൾ ആരംഭിക്കാൻ നടപടി**

367 (367) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ വികസന കാഴ്ചപ്പാടോടുകൂടി നിരവധി സ്റ്റാർട്ട് അപ്പുകൾ വിവിധങ്ങളായ ഏജൻസികൾ മുഖേന തുടങ്ങുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടൗൺ പ്ലാൻ പദ്ധതിക്കുവേണ്ടി അനുവദിക്കപ്പെട്ട സ്ഥലത്ത് പ്രോജക്ടുകൾ ആരംഭിക്കാൻ സംരംഭകർ തയ്യാറാകുമ്പോൾ നിശ്ചിത ദിവസങ്ങൾക്കകം നിയമാനുസൃതമായ അനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണത്തിന് അനുമതിക്കായി ഒരു അപേക്ഷ ലഭിച്ചാൽ, Town Planning Schemes നിലവിലുള്ള സ്ഥലമാണെങ്കിലും അല്ലെങ്കിലും കെട്ടിട നിർമ്മാണ (KMBR/KPBR-2019) ചട്ടം 13 പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറി 15 ദിവസത്തിനകം അപേക്ഷയിൽ തീരുമാനമെടുക്കണം. ഇതിൽ വീഴ്ച വന്നാൽ, അപേക്ഷകന് ചട്ടം 14 പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപന കൗൺസിൽ/കമ്മിറ്റിയെ സമീപിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപന കൗൺസിൽ/കമ്മിറ്റി 30 ദിവസത്തിനകം അപേക്ഷയിൽ തീരുമാനമെടുക്കാൻ ചട്ട പ്രകാരം ബാധ്യസ്ഥമാണ്. ഈ കാലാവധിക്കുള്ളിൽ തീരുമാനമെടുക്കപ്പെടുന്നില്ലെങ്കിൽ, ചട്ടം 14(3) പ്രകാരം പെർമിറ്റ് deemed ആകുന്നതാണ്. ജില്ലാ ടൗൺ പ്ലാനർ/ചീഫ് ടൗൺ പ്ലാനർ എന്നിവരിൽ നിന്നും layout approval/usage of plot/concurrence എന്നിവ ആവശ്യമായ നിർമ്മാണമാണെങ്കിൽ, അപേക്ഷകന് നേരിട്ട് ഈ ഓഫീസുകളിൽ അപേക്ഷിക്കാവുന്നതാണ്. ഇവിടെ ജില്ലാ ടൗൺ പ്ലാനർ 30 ദിവസത്തിനകവും ചീഫ് ടൗൺ പ്ലാനർ 60 ദിവസത്തിനകവും അപേക്ഷയിൽ തീരുമാനമെടുക്കാൻ ചട്ടം 5 (6(5)) പ്രകാരം ബാധ്യസ്ഥരാണ്.

(ബി) നിയമാനുസൃതമായ അനുമതി ലഭിക്കുന്നതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഒരു ഫയലിൽ നിയമാനുസൃതമായ നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ എടുക്കുന്നില്ലെങ്കിൽ, അദ്ദേഹത്തിനെതിരെ ബന്ധപ്പെട്ട സർവ്വീസ് റൂൾ പ്രകാരം നടപടി എടുക്കാവുന്നതാണ്.

**നീലേശ്വരം നഗരസഭയുടെ വികസനം**

368(368) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരാസൂത്രണത്തിന്റെ ഭാഗമായി പട്ടണങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നുണ്ടോ?

തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) മുഖേന നടപ്പിലാക്കിവരുന്ന 'മാസ്റ്റർപ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ' എന്ന പ്ലാൻ പദ്ധതിയിൽ, സംസ്ഥാനത്തെ എല്ലാ നഗരസഭ പ്രദേശങ്ങളുടെയും മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തി വിവിധഘട്ടങ്ങളിലായി പുരോഗമിക്കുകയാണ്. കൂടാതെ, അമൃത് പട്ടണങ്ങളുടെ GIS അധിഷ്ഠിത മാസ്റ്റർപ്ലാനുകളുടെ തയ്യാറാക്കൽ എന്ന കേന്ദ്ര പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ ആറ് കോർപ്പറേഷനുകൾ കൂടാതെ ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ പട്ടണങ്ങളുടെ മാസ്റ്റർപ്ലാനുകളും തയ്യാറാക്കുന്നുണ്ട്.

(ബി) നീലേശ്വരം നഗരസഭയുടെ ബഹുമുഖമായ വികസനം മുൻനിർത്തി നഗരാസൂത്രണം നടത്തിയിട്ടുണ്ടോ?

മാസ്റ്റർപ്ലാനുകളും വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ എന്ന പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി നീലേശ്വരം പട്ടണത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കിവരികയാണ്. അടുത്ത 20 വർഷ കാലയളവിലെ ആസൂത്രിത വികസനം ലക്ഷ്യംവച്ചാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്.

(സി) ഇവിടെ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്നും വ്യക്തമാക്കാമോ?

20 വർഷത്തെ വികസന സാധ്യത കണക്കിലെടുത്ത് സുസ്ഥിര വികസനത്തെ മുൻകുട്ടിക്കണ്ട് വിവിധ വികസന മേഖലകളായ ആരോഗ്യം, വാണിജ്യം, വ്യവസായം, ഗതാഗതം, വിനോദസഞ്ചാരം, കൃഷി, ഊർജ്ജം തുടങ്ങിയവയ്ക്കായി വിവിധ നിർദ്ദേശങ്ങൾ കരട് മാസ്റ്റർപ്ലാനിൽ ആവിഷ്കരിച്ചിട്ടുണ്ട്.

## കോഴിക്കോട് വികസന അതോറിറ്റി

369(369) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വികസന അതോറിറ്റി കോഴിക്കോട് കോർപ്പറേഷനിൽ ലയിപ്പിച്ചതിന്റെ ഭാഗമായി വികസന അതോറിറ്റിയിൽ നിലവിലുള്ള തസ്തികകൾ കോർപ്പറേഷന് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിച്ചുവരുന്നു.

(ബി) കോഴിക്കോട് കോർപ്പറേഷനിൽ ആരോഗ്യ വിഭാഗത്തിൽ ജീവനക്കാരുടെ മുകൾത്തട്ടിലുള്ള തസ്തികകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോഴിക്കോട് നഗരസഭയിൽ 18-2-2021-ലെ സ.ഉ.(കൈ) നം.52/2021/തസ്വഭവ. ഉത്തരവുപ്രകാരം 20 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്.

## മാവേലിക്കര തഴക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മാണം

370 (370) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര തഴക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മാവേലിക്കര തഴക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി 247.12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനായി പ്രസ്തുത സ്ഥലത്തിന്റെ മണ്ണ് പരിശോധന നടന്നുവരുന്നു. ആയതിന്റെ ഫലം വന്നതിനുശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കുന്നതാണ്.

## കോഴിക്കോട് നഗരത്തിലെ എക്സൈസ് ടവർ നിർമ്മാണം

371(371) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ എക്സൈസ് ടവർ നിർമ്മിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) എക്സൈസ് ടവർ നിർമ്മാണത്തിന് റവന്യൂ വകുപ്പിന്റെ ഭൂമി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) കോഴിക്കോട് എക്സൈസ് ടവർ നിർമ്മിക്കുന്നതിനായി കോഴിക്കോട് താലൂക്കിൽ കച്ചേരി വില്ലേജിൽ 14.794 ആർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം എക്സൈസ് വകുപ്പിന് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി വിഷയം നിലവിൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

**പുതുക്കാട് താലൂക്കാശുപത്രിയിൽ "ഡീ അഡിക്ഷൻ സെന്റർ "**

372 (372) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്കാശുപത്രിയിൽ വിമുക്തി പദ്ധതിയുടെ ഭാഗമായി ഒരു "ഡീ -അഡിക്ഷൻ സെന്റർ" അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുക്കാട് താലൂക്കാശുപത്രിയിൽ വിമുക്തിപദ്ധതിയുടെ ഭാഗമായി ഡീ അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നിലവിൽ പരിഗണനയിലില്ല.

(ബി) പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര പഞ്ചായത്തിലെ നന്തിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ (ജി.വി.എച്ച്.എസ്.എസ്.) എക്സൈസ് വകുപ്പിന്റെ "ഉണർവ്" പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കുക എന്ന് അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിലെ പറപ്പൂക്കര പഞ്ചായത്തിലെ നന്തിക്കര ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ "ഉണർവ്" പദ്ധതി നടപ്പാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്.

**ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡീ-അഡിക്ഷൻ സെന്റർ**

373(373) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി എക്സൈസ് വകുപ്പിനുകീഴിൽ വിമുക്തി മിഷന്റെ ഭാഗമായി ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡീ-അഡിക്ഷൻ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

(എ&ബി) ചാലക്കുടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡീ-അഡിക്ഷൻ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ ലഭ്യമായിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം നിലവിലെ സെന്ററുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക വിമുക്തി പദ്ധതിയിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ നിർദ്ദേശം നിലവിൽ പരിഗണിക്കാൻ കഴിയില്ല.

**കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ മദ്യശാലകൾ**

374 (374) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിലെ കെട്ടിടങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ മദ്യശാലകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ?

തീരുമാനിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ മദ്യ ഷോപ്പുകളിലെ അസൗകര്യങ്ങളെ ഹൈക്കോടതി വിമർശിച്ചതിനെ തുടർന്നാണോ ഔട്ട്ലെറ്റുകൾ കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിൽ മാറ്റി സ്ഥാപിക്കാൻ സർക്കാർ തീരുമാനമെടുത്തതെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഡിപ്പോകളിൽ ബിവറേജസ് കോർപ്പറേഷന്റെ മദ്യശാലകൾ ആരംഭിച്ചാൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയെ ബാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ മുൻനിർത്തി ഈ കാര്യത്തിൽ എന്തെങ്കിലും പഠനം സർക്കാർ നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി-ഡി) ബാധകമല്ല.

**സംസ്ഥാനത്ത് അനുവദിച്ച പുതിയ ബാറുകൾ**

375 (375) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ബാറുകളാണ് ഉണ്ടായിരുന്നത് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ?

29 ബാറുകളാണ് ഉണ്ടായിരുന്നത്.

(ബി) സർക്കാർ അധികാരത്തിൽ വന്ന ശേഷം അഞ്ച് വർഷത്തിനകം എത്ര ബാറുകൾക്കാണ് അനുമതി നൽകിയത്; വിശദ വിവരം നൽകുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്ന ശേഷം അഞ്ച് വർഷത്തിനകം 200 ബാറുകൾക്കാണ് അനുമതി പുതുക്കി നൽകിയത്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചിരുന്ന 435 ബാർ ഹോട്ടലുകളിൽ സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭ്യമായവയ്ക്ക് FL3 ലൈസൻസ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമാനുസരണം പുതുക്കി നല്കിയിട്ടുള്ളതാണ്.

(സി) നിലവിൽ സംസ്ഥാനത്ത് എത്ര ബാറുകൾ പ്രവർത്തിക്കുന്നുണ്ട് എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

നിലവിൽ സംസ്ഥാനത്താകെ 664 ബാറുകൾ (FL3 ബാർ ഹോട്ടലുകൾ) പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

### മദ്യ ഉപയോഗം

376 (376) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെയും എൽ.ഡി.എഫ്. സർക്കാരിന്റെയും കാലത്തെ മദ്യ ഉപയോഗം സംബന്ധിച്ച് കണക്കുകൾ പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ഏത് കാലഘട്ടത്തിലാണ് മദ്യ ഉപയോഗം കൂടുതൽ ഉള്ളത് എന്ന് വ്യക്തമാക്കാമോ?

യു.ഡി.എഫ്. സർക്കാരിന്റെ 2011-2016 കാലഘട്ടത്തിലാണ് വിദേശ മദ്യവില്പന കൂടുതലായി ഉണ്ടായിരുന്നത്. 2016-2021 കാലത്തേതിനേക്കാൾ 112.79 കെയ്സ് (അഥവാ 10,15,11,000 ലിറ്റർ) മദ്യം കൂടുതലായി യു.ഡി.എഫ്. കാലത്ത് വില്പന നടന്നിട്ടുണ്ട്.

(സി) ബാറുകൾ പൂട്ടിയതുകൊണ്ട് മദ്യ ഉപയോഗം കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബാറുകൾ പൂട്ടിയതുകൊണ്ട് മദ്യ വില്പന കുറഞ്ഞിട്ടുള്ളതായി കാണുന്നില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാക്കനാട്ടെ അപ്പാർട്ട്മെന്റിൽ ലഹരിപദാർത്ഥങ്ങൾ

377 (377) ശ്രീ. പി. കെ. ബഷീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കാക്കനാട്ടെ അപ്പാർട്ട്മെന്റിൽനിന്നും ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന രാസ ലഹരിപദാർത്ഥങ്ങൾ പിടിച്ചെടുത്ത സംഭവത്തിൽ ചില പ്രതികളെ ഒഴിവാക്കിയിരുന്നോ; എങ്കിൽ കാരണം വ്യക്തമാക്കുമോ?

എറണാകുളം റേഞ്ചിലെ NDPS CR.36/2021, 38/2021 എന്നീ കേസുകളുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ ആദ്യഘട്ടത്തിൽ റിക്കോർഡുകൾ തയ്യാറാക്കിയ എക്സൈസ് ഇൻസ്പെക്ടർ 7 പ്രതികളിൽ രണ്ടുപേരെ മതിയായ അന്വേഷണം നടത്താതെ വിട്ടയച്ചിട്ടുള്ളതായി കണ്ടെത്തിയിരുന്നു. ഇതേത്തുടർന്ന് പ്രസ്തുത കേസിന്റെ അന്വേഷണച്ചുമതല എക്സൈസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും വിട്ടയയ്ക്കപ്പെട്ട ഒരാളെയും മറ്റ് മൂന്നുപേരെയുംകൂടി കേസിൽ പ്രതികളായി അറസ്റ്റുചെയ്ത് നിയമാനുസരണമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത ഫ്ലാറ്റിൽനിന്നും രണ്ടുതവണയായി ലഹരിപദാർത്ഥങ്ങൾ പിടിച്ചെടുത്ത സംഭവം ഒറ്റ കേസ് ആക്കണമെന്ന നിർദ്ദേശം അവഗണിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

(സി) എങ്കിൽ കുറ്റക്കാരായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

കേസ് നടപടികളിൽ വീഴ്ച വരുത്തിയ എക്സൈസ് ഇൻസ്പെക്ടറെ അച്ചടക്ക നടപടിക്കുവിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുകയും എക്സൈസ് പ്രിവന്റീവ് ഓഫീസറെയും രണ്ട് സിവിൽ എക്സൈസ് ഓഫീസർമാരെയും ജില്ലവിട്ട് സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്. മേൽനോട്ടത്തിൽ വീഴ്ച വരുത്തിയ സ്ക്വാഡ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെയും ജില്ലയ്ക്കുപുറത്തേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ട്. വിശദമായ വകുപ്പുതല അന്വേഷണത്തിന് ജോയിന്റ് എക്സൈസ് കമ്മീഷണർ (ഐ.ബി)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കഞ്ചാവ്-മയക്കമരുന്ന് കച്ചവടം**

378 (378) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഞ്ചാവ്-മയക്കമരുന്ന് കച്ചവടം വർദ്ധിച്ചു വരികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കണ്ടെടുത്ത കഞ്ചാവ്-മയക്കമരുന്ന് കേസുകളിലെ തൊണ്ടിമുതലുകളുടെ അളവിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. തൊണ്ടിമുതലുകളിലുള്ള വർദ്ധനവ് പരിഗണിക്കുമ്പോൾ സംസ്ഥാനത്ത് വിറ്റഴിക്കുന്ന കഞ്ചാവിന്റെയും മയക്കമരുന്നുകളുടെയും അളവ് വർദ്ധിക്കുന്നതായി കാണുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ പോകുന്ന പശ്ചാത്തലത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപ പ്രദേശങ്ങളിൽ നടക്കുന്ന കഞ്ചാവ്-മയക്കമരുന്ന് വില്പനകളുടെ പരിശോധന കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപ പ്രദേശങ്ങളിൽ കഞ്ചാവിന്റെയും മറ്റ് മയക്കമരുന്നുകളുടെയും വില്പനയും വിതരണവും തടയുന്നതിനായി സ്കൂൾ പരിസരത്ത് നിരന്തരം നിരീക്ഷണങ്ങളും പട്രോളിംഗും നടത്തുന്നുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർ, സ്കൂൾ അധികൃതർ, ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ തുടങ്ങിയവരുമായും ലഹരി വിരുദ്ധ ക്ലബ്ബ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് തുടങ്ങിയ സംവിധാനങ്ങളുമായും ടി വിഷയത്തിൽ ബന്ധപ്പെട്ട് വിവരങ്ങൾ ആരായുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. കൂടാതെ എക്സൈസ് രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നുണ്ട്. സ്കൂളുകളിലെയും കോളേജുകളിലെയും ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം സ്കൂൾ തുറക്കുന്നതോടുകൂടി കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങളും വിദ്യാലയങ്ങളിലേയ്ക്ക് കൂടുതൽ വ്യാപിപ്പിക്കും.

**കുട്ടനാട് എക്സൈസ് ഓഫീസ് നവീകരണം**

379 (379) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താലും അസൗകര്യങ്ങളാലും വീർപ്പുമുട്ടുന്ന കുട്ടനാട് റേഞ്ച് എക്സൈസ് ഓഫീസ് നവീകരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ ഓഫീസിന്റെ പുനരുദ്ധാരണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണം പരിഗണനയിലില്ല.

(സി) പുതുതായി നിർമ്മിക്കുന്ന ഓഫീസിൽ എന്തെല്ലാം സൗകര്യങ്ങൾ ആണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് എക്സൈസ് റേഞ്ച് ഓഫീസിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ പ്രളയത്തെ അതിജീവിക്കുന്നതും ആധുനിക സൗകര്യങ്ങളുള്ളതുമായ കെട്ടിടം നിർമ്മിക്കുന്നതിനാണുദ്ദേശിക്കുന്നത്.

## ലഹരി ഉപയോഗം തടയുന്നതിന് നടപടി

380 (380) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തിൽ സംസ്ഥാനത്തേയ്ക്ക് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

എല്ലാ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് എൻഫോഴ്സ്മെന്റ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ബോർഡർ പട്രോളിംഗും വാഹന പരിശോധനകളും നടത്തിവരുന്നു. ജില്ലാതല എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്ക്വാഡും സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് സ്ക്വാഡും ലഹരി വസ്തുക്കളുടെ കടത്ത്/വിതരണം എന്നിവ തടയുന്നതിനായി പ്രവർത്തിച്ചുവരുന്നു. എല്ലാ എക്സൈസ് ചെക്ക് പോസ്റ്റുകളിലും സി.സി.റ്റി.വി. ക്യാമറ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിച്ച് വാഹന പരിശോധന നടത്തിയും ട്രെയിൻ മാർഗ്ഗമുള്ള കടത്ത് തടയുന്നതിനായി ആർ.പി.എഫ്-മായി ചേർന്നും തീരദേശമേഖലയിൽ തീരദേശ പോലീസ് സേനയുമായി സഹകരിച്ചും സംയുക്ത പരിശോധനകൾ നടത്തി ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് വിദ്യാർത്ഥികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; ഈ നടപടികൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

വിദ്യാർത്ഥികൾക്ക് ലഹരിയിൽനിന്നും സ്വയം സംരക്ഷണം തീർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിമുക്തി മിഷൻ മുഖേന നടത്തിവരുന്നു. വിദ്യാലയങ്ങളിൽ രൂപീകരിച്ച ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ., സ്കൂൾ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. വിദ്യാർത്ഥികളുടെ ശ്രദ്ധ ലഹരി മരുന്നുകളുടെ ഉപയോഗം പോലെയുള്ള അനഭിലഷണീയ പ്രവണതകളിലേയ്ക്ക് പോകാതെ അവരുടെ കായികപരമായും കലാപരമായുമുള്ള കഴിവുകളെ പരിപോഷിപ്പിക്കുന്നത് ലക്ഷ്യമിട്ട്

സ്കൂളുകളിൽ "ഉണർവ്" എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ "നേർക്കൂട്ടം" എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ ' ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾക്ക് ശരിയായ അവബോധം നൽകുന്നതിനായി വിവിധ പരിപാടികൾ തയ്യാറാക്കി വിക്ടേഴ്സ് ചാനൽ വഴിയും നവ മാധ്യമങ്ങൾവഴിയും പ്രചരിപ്പിച്ച് വരുന്നു. ലഹരിക്കെതിരെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളിൽ വിവിധ രംഗങ്ങളിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി എല്ലാ മാസവും വെബിനാറുകൾ ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(സി) കോവിഡ് ലോക്ക്ഡൗൺ കാലത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടിവരുന്ന സാഹചര്യത്തിൽ ഇത്തരം ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ് ലോക്ക്ഡൗൺ കാലത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗം കൂടി വരുന്നതായി തെളിഞ്ഞിട്ടില്ല. എന്നിരുന്നാലും ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയുന്നതിനായി ഇവ സംബന്ധിച്ചുള്ള രഹസ്യ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സ്റ്റേറ്റ് എക്സൈസ് ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. കഞ്ചാവ് ഉൾപ്പെടെയുള്ള മറ്റ് ലഹരി വസ്തുക്കളുടെ വ്യാപനവും ഉപയോഗവും തടയുന്നതിന് സ്കൂൾ/കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിച്ച് ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രാദേശികമായി ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി പഞ്ചായത്ത്/വാർഡ് തലങ്ങളിൽ ലഹരി വിരുദ്ധ നിയന്ത്രണ സമിതികൾ രൂപീകരിച്ച് ബോധവത്കരണ പരിപാടികളും പ്രാദേശികമായി വിവരങ്ങൾ ശേഖരിച്ച് ലഹരി മാഫിയയ്ക്കെതിരെ ശക്തമായ നിയമ നടപടികളും സ്വീകരിച്ചുവരുന്നു.

## കോന്നി മെഡിക്കൽ കോളേജിൽ ലഹരി വിമുക്തി കേന്ദ്രം

381 (381) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിലെ കോന്നി മെഡിക്കൽ കോളേജിൽ അനുവദിച്ച ലഹരി വിമുക്തി കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോന്നി മെഡിക്കൽ കോളേജിൽ ലഹരി വിമുക്തി കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമായിട്ടുണ്ട്. നിലവിൽ എല്ലാ ജില്ലകളിലും ഓരോ ഡീ-അഡിക്ഷൻ സെന്ററുകളാണ് പ്രവർത്തിച്ചുവരുന്നത്. എല്ലാ ജില്ലകളിലും 2 ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നമുറയ്ക്ക് കോന്നി മെഡിക്കൽ കോളേജിലും ഡീ-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 a.m.]

## II ചരമോപചാരം

### സി. എ. മാത്യുവിന്റെ നിര്യാണം

മി. സ്പീക്കർ: എട്ടാം കേരള നിയമസഭാംഗമായിരുന്ന സി. എ. മാത്യു, 2021 ഒക്ടോബർ 2-ന് അന്തരിച്ചു. സി. സി. എബ്രഹാം-ഏലിയാമ്മ എബ്രഹാം ദമ്പതികളുടെ മകനായി 1933 ആഗസ്റ്റ് 2-ന് സി.എ. മാത്യു ജനിച്ചു. 8-ാം കേരള നിയമസഭയിൽ കല്ലൂപ്പാറ നിയോജക മണ്ഡലത്തിൽനിന്നും ഇന്ത്യൻ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയെ പ്രതിനിധീകരിച്ചാണ് അദ്ദേഹം 1987 മുതൽ 1991 വരെ നിയമസഭാംഗമായിരുന്നത്. പത്തനംതിട്ട ഡി.സി.സി. (എസ്) അദ്ധ്യക്ഷനായും വലിയകുന്നം സെന്റ് മേരീസ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹകരണ മേഖലയിലൂടെ പൊതുപ്രവർത്തനരംഗത്ത് കടന്നുവന്ന അദ്ദേഹം 6 വർഷം കൊറ്റനാട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റായും 8 വർഷം തിരുവല്ല ഈസ്റ്റ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡംഗമായും 22 വർഷം കൊറ്റനാട് ഗ്രാമപഞ്ചായത്തംഗമായും സേവനമനുഷ്ഠിച്ചു. 1957, 1958, 1959 വർഷങ്ങളിൽ ദേശീയ ചാമ്പ്യൻഷിപ്പ് നേടിയ തിരുവിതാംകൂർ യൂണിവേഴ്സിറ്റി വോളീബാൾ ടീമംഗമായിരുന്നു. ജീവിതത്തിലുടനീളം കർമ്മ നിരതനായിരുന്ന ഒരു പൊതു പ്രവർത്തകനേയും ഒരു മികച്ച സഹകാരിയേയുമാണ് സി. എ. മാത്യുവിന്റെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

## III ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ എം. രാജഗോപാലൻ, ജോബ് മൈക്കിൾ, എം. വിൻസെന്റ് എന്നിവരെ 15-ാം കേരള നിയമസഭയുടെ 3-ാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV അടിയന്തരപ്രമേയം

### പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കാൻ നടപടി

മി. സ്പീക്കർ: ഇന്നത്തെ റൂൾ 50 പ്രകാരമുള്ള നോട്ടീസിനാധാരമായ വിഷയം

ആദ്യത്തെ ശ്രദ്ധക്ഷണിക്കൽ നോട്ടീസിന്റെ വിഷയംതന്നെയാണ്. എങ്കിലും ചട്ടം 50 പ്രകാരമുള്ള പ്രതിപക്ഷത്തിന്റെ നോട്ടീസിന് പരിഗണന നൽകുന്നതുകൊണ്ട് വിഷയം റൂൾ 50 ആയി ഉന്നയിക്കുവാൻ അവസരം നൽകുകയാണ്. പ്ലസ് വൺ ബാച്ചുകൾ വർദ്ധിപ്പിക്കാത്തതുമൂലം സംസ്ഥാനത്ത് പത്താംക്ലാസ്സ് പാസ്സായ വിദ്യാർത്ഥികൾക്ക് പ്ലസ് വൺ സീറ്റ് നിഷേധിക്കപ്പെടുന്നുവെന്നും എല്ലാ വിഷയത്തിനും എ-പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട വിഷയത്തിൽ സീറ്റ് ലഭിക്കാത്ത സാഹചര്യമാണുളവായിട്ടുള്ളതെന്നും പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2-9-2021-ലെ സർക്കാർ ഉത്തരവുപ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ എല്ലാ സർക്കാർ, എയ്ഡഡ്, ഹയർ സെക്കണ്ടറി സ്കൂളുകളിലെയും പ്ലസ് വൺ പ്രവേശനത്തിനായി എല്ലാ വിഷയങ്ങളിലും 20 ശതമാനം സീറ്റ് വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ ഒന്നാം അലോട്ടുമെന്റിന്റെ പ്രവേശന നടപടികൾ അവസാനിപ്പിച്ചുകഴിഞ്ഞപ്പോൾ സംസ്ഥാനത്ത് ഏകജാലകരീതിയിൽ പ്രവേശനം നടത്തുന്ന 271136 സീറ്റുകളിലേയ്ക്ക് 465219 വിദ്യാർത്ഥികൾ അപേക്ഷിക്കുകയുണ്ടായി. ഇതിൽ മാതൃജില്ലയ്ക്കുപുറമേ, മറ്റു ജില്ലകളിലേയ്ക്ക് അപേക്ഷിച്ച 39489 പേരുമുണ്ടായിരുന്നു. പ്രവേശനം നൽകേണ്ട യഥാർത്ഥ അപേക്ഷകർ 425730 മാത്രമാണ്. ആദ്യ അലോട്ടുമെന്റ് ലഭിച്ചതിൽ 201489 വിദ്യാർത്ഥികൾ പ്രവേശനം നേടിയപ്പോൾ 17065 വിദ്യാർത്ഥികൾ പ്രവേശനം നേടിയില്ല. കഴിഞ്ഞ 5 വർഷത്തെ പ്രവേശനത്തോതനുസരിച്ച് 385530 അപേക്ഷകർ മാത്രമേ പ്ലസ് വൺ പ്രവേശനം നേടാൻ സാധ്യതയുള്ളൂ. കഴിഞ്ഞ 5 വർഷത്തെ പ്രവേശനത്തോതനുസരിച്ച് പ്രവേശനം ലഭിക്കുന്നതിനായി സംസ്ഥാനത്താകെ 159840 അപേക്ഷകർ ബാക്കിയുണ്ട്. അപേക്ഷിച്ച എല്ലാവരും പ്ലസ് വൺ പ്രവേശനം നേടുകയാണെങ്കിൽ ആകെ 200040 അപേക്ഷകർക്കാണ് പ്രവേശനം ഉറപ്പാക്കേണ്ടത്. 2021-22 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പ്രവേശനത്തിന് മുഖ്യഘട്ടത്തിലെ അവസാനത്തെ അലോട്ടുമെന്റ്, എയ്ഡഡ് സ്കൂളുകളിലെ കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലെ അലോട്ടുമെന്റ്, എയ്ഡഡ് സ്കൂളുകളിലെ മാനേജ്മെന്റ് ക്വാട്ടാ പ്രവേശനം, അൺ-എയ്ഡഡ് സ്കൂളുകളിലെ

പ്രവേശനം എന്നിവ 2021 ഒക്ടോബർ മാസം 7-ാം തീയതി മുതൽക്കേ ആരംഭിക്കുകയുള്ളൂ. ഇത്തരത്തിൽ ലഭ്യമായ സീറ്റുകളും ഒഴിവുവരുന്ന സ്പോർട്സ് ക്വാട്ടാ സീറ്റുകൾ പൊതു മെറിറ്റ് ക്വാട്ടാ സീറ്റുകളായി പരിവർത്തനം ചെയ്യുമ്പോഴുണ്ടാകുന്ന സീറ്റുകളുമുൾപ്പെടെ സംസ്ഥാനത്താകെ 192959 സീറ്റുകൾ ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി, പോളിടെക്നിക്, ഐ.ടി.ഐ. മേഖലകളിലായി 97283 സീറ്റുകൾ ലഭ്യമാണ്. ഹയർ സെക്കണ്ടറിയിൽ ജില്ലാടിസ്ഥാനത്തിൽ നിലവിലെ സ്ഥിതിയെ സംബന്ധിച്ചുള്ള രേഖകൾ ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ് *. മലബാർ മേഖലയിലെ ജില്ലകളിലും തെക്കൻ മേഖലയായ തിരുവനന്തപുരം ജില്ലയിലും സീറ്റ് കുറവുള്ള ഇടങ്ങളിലുമെല്ലാം ഇതിനകം അധിക സീറ്റുകൾ നൽകിയതിനാൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് 2021-22 അദ്ധ്യയന വർഷം സംസ്ഥാനത്ത് അധികബാച്ച് അനുവദിക്കേണ്ടതില്ലെന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. മുഖ്യ അലോട്ടുമെന്റ് പൂർത്തീകരിക്കുന്ന 2021 ഒക്ടോബർ മാസം 23-നുശേഷം സപ്ലിമെന്ററി അലോട്ടുമെന്റുകൾ ആരംഭിക്കുന്നതിനുമുൻപായി സംസ്ഥാനത്തെ എല്ലാ ജില്ലകളുടെയും സ്ഥിതി വിശദമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്ലസ് വൺ പ്രവേശനം ലളിതവും സുതാര്യവും സാമൂഹ്യനീതി ഉറപ്പാക്കുന്നതരത്തിലുമായി കഴിഞ്ഞ 13 വർഷമായി ഏകജാലക പ്രവേശനം, കേന്ദ്രീകൃത അലോട്ടുമെന്റ് സംവിധാനം എന്നിവ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ അപേക്ഷിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ആഗ്രഹിക്കുന്ന സ്കൂളുകളിൽ പരമാവധി പ്രവേശനം ലഭിക്കുന്നതാണ്. ഈ വർഷം എ-പ്ലസ് ലഭിച്ച കുട്ടികളുടെ എണ്ണം കൂടുതലായതുകൊണ്ട് ആഗ്രഹിക്കുന്ന വിഷയം ഒരുപക്ഷെ എല്ലാ വിദ്യാർത്ഥികൾക്കും ലഭിച്ചെന്നുവരില്ല. ഏതെങ്കിലും സ്കൂളിലോ, കോഴ്സിലോ പ്ലസ് വൺ പ്രവേശനം വേണമെന്ന പ്രത്യേക അപേക്ഷകൾ മെറിറ്റിനെ ഒഴിവാക്കിക്കൊണ്ട് പരിഗണിക്കാൻ കഴിയുകയില്ലെന്നകാര്യംകൂടി വ്യക്തമാക്കുകയാണ്. രണ്ടാമത്തെ അലോട്ടുമെന്റ് ഒക്ടോബർ 7-ാം തീയതിയാണ് ആരംഭിക്കുന്നത്. മുഖ്യഘട്ടം പൂർത്തീകരിക്കുന്നത് ഒക്ടോബർ മാസം 23-ാം തീയതിയാണ്. സീറ്റുകളുടെ തുടർന്നുള്ള ആവശ്യകത ഒക്ടോബർ മാസം 23-നുശേഷം മാത്രമേ കൃത്യമായി ലഭിക്കുകയുള്ളൂ. കഴിഞ്ഞ 5 വർഷങ്ങളിൽ 2016-ലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുള്ളത്. 458080 പേരാണ് അന്ന് പാസ്സായിട്ടുള്ളത്. ആ വർഷം അലോട്ടുമെന്റിനായി ഉണ്ടായിരുന്ന സീറ്റുകൾതന്നെയാണ് ഇപ്പോഴുമുള്ളത്. ഇക്കൊല്ലം എസ്.എസ്.എൽ.സി. പാസ്സായ

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

കുട്ടികൾ 419653 മാത്രമാണ്. സീറ്റുകളുടെ എണ്ണത്തിൽ മാറ്റമില്ല. അതുകൊണ്ട് രണ്ടാംഘട്ട അലോട്ടുമെന്റും സ്പോട്ട് അഡ്മിഷനും കഴിയുമ്പോൾ ഉപരിപഠനത്തിനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് അവസരം നൽകാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ സർക്കാരിൽനിന്നും കൂടുതലൊന്നും പ്രതീക്ഷിക്കേണ്ടതില്ലെന്ന് കേരളത്തിലെ സാധാരണക്കാരും പാവപ്പെട്ടവരും പണം കൊടുത്ത് പഠിക്കാൻ കഴിയാത്തവരുമായ വിദ്യാർത്ഥികൾക്ക് തോന്നുന്നതരത്തിലാണ് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്. സ്വന്തം ആരോഗ്യകാര്യങ്ങളേക്കാൾ കുട്ടികളുടെ പഠനത്തിന് പ്രാധാന്യംനൽകുന്ന അച്ഛനമ്മമാരുടെ നാടാണ് കേരളം. അവനവന്റെ കാര്യങ്ങൾ മാറ്റിവച്ച് കുട്ടികൾക്ക് നന്നായി പഠിക്കാനുള്ള അവസരമൊരുക്കണമെന്നാഗ്രഹിക്കുന്ന രക്ഷിതാക്കൾക്ക് കോവിഡ് മഹാമാരിയും അതുമൂലമുണ്ടായ പ്രയാസങ്ങളും പ്രതിസന്ധികളും അവരുടെ തൊഴിലിനെയും വരുമാനത്തെയും ബാധിച്ചിരിക്കുകയാണ്. മാത്രമല്ല, കുട്ടികളുടെ പഠനത്തെയും അദ്ധ്യാപനത്തെയും ഈ മഹാമാരി ബാധിച്ച സാഹചര്യത്തിലുണ്ടായ എല്ലാ പ്രയാസങ്ങൾക്കൊടുവിലും ആറിഞ്ച് സ്ക്രീനിന്റെ വലുപ്പത്തിൽ പാഠങ്ങൾകണ്ട് കുട്ടികൾ കഷ്ടപ്പെട്ട് പഠിച്ചു. വേണ്ടവിധത്തിൽ അദ്ധ്യാപനം നടക്കാതെയും ആവശ്യമായ പ്രാക്ടിക്കലുകൾ ലഭ്യമാകാതെയും ബുദ്ധിമുട്ടുകൾ സഹിച്ച കുട്ടികൾ ഈ പ്രയാസങ്ങൾക്കൊടുവിലും ചരിത്രവിജയം നേടി. 99.47 ശതമാനം കുട്ടികൾ പരീക്ഷയിൽ വിജയിച്ചു. ഒരുലക്ഷത്തി ഇരുപത്തിയൊന്നായിരത്തിലധികം കുട്ടികൾക്ക് എ-പ്ലസ് ലഭിച്ചെങ്കിലും അവർക്കുപോലും ചിലപ്പോൾ പഠിക്കാനായി ഇഷ്ടപ്പെട്ട വിഷയം ലഭ്യമാകാൻ സാധ്യതയില്ലെന്ന് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ മറുപടിയായി പറയുന്ന സാഹചര്യം എത്രയോ ഗുരുതരമാണെന്ന് നമുക്കെല്ലാവർക്കും ബോധ്യപ്പെടുകയാണ്. പ്രതിപക്ഷം ഇതുസംബന്ധിച്ച് നേരത്തെതന്നെ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. പഴയകാല വിദ്യാർത്ഥി-യുവജന സംഘടനാ പ്രവർത്തകനായ ബഹുമാനപ്പെട്ട മന്ത്രിക്കും ഈ കാര്യങ്ങളെല്ലാമറിയാം. ഈ കണക്കുകളെല്ലാം മൊത്തക്കണക്കായെടുത്താൽ ഒരിക്കലുമത് നീതിയല്ലെന്ന് കേരളത്തിലെ എല്ലാവർക്കുമറിയാം. മൊത്തം സീറ്റുകളുടെയും അപേക്ഷകരുടെയും അലോട്ടുമെന്റിന്റെയും കണക്കുകൾ മാത്രമെടുത്തിട്ടോ എല്ലാ ജില്ലകളിലും പത്ത് ശതമാനവും ചില ജില്ലകളിൽ ഇരുപത് ശതമാനവും സീറ്റുകൾ വർദ്ധിപ്പിച്ചതുകൊണ്ടോ ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ കഴിയില്ല. പാലക്കാട് ജില്ലയിൽ ഉപരിപഠനത്തിന് അർഹത നേടിയ വിദ്യാർത്ഥികളുടെ എണ്ണം 38518-ഉം ജില്ലയിലെ ആകെ സീറ്റുകൾ 28267-ഉം ആണ്. ഇവിടെ 10251 സീറ്റുകളുടെ കുറവുണ്ട്. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചാൽപ്പോലും 4598 കുട്ടികൾ പുറത്താണ്. ഇതുമാത്രമല്ല പ്രശ്നം, ഇതേ

ജില്ലയിലെ പെരുമാട്ടി ഹയർ സെക്കണ്ടറി സ്കൂളിലെ ബയോളജി സീറ്റിന്റെ എണ്ണം 120 വരുമ്പോൾ അവിടെ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം പലപ്പോഴും 41 ആണ്. അട്ടപ്പാടിയിലും അഗളിയിലും ഇതുതന്നെയാണ് അവസ്ഥ. അതുകൊണ്ട് ഇതുസംബന്ധിച്ച് ശാസ്ത്രീയമായി പഠിച്ച് ആവശ്യമായ സ്ഥലങ്ങളിൽ സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും അല്ലാത്ത സ്ഥലങ്ങളിലെ സീറ്റുകൾ റീ-അറേഞ്ച്മെന്റ് നടത്തി കുട്ടികൾക്ക് തുടർപഠനത്തിനുള്ള അവസരമൊരുക്കണമെന്ന് സർക്കാരിനോട് ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. ഇതിനുപകരം പ്രസ്തുത വിഷയത്തിൽ വളരെ കാഷ്വലായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകരുതെന്ന് കേരളത്തിലെ വിദ്യാർത്ഥികൾക്കുവേണ്ടി പറയാൻ ആഗ്രഹിക്കുകയാണ്. ഒരു ജില്ലയുടെ അടിസ്ഥാനത്തിൽ കണക്കുകളെടുത്താൽപ്പോലും വേണ്ടത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകാൻ കഴിയില്ലെന്നുള്ള സാഹചര്യം നമ്മുടെ മുമ്പിലുണ്ട്. പ്രവേശനത്തിന്റെ തോതാണ് അഡ്മിഷന്റെ അടിസ്ഥാനമായി എടുക്കുന്നതെന്ന് അങ്ങ് പറഞ്ഞ കണക്ക് തെറ്റിദ്ധരിക്കപ്പെടാനിടയാക്കുന്നതാണ്. പ്രവേശനത്തിന്റെ തോതല്ല മറിച്ച്, അപേക്ഷകരുടെ എണ്ണമാണ് അടിസ്ഥാനമായി എടുക്കേണ്ടത്. പ്രവേശനത്തിന്റെ തോതനുസരിച്ച് കണക്കെടുത്താൽ നിലവിലുള്ള സീറ്റുകളിലേയ്ക്കുമാത്രമേ പ്രവേശനം നടക്കുകയുള്ളൂ. എന്നാൽ അപേക്ഷകരുടെ എണ്ണം അതിലുമെത്രയോ ഇരട്ടിയാണ്. അപേക്ഷകരുടെ എണ്ണമനുസരിച്ച് എത്രപേർക്ക് അഡ്മിഷൻ നൽകാൻ കഴിഞ്ഞുവെന്നതല്ലേ നമ്മൾ എടുക്കേണ്ട കണക്ക്; അതിൽ അഡ്മിഷൻ ലഭിക്കാതെ പുറത്തുപോകുന്ന കുട്ടികൾ എന്തുചെയ്യുമെന്നതല്ലേ നമ്മുടെ മുമ്പിലുള്ള ആശങ്ക? ഈ സാഹചര്യം പരിഹരിക്കാനാണ് ചില ജില്ലകളിൽ അഡീഷണൽ സീറ്റുകളുടെ എണ്ണത്തേക്കാൾ കൂടുതൽ അഡീഷണൽ ബാച്ചുകൾതന്നെ അനിവാര്യമാണെന്ന് സർക്കാരിന്റെ മുമ്പിൽ രക്ഷിതാക്കളും മാധ്യമങ്ങളും പ്രതിപക്ഷവും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ പ്രശ്നത്തിന്റെ ഗൗരവം അപ്പുറത്തിരിക്കുന്ന അംഗങ്ങൾക്കുകൂടി ബോദ്ധ്യപ്പെട്ടതുകൊണ്ടാണല്ലോ 'പ്ലസ് വൺ കുട്ടികളുടെ പ്രവേശനത്തിന്റെ പ്രശ്നം പരിഹരിക്കണം' എന്ന ശ്രദ്ധ ക്ഷണിക്കൽ ഭരണപക്ഷത്തുനിന്നുതന്നെ ഒരു മുൻമന്ത്രിക്ക് ഈ സഭയിൽ കൊടുക്കേണ്ടതായിവന്നത്; ഇക്കാര്യം ഗൗരവമായി കാണണ്ടേ? അങ്ങിവിടെ ജില്ലകളിലെ പ്രശ്നങ്ങൾ സൂചിപ്പിച്ചു, ഇരുപത് ശതമാനം സീറ്റ് വർദ്ധനവ് വരുത്തിയാൽത്തന്നെയും എത്ര കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാതെവരുമെന്ന കണക്ക് അങ്ങയുടെ പക്കലുണ്ടാകുമല്ലോ, ഇതെല്ലാം ഒരു വിരൽത്തുമ്പിൽ കിട്ടേണ്ടതല്ലേ; നമ്മുടെ കുട്ടികൾ ഇതിൽക്കൂടുതൽ എന്താണ് ചെയ്യേണ്ടത്? പഠിക്കാനായി സ്കൂളുകളിലേയ്ക്ക് പോകാൻ കഴിയാത്ത ഒരു കാലഘട്ടം, അവരുടെ രക്ഷിതാക്കൾക്ക് വരുമാനം കുറവുള്ള കാലഘട്ടം, സ്മാർട്ട് ഫോണിന്റെയും ഇന്റർനെറ്റിന്റെയും സഹായംതേടേണ്ട കാലഘട്ടം. എന്നിരുന്നാലും ആ

പ്രയാസങ്ങൾക്കെല്ലാം നടുവിലും നന്നായി പഠിച്ച് എല്ലാ വിഷയങ്ങളിലും എ-പ്ലസ് നേടുന്നതിനേക്കാളുമപ്പുറം ഏതുതരത്തിലുള്ള മെറിറ്റാണ് കേരളത്തിലെ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ളത്? എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് കിട്ടിയിട്ടും ഞങ്ങൾക്ക് ഉദ്ദേശിച്ച സീറ്റ് കിട്ടിയില്ല, എന്തെങ്കിലും ചെയ്യുതരണം എന്നുപറഞ്ഞ് ആദ്യ അലോട്ടുമെന്റ് കഴിഞ്ഞശേഷം നമ്മുടെ ഓഫീസുകളിലും വീടുകളിലും രക്ഷിതാക്കൾ വന്നുകണ്ടിട്ടില്ലെന്ന് പറയാൻ എത്ര എം.എൽ.എ.-മാർക്ക് സാധിക്കും? കുട്ടിയുടെ കയ്യുംപിടിച്ച് ഒരു രക്ഷിതാവ് ഓഫീസിൽ വന്നിട്ട്, 'എല്ലാ വിഷയത്തിലും എന്റെ കുട്ടി എ-പ്ലസ് നേടിയിട്ടും ഒരു സീറ്റ് കിട്ടുന്നില്ല' എന്നുപറയുമ്പോൾ നമ്മൾ എന്ത് മറുപടിയാണ് പറയുക? ഈ വിഷയത്തിൽ ഒരു ശാസ്ത്രീയമായ സമീപനം ആവശ്യമാണ്.

മലപ്പുറം ജില്ലയുടെ കണക്ക് അങ്ങിവിടെ സൂചിപ്പിച്ചു. മലപ്പുറം ജില്ലയിൽ 2020-ൽ 98.82 ശതമാനം വിജയമുണ്ടായിരുന്നു. വീണ്ടും വിജയശതമാനം കൂടുന്നു, എ-പ്ലസ് ലഭിച്ചവരുടെ എണ്ണവും കൂടുന്നു. സീറ്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് അവർ ഇഷ്ടപ്പെട്ട വിഷയം ലഭിക്കുന്നില്ല. ഒരു കുട്ടിക്ക് ഇഷ്ടപ്പെട്ട വിഷയം പഠിക്കാനായി ആ കുട്ടി ചെയ്യേണ്ട അടിസ്ഥാനപരമായ കാര്യം മാക്സിമം സ്കോർ ചെയ്യുക എന്നതാണ്. അങ്ങനെ സ്കോർ ചെയ്തിട്ടും കുട്ടികൾക്ക് ഇഷ്ടപ്പെട്ട വിഷയം ലഭിക്കുന്നില്ല, ഇഷ്ടപ്പെട്ട സ്ഥലത്തോ, സ്കൂളിലോ പഠിക്കാൻ കഴിയുന്നില്ല, ചിലർക്ക് സീറ്റുപോലും ലഭിക്കുന്നില്ല. എന്തൊരു ഗുരുതരമായ പ്രതിസന്ധിയാണിത്? ഈ സാഹചര്യത്തിൽ കുട്ടികൾ നേരിടുന്ന മാനസിക പ്രയാസം നമ്മൾ കാണണം. മലപ്പുറം ജില്ലയിൽ 75554 കുട്ടികൾ ഉപരിപഠനത്തിന് യോഗ്യത നേടി. മെറിറ്റിലെ ആകെ സീറ്റ് 34737 ആണ്. പണമില്ലാതെ പഠിക്കാൻ കഴിയുന്ന കുട്ടികളുടെ എണ്ണം പകുതിയിലും കുറവാണ്. നോൺ മെറിറ്റ് വിഭാഗത്തിൽ 18000 സീറ്റുണ്ട്. അങ്ങനെ വരുമ്പോഴും 22302 സീറ്റുകളുടെ കുറവുണ്ട്. ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചാലും 11684 സീറ്റിന്റെ കുറവ് ആ ജില്ലയിൽ മാത്രമുണ്ടെന്ന് പറയുമ്പോൾ പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ ബാധിക്കുന്ന ഒരു പ്രശ്നത്തെ സാമ്പത്തിക ബാദ്ധ്യതയുടെ പേരിൽ മാത്രം മാറ്റി നിർത്താൻ കഴിയുമോ? സാമ്പത്തിക ബാദ്ധ്യതയും സാമ്പത്തിക പ്രയാസങ്ങളും സർക്കാരിനുണ്ടെങ്കിൽ അതിന്റെ ബാദ്ധ്യത എല്ലാ വിഷയങ്ങളും പഠിച്ചുപാസ്സായ കുട്ടികളുടെ തലയിൽ വയ്ക്കുന്നത് സർക്കാർ ഒഴിവാക്കണമെന്ന കാര്യം അവർക്കുവേണ്ടി പറയാൻ ഞങ്ങൾ ആഗ്രഹിക്കുകയാണ്. വകുപ്പിന് ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങ് ഗവൺമെന്റിനോട് പറയണം. ഒരാവശ്യത്തിനും ഉപയോഗിക്കാത്ത ഹെലികോപ്റ്ററിന് കൊടുക്കുന്ന വാടകയുടെ പരിഗണനയെങ്കിലും പഠിക്കുന്ന കുട്ടികളുടെ സീറ്റിന് നൽകണമെന്നാണ്

വിനീതമായി പറയാനുള്ളത്. അങ്ങാണ് ഇക്കാര്യത്തിൽ നിലപാടെടുക്കേണ്ടത്. ഫുൾ എ-പ്ലസ് കിട്ടിയ കുട്ടിക്ക് ചിലപ്പോൾ ഇഷ്ടപ്പെട്ട വിഷയം പഠിക്കാൻ കഴിയില്ലെന്ന് അങ്ങുതന്നെ മറുപടിയിൽ പറഞ്ഞു. ഇത് ഗുരുതരമായ ഒരു പ്രശ്നമല്ലേ; ഇഷ്ടപ്പെട്ട ഒരു വിഷയം പഠിക്കാൻ ഇതിൽക്കൂടുതൽ ഒരു കുട്ടി എന്താണ് ചെയ്യേണ്ടത്?

പാലക്കാട് ജില്ലയിൽ ഇരുപത് ശതമാനത്തിന്റെ സീറ്റ് വർദ്ധനവുണ്ടായാലും 4598 സീറ്റിന്റെ കുറവുവരുമെന്ന് ഞാൻ പറഞ്ഞു. കണ്ണൂർ ജില്ലയിൽ ഇരുപത് ശതമാനത്തിന്റെ സീറ്റ് വർദ്ധനവുണ്ടായാലും 10261-ലധികം കുട്ടികൾക്കും സീറ്റില്ലാതെ പോകുകയാണ്. കോഴിക്കോട് ജില്ലയിൽ ഇരുപത് ശതമാനത്തിന്റെ സീറ്റ് വർദ്ധനവുണ്ടായാലും 3000-ലധികം കുട്ടികൾക്ക് സീറ്റ് ലഭ്യമാകാതിരിക്കും. ഇവർ എവിടെപ്പോയി പഠിക്കും? അതേസമയം ഇപ്പോഴും നാലായിരത്തിനാനൂറ്റി നാൽപ്പതിലധികം അധിക സീറ്റുകൾ പത്തനംതിട്ട ജില്ലയിലുണ്ട്. ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലും അധികസീറ്റുകളുണ്ട്. കാസർഗോഡ് ജില്ലയിൽ 2156 സീറ്റിന്റെ കുറവും വയനാട് ജില്ലയിൽ ആയിരത്തിലധികം സീറ്റിന്റെ കുറവും നിലനിൽക്കുന്നുണ്ട്. അധികംവരുന്ന ബാച്ചുകൾ ഷിഫ്റ്റ് ചെയ്ത് കുറവുള്ള ജില്ലകളിലേയ്ക്ക് മാറ്റുന്നതിനുള്ള ശാസ്ത്രീയ സമീപനം സ്വീകരിക്കുന്നതിനുപകരം എല്ലായിടത്തും പത്തും ചിലയിടങ്ങളിൽ ഇരുപതും ശതമാനം സീറ്റ് വർദ്ധനവെന്ന പൊതുപ്രഖ്യാപനംകൊണ്ട് ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ കഴിയില്ലെന്ന് ഈ സഭയിൽ പ്രതിപക്ഷം ഇതിനുമുമ്പ് പറഞ്ഞിട്ടുണ്ട്. ഈ വിഷയത്തെ ഒരു സ്റ്റേറ്റ് യൂണിറ്റായി കാണരുതെന്ന് അന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വ്യക്തമായി സൂചിപ്പിച്ചതാണ്. അത്തരത്തിൽ ഒരു ശ്രമം നടത്തുന്നതിനുപകരം പ്രവേശനത്തിന്റെ തോത് വച്ചുള്ള കണക്കുകൾകൊണ്ട് വീണ്ടും ഈ പ്രശ്നത്തെ അഭിമുഖീകരിക്കാൻ ശ്രമിക്കുകയാണ്. ഇത് ഗൗരവതരമായ വിഷയമാണ്. ഒരു ക്ലാസ്സിലെ കുട്ടികളുടെ എണ്ണം അമ്പതിലധികമാകുന്നതിനെതിരെ കോടതി വിധികൾപോലും നിലനിൽക്കുകയാണ്. സ്കൂളുകൾ തുറക്കാൻ പോകുന്നു; ലാബുൾപ്പെടെയുള്ള സൗകര്യങ്ങൾ കുട്ടികൾക്ക് ഒരുക്കിക്കൊടുക്കാൻ സ്കൂളുകൾക്ക് സാധിക്കണം. ക്ലാസ് മുറികൾ പലതും കുട്ടികളുടെ സ്ട്രെംഗ്തിനെ വിഭാവനം ചെയ്ത് നിർമ്മിച്ചതല്ല. ക്ലാസ് മുറികളിൽ എല്ലാ കുട്ടികളെയും ഒരുമിച്ചിരുത്തുമ്പോൾ അവർക്ക് പ്രയാസമുണ്ടാകുന്നില്ലേ? അതുപോലെ അഡീഷണൽ ബാച്ചുകൾ അനുവദിച്ചയിടങ്ങളിൽ വേണ്ടത്ര കുട്ടികളുടെ എണ്ണം കിട്ടാത്തതിന്റെ പേരിൽ അദ്ധ്യാപകരുടെ നിയമനംപോലും പ്രശ്നമായി നിൽക്കുന്ന അവസ്ഥകളുമുണ്ട്.

<u>മി. സ്പീക്കർ</u>: യെസ്...... യെസ്...... പ്ലീസ് കൺക്ലൂഡ്.....

ശ്രീ. ഷാഫി പറമ്പിൽ: സർ, ഒരു വശത്ത് അധിക സീറ്റും മറുവശത്ത് അതിനെ ശാസ്ത്രീയമായി സമീപിക്കാത്തതിന്റെ പേരിൽ ഒരു പ്രദേശത്ത് ഫുൾ എ-പ്ലസ് നേടിയ കുട്ടിക്കുപോലും ഇഷ്ടപ്പെട്ട വിഷയമോ സ്കൂളോ പ്രദേശമോ കിട്ടാതെവരുന്ന അവസ്ഥയും സഭ ശ്രദ്ധിക്കേണ്ടതാണ്.

മി. സ്പീക്കർ: അങ്ങ് ആവർത്തിക്കുകയാണ്.......ദയവായി അവസാനിപ്പിക്കണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഈ വിഭജനം സഭ ശ്രദ്ധിക്കേണ്ട വിഷയമാണ്. കൂടുതൽ സീറ്റുകളുള്ള സ്ഥലങ്ങളിൽ മാർക്ക് കുറവുള്ള കുട്ടിക്കുപോലും അഡ്മിഷൻ കിട്ടുമ്പോൾ മറുഭാഗത്ത് ഏറ്റവും കൂടുതൽ മാർക്ക് സ്കോർ ചെയ്ത കുട്ടിക്കുപോലും അഡ്മിഷൻ ലഭിക്കാതെവരുന്ന അവസ്ഥയുണ്ടാകുന്നത് സ്റ്റേറ്റ് യൂണിറ്റായി ഇതിനെ കാണുന്നതുകൊണ്ടുള്ള കുഴപ്പമാണ്; അത് അവസാനിപ്പിക്കണം.

മി. സ്പീക്കർ: അങ്ങ് പറഞ്ഞകാര്യംതന്നെ ആവർത്തിക്കുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, സാമ്പത്തിക ബാദ്ധ്യതയുടെ പേരിൽ ഗവൺമെന്റ് ഈ പ്രശ്നത്തെ ഗൗരവമായി കാണാതിരിക്കരുത്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിൽ കുട്ടികൾ ചേരാൻ ആഗ്രഹിക്കുമ്പോൾ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്ത് ശാശ്വത പരിഹാരമുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച കണക്കുകളിലും പറഞ്ഞ കാര്യങ്ങളിലും ധാരാളം പിശകുകളുണ്ട്. സംസ്ഥാന നിയമസഭയിൽ ഒരു പ്രശ്നം അടിയന്തരപ്രമേയമായി ചൂണ്ടിക്കാണിക്കുന്ന അവസരത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള ആകെ സീറ്റിന്റെ എണ്ണം വച്ചുകൊണ്ടുള്ള കണക്കുമാത്രമേ വകുപ്പിന് പറയാൻ കഴിയൂ. അതല്ലാതെ സംസ്ഥാനത്തുള്ള ഓരോ സ്കൂളുകളുടെയും വിശദവിവരം പരിശോധിക്കാൻ പ്രയാസമാണ്. കഴിഞ്ഞ കോവിഡ് കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസത്തിനും വിദ്യാഭ്യാസ മേഖലയ്ക്കും അങ്ങേയറ്റത്തെ പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രവർത്തനമാണ് എല്ലാവരുടെയും സഹായത്തോടുകൂടി ഗവൺമെന്റ് നടത്തിയിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെയുള്ള സമീപനമല്ല വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ട് സർക്കാരിനുള്ളത്. അതിന്റെ പരിമിതികൾ നമ്മൾ മനസ്സിലാക്കണം. സംസ്ഥാനത്തെയാകെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 394457 ആണ്. കണക്കുകൾ തെറ്റാണെന്ന് പറയാൻ കഴിയില്ല. ആകെ അപേക്ഷകർ 465219-ഉം മറ്റ് ജില്ലയിൽനിന്നുള്ള അപേക്ഷകരുടെ എണ്ണം 39489-ഉം ജില്ലകൾക്കകത്തുള്ള

അപേക്ഷകരുടെ എണ്ണം 425730-ഉം ആണ്. അഞ്ചുവർഷത്തെ ശരാശരി നോക്കുമ്പോൾ 90.5 ശതമാനം വിദ്യാർത്ഥികളാണ് ഉപരിപഠനത്തിനുവേണ്ടി അപേക്ഷ നൽകാൻ സാദ്ധ്യതയുള്ളതെന്ന് 2016 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. പ്രവേശനം നേടാൻ സാദ്ധ്യതയുള്ള അപേക്ഷകരുടെ എണ്ണം കഴിഞ്ഞ അഞ്ചുവർഷത്തെ സംസ്ഥാന ശരാശരി നോക്കുമ്പോൾ 385530 ആണ്. ഒന്നാം അലോട്ടുമെന്റിൽ 201489 പേരാണ് പ്രവേശനം നേടിയത്. അക്കാര്യം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കാത്തത് എന്താണെന്നറിയില്ല. അലോട്ടുമെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 17065 പേരാണ്. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 7136 പേരാണ്. പ്രവേശനത്തിന് അവശേഷിക്കുന്നത് 159840 പേരാണ്. ഒന്നാം അലോട്ടുമെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 192959. അലോട്ടുമെന്റ് പരിപൂർണ്ണമായി കഴിയുമ്പോൾ സംസ്ഥാനത്താകെ 33119 സീറ്റുകൾ മിച്ചംവരുമെന്നാണ് നിലവിലുള്ള സീറ്റുകളുടെ കണക്കനുസരിച്ച് വ്യക്തമാകുന്നത്. (....ബഹളം....) ഞാൻ പറഞ്ഞ് തീർക്കട്ടെ. അതിങ്ങനെയാണ്. ഒന്നാം അലോട്ടുമെന്റിനുശേഷം മെറിറ്റ് ക്വാട്ടയിൽ ഒഴിവുള്ള സീറ്റുകൾ 71230, കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകൾ 27961, സ്പോർട്സ് ക്വാട്ട സീറ്റുകൾ (പൊതുമെറിറ്റിനായി പരിവർത്തനം ചെയ്തത്) 3552, മാനേജ്മെന്റ് ക്വാട്ട സീറ്റുകൾ 35214, അൺ എയ്ഡഡ് ക്വാട്ട സീറ്റുകൾ 50002, ഒന്നാം അലോട്ടുമെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 192959. ഈ കണക്കുവച്ചുകൊണ്ടാണ് 33119 സീറ്റുകൾ മിച്ചം വരുമെന്ന് ഞാൻ പറഞ്ഞത്.

പാലക്കാട് ജില്ലയിലെ കാര്യങ്ങൾ സംബന്ധിച്ച് ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതിൽ പിശകുണ്ട്. പാലക്കാട് ജില്ലയിൽ ആകെ പ്ലസ് വൺ സീറ്റുകളുടെ എണ്ണം 33097. ആകെ അപേക്ഷകൾ 43010. മറ്റ് ജില്ലയിൽനിന്നുള്ള അപേക്ഷകൾ 5667. ജില്ലയ്ക്കകത്തുള്ള അപേക്ഷകരുടെ എണ്ണം 37343. പ്രവേശനം വരാൻ സാദ്ധ്യതയുണ്ടെന്ന് കണക്കുകൂട്ടുന്നത് 92 ശതമാനമാണ്. പ്രവേശനം നേടാൻ സാദ്ധ്യതയുള്ള അപേക്ഷകരുടെ എണ്ണം 34356. ഒന്നാം അലോട്ടുമെന്റിന് പ്രവേശനം നേടിയവർ 18531. അലോട്ടുമെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 1628. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 375. പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 13822. ഒന്നാംഘട്ട അലോട്ടുമെന്റിനുശേഷം ലഭ്യമായ സീറ്റുകൾ 14499. പൂർണ്ണമായ അലോട്ടുമെന്റിനുശേഷം പാലക്കാട് ജില്ലയിൽ മിച്ചം വരുന്ന സീറ്റ് 677. (……ബഹളം......)

മി. സ്പീക്കർ: ഇരിക്കു....... ഇരിക്കു....... മന്ത്രി മറുപടി പറയട്ടെ. (.....ബഹളം.....)

ശ്രീ. വി. ശിവൻകുട്ടി: സർ, മലപ്പുറം ജില്ലയിൽ നിലവിലുള്ള ആകെ സീറ്റുകളുടെ എണ്ണം 61615. ആകെ അപേക്ഷകൾ 77837. മറ്റ് ജില്ലയിൽനിന്നുള്ള അപേക്ഷകരുടെ എണ്ണം 6212. ജില്ലയ്ക്കകത്തുള്ള അപേക്ഷരുടെ എണ്ണം 71625. 98 ശതമാനം പ്രതീക്ഷിച്ചാൽ 65895 പേരാണ് സീറ്റ് നേടാൻ സാദ്ധ്യതയുള്ളവർ. ഒന്നാംഘട്ട അലോട്ടുമെന്റിൽ പ്രവേശനം നേടിയവർ 29008. അലോട്ടുമെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 1834. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 605. പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 34448. ഒന്നാംഘട്ട അലോട്ടുമെന്റിനുശേഷം ലഭ്യമായ സീറ്റുകൾ 32658. 1760 സീറ്റിന്റെ കുറവ് മലപ്പുറം ജില്ലയിലുണ്ടാകും. കോഴിക്കോട് ജില്ലയുടെ കാര്യം ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ചൂണ്ടിക്കാണിച്ചുകൊണ്ട് അതുസംബന്ധിച്ച വസ്തുതകൾ വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. പ്ലസ് വൺ സീറ്റുകളുടെ എണ്ണം 40312. ആകെ അപേക്ഷകർ 48606. മറ്റ് ജില്ലയിൽനിന്നുള്ള അപേക്ഷകരുടെ എണ്ണം 3595. ജില്ലയ്ക്കകത്തുള്ള അപേക്ഷരുടെ എണ്ണം 45011. 93 ശതമാനമാണ് അവിടെ കാണുന്നത്. പ്രവേശനം നേടാൻ സാദ്ധ്യതയുള്ളവരുടെ എണ്ണം 41860. ഒന്നാംഘട്ട അലോട്ടുമെന്റിൽ പ്രവേശനം നേടിയവർ 20761. അലോട്ടുമെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 1102. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 443. പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 19454. ഒന്നാംഘട്ട അലോട്ടുമെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 19038. കോഴിക്കോട് ജില്ലയിൽ 416 സീറ്റിന്റെ കുറവുണ്ട്. വയനാട് ജില്ലയുടെ കാര്യവും ഇവിടെ സൂചിപ്പിച്ചു. വയനാട് ജില്ലയിൽ പ്ലസ് വൺ സീറ്റുകളുടെ ആകെ എണ്ണം 10296 ആണ്. ആകെ അപേക്ഷകരുടെ എണ്ണം 12415-ഉം മറ്റ് ജില്ലകളിൽനിന്നുള്ള അപേക്ഷകരുടെ എണ്ണം 103-ഉം ജില്ലയ്ക്കകത്തുള്ള അപേക്ഷകരുടെ എണ്ണം 12312-ഉം ആണ്. 95 ശതമാനം അപേക്ഷകരുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. അങ്ങനെയാണെങ്കിൽ 11696 പേരാണ് പ്രവേശനം നേടാൻ സാദ്ധ്യതയുള്ളത്. ഒന്നാംഘട്ട അലോട്ടുമെന്റിൽ പ്രവേശനം നേടിയവർ 6220 ആണ്. അലോട്ടുമെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ 563-ഉം വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടിയവർ 82-ഉം പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം 4931-ഉം ആണ്. മൂന്നാംഘട്ട അലോട്ടുമെന്റിനുശേഷം ലഭ്യമായ ആകെ സീറ്റുകൾ 4084 ആണ്. അവിടെ 847 സീറ്റുകളുടെ കുറവുണ്ട്.

മി. സ്പീക്കർ: ഇത്രയും കണക്ക് മതിയെന്ന് തോന്നുന്നു.

ശ്രീ. വി. ശിവൻകുട്ടി: സർ, മറ്റ് ജില്ലകളുടെ കണക്കുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.* രണ്ടാംഘട്ട അലോട്ട്മെന്റിനോടും സ്പോട്ട് അഡ്മിഷനോടുംകൂടി അപേക്ഷ നൽകിയ എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇപ്രാവശ്യം പാലക്കാട് മുതൽ കാസർഗോഡുവരെയുള്ള ജില്ലകളിൽ ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലും വർദ്ധനവുണ്ടായിട്ടുണ്ട്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മിച്ചം സീറ്റുകളുംകൂടി പരിഗണിച്ചുകൊണ്ട്, അപേക്ഷിച്ച മുഴുവൻ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിയുമെന്നുതന്നെയാണ് ഗവൺമെന്റ് നിലപാട്. ഇത് അടിയന്തരപ്രാധാന്യമുള്ള ഒരു പ്രശ്നമല്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കുട്ടികൾ ഉറക്കമിളച്ചിരുന്ന് പഠിക്കുമ്പോൾ ഉറക്കം വരാതിരിക്കാൻവേണ്ടി ബക്കറ്റിൽ വെള്ളം നിറച്ചുവച്ച് അതിൽ കാൽ താഴ്ത്തിവയ്ക്കും. തൊട്ടപ്പുറത്ത് മറ്റൊരു ബക്കറ്റിൽ വെള്ളം നിറച്ചുവച്ച് ഉറക്കം വരാതിരിക്കാൻ അമ്മയും കാൽ താഴ്ത്തിയിട്ടിരിക്കുകയാണ്. കുട്ടികൾ ഉറങ്ങുമ്പോൾ മാത്രം ഉറങ്ങുകയും അവർ ഉണരുമ്പോൾ കൂടെ ഉണരാൻ ശ്രദ്ധിക്കുകയും ചെയ്യുന്ന അമ്മമാരുടെ നാടാണ് കേരളം. കേരളത്തിലെ മാതാപിതാക്കളുടെ ഫസ്റ്റ് പ്രയോറിറ്റി കുട്ടികളുടെ വിദ്യാഭ്യാസമാണ്. ഇന്ന് കേരളത്തിൽ പ്ലസ് വൺ പ്രവേശനം ആഗ്രഹിക്കുന്ന രണ്ടുലക്ഷത്തോളം വരുന്ന കുട്ടികളുടെയും അവരുടെ മാതാപിതാക്കളുടെയും ഉത്കണ്ഠയാണ് ഞങ്ങൾ ഈ സഭയിൽ ഉന്നയിക്കാൻ ശ്രമിക്കുന്നത്. 3-8-2021-ൽ ഞങ്ങൾ സഭയിൽ ഈ വിഷയം കൊണ്ടുവന്നപ്പോൾ മലബാറിലെ ആറ് ജില്ലകളിലെ സീറ്റുകളുടെ എണ്ണക്കുറവാണ് പ്രധാനമായും ഫോക്കസ് ചെയ്തതെങ്കിൽ പ്ലസ് വൺ അഡ്മിഷൻ നടക്കുന്ന ഈ സമയത്ത് മലബാറിലെ ആറ് ജില്ലകളിൽ രൂക്ഷമായി ആ പ്രശ്നം തുടരുമ്പോൾത്തന്നെ തെക്കൻ ജില്ലകളിലും എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് കിട്ടിയ കുട്ടികൾക്കുപോലും അവർ ആഗ്രഹിക്കുന്ന വിഷയത്തിലും സ്കൂളിലും അഡ്മിഷൻ ലഭിക്കാത്ത പ്രശ്നങ്ങൾ വളരെ ഗൗരവമായി തുടരുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കണക്കുകൾക്ക് ഒരു പ്രസക്തിയുമില്ല.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

അദ്ദേഹം പറഞ്ഞ കണക്കുകളനുസരിച്ച്, ഈ കുട്ടികൾ അഡ്മിഷൻ കിട്ടാതെ പരാതി പറയുന്നതും ഇഷ്ടമുള്ള വിഷയം കിട്ടിയില്ല, ഇഷ്ടമുള്ള സ്കൂൾ കിട്ടിയില്ല, ഫസ്റ്റ് അലോട്ടുമെന്റിൽ അഡ്മിഷൻ കിട്ടിയില്ല, സെക്കൻഡ് അലോട്ടുമെന്റിൽ കിട്ടാൻ സാദ്ധ്യതയില്ല എന്നൊക്കെ പറയുന്നതുമെല്ലാം കളവായി പരിഗണിക്കേണ്ടിവരും. നിങ്ങളെല്ലാവരും ആലോചിക്കണം. നമ്മുടെ ഓഫീസുകളിൽ ഈ കുട്ടികളും മാതാപിതാക്കളും വന്ന് കരയുകയാണെന്നത് ഇവിടെ വിഷയം അവതരിപ്പിച്ച ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചു. അഡ്മിഷൻ കിട്ടാതെ അവർ വിഷമിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്കനുസരിച്ച് കേരളത്തിൽ എക്സസ് സീറ്റുകളാണുള്ളത്. തമിഴ്നാട്ടിൽനിന്നും കർണ്ണാടകത്തിൽനിന്നും കുട്ടികളെ ഇവിടെ പ്ലസ് വണ്ണിൽ ചേർക്കാം.

ശ്രീ. വി. ശിവൻകുട്ടി: സർ, തമിഴ്നാട്ടും കർണ്ണാടകവും എസ്.എസ്.എൽ.സി. പരീക്ഷ നടത്താത്തതുകൊണ്ട് ഹയർ സെക്കണ്ടറിയിൽ ചേർക്കാൻ പറ്റില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇങ്ങനെയാണ് ബഹുമാനപ്പെട്ട പൊതുവിഭ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി മറുപടി പറയുന്നതെങ്കിൽ വളരെ നന്നായിരിക്കും. ഇതാണ് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നിലപാട്. കേരളത്തിൽ എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾ മാത്രമല്ല ഇവിടെ പ്ലസ് വണ്ണിൽ ചേരുന്നത്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും പ്ലസ് വണ്ണിന് ആരും ചേരുന്നില്ല എന്ന് കേരളത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ നിയമസഭയിൽ എഴുന്നേറ്റുനിന്ന് പറഞ്ഞാൽ അങ്ങയെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പ്രണാമം എന്നുമാത്രമേ പറയാൻ പറ്റുകയുള്ളൂ. അങ്ങയെ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയാക്കിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു സലാം കൊടുക്കാം. (.....ബഹളം.....) ഞാൻ വഴങ്ങുന്നില്ല. ഇതുപോലെയുള്ള ചോദ്യങ്ങൾ ചോദിക്കാനാണെങ്കിൽ ഞാൻ വഴങ്ങുന്നില്ല.

മി. സ്പീക്കർ: അദ്ദേഹത്തെക്കുറിച്ചുള്ള വ്യക്തിപരമായ പരാമർശം ഉണ്ടായതുകൊണ്ടാണ്. (.....ബഹളം.....) അങ്ങ് അദ്ദേഹത്തെക്കുറിച്ച് വ്യക്തിപരമായ ഒരു പരാമർശം നടത്തിയതിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, അതിന് ഞാൻ വഴങ്ങണ്ടേ? (.....ബഹളം.....)

മി. സ്പീക്കർ: ഇരിക്കു. അത് പരിശോധിക്കാം.

ശ്രീ. വി. ശിവൻകുട്ടി: സർ, .....

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അങ്ങേയ്ക്ക് കൊടുക്കാം. ഞാൻ വഴങ്ങുന്നില്ലെന്നാണ് പറഞ്ഞത്.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ല. അദ്ദേഹം പറഞ്ഞത് സംബന്ധിച്ചുള്ള ആക്ഷേപം പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, വാക്കൗട്ട് പ്രസംഗത്തിൽ സാധാരണ വഴങ്ങിക്കൊടുക്കാറില്ല. അങ്ങ് അങ്ങനെയൊരു പ്രീസിഡന്റ് ഉണ്ടാക്കിയാൽ ഞാൻ വഴങ്ങിക്കൊടുക്കാം.

ശ്രീ. വി. ശിവൻകുട്ടി: സർ, അദ്ദേഹം ഇത്രയും രോഷാകുലനാകേണ്ട ഒരു കാര്യവുമില്ല. അദ്ദേഹത്തിനെതിരായി ഒരു ചെറിയ വിമർശനമെങ്കിലും ആരെങ്കിലും പറഞ്ഞാൽ ഇത്രയും ബഹളമുണ്ടാക്കേണ്ട ഒരു കാര്യവുമില്ല. ഞാൻ പറഞ്ഞത് സത്യസന്ധമായ കാര്യമല്ലേ? ഇന്ത്യാ രാജ്യത്ത് ബോർഡ് പരീക്ഷ നടത്തിയ ഏക സംസ്ഥാനം കേരളം മാത്രമാണ്. അതുകൊണ്ട് തമിഴ്നാട്ടിൽനിന്ന് എസ്.എസ്.എൽ.സി.-ക്ക് 'all promotion' സർട്ടിഫിക്കറ്റുമായി നിരവധി കുട്ടികൾ കേരളത്തെ സമീപിക്കുന്നുണ്ട്. അതുപോലെ കർണ്ണാടകത്തിൽനിന്നും ലക്ഷദ്വീപിൽനിന്നും സമീപിക്കുന്നുണ്ട്. അവരെല്ലാം all promotion ആയതുകൊണ്ട് ഇവിടത്തെ ഏകജാലക പ്രവേശനത്തിന് അപേക്ഷ കൊടുക്കാൻ കഴിയില്ലെന്നുള്ള കാര്യമാണ് ഞാൻ പറഞ്ഞത്. അദ്ദേഹത്തെ പ്രതിപക്ഷ നേതാവാക്കിയത് ആരാണെന്നതിനെ സംബന്ധിച്ചൊന്നും ഞാനൊന്നും പറഞ്ഞില്ലല്ലോ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ സി.ബി.എസ്.ഇ.-യിലും ഐ.സി.എസ്.ഇ.-യിലും പരീക്ഷകൾ നടന്നിട്ടില്ല. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പരീക്ഷകൾ നടത്താതെ റിസൾട്ട് പബ്ലിഷ് ചെയ്യുകയാണ്. ആ കുട്ടികൾകൂടി കേരളത്തിൽ പ്ലസ് വണ്ണിന് ചേരാൻ വരികയാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള കുട്ടികളും സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പരീക്ഷകൾ പാസ്സായ കുട്ടികളും ട്രാൻസ്ഫറായി വരുന്ന ഉദ്യോഗസ്ഥരുടെ മക്കളുമെല്ലാം ഇവിടത്തെ പ്ലസ് വണ്ണിൽ ചേരും. സി.ബി.എസ്.ഇ.-യിൽനിന്ന് കഴിഞ്ഞ പ്രാവശ്യം 37000 കുട്ടികൾ ചേർന്നിട്ടുണ്ട്. ഈ പ്രാവശ്യവും പരീക്ഷ നടത്തിയാലും ഇല്ലെങ്കിലും അവരുടെ റിസൾട്ട് പബ്ലിഷ് ചെയ്തതുകൊണ്ട് സി.ബി.എസ്.ഇ.-യിലെയും ഐ.സി.എസ്.ഇ.-യിലെയും കുട്ടികളെ ഇവിടെ ചേർക്കണം. തമിഴ്നാട്ടിൽനിന്നോ കർണ്ണാടകത്തിൽനിന്നോ ഡൽഹിയിൽനിന്നോ വന്നാലും ആ കുട്ടികളെ ഇവിടെ ചേർക്കണം. ഇവിടെ ചേർക്കാതിരിക്കാൻ പറ്റില്ല.

മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി അതെല്ലാം മനസ്സിലാക്കണം. ആകെ അപേക്ഷകർ 465219-ഉം ഇതുവരെ അലോട്ട് ചെയ്ത സീറ്റുകൾ 218000-ഉം ആണ്. 52000 മെറിറ്റ് സീറ്റുകൾമാത്രമാണ് ഇനിയുള്ളത്. ഇവിടെ ഒന്നര ലക്ഷം മുതൽ രണ്ട് ലക്ഷം വരെയുള്ള കുട്ടികൾ പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട് അനിശ്ചിതത്വത്തിലാണ്. മന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹത്തിന് സ്റ്റേറ്റ് യൂണിറ്റായി മാത്രമേ പറയാൻ കഴിയുകയുള്ളൂവെന്നാണ് ഇപ്പോഴും സംസാരിക്കുന്നത്. സ്റ്റേറ്റ് യൂണിറ്റായി പറഞ്ഞാൽ ഓരോ താലൂക്കിലെയും അഡ്മിഷൻ കിട്ടാത്ത കുട്ടികൾ എവിടെപ്പോയി പഠിക്കും; ജില്ലയുടെ അങ്ങേ അതിർത്തിയിൽ പോയി പഠിക്കുമോ? അവർക്ക് ആ താലൂക്കിലും ആ ജില്ലയിലും അഡ്മിഷൻ കിട്ടുന്നില്ല. മറ്റ് ജില്ലകളിൽനിന്നുള്ള കുട്ടികൾ അപേക്ഷ കൊടുക്കുന്നത് എങ്ങനെയാണ്? കേരളത്തിൽ കോട്ടയം ജില്ലയിലെ പാലാ, തൃശ്ശൂർ, തിരുവനന്തപുരം തുടങ്ങിയ ജില്ലകളിൽ മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിനായി മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ളതുകൊണ്ട് മറ്റ് ജില്ലകളിൽനിന്നുള്ള കുട്ടികൾ പ്ലസ് വണ്ണിന് ഇവിടെ അപേക്ഷ കൊടുക്കുകയാണ്. മറുപടി പറയുമ്പോൾ അങ്ങ് ഇതൊക്കെ മനസ്സിലാക്കണ്ടേ? അല്ലാതെ കുട്ടികൾ വേറെ ജില്ലകളിൽ അപേക്ഷ കൊടുക്കുന്നതല്ല. മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗിന് പ്രധാനപ്പെട്ട സ്ഥാപനങ്ങളിൽ ചേരാൻവേണ്ടിയാണ് കുട്ടികൾ ഇങ്ങനെ അപേക്ഷ കൊടുക്കുന്നത്. എല്ലാ ജില്ലകളിലും ഈ പ്രശ്നമുണ്ട്. ഗുരുതരമായ പ്രശ്നം മലബാർ മേഖലകളിലെ ജില്ലകളിലാണ്. കോട്ടയം, തിരുവനന്തപുരം ജില്ലകളിലും സീറ്റുകളുടെ പ്രശ്നമുണ്ട്. പല താലൂക്കുകളിലും കുട്ടികൾക്ക് അഡ്മിഷൻ കിട്ടുന്നില്ല. ആകെ മെറിറ്റ് സീറ്റുകൾ രണ്ട് ലക്ഷത്തി എഴുപത്തി ഒരായിരത്തി ചില്വാനമാണ്. 120000 പേർക്കാണ് എല്ലാ വിഷയത്തിനും എ-പ്ലസ് കിട്ടിയത്. അപ്പോൾ 271000 മെറിറ്റ് സീറ്റുണ്ടായിട്ടും എല്ലാത്തിനും എ-പ്ലസ് കിട്ടിയ 120000 കുട്ടികൾക്കുപോലും അഡ്മിഷൻ കിട്ടുന്നില്ലെന്നുപറഞ്ഞാൽ എന്താണ് സ്ഥിതി; അവർക്ക് അഡ്മിഷൻ കിട്ടണ്ടേ? അങ്ങ് പറഞ്ഞ കണക്കനുസരിച്ച് 271000 മെറിറ്റ് സീറ്റുണ്ട്, എല്ലാത്തിനും എ-പ്ലസ് കിട്ടിയ 120000 കുട്ടികൾക്ക് ആദ്യം അഡ്മിഷൻ കൊടുത്താൽ ബാക്കി 150000 സീറ്റുണ്ടല്ലോ? അതാണ് ഈ വിഷയം അവതരിപ്പിച്ച ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞത്. ശാസ്ത്രീയമായാണ് ഈ വിഷയത്തെ സമീപിക്കേണ്ടത്. നിയമസഭാ സമ്മേളനം വളരെ പ്രതീക്ഷയോടുകൂടിയാണ് മാതാപിതാക്കൾ കാത്തിരിക്കുന്നത്. പ്ലസ് വൺ അഡ്മിഷനിലുള്ള സങ്കീർണ്ണതകൾ പരിഹരിക്കാനുള്ള ഗവൺമെന്റിന്റെ സുപ്രധാന തീരുമാനം ഇവിടെയുണ്ടാകുമെന്നാണ് മാതാപിതാക്കൾ പ്രതീക്ഷിക്കുന്നത്. അവിടെയാണ് അങ്ങ് ഇതുപോലെ എല്ലാവരെയും നിരാശപ്പെടുത്തുന്ന, പ്രയാസപ്പെടുത്തുന്ന മറുപടി പറയുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ അങ്ങ് ഈ കുട്ടികളുടെ കണ്ണീരും വിഷമങ്ങളും

കാണണ്ടേ? എല്ലാ വിഷയത്തിനും എ-പ്ലസ് വാങ്ങിയിട്ടുപോലും സയൻസിൽ ചേരണമെന്ന് ആഗ്രഹിക്കുമ്പോൾ ഹ്യൂമാനിറ്റീസിന് അഡ്മിഷൻ കിട്ടുന്നു. ആ കുട്ടിയുടെ സ്വപ്നമാണ് സയൻസോ കൊമേഴ്സോ വിഷയം എടുക്കുകയെന്നുള്ളത്. ഇഷ്ടമില്ലാത്ത വിഷയം ദൂരെയുള്ള സ്കൂളുകളിൽപ്പോയി എത്ര കുട്ടികൾക്ക് പഠിക്കാൻ സാധിക്കും? അങ്ങ് അത് മനസ്സിലാക്കണം. അതുപോലെ മാനേജ്മെന്റ് സീറ്റുകളിൽ നടക്കുന്നതെന്താണ്? എല്ലായിടത്തുമെന്ന് ഞാൻ പറയുന്നില്ല, കേരളത്തിൽ പല സ്കൂളുകളിലും മാനേജ്മെന്റ് സീറ്റുകളിൽ കൊള്ളയാണ് നടക്കുന്നത്. രണ്ട് ലക്ഷം രൂപയും മൂന്ന് ലക്ഷം രൂപയുമാക്കി ഒരു പ്ലസ് വൺ സീറ്റിന്റെ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. എല്ലാ വിഷയത്തിനും എ-പ്ലസ് ലഭിച്ചവർക്ക് മെറിറ്റ് ക്വാട്ടയിൽ സീറ്റ് ലഭിക്കാത്തതുകൊണ്ടാണ് മാനേജ്മെന്റിനെ ആശ്രയിക്കേണ്ടിവരുന്നത്. പണമുള്ളവർ മാത്രം പഠിച്ചാൽ മതിയെന്നാണോ നിങ്ങളുടെ സമീപനം? കഴിഞ്ഞതവണ പത്ത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചപ്പോൾ 50 പേർക്കിരിക്കാവുന്ന ഒരു ക്ലാസ്സ് മുറിയിൽ 60 പേർ ഇരിക്കാൻ പാടില്ലെന്നും മഹാമാരിയായതുകൊണ്ട് കഴിഞ്ഞ പ്രാവശ്യം അതിൽ ഇടപെടുന്നില്ലെന്നും ഹൈക്കോടതി പറഞ്ഞിരുന്നു. മാത്രമല്ല അടുത്ത വർഷം, അതായത് ഈ അദ്ധ്യയന വർഷം തുടങ്ങുന്നതിനുമുൻപ് വിദ്യാഭ്യാസ വകുപ്പ് ഉചിതമായ നടപടി സ്വീകരിക്കണമെന്നും ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. ഞാൻ അങ്ങയോട് ചോദിക്കുകയാണ്, ഹൈക്കോടതി ആവശ്യപ്പെട്ടിട്ട് എന്ത് നടപടിയാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചത്? നാളെ ഒരാൾ കോടതിയിൽ ഒ.പി. (ഒറിജിനൽ പെറ്റീഷൻ) കൊടുത്താൽ പഴയ റിട്ട് പെറ്റീഷനിൽ ഈ ഗവൺമെന്റിന് കൊടുത്ത ഡയറക്ഷൻ നിലനിൽക്കുകയാണ്. അപ്പോൾ വേണമെങ്കിൽ ഈ സീറ്റ് വർദ്ധനവ് റദ്ദാക്കാം. മാത്രമല്ല, സാമൂഹിക അകലം പാലിച്ച് ക്ലാസ്സുകൾ തുടങ്ങേണ്ട സമയത്ത് 50 പേർ ഇരിക്കേണ്ട സ്ഥലത്ത് 60 പേർക്ക് ഇരിക്കാവുന്ന സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയാണോ വേണ്ടത്; എന്താണ് നിങ്ങൾ ഉദ്ദേശിക്കുന്നത്? 'അൺ എയ്ഡഡ് സ്കൂളുകളിലെ സീറ്റ് വർദ്ധിപ്പിച്ചുകൊടുക്കും' എന്ന അങ്ങയുടെ ഒരു പ്രസ്താവന കണ്ടു. അൺ എയ്ഡഡ് സ്കൂളിന് അനുമതി കൊടുക്കില്ലെന്നുപറഞ്ഞുകൊണ്ടാണ് അങ്ങ് ആദ്യമായി ഇവിടെ മുഖ്യമന്ത്രിയായത്. പൊതുവിദ്യാഭ്യാസ യജ്ഞം നടത്തി പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുകയെന്നതുകൊണ്ട് അൺ എയ്ഡഡ് സ്കൂളുകൾക്ക് പുതിയ എൻ.ഒ.സി.പോലും കൊടുത്തിട്ടില്ലായിരുന്നു. പിന്നീട് അവരെല്ലാം കോടതിയിൽപ്പോയാണ് എൻ.ഒ.സി. വാങ്ങിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് എനിക്ക് പറയാനുള്ളത്, ഇപ്പോൾ അങ്ങയുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുകയാണ് അൺ എയ്ഡഡിന് സീറ്റ് വർദ്ധിപ്പിച്ചുകൊടുക്കുമെന്ന്. ഇത് പൊതുവിദ്യാഭ്യാസ യജ്ഞത്തെ സഹായിക്കാനാണോ; ഇതാണോ പൊതുവിദ്യാഭ്യാസ യജ്ഞം? അൺ എയ്ഡഡ് സീറ്റിന് പല സ്കൂളുകളിലും വാങ്ങിക്കുന്ന തുക എത്രയാണെന്നുള്ളത് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായ അങ്ങ്

അറിഞ്ഞിരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. പണമുള്ളവർമാത്രം പഠിച്ചാൽ മതിയെന്നാണ് പറയുന്നത്. അൺ എയ്ഡഡിൽ പഠിക്കാൻ അല്ലെങ്കിൽ മാനേജ്മെന്റിൽ കോഴ കൊടുത്ത് പഠിക്കാൻ നിവൃത്തിയില്ലാത്ത പാവപ്പെട്ട കുടുംബങ്ങളിൽ നിന്നുവരുന്ന കുട്ടികളുടെ കാര്യമാണ് ഞങ്ങളിവിടെ ഉന്നയിക്കുന്നത്. ഇതൊന്നും ഒരു മറുപടിയല്ല. ഇവിടെ എന്തെല്ലാം അഷ്വറൻസാണ് തന്നത്. കഴിഞ്ഞ പ്രാവശ്യം ഞങ്ങളിത് കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി സഭയ്ക്കുതന്ന അഷ്വറൻസാണ് 'കുട്ടികളുടെ ഉപരിപഠനത്തിനുള്ള അപേക്ഷയുടെ അടിസ്ഥാനത്തിൽ അത് പരിശോധിച്ചശേഷം ഏതെങ്കിലും പ്രദേശത്ത് കുറവുണ്ടെങ്കിൽ ആ പ്രദേശത്തെ എം.എൽ.എ.-മാരുമായി ആലോചിച്ചുകൊണ്ട് ഉപരിപഠനത്തിനാഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അതിനുള്ള സൗകര്യമൊരുക്കുന്നതാണെന്ന് ഞാൻ ഉറപ്പുനൽകുകയാണ് എന്ന്. ഏത് എം.എൽ.എ.-യുമായാണ് അങ്ങ് ആലോചിച്ചത്? 'സി.ബി.എസ്.ഇ.-യുടെയും ഐ.സി.എസ്.ഇ.-യുടെയും പ്രശ്നംവരുന്ന അവസരത്തിൽ ഒന്നാമത്തേയും രണ്ടാമത്തേയും അലോട്ടുമെന്റ് നടത്തിയശേഷം പരിശോധിക്കാം. മലപ്പുറം അടക്കമുള്ള ജില്ലകളിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ അതുംകൂടി പരിഗണിച്ചുകൊണ്ട് പരിശോധിക്കുന്നതിൽ തെറ്റില്ല. ഉപരിപഠനത്തിന് അപേക്ഷ നൽകിയിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണ്. അതിന്റെയടിസ്ഥാനത്തിൽ ഒരു വിദ്യാർത്ഥിക്കുപോലും ഉപരിപഠനത്തിനുള്ള അവസരം കിട്ടില്ലെന്നുള്ള ആശങ്കയും വേണ്ട.' ഇതെല്ലാം അങ്ങ് സഭയിൽ പറഞ്ഞതാണ്. 'വേണമെങ്കിൽ പ്രതിപക്ഷ നേതാവിനെയും പ്രതിപക്ഷ ഉപനേതാവിനെയും വിളിച്ച് ചർച്ചകൾ നടത്താം. വേണമെങ്കിൽ പ്രതിപക്ഷ നേതാവിന്റെ ഓഫീസിലേയ്ക്കും വരാം.' അത്ര വിനയാന്വിതനായി കഴിഞ്ഞ സഭയിൽ അങ്ങ് പറഞ്ഞതാണ്. എന്നിട്ട് സ്ഥിതിയെന്താണ്? അന്ന് ഈ വിഷയം അവതരിപ്പിക്കുന്നതിനേക്കാൾ ഗുരുതരമാണ് ഇപ്പോഴത്തെ പ്രശ്നം. ഈ കണക്കുകൾ അങ്ങ് ഒന്നുകൂടി വായിച്ചുനോക്കണം. ജില്ലകളിലെ സഹപ്രവർത്തകരുമായി, അങ്ങയുടെ കൂടെയിരിക്കുന്ന എം.എൽ.എ.-മാരുമായി അവരുടെ നിയോജകമണ്ഡലങ്ങളിലെ സ്ഥിതിയെന്താണെന്നുള്ളത് ചോദിക്കണം. ഞങ്ങളോട് വേണ്ട, ഭരണകക്ഷി എം.എൽ.എ.-മാരോട് ചോദിച്ചാൽ മതി. ഇവിടെ ഈ വിഷയം ശ്രദ്ധക്ഷണിക്കലായി കൊണ്ടുവരുന്ന ശ്രീമതി കെ. കെ. ശൈലജ ടീച്ചറോട് ചോദിച്ചാലുംമതി. എല്ലാ താലൂക്കുകളിലും ഗുരുതരമായ പ്രശ്നമാണുള്ളത്. അങ്ങയുടെ അടുത്തും കുട്ടികൾ വരുന്നുണ്ട്, അവർക്ക് അഡ്മിഷൻ കിട്ടുന്നില്ല എന്നുള്ളത് ഗൗരവമായ പ്രശ്നമാണ്. സംസ്ഥാനത്തെ മൊത്തം സീറ്റുകളുടെ എണ്ണംവച്ചുകൊണ്ട് എല്ലാം ശരിയായിവരുമ്പോൾ കിട്ടുമെന്നുള്ള സമീപനംകാരണം കഴിഞ്ഞ പ്രാവശ്യം ധാരാളം കുട്ടികൾ ഓപ്പൺ സ്കൂളുകളിലേയ്ക്ക് പോയി. ഇപ്രാവശ്യം ഓപ്പൺ

സ്കൂളുകളിലേയ്ക്ക് പോകുന്ന കുട്ടികളുടെ എണ്ണം കഴിഞ്ഞ പ്രാവശ്യത്തേക്കാൾ മൂന്നിരട്ടിയാകും. അതാണോ സർക്കാർ ഉദ്ദേശിക്കുന്നത്? എസ്.എസ്.എൽ.സി., സി.ബി.എസ്.ഇ. സിലബസിലെ പത്താം ക്ലാസ്സ് പാസ്സായ കേരളത്തിലെ കുട്ടികളെ മുഴുവൻ ഇനി പൊതുവിദ്യാഭ്യാസ ധാരയിൽ നിർത്താതെ ഓപ്പൺ സ്കൂളുകളിലേയ്ക്ക് പ്രൈവറ്റ് രജിസ്ട്രേഷന് പറഞ്ഞുവിടുകയെന്നതാണ് ഈ സർക്കാരിന്റെ നയമെങ്കിൽ ആ നയം പ്രഖ്യാപിക്കണം. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, ഇത് ഒരു വാശിയുടെ പ്രശ്നമല്ല, അങ്ങ് ഇതിൽ ഇടപെടണം. ഇവിടെ വിദ്യാഭ്യാസ വകുപ്പുമന്ത്രി അവതരിപ്പിച്ച കണക്കുകളും യാഥാർത്ഥ്യവുമായി ഒരു ബന്ധവുമില്ല. അങ്ങ് ഇക്കാര്യത്തിൽ ഇടപെട്ട് നടപടി സ്വീകരിക്കണമെന്ന് കുട്ടികൾക്കുവേണ്ടി ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. എന്തെല്ലാം കണക്കുകൾ ഞങ്ങൾ നിരത്തിയിട്ടും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കണക്ക് പറഞ്ഞ്, അതാണ് ശരിയെന്ന് പറഞ്ഞ്, അത് സമ്മതിക്കാതിരിക്കുന്ന നിഷേധാത്മകമായ ഈ നിലപാടിലും കേരളത്തിലെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഏറ്റവും ഗുരുതരമായ പ്രതിസന്ധി സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാട് പുനഃപരിശോധിക്കണമെന്നാണ് എനിക്കും പറയാനുള്ളത്. കാരണമെന്തെന്നാൽ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നാലഞ്ച് വർഷം പുതിയ ബാച്ച് കൊടുക്കുകയുണ്ടായില്ലെന്നാണ് എന്റെ ഓർമ്മ. ഇപ്പോൾ ഗവൺമെന്റ് സ്കൂളുകളിലും മറ്റ് സ്കൂളുകളിലും ബാച്ച് കുമിഞ്ഞുകൂടി. കേരളത്തിന്റെ പ്രത്യേകതയനുസരിച്ച് പുതിയ ബാച്ച് കൊടുക്കാതിരുന്നാൽ അത് വളരെ ഗൗരവമുള്ള പ്രശ്നമാകും. ഇവിടെ ചോദ്യോത്തരവേളയിൽ, നമ്മുടെ സഹോദരിമാർ സമൂഹത്തിൽ മുന്നോട്ടുവന്ന, അതിൽ കേരളം അഭിമാനംകൊള്ളുന്ന കാര്യങ്ങളൊക്കെ പറയുകയുണ്ടായി. എനിക്ക് അവസരം കിട്ടിയില്ല, കിട്ടിയിരുന്നെങ്കിൽ പറയാമായിരുന്നു. മുന്നോട്ടുവന്നതിന്റെ പ്രധാന കാരണം വിദ്യാഭ്യാസമാണ്. ഈ കോവിഡ് കാലത്ത് കുട്ടികൾക്ക് കഴിഞ്ഞ കാലങ്ങളിലെപ്പോലെ വിദ്യാഭ്യാസം ലഭിച്ചിട്ടില്ല. വിദ്യാഭ്യാസം റെയിൽ തെറ്റിയപോലെയാണ്. അത് ആരുടെയും കുറ്റമല്ല. ആ അവസരത്തിൽ ഇപ്പോൾ സ്കൂളിൽ അഡ്മിഷൻകൂടി കിട്ടുന്നില്ലെന്നുപറഞ്ഞാൽ ഈ വിദ്യാഭ്യാസ പുരോഗതി

എങ്ങോട്ടാണ് പോകുന്നത്? ബഹുമാന്യനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞപ്രാവശ്യം അത് ഉൾക്കൊണ്ടാണ് സംസാരിച്ചത്. അതാണ് പ്രതിപക്ഷനേതാവ് പറഞ്ഞത്. ഇതിനൊരു തീരുമാനമുണ്ടാകുമെന്നും മന്ത്രി പറഞ്ഞിരുന്നു. ഞങ്ങൾ മുഖ്യമന്ത്രിയോടും സംസാരിച്ചിരുന്നതാണ്. പക്ഷേ സാമ്പത്തിക ചെലവിന്റെ ഒറ്റക്കാരണത്താൽ ഈ കാര്യം ഇങ്ങനെ നീട്ടിക്കൊണ്ടുപോയാൽ യാഥാർത്ഥ്യം എന്താണ്? ഏട്ടിലെ പശു പുല്ല് തിന്നുമോ? ഈ കണക്കുകൾ പറഞ്ഞിട്ട് കാര്യമില്ല. ഞങ്ങളൊക്കെ മന്ത്രിസഭയിലിരുന്ന ആളുകളാണ്. ഞാൻ കുറ്റം പറയുകയല്ല, ഉദ്യോഗസ്ഥർ ഇത്തരത്തിലുള്ള കണക്കുകൾ എഴുതിക്കൊണ്ടുവരും. പക്ഷേ യാഥാർത്ഥ്യം അതല്ല. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു ശ്രദ്ധ ക്ഷണിക്കൽ ഇന്നിവിടെ വരുന്നുണ്ടല്ലോ. ജനപ്രതിനിധികൾ പറയട്ടെ. അവർക്കറിയാമല്ലോ, കുട്ടികൾക്ക് അഡ്മിഷൻ കിട്ടാത്ത സ്ഥിതിയാണുള്ളത്. നല്ല കോളേജിലോ സ്കൂളിലോ അഡ്മിഷൻ ലഭിക്കുകയെന്നതൊരു മരീചികയാണ്. ഇങ്ങനെ ഒരു സ്ഥിതി സമൂഹത്തിലുണ്ടാക്കുന്ന പ്രശ്നം വളരെ വലുതാണ്. സ്ത്രീ സമത്വമൊക്കെ നമ്മൾ പറയുന്നുണ്ട്, അക്കാര്യത്തിൽ മുന്നോട്ടുവരേണ്ടതുണ്ട്. ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയെ കുറ്റപ്പെടുത്താൻവേണ്ടി നമുക്കുപറയാം. പക്ഷേ സമൂഹത്തെ മൊത്തം ബാധിക്കുന്ന വിദ്യാഭ്യാസ അവസരമില്ലായ്മ ഒരു പ്രതിഭാസമായി കേരളത്തിൽ വന്നിരിക്കുന്നു എന്നതാണ് വസ്തുത. വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലോ പാരലൽ കോളേജിലോ പോകാം, അതല്ലെന്നുണ്ടെങ്കിൽ ഓപ്പൺ ആയി പഠിക്കാം, പരീക്ഷ എഴുതാമെന്ന തരത്തിൽ ഉദ്യോഗസ്ഥർ എഴുതിക്കൊടുക്കുന്ന ഒരു കടലാസോ ഫയലോകൊണ്ട് ഒരു കാര്യവുമില്ല എന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മനസ്സിലാക്കേണ്ട കാര്യമാണ്.

മി. സ്പീക്കർ : യെസ്.... യെസ്....., ഇതെല്ലാം പറഞ്ഞ കാര്യങ്ങളാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, അത്രയും ഗൗരവമുള്ള ഒരു വിഷയമാണിത്. ബഹുമാനപ്പെട്ട ചെയർ പാലക്കാട് ജില്ലയിൽനിന്നുള്ള ജനപ്രതിനിധിയാണ്. അങ്ങയുടെ ജില്ലയിലും നിയോജകമണ്ഡലത്തിലുമുള്ള പ്രശ്നം ഞാൻ പറഞ്ഞു തരേണ്ട കാര്യമില്ലല്ലോ. ഇതൊരു അടിയന്തരപ്രമേയംകൊണ്ട് അവസാനിപ്പിക്കേണ്ട വിഷയമല്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്. സാമ്പത്തിക ചെലവുള്ള എത്രയോ പ്രോജക്ടുകൾ വേറെയില്ലേ? അത് പുനഃപരിശോധിച്ചായാലും കുട്ടികളുടെ വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന ഇക്കാര്യം അടിയന്തരമായി നടത്തിക്കൊടുക്കണം. വിദ്യാഭ്യാസ അവസരമുണ്ടാക്കാനുള്ള നടപടി ഗവൺമെന്റ് എടുക്കണമെന്നതിൽ അനുകൂല മറുപടി പറയാത്തതുകൊണ്ട് ഞങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ പ്രശ്നത്തെ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി കഴിഞ്ഞ തവണ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറയുകയുണ്ടായി. ആവശ്യമെങ്കിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യാമെന്നാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത്. ആ വാശാനമുള്ളതുകൊണ്ടായിരിക്കണം ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇവിടെ ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നിട്ടുള്ളത്. 'ഉപരിപഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുള്ള ക്രമീകരണം നടത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ്'' ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവരുന്നത്. ക്രമീകരണം എന്നേ ഞങ്ങളും പറയുന്നുള്ളൂ. സീറ്റിന്റെ കുറവ് മലപ്പുറത്തും കോഴിക്കോട്ടുമുണ്ടെന്ന് അങ്ങുതന്നെ പറഞ്ഞു.

മി. സ്പീക്കർ: ഇതെല്ലാം പറഞ്ഞ കാര്യങ്ങളാണ്.

ശ്രീ. പി. ജെ. ജോസഫ്: സർ, അങ്ങനെയുള്ള പശ്ചാത്തലത്തിൽ കോട്ടയത്ത് സീറ്റ് എക്സസ്സാണെന്ന് പറഞ്ഞാൽ പാലായിൽപ്പോലും കുട്ടികൾക്ക് സീറ്റ് കിട്ടിയില്ല. കാരണം ബ്രില്യന്റ് എന്ന സ്ഥാപനമുള്ളതുകൊണ്ട് എൻട്രൻസ് പരീക്ഷയിൽ ....

മി. സ്പീക്കർ: ബഹുമാന്യനായ പി. ജെ. ജോസഫ്, ഇതെല്ലാം പറഞ്ഞ കാര്യങ്ങളാണ്. അങ്ങ് വാക്കൗട്ട് നടത്തുന്നതായി പറയണം.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇല്ല. ഇത് പറഞ്ഞതല്ല. അവിടെ എക്സസ്സ് സീറ്റ്....

മി. സ്പീക്കർ: നീണ്ട പ്രസംഗങ്ങൾ ബുദ്ധിമുട്ടായിരിക്കും.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ രണ്ട് വാചകങ്ങളല്ലേ ആകെ പറയുന്നുള്ളൂ? അവിടെ സീറ്റ് എക്സസ്സ് ഇല്ല. തൊടുപുഴയിലെ കുട്ടികൾ ദേവികുളത്തും പീരുമേടുംപോയി പഠിക്കുന്നു. ഈ പശ്ചാത്തലത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭയിൽനിന്ന് പുറത്തുപോയി.)

മി. സ്പീക്കർ: ശ്രീ. അനൂപ് ജേക്കബ്, പ്രസംഗമല്ല, ഇറങ്ങിപ്പോക്ക് പ്രഖ്യാപിക്കാം.

ശ്രീ. അനൂപ് ജേക്കബ്: സർ, ആദ്യത്തെ ട്രയൽ അലോട്ടുമെന്റ് വന്നപ്പോൾത്തന്നെ അഡ്മിഷനെ സംബന്ധിച്ച് അവ്യക്തതയുണ്ടാകുമെന്നത് വളരെ വ്യക്തമായ കാര്യമാണ്.

മി. സ്പീക്കർ: അത് നമ്മൾ ചർച്ചചെയ്ത കാര്യമാണ്. പ്രതിപക്ഷ നേതാവിന് അനുവദിച്ച അത്രയും സമയം എല്ലാവർക്കും തരാനാകില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയം അവതരിപ്പിച്ച് ഇറങ്ങിപ്പോകാൻ സമ്മതിച്ചാൽ മതി. അതിനും സമ്മതിക്കില്ലെന്നു പറഞ്ഞാൽ എങ്ങനെയാണ്.

മി. സ്പീക്കർ: ഇറങ്ങിപ്പോകുന്നതായി അറിയിക്കാം.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞങ്ങളാരും പ്രസംഗിക്കുന്നില്ല. എഴുന്നേൽക്കുമ്പോൾത്തന്നെ ഇങ്ങനെ പറഞ്ഞാൽ എങ്ങനെയാണ്. എന്നാൽ അങ്ങ് തന്നെ സംസാരിച്ചോളൂ. (....ബഹളം....)

ശ്രീ. മോൻസ് ജോസഫ്: സർ, ഇങ്ങനെ കാണിക്കുന്നത് വളരെ മോശമാണ്. സംസാരിക്കാൻ സമ്മതിക്കാത്തത് ശരിയല്ല.

മി. സ്പീക്കർ: ദീർഘമായ പ്രസംഗം പറ്റില്ലെന്നാണ് പറഞ്ഞത്. അങ്ങ് ഇങ്ങനെ രോഷാകുലനാകേണ്ട കാര്യമില്ല.

ശ്രീ. അനൂപ് ജേക്കബ്: സർ, എണീക്കുമ്പോൾതന്നെ അങ്ങ് ഇങ്ങനെ പറഞ്ഞാൽ എങ്ങനെയാണ്? ഞാൻ എണീറ്റപ്പോൾത്തന്നെ അങ്ങ് പറയുകയാണ് നിർത്തിക്കോളാൻ. എങ്കിൽ അങ്ങ് തന്നെ സംസാരിച്ചോളൂ. (....ബഹളം....) (....ബഹളം....)

മി. സ്പീക്കർ: സാധാരണ വാക്കൗട്ട് പ്രസംഗത്തിൽ പ്രതിപക്ഷ നേതാവും ഉപനേതാവും സംസാരിച്ചാൽ മറ്റെല്ലാവരും വാക്കൗട്ടിൽ പങ്കെടുക്കുന്നതായി അറിയിക്കുന്നതാണ് പതിവ്. (....ബഹളം....)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. മാണി സി. കാപ്പൻ: സർ, .......(മൈക്ക് ഓഫ്).......

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാണി സി. കാപ്പൻ സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, വളരെ ഗൗരവമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു സർവ്വകക്ഷിയോഗം വിളിക്കണമെന്നമാണ് അറിയിക്കാനുള്ളത്. സീറ്റുകൾ കൂട്ടുകയല്ല പുതിയ ബാച്ചുകൾ അനുവദിക്കുകയെന്നുള്ളതാണ് ഏറ്റവും പ്രധാനമായ നിർദ്ദേശം. അതുകൂടി ഗവൺമെന്റ് അടിയന്തരമായി പരിഗണിക്കണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. പ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) ഉപരിപഠനത്തിന് പ്രവേശനം ലഭിക്കുന്നതിനുള്ള ക്രമീകരണം

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗത്തിന് വിഷയം സംബന്ധിച്ച് ഒറ്റ വാചകത്തിൽ പറയാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അടിയന്തരപ്രമേയത്തിന്റെ ഭാഗമായി ഈ വിഷയത്തിൽ വളരെ വ്യക്തമായി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ വിശദീകരണത്തിന്റെ ആവശ്യമില്ലെങ്കിലും സർക്കാരിന്റെ ശ്രദ്ധയിൽ പതിയേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമെന്ന നിലയിലാണ് ഞാൻ ഇത് ഉന്നയിക്കുന്നത്. നമുക്കെല്ലാം നന്നായറിയാം പ്രീഡിഗ്രി ഡീലിങ്ക് ചെയ്യുന്നതിനുമുമ്പ് എസ്.എസ്.എൽ.സി. കഴിഞ്ഞാൽ വളരെ കുറച്ചുകുട്ടികൾക്കുമാത്രമാണ് കോളേജിൽ പ്രീഡിഗ്രിക്ക് അഡ്മിഷൻ കിട്ടിയിരുന്നത്. മഹാഭൂരിപക്ഷം കുട്ടികളും പാരലൽ കോളേജുകളെയും മറ്റും ആശ്രയിച്ചാണ് പ്രീഡിഗ്രി വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നത്. എന്നാൽ പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതോടുകൂടി പ്ലസ്‌വൺ, പ്ലസ്ടു പഠനം സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാറിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ പൊതുജനങ്ങളുടെയിടയിൽ വലിയ പ്രതീക്ഷയുള്ളത് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി എസ്.എസ്.എൽ.സി. പാസ്സാകുന്ന മുഴുവൻ കുട്ടികൾക്കും പ്ലസ്‌വണ്ണിന് അഡ്മിഷൻ ലഭ്യമാകണമെന്നും പ്ലസ്ടു സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി

പൂർത്തിയാക്കാൻ കഴിയണമെന്നുമാണ്. അതിനനുസരിച്ചുതന്നെയാണ് സർക്കാർ കാര്യങ്ങൾ ക്രമീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി വളരെ വ്യക്തമായി ആ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. പ്രീഡിഗ്രി ഡീലിങ്ക് ചെയ്തതിനുശേഷം പ്ലസ് വണ്ണിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യുന്നതിൽ വലിയ പുരോഗതിയുണ്ടായിട്ടുണ്ടെന്ന് ഓരോ വർഷത്തെയും അഡ്മിഷൻ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ഇപ്പോഴും പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതുകൊണ്ടാണ് ഈ വിഷയം ചർച്ച ചെയ്യേണ്ടിവരുന്നത്. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവമായി കാണാനും എല്ലാ കുട്ടികൾക്കും അഡ്മിഷൻ കിട്ടുന്നുവെന്ന് ഉറപ്പുവരുത്താനും കഴിയണം. ഇവിടെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകൾ, സ്വാശ്രയ സ്കൂളുകൾ എന്നിവയിലെല്ലാംകൂടി പാസ്സായ കുട്ടികൾക്ക് ആനുപാതികമായി സീറ്റിന്റെ ക്രമീകരണം വരുത്തി എല്ലാവർക്കും അഡ്മിഷൻ ലഭിച്ചുവെന്ന് ഉറപ്പുവരുത്താൻ കഴിയണം. ഏകദാനമായി തീരുമാനിക്കാൻ കഴിയുന്ന ഒരു കാര്യമല്ലിത്. കാരണം കുട്ടികൾ ആഗ്രഹിക്കുന്നത് വ്യത്യസ്ത കോഴ്സുകളാണ്. ഇപ്പോൾ മൂന്ന് വിഭാഗങ്ങളിലായാണ് ഈ കോഴ്സുകളെല്ലാം ക്രമീകരിച്ചിരിക്കുന്നത്. സയൻസ് വിഷയങ്ങളിൽ പത്തും കൊമേഴ്സ് വിഷയങ്ങളിൽ നാലും ഹ്യൂമാനിറ്റീസിൽ മുപ്പത്തിരണ്ടും കോമ്പിനേഷനുകളുണ്ട്. മുഴുവൻ എ-പ്ലസ് കിട്ടിയ വിദ്യാർത്ഥികളിൽ മഹാഭൂരിപക്ഷവും സയൻസ് ഗ്രൂപ്പുകളെടുക്കാൻ ആഗ്രഹിക്കുന്നു. നമ്മുടെ നാട്ടിൽ വിദ്യാഭ്യാസരംഗത്ത് വന്നിട്ടുള്ള ഒരു വ്യതിയാനമാണത്. എല്ലാവരും എഞ്ചിനീയറിംഗ് അല്ലെങ്കിൽ മെഡിസിൻ ആഗ്രഹിക്കുന്നു. കുട്ടികളുടെ ഭാവി സുരക്ഷിതമാക്കാൻവേണ്ടിയാണ് രക്ഷിതാക്കൾ ഇങ്ങനെ ആഗ്രഹിക്കുന്നത്. എന്നാൽ മറ്റ് കോമ്പിനേഷനുകളെടുത്താലും സാദ്ധ്യതകളുണ്ടെന്നുള്ളത് സംബന്ധിച്ച ബോധവൽക്കരണം സമൂഹത്തിൽ നടത്തേണ്ടതായിട്ടുണ്ട്. എസ്.എസ്.എൽ.സി. കഴിയുമ്പോൾത്തന്നെ രക്ഷിതാക്കളെയും കുട്ടികളെയും ഓരോ കോഴ്സിന്റെയും പ്രത്യേകതകൾ പറഞ്ഞ് മനസ്സിലാക്കി ബോധ്യപ്പെടുത്താൻ സാധിക്കണം. അതിന്റെ ഭാഗമായി ഈ വ്യത്യസ്ത കോമ്പിനേഷനുകളിലേയ്ക്ക് കുട്ടികൾ ഡിസ്ട്രിബ്യൂട്ട് ചെയ്തുപോകുമ്പോൾ ഇത്രയും വലിയൊരു പ്രതിസന്ധിയുണ്ടാകില്ലെന്നാണ് തോന്നുന്നത്. ആ കാര്യമാണ് ഒന്നാമതായി ശ്രദ്ധിക്കാനുള്ളത്. മറ്റൊന്ന്, നമുക്ക് സംസ്ഥാനാടിസ്ഥാനത്തിലുള്ള മൊത്തം സീറ്റുകളെടുക്കുമ്പോൾ അത് ശരിയാകില്ല. അതാണ് ഏകദാനമായി പറ്റില്ലെന്ന് പറഞ്ഞത്.

മി. സ്പീക്കർ: അത് വിശദമായി ചർച്ച ചെയ്തതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അത് ജില്ലാടിസ്ഥാനത്തിലും സബ് ജില്ലാടിസ്ഥാനത്തിലും പരിശോധിച്ച് ആവശ്യമായ സീറ്റുകൾ re-arrangement നടത്തി കുട്ടികളെ അഡ്മിറ്റ് ചെയ്യാൻ സാധിക്കുമോയെന്നുള്ളതാണ് നോക്കേണ്ടത്. ഞാൻ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നു. കാരണം, സംവരണ സീറ്റിൽ ബാക്കി വരുന്നത് ജനറൽ സീറ്റിലേയ്ക്ക് കൺവെർട്ട് ചെയ്യുമെന്നും കൂടുതൽ സീറ്റുകൾ അനുവദിക്കുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചു. പക്ഷെ 50 കുട്ടികൾ മാത്രമേ പാടുള്ളൂവെന്ന കോടതി വിധി തടസ്സമാകുമോയെന്നുള്ള കാര്യവും പരിശോധിക്കണം. വളരെ അപൂർവ്വം ഇടങ്ങളിൽ ബാച്ച് അനുവദിച്ചാൽ പ്രശ്നം പരിഹരിക്കാൻ കഴിയുമെങ്കിൽ അതുകൂടി പരിഗണിക്കുന്നത് നന്നായിരിക്കും. ഏതായാലും ഈ ചുരുങ്ങിയ സമയംകൊണ്ടുതന്നെ ചെയ്തിട്ടുള്ളത് വലിയ കാര്യമാണ്. ഒറ്റ കാര്യംകൂടി സൂചിപ്പിക്കുന്നു. ഇപ്പോൾ ഒന്നാംഘട്ട അലോട്ടുമെന്റാണ് ആയിട്ടുള്ളത്. രണ്ടാംഘട്ട അലോട്ടുമെന്റും സ്പോട്ട് അലോട്ടുമെന്റുംകൂടി നടക്കുമ്പോൾ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഈ പ്രശ്നത്തിന് വലിയ അളവിൽ പരിഹാരം കാണാൻ കഴിയുമെന്നാണ് വിശ്വസിക്കുന്നത്. അക്കാര്യം ശ്രദ്ധിക്കണമെന്നുമാത്രമേ പറയുന്നുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നേരത്തെ പറഞ്ഞതിൽനിന്ന് കൂടുതലെന്തെങ്കിലും കൂട്ടിച്ചേർക്കാനുണ്ടെങ്കിൽ പറഞ്ഞാൽ മതി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ വിശദമായി നേരത്തെ സൂചിപ്പിച്ചു. ഹയർ സെക്കണ്ടറി മേഖലയിൽ സംസ്ഥാനത്താകെ അലോട്ടുമെന്റ് നടത്തുന്നതിനുവേണ്ടിയുള്ള സീറ്റുകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ വകുപ്പിൽ കൃത്യമായുണ്ട്. സീറ്റുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ ജില്ലയിലും എത്ര കുട്ടികൾക്ക് പ്രവേശനം ലഭിക്കുമെന്നതിനെ സംബന്ധിച്ച കണക്ക് ഞാൻ അവതരിപ്പിച്ചത്. പൊതുവിദ്യാഭ്യാസ വകുപ്പിലുള്ള കണക്ക് തെറ്റാണെന്ന് വാദിച്ച് അതിനെ സംബന്ധിച്ച് യാതൊരു ധാരണയുമില്ലാതെയാണ് സംസാരിക്കുന്നതെന്ന പ്രതിപക്ഷത്തിന്റെ വാദം വസ്തുതകൾക്ക് നിരക്കാത്തതാണെന്നുമാത്രമല്ല രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടി കൊണ്ടുവന്ന കാര്യവുമാണ്. അതുകൊണ്ട് എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ കുട്ടികൾക്കും ഉപരിപഠനത്തിനുള്ള സൗകര്യമൊരുക്കുമെന്ന് സർക്കാർ നേരത്തെ വ്യക്തമാക്കിയിട്ടുള്ളതാണ്.

11.00 a.m.]

ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സാകുകയും ഹയർ സെക്കണ്ടറിക്ക് അപേക്ഷ നൽകുകയും ചെയ്തിട്ടുള്ളത് 2016-ലാണ്. ഇപ്പോൾ പ്ലസ് വൺ സീറ്റിന്റെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. മലപ്പുറം, വയനാട്, കോഴിക്കോട് തുടങ്ങി എല്ലാ ജില്ലകളിലെയും കണക്കും എന്റെ

കൈവശമുണ്ട്. ഈ വസ്തുതകൾ സർക്കാർ ശേഖരിക്കുന്നത് എങ്ങനെയാണെന്നുള്ള വിവരം പ്രതിപക്ഷത്തിരിക്കുന്നവർക്കും ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ച മുൻമന്ത്രിക്കുമറിയാം. അത് ഞാൻ പ്രത്യേകം സഭയിൽ പറയേണ്ടതില്ല. ആ വസ്തുതകൾ ശേഖരിച്ച് വിശദമായ പരിശോധനയ്ക്കുശേഷമാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചതുപോലെ സർവ്വവിജ്ഞാനകോശം എന്ന നിലയിലല്ല പ്രധാനപ്പെട്ട വസ്തുതയാണ് ഞാൻ പറഞ്ഞത്. ഇന്ത്യയിൽ ബോർഡ് പരീക്ഷ നടത്തിയ ഏക സംസ്ഥാനം കേരളം മാത്രമാണ്. അതുകൊണ്ടുതന്നെ തമിഴ്നാട്, കർണ്ണാടക, ലക്ഷദ്വീപ് എന്നിവിടങ്ങളിലെ മലയാളികളായ കുട്ടികൾക്ക് സംസ്ഥാനത്ത് ഹയർ സെക്കണ്ടറിക്ക് അപേക്ഷ നൽകുന്നതിന് സാധിക്കുന്നില്ല. ആ സത്യമാണ് ഞാൻ പറഞ്ഞത്. അതിന് ഇത്രയും വലിയ ബഹളമുണ്ടാക്കുകയും പ്രതിപക്ഷ നേതാവിന് യോജിക്കാത്ത രൂപത്തിലുള്ള പദപ്രയോഗം നടത്തുകയും ചെയ്തത് ശരിയല്ല. ആരാണ് അദ്ദേഹത്തെ പ്രതിപക്ഷ നേതാവാക്കിയതെന്ന് നിരവധിയാളുകൾ ചോദിക്കുന്നുണ്ട്. അദ്ദേഹത്തിന് ചുറ്റുമിരിക്കുന്ന ആളുകൾതന്നെ ചോദിക്കുകയാണ്. സമയം ലഭിക്കുമെങ്കിൽ കഴുത്തിനുപിടിക്കാൻ തയ്യാറായി അവർ ഇരിക്കുകയാണ്. പ്രതിപക്ഷനേതാവാണെന്നുള്ളതുകൊണ്ട് മറ്റുള്ളവരെയെല്ലാം പുച്ഛത്തോടെ കാണുന്ന അഹങ്കാരവും ധിക്കാരവും നിറഞ്ഞ സമീപനം ഒട്ടുംശരിയല്ലെന്നുള്ള കാര്യം എനിക്ക് നേരത്തെ സമയം ലഭിക്കാത്തതുകൊണ്ട് ഇപ്പോൾ പറയാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽവച്ച് 2016-ലാണ് ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുള്ളത്. 458080 വിദ്യാർത്ഥികളാണ് ഉന്നതപഠനത്തിന് യോഗ്യത നേടിയത്. ആകെ അപേക്ഷകർ 517156 ആണ്. പ്രസ്തുത വർഷം 22879 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയത്തിനും എ-പ്ലസ് ലഭിച്ചു. ആകെ ലഭിച്ചിരുന്ന 413564 സീറ്റുകളിൽ 384612 അപേക്ഷകർ പ്രവേശനം നേടുകയുണ്ടായി. സർക്കാർ എയ്ഡഡ്/അൺ എയ്ഡഡ് മേഖലകളിലായി 28952 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. 2020-ൽ 420560 വിദ്യാർത്ഥികളാണ് ഉന്നത പഠനത്തിന് യോഗ്യത നേടിയത്. ആകെ അപേക്ഷകർ 482977 ആണ്. പ്രസ്തുത വർഷം 41906 വിദ്യാർത്ഥികൾക്ക് എല്ലാ വിഷയങ്ങളിലും എ-പ്ലസ് ലഭിച്ചിരുന്നു. ആകെ ലഭ്യമായിരുന്ന 400899 സീറ്റുകളിൽ 368282 അപേക്ഷകർ പ്രവേശനം നേടുകയുണ്ടായി. സർക്കാർ/അൺ എയ്ഡഡ് മേഖലകളിൽ 32617 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയും ചെയ്തു.

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ വളരെ ലളിതമായി നടത്തിയതിന്റെ ഫലമായി എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് ലഭിച്ച വിദ്യാർത്ഥികളുടെ എണ്ണം 125509 ആയി വർദ്ധിച്ചു. ഇത് കഴിഞ്ഞ

വർഷത്തേക്കാൾ മൂന്നമടങ്ങ് കൂടുതലാണ്. ഈ വർഷം നിലവിൽ ആകെ 394457 സീറ്റുകൾ ഹയർ സെക്കണ്ടറി മേഖലയിൽ മാത്രം ലഭ്യമാണ്. ഇതിനുപുറമേ വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ 33000 സീറ്റുകളും പോളിടെക്നിക്, ഐ.ടി.ഐ. എന്നിവിടങ്ങളിലായി 70000 സീറ്റുകളും ലഭ്യമാണ്. ഇത്തരത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ എല്ലാവർക്കും തുടർപഠനത്തിനാവശ്യമായ സീറ്റുകൾ സംസ്ഥാനത്ത് ലഭ്യമാണ്. എല്ലാ വിഷയങ്ങൾക്കും എ-പ്ലസ് നേടിയ ചുരുക്കം ചില വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയിൽ വളരെക്കുറച്ച് ഓപ്ഷനുകൾ ഉൾപ്പെടുത്തിയതിന്റെ ഫലമായി ആദ്യത്തെ അലോട്ടുമെന്റിൽ ഉൾപ്പെടാൻ സാധിച്ചിട്ടില്ലെങ്കിലും രണ്ടാമത്തെ അലോട്ട്മെന്റിൽ പ്രവേശനം ലഭിക്കുന്നതാണ്. ഒഴിഞ്ഞുകിടക്കുന്ന സംവരണ വിഭാഗത്തിന്റെ സീറ്റുകളും Economically Weaker Section-ന്റെ റിസർവേഷൻ ഒഴികെയുള്ള സീറ്റുകളും രണ്ടാമത്തെ അലോട്ട്മെന്റിൽ പൊതുമെറിറ്റായി പരിവർത്തനം ചെയ്യുമ്പോൾ ലഭ്യമാകുന്ന സീറ്റുകളിൽ ഇത്തരത്തിലുള്ള അപേക്ഷകർക്ക് പ്രവേശനം ലഭ്യമാക്കുന്നതാണ്. മാത്രമല്ല, സീറ്റുകൾ കുറവുള്ള ജില്ലകളിലേയ്ക്ക് ഈ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ എങ്ങനെ മാറ്റിക്കൊണ്ടുവന്ന് അവിടെ നികത്താമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമെന്ന് സൂചിപ്പിക്കുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ നികത്താൻ ശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വളരെ സഹായകരമായ കാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ചിലയിടങ്ങളിൽ സ്വാശ്രയ കോളേജുകൾ അമിതമായി ഫീസ് ഈടാക്കുന്ന എന്നൊരു പരാമർശമുണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യംകൂടി ശ്രദ്ധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നേരത്തെ സഭയിൽ സ്വാശ്രയ കോളേജുകളെ സംബന്ധിച്ച് വിമർശനമുണ്ടായി. സ്വാശ്രയ കോളേജുകളിൽ ഏതെങ്കിലും സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അപേക്ഷിച്ചാൽ, അതിനുള്ള എല്ലാ സൗകര്യങ്ങളുമുണ്ടെന്ന് ഉറപ്പുവരുത്തി അവർക്ക് നൽകുമെന്നാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്. മുൻമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ സൂചിപ്പിച്ചതുപോലെ ഏതെങ്കിലും സ്വാശ്രയ കോളേജുകളിൽ നിയമവിരുദ്ധമായി ഫീസ് വാങ്ങുകയോ സാമ്പത്തിക ബാദ്ധ്യത കുട്ടികളുടെമേൽ അടിച്ചേൽപ്പിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതുസംബന്ധിച്ച പരാതി ലഭിച്ചാൽ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കുമെന്ന കാര്യംകൂടി സൂചിപ്പിക്കുകയാണ്.

(2) വയനാട് ജില്ലയിലെ രാസവളക്ഷാമം പരിഹരിക്കാൻ നടപടി

ശ്രീ. ടി. സിദ്ദിഖ്: സർ, കേരളത്തിലെ കാർഷിക മേഖലയെ ഉത്തേജിപ്പിക്കാനായി വലിയ നടപടികൾക്ക് കഴിഞ്ഞ കുറേക്കാലങ്ങളായി സർക്കാർ നേതൃത്വം നൽകുകയാണ്. 2018, 2019 വർഷങ്ങളിലെ പ്രളയവും ഇപ്പോഴുള്ള കോവിഡ്-19-ഉം കാർഷിക മേഖലയെയും കർഷകരെയും വളരെയധികം ബുദ്ധിമുട്ടിലാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. ആ സന്ദർഭത്തിലാണ് കൂടുതൽ കർഷകരുള്ള വയനാട് ജില്ലയിൽ യഥാവിധി കൃഷിക്ക് ലഭ്യമാകേണ്ട രാസവളങ്ങളുടെ ദൗർലഭ്യം പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നത്. കാർഷിക വിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പൊതുവേ ഉപയോഗിച്ചുവരുന്ന വിവിധതരം രാസവളങ്ങൾ വയനാട് ജില്ലയിലെ കർഷകർക്ക് സമയബന്ധിതമായി ലഭ്യമാകാത്തതുമൂലം വലിയ പ്രതിസന്ധി നേരിടുകയാണ്. മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (MoP), എൻ.പി.കെ. (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം), യൂറിയ, ഡൈ അമോണിയം ഫോസ്ഫേറ്റ് ഉൾപ്പെടെയുള്ള വിവിധതരം രാസവളങ്ങളുടെ ദൗർലഭ്യം കഴിഞ്ഞ കുറേയാഴ്ചകളായി വളരെ ഗൗരവമായി നിലനിൽക്കുകയാണ്. സമയത്തിന് രാസവളം ലഭ്യമാക്കിയില്ലെങ്കിൽ അത് കൃഷിയെ ദോഷകരമായ അവസ്ഥയിലേയ്ക്കെത്തിക്കും. അത് കർഷകർക്കുണ്ടാക്കുന്ന ബുദ്ധിമുട്ട് പറഞ്ഞറിയിക്കത്തക്കതല്ല. ഉല്പാദനക്ഷമതയെ വലിയ രീതിയിൽ ബാധിച്ചാണ് അത് മുന്നോട്ടുപോകുന്നത്. കർഷകർ ഉയർന്ന ബാങ്ക് വായ്പകളെടുത്താണ് വാഴ, നെല്ല്, ഇഞ്ചി, റബ്ബർ ഉൾപ്പെടെയുള്ള കൃഷികളിൽ ഏർപ്പെട്ടിരിക്കുന്നത്. 2018-ലെയും 2019-ലെയും പ്രളയം, കോവിഡ് വ്യാപനം എന്നിവമൂലം ദുരിതത്തിലായ കർഷകർക്ക് കൃഷിക്കാവശ്യമായ രാസവളങ്ങൾ രണ്ടാമത് ലഭ്യമാകേണ്ട ഈ സമയത്ത് അത് ലഭ്യമാകാത്തത് ഗൗരവമായ സാഹചര്യം സൃഷ്ടിക്കുകയാണ്. കാലാവസ്ഥ അനുയോജ്യമായി നിൽക്കുന്ന സമയത്ത് ആവശ്യമായ രാസവളങ്ങൾ പ്രയോഗിച്ചില്ലെങ്കിൽ കൃഷിയെയും അതിന്റെ ഉല്പാദനക്ഷമതയേയും സാരമായി ബാധിക്കുമെന്നുള്ളത് നമുക്കേവർക്കും അറിയാവുന്നകാര്യമാണ്. സമയത്തിന് രാസവളങ്ങൾ ലഭ്യമാക്കാതെ പിന്നീടേതെങ്കിലും സമയത്ത് അത് ലഭ്യമാക്കിയതുകൊണ്ട് ഒരുകാര്യവുമില്ല. മാത്രമല്ല, വന്യമൃഗങ്ങളുടെ ശല്യംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ വയനാട്ടിലെ കർഷകർ വലിയരീതിയിൽ നേരിട്ടുകൊണ്ടിരിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, പൊതുമേഖലാ ബാങ്കുകളും കാർഷിക ബാങ്കുകളും സഹകരണ ബാങ്കുകളും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് നിക്ഷേപ സമാഹരണ യജ്ഞമോ വായ്പ തിരിച്ചടയ്ക്കൽ യജ്ഞമോ വായ്പ അനുവദിക്കൽ യജ്ഞമോ അല്ല, മറിച്ച് കർഷകരെ തെരുവിലേയ്ക്കുതള്ളുന്ന ജപ്തി നോട്ടീസ് യജ്ഞമാണ്. ഗൗരവമായ സാഹചര്യമാണ്

വയനാട്ടിലെ കർഷകരടക്കമുള്ള കേരളത്തിലെ കർഷകർ നേരിടുന്നത്. മദ്രാസ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ്, ഇന്ത്യൻ പൊട്ടാഷ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നാണ് പ്രധാനമായും കേരളത്തിലേയ്ക്ക് രാസവളങ്ങൾ ലഭ്യമാകുന്നത്. ഈ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിച്ചില്ലെങ്കിൽ, ഏറെ പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന വയനാട്ടിലെ കർഷകരുടെ നട്ടെല്ലൊടിക്കും. അത് ഉല്പാദനക്ഷമതയെ ബാധിക്കും. കർഷകർക്ക് കാർഷികവൃത്തിയിൽ നിലനിന്നുപോകാൻ വലിയ പ്രതിസന്ധിയുണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ കർഷകരുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചു. പക്ഷേ ശ്രദ്ധ ക്ഷണിക്കലിനുവേണ്ടി ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത് രാസവളങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നത് സംബന്ധിച്ചാണ്. സർക്കാർ പൂർണ്ണമായും കർഷകരോടും കർഷകരുടെ പ്രയാസങ്ങൾ അതിജീവിക്കാനുള്ള പരിശ്രമങ്ങളോടുമൊപ്പമാണ്. അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവുകാരണം ഇന്ത്യയിൽ പ്രവർത്തിക്കുന്ന പല രാസവള നിർമ്മാണ കമ്പനികളും ഉൽപ്പാദനം കുറച്ചിരിക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ വില നിയന്ത്രിച്ച് ആവശ്യത്തിന് രാസവളങ്ങളുടെ ഉത്പാദനം ഉറപ്പാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ ആഗോളതലത്തിൽ രാസവളങ്ങളുടെ ലഭ്യതക്കുറവും അവിടെനിന്നുള്ള പ്രശ്നമായി ഉയർന്നുവരുന്നുണ്ട്. സംസ്ഥാനത്തിന് രാസവളങ്ങൾ അനുവദിക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന കൃഷി വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ചാണ് കേന്ദ്ര സർക്കാർ യൂറിയ, DAP, MoP, കോംപ്ലക്സ് വളങ്ങൾ എന്നിവ ഓരോ മാസവും അലോക്കേറ്റ് ചെയ്യുന്നത്. മംഗലാപുരം, തൂത്തുക്കുടി എന്നീ തുറമുഖങ്ങളിലെത്തുന്ന രാസവളങ്ങളിൽനിന്നാണ് കേരളത്തിന് ലഭ്യത ഉറപ്പാക്കുന്നത്. തമിഴ്നാട്, കർണ്ണാടക എന്നീ അയൽസംസ്ഥാനങ്ങളിൽ കേരളത്തിനേക്കാൾ കൂടുതൽ കൃഷിയുള്ളതിനാൽ പലപ്പോഴും കേരളത്തിന് കിട്ടേണ്ട യഥാർത്ഥ വിഹിതം ലഭ്യമാകാറില്ല. ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ആവശ്യപ്പെട്ടതും അനുവദിച്ചതുമായ വളങ്ങളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.*

മറ്റൊരു പ്രധാനപ്പെട്ട കാരണം POS മെഷീനിലുള്ള വളത്തിന്റെ ശേഖരം (balance stock) കൂടി കണക്കിലെടുത്താണ് കേന്ദ്രസർക്കാർ നിലവിൽ വളം അനുവദിക്കുന്നത്. പല വ്യാപാരികളും POS മെഷീൻ യഥാസമയം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപയോഗിക്കാതെ വളം വിൽക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ യഥാർത്ഥത്തിലുള്ള രാസവള ശേഖരത്തേക്കാൾ വളരെ കൂടുതലാണ് POS മെഷീനിൽ കാണുന്ന രാസവള ശേഖരം. കൃഷി ഉദ്യോഗസ്ഥർ നിരവധിതവണ റീട്ടെയിൽ വ്യാപാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടും ചില വ്യാപാരികൾ POS മെഷീൻ സ്ഥിരമായി ഉപയോഗിക്കാത്തതായി കാണുന്നുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ രാസവളക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റ് ഡാഷ് ബോർഡിലെ കണക്കുകൾപ്രകാരം വയനാട് ജില്ലയിൽ താഴെപ്പറയുംപ്രകാരം വളങ്ങൾ 2-10-2021-ൽ നിലവിലുള്ളതായി കാണുന്നു. യൂറിയ - 791.604 MT, DAP - 4.950 MT, MoP-355.908 MT, കോംപ്ലക്സ് വളങ്ങൾ - 1134.747 MT. ഓരോ റീട്ടെയിലറുടെ പക്കലുമുള്ള രാസവള ശേഖരം ഇതിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. ഈ ശേഖരവും യഥാർത്ഥത്തിലുള്ള ശേഖരവും വ്യത്യസ്തമായതിനാൽ യഥാർത്ഥത്തിലുള്ള ശേഖരം ഡാഷ് ബോർഡിൽ വന്നാൽ മാത്രമേ കേന്ദ്ര സർക്കാർ രാസവള വിഹിതം കൂടുതലായി അനുവദിക്കുകയുള്ളൂ എന്നറിയിച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തെ വിഹിതം ഈ നീക്കിയിരിപ്പ് ശേഖരംകൂടി കണക്കാക്കിയാണ് അനുവദിച്ചിരിക്കുന്നത്. ആയതിനാൽ ഈ മാസം രാസവളത്തിന് വലിയ ക്ഷാമം പ്രതീക്ഷിക്കുന്നുണ്ട്. വയനാട് ജില്ലയിൽ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിവിധ കമ്പനികൾ നൽകേണ്ടിയിരുന്ന വളവും യഥാർത്ഥത്തിൽ നൽകിയ വളവും സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.* കമ്പനികൾക്ക് കേരളത്തിൽ വിതരണം ചെയ്യാൻ കിട്ടിയ വളങ്ങളുടെ ലഭ്യതക്കുറവുമൂലമാണ് വയനാട് ജില്ലയിൽ വേണ്ടത്ര വളം കൊടുക്കാൻ സാധിക്കാതിരുന്നത്. നിലവിൽ എല്ലാ കമ്പനികളോടും അടിയന്തരമായി വയനാട് ജില്ലയിൽ വളമെത്തിക്കാൻ ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച മദ്രാസ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്ന കമ്പനി മെയിന്റനൻസിനായി പൂട്ടിയിരുന്നതുകൊണ്ടാണ് കഴിഞ്ഞ രണ്ടുമാസങ്ങളിൽ വളം വിതരണം ചെയ്യാതിരുന്നതെന്ന് കാണുന്നു. ഒക്ടോബർ ആദ്യവാരംതന്നെ വളം വിതരണം ചെയ്തുതുടങ്ങുന്നതാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, രാസവള ദൗർലഭ്യംമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടം നികത്തിക്കൊടുക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, രാസവളങ്ങൾ കൃത്യതയോടെ കൃഷിക്കാർക്ക് എത്തിക്കാനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കും. നേരത്തെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പറഞ്ഞതുപോലെ POS മെഷീനിൽ വളത്തിന്റെ ശേഖരത്തിന്റെ കുറവ് കാണുന്നത് ഗൗരവമായി പരിശോധിക്കാൻ അടിയന്തര നടപടി സ്വീകരിക്കും. ഇക്കാര്യത്തിൽ വയനാട്ടിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്.

## VI സബ്മിഷൻ

### (1) ആർ.ടി.പി.സി.ആർ. ടെസ്റ്റിന് ഈടാക്കുന്ന അമിത തുക

ശ്രീ. എം. രാജഗോപാലൻ: സർ, വിമാനത്താവളങ്ങളിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റിന് അമിത തുക ഈടാക്കുന്നതുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ ഉന്നയിക്കുന്നത്. പ്രതിസന്ധിഘട്ടത്തിൽ ഇതര ജനവിഭാഗങ്ങളെപ്പോലെതന്നെ പ്രവാസി സഹോദരങ്ങളെയും ചേർത്തുപിടിക്കുന്ന മുഖ്യമന്ത്രിയും സർക്കാരുമാണ് ഇവിടെയുള്ളത്. ഈ കാലയളവിൽ വിവിധ ആശ്വാസ പദ്ധതികൾ പ്രവാസി സഹോദരങ്ങൾക്കുവേണ്ടി ആവിഷ്കരിക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പ്രവാസി മലയാളികളുടെ മടക്കയാത്രയുമായി ബന്ധപ്പെട്ട ആശങ്കകൾ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും വിവിധഘട്ടങ്ങളിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ഉദാഹരണമായി വിദേശത്തുവച്ച് ആദ്യ ഡോസ് വാക്സിൻ സ്വീകരിച്ച് നാട്ടിലെത്തിയ പ്രവാസികൾക്ക് പ്രസ്തുത വാക്സിൻ ഇന്ത്യയിൽ ലഭ്യമല്ലാത്തതുമൂലം രണ്ടാം ഡോസെടുക്കാൻ കഴിയാത്ത സാഹചര്യത്തിലും സർക്കാർ ഇടപെട്ടിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വാക്സിനുകൾക്ക് ചില വിദേശരാജ്യങ്ങളിൽ അംഗീകാരമില്ലാത്തതിനാൽ മടക്കയാത്രയ്ക്ക് അനുമതി നിഷേധിക്കപ്പെട്ട സാഹചര്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ തയ്യാറായിരുന്നു. കൂടാതെ പ്രവാസി മലയാളികൾക്ക് വാക്സിനേഷന് മുൻഗണന നൽകുവാനും വാക്സിനേഷനുശേഷം ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകളിൽ പാസ്പോർട്ട് നമ്പർ ഉൾപ്പെടുത്താനും സർക്കാർ നടപടികൾ സ്വീകരിക്കുകയുണ്ടായി. ആർ.ടി.പി.സി.ആർ. ടെസ്റ്റിന് വിമാനത്താവളത്തിൽ അമിത ചാർജ്ജ് ഈടാക്കുന്ന പ്രശ്നം പരിഹരിക്കാൻ സർക്കാർ ഇടപെടണം. നിലവിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ സൗജന്യമായും സ്വകാര്യ ആശുപത്രികളിൽ 600 രൂപ നിരക്കിലുമാണ് ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തുന്നത്. എന്നാൽ നമ്മുടെ വിമാനത്താവളങ്ങളിൽ 3000 രൂപയിലധികം ചാർജ്ജ് ഈടാക്കുന്ന ദയനീയ സ്ഥിതിയാണ് കണ്ടുവരുന്നത്. കൊടിയ ചൂഷണമാണ് ഈ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിനുപുറത്ത് ഇത്രയധികം തുക ഈടാക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. മാത്രമല്ല ആർ.ടി.പി.സി.ആർ. ടെസ്റ്റിന്

വിധേയനായ ഒരു വ്യക്തി വിമാനത്താവളത്തിലെത്തുമ്പോൾ വീണ്ടും ആർ.ടി.പി.സി.ആർ. ടെസ്റ്റ് ചെയ്യേണ്ട സ്ഥിതിയും ഇപ്പോൾ സംജാതമായിരിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തണം. കൂടാതെ വിമാന ടിക്കറ്റ് നിരക്ക് അഞ്ചും ആറും ഇരട്ടിയായി വർദ്ധിപ്പിച്ച് പ്രവാസികൾക്ക് താങ്ങാൻ കഴിയാത്തവിധം വിഷമിപ്പിക്കുകയാണ്.

മി. സ്പീക്കർ: അത് വേറെ വിഷയമാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, വിമാനത്താവളങ്ങളിലെ ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 8-9-2021-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് എയർപോർട്ടുകളിൽവച്ച് നടത്തുന്ന റാപ്പിഡ് ആർ.ടി.പി.സി.ആർ. ടെസ്റ്റിന്റെ ഫീസ് 2490 രൂപയായി നിശ്ചയിച്ചിട്ടുള്ളത്. സാധാരണ ആർ.ടി.പി.സി.ആർ. ടെസ്റ്റ് റിസൾട്ടിനെ അപേക്ഷിച്ച് കേവലം ഒരു മണിക്കൂറിനുള്ളിൽ റാപ്പിഡ് ആർ.ടി.പി.സി.ആർ. ടെസ്റ്റ് റിസൾട്ട് ലഭ്യമാകുന്നു. ടെസ്റ്റിനുള്ള കാട്രിഡ്ജിന് ഏകദേശം 2000 രൂപ വിലവരുന്നത് കണക്കാക്കിയാണ് ഈ ടെസ്റ്റിന്റെ ഫീസ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഈ ടെസ്റ്റ് കൂടാതെ, അതത് രാജ്യങ്ങളുടെ കോവിഡ് ടെസ്റ്റിംഗ് റെഗുലേറ്ററി പ്രോട്ടോക്കോളുകൾപ്രകാരം ചെലവ് കുറഞ്ഞതോ കൂടിയതോ ആയ ടെസ്റ്റുകൾ തെരഞ്ഞെടുക്കാൻ യാത്രക്കാർക്ക് സ്വാതന്ത്ര്യമുണ്ട്. വിമാന യാത്രക്കൂലി വർദ്ധനവ് തടയുന്നതിനും വിമാന കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. മാത്രമല്ല സർവ്വീസുകളുടെയും സീറ്റുകളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ 1994-ൽ എയർ കോർപ്പറേഷൻ നിയമം റദ്ദാക്കിക്കൊണ്ട് വിമാന നിരക്ക് നിയന്ത്രണം എടുത്തുകളഞ്ഞിട്ടുള്ളതിനാൽ, വിമാന കമ്പനികൾക്ക് നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യമുണ്ടെന്ന മറുപടിയാണ് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിരിക്കുന്നത്.

## (2) ജ്വല്ലറി നിക്ഷേപ തട്ടിപ്പ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കാസർഗോഡ് ഫാഷൻ ഗോൾഡ് തട്ടിപ്പ് മാതൃകയിൽ എന്റെ മണ്ഡലമായ കുറ്റ്യാടിയിൽ ഗോൾഡ് പാലസ് എന്ന സ്ഥാപനം നിക്ഷേപകരെ വഞ്ചിച്ച് അടച്ചുപൂട്ടിയിരിക്കുകയാണ്. ഗോൾഡ് പാലസിന് നാദാപുരം, പയ്യോളി എന്നിവിടങ്ങളിലും ശാഖകളുണ്ട്. ദിവസ

പിരിവുവഴി പണം നിക്ഷേപിച്ച തൊഴിലുറപ്പ് തൊഴിലാളികൾ, ജോലി നഷ്ടപ്പെട്ട് തിരിച്ചുവന്ന പ്രവാസികൾ, പെൺമക്കളുടെ കല്യാണത്തിന് സ്വർണ്ണം വാങ്ങാനുദ്ദേശിച്ച് നിക്ഷേപിച്ചവർ, തുടർചികിത്സയ്ക്ക് പണം പ്രതീക്ഷിച്ച് നിക്ഷേപിച്ചവർ, ജീവിതത്തിലെ സർവ്വസ്വവും നിക്ഷേപിച്ചവർ, നിത്യനിദാന ചെലവിനുവേണ്ടി നിക്ഷേപിച്ചവർ എന്നിവരാണ് തട്ടിപ്പിനിരയായിട്ടുള്ളത്. അഞ്ഞൂറോളം കുടുംബങ്ങൾ വലിയ ദുരിതത്തിലേയ്ക്കാണ് തള്ളപ്പെട്ടിട്ടുള്ളത്. സ്ഥാപന ഉടമകൾ ആസൂത്രിതമായി എടുത്തുമാറ്റിയ സ്വർണ്ണാഭരണങ്ങൾ കണ്ടെത്താനും ഉടമകൾ അവരുടെ നിക്ഷേപങ്ങളും സ്വത്തുക്കളും കൈമാറാൻ ശ്രമിക്കുന്നത് തടയാനുമുള്ള നടപടി സ്വീകരിക്കണം. സ്ഥാപന ഉടമകളുടെ സ്വത്തുക്കൾ കണ്ടുകെട്ടി ഈ തട്ടിപ്പിനിരയായവർക്ക് നീതി ലഭ്യമാക്കാനും മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യാനും നടപടിയുണ്ടാകണം. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാനാവശ്യമായ നടപടിയുമുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്ത് ചില സ്ഥലങ്ങളിൽ സ്വർണ്ണ വ്യാപാര സ്ഥാപനവുമായി ബന്ധപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുമെന്ന് വാഗ്ദാനം ചെയ്തശേഷം പണം തട്ടിയെടുക്കുന്ന രീതിയുണ്ട്. കാസർഗോഡ് കേന്ദ്രീകരിച്ചുള്ള ഫാഷൻ ഗോൾഡ് എന്ന സ്ഥാപനം ഇത്തരത്തിൽ തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് കാസർഗോഡ്, കണ്ണൂർ ജില്ലകളിലായി 169 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 164 കേസ്സുകളുടെ അന്വേഷണം ക്രൈംബ്രാഞ്ചാണ് നടത്തിവരുന്നത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കുറ്റ്യാടി കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഗോൾഡ് പാലസ് ജ്വല്ലറി കുറ്റ്യാടി, നാദാപുരം, പയ്യോളി എന്നിവിടങ്ങളിൽ നിക്ഷേപകരിൽനിന്നും സ്വർണ്ണവും പണവും നിക്ഷേപമായി സ്വീകരിച്ച് അത് തിരികെ നൽകാതെ തട്ടിപ്പ് നടത്തിയതുസംബന്ധിച്ച് 13 കേസ്സുകൾ രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഇതിലെ നാല് പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെട്ട തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ചും അന്വേഷണഘട്ടത്തിൽ നിയമപ്രകാരം ചെയ്യാൻകഴിയുന്ന കാര്യങ്ങൾ ചെയ്യുന്നതാണ്. കേസന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

(3) ബിവറേജസ് ഔട്ട്‌ലെറ്റുകൾ മാറ്റിസ്ഥാപിക്കൽ

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ പ്രവർത്തിക്കുന്ന രണ്ട് ബെവ്കോ ഔട്ട്‌ലെറ്റുകൾമൂലം നാട്ടുകാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അതിൽ ഒന്ന്, കൊട്ടിയം-കണ്ണനല്ലൂർ റോഡിലെ വാലിൽമുക്കിൽ സ്ഥിതിചെയ്യുന്ന വിദേശമദ്യഷോപ്പാണ്. വർഷങ്ങളായി ഇരവിപുരം മണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന ഈ ഔട്ട്‌ലെറ്റ് എല്ലാ മാനദണ്ഡങ്ങളും ലംഘിച്ചുകൊണ്ടാണ് ഇവിടെ സ്ഥാപിച്ചിരിക്കുന്നത്.

അതിനെതിരെ നാട്ടുകാരുടെ വലിയ എതിർപ്പും ദീർഘകാലമായി സമരങ്ങളുമുണ്ടായിരുന്നു. ആ സമരങ്ങളെയെല്ലാം പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തി സമരം സംഘടിപ്പിച്ചവർക്കെതിരെ കള്ളക്കേസ് ചുമത്തി ഈ ഔട്ട്ലെറ്റ് സ്ഥാപിക്കുകയാണുണ്ടായത്. രണ്ട് സ്കൂളുകൾ, രണ്ട് കശുവണ്ടി ഫാക്ടറികൾ, തഴുത്തല മഹാഗണപതി ക്ഷേത്രം, സെന്റ് ജോർജ്ജ് കുരിശ്ശടി, കണ്ണനല്ലൂർ മുസ്ലീം ജമാ-അത്ത്, തഴുത്തല ഖാദിസിയ ഇവയുടെയെല്ലാം സമീപത്തായിട്ടാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്. ഇവിടത്തെ റോഡിന് വീതി കുറവായതിനാൽ തിരക്കുകൂടുന്ന സമയത്ത് അപകടങ്ങളും മരണവും പതിവായി മാറിയിരിക്കുകയാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് സ്ഥാപിച്ചിരിക്കുന്ന ഈ ഔട്ട്ലെറ്റിനെതിരെ അവിടത്തെ ജനങ്ങൾ കടുത്ത പ്രതിഷേധത്തിലാണ്. അതുപോലെതന്നെ കുണ്ടറ പെരുമ്പുഴ വെയർഹൗസ് കോമ്പൗണ്ടിലെ വിദേശ മദ്യഷോപ്പ് ജനവാസകേന്ദ്രത്തിന്റെ മധ്യത്തിലാണ് സ്ഥിതിചെയ്യുന്നത്. സമീപവാസികൾക്ക് പുറത്തിറങ്ങാൻപോലും സാധിക്കാത്ത സാഹചര്യമാണ് അവിടെയുള്ളത്. നേരത്തെ സൂചിപ്പിച്ചതുപോലെ നാട്ടുകാരുടെ പ്രക്ഷോഭങ്ങളെ പോലീസിനെ ഉപയോഗിച്ച് ഇല്ലാതാക്കി നിർബന്ധമായാണ് ഈ സ്ഥാപനം അവിടെ സ്ഥാപിച്ചിട്ടുള്ളത്. അതിനെതിരെ നാട്ടുകാർ കോടതിയെ സമീപിച്ചതിന്റെ അടിസ്ഥാനത്തിൽ അവിടെ വരുന്ന വാഹനങ്ങൾ വീടുകൾക്കുമുമ്പിൽ പാർക്ക് ചെയ്യരുതെന്ന കോടതി നിർദ്ദേശംപോലും പരിഗണിക്കാതെയാണ് ആ സ്ഥാപനം അവിടെ പ്രവർത്തിക്കുന്നത്. അതുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടും പ്രയാസവും സൃഷ്ടിക്കുന്ന ഈ രണ്ട് ബെവ്കോ ഔട്ട്ലെറ്റുകളും അവിടെനിന്ന് മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ കൊട്ടിയം ജംഗ്ഷന് സമീപത്തായി പ്രവർത്തിക്കുന്ന വിദേശമദ്യ ഔട്ട്ലെറ്റ്, ദേശീയ/സംസ്ഥാന പാതയോരത്ത് 500 മീറ്ററിനുള്ളിലായി മദ്യവിൽപ്പനശാലകൾ നിരോധിച്ചുകൊണ്ടുള്ള ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 15-12-2016-ലെ ഉത്തരവിനെത്തുടർന്ന് തൃക്കോവിൽവട്ടം പഞ്ചായത്തിലെ തഴുത്തല ശ്രീ. വിൽസൺ പെരേര എന്നയാളിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ച് 8-8-2017 മുതൽ പ്രവർത്തിച്ചുവരുന്നു. സമാനമായ രീതിയിൽ നേരത്തെ കുണ്ടറയിൽ പ്രവർത്തിച്ച കെ.എസ്.ബി.സി. ഔട്ട്ലെറ്റ് 2017 ആഗസ്റ്റ് മാസംമുതൽ പെരുമ്പുഴയിലേയ്ക്ക് മാറ്റിസ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നതാണ്. രണ്ട് ഔട്ട്ലെറ്റുകളും മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങളിൽ നിലവിലുള്ള അബ്കാരി നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന ദൂരപരിധികളിലാണ് പ്രവർത്തിക്കുന്നത്. രണ്ട് ഔട്ട്ലെറ്റുകളിലും മൂന്നും അതിലധികവും കൗണ്ടറുകൾ പ്രവർത്തിക്കുന്നതിനാൽ പ്രദേശത്ത് തിരക്കനുഭവപ്പെടാനുള്ള സാദ്ധ്യത വിരളമാണ്. മതിയായ പാർക്കിംഗ് സൗകര്യമുള്ളതിനാൽ പൊതുജനങ്ങൾക്കോ ഗതാഗതത്തിനോ തടസ്സമില്ലാതെയും

പരാതിക്കിടയില്ലാതെയുമാണ് ഈ ഔട്ട്‌ലെറ്റുകൾ പ്രവർത്തിച്ചുവരുന്നത്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സമീപകാലത്തെ ഉത്തരവിന്റെയും ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതിന്റെയും പശ്ചാത്തലത്തിൽ എക്സൈസ് കമ്മീഷണർ നിയോഗിച്ച ഉദ്യോഗസ്ഥതല സമിതി പ്രസ്തുത ഔട്ട്‌ലെറ്റുകളുടെ സ്ഥലവും കെട്ടിടവും പരിശോധിച്ചതിൽ ഈ ഔട്ട്‌ലെറ്റുകൾക്ക് മതിയായ സൗകര്യം ലഭ്യമാണെന്നതിന്റെ അടിസ്ഥാനത്തിൽ മാറ്റിസ്ഥാപിക്കേണ്ട ഷോപ്പുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നുള്ള കാര്യം അറിയിക്കുകയാണ്. മേൽപ്പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ ഷോപ്പുകൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽനിന്നും മാറ്റിസ്ഥാപിക്കേണ്ട ആവശ്യകതയുള്ളതായി കാണുന്നില്ല.

(4) ഗ്രീൻ ഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റ്

ശ്രീ. പി. എസ്. സുപാൽ: സർ, കടമ്പാട്ടുകോണം-മധുര ഗ്രീൻ ഫീൽഡ് ഹൈവേയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ജനങ്ങളുടെ ആശങ്ക ദൂരീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പുനലൂർ മണ്ഡലത്തിലെ ഏരൂർ, ആര്യങ്കാവ്, തെന്മല എന്നീ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന ഈ ഹൈവേയുടെ ഏരിയൽ സർവ്വേ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് കല്ലുകളിട്ടപ്പോൾ അതിൽ ഉൾപ്പെടുന്ന ആരാധനാലയങ്ങളെ സംബന്ധിച്ച് വിശ്വാസികൾക്ക് വലിയ ആശങ്കയുണ്ട്. ജനവാസ കേന്ദ്രത്തിലൂടെയാണ് ഈ പാത കടന്നുപോകുന്നതെന്നതിനാൽ ധാരാളം വീടുകൾ ഒഴിപ്പിക്കേണ്ട സ്ഥിതിയാണ് വരാൻപോകുന്നത്. ചില ബദൽ നിർദ്ദേശങ്ങൾവച്ചുകൊണ്ട് അലൈൻമെന്റിൽ മാറ്റങ്ങൾ വരുത്തണമെന്നുള്ള ആവശ്യമുയർന്നുവരുന്നുണ്ട്. പതിവ് വസ്തുവും പട്ടയം ലഭിക്കാൻ അർഹതയുണ്ടായിട്ടും പട്ടയം ലഭിക്കാത്ത ഭൂമിയും ഇതിന്റെ ഭാഗമായി ഏറ്റെടുക്കുന്നുണ്ട്. ഈ പാത കടന്നുപോകുന്ന സ്ഥലങ്ങളിലെ പുറമ്പോക്ക് ഭൂമിയിൽ വർഷങ്ങളായി താമസിക്കുന്നവരെ ഒഴിപ്പിക്കുമ്പോൾ അവർക്ക് നഷ്ടപരിഹാരത്തുക ലഭിക്കാതെ പോകുന്നത് അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് അലൈൻമെന്റ് മാറ്റുന്ന വിഷയവും നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട ആശങ്കകളും ദൂരീകരിച്ച് ഇതിന് പരിഹാരം കാണേണ്ടതായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. അലൈൻമെന്റ് മാറ്റുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ് ആവശ്യമായ നടപടി സ്വീകരിക്കേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി വളരെ അനുഭാവപൂർവ്വമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ജനങ്ങളുടെ ആശങ്ക ദൂരീകരിക്കുന്നതിനും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. കൊല്ലം ജില്ലയിലെ കടമ്പാട്ടുകോണത്തുനിന്നും ആരംഭിച്ച് ചടയമംഗലം, പത്തടി, കുളത്തൂപ്പുഴ, തെന്മല, ആര്യങ്കാവ്, ചെങ്കോട്ട വരെയുള്ള 58.915 കിലോമീറ്റർ ദൈർഘ്യമുള്ള ചെങ്കോട്ട-കൊല്ലം എൻ.എച്ച്. 744 നാലുവരി പാതയാക്കി വീതികൂട്ടുന്നതിനുള്ള ഗ്രീൻ ഫീൽഡ് നാഷണൽ ഹൈവേ അലൈൻമെന്റിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടിക്കായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർമാരെ നിയമിച്ചുകൊണ്ടുള്ള 3(എ) നോട്ടിഫിക്കേഷൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുണ്ട്. ജനവാസകേന്ദ്രങ്ങൾ പരമാവധി ഒഴിവാക്കി അലൈൻമെന്റ് പുനർനിർണ്ണയിക്കണമെന്നാവശ്യപ്പെട്ട് നിരവധി പരാതികൾ സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗം നൽകിയ നിവേദനത്തിന്റെകൂടി അടിസ്ഥാനത്തിൽ നിർദ്ദിഷ്ട ഗ്രീൻ ഫീൽഡ് ഹൈവേ റോഡ് അലൈൻമെന്റ് മാറ്റുന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി ബഹുമാനപ്പെട്ട കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേ വകുപ്പുമന്ത്രി ശ്രീ. നിതിൻ ഗഡ്കരിക്ക് സംസ്ഥാന സർക്കാർ കത്ത് നൽകിയിട്ടുണ്ട്. അലൈൻമെന്റ് തയ്യാറാക്കുന്നത് ദേശീയ പാത അതോറിറ്റിയും അതിന്റെ ചുമതല വഹിക്കുന്നത് കേന്ദ്ര സർക്കാരുമാണ്. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാരാണ് അലൈൻമെന്റിൽ മാറ്റം വരുത്തേണ്ടത്. ബഹുമാനപ്പെട്ട അംഗത്തിന്റെയും മറ്റ് ജനപ്രതിനിധികളുടെയും പരാതികളുടെ വിശദാംശം സർക്കാർതലത്തിൽ അന്വേഷിക്കുകയും പ്രാഥമികമായി ഇക്കാര്യം ന്യായമാണെന്ന് മനസ്സിലാക്കുകയും ചെയ്തു. അതിനാൽ ഇവിടെ ഉന്നയിച്ച ആശങ്ക പരിഹരിക്കാൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ച് തുടർനടപടികളുമായി മുന്നോട്ടുപോകുന്നതാണ്. അതോടൊപ്പം, അങ്ങിവിടെ സൂചിപ്പിച്ച ഭൂമി നഷ്ടപ്പെട്ടവരുടെ പ്രശ്നവും ഗൗരവമായ വിഷയമാണ്. ഭൂമി ഏറ്റെടുക്കേണ്ട സ്ഥലങ്ങളെ സംബന്ധിച്ച അലൈൻമെന്റിന്റെ അടിസ്ഥാനത്തിലുള്ള സർവ്വേ നടപടികൾ പരിശോധിച്ചശേഷം ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ പ്രശ്നങ്ങൾ പരിഹരിച്ച് ആശങ്കയകറ്റുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുകയും ചെയ്യും.

## (5) ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിലെ പുതിയ കോഴ്സുകൾ

ശ്രീ. കെ. പി. മോഹനൻ: സർ, പുതിയ തലമുറയ്ക്ക് കാർഷിക മേഖലയിൽ പരിജ്ഞാനം, യന്ത്രവത്കരണം, കാർഷികവൃത്തി എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാന കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ എന്റെ

നിയോജകമണ്ഡലമായ കൂത്തുപറമ്പിൽ സംസ്ഥാനത്തെ ആദ്യത്തെ ബയോ റിസോഴ്സ്-കം-അഗ്രോ സർവീസ് സെന്റർ ഏഴ് വർഷങ്ങൾക്കുമുമ്പ് ആരംഭിച്ചു. തൊഴിൽരഹിതരും കാർഷികവൃത്തിയോട് ആഭിമുഖ്യമുള്ളവരുമായ യുവതീ-യുവാക്കൾക്കുവേണ്ടി വിവിധ ഹ്രസ്വകാല കോഴ്സുകൾ ഈ സെന്ററിന്റെ കീഴിൽ നടത്തിവരുന്നു. ഈ സ്ഥാപനത്തിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഫണ്ടുപയോഗിച്ച് അഞ്ചേക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് പഠിതാക്കൾക്കും പരിശീലനത്തിനെത്തുന്നവർക്കും താമസിക്കാനും പഠിക്കാനും പരിശീലനം നൽകാനുമാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ കെട്ടിടങ്ങളും ക്ലാസ്സ്മുറികളും പരിശീലന ഗ്രൗണ്ടും സജ്ജീകരിച്ചിട്ടുണ്ട്. എന്നാൽ ഉദ്ഘാടനം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും സ്ഥാപനം പൂർണ്ണരീതിയിൽ പ്രവർത്തനസജ്ജമായിട്ടില്ല. കൂത്തുപറമ്പിൽ അനുവദിച്ച കാർഷിക യൂണിവേഴ്സിറ്റിയുടെ കാർഷിക പോളിടെക്നിക് ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്ററിന്റെ പണി പൂർത്തീകരിച്ച് എത്രയുംവേഗം പ്രവർത്തനസജ്ജമാക്കുന്നതിനും പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും ഭാഗികമായി പൂർത്തീകരിച്ച റോഡ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 1955-ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം 2014-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വയംഭരണാവകാശമുള്ള സ്ഥാപനമാണ് കണ്ണൂർ ജില്ലയിലെ പാട്യം പഞ്ചായത്തിൽ ചെറുവാഞ്ചേരി വില്ലേജിൽ സ്ഥാപിതമായിട്ടുള്ള ബയോ റിസോഴ്സ്-കം-അഗ്രോ സർവ്വീസ് സെന്റർ. കർഷകർക്കും യുവാക്കൾക്കുമായി കൃഷിയിലെയും അനുബന്ധ മേഖലകളിലെയും വിവിധ വിഷയങ്ങളിൽ തൊഴിലധിഷ്ഠിത സർട്ടിഫിക്കറ്റ് കോഴ്സുകൾ നടപ്പിലാക്കുക, കർഷകർക്ക് നൂതന സാങ്കേതിക വിദ്യകളെക്കുറിച്ച് അറിവ് പകരുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയവയാണ് ഈ സ്ഥാപനത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ പദ്ധതിക്കായി ആദ്യഘട്ടത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി 600 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയതിൽ മുഴുവൻ തുകയും അനുവദിച്ചിട്ടുണ്ട്. കൂത്തുപറമ്പിലെ ചെറുവാഞ്ചേരി വില്ലേജിൽ അക്കാദമിക് കോംപ്ലക്സ്, ഹോസ്റ്റലുകൾ എന്നിവ ചേർന്ന കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം കൃഷി വകുപ്പിനുകീഴിലുള്ള കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കി 19-2-2021-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുകയുണ്ടായി. ഈ സ്ഥാപനത്തിൽ 1-9-2014-ൽ അഗ്രോ പ്രോസസിംഗ് ആൻഡ് വാല്യൂ അഡീഷൻ എന്ന വിഷയത്തിലും 27-5-2015-ൽ ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാൻ ടെക്നോളജി എന്ന വിഷയത്തിലും സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിച്ചിരുന്നു. ഈ കോഴ്സുകളുടെ സിലബസ് രൂപീകരണം കേരള

കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല എന്നിവരുമായി കൂടിയാലോചിച്ചാണ് ചെയ്തിട്ടുള്ളത്. ഇക്കാലയളവിൽ 69 വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽനിന്നും പഠിച്ചിറങ്ങിയെങ്കിലും കോഴ്സുകൾക്ക് സർവ്വകലാശാലകൾ അംഗീകാരം നൽകിയിട്ടില്ലാത്തതിനാൽ ഇവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് നൽകിയിരുന്നില്ല. കോഴ്സുകളുടെ അംഗീകാരത്തിനായി ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സമീപിച്ചിരുന്നെങ്കിലും അഗ്രിക്കൾച്ചർ മേഖലയുമായി ബന്ധപ്പെട്ട വിദഗ്ദ്ധർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത കോഴ്സ് തുടങ്ങുന്നതിന്റെ സാധുത പരിശോധിക്കാൻ ആ വകുപ്പിന് കഴിയുന്നില്ല എന്നാണറിയിച്ചത്. ഇത് പരിഹരിക്കുന്നതിനായി 13-2-2021-ലെ ജി.ഒ.(എം.എസ്.) നം.26/2021/അഗ്രി. പ്രകാരം അഗ്രോ പ്രോസസിംഗ് ആൻഡ് വാല്യൂ അഡീഷൻ രണ്ട് സെമസ്റ്റർ കോഴ്സ്, ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാൻ ടെക്നോളജി ഒരു സെമസ്റ്റർ കോഴ്സ് എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾ ഈ സ്ഥാപനത്തിൽ നടത്താനും കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാനും സ്ഥാപനത്തിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാല, കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല എന്നിവരുടെ സഹകരണത്തോടുകൂടി കോഴ്സുകൾ ഉയർന്ന നിലവാരത്തിൽ നടത്താനും കോഴ്സുകൾക്ക് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിൽ (ASAP) ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കാനും എക്സിക്യൂട്ടീവ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷം നിലവിലുള്ള കോഴ്സുകൾ തുടരുന്നതിനും ഈ കോഴ്സുകൾക്ക് പി.എസ്.സി. അംഗീകാരം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരികയാണ്. നിലവിലുള്ള കോഴ്സുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചശേഷംമാത്രമേ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാദ്ധ്യമാവുകയുള്ളൂവെന്ന വിവരംകൂടി ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

## (6) പോളിടെക്നിക് കോളേജായി ഉയർത്തൽ

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന മികച്ച ടെക്നിക്കൽ സ്കൂളാണ് പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ. നിലവിൽ ആറ് ബാച്ചുകളിലായി 192 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്ന ഈ സ്കൂളിന് അഞ്ചേക്കറിലധികം സ്വന്തമായി ഭൂമിയും വിശാലമായ മൈതാനവുമുണ്ട്. ഇവിടെയുള്ള വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് 40 കി.മീ ദൂരെ വെസ്റ്റ്ഹിൽ പോളിടെക്നിക് കോളേജ് മാത്രമാണ് ഏക ആശ്രയം. കടലോര മേഖലയിലെ സാധാരണക്കാരുടെ മക്കളാണ് ഇവിടെ കൂടുതലായും പഠിക്കുന്നത്.

കൊയിലാണ്ടി, വടകര, പേരാമ്പ്ര തുടങ്ങിയ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് ഇവിടെ ഒരു പോളിടെക്നിക് കോളേജ് വരുന്നത് ഏറെ സഹായമാകും. ഇതിനുവേണ്ടി ഒരു പ്രമേയം സമർപ്പിക്കുകയും വകുപ്പ് ഒരു പഠനം നടത്തുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് ഇത് കോളേജായി ഉയർത്തുന്നതിനുള്ള നടപടികളിൽ വലിയ പുരോഗതിയുണ്ടായിട്ടില്ല. ആയതിനാൽ ഭൗതിക സാഹചര്യങ്ങളേറെയുള്ള ഈ ടെക്നിക്കൽ ഹൈസ്കൂളിനെ ഒരു ഗവൺമെന്റ് പോളിടെക്നിക് കോളേജായി ഉയർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് കോളേജായി ഉയർത്തുന്നതിനുള്ള നിർദ്ദേശം 2011-12 സാമ്പത്തിക വർഷം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. പ്രസ്തുത നിർദ്ദേശം പരിശോധിക്കുകയും അന്നത്തെ സാഹചര്യത്തിൽ സർക്കാർതലത്തിൽ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണിക്കേണ്ടതില്ലെന്ന് 20-10-2012-ൽ സർക്കാർ തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ കൊയിലാണ്ടി മണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അപര്യാപ്തത ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ള സാഹചര്യത്തിൽ പയ്യോളി ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനെ പോളിടെക്നിക് കോളേജായി ഉയർത്തുന്നതുസംബന്ധിച്ച് പഠിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കോഴിക്കോട് ഗവൺമെന്റ് പോളിടെക്നിക് കോളേജ് പ്രിൻസിപ്പാളിനെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സർക്കാരിന്റെ ധനസ്ഥിതികൂടി പരിഗണിച്ച് ഇക്കാര്യത്തിൽ തുടർനടപടി കൈക്കൊള്ളുന്നതാണ്.

(7) കായികാദ്ധ്യാപക തസ്തികയുടെ യോഗ്യതാ മാനദണ്ഡം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആരോഗ്യകരമായ വിദ്യാഭ്യാസ പദ്ധതിക്ക് ആവശ്യമായ ഒന്നാണ് കായികവിദ്യാഭ്യാസം. പക്ഷേ ദൗർഭാഗ്യവശാൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, പ്രത്യേകിച്ച് ഹൈസ്കൂളുകളിലും ഹയർ സെക്കണ്ടറി സ്കൂളുകളിലും കുട്ടികൾക്ക് കായികപരിശീലനം കൊടുക്കുന്നതിനുള്ള അവസരങ്ങൾ വളരെക്കുറവാണ്. ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി കായിക വിദ്യാഭ്യാസ രംഗവുമായി അടുത്ത ബന്ധമുള്ള വ്യക്തിയാണ്. 500 കുട്ടികളുള്ള ഒരു യു.പി സ്കൂളിൽ ഡ്രിൽ, ഡ്രോയിംഗ് മുതലായ മറ്റുകാര്യങ്ങളുടെ അനുബന്ധമായി കായിക വിദ്യാഭ്യാസംകൂടി വച്ചിരിക്കുകയാണ്. തന്മൂലം അവിടെ പീരിയഡ് കുറയുന്നുവെന്നുമാത്രമല്ല അവിടെവരുന്ന അദ്ധ്യാപകർ ക്വാളിഫൈഡായിട്ടുള്ളവരല്ല. ബി.എഡ്. പാസായിട്ടുള്ളവർക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ജോലികളാണ് അതിൽ

പലതും. അങ്ങനെയൊരു നിബന്ധന വയ്ക്കുന്നില്ലെന്നുള്ളത് നമ്മുടെ ശ്രദ്ധയിൽ വരാത്തൊരു കാര്യമാണ്. കെ.ഇ.ആർ.-ലെ അദ്ധ്യായം 23 പ്രകാരം ചുരുങ്ങിയത് 500 കുട്ടികളുള്ളിടത്താണ് യു.പി. വിഭാഗത്തിൽ ഒരു കായികാദ്ധ്യാപകനെ നിയമിക്കുന്നത്. കായികാദ്ധ്യാപക തസ്തിക നിർണ്ണയ മാനദണ്ഡം കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ടി അങ്ങ് നേതൃത്വം നൽകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. പുതുക്കിയ ടൈംടേബിൾ അനുസരിച്ച് യു.പി. വിഭാഗത്തിൽ ആരോഗ്യ-കായിക വിദ്യാഭ്യാസത്തിന് മൂന്ന് പീരിയഡാണ്. ഈ മൂന്ന് പീരിയഡുകൊണ്ട് ഇവർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഒളിമ്പിക്സിലേയ്ക്ക് കുട്ടികളെ കൊണ്ടുപോകുന്നതിനുവേണ്ടിയുള്ള പരിശീലനമാണ് നൽകേണ്ടത്. വിദേശരാജ്യങ്ങളിലെ കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകാൻ അവിടെ പുതിയ പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പക്ഷേ നമ്മൾ അതിൽ നിന്നെല്ലാം പോയി. നമ്മുടെ സ്കൂളുകളിൽ നല്ലൊരു ടർഫ് പോലുമില്ലാത്ത സ്ഥിതിയുണ്ടെന്ന് പരിശോധനയിൽ അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടാകും. വിദ്യാഭ്യാസ സ്ഥാപനങ്ങളും കെട്ടിടങ്ങളും നിർമ്മിക്കുമ്പോൾ കോമ്പൗണ്ടിനെക്കുറിച്ച് ആലോചിക്കാറില്ല. അവിടെ കുട്ടികൾക്ക് ഓടിക്കളിക്കാൻ സൗകര്യപ്രദമായ കോമ്പൗണ്ടുകളുണ്ടാകണം. അങ്ങനെ കുട്ടികൾക്ക് സാമൂഹിക ഇടപെടലിനുള്ള അവസരമുണ്ടാക്കണം. അതുണ്ടാകാതെ പോകുന്നതുകൊണ്ടാണ് ഈയിടെ പാലാ സെന്റ് തോമസ് കോളേജിലുണ്ടായതുപോലെയുള്ള അനുഭവങ്ങൾ നമ്മുടെ നാട്ടിലുണ്ടാകുന്നത്. അതുണ്ടാകാതിരിക്കത്തക്കവിധത്തിൽ ഈ രംഗം ശാക്തീകരിക്കുന്നതിനുവേണ്ടി ശ്രമിക്കണം. അതിലൂടെ ഇന്ത്യയുടെ ഭാവിപോലും നിർണ്ണായകമായ രൂപത്തിലേയ്ക്ക് മാറ്റാൻ നമുക്കുകഴിയും. ഇന്ത്യൻ കായികരംഗത്ത് ഏറ്റവും പ്രശസ്തമായി നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ഇത് മുന്നോട്ടുകൊണ്ടുപോകുവാൻ കഴിയണം. നാഷണൽ ഗെയിംസിൽ 163 ഗോൾഡ് മെഡലും കേരളത്തിലെ കുട്ടികളാണ് നേടിയത്. കേരളത്തിലെ കുട്ടികൾക്ക് അവസരം കിട്ടിയാൽ അവർ നല്ല പ്രകടനം നടത്തുമെന്നതിന്റെ തെളിവാണിത്. അങ്ങും അതിന്റെ രക്ഷാധികാരികളിലൊരാളായിരുന്നു. കേരള ഫുട്ബോൾ അസോസിയേഷനിൽ അങ്ങേയ്ക്കുള്ള സ്ഥാനം എനിക്ക് നന്നായറിയാം. ഇതെല്ലാംവച്ചുകൊണ്ട് കായിക വിദ്യാഭ്യാസത്തിനും കായികരംഗത്തിനും കൂടുതൽ പ്രസക്തികൊടുക്കുന്ന രൂപത്തിൽ പുനഃസംഘടിപ്പിക്കാൻ നടപടിയെടുക്കണം. കായികാദ്ധ്യാപകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിക്കൊടുക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി മുൻകയ്യെടുക്കണം. കേരളത്തിലെ കായികരംഗത്ത് ഏറ്റവും വലിയ നഴ്സറിയായി എടുക്കാൻകഴിയുന്ന ഹൈസ്കൂളിലെ കായികരംഗം മെച്ചപ്പെടുത്തണം. പ്രധാനപ്പെട്ട മറ്റൊരു പ്രശ്നംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രീഡിഗ്രി ലിങ്ക് ചെയ്ത് ഹയർ സെക്കണ്ടറിയായി മാറിയതോടുകൂടി ഈ മേഖലയിൽ കായികാദ്ധ്യാപകരില്ലാത്ത സ്ഥിതിയാണ് നിലനിൽക്കുന്നത്. ആ അപാകതയ്ക്ക് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): ബഹുമാനപ്പെട്ട മുൻ കായിക വകുപ്പുമന്ത്രിയും നാഷണൽ ഗെയിംസ് നടത്തിപ്പിന്റെ നേതാവുമായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ച സ്കൂൾ വിദ്യാഭ്യാസത്തിൽ കായികാദ്ധ്യാപകരുടെ പങ്കിനെ സംബന്ധിച്ചും കായികരംഗത്തെ പ്രവർത്തനത്തെ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കാൻ കഴിയുന്ന കാര്യങ്ങളാണ്. അങ്ങ് ഉന്നയിച്ച കാര്യങ്ങളിൽനിന്ന് വ്യത്യസ്തമായൊരു അഭിപ്രായം ഗവൺമെന്റിനില്ലെന്ന കാര്യംകൂടി വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുകയാണ്. കെ.ഇ.ആർ. അദ്ധ്യായം 23 ചട്ടം 6(4) പ്രകാരമുള്ള കാര്യം അങ്ങ് സൂചിപ്പിച്ചു. ഈ അദ്ധ്യായം ചട്ടം 6 ബി 2(എ) പ്രകാരം ഒരു പൂർണ്ണ അപ്പർ പ്രൈമറി സ്കൂളിൽ അഞ്ഞൂറിലധികം കുട്ടികൾ പഠിക്കുന്ന സാഹചര്യത്തിൽ ഒരു കായികാദ്ധ്യാപകനെ (ഏതെങ്കിലും ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക) അനുവദിക്കാവുന്നതാണ്. 3-7-1990-ലെ സർക്കാർ ഉത്തരവുപ്രകാരം കായിക വിദ്യാഭ്യാസത്തിൽ ഹയർ സെക്കണ്ടറിയിലെ ഒരു ബാച്ചിന് ആഴ്ചയിൽ രണ്ട് പീരിയഡ് അനുവദിച്ചിട്ടുണ്ടെങ്കിലും കായികാദ്ധ്യാപക തസ്തിക അനുവദിച്ചിട്ടില്ല. എന്നാൽ ഹൈസ്കൂളിലെ കായികാദ്ധ്യാപക തസ്തിക നിലനിർത്തുന്നതിന് ഈ പീരിയഡുകൂടി കണക്കിലെടുത്തത് 25-2-2015-ലെ സർക്കാർ ഉത്തരവുപ്രകാരം നിർത്തൽ ചെയ്യുകയുണ്ടായി. അപ്പർ പ്രൈമറി-ഹൈസ്കൂൾ കായികാദ്ധ്യാപക തസ്തിക നിർണ്ണയ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്ന വിഷയം നാഷണൽ കൗൺസിൽ ഫോർ ടീച്ചേഴ്സ് എഡ്യൂക്കേഷൻ 6-12-2014-ൽ പുറത്തിറക്കിയ വിജ്ഞാപനപ്രകാരം പ്രൈമറി ക്ലാസ്സുകളിലേയ്ക്ക് ഡിപ്ലോമ ഇൻ ഫിസിക്കൽ എഡ്യൂക്കേഷനും (ഡി.പി.ഇഡി.) ഹൈസ്കൂൾ ക്ലാസ്സുകളിലേയ്ക്ക് ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനും (ബി.പി.ഇഡി.) ഹയർ സെക്കണ്ടറി ക്ലാസുകളിലേയ്ക്ക് ബി.പി.ഇഡി.-യും മാസ്റ്റർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനും (എം.പി.ഇഡി.) കായികാദ്ധ്യാപക തസ്തികയിലേയ്ക്കുള്ള അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായികാദ്ധ്യാപക തസ്തികകൾക്കും ഈ മാനദണ്ഡങ്ങൾ ബാധകമാക്കുന്ന വിഷയം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ 8-7-2019-ൽ ഒരു പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. നിലവിലെ സാമ്പത്തിക സ്ഥിതി മോശമാണെങ്കിലും തസ്തിക നിർണ്ണയ മാനദണ്ഡം പരിഷ്കരിക്കുന്ന വിഷയം അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് പരിഗണിക്കാൻ കഴിയുന്ന കാര്യമാണ്. യോഗ്യത പുതുക്കുന്ന വിഷയത്തിൽ എസ്.സി.ഇ.ആർ.ടി.-യുടെ റിപ്പോർട്ട് ലഭ്യമായത് പരിശോധിച്ചവേളയിൽ പ്രയോഗികതലത്തിൽ വരാവുന്ന ചില പ്രശ്നങ്ങൾ പരിശോധിച്ച് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് പ്രസ്തുത വിഷയത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്. ഈ വിഷയം ചർച്ചചെയ്യുന്ന അവസരത്തിൽ സബ്മിഷനിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾകൂടി ഉൾപ്പെടുത്താമെന്നുള്ള കാര്യം അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

## (8) റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും ഏറ്റെടുക്കൽ

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ അടച്ചുപൂട്ടിയ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും സർക്കാർ ഏറ്റെടുക്കുന്നതിനോ പ്രവർത്തനക്ഷമമാക്കുന്നതിനോ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോട്ടയം ജില്ലയിൽ ഒരുകാലത്ത് ഏറ്റവും നന്നായി പ്രവർത്തിച്ചിരുന്നതും റബ്ബർ കൃഷിക്കാരുടെ മുഖ്യ ആശ്രയവുമായിരുന്ന കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് വർഷങ്ങളായി അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ സ്ഥാപനത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന പി.എൽ.സി. ഫാക്ടറിയും ഇതിനോടൊപ്പം അടച്ചുപൂട്ടാനിടയായി. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയിലും പി.എൽ.സി. ഫാക്ടറിയിലും റബ്ബർപാൽ കൊടുത്തിരുന്ന കൃഷിക്കാരുടെയും ഡെപ്പോസിറ്റ് നൽകിയിരുന്ന സഹകാരികളുടെയും വലിയ തുകയാണ് കൊടുത്തുതീർക്കാനുള്ളത്. പാവപ്പെട്ട കുടുംബങ്ങളുടെ പ്രതീക്ഷകൾ തകർന്ന സാഹചര്യമാണ് ഇവിടെയുണ്ടായത്. ഡയറക്ടർ ബോർഡ് ഇല്ലാതെ വന്നതിനെത്തുടർന്ന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വന്നെങ്കിലും ഫലപ്രദമായ യാതൊരു പരിഹാര നടപടിയും ഇതുവരെ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആത്മാർത്ഥമായ ഇടപെടൽ മാത്രമാണ് പരിഹാരമായിട്ടുള്ളത്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ഈ പ്രശ്നങ്ങളിൽ നേരത്തെ ഇടപെട്ടിട്ടുള്ള ജനനേതാവാണ്. കൃഷിക്കാർ റബ്ബർപാലും മറ്റ് റബ്ബർ ഉത്പന്നങ്ങളും നൽകിയ വകയിൽ കൊടുക്കാനുള്ള തുകയും സംഘത്തിൽ പണം നിക്ഷേപിച്ചവരുടെ പണവും തിരികെ കൊടുക്കാൻ കഴിയാതെ വന്നതുമൂലം വലിയ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഈ സ്ഥാപനം സംസ്ഥാന സർക്കാരിന് ഏറ്റെടുക്കാൻ കഴിയുമോയെന്നതാണ് ഒരാവശ്യമായി ഞാൻ ഉന്നയിക്കുന്നത്. കാർഷിക മേഖലയായ കടുത്തുരുത്തിയിലും പരിസര പ്രദേശങ്ങളിലുമുള്ള കർഷകരുടെ റബ്ബർ ഉത്പന്നങ്ങൾ ചൂഷണരഹിതമായി വിൽക്കുന്ന സാഹചര്യമാണ് ഇവിടെയുണ്ടായിരുന്നത്. റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി അടച്ചുപൂട്ടിയതോടെ ഈ സാഹചര്യമില്ലാതായി. ഇത് നാടിനും കൃഷിക്കാർക്കും നാട്ടുകാർക്കും വലിയ നഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. 3561 അംഗങ്ങളും 26 സംഘം ജീവനക്കാരും എഴുപതോളം ഫാക്ടറി തൊഴിലാളികളും 100 കളക്ഷൻ ഏജന്റുമാരും സ്വന്തമായി 10 ഏക്കർ സ്ഥലമുണ്ടായിരുന്നതും നല്ല നിലയിൽ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നതുമായ സ്ഥാപനം, ഭരണസമിതിയുടെ കെടുകാര്യസ്ഥതകൊണ്ട് പ്രതിസന്ധിയിലായി ജനങ്ങൾ ദുരിതത്തിലായിരിക്കുന്ന സ്ഥിതിയാണുണ്ടായിരിക്കുന്നത്. പല

ഇടപെടലുകൾ നടത്തിയെങ്കിലും പരിഹാരമുണ്ടാകാത്ത സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ ഇക്കാര്യങ്ങൾ കൊണ്ടുവരുന്നത്. 13-7-2014-ലാണ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി ഭരണസമിതിയുടെ അവസാന തെരഞ്ഞെടുപ്പ് നടന്നത്. 20-5-2015-ൽ ഭരണസമിതി പിരിച്ചുവിട്ടു. 17-7-2015-ൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിൽ മൂന്നംഗങ്ങളെ ഉൾപ്പെടുത്തി നിലവിൽ വന്നെങ്കിലും ഈ കമ്മിറ്റിക്ക് കാര്യമായി ഒരു പ്രവർത്തനവും നടത്താൻ കഴിയാതെപോയി. ഇക്കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി 20-5-2015 മുതൽ തുടർച്ചയായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെവച്ച് മുന്നോട്ടുപോകുന്നതുകൊണ്ട് സംഘത്തിന്റെ പ്രവർത്തനങ്ങളൊന്നും നടക്കാത്ത സ്ഥിതിയാണ് നിലവിലുള്ളത്. നിക്ഷേപകരുടെ പണം തിരികെ നൽകുന്നതിനോ നിലവിലുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനോ യാതൊരു നടപടിയുമുണ്ടാകാത്ത സാഹചര്യത്തിൽ ഈ സ്ഥിതി പരിഹരിക്കുന്നതിന് ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് നടത്തി യഥാർത്ഥ റബ്ബർ കർഷകരുടെ കൈകളിൽ സംഘത്തെ ഏൽപ്പിക്കാൻ കഴിയുമോയെന്നകാര്യം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രിയും ഗവൺമെന്റും പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇതിന് കഴിയുന്നില്ലെങ്കിൽ വെള്ളൂർ എച്ച്.എൻ.എൽ. ഏറ്റെടുത്ത മോഡലിൽ കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയും പി.എൽ.സി. ഫാക്ടറിയും സംസ്ഥാന ഗവൺമെന്റിന് ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കാൻ കഴിയുമോയെന്ന കാര്യംകൂടി പരിശോധിക്കണം. അതിനും കഴിയുന്നില്ലെങ്കിൽ ഒരു കൺസോർഷ്യം രൂപീകരിച്ച് കടുത്തുരുത്തി റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റിയുടെ കാര്യത്തിൽ മാതൃകാപരമായ ഇടപെടൽ നടത്തി ഈ പ്രശ്നം പരിഹരിക്കുവാൻ ഗവൺമെന്റ് ആത്മാർത്ഥമായി ഇടപെടണം. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നേതൃത്വം കൊടുത്ത് കോട്ടയം ജില്ലയിൽ പല സ്ഥലത്തും കൺസോർഷ്യം രൂപീകരിച്ച് ഇത്തരത്തിലുള്ള പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള മാതൃകാപരമായ നടപടികളുണ്ടായിട്ടുണ്ട്. കടുത്തുരുത്തിയിലെ റബ്ബർ കർഷകർക്ക് ആശ്വാസമാകുന്നവിധത്തിലുള്ള സഹായ നടപടി സഹകരണ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഗവൺമെന്റിന്റെ ഭാഗത്തനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം അദ്ദേഹവും ഞാനും മുമ്പ് ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ട് വസ്തുവകകൾ വിറ്റ് ഓഹരി ഉടമകൾക്കും നിക്ഷേപകർക്കും പണം കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. സ്വാഭാവികമായും കോടതി വിധി മറികടക്കണമെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മുൻകയ്യെടുത്ത് നിക്ഷേപകരുടെയും ഓഹരി

ഉടമകളുടെയും അഭിപ്രായം തേടേണ്ടതുണ്ട്. പാലായിൽ മീനച്ചിൽ സംഘം കൺസോർഷ്യം രൂപീകരിച്ചതുപോലെ ഒരു കൺസോർഷ്യം രൂപീകരിച്ച് പുനരുദ്ധാരണ പാക്കേജുണ്ടാക്കി, ആ പാക്കേജ് ബഹുമാനപ്പെട്ട ഹൈക്കോടതിയെ എ. ജി. മുഖാന്തരം അറിയിച്ച് കോടതി അനുമതിയോടുകൂടി മാത്രമേ പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് കടക്കാൻ കഴിയുകയുള്ളൂ. ഇത് ഗവൺമെന്റ് ഏറ്റെടുക്കുകയെന്നത് അപ്രായോഗികമാണ്. മീനച്ചിൽ സംഘം പുനരുജ്ജീവിപ്പിച്ചതുപോലെ പ്രൈമറി സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചും നിക്ഷേപകരെ സമീപിച്ച് അവരുടെ ഡിമാൻഡിനെ വാങ്ങിയെടുത്തും നിലവിലുണ്ടായിരുന്ന കളക്ഷൻ സെന്ററുകളും പി.എൽ.സി. ഫാക്ടറിയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളെയുമുൾപ്പെടെ തിരിച്ചുകൊണ്ടുവന്ന് ജോലി ചെയ്യുവാനുള്ള സൗകര്യമുണ്ടാകുന്ന സ്ഥിതിയിലേയ്ക്കെത്തി ഭാവിയിൽ ഇതിനൊരു മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് കോടതിയെ ബോധ്യപ്പെടുത്തി അനുമതി വാങ്ങണം. അതിനുശേഷം ഗവൺമെന്റ് ഇടപെട്ട് എല്ലാ സഹായവും ചെയ്ത് പുനരുജ്ജീവനത്തിനുവേണ്ടിയുള്ള കൺസോർഷ്യം രൂപീകരിക്കാൻ മുൻകയ്യെടുക്കാം. അതിനായി ഒരു യോഗം വിളിക്കാവുന്നതാണ്.

## (9) കൗൺസിലിംഗ്

ശ്രീ. യു. എ. ലത്തീഫ്: സർ, കഴിഞ്ഞ ഒന്നര വർഷക്കാലമായി പൂട്ടിയിട്ട വിദ്യാലയങ്ങൾ തുറക്കുകയാണ്. വിദ്യാർത്ഥികൾ മൊബൈൽ ഫോണിലൂടെ വേണ്ടതും വേണ്ടാത്തതുമായ പലകാര്യങ്ങളും കാണുകയുണ്ടായി. അദ്ധ്യാപകർ വളരെക്കുറച്ചുസമയം മാത്രമാണ് ഓൺലൈനിൽ വരുന്നത്. വിദ്യാർത്ഥികളെ അവർ കാണുന്നില്ല. ഭൂരിഭാഗം രക്ഷിതാക്കൾക്കും എന്താണിവിടെ നടന്നത് എന്നുമറിയില്ല. അതുകൊണ്ട് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകണമെന്ന് ആവശ്യപ്പെടുകയാണ്. മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന നമ്മുടെ സംസ്ഥാനത്ത് നമ്മൾ ബഹുമാനിക്കുന്ന പാലാ ബിഷപ്പ് 'നാർക്കോട്ടിക് ജിഹാദ്, ലൗ ജിഹാദ്' എന്നൊക്കെ പറഞ്ഞ് മുസ്ലീം സമുദായത്തിന്റെ നെഞ്ചിൻകൂടിനുനേരെ വെടിവയ്ക്കുകയുണ്ടായി. ഈ കുട്ടികളും രക്ഷിതാക്കളും എല്ലാ ദിവസവും ടി.വി.-യും വാർത്താചാനലും കാണുകയാണ്. അവരുടെ മനസ് കളങ്കിതമാണ്, വിഷലിപ്തമാണ്. അതുകൊണ്ട് അവരുടെ മനസ്സിൽനിന്നും ഇതുമാറണം. ഒരു വലിയ ന്യൂനപക്ഷവിഭാഗത്തിനെതിരെ വർഗ്ഗീയവിഷം തുപ്പുന്നരീതിയിലുള്ള പ്രസ്താവനകൾ നടത്തിയതുകൊണ്ട് ആർക്കാണ് ഗുണമുണ്ടായത്; അതിനെതിരെ എന്ത് നടപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ചത്? അന്ന് അദ്ദേഹം പറഞ്ഞു ഇവിടെ മുസ്ലീംലീഗ് മുസ്ലീം സമുദായത്തിന്റെ അട്ടിപ്പേറവകാശം ഏറ്റെടുക്കേണ്ടതില്ലെന്ന്. എന്നാൽ ഇപ്പോൾ

എന്താണ് സ്ഥിതി? പി.ഡി.പി. നേതാവ് തീവ്രവാദം പ്രസംഗിച്ചുവെന്നുപറഞ്ഞ് ഈ ഗവൺമെന്റ് അദ്ദേഹത്തെ പോലീസിന് പിടിച്ചുകൊടുത്തു. എത്രവർഷമായി അദ്ദേഹം ജയിലിലായിട്ട്; ഇതൊരു തീവ്രവാദ പ്രസംഗമല്ലേ; എന്താണ് നടപടിയെടുക്കാത്തത്? ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ അദ്ദേഹത്തിന്റെ അടുത്തുപോയിട്ട് പുറത്തുവന്ന് പറഞ്ഞത് 'That chapter is closed' എന്നാണ്. ഏതാണ് close ചെയ്ത chapter?

മി. ചെയർമാൻ: പ്ലീസ്........

ശ്രീ. യു. എ. ലത്തീഫ്: സർ, ഒരു സ്കൂളിലെ അദ്ധ്യാപകൻ ക്ലാസെടുക്കുന്ന ചാപ്റ്ററാണോ; ഒരുപാട് വിഷമമുണ്ടായിട്ടില്ലേ ഈ സമുദായത്തിന്? ഞാൻ വളരെ വേദനയോടെ ചോദിക്കട്ടെ ആർക്കും കയറി കൊട്ടാനുള്ള ചെണ്ടയാണോ മുസ്ലീങ്ങൾ; എന്താണ് ലൗ ജിഹാദ്? ഞാൻ മലപ്പുറം ജില്ലയിൽനിന്നാണ് വരുന്നത്. മലപ്പുറം ജില്ലയിൽ ഒരു മുനിസിപ്പൽ ചെയർപേഴ്സണെ, മുസ്ലീം സഹോദരിയെ ആ ജില്ലയിൽ ഏറ്റവും പ്രഗത്ഭനായ സി.പി.ഐ.(എം) നേതാവ് വിവാഹം കഴിക്കുകയുണ്ടായി. അത് ലൗ ജിഹാദാണോ സർ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ സബ്മിഷൻ വിഷയത്തിൽ നിന്നും വ്യതിചലിച്ചുപോകുകയാണ്.

ശ്രീ. യു. എ. ലത്തീഫ്: സർ, എന്റെ ഏറ്റവുമടുത്ത സ്നേഹിതനായ ബി.ജെ.പി. നേതാവ് മുസ്ലീം സ്ത്രീയെ വിവാഹം കഴിച്ചു. അത് ലൗ ജിഹാദാണ്. എത്രയെത്ര ക്രിസ്തീയ സഹോദരങ്ങൾ മുസ്ലീം സ്ത്രീകളെ വിവാഹം കഴിക്കുന്നു; അത് ലൗ ജിഹാദാണ്. അതുകൊണ്ട് ഈ കളങ്കപ്പെട്ട മനസ്സുകളെ അവരിൽനിന്നും മാറ്റുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും കൗൺസിലിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം യു. എ. ലത്തീഫ് ഇവിടെ ഉന്നയിച്ച പല പ്രശ്നങ്ങൾക്കും പ്രത്യേക ചോദ്യം തന്ന് മറുപടി പറയേണ്ടതാണ്. അദ്ദേഹം കൺക്ലൂഡ് ചെയ്തുകൊണ്ട് പറഞ്ഞ കാര്യത്തിന് മറുപടി പറയാം. കോവിഡ് പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കുന്നതുമൂലം കുട്ടികളിലും രക്ഷകർത്താക്കളിലുമുള്ള മാനസിക സംഘർഷവുമായി ബന്ധപ്പെട്ട് അദ്ദേഹം സൂചിപ്പിച്ച പ്രശ്നം വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്. മാനസിക സംഘർഷവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകമാകുംവിധം 'ഉള്ളറിയാൻ' എന്ന പരിപാടി ഡിജിറ്റൽ ക്ലാസുകളുടെ ഭാഗമായി നടപ്പിലാക്കിവരികയാണ്. കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്ന രീതിയിൽ മനഃശാസ്ത്രജ്ഞരുടെ

സഹായംതേടുന്നു. അതോടൊപ്പം കായികക്ഷമതയും ആരോഗ്യവും സംബന്ധിച്ച വീഡിയോ ക്ലാസുകളും വിക്ടേഴ്സ് ചാനൽ വഴി സംപ്രേഷണം നടത്തുന്നുണ്ട്. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ ഇപ്പോൾത്തന്നെ നടക്കുന്നുണ്ട്. ജീവിത നൈപുണി വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് 'ഉല്ലാസപ്പറവകൾ' എന്ന പ്രവർത്തനം സംസ്ഥാനത്ത് നടന്നുവരികയാണ്. ഈ പേരിൽ പ്രത്യേക പഠനസാമഗ്രി തയ്യാറാക്കിയാണ് മുന്നോട്ടുപോകുന്നത്. കുട്ടികളുടെ മാനസികാരോഗ്യം ഈ പദ്ധതിയുടെ മുഖ്യപരിഗണനയാണ്. കുട്ടികളുടെ വൈകാരികവും മാനസികവുമായ ക്ഷേമം ലക്ഷ്യമാക്കി 'Our Responsibility to Children' എന്ന പദ്ധതിയും സ്കൂൾ കുട്ടികൾക്കായി നടപ്പാക്കുന്നു. ഇതിനെല്ലാം രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ഊന്നൽ നൽകുന്നുണ്ട്. സ്കൂൾ തുറക്കുന്നതിനുമുന്നോടിയായി കുട്ടികളുടെയും രക്ഷിതാക്കളുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ കേന്ദ്രീകൃത മൊഡ്യൂളിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകതല പരിശീലനം നൽകുന്നതാണ്. അപ്രകാരം പരിശീലനം ലഭിച്ച അദ്ധ്യാപകർ ക്ലാസ് അടിസ്ഥാനത്തിൽ രക്ഷകർത്താക്കൾക്ക് സമൂഹ മാദ്ധ്യമങ്ങളിലൂടെ ഇതുസംബന്ധിച്ച് ബോധവൽക്കരണ ക്ലാസും നൽകുന്നതാണ്. സ്കൂൾ തുറന്ന് ആദ്യദിവസങ്ങളിൽ ഇതുസംബന്ധിച്ച ക്ലാസുകളും കുട്ടികൾക്ക് നൽകുന്നതാണെന്ന കാര്യംകൂടി അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

### (10) താലൂക്കാശുപത്രിയായി ഉയർത്തൽ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ ഏറ്റവും ഗൗരവതരമായ ജനകീയ വിഷയമാണ് ആരോഗ്യരംഗത്തെ പിന്നാക്കാവസ്ഥ. ഭൂവിസ്തൃതികൊണ്ടും ജനസംഖ്യകൊണ്ടും കോട്ടയം ജില്ലയിലെ ഏറ്റവും വലിയ നിയോജക മണ്ഡലമാണ് പൂഞ്ഞാർ. പക്ഷേ, പൂഞ്ഞാറിൽ സാമൂഹ്യാരോഗ്യ കേന്ദ്രത്തിനുമുകളിലുള്ള ഒരു ആശുപത്രിയും പൊതു ആരോഗ്യരംഗത്തില്ല. സ്വകാര്യ ആരോഗ്യരംഗത്തും സൗകര്യങ്ങളുള്ള ആശുപത്രികളില്ല. നാല്പതിനായിരം ജനസംഖ്യയുള്ളതും ഏഷ്യയിലെതന്നെ ഏറ്റവുമധികം density of population ഉള്ളതുമായ മുനിസിപ്പാലിറ്റിയാണ് ഈരാറ്റുപേട്ട. ഏഴര ചതുരശ്ര കിലോമീറ്ററിനുള്ളിൽ നാല്പതിനായിരം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശം. ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകളിലായുള്ള രണ്ടരലക്ഷം ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾക്ക് കോട്ടയത്തോ പാലായിലോ പോകേണ്ട സ്ഥിതിയാണ്. മീനച്ചിൽ താലൂക്കാശുപത്രി മുപ്പത് കിലോമീറ്റർ അകലെ കുറവിലങ്ങാടാണ് സ്ഥിതിചെയ്യുന്നത്. ഈരാറ്റുപേട്ടയിലെ കുടുംബാരോഗ്യകേന്ദ്രം 1957-ൽ

ആരംഭിച്ചതാണ്. ഗവൺമെന്റ് ഡിസ്പെൻസറിയായി ആരംഭിച്ച് 1990-ൽ പി.എച്ച്.സി. ആയി ഉയർത്തുകയും 2018-ൽ എഫ്.എച്ച്.സി. ആക്കുകയും ചെയ്തു ഇവിടെ അത്യാവശ്യം സ്ഥലസൗകര്യവും കെട്ടിടസൗകര്യവും മികച്ച ലാബ് സൗകര്യവുമുണ്ട്. ഏകദേശം മൂന്നൂറിലധികം രോഗികൾ പ്രതിദിനം അവിടെ ചികിത്സതേടി ഒ.പി.-യിലെത്തുന്നു. 30 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യവും അവിടെയുണ്ട്. അതിനാൽ അതൊരു താലൂക്കാശുപത്രിയുടെ പദവിയിലേയ്ക്ക് സ്പെഷ്യാലിറ്റി സൗകര്യമുള്ള ആശുപത്രിയായി ഉയർത്തണമെന്ന ജനകീയാവശ്യവുമായി പ്രദേശവാസികൾ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് മുന്നോട്ടുവന്നിരിക്കുകയാണ്. ഈ ആരോഗ്യകേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തുന്നതിന് ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. സംസ്ഥാന മൈനോറിറ്റി കമ്മീഷൻ ഒ.പി. 143/2017 പ്രകാരം 1-1-2019-ൽ ഇത് താലൂക്കാശുപത്രിയായി ഉയർത്തണമെന്ന് ഗവൺമെന്റിനോട് നിർദ്ദേശിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 2073/2020 എന്ന റിട്ട് ഒ.പി. പ്രകാരവും ആ നിർദ്ദേശം സർക്കാരിന് മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്. ആരോഗ്യമേഖലയിൽ സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കുന്ന സാഹചര്യം പരിഗണിച്ച് ഈരാറ്റുപേട്ടയിലെ നിലവിലെ കുടുംബാരോഗ്യകേന്ദ്രം താലൂക്കാശുപത്രിയായി ഉയർത്തി ആ പ്രദേശത്തെ ആരോഗ്യ പിന്നാക്കാവസ്ഥ പരിഹരിക്കുകയും രണ്ടര ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ഏറ്റവും വലിയ ജനകീയാവശ്യം നിറവേറ്റിത്തരികയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, കോട്ടയം ജില്ലയുടെ മലയോരമേഖലയായ ഈരാറ്റുപേട്ടയിൽ 1957-ലാണ് ഗവൺമെന്റ് ഡിസ്പെൻസറി പ്രവർത്തനമാരംഭിച്ചത്. ഈ സ്ഥാപനം 1990-ൽ 12 കിടക്കകളോടുകൂടിയ പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഭാഗമായി ഈ പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തുകയുണ്ടായി. ആശുപത്രിക്ക് ഒരേക്കർ എഴുപത്തിയഞ്ച് സെന്റ് സ്ഥലമാണുള്ളത്. മുന്നൂറോളം രോഗികൾ ഒ.പി.-യിലും മുപ്പതോളംപേർ കിടത്തിചികിത്സാ വിഭാഗത്തിലും പ്രതിദിനം ചികിത്സതേടി വരുന്നുണ്ട്. നല്ലൊരു ലാബ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിനെത്തുടർന്ന് ഓഫീസ് സമയം വൈകുന്നേരം 6 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി ഈ സ്ഥാപനത്തിൽ അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ്-2, ലാബ് ടെക്നീഷ്യൻ-1, ഫാർമസിസ്റ്റ്-1 എന്നിങ്ങനെ 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ അസിസ്റ്റന്റ് സർജൻ-4, ഫാർമസിസ്റ്റ്-2, സ്റ്റാഫ് നഴ്സ്-3 തുടങ്ങി 28

സ്ഥിരം ജീവനക്കാരുടെ തസ്തികകളാണ് ഈ എഫ്.എച്ച്.സി.-യിലുള്ളത്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന ഒരു ഡോക്ടർ, എൽ.എസ്.ജി.ഡി. മുഖേന 5 സ്റ്റാഫ് നഴ്സുൾപ്പെടെ 9 ജീവനക്കാർ, എച്ച്.എം.സി. മുഖാന്തരം 5 ജീവനക്കാർ എന്നിങ്ങനെ മൊത്തം 15 താൽക്കാലിക ജീവനക്കാരുടെ സേവനവും ഈ ആശുപത്രിയിൽ ലഭ്യമാണ്. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുടെ പരിധിയിൽവരുന്ന പ്രദേശങ്ങളിലെ കോവിഡ് രോഗികളുടെ പരിപാലനം, ചികിത്സ എന്നിവ നടന്നുവരുന്നത് ഈരാറ്റുപേട്ട എഫ്.എച്ച്.സി.-യുടെ നേതൃത്വത്തിലാണ്. ഈ ആരോഗ്യകേന്ദ്രത്തിനുകീഴിൽ ഒരു സി.എഫ്.എൽ.ടി.സി.-യും ഒരു ഡി.സി.സി.-യും ഈരാറ്റുപേട്ട പട്ടണത്തിൽ സ്ഥിതിചെയ്യുന്നുണ്ട്. ഇതുകൂടാതെ കോവിഡ്-19 ഉൾപ്പെടെയുള്ള പകർച്ചവ്യാധികളെ പ്രതിരോധിക്കുന്നതിന്റെ മുന്നൊരുക്കത്തിന്റെ ഭാഗമായി എല്ലാ നിയോജകമണ്ഡലങ്ങളിലും ഒരു ആശുപത്രിയെ തെരഞ്ഞെടുത്ത് പത്ത് കിടക്കകളോടുകൂടിയ ഐസൊലേഷൻ വാർഡ് ക്രമീകരിക്കുകയെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൂഞ്ഞാർ നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തത് ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രമാണ്. ജനസാന്ദ്രത കൂടുതലുള്ള പ്രദേശമെന്ന നിലയിലും ഐസൊലേഷൻ വാർഡ് ക്രമീകരിക്കുന്നതിനാവശ്യമായ സ്ഥലസൗകര്യമുള്ളതിനാലുമാണ് ഈ സ്ഥാപനത്തിന് മുൻഗണന നൽകിയത്. ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രം സ്ഥിതി ചെയ്യുന്നത് മീനച്ചിൽ താലൂക്കിലാണ്. ഇതേ താലൂക്കിൽ ഈ ആശുപത്രിയിൽനിന്ന് പന്ത്രണ്ട് കിലോമീറ്റർ അകലെ പാലാ ജനറൽ ആശുപത്രി സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടി പ്രവർത്തിക്കുന്നുണ്ട്. കുറവിലങ്ങാട് താലൂക്കാശുപത്രിയും ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയും മീനച്ചിൽ താലൂക്കിൽത്തന്നെയാണ് സ്ഥിതിചെയ്യുന്നത്. ഒരു ജില്ലയിൽ ഒരു ജില്ലാ ജനറൽ ആശുപത്രി, ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എല്ലാവിധ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുംകൂടി വികസിപ്പിക്കുകയെന്നുള്ളതാണ് സർക്കാരിന്റെ നയം. നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങളെ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിച്ച് കൂടുതൽ ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകുന്നത്. പൂഞ്ഞാർ നിയോജകമണ്ഡലമുൾപ്പെടുന്ന മീനച്ചിൽ താലൂക്കിൽ അനുവദിച്ചിരിക്കുന്ന താലൂക്കാശുപത്രി കുറവിലങ്ങാടാണ് സ്ഥിതിചെയ്യുന്നത്. കോട്ടയം ജില്ലയിലെ മലയോര പ്രദേശമായ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിലേയും സമീപ പ്രദേശങ്ങളിലേയും ജനങ്ങളുടെ ആവശ്യം പരിഗണിച്ച് ഈരാറ്റുപേട്ട കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനും ഈ ആശുപത്രിയിൽ മികച്ച ചികിത്സാ സൗകര്യമൊരുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുന്നകാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

12.00 Noon]

## VII മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 113 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 138 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫംഗ്ഷൻസ് ആസ് റെസ്പെക്ട്സ് സെർട്ടെയിൻ കോർപ്പറേഷൻസ് ആൻഡ് കമ്പനീസ്) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 | അല്ല |

II. തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 103 | ദി കേരള ടോഡി ഇൻഡസ്ട്രി ഡെവലപ്മെന്റ് ബോർഡ് ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 122 | ദി കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 125 | ദി കേരള എംപ്ലോയ്മെന്റ് ഗാരന്റി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 126 | ദി കേരള മുനിസിപ്പാലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 5 | 2021 | 134 | ദി കേരള പഞ്ചായത്ത് രാജ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

III. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 98 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

IV. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 119 | ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

V. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 102 | ദി കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 104 | ദി കേരള ഡിസാസ്റ്റർ ആൻഡ് പബ്ലിക് ഹെൽത്ത് എമർജൻസി (സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 105 | ദി കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 106 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 5 | 2021 | 107 | ദി കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

VI. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 124 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 135 | ദി കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 136 | ദി കേരള മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 137 | ദി കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

VII. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 94 | ദി എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 95 | ദി കേരള സെൽഫ് ഫിനാൻസിംഗ് കോളേജ് ടീച്ചിംഗ് ആൻഡ് നോൺ- ടീച്ചിംഗ് എംപ്ലോയീസ് (അപ്പോയിന്റ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 96 | ദി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 | അല്ല |
| 4 | 2021 | 97 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 | അല്ല |
| 5 | 2021 | 99 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്)(നം.2) ഓർഡിനൻസ് , 2021 | അല്ല |
| 6 | 2021 | 100 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്)(നം.3) ഓർഡിനൻസ് , 2021 | അല്ല |

VIII. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 117 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

IX. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 108 | ദി കേരള ഇൻലാന്റ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 109 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 110 | ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 112 | ദി കേരള ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിംഗ് ആൻഡ് മെയിന്റനൻസ് ഓഫ് ക്വാളിറ്റി ഓർഡിനൻസ്, 2021 | അല്ല |

X. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 101 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 120 | ദി കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 121 | ദി കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 123 | ദി കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 5 | 2021 | 127 | ദി കേരള ഹെഡ് ലോഡ് വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 6 | 2021 | 128 | ദി കേരള കാഷ്യു വർക്കേഴ്സ് റിലീഫ് ആൻഡ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 7 | 2021 | 129 | ദി കേരള ബാംബൂ, കാട്ടുവള്ളി ആൻഡ് പന്റാനസ് ലീഫ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 8 | 2021 | 130 | ദി കേരള സ്മാൾ പ്ലാന്റേഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

| | | | | |
|---|---|---|---|---|
| 9 | 2021 | 131 | ദി കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 10 | 2021 | 132 | ദി കേരള ടൈലറിംഗ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 11 | 2021 | 133 | ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

XI. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 111 | ദി കേരള ലൈവ്സ്റ്റോക്ക് ആൻഡ് പൗൾട്ടി ഫീഡ് ആൻഡ് മിനറൽ മിക്സ്ചർ(റെഗുലേഷൻ ഓഫ് മാനുഫാക്ചർ ആൻഡ് സെയിൽ) ഓർഡിനൻസ്, 2021 | അല്ല |

XII. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 114 | ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 115 | ദി കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 116 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2021 | അല്ല |

XIII. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നം. | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 118 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2021 | അല്ല |

## VIII നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

(ii) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(iii) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ

(iv) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി)ബിൽ

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലും 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

## IX ക്രമപ്രശ്നം

(1) ബില്ലിലെ വ്യവസ്ഥകൾ കേന്ദ്രനിയമത്തിന് വിരുദ്ധം

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം എന്ന കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് എം.ജി.എൻ.ആർ.ഇ.ജി.എ. പദ്ധതിവഴി സംസ്ഥാനത്ത് തൊഴിൽ നൽകിവരുന്നത്. കേന്ദ്ര നിയമത്തിന്റെ ആറാം വകുപ്പിൽ തൊഴിലാളികൾക്ക് കൂലിയിൽ കുറവുവരുത്തുവാൻ പാടില്ലെന്ന് കൂലി നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ വ്യക്തമാക്കുന്നു. കേന്ദ്ര നിയമ വ്യവസ്ഥയിൽ ആവശ്യമായ ഭേദഗതി വരുത്താതെ തൊഴിലാളികളുടെ വേതനത്തിൽനിന്നും ഒരു നിശ്ചിത തുക സംസ്ഥാന ക്ഷേമനിധി ബോർഡിലേയ്ക്ക് നൽകണമെന്ന ബില്ലിലെ വ്യവസ്ഥ നിലനിൽക്കുന്നതല്ല. ആക്ടിലെ ആറാം വകുപ്പിൽ ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരംമാത്രമാണ് സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ളത്. എന്നാൽ വർഷത്തിൽ ശരാശരി ഇരുപത്തിരണ്ട് ദിവസംമാത്രം തൊഴിൽ ലഭിച്ചുവരുന്ന

ഇവരുടെ വേതനത്തിൽനിന്നും അംശദായ ഇനത്തിൽ പ്രതിവർഷം 600 രൂപ ക്ഷേമനിധി വിഹിതമായി അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്യുവാൻ സംസ്ഥാനത്തിന് കേന്ദ്ര ആക്ട് പ്രകാരം അധികാരമില്ല. തൊഴിലാളികളുടെ പക്കൽനിന്നും അംശദായം ഈടാക്കുന്നതിന് കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തുകയാണ് വേണ്ടത്. ക്ഷേമനിധി പ്രാബല്യത്തിൽ വന്ന തീയതി മുതൽ കേന്ദ്ര നിയമം ഭേദഗതി ചെയ്യുന്നതുവരെയുള്ള തൊഴിലാളികളുടെ അംശദായ വിഹിതം സംസ്ഥാന സർക്കാർ നൽകേണ്ടതാണ്. അങ്ങനെയുള്ള വ്യവസ്ഥ ഇല്ലാത്തതിനാൽ ബിൽ നിയമപരമായി നിലനിൽക്കുന്നതല്ല. എഴുപത്തിരണ്ട് ലക്ഷം തൊഴിലാളികളാണ് സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്. തൊഴിലാളികൾക്ക് സർക്കാർ വിഹിതമായി ആനുപാതികമായ തുക നൽകേണ്ടതുള്ളതിനാൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ ചേർത്തിരിക്കുന്ന ആവർത്തക ചെലവായ 68.5 കോടി രൂപ യാഥാർത്ഥ്യ ബോധമില്ലാതെയാണ് തയ്യാറാക്കിയിട്ടുള്ളത്. സർക്കാരിന് അംശദായമായോ ഗ്രാന്റായോ നൂറ് കോടി രൂപയിലധികം ചെലവാണ് ക്ഷേമനിധി ബോർഡ് പ്രവർത്തനസജ്ജമാകുമ്പോൾ പ്രതിവർഷമുണ്ടാകുന്നത്. ആയതിനാൽ ധനകാര്യ മെമ്മോറാണ്ടം ക്രമപ്രകാരം തയ്യാറാക്കിയതല്ലെന്നുകാണുന്നു. ഈ സാഹചര്യത്തിൽ മേൽ പരാമർശിച്ച ന്യൂനതകൾ പരിഹരിക്കുന്നതുവരെ ബില്ലിന്റെ അവതരണം മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(2) <u>ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട ക്രമപ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. ഭരണഘടനയുടെ അനുച്ഛേദം 213-ലെ clause (1), clause (2) എന്നിവപ്രകാരം ഒരു ഓർഡിനൻസ് തൊട്ടടുത്ത് നടക്കുന്ന നിയമസഭാ സമ്മേളനത്തിന്റെ ആറാഴ്ചയ്ക്കുള്ളിൽ നിയമമാക്കേണ്ടതാണ്. അത് ഭരണഘടനാപരമായ വ്യവസ്ഥയാണ്, നടപടിക്രമമോ ചട്ടമോ അല്ല. കേരള പഞ്ചായത്ത് രാജ് അമെന്റ്മെന്റും കേരള മുനിസിപ്പാലിറ്റി അമെന്റ്മെന്റും ഇക്കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പിനുവേണ്ടി വരുത്തിയ ഭേദഗതിയാണ്. ഭരണസമിതികൾ അധികാരത്തിൽവന്ന് പത്തുമാസം കഴിഞ്ഞാണ് ആ ഭേദഗതികളെ സാധൂകരിക്കാൻ സർക്കാർ ശ്രമിക്കുന്നത്. 1994-ലെ പഞ്ചായത്ത് രാജ് ആക്ടിന്റെ 6-ാം വകുപ്പ് (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ട് പഞ്ചായത്തംഗങ്ങളുടെ എണ്ണം ആദ്യം വർദ്ധിപ്പിച്ചു. ഇതിൽ

കൃത്യമായ ഭരണഘടനാ ലംഘനമുണ്ടായിട്ടുണ്ട്. കോവിഡുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ വന്നതിനാൽ വാർഡ് വിഭജനത്തിന് അവസരമില്ലാതെ വന്നസാഹചര്യത്തിൽ പഴയ പ്രൊവിഷനിലേയ്ക്കുതന്നെ പോകേണ്ടിവന്നു. മുമ്പുണ്ടാക്കിയ ഭേദഗതി തിരുത്താൻവേണ്ടിയാണ് ഓർഡിനൻസ് കൊണ്ടുവന്നത്. അംഗങ്ങളുടെ പഴയ എണ്ണം വച്ചുതന്നെയാണ് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തിയത്. എന്നാൽ വർദ്ധിപ്പിച്ച സീറ്റുകളുടെ കാര്യംവച്ച് ഇപ്പോഴാണ് ഭേദഗതി ചെയ്യുന്നത്. നിയമസഭാ തെരഞ്ഞെടുപ്പിനുശേഷം ഭരണ തുടർച്ചയുണ്ടായതിന്റെ ഫലമായി മുൻ ഗവൺമെന്റുതന്നെ അധികാരത്തിൽവന്നു. ഈ ഭേദഗതി അംഗീകരിക്കാത്ത ഒരു ഗവൺമെന്റാണ് അധികാരത്തിൽ വന്നതെങ്കിൽ സംസ്ഥാനത്തുണ്ടായ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനവിധിയുടെ ഭാവിയെന്താകും? 2020 മേയ് മാസത്തിൽ ഓർഡിനൻസ് കൊണ്ടുവന്നു. ആഗസ്റ്റ് 24-ന് ചേർന്ന നിയമസഭാ സമ്മേളനത്തിൽ ബിൽ കൊണ്ടുവന്നില്ല. ഓർഡിനൻസ് കാലഹരണപ്പെട്ടു. 2020 സെപ്റ്റംബറിൽ വീണ്ടും വിളംബരപ്പെടുത്തി. 2020 ഡിസംബർ 31-നും 2021 ജനുവരി 8 മുതൽ ജനുവരി 22 വരെ ചേർന്ന നിയമസഭാ സമ്മേളനങ്ങളിലും ഓർഡിനൻസ് കൊണ്ടുവന്നില്ല. 2021 ഫെബ്രുവരിയിൽ വീണ്ടും ഓർഡിനൻസ് പുനരുജ്ജീവിപ്പിച്ചു. പൊതുതെരഞ്ഞെടുപ്പിനുശേഷം നിലവിൽവന്ന 15-ാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വരുത്തിയ ഭേദഗതി സാധൂകരിക്കാൻ കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്ര നിയമമായ പഞ്ചായത്ത് രാജ് ആക്ടിൽ വലിയ ഉദാസീനതയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിനുമുമ്പ് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗുണ്ടാകണം.

(3) ബിൽ ഭരണഘടനാ വിരുദ്ധം

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2018-ലെ വെള്ളപ്പൊക്കത്തിന്റെ പശ്ചാത്തലത്തിൽ തുടങ്ങിയ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പ്രകൃതിക്ഷോഭം നേരിടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്ന തരത്തിൽ നഗര-ഗ്രാമാസൂത്രണ നിയമത്തിൽ പറഞ്ഞിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കത്തിലും നടപടിക്രമത്തിലും മാറ്റങ്ങൾ നിർദ്ദേശിച്ച സാഹചര്യത്തെയുപയോഗിച്ച് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ നിയമത്തിൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി ബില്ലിലെ വ്യവസ്ഥകൾ ഭരണഘടനാ വിരുദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 243 ZD വിഭാവനം ചെയ്യുന്നത് ജില്ലയ്ക്ക് മുഴുവനായിട്ടുള്ള വികസന പദ്ധതികളുടെ ഒരു കരട് എന്ന രീതിയിൽ ജില്ലാ വികസന രൂപരേഖ തയ്യാറാക്കണമെന്നാണ്. ഇതനുസരിച്ചാണ്

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ ഒറിജിനൽ നിയമം രൂപകൽപ്പന ചെയ്തത്. ജില്ലയ്ക്ക് മുഴുവനായിട്ടുള്ള രൂപരേഖ എന്നതിനുപകരം ബില്ലിലെ 14-ാം വകുപ്പ് പ്രകാരം പ്രധാന ആക്ടിന്റെ 13(2) വകുപ്പിൽ കൊണ്ടുവരുന്ന ഭേദഗതി നിർദ്ദേശപ്രകാരം സ്ഥലപര പെർസ്പെക്ടീവ് പ്ലാൻ തയ്യാറാക്കുക എന്നാണ് വിവക്ഷിക്കുന്നത്. ഇത് ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 243 ZD വിഭാവനം ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. അധികാര വികേന്ദ്രീകരണത്തിൽ നിരവധി പ്ലാനുകളും നിരവധി ഏജൻസികളുമെന്ന കാഴ്ചപ്പാട് ഒഴിവാക്കണമെന്നാണ് അടിസ്ഥാനതത്വം. അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ഈ സമയത്ത് ഇത്തരത്തിൽ ഓരോ പ്രത്യേക പ്രദേശത്തിനും ഓരോ പ്രത്യേക പ്ലാൻ എന്നത് ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് ഭരണഘടന നൽകിയിരിക്കുന്ന അധികാരത്തെ പരിമിതപ്പെടുത്തുന്നതും അശാസ്ത്രീയവുമാണ്. സംയോജിത ജില്ലാ വികസന രൂപരേഖയെ വിവിധ അറകളായി തിരിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് (പ്ലാനിംഗ്) വക പ്ലാൻ തയ്യാറാക്കാനുള്ള പുതിയ നിർദ്ദേശം നിലവിൽ വരുന്നതിലൂടെ ഭരണഘടന വിഭാവനം ചെയ്ത, ജില്ലയ്ക്ക് മുഴുവനായുള്ള ഒരു പ്ലാൻ എന്നതിൽനിന്നും മാറി കമ്പാർട്ട്മെന്റലൈസ് ചെയ്യുകയും അതിലൂടെ ഭിന്നിപ്പിക്കപ്പെടുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് ഭരണഘടനാ വിരുദ്ധമായ ഭേദഗതികൾ ഉൾപ്പെട്ട ബിൽ പിൻവലിച്ച് പ്രസ്തുത വ്യവസ്ഥകൾ നീക്കം ചെയ്ത് പുതിയ ബിൽ അവതരിപ്പിക്കുന്നതിനുവേണ്ട റൂളിംഗ് നൽകണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട കെ. ബാബു (തൃപ്പൂണിത്തുറ) ഉന്നയിച്ച ക്രമപ്രശ്നം പരിശോധിച്ചു. 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ 3-ാം വകുപ്പിൽ സംസ്ഥാന സർക്കാർ വിജ്ഞാപനം ചെയ്യാവുന്ന ഗ്രാമ പ്രദേശങ്ങളിൽ ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തിൽ കുറയാതെയുള്ള തൊഴിൽ ഒരു കുടുംബത്തിലെ സന്നദ്ധരായ അംഗങ്ങൾക്ക് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ആറാം വകുപ്പിൽ അവർക്കുനൽകേണ്ട വേതന നിരക്ക് സംബന്ധിച്ചും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ കീഴിലും വരുന്ന തൊഴിലാളികൾക്ക് ക്ഷേമ ആനുകൂല്യങ്ങൾ നൽകുവാൻ വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതാണ്. പ്രസ്തുത ബില്ലിൽ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധിയിൽ അംശദായം അടച്ച അംഗങ്ങൾക്ക് പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിനാണ് വ്യവസ്ഥ ചെയ്യുന്നത്.

അവരുടെ വേതനത്തിൽനിന്നും അംശദായം ഇനത്തിൽ ക്ഷേമനിധി വിഹിതം അടയ്ക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നില്ല. ബില്ലിന്റെ 4-ാം വകുപ്പ് പ്രകാരം ക്ഷേമനിധിയിൽ അംഗമായി ചേരുവാൻ ആഗ്രഹിക്കുന്ന തൊഴിലാളി പ്രതിമാസം 50 രൂപ അംശദായമായി നൽകണമെന്നാണ് വ്യവസ്ഥ ചെയ്യുന്നത്. മാത്രമല്ല, പ്രസ്തുത നിധിയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർമാത്രം അംശദായം അടച്ചാൽ മതിയാകും. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര ആക്ടായ 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ല. ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽനിന്നും പ്രതിവർഷം 68.5 കോടി രൂപയുടെ ചെലവ് വരുമെന്നാണ് പറഞ്ഞിരിക്കുന്നത്. അനുമതിയാകില്ലെന്ന് ക്രമപ്രശ്നത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ശരിയല്ല. 18 മുതൽ 55 വയസ്സുവരെ പ്രായമുള്ളവർ മാത്രമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളത്. അങ്ങനെ വരുമ്പോൾ 12 ലക്ഷം പേരാണ് ഈ പരിധിയിൽ ഉൾപ്പെടുന്നത്. അതുകൊണ്ട് 68.5 കോടി രൂപ മതിയാകും.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ചിട്ടുള്ള ക്രമപ്രശ്നത്തിന്റെ ഭാഗമായി പറയാനുള്ളത് ഇതാണ്. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാൽ 2020 മേയ് 2-ന് ഓർഡിനൻസ് കേരള ഗവർണർ വിളംബരം ചെയ്തു. 2020 നവംബർ മാസത്തോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിലവിലുള്ള ഭരണസമിതിയുടെ കാലാവധി തീരുന്നതിനാലും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് വാർഡ് വിഭജന പ്രക്രിയകൾ തടസ്സമാകുമെന്നതിനാലുമാണ് പ്രസ്തുത ഭേദഗതി ഓർഡിനൻസായി സർക്കാർ കൊണ്ടുവന്നത്. 2020 ആഗസ്റ്റ് 24-ന് ചേർന്ന കേരള സംസ്ഥാന നിയമസഭാ സമ്മേളനത്തിൽ ബില്ലായി കൊണ്ടുവരാൻ സാധിക്കാതിരുന്നതിനാലാണ് 2020 സെപ്റ്റംബർ 26-ന് കേരള ഗവർണർ ഓർഡിനൻസ് വിളംബരം ചെയ്തത്. കോവിഡ് മഹാമാരിയുടെ കാലത്ത് തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിനുണ്ടായ പ്രതിബന്ധങ്ങൾ പരിഹരിക്കുന്നതിനാണ് 2020-ലെ മൂന്നാം ഭേദഗതി ഓർഡിനൻസ് നവംബർ 19-ന് ഗവർണർ വിളംബരം ചെയ്തത്. പിന്നീട് 2020 ഡിസംബർ 31-നും 2021 ജനുവരി 8 മുതൽ 22 വരെയും ചേർന്ന നിയമസഭാ സമ്മേളനകാലത്ത് ഓർഡിനൻസുകൾക്കുപകരം ബിൽ കൊണ്ടുവരാൻ സാധിച്ചില്ല. നമ്മളെല്ലാവരുംകൂടി തീരുമാനിച്ച സമയക്രമമായിരുന്നു തെരഞ്ഞെടുപ്പ് ദിവസം അനുവദിച്ചത്. അതിന്റെ ഭാഗമായാണ് കേരള പഞ്ചായത്ത് രാജ് ഓർഡിനൻസിലെ ഭേദഗതി വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2021 ഫെബ്രുവരി 9-ന് ഓർഡിനൻസ് കേരള ഗവർണർ വിളംബരം ചെയ്തത്. കെട്ടിട

നിർമ്മാണ പെർമിറ്റിന്റെ കാര്യത്തിൽ സാധാരണക്കാർ നേരിടുന്ന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് 2021-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് 2021 ഫെബ്രുവരി 12-ന് കേരള ഗവർണർ വിളംബരം ചെയ്തിട്ടുള്ളത്. 2021 മേയ് 24 മുതൽ ജൂൺ 10 വരെ നടന്ന നിയമസഭാ സമ്മേളനകാലത്ത് ഓർഡിനൻസ് നിയമസഭയിൽ അവതരിപ്പിക്കുന്നതിന് കഴിയാതിരുന്നതിനാൽ ഭേദഗതി ഓർഡിനൻസ് 2021 ജൂലൈ 1-ന് കേരള ഗവർണർ വിളംബരം ചെയ്തു. 2021 ജൂലൈ 22 മുതൽ ആഗസ്റ്റ് 13 വരെ നടന്ന നിയമസഭാ സമ്മേളനകാലത്ത് ബിൽ കേരള നിയമസഭയിൽ അവതരിപ്പിക്കാൻ സാധിക്കാതിരുന്നതിനാൽ ആഗസ്റ്റ് 23-ന് ഓർഡിനൻസ് കേരള ഗവർണർ വിളംബരം ചെയ്തു. ഈ നിയമസഭാ സമ്മേളനങ്ങളുടെ കാര്യപരിപാടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന എല്ലാ കക്ഷിനേതാക്കളും ഉൾപ്പെടുന്ന കാര്യോപദേശക സമിതി തീരുമാനിച്ചതാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് നിരുത്തരവാദപരമായി ഒരു സമീപനവും ഇക്കാര്യത്തിലുണ്ടായിട്ടില്ല. പ്രസ്തുത 134-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു നിയമം കൊണ്ടുവരുന്നതിനാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. മേൽപ്പറഞ്ഞ നിയമസഭാ സമ്മേളനങ്ങളിലെ കാര്യപരിപാടി ബഹുമാനപ്പെട്ട അംഗത്തിന് അറിയാവുന്നതാണ്. നിയമനിർമ്മാണം പ്രധാന കാര്യപരിപാടിയായി ചേരുന്ന ഈ നിയമസഭാ സമ്മേളനത്തിൽ ആദ്യദിവസംതന്നെ ഈ സുപ്രധാന ബിൽ കൊണ്ടുവരുവാൻ തീരുമാനിച്ചത് ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ്. അതുപോലെ ബിൽ ഭരണഘടനാപരമല്ലെന്ന വാദം നിലനിൽക്കുന്ന ഒന്നല്ല. കാരണം, ഇതുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ കണക്കിലെടുത്ത് ഭരണഘടനാപരമായ അനിവാര്യതയാണ് ഓർഡിനൻസ് പുനർവിളംബരം ചെയ്യേണ്ടതെന്ന് 28-4-2021-ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധി കൽപ്പിച്ചിട്ടുള്ളതാണ്.

ശ്രീ. മഞ്ഞളാംകുഴി അലി ഉന്നയിച്ച ക്രമപ്രശ്നത്തിൽ ഡി.പി.സി.-കളുടെ കാര്യം സംബന്ധിച്ച് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഭരണഘടനയുടെ അനുച്ഛേദം 243 ZD ഓരോ സംസ്ഥാനത്തെ ജില്ലാതലത്തിൽ ആ ജില്ലയിലെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ജില്ലയ്ക്ക് മുഴുവനായുള്ള വികസന പദ്ധതിയുടെ ഒരു കരട് തയ്യാറാക്കുന്നതിനും ജില്ലാ ആസൂത്രണ കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഇത്തരം കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഡി.പി.സി.-കൾ നിലവിലുണ്ട്. കൂടാതെ രണ്ടാം ഉപഖണ്ഡപ്രകാരം നിയമംവഴി ആയതിന്റെ ഘടന, അങ്ങനെയുള്ള കമ്മിറ്റികൾക്ക് നീക്കിവയ്ക്കാവുന്ന ചുമതലകൾ മുതലായവ വ്യവസ്ഥ ചെയ്യാവുന്ന

കാര്യമാണ്. നിയമംവഴിതന്നെ മറ്റു ചുമതലകളും ഏൽപ്പിക്കാൻ അവകാശമുണ്ടെന്നുള്ളതാണ്. അതിനാൽത്തന്നെ പ്രധാന ആക്ടിലെ 13-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ടുള്ള വ്യവസ്ഥ ഭരണഘടനാ വിരുദ്ധമല്ല.

## റൂളിംഗ്

മി. സ്പീക്കർ: 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിലെ വ്യവസ്ഥകൾ 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം എന്ന കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നും ധനകാര്യ മെമ്മോറാണ്ടം അപര്യാപ്തമാണെന്നുമാണ് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) തന്റെ തടസ്സവാദത്തിലൂടെ ഉന്നയിച്ചത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. ഈ ബിൽ, തൊഴിലുറപ്പ് രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്കായുള്ള ഒരു ക്ഷേമനിധിക്ക് രൂപം നൽകാനുള്ള നിയമമാണ്. വിവിധ തൊഴിൽ മേഖലകളിൽ പ്രവൃത്തിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി നിയമത്തിലൂടെതന്നെ പ്രത്യേകം ക്ഷേമനിധികൾ രൂപീകരിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളമെന്നത് നമുക്ക് അഭിമാനിക്കാൻ വകയുള്ള കാര്യമാണ്. ഇത്രയധികം വെൽഫെയർ ലെജിസ്ലേഷനുകൾ മറ്റെങ്ങും നമുക്ക് കാണാനാകില്ല. അതുപോലൊരു ക്ഷേമനിധി തൊഴിലുറപ്പ് രംഗത്ത് പ്രവർത്തിക്കുന്നവർക്കുവേണ്ടി രൂപീകരിക്കാനാണ് ഈ ബില്ലിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നില്ലെന്ന് മാത്രമല്ല, ഒരു വെൽഫെയർ ലെജിസ്ലേഷൻ എന്ന നിലയിൽക്കൂടി കാണേണ്ടതുണ്ട്. അതുപോലെ, ധനകാര്യ വകുപ്പിന്റെകൂടി പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ള ധനകാര്യ മെമ്മോറാണ്ടത്തിന്റെ കാര്യത്തിലും പ്രകടമായ ഏതെങ്കിലും തരത്തിലുള്ള അപാകത കണ്ടെത്തുവാൻ കഴിയുന്നില്ല. അതിനാൽ തടസ്സവാദം നിലനിൽക്കുന്നതല്ല.

2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെയും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെയും അവതരണത്തിനെതിരെ ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച തടസ്സവാദത്തിനും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. ഓർഡിനൻസുകൾക്കുപകരമുള്ള നിയമനിർമ്മാണ കാര്യത്തിൽ നമ്മുടെ സഭയിൽ എത്രയോനാളായി നടന്നുവരുന്ന ഒരു കീഴ്വഴക്കമെന്ന നിലയിൽത്തന്നെയാണ് ഈ രണ്ട് ബില്ലുകളും സഭയുടെ മുമ്പാകെ വന്നിട്ടുള്ളത്. 'കേരള നിയമസഭയുടെ നടപടിക്രമവും കീഴ്വഴക്കവും' എന്ന നമ്മുടെതന്നെ റഫറൻസ് ഗ്രന്ഥത്തിന്റെ അടുത്തകാലത്ത് പ്രസിദ്ധീകരിച്ച രണ്ടാം വാല്യത്തിലെ അദ്ധ്യായം 17-ൽ ഇപ്രകാരം പറയുന്നു: "ഓർഡിനൻസിന് പകരമുള്ള

ബിൽ തൊട്ടടുത്തുവരുന്ന സമ്മേളനത്തിൽത്തന്നെ പാസ്സാക്കിക്കൊള്ളണമെന്നില്ല. ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം ചേരുന്ന ആദ്യ സമ്മേളനത്തിന്റെ ആദ്യ ദിവസം മുതൽ 42 ദിവസത്തിനുള്ളിൽ പാസ്സാക്കിയാൽ മതിയാകും. ആദ്യ സമ്മേളനത്തിൽ പാസ്സാക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുന്നപക്ഷം അത് തൊട്ടടുത്ത സമ്മേളനത്തിലായാലും ആദ്യ സമ്മേളന തീയതി മുതലുള്ള 42 ദിവസമെന്ന കാലപരിധിക്കുള്ളിൽ ആയിരുന്നാൽ മതിയാകുന്നതാണ്." (പേജ് 456). ഇതാണ് നമ്മുടെ കീഴ്വഴക്കം. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിൽ പ്രഖ്യാപിക്കപ്പെട്ട കുറെയേറെ ഓർഡിനൻസുകൾക്കുപകരം നിയമനിർമ്മാണം നടത്തുവാൻ നമുക്ക് കഴിഞ്ഞിരുന്നില്ല. കഴിഞ്ഞ സമ്മേളനകാലത്ത് ഇതുസംബന്ധിച്ച ക്രമപ്രശ്നം തീർപ്പാക്കിക്കൊണ്ട് നൽകിയ റൂളിംഗിന്റെകൂടി അടിസ്ഥാനത്തിലാണ് നിയമനിർമ്മാണത്തിന് മാത്രമായി ഈ സമ്മേളനം ചേരുന്നതും ഓർഡിനൻസുകൾക്കുപകരമായി നിയമനിർമ്മാണം നടത്തുവാൻ നാം പരിശ്രമിക്കുന്നതും. ഈ സാഹചര്യത്തിൽ ശ്രീ. എൻ. ഷംസുദ്ദീന്റെ തടസ്സവാദവും നിലനിൽക്കുന്നതല്ലെന്ന് അറിയിക്കുന്നു.

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243ZD-യിൽ വിഭാവനം ചെയ്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിരുദ്ധമാണെന്നതാണ് ശ്രീ. മഞ്ഞളാംകുഴി അലിയുടെ തടസ്സവാദം. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യവും വിശദമായി ഇവിടെ പരാമർശിക്കുകയുണ്ടായി. സംസ്ഥാന നിയമസഭയുടെ നിയമനിർമ്മാണ അധികാരത്തിന്റെ പരിധിയിൽ വരുന്ന വ്യവസ്ഥകൾമാത്രമാണ് ബില്ലിൽ വിഭാവനം ചെയ്തിരിക്കുന്നതെന്നാണ് നിയമോപദേശത്തിന്റെകൂടി അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ പ്രസ്തുത ബില്ലിന്റെ അവതരണത്തെ സംബന്ധിച്ച തടസ്സവാദവും നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

**നിയമനിർമ്മാണകാര്യം - തുടർച്ച**

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലും 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പതിനഞ്ചാം കേരള നിയമസഭ നിലവിൽ വന്നിട്ട് നാലുമാസം മാത്രമേ ആയിട്ടുള്ളൂ. ഈ കാലയളവിനിടയിൽ മൂന്നാം സമ്മേളനത്തിനാണ് ഇന്ന് നാം തുടക്കംകുറിക്കുന്നത്. പാർലമെന്ററി പ്രവർത്തനങ്ങളെ നാമമാത്രമാക്കി മാറ്റുന്ന പ്രവണത പാർലമെന്റുൾപ്പെടെയുള്ള പലയിടങ്ങളിലും കണ്ടുവരുന്ന പശ്ചാത്തലത്തിലാണ് കേരള നിയമസഭ കൂടുതൽ കാര്യക്ഷമവും ജനകീയവുമായി മാറുന്നത്. ഇച്ഛാശക്തിയുള്ള കാഴ്ചപ്പാടും നിലപാടുള്ള രാഷ്ട്രീയവുമാണ് കേരളത്തിന്റെ ഭരണപക്ഷമെന്നുള്ളതുകൊണ്ടാണ് നിയമസഭാ പ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദവും കർമ്മോന്മുഖവുമാക്കാൻ നമുക്ക് സാധിക്കുന്നത്. നിയമസഭാ പ്രവർത്തനങ്ങളിലെ ജീവനാഡിയാണ് നിയമനിർമ്മാണം. നമ്മുടെ സഭയുടെ ഈ സമ്മേളനം നിയമനിർമ്മാണത്തിന് മാത്രമായി ചേരുന്നുവെന്നത് മാതൃകാപരമാണ്. നിയമനിർമ്മാണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പതിനഞ്ചാം കേരള നിയമസഭയുടെ ഈ സമ്മേളനത്തിന്റെ ആദ്യ ദിനംതന്നെ നാല് ബില്ലുകൾ അവതരിപ്പിക്കാൻ അവസരം ലഭിച്ചതിൽ എനിക്ക് വളരെ അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. ബില്ലുകൾ അവതരിപ്പിച്ചുകൊണ്ട് വിശദമായി സംസാരിക്കാൻ ഞാനുദ്ദേശിക്കുന്നില്ല. ഈ ബില്ലുകൾ എന്തുകൊണ്ട് കൊണ്ടുവന്നുവെന്ന് വിശദീകരിക്കാൻ മാത്രമാണ് ഞാൻ ശ്രമിക്കുന്നത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട നാല് ബില്ലുകളാണിവിടെ അവതരിപ്പിക്കപ്പെടുന്നത്. അതിലൊന്ന് 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലാണ്. നമ്മുടെ നിയമസഭ ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ അത് ചരിത്ര സംഭവമാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇന്ത്യയിൽ ആദ്യമായാണ് തൊഴിലുറപ്പ് തൊഴിലാളികൾക്കുവേണ്ടി ഇത്തരമൊരു ക്ഷേമപദ്ധതി കൊണ്ടുവരുന്നത്. ഇടതുപക്ഷത്തിന്റെ പിന്തുണയോടെ അധികാരത്തിലിരുന്ന ഒന്നാം യു.പി.എ. സർക്കാരാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് നടപ്പിലാക്കിയത്. യു.പി.എ.-യും ഇടതുപക്ഷവുംചേർന്ന് അന്ന് തയ്യാറാക്കിയ കോമൺ മിനിമം പരിപാടി അനുസരിച്ചാണ് തൊഴിലുറപ്പ് പദ്ധതി കൊണ്ടുവരാൻ യു.പി.എ. സർക്കാർ നിർബന്ധിതമായത്. കേരളത്തിൽ ഇടതുപക്ഷം ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൂടുതൽ വിപുലീകരിച്ചു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയെപ്പോലെ പരിണതപ്രജ്ഞനായ ഒരു വ്യക്തി ഇത്രയും സുപ്രധാനമായ സഭയെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ പ്രസ്താവന നടത്തുന്നത് തെറ്റാണ്. ഒന്നാം യു.പി.എ. ഗവൺമെന്റിൽ കോൺഗ്രസ്സും സി.പി.ഐ.(എം)-ഉം തമ്മിൽ ഒന്നിച്ചല്ല പൊതുതെരഞ്ഞെടുപ്പിനെ നേരിട്ടത്. പൊതുതെരഞ്ഞെടുപ്പിൽ മത്സരിച്ചപ്പോൾ ശ്രീമതി സോണിയാഗാന്ധി പുറത്തിറക്കിയ പ്രകടനപത്രികയിലെ പ്രധാനപ്പെട്ട വാഗ്ദാനമായിരുന്നു തൊഴിലുറപ്പ് നടപ്പാക്കുമെന്നുള്ളത്. (.....ബഹളം.....)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്......പ്ലീസ്....... ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ആ തെരഞ്ഞെടുപ്പ് വിജയത്തിനുശേഷമാണ് സി.പി.ഐ.(എം)-മായി സഖ്യമുണ്ടായത്. സി.പി.ഐ.(എം) ഉള്ളതുകൊണ്ടാണ് തൊഴിലുറപ്പ് പദ്ധതിയുണ്ടായതെന്നുള്ള മൈതാനത്ത് പറയുന്ന പ്രസംഗം അങ്ങയെപ്പോലെയുള്ള ഒരാൾ നിയമസഭയിൽ പറയുന്നത് ശരിയല്ല. .......(മൈക്ക് ഓഫ്)....... (...ബഹളം...)

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഞാൻ പറഞ്ഞത് കൃത്യമായി ഒന്നുകൂടി പറയാം. സംശയത്തിനിടവേണ്ട. അതായത്, ഇടതുപക്ഷത്തിന്റെകൂടി പിന്തുണയോടെ അധികാരത്തിൽവന്ന ഒന്നാം യു.പി.എ. സർക്കാരാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് നടപ്പിലാക്കിയത്. ഇടതുപക്ഷത്തിന്റെ പിന്തുണയോടെയായിരുന്നു ആ ഗവൺമെന്റിന്റെ നിലനിൽപ്പ്. അന്ന് ആ ഗവൺമെന്റ് നിലനിന്നത് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പിന്തുണയോടുകൂടിയാണെന്ന് പറയുന്നതിൽ തെറ്റില്ലല്ലോ? അന്ന് അങ്ങനെയൊരു പിന്തുണ നൽകിയില്ലായിരുന്നെങ്കിൽ ഒന്നാം യു.പി.എ. ഗവൺമെന്റില്ല. ഒന്നാം യു.പി.എ. ഗവൺമെന്റുണ്ടായത് ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പിന്തുണയോടുകൂടിയാണെന്നകാര്യം വിസ്മരിക്കാൻ പാടില്ലെന്നാണ് അതുസംബന്ധിച്ച് എനിക്ക് പറയാനുള്ളത്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ന്യായമായ എല്ലാ കാര്യങ്ങളും ഞങ്ങൾ അഡ്മിറ്റ് ചെയ്യും. ഒന്നാം യു.പി.എ. സർക്കാർ സി.പി.ഐ.(എം)-ന്റെ പിന്തുണയോടെയാണ് ഭരിച്ചത്. പക്ഷേ, തൊഴിലുറപ്പ് പദ്ധതി നിങ്ങൾ കാരണമാണ് കൊണ്ടുവന്നതെന്നാണ് ആവർത്തിച്ചാവർത്തിച്ച് സി.പി.ഐ.(എം) പറയുന്നത്. ഒരിക്കലും അങ്ങനെ പറയരുത്, തെറ്റാണത്. ശ്രീമതി സോണിയ ഗാന്ധിയുടെ പ്രത്യേക ഇനിഷ്യേറ്റീവിൽ വന്നൊരു പ്രോജക്ടിന് നിങ്ങളുടെ സപ്പോർട്ടുണ്ടായിരുന്നുവെന്നത് സമ്മതിക്കാം.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, ഞാൻ പറഞ്ഞതിൽ ഉറച്ചുനിൽക്കുന്നുവെന്ന് പറയേണ്ട കാര്യമില്ല. അല്ലാതെതന്നെ വ്യക്തമാണ്. ബി.ജെ.പി.-യെ അധികാരത്തിൽനിന്ന് പുറത്താക്കാനുള്ള രാഷ്ട്രീയം കൊണ്ടാണ് ഒന്നാം യു.പി.എ. ഗവൺമെന്റ് വന്നത്. അല്ലാതെ കോൺഗ്രസ്സിനോടുള്ള പ്രത്യേക സ്നേഹംകൊണ്ടല്ല. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വരാതിരിക്കാൻ എന്താണ് വഴി? ഞങ്ങൾക്ക് അതിശക്തമായ എതിർപ്പുണ്ടെങ്കിലും കോൺഗ്രസ് ഉൾപ്പെടെയുള്ള ഗവൺമെന്റിനെ പിന്തുണയ്ക്കുക എന്ന സമീപനമാണ് അന്ന് സ്വീകരിച്ചത്. അങ്ങനെ പിന്തുണയ്ക്കുന്നതിനുവേണ്ടി തയ്യാറാക്കിയ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് കോമൺ മിനിമം പരിപാടി. ആ പരിപാടിയെ സംബന്ധിച്ചിടത്തോളം നിങ്ങൾ എന്തേ തമസ്കരിക്കുന്നത്? ആ കോമൺ മിനിമം പരിപാടി അടിസ്ഥാനപ്പെടുത്തിയാണ് ഒന്നാം യു.പി.എ. ഗവൺമെന്റ് മുന്നോട്ടുപോയത്. തൊഴിലുറപ്പ് പദ്ധതി കൊണ്ടുവരാൻ യു.പി.എ. നിർബന്ധിതമായത് ആ പശ്ചാത്തലത്തിലാണ്. എന്തേ അതിനുമുമ്പൊന്നുമുണ്ടാകാതിരുന്നത്? നിങ്ങൾ കൊണ്ടുവന്നില്ലല്ലോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇക്കാര്യത്തിൽ അങ്ങ് പറഞ്ഞത് പകുതി ശരിയാണ്. ഇതിലൊരു വ്യക്തത ആവശ്യമുണ്ട്. ഇടതുപക്ഷത്തിന്റെ കൂടി പിന്തുണയുണ്ടായിരുന്ന യു.പി.എ. ഗവൺമെന്റാണ് തൊഴിലാളികൾക്കുവേണ്ടിയുള്ള M.G.N.R.E.G.S. (Mahatma Gandhi National Rural Employment Gurantee Scheme) എന്ന പദ്ധതി കൊണ്ടുവന്നത്. അതിനുമുമ്പ് കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിൽ ഇത് വ്യക്തമായി സൂചിപ്പിച്ചിരുന്ന കാര്യമാണ്. അതാണ് കോമൺ മിനിമം പ്രോഗ്രാം എഴുതിയപ്പോൾ അതിലുൾപ്പെടുത്തിയത്. അങ്ങ് അക്കാര്യം മറന്നുപോകരുത്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, കോൺഗ്രസ്സിന്റെ പ്രകടനപത്രിക പ്രചരണത്തിനുവേണ്ടി ഉപയോഗിക്കുന്നതാണെന്ന് നിങ്ങളിൽത്തന്നെ പലരും പറഞ്ഞിട്ടുണ്ട്. ഇതൊന്നും ഗൗരവമുള്ള കാര്യമാണെന്ന് പണ്ടും നിങ്ങൾ പറയാറില്ല. ഒരു വീട്ടിൽ ഒരാൾക്ക് തൊഴിൽ കൊടുക്കുമെന്നും 'ഗരീബി ഹഠാവോ' എന്ന് പറഞ്ഞിട്ട് ഇന്നേവരെ തൊഴിൽ കൊടുത്തോ? കോൺഗ്രസ്സ് ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രം ഭരിക്കുന്ന സന്ദർഭത്തിലായാലും ഇവിടെയായാലും നിങ്ങളിത് നടപ്പിലാക്കിയിട്ടില്ല. നടപ്പിലാക്കുക എന്ന ശീലമില്ലാത്തതുകൊണ്ടാണ് വലതുപക്ഷമെന്ന പേര് നൽകുന്നതുതന്നെ. സമയമില്ലാത്തതുകൊണ്ട് ഞാനതിന്റെ വിശദീകരണത്തിലേയ്ക്ക് കടക്കുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മന്ത്രി വളരെ ഗുരുതരമായ ആക്ഷേപമാണ് പറഞ്ഞത്. കോൺഗ്രസ്സിനെ വലതുപക്ഷമെന്ന് ആരാണ് പറയുന്നത്? കോൺഗ്രസ്സ് ഒരു സെൻട്രൽ-ലെഫ്റ്റ് പാർട്ടിയാണ്. ബി.ജെ.പി.-യാണ് വലതുപക്ഷം. ഞങ്ങളുടെ പൊളിറ്റിക്കൽ പൊസിഷൻ സെൻട്രൽ-ലെഫ്റ്റാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കോൺഗ്രസ്സ് വലതുപക്ഷമെന്ന് പറയുന്നതിന് കൃത്യമായ ഉത്തരമുണ്ട്. കോൺഗ്രസ്സും ബി.ജെ.പി.-യും വലതുപക്ഷമാണ്. ഒരേ വർഗ്ഗത്തിന്റെ വർഗ്ഗനിലപാടുകളാണ് നിങ്ങൾ രണ്ടും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വർഗ്ഗീയതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലാണ് നിങ്ങളും അവരും തമ്മിൽ ചില വ്യത്യാസങ്ങളുള്ളത്. ബാക്കിയെല്ലാക്കാര്യത്തിനും നിങ്ങൾ വർഗ്ഗപരമായി ഒരേ വർഗ്ഗതാല്പര്യം സംരക്ഷിക്കുന്ന രണ്ടുപാർട്ടികളാണ്. വലതുപക്ഷമെന്ന് പറഞ്ഞാൽ അതിന് ഡെഫനിഷൻ ആവശ്യമാണ്. ബ്രിട്ടീഷ് പാർലമെന്റിന്റെ കാലത്ത് ഇടതുപക്ഷത്തിരിക്കുന്നവർ ഇടതുപക്ഷവും വലതുപക്ഷത്തിരിക്കുന്നവർ വലതുപക്ഷവുമാണ്. ജനങ്ങളുടെ സമ്മർദ്ദത്തെ അടിസ്ഥാനപ്പെടുത്തി നിയമം നിർമ്മിക്കുകയും ആ നിയമം നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന വിഭാഗത്തിനെയാണ് വലതുപക്ഷമെന്ന് ഉദ്ദേശിക്കുന്നത്. ജനങ്ങളുടെ സമ്മർദ്ദത്തെ അടിസ്ഥാനപ്പെടുത്തി നിയമം നിർമ്മിക്കുകയും ആ നിയമം നടപ്പിലാക്കുകയും ചെയ്യുന്ന പാർട്ടികളെ പൊതുവായി പറയുന്ന പേരാണ് ഇടതുപക്ഷം. അപ്പോൾ നിങ്ങൾ വലതുപക്ഷമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങയുടെ ഇടതുപക്ഷ- വലതുപക്ഷ വേർതിരിവിനുവേണ്ടിയുള്ള മധ്യലൈൻ ആരുണ്ടാക്കിയതാണെന്ന് എനിക്കറിയില്ല. ഇപ്പോൾ നിയമസഭയിൽ വലതുപക്ഷത്ത് ഭരണകക്ഷിയും ഇടതുപക്ഷത്ത് ഞങ്ങളുമാണ് ഇരിക്കുന്നത്. അതിനാൽ നിയമസഭയിലെ ഇടതുപക്ഷം ഞങ്ങളാണ്. നിങ്ങൾക്കതിൽ ഒരുകാര്യവുമില്ല. ഇക്കണോമി പോളിസിയാണ് അങ്ങ് പറയുന്നതെങ്കിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അത്രയും വിപ്ലവകരമായ ഇക്കണോമി പോളിസി ഇന്ത്യയിൽ നടപ്പാക്കിയ മറ്റൊരു രാഷ്ട്രീയപാർട്ടിയും ഇന്നില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഇങ്ങനെ പറഞ്ഞുപോയാൽ ചർച്ച മാത്രമേ നടക്കുകയുള്ളൂ. വലതുപക്ഷത്തിരിക്കുന്നവർ വലതുപക്ഷവും ഇടതുപക്ഷത്തിരിക്കുന്നവർ ഇടതുപക്ഷവും എന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ കാഴ്ചപ്പാടിനോട് വിയോജിപ്പുള്ള നിലപാടാണ് ഞാൻ ഉന്നയിച്ചത്. ജനങ്ങളുടെ സമ്മർദ്ദത്തിനെ അടിസ്ഥാനപ്പെടുത്തി വലതുപക്ഷവും ഇടതുപക്ഷവും നിയമം നിർമ്മിക്കും. വലതുപക്ഷം ആ നിയമം നടപ്പിലാക്കില്ല. എന്നാൽ ഇടതുപക്ഷം

നിയമം നിർമ്മിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യും. ഇതാണ് ഞാൻ പറഞ്ഞ വ്യത്യാസം. ഞാൻ മറ്റ് വിശദീകരണത്തിലേയ്ക്ക് കടക്കാൻ ഉദ്ദേശിക്കുന്നില്ല.

കേരളത്തിലെ ഇടതുപക്ഷം ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ കൂടുതൽ വിപുലീകരിക്കാൻവേണ്ടിയുള്ള പ്രവർത്തനമാണ് നടത്തിയത്. അതാണ് നഗരങ്ങളിലേയ്ക്ക് അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കാൻ വേണ്ടിയുള്ള പ്രവർത്തനം എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയതെന്ന് ഞാനിതിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുന്നത്. തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് ആവിഷ്കരിക്കുന്നതിനും ഫലപ്രദമായി പ്രാബല്യത്തിൽ വരുത്തുന്നതിനും ഇടതുപക്ഷമാണ് പ്രതിബദ്ധതയോടെ നിലകൊള്ളുന്നതെന്നാണ് ഇതിന്റെ അർത്ഥം. കേരളത്തിലെ ഗ്രാമീണമേഖലയിലും നഗരപ്രദേശങ്ങളിലും നടപ്പിലാക്കിവരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും അയ്യൻകാളി നഗരതൊഴിലുറപ്പ് പദ്ധതിയുടെയും പരിധിയിൽ വരുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിനുംവേണ്ടിയാണ് ക്ഷേമനിധി രൂപീകരിക്കുകയെന്ന ലക്ഷ്യത്തോടെ ഈ ബിൽ അവതരിപ്പിക്കുന്നത്. അവശരും അഗതികളും പാർശ്വവൽക്കരിക്കപ്പെട്ട എല്ലാവരെയും ചേർത്തുപിടിക്കുന്ന ഒരു ഗവൺമെന്റാണ് പിണറായി വിജയൻ ഗവൺമെന്റെന്ന് കഴിഞ്ഞ അഞ്ചുകൊല്ലക്കാലംകൊണ്ട് കോവിഡ്-19 പശ്ചാത്തലത്തിലൂൾപ്പെടെ മനസ്സിലാക്കി ജനങ്ങൾ അംഗീകരിച്ചിട്ടുള്ളതാണ്. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമനിധിക്ക് ഓർഡിനൻസിലൂടെ കഴിഞ്ഞ സർക്കാർ രൂപം നൽകിയതാണ്. അത് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികളാണ് രണ്ടാം പിണറായി സർക്കാർ ഈ നിയമനിർമ്മാണത്തിലൂടെ സ്വീകരിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയെ ശ്വാസംമുട്ടിക്കാനാണ് കേന്ദ്ര സർക്കാരിന്റെ പല നടപടികളും കാരണമായി തീരുന്നത്. ഇതിന്റെ ഫണ്ട് കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട വിശദീകരണത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. എന്നാൽ തൊഴിലുറപ്പ് പദ്ധതിയെ ഗ്രാമീണ മേഖലയിൽ മാത്രമല്ല, നഗരപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിച്ച എൽ.ഡി.എഫ്. സർക്കാർ ഇപ്പോൾ ആ തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടാണ് ഈ ബിൽ നിയമമായാൽ നിയമസഭ സൃഷ്ടിക്കുന്ന മറ്റൊരു ചരിത്ര മുഹൂർത്തമാകും അതെന്ന് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഇത് കണക്കിലെടുത്ത് ഈ ബിൽ ഐകകണ്ഠ്യേന പാസ്സാക്കുന്നതിന് എല്ലാ ബഹുമാന്യരായ അംഗങ്ങളും പിന്തുണ നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

സമൂഹത്തിൽ കൈത്താങ്ങ് ആവശ്യമുള്ള എല്ലാവർക്കും ക്ഷേമനിധി ഏർപ്പെടുത്തിയതിന്റെ ഭാഗമായി പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിൽ കേരളം രാജ്യത്ത് വളരെ മുന്നിലാണ്. അദ്ധ്വാനിക്കുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും ആശ്വാസവും സുരക്ഷയും ഉറപ്പാക്കുകയെന്നത് തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിൽ വിശ്വസിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഞങ്ങളുടെ കടമയും ഉത്തരവാദിത്വവുമാണെന്ന് നല്ല ധാരണയുണ്ട്. സംഘടിത സർക്കാർ ജീവനക്കാർക്ക് മാത്രമുണ്ടായിരുന്ന പെൻഷനാണ് 1980-ൽ ഇ. കെ. നായനാരുടെ ഗവൺമെന്റ് ചരിത്രത്തിലാദ്യമായി കർഷകത്തൊഴിലാളികൾക്ക് നൽകിയത്. അവർക്ക് 45 രൂപയാണ് അന്ന് പെൻഷൻ പ്രഖ്യാപിച്ചത്. അങ്ങനെ പെൻഷൻ നൽകുന്നതിലൂടെ കർഷകത്തൊഴിലാളികളെ സമൂഹത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ധാരയിലേയ്ക്ക് കൊണ്ടുവന്നുവെന്നുള്ളതാണ്. പണത്തേക്കാളും അവരുടെ പദവി, ജീവിക്കാനുള്ള വിശ്വാസം ഇതെല്ലാം രൂപപ്പെടുത്താൻ സാധിച്ചുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതുപോലെ നിരവധി മേഖലയിൽ ക്ഷേമനിധിയും പെൻഷനും നൽകുന്നതിന് ഇടതുപക്ഷ ഗവൺമെന്റുകൾക്ക് സാധിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഭാഗമായി തൊഴിലാളികളെയെല്ലാം ഏതെങ്കിലുമൊരു ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരണമെന്നുള്ള നിശ്ചയദാർഢ്യത്തോടുകൂടി അവർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകാനും അത് നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട ചുമതലയാണെന്നും കണ്ടുകൊണ്ടാണ് നാടിന്റെ ഐക്യദാർഢ്യത്തിന്റെ മറ്റൊരു ചുവടുവയ്പായി 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് 40 ലക്ഷം കുടുംബങ്ങൾ രണ്ട് തൊഴിലുറപ്പ് പദ്ധതികളിലുമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും രണ്ട് പദ്ധതികളുടെയും പരിധിയിൽവരുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുംവേണ്ടിയാണ് സംസ്ഥാന സർക്കാർ ഈ ക്ഷേമനിധി ആരംഭിക്കുന്നത്. 18 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതും 55 വയസ്സിന് താഴെയുള്ളതുമായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അല്ലെങ്കിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും രജിസ്റ്റർ ചെയ്ത് തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ള ഏതൊരു തൊഴിലാളിക്കും പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ 60 വയസ്സ് വരെ അംശദായം അടച്ച അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുന്നമുറയ്ക്ക് പെൻഷൻ നൽകാനുദ്ദേശിക്കുന്നു. അംഗം

മരണപ്പെടുന്ന സംഗതിയിലും ഗുരുതരരോഗങ്ങൾ ബാധിച്ച അംഗങ്ങളുടെ ചികിത്സയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിനും പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റേതെങ്കിലും ആവശ്യങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്നതിനും ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ നിയമനിർമ്മാണം കൊണ്ടുവരാനുദ്ദേശിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. തൊഴിലാളികളിൽനിന്നും പ്രതിമാസം 50 രൂപ അംശദായമായി ഈടാക്കുകയും ഈ തുകയുടെ നിശ്ചിത തുക സർക്കാർ വിഹിതമായി കണ്ടെത്തിയുമാണ് ക്ഷേമനിധി രൂപീകരിക്കുന്നത്. പണം നിർബന്ധിച്ച് വാങ്ങുകയെന്ന പരിപാടിയില്ല, അംഗങ്ങൾക്ക് താല്പര്യമാണെങ്കിൽ പദ്ധതിയിൽ ചേർന്ന് പണമടയ്ക്കാം. പദ്ധതിയുടെ പ്രവർത്തനത്തിനായി പ്രതിവർഷം 151.16 കോടി രൂപ ആവശ്യമായിവരുമെന്ന് കണക്കാക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും 68.59 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. ഇപ്രകാരം 10 വർഷത്തേയ്ക്ക് ആകെ 1516 കോടി രൂപയും സംസ്ഥാനത്തെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് 686.41 കോടി രൂപയുമാണ് പ്രതീക്ഷിക്കുന്ന ചെലവ്. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണ്.

- അറുപത് വയസ്സ് പൂർത്തിയായിട്ടുള്ളതും അറുപത് വയസ്സ് വരെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ ലഭ്യമാക്കുന്നതാണ്;
- പത്ത് വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ ലഭ്യമാക്കുന്നതാണ്;
- അസുഖമല്ലെങ്കിലും അപകടംമൂലം മരണപ്പെട്ടാൽ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതാണ്;
- ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങൾക്ക് ചികിത്സയ്ക്കായി സാമ്പത്തിക സഹായം നൽകുന്നതാണ്;
- വനിതാ അംഗങ്ങളുടെ വിവാഹം, പ്രസവം, അംഗങ്ങളുടെ പെൺമക്കളുടെ വിവാഹം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്;
- അംഗങ്ങളുടെ മക്കളുടെ പഠനാവശ്യത്തിന് സാമ്പത്തിക സഹായവും പ്രോത്സാഹനവും ലഭ്യമാക്കുന്നതാണ്;
- അംഗഭംഗം മൂലമോ അവശത മൂലമോ തൊഴിൽ ചെയ്യാൻ കഴിയാതെ ക്ഷേമനിധിയിലെ അംഗത്തിന് അംഗത്വം അവസാനിപ്പിക്കേണ്ടി

വന്നാൽ അംശദായമായി അടച്ച തുക പലിശസഹിതം തിരിച്ച് നൽകുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് 2021 ഫെബ്രുവരി 17-ന് കേരള ഗവർണർ വിളംബരം ചെയ്തിട്ടുള്ളതാണ്. നിയമസഭാ സമ്മേളനം ഇല്ലാതിരുന്നതിനാൽ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് ജൂലൈ 1-നും ആഗസ്റ്റ് 23-നും ഗവർണർ പുനർവിളംബരം ചെയ്തിട്ടുണ്ട്. ഈ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഇപ്പോൾ അവതരിപ്പിക്കുന്ന ബിൽ.

രണ്ട് പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും അവതരിപ്പിക്കുന്നത്. 1994-ൽ നടത്തിയ നിയമനിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ അഞ്ചുവർഷം കൂടുമ്പോഴും തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൃത്യമായി തെരഞ്ഞെടുപ്പ് നടത്തിവരുന്നുണ്ട്. എന്നാൽ 2020 മുതൽ ലോകം മുഴുവൻ കോവിഡ്-19 എന്ന മഹാമാരിയെ നേരിടേണ്ടിവന്ന സാഹചര്യത്തിലും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ജനാധിപത്യ ഭരണസംവിധാനം നിലനിർത്തുന്നതിനുള്ള നിയമപരമായ ഉത്തരവാദിത്വം നിർവ്വഹിക്കുകയെന്ന കടമ ഏറ്റെടുത്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോയത്. അതിനുവേണ്ടിയാണ് രണ്ട് ഓർഡിനൻസുകൾ 2020 മേയ് 2-ന് കേരള ഗവർണർ വിളംബരം ചെയ്തിട്ടുള്ളത്. അതിന്റെ ഫലമായി തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിനും പുതിയ ഭരണസമിതിക്ക് അധികാരമേൽക്കുന്നതിനും സാധിച്ചു. ആ ഒരു സാഹചര്യംകൊണ്ടാണ് ഇന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ അധികാരത്തിൽ വന്നിട്ടുള്ളത്. ഇത്തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് സഹായകമായ ഭേദഗതികളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രധാനപ്പെട്ട മറ്റൊരു കാര്യം, ഇത് വളരെ മാതൃകാപരമായ ഒരു കാര്യമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അതിനുവേണ്ടി വിവിധ നിയമങ്ങളും ചട്ടങ്ങളും നിരന്തരം പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. മുനിസിപ്പൽ ആക്ടിലെ 389-ാം വകുപ്പും പഞ്ചായത്ത് രാജ് ആക്ടിലെ 235 (എച്ച്) വകുപ്പും തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടെ അനുവാദം കൂടാതെ കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ ആരംഭിക്കാൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് സാധാരണക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന്

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി സംരംഭക മേഖലയിൽ സ്വീകരിക്കുന്ന നടപടികളുടെ ചുവടുപിടിച്ചാണ് ചില ഭേദഗതികൾ പഞ്ചായത്ത് രാജ്, മുനിസിപ്പൽ ആക്ടുകളിൽ വരുത്തുന്നത്. അപകടസാദ്ധ്യത കുറഞ്ഞ കെട്ടിടങ്ങൾക്ക് സ്വയം സാക്ഷ്യപത്രം സഹിതം കെട്ടിടനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും അതിന്മേൽ അഞ്ച് ദിവസത്തിനകം കൈപ്പറ്റ് സാക്ഷ്യപത്രം സെക്രട്ടറി നൽകുന്നതിനും ആ കൈപ്പറ്റ് സാക്ഷ്യപത്രം പെർമിറ്റായി കരുതി നിർമ്മാണം ആരംഭിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന ഭേദഗതികൾ ഈ ബില്ലിലുണ്ട്. ഇതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇപ്പോൾ സെക്രട്ടറിയുടെ അംഗീകാരം കിട്ടിയതിനുശേഷം മാത്രമേ എന്ത് സംരംഭവും ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ഉദ്യോഗസ്ഥതലത്തിൽ പ്രത്യേകിച്ച്, സെക്രട്ടറിമാർ എടുത്തുകൊണ്ടിരിക്കുന്ന നിലപാടിൽ വലിയതോതിലുള്ള വിമർശനങ്ങളാണ് കേരളത്തിന്റെ വിവിധ മേഖലകളിൽനിന്നും വന്നുകൊണ്ടിരിക്കുന്നത്. ഞങ്ങൾ അവരോട് ഇക്കാര്യങ്ങളെല്ലാം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതല്ലാതെയുള്ള കെട്ടിട നിർമ്മാണങ്ങളും പ്രധാനപ്പെട്ട പ്രശ്നംതന്നെയാണ്. അപേക്ഷകളിന്മേൽ സേവനപ്രദാന സമയം 30 ദിവസത്തിൽനിന്ന് 15 ദിവസമായി കുറയ്ക്കുന്നതിനുള്ള ഭേദഗതിയും ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. സുഗമവും സുതാര്യവുമായ രീതിയിൽ സേവനപ്രദാനം ഉറപ്പാക്കുന്നതിനും ജനാധിപത്യ ഭരണനിർവ്വഹണം തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഏത് മഹാമാരിഘട്ടത്തിലും തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനും സർക്കാരിന്റെ ഈ നിലപാട് ഉതകുന്നതാണ്. ഓരോ മേഖലയിലെയും വിശദാംശങ്ങൾ ബില്ലിലുള്ളതുകൊണ്ട് ഞാൻ ഓരോന്നായി വിശദീകരിക്കുന്നില്ല.

മറ്റൊന്ന് കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ സംബന്ധിച്ചുള്ളതാണ്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന മൂന്ന് പഴയ ആക്ടുകളായ ടൗൺ പ്ലാനിംഗ് ആക്ട് 1108 എം.ഇ., മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട് 1920, ട്രാവൻകൂർ ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് എന്നിവയ്ക്ക് പകരമായി ഒരു ഏകീകൃത ആക്ട് കൊണ്ടുവരുന്നതിനുള്ള ഉദ്ദേശ്യത്തോടെ 2016-ൽ കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് സംസ്ഥാനത്തൊട്ടാകെ ബാധകമാക്കിക്കൊണ്ട് നിലവിൽ വന്നിട്ടുണ്ട്. ആ ആക്ടിൽ തദ്ദേശ ആസൂത്രണ പ്രദേശങ്ങൾക്കുള്ള മാസ്റ്റർ പ്ലാനും വിശദ നഗരാസൂത്രണ പദ്ധതികളും മാത്രമേ പ്ലാനുകളെന്ന നിലയിൽ ഉൾക്കൊണ്ടിരുന്നുള്ളൂ. എന്നാൽ പുതിയ ആക്ടിൽ സംസ്ഥാനതലം, ജില്ലാതലം, തദ്ദേശാസൂത്രണ പ്രദേശം എന്നിങ്ങനെ വിവിധതലങ്ങളിലെ പ്ലാനുകളെക്കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പുതിയ ആക്ടിൽ സംസ്ഥാനത്തിനും ജില്ലകൾക്കും മെട്രോപൊളിറ്റൻ പ്രദേശങ്ങൾക്കുമുള്ള ദീർഘവീക്ഷണത്തോടുകൂടിയുള്ള Special Perspective Plan, തദ്ദേശാസൂത്രണ

പ്രദേശത്തിനുവേണ്ടിയുള്ള പ്ലാൻ, വിശദ നഗരാസൂത്രണ പദ്ധതികൾ, വികസന അതോറിറ്റികൾ തുടങ്ങിയവയെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ട്. 2018-ലെ പ്രളയത്തെത്തുടർന്ന് പ്രളയത്തിന്റെയും പ്രകൃതിക്ഷോഭത്തിന്റെയും ആഘാതം അതിജീവിക്കുന്നതിനും അതിജീവനക്ഷമതയേറിയ പശ്ചാത്തലസൗകര്യവും നഗരവൽക്കരണവും സാധ്യമാക്കുന്നതിനുംവേണ്ടി ദുരന്താഘാത സാദ്ധ്യതകൾ സംബന്ധിച്ച വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിയാണ് കേരള നഗര-ഗ്രാമാസൂത്രണ ആക്ട് ഭേദഗതി ചെയ്യേണ്ട ആവശ്യം വന്നിരിക്കുന്നത്. എല്ലാം മാറ്റത്തിന് വിധേയമാണ്. ഇന്ന് കേരളത്തിൽ ഓരോ സന്ദർഭത്തിലും വലിയ രീതിയിലുള്ള പ്രകൃതിക്ഷോഭമുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇനിയും വളരെ വിദൂരത്തിലല്ലാതെ നിരന്തരമായി പ്രകൃതിക്ഷോഭവും മറ്റ് പ്രശ്നങ്ങളും കേരളത്തെ അലട്ടാൻ സാധ്യതയുണ്ടെന്നാണ് കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച് പഠിക്കുകയും മനസ്സിലാക്കുകയും ചെയ്യുയാളുകൾ അഭിപ്രായപ്പെടുന്നത്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ഓരോ പ്രദേശത്തും ഓരോ തലങ്ങളിൽ നടന്ന ചർച്ചകളും ശില്പശാലകളും ആശയ സംവേദനങ്ങളുമെല്ലാം കൂടിച്ചേർന്ന് കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച അഭിപ്രായങ്ങൾ ക്രോഡീകരിച്ചിട്ടുള്ളത്. നവകേരള സൃഷ്ടിക്കായുള്ള റീ-ബിൽഡ് കേരള ഇനീഷ്യേറ്റീവ് സംരംഭത്തിന്റെ ഭാഗമായി പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കി അവയെ ഫലപ്രദമായി നേരിടുന്നതിനുതകുന്ന തരത്തിൽ സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ആസൂത്രണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൽ ഭേദഗതി വരുത്തുന്നതിനും മറ്റുമായി 16-8-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റിയെ സഹായിക്കുന്നതിനായി പ്രസ്തുത ഉത്തരവുപ്രകാരം ശ്രീ. ടി. കെ. നായർ ചെയർമാനായ ഒരു സബ് വർക്കിംഗ് കമ്മിറ്റിയും രൂപീകരിച്ചു. സബ് വർക്കിംഗ് കമ്മിറ്റി നാലുതവണ യോഗം ചേരുകയും ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ശിപാർശ ചെയ്യുകയും ചെയ്തു. അതോടൊപ്പം ശ്രീ. എസ്. എം. വിജയാനന്ദ്, ഐ.എ.എസ്.-ന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധസംഘം തയ്യാറാക്കിയിരുന്ന നിർദ്ദേശങ്ങളുംകൂടി ഉൾപ്പെടുത്തിയാണ് ഭേദഗതികളുടെ കരട് തയ്യാറാക്കിയത്. ഇപ്രകാരം രൂപീകരിച്ച കരട് നിർദ്ദേശത്തിന് 13-4-2020-ലെ മന്ത്രിസഭായോഗം അംഗീകാരം നൽകുകയുണ്ടായി. തുടർന്ന് 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ഓർഡിനൻസ് നിലവിൽ വരികയുണ്ടായി. മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, ദുരന്തസാധ്യത പരിഗണിച്ചുകൊണ്ട് സ്ഥലപര ആസൂത്രണം നടത്തുക, വികസനത്തെ മുൻനിർത്തി നിലവിലുള്ള വിദഗ്ദ്ധ നഗരാസൂത്രണ പദ്ധതിയിൽ എന്തെങ്കിലും മാറ്റം ആവശ്യമുള്ളപക്ഷം ആയത് പുതുക്കി മാസ്റ്റർപ്ലാൻവഴി വരുത്തുന്നതിനാവശ്യമായ

വ്യവസ്ഥകൾ ആക്റ്റിൽ ഉൾപ്പെടുത്തുക എന്നിവയാണ് ഭേദഗതികൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ദുരന്തസാദ്ധ്യതാ മുന്നറിയിപ്പുകൾ ഉൾപ്പെടുത്തി മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ ഓർഡിനൻസ് മുഖേന നിലവിൽ വരുത്തിയിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട് ചില നിർവ്വചനങ്ങളും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. വാർഷിക പദ്ധതി, വികസനം, ദുരന്തം, പഞ്ചവത്സര പദ്ധതി, ഭൂമി, ലഘൂകരണം, പെർസ്പെക്റ്റീവ് പ്ലാൻ, മുൻഗണനാ പ്രവർത്തന പ്ലാൻ, പ്രസിദ്ധീകരിച്ച പ്ലാൻ, അംഗീകൃത പ്ലാൻ, സ്പെഷ്യൽ ഏരിയ പ്ലാൻ, സംസ്ഥാന വികസന കൗൺസിൽ, സംസ്ഥാന ആസൂത്രണ ബോർഡ് തുടങ്ങിയവയ്ക്ക് നിർവ്വചനങ്ങൾ കൊണ്ടുവരികയും ചില നിർവ്വചനങ്ങൾ പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. മാസ്റ്റർപ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർണ്ണമായും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. മാസ്റ്റർപ്ലാനുകളിൽ വിഭാവനം ചെയ്തിരിക്കുന്ന വികസന നിർദ്ദേശങ്ങൾ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടുവരുമെന്ന് കരുതി മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന തീരുമാനം ചില തദ്ദേശഭരണ സ്ഥാപനങ്ങളെടുക്കാതിരിക്കുന്ന അവസരങ്ങളുമുണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കണമെന്ന് തീരുമാനിച്ചാൽത്തന്നെ തുടർന്നുള്ള പ്രവർത്തനങ്ങൾ നടത്താതിരിക്കുന്നതുമൂലം പ്ലാനുകൾ അംഗീകാരം ലഭിക്കാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ സമഗ്രവികസനം എന്ന കാഴ്ചപ്പാട് നടപ്പിലാക്കാതെ വരികയും ചെയ്യുന്നു. ഇക്കാര്യത്തിലെല്ലാം സർക്കാരിന് ഫലപ്രദമായി ഇടപെടാനുള്ള അവസരം നിലവിലെ ആക്റ്റിൽ വിഭാവനം ചെയ്തിരുന്നില്ല. ആയതിനാൽ പ്രസിദ്ധീകരിച്ച മാസ്റ്റർപ്ലാനിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തിയാൽ ഉത്തരവുവഴി ജില്ലാ ആസൂത്രണ കമ്മിറ്റിയോട് ആവശ്യപ്പെടുന്നതിനുള്ള വ്യവസ്ഥകൾ പുതിയതായി കൊണ്ടുവരുന്ന ഈ ബില്ലിലുണ്ട്. കൂടാതെ നിർണ്ണയിക്കപ്പെട്ട സമയത്തിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കാനാകാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വീഴ്ചവരുത്തിയാൽ കേരളത്തിന്റെ ആകെ വികസനത്തിന്റെ ഭാഗമായി മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് അധികാരപ്പെടുത്തുന്ന വ്യവസ്ഥകൂടി ബില്ലിൽ ചേർത്തിട്ടുണ്ട്. ആക്റ്റിൽ പ്രതിപാദിച്ചിട്ടുള്ളതുപ്രകാരം മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രക്രിയയ്ക്കായി കുറഞ്ഞത് മൂന്നുവർഷം സമയമെടുക്കുമെന്നതാണ് സ്ഥിതി. മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുന്നതിനായി നിലവിലുള്ള നടപടിക്രമങ്ങൾ നീണ്ടതും കൂടുതൽ സമയം ചെലവഴിക്കുന്നതുമാണ്. സർക്കാരിനോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ കുറഞ്ഞ സമയപരിധിക്കുള്ളിൽ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടിവരുമ്പോൾ നിലവിലെ വ്യവസ്ഥകൾപ്രകാരം അത് സാധിക്കുന്നില്ല. ദുരന്തസാധ്യതാ പ്രദേശങ്ങൾ, പരിസ്ഥിതിലോല പ്രദേശങ്ങൾ, പൈതൃക പ്രദേശങ്ങൾ, ടൂറിസം പ്രദേശങ്ങൾ

തുടങ്ങിയ പ്രത്യേക പ്രദേശങ്ങൾക്കുവേണ്ടി പെട്ടെന്ന് ഒരു പ്ലാൻ തയ്യാറാക്കി നടപ്പിലാക്കേണ്ടിവരുന്ന സാഹചര്യങ്ങളിലും അത് സാദ്ധ്യമാക്കുന്ന തരത്തിലുള്ള ഭേദഗതി ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത്തരം പ്ലാനുകൾക്ക് 'സ്പെഷ്യൽ ഏരിയ പ്ലാൻ' എന്ന് പേരുനൽകിയിട്ടുണ്ട്. ആയതിനാൽ അടിയന്തരാസൂത്രണം-ഇടപെടൽ ആവശ്യമുള്ള പ്രദേശത്തിന് ഒരു ഉത്തരവുവഴി ഒരു പ്രത്യേക പ്രദേശമായി തരംതിരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഏരിയ പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അംഗീകരിക്കുന്നതിനും ലഭ്യമാകുന്നതിനുമുള്ള നടപടിക്രമങ്ങളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഏറ്റവും അനിവാര്യമായ 14 ഭേദഗതികളാണ് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(1) 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ

Smt. K. K. Rema: Sir, I move that -

" This House resolves to disapprove The Kerala Employment Guarantee Workers Welfare Fund Ordinance, 2021 (Ordinance No.125 of 2021);" വളരെ പ്രധാനപ്പെട്ടതും ഗൗരവമുള്ളതുമായ ഒരു ബില്ലാണ് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ. ഗ്രാമീണ ജനതയുടെ ദാരിദ്ര്യനിർമ്മാർജ്ജനത്തിന് എല്ലാ കുടുംബങ്ങൾക്കും 100 ദിവസത്തിൽ കുറയാത്ത അവിദഗ്ദ്ധ കായിക തൊഴിൽ ഉറപ്പാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് 2005-ൽ കേന്ദ്ര സർക്കാർ വിഭാവനംചെയ്ത മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിലവിൽവന്നത്. ഏറെ വിപ്ലവകരമായ ഒരു ചുവടുവയ്പ്പായിരുന്നു അത്. 2006-ൽ വയനാടും പാലക്കാടും ആരംഭിച്ച ഈ പദ്ധതി 2008-ലാണ് സംസ്ഥാനത്ത് വ്യാപിച്ചത്. അന്നുമുതൽ സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾ കാത്തിരുന്ന ഒരു നിയമംകൊണ്ടുവരുന്നതിന് 15 വർഷത്തെ കാത്തിരിപ്പ് വേണ്ടിവന്നുവെന്നത് ദൗർഭാഗ്യകരമാണ്. ഞാൻ ഈ നിയമനിർമ്മാണത്തോട് പൂർണ്ണമായി അനുകൂലിക്കുന്നു. എന്നാൽ ഇതിലെ പല വകുപ്പുകളോടുള്ള വിയോജിപ്പും പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച ചില വിയോജിപ്പുകളുംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ആദ്യത്തെ വിയോജിപ്പ് ഈ ബില്ലിന്റെ പേരിനോടുതന്നെയാണ്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ പേരിനെ വിസ്മൃതിയിലാഴ്ത്തുന്ന ബോധപൂർവ്വമായ ശ്രമം ദേശീയതലത്തിൽ നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇവിടത്തെ എൽ.ഡി.എഫ്. സർക്കാരും ഇതിന് കൂട്ടുനിൽക്കുകയാണെന്ന് കരുതേണ്ടിവരികയാണ്. കാരണം ലക്ഷക്കണക്കിന് അസംഘടിതരായ തൊഴിലാളി സമൂഹമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി സംസ്ഥാനത്ത് ഉപജീവനം നടത്തുന്നത്. ഗ്രാമസഭകൾവഴി അംഗീകാരം ലഭിക്കുന്ന, ആക്ഷൻ പ്ലാനുകൾവഴിയുള്ള പദ്ധതികൾ പരിപൂർണ്ണമായി

കേന്ദ്രസർക്കാർ ഫണ്ടുപയോഗിച്ച് നമ്മുടെ ഗ്രാമങ്ങളിൽ പ്രായോഗികമാക്കുമ്പോൾ ഈ മേഖലയിലെ തൊഴിലാളികൾക്കേർപ്പെടുത്തുന്ന ക്ഷേമനിധിക്ക് എങ്ങനെയാണ് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി എന്നപേര് വരുന്നത്; ആ പേരിൽത്തന്നെ ഒരു വഞ്ചനയില്ലേ? അതുകൊണ്ട് ഈ ബില്ലിന്റെ പേര് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി എന്ന് തിരുത്തണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. ഈ ബില്ലിലെ 3(4)(എ)-ൽ 'അറുപത് വയസ് പൂർത്തിയായിട്ടുള്ളതും അറുപത് വയസ്സുവരെ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷൻ നൽകുന്നതിന് എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ എത്രവർഷം അംശദായം അടയ്ക്കണമെന്നത് സംബന്ധിച്ച് കൃത്യമായി സൂചിപ്പിക്കുന്നില്ല. നിലവിൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് പ്രായപരിധിയില്ല. 60 വയസ്സും അതിനുമുകളിൽ പ്രായമുള്ളതുമായ നിരവധി തൊഴിലാളികൾ ഇപ്പോഴും ഈ മേഖലയിൽ സജീവമാണ്. ഈ ബിൽ പാസ്സാകുന്നതോടെ 60 വയസ്സെന്നത് ഈ മേഖലയിലെ പെൻഷൻ പ്രായപരിധിയായി കണക്കാക്കപ്പെടുകയാണ്. അങ്ങനെ സംഭവിക്കുമ്പോൾ ഇപ്പോഴും തൊഴിലെടുത്തുകൊണ്ടിരിക്കുന്ന 60 വയസ്സും അതിനുമുകളിലുമുള്ള തൊഴിലാളികൾ പെൻഷൻ പരിധിയിൽ വരുമോയെന്നതുസംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുണ്ട്. കേന്ദ്ര തൊഴിലുറപ്പ് നിയമത്തിൽ പ്രായപരിധിയില്ല. അതുപോലെ പത്ത് വർഷത്തിൽ കുറയാത്ത കാലത്തേയ്ക്ക് അംശദായം അടച്ചിട്ടുള്ള ഒരംഗം മരണപ്പെട്ടാൽ കുടുംബ പെൻഷൻ നൽകുന്നതിന് ഫണ്ടുപയോഗിക്കുന്നുവെന്നതാണ് 3(4)(ബി)-യിൽ പറയുന്നത്. പത്ത് വർഷമെന്നത് ഒരു വർഷമാക്കണമെന്നതാണ് മറ്റൊരു നിർദ്ദേശം. പത്തും പതിനഞ്ചും വർഷമായി തൊഴിലെടുത്തുകൊണ്ടിരിക്കുന്ന 50 വയസും അതിനുമുകളിലുമുള്ള തൊഴിലാളി മരണപ്പെട്ടാൽ അവരുടെ കുടുംബങ്ങൾക്ക് പെൻഷൻ ലഭിക്കുന്നില്ല. ഇപ്പോഴും തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്ന ഇവരെക്കൂടി പരിഗണിക്കുന്നതരത്തിൽ വകുപ്പുകളില്ലെങ്കിൽ അതുകൂടി ഉൾപ്പെടുത്തേണ്ടതാണ്. 3(4)(ഡി)-ൽ പറയുന്നത് 'അംഗഭംഗം അല്ലെങ്കിൽ അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ നിധിയിലെ അംഗത്വം അവസാനിപ്പിക്കേണ്ടിവന്നാൽ, ഒരംഗം അടച്ച അംശദായത്തുക നിർദ്ദേശിക്കപ്പെട്ട പലിശ സഹിതം തിരികെ നൽകുന്നതിന്;' എന്നാണ്. അപകടം സംഭവിക്കുകയോ അവശതയുണ്ടാവുകയോ ചെയ്യുന്നതുമൂലം ഒരാളുടെ അടച്ച പണം പലിശ സഹിതം തിരിച്ചുനൽകി പറഞ്ഞയയ്ക്കുന്നത് തൊഴിലാളി സർക്കാരെന്ന് അവകാശപ്പെടുന്ന ഈ സർക്കാരിന് ഭൂഷണമാണോ? ഇത്തരക്കാരെ പിരിച്ചയയ്ക്കുകയല്ല, അവശതാപെൻഷൻ ഏർപ്പെടുത്തുകയാണ് വേണ്ടത്. അതുപോലെ 4(1)-ൽ, 'നിധിയിൽ അംഗമായി ചേരുന്ന ഓരോ തൊഴിലാളിയും പ്രതിമാസം അൻപത് രൂപ അംശദായമായി നൽകേണ്ടതാണ്.' എന്ന് നിഷ്കർഷിക്കുന്നു. പ്രതിവർഷം 100 ദിനമാണ് ഒരു കുടുംബത്തിന് ഈ മേഖലയിലെ തൊഴിൽദിനങ്ങൾ. ഒരു

ദിവസം 291 രൂപയാണ് ഒരു തൊഴിലാളിക്ക് ലഭിക്കുന്നത്. ഒരു കുടുംബത്തിൽത്തന്നെ രണ്ടുംമൂന്നും പേർ ഈ തൊഴിലിനെ ആശ്രയിച്ച് ജീവിക്കുന്നുണ്ട്. ഈ നിയമപ്രകാരം ഒരു കുടുംബത്തിൽനിന്നുള്ള തൊഴിലാളിയുടെ എണ്ണം കൂടുമ്പോഴും അവരുടെ വരുമാനം കൂടുന്നില്ല, എന്നാൽ അവർ അടയ്ക്കേണ്ട അംശദായം വർദ്ധിക്കുകയുമാണ്. ഒരു കുടുംബത്തിലെ മൂന്നുപേർ തൊഴിലെടുക്കുന്നെങ്കിൽ മൂന്നുപേരും അംശദായം കൊടുക്കേണ്ടിവരുന്നു. തൊഴിൽ മേഖലയിലെ തൊഴിലാളികൾ അടയ്ക്കുന്ന അംശദായം പ്രതിമാസം 10 രൂപയാക്കുകയും ബാക്കി 40 രൂപ സർക്കാർ വിഹിതമായി അനുവദിച്ച്, ആകെ 50 രൂപ പ്രതിമാസ അംശദായം എന്ന രൂപത്തിൽ മാറ്റംവരുത്തുകയുംവേണം. അതുപോലെ 4(3)-ൽ, സംസ്ഥാന സർക്കാർ നൽകേണ്ട ഗ്രാന്റിന്റെ തുക സംബന്ധിച്ച് വ്യക്തമായി സൂചിപ്പിക്കുന്നില്ല. ഒരു നിശ്ചിത തുക തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമത്തിനായി പ്രതിമാസമോ പ്രതിവർഷമോ സംസ്ഥാന സർക്കാർ നിധിയിലേയ്ക്ക് നൽകേണ്ടതാണെന്ന് സൂചിപ്പിക്കുകയും അത് എത്ര ശതമാനമാണെന്ന് ബില്ലിൽ വ്യക്തമായി സൂചിപ്പിക്കാതിരിക്കുകയും ചെയ്യുന്നു. അതിന് വ്യക്തതയുണ്ടാക്കണം.

ഖണ്ഡം 5-ൽ നിധിയിലെ അംഗത്വം സംബന്ധിച്ച് പറയുന്നത്, "പതിനെട്ട് വയസ്സ് പൂർത്തിയായതും എന്നാൽ അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാക്കിയിട്ടില്ലാത്തവരുമായ, 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് ആക്റ്റിലെ (2005-ലെ 42-ാം കേന്ദ്ര ആക്റ്റ്) വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്ത തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അല്ലെങ്കിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകളിലോ മുനിസിപ്പൽ കോർപ്പറേഷനുകളിലോ രജിസ്റ്റർ ചെയ്ത തൊഴിലുറപ്പ് കാർഡ് ലഭിച്ചിട്ടുള്ളതും അംഗത്വത്തിന് അപേക്ഷിക്കുന്ന വർഷമോ അതിന് തൊട്ടുമുമ്പുള്ള രണ്ടു വർഷങ്ങളിലോ ഏതെങ്കിലും ഒരു വർഷം കുറഞ്ഞത് ഇരുപത് ദിവസമെങ്കിലും അവിദഗ്ദ്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതുമായ ഏതൊരു തൊഴിലുറപ്പു തൊഴിലാളിക്കും, നിധിയിലെ ഒരംഗമായി രജിസ്റ്റർ ചെയ്യുവാൻ അപേക്ഷ നൽകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്" എന്നാണ്. ഇതുപ്രകാരം ഇരുപത് ദിവസം തൊഴിലിൽ ഏർപ്പെട്ട തൊഴിലാളിക്ക് അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അർഹത ലഭിക്കും. എന്നാൽ പെൻഷനും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നതിന് തുടർന്നുള്ള എത്ര വർഷങ്ങളിൽ എത്ര തൊഴിൽദിനങ്ങളിലാണ് ഹാജരാകേണ്ടതെന്ന് വ്യക്തമാക്കുന്നില്ല. ആനുകൂല്യം ലഭിക്കുന്നതിന് അംഗത്വം നേടിക്കഴിഞ്ഞാൽ അംശദായം അടച്ചാൽ മാത്രം മതി

തൊഴിലെടുക്കുന്നതിന് വരേണ്ടതില്ലെന്ന സന്ദേശംകൂടി ഈ ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഒരു സന്ദേശമായി മാറും, അതുകൂടി പരിശോധിക്കേണ്ടതുണ്ടെന്നുള്ളതാണ് മറ്റൊരു അഭിപ്രായം. ഖണ്ഡം 6-ലെ 'അംഗത്വം അവസാനിപ്പിക്കൽ' എന്നതിൽ സൂചിപ്പിക്കുന്നത്, "ഒരു അംഗം ഒരു വർഷക്കാലം അംശദായം അടയ്ക്കാൻ തുടർച്ചയായി വീഴ്ച വരുത്തുന്ന സംഗതിയിൽ അയാളുടെ അംഗത്വം അവസാനിക്കുന്നതാണ്" എന്നാണ്. ഇങ്ങനെ പല കാരണങ്ങളാൽ തൊഴിലാളികൾക്ക് അംശദായം ഒരു വർഷം തുടർച്ചയായി അടയ്ക്കുന്നതിൽ വീഴ്ച സംഭവിക്കാം. ഉദാഹരണം, പത്തോ ഇരുപതോ വർഷം അംശദായം അടച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലുമൊരു തൊഴിലാളിക്ക് ഒരു അപകടം കാരണമോ ഏതെങ്കിലും തരത്തിലുള്ള രോഗങ്ങളാലോ ഒരു വർഷം തുടർച്ചയായി അംശദായം അടയ്ക്കാൻ കഴിയാതെവരും. തൊഴിലുറപ്പ് പദ്ധതിയിൽ 90 ശതമാനവും സ്ത്രീകളാണ് ഏർപ്പെട്ടിരിക്കുന്നത്. ഗർഭിണികളായ സ്ത്രീകൾക്ക് ചിലപ്പോൾ ഒരു വർഷം തുടർച്ചയായി അംശദായം അടയ്ക്കാൻ കഴിയാതെ വരും, അങ്ങനെ തടസ്സം നേരിട്ടാൽ അവർക്ക് അംഗത്വം നഷ്ടപ്പെടുമെന്ന ഒരു കാര്യവും ഈ ബില്ലിൽ പറയുന്നുണ്ട്, അതുകൂടി തിരുത്തപ്പെടണമെന്നതാണ് മറ്റൊരു കാര്യം. ഖണ്ഡം 8-ൽ 'ബോർഡിന്റെ രൂപീകരണം' സംബന്ധിച്ചാണ് പറയുന്നത്, "(3) ബോർഡിൽ, ഇതിനുശേഷം വ്യവസ്ഥ ചെയ്യുന്ന പ്രകാരം, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അഞ്ച് ഔദ്യോഗിക അംഗങ്ങളും എട്ട് അനൗദ്യോഗിക അംഗങ്ങളും ഡയറക്ടർമാരായി ഉണ്ടായിരിക്കുന്നതാണ്," എന്ന് സൂചിപ്പിക്കുന്നു. എട്ട് അനൗദ്യോഗിക അംഗങ്ങൾ എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ഇവരെ തെരഞ്ഞെടുക്കുന്നതിനും നിർണ്ണയിക്കുന്നതിനുമുള്ള മാനദണ്ഡമെന്താണ്? പലപ്പോഴും ഇത്തരം ബോർഡുകളിൽ നടക്കുന്നത് രാഷ്ട്രീയ നിയമനങ്ങളും മറ്റ് താൽപ്പര്യങ്ങളുമായതിനാൽ വലിയ തോതിലുള്ള രാഷ്ട്രീയ അതിപ്രസരമുണ്ടാകാനുള്ള സാധ്യതകൂടി ഉണ്ടെന്നുള്ളതുകൊണ്ട് അതിന്റെ മാനദണ്ഡംകൂടി നിശ്ചയിക്കണമെന്നുള്ളതാണ് മറ്റൊരു കാര്യം. ഖണ്ഡം 8 (8)-ൽ പറയുന്നത് ബോർഡിലെ അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും കൊടുക്കേണ്ട ശമ്പളത്തെക്കുറിച്ചും മറ്റ് ഓഫീസ് ചെലവുകൾക്ക് വിനിയോഗിക്കുന്നത് സംബന്ധിച്ചുമാണ്, തൊഴിലാളികളിൽനിന്ന് അംശദായമായി ലഭിക്കുന്ന തുകയുടെ അഞ്ച് ശതമാനംവരെയുള്ള തുകയോ, അതേസമയം സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള തുകയോ ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ മാനദണ്ഡംകൊണ്ട് എന്താണ് സർക്കാർ ഉദ്ദേശിക്കുന്നത്? പാവപ്പെട്ട തൊഴിലാളികളുടെ പണമെടുത്ത് ഉദ്യോഗസ്ഥർക്ക് ശമ്പളം നൽകുകയെന്നതുകൂടി അതിൽ ഉൾപ്പെടുന്നുവെന്നാണ് തോന്നുന്നത്. അതുസംബന്ധിച്ച വ്യക്തത ബില്ലിൽ ഉണ്ടാകേണ്ടതുണ്ട്.

മറ്റൊരു കാര്യം, മേറ്റുമാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് വികേന്ദ്രീകൃതാസൂത്രണമാണ്. പക്ഷെ തൊഴിലുറപ്പ് പദ്ധതിയിലെ നിയമപ്രകാരം ഇതിന്റെ മേറ്റുമാരെ നിയമിക്കുന്നതിനുള്ള ചുമതല പൂർണ്ണമായും എ.ഡി.എസ്.-നാണുള്ളത്. ഭരണഘടനാസ്ഥാപനമായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സമാനമായിട്ടുള്ള അധികാരങ്ങൾ, അധികാര പരിധികൾ എ.ഡി.എസ്. പോലുള്ള സംവിധാനങ്ങൾക്ക് നൽകുന്നത് ശരിയാണോയെന്ന് പരിശോധന നടത്തണം. മേറ്റുമാരെ നിയമിക്കുന്നതിനുള്ള പൂർണ്ണമായ അധികാരം പഞ്ചായത്തുകൾക്കാണെന്നിരിക്കെ, ഈ ബില്ലിലെ വ്യവസ്ഥപ്രകാരം എ.ഡി.എസ്.-നാണ് അതിനുള്ള പൂർണ്ണ അധികാരം നൽകുന്നത്. അതുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റുമാരെ നിയമിക്കുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് നൽകേണ്ടത്. മേറ്റുമാരെ നിർണ്ണയിക്കുമ്പോൾ ഈ ബില്ലിൽ പറയുന്ന കാര്യങ്ങളിൽ ഒന്ന്, അവർ എസ്.എസ്.എൽ.സി. പാസ്സായിരിക്കണമെന്നതാണ്. മേറ്റുമാരെ നിർണ്ണയിക്കാൻ എസ്.എസ്.എൽ.സി. യോഗ്യതയ്ക്കുപകരം, ഈ തൊഴിലിലുള്ള വൈദഗ്ദ്ധ്യമായിരിക്കണം ഇതിന് മാനദണ്ഡമായി പരിഗണിക്കേണ്ടത്. നല്ല വൈദഗ്ദ്ധ്യമുള്ളവരെ ഇതിന്റെ മേറ്റുമാരായി നിയമിക്കാൻ കഴിയണം. അതിനുള്ള അധികാരം പഞ്ചായത്തുകൾക്കായിരിക്കണം, എ.ഡി.എസ്.-ന് ആയിരിക്കരുത്. ചുരുക്കത്തിൽ ഇവരെ നിയമിക്കുന്നതിനുള്ള പരമാധികാരം കുടുംബശ്രീകൾക്ക് നിക്ഷിപ്തമാക്കരുതെന്നുള്ളതാണ്. എസ്.എസ്.എൽ.സി. യോഗ്യതാ മാനദണ്ഡമായി വരുമ്പോൾ തൊഴിലാളികൾക്കിടയിൽ അത് വലിയ അസമത്വത്തിന് വഴിവയ്ക്കും. കാരണം ഗ്രാമപ്രദേശങ്ങളിലെ ദരിദ്രരായ ആളുകളാണ് ഈ പദ്ധതിയിൽ ജോലി ചെയ്യുന്നവരിലധികവും. അങ്ങനെ പത്തും ഇരുപതും വർഷമായി ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ജോലിയിൽ വലിയ വൈദഗ്ദ്ധ്യമുണ്ടാകും. ആ വൈദഗ്ദ്ധ്യമായിരിക്കണം ഇതിന്റെ മാനദണ്ഡമായി പരിഗണിക്കേണ്ടത്, അല്ലാതെ വിദ്യാഭ്യാസമല്ല. ഇത്തരം നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ ബിൽ പാസ്സാക്കി സാധാരണക്കാർക്ക് ഏറ്റവും ഉപകാരപ്രദമായ രീതിയിൽ ഈ ക്ഷേമനിധിയുടെ കാര്യങ്ങൾ കൊണ്ടുവരാൻ കഴിയണമെന്നാണ് സൂചിപ്പിക്കാനുള്ളത്. അതുപോലെ നഷ്ടപരിഹാരം സംബന്ധിച്ച ഒരു കാര്യംകൂടി ഈ ബില്ലിൽ സൂചിപ്പിക്കുന്നുണ്ട്.

"19. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം- ഈ ആക്ടോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പദ്ധതിയോ പ്രകാരം നിധിയിലേയ്ക്ക് ഏതെങ്കിലും അംശദായം നൽകുന്നതിൽ ഏതെങ്കിലും ആൾ വീഴ്ച വരുത്തുന്നിടത്ത് ബോർഡിന്, കുടിശ്ശിക തുകയുടെ ഇരുപത്തഞ്ചു ശതമാനത്തിൽ കവിയാത്തതും

ബോർഡ് യുക്തമെന്ന് കരുതുന്നതുമായ തുക നഷ്ടപരിഹാരമായി സർക്കാരിന്റെ മുൻകൂർ അനുവാദത്തോടുകൂടി അയാളിൽനിന്നും വസൂലാക്കാവുന്നതാണ്." ഇവരിൽനിന്നും നഷ്ടപരിഹാരം വാങ്ങണമെന്ന് പറയുന്നത് തൊഴിലാളിവിരുദ്ധ നിലപാടായതിനാൽ അതുകൂടി പുനഃപരിശോധനയ്ക്ക് വിധേയമാക്കി മാറ്റങ്ങൾ വരുത്താൻ തയ്യാറാകണമെന്നാണ് പറയാനുള്ളത്. ഇത്രയും നിർദ്ദേശങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതുകൂടി പരിഗണിച്ചുകൊണ്ട് ഈ ബില്ലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നിയമമാക്കി മാറ്റണമെന്ന അഭ്യർത്ഥനയാണുള്ളത്.

1.00 p.m.]

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഈ ദുരിതകാലത്തും നമ്മുടെ രാജ്യത്തെ സാധാരണ മനുഷ്യരുടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോയ ഒരു മഹത്തായ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. രാജ്യത്തെ കോൺഗ്രസ് സർക്കാരുകളുടെ ക്ഷേമപ്രവർത്തനത്തിന്റെ തുടർച്ചയിൽ രൂപംകൊണ്ട ഒരു പദ്ധതിയാണിത്. 1947-ലെ ഐതിഹാസികമായ പോരാട്ടത്തിനൊടുവിൽ ഈ രാജ്യത്തിന് സ്വാതന്ത്ര്യം ലഭിക്കുമ്പോൾ ഇന്ത്യയിൽ തൊണ്ണൂറ് ശതമാനത്തിലധികംപേർ ദാരിദ്ര്യരേഖയ്ക്ക് താഴെയായിരുന്നു. 1900 മുതൽ 1947 വരെയുള്ള സാമ്പത്തിക വളർച്ചാനിരക്ക് 0.001 ശതമാനമായിരുന്നു. പരമ്പരാഗത വ്യവസായങ്ങളെല്ലാം തകർന്നടിഞ്ഞിരുന്നു. സാക്ഷരത 17 ശതമാനത്തിൽ താഴെമാത്രമായിരുന്നു. ആയുർദൈർഘ്യം വളരെ കുറവായിരുന്നു. വലിയ ജനസംഖ്യയുള്ള മതപരമായി, ഭാഷാപരമായി, ഭൂമിശാസ്ത്രപരമായി, നരവംശശാസ്ത്രപരമായി വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും പുലർത്തുന്ന രാജ്യമെന്ന നിലയിൽ നാം സ്ഥിരതയോടെ നിലനിൽക്കുമെന്ന് കരുതിയ നിരീക്ഷകർ വളരെ കുറവായിരുന്നു. 'വിഭജിക്കുക, ഭരിക്കുക' എന്ന ബ്രിട്ടീഷ് നയത്തിന്റെ തണലിൽ വളർന്ന വർഗ്ഗീയ ശക്തികൾ സ്വാതന്ത്ര്യാനന്തരവും അസ്ഥിരതയ്ക്ക് ശ്രമിച്ചിരുന്നു. ചൈനീസ് മാതൃകയിൽ സായുധ വിപ്ലവത്തിന് ശ്രമിച്ച് അസ്ഥിരപ്പെടുത്താൻ ശ്രമിച്ച ആളുകളുമുണ്ടായിരുന്നു. യുദ്ധങ്ങളും അന്താരാഷ്ട്ര സമ്മർദ്ദങ്ങളുമുണ്ടായിട്ടുണ്ട്. എന്നിട്ടും ഇന്ത്യ സ്ഥിരതയോടെ നിലനിന്നുവെന്ന് മാത്രമല്ല, പതിറ്റാണ്ടുകൾകൊണ്ട് ലോകത്ത് ഏറ്റവും വേഗതയിൽ വളരുന്ന രാജ്യങ്ങളിലൊന്നായി നമ്മുടെ രാജ്യം മാറി. രാഷ്ട്രപിതാവിന്റെയും മുൻ പ്രധാനമന്ത്രിമാരുടെയും രക്തസാക്ഷിത്വത്തിന്റെ ഈടുണ്ട് രാഷ്ട്രമെന്ന നിലയിൽ നമ്മുടെ സ്ഥിരതയ്ക്ക്. പഞ്ചവത്സര പദ്ധതികളിലൂടെ കൃഷിയിലും വ്യവസായത്തിലും നാം വലിയ നിക്ഷേപങ്ങൾ നടത്തി. വരണ്ട ഭൂമിയിൽ അണക്കെട്ടുകൾ ജലസേചനം നടത്തി. ഉച്ചഭക്ഷണം നൽകി

പട്ടിണിപ്പാവങ്ങളായ കുട്ടികളെ വിദ്യാലയങ്ങളിലെത്തിച്ചു. ശക്തമായ പൊതുമേഖലാ സ്ഥാപനങ്ങളുണ്ടാക്കി. വ്യക്തികൾക്ക് സാമ്പത്തിക സ്വാതന്ത്ര്യം നൽകി. സോഷ്യലിസ്റ്റ്, ക്യാപിറ്റലിസ്റ്റ് മാതൃകകളുടെ നിർമ്മാണാത്മകമായ അംശങ്ങളെ നമ്മൾ സ്വാംശീകരിച്ചു. ഹരിത വിപ്ലവവും ധവള വിപ്ലവവും നടപ്പിലാക്കി. ഐ.ഐ.ടി.-കൾപോലെ മേന്മയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളും ഐ.എസ്.ആർ.ഒ. പോലുള്ള അന്താരാഷ്ട്ര നിലവാരമുള്ള ഗവേഷണ സ്ഥാപനങ്ങളുമുണ്ടായി. ബാങ്ക് ദേശസാൽക്കരണത്തിലൂടെ പണമിടപാട് പൊതുജനങ്ങൾക്കുവേണ്ടിയാക്കി. ഈ രാജ്യത്ത് നടപ്പിലാക്കിയ ഏറ്റവും വലിയ ഇടതുപക്ഷ നയങ്ങളിലൊന്ന് ഇന്ദിരാഗാന്ധി നടപ്പിലാക്കിയ ബാങ്ക് ദേശസാൽക്കരണമായിരുന്നു. പോളിയോപോലുള്ള മഹാമാരികളെ നമ്മൾ തോൽപ്പിച്ചു. തൊണ്ണൂറുകളിലെ വലിയ സാമ്പത്തിക പ്രതിസന്ധിയുടെ ഞെരുക്കത്തിൽനിന്നും അത്ഭുതകരമായ വേഗതയിലേയ്ക്കും വളർച്ചയിലേയ്ക്കും നീങ്ങുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കി. ക്ഷേമവും വികസനവും ഒരുമിച്ചുകൊണ്ടുപോയി. ഇതിന്റെയെല്ലാം തുടർച്ചയായാണ് ഒന്നാം യു.പി.എ. ഗവൺമെന്റ് രാജ്യത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി കൊണ്ടുവന്നത്. അവകാശാധിഷ്ഠിത വികസനം എന്നതാണ് ഇത്തരമൊരു പദ്ധതിയിലൂടെ വിഭാവനം ചെയ്തത്. പാർലമെന്റിൽ ഒരു നിയമം കൊണ്ടുവന്ന് Development ഒരു അവകാശമാക്കുകയാണ്, ഔദാര്യമല്ല. 2003-ൽ ശ്രീമതി സോണിയാ ഗാന്ധിയുടെ നേതൃത്വത്തിൽ 'ഷിംല സങ്കൽപ്പ്', കോൺഗ്രസ് മുഖ്യമന്ത്രിമാരുടെ ഒരു സമ്മേളനം സംഘടിപ്പിച്ചു. അത് 'ഷിംലാ ചിന്തൻ ശിബിർ' എന്നറിയപ്പെട്ടു. അതിന്റെ റെസല്യൂഷനിലെ People Oriented Governance, Rural Transformation and Social Empowerment എന്ന സബ് ടൈറ്റിലിൽ ഇങ്ങനെ പറയുന്നു, 'The enactment of a National Rural Employment Guarantee by Law." ഇത് 2003-ൽ Chief Ministers' Conclave-ൽ കോൺഗ്രസ് തീരുമാനിച്ചതാണ്. അതിനുശേഷം 2004-ൽ കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോ ശ്രീമതി സോണിയാഗാന്ധി പുറത്തിറക്കിയപ്പോൾ അതിൽ റോസ്ഗാർ എന്ന സബ്ടൈറ്റിലിൽ ഇങ്ങനെ പറയുന്നുണ്ട്, "A National Employment Guarantee Act will be enacted immediately, this will provide a legal guarantee for atleast 100 days of employment". ഇത് 2004-ൽ കോൺഗ്രസ്സിന്റെ പ്രകടനപത്രികയിൽ പറഞ്ഞതാണ്. അന്ന് തെരഞ്ഞെടുപ്പിൽ പുറത്തിറക്കിയ മറ്റേതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പ്രകടനപത്രികയിൽ ഇത്തരമൊരു വാഗ്ദാനമുണ്ടായിരുന്നില്ല. ഒന്നാം യു.പി.എ. സർക്കാരിനെ ഇന്ത്യയിലെ ഇടതുപക്ഷം പിന്തുണച്ചിരുന്നു. ഷിംലാ ചിന്തൻ ശിബിരത്തിൽ കൊണ്ടുവന്ന National Rural Employment Guarantee Programme ഞങ്ങളുടെ

പ്രകടനപത്രികയിലും കൊണ്ടുവന്നു. പിന്നീടുണ്ടാക്കിയ യു.പി.എ.-യുടെ Common Minimum Programme-ലും ഇത് ഉൾപ്പെടുത്തിയിരുന്നു. അങ്ങനെയാണ് ഈ പദ്ധതി രാജ്യത്ത് നടപ്പിലാക്കിയത്. തെരഞ്ഞെടുപ്പിനുമുമ്പുതന്നെ രാജ്യത്തെ ജനങ്ങൾക്ക് ഞങ്ങൾ കൊടുത്ത വാഗ്ദാനമാണിത്. ഞാനിവിടെ അവകാശാധിഷ്ഠിത സമീപനത്തെക്കുറിച്ച് പറഞ്ഞു. ഭക്ഷ്യധാന്യങ്ങൾ, വിദ്യാഭ്യാസം, വിവരം എന്നിവപോലെ തൊഴിലും അവകാശത്തിന്റെ ഭാഗമായി. അത് സർക്കാർ നൽകുന്ന ഔദാര്യം എന്നുള്ള നിലയ്ക്കല്ല. നിങ്ങൾക്കൊക്കെ തൊഴിൽ നൽകിയത് കോൺഗ്രസ്സാണ്, അത് ഞങ്ങളുടെ ഔദാര്യമായിരുന്നുവെന്ന് ഒരു കോൺഗ്രസ്സുകാരനും പറയില്ല. കാരണം, മിനിമം തൊഴിൽദിനങ്ങൾ പൗരന്റെ അവകാശമാണെന്ന് കോൺഗ്രസ് മനസ്സിലാക്കിയിട്ടുണ്ട്. 2009-ലും ഞങ്ങൾ പ്രകടനപത്രിക പുറത്തിറക്കിയിരുന്നു. 2009-ൽ ഇടതുപക്ഷം ഞങ്ങളുടെ കൂടെയില്ല. അവർ ബി.ജെ.പി.-യോടൊപ്പം ചേർന്ന് ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റിനെ താഴെയിറക്കാൻ അവിശ്വാസം കൊണ്ടുവന്ന് പരാജയപ്പെട്ട് യു.പി.എ.-യിൽനിന്ന് മാറിപ്പോയിരുന്നു. 2009-ൽ ഞങ്ങൾ കൊണ്ടുവന്ന മറ്റൊരു പ്രധാനപ്പെട്ട നിയമമാണ് ഭക്ഷ്യസുരക്ഷാ നിയമം. 2013-ലെ ഭക്ഷ്യസുരക്ഷാ നിയമം ഓർമ്മയില്ലേ; ഈ ക്ഷാമകാലത്തുപോലും നമ്മുടെ രാജ്യത്തെ സംസ്ഥാനങ്ങൾക്ക് ജനങ്ങളെ സംരക്ഷിക്കാൻ കഴിയുന്നതിന്റെ ഏറ്റവും പ്രധാനമായൊരു കാര്യം ഭക്ഷ്യസുരക്ഷാ നിയമമാണ്. വിവരം അവകാശമാക്കി (Right to Information), തൊഴിൽ അവകാശമാക്കി (തൊഴിലുറപ്പ് പദ്ധതി), വിദ്യാഭ്യാസം അവകാശമാക്കി (Right to Education), Right to Food. അങ്ങനെ അവകാശാധിഷ്ഠിത നിയമനിർമ്മാണങ്ങളുടെ പട്ടികയിൽ വരുന്നതാണ് തൊഴിലുറപ്പ് പദ്ധതി. ഈ ക്ഷേമനിധിയിൽ ചില പോരായ്മകളുണ്ട്. ഒരുപാട് കാര്യങ്ങൾ ബഹുമാന്യയായ വടകര എം.എൽ.എ. ഇവിടെ അക്കമിട്ട് സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം സെക്ഷൻ ബൈ സെക്ഷനായി ഇതിന്റെ പോരായ്മകൾ പരാമർശിച്ചതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. പക്ഷേ അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് ഞാൻ ഒരു കാര്യം കൊണ്ടുവരികയാണ്. ഇതിന്റെ ക്ലോസ് 4-ൽ നിധിയിലേയ്ക്കുള്ള അംശദായത്തെക്കുറിച്ച് പറയുന്നുണ്ട്. 'ഓരോ തൊഴിലാളിയും പ്രതിമാസം 50 രൂപ അംശദായമായി നൽകേണ്ടതാണ്.' അങ്ങനെ 60 വയസ്സ് എത്തുമ്പോൾ അവർക്ക് പെൻഷൻ ലഭിക്കും. എന്നാൽ ഒരു പ്രധാന പോരായ്മ ഞാനിവിടെ സൂചിപ്പിക്കുകയാണ്. നിയമം പാസ്സായിക്കഴിഞ്ഞാൽ ഈ ക്ഷേമനിധി നിലവിൽ വരികയാണ്. അംശദായം കൊടുക്കുമെന്ന് നിയമസഭ ഒരു നിയമം കൊണ്ടുവന്ന് അംഗീകരിക്കുകയാണല്ലോ; കയർത്തൊഴിലാളി ക്ഷേമനിധി, കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി എന്നിവയെല്ലാം ഇതിന് മുമ്പുവന്ന ക്ഷേമനിധികളാണ്. ഈ ഗവൺമെന്റ്

വന്നതിനുശേഷം രണ്ട് ഉത്തരവുകൾ കൊണ്ടുവന്നു. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് ഒരാൾക്ക് രണ്ട് പെൻഷൻ വാങ്ങാമായിരുന്നു. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ വാങ്ങുന്ന ആൾക്ക് വെൽഫെയർ ബോർഡിന്റെ പെൻഷനും കിട്ടുമായിരുന്നു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 6-2-2017-ലെ ഒരു എക്സിക്യൂട്ടീവ് ഓർഡർവഴി അത് ഒറ്റ പെൻഷനാക്കി ചുരുക്കി. അതിനുമുമ്പ് ഏതെങ്കിലുമൊരു പെൻഷൻ 600 രൂപയാക്കി ചുരുക്കിയിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറോട് എന്റെ പ്രധാനപ്പെട്ട ചോദ്യം, നിയമസഭ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ പാസ്സാക്കിയെടുത്ത ക്ഷേമനിധിയുടെ വ്യവസ്ഥകളേയും ആനുകൂല്യങ്ങളേയും ഒരു എക്സിക്യൂട്ടീവ് ഓർഡർവഴി ഇല്ലായ്മ ചെയ്യാനുള്ള അധികാരമുണ്ടോ; അങ്ങനെ ചെയ്യാൻ പറ്റുമോ? എൽ.ഡി.എഫ്. സർക്കാർ കയർത്തൊഴിലാളി, കശുവണ്ടിത്തൊഴിലാളി ക്ഷേമനിധികളിൽ അംഗങ്ങളായിരുന്നവരുടെ രണ്ടാം പെൻഷൻ ആദ്യം 600 രൂപയാക്കുകയും പിന്നീടത് ഒറ്റ പെൻഷനാക്കി ചുരുക്കുകയും ചെയ്തിരിക്കുകയാണ്. ഇതുസംബന്ധിച്ച് അഞ്ചോ ആറോ ഉത്തരവുകളിറങ്ങി. ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഒരുപാട് ക്ഷേമനിധികളുണ്ട്. ഇൻഡസ്ട്രീസ് വകുപ്പുമന്ത്രിയോടുതന്നെ ചോദിച്ചാൽ ഇതുസംബന്ധിച്ച് അദ്ദേഹത്തിന് വ്യക്തമായൊരു കാര്യം പറയാൻ കഴിയില്ല. ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ കുറേ ക്ഷേമനിധികളുണ്ട്. ഞാൻ ഉദാഹരണത്തിന് ഒരു കേസ് പറയാം, 1975-ലോ 76-ലോ പിരിഞ്ഞുപോയി ഇപ്പോഴും ജീവിച്ചിരിക്കുന്ന ഒരാളുണ്ട്. പേര് ഞാൻ പറയുന്നില്ല. അവർ പിരിയുന്ന സമയത്ത് 700 രൂപയായിരുന്നു പെൻഷൻ. ഇപ്പോൾ അവർ വാങ്ങുന്ന പെൻഷൻ 65,000 രൂപയാണ്. ശമ്പള പരിഷ്കരണത്തോടൊപ്പം പെൻഷൻ ആനുകൂല്യങ്ങളുടെ വർദ്ധനവുമുണ്ടാകും. റിട്ടയർ ചെയ്യുമ്പോൾ 700 രൂപ പെൻഷൻ വാങ്ങിയിരുന്നയാൾക്ക് ഇപ്പോൾ 65,000 രൂപ പെൻഷനുണ്ട്. അതേസമയം 1600 രൂപ പെൻഷൻ വാങ്ങുന്ന പാവപ്പെട്ട കശുവണ്ടിത്തൊഴിലാളി രണ്ടാമതൊരു 1600 രൂപകൂടി പെൻഷൻ വാങ്ങുന്നത് അനർഹമാണെന്ന് പറഞ്ഞുകൊണ്ട് അത് ഇല്ലാതാക്കുന്നത് അനീതിയല്ലേ; ഒരു നിയമസഭയ്ക്ക് അതിനോട് കൂട്ടുനിൽക്കാൻ കഴിയുമോ? ഞാൻ അതിന്റെ ലീഗൽ പോയിന്റാണ് പറയുന്നത്. ക്ഷേമനിധി സംബന്ധിച്ച് ഈ നിയമസഭ ഒരു നിയമം പാസ്സാക്കി. നമ്മുടെ ലെജിസ്ലേറ്റീവ് കോംപീറ്റൻസിയെ ഒരു എക്സിക്യൂട്ടീവിന് എങ്ങനെ ചോദ്യം ചെയ്യാൻ കഴിയും? നിങ്ങൾ ഏതെങ്കിലും ക്ഷേമനിധിയിൽ അംഗമായെങ്കിൽ രണ്ടാമത്തെ പെൻഷൻ 600 രൂപയേ കിട്ടുകയുള്ളൂ എന്ന് ആദ്യമൊരു ഉത്തരവും, പിന്നീട് 600 രൂപയുമില്ല, ഒറ്റ പെൻഷൻ മാത്രമേ കിട്ടുകയുള്ളൂ എന്നുള്ള രണ്ടാമത്തെ ഉത്തരവും ഇറക്കിയിരിക്കുകയാണ്. ഈ ക്ഷേമനിധി നമ്മളിന്ന് ഐകകണ്ഠ്യേന പാസ്സാക്കിയാൽ ഇതിലെ അംഗങ്ങൾ പ്രതിമാസം 50 രൂപ അംശദായം

നൽകേണ്ടിവരും. ഈ 50 രൂപതന്നെ ഇവരിൽനിന്നും വാങ്ങാൻ പാടില്ലെന്നും ചിലർ പറയുന്നുണ്ട്. കാരണം, 100 ദിവസം തൊഴിൽ പറയുന്നെങ്കിൽപ്പോലും 22-25 ദിവസം മാത്രമേ ഇപ്പോൾ ശരാശരി തൊഴിൽ ലഭിക്കുന്നുള്ളൂ. 600 രൂപയാണ് 22 ദിവസം തൊഴിൽ ലഭിക്കുന്ന ഒരാൾ അടയ്ക്കേണ്ടിവരുന്നത്. അത് യഥാർത്ഥത്തിൽ ഗവൺമെന്റിന് കൊടുക്കാവുന്നതേയുള്ളൂ. എങ്കിൽപ്പോലും ഇതിന്റെ ലെജിസ്ലേറ്റീവ് കോംപീറ്റൻസിയെ എക്സിക്യൂട്ടീവ് ചോദ്യം ചെയ്യുകയാണ്. ഇതിൽത്തന്നെ സെക്ഷൻ 4 പ്രകാരം, ഒരാളുടെ അവകാശത്തെ എങ്ങനെയാണ് ഇത്തരമൊരു ഓർഡർ വഴി ഇല്ലാതാക്കാൻ കഴിയുക; രണ്ട് പെൻഷനില്ലാതാക്കി ഒറ്റ പെൻഷനാക്കി. ഒരു കാര്യംകൂടിയുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി തൊഴിലാളി മേഖലയിൽനിന്നുവന്ന ആളാണ്. ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് വിധവയായ ഒരു കശുവണ്ടി തൊഴിലാളിയോ തൊഴിലുറപ്പ് തൊഴിലാളിയോ അവർക്ക് 60 വയസ്സ് കഴിയുമ്പോൾ തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി പെൻഷന് അപേക്ഷിച്ചാൽ അവർക്ക് ലഭിച്ചുകൊണ്ടിരുന്ന വിധവാ പെൻഷൻ അപ്പോൾത്തന്നെ ഇല്ലാതാകും. മൂന്ന് മാസത്തിലൊരിക്കൽ ബോർഡിന്റെ യോഗം ചേരേണ്ടതാണെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇവർക്ക് ഈ ക്ഷേമനിധി പെൻഷൻ കിട്ടണമെങ്കിൽ മൂന്ന് മാസത്തിനകം യോഗം ചേർന്ന് പെൻഷൻ അപ്രൂവ് ചെയ്യണം. ക്ഷേമനിധി ബോർഡ് അപ്രൂവ് ചെയ്താലും പിന്നെയും മൂന്നുനാല് മാസം കഴിഞ്ഞാണ് ഗവൺമെന്റിന്റെ അംഗീകാരം കിട്ടുന്നത്. ഈ ആറ് മാസക്കാലത്തേയ്ക്ക് നിലവിൽ കിട്ടിക്കൊണ്ടിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനും ഇല്ലാതായി, ആറ് മാസക്കാലത്തേയ്ക്ക് ക്ഷേമനിധി പെൻഷനും ലഭിക്കുന്നില്ല എന്നതാണ് സ്ഥിതി. ഇങ്ങനെയൊരു കാര്യം ഗവൺമെന്റ് ചെയ്യാൻ പാടുണ്ടോ? എം.പി. ആയിട്ട് എം.എൽ.എ. ആയ ആളുകൾ ഈ നിയമസഭയിലുണ്ട്. എം.പി.-മാരുടെയും എം.എൽ.എ.-മാരുടെയും രണ്ട് പെൻഷൻ വാങ്ങുന്ന ആളുകളില്ലേ? എം.പി.-മാർക്കും എം.എൽ.എ.-മാർക്കും രണ്ട് പെൻഷൻ വാങ്ങാം. കശുവണ്ടിത്തൊഴിലാളിക്കോ തൊഴിലുറപ്പ് തൊഴിലാളിക്കോ കർഷകത്തൊഴിലാളിക്കോ 1600 രൂപയുടെ പെൻഷനുണ്ട് എന്നതിന്റെ പേരിൽ രണ്ടാമത്തെ 1600 രൂപ നിഷേധിക്കുന്നത് ശരിയാണോ; അതിന് ഇത്തരമൊരു നിയമസഭ കൂട്ടുനിൽക്കാൻ പാടുണ്ടോ? അതുകൊണ്ട് മറ്റ് ക്ഷേമനിധിയെപ്പോലെതന്നെ ഈ ക്ഷേമനിധിയും സമാനരൂപത്തിൽ നിയമസഭ അംഗീകരിച്ചുകഴിയുമ്പോൾ തീർച്ചയായും അതിന്റെ പേരിൽ ഈ ക്ഷേമനിധിയിൽ അംശദായമടച്ച് പെൻഷനുവേണ്ടി അപേക്ഷിക്കുന്ന ആളുകൾക്ക് മറ്റ് പെൻഷൻ നിഷേധിക്കുന്ന അനീതി തടയുന്നതിനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അത് നിയമസഭയുടെ അവകാശങ്ങൾക്കുമേൽ എക്സിക്യൂട്ടീവിന്റെ കടന്നുകയറ്റമാണ്. അത് ഒരു കാരണവശാലും അംഗീകരിച്ചുകൊടുക്കാൻ പാടില്ല. ഇതിന്റെ പേരിനെ

സംബന്ധിച്ച ആവശ്യത്തെ വീണ്ടും ഞാൻ പിന്തുണയ്ക്കുകയാണ്. ഈ ക്ഷേമനിധിയുടെ പേര്, മഹാത്മാഗാന്ധി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി എന്ന് മാറ്റണം. കാരണം മഹാത്മാഗാന്ധിയെപ്പോലും വിസ്മൃതിയിലാക്കാൻവേണ്ടി ഫാസിസ്റ്റ് രാഷ്ട്രീയം ശ്രമിക്കുന്ന ഒരു കാലഘട്ടത്തിൽ ഈ ക്ഷേമനിധിക്ക് അത്തരമൊരു പേരിടണമെന്ന് ഞാൻ നിർദ്ദേശിക്കുകയാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: കേരളത്തിൽ മാത്രമായുള്ള അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികൂടി ചേർന്നതാണ് ഈ ബിൽ എന്നതുകൊണ്ട് കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ എന്നുതന്നെ വരുന്നതല്ലേ നല്ലത്?

ശ്രീ. പി. സി. വിഷ്ണുനാഥ്: മഹാത്മാഗാന്ധി-അയ്യങ്കാളി തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ എന്നാക്കണം, രണ്ട് മഹാത്മാക്കൾ ഒരു പദ്ധതിയിൽ വന്നുവെന്നതുകൊണ്ട് എന്താണ് കുഴപ്പം? രണ്ടുപേരും നമ്മുടെ അഭിമാനങ്ങളല്ലേ; രണ്ടുപേരും സാമൂഹ്യ നവോത്ഥാനത്തിന്റേയും സ്വാതന്ത്ര്യ സമരത്തിന്റേയും പ്രോജ്ജ്വലമായ നമ്മുടെ ചരിത്രത്തിന്റെ നേരവകാശികളല്ലേ? അതുകൊണ്ട് അതുകൂടി ഞാൻ പറയുന്നു. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്ര നിയമത്തിൽ അൺഎംപ്ലോയ്മെന്റ് അലവൻസുണ്ടായിരുന്നു. പക്ഷെ ആ അൺഎംപ്ലോയ്മെന്റ് അലവൻസ് നമുക്ക് കൊടുക്കാൻ കഴിയുന്നില്ല. ഞാൻ മനസ്സിലാക്കുന്നത് റൂൾ ഫ്രെയിം ചെയ്തിട്ടുണ്ടെന്നും അത് നോട്ടിഫൈ ചെയ്തിട്ടുണ്ടെന്നുമാണ്. പാർലമെന്റ് നിയമംവഴി നൂറ് ദിവസം തൊഴിൽ ഉറപ്പ് നൽകിയിട്ട്, 25 ദിവസമേ തൊഴിൽ നൽകുന്നുള്ളൂവെങ്കിൽ ബാക്കി 75 ദിവസത്തേയ്ക്ക് അൺഎംപ്ലോയ്മെന്റ് അലവൻസിനുള്ള പ്രൊവിഷൻ കേന്ദ്ര നിയമത്തിലുണ്ടായിരുന്നു എന്നതാണ് ആ ബില്ലിന്റെ ഏറ്റവും വലിയ ആകർഷണം. ഞാൻ ആ നിയമം വായിച്ചപ്പോൾ എനിക്കേറ്റവും ആകർഷകമായി തോന്നിയത് ഈ അൺഎംപ്ലോയ്മെന്റ് അലവൻസും ഡിലേ കോമ്പൻസേഷനുമാണ്. അൺഎംപ്ലോയ്മെന്റ് അലവൻസും ഡിലേ കോമ്പൻസേഷനുംകൂടി യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുകയാണ്.

(ii) 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

Dr. M. K. Muneer: Sir, I move that- "This House resolves to disapprove The Kerala Panchayat Raj (Amendemnt) Ordinance, 2021 (Ordinance No. 134 of 2021)". തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം കുറഞ്ഞ് വരുന്നൊരുവേളയിലാണ് യഥാർത്ഥത്തിൽ നമ്മൾ നിൽക്കുന്നത്. നമ്മൾ പല തീരുമാനങ്ങളെടുത്താലും അത് നടപ്പിലാക്കാനുള്ള ശക്തി തദ്ദേശഭരണ

സ്ഥാപനങ്ങൾക്കില്ലെന്നുള്ളതാണ് ആദ്യംതന്നെ പറയാനുള്ളത്. പ്രാദേശിക സർക്കാരുകളുടെ തനത് ഫണ്ടുകൾ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കേണ്ടതാണ്, ഇതിനായി പുതിയ ട്രഷറി സേവിംഗ്സ് ബാങ്ക് (എസ്.ടി.എസ്.ബി.) അക്കൗണ്ട് ആരംഭിക്കേണ്ടതാണ്, ഈ വിഷയത്തിൽ തുടർ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പുമാത്രമായിരിക്കും പുറപ്പെടുവിക്കുക, മറ്റു വകുപ്പുകൾ ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ/ഉത്തരവുകൾ പുറപ്പെടുവിക്കരുത് എന്ന ഒരു പുതിയ സർക്കുലർ ഇപ്പോൾ ധനകാര്യ വകുപ്പിൽനിന്ന് ഇറക്കിയിരിക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടേണ്ട, അത് ധനകാര്യ വകുപ്പുമന്ത്രി നോക്കിക്കോളുമെന്നാണ് പറയുന്നത്. വളരെ ആവേശത്തോടെ ഭേദഗതികൾ കൊണ്ടുവരുന്ന ഈ പഞ്ചായത്ത് രാജ് ബിൽ ഏത് രീതിയിലാണ് മുന്നോട്ടുപോകുകയെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്. പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ നടത്തുന്നതുതന്നെ തനത് ഫണ്ടുപയോഗിച്ചാണ്. കെട്ടിട നികുതിയിൽനിന്നും കെട്ടിടത്തിന്റെ വാടകയിൽ നിന്നുമൊക്കെ കിട്ടുന്ന പണമുപയോഗിച്ചുമാണ് അവർ ജീവിച്ചുപോകുന്നത്. കോവിഡ് സാഹചര്യത്തിൽ വലിയ മാളുകളും സൂപ്പർ മാർക്കറ്റുകളും ഓഡിറ്റോറിയങ്ങളും പൂട്ടിക്കിടന്നതുകൊണ്ട് പഞ്ചായത്തുകൾക്കാവശ്യത്തിനുള്ള പണം ലഭിക്കാതെവന്ന സാഹചര്യത്തിൽ തനത് ഫണ്ടുപയോഗിക്കാനില്ലാതായി. ആ സമയത്ത് സർക്കാരിൽനിന്നും പല നിർദ്ദേശങ്ങളും നൽകി. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ നടത്താൻ ഗ്രാമപഞ്ചായത്ത് പണം കണ്ടെത്തണം, ദുരന്തനിവാരണത്തിനുള്ള പണം ഗ്രാമപഞ്ചായത്ത് കണ്ടെത്തിക്കൊള്ളണം, മറ്റേത് വിഷയംവന്നാലും പഞ്ചായത്ത് പണം കണ്ടെത്തണമെന്ന സ്ഥിതിയാണ്. തനത് ഫണ്ടുപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ജീവനക്കാർക്ക് ശമ്പളംപോലും കൊടുക്കാത്ത പഞ്ചായത്തുകളുണ്ട്. തനത് ഫണ്ടില്ലാത്തതിന്റെ പേരിൽ ബുദ്ധിമുട്ടുന്ന ധാരാളം പഞ്ചായത്തുകളുണ്ട്. ആ സാഹചര്യത്തിലാണ് തനത് ഫണ്ട് ട്രഷറിയിലേയ്ക്ക് കൊടുക്കാൻ പറയുന്നത്. ഞാൻ ചോദിക്കട്ടെ, പഞ്ചായത്ത് പരിധിയിൽ ഒരു തെരുവുനായ ചത്താൽ അതിനെ കുഴിച്ചിടുന്നതിനുള്ള 500 രൂപ ഇനി ബാങ്കിൽനിന്നും പഞ്ചായത്തിന് എടുത്ത് കൊടുക്കാൻ പറ്റില്ല, പകരം 500 രൂപയ്ക്കുവേണ്ടി ട്രഷറിയിൽ പോകേണ്ട അവസ്ഥയാണ്. പഞ്ചായത്ത് എങ്ങനെ മുന്നോട്ടുപോകും; നമ്മൾ എന്ത് ഭേദഗതി ചെയ്തിട്ടും എന്താണ് കാര്യം? ഇതിൽ വന്നിട്ടുള്ള ഭേദഗതിയിലെ പ്രധാനപ്പെട്ട കാര്യം തപാൽ വോട്ടുമായി ബന്ധപ്പെട്ട വിഷയമാണ്. സാംക്രമിക രോഗമുള്ള സമയത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഈ കഴിഞ്ഞ തെരഞ്ഞെടുപ്പുസമയത്ത്, ക്വാറന്റീനിൽ കഴിയുന്നവർക്ക് തപാൽ വോട്ട് ചെയ്യാനുള്ള സൗകര്യം നൽകി. അതേസമയം കോവിഡ് രോഗികൾക്ക് നേരിട്ടുവന്ന് വോട്ട് ചെയ്യാൻവേണ്ടി വോട്ടിംഗ് സമയം

ഒരു മണിക്കൂർ നീട്ടിനൽകുകയും ചെയ്തിരുന്നു. അപ്പോൾ തപാൽ വോട്ട് ദുരുപയോഗം ചെയ്യുന്ന സാഹചര്യമാണുണ്ടായത്. ഒന്നുകിൽ വോട്ടിംഗ് സമയം നീട്ടിനൽകി സാംക്രമിക രോഗങ്ങളെ നമ്മൾ മറികടക്കും. സാംക്രമിക രോഗങ്ങൾ നിലനിൽക്കുന്ന സമയത്ത് തെരഞ്ഞെടുപ്പ് വന്നാൽ രോഗികൾക്ക് extra time കൊടുത്തുകൊണ്ട് പ്രത്യേകം വോട്ട് ചെയ്യാനുള്ള സൗകര്യം ചെയ്തുകൊടുത്താൽ തപാൽ വോട്ടിന്റെ എന്താവശ്യമാണുള്ളത്? ഞാൻ ഈ തെരഞ്ഞെടുപ്പിലുണ്ടായ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തുകയാണ്. തപാൽ വോട്ട് ചെയ്തവർ, ഒരു മണിക്കൂറുള്ള വോട്ടിംഗിനും വന്നുനിൽക്കുന്നു. അങ്ങനെ ഡബിൾ വോട്ടുണ്ടെന്ന് പറഞ്ഞ്, അത്തരം വോട്ടുകൾ അവിടത്തെ പ്രിസൈഡിംഗ് ഓഫീസറെ അറിയിച്ച് മാറ്റിവയ്ക്കേണ്ട സ്ഥിതിവിശേഷം പല സ്ഥലത്തുമുണ്ടായി. ഇത് പല സ്ഥലത്തും വോട്ടുകൾ കൂടാൻ വഴിയൊരുക്കി. അനർഹമായി വാങ്ങുന്നതിനുവേണ്ടിയുള്ള ഉപാധിയായി തപാൽവോട്ട് മാറാനുള്ള സാധ്യതയുണ്ടെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കേണ്ടതുണ്ട്. തപാൽ വോട്ടാണോ വേണ്ടത് അതോ വോട്ടിംഗ് സമയം നീട്ടിനൽകി ക്വാറന്റീനിൽ കഴിയുന്നവർക്കും സാംക്രമിക രോഗം പിടിപെട്ടവർക്കും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ചെയ്തതുപോലെ സമയം നീട്ടിക്കൊടുക്കുകയാണോ വേണ്ടതെന്നുള്ളതാണ് പരിശോധിക്കേണ്ടത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ബഹുമാനപ്പെട്ട മന്ത്രി അഭിമാനപുരസ്സരം കെട്ടിടങ്ങളുടെ കാര്യം പറഞ്ഞല്ലോ? പാവപ്പെട്ടവന് സഹായകരമാകുന്ന രീതിയിൽ, സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിന് പെർമിറ്റ് നൽകുന്ന ബില്ലിലെ വ്യവസ്ഥ സാധാരണ ജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ സഹായിക്കുമെന്ന് പറയുകയുണ്ടായി. 3230 സ്ക്വയർ ഫീറ്റ്വരെയുള്ള ഗാർഹിക കെട്ടിടങ്ങൾ, 2150 സ്ക്വയർ ഫീറ്റ്വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, മതപരമായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ, വൃദ്ധസദനങ്ങൾ എന്നിവയാണ് വരുന്നത്. സാധാരണ ജനങ്ങളാണോ ഇതിൽ കൂടുതലായി സഹായം ലഭ്യമാകുന്ന ആളുകൾ? 3000 സ്ക്വയർ ഫീറ്റുവരെയുള്ള ഗാർഹിക കെട്ടിടങ്ങൾക്ക് ഇനി ഒരു സാക്ഷ്യപത്രം എഴുതിക്കൊടുത്തുകൊണ്ട് പണിതുടങ്ങാം. അതുകഴിഞ്ഞ്, അഞ്ച് ദിവസംകൊണ്ട് സെക്രട്ടറി മറുപടി കൊടുക്കുന്നില്ലെങ്കിൽ കെട്ടിടത്തിന്റെ പണി ആരംഭിക്കാം. കുറച്ചുദിവസം കഴിഞ്ഞ് വ്യവസ്ഥകൾ ലംഘിച്ചുവെന്നു കണ്ടുകഴിഞ്ഞാൽ, ഉടമസ്ഥന് കാരണംകാണിക്കൽ നോട്ടീസ് കൊടുക്കും. കൂടാതെ സാക്ഷ്യപ്പെടുത്തിയ ആർക്കിടെക്റ്റിനും നോട്ടീസയയ്ക്കും. പിന്നീട് സ്ക്വയർഫീറ്റനുസരിച്ച് രണ്ട് ലക്ഷം, നാല് ലക്ഷം, ആറ് ലക്ഷം എന്നിങ്ങനെ പിഴ ഈടാക്കുമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. 3000 സ്ക്വയർ ഫീറ്റ് വീട്

നിർമ്മിച്ച ഒരാൾ സാക്ഷ്യപത്രം തെറ്റിച്ചിട്ടുണ്ടെങ്കിൽ അയാൾക്ക് 6 ലക്ഷം രൂപ പിഴ കൊടുത്താൽ അയാളുടെ വീട് നിർമ്മാണം സാധൂകരിക്കപ്പെടും.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കെട്ടിട നിർമ്മാണ ചട്ടവുമായി ബന്ധപ്പെട്ട് ജനങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം വേഗത്തിൽ അനുമതി ലഭ്യമാകാത്തതാണ്. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കിക്കൊടുക്കുന്നവരും നിർമ്മാണ സഹായം ചെയ്യുന്നവരുമായ രജിസ്റ്റേർഡ് വ്യക്തികൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പ്ലാൻ കൊടുക്കുകയും നിർമ്മാണത്തിന് മറ്റ് പ്രശ്നങ്ങളൊന്നുമില്ലെന്ന് ഗുണഭോക്താക്കളെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്നുണ്ട്. നിർമ്മാണം തുടങ്ങിയതിനുശേഷമാണ് പലപ്പോഴും ഗുരുതര പ്രശ്നങ്ങൾ മനസ്സിലാകുന്നത്. അതുകൊണ്ട് യഥാർത്ഥത്തിൽ കെട്ടിട ഉടമയ്ക്കെതിരെയല്ല, ഇക്കാര്യങ്ങൾ തയ്യാറാക്കി നൽകുന്ന ആളുകൾക്കെതിരെയല്ലേ കർശന നടപടിയെടുക്കേണ്ടത്?

ഡോ. എം. കെ. മുനീർ: സർ, ഇതിനുള്ള ഏറ്റവും നല്ലവഴി പ്ലാൻ മുഴുവനായും സോഫ്റ്റ്‌വെയറിൽ ചെയ്യുന്നതാണ്. പ്ലാൻ നേരെ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചുകൊടുത്തുകഴിഞ്ഞാൽ കമ്പ്യൂട്ടറിൽത്തന്നെ സെക്രട്ടറിക്ക് സൂക്ഷ്മ പരിശോധന നടത്താനും നിയമങ്ങൾ പാലിച്ചതാണെങ്കിൽ ഉടനെ അനുവാദം നൽകാനാവുന്നതുമാണ്. ആധുനികവത്കരണത്തെക്കുറിച്ചെല്ലാം നമ്മൾ പറയാറുണ്ട്. അതിനുള്ള സോഫ്റ്റ്‌വെയർ Information Kerala Mission (IKM) തയ്യാറാക്കിയെങ്കിലും ഫലപ്രദമായി മുന്നോട്ടുപോയില്ല. ആ സിസ്റ്റം കൊണ്ടുവരികയാണെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തൽ എന്ന കാര്യം ആവശ്യമായി വരില്ല. ഗുണഭോക്താവുതന്നെ പ്ലാൻ അപ്‌ലോഡ് ചെയ്തുകഴിഞ്ഞാൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധിച്ച് സാങ്ഷൻ നൽകാൻ സാധിക്കും. കാലതാമസം മറികടക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുകയെന്നതാണ്. പാവപ്പെട്ടവർക്ക് കെട്ടിട നിർമ്മാണത്തിന് അനുവാദം നൽകുന്നതിനുള്ള വിപ്ലവകരമായ ഭേദഗതിക്ക് ഇടങ്കോൽ വയ്ക്കുന്ന സംസാരമാണെന്ന് തോന്നാം. എന്നാൽ അങ്ങനെയല്ല കാണേണ്ടത്, ഇത്തരത്തിലുള്ള എല്ലാ പഴുതുകളും നോക്കിനടക്കുന്നവരുമുണ്ട്. പഴുതുകളെല്ലാമടച്ച് നൂറുശതമാനവും കുറ്റമറ്റ രീതിയിലുള്ള ഒരു പഞ്ചായത്ത് രാജ് ബിൽ വരട്ടെയെന്ന നിലയ്ക്കുള്ള നിർദ്ദേശമായാണ് ഞാൻ ഇക്കാര്യം മുന്നോട്ടുവയ്ക്കുന്നത്. അതിനെ അതിന്റേതായ നല്ല അർത്ഥത്തിലെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുപോലെതന്നെ രണ്ട് ലക്ഷം, നാല് ലക്ഷം, ആറ് ലക്ഷം രൂപ എന്നിങ്ങനെ പിഴയൊടുക്കുന്ന എല്ലാവർക്കും 3229 സ്ക്വയർ ഫീറ്റ് വരെയുള്ള കെട്ടിടം ചട്ടങ്ങൾ പാലിക്കാതെ നിർമ്മിക്കാൻ കഴിയും. പ്രസ്തുത വ്യവസ്ഥ നിയമത്തിന്റെതന്നെ ഉദ്ദേശ്യശുദ്ധിയെ

ചോദ്യംചെയ്യുന്നതായി മാറും. അതുകൊണ്ട് ഈ നടപടിക്രമങ്ങളിൽ ഏതെങ്കിലും രീതിയിലുള്ള അവിഹിതമായ ഇടപെടലുണ്ടാകാതിരിക്കാനായി ഇതുസംബന്ധിച്ച പ്രവർത്തനങ്ങൾ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറ്റുകയും പ്ലാൻ അപ്‌ലോഡ് ചെയ്യുന്നതിന് അപേക്ഷകനുതന്നെ സാധിക്കുന്ന തരത്തിലാക്കുകയും ലഭ്യമാകുന്ന അപേക്ഷയിൽ പെട്ടെന്നുതന്നെ തീർപ്പുകൽപ്പിച്ചുകൊടുക്കുകയും ബന്ധപ്പെട്ട എല്ലാവരും കണ്ടുകൊണ്ടുതന്നെ പ്ലാൻ പാസ്സാക്കാൻ കഴിയുന്ന അവസ്ഥാവിശേഷമുണ്ടാക്കുകയും വേണം. കുറേക്കാലം കഴിഞ്ഞ് പരിശോധിക്കുമ്പോൾ സമർപ്പിക്കപ്പെട്ട സാക്ഷ്യപത്രം ശരിയല്ലെന്നും അത് ഇപ്പോഴാണ് മനസ്സിലാകുന്നതെന്നും അതുകൊണ്ട് നിങ്ങൾ ഒരു കാരണം കാണിക്കൽ നോട്ടീസിന് വിധേയമാകണമെന്നും പ്രസ്തുത കാര്യത്തിന്റെ കാരണം കാണിക്കണമെന്നും തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ 2 ലക്ഷം/ 4 ലക്ഷം/6 ലക്ഷം രൂപ പിഴയടച്ച് അതിനെ ക്രമീകരിച്ചോളുവെന്നും പറയുന്നത് കേരളത്തിൽ എത്രമാത്രം ഗുണകരമാകുമെന്നത് പരിശോധിക്കേണ്ടതാണ്. മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാനുള്ളത് മിഷനുകളെക്കുറിച്ചാണ്. പഞ്ചായത്ത് നിയമത്തിൽ ഭേദഗതി കൊണ്ടുവന്നാലും ഇല്ലെങ്കിലും ഏതുകാര്യവും നടപ്പിലാക്കാൻ പറ്റുന്നരീതിയിൽ കാര്യങ്ങൾ മാറിയിരിക്കുകയാണ്. ഇപ്പോൾ കാര്യങ്ങൾ തീരുമാനിക്കുന്നത് മിഷനുകളാണ്. ഒരു പഞ്ചായത്തിന്റെ വികസനം ആ പഞ്ചായത്തിന് ഇനി തീരുമാനിക്കാൻ പറ്റുമോ? ആ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനോ പഞ്ചായത്തിന്റെ ഉത്പാദന മേഖലയിലോ സാമൂഹ്യസുരക്ഷാ മേഖലയിലോ ആവശ്യമായ പണം അവർക്ക് വകകൊള്ളിക്കാൻ ഇനിമുതൽ സാധിക്കുമോ; ഇത്രയിത്ര ശതമാനം പണം മാറ്റിവയ്ക്കണമെന്ന ഘടനയെല്ലാം പോയില്ലേ? സംസ്ഥാനത്തിപ്പോൾ നാല് മിഷനുകളുണ്ട്. ഇതിൽ ഹരിത കേരളം മിഷൻ, ലൈഫ് മിഷൻ, വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മിഷൻ എന്നിവ ഇപ്പോൾ പഞ്ചായത്തിൽ എന്ത് തീരുമാനിക്കണമെന്നതിന്റെ മിനിട്സ് അയച്ചുകൊടുക്കുകയാണ്. മുൻകൂട്ടി തയ്യാറാക്കി ഒരു മിഷൻ അയച്ചുകൊടുത്തിട്ടുള്ള ഒരു മിനിട്സാണിത് (മിനിട്സിന്റെ കോപ്പി ഉയർത്തിക്കാണിച്ചു). നിങ്ങൾ കൗൺസിൽ ചേരണമെന്നും പ്രസ്തുത മിനിട്സ് പാസ്സാക്കിത്തരണമെന്നും മിഷൻ പഞ്ചായത്തിനോട് കൽപ്പിക്കുകയാണ്. പിന്നെ പഞ്ചായത്ത് പ്രസിഡന്റിന്റെ ജോലിയെന്താണ്; മിഷനുകൾ പറയുന്നതിനനുസരിച്ച് യോഗം ചേരുക, മിഷൻ അയച്ചുകൊടുത്തിട്ടുള്ള മിനിട്സ് പാസ്സാക്കിക്കൊടുക്കുക എന്നതാണോ; ഇങ്ങനെയൊരു അവസ്ഥയിലേയ്ക്ക് ഒരു പഞ്ചായത്തിനെ എത്തിക്കാൻ പാടുണ്ടോ? അധികാര വികേന്ദ്രീകരണമാണ് ഏറ്റവും ഗുണകരമെന്ന് നമ്മൾ പറഞ്ഞുകൊണ്ട് നടക്കുന്നതും ജനകീയാസൂത്രണമെന്ന് പറഞ്ഞ് നിങ്ങൾ അഭിമാനംകൊള്ളുന്നതുമായ പഞ്ചായത്തുകൾ നോക്കുകുത്തികളായി മാറി. അവരെക്കൊണ്ട് പല ജോലികളും

ചെയ്യിക്കുകയാണ്. ഒന്നാമതായി പഞ്ചായത്തുകളിൽ ആവശ്യത്തിന് ജീവനക്കാരില്ല. ഞങ്ങളുടെ ഭരണകാലത്ത് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി, ക്ലറിക്കൽ തസ്തികകളുണ്ടാക്കി. എന്നാൽ കുറച്ച് പഞ്ചായത്തുകളിൽ അന്ന് അസിസ്റ്റന്റ് സെക്രട്ടറിമാരുണ്ടായിരുന്നില്ല. ഇത്രകാലമായിട്ടും ഒഴിവുകളുള്ള പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയമിച്ചോ; പഞ്ചായത്തുകളിലെവിടെയെങ്കിലും പുതിയ പോസ്റ്റ് ക്രിയേഷൻ നടന്നോ? സ്റ്റാഫ് പാറ്റേൺ മാറ്റുന്നതിനായി ഞങ്ങളുടെ കാലത്ത് ഒരു കമ്മിഷൻ രൂപീകരിക്കുകയും അവർ സമർപ്പിച്ച റിപ്പോർട്ടിൽ നാലായിരം പേർക്ക് ജോലി നൽകണമെന്നുണ്ടായിരുന്നതിനാൽ അതിനനുസരിച്ച് ആദ്യഘട്ടമെന്ന നിലയിൽ 1860-ഓളം പേർക്ക് ജോലി നൽകുകയും ചെയ്തു. അതുകൊണ്ടുമാത്രമാണ് ഇപ്പോഴും പഞ്ചായത്തുകളിൽ ജോലി നടക്കുന്ന സാഹചര്യമുണ്ടായത്. നിങ്ങൾ ഏൽപ്പിക്കുന്ന പല ജോലികളും ചെയ്യുന്നത് അസിസ്റ്റന്റ് സെക്രട്ടറിമാരാണ്. ആ പോസ്റ്റുണ്ടായത് ഞങ്ങളുടെ സമയത്താണ്. അതിനുശേഷം ഇന്നുവരെ ഒന്നുമുണ്ടായില്ല. "അജൈവ മാലിന്യം കൈമാറുന്നതിനായി ക്ലീൻ കേരള കമ്പനിയുമായോ, ക്ലീൻ കേരള കമ്പനി നൽകുന്ന തുകയേക്കാൾ അധികം തുക നൽകാൻ തയ്യാറുള്ള സ്വകാര്യ സ്ഥാപനങ്ങളുണ്ടെങ്കിൽ ആ സ്ഥാപനങ്ങളുമായോ കരാറിലേർപ്പെടുന്നതിനും മത്സരാധിഷ്ഠിത ടെണ്ടർ നടപടികളിലൂടെ മാത്രം അപ്രകാരമുള്ള സ്വകാര്യ സ്ഥാപനങ്ങളുമായി കരാറിലേർപ്പെടുന്നതിനും പ്രസ്തുത കരാർപ്രകാരം ക്ലീൻ കേരള കമ്പനിക്കോ സ്വകാര്യ സ്ഥാപനങ്ങൾക്കോ കൈമാറുന്ന മാലിന്യത്തിന്റെ അളവ് വേസ്റ്റ് ക്വാണ്ടിഫിക്കേഷൻ രജിസ്റ്ററിൽ എല്ലാമാസവും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും തീരുമാനിച്ചു " എന്നാണ് ഈ മിനിട്സിൽ പറയുന്നത്. ഇത് ആരയച്ചതാണെന്നറിയാമോ? ഒരു മിഷൻ അയച്ചതാണ്; പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുംമുമ്പ്, കൗൺസിൽ കൂടുന്നതിനുമുമ്പ് തീരുമാനിച്ചുവെന്ന് പറയുന്ന ഈ മിനിട്സ് ഭരണസമിതിയിൽ വച്ച് പാസ്സാക്കി ഞങ്ങൾക്ക് അയച്ചുതരണമെന്ന തീട്ടൂരം കൊടുക്കുന്ന ഈ രാജ്യത്തെ മിഷനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൊല്ലാക്കൊലയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ലൈഫ് മിഷനുണ്ടാക്കി, ഭവനങ്ങളുണ്ടാക്കേണ്ടത് പഞ്ചായത്തുകളുടെ ജോലിയല്ലേ? ഞങ്ങളുടെ കാലഘട്ടത്തിൽ എല്ലാ പഞ്ചായത്തുകൾക്കും അവരുടേതായ ഭവന പദ്ധതികളുണ്ടാക്കാനുള്ള അനുവാദം കൊടുത്തു. അവർ ഏത് പേരും നൽകട്ടെ; അത് ആര് ഭരിക്കുന്നതായാലും അവർക്ക് ഇഷ്ടമുള്ള പേര് നൽകിക്കൊണ്ട് ഭവന പദ്ധതിയുണ്ടാക്കുന്നതിന് ലോണെടുക്കാനുള്ള അനുമതി കൊടുക്കുമായിരുന്നു. അതിന്റെ interest part ഗവൺമെന്റ് വഹിക്കാമെന്നുള്ള രീതിയിൽ അന്ന് എത്രയെത്ര വീടുകൾ എല്ലാ പഞ്ചായത്തുകളിലുമുണ്ടായി. ഇന്ന് ലൈഫ് പദ്ധതി എന്ന മിഷൻ പറയുന്നതനുസരിച്ചല്ലാതെ പഞ്ചായത്തുകൾക്ക് സ്വന്തമായൊരു ഭവന

പദ്ധതിയുണ്ടാക്കാൻ കഴിയുന്നില്ല. ഇനി എന്താണ് പഞ്ചായത്തുകൾക്കുള്ള ജോലി? അധികാരവികേന്ദ്രീകരണം എന്ന് പറയുകയും അധികാരത്തെ വീണ്ടും കേന്ദ്രീകരിക്കുകയും ചെയ്യുന്ന സാഹചര്യമാണുള്ളത്. കൂടുതൽ കേന്ദ്രീകരണമുണ്ടാക്കുന്നതിനുവേണ്ടി സഹായിക്കുന്ന പല തീരുമാനങ്ങളുമായി വന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന് എത്ര സമയം കിട്ടിയിട്ടും പുതിയ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, വാർഡ് വിഭജനം എന്നിവ ചെയ്യാൻ സാധിച്ചില്ല. അവസാനം കോവിഡിന്റെ പേരുപറഞ്ഞ് ഓരോ വാർഡ് ഓരോ പഞ്ചായത്തിൽ കൂട്ടുകയെന്ന തീരുമാനമെടുത്തു. നാലുവർഷം കിട്ടിയില്ലേ? ഞങ്ങളുടെ സമയത്ത് ഞങ്ങൾ ശ്രമിച്ചു. ഗ്രാമ സ്വഭാവമുള്ള പഞ്ചായത്തുകൾ മാറ്റി പുതിയ മുനിസിപ്പാലിറ്റികളുണ്ടാക്കി, പുതിയ നഗരസഭയുണ്ടാക്കി. പഞ്ചായത്തുകളുണ്ടാക്കുന്നതിനുവേണ്ടി ഞങ്ങൾ എല്ലാ രേഖകളും തയ്യാറാക്കി കഴിഞ്ഞതാണ്. പക്ഷേ കോടതിയിൽ ചോദ്യം ചെയ്തതിന്റെ പേരിൽ മാത്രം നടപ്പിലാക്കാതെ പോയതാണ്. പക്ഷേ നിങ്ങൾക്ക് നാലുവർഷമുണ്ടായിട്ടും ചെയ്തില്ലല്ലോ; വിഭജിക്കപ്പെടേണ്ട എത്ര വലിയ പഞ്ചായത്തുകൾ നമ്മുടെ നാട്ടിലുണ്ട്? പുതിയ സെൻസസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാർഡുകൾ വിഭജിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് മാത്രമല്ല, അതിൽ രാഷ്ട്രീയ ഇടപെടലുകൾ വരുമ്പോൾ കൂടുതൽ സങ്കീർണ്ണമാകുമെന്ന കാര്യംകൂടി മുന്നറിയിപ്പായി നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ഈ തീരുമാനങ്ങൾക്ക് മാറ്റം വരുത്തേണ്ടതാണ്. തനത് ഫണ്ട് ഒരു കാരണവശാലും ട്രഷറിയിലേയ്ക്ക് മാറ്റാനുള്ള നീക്കംനടത്തരുതെന്ന് അങ്ങുതന്നെ ധനകാര്യ വകുപ്പുമന്ത്രിയോട് പറയണം. അവിടെ ശമ്പളം കൊടുക്കുന്നതിനും പെട്ടെന്നുള്ള ആവശ്യത്തിന് ഇംപ്രസ്ഡ് മണിയായെങ്കിലും അവർക്ക് ഉപയോഗിക്കാൻ സാധിക്കുന്നരീതിയിൽ അതിനെ മാറ്റണമെന്നുള്ള അഭ്യർത്ഥന ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ പുനർവിചിന്തനത്തിന് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ബിൽ ഒരുകാരണവശാലും പാസ്സായി പോകാൻ പാടില്ല. അതുകൊണ്ട് ഇത് നിരാകരിക്കണമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ 2, 6, 70, 74, 74 എ, 235 എഫ്, 235 എച്ച്, 235 ഐ, 235 ജെ, 235 കെ, 235 ഇസഡ് എന്നീ വകുപ്പുകളുടെ ഭേദഗതിയാണ് ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇന്നത്തെ ചർച്ചയും ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ബില്ലുകളുടെ അവതരണരീതിയും ചട്ടങ്ങളുടെ ലംഘനമാണെന്നുള്ള ആശങ്ക പ്രതിപക്ഷബെഞ്ചുകളിൽനിന്ന് നേരത്തെതന്നെ പ്രകടിപ്പിച്ചിരുന്നു, അത് ഞാൻ വീണ്ടും ആവർത്തിക്കുകയാണ്.

ഈ ഭേദഗതികൾ നേരത്തെ ഓർഡിനൻസായി വരുന്നഘട്ടത്തിൽ 'മുഖ്യമന്ത്രി ചട്ടം ലംഘിച്ച്', 'പോര് മുറുക്കി ഗവർണർ', 'വാർഡ് വിഭജന ഓർഡിനൻസിന് മറ്റ് ലക്ഷ്യം', 'വ്യക്തമായ ചട്ട ലംഘനം' എന്ന് സംസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭരണാധികാരിയായ ഗവർണർ ഇതുസംബന്ധിച്ച് പറഞ്ഞ അഭിപ്രായപ്രകടനം ഇന്ന് എവിടെയെത്തി നിൽക്കുന്നു; ഇന്ന് ഗവർണറുടെ നിലപാടെന്താണെന്നൊന്നും നമുക്കറിയില്ല. രണ്ടുഘട്ടത്തിലെ ഓർഡിനൻസ് മാറ്റി നിയമമാക്കുന്ന നടപടിയിലേയ്ക്കാണ് ഇന്ന് വന്നിരിക്കുന്നത്. ഇതിൽ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ അടങ്ങിയിരിക്കുകയാണ്. ഏറ്റവും സുപ്രധാനമായ കാര്യം അധികാരം ജനങ്ങൾക്ക് നൽകിയെന്ന് ഏറ്റവും കൂടുതൽ പുരപ്പുറത്തുകയറിനിന്ന് കൊട്ടിഘോഷിക്കുന്ന ഒരു ഗവൺമെന്റാണ് ഇടതുപക്ഷ ഗവൺമെന്റ്. എന്നാൽ അതിന് വിരുദ്ധമായി ഗവൺമെന്റ് ഓരോ അധികാരങ്ങളും കവർന്നെടുക്കുന്നതിന്റെ സൂചന കൂടിയാണിത്. ഡോ. എം. കെ. മുനീർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വെട്ടിക്കുറച്ചുവെന്ന് സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ അതിരൂക്ഷമായ വിമർശനം ഗവൺമെന്റിനെതിരെ വന്നിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ധനസഹായം 2018-19-ൽ വെട്ടിക്കുറച്ചതായി സി. ആൻഡ് എ.ജി.-യുടെ 2019 മാർച്ച് മാസത്തിൽ അവസാനിക്കുന്ന റിപ്പോർട്ടിൽ വ്യക്തമായി ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത് ഇപ്രകാരമാണ്. കേന്ദ്ര സർക്കാർ ധനസഹായത്തിന്റെ വിഹിതം 2016-17-ലെ 22 ശതമാനത്തിൽനിന്നും 2018-19-ൽ 25 ശതമാനമായി വർദ്ധിച്ചപ്പോഴാണ് സംസ്ഥാന വിഹിതത്തിൽ കുറവുണ്ടായത്, 2016-17 മുതൽ 2018-19 വരെയുള്ള മൂന്നുവർഷക്കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ വരുമാനത്തിലുണ്ടായ വർദ്ധനവ് 19 ശതമാനമായിരുന്നു, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആകെ വരുമാനത്തിൽ സംസ്ഥാന സർക്കാർ വിഹിതം 2017-18-ൽ 71 ശതമാനമായിരുന്നു, 2018-19-ൽ 68 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കുന്നതിനായി ഏകദേശം 3117.67 കോടി രൂപയാണ് 2017-18-ൽ അനുവദിച്ചതെങ്കിൽ 2018-19-ൽ 4240.86 കോടി രൂപയായാണ് വർദ്ധിച്ചത്. കേന്ദ്ര പദ്ധതികൾക്കായി വകയിരുത്തിയ മൊത്തം തുകയുടെ അടിസ്ഥാനത്തിൽ ഫണ്ട് വിനിയോഗം നടന്നത് 51 ശതമാനം മാത്രമായിരുന്നു. പദ്ധതികളുടെ നിർവ്വഹണത്തിലെ കുറവ് പ്രധാനമായും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുമാണ് ഉണ്ടായിരിക്കുന്നത് എന്നീ കാര്യങ്ങളും സി. ആൻഡ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. അതിനുപുറമെ ഈ പദ്ധതി തുക മാറ്റിക്കൊണ്ടുപോകാനുള്ള തീരുമാനം അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമായ നടപടിയാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ

ആഗ്രഹിക്കുകയാണ്. കാൽനൂറ്റാണ്ട് കാലത്തെ പഞ്ചായത്ത് രാജ് സിസ്റ്റത്തിന്റെ വളർച്ച പരിശോധിച്ചാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ഓരോ ഗ്രാമവും മുഴുവൻ അധികാരവുമുള്ള ഒരു റിപ്പബ്ലിക്കായിരിക്കണമെന്ന ഗാന്ധിയൻ സങ്കൽപ്പത്തിന് ചുവടുപിടിച്ചാണ് പഞ്ചായത്ത് രാജ്/നഗരപാലിക നിയമങ്ങൾക്ക് കാലാകാലങ്ങളിലുണ്ടായിരിക്കുന്ന മാറ്റമെന്ന് നമുക്കറിയാം. ഗാന്ധിജി പറഞ്ഞ പ്രധാനപ്പെട്ട കാര്യം ബലവാന് ലഭിക്കുന്ന സൗകര്യം ദുർബലന് ലഭിക്കണമെന്നാണ്. അതാണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിന്റെ അന്തഃസത്ത. ഇതിന്റെ പക്ഷംപിടിച്ചുകൊണ്ടാണ് 1951-ൽ എൻ.ഇ.എസ്. ബ്ലോക്കുകളും മറ്റും രൂപംകൊണ്ടത്. അതിനുപിന്നാലെ ഗ്രാമസ്വരാജിന്റെ വളർച്ചയുമായി ബന്ധപ്പെട്ട് ഒന്നുംരണ്ടും പഞ്ചവത്സര പദ്ധതികളിൽ നടന്ന വികസനപരമായ ഫണ്ട് വിനിയോഗമടക്കമുള്ള കാര്യങ്ങൾ ചർച്ചചെയ്ത് അതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ജവഹർലാൽ നെഹ്റുവിന്റെ കാലഘട്ടത്തിൽ രൂപീകരിച്ച ബൽവന്ത് റായ് മേത്ത അദ്ധ്യക്ഷനായ കമ്മീഷൻ 1959-ൽ സമർപ്പിച്ച പ്രസിദ്ധമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് പഞ്ചായത്തുകൾ രൂപംകൊണ്ടതെന്ന് നമുക്കറിയാം. അതിന്റെയടിസ്ഥാനത്തിൽ ആദ്യമായി പഞ്ചായത്ത് രൂപം കൊണ്ടത് രാജസ്ഥാനിലെ നാൻപൂർ ഗ്രാമത്തിലാണ്. അന്നത്തെ പ്രധാനമന്ത്രിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് അത് ഉദ്ഘാടനം ചെയ്തത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

അന്നതിൽ ചൂണ്ടിക്കാണിച്ച അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത, ഏകദേശം 1960-കളോടുകൂടി ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും പഞ്ചായത്ത് രാജ് സമ്പ്രദായം പരിപൂർണ്ണമായിട്ടല്ലെങ്കിലും പല രീതിയിൽ പഞ്ചായത്തുകൾ രൂപംകൊള്ളുകയുണ്ടായി. എന്നാൽ അതിന്റെ ധനാഗമ മാർഗ്ഗങ്ങളെ സംബന്ധിച്ചും കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായും ലൈൻ ഡിപ്പാർട്ടുമെന്റുകളുമായും ഉദ്യോഗസ്ഥരുടെ വിന്യാസവുമായും ബന്ധപ്പെട്ട കാര്യങ്ങളിലൊക്കെ ചില പോരായ്മകൾ നിലനിന്നിരുന്ന പശ്ചാത്തലത്തിലാണ് രാജീവ് ഗാന്ധി പ്രധാനമന്ത്രിയായപ്പോൾ പഞ്ചായത്ത് രാജ്/നഗരപാലികാ നിയമം കൊണ്ടുവന്നത്. അന്ന് 64, 65 ഭരണഘടനാ ഭേദഗതികളിലൂടെ അദ്ദേഹം മുന്നോട്ടുവച്ച കാഴ്ചപ്പാടനുസരിച്ച്, ഡൽഹിയിലും മറ്റ് സംസ്ഥാനങ്ങളിലും ജനാധിപത്യം ശക്തിപ്പെടണമെങ്കിൽ പഞ്ചായത്ത് തലങ്ങളിൽ ജനാധിപത്യം ശക്തിപ്പെടാനുള്ള നടപടികൾ എങ്ങനെയായിരിക്കണമെന്നത് സംബന്ധിച്ച് 1986-ൽ ഹൈദരാബാദിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിൽ താമസിച്ച് അവിടത്തെ ബന്ധപ്പെട്ട വിദഗ്ദ്ധരുമായി ആറ് ദിവസം തുടർച്ചയായി

ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ലിന്റെ ഒരു നക്കൽ രൂപംകൊണ്ടത്. അതിന്റെ അടിസ്ഥാനത്തിലാണ് സുപ്രധാനമായ 63, 64 ഭരണഘടനാ ഭേദഗതി അവതരിപ്പിച്ചത്. അന്ന് നാല് വോട്ടിന് പരാജയപ്പെട്ടു. അന്ന് നിങ്ങളുടെ എം.പി.-മാർ പിന്തുണച്ചിരുന്നെങ്കിൽ ആ നിയമം പാസ്സാകുമായിരുന്നു എന്നതാണ് ഇന്ന് ഈ നിയമത്തെപ്പറ്റി വളരെ അഭിമാനംകൊള്ളുന്ന ഇടതുപക്ഷ മുന്നണിയുടെ സഹപ്രവർത്തകർ ആലോചിക്കേണ്ടത്. നാല് വോട്ടിനാണ് അന്ന് പരാജയപ്പെട്ടത്. എന്താണുണ്ടായതെന്നുപറഞ്ഞ് കുത്തിനോവിക്കാനൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല. ജനകീയാസൂത്രണം ആഘോഷിക്കുമ്പോൾ രാജീവ് ഗാന്ധി കൊണ്ടുവന്ന സുപ്രധാന നിയമത്തെ പരാജയപ്പെടുത്തിയതിന്റെ പിതൃത്വവും നിങ്ങളോടൊപ്പമുണ്ടെന്ന കാര്യം വിസ്മരിക്കാൻ പാടില്ല. 1991-ൽ രാജീവ് ഗാന്ധിയുടെ ദാരുണമായ അന്ത്യത്തിനുശേഷം, പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായിരിക്കുമ്പോൾ 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ ഈ രംഗത്ത് ശക്തമായ നിലപാട് സ്വീകരിച്ചു. അതിലാണ് 33 ശതമാനം വനിതാ സംവരണം, വനിതകൾക്ക് പ്രസിഡന്റ് സ്ഥാനമടക്കമുള്ള സുപ്രധാനവും വിപ്ലവകരവുമായ നിയമം കൊണ്ടുവന്നത്. എല്ലാവർക്കും അറിവുള്ളതാണിത്. ഇതിനെത്തുടർന്ന് പിന്നീട് ഡോ. മൻമോഹൻ സിംഗിന്റെ കാലത്താണ് ആ നിയമം കൊണ്ടുവന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഇന്ത്യയിൽ ഏതെങ്കിലും സംസ്ഥാനത്ത് സ്ത്രീകൾക്ക് അമ്പത് ശതമാനം സംവരണം ഈ പഞ്ചായത്ത് രാജ് ആക്ട് പ്രകാരമുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ആ നിയമം സഭയിൽ ചർച്ച ചെയ്യുന്ന ഘട്ടത്തിൽ എം.എൽ.എ. ആയിരിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചുവെന്നത് വളരെ അഭിമാനത്തോടെ ഞാൻ പറയുന്നു. ശ്രീ. സി. ടി. അഹമ്മദ് അലി മന്ത്രിയായിരുന്നപ്പോഴാണ് കേരളത്തിൽ ആ നിയമം പൈലറ്റ് ചെയ്തത്. ഒരു പകലും രാത്രിയും മുഴുവനുമെടുത്ത് വെളുപ്പിന് 5.30-നാണ് ആ നിയമം പാസ്സാകുന്നത്. വലിയ ചർച്ചകൾ നടന്നതിനെത്തുടർന്നാണ് കേരളത്തിൽ ഈ നിയമം പാസ്സാക്കുന്നത്. അന്ന് യശഃശരീരനായ കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ജില്ലാ കൗൺസിലുകൾ പിരിച്ചുവിടുകയും അതിനെത്തുടർന്നുള്ള നടപടിക്രമങ്ങൾ വരികയും ചെയ്തു. ശ്രീ. എ. കെ. ആന്റണി നവംബർ മാസം ഒന്നാം തീയതി അധികാരം കൈമാറിക്കൊടുത്തു. 220 കോടി രൂപ ബഡ്ജറ്റ് അവതരണത്തിന് മുമ്പുതന്നെ അനുവദിച്ചുകൊടുത്തു. ഇരുപത്തിയൊൻപത് ഡിപ്പാർട്ടുമെന്റുകൾ ത്രിതല പഞ്ചായത്തിന്റെ കീഴിലേയ്ക്ക് വിന്യസിച്ചുകൊടുത്തു. ഇക്കാര്യങ്ങളൊന്നും വിസ്മരിക്കാൻ പാടില്ല.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, നിയമം നടപ്പാക്കിയ ചരിത്രമൊക്കെ നമുക്കറിയാം. സംസ്ഥാനങ്ങളുടെ വിവേചനാധികാരം ഇതിൽ ഉൾപ്പെടുത്തിയിരുന്നു. അധികാരവും സമ്പത്തും താഴോട്ട് കൈമാറുക എന്നുള്ളത് ആ നിയമത്തിന്റെ പ്രധാന കാതലായിരുന്നു. അത് ഇന്ത്യയിൽ ഏറ്റവും ആത്മാർത്ഥതയോടെ നടപ്പാക്കിയത് കേരളമാണ്. അധികാരക്കൈമാറ്റവും അങ്ങനെ അധികാരം കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ഈ സമിതികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാനാവശ്യമായ ഫണ്ടും നൽകിയത് കേരളത്തിലെ എൽ.ഡി.എഫ്. സർക്കാരാണ്. സ്ത്രീ സംവരണത്തെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. 33 ശതമാനം സംവരണം ആ നിയമത്തിന്റെ ഭാഗമായിട്ടുള്ളതാണ്. എൽ.ഡി.എഫ്. സർക്കാരാണ് സ്ത്രീകൾക്കായി അമ്പത് ശതമാനം സംവരണം കേരളത്തിൽ കൊണ്ടുവന്നത്. അത് അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, നിങ്ങൾ അങ്ങനെ പല കാര്യങ്ങളും അവകാശപ്പെടുന്നുണ്ട്. അതിന്റെ കാര്യമാണ് ഞാൻ വളരെ കൃത്യമായി പറഞ്ഞത്. ആ കാര്യങ്ങളിലൊന്നും വള്ളിപുള്ളി വ്യത്യാസമില്ല. കെ. കരുണാകരന്റെ കാലത്ത് 1994 ഫെബ്രുവരി 23-നാണ് ആ നിയമം പാസ്സാകുന്നത്. അതിനെത്തുടർന്ന് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നു. ശ്രീ. എ. കെ. ആന്റണി ഇരുപത്തിയൊൻപത് വകുപ്പുകളുടെ അധികാരം പഞ്ചായത്തുകൾക്ക് കൈമാറി. ഇത് നിഷേധിക്കാൻ പറ്റുമോ? അധികാരം കൈമാറിയെന്നുമാത്രമല്ല, 220 കോടി രൂപ അദ്ദേഹം ബഡ്ജറ്റിനുമുമ്പ് ഇടക്കാല ഗ്രാന്റായി നൽകുകയും ചെയ്തു. ഈ വിപ്ലവകരമായ കാര്യങ്ങളൊക്കെ ഇവിടെ നടന്നു. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വർഷം എന്ന് നിങ്ങൾ പറയുകയാണ്. കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഇരുപത്തിയേഴാം വർഷമാണ് നിങ്ങൾക്ക് ആത്മാർത്ഥതയുണ്ടെങ്കിൽ ആഘോഷിക്കേണ്ടത്. സത്യസന്ധമായി അത്തരം കാര്യങ്ങൾ പറയണം. നിങ്ങൾക്ക് പണ്ടുതൊട്ട് വലിയൊരു കുഴപ്പമുണ്ട്. ആരെങ്കിലും ചെയ്യുന്ന നല്ല കാര്യങ്ങൾ നിങ്ങൾ ഏറ്റെടുക്കും. ഞാൻ ഈ സഭയിൽത്തന്നെ പണ്ട് പറഞ്ഞിട്ടുള്ളതാണ്. ഞങ്ങൾ ഏതെങ്കിലും സ്ഥലത്തുകൂടി നടന്നുപോകുമ്പോൾ നിങ്ങളുടെ സഖാക്കൾ ഞങ്ങളെ നോക്കി വിളിക്കുകയാണ്, "സി.പി.-യെ വെട്ടിയ നാടാണേ, ഓർത്തുഭരിച്ചോ സൂക്ഷിച്ചോ." സി.പി.-യെ വെട്ടാൻ വാളും കത്തിയും വാങ്ങിക്കൊടുത്തത് കെ.പി.സി.സി. പ്രസിഡന്റ് കുമ്പളത്ത് ശങ്കുപ്പിള്ളയായിരുന്നു എന്ന് ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിട്ട് ഞങ്ങളെ പേടിപ്പിക്കുകയാണ്.

<u>ശ്രീ. എ. പ്രഭാകരൻ</u>: സർ, ....(മൈക്ക് ഓഫ്).... പത്രസമ്മേളനത്തിൽ ജില്ലാ കൗൺസിലിന്റെ കാര്യങ്ങൾ എന്താണെന്ന് ചോദിച്ചപ്പോൾ ഏത് ജില്ലാ കൗൺസിൽ എന്ന് പറഞ്ഞത് താങ്കൾക്ക് ഓർമ്മയുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, നിങ്ങൾക്കങ്ങനെ പറയാം. കെ. കരുണാകരനെപ്പോലെ ഇത്രയും ദീർഘവീക്ഷണത്തോടെ കാര്യങ്ങളൊക്കെ നടത്തിയ ഒരു നേതാവിനെ ഏതെങ്കിലും ഒരു പ്രസ്താവനയുടെ അറ്റം പിടിച്ചൊന്നും വിലയിരുത്തരുത്. ഞാൻ വിഷയത്തിലേയ്ക്ക് വരികയാണ്. നിങ്ങളിന്ന് ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്നു. ഭരണഘടനയുടെ 175-ാം വകുപ്പുപ്രകാരം നിങ്ങൾ ഒരു ചർച്ചയൊക്കെ നടത്തി എന്നതൊക്കെ ശരിയാണ്. നിങ്ങൾ ചെയ്ത കാര്യങ്ങളെയൊന്നും ഞാൻ നിഷേധിക്കുന്നില്ല. എന്തിനാണ് നിങ്ങൾ ആ ചർച്ച നടത്തിയത്? സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ നിങ്ങളുടെ സ്വന്തമാക്കാൻവേണ്ടി പാലൊളി മുഹമ്മദ്കുട്ടി കമ്മിറ്റി എന്ന് പേരിട്ടതുപോലെ രാജീവ് ഗാന്ധി കൊണ്ടുവന്ന്, പി. വി. നരസിംഹറാവുവും കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയും നടപ്പാക്കിയ പഞ്ചായത്ത് രാജ് നിയമം ചരിത്രത്തിൽ നിങ്ങൾക്ക് അവകാശമുണ്ടാക്കാൻവേണ്ടി കൊണ്ടുവന്ന ജനകീയാസൂത്രണമാണ്. അങ്ങനെ ഒരു പേരിട്ടെന്നേയുള്ളൂ, ഒരു മാറ്റവുമില്ല. ചരിത്രത്തിലാദ്യമായി 220 കോടി രൂപ കൈമാറിക്കൊടുത്ത ശ്രീ. എ. കെ. ആന്റണിയെപ്പറ്റിയോ യു.ഡി.എഫ്.-നെപ്പറ്റിയോ ഇരുപത്തിയൊൻപതോളം ഡിപ്പാർട്ടുമെന്റുകളുടെ അധികാരങ്ങൾ വിട്ടുകൊടുത്തതിനെപ്പറ്റിയോ ഒരു വാക്ക് പറയാതെ, വിദഗ്ദ്ധരെയൊക്കെ കൂട്ടി നിങ്ങളിങ്ങനെ ചർച്ച നടത്തി ഇരുപത്തിയഞ്ചാം വർഷം എന്നൊക്കെ പറഞ്ഞ് ആഘോഷിക്കുമ്പോൾ, നൂറ് ശതമാനം സാക്ഷരതയുള്ള ഒരു സംസ്ഥാനത്താണ് നിങ്ങളിത് പറയുന്നത് എന്നുകൂടി ഓർക്കണം. നിങ്ങൾക്ക് അധികാരമുണ്ടെന്നോർത്ത് എന്തുമാകാമെന്ന് പറയരുത്. നിങ്ങൾ ചെയ്ത കാര്യങ്ങളൊന്നും മോശമാണെന്ന് ഞങ്ങൾ പറയുന്നില്ല. വേറൊരു കാര്യംകൂടി പറയാം. ഇന്ന് അധികാര വികേന്ദ്രീകരണം എവിടെയാണ് എത്തിനിൽക്കുന്നതെന്നറിയാമോ? എറണാകുളം ജില്ലയിലെ ഒരു പഞ്ചായത്തിൽ പഞ്ചായത്ത് പ്രസിഡന്റിന് 25,000 രൂപയും വൈസ് പ്രസിഡന്റിന് 20,000 രൂപയും പഞ്ചായത്ത് മെമ്പർമാർക്ക് പതിനയ്യായിരം രൂപയും മാസ ശമ്പളം ബാങ്കിലിട്ട് കൊടുക്കുന്നു. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, അങ്ങ് നല്ലൊരു മന്ത്രിയും മനുഷ്യനുമാണെന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമൊന്നുമില്ല. ഞാൻ ചോദിക്കട്ടെ, ഈ കാര്യം ഇവിടെ ഭരണപക്ഷത്തിരിക്കുന്ന എന്റെ ബഹുമാനപ്പെട്ട സ്നേഹിതനടക്കം ഉന്നയിച്ചല്ലോ. നിങ്ങൾ എന്ത് നടപടിയെടുത്തു? അങ്ങനെയാണെങ്കിൽ നാളെ അദാനിയും അംബാനിയുമൊക്കെ വന്ന് കേരളത്തിലെ പഞ്ചായത്ത് മെമ്പർമാർക്കൊക്കെ ഒരു ലക്ഷം രൂപയും രണ്ട് ലക്ഷം രൂപയുമൊക്കെ കൊടുത്താൽ നിങ്ങൾ കയ്യടിച്ചുകൊണ്ടിരിക്കുമോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ പറഞ്ഞ പഞ്ചായത്തിൽ അതുമാത്രമല്ല നടക്കുന്നത്. അവരുടെ സി.എസ്.ആർ. ഫണ്ട് മുഴുവനുമെടുത്ത് ഒരു കമ്പനിക്കുവേണ്ടി മാത്രം ഒരു ട്രസ്റ്റ് രൂപീകരിച്ച് ആ ട്രസ്റ്റിലേയ്ക്ക് പണം മാറ്റി, ആ പണം ഒരു രാഷ്ട്രീയ പാർട്ടിയിൽ അംഗത്വമെടുക്കുന്നവർക്ക് മാത്രം സബ്സിഡി കൊടുക്കുന്ന രീതിയിലുള്ള ഒരു പദ്ധതികൂടി അവിടെ കൊണ്ടുവന്നു. ഇതൊക്കെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതുകൂടാതെ ഒരു പഞ്ചായത്തിൽ തങ്ങളുടെ പാർട്ടി വളർത്താൻവേണ്ടി, പത്ത് വാർഡിന് അഞ്ചുപേർ എന്ന കണക്കിൽ, എം.എസ്.ഡബ്ല്യു. പഠിച്ച അഞ്ചുപേരെ 50,000 രൂപ ശമ്പളവും ഭക്ഷണം, താമസസൗകര്യം, വാഹനം എന്നിവയും നൽകി, അവരുടെ കീഴിൽ 20,000 രൂപ ശമ്പളത്തിന് ഇരുപതുപേരെ അധികമായി നിയോഗിച്ച് പാർട്ടി വളർത്തുന്ന രീതിയിലേയ്ക്കുള്ള ജനകീയാസൂത്രണ പദ്ധതിയും ഒരു പഞ്ചായത്തിൽ ആ പാർട്ടി ചെയ്യുന്ന വർക്കുകൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ പദ്ധതിയായാലും പണമായാലും അവരുടെ പേരുവച്ചുകൊണ്ട് work in progress എന്ന രീതിയിൽ പോകുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2.00 p.m.]

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാന്യനായ യുവ എം.എൽ.എ. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ കേരളത്തിലെ ഏറ്റവും ചെറുപ്പക്കാരനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം നല്ല അനുഭവസമ്പത്തും കാര്യവിവരവുമുള്ള ഒരു ജില്ലാ പഞ്ചായത്ത് പ്രസിഡന്റായിരുന്നു. അതിനാൽ അദ്ദേഹം ഇക്കാര്യത്തിൽ നടത്തിയിട്ടുള്ള പഠനം ശരിയാകാൻതന്നെയാണ് സാധ്യത. പക്ഷെ ഈ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട്, ഇതിന്റെ ചർച്ച നടന്നുകൊണ്ടിരിക്കുമ്പോൾ എനിക്ക് പറയാനുള്ള പ്രധാനപ്പെട്ട കാര്യം, തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും മെമ്പർമാർക്കും ശമ്പളം നൽകുന്ന ഒരു സംസ്ഥാനത്താണ് നിങ്ങൾ ജനകീയാസൂത്രണത്തിന്റെ 25-ാം വാർഷികം ചെണ്ടയും മേളവുമായി ആഘോഷിക്കുന്നതെന്നുള്ള കാര്യത്തിൽ നിങ്ങൾ ലജ്ജിക്കണം. നിങ്ങൾ നടപടിയെടുക്കാൻ തയ്യാറാണോ? ഇത് ഞങ്ങളും നിങ്ങളുമായുള്ള പ്രശ്നമായിട്ടല്ല പറയുന്നത്. വളരെ ഗുരുതരമായ ഒരു അപകടമാണിത്. വിഴിഞ്ഞം തുറമുഖം വാങ്ങാൻ വന്ന അദാനി ഭാവിയിൽ കേരളത്തിലെ 140 മണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ നിർത്തി പത്ത് കോടി രൂപവീതം നൽകി പത്ത്-അൻപത് സീറ്റ് പിടിച്ചെടുത്ത് സംസ്ഥാനത്തിന്റെ ഭരണം കൊണ്ടുപോകുന്ന സാഹചര്യമുണ്ടായാൽ എന്താകുമെന്ന് നിങ്ങൾ ആലോചിക്കണം. അതിനെയാണ്

എതിർത്തത്, അല്ലാതെ ഏതെങ്കിലുമൊരു വ്യക്തമായ കാര്യത്തെയല്ല. ആ എതിർപ്പിന് ഒരു ആർജ്ജവമുണ്ട്. പഞ്ചായത്ത് രാജ് സിസ്റ്റത്തിൽ ജനകീയാസൂത്രണത്തിന്റെ ആഘോഷം നടത്തുന്നവേളയിൽ ഇക്കാര്യത്തിൽ ഞങ്ങളൊരു അന്വേഷണം നടത്തുമെന്ന് പറയാനെങ്കിലും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ? 'ജനകീയാസൂത്രണം, ജനകീയാസൂത്രണം' എന്നുപറഞ്ഞ് ഞങ്ങൾ നടപ്പാക്കിയ കാര്യങ്ങൾ നിങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. ഉത്തരം താങ്ങുന്നത് പല്ലിയാണെന്നുള്ള മട്ടിൽ വർത്തമാനം പറയരുത്. ജനകീയാസൂത്രണം എന്നുപറഞ്ഞ് നിങ്ങൾ സച്ചാർ കമ്മിറ്റിയെ dilute ചെയ്യാൻ പാലൊളി മുഹമ്മദ് കമ്മിറ്റിയെ കൊണ്ടുവന്നതുപോലെ ഇന്നിപ്പോൾ 'കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ' എന്നൊരു പുതിയ ബിൽ കൊണ്ടുവന്നിട്ടുണ്ട്; ക്ഷേമനിധി ഏർപ്പെടുത്തുന്നതിനൊന്നും ഞാൻ എതിരല്ല. ഈ വിഷയത്തിലല്ലെങ്കിൽപ്പോലും, 'മഹാത്മാഗാന്ധി തൊഴിലുറപ്പ് ക്ഷേമനിധി ബിൽ' എന്നല്ലേ ഇതിന് പേരിടേണ്ടിയിരുന്നത്; ഗാന്ധിജിയെ ലോകം മുഴുവൻ തമസ്കരിക്കുമ്പോൾ, പ്രത്യേകിച്ച് ഒരു കേന്ദ്ര ഗവൺമെന്റ് തമസ്കരിക്കുമ്പോൾ ആ പേരല്ലേ ബഹുമാന്യനായ മന്ത്രീ, നിങ്ങൾ നൽകേണ്ടത്? അത് എന്റെ വിഷയമല്ലാത്തതിനാൽ ഞാൻ പറയുന്നില്ല. ഇത്തരം കാര്യങ്ങളാണ് ഇവിടെ നടക്കുന്നത്. ഇവിടെ ഒരു കാര്യംകൂടി ഞാൻ പറയുകയാണ്, 235(എഫ്)-ൽ 'കുടിൽ'-ന്റെ വ്യാഖ്യാനമുണ്ട്; 'കുടിൽ എന്നാൽ കുറഞ്ഞ അപകടം സംഭവിക്കുന്ന ഒന്ന് എന്നാണ്. അങ്ങനെയാണോ കുടിൽ? കുടിൽ കുറഞ്ഞ അപകടം സംഭവിക്കുന്ന ഒന്നാണോ? എന്റെ അഭിപ്രായം അതിന് മാറ്റം വരുത്തണമെന്നാണ്. എത്രയോ കുടിലുകൾ നമ്മുടെ നാട്ടിലുണ്ട്, നല്ല കുടിലുകളും അപകടം സംഭവിക്കാത്ത കുടിലുകളുമുണ്ട്. അങ്ങനെ നിരവധി കാര്യങ്ങളുണ്ട്. ഇതുമായി ബന്ധമില്ലേയെന്നുചോദിച്ചാൽ ബന്ധമുണ്ട്. ഇന്ന് രാവിലെ നിങ്ങൾ യു.ഡി.എഫ്.-ലെ ഒരു പ്രബല കക്ഷിയായ മുസ്ലീംലീഗിനെതിരെ ഒരു ചോദ്യവുംകൊണ്ടുവന്നു. ഞങ്ങളുടെ കയ്യിലും ഒരുപാട് ചോദ്യങ്ങളുണ്ടായിരുന്നു. ഞങ്ങൾക്ക് ഉപചോദ്യത്തിന് അവസരം നൽകിയിരുന്നുവെങ്കിൽ ഉരുളയ്ക്കുപ്പേരിപോലെ തിരിച്ചുവരുമായിരുന്നു. പക്ഷെ നൽകിയില്ല, ഞാനത് ചോദ്യം ചെയ്യുന്നില്ല. വർക്കല താലൂക്കിൽ നാവായിക്കുളം പഞ്ചായത്തിലെ നാലാം വാർഡിൽ മെമ്പറായിരുന്ന സി.പി.ഐ.(എം) ബ്രാഞ്ച് സെക്രട്ടറിയും ഡി.വൈ.എഫ്.ഐ. നേതാവുമായ, എന്റെ മാന്യതകൊണ്ട് ഞാൻ പേര് പറയുന്നില്ല, അദ്ദേഹത്തെ ഒരു 'പാവപ്പെട്ട കേസിന്', അങ്ങനെ ഞാൻ പറഞ്ഞതെന്തെന്നാൽ അങ്ങനെയാണ് സഖാക്കൾ അവിടെ പറയുന്നത്, POCSO (Protection of Children from Sexual Offences) Act, 2012-ന്റെ ഫലമായി disqualify ചെയ്യാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് ഇലക്ഷൻ കമ്മീഷന് നൽകിയ വിവരം നിങ്ങളറിഞ്ഞോ? ഇക്കാര്യങ്ങളൊക്കെ പറയാനായി ഞങ്ങളുടെ

കയ്യിൽ തെളിവുകളുണ്ട്. പക്ഷെ അതൊന്നും മാന്യതയല്ല. എല്ലാ പണിയും പഠിച്ചിട്ടാണ് അവിടെയും ഇവിടെയുമിരിക്കുന്ന ആളുകൾ വന്നിട്ടുള്ളതെന്ന സാമാന്യബോധത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നതാണ് നല്ലതെന്നുമാത്രം ചൂണ്ടിക്കാണിക്കുകയാണ്. പഞ്ചായത്ത് സമ്പ്രദായത്തിന്റെ അധികാരമുൾപ്പെടെ ഒരുപാട് കാര്യങ്ങൾ നിങ്ങൾ കവർന്നെടുത്തു. മദ്യഷാപ്പ് സ്ഥാപിക്കാനും സ്ഥാപിക്കാതിരിക്കാനുമുള്ള അധികാരം പഞ്ചായത്തിനായിരുന്നു, നിങ്ങൾ അത് എടുത്തുകൊണ്ടുപോയി. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റിക്ക് മുകളിൽ ആസൂത്രണ സമിതിയെന്നും വിദഗ്ദ്ധ സമിതിയെന്നും പറഞ്ഞ് നാട്ടിലുള്ള ആളുകളെ നിങ്ങൾ ചേർത്തു. അതിൽ കുറേപേർ നല്ലവരാണ്. തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിന് മുകളിലാണ് നിങ്ങൾ ഭരണം നടത്തുന്നത്. വിദഗ്ദ്ധ സമിതി പഞ്ചായത്ത് പ്രസിഡന്റും തെരഞ്ഞെടുക്കപ്പെട്ടവൻ പണയംവച്ച പാത്രംപോലെയുമാണ് അവിടെ ഇരിക്കുന്നത്. ഒരു പാത്രം പണയം വച്ചുകഴിഞ്ഞാൽ തിരിച്ചെടുക്കുന്നതുവരെ പാത്രം അനങ്ങില്ല. അതുപോലെ ജനകീയാസൂത്രണം എന്നുപേരുപറഞ്ഞ് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് പ്രസിഡന്റിനെയും മെമ്പർമാരെയും പണയംവച്ച പാത്രംപോലെ മൂലയിലിരുത്തി ഭരണം നടത്തി നിങ്ങൾ അധികാരം bypass ചെയ്തെടുത്തു. അങ്ങനെ നിങ്ങൾ അധികാരം വികേന്ദ്രീകരിച്ചെന്നുപറഞ്ഞ് അധികാരം കേന്ദ്രീകരിക്കുകയാണ് ചെയ്തത്. കാറൽ മാർക്സ് പ്രബന്ധങ്ങളൊക്കെ എഴുതിയിട്ടുള്ള ഒരു താത്വികനാണല്ലോ; ലോക ചരിത്രത്തിലെവിടെയെങ്കിലും കമ്മ്യൂണിസ്റ്റ് പാർട്ടി വികേന്ദ്രീകരണത്തിനൊപ്പം നിന്നിട്ടുണ്ടോ? കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അന്തഃസത്തതന്നെ കേന്ദ്രീകരണമാണ്. Semi-cadre എന്നുപറഞ്ഞാൽ സമർപ്പണം എന്നുമാത്രമേയുള്ളൂ. അതിന് സമർപ്പണബോധത്തോടെ പ്രവർത്തിക്കുന്ന ആളുകൾ എന്നുള്ള അർത്ഥം മാത്രമെ ഞങ്ങൾ കണക്കാക്കിയിട്ടുള്ളൂ. ശ്രീ. എ. എൻ. ഷംസീർ രാവിലെ absent ആയിരുന്നു. ഒരല്പം ക്ഷമിച്ചാൽ മോൻസൺ മാവുങ്കലിനെ കാണാൻപോയ ആളുകളുടെ പേരുകൾ നാളെ കൃത്യമായി പറയാം. ആരുവന്നാലും മുഖം ചുളിക്കാതിരുന്നാൽ മതി. അതുകൊണ്ട് ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്, മഹാത്മാഗാന്ധി മുതൽ രാജീവ് ഗാന്ധി വരെ കൊണ്ടുവന്ന 'അധികാരം ജനങ്ങൾക്ക്' എന്ന നിയമത്തിന്റെ അന്തഃസത്ത തകർക്കുന്ന നടപടികൾ അംഗീകരിക്കാൻ കഴിയില്ല. 300 ചതുരശ്ര മീറ്റർ കെട്ടിട നിർമ്മാണത്തിന് അനുമതി വേണ്ടെന്നും മതസ്ഥാപനങ്ങൾക്ക് ഇത്തരത്തിൽ കെട്ടിടം പണിയുന്നതിന് രേഖാമൂലമുള്ള അനുമതി ലഭിക്കാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ മട്ടിൽ അനുമതി നൽകാമെന്നുമാണ് ബില്ലിൽ പറയുന്നത്. നാളെ ഒരു തീവ്രവാദ സംഘടന വന്ന് ഒരു കെട്ടിടം പണിതാൽ നിങ്ങൾ എന്തുചെയ്യും? ഇതൊക്കെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തിന്

അവകാശപ്പെട്ട അധികാരമാണ്. നമ്മുടെ നാട്ടിൽ വ്യവസായം വരുന്നതൊന്നും മോശമല്ല. ഈ കാര്യങ്ങളൊക്കെ ഗൗരവമായി ചർച്ച ചെയ്യണം. ഇത് ഏതെങ്കിലും ഒരു കെട്ടിടത്തിന്റെ പണിനടന്നതിനെ സാധൂകരിക്കാൻവേണ്ടിയുള്ള ഭേദഗതിയാണോയെന്ന് ഞാൻ സംശയിക്കുന്നു. വിശ്വസിക്കുന്നതെന്തും സംശയത്തോടെ വീക്ഷിക്കണമെന്നാണ് അറിയാവുന്നവർ പറയുന്നത്. പഞ്ചായത്ത് രാജ് നിയമത്തിന്റെ അന്തഃസത്ത തകർക്കുന്ന ഒരു നടപടിയും ഇടതുപക്ഷ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ലെന്ന് കേരളത്തിലെ ജനങ്ങൾ ഇന്ന് പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ പഞ്ചായത്ത് രാജ് നിയമത്തിന്റെ അന്തഃസത്ത നിലനിർത്തിക്കൊണ്ടുള്ള നടപടിയുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് നിരാകരണപ്രമേയത്തെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുകയാണ്.

### (iii) 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ

ശ്രീ. സനീഷ്കുമാർ ജോസഫ്: Sir, I move that- " This House resolves to disapprove The Kerala Town and Country Planning (Amendment) Ordinance, 2021 (Ordinance No.122 of 2021)" . നഗര-ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നത് പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തിനും മലബാർ പ്രദേശത്തിനും ബാധകമായിരുന്ന 1108-ലെ Town and Country Planning Act, 1920-ലെ Madras Town Planning Act എന്നീ ആക്ടുകളാണ്. സംസ്ഥാനത്തെ മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കിയിരുന്നതും അവയ്ക്ക് അനുമതി നൽകിയിരുന്നതും പ്രസ്തുത നിയമങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു. ഭരണഘടനയുടെ 73, 74 എന്നീ ഭേദഗതികളുടെ അടിസ്ഥാനത്തിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവ നിലവിൽ വന്നപ്പോൾ ജില്ലാ ആസൂത്രണ കമ്മിറ്റിക്കും മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിക്കും വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും സ്ഥലപര ആസൂത്രണം സംബന്ധിച്ച് പ്രത്യേകം വ്യവസ്ഥകൾ ഏർപ്പെടുത്തിയിരുന്നില്ല. കൂടാതെ സംസ്ഥാനത്തെ നഗര-ഗ്രാമാസൂത്രണം സംബന്ധിച്ച ഏകീകൃത നിയമം നിലവിലില്ലാതിരുന്നതിനാൽ മേൽപ്പറഞ്ഞ ആക്ടുകൾ റദ്ദ് ചെയ്തുകൊണ്ട് നഗര-ഗ്രാമാസൂത്രണത്തിനായി ഒരു നിയമനിർമ്മാണം നടത്താൻ അന്നത്തെ യു.ഡി.എഫ്. സർക്കാർ തീരുമാനിച്ചു. ഇത്രയും വർഷങ്ങൾക്കിടയിൽ കേരളത്തിൽ സംഭവിച്ച സാമൂഹിക-സാമ്പത്തിക-സാംസ്കാരിക മാറ്റങ്ങളെ ഉൾക്കൊള്ളുന്ന നഗരങ്ങൾക്കും ഗ്രാമങ്ങൾക്കും ഒരുപോലെ പുതുജീവൻ നൽകാൻ പ്രാപ്തമായ ഒരു സമഗ്രനിയമത്തിന്റെ അനിവാര്യത മനസ്സിലാക്കിയാണ് യു.ഡി.എഫ്. സർക്കാർ

നിയമനിർമ്മാണത്തിലേയ്ക്ക് കടന്നത്. കേരളത്തിന്റെ സവിശേഷ വികസന സാഹചര്യങ്ങൾക്കും സാധ്യതകൾക്കും ഊർജ്ജം പകരാനും കരുത്തേകാനും സംസ്ഥാനത്തിന്റെ ഗ്രാമ-നഗര പ്രദേശങ്ങളുടെ സമഗ്ര ആസൂത്രിത വികസനം മുന്നിൽക്കണ്ടുകൊണ്ടാണ് പ്രസ്തുത ബിൽ നീണ്ടകാലത്തെ ചർച്ചയ്ക്കും തിരുത്തലുകൾക്കുംശേഷം അന്നത്തെ നഗരകാര്യ വകുപ്പുമന്ത്രി ബഹുമാന്യനായ മഞ്ഞളാംകുഴി അലി അവതരിപ്പിച്ചത്. 30 ശതമാനത്തോളം വരുന്ന വനപ്രദേശം, പലവിധ നിയന്ത്രണങ്ങൾ ബാധകമായ നീണ്ട തീരപ്രദേശം, ജലാശയങ്ങൾ, പാടങ്ങൾ, ചതുപ്പുകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂസ്വഭാവങ്ങൾ സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്കും ഭൂലഭ്യതയ്ക്കും വേണ്ടരീതിയിൽ സമീകരിക്കുന്നത് പലപ്പോഴും ദുഷ്കരമാക്കുന്നു. ക്രമാതീതമായ വാഹനപ്പെരുപ്പവും അതിനാനുപാതികമായി റോഡുകൾ വികസിപ്പിക്കാനാകാത്തതും പ്രശ്നം ഒന്നുകൂടി സങ്കീർണ്ണമാക്കുന്നു. ഇത്തരം കാര്യങ്ങളും ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസവും വികസന പദ്ധതികളെ പലപ്പോഴും പ്രതിസന്ധിയിലാക്കുന്നു. ഇവിടെയാണ് കേരളത്തിന്റെ സ്ഥലപര വികസനത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുതകുന്ന പ്രസ്തുത നിയമനിർമ്മാണം പ്രസക്തമാകുന്നത്. നൂറ് ശതമാനം ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന രാജ്യത്ത് നിലനിന്നിരുന്ന ആദ്യത്തെ നഗര-ഗ്രാമാസൂത്രണ നിയമമാണിത്. ഈ ഭേദഗതി ബില്ലിലെ ചില നിർദ്ദേശങ്ങൾ കേരളത്തിന്റെ ഭാവി വികസനത്തെ പിന്നോട്ടടിക്കുന്നതാണ്. 2018-ലെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ആരംഭിച്ച റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതരത്തിൽ നഗരാസൂത്രണ നിയമത്തിൽ പറഞ്ഞിട്ടുള്ള മാസ്റ്റർപ്ലാനിന്റെ ഉള്ളടക്കത്തിലും നടപടിക്രമത്തിലും മാറ്റങ്ങൾ നിർദ്ദേശിക്കുകയുണ്ടായി. ഈ സാഹചര്യം ചൂഷണം ചെയ്താണ് യാതൊരുവിധ ചർച്ചയും നടത്താതെ പിൻവാതിലിലൂടെ ഈ ഭേദഗതികൾ അവതരിപ്പിച്ചിരിക്കുന്നത്. ഈ നിയമനിർമ്മാണ ഗതിയിലെ ചില വ്യവസ്ഥകൾ അശാസ്ത്രീയവും പക്ഷപാതപരവും 1996-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാതൃകാ ഗ്രാമാസൂത്രണ നിയമത്തിനെതിരുമാണ്. മഹാപ്രളയത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും ആഘാതം അതിജീവിക്കുന്നതിനായി അടിയന്തര ആസൂത്രണ ഇടപെടലുകൾ, ആവശ്യമായ പ്രദേശങ്ങളിലെ സ്ഥലപര ആസൂത്രണം സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുത്തിയാണ് നിയമ ഭേദഗതി തയ്യാറാക്കിയിരിക്കുന്നതെന്ന് ഉദ്ദേശ്യകാരണങ്ങളിൽ വിവരിക്കുന്നു. എന്നാൽ ഇപ്രകാരം തയ്യാറാക്കിയിരിക്കുന്ന ഭേദഗതി ബില്ലിന്റെ വകുപ്പ് 34 പ്രകാരം എക്സിക്യൂഷൻ പ്ലാൻ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള വ്യവസ്ഥ ചേർത്തിരിക്കുന്നു. 20 വർഷത്തേയ്ക്കുള്ള ദീർഘകാല പെർസ്പെക്ടീവ് പ്ലാനിന്റെ ലക്ഷ്യങ്ങളെ പരിഗണിച്ചുകൊണ്ട് നടപ്പാക്കുന്നതിനുള്ള

അഞ്ച് വർഷത്തെ എക്സിക്യൂഷൻ പ്ലാനുകളാണ് പ്ലാനിംഗ് നടപടികളെ ചലനാത്മകമാക്കുന്നതും അതത് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണസമിതികളുടെ മുൻഗണനകൾക്കനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുന്നതുമെന്ന കാര്യം വളരെ പ്രസക്തമാണ്. ഇങ്ങനെയുള്ള എക്സിക്യൂഷൻ പ്ലാനുകൾ ഒഴിവാക്കുമ്പോൾ വികസന പ്രക്രിയയിൽ വലിയരീതിയിലുള്ള പ്രതിസന്ധിയുണ്ടാകാൻ കാരണമാകുന്നതാണ്. ദീർഘകാല പെർസ്പെക്ടീവ് പ്ലാനുകൾ റെഗുലേറ്ററി സ്വഭാവത്തോടുകൂടിയായതിനാൽ അവയുടെ മാനദണ്ഡങ്ങളിൽനിന്നുള്ള ചെറിയ വ്യതിയാനംപോലും വലിയരീതിയിലുള്ള നിയമപ്രശ്നങ്ങളിലേയ്ക്ക് വഴി തെളിക്കുകയും അത് പ്രാദേശികതലത്തിലുള്ള വികസനത്തെ വളരെയധികം ദോഷകരമായി ബാധിക്കുകയും ചെയ്യും. കൂടാതെ അഞ്ച് വർഷക്കാലയളവിലേയ്ക്കുള്ള എക്സിക്യൂഷൻ പ്ലാനുകൾ പൂർണ്ണമായും ഒഴിവാക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ മുൻഗണനകൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടാകുന്നതാണ്. ഇതും പ്രാദേശികതലത്തിൽ വികസന പ്രവർത്തനങ്ങളിൽ പ്രതിസന്ധി സൃഷ്ടിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഇടപെടലുകളെ പരിമിതപ്പെടുത്തുന്നതും ഡീസെൻട്രലൈസേഷൻ പോളിസിക്ക് വിരുദ്ധവുമാണ്. എക്സിക്യൂഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള നിയമ നടപടിക്രമങ്ങൾ ദൈർഘ്യമേറിയതായതാണ് അത് ഒഴിവാക്കുന്നതിന് കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എന്നാൽ എക്സിക്യൂഷൻ പ്ലാനുകൾ District Planning Committee (DPC) തലത്തിൽത്തന്നെ പാസ്സാക്കാവുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതികൾ പാസ്സാക്കുന്നതിന് തുല്യമായ ലളിതമായ നടപടിക്രമം മാത്രമാണ്. എക്സിക്യൂഷൻ പ്ലാൻ ഒഴിവാക്കുമ്പോൾ മാസ്റ്റർപ്ലാനിന്റെ ഭാഗമായിത്തന്നെ ഒരു പ്രയോറിറ്റി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് ബില്ലിന്റെ വകുപ്പ് 33 വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം ഒരു പ്രയോറിറ്റി ആക്ഷൻ പ്ലാനും മാസ്റ്റർപ്ലാനും തയ്യാറാക്കുന്നതിനുള്ള അതേ നടപടിക്രമങ്ങൾതന്നെ പിന്തുടരേണ്ടി വരുമെന്നുള്ളത് വിരോധാഭാസമാണ്. കൂടാതെ പ്രയോറിറ്റി ആക്ഷൻ പ്ലാനുകൾ മാസ്റ്റർ പ്ലാനിന്റെ ഭാഗമായിത്തന്നെ വ്യവസ്ഥ ചെയ്തിരിക്കുന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ മുൻഗണനാക്രമമനുസരിച്ച് പ്ലാനിംഗ് നടത്താനുള്ള അധികാരം ഇവിടെ നഷ്ടപ്പെടുന്നതാണ്. ചാലക്കുടി നഗരസഭയിലെ മാസ്റ്റർപ്ലാനുമായി ബന്ധപ്പെട്ടും നിരവധി ആക്ഷേപങ്ങളുണ്ട്. വികസന കാഴ്ചപ്പാടോടുകൂടിയല്ല മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. നിരവധിപേരെ കുടിയൊഴിപ്പിക്കേണ്ടി വരും. കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കാത്തതടക്കം ലക്ഷങ്ങൾ മുടക്കി പണിത വീടുകൾ വിൽക്കാനോ ലോണെടുക്കാനോ കഴിയാത്ത

സാഹചര്യമാണുള്ളത്. ഇവിടത്തെ ജനങ്ങളാകെ ആശങ്കാകുലരാണ്. തൃശ്ശൂർ കോർപ്പറേഷന്റെ കാര്യവും വിഭിന്നമല്ല. മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളിടത്തെ ജനങ്ങൾ പ്രക്ഷോഭത്തിന്റെ പാതയിലാണ്. ജനങ്ങളെ അറിയിക്കാതെയും കൂടിയാലോചന നടത്താതെയുമാണ് മാസ്റ്റർപ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളത്. ഇത്തരം മാസ്റ്റർപ്ലാനുകളിൽ ഉദ്യോഗസ്ഥ മേധാവിത്വം കാണാൻ സാധിക്കും. Town and Country Planning Act-ൽനിന്നും എക്സിക്യൂഷൻ പ്ലാൻ ഒഴിവാക്കുന്നതിലൂടെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുൻഗണന നിശ്ചയിച്ചുകൊണ്ട് ജനകീയ പ്രാദേശിക സർക്കാരായി സദ്ഭരണം നടത്തുന്നതിനുള്ള അവസരം നഷ്ടപ്പെടുന്നു. Principle of Subsidiarity Act അനുസരിച്ച് പരിഗണിക്കുമ്പോഴും എക്സിക്യൂഷൻ പ്ലാൻ Town and Country Planning-ൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. കാരണം സ്ഥലപര ആസൂത്രണത്തിന്റെ കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രിതമായ സ്വാതന്ത്ര്യമെങ്കിലും അനുവദിക്കേണ്ടതാണ്. ആയതിനാൽ പ്രിൻസിപ്പൽ ആക്ടിൽനിന്നും എക്സിക്യൂഷൻ പ്ലാൻ, മിഡിൽ റേഞ്ച് പ്ലാൻ എന്നിവ ഒഴിവാക്കുന്നതിനുള്ള ഭേദഗതികൾ ഉചിതമല്ല. പ്രിൻസിപ്പൽ ആക്ട് പ്രകാരം തദ്ദേശ സർക്കാരുകൾ തയ്യാറാക്കുന്ന പ്ലാനുകൾ നേരിട്ട് ഗവൺമെന്റിനോ ഡി.പി.സി.-ക്കോ ആണ് അംഗീകാരത്തിനായി സമർപ്പിക്കേണ്ടത്. നിലവിലെ ഭേദഗതിപ്രകാരം തദ്ദേശ സർക്കാരുകൾ തയ്യാറാക്കുന്ന പ്ലാനുകൾ ചീഫ് ടൗൺ പ്ലാനർക്ക് അംഗീകാരത്തിനായി നൽകുന്ന രീതിയിലേയ്ക്ക് മാറുകയാണ്. ഇത് ചീഫ് ടൗൺ പ്ലാനർക്ക് കൂടുതൽ അധികാരങ്ങൾ നൽകുകയും ഉദ്യോഗസ്ഥ രാജിന്റെ സ്വഭാവത്തിലേയ്ക്ക് മാറുകയും ചെയ്യുന്നു. ഇത്തരത്തിൽ ചീഫ് ടൗൺ പ്ലാനറിലേയ്ക്ക് അധികാരം കേന്ദ്രീകരിക്കുന്ന വ്യവസ്ഥകൾ ഈ ഭേദഗതി ബില്ലിലുടനീളമുണ്ട്. ഇത് ശരിയായ പ്രവണതയല്ല. ബില്ലിലെ അദ്ധ്യായം 7-ൽ a(i) പുതിയതായി ചേർക്കുന്ന പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള 'സ്ഥലപര പ്ലാൻ' എന്നത് അപ്രായോഗികമായ ആശയമാണ്. മാസ്റ്റർ പ്ലാൻ കൂടാതെ ഒരു interim local development plan കൂടി തയ്യാറാക്കണമെന്ന റീ-ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആക്ടിൽ ഒരു interim മാസ്റ്റർപ്ലാനിന് വ്യവസ്ഥയുണ്ടാക്കുകയായിരുന്നു ഉചിതം. അതിനുപകരം പ്രത്യേക പ്രദേശത്തിനായി സ്ഥലപര പ്ലാൻ തയ്യാറാക്കുമ്പോൾ ഒരേ പ്രദേശത്തിന് ഒരേ സ്കെയിലിൽ ഒന്നിലധികം പ്ലാനുകൾ ഒരേസമയം നിലനിൽക്കുകയും ഇത് ഡ്യൂപ്ലിക്കേഷനും ആശയക്കുഴപ്പവും സൃഷ്ടിക്കുകയും ചെയ്യും. ഇത് വികസന പ്രവർത്തനത്തിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നതാണ്. കൂടാതെ പ്രകൃതി ദുരന്തങ്ങളുടേയും മറ്റും പശ്ചാത്തലത്തിൽ പ്രത്യേക പ്രദേശത്തിനുവേണ്ടിയുള്ള സ്പെഷ്യൽ പ്ലാനുകൾ തയ്യാറാക്കുന്നത് ഏതെങ്കിലും ഒരു തദ്ദേശസ്വയംഭരണ

സ്ഥാപനത്തിന്റെ അധികാരപരിധിയിൽ ഒതുങ്ങി നിൽക്കണമെന്നില്ല. അങ്ങനെ വരുമ്പോൾ പ്രസ്തുത പ്ലാനുകൾ തയ്യാറാക്കി അംഗീകരിക്കുന്നതിന്റെ ഭരണപരമായ ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടത് ആരാണെന്ന് ഈ ഭേദഗതിയിൽ വ്യക്തമാക്കിയിട്ടില്ല. അതായത് മാസ്റ്റർ പ്ലാനുകളുടെ കാര്യത്തിൽ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നതുപോലെ ഇവിടെ വ്യവസ്ഥയുള്ളതായി കാണുന്നില്ല. സംസ്ഥാനത്തിന്റെ ഗ്രാമ-നഗര പ്രദേശങ്ങളുടെ സമഗ്ര ആസൂത്രണ വികസനം മുന്നിൽക്കണ്ട് നീണ്ടകാലത്തെ ചർച്ചകൾക്കും തിരുത്തലുകൾക്കുംശേഷം നടത്തിയ നിയമനിർമ്മാണം കരുതലും വികസനവും ഉറപ്പാക്കാനുള്ള യു.ഡി.എഫ്. സർക്കാരിന്റെ പ്രതിബദ്ധതയുടെ ഭാഗമായിരുന്നു. ഈ നിയമത്തിൽ ഭേദഗതി വരുത്തി ജനകീയ-പ്രാദേശിക സർക്കാരുകളുടെ അവകാശങ്ങളെ ഹനിക്കരുതെന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. പാലക്കാട് നഗരത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോ ബിൽഡിംഗിന് വളരെയധികം കാലപ്പഴക്കമുണ്ട്. ഞാൻ എം.എൽ.എ.-ആയി ജയിച്ചശേഷം അവിടെ സന്ദർശിച്ചപ്പോൾ മേശപ്പുറത്ത് ബക്കറ്റെടുത്ത് വച്ചിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. ഇത് പിരിവാണോയെന്ന് ഞാൻ തമാശയ്ക്ക് ചോദിച്ചപ്പോൾ മുകളിൽനിന്നുള്ള വെള്ളം ശേഖരിക്കുന്നതിനാണെന്നാണ് അവിടെയുള്ളവർ പറഞ്ഞത്. എല്ലാ ഉദ്യോഗസ്ഥരും ഇരിക്കുന്ന സ്ഥലത്ത് ബക്കറ്റുകൾവച്ച് വെള്ളം ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെട്ടിടത്തിൽനിന്നും അടർന്ന് വീഴുന്ന കഷ്ണങ്ങൾ ആളുകളുടെ തലയിൽവീണ് ആരെങ്കിലും മരിച്ചാൽ ആരാണ് അതിനുത്തരവാദിയെന്നുള്ള ചോദ്യമുണ്ടായ സാഹചര്യത്തിൽ കെട്ടിടം പൊളിച്ചുമാറ്റാനുള്ള തീരുമാനം കെ.എസ്.ആർ.ടി.സി. ബോർഡ് എടുക്കുകയും അത് നടപ്പിലാക്കുകയും ചെയ്തു. അത് പൊളിച്ചുമാറ്റി പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിലേയ്ക്ക് കടക്കാനായി എം.എൽ.എ. ഫണ്ടും ഡിപ്പാർട്ടുമെന്റ് ഫണ്ടും റെന്റ് അഡ്വാൻസ് സ്കീമും വച്ച് ഒരു പ്രൊപ്പോസലും തയ്യാറാക്കി. എല്ലാ പെർമിഷനും വാങ്ങിയശേഷം മാത്രമേ നിർമ്മാണം നടത്താൻ സാധിക്കുകയുള്ളൂവെന്ന് ബോർഡിൽനിന്ന് അറിയിച്ചതിനെത്തുടർന്ന് ഇതിനുള്ള അനുമതിക്കായി ടൗൺ പ്ലാനിംഗിൽ അയച്ച് പെർമിഷൻ ലഭിക്കേണ്ട സമയത്ത് അവർ അറിയിച്ചത്, ഇവിടെ കൊമേഴ്സ്യൽ കെട്ടിടം പണിയാൻ പാടില്ലെന്നും ഇത് ട്രാൻസ്പോർട്ട് സോണാണെന്നുമാണ്. അതിന്റെ ഇടതുവശത്തും വലതുവശത്തും മുൻവശത്തുമൊക്കെ വലിയ കൊമേഴ്സ്യൽ കെട്ടിടങ്ങളാണുള്ളത്. സർക്കാർ രേഖപ്രകാരം ട്രാൻസ്പോർട്ട് സോണായതിനാൽ ഇവിടെ കൊമേഴ്സ്യൽ കെട്ടിടം നിർമ്മിക്കാൻ പാടില്ലെന്നാണ് പറയുന്നത്. കെ.എസ്.ആർ.ടി.സി. പോലെയുള്ള ഒരു സ്ഥാപനത്തിന് വലിയ വരുമാനം ലഭിക്കാവുന്ന കണ്ണായ സ്ഥലത്ത് ഒരു

കൺസ്ട്രഷൻ നടക്കുമ്പോൾ അതിന് അവരുടെ റവന്യൂ വരുമാനംകൂടി വർദ്ധിക്കുന്നതരത്തിലുള്ള കൺസ്ട്രഷൻ വേണമെന്ന് കെ.എസ്.ആർ.ടി.സി.-ക്ക് നിർബന്ധമാണ്, അവിടത്തെ സാഹചര്യം നമുക്കെല്ലാവർക്കുമറിയാം. ഈ കെട്ടിടം നിർമ്മിക്കണമെങ്കിൽ ഇനി എന്താണ് ചെയ്യേണ്ടതെന്നന്വേഷിച്ചപ്പോൾ ട്രാൻസ്പോർട്ട് സോണാണ്, അതുകൊണ്ട് ഒരു കടമുറിപോലും കെ.എസ്.ആർ.ടി.സി. കെട്ടിടത്തിൽ പാടില്ലെന്നായിരുന്നു അവരുടെ മറുപടി. ഇതിന് എക്സംപ്ഷൻ നൽകാൻവേണ്ടി മുനിസിപ്പാലിറ്റി ഒരു റെസല്യൂഷൻ പാസ്സാക്കണമെന്ന് അവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ പാലക്കാട് മുനിസിപ്പാലിറ്റി അധികൃതരോട് റെസല്യൂഷൻ പാസ്സാക്കാൻ പറയുകയും അവരത് പാസ്സാക്കി അയച്ചുകൊടുത്തപ്പോൾ, പാസ്സാക്കിയ റെസല്യൂഷൻ നോട്ടീസ് ബോർഡിൽ ഒരുമാസം പ്രസിദ്ധീകരിക്കണമെന്നും സോണിംഗ് എക്സംപ്ഷൻ നടത്തുന്നതിന് ആർക്കും പരാതിയില്ലെന്ന് അറിയിക്കണമെന്നും പറഞ്ഞു. ഇക്കാര്യം ആദ്യമേ പറയാമായിരുന്നില്ലേയെന്ന് ഞാൻ ചോദിച്ചു. വിദ്യാഭ്യാസ ലോണിനുവേണ്ടി കുട്ടികൾ പോയതുപോലെ ഓരോ ദിവസവും പോകുമ്പോഴാണ് ഓരോന്ന് പറയുന്നത്. ആ നോട്ടീസ് പാസ്സാക്കി ഡി.പി.സി. അംഗീകാരത്തോടുകൂടി ടൗൺ പ്ലാനിംഗ് വകുപ്പ് വഴി ഗവൺമെന്റിലേയ്ക്ക് വരണമെന്ന് പറഞ്ഞതിനെത്തുടർന്ന് ഡി.പി.സി. അംഗീകാരത്തോടുകൂടി അവിടേയ്ക്ക് അയച്ചപ്പോൾ, ഈ നോട്ടീസിലിടേണ്ട ഡ്രാഫ്റ്റ് നിയമ വകുപ്പിലയച്ച് വെറ്റ് ചെയ്തശേഷം ആ ഡ്രാഫ്റ്റാണ് റെസല്യൂഷനുവേണ്ടി എടുക്കേണ്ടതും നോട്ടീസിലിടേണ്ടതെന്നും പറഞ്ഞു. ഈ നടപടിക്രമങ്ങളെല്ലാം കഴിഞ്ഞശേഷമാണിത് പറയുന്നത്. ഞാൻ അതിന്റെ ഓരോ പോയിന്റിലേയ്ക്കും കടക്കുന്നില്ല. അങ്ങനെ രണ്ടാമത് ഈ പറയുന്ന നോട്ടീസ് പീരിഡും എതിർപ്പില്ലായെന്ന് അറിയിക്കലുമെല്ലാം കഴിഞ്ഞാണ് നോട്ടീസിലിടേണ്ട ഡ്രാഫ്റ്റ് നിയമ വകുപ്പ് നൽകിയതും അത് കൊടുത്തതുമെല്ലാം നടന്നത്. അവസാനം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പണി ആരംഭിക്കാൻ ഫണ്ടുണ്ടായിട്ടും നിർമ്മാണമാരംഭിക്കാൻ വർഷങ്ങൾ കാത്തിരിക്കേണ്ടിവന്നു. നഗരാസൂത്രണത്തെ സംബന്ധിച്ചും ബിൽഡിംഗ് പെർമിറ്റിനെ സംബന്ധിച്ചും സർക്കാരിന്റേതാണെങ്കിലും സ്വകാര്യ വ്യക്തികളുടേതാണെങ്കിലും ഒരു റെഗുലേറ്ററി പ്ലാൻ എന്നതിനപ്പുറം ഭാവി തലമുറയ്ക്കുവേണ്ടി ഇതൊരു വികസനോന്മുഖ പ്ലാനാക്കി മാറ്റുന്നതിന് സഭ തീരുമാനമെടുക്കണമെന്നാണ് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. ഒന്നും പാടില്ലെന്ന് മാത്രം പറയുന്ന, റെഗുലേഷൻസുകൊണ്ടുമാത്രം ഒരു നഗരത്തിന്റെ ആസൂത്രണത്തെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. വിദേശ രാജ്യങ്ങളിലെ നഗരങ്ങളെ കണ്ടിട്ട് അതുപോലെ എന്നാണ് ആകുകയെന്ന് പലരും നെടുവീർപ്പിടാറുണ്ട്. അടിസ്ഥാനപരമായ കാര്യം, ഫ്യൂച്ചർ ഡെവലപ്മെന്റിനനുയോജ്യമായ വിധത്തിലുള്ള കാര്യങ്ങൾ ഒരു ഗൈഡ്‌ലൈൻസിലും പറയുന്നില്ല. ഇവിടെ ഇത് പാടില്ല, ഇവിടെ ഇതേ പാടുള്ളൂവെന്നൊക്കെ നമ്മൾ റെഗുലേറ്റ് ചെയ്യുകയാണ്

ചെയ്യുന്നത്. അതിനപ്പുറത്തേയ്ക്ക് വേറെ കാര്യങ്ങളൊന്നുമില്ല. പാടുള്ളൂവെന്ന് പറയുന്ന സ്ഥലത്ത് അത് എങ്ങനെ ചെയ്യാമെന്നതിനെ സംബന്ധിച്ചോ അത് എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്നതിനെ സംബന്ധിച്ചോ ഉള്ള കൃത്യമായ കാര്യങ്ങളില്ല. ഒന്നാമത്തെ കാര്യം, നൂറ് വർഷം പഴക്കമുള്ള ഒരു സംവിധാനം അല്ലെങ്കിൽ ഒരു നിയമമാണ് ഈ ആക്ടിന്റെ അടിസ്ഥാനമെന്നുപറയുന്നത്. അവിടിന്നിങ്ങോട്ടുണ്ടാക്കിയ മാറ്റങ്ങളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, 2016-ൽ ഏറ്റവും അനിവാര്യമായ മാറ്റമുണ്ടാക്കിയിരുന്നു. ഇപ്പോൾ ഒരു മാറ്റം കൊണ്ടുവരുമ്പോൾ ആ മാറ്റങ്ങളിൽ പറഞ്ഞ എക്സിക്യൂഷൻ പ്ലാൻപോലും ഇതിൽനിന്നും എടുത്തുമാറ്റുകയാണ്. ഇവിടെ ഗവർണർ വന്ന് പ്രസംഗിച്ചത്, നഗരാസൂത്രണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഡീസെൻട്രലൈസ് ചെയ്ത് താഴേത്തട്ടിന് കൂടുതൽ അധികാരങ്ങൾ നൽകി വികസനത്തെ ത്വരിതപ്പെടുത്താനുള്ള നടപടികൾ എന്റെ ഗവൺമെന്റ് സ്വീകരിക്കുമെന്നാണ്. ബഹുമാനപ്പെട്ട ചെയർ ഇപ്പോൾ ഇരിക്കുന്ന സ്ഥലത്തുനിന്നാണ് ഗവർണർ അന്ന് പ്രസംഗിച്ചത്. എന്നാൽ ഡീസെൻട്രലൈസ് ചെയ്യുന്നതിനുപകരം സെൻട്രലൈസ് ചെയ്ത് എല്ലാ സമിതികൾക്കുമപ്പുറത്ത് ഇതെല്ലാം സി.ടി.പി. (ചീഫ് ടൗൺ പ്ലാനർ) എന്ന ഒരുദ്യോഗസ്ഥന്റെ കൈകളിലേയ്ക്കുവരുന്ന തരത്തിലുള്ള സജഷൻസ് ഈ ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ടെന്നത് ഗൗരവതരമായ പരാതിയാണ്. ഇവിടെ വികേന്ദ്രീകരണമല്ല മറിച്ച്, കേന്ദ്രീകരണമാണ് നടന്നിരിക്കുന്നത്; അത് കൂടുതൽ അപകടം ചെയ്യും. പ്രകൃതിയെ സംബന്ധിച്ചുള്ള ആശങ്കയിന്മേൽ ഇരുപത് വർഷത്തേയ്ക്ക് റെഗുലേറ്ററിയായിട്ടുള്ള ചില പ്ലാൻ അല്ലെങ്കിൽ ഗൈഡ്‌ലൈൻ വയ്ക്കാം. എന്നാൽ ഇരുപത് വർഷത്തിനപ്പുറമുള്ള എല്ലാ കാര്യങ്ങളും ഇപ്പോൾ തീരുമാനിച്ചാൽ അത് ഡെവലപ്മെന്റ് ഓറിയന്റഡായിരിക്കണം, ഇരുപത് വർഷത്തിനപ്പുറമുള്ള നഗരം എങ്ങനെയായിരിക്കണമെന്ന് വിഭാവനം ചെയ്യുന്ന ആശയങ്ങളായിരിക്കണം. എന്നാൽ ഇവിടെ വെറും റെഗുലേഷൻസ് മാത്രമാണുള്ളത്. ഇത് ചെയ്യാൻ പാടുണ്ട്, ഇത് ചെയ്യാൻ പാടില്ല, ഇത് ഇവിടെനിന്ന് നൽകാൻ പാടില്ല തുടങ്ങിയ കാര്യങ്ങളെ എങ്ങനെയാണ് മാസ്റ്റർ പ്ലാൻ എന്നുപറയുന്നത്? ഇരുപത് വർഷത്തിനപ്പുറം ആ നഗരം എങ്ങനെയാകണമെന്നതിനെ സംബന്ധിച്ച് വികസനത്തിന്റേതായ ചെറുതും വലുതുമായിട്ടുള്ള എല്ലാ കാര്യങ്ങളിലും ഇത് ബാധിക്കുകയാണ്. പ്രകൃതിക്ക് ഒരുതരത്തിലും കോട്ടം തട്ടാത്ത പാലക്കാട് നഗരത്തിന്റെ മധ്യത്തിൽ കൃഷിയുമായി ഒരു ബന്ധവുമില്ലാത്ത പ്രദേശത്തെ സോണിംഗിൽ ഉൾപ്പെടുത്തിയിട്ട് അതിൽനിന്നും എടുത്തുമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾക്കെടുത്ത സമയം എത്രയാണെന്ന് പാലക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ കാര്യത്തിൽ ഞാനിവിടെ നേരത്തെ സൂചിപ്പിച്ചു. ഒരു ഗവൺമെന്റ് പ്രോജക്ടായതുകൊണ്ട് അത് നീണ്ടുപോകുന്നതിനെക്കുറിച്ച് ആർക്കും ആവലാതിയില്ല. സ്ഥലം എം.എൽ.എ. ആക്ഷേപങ്ങളും പഴിയും കേൾക്കും, അതിന് രാഷ്ട്രീയമായി അപ്പുറത്തേയ്ക്കും

ഇപ്പുറത്തേയ്ക്കും വാദപ്രതിവാദങ്ങളുണ്ടാകുകയെന്നതും ശരിതന്നെ. പക്ഷെ അതൊരു സ്വകാര്യ നിക്ഷേപവുമായി ബന്ധപ്പെട്ട കാര്യമായിരുന്നുവെങ്കിൽ അവർ എത്രകാലം ഇതിൽ പണം മുടക്കിയിടാൻ തയ്യാറാകും; ഒരു പ്രോജക്ട് ആരംഭിക്കാനുള്ള നൂലാമാലകളുടെ പിന്നാലെ എത്രകാലം അവർ ഓടേണ്ടി വരുമായിരുന്നു? ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള സെൻട്രലൈസ്ഡ് നയങ്ങളുമായി സർക്കാർ മുന്നോട്ടുപോകരുത്. ജില്ലകളിലും അതിനുതാഴെയുള്ള സ്ഥലങ്ങളിലും ഇതിന് കൂടുതൽ അധികാരം നൽകുന്നതിനുപകരം ഇതൊരു ഉദ്യോഗസ്ഥനിലേയ്ക്ക് സെൻട്രലൈസ് ചെയ്യുമ്പോൾ, ഒരു ഇൻവെസ്റ്റ്മെന്റിനുവേണ്ടി ഒരാൾ തയ്യാറായാൽ, അയാളുടെ മുഴുവൻ ഫയലുകളും ഈ സെൻട്രലൈസ്ഡ് സംവിധാനത്തിലേയ്ക്കുവന്ന് അംഗീകാരം ലഭിക്കുമ്പോഴേയ്ക്കുമുണ്ടാകുന്ന കാലതാമസംകാരണം കേരളത്തിന് പല ബസ്സുകളും നഷ്ടപ്പെടുമെന്ന കാര്യത്തിൽ സംശയംവേണ്ട.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കേന്ദ്രീകരണത്തെക്കുറിച്ചാണ് താങ്കൾ പറയുന്നത്. മൊത്തത്തിൽ അത്തരമൊരു പ്രവണത സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം, പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ പണം അനുവദിച്ചതിനുശേഷം തിരുവനന്തപുരത്തുനിന്നും കേന്ദ്രീകൃതമായ പദ്ധതികളുണ്ടാക്കുകയും തുടർന്ന് പഞ്ചായത്തുകളോട് അവർക്കനുവദിച്ച തുകയിൽനിന്ന് ഇത്രശതമാനം മാറ്റിവയ്ക്കാൻ പറയുകയും പഞ്ചായത്തിന് ഈ പ്രാദേശികാസൂത്രണംവഴി ഒന്നുംചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്യുകയാണ്. ഡീസെൻട്രലൈസേഷനെന്ന് പറയുകയും റീസെൻട്രലൈസേഷനാണ് ഇവിടെ നടക്കുകയും ചെയ്യുന്നതെന്നതിനോട് താങ്കൾ യോജിക്കുന്നുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, അതിന്റെ ഏറ്റവും തെളിഞ്ഞ ഉദാഹരണമായി ഈ ബില്ലിലെ പല വകുപ്പുകളെയും നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കും. ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന് ഒരു ഭംഗിക്ക് വിളിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ നാടിന്റെ പ്രാദേശികമായ വികസനാവശ്യങ്ങളെ സംബന്ധിച്ചുള്ള തീരുമാനങ്ങളിൽ ചില മാറ്റങ്ങൾ വരുത്താനുള്ള അധികാരംപോലും കവർന്നെടുക്കുന്നതരത്തിലാണ് ഇതിലെ പല വകുപ്പുകളും കടന്നുകൂടിയിരിക്കുന്നത്. ഭരണഘടനാ വിരുദ്ധമായ നിർദ്ദേശങ്ങൾപോലും സെൻട്രൽ ആക്ടിന് വിരുദ്ധമായി ഇതിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന വ്യാപകമായ പരാതികളാണുയർന്നുവരുന്നത്. ഒരു സ്ഥലം കൊമേഴ്സ്യൽ പർപ്പസിന് നീക്കിവച്ചുവെന്ന് വിചാരിക്കുക. ആ സ്ഥലത്ത് എത്ര സ്ക്വയർ ഫീറ്റിൽ കെട്ടിടം നിർമ്മിക്കാൻ കഴിയുമെന്നതിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഒരു നിക്ഷേപകന് ലഭിക്കുന്നത് അയാളുടെ പ്ലാൻ ഏതെങ്കിലും ഒരു ബിൽഡിംഗ് ഇൻസ്പെക്ടർക്ക് സമർപ്പിക്കുമ്പോഴായിരിക്കും. അതുവരെ അയാൾക്ക് അതിനെ

സംബന്ധിച്ച് ഒരു പ്ലാനുമുണ്ടാകില്ല. ഒരു കൃത്യത നൽകാൻ ഉദ്യോഗസ്ഥർക്ക് സാധിക്കുന്നുമില്ല, ഞാൻ ഉദ്യോഗസ്ഥരെ കുറ്റം പറയുന്നതല്ല. നഗരത്തിലെ റോഡുകളുടെ വീതി നേരത്തെ നിശ്ചയിച്ചിരുന്നുവെങ്കിൽ അതിനനുസരിച്ച് അവിടെ നിർമ്മിക്കുന്ന ബിൽഡിംഗുകൾക്ക് ഇത്ര ഉയരംവരെയും ഇത്ര നിലവരെയും ഇത്ര സ്ക്വയർ ഫീറ്റുവരെയുമാകാമെന്നുള്ള തീരുമാനമുണ്ടാകുകയും അത് ഗവൺമെന്റിന്റെ ഡാറ്റയിൽ പരിശോധിച്ച് ഇൻവെസ്റ്റ് ചെയ്യാൻ വരുന്ന വ്യക്തിക്ക് അവിടെ നിർമ്മിക്കുന്ന കെട്ടിടം എത്ര സ്ക്വയർ ഫീറ്റുവരെയാകാമെന്നുള്ള ഐഡിയ ലഭിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ സ്ഥലത്തിന്റെ മുന്നിലുള്ള റോഡിന്റെ വീതി ചിലപ്പോൾ ആറ് മീറ്ററായിരിക്കാം. അങ്ങനെ ആറ് മീറ്റർ കണക്കാക്കി പ്ലാൻ വരച്ച് മാസ്റ്റർ പ്ലാനും തയ്യാറാക്കി, ഡിസൈനും സ്ട്രക്ച്ചറൽ ഡിസൈനുമെല്ലാം ചെയ്ത് പണം ഇൻവെസ്റ്റ് ചെയ്ത് അപേക്ഷയുമായി എത്തുമ്പോഴായിരിക്കും അവിടെയുള്ള ബിൽഡിംഗ് ഇൻസ്പെക്ടർ പറയുന്നത് ആ വളവ് ഒന്ന് വളഞ്ഞുകഴിഞ്ഞാൽ ചിലപ്പോൾ അഞ്ചര മീറ്ററേയുണ്ടാകുകയുള്ളൂ, അതുകൊണ്ട് ആ റോഡ് മൊത്തത്തിൽ ആറായി കണക്കാക്കാൻ കഴിയില്ലായെന്ന്. ഇത് ഫിക്സ് ചെയ്തുകൊടുക്കാനുള്ള ഉത്തരവാദിത്വം ആർക്കാണ്? ആറ് മീറ്റർ, നാല് മീറ്റർ, എട്ട് മീറ്റർ റോഡുകൾ ഏതെല്ലാമാണെന്ന് നേരത്തെ ഫിക്സ് ചെയ്തിട്ടുണ്ടെങ്കിൽ പ്രശ്നങ്ങൾ ഒഴിവാക്കാമായിരുന്നു. ചിലസ്ഥലത്ത് 5.50 മീറ്ററോ 5.40 മീറ്ററോ ആയിരിക്കാം റോഡുകളുടെ വീതി. പക്ഷെ റോഡുകളെ മൊത്തമായെടുക്കുമ്പോൾ അവിടത്തെ സേഫ്റ്റി കൺസേണിനെ ബാധിക്കാത്തതരത്തിലുള്ള ഒരു ക്ലാരിറ്റി അതിന് നൽകിയാൽ ഒരു ഇൻവെസ്റ്ററെ സംബന്ധിച്ചിടത്തോളം സൗകര്യമാകുമായിരുന്നു. എനിക്ക് ഇവിടെ ഒരു സ്ഥലമുണ്ട്, ആ സ്ഥലത്ത് എനിക്ക് നിർമ്മിക്കാൻ സാധിക്കുന്ന ബിൽഡിംഗിന്റെ പരമാവധി അളവ് ഇത്രയാണ്, എന്റെ ഇൻവെസ്റ്റ്മെന്റ് ഇത്രയാകാം, എനിക്ക് അതിൽനിന്ന് ലഭിക്കാൻ പോകുന്ന ലാഭം തുടങ്ങിയ കാര്യങ്ങൾ കണക്കാക്കാൻ കഴിയും. ഇതുസംബന്ധിച്ച ആവശ്യവുമായി ഒരുദ്യോഗസ്ഥന്റെ അടുത്ത് പോകുമ്പോൾ അദ്ദേഹത്തിന്റെ മനോഭാവവും നിയമത്തെ സംബന്ധിച്ച് അദ്ദേഹം വ്യാഖ്യാനിക്കുന്ന രീതിയുംവച്ച് അതിന് വീണ്ടും കാലതാമസം വരികയാണ്. അവിടത്തെ ഇൻവെസ്റ്റ്മെന്റ് കുറയും. കൺവെർഷനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ഒരു ഏക്കർ വരെയുള്ള സ്ഥലത്തിന് പത്ത് ശതമാനവും അതിനുമുകളിൽ ഇരുപത് ശതമാനവുമാണ് ഫീസ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് ലാൻഡിന്റെ കൺവെർഷൻ റേറ്റുമായിമാത്രം താരതമ്യംചെയ്യേണ്ട ഒന്നാണ്. നഗരങ്ങളിലെ പല സ്ഥലങ്ങളും ഇപ്പോഴും ക്ലാസിഫിക്കേഷനിൽ 'നിലം' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവിടെ പതിറ്റാണ്ടുകളായി കൃഷി ചെയ്യുന്നില്ലായിരിക്കാം. ഇപ്പോഴും എറണാകുളത്തെ ബൈപ്പാസിന്റെ വശങ്ങളിലുള്ള സ്ഥലം ക്ലാസിഫിക്കേഷനിൽ 'നിലം' എന്നാകാം

രേഖപ്പെടുത്തിയിരിക്കുന്നത്. നഗരവത്കരണം അനിവാര്യമായ സ്ഥലത്ത് പ്രകൃതിയെ ബാധിക്കാത്തതരത്തിൽ മറ്റൊരു ഉദ്ദേശ്യത്തിനുവേണ്ടി കൊമേഴ്സ്യലായോ ഇൻഡസ്ട്രിയലായോ ഏതെങ്കിലും പ്ലാൻപ്രകാരം നോട്ടിഫൈ ചെയ്തുകഴിഞ്ഞാലും പിന്നീട് അവിടെ കെട്ടിടങ്ങൾ നിർമ്മിക്കണമെങ്കിൽ ക്ലാസിഫിക്കേഷനിൽ ഉൾപ്പെട്ടതിന്റെ പേരിൽ ഈ കൺവെർഷൻ റേറ്റും നൽകേണ്ടിവരുന്ന അവസ്ഥയുണ്ടാകുന്നതിനാൽ ആരാണ് ഇൻവെസ്റ്റ്മെന്റിന് തയ്യാറായി വരുന്നത്? പാലക്കാട് നഗരത്തിൽ ഹൈവേയുടെ സമീപത്തുള്ള പ്രധാനപ്പെട്ടൊരു സ്ഥലത്ത് ലോകരാജ്യങ്ങളിൽത്തന്നെ വളർന്ന വലിയൊരു ബ്രാൻഡ് ഒരു ഹൈപ്പർ മാർക്കറ്റ് തുടങ്ങാൻ തീരുമാനിക്കുകയാണ്. അവിടത്തെ ലോക്കൽ പാർട്ട്ണർഷിപ്പിലാണ് ഹൈപ്പർ മാർക്കറ്റ് നടത്താൻ പോകുന്നത്. ബിൽഡിംഗ് പ്ലാൻ അനുസരിച്ച് ബിൽഡിംഗ് നിർമ്മിക്കണമെങ്കിൽ ലാൻഡ് കൺവെർട്ട് ചെയ്യണം. അതിന്റെ ഇരുപത് ശതമാനം തുക അടയ്ക്കുന്നതിനുള്ള കോടിക്കണക്കിന് രൂപയ്ക്കുപുറമേ മറ്റ് ചാർജ്ജുകൾകൂടി വേണ്ടിവരും. അപ്പോൾ ബേസിക് ലാൻഡിന്റെ കോസ്റ്റ് തന്നെ ധാരാളം വരും. പിന്നീട് 30 വർഷത്തേയ്ക്ക് അവിടെ ഇൻവെസ്റ്റ്മെന്റ് നടത്തിയാൽ എന്ത് റിട്ടേൺ കിട്ടുമെന്നാണ് അവർ ആലോചിക്കുന്നത്. എന്നാൽ ഈ ബ്രാൻഡിന്റെ ആളുകൾ പറയുന്നത് അവിടെ 1000 പേർക്ക് നേരിട്ട് തൊഴിൽ നൽകാനുള്ള അവസ്ഥയുണ്ടാകുമെന്നാണ്. പ്ലാൻ അപ്രൂവൽ നൽകുന്നതും അതുമൂലമുണ്ടാകുന്ന തൊഴിലവസരങ്ങളും തമ്മിൽ കണക്കുചെയ്യുന്ന ഒരു സംവിധാനമുണ്ടാകേണ്ടേ; അതില്ലെങ്കിൽ എങ്ങനെയാണ് തൊഴിലവസരങ്ങളും സംരംഭങ്ങളുമുണ്ടാകുന്നത്; എങ്ങനെയാണ് നമുക്ക് ഇതിനെ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നത്? വികസനോന്മുഖമല്ലാതെ ഈ പ്ലാനിനെ വെറും റെഗുലേറ്ററി മാത്രമാക്കിമാറ്റി ഇവിടെ അവതരിപ്പിക്കുന്നതുകൊണ്ട് ഇന്നത്തെ ദിവസം ഒരു ബിൽ പാസ്സാക്കി എന്നതിനപ്പുറത്തേയ്ക്ക് എന്ത് ഗുണമാണ് നമ്മുടെ നാടിനുണ്ടാകാൻ പോകുന്നതെന്നുള്ളത് ഗവൺമെന്റ് ഗൗരവമായി ചിന്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ എക്സിക്യൂഷൻ പ്ലാനിനെ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ. അത് എന്തിനാണ് എടുത്ത് മാറ്റുന്നത്; നമ്മുടെ ലോക്കൽ സെൽഫ് ഗവൺമെന്റുകൾക്ക് ആ ഒരു അധികാരം കൂടുതൽ നൽകേണ്ടതല്ലേ? ഇതിലെ പല ക്ലോസിലും സി.ടി.പി. എന്ന ടേം എത്ര സ്ഥലങ്ങളിലാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് പരിശോധിച്ചുനോക്കണം. എല്ലാം ഒരു കേന്ദ്രത്തിലേയ്ക്ക് വരികയാണ്. അതുകൊണ്ട് പ്രോസസിംഗ് വൈകുമെന്നുള്ളതല്ലാതെ എന്ത് ഗുണമാണ് പ്രത്യേകിച്ച് ലഭിക്കുന്നത്; അതിന്റെ പർപ്പസ് എന്താണ്? മറ്റൊരു കാര്യം, ബഹുമാനപ്പെട്ട പി. ടി. തോമസ് ഇവിടെ പറഞ്ഞതുപോലെ, നമ്മുടെ ലോക്കൽ ബോഡികളുടെമേൽ ഇരുമ്പുലക്കപോലെ ഒന്ന് അടിച്ചേൽപ്പിക്കുകയാണ്. അവരുടെ പ്രാദേശിക ആവശ്യങ്ങളോട് ഒരുതരത്തിലും കണക്കുഡല്ലാത്തതിന് പതിറ്റാണ്ടുകൾക്ക് മാറ്റാൻ കഴിയില്ലെന്ന

നിർബന്ധബുദ്ധി അടിച്ചേൽപ്പിക്കുന്നതാണോ, അതോ അവരെക്കൂടി വിശ്വാസത്തിലെടുത്ത് നാട്ടിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസൃതമായി അടിയന്തര സാഹചര്യങ്ങളിലിടപെടാൻ അധികാരം നൽകുന്നതാണോ നല്ലതെന്ന് സർക്കാർ ആലോചിക്കണം. പ്രളയവുമായി ബന്ധപ്പെട്ട് അടിയന്തര സാഹചര്യങ്ങളിലുണ്ടാക്കുന്ന മാറ്റങ്ങളെ സംബന്ധിച്ചാണ് ഇത് പ്രൊപ്പോസ് ചെയ്തിരിക്കുന്നത്. ആ അടിയന്തര സാഹചര്യത്തിലിടപെടാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന നിർദ്ദേശങ്ങൾ ഈ ഭേദഗതി ബില്ലിൽ എവിടെയാണുള്ളതെന്ന് ആത്മാർത്ഥമായി പരിശോധിക്കുന്നത് നല്ലതായിരിക്കും. ഒരു ദിശാബോധമില്ലായ്മ ഇതിൽ വളരെ പ്രകടമാണ്. റെഗുലേറ്റ് ചെയ്യുക എന്നതിനപ്പുറത്തേയ്ക്ക് നാടിന്റെ വികസനത്തെ സംബന്ധിച്ചുള്ള ഒരു കൺസെപ്റ്റുമില്ല. കളക്ടീവായ ഇൻവെസ്റ്റ്മെന്റ് ഒരു പ്രദേശത്തെ വികസന കാര്യങ്ങളിലുണ്ടാകണം. മാലിന്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്ത നഗരങ്ങളാണ് അധികവും സംസ്ഥാനത്തുള്ളത്. പാലക്കാട് ജില്ലയുൾപ്പെടെ മാലിന്യത്തിന്റെ വലിയഭാരം പേറേണ്ടി വരികയാണ്. മാലിന്യത്തിന്റെ ട്രെഞ്ചിംഗ് ഗ്രൗണ്ടിലേയ്ക്ക് ഒരു ലോഡ് വാഹനവും കടത്തിവിടാൻ പ്രദേശവാസികൾ സമ്മതിക്കുന്നില്ല. എങ്ങനെയാണ് അതിനെ ട്രീറ്റുചെയ്യേണ്ടത്; എങ്ങനെയാണ് അതിനെ അഡ്രസ്സ് ചെയ്യേണ്ടത്? നഗരം ചീഞ്ഞുനാറുകയാണ്. 'അമൃത് പദ്ധതി പോലൊരു വലിയ പദ്ധതി അവിടെ നടപ്പിലാക്കാൻ തീരുമാനിച്ചു. എന്നാൽ അതിന്റെ പ്രോസസ്സിംഗിനുതന്നെ വലിയ ഡിലേയാണ് സംഭവിച്ചിരിക്കുന്നത്. പൈപ്പ് ലൈൻ ഇടുന്നതിനുവേണ്ടി വാട്ടർ അതോറിറ്റി റോഡുകൾ പൊളിച്ചു, പൈപ്പ് ലൈൻ ഒരു വശത്തിട്ടു. പൈപ്പ് ഇട്ടതുൾപ്പെടെയുള്ള ഭാഗങ്ങളിൽ റോഡ് reinstate ചെയ്യാൻ സാധിക്കുന്നില്ല. പാലക്കാട് നഗരത്തിലെ മുനിസിപ്പാലിറ്റി റോഡുകൾ മുഴുവൻ തകർന്ന് തരിപ്പണമായി കിടക്കുകയാണ്. പദ്ധതി നടത്തിപ്പിന്റെ കാലതാമസം കാരണം അതിന്റെ reinstatement വൈകുന്നു. പാലക്കാടിന്റെ കാര്യം ഇവിടെയുള്ള എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്കുമറിയാം. ഒരു വശത്ത് പ്രളയത്തിന്റെ പ്രയാസം, മറുവശത്ത് കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, റോഡുകളുടെ കാര്യങ്ങൾ. ഒരു പ്രദേശത്ത് വികസനം നടക്കുമ്പോൾ അവിടെ വൈദ്യുതിയും വെള്ളവുമെത്തിക്കുന്നതുൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾ. സ്മാർട്ട് സിറ്റിപോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ എല്ലാ അർത്ഥത്തിലുമുള്ള ഇൻവെസ്റ്റ്മെന്റിനെ പൂൾചെയ്ത് അവിടെ ഒരു പ്ലാനോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഈ ബില്ലിൽ പറയുന്നത് നഗരാസൂത്രണ വകുപ്പിന്റെ മാത്രമായി പ്രത്യേകമായിട്ടുള്ള ഒരു പ്ലാൻകൂടി പാസ്സാക്കണമെന്നുള്ളതാണ്. ഇനി ഓരോ വകുപ്പും ആ ദിശയിൽ ചിന്തിക്കാൻ തുടങ്ങും. ഇറിഗേഷൻ അവരുടെ ഒരു പ്ലാനുമായി വരും, വാട്ടർ അതോറിറ്റി വേറൊരു പ്ലാനുമായി വരും. ഓരോ വകുപ്പും വ്യത്യസ്ത പ്ലാനുകളുമായി വരുമ്പോൾ ആരാണ് ഇതിനെ സംയോജിപ്പിക്കുന്നത് എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിയതിനു

ശേഷമാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവരേണ്ടിയിരുന്നത്. 36-ാം വകുപ്പിലെ ഭേദഗതിയിലെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനുമുള്ള നടപടി ക്രമത്തിലാണ് സി.ടി.പി. രാജിന്റെ മർമ്മം. 35-ാം നമ്പർ ഭേദഗതിയിൽ 8 ഉപവിഭാഗ ഭേദഗതികളാണ് നിർദ്ദേശിച്ചിരിക്കുന്നത്. ചീഫ് ടൗൺ പ്ലാനർ മുഖേന എന്ന ക്ലിപ്തനിബന്ധന 8 തവണയിൽ കൂടുതൽ ഈ ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരു സമിതിയോ തദ്ദേശഭരണ സ്ഥാപനമോ തയ്യാറാക്കുന്ന പ്ലാൻ സമർപ്പിക്കുമ്പോൾ ഒരു ഉദ്യോഗസ്ഥനല്ലാതെ, ഒരു സമിതിക്ക് ഡി.പി.സി.-യോ സർക്കാരോ കൈമാറുക എന്ന ആശയമായിരുന്നു 2016-ലെ ആക്ടിൽ പിന്തുടർന്നിരുന്നത്. ഈ ആശയം ലംഘിച്ചുകൊണ്ട് ഈ ബില്ലിൽ സി.ടി.പി. രാജ് നടപ്പിലാക്കുന്നുവെന്ന് പറയേണ്ടിവരും. മാത്രമല്ല, 38-ഉം 39-ഉം ഭേദഗതികൾ സർക്കാരിന് സ്വമേധയാ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും അനുമതി നൽകുന്നതിനും നിർദ്ദേശിക്കുന്നു. ചുരുക്കത്തിൽ സി.ടി.പി.-യിൽ എല്ലാ അധികാരവും നിയോഗിക്കപ്പെടും. ഇതുതന്നെയാണോ ഈ ഗവൺമെന്റിന്റെ നയം; ഈ ഗവൺമെന്റ് നേതൃത്വം നൽകുന്ന പാർട്ടികളുടെ നയം? ഒരു blank cheque ഒപ്പിട്ട് നൽകുന്നൊരു പ്രതീതിയാണ്. എല്ലാം അവിടെയാണ്. അവിടെനിന്ന് തീരുമാനമെടുത്താൽ ബാക്കിയെല്ലാവരും അത് അംഗീകരിച്ചേക്കണമെന്നുള്ളതാണ്. ഇത് എങ്ങനെയാണ് നമ്മുടെ വികസനത്തെ ത്വരിതപ്പെടുത്തുന്നത്; ഇതെങ്ങനെയാണ് ഒരു ലോക്കൽ ബോഡിക്ക് അവരുടെ പ്രദേശത്ത് അടിയന്തരമായി നടപ്പിലാക്കാനുള്ള വികസന പ്രവർത്തനങ്ങളെ strengthen ചെയ്യുന്നത്; അതിനെ സംബന്ധിച്ച് മതിയായ ചർച്ചകളുണ്ടായിട്ടുണ്ടോ? ജില്ലാ ആസൂത്രണ കമ്മിറ്റിക്ക് ഭരണഘടന നൽകിയിരിക്കുന്ന അധികാരങ്ങളിൽ പലതും കവരുന്നതരത്തിലാണ് ഇതിലെ ഭേദഗതികളുണ്ടായിരിക്കുന്നത്. ഇത് ഭരണഘടനാ വിരുദ്ധമായി കാണേണ്ട ഒന്നാണ്. മതിയായ ചർച്ചകളോ ആലോചനകളോ futuristic ആയിട്ടുള്ള ഒരു തരത്തിലുള്ള കൺസെപ്റ്റോ കൂട്ടിയിണക്കാതെ തിടുക്കപ്പെട്ടാണ് ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടുവച്ചിരിക്കുന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല.

നഗര പ്രദേശങ്ങളിലെ നിലവുമായി ബന്ധപ്പെട്ട തർക്കങ്ങൾ സംബന്ധിച്ച കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നു. പ്രൊപ്പോസ്ഡ് മാസ്റ്റർ പ്ലാനിൽ ഈ സ്ഥലം കൊമേഴ്സ്യലാണെന്ന് കാണുന്നു. അക്കാര്യത്തിൽ ആർക്കും തർക്കമില്ല. സർക്കാരിന്റെ ഒരു സ്കീമിൽ ഇൻഡസ്ട്രിയലായി, കൊമേഴ്സ്യലായി കാണുന്ന ലാൻഡിന് അത് പാസ്സാക്കാൻ വൈകിയതിന്റെ പേരിൽ നിലമായിത്തന്നെ കണക്കാക്കി സംരംഭകരെക്കൊണ്ട് ആ ലാൻഡിന്റെ കൺവേർഷൻ റേറ്റുകൂടി അടപ്പിച്ചശേഷം അത് ഇൻഡസ്ട്രിയലാണ്, കൊമേഴ്സ്യലാണെന്ന് പറയുന്നതിൽ എന്താണ് അർത്ഥം? ഗവൺമെന്റിന്റെ സ്കീമിലും പ്രൊപ്പോസലിലും

ഗവൺമെന്റിനുതന്നെ വിശ്വാസമില്ലെന്നുള്ളതല്ലേ അതിൽ രേഖപ്പെടുത്താൻ ശ്രമിക്കുന്നത്? ഒരു നഗര പ്രദേശത്തെ ലാൻഡാണെങ്കിൽ അതിന് ഓരോന്നിനും അപേക്ഷ വരുന്നതിനുമുമ്പുതന്നെ ഈ ലാൻഡ് ഇന്ന കാര്യത്തിനായി ഉപയോഗപ്പെടുത്താവുന്നതാണ്; അതിനനുസരിച്ചുള്ള കാര്യങ്ങൾ അവിടെയുണ്ടാകട്ടെയെന്നുള്ളത് നമുക്ക് തീരുമാനിക്കാവുന്നതേയുള്ളൂ. എന്നാൽ അത്തരം കാര്യങ്ങളുണ്ടാകുന്നില്ല. ഡ്രെയിനേജും എസ്.റ്റി.പി. (സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്)-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിച്ച് നഗരങ്ങളിൽ ജനങ്ങൾക്ക് ആശ്വാസകരമായി ജീവിക്കാനുള്ള സാഹചര്യമുണ്ടാക്കണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, 2018-ലെ പ്രളയത്തിനുശേഷം നഗരങ്ങളിൽ വലിയതോതിൽ വെള്ളക്കെട്ടുണ്ടാകുന്നുണ്ട്. മഴപെയ്തും വെള്ളക്കെട്ടുണ്ടാകാറുണ്ട്. എറണാകുളം നഗരത്തിൽ ഒട്ടേറെ സ്ഥലങ്ങളിൽ വെള്ളപ്പൊക്കമുണ്ടാകുന്നത് മഴപെയ്തുണ്ടാകുന്ന വെള്ളക്കെട്ടുകൾമൂലമാണ്. ഇവിടെയൊക്കെയുണ്ടാകുന്ന പ്രധാന പ്രശ്നം മഴപെയ്യുമ്പോൾ വീടുകൾക്കുള്ളിലും ടോയ്‌ലറ്റ് ടാങ്കുകൾക്കുള്ളിലും വെള്ളം കയറി ജനജീവിതം ദുഃസ്സഹമാകുന്നുവെന്നതാണ്. ഇപ്പോൾ എല്ലാ വീടുകളും ലിഫ്റ്റ് ചെയ്യുകയാണ്. അതായത്, നിലവിൽ വീടുകൾ നിൽക്കുന്ന അവസ്ഥയിൽനിന്ന് രണ്ടുമൂന്നടി ഉയർത്തുകയാണ്. പലപ്പോഴും ഇതുപോലുള്ള നിരവധി പ്രതിസന്ധികൾ അവിടെയുള്ള ആളുകൾ അഭിമുഖീകരിക്കുന്നുണ്ട്. അത്തരം കാര്യങ്ങൾകൂടി താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അത്തരത്തിലുള്ള ഒരുപാട് പ്രശ്നങ്ങൾ നഗര ജീവിതത്തിലെ പല ഘട്ടങ്ങളിലും ജനങ്ങളെ സാരമായി ബാധിക്കുകയാണ്. ഒരു വികസനോന്മുഖ പ്ലാനാക്കി ഈ ഭേദഗതികളെയും മാസ്റ്റർ പ്ലാനിനെയും നഗരാസൂത്രണത്തെയും മാറ്റാൻ ഗവൺമെന്റ് തയ്യാറാകണം. കേവലം ഭരണപരമായ ചില റെഗുലേഷൻസിനും അതിന്റെ നിയന്ത്രണം ആർക്കാണെന്ന് തീരുമാനിക്കുന്നതിനുംവേണ്ടി ഒരു ഭേദഗതി അവതരിപ്പിച്ച് 2016-ലെ ബില്ലിന്റെ ആക്ച്വൽ സ്പിരിറ്റിനെപ്പോലും ചോർത്തുന്നതരത്തിലുള്ള ഒരു നടപടി മാത്രമായി ഇത് മാറരുത്. പാലക്കാട് നിയോജകമണ്ഡലത്തിലെ കൽപ്പാത്തി ഉൾക്കൊള്ളുന്ന പ്രദേശങ്ങൾ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കപ്പെട്ട സ്ഥലമാണ്. അത്തരം സ്ഥലങ്ങളിലെ വീടുകളുടെ അറ്റകുറ്റപ്പണിക്കും നിർമ്മാണത്തിനുമുള്ള അധികാരം തിരുവനന്തപുരത്തെ ഒരു കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. ചെറിയ മാറ്റങ്ങൾക്കുപോലും ഇവിടെ വരേണ്ട അവസ്ഥയാണ്. പൈതൃകത്തെ സംരക്ഷിക്കണമെന്ന കാര്യത്തിൽ സംശയമില്ല. അത് സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം അവിടെ താമസിക്കുന്ന ആളുകളെ മാത്രം ഏൽപ്പിച്ചശേഷം ഗവൺമെന്റും നമ്മളുമൊക്കെ മാറി നിൽക്കുകയാണ്. നിങ്ങളുടെ വീടുകളെല്ലാം

ഇതുപോലെ സംരക്ഷിക്കണം, ഇങ്ങനെയായിരിക്കണമെന്നൊക്കെ പറഞ്ഞ് ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലെ പൈതൃകത്തെ സംരക്ഷിക്കാൻ തീരുമാനിക്കുന്നുണ്ടെങ്കിൽ ആ സംരക്ഷണത്തിന്റെ ഭാഗമായുള്ള പ്ലാൻ കൊണ്ടുവന്ന് മിനിമം ചില കാര്യങ്ങളിലെങ്കിലും ഗവൺമെന്റ് സപ്പോർട്ട് കൊടുക്കണ്ടേ? അവിടെ ഒറ്റ ചുമർ ഷെയർ ചെയ്താണ് എല്ലാ വീടുകളുമുള്ളതെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾ പുതിയ ആളുകൾ വരുന്നു, കുട്ടികൾ കല്യാണം കഴിക്കുന്നു, അവർക്ക് അറ്റാച്ച്ഡ് ബാത്ത്റൂം പലയിടത്തുമില്ല. ഒരു സ്ഥലത്തുനിന്നും എഴുന്നേറ്റാൽ നീളത്തിലുള്ള വീടിന്റെ പുറകിലാണ് ടോയ്‌ലറ്റ് സ്ഥിതിചെയ്യുന്നത്. പ്രായമായ ആളുകളുടെ അവസ്ഥയെന്താണ്? ആയകാലത്ത് അവർ ടോയ്‌ലറ്റിൽ നടന്നുപോകുമായിരുന്നു. പക്ഷേ, ഇപ്പോൾ അത്രയുംദൂരം നടക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. മക്കൾ തൊഴിലിനും മറ്റ് ബന്ധപ്പെട്ട കാര്യങ്ങൾക്കുമായി നാടിന് പുറത്തായതിനാൽ അവർക്ക് ജീവിതംതന്നെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ പ്രയാസകരമായ സാഹചര്യമുണ്ടാകുന്നു. പൈതൃക സംരക്ഷണം അവിടെ താമസിക്കുന്ന സാധാരണക്കാർ ഉൾപ്പെടെയുള്ള ആളുകളുടെ മാത്രം ബാദ്ധ്യതയാകുന്നത് എങ്ങനെയാണ്? അതിൽ എന്തെങ്കിലുമൊരു മാറ്റം വരുത്തണമെങ്കിൽ അനുമതിക്കുവേണ്ടി മുഴുവൻ ഫയലുകളും തിരുവനന്തപുരത്ത് അയയ്ക്കണമെന്നതിൽ ഒരു മാറ്റം വരുത്തേണ്ടതില്ലേ? അതിനൊരു ഗൈഡ്‌ലൈൻ ഫിക്സ് ചെയ്ത് ലോക്കലായി പെർമിഷൻ നൽകാനും ആ ഗൈഡ്‌ലൈൻപ്രകാരം കാര്യങ്ങൾ നിലനിർത്താനുമുള്ള സംവിധാനമുണ്ടാക്കണം. വാഹനങ്ങളില്ലാത്ത വീടുകൾ ഇപ്പോഴില്ല. പണ്ട് വാഹനങ്ങളില്ലാതിരുന്നു. അഗ്രഹാരങ്ങളുടെ നിർമ്മാണ ശൈലി എങ്ങനെയാണെന്ന് എല്ലാവർക്കുമറിയാവുന്നതാണ്. വീടുകളുടെ മുമ്പിൽ ഒരു കാർ നിർത്തിയിടാൻ മാർഗ്ഗങ്ങളില്ല. അത് വേണമെന്ന് ആഗ്രഹിക്കുന്ന ആളുകൾ അവിടെയുണ്ടാകുമ്പോൾ, വീടിന്റെ മുൻവശം അതുപോലെ നിലനിർത്തി കാർ അകത്തേയ്ക്ക് കയറ്റണമെങ്കിൽ അതിന്റെ പണം മുഴുവൻ അവിടെ താമസിക്കുന്നവർ ചെലവാക്കണമെന്നാണോ? കുറച്ചുകൂടി ചർച്ച ചെയ്ത് നിർമ്മാണ മേഖലയിലുൾപ്പെടുന്ന ആളുകളെ വിശ്വാസത്തിലെടുത്ത് വികസനോന്മുഖമായി, വികേന്ദ്രീകരണത്തെ ബാധിക്കാത്തതരത്തിൽ അധികാരങ്ങൾവീണ്ടും സെൻട്രലൈസ്ഡ് ആയി തിരുവനന്തപുരത്തേയ്ക്ക് നിക്ഷേപിക്കുന്നതിനുപകരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജില്ലാ ആസൂത്രണ സമിതികളെയും ജില്ലാ ടൗൺ പ്ലാനിംഗുമുൾപ്പെടെയുള്ള സംവിധാനങ്ങളെയും കൂടുതൽ സ്ട്രെംഗ്തൻചെയ്ത് അവർക്ക് കൂടുതൽ തീരുമാനങ്ങളെടുക്കാനുള്ള അധികാരം നൽകണം. വെറും റെഗുലേറ്ററി ആക്ട് എന്നതിനപ്പുറത്തേയ്ക്ക് നാടിന്റെ വികസനത്തെ സംബന്ധിച്ചുള്ള കാഴ്ചപ്പാടും ആശയവുമുള്ള അത്തരം കാര്യങ്ങൾക്കൊരു വ്യക്തത ഉദ്യോഗസ്ഥർക്കും ഇൻവെസ്റ്റ് ചെയ്യാൻ പോകുന്നവർക്കും നാട്ടിൽ ജീവിക്കുന്നവർക്കും കിട്ടാവുന്ന ഒരു കാര്യമാണെന്ന് ആവർത്തിച്ചുപറയുന്നു. ഇതൊന്നും പരിഗണിക്കാത്ത ഈ ഭേദഗതിയെ ഞാൻ നിരാകരിക്കുന്നു.

(iv) 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

Shri. T. J. Vinod: Sir, I move that- " This House resolves to disapprove The Kerala Municipality (Amendment) Ordinance, 2021 (Ordinance No.126 of 2021). 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ ഉൾപ്പെടുന്ന വിവിധ വകുപ്പുകൾ ഭേദഗതി ചെയ്തുകൊണ്ട് 2020 മേയ് 4, 2020 സെപ്റ്റംബർ 30, 2020 നവംബർ 19, 2021 ഫെബ്രുവരി 12 എന്നീ തീയതികളിൽ പ്രാബല്യത്തിൽ വരത്തക്കവിധം ഓർഡിനൻസ് പുറപ്പെടുവിക്കുകയും 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ എന്ന പേരിൽ നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തേണ്ട ഈ കാലഘട്ടത്തിൽ കഴിഞ്ഞ അഞ്ചര വർഷക്കാലമായി സംസ്ഥാനം ഭരിക്കുന്ന ഈ ഗവൺമെന്റ് അവയെ ദുർബലപ്പെടുത്തുന്ന നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന ബഹുമാന്യനായ ഷാഫി പറമ്പിലിന്റെയും മറ്റംഗങ്ങളുടെയും അഭിപ്രായത്തോട് എനിക്ക് യോജിപ്പാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് ബഹുമാന്യനായ പി. ടി. തോമസ് ഉൾപ്പെടെ പലരും ഇവിടെ പറഞ്ഞു. ജനകീയാസൂത്രണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം സംസ്ഥാനത്തെമ്പാടും വലിയ ആഘോഷമായി നടക്കുകയാണ്. 25 വർഷത്തെ അനുഭവസമ്പത്തുവച്ചുകൊണ്ട് കൂടുതൽ അധികാരം നൽകി അവയെ ശാക്തീകരിക്കുകയെന്നുള്ള നടപടിയാണ് യഥാർത്ഥത്തിൽ ഗവൺമെന്റ് ചെയ്യേണ്ടിയിരുന്നത്. പക്ഷേ നമ്മൾ തിരിഞ്ഞുനോക്കുമ്പോൾ 25 വർഷമായി ഓരോ ദിവസവും ഈ സ്ഥാപനങ്ങളുടെ അധികാരം ഓരോന്നായി ഇല്ലായ്മചെയ്യുന്ന നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളതെന്ന് കാണാൻകഴിയും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മുന്നോട്ടുപോകാൻ ഒരു നിവൃത്തിയുമില്ലാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ജി.എസ്.ടി.-യുടെ പേരിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പരസ്യ നികുതിയും വിനോദ നികുതിയും പിരിക്കാനുള്ള അവകാശം അവർക്ക് നിഷേധിച്ചിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗമാണ് പരസ്യ നികുതിയും വിനോദ നികുതിയുമെന്ന് നമുക്കറിയാം. ഭരണഘടനയുടെ 101-ാം ഭേദഗതിയിൽ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാൻ പാർലമെന്റ് തീരുമാനിച്ചതിനെത്തുടർന്ന് 7-ാം ഷെഡ്യൂളിൽ സ്റ്റേറ്റ് ലിസ്റ്റിലാണ് വിനോദ നികുതിയുടെ ജി.എസ്.ടി. ഉൾപ്പെടുത്തിയിരിക്കുന്നത്. അതിൽ ലോക്കൽ ബോഡികൾ പിരിക്കുന്ന ജി.എസ്.ടി. ഒഴിവാക്കണമെന്ന് വ്യക്തമായി പറയുന്നുണ്ട്. ഇന്ത്യയുടെ പല സംസ്ഥാനങ്ങളും അത്തരത്തിൽ ലോക്കൽ ബോഡികൾക്ക് വിനോദ നികുതിയും പരസ്യ നികുതിയും പിരിക്കാനുള്ള അവകാശം ഇന്ന്

കൊടുത്തിട്ടുണ്ടെന്നുള്ളതും വസ്തുതയാണ്. പക്ഷേ സ്റ്റേറ്റ് ലിസ്റ്റിൽ വന്നിട്ടുള്ള ഈ വിഷയത്തിന്റെ പേരിൽ ജി.എസ്.ടി. വന്നതോടുകൂടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരസ്യ നികുതിയും വിനോദ നികുതിയും പിരിക്കാനുള്ള അധികാരം കേരള ഗവൺമെന്റ് എടുത്തുകളഞ്ഞു. അതിനാൽ അവരെല്ലാം വലിയ ബുദ്ധിമുട്ടിലാണ്. നഗരസഭാ കൗൺസിലിന്റെ അനുമതിയില്ലാതെ നഗരസഭയുടെ ഏത് ഭൂമിയും ഏറ്റെടുക്കാനുള്ള അധികാരം ഇന്ന് ഗവൺമെന്റ് നടപ്പാക്കിയിരിക്കുകയാണ്. ഒരു പ്രാദേശിക സർക്കാരിന്റെ ഭൂമി ഏറ്റെടുക്കുമ്പോൾ കൗൺസിലിന്റെ അംഗീകാരമെങ്കിലും ചോദിക്കണ്ടേ? അതുപോലും ചെയ്യാതെ മുന്നോട്ടുപോകുന്നത് ഭരണഘടനാ സ്ഥാപനങ്ങളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതോ; ദുർബലപ്പെടുത്തുന്നതോ ദുർബലപ്പെടുത്തുന്നതാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2011 മേയ് മാസം 26-ന് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ബഹുമാന്യനായ ഉമ്മൻ ചാണ്ടി നഗരസഭാ കൗൺസിലിന്റെ തീരുമാനത്തിന് വിധേയമായി നഗരസഭയുടെ തനത് ഫണ്ട് ഏത് നാഷണലൈസ്ഡ് ബാങ്കിലും നിക്ഷേപിക്കാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി. 2021 ഏപ്രിൽ മാസം 30-ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ തനത് ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് ധനകാര്യ വകുപ്പ് ഒരു സർക്കുലർ ഇറക്കിയിരിക്കുകയാണ്. അങ്ങനെയൊരു തീരുമാനമെടുക്കുന്നത് യഥാർത്ഥത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുകയാണോ, ദുർബ്ബലപ്പെടുത്തുകയാണോ ചെയ്യുന്നത്? സംസ്ഥാനത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ സമ്മതിക്കുന്നുണ്ട്. പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായി നടത്തുന്ന പ്രവൃത്തികളുടെ ബിൽ മാറുന്നതിനുവേണ്ടി ചില സന്ദർഭങ്ങളിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിൽപോയി നിൽക്കേണ്ട സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. അത്തരമൊരു സാമ്പത്തിക പ്രതിസന്ധി സംസ്ഥാനം നേരിടുന്ന സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന തനത് ഫണ്ട് ട്രഷറിയിലേയ്ക്ക് മാറ്റുന്നതിലൂടെ യഥാർത്ഥത്തിൽ അവരുടെ ഗതി എന്താകുമെന്ന് അങ്ങ് ആലോചിക്കണം. ആ വിഷയം വളരെ ഗൗരവമുള്ളതാണ്. ഒരു സർക്കുലറിലൂടെയാണ് ഗവൺമെന്റ് ഈയൊരു തീരുമാനമെടുത്തതെന്നാണ് പത്രമാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെ D&O (Dangerous and Offensive) ലൈസൻസ് നൽകുന്നതിനുള്ള അധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി ഏകജാലക സംവിധാനത്തിലൂടെ സ്ഥാപനങ്ങൾ തുടങ്ങുന്നതുമൂലം നിയമവിരുദ്ധമായി നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കാൻപോലും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

സ്വാഭാവികമായും അവർക്ക് ഏകജാലക സംവിധാനത്തിലൂടെ എല്ലാ ലൈസൻസും നേടിയെടുക്കാൻ കഴിഞ്ഞിരിക്കുകയാണ്. നിയമവിരുദ്ധമായി നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെപോലും നടപടിയെടുക്കാനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ആറ് ഡിപ്പാർട്ടുമെന്റുകളെ സംയോജിപ്പിച്ചുകൊണ്ട് ഏകീകൃത സർവ്വീസ് നടപ്പാക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. നമ്മുടെ മുനിസിപ്പാലിറ്റികളെല്ലാം ശമ്പളം കൊടുക്കാൻപോലും കഴിയാത്തരീതിയിൽ മുന്നോട്ടുപോവുകയാണ്. ഈ സാഹചര്യത്തിൽ, സർക്കാർ അവരുടെ ശമ്പളം കൊടുക്കാനുള്ള നടപടിയെങ്കിലും സ്വീകരിക്കേണ്ടേ? വളരെയേറെ ബുദ്ധിമുട്ട് നേരിടുന്ന ഒരു സാഹചര്യത്തിലൂടെയാണ് സംസ്ഥാനത്തെ നഗരസഭകൾ മുന്നോട്ടുപോകുന്നതെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇന്നിവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി ആക്ട് 2-ാം വകുപ്പിലെ 6 മുതൽ 11 വരെ എംപാനൽഡ് ലൈസൻസികൾക്കും കെട്ടിട ഉടമകൾക്കും കുറഞ്ഞ അപകട സാധ്യതയുള്ള കാറ്റഗറിയിൽ ഉൾപ്പെട്ട 3000 സ്ക്വയർ ഫീറ്റ് വരെയുള്ളതും രണ്ട് നില വരെയുള്ള വാസഗൃഹങ്ങൾക്കും 2000 സ്ക്വയർ ഫീറ്റിന് താഴെയുള്ള ഹോസ്റ്റലുകൾക്കും ഡോർമിറ്ററികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മതപരമായ കെട്ടിടങ്ങൾക്കും 1000 സ്ക്വയർ ഫീറ്റ് വരെയുള്ള വാണിജ്യ കെട്ടിടങ്ങൾക്കും നിർമ്മാണവും പുനർനിർമ്മാണവും നടത്തുന്നതിനായി സെക്രട്ടറിയുടെ അനുമതി കാത്തുനിൽക്കാതെ കെട്ടിട ഉടമയും എംപാനൽഡ് ലൈസൻസിയും ചേർന്ന് സ്വയം സാക്ഷ്യപത്രം നൽകുന്നതനുസരിച്ച് നഗരസഭയിൽനിന്ന് നൽകുന്ന കൈപ്പറ്റ് രസീത് കെട്ടിട നിർമ്മാണം നടത്തുന്നതിനും പുനർനിർമ്മാണം നടത്തുന്നതിനും അംഗീകാരം നൽകിയിരിക്കുകയാണ്. ഈ ബില്ലിലൂടെ സംസ്ഥാനത്തെ നഗരസഭകളിൽ 3000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് എംപാനൽഡ് ലൈസൻസിയോ കെട്ടിട ഉടമയോ കൊടുക്കുന്ന ഒരു സർട്ടിഫിക്കറ്റ്/സത്യവാങ്മൂലം സമർപ്പിച്ചുകഴിഞ്ഞാൽ അവർക്ക് അഞ്ച് ദിവസത്തിനുള്ളിൽ കൈപ്പറ്റ് രസീത് വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനുള്ള അവകാശമാണ് ഈ ബില്ലിലൂടെ കൊടുക്കുന്നത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് പ്രകാരം, 'കുടിലുകൾ', 'കുടിലുകളല്ലാത്തവ' എന്നിങ്ങനെ രണ്ട് വിഭാഗം മാത്രമായിരുന്നു കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിന്നിരുന്നത്. അതിൽ സെക്ഷൻ 398 പ്രകാരം കുടിലുകൾക്ക് അപേക്ഷ കൊടുക്കേണ്ടതും സെക്ഷൻ 387 പ്രകാരം കുടിലുകളല്ലാത്തതിന് അപേക്ഷ നൽകേണ്ടതും അനുമതി വാങ്ങേണ്ടതുമാണ്. രണ്ടിനും അനുമതി വാങ്ങണം എന്നാണ് നിലനിന്നിരുന്ന ചട്ടം. എന്നാൽ ഈ ബിൽ പ്രകാരം അപകട സാധ്യതയില്ലാത്ത 3000 സ്ക്വയർ ഫീറ്റിൽ താഴെയെന്ന വിഭാഗംകൂടി ഉൾപ്പെടുത്തുകയും സെക്ഷൻ 387, 398 എന്നിവ റദ്ദ്

ചെയ്യാതിരിക്കുകയും ചെയ്യുന്നതുമൂലം ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം ആശയക്കുഴപ്പമുണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇപ്പോൾ മൂന്ന് വിഭാഗമാണെങ്കിൽ നേരത്തെ കുടിലുകളെന്നും കുടിലുകളല്ലാത്തതും എന്നീ രണ്ട് വിഭാഗങ്ങളായിരുന്നു. 3000 സ്ക്വയർ ഫീറ്റിൽ താഴെയുള്ള അപകടസാധ്യതയില്ലാത്ത കെട്ടിടങ്ങൾ എന്ന പുതിയൊരു വിഭാഗംകൂടി വന്നിരിക്കുകയാണ്. സെക്ഷൻ 387, 398 എന്നിവ റദ്ദ് ചെയ്തിട്ടില്ല. അത് റദ്ദ് ചെയ്യാത്തിടത്തോളം കാലം മൂന്ന് വിഭാഗമായി നിലനിൽക്കുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഈ ആക്ടിൽ, ക്രമനമ്പർ 10-ൽ 392 (എ) ആയി ഇത് കൂട്ടിച്ചേർക്കുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. 387, 398 എന്നിവ റദ്ദ് ചെയ്യാത്തത് ഉദ്യോഗസ്ഥരെ സംബന്ധിച്ച് വലിയ ആശയക്കുഴപ്പമുണ്ടാക്കുമെന്നുതന്നെയാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. '3000-ത്തിനുമേൽ സ്ക്വയർ ഫീറ്റുള്ള അപകട സാധ്യതയില്ലാത്ത കെട്ടിടങ്ങൾ' എന്നതിനും വ്യക്തത വരുത്തേണ്ടതായിട്ടുണ്ട്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 390-ാം വകുപ്പുപ്രകാരം പെർമിറ്റിനുള്ള അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനുള്ളിൽ കെട്ടിടത്തിന്റെ നിർമ്മാണത്തിനോ പുനർനിർമ്മാണത്തിനോ സെക്രട്ടറിക്ക് അംഗീകാരം നൽകുകയോ നിരസിക്കുകയോ ചെയ്യാമെന്ന് പറയുന്നുണ്ട്. എന്നാൽ 30 ദിവസം എന്നത് 15 ദിവസമാക്കിക്കൊണ്ടാണ് ഈ ബില്ലിൽ ഭേദഗതി വരുത്തിയിരിക്കുന്നത്. അതേസമയം അപേക്ഷ നൽകി അഞ്ച് ദിവസത്തിനുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും ഇത് പെർമിറ്റായി കണക്കാക്കി നിർമ്മാണം നടത്താമെന്നും ഭേദഗതിയിൽ പറയുന്നുണ്ട്. അത് വളരെ പ്രധാനപ്പെട്ടൊരു വിഷയമായതിനാൽ അതുസംബന്ധിച്ച് ഒരു വ്യക്തതയുണ്ടാക്കണം. നേരത്തെയുണ്ടായിരുന്ന നിയമത്തിൽ പറയുന്നത്, ഒരു അപേക്ഷ കൊടുത്താൽ 30 ദിവസത്തിനുള്ളിൽ അവർക്ക് പെർമിറ്റ് കൊടുത്തില്ലെങ്കിൽ അത് കല്പിത (Deemed) പെർമിറ്റായി പരിഗണിച്ച് നിർമ്മാണം നടത്താമെന്നായിരുന്നു. എന്നാൽ പുതിയ നിയമത്തിൽ അതുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നത് ഒരു അപേക്ഷ സമർപ്പിച്ചാൽ അഞ്ച് ദിവസത്തിനുള്ളിൽ കൈപ്പറ്റ് രസീത് വാങ്ങി അവർക്ക് നിർമ്മാണം നടത്താമെന്നാണ്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 387, 388, 389, 390, 391 എന്നീ വകുപ്പുകൾ റദ്ദ് ചെയ്യാതെ പ്രസ്തുത വകുപ്പുകളിലെ വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ട് പെർമിറ്റ് അല്ലെങ്കിൽ വിസമ്മതിക്കൽ 30 ദിവസത്തിനുപകരം 15 ദിവസമായി ഭേദഗതി അംഗീകാരം നൽകുന്നുണ്ട്. എന്നാൽ ഉടമ നൽകുന്ന അപേക്ഷയ്ക്ക് അഞ്ച് ദിവസത്തിനുള്ളിൽ സെക്രട്ടറി നൽകുന്ന കൈപ്പറ്റ് രസീതിനനുസൃതമായി കെട്ടിടമുടമയ്ക്ക് നിർമ്മാണം നടത്താൻ കഴിയും. ഇതെല്ലാം ഒരു വ്യക്തതയില്ലാതെയും എടുത്തുചാടി ചെയ്യുന്ന കാര്യമായും പോകുന്നുവെന്നുമുള്ള ആക്ഷേപം ഇതുമായി ബന്ധപ്പെട്ടുണ്ട്. ഇപ്രകാരം

അനുമതി നൽകുന്നത് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 388, 389 വകുപ്പുകൾക്ക് വിരുദ്ധവും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും എതിരുമാണെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് എടുത്തുചാടി മുന്നോട്ടുപോകുന്നത് ഗുണകരമല്ല എന്നുള്ള ഒരഭിപ്രായമാണ് എനിക്ക് പറയാനുള്ളത്.

മറ്റൊരു വിഷയം, കൗൺസിൽ ഡീ-ലിമിറ്റേഷനുമായി ബന്ധപ്പെട്ടുള്ളതാണ്. കൗൺസിലിന്റെ ഘടനയുമായി ബന്ധപ്പെട്ട് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6-ാം വകുപ്പ് മൂന്നാം ഉപവകുപ്പിൽ ജനസംഖ്യാനുപാതികമായി മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും ആകെ കൗൺസിലർമാരുടെ എണ്ണം പറഞ്ഞിട്ടുണ്ട്. അതുപ്രകാരം മുനിസിപ്പാലിറ്റിയിൽ 20000 വരെ ജനസംഖ്യയുള്ളതിന് 25 വാർഡ് എന്നുള്ളത് 26 ആക്കും. 20000-നുമേൽ ജനസംഖ്യയുള്ള വാർഡുകൾ 52 എന്നുള്ളത് 53 ആക്കും. ആദ്യത്തെ 20000 ജനസംഖ്യയ്ക്ക് 26 കൗൺസിലർമാരും അതിനുശേഷമുള്ള 2500 ജനസംഖ്യയെ ഓരോ വാർഡായി രൂപീകരിക്കുമെന്നാണ് ഈ നിയമത്തിൽ പറയുന്നത്. അതുപോലെതന്നെയാണ് കോർപ്പറേഷനിലും. 4 ലക്ഷം വരെ ജനസംഖ്യയുള്ളതിന് 55 വാർഡ് എന്നതിനെ 56 ആക്കും. നാല് ലക്ഷത്തിനുമേലുള്ള 100 എന്നുള്ളത് 101 ആക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ആദ്യത്തെ 4 ലക്ഷത്തിന് 56 കൗൺസിലർമാരും 4 ലക്ഷത്തിൽ കവിയുന്ന ഓരോ പതിനായിരം ജനസംഖ്യയ്ക്കും ഓരോന്നുവീതമാക്കുമെന്നാണ് ഈ ആക്ടിൽ പറയുന്നത്. കൊച്ചി നഗരത്തിൽ 1000-ൽ താഴെ വോട്ടുള്ള വാർഡുകളും 15000-നുമേൽ വോട്ടുള്ള വാർഡുകളുമുണ്ട്. സെൻസസിന് വിധേയമായി മാത്രമേ വാർഡ് പുനർനിർണ്ണയം നടത്താൻ പാടുള്ളൂവെന്ന് നിയമത്തിൽത്തന്നെ പറയുന്നുണ്ട്. 1994-ലെ മുനിസിപ്പാലിറ്റി ആക്ട് 6-ാം വകുപ്പിൽ രണ്ടാം ഉപവകുപ്പിന് വിരുദ്ധമാണ് സർക്കാരിന്റെ ഈ പ്രഖ്യാപനം. 2011-ലെ സെൻസസ് പ്രകാരമല്ലാതെ വാർഡ് ഡീ-ലിമിറ്റേഷൻ നടത്തുന്നത് ഭരണഘടനാ വിരുദ്ധമാണെന്നാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

3.00 p.m.]

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടതാണ് മറ്റൊരു വിഷയം. വോട്ടിംഗ് സമയം രാവിലെ ഏഴുമുതൽ വൈകുന്നേരം ആറുവരെ ആക്കിയിട്ടുണ്ട്. അഞ്ചുമണി മുതൽ ആറുമണിവരെയുള്ള സമയം സാംക്രമിക രോഗം പിടിപെട്ടവർക്കും ക്വാറന്റീനിലുള്ളവർക്കുമാണെന്നാണ് പറയുന്നത്. അതല്ലാത്തവർക്ക് ഈ സമയത്ത് വോട്ടുചെയ്യാൻ പറ്റുമോ എന്നതുസംബന്ധിച്ച് ഒരു വ്യക്തതയില്ല. അതുകൊണ്ട് ഇക്കാര്യത്തിലൊരു വ്യക്തതയുണ്ടാക്കണം. അഞ്ചുമണിമുതൽ

ആറുമണിവരെയുള്ള സമയം മറ്റുള്ളവർക്കുകൂടി വോട്ട് ചെയ്യാനുള്ള ക്രമീകരണം നടത്തണമെന്നാണ് ഒരു ഭേദഗതിയായി നിർദ്ദേശിക്കാനുള്ളത്. പോസ്റ്റൽ വോട്ടിന്റെ കാര്യത്തിലും ഈ നിയമത്തിൽ ഒരു വ്യക്തത കാണുന്നില്ല. പോസ്റ്റൽ വോട്ട് ചെയ്തിട്ടുള്ളൊരു വ്യക്തി മാർക്ഡ് കോപ്പി പ്രിസൈഡിംഗ് ഓഫീസർക്കും പാർട്ടി പ്രതിനിധികൾക്കും നൽകാത്തതിനെത്തുടർന്ന് വീണ്ടും വോട്ട് ചെയ്താൽ അവർക്കെതിരെ എന്തുനടപടി സ്വീകരിക്കുമെന്നതിനെ സംബന്ധിച്ചും ഈ നിയമത്തിൽ പറയുന്നില്ല. അതുകൊണ്ട് വളരെ തിരക്കിട്ട് ഇത്തരമൊരു നിയമ നടപടികളുമായി മുന്നോട്ടുപോകുന്നത് ശരിയല്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, നിരവധി വർഷക്കാലം കൊച്ചി കോർപ്പറേഷൻ ജനപ്രതിനിധിയും ഡെപ്യൂട്ടി മേയറുമായിരുന്ന ബഹുമാനപ്പെട്ട എം.എൽ.എ. ടി. ജെ. വിനോദ് കേരള മുനിസിപ്പാലിറ്റി ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറയുകയുണ്ടായി. അതിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചൊരു കാര്യവുമായി ബന്ധപ്പെട്ടാണ് ഞാൻ ഇടപെടുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശം പ്ലാൻ ഫണ്ട്, ഓൺ ഫണ്ട് എന്നീ രണ്ടുതരത്തിലുള്ള ഫണ്ടുണ്ട്. ഇവ രണ്ടു രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ഓൺ ഫണ്ട് പലപ്പോഴും വിത്തുപോലെ സൂക്ഷിക്കുന്ന ഒന്നാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നാഷണലൈസ്ഡ് ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള ഓൺ ഫണ്ട് ട്രഷറികളിലേയ്ക്ക് മാറ്റണമെന്ന് പറയുന്നതിന്റെ പിന്നിലുള്ള ലക്ഷ്യം 'വിത്തെടുത്ത് കുത്തുക' എന്നുപറയുന്നതുപോലെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിലേയ്ക്കുകൊണ്ടുവന്ന് അവർക്ക് ഇടപാട് നടത്തുവാനും സംസ്ഥാന ഗവൺമെന്റിന് തിരിമറി നടത്തുവാനും വേണ്ടിയിട്ടുള്ള ഒരു കാര്യമായി മാറുമ്പോൾ സ്വാഭാവികമായും ഇത് വികസനത്തെ ബാധിക്കും. പ്ലാൻ ഫണ്ടുപോലും കൃത്യമായി കിട്ടുന്നില്ലെന്ന് നമുക്കറിയാം. പല വർക്കുകളുടെയും ഫണ്ട് വർഷങ്ങൾ കഴിഞ്ഞാലും കരാറുകാർക്ക് ലഭിക്കാത്ത സാഹചര്യമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും അത്തരമൊരു പ്രശ്നം ഉദിക്കുമെന്നുള്ളത് ഇവിടെ എടുത്തുകാണിക്കേണ്ട ഒന്നുതന്നെയാണ്. മറ്റൊന്ന്, മുനിസിപ്പാലിറ്റിയുടെ കാര്യമാണ്. കോവിഡ്-19-ന്റെ വ്യാപനത്തിനുശേഷം സർക്കാർ ഒട്ടനവധി ഓർഡറുകൾ ഇറക്കിയിട്ടുണ്ട്. നിങ്ങൾ പണം ചെലവഴിക്കുക, കടം വാങ്ങുക, ഞങ്ങൾ നിങ്ങൾക്ക് തരാൻ പോകുന്നു എന്നൊക്കെ പറയും. അതിൽ എത്രമാത്രം ഫണ്ട് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്? എന്റെ നിയോജകമണ്ഡലത്തിലെ പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലെ എഫ്.എൽ.ടി.സി.-യ്ക്കും ഡി.സി.സി.-യ്ക്കും കോവിഡ്-19 നിവാരണത്തിനുള്ള പലവിധ മാർഗ്ഗങ്ങൾ ഏർപ്പെടുത്തിയ വകയിൽ കോടാനുകോടി രൂപയുടെ ഫണ്ട് ഗവൺമെന്റ് കൊടുക്കാനുണ്ട്. പക്ഷേ ആ ഫണ്ട് ഗവൺമെന്റിൽനിന്ന് ലഭ്യമാകുന്നില്ലെന്നുള്ളതുകൊണ്ട് ജീവനക്കാർക്ക് ശമ്പളം

നൽകാൻ കഴിയുന്നില്ലെന്നതുൾപ്പെടെയുള്ള പ്രയോഗിക ബുദ്ധിമുട്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അനുഭവിക്കുന്നുണ്ട്. കോർപ്പറേഷൻ ചെയർമാന്മാർ, മുനിസിപ്പൽ ചെയർമാന്മാർ, പഞ്ചായത്ത് മെമ്പർമാർ എന്നിവരെല്ലാം പണത്തിനുവേണ്ടി നെട്ടോട്ടമോടുന്ന, ബുദ്ധിമുട്ട് അനുഭവിക്കുന്ന കാഴ്ച കാണാൻ കഴിയുകയാണ്. ഇത്തരം സാഹചര്യത്തിൽ പഞ്ചായത്തിന്റെ, മുനിസിപ്പാലിറ്റിയുടെ, കോർപ്പറേഷന്റെ ഓൺ ഫണ്ടുകൾ അവർക്ക് ഇഷ്ടമുള്ള ബാങ്കുകളിൽ നിക്ഷേപിക്കുവാനും അതിനനുസൃതമായി അതിൽനിന്ന് പലിശ സ്വീകരിക്കുവാനും അക്കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുവാനും സാഹചര്യങ്ങൾ ഉണ്ടാകണമെന്ന കാര്യംകൂടി ഇവിടെ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, തെറ്റിദ്ധാരണാജനകമായ രീതിയിലുള്ള പരാമർശമാണ് ബഹുമാനപ്പെട്ട പെരുമ്പാവൂർ അംഗം ഇവിടെ അവതരിപ്പിച്ചത് എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പ്ലാൻ ഫണ്ട്, ഓൺ ഫണ്ട് എന്നീ രണ്ട് ഫണ്ടുകളിൽ പ്ലാൻ ഫണ്ട് ഗവൺമെന്റുതന്നെ നൽകുന്ന, അലോട്ടുമെന്റ് ട്രഷറിവഴി വരുന്നു. ഓൺ ഫണ്ട് ഇഷ്ടമുള്ള ബാങ്കിൽ സൂക്ഷിക്കുകയെന്ന് പറയുമ്പോൾ സ്വകാര്യ ബാങ്കുകളെയും കൊമേഴ്സ്യൽ ബാങ്കുകളെയും സന്തോഷിപ്പിക്കാനുള്ള ഒരു സാഹചര്യം അവിടെയുണ്ടാകും. ഗവൺമെന്റ് ഉത്തരവിൽ വലിയൊരു സദുദ്ദേശ്യവും സംസ്ഥാനത്തെ സമ്പദ്ഘടനയ്ക്ക് ഊർജ്ജം പകരുന്നൊരു സാഹചര്യവുമാണുള്ളത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓൺ ഫണ്ട് ട്രഷറിയിലേയ്ക്ക് വരുമ്പോൾ, അതിന്റെ ഉടമസ്ഥാവകാശം, കൈകാര്യം ചെയ്യാനുള്ള അവകാശം, അവർക്ക് സ്വാതന്ത്ര്യംപോലെ പിൻവലിക്കാനും ഉപയോഗിക്കാനുമുള്ള എല്ലാ അധികാരങ്ങളും നിലനിർത്തിക്കൊണ്ട് ഗവൺമെന്റിലേയ്ക്ക് ആ ഫണ്ട് വരുന്നുവെന്നുള്ളതുകൊണ്ട് ഗവൺമെന്റ് അതെടുത്ത് കൈകാര്യം ചെയ്യുന്ന, വിത്തെടുത്തുകുത്തി ഗവൺമെന്റ്, അത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എടുത്തുകൊണ്ടുപോകുന്നുവെന്നുള്ള നിലയിലുള്ള ഒരു പരാമർശമാണ് ഇവിടെ നടത്തിയത്. അത് ശരിയല്ലെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് സംസ്ഥാനത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനുപകരിക്കുന്ന ഒരു നല്ല തീരുമാനമാണെന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു നിലയിലും ദോഷകരമല്ലാത്തതാണെന്നുമാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട പൂഞ്ഞാർ അംഗം തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്. നാഷണലൈസ്ഡ് ബാങ്കുകളെ സ്വകാര്യ ബാങ്കുകളെന്ന് വിശേഷിപ്പിക്കാൻ കഴിയുകയില്ല. നാഷണലൈസ്ഡ് ബാങ്കുകൾ സംസ്ഥാന-കേന്ദ്ര ഗവൺമെന്റിന്റെ നയ-നിയമനടപടികൾക്ക് വിധേയമായി

പ്രവർത്തിക്കുന്ന ബാങ്കുകളാണ്. ട്രഷറിയിലേയ്ക്ക് ഒരു ഫണ്ട് പോയിക്കഴിഞ്ഞാൽ ട്രഷറിയിൽനിന്നും തിരിച്ചെടുക്കാൻ ബുദ്ധിമുട്ടാണ്. ട്രഷറിയിലേയ്ക്ക് പണം കൊടുക്കുന്നതിനെ ഞങ്ങൾ എതിർക്കുന്നില്ല. ഇവിടെ വിത്തെടുത്ത് കുത്തുകയെന്ന് പറഞ്ഞാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കുന്ന ഫണ്ട് ട്രഷറി നിയന്ത്രണം വരുമ്പോൾ പലപ്പോഴും വിനിയോഗിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ്. പ്ലാൻ ഫണ്ടുതന്നെ ഓരോ വർഷം കഴിയുമ്പോഴും ചെലവഴിക്കപ്പെടാൻ പറ്റുന്നില്ലെന്ന് ബഹുമാനപ്പെട്ട അംഗത്തിനറിയാം. ട്രഷറിയിൽനിന്നും മാറാൻ പറ്റുന്നില്ല. ഇത്തരം സാഹചര്യമുണ്ടാകുമ്പോൾ ഈ പ്ലാൻ ഫണ്ടുതന്നെ അടുത്ത സാമ്പത്തിക വർഷം ഗവൺമെന്റ് കട്ടുചെയ്യുന്നു. ഇത്തരം കാര്യങ്ങളൊക്കെ അങ്ങേയ്ക്ക് അറിവുള്ളതാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഇവിടെ ബഹുമാനപ്പെട്ട ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു വിഷയമാണ്. ഞാൻ നേരത്തെ പറഞ്ഞതാണ്. 2011-ൽ ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിക്കാനുള്ള അവകാശം കൊടുത്തത്. ബഹുമാനപ്പെട്ട പൂഞ്ഞാർ അംഗം പറഞ്ഞത് കേട്ടാൽ തോന്നും, നാഷണലൈസ്ഡ് ബാങ്കിൽ പണം കൊടുക്കുന്നത് അവരെ സന്തോഷിപ്പിക്കാനാണെന്ന്. എന്ത് സന്തോഷമാണ് അവർക്കുണ്ടാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ട്രഷറിയിൽ പണം നിക്ഷേപിച്ചാൽ, മാർച്ച് മാസത്തിലൊക്കെ ബിൽ, പ്ലാൻ ഫണ്ട് എന്നിവ മാറിയെടുക്കാനുള്ള ബുദ്ധിമുട്ട് നമുക്കറിയാമല്ലോ. അത്തരമൊരു സാഹചര്യത്തിൽ തനത് ഫണ്ട് അവർക്ക് ഇഷ്ടമുള്ള രീതിയിൽ വിനിയോഗിക്കാൻ കഴിയുന്നരീതിയിൽ അക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. ജനകീയാസൂത്രണ പദ്ധതിയുടെ 25-ാം വാർഷികം ആഘോഷിക്കാൻ നാടൊരുങ്ങിനിൽക്കുന്ന ഈ സാഹചര്യത്തിൽ, 25 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയുടെ അനുഭവസമ്പത്തുവച്ച് നമ്മൾ വിലയിരുത്തുമ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ ഈ നഗരസഭകളെ അസ്ഥിരപ്പെടുത്തുന്നതാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, സംസ്ഥാന ഗവൺമെന്റ് മസാല ബോണ്ട് സ്വീകരിച്ചിട്ടുണ്ട്. 9.723 ശതമാനം പലിശയ്ക്ക് 2150 കോടി രൂപയുടെ മസാല ബോണ്ട് വാങ്ങി അത് ന്യൂജനറേഷൻ ബാങ്കിലാണ് നിക്ഷേപിച്ചത്. എന്തുകൊണ്ടാണ് ആ പണം ട്രഷറിയിൽ നിക്ഷേപിക്കാത്തത് എന്നുകൂടി പറഞ്ഞാൽ നന്നായിരിക്കും.

<u>മി. ചെയർമാൻ</u>: ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, അങ്ങ് പ്രസംഗത്തിനിടയിൽ ഒരുപാട് തവണ ഇടപെട്ടു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. കൂടുതൽ കാര്യക്ഷമമായി തദ്ദേശഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുത്ത് ശക്തിപ്പെടുത്തി മുന്നോട്ടുപോകാനുള്ള നടപടി ഈ ബില്ലിലുണ്ടാകാത്തതുകൊണ്ട് ഞാൻ ഈ നിരാകരണപ്രമേയം അവതരിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഡോ. മാത്യു കുഴൽനാടൻ: സർ, നിരാകരണപ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ഇന്നിവിടെ ബില്ലുകൾ അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ മന്ത്രി ചർച്ച തുടങ്ങിയപ്പോൾ വളരെ ഇന്ററസ്റ്റിംഗായൊരു പോയിന്റ് പറഞ്ഞു. ഞാനൊരു രാഷ്ട്രീയ വിദ്യാർത്ഥിയായതുകൊണ്ട്, എനിക്ക് വളരെ കൗതുകമുള്ളതുകൊണ്ട് ഞാനത് എടുക്കുകയാണ്. അദ്ദേഹം ഇടതുപക്ഷത്തെയും വലതുപക്ഷത്തെയും നിർവ്വചിച്ചുകൊണ്ടാണ് തുടങ്ങിയത്. 18-ാം നൂറ്റാണ്ടിലാണ് ആദ്യമായി political context-ൽ ലെഫ്റ്റ്-റൈറ്റ് എന്നൊരു ഡിസ്കഷനുണ്ടായി വരുന്നത്. ഫ്രഞ്ച് റെവല്യൂഷന്റെ സമയത്ത്, രാജാവിനെ അനുകൂലിക്കുന്നവരെല്ലാവരും വലതുപക്ഷത്തും ബാക്കി റെവല്യൂഷനെ അനുകൂലിക്കുന്നവരെല്ലാവരും ഇടതുപക്ഷത്തും നിൽക്കുന്നൊരു സമയത്ത് അങ്ങനെയൊരു context ഫ്രാൻസിലുണ്ടായി. അതിനുശേഷം വിവിധ രാജ്യങ്ങളിൽ political context-ൽ ലെഫ്റ്റ്-റൈറ്റ് എന്ന പ്രയോഗം നടന്നു. ബൈപാർട്ടി (രണ്ട് പാർട്ടി) പൊളിറ്റിക്സ് നിലനിൽക്കുന്ന അമേരിക്കയിലാണത് കൃത്യമായി പിന്തുടരുന്നത്. ബാക്കി എല്ലാ കോണ്ടിനെന്റ്സിലും അതിന്റെ ഡെഫിനിഷനും ഇംപാക്ടുമെല്ലാം വ്യത്യാസമാണ്. അങ്ങ് യു.പി.എ.-യുടെ കോൺടെക്സ്റ്റിലാണ് പറഞ്ഞത്. അങ്ങ് മാത്രമല്ല, നിരവധിയാളുകൾ, കോൺഗ്രസ്സിനകത്ത് നിന്നുള്ളവർപോലും നമ്മൾ വലതുപക്ഷം എന്നുപറയാറുണ്ട്. അതിനേക്കാളുപരി ടി.വി.-യിൽ ചർച്ച നയിക്കുന്ന പലരും നിങ്ങൾ വലതുപക്ഷത്തിന്റെ എന്നുപറയാറുണ്ട്. പക്ഷേ, അങ്ങയെപ്പോലെ മുതിർന്നൊരാൾക്ക് ഒരു political incorrectness ഉണ്ടാകാൻ പാടില്ല. അങ്ങയെപ്പോലൊരാൾ അങ്ങനെ തെറ്റിദ്ധാരണാജനകമായി പറഞ്ഞാൽ politically ഉപേക്ഷിച്ച് പോകാൻ പറ്റാത്തതുകൊണ്ടാണ് പറഞ്ഞത്. ഏത് മാനദണ്ഡത്തിൽ പരിശോധിച്ചാലും ഒരു കാരണവശാലും കോൺഗ്രസ് പാർട്ടിയെ വലതുപക്ഷത്ത് നിർത്താൻ കഴിയില്ല. അതുമാത്രമല്ല, ഇന്ത്യൻ കോൺടെക്സ്റ്റ് പരിശോധിച്ചാൽ, ഇന്ത്യയുടെ ചരിത്രമറിയാവുന്ന ആർക്കുമറിയാം കോൺഗ്രസ് എന്നുപറയുന്ന പാർട്ടിയാണ് ഇടതുപക്ഷ രാഷ്ട്രീയമെന്ന് നിങ്ങൾ കാലാകാലം പറയുന്ന ഈ രാഷ്ട്രീയം ഇന്ത്യാ രാജ്യത്ത് കൊണ്ടുവന്നത്. നിഷേധിക്കാൻ പറയുന്ന ഫാക്ട്സുണ്ടെങ്കിൽ ഞാൻ ആർക്കും വഴങ്ങാൻ തയ്യാറാണ്. ഈ ആർഗ്യുമെന്റിൽ ഞാൻ ഇവിടെയിരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ആർക്കും വഴങ്ങാൻ തയ്യാറാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയേക്കാളുപരി ഇന്ത്യാരാജ്യത്ത്, ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇടതുപക്ഷമായിനിന്നത് ഇന്ത്യൻ നാഷണൽ

കോൺഗ്രസ്സാണ്. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന് ആദ്യമായി ജനകീയമുഖം കൈവന്നത് മഹാത്മാഗാന്ധി അതിന്റെ നേതൃനിരയിലേയ്ക്ക് വന്നപ്പോഴാണ്. മഹാത്മാഗാന്ധി നേതൃനിരയിലേയ്ക്ക് വന്നതിനുശേഷം അദ്ദേഹമേറ്റെടുത്ത ആദ്യത്തെ സമരം, ഏറ്റവും വലിയ പിന്തുണകൊടുത്ത സമരം ഏതാണ്? ഈ രാജ്യത്തെ ഖിലാഫത്ത് മൂവ്മെന്റിനായിരുന്നു. ഖിലാഫത്ത് മൂവ്മെന്റ് എന്നുപറയുന്നത് എന്തിനുവേണ്ടിയായിരുന്നു? തുർക്കിയിലെ ഖലീഫയെ മാറ്റിയതിനെതിരെ ഈ രാജ്യത്തെ ന്യൂനപക്ഷങ്ങൾ പ്രതിഷേധിച്ച പ്രകടനം ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതാവായിരുന്ന മഹാത്മാഗാന്ധി മുന്നിൽനിന്ന് നയിച്ചു. അത് എന്തിനുവേണ്ടിയായിരുന്നു? മതപരമായ, വൈകാരികമായ, മതവിഷയത്തിലടിസ്ഥാനമായൊരു സമരത്തിനാണ് കോൺഗ്രസ്സും മഹാത്മാഗാന്ധിയും നേതൃത്വം നൽകിയത്. കാരണം ഈ രാജ്യത്തിന്റെ ദേശീയധാരയ്ക്ക് പുറത്തായിരുന്ന ന്യൂനപക്ഷങ്ങളെ (മൈനോറിറ്റിസ്) ഇന്ത്യൻ ദേശീയധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും അവർ ഇന്ത്യൻ ദേശീയധാരയുടെ ഭാഗമാണെന്ന വിശ്വാസം ഈ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കുണ്ടാക്കുന്നതിനുംവേണ്ടിയാണ് മഹാത്മാഗാന്ധി അതിനെ മുന്നിൽനിന്നും നയിച്ചത്. അവിടെയാണ് ഒരുപക്ഷേ ലെഫ്റ്റ് എന്നുപറയുന്നതിന്റെ ഐഡിയോളജി സ്റ്റാർട്ട് ചെയ്യുന്നത്. കോൺഗ്രസിനെക്കുറിച്ചുള്ള ഏറ്റവും വലിയ ആക്ഷേപം, കോൺഗ്രസ് മൈനോറിറ്റി പാർട്ടിയാണെന്നാണ് ബി.ജെ.പി. പറയുന്നത്. കാരണം കോൺഗ്രസിന്റെ ചൂണ്ടുപലക എന്നുപറയുന്നത് ഇടതുവശത്തേയ്ക്കാണ്. അതായത് far left-ൽ നിൽക്കുന്നവരാണ് ഈ സമൂഹത്തിലെ ഏറ്റവും ന്യൂനപക്ഷങ്ങളെ ചേർത്തുപിടിക്കുന്നത്. കോൺഗ്രസിനെതിരെയുള്ള ആക്ഷേപവും അതാണ്. മഹാത്മാഗാന്ധി ചെയ്ത രണ്ടാമത്തെ കാര്യം, ഈ രാജ്യത്തെ അധഃസ്ഥിതർക്കും പാവപ്പെട്ടവർക്കും അല്ലെങ്കിൽ പിന്നാക്കക്കാർക്കും ദളിതർക്കുംവേണ്ടിയുള്ള പോരാട്ടം. ആയിരുന്നു കേരളത്തിലെ വൈക്കം സത്യാഗ്രഹത്തിന് പിന്തുണ പ്രഖ്യാപിക്കാനാണ് അദ്ദേഹം വന്നത്, ഈ രാജ്യത്തെ ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ വേണ്ടിയല്ല. വൈക്കം അമ്പലത്തിന്റെ തെക്കേനടയിലൂടെ നടക്കാൻ ഈ രാജ്യത്തെ പിന്നാക്കക്കാർക്ക്......, (.....ബഹളം......) പറയട്ടെ. പാർട്ടി ക്ലാസിൽ നിങ്ങൾ കേൾക്കുന്നതല്ലേ? ശ്രീ. എ. എൻ. ഷംസീർ ഇതുകൂടി കേൾക്കൂ. ഇവിടത്തെ പിന്നാക്കക്കാരനും ദളിതനും അവസരമില്ലാതെ വന്നപ്പോൾ കോൺഗ്രസ് നടത്തിയ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു.

ശ്രീ. എ. എൻ. ഷംസീർ: സർ, ലോകത്താകെ നവലിബറൽ നയങ്ങൾക്കെതിരെയുള്ള ശക്തമായ പ്രക്ഷോഭം നടക്കുന്നുണ്ട്. ആ നവലിബറൽ നയത്തിന്റെ മൂന്ന് പതിറ്റാണ്ട് പിന്നിടുകയാണ്. ആ നയത്തിന്റെ പ്രയോക്താക്കൾ കോൺഗ്രസ്സാണ്. ആ കോൺഗ്രസ് എങ്ങനെയാണ് ഇടതുപക്ഷമായി മാറുക?

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ അധികം സമയമെടുക്കുന്നില്ല. ഞാൻ പറഞ്ഞത് ഇൻഡ്യൻ രാഷ്ട്രീയത്തെ മാറ്റിയത്, ഈ രാജ്യത്തെ രൂപപ്പെടുത്തിയ പൊളിറ്റിക്കൽ ടേണിംഗ് നടന്നത് ഈ കാലഘട്ടത്തിലാണ്. ഇവിടെ ഒരു ഇടതുപക്ഷവും ഒന്നും ചെയ്തിട്ടില്ല. അതിനുശേഷം ഇവിടത്തെ പിന്നാക്കക്കാരനും ദളിതനും അവകാശത്തിനുവേണ്ടി പോരാടി. വായിച്ച് പഠിച്ചിട്ടില്ലേ പന്തിഭോജനം? ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചത്. വായിച്ചു പഠിച്ചിട്ടില്ലേ മിശ്രവിവാഹം; അങ്ങനെ ഈ രാജ്യത്തെ ഇടതുരാഷ്ട്രീയത്തിലേയ്ക്ക് പ്രചരണപ്പെടുത്തിയത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. അതുമാത്രമാണോ? ഈ രാജ്യത്തിന്റെ ആദ്യ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെക്കുറിച്ച് പറയേണ്ടതില്ലല്ലോ? നെഹ്റുവിനെ ഞങ്ങൾ മറന്നിരിക്കുകയാണെന്ന് ഇപ്പോൾ നിങ്ങൾ എല്ലാവരും പറയും. നെഹ്റുവിനെപ്പോലെ ഒരു സോഷ്യലിസ്റ്റും ഇടതുപക്ഷ ചിന്താഗതിയുമുള്ള ആരുമുണ്ടായിരുന്നില്ല. ഇനി നിങ്ങൾ വന്നാൽ ഇന്ദിരാഗാന്ധി ചെയ്തതുപോലെ ധീരമായൊരു തീരുമാനം....., ആരെയെങ്കിലും കാണിച്ചുതരാൻ കഴിയുമോ? അടിയന്തരാവസ്ഥ........ ഒന്നുമാത്രമെ നിങ്ങൾ അറിഞ്ഞിട്ടുള്ളുവോ? ഇന്ദിരാഗാന്ധിയെക്കുറിച്ച് ഒരു കാര്യമേ അറിയാൻപാടുള്ളോ? ഈ രാജ്യത്ത് രാജാക്കന്മാർക്ക് കൊടുത്തിരുന്ന പ്രിവ്യൂപഴ്സ് നിർത്തലാക്കിയത് ഇന്ദിരാഗാന്ധിയാണെന്ന് അറിയാമോ? രണ്ടാമതായി ബാങ്ക് നാഷണലൈസേഷൻ. ഈ രാജ്യത്തെ പാവപ്പെട്ടവനും സാധാരണക്കാരനും കയറിചെല്ലാൻ പറ്റുന്ന സ്ഥാപനമായിരുന്നില്ല ബാങ്ക്. ഇന്ദിരാഗാന്ധിയുടെ ആർജ്ജവവും ഇച്ഛാശക്തിയുംകൊണ്ടാണ് ബാങ്ക് നാഷണലൈസേഷൻ നടന്നത്. ഇല്ലെന്ന് പറയാൻ കഴിയുമോ? അങ്ങനെ എത്രയെത്ര കാര്യങ്ങൾ. അതുപോലെ രാജീവ് ഗാന്ധി,....... ഇനി ഞാൻ നിങ്ങൾ പറയുന്ന പോയിന്റിലേയ്ക്ക് വരാം. ഡോ. മൻമോഹൻ സിംഗ് ലിബറൽ നയങ്ങൾ നടപ്പിലാക്കിയെന്നല്ലേ നിങ്ങൾ പറയുന്നത്; അദ്ദേഹം നടപ്പിലാക്കിയ നയങ്ങൾ ഈ രാജ്യത്ത് ഇടതുപക്ഷത്തോട് ചേർന്നുനിൽക്കുന്നതല്ലെന്ന് പറയാൻ ശ്രീ. എ. എൻ. ഷംസീറിന് എന്തുപോയിന്റാണ് ആർഗ്യൂ ചെയ്യാനുള്ളത്. (....മൈക്ക് ഓഫ്.....) ഗാട്ട് കരാറിനെക്കുറിച്ചൊക്കെ പറയാം. (.....ബഹളം........) നിങ്ങൾ ബഹളം വയ്ക്കരുത്, ഞാൻ ഓർക്കുന്നുണ്ട്, രണ്ടാം യു.പി.എ. സർക്കാരിന്റെ അവസാനപാദം വന്നപ്പോൾ ഇടതുപക്ഷ നേതാക്കന്മാരുടെ ഭാര്യമാർ ഇവിടൊരു സമരം നടത്തി. നിങ്ങൾക്ക് ഓർമ്മയുണ്ടാകും. അങ്ങയുടെ ഭാര്യയുമുണ്ടായിരുന്നു എന്നാണ് എനിക്കുതോന്നുന്നത്. ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണന്റെ ഭാര്യ, അതുപോലെ ബഹുമാന്യനായ പിണറായി വിജയന്റെ ഭാര്യ അങ്ങനെ നിരവധി ഭാര്യമാർ റോഡിലിറങ്ങി അടുപ്പ് കത്തിച്ച് ഈ രാജ്യത്ത് പെട്രോളിനും ഗ്യാസിനും

ഡീസലിനും വിലവർദ്ധിപ്പിച്ചതിനെതിരെ സമരം നടത്തിയിട്ടുണ്ട്. ഓർക്കുന്നുണ്ടോ; നിങ്ങൾ മറന്നുപോയിക്കാണും. ഗ്യാസ് സബ്സിഡിയുടെ എണ്ണം കുറഞ്ഞുവെന്നുപറഞ്ഞാണ് നിങ്ങൾ സമരം നടത്തിയത്. എത്രയെണ്ണമാണ് നമുക്ക് അവകാശപ്പെട്ടത്? ഈ രാജ്യത്ത് ഒരു സാധാരണക്കാരന് അവകാശപ്പെട്ടിരുന്നത് സബ്സിഡിയോടുകൂടിയ 20 ഗ്യാസ് സിലിണ്ടറാണ്. ഇവിടെ നിരവധി വനിതകളായിട്ടുള്ള അംഗങ്ങളുണ്ടല്ലോ; ഇവർ ആരെങ്കിലും പറയട്ടെ ഇവരുടെ ജീവിതത്തിൽ ഏതെങ്കിലുമൊരു വർഷം ഇരുപതുകുറ്റി ഗ്യാസും വാങ്ങിച്ചിട്ടുണ്ടെന്ന്. ഇരുപതുകുറ്റി ഗ്യാസ് വാങ്ങുന്നത് ആരാണ്; ഒരു മാസം രണ്ടുകുറ്റി ഗ്യാസ് തീരുന്നത് ഏറ്റവും വലിയ മുതലാളിയുടെ വീട്ടിലാണ്. അകത്തൊരു അടുപ്പ്, പുറത്ത് വേറൊരു അടുപ്പ്, തൊഴിലാളികൾക്ക് വേറൊരു കലവറ, മുതലാളിമാർക്ക് വേറൊരു കലവറ. അവർക്ക് ഇരുപതുകുറ്റി ഗ്യാസും തീരും. നമ്മുടെ നാട്ടിലെ സാധാരണക്കാരായിട്ടുള്ള അല്ലെങ്കിൽ ശരാശരിക്കാരായിട്ടുള്ള അതുമല്ല, സാമാന്യം പണക്കാരായിട്ടുള്ളവരുടെ വീട്ടിൽ ഒരു കുറ്റി ഗ്യാസ് രണ്ടു മാസമെങ്കിലും കത്തും. ഒന്നരമാസമെങ്കിലും കത്തും. (........ബഹളം......) എന്നിട്ട് ഒരുകുറ്റി ഗ്യാസിന് ഈ രാജ്യം 800 രൂപ സബ്സിഡി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇരുപതുകുറ്റി ഗ്യാസിൽ അഞ്ചോ ആറോ കുറ്റി നമ്മൾ വാങ്ങും. ബാക്കിയുള്ളതിന്റെ പൈസ ഇവിടത്തെ ഗ്യാസ് ഏജൻസിക്കാർ മറിച്ചുവിറ്റ് വാങ്ങിക്കൊണ്ടിരിക്കുകയാണ്. അർഹതപ്പെട്ടവരിലേയ്ക്ക് മാത്രം പരിമിതപ്പെടുത്തുന്ന Streamlining the subsidies എന്നുപറഞ്ഞ ഇടതുപക്ഷ നയം സ്വീകരിച്ചതിനാണ് നിങ്ങൾ ഇവിടെ സമരം ചെയ്തത്. ഈ രാജ്യത്ത് Streamlining the subsidies ആർക്കുവേണ്ടിയായിരുന്നു? അനർഹരായിട്ടുള്ളവരെ ഒഴിവാക്കി അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ് കൊടുത്തുവെന്ന് ഇന്ന് രാവിലെ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞല്ലോ. ഈ സർക്കാർ ചെയ്ത വലിയ കാര്യങ്ങളിലൊന്നാണിത്. അതുകൊണ്ട് ഞാൻ പൊതുസമ്മേളനത്തിൽ പരസ്യമായി അഭിനന്ദിച്ചിട്ടുണ്ട്. 142000 കാർഡുകൾ പുതുതായി ബി.പി.എൽ.-കാർക്ക് കൊടുക്കാൻ പോകുന്നു. അർഹതപ്പെട്ടവൻ അല്ലെങ്കിൽ അവന്റെ കയ്യിൽനിന്നും മാറ്റുന്നു. അതാണ് Streamlining the subsidies. ആ കൺസെപ്റ്റ് അവതരിപ്പിച്ച ആളാണ് ഡോ. മൻമോഹൻ സിംഗ്. നിങ്ങൾ ഇവിടെ പറയുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ എന്നുപറഞ്ഞ ശ്രീ. നരേന്ദ്ര മോദി ലോകം മുഴുവൻ കൊണ്ടുനടക്കുന്ന സാധനം, ഈ രാജ്യത്താദ്യമായി പോണ്ടിച്ചേരിയിലെ ഒരു സാധാരണ വിധവയ്ക്ക് ഡൽഹിയിൽനിന്നും അയച്ചുകൊടുത്തതാണ് ഡോ. മൻമോഹൻ സിംഗ്. Streamlining the subsidies, അർഹതപ്പെട്ടവർക്ക് മാത്രം സബ്സിഡി നൽകാൻവേണ്ടി. ഇത് ഇടതുപക്ഷമല്ലാതെ എന്താണ് ശ്രീ. എ. എൻ. ഷംസീർ, ഒന്ന് പറയാമോ? ഇതാണ് യഥാർത്ഥ ഇടതുപക്ഷഭരണം. അതല്ലാതെ ഏതെങ്കിലും കാര്യമെടുത്ത് പറഞ്ഞിട്ട്

കാര്യമില്ല. പെട്രോളിന്റെ വില വർദ്ധിപ്പിച്ചതിന്റെ പേരിൽ നിങ്ങൾ സമരം ചെയ്തില്ലേ? ഒരു പെട്രോൾ പമ്പിൽ നിങ്ങൾ രണ്ടുമണിക്കൂർ ചെലവാക്കി നോക്കൂ. അവിടെ സാധാരണക്കാരനായ ഒരാൾ M80 ഓടിച്ചുവരും. അയാൾ ഒരു ലിറ്റർ പെട്രോളടിക്കും. അവന് കൊടുക്കുന്ന സബ്സിഡി എത്രയാണ്; 40 രൂപ കൊടുക്കും. അതിനുപുറകെ ഒരു ഓട്ടോറിക്ഷക്കാരൻ വരും. അവൻ 3 ലിറ്റർ പെട്രോളടിക്കും. അവന് 120 രൂപ ഈ സർക്കാർ കൊടുക്കും. അതിന്റെ പുറകെ ഒരു ബെൻസ് കാറുകാരൻ വരും. അവൻ 70 ലിറ്റർ പെട്രോളടിക്കും. 2800 രൂപ അവന് കൊടുക്കണം. പെട്രോളിനും ഡീസലിനും സബ്സിഡി കൊടുക്കണമെന്നാണല്ലോ നിങ്ങൾ പറഞ്ഞത്. എന്തുകൊണ്ടാണ് യു.പി.എ. സർക്കാർ പെട്രോളിന്റെ വില വർദ്ധിപ്പിച്ചത്? ഞാൻ പറഞ്ഞില്ലേ M80-ക്കാരന് 40 രൂപ കൊടുക്കാൻ വേണ്ടി. (........ബഹളം......)

ശ്രീമതി യു. പ്രതിഭ: സർ, ഡോ. മാത്യു കുഴൽനാടനെപ്പോലെയൊരു അംഗത്തിൽനിന്ന് പലകാര്യങ്ങളും അതിശയത്തോടെയാണ് കേട്ടിരിക്കുന്നത്. ബഹുമാന്യനായ ഡോ. മൻമോഹൻ സിംഗ് ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നപ്പോൾ ഒരു സ്റ്റേറ്റുമെന്റ് നടത്തിയത് അങ്ങ് ഓർക്കുന്നുണ്ടോ? നിങ്ങളെല്ലാവരും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കണമെന്ന് അദ്ദേഹം പറഞ്ഞു. പ്രകൃതിയോടുള്ള സ്നേഹംകൊണ്ടാണെന്നാണ് ഞാനെല്ലാം കരുതിയത്. പക്ഷെ അദ്ദേഹം പറഞ്ഞത്, ഇത് മുറിച്ച് നിങ്ങൾക്ക് അടുപ്പ് കത്തിക്കാൻ വേണ്ടിയാണെന്നാണ്. അടുപ്പ് കത്തിക്കാൻ വേണ്ടി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കണമെന്ന സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട ഡോ. മൻമോഹൻ സിംഗിന്റെ ഭാഗത്തുനിന്നും വന്നിരുന്നുവെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഒരു വീട്ടിൽ ഒരു ഗ്യാസ് വളരെ കുറച്ചുമതി എന്നുള്ള അങ്ങയുടെ സ്റ്റേറ്റുമെന്റ്. ഞങ്ങളുടെ വീടുകളിൽ മറ്റ് സംവിധാനങ്ങളില്ല. സ്വാഭാവികമായും ആളുകൾ കൂടുതലും ഗ്യാസിനെ ആശ്രയിക്കുന്ന കാലത്തിലൂടെയാണ് കടന്നുപോകുന്നത്. അതുപോലെ, എന്റെ കയ്യിൽ മാന്ത്രിക വടിയില്ല എന്നുപറഞ്ഞ പ്രധാനമന്ത്രി കൂടിയാണ് ഡോ. മൻമോഹൻ സിംഗ്. ഇതൊക്കെ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാന്യയായ അംഗം ഒരു വർഷം ഇരുപതുകുറ്റി ഗ്യാസ് കത്തിക്കുന്നുണ്ടോയെന്ന് എനിക്കറിയാൻ പാടില്ല. അതുകൊണ്ട് ഞാൻ അതിനൊന്നും കമന്റ് ചെയ്യുന്നില്ല. അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അതുകൊണ്ട് ഇടതുപക്ഷമെന്ന്, ബഹുമാന്യനായ മുതിർന്ന ഒരു നേതാവ് പറയുമ്പോൾ, അതിലൊരു political incorrectness ഉണ്ട്. Extreme far left-ഉം far right-ഉം ഉണ്ട്. ഇൻഡ്യൻ context-നെക്കുറിച്ച് നടന്നിട്ടുള്ള ഒരു പഠനത്തിൽ ഇന്ത്യയിലെ റൈറ്റ് വിംഗ് പാർട്ടീസിലെ ആദ്യത്തെ പേര്

ബി.ജെ.പി.-യുടെ ആണ്. ഇന്ത്യയിലെ ലെഫ്റ്റ് വിംഗ് പാർട്ടീസിലെ ആദ്യത്തെ പേര് ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റേതാണ്. അക്കാര്യത്തിൽ സംശയം വേണ്ട. ആധികാരികമായ പഠനം അങ്ങേയ്ക്ക് ഷെയർ ചെയ്യാം.

ഞാൻ വളരെ പെട്ടെന്ന് പറഞ്ഞവസാനിപ്പിക്കാം. ബില്ലിലേയ്ക്ക് വന്നാൽ, വളരെ കാഷ്വലായി ഡ്രാഫ്റ്റ് ചെയ്ത ഒരു ബില്ലാണിത്. ആ നിലയ്ക്ക് ഇത് പാസാക്കി പോയാൽ നിയമപരമായ വലിയ പ്രശ്നങ്ങളുണ്ടാകും. ഏറ്റവും പ്രധാനമായി 130 എ. കോവിഡ് ബാധിച്ചവർക്ക് വോട്ടുചെയ്യുന്നതിനുവേണ്ടി അന്നത്തെ സാഹചര്യത്തിൽ ഒരുപക്ഷെ തട്ടിക്കൂട്ടി പെട്ടെന്നുണ്ടാക്കിയ ഓർഡിനൻസായിരിക്കും. അതിന് അതിന്റേതായ പരിമിതികളുണ്ടാകും. അതിനകത്ത് 130 എ.-യെന്ന വകുപ്പിൽ ചേർത്തുകൊണ്ട് അങ്ങ് പറഞ്ഞിരിക്കുന്നത്,

" 130 എ. ചില വിഭാഗങ്ങളിലുള്ള ആളുകൾക്ക് തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ- (1) 130-ാം വകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗംവരാതെ, താഴെപ്പറയുന്ന വിഭാഗങ്ങളിലുള്ള സമ്മതിദായകർക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, തപാൽ വഴി വോട്ട് ചെയ്യുന്നതിനുള്ള അവസരമുണ്ടായിരിക്കുന്നതാണ്, അതായത്:-

(എ) സാംക്രമിക രോഗം ബാധിച്ച ഏതൊരാളും;

(ബി) ക്വാറന്റീനിൽ ആയിരുന്ന ഏതൊരാളും;

ഞാൻ അങ്ങയോട് ചോദിക്കുകയാണ്, അങ്ങേയ്ക്ക് കോവിഡ് ബാധിച്ചിട്ടുണ്ടായിരുന്നോ? എനിക്ക് കോവിഡ് ബാധിച്ചിട്ടുണ്ടായിരുന്നു, 'സാംക്രമിക രോഗം ബാധിച്ച ഏതൊരാളും' എന്നുപറഞ്ഞാൽ, ഞാൻ സാംക്രമിക രോഗം ബാധിച്ച ആളാണ്, എനിക്ക് അടുത്ത മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിന് പോസ്റ്റൽ വോട്ടുചെയ്യാൻ സാധിക്കുമോ; അതല്ലെങ്കിൽ ഞാൻ ഈ സമയത്ത് രോഗത്തിലായിരിക്കുന്ന ഒരാളായിരിക്കേണ്ടേ; താങ്കൾ സാംക്രമിക രോഗം ബാധിച്ച ആളാണോയെന്ന് ചോദിച്ചു. ഞാൻ സാംക്രമിക രോഗം ബാധിച്ചയാളാണ്. എനിക്ക് അടുത്ത തെരഞ്ഞെടുപ്പിൽ പോസ്റ്റൽ വോട്ട് ചെയ്യാൻ പറ്റുമോ; ആ construction absolutely erroneous ആണ്. നിയമപരമായി നിർവ്വചിച്ചാൽ, 'സാംക്രമിക രോഗം ബാധിച്ച ഏതൊരാളും' എന്നുപറഞ്ഞാൽ, ഇവിടെ ഇരിക്കുന്ന എത്രയോ പേർക്ക് രോഗം ബാധിച്ചതാണ്, അവർക്കെല്ലാവർക്കും പോസ്റ്റൽ വോട്ട് ചെയ്യാൻ പറ്റുമോ? 'ക്വാറന്റീനിൽ ആയിരുന്ന ഏതൊരാളും'; ഈ അവസ്ഥയൊക്കെ മാറും, അഞ്ചുവർഷം കഴിയുമ്പോൾ കോവിഡൊന്നുമുണ്ടാകില്ല. ഞാൻ പറയുകയാണ്, ഞാൻ കഴിഞ്ഞ ആഴ്ച ഒറീസയിലായിരുന്നു; അവിടെ പകർച്ചവ്യാധിയുണ്ടായിരുന്നതുകൊണ്ട് ഞാൻ

ക്വാറന്റീനിലിരിക്കുകയാണ്; എനിക്ക് പോസ്റ്റൽ വോട്ട് വേണമെന്ന് പറഞ്ഞാൽ നിഷേധിക്കാൻ സാധിക്കുമോ; ഈ ആക്ട് ഇങ്ങനെ പാസ്സാക്കിയാൽ നിഷേധിക്കാൻ പറ്റുമോ? Misuse ചെയ്യപ്പെടാനുള്ള സാധ്യതകളാണ് പറഞ്ഞത്. ക്വാറന്റീനിലിരിക്കുന്ന ആൾക്ക് അതിന്റേതായ മാനദണ്ഡങ്ങളും സർട്ടിഫിക്കേഷനും വേണ്ടേ? സാംക്രമികരോഗം ബാധിച്ച ആളെന്ന് പറഞ്ഞാൽ ലോകത്തുള്ള എത്രയോപേർക്ക് ഈ സാംക്രമികരോഗം ബാധിച്ചു, അവർക്കെല്ലാവർക്കും അടുത്തതവണ പോസ്റ്റൽ വോട്ട് ചെയ്യാൻ പറ്റുമോ? അതുകൊണ്ട് ഇതിൽ അങ്ങേയറ്റം ക്ലാരിറ്റി കുറവുണ്ടെന്നാണ് പറയാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം 387-ാം വകുപ്പിന്റെ ഭോദഗതിയെക്കുറിച്ചാണ്. ഞാൻ പുതിയ അംഗമായതിനാൽ എനിക്ക് തെറ്റുകൾ പറ്റാൻ സാദ്ധ്യതയുണ്ട്. തെറ്റുണ്ടെങ്കിൽ പറഞ്ഞാൽ തിരുത്താൻ തയ്യാറാണ്. ഇന്നലെ മുതൽ ഇത് നോക്കിയിട്ട് എനിക്ക് മനസ്സിലാകുന്നില്ല,

387-ാം വകുപ്പിന്റെ ഭേദഗതി- പ്രധാന ആക്റ്റിലെ 387-ാം വകുപ്പിൽ,-

(i) (I)-ാം ഉപവകുപ്പിൽ "കുടിൽ" എന്ന വാക്കിന് ശേഷം "അല്ലെങ്കിൽ കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

എനിക്ക് ലഭ്യമായ എല്ലാ പുസ്തകങ്ങളും വായിച്ചിട്ടും 387-ാം വകുപ്പിന്റെ ഒന്നാമത്തെ ഉപവകുപ്പിൽ കുടിൽ എന്നൊരുവാക്ക് കണ്ടില്ല. ഞാൻ വായിക്കാം,

387. കെട്ടിടം നിർമ്മിക്കാനോ പുനർനിർമ്മിക്കുന്നതിനോ വേണ്ടിയുള്ള അപേക്ഷ:-

(1) മുനിസിപ്പൽ പ്രദേശത്ത് കുടിലല്ലാത്ത ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും ആൾ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അയാൾ സെക്രട്ടറിക്ക്,-

(എ) കെട്ടിടസ്ഥാനത്തിന്റെ അംഗീകാരത്തിനായി, സ്ഥലത്തിന്റെ സൈറ്റ് പ്ലാനോട്ടുകൂടി രേഖാമൂലമായ ഒരു അപേക്ഷയും;

387-ാം വകുപ്പിന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത് '(i) (I)-ാം ഉപവകുപ്പിൽ "കുടിൽ" എന്ന വാക്കിന് ശേഷം......' എന്നാണ്. ആ വാക്ക് എവിടെയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയൊന്ന് കാണിച്ചുതരുമോ? എനിക്ക് സംശയമുള്ളതുകൊണ്ട് ചോദിക്കുകയാണ്, subject to correction. കാരണം ഇതുപോലെയുള്ള ലീഗൽ ഡ്രാഫ്റ്റിംഗിലും ലെജിസ്ലേഷനിലും പ്രിസിഷൻ എന്നുപറയുന്നത് അങ്ങേയറ്റം പ്രധാനപ്പെട്ടതാണ്. അതല്ലാതെ കുടിൽ എന്ന വാക്കില്ലാത്തിടത്ത് ഈ അമെന്റ്മെന്റ് എവിടെ കൊണ്ടെഴുതിവയ്ക്കും. കുടിലല്ലാത്ത

എന്നതു കഴിഞ്ഞിട്ട്.... അങ്ങനെയൊരു കൺസ്ട്രക്ഷൻ അവിടെ പോസിബിളല്ല. I really doubt who drafted all these? ഇത്രയും കാഷ്വലായും ഇത്രയും erroneous ആയിട്ടും ഒരു ഡ്രാഫ്റ്റ് ഈ സഭയ്ക്ക് മുമ്പിൽ വരുന്നതിൽ ആർക്കും ഉത്തരവാദിത്വമില്ലേ? ഞാൻ പറഞ്ഞത് എന്തെങ്കിലും മിസ്റ്റേക്കാണെങ്കിൽ, ബഹുമാനപ്പെട്ട മന്ത്രിക്ക് അത് പരിശോധിച്ച് കറക്ട് ചെയ്യാമെന്നുണ്ടെങ്കിൽ ഞാൻ പിൻമാറാം. I should not make a wrong submission, അതുകൊണ്ടാണ്. 'കുടിലല്ലാത്ത' എന്നതന്നെയല്ലേ ആ വാക്ക് ക്വാട്ട് ചെയ്യേണ്ടത്. ഞാൻ ആവർത്തിച്ച് നോക്കിയിട്ടും 'കുടിൽ' എന്നുള്ള വാക്ക് അതിലില്ലെന്നുള്ളതാണ് എന്റെ പക്ഷം. അത് പരിശോധിക്കാവുന്നതാണ്. അടുത്തത് 392 എ.-യെക്കുറിച്ചാണ് പറയാനുള്ളത്.

'392 എ. കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷ- (1) കുറഞ്ഞ അപകടസാധ്യതയുള്ള ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരത്തിനായും പണിനടത്തുന്നതിനുള്ള അനുവാദത്തിനായും ഒരു അപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലുള്ള സ്വയം സാക്ഷ്യപത്രവും അപ്രകാരമുള്ള രേഖകളും സഹിതം, സെക്രട്ടറിക്ക് നൽകേണ്ടതാണ് ' എന്നാണ് പറഞ്ഞിരിക്കുന്നത്.

നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷയാണോ, എങ്ങനെയുള്ള അപേക്ഷയാണോയെന്ന് പറയുന്നില്ല. സ്വാഭാവികമായും acknowledgement സെക്രട്ടറി കൊടുക്കും. Intention of the Government/intention of the legislature.... അതായത് Blanket permission കൊടുക്കാനാണ് തീരുമാനിക്കുന്നതെങ്കിൽ acknowledgement മാത്രം വാങ്ങിയാൽ തീരുന്ന കാര്യമാണ്. സ്വാഭാവികമായും പെർമിറ്റ് കിട്ടിയതിന് തുല്യമായി മുൻപോട്ടുപോകും. അതാണോ യഥാർത്ഥത്തിൽ സഭ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, സെക്ഷൻ 515-ൽ നിയമവിരുദ്ധമായി കെട്ടിടം നിർമ്മിച്ചാലുള്ള ശിക്ഷയെക്കുറിച്ച് പറയുന്നുണ്ട്. നിയമ വിരുദ്ധമായി കെട്ടിടം നിർമ്മിച്ചാലുള്ള ശിക്ഷ, ഒരു വ്യക്തി ചെയ്യുന്ന കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ടോ കിണർ കുഴിക്കുന്നതുമായി ബന്ധപ്പെട്ടോ പറയുന്നുണ്ട്. ഇത് ചെയ്യുന്നത് സർക്കാരിന്റെ ഫണ്ടുപയോഗപ്പെടുത്തി നടത്തുന്ന വർക്കുകളാണെങ്കിലോ? ഉദാഹരണത്തിന് ഒരു പഞ്ചായത്ത് കെട്ടിട നിർമ്മാണം/വികസന പ്രവർത്തനങ്ങൾ നിയമവിരുദ്ധമായി നടത്തുന്നു, എറണാകുളം ജില്ലയിലെ കിഴക്കമ്പലം പഞ്ചായത്തിൽ അങ്ങനെ നിയമവിരുദ്ധമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മുനിസിപ്പൽ

ആക്ടുമായി ബന്ധപ്പെട്ട്, മുനിസിപ്പാലിറ്റിയിലാണെങ്കിൽപ്പോലും നിയമവിരുദ്ധമായി നടത്തുന്ന കാര്യങ്ങൾക്കുണ്ടാകുന്ന സർക്കാർതലത്തിലുള്ള ശിക്ഷയെക്കുറിച്ച് ആക്ടിൽ പറയുന്നില്ല. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. ഇന്ന് സംസ്ഥാനത്ത് അനധികൃത നിർമ്മാണങ്ങളെ റെഗുലേറ്റ് ചെയ്യാൻ അല്ലെങ്കിൽ അതിനെ തടയാൻ പറ്റുന്ന ഏക പ്രൊവിഷൻ എന്നുപറയുന്നത് പെർമിറ്റിന്റെ അനിവാര്യതയാണ്. അതായത് ബിൽഡിംഗ് റൂൾസ് 4-ൽ പറയുന്നത് 'സെക്രട്ടറിയിൽനിന്ന് വികസനത്തിന് അല്ലെങ്കിൽ പുനർവികസനത്തിന് അനുവാദപത്രം ലഭിക്കാത്ത ഒരാളും ഒരുതുണ്ട് ഭൂമിയുടെ പോലും വികസനമോ പുനർവികാസമോ നടത്തുകയോ അതിന് കാരണമാകുകയോ ചെയ്യാൻ പാടുള്ളതല്ല എന്നാണ്. എനിക്കുതോന്നുന്നത് 392 എ എന്ന പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായി മാറിയാൽ ഇത് ഔട്ട്റൈറ്റായി പെർമിറ്റിന്റെ അനിവാര്യതതന്നെ irrevalent-ആകും, illegal ആകും. ആ പ്രൊവിഷൻ ആപ്ലിക്കബിൾ ആകുകയില്ല. ബ്ലാങ്കറ്റ് പെർമിഷൻ കൊടുക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ കുഴപ്പമില്ല. 'അപകടകരമായ കെട്ടിടങ്ങൾ' എന്നതിന്റെ നിർവ്വചനം കൊടുത്തിട്ടുണ്ട്. 'കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ എന്നതിൽ 7 മീറ്ററിൽ കുറവായ ഉയരമുള്ളതും രണ്ടു നില വരെ പരിമിതപ്പെടുത്തിയിട്ടുള്ളതും മുന്നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും എ 1 വിനിയോഗത്തിൽപ്പെട്ടതുമായ വാസഗൃഹങ്ങളും, ഇരുന്നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും എ 2 വിനിയോഗ ഗണത്തിൽപ്പെട്ടതുമായ ഹോസ്റ്റൽ, ഓർഫനേജ്, ഡോർമിറ്ററി, ഓൾഡ് ഏജ് ഹോം, സെമിനാരി എന്നിവയും, ഇരുന്നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും ബി വിനിയോഗ ഗണത്തിൽപ്പെട്ടതുമായ വിദ്യാഭ്യാസ കെട്ടിടങ്ങളും, ഇരുന്നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും ഡി വിനിയോഗ ഗണത്തിൽപ്പെട്ടതുമായ മതപരവും ദേശസ്നേഹപരവുമായ ആവശ്യങ്ങൾക്കുവേണ്ടി ആളുകൾ സമ്മേളിക്കുന്ന കെട്ടിടങ്ങളും നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും എഫ് വിനിയോഗ ഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും, ശല്യമില്ലാത്തതും അപകട സാധ്യതയില്ലാത്തതുമായ നൂറ് ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ള ജി1 വിനിയോഗ ഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും ഉൾപ്പെടുന്നു.' ഇതിൽ 'അപകടസാധ്യത ഇല്ലാത്ത' എന്ന വാക്ക് ആപ്ലിക്കബിൾ ആയിട്ടുള്ളത് 100 ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ള ജി1 വിനിയോഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്കുമാത്രമാണ്. ഒരുപക്ഷേ ഉദ്യോഗസ്ഥർ മിസ്യൂസ് ചെയ്യുമെന്നുള്ള ഒരു ഭാഗമാണ്. പക്ഷേ ഞാൻ ചോദിക്കുന്നത് വളരെ സ്റ്റീപ് ആയിട്ടുള്ള പ്ലെയിൻ

അതല്ലെങ്കിൽ ഏതെങ്കിലുമൊരു തുരുത്തിന്റെ നടുക്ക് ഒരാൾ ഇതുപ്രകാരം ഒരു പെർമിറ്റിന് ആപ്ലിക്കേഷൻ കൊടുത്തു അല്ലെങ്കിൽ അയാൾ ഫോം കൊടുത്തു. അത് എങ്ങനെ സ്റ്റോപ്പ് ചെയ്യും? ജി1 കാറ്റഗറിക്ക് മാത്രം അങ്ങനെ കൊടുത്തിട്ടുണ്ടെങ്കിലും അപകട സാധ്യത ക്വസ്റ്റ്യൻ ചെയ്യാൻ സാധിക്കുകയില്ല. എനിക്കുതോന്നുന്നത് വേണ്ടത്ര ഹോംവർക്ക് ചെയ്യാതെ കൊണ്ടുവന്ന ഡ്രാഫ്റ്റ് ബില്ലാണ് ഇതെന്നാണ്. I think it is better to re-look at it. അതുകൊണ്ട് കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ നിരാകരിക്കണമെന്ന പ്രമേയത്തെ പിന്തുണയ്ക്കുകയാണ്.

ശ്രീ. വി. ജോയി ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്. ഇന്ന് ഒക്ടോബർ 4-ാം തീയതി. ഒക്ടോബർ 2-നായിരുന്നു ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജന്മദിനം. ഗാന്ധിജയന്തി ദിനം സമുചിതമായി നാം ആഘോഷിച്ചു, ആചരിച്ചു. ഒരു ദിവസം കഴിഞ്ഞ് നിയമസഭാ സമ്മേളനം ചേരുമ്പോൾ മഹാത്മാഗാന്ധിയുടെ നാമധേയത്തിൽ നമ്മുടെ രാജ്യത്ത് നടത്തുന്ന ഒരു പദ്ധതി പ്രവർത്തനത്തിൽ പങ്കാളികളായിട്ടുള്ള തൊഴിലാളികൾക്ക് ക്ഷേമം ഉറപ്പുവരുത്താൻ കൊണ്ടുവന്ന ഒരു ബിൽ നിശ്ചയമായും ഒരു ചരിത്രരേഖയായി മാറും. ഇത് ഒരു ചരിത്ര മുഹൂർത്തംതന്നെയാണെന്ന കാര്യം ഞാൻ ഓർക്കുകയാണ്, അനുസ്മരിക്കുകയാണ്. നമ്മുടെ രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളത്തിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലാളികൾക്കും അയ്യങ്കാളി നഗര പദ്ധതി തൊഴിലാളികൾക്കും ക്ഷേമനിധി നടപ്പിലാക്കുവാൻ പിണറായി സർക്കാർ എടുത്ത തീരുമാനം ഏറെ സന്തോഷകരവും അഭിമാനകരവുമാണ്. സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി അധികാരത്തിൽവന്ന ഗവൺമെന്റുകളുടെ നേതൃത്വത്തിൽ ഒട്ടനവധി പ്രഖ്യാപനങ്ങൾ നാം കേട്ടതാണ്, കണ്ടതാണ്, അനുഭവിച്ചവരാണ്. 'രാമരാജ്യം' എന്ന മുദ്രാവാക്യം ആരാണുയർത്തിയത്, 'ക്ഷേമരാഷ്ട്രം' എന്ന മുദ്രാവാക്യം ആരാണുയർത്തിയത്, 'socialist patttern of society' എന്ന മുദ്രാവാക്യം ആരാണുയർത്തിയത്, 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം ആരാണുയർത്തിയത്, ഇതെല്ലാം തെരഞ്ഞെടുപ്പിലെ പ്രകടനപത്രികകളായി നമ്മുടെ മുന്നിൽവന്നതാണ്. പക്ഷേ അതെല്ലാം പ്രഖ്യാപനങ്ങളായിരുന്നു, നിയമമായിരുന്നില്ല. പ്രഖ്യാപനങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായതെന്ന ഇന്ത്യയുടെ രാഷ്ട്രീയ ചരിത്രം, സാമൂഹിക ചരിത്രം പരിശോധിച്ചാൽ നമുക്ക് ബോധ്യമാകും. തൊഴിലെടുത്ത് ജീവിക്കാനുള്ള അവകാശം നമ്മുടെ രാജ്യത്ത്

പ്രഖ്യാപനങ്ങളിലൂടെ നടത്തിയാൽപോര. അതൊരു നിയമമാകണമെന്ന വാശി പിടിച്ചത് ഇടതുപക്ഷ പ്രസ്ഥാനമാണെന്ന കാര്യം ആർക്കും വിസ്മരിക്കാനാവില്ല. തെരഞ്ഞെടുപ്പിൽ ഒന്നാം യു.പി.എ. ഗവൺമെന്റ് രൂപം കൊള്ളാൻ ഇടതുപക്ഷത്തിന്റെ സഹായം അനിവാര്യമായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ വേണമെങ്കിൽ ഭരണത്തോടൊപ്പം ചേർന്ന് അധികാരം പങ്കിടാൻ ശ്രമിക്കാമായിരുന്നു. കോൺഗ്രസ് പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലെ ഏതാനും ഭാഗങ്ങൾ ശ്രീ. പി. സി. വിഷ്ണുനാഥ് സഭയിൽ വായിച്ചു കേൾപ്പിച്ചു. തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ അത്തരം പ്രഖ്യാപനങ്ങൾ ഒരുപാടുണ്ടായിട്ടുണ്ട്. പക്ഷേ നടപ്പിലാക്കണമെന്ന കർക്കശമായ നിലപാടും നിയമവും കൊണ്ടുവരാൻ ഇടതുപക്ഷം നടത്തിയ പരിശ്രമമാണ് വിജയംകണ്ടത്, 2005 സെപ്റ്റംബറിൽ പാർലമെന്റിൽ ഈ നിയമം കൊണ്ടുവന്നതെന്ന കാര്യം വിസ്മരിക്കരുതെന്ന വിനയപൂർവ്വമായ അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: 2003-ലെ ചീഫ് മിനിസ്റ്റേഴ്സ് കോൺക്ലേവിൽ ശ്രീമതി സോണിയാ ഗാന്ധിയാണ് 'നരേഗ' ആദ്യമായി പ്രഖ്യാപിച്ചത്. The enactment of a National Rural Employment Guarantee by Law - ഇത് ചിന്തൻ ശിബിർ യോഗത്തിൽ പറഞ്ഞതാണ്. അതിനുശേഷം 2004-ലെ പ്രകടനപത്രികയിൽ വീണ്ടുംപറഞ്ഞു. നിങ്ങൾ ഞങ്ങളെ പിന്തുണച്ചു. കോമൺ മിനിമം പ്രോഗ്രാമിൽ ഇതുവന്നു. പക്ഷേ നിങ്ങൾക്കും പ്രകടനപത്രികയുണ്ടായിരുന്നു. നിങ്ങൾ 30 വർഷം ബംഗാളിൽ ഭരിച്ചിരുന്നു. 5 വർഷം മാറിമാറി കേരളത്തിൽ ഭരിച്ചിരുന്നു. ഇങ്ങനെ 100 ദിനം തൊഴിൽ ഉറപ്പാക്കുന്ന ഒരു നിയമത്തെക്കുറിച്ച് നിങ്ങൾ എവിടെയും പറഞ്ഞിട്ടില്ല. നിങ്ങളുള്ളതുകൊണ്ടാണ് വന്നതെന്നുപറഞ്ഞാൽ 2009-ൽ ഞങ്ങളുടെ പ്രകടനപത്രികയിൽ, ഞങ്ങൾ അധികാരത്തിൽ വന്നാൽ ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കുമെന്നുപറഞ്ഞിരുന്നു. ഞങ്ങൾ 2013-ൽ ഭക്ഷ്യസുരക്ഷാ നിയമം ഈ രാജ്യത്ത് പാസ്സാക്കി. നിങ്ങൾ 2004-ൽ മാത്രമേ ഞങ്ങളെ പിന്തുണച്ചിട്ടുള്ളൂ. 1947-ൽ ഇന്ത്യയിലെ ജി.ഡി.പി. 3 ശതമാനമായിരുന്നു, ഇന്നത് 17 ശതമാനമായി ഉയർന്നിട്ടുണ്ട്. 27 കോടി ജനങ്ങളെ ദാരിദ്ര്യരേഖയിൽനിന്ന് ഉയർത്തിയ പദ്ധതിയുടെ പേരാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. അത് പത്തുകൊല്ലംകൊണ്ടാണ്. എല്ലാം ചെയ്തത് നിങ്ങളാണ് എന്നുപറഞ്ഞതുകൊണ്ടായില്ല. 60 വർഷക്കാലംകൊണ്ട് ഇന്ത്യയിൽ കോൺഗ്രസ് കൊണ്ടുവന്ന സംഭാവനകളെ, രാജീവ്ഗാന്ധി കൊണ്ടുവന്ന കമ്മ്യൂണിക്കേഷൻ റെവല്യൂഷനെ, ഹരിത വിപ്ലവത്തെ, ധവള വിപ്ലവത്തെ, പഞ്ചവത്സര പദ്ധതികളെ, ഇന്ത്യയിൽ അണക്കെട്ടുകൾ കൊണ്ടുവന്നത്, ഐ.ഐ.ടി. കൊണ്ടുവന്നത്, ഐ.എസ്.ആർ.ഒ. സ്ഥാപിച്ചത് നിങ്ങൾ പിന്തുണച്ചപ്പോഴാണോ, എന്താണ് നിങ്ങൾ പറയുന്നത്?

ശ്രീ. സി. കെ. ഹരീന്ദ്രൻ: നിങ്ങൾ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലൂടെ പലപ്പോഴായി ഒരുപാട് പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്, ആ പ്രഖ്യാപനങ്ങളെല്ലാം ഇവിടെ നടപ്പിലാക്കിയില്ല എന്നുള്ളതാണ്. അതാണ് ശ്രീ. ഗോവിന്ദൻ മാസ്റ്റർ ആദ്യം പറഞ്ഞത് ജനങ്ങളോട് പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നവരാണ് ഇടതുപക്ഷം, നടപ്പിലാക്കാത്തവരാണ് വലതുപക്ഷം എന്ന്. ഞാനും പറഞ്ഞത് അതുതന്നെയാണ്. ശ്രീ. പി. സി. വിഷ്ണുനാഥ് മനസ്സിലാക്കാൻ പറഞ്ഞതാണ്. പ്രഖ്യാപനങ്ങൾ മാത്രമായിരുന്നു, പക്ഷേ നടപ്പിലാക്കണമെന്ന നിർബന്ധബുദ്ധി ഉണ്ടായിരുന്നില്ല. ഒരു രാജ്യത്തിന് സ്വാതന്ത്ര്യലബ്ധി ലഭിച്ചതിനുശേഷം ഏറെക്കാലം നമ്മുടെ രാജ്യം ഭരിച്ചവരല്ലേ. ഇന്ത്യയിലെ ജനങ്ങളുടെ ജീവിതനിലവാരം എന്തായിരുന്നു; ഒരു കൈകൊണ്ട് കൊടുക്കുകയും മറുകൈകൊണ്ട് തിരിച്ചുപിടിക്കുകയും ചെയ്യുന്ന തലതിരിഞ്ഞ ആസൂത്രണത്തിന് നേതൃത്വം കൊടുത്തവരല്ലേ; എന്തുമാറ്റമാണ് ജനങ്ങളുടെ സാമൂഹിക ജീവിതത്തിൽ വരുത്തിയത്? 2005-ൽ ഈ നിയമം പാസ്സാക്കുന്നതുവരെ ഈ രാജ്യത്ത് നിയമം കൊണ്ടുവരാൻ നിങ്ങൾക്ക് കഴിഞ്ഞിരുന്നില്ല. ഞാൻ ഇത്രയേ പറഞ്ഞുള്ളൂ. യു.പി.എ. കോമൺ മിനിമം പ്രോഗ്രാം തയ്യാറാക്കുന്ന കൂട്ടത്തിൽ ഞങ്ങൾ ശക്തമായി പ്രകടിപ്പിച്ച അഭിപ്രായമാണ് രാജ്യത്തെ ഉടുതുണിക്ക് മറുതുണിയില്ലാതെ കഴിയുന്ന ലക്ഷക്കണക്കിനുവരുന്ന ഗ്രാമങ്ങളിലെ ജനങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്താൻ ഒരു പദ്ധതിയെന്ന നിലയിൽ ഒരു സമഗ്രമായ ദേശീയ തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിക്കണമെന്നത്. അത്രയേ ഞാൻ പറഞ്ഞുള്ളൂ. നിങ്ങൾ നടപ്പിലാക്കിയില്ല എന്നുപറഞ്ഞില്ല. എങ്കിലും ആ പദ്ധതി നടപ്പിലാക്കാൻ ഒരു വർഷം പിന്നിട്ടുവെന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. ആന്ധ്രയിൽ ഒരുവർഷം കഴിഞ്ഞതിനുശേഷമാണ് ഈ പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയത്. അതിനുവേണ്ടി യു.പി.എ.-യ്ക്കകത്ത് എത്രമാത്രം അഭിപ്രായം ഇടതുപക്ഷ മുന്നണിക്ക് പറയേണ്ടിവന്നുവെന്ന് ഞാൻ പറയേണ്ടതുണ്ടോ? ഞാനിത് സൂചിപ്പിച്ചത്, ഒരു പ്രഖ്യാപനത്തിൽ ഒതുങ്ങിനിൽക്കുന്നതല്ല ജനങ്ങളുടെ സാമൂഹിക ജീവിതം. ഇവിടെ അവകാശാധിഷ്ഠിതമെന്ന് പറഞ്ഞല്ലോ; എന്ത് അവകാശാധിഷ്ഠിതമാണ്? സാമ്പത്തിക അവകാശാധിഷ്ഠിതമാണ് ഈ നിയമം. നമ്മുടെ രാജ്യം പൊതുഖജനാവിലേയ്ക്ക് സംഭരിക്കുന്ന പണം പാവപ്പെട്ടവരായ ആളുകൾക്ക് അനുഭവവേദ്യമാക്കാനുള്ള അവകാശം നാളിതുവരെ ഉണ്ടായിരുന്നില്ല. 2005-ഓടുകൂടി ഇന്ത്യയിലെ ഗ്രാമങ്ങളിലെ പാവപ്പെട്ട ആളുകൾക്ക് രാജ്യത്തെ പൊതുപണം ഉപയോഗിക്കാനുള്ള സാമ്പത്തിക അവകാശാധിഷ്ഠിതമെന്ന നിലയിലാണ് ഈ നിയമം രൂപപ്പെടുന്നത്. അതാണിതിന്റെ പ്രത്യേകത. ഇന്ത്യയുടെ ചരിത്രത്തിൽ അത്തരമൊരു നിയമം വരുന്നത് ആദ്യമായിട്ടാണ്. അതിനുവേണ്ടി യു.പി.എ. സർക്കാരിൽ നിർണ്ണായകമായി ഇടപെട്ടത്

ഇടതുപക്ഷമാണെന്ന കാര്യം നമുക്ക് വിസ്മരിക്കാനാവില്ല. നമ്മുടെ രാജ്യത്ത് ഈ പദ്ധതി നടപ്പിലാക്കിയിട്ട് പതിനഞ്ച് വർഷം പൂർത്തിയാവുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ അധികാരത്തിൽ വന്നശേഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് നിരവധി ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചത്. രാജ്യത്തിനുതന്നെ മാതൃകയായി തൊഴിലാളികൾക്ക് ഫെസ്റ്റിവൽ അലവൻസ് അനുവദിച്ച സംസ്ഥാനം കേരളമാണ്. ഇത് മറ്റൊരു സംസ്ഥാനത്തുമില്ല. വർഷത്തിൽ നൂറ് ദിവസം തൊഴിൽ പൂർത്തീകരിച്ച തൊഴിലാളികൾക്കാണ് ഫെസ്റ്റിവൽ അലവൻസ് നൽകിയിരുന്നത്. നൂറ് ദിവസം തൊഴിലെടുക്കുന്ന തൊഴിലാളികൾക്കുണ്ടായിരുന്ന 1000 രൂപ അലവൻസ്, 75 ദിവസം തൊഴിലെടുക്കുന്നവർക്കും നൽകാൻ കഴിഞ്ഞവർഷം ഈ ഗവൺമെന്റാണ് തീരുമാനമെടുത്തത്. ഇത് മാറ്റമല്ലേ; ഈ രാജ്യത്ത് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളില്ലേ; ഏതെങ്കിലും സംസ്ഥാനത്ത് കൊടുത്തോ?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അങ്ങ് ഈ സഭയെ തെറ്റിദ്ധരിപ്പിക്കരുത്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, ഏതെങ്കിലും സംസ്ഥാനത്ത് ഫെസ്റ്റിവൽ അലവൻസ് കൊടുത്തോ; കൊടുത്തില്ലല്ലോ? അക്കാര്യം പറഞ്ഞാൽ മതി. കൊടുക്കാത്ത കാര്യത്തെക്കുറിച്ച് തെറ്റിദ്ധരിപ്പിക്കുന്നുവെന്ന് പറഞ്ഞിട്ട് എന്താണ് കാര്യം; കേരളത്തിൽ ഈ പദ്ധതി പ്രവർത്തനം എത്ര മികച്ചതാണെന്നുള്ളതിന് നിങ്ങളുടെ മുമ്പിൽ രേഖയില്ലേ; മറ്റ് സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതുപോലെയാണോ കേരളത്തിൽ ഈ പദ്ധതി പ്രവർത്തനം നടപ്പിലാക്കുന്നത്? വിവിധ വർഷങ്ങളിലായി തൊഴിൽ ദിനങ്ങൾ ദേശീയാടിസ്ഥാനത്തിൽ 50 ദിവസത്തിന് താഴെയായിരുന്നുവെങ്കിൽ കേരളത്തിൽ അത് 64 ദിവസമായി ഉയർന്നു. തൊഴിൽദിനങ്ങൾ വർദ്ധിപ്പിച്ചത് ഈ ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായിട്ടാണ്. കഴിഞ്ഞ സാമ്പത്തികവർഷം 8 കോടി തൊഴിൽദിനങ്ങൾ നൽകിയ സ്ഥാനത്ത് ഇക്കഴിഞ്ഞ വർഷം പത്തരക്കോടി തൊഴിൽദിനങ്ങൾ നൽകിക്കഴിഞ്ഞു. ലോക്ഡൗൺമൂലം നിരവധിയാളുകളാണ് തൊഴിൽ നഷ്ടപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയെ ആശ്രയിക്കുന്നത്. മറ്റ് സ്ഥലങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് സ്വന്തം വീടുകളിലേയ്ക്ക് തിരികെയെത്തിയ നല്ലൊരു ശതമാനം തൊഴിലാളികളും ഇന്ന് ഈ പദ്ധതിയെ ആശ്രയിക്കുകയാണ്. ഒരു കോടി മുപ്പത് ലക്ഷത്തോളം കുടുംബങ്ങളാണ് നടപ്പുസാമ്പത്തികവർഷം ദേശീയനിലവാരത്തിൽ പുതിയതായി ഈ പദ്ധതിയിൽ അംഗത്വമെടുത്തത്. കൂടുതൽ തൊഴിലാളികൾ പദ്ധതിയിലേയ്ക്ക് വന്നുചേരുമ്പോൾ അധിക ജാഗ്രത അത്യാവശ്യമാണ്. എല്ലാവർക്കും തൊഴിൽ കൊടുക്കാൻ കഴിയുംവിധമുള്ള പദ്ധതികളുടെ അഭാവം നിലവിലുണ്ട്. ദേശീയാടിസ്ഥാനത്തിൽ ശരാശരി 50 ദിവസത്തിൽ താഴെയാണ്

തൊഴിൽ കൊടുക്കാൻ കഴിയുന്നത്. ആവശ്യാനുസരണം ലേബർ ബഡ്ജറ്റും ആക്ഷൻ പ്ലാനും തയ്യാറാക്കാത്തതുകൊണ്ടാണ് ഈ പോരായ്മയുണ്ടാകുന്നത്. തൊഴിലാളികളുടെ എണ്ണത്തിനനുസരിച്ച് ആക്ഷൻ പ്ലാനും ലേബർ ബഡ്ജറ്റും ഉണ്ടാകുന്നതോടൊപ്പം പുതിയ തൊഴിൽ മേഖലകളുൾപ്പെടുത്തി കൂടുതൽ ജനോപകാരപ്രദമായി പദ്ധതിയെ മാറ്റാൻ കഴിയണം. കേന്ദ്ര ഗവൺമെന്റ് അത്തരത്തിലുള്ള യാതൊരുവിധ ഇടപെടലും ഈ പദ്ധതിയിൽ നടത്തുന്നില്ല. പതിനഞ്ച് വർഷം പൂർത്തിയാകുന്ന ഈ പദ്ധതിയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കാത്തത് കേന്ദ്ര സർക്കാരിന് ഈ തൊഴിലാളികളോടുള്ള അവഗണനയാണെന്ന് മനസ്സിലാക്കാൻ നമുക്ക് കഴിയണ്ടേ? നിലവിൽ, രാജ്യത്തെ ശരാശരി വേതനം 200 മുതൽ 235 രൂപ വരെയാണ്. യാതൊരുവിധ ആനുകൂല്യങ്ങളും കേന്ദ്ര സർക്കാർ തൊഴിലുറപ്പ് തൊഴിലാളികൾക്ക് നൽകുന്നില്ല. 15 കോടി തൊഴിലാളികൾ തൊഴിലെടുക്കുന്ന ഈ മേഖലയിൽ മെച്ചപ്പെട്ട വേതനവ്യവസ്ഥ ഉണ്ടാക്കേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ പല തൊഴിൽ മേഖലകൾക്കും വിവിധ ക്ഷേമപദ്ധതികൾ ഇന്ന് നിലവിലുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമത്തിനുള്ള പദ്ധതികളുടെ അഭാവം കണക്കിലെടുത്ത് സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പുതിയ പദ്ധതിയാണ് തൊഴിലുറപ്പ് ക്ഷേമപദ്ധതി. ക്ഷേമനിധി നിലവിൽ വരുന്നതുമൂലം തൊഴിലാളികൾക്ക് അവരുടെ ജീവിതനിലവാരം ഉയർത്താനും തൊഴിലില്ലായ്മ, പട്ടിണി തുടങ്ങിയവയ്ക്ക് അറുതിവരുത്താനും സാധിക്കും. ഇന്ത്യയിലാദ്യമായി കേരളത്തിൽ മാത്രമാണ് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധിയിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിരിക്കുന്നത്. സംഘടനകളുടെ ആവശ്യവും തൊഴിലാളികളുടെ ക്ഷേമവും മുൻനിർത്തിയാണ് സർക്കാർ ഈ ക്ഷേമനിധിക്ക് തുടക്കംകുറിച്ചിരിക്കുന്നത്. പെൻഷൻ, ആശുപത്രി ചികിത്സ, വിവാഹ ധനസഹായം, കുട്ടികളുടെ പഠനാവശ്യങ്ങൾക്കുള്ള ധനസഹായം, മരണാനന്തര സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ഈ ക്ഷേമനിധിയിലൂടെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭ്യമാകും. മഹാത്മാഗാന്ധി തൊഴിലുറപ്പ് മേഖലയിലെ തൊഴിലാളികൾക്കും അയ്യങ്കാളി നഗരപദ്ധതിയിലെ തൊഴിലാളികൾക്കും മറ്റ് ക്ഷേമനിധികളിലേതുപോലെയുള്ള ആനുകൂല്യങ്ങൾ ഉറപ്പാക്കുക എന്നതാണ് ഈ ക്ഷേമനിധി പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നതെന്ന് മനസ്സിലാക്കുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സജീവമായിട്ടുള്ള 19.62 ലക്ഷം കുടുംബങ്ങൾക്കും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ സജീവമായിട്ടുള്ള 2 ലക്ഷം തൊഴിലാളികൾക്കുമാണ് ഈ ക്ഷേമനിധിയിലൂടെ ആനുകൂല്യങ്ങൾ ലഭിക്കുന്നത്. സാധാരണക്കാരായ തൊഴിലുറപ്പ് തൊഴിലാളികൾക്കായി പുതിയ ക്ഷേമനിധി ബോർഡ് നിലവിൽ

വരികയാണ്. തൊഴിലുറപ്പ് പദ്ധതികളിൽ അംഗത്വമെടുത്തവർക്കുമാത്രമേ ഈ ക്ഷേമനിധി പദ്ധതിയുടെ ഗുണം ലഭിക്കുകയുള്ളൂവെന്നത് നമുക്കറിയാവുന്നതാണ്. ഇക്കാര്യം പ്രത്യേകം പ്രതിപാദിച്ചിട്ടുണ്ട്.

പൊതുജനാഭിപ്രായത്തിനുശേഷം വരുമ്പോൾ സ്വാഭാവികമായും ഈ ക്ഷേമനിധി നിയമം കൂടുതൽ ശക്തിപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് വിവിധ മേഖലകളിൽ ക്ഷേമനിധി ഏർപ്പെടുത്തുമ്പോൾ സാധാരണഗതിയിൽ തൊഴിലെടുക്കുന്ന തൊഴിലാളിയും തൊഴിലുടമയും ഗവൺമെന്റും എന്ന മൂന്ന് സംവിധാനങ്ങളുണ്ടാകും. എന്നാൽ ഇവിടെ ഇടയ്ക്കൊരു ഉടമയില്ല. സർക്കാർ കൊടുക്കുന്ന സഹായവും തൊഴിലാളികളുടെ അംശദായവുമാണ് ഇതിന്റെ ഫണ്ടായി വരുന്നത്. ഇക്കാര്യത്തിലുള്ള പരിശോധന ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്. എങ്ങനെ അത് പരിഹരിക്കാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ഈ പദ്ധതി സമഗ്രമായി നടപ്പിലാക്കുന്നതിന് മുഖ്യപങ്കുവഹിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം ലഭിക്കുമോയെന്ന് നാം പരിശോധിക്കേണ്ടതുണ്ട്. പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ് ഇതിന്റെ ഗുണഫലം ലഭിക്കുക. അവരുടെ സഹായംകൂടി ഈ നിധിയിലേയ്ക്ക് സ്വരൂപിക്കാൻ കഴിഞ്ഞാൽ ഈ പദ്ധതി ഏറ്റവും സമഗ്രമായി അഥവാ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് ആശ്വാസമായി മാറുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഈ ബിൽ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്താനുപകരിക്കുന്ന ഒന്നായിരിക്കുമെന്ന കാര്യത്തിലും തർക്കമില്ല. നാടിന്റെ വികസന കാര്യങ്ങളിൽ ഈ അടുത്ത കാലത്തായി ഉയർന്നുവന്ന പുതിയ ധാരണകളും കാഴ്ചപ്പാടുകളും എന്താണ്? വികസനവും ആസൂത്രണവും ഒരു വഴിക്ക് പോകേണ്ടതല്ല. ഇവ രണ്ടും നമ്മുടെ രാജ്യത്ത് പുതുതായി ഉയർന്നുവന്നതാണ്. ഒരു പുതിയ ലോക സാമ്പത്തിക ക്രമത്തിൽനിന്നാണ്, അനുഭവങ്ങളിൽനിന്നാണ്, നമ്മൾ പാഠം പഠിച്ചത്. വികസനവും ക്ഷേമവും കൂട്ടിയോജിപ്പിച്ച് മുന്നോട്ടുപോയാൽ മാത്രമേ നമ്മുടെ രാജ്യത്ത് വളർച്ചയുണ്ടാവുകയുള്ളൂ, ദേശീയ വരുമാനം വർദ്ധിക്കുകയുള്ളൂ എന്ന യാഥാർത്ഥ്യം നമ്മൾ അംഗീകരിക്കുന്നതാണ്. ദേശീയതലത്തിലുള്ള ആഭ്യന്തര ഉല്പാദന വളർച്ചയുണ്ടാകണമെങ്കിൽ വികസനവും ക്ഷേമവും വേണം. ഇവ രണ്ടിനേയും സമന്വയിപ്പിച്ചുകൊണ്ടുള്ള വികസന സമീപനമാണ് നമ്മുടെ രാജ്യത്തിനാവശ്യം. അതിനുവേണ്ടിയാണ് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് ഈയൊരു ബിൽ കൊണ്ടുവന്നതെന്ന കാര്യം നാം മനസ്സിലാക്കണം. നിശ്ചയമായും ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്ന അഭിപ്രായം ഈ സന്ദർഭത്തിൽ ഞാൻ രേഖപ്പെടുത്തുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. രാജഗോപാലൻ]

ശ്രീ. പി. ബാലചന്ദ്രൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. ഇ. കെ. വിജയൻ: സർ, 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ 125-ാം നമ്പർ ഓർഡിനൻസ് ബിൽ നം.51 ആയിട്ടാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഈ ബിൽ ഇന്ന് അവതരിപ്പിച്ചിട്ടുള്ളത്. നമ്മുടെ രാജ്യത്ത് ഏകകക്ഷിഭരണം അവസാനിക്കുന്ന ഒരു നിലയിലേയ്ക്ക് പോകുമെന്ന് ഇടതുപക്ഷ പാർട്ടികൾ ഗൗരവപൂർവ്വം ചർച്ചചെയ്ത സാഹചര്യത്തിലാണ് 2005-ലെ തെരഞ്ഞെടുപ്പിനെത്തുടർന്ന് കോൺഗ്രസ്സിന്റെ ഏകകക്ഷിഭരണം അവസാനിക്കുന്നത്. ബി.ജെ.പി. അധികാരത്തിൽ വരാനിടയുണ്ടെന്നുകണ്ട് അതിനെ ഒഴിവാക്കാൻ കോൺഗ്രസ്സുമായി ധാരണയുണ്ടാക്കുകയായിരുന്നു. അത് കേവലമൊരു രാഷ്ട്രീയധാരണയല്ല, രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ജനപക്ഷത്തുനിന്നുകൊണ്ട് ഇന്നതൊക്കെ ചെയ്യണമെന്ന നിർദ്ദേശങ്ങൾവച്ച് ഇടതുപക്ഷ പാർട്ടികളുടെ പ്രതിനിധികളും പങ്കാളികളായിക്കൊണ്ടുള്ള ഒരു കോമൺ മിനിമം പ്രോഗ്രാം തയ്യാറാക്കാനുള്ള കമ്മിറ്റി രൂപീകരിച്ച് അതിന്റെ നിർദ്ദേശമനുസരിച്ചാണ് തൊഴിലുറപ്പ് പദ്ധതി രാജ്യത്ത് നടപ്പിലാക്കണമെന്ന ബിൽ 2005-ൽ കൊണ്ടുവരുന്നത്. 2006-ൽ നടപ്പിലാക്കിയ ഈ പദ്ധതി 200 ജില്ലകളിലാണ് ആദ്യം നടപ്പിലാക്കിയത്. പിന്നീട് 120 ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചു. 2008-ൽ എല്ലാ ജില്ലകളിലും അത് നടപ്പിലാക്കുകയുണ്ടായി. എന്നാൽ രാജ്യത്ത് ഒട്ടേറെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഭരണം എല്ലാ സംസ്ഥാനങ്ങളിലും നടക്കുന്നുണ്ട്. കോൺഗ്രസ്സിന്റേത് പതിയെപ്പതിയെ കുറഞ്ഞ് ഒരു കൈവിരലിനേക്കാളും താഴേയ്ക്ക് പോയിരിക്കുകയാണ്. 1957 മുതൽ പരിശോധിച്ചാൽ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിമാർ ഭരണം നടത്തിയ കാലയളവിലാണ് ജനങ്ങളോടൊപ്പം തൊഴിലാളികളോടൊപ്പം കൃഷിക്കാരോടൊപ്പം നിന്നുകൊണ്ട് വികസന പദ്ധതികളും ക്ഷേമപദ്ധതികളും പ്രഖ്യാപിച്ചതെന്ന് നമുക്ക് കാണാൻ കഴിയും. അതിന്റെ ഭാഗമായാണ് ഇന്നത്തെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സഖാവ് പിണറായി വിജയൻ മുഖ്യമന്ത്രിയും ഗോവിന്ദൻ മാസ്റ്റർ തദ്ദേശസ്വയംഭരണ വകുപ്പും കൈകാര്യം ചെയ്യുന്ന സമയത്ത് ഇന്ത്യയ്ക്കും മറ്റിതര സംസ്ഥാനങ്ങൾക്കും മാതൃകയായി തൊഴിലുറപ്പ് തൊഴിലാളികളെ സംരക്ഷിക്കാനുള്ള ഒരു ക്ഷേമനിധി ആവിഷ്ക്കരിച്ചിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ അവതരണവേളയിൽ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. അത് ഭാവിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വരേണ്ടതുകൊണ്ട് ഇനിയും ഒട്ടേറെ മാറ്റങ്ങൾക്ക് വിധേയമാകും. ഈ ക്ഷേമനിധി ബിൽ നടപ്പിലാക്കുന്നതോടുകൂടി ഇന്ന് കോടിക്കണക്കിന് തൊഴിലാളികൾ

തൊഴിലെടുക്കുന്ന ഈ മേഖലയിൽ, കേരളത്തിലെ 97 ശതമാനം സ്ത്രീകൾക്കും അംഗത്വമുള്ള നമ്മുടെ നാട്ടിൻപുറങ്ങളിലെ സാധാരണ കുടുംബങ്ങളിൽ വലിയൊരു വിപ്ലവംതന്നെ സൃഷ്ടിക്കുന്ന സാഹചര്യമുണ്ടാകും. 25 കോടി ആളുകൾ രജിസ്റ്റർ ചെയ്തതിൽ 15 കോടി ആളുകളാണ് സജീവ അംഗത്വം എടുത്ത് പ്രവർത്തനരംഗത്തുള്ളത്. നമ്മുടെ സംസ്ഥാനത്ത് 40 ലക്ഷം പേരാണ് ഈ പദ്ധതിയിലുള്ളത്. അതിൽ 97 ശതമാനംപേരും സ്ത്രീകളാണ്. അത്രയും വലിയ ജനവിഭാഗങ്ങൾക്ക് സഹായം ലഭിക്കുന്ന രീതിയിലാണ് ഇത് നടപ്പിലാക്കുന്നത്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽവന്ന് എല്ലാ മേഖലയോടും സ്വീകരിക്കുന്ന നിലപാടിന്റെ ഭാഗമായി 2021-22 ആയപ്പോൾത്തന്നെ ആയിരം കോടി രൂപ ഈ മേഖലയ്ക്ക് കുറവുവരുത്തി. അതോടൊപ്പം കേരളത്തിനും ലക്ഷദ്വീപിനും വേതനവർദ്ധനവിന്റെ ഭാഗമായി സഹായം നൽകാത്ത സാഹചര്യവുമുണ്ടായിയെന്നത് നാം കാണേണ്ടതാണ്. ക്ഷേമനിധി പദ്ധതി നടപ്പിലാക്കുന്ന ബിൽ പാസ്സാക്കുന്നതിനുമുൻപുതന്നെ ഉത്സവകാലബത്ത തൊഴിലാളികൾക്ക് നൽകാൻ കേരളത്തിലെ ഗവൺമെന്റ് തീരുമാനിച്ചുവെന്ന് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം സി. കെ. ഹരീന്ദ്രൻ സൂചിപ്പിച്ചു. അതോടൊപ്പം കോവിഡ് 19-ന്റെ സാഹചര്യത്തിൽ ഈ മേഖലയിലെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വിഷയത്തിൽ തൊഴിലുറപ്പ് തൊഴിലാളികളെക്കുറിച്ച് സൂചിപ്പിച്ചിരുന്നില്ല. എന്നാൽ കോവിഡിന്റെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ തൊഴിലാളികളുടെ എണ്ണം പരിമിതപ്പെടുത്തി വിവിധ മേഖലകളിലായി തൊഴിലാളികളെ പണിയെടുപ്പിക്കാനുള്ള ശ്രമം കേരളത്തിലെ ഗവൺമെന്റ് പ്രഖ്യാപിച്ചു. ഒരു പെൻഷനും കിട്ടാത്ത ആളുകളെന്ന നിലയ്ക്ക് അവർക്ക് പെൻഷൻ നൽകുന്ന സംവിധാനവും ഏർപ്പെടുത്തി. അതോടൊപ്പം മറ്റ് ചില മേഖലകളിലൊന്നുമില്ലാതിരുന്ന, കോവിഡ് 19-ന്റെ കാലയളവിലുള്ള മറ്റ് സഹായങ്ങളും എല്ലാവർക്കും നൽകാനും ഈ ഗവൺമെന്റ് തീരുമാനമെടുക്കുകയുണ്ടായി. എസ്.സി./എസ്.ടി. വിഭാഗം തൊഴിലാളികളാണ് കൂടുതലായും ഈ മേഖലയിൽ കടന്നുവന്നിട്ടുള്ളത്. അതോടൊപ്പം ഒരു പുതിയ തൊഴിൽ സംസ്കാരം നമ്മുടെ നാട്ടിൻപുറങ്ങളിലേയ്ക്ക് വന്നിരിക്കുകയാണ്.

മഹാത്മജിയെ ഓർത്തുകൊണ്ട് ഇവിടെ സംസാരിക്കുമ്പോൾ, നാട്ടിൻപുറങ്ങളിലെ സാധാരണ മനുഷ്യന്റെ ഉന്നതിക്കുവേണ്ടി ഒരു വലിയ മാറ്റംതന്നെയാണ് ഇതിന്റെ ഭാഗമായി ഉണ്ടായിട്ടുള്ളതെന്നതിൽ തർക്കമില്ല. ജാതിയുടെയും മതത്തിന്റെയുമെല്ലാം അതിർവരമ്പുകൾ എന്ന നാട്ടിൻപുറങ്ങളിലെ ചിന്തകൾ മാറി ഒരു പുതിയ തൊഴിൽ സംസ്കൃതിയാണ് നാട്ടിൻപുറങ്ങളിലുണ്ടായിട്ടുള്ളത്. പഠിച്ചവരും പഠിക്കാത്തവരുമായ കുടുംബങ്ങളിലെ

അംഗങ്ങൾ, സഹോദരിമാർ ഈ തൊഴിൽ മേഖലയിലേയ്ക്ക് കടന്നുവന്നു. 'ഞങ്ങൾ പഠിച്ചവരാണ് ' എന്ന നിലയിലേയ്ക്ക് മാറിനിന്നവർപോലും ഒരുമിച്ചുനിന്ന് നാട്ടിൻപുറങ്ങളിൽ തൊഴിൽ ചെയ്യുന്ന ഒരു പുതിയ മേഖലയായി ഇത് മാറി. അത് കേരളത്തിലെ നാട്ടിൻപുറങ്ങളിൽ വലിയ ചലനമാണുണ്ടാക്കിയിട്ടുള്ളത്. ഇതിൽ ജാതിയും മതവും കൊണ്ടുവരാൻ ശ്രമം നടത്തിയ അനുഭവങ്ങൾ ഇന്ത്യാ രാജ്യത്തുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഇതിൽ മാറ്റംവരുത്തേണ്ട വിഷയങ്ങളുണ്ട്. ഇന്ത്യയിലെ തൊഴിലാളി സംഘടനകൾ, പുരോഗമന തൊഴിലാളി പ്രസ്ഥാനങ്ങളെല്ലാം ഏറ്റവും ചുരുങ്ങിയ വേതനം 600 രൂപയാക്കണമെന്നാവശ്യപ്പെട്ട് പ്രക്ഷോഭം നടത്തുകയാണ്. അത് പരിഗണിക്കപ്പെടേണ്ട വിഷയമാണ്. ഇവർക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കേണ്ടതുണ്ട്. കൂടാതെ തൊഴിലിടങ്ങളിൽ അപകടങ്ങളും മരണവും സംഭവിക്കുമ്പോൾ അതിന്റെ ആനുകൂല്യങ്ങൾ ക്ഷേമനിധി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതോടൊപ്പം മറ്റ് ഇൻഷ്വറൻസ് പദ്ധതികളുമായി ചേർത്തുകൊണ്ട് അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാനുള്ള സംവിധാനങ്ങൾകൂടി ഇതിന്റെ ഭാഗമായുണ്ടാകണം. പ്രവർത്തനമേഖല വിപുലീകരിച്ചകാര്യം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ ക്ഷീരരംഗത്ത് രണ്ടോ മൂന്നോ നാലോ പശുക്കളെ വളർത്തുന്ന അമ്മമാരുണ്ടാകും. അവർക്ക് മറ്റ് പണിയെടുക്കാൻ കഴിയില്ല. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അവരെ സംരക്ഷിക്കാനും സംസ്ഥാനത്തെ പാലുല്പാദനം വർദ്ധിപ്പിക്കാനും അവരുടെ വരുമാനം വർദ്ധിപ്പിക്കാനുമുള്ള സൗകര്യവും സഹായവും ഇതിന്റെ ഭാഗമായി ഉണ്ടാക്കിയെടുക്കാൻ കഴിയും. വന്യജീവി ആക്രമണം കേരളത്തിൽ ഇപ്പോൾ വലിയൊരു ചർച്ചയായി നടക്കുകയാണ്. വന്യജീവി ആക്രമണം തടയുന്നതിന് വേലികൾ കെട്ടുന്നതിനും കിടങ്ങുകളുണ്ടാക്കുന്നതിനും ഇവരെ ഉപയോഗിക്കുന്ന സംവിധാനംകൂടി ഇതിന്റെ ഭാഗമായി വരണം. ഒട്ടേറെ പദ്ധതികൾ നേരത്തെ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. ഇൻഷ്വറൻസ് പദ്ധതിയിലേയ്ക്കെന്നപോലെ ജി.ഐ.എസ്. സ്കീമിലേയ്ക്കും ഇവരെ കൊണ്ടുവരുന്ന ഒരു സമീപനം ഇതിന്റെ ഭാഗമായി വരേണ്ടതുണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്. ഈ ചർച്ച തുടക്കത്തിൽ അവതരിപ്പിക്കുമ്പോൾ വലതുപക്ഷമെന്ന് പറഞ്ഞപ്പോൾ ഇപ്പുറത്തുനിന്നും പ്രകോപിതരായ അനുഭവം കാണുകയുണ്ടായി. ഗാന്ധിജിയുടെ കാലഘട്ടം മുതൽ നടപ്പിലാക്കിയ, അവരെടുത്ത നിലപാടുകൾ നമ്മളെ ബോദ്ധ്യപ്പെടുത്താൻ പരിശ്രമിച്ചു. തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെ അന്ന് ഇടതുപക്ഷത്തിന്റെ പിന്തുണയില്ലാതെ നടപ്പിലാക്കാൻ കഴിയില്ലായെന്ന് തോന്നിയതുകൊണ്ട് നിർബന്ധത്തിന് വഴങ്ങിയല്ലേ ഇതെല്ലാം നടപ്പിലാക്കിയത്? ചിരിച്ചിട്ട് കാര്യമില്ല; അത് യാഥാർത്ഥ്യമല്ലേ; എത്ര വർഷം കോൺഗ്രസ്സ് ഭരിച്ചു; അതിനുശേഷം പ്രകടനപത്രികയിൽ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ? ഗരീബി ഹഠാവോ - നടപ്പിലാക്കിയോ, അങ്ങനെ പറയാൻ ഏറെയുണ്ട്.

4.00 p.m.]

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഇന്ന് രാവിലെ മുതൽ കോൺഗ്രസ്സിന്റെ നേതാക്കന്മാർ ഒന്നാം യു.പി.എ. സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ മാത്രമാണ് പറയുന്നത്. നമുക്ക് രണ്ടാം യു.പി.എ. സർക്കാരുണ്ടായിരുന്നു. രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്താണ് നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യയുണ്ടായിട്ടുള്ളത്. ഇന്നിപ്പോൾ ബി.ജെ.പി. സർക്കാരിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയും അദ്ദേഹത്തിന്റെ മകനുംകൂടി കർഷകരുടെ നേർക്ക് വാഹനം കയറ്റി എത്ര കർഷകരെയാണ് കൊന്നത്? അതുപോലെ ഏറ്റവും കൂടുതൽ കർഷക ആത്മഹത്യകളുണ്ടായ കാലഘട്ടമാണ് രണ്ടാം യു.പി.എ. സർക്കാരിന്റെ കാലഘട്ടം. രണ്ടാം യു.പി.എ. സർക്കാരിന്റെ കാലഘട്ടത്തിലാണ് ഏറ്റവും വലിയ അഴിമതി രാജ്യത്തുണ്ടായത്. അന്ന് നിങ്ങളെ നിയന്ത്രിക്കാൻ ആരും ഉണ്ടായിരുന്നില്ല. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്ത് നിങ്ങൾക്ക് നിർബാധം നടക്കാനും അഴിമതി നടത്താനും കഴിയുമായിരുന്നില്ല. അന്ന് നിങ്ങളെ നിയന്ത്രിക്കുവാൻ ഇടതുപക്ഷം എന്ന ശക്തിയുണ്ടായിരുന്നു. സി.എം.പി. (കോമൺ മിനിമം പ്രോഗ്രാം)-യിൽ ഉൾപ്പെടുത്തി ഇടതുപക്ഷം നിലപാട് സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് തൊഴിലുറപ്പ് നിയമം മാത്രമല്ല വനാവകാശ സംരക്ഷണ നിയമം, വിവരാവകാശ നിയമം അടക്കമുള്ള പുരോഗമനപരമായ നിയമങ്ങൾ നടപ്പാക്കിയത്. ശ്രീ. പി. സി. വിഷ്ണുനാഥ് മുതൽ ഡോ. മാത്യു കുഴൽനാടൻ വരെ സംസാരിക്കുമ്പോൾ ഒന്നാം യു.പി.എ. സർക്കാർ, ഒന്നാം യു.പി.എ. സർക്കാർ എന്നാണ് പറഞ്ഞുകൊണ്ടിരുന്നത്. രണ്ടാം യു.പി.എ. സർക്കാരിനെ നിങ്ങൾക്ക് അറിഞ്ഞുകൂടേ; അങ്ങനെയൊരു സർക്കാർ ഇല്ലായിരുന്നോ; മാത്രമല്ല രാജ്യത്തെ ഫാസിസ്റ്റ് ശക്തികളെ അധികാരത്തിൽ കൊണ്ടുവരുന്നതിനുവേണ്ടി വഴിയൊരുക്കിയത് രണ്ടാം യു.പി.എ. സർക്കാരിന്റെ പ്രവർത്തനം കൊണ്ടല്ലേ; അത് നിങ്ങൾക്ക് നിഷേധിക്കുവാൻ സാധിക്കുമോ?

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, വിവരാവകാശ നിയമവും വിദ്യാഭ്യാസാവകാശ നിയമവും തൊഴിലുറപ്പ് നിയമവും ആദിവാസി വനാവകാശ നിയമവും ഗാർഹിക പീഡന നിരോധന നിയമവുംപോലെ ലാൻഡ് അക്വിസിഷൻ ആക്ട് കൊണ്ടുവന്നത് രണ്ടാം യു.പി.എ. സർക്കാരാണ്. Bhatta-Parsaul-ൽ കുമാരി മായാവതിയുടെ ഗവൺമെന്റിനെതിരെ സമരം ചെയ്ത ശ്രീ. രാഹുൽ ഗാന്ധിയെ മായാവതി ഗവൺമെന്റ് അറസ്റ്റുചെയ്തു. അപ്പോൾ ശ്രീ. ജയ്റാം രമേശിനോട് ലാൻഡ് അക്വിസിഷനുവേണ്ടി ഒരു നാഷണൽ ആക്ട് തയ്യാറാക്കാൻ പറഞ്ഞു. അങ്ങനെയാണ് രണ്ടാം യു.പി.എ. സർക്കാർ ഭൂമി ഏറ്റെടുക്കൽ നിയമം

കൊണ്ടുവന്നത്. ഭക്ഷ്യ സുരക്ഷാ നിയമംകൊണ്ടുവന്നത് രണ്ടാം യു.പി.എ. സർക്കാരാണ്. കർഷക ആത്മഹത്യകളെക്കുറിച്ച് പറഞ്ഞു. രാജ്യത്ത് 75,000 കോടി രൂപയുടെ കാർഷിക കടങ്ങൾ എഴുതിത്തള്ളി ഡോ. മൻമോഹൻ സിംഗിന്റെ കോൺഗ്രസ്സ് ഗവൺമെന്റ് അതിന് പരിഹാരമുണ്ടാക്കി.

ശ്രീ. ഇ. കെ. വിജയൻ: സർ, വി. പി. സിംഗിന്റെ കാലത്താണ് കാർഷിക കടങ്ങൾ എഴുതിത്തള്ളിയത്. 1990-ലാണ് ഇന്ത്യയെ പാപ്പരാക്കുന്ന തരത്തിലേയ്ക്കുള്ള ഗാട്ട് കരാർ, ആസിയാൻ കരാർ മുതലായവ കൊണ്ടുവന്നത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇടതുപക്ഷമാകാനുള്ള ശ്രമമാണ് ഇപ്പോൾ കോൺഗ്രസ്സ് നടത്തിക്കൊണ്ടിരിക്കുന്നത്. സബ്സിഡി യഥാർത്ഥ കൈകളിലേയ്ക്ക് കൊടുക്കുന്ന നയമാണല്ലോ ഇവിടെ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നത്. ഡോ. മൻമോഹൻ സിംഗ് ഗവൺമെന്റാണ് ഉദാരവൽക്കരണ നയങ്ങൾ വേഗത്തിലാക്കിയതെന്നും കോർപ്പറേറ്റുകൾക്ക് ലക്ഷക്കണക്കിന് കോടി രൂപ ഇളവ് നൽകിയതെന്നും അങ്ങേയ്ക്കറിയാമോ?

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇവിടെ കർഷക ആത്മഹത്യയെക്കുറിച്ച് പറയുകയുണ്ടായി. കേരളത്തിന്റെ സ്ഥിതിയെന്താണ്; കേരളത്തിൽ കർഷക ആത്മഹത്യ പെരുകിയപ്പോൾ കർഷകർ ദുരഭിമാനംകൊണ്ടാണ് ആത്മഹത്യ ചെയ്തതെന്ന് പറഞ്ഞൊരു മുഖ്യമന്ത്രി ഉണ്ടായിരുന്നു. അദ്ദേഹത്തെ നിങ്ങൾക്കറിയാമോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം യാഥാർത്ഥ്യത്തെ മനസ്സിലാക്കിയിട്ടില്ല. ഇന്ത്യയിലാകമാനം ലക്ഷക്കണക്കിന് കൃഷിക്കാർ ആത്മഹത്യ ചെയ്തപ്പോൾ ഇന്ത്യയ്ക്ക് മാതൃകയായി കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കാൻ കർഷക കടാശ്വാസ കമ്മീഷൻ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കി. വസ്തുതകൾ അറിയുകയും മനസ്സിലാക്കുകയും വേണം. അറിഞ്ഞുകൊണ്ട് പറയാതിരിക്കരുത്. കാർഷിക കടാശ്വാസ നിയമം കൊണ്ടുവന്നതിനുശേഷം കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കർഷക ക്ഷേമനിധി ബിൽ കൊണ്ടുവന്ന് അത് നടപ്പിലാക്കുന്നതിനുള്ള സംവിധാനത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ആ നടപടികളെല്ലാം മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ജവഹർലാൽ നെഹ്റുവിനെ ഞങ്ങൾ അംഗീകരിക്കുന്നു, മഹാത്മാ ഗാന്ധിയെ ഞങ്ങൾ ബഹുമാനിക്കുന്നു. നേരത്തെ ചോദിച്ചതുപോലെ, രാമരാജ്യവും ക്ഷേമരാഷ്ട്രവും എവിടെപ്പോയി; സ്വാതന്ത്ര്യാനന്തരം നിങ്ങൾ എല്ലാ സ്ഥാപനങ്ങളും സ്വകാര്യമേഖലയ്ക്കും വിദേശികളുടെ കൈകളിലേയ്ക്കും ഏൽപ്പിച്ചിരിക്കുകയല്ലേ; അതാണോ ഇടതുപക്ഷം? പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി ഇല്ലാതാക്കുന്നു. രാജ്യത്ത്

കോടാനുകോടി രൂപ എല്ലാവർഷവും ലാഭമുണ്ടാക്കിത്തരുന്ന സ്ഥാപനങ്ങളെല്ലാം നിങ്ങൾ തീറെഴുതി. മണിക്കൂറുകൾകൊണ്ട് കോടിക്കണക്കിന് രൂപ ലാഭം കിട്ടുന്ന ബി.പി.സി.എൽ. ഉൾപ്പെടെ വിദേശികളുടെ കൈകളിൽനിന്നും നാം നേടിയെടുത്ത സ്ഥാപനങ്ങളെല്ലാം അവർക്കുതന്നെ ഏൽപ്പിച്ചു കൊടുക്കുന്നു. ബാങ്കുകൾ സ്വകാര്യവൽക്കരിക്കുന്നു. ഇതാണോ നിങ്ങളുടെ ഇടതുപക്ഷ നയം? ഇന്ദിരാഗാന്ധി ബാങ്ക് ദേശസാൽക്കരിച്ചു. പിന്നീട് രാജീവ് ഗാന്ധി മുതൽ ഇങ്ങോട്ട് പരിശോധിച്ചാൽ ഇതെല്ലാം നിങ്ങൾ വിദേശ കുത്തകകൾക്ക് ഏറ്റെടുത്ത് കൊടുത്തില്ലേ; നമ്മുടെ രാജ്യരക്ഷയ്ക്കുവേണ്ടി ആയുധം നിർമ്മിക്കുന്ന ഫാക്ടറി അമേരിക്കയ്ക്ക് കൊടുത്തത് കോൺഗ്രസ്സല്ലേ; ഇതാണോ ഇടതുപക്ഷ നയം? വലതുപക്ഷം എന്താണെന്ന് ബഹുമാനപ്പെട്ട എം. വി. ഗോവിന്ദൻ മാസ്റ്റർ കൃത്യമായി സൂചിപ്പിച്ചു. നിങ്ങൾ വീണ്ടുമത് അവസാനിപ്പിക്കുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ സൂചിപ്പിച്ചത്. ലോകത്ത് ഏറ്റവും കൂടുതൽ ലാഭമുണ്ടാക്കുന്ന സ്ഥാപനമാണ് ഇന്ത്യയിലെ എൽ.ഐ.സി. ഒരു നിയമം കൊണ്ടുവന്ന് എൽ.ഐ.സി. റെഗുലേറ്ററി സംവിധാനത്തെ മാറ്റി സ്വകാര്യ മേഖലയിലേയ്ക്ക് കടത്തി വിട്ടില്ലേ; എത്ര കോടി രൂപയാണ് ഓരോ ദിവസവും നമുക്ക് നഷ്ടപ്പെടുന്നത്. ഇതാണോ ഇടതുപക്ഷ നയം? സ്വാതന്ത്ര്യാനന്തരം 1990-കൾക്കുശേഷം രാജ്യത്തെ കുത്തുപാളയെടുപ്പിക്കുന്ന നിലപാടാണ് കോൺഗ്രസ്സ് സ്വീകരിച്ചത്. അതാണ് ഇന്ത്യയുടെ ഇന്നത്തെ അധോഗതിക്ക് കാരണം. നിങ്ങളെടുത്ത തെറ്റായ സാമ്പത്തിക നയത്തിന്റെ പരിണിത ഫലമായാണ് ബി.ജെ.പി. ഇന്ത്യ ഭരിക്കുന്ന സാഹചര്യത്തിലേയ്ക്കുവന്നത്. ഞാൻ നീട്ടിക്കൊണ്ടുപോകാൻ ആഗ്രഹിക്കുന്നില്ല. ഇത്തരമൊരു സാഹചര്യത്തിലാണ് കേരളത്തിലെ തൊഴിലുറപ്പ് മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാൻ വളരെ മാതൃകാപരമായ ക്ഷേമനിധി ബിൽ സർക്കാർ കൊണ്ടുവന്നിട്ടുള്ളത്. ആ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയെയും ബിൽ കൊണ്ടുവന്ന സംസ്ഥാന ഗവൺമെന്റിനെയും എല്ലാ അർത്ഥത്തിലും അഭിനന്ദിച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : ഇനി എട്ടംഗങ്ങൾകൂടി സംസാരിക്കാനുണ്ട്. ഇപ്പോൾത്തന്നെ സമയം 4.00 മണി ആയി. അതുകൊണ്ട് എല്ലാവരും സ്വയം നിയന്ത്രണം പാലിക്കണം.

മി. ചെയർമാൻ: അതെ. ബില്ലിന് എത്ര സമയം വേണമെങ്കിലും സംസാരിക്കാമെങ്കിലും എല്ലാവരും സ്വയം നിയന്ത്രിച്ച് സമയം പാലിച്ച് സംസാരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഭേദഗതിയെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായാണ് നാല് ഒറിജിനൽ ബില്ലുകൾ ഒരുമിച്ചെടുക്കുന്നത്. മുൻപ് ഭേദഗതി ബില്ലുകൾ വന്നിട്ടുണ്ട്. പതിമൂന്നാം കേരള നിയമസഭയിൽ ജി. കാർത്തികേയൻ സ്പീക്കറായിരുന്ന സമയത്ത് 3 ബില്ലുകൾ അവതരിപ്പിച്ചു. ആ മൂന്ന് ബില്ലുകൾ അവതരിപ്പിക്കുന്നതിനെതിരായി അന്നത്തെ പ്രതിപക്ഷ ഉപനേതാവായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ നടത്തിയ ബഹളം എന്റെ ഓർമ്മയിൽ ഇപ്പോഴുമുണ്ട്. അത് മൂന്നും ഭേദഗതി ബില്ലായിരുന്നെങ്കിൽ ഇത് ഒറിജിനൽ ബില്ലാണ്. ഏതാണ്ട് 76-ഓളം ക്ലോസ്സുകളുള്ള ഒരു ഒറിജിനൽ ബിൽ കൂടാതെ മൂന്ന് ബിൽ. ദോശ ചുട്ടെടുക്കുംപോലെയാണ് നിയമം പാസ്സാക്കുന്നതെന്ന് പറയാറുണ്ട്. എന്നാൽ നിങ്ങൾ പപ്പടം പോലെ നിയമം ചുട്ടെടുക്കുകയാണ്. ദോശയ്ക്ക് അൽപ്പം സമയംവേണം. പപ്പടത്തിനാണ് സമയം വേണ്ടാത്തത്. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രധാനപ്പെട്ട നിയമങ്ങൾ അവതരിപ്പിക്കുമ്പോൾ അതിനല്പം സമയം കൊടുക്കുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ സമയം പരിമിതപ്പെടുത്തി സംസാരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. അതിലും പ്രധാനപ്പെട്ട കാര്യം, ഈ നാല് ബില്ലുകളും ഒരുമിച്ചെടുക്കലാണ്. ബില്ലുകൾ സാധാരണ ഒരുമിച്ചെടുക്കാറുണ്ട്. രണ്ടാമത്തെ ബില്ലായ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും നാലാമത്തെ ബില്ലായ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും വേണമെങ്കിൽ ഒരുമിച്ചെടുക്കാം. പക്ഷേ അതുമായി യാതൊരു ബന്ധവുമില്ലാത്ത കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലും കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബില്ലും എങ്ങനെയാണ് ഒരുമിച്ചെടുക്കുന്നത്? പരസ്പര ബന്ധമില്ലാത്ത വിഷയങ്ങളുള്ള നാല് ബില്ലുകൾ ഒരുമിച്ചെടുക്കുന്നത് ശരിയായ നടപടിയല്ല. കീഴ്വഴക്കങ്ങളുടെ ലംഘനം മാത്രമല്ല, എന്ത് അർത്ഥത്തിലാണ് ഒരു ഓർഡിനൻസിന്റെ നിരാകരണപ്രമേയം അവതരിപ്പിച്ച് അത് തള്ളുന്നത്; അതിനൊരു നടപടിക്രമമില്ലേ? ഡിസ്പോസ് ചെയ്തതിനുശേഷമല്ലേ ആ ബിൽ പാസ്സാക്കുന്നത്. ഇത് നടപടിക്രമങ്ങൾ അനുസരിച്ചാണ് ചെയ്യുന്നത്. സമാനസ്വഭാവമുള്ള രണ്ടാമത്തെ ബില്ലും നാലാമത്തെ ബില്ലും ഒരുമിച്ചെടുക്കുന്നതിൽ തെറ്റില്ല. പക്ഷേ ഈ നാല് ബില്ലുംകൂടി ഒരുമിച്ചെടുക്കുന്നതിൽ എന്ത് യുക്തിയാണുള്ളത്; നിയമപരമായ എന്ത് പിൻബലമാണ് ഇതിനുള്ളത്? ഇത് തെറ്റായ കീഴ്വഴക്കമാണ്. സഭയുടെ റെക്കോർഡിലുണ്ടാകാൻ വേണ്ടിയാണ് ഇത്

പറഞ്ഞത്, ഇതെല്ലാം ഭാവിയിൽ precedent ആകാൻ പോകുകയാണ്. ഭാവിയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു ഒബ്ജക്ഷൻ വരുമ്പോൾ 2021-ൽ ഒരു ബന്ധവുമില്ലാത്ത നാല് വിഷയങ്ങൾ ഒരുമിച്ച് ബില്ലാക്കിയിട്ടുണ്ടെന്ന് പറയും. ഇത് ശരിയായ നടപടിയല്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ച കാര്യം വളരെ പ്രസക്തമാണ്. ഇതിനെല്ലാംകൂടി ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. ഞാൻ ആ വിഷയത്തിലേയ്ക്ക് പോകുന്നില്ല. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട ചെയറും ഗവൺമെന്റും ഒരുപോലെ ആലോചിക്കണം.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കുറേയധികം ഓർഡിനൻസുകൾ ബില്ലാക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ പ്രത്യേക നിയമസഭാ സമ്മേളനം ചേർന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ പല സമയത്തും സഭ ചേരാനോ ബില്ലുകൾ പാസ്സാക്കാനോ കഴിയാത്തതുകൊണ്ട് ഓർഡിനൻസ് ഇറക്കേണ്ടി വന്നിരുന്നു. ആ ഓർഡിനൻസുകളെല്ലാം ക്രോഡീകരിച്ച് നവംബർ 15-ാം തീയതിക്കുമുമ്പായി ഈ ബില്ലുകൾ പാസ്സാക്കിയെടുക്കുകയെന്ന ഭാരിച്ച ഉത്തരവാദിത്വം നിർവ്വഹിക്കേണ്ടതുണ്ട്. അതിന് പ്രതിപക്ഷത്തിന്റെയും സഹകരണം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിപക്ഷവും ഭരണപക്ഷവും ചേർന്ന് നിലവിലുള്ള പെന്റിംഗ് ബില്ലുകളെല്ലാം പാസ്സാക്കിയെടുക്കുക എന്നതാണ് ഇപ്പോഴത്തെ മുഖ്യലക്ഷ്യം. ഈ വിഷയം കഴിഞ്ഞ സഭയിൽ ചർച്ച ചെയ്തതാണ്. ഓർഡിനൻസ് നീട്ടിക്കൊണ്ടുപോകുന്നത് ശരിയല്ലെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ ബില്ലുകൾ മുഴുവൻ സമയബന്ധിതമായി പാസ്സാക്കാൻവേണ്ട ഇടപെടൽ നടത്തുന്നത്. ഇതിന് പ്രതിപക്ഷത്തിന്റെ നല്ല സഹകരണമുണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ഇത് നടപ്പാക്കാൻ സാധിക്കുന്നത്. കാര്യോപദേശക സമിതിയിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിച്ചതു പോലെ ബില്ലുകളുടെ എണ്ണം കൂടിയെന്നത് ശരിയാണ്. ഇതിന്റെ അനിവാര്യത ബോധ്യപ്പെട്ടുകൊണ്ട് ബില്ലിന്റെ ചർച്ചകളിൽ സഹകരിക്കണമെന്നാണ് ഗവൺമെന്റിനുവേണ്ടി എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുൾപ്പെടെയുള്ള അംഗങ്ങൾ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകിയതിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ചർച്ച പൂർത്തീകരിക്കുന്നതിന് എല്ലാവരും സഹകരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സഭയുടെ നടപടിക്രമങ്ങൾ കഴിഞ്ഞകാലത്തെ കീഴ്വഴക്കങ്ങൾ ലംഘിച്ചുപോകുമ്പോൾ അത് ചൂണ്ടിക്കാണിക്കേണ്ട ബാദ്ധ്യത പ്രതിപക്ഷത്തിനുണ്ടെന്നുള്ളതുകൊണ്ടാണ് ഇക്കാര്യം സൂചിപ്പിച്ചത്. സഹകരിക്കാത്തതുകൊണ്ടല്ല, നടപടിക്രമങ്ങളുടെ ലംഘനമാണ് വിഷയം. നടപടിക്രമങ്ങൾക്കകത്തുനിന്നുകൊണ്ട് ഓർഡിനൻസുകൾ പാസ്സാക്കുന്നതിൽ ഞങ്ങൾക്ക് ബുദ്ധിമുട്ടില്ല. ഇവിടെ ഭരണപക്ഷാംഗങ്ങളുടെ സംസാരം കേൾക്കുമ്പോൾ യു.പി.എ. ഗവൺമെന്റ് ചെയ്ത കാര്യങ്ങളിൽ തൊണ്ണൂറ് ശതമാനം ഷെയറും നിങ്ങളെടുത്തിട്ട് പത്ത് ശതമാനത്തിന്റെ ഷെയറെങ്കിലും ഞങ്ങൾക്ക് തരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. 2004-ലെ ഒന്നാം യു.പി.എ. ഗവൺമെന്റ് വന്നതുകൊണ്ടും നിങ്ങൾ പിന്തുണച്ചതുകൊണ്ടുമാണ് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ കഴിഞ്ഞതെന്നതാണ് ഭരണപക്ഷത്തുനിന്ന് സംസാരിച്ചപ്പോൾ സൂചിപ്പിച്ച പ്രധാനപ്പെട്ട കാര്യം. അതുവരെ കോൺഗ്രസ് ഒരു പദ്ധതിയും കൊണ്ടുവന്നിട്ടില്ലല്ലോ എന്ന ചോദ്യവും അപ്പുറത്തുനിന്നുണ്ടായി. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2004-ൽ ഉണ്ടാക്കിയെടുത്ത ഒരു പദ്ധതിയല്ല. ഇന്ത്യ സ്വതന്ത്രമായപ്പോൾ ജോലിയേക്കാളുപരി എല്ലാവർക്കും ഭക്ഷണവും വസ്ത്രവും വീടുമില്ലാത്ത അവസ്ഥയുണ്ടായിരുന്നു. ആ കാലഘട്ടത്തിൽപ്പോലും കോൺഗ്രസ്സിന്റെ നേതാക്കൾ ഇന്ത്യയുടെ ഭരണഘടനയ്ക്ക് രൂപം നൽകിയപ്പോൾ, ഭരണഘടനയുടെ അനുച്ഛേദം 41-ൽ വിദ്യാഭ്യാസത്തോടൊപ്പം തൊഴിലും അവകാശമായി മാറുന്നതിനെക്കുറിച്ചാണ് പറയുന്നത്. നിങ്ങൾ പറയുന്നതുപോലെ 2004-ൽ കോൺഗ്രസ്സിന് തോന്നിയ ഒരു വികാരമല്ല ഇത്. 1947-ൽ സ്വാതന്ത്ര്യം ലഭിച്ചതിനുശേഷമുണ്ടാക്കിയ ഭരണഘടനയിൽ പറയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങളിലൊന്നാണിത്. എല്ലാവർക്കും ഭക്ഷണം കിട്ടാത്ത ആ കാലഘട്ടത്തിൽ അങ്ങനെ ചിന്തിക്കാൻപോലും കഴിയില്ല. അമേരിക്കയിൽനിന്നും കപ്പലുകളിൽ വരുന്ന ഗോതമ്പ് കഴിക്കേണ്ടിവന്നിരുന്ന കാലഘട്ടം. കോൺഗ്രസ് എന്തെല്ലാം നേടി; എന്ത് നേടിയെന്ന് ഇവിടെ പലരും ചോദിച്ചല്ലോ? ലോകരാജ്യങ്ങളിൽ 130 കോടി ജനങ്ങൾക്കുള്ള ഭക്ഷണം ഇന്ന് ഇന്ത്യയിലുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേട്ടംതന്നെയാണ്. ഇന്ത്യയിലുണ്ടാക്കുക മാത്രമല്ല, നമുക്ക് കയറ്റിഅയയ്ക്കാനും കഴിയുന്നു, അതാണ് കോൺഗ്രസ്സിന്റെ വളർച്ച. ആ യാഥാർത്ഥ്യം ഉൾക്കൊള്ളാതെ എന്നും നിങ്ങൾ കോൺഗ്രസ്സിനെ പറഞ്ഞുകൊണ്ടേയിരിക്കും. സ്വാതന്ത്ര്യസമര കാലഘട്ടം കഴിഞ്ഞുള്ള ഇന്ത്യയുടെ അവസ്ഥ എന്തായിരുന്നുവെന്ന് പഠിക്കുമ്പോഴാണ് കോൺഗ്രസ് ഈ രാജ്യത്തിനുവേണ്ടി എന്തുചെയ്തുവെന്ന് ബോദ്ധ്യപ്പെടാൻ കഴിയുന്നത്. കമ്മ്യൂണിസ്റ്റുകാർ എത്ര പറഞ്ഞാലും ബോദ്ധ്യപ്പെട്ടാലും

ഇക്കാര്യങ്ങളൊക്കെ അംഗീകരിക്കില്ലെന്നുള്ളതുകൊണ്ട് ഞങ്ങളിങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നു എന്നുമാത്രമേയുള്ളൂ. ജോലി ഭരണഘടനയുടെ ഭാഗമാക്കി, അവകാശമായി മാറ്റി. അതുമാത്രമല്ല, ഇന്ത്യയിലാദ്യമായി, 1970-ൽ മഹാരാഷ്ട്രയിലെ Vasantrao Naik സർക്കാരാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് സമാനമായ പദ്ധതി കൊണ്ടുവന്നത്. Vasantrao Naik ആണത് അവതരിപ്പിച്ചതെങ്കിലും അത് ഇംപ്ലിമെന്റ് ചെയ്തത് ശ്രീ. ശരത് പവാർ മുഖ്യമന്ത്രിയായിരുന്ന 1970 കാലഘട്ടത്തിലാണ്. മറ്റൊരു സംസ്ഥാന ഗവൺമെന്റും ഇത്തരമൊരു പദ്ധതി നടപ്പാക്കിയിരുന്നില്ല. ശ്രീ. ശരത് പവാർ ഇത് ഇംപ്ലിമെന്റ് ചെയ്യുന്ന കാലഘട്ടത്തിൽ ഡോ. മൻമോഹൻ സിംഗ് സാമ്പത്തികമേഖലയിൽ പ്രവർത്തിക്കുന്ന ആളായിരുന്നു എന്നുള്ളതും ശ്രദ്ധേയമായ കാര്യമാണ്. കോൺഗ്രസ് ഇവിടെ ഒന്നും കൊണ്ടുവന്നില്ലെന്നും ആദ്യമായി കൊണ്ടുവരികയാണെന്നുമാണ് ഇവിടെ പറഞ്ഞത്. 1983-ൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് ഭൂമിയില്ലാത്ത ഗ്രാമീണർക്കായി ഒരു തൊഴിലുറപ്പ് പദ്ധതിക്ക് രൂപം നൽകിയത്. ആ പദ്ധതിയുടെ പേര് Rural Landless Employment Guarantee Programme (RLEGP) എന്നായിരുന്നു. നിങ്ങൾ പറയുന്നതുപോലെ 2004-ൽ പൊട്ടിവീണ ഒന്നല്ല ഇത്. 1970-ൽ മഹാരാഷ്ട്ര ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയുടെയും 1983-ൽ ഇന്ദിരാഗാന്ധി ഗവൺമെന്റ് കൊണ്ടുവന്ന RLEGP പദ്ധതിയുടെയും ഭാഗമായി ഇതുമായി ബന്ധപ്പെട്ട് കുറേയേറെ കാര്യങ്ങൾ ചെയ്തു. പിന്നീട് കേന്ദ്ര സർക്കാർ 7-ാം പഞ്ചവത്സര പദ്ധതിയുടെ കാലഘട്ടത്തിൽ, 1989 ഏപ്രിൽ 1-ന് രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരിക്കുന്ന കാലഘട്ടത്തിൽ ആരംഭിച്ച പദ്ധതിയാണ് ഏറെ ചർച്ചചെയ്ത ജവഹർ റോസ്ഗാർ യോജന. ഗ്രാമീണമേഖലയിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ ഒരു വ്യക്തിക്ക് തൊഴിൽ ഉറപ്പുനൽകുന്ന പദ്ധതിയാണിത്. ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതിയും (NREP)-യും ഗ്രാമീണ ഭൂരഹിത തൊഴിലുറപ്പ് പദ്ധതിയും (RLEGP)-യും സംയോജിപ്പിച്ചുകൊണ്ടാണ് ആ പദ്ധതി കൊണ്ടുവന്നത്. ഘട്ടംഘട്ടമായി നാൾവഴികളിലൂടെ കടന്നുവന്നാണ് 2004-ൽ ഈ പദ്ധതി കൊണ്ടുവന്നത്. ഭരണപക്ഷാംഗങ്ങൾ സംസാരിച്ചപ്പോൾ നിങ്ങളിവിടെ എന്തെങ്കിലും പദ്ധതി കൊണ്ടുവന്നിട്ടുണ്ടോയെന്ന് ചോദിച്ചു, ഇതൊക്കെ വായിച്ചുനോക്കണം. ഈ രാജ്യത്തുണ്ടായ മാറ്റങ്ങളുടെ പിന്നിൽ ഇത്തരം പദ്ധതികളുണ്ടായിരുന്നുവെന്ന് അപ്പോൾ ബോധ്യമാകും. ജവഹർ റോസ്ഗാർ യോജന പദ്ധതിയിൽ ഒരു വ്യത്യാസമുണ്ടായിരുന്നു. അന്ന് 80 ശതമാനം കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്. 20 ശതമാനം അതത് സംസ്ഥാന ഗവൺമെന്റുകൾ എടുക്കണമായിരുന്നു. ആ ഒരു പദ്ധതിയിലൂടെ വലിയൊരു മുന്നേറ്റമുണ്ടാക്കാൻ സർക്കാരിന് കഴിഞ്ഞു. മാത്രമല്ല, 30 ശതമാനം

തൊഴിലവസരങ്ങൾ വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള പദ്ധതിയായിരുന്നു അത്. ഇത്തരത്തിലുള്ള പദ്ധതികൾ ഏറെ കൊണ്ടുവന്നു. അതിന്റെ തുടർച്ചയായാണ് 1993 ഒക്ടോബർ 2-ന് അന്നത്തെ പ്രധാനമന്ത്രി പി.വി. നരസിംഹ റാവു ഒരു തൊഴിലുറപ്പ് പദ്ധതി ആവിഷ്കരിച്ചത്. അതിന്റെ അടുത്തഘട്ടമായി ഇതിനെ കാണാം. ആ പദ്ധതിയാണ് Employment Assurance Scheme (EAS). കർഷകർക്ക് തൊഴിലുറപ്പ് നൽകുന്ന ഒരു പദ്ധതിയായിരുന്നു അത്. മഹാരാഷ്ട്രയിലെ Vasantrao Naik ഗവൺമെന്റ്, ഇന്ദിരാഗാന്ധി, രാജീവ് ഗാന്ധി, നരസിംഹ റാവു അതിനുശേഷമാണ് ഇപ്പോൾ ഞങ്ങളാൽ കൊണ്ടുവന്നുവെന്ന് ഭരണപക്ഷം അവകാശപ്പെടുന്ന ഈ പദ്ധതി വരുന്നത്. യഥാർത്ഥത്തിൽ നിങ്ങളല്ല ഈ പദ്ധതി കൊണ്ടുവന്നത്. തുടർച്ചയായിവന്ന ഈ പദ്ധതിയെ കോൺഗ്രസ് അതിന്റെ ഭരണഘടനയിൽ ഉൾപ്പെടുത്തി. പിന്നീട് ഘട്ടംഘട്ടമായി വിവിധ പദ്ധതികളിലൂടെ കൊണ്ടുവന്ന്, ഏറ്റവും ഒടുവിൽ ജോലി ചെയ്യാനുള്ള അവകാശം ഭരണഘടനയുടെ ഭാഗമാക്കി മാറ്റി 2005-ൽ ഈ പദ്ധതി നടപ്പാക്കി. കോൺഗ്രസ്സിന്റെ മാനിഫെസ്റ്റോയിൽവരെ ഉൾപ്പെടുത്തിവന്ന ഒരു പദ്ധതിയാണിത്. നിരവധി പരീക്ഷണങ്ങൾ നടത്തി കുറ്റമറ്റതാക്കിയതിനുശേഷമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൊണ്ടുവന്നത്. അതിനെയാണ് നിങ്ങളിപ്പോൾ ഞങ്ങളാണ് ഈ പദ്ധതികളെല്ലാം കൊണ്ടുവന്നത്, ഇതിനുമുമ്പ് ഒരു പദ്ധതിയും കൊണ്ടുവന്നിട്ടില്ലെന്ന് പറയുന്നത്. ഒരുപാട് പദ്ധതികളുടെ തുടർച്ചയായി കൊണ്ടുവന്ന പദ്ധതിയാണിതെന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ വേണ്ടിമാത്രം സൂചിപ്പിച്ചെന്നേയുള്ളൂ. ഈ പദ്ധതിയെപ്പറ്റി പറയുകയാണെങ്കിൽ, ലോകത്ത് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി ഇത്രയും പണം നേരിട്ട് ഒരു ഗവൺമെന്റ് നാട്ടിലെ പാവപ്പെട്ടവരുടെ കൈകളിലെത്തിക്കുന്ന ഈ പദ്ധതിക്ക് സമാനമായ ഒരു പദ്ധതി എവിടെയും നടപ്പിലാക്കിയിട്ടില്ല. 'ഗ്രാമീണ മേഖലയിലെ വികസനത്തിന്റെ നക്ഷത്രത്തിളക്കമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി' എന്ന് ലോകത്ത് നടപ്പാക്കിയ ഒരു പദ്ധതിയെപ്പറ്റി ലോക ബാങ്ക് പരാമർശിച്ചിട്ടുണ്ടെങ്കിൽ അത് കോൺഗ്രസ് കൊണ്ടുവന്ന ഈ പദ്ധതിയെപ്പറ്റിയാണ്. അത്രയും വലിയ മാറ്റമുണ്ടാക്കിയ ഈ പദ്ധതിയുമായി ബന്ധപ്പെട്ടാണ് ഇവിടെ അവരെ സഹായിക്കാനായി പുതിയൊരു നിയമം കൊണ്ടുവരുന്നത്. ഞങ്ങൾക്ക് അതിനോട് വിയോജിപ്പില്ല, നല്ല കാര്യംതന്നെയാണ്. അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷെ അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കുമ്പോൾ, ഇപ്പോൾ നമുക്കുള്ള ക്ഷേമനിധികളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധി. യഥാർത്ഥത്തിൽ ഇതിന് സമാനമാണത്. അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമനിധിയിൽനിന്നും അവസാനമായി പെൻഷൻ

കൊടുത്തത് 2020 ജൂലൈ മാസത്തിലാണ്. പ്രസവാനുകൂല്യം കൊടുത്തത് 2020 ഡിസംബർ അവസാനമാണ്. വിവാഹ ധനസഹായം കൊടുത്തത് 2020 ഫെബ്രുവരി അവസാനമാണ്. ചികിത്സാ ധനസഹായവും മരിച്ചവരുടെ കുടുംബത്തിനുള്ള ധനസഹായവും കൊടുത്തത് 2020 ഒക്ടോബർ മാസത്തിലാണ്. ഇങ്ങനെ ഓരോ പെൻഷനും കുടിശ്ശിക വരുത്തിക്കൊണ്ടിരിക്കുകയാണ്. ഞാൻ എന്റെ ജില്ലയിലെ മാത്രം കണക്കെടുത്തതാണ്. ഒരു ക്ഷേമനിധി ഉണ്ടാക്കിയതുകൊണ്ട് മാത്രം കാര്യമുണ്ടോ? ക്ഷേമനിധിയുണ്ടാക്കിയാൽ അത് വേണ്ടരീതിയിൽ നടപ്പാക്കുന്നതിലാണ് അതിന്റെ വിജയം. ഇത് മുഴുവൻ കുടിശ്ശികയായി അവർക്ക് ലഭ്യമാകാത്ത സാഹചര്യമുണ്ടായാൽ പിന്നെന്ത് കാര്യമാണ് അതുമൂലമുണ്ടാകുന്നത്? അതുപോലെ ഈ ഗവൺമെന്റ് വന്നതിനുശേഷം ചില നല്ല കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് നൂറ് ദിവസം തൊഴിൽ കൊടുക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് പണം നൽകുന്നു എന്നതാണ്. ഫെസ്റ്റിവൽ അലവൻസുമായി ബന്ധപ്പെട്ട് ഇവിടെ ഒരംഗം സംസാരിക്കുകയുണ്ടായി. ഇപ്പോൾ ഫെസ്റ്റിവൽ അലവൻസ് നൽകുന്നത് കേന്ദ്ര ഗവൺമെന്റാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മരണപ്പെടുന്നവർക്കുള്ള അൻപതിനായിരം രൂപയുടെ ധനസഹായം, പണിയിടങ്ങളിൽ എന്തെങ്കിലും അത്യാഹിതമുണ്ടായാൽ സഹായം നൽകുന്ന പദ്ധതി എന്നിവയെല്ലാം കേന്ദ്ര ഗവൺമെന്റ് പദ്ധതികളാണ്. സംസ്ഥാന ഗവൺമെന്റാണ് ഫെസ്റ്റിവൽ അലവൻസ് കൊടുക്കുന്നതെന്ന് എനിക്ക് തോന്നുന്നില്ല. തെറ്റുണ്ടെങ്കിൽ മന്ത്രിക്ക് തിരുത്താം. ഇതിൽ കൊടുക്കുന്നുണ്ടെന്ന് പറയുന്ന ഏക കാര്യം, ആദിവാസി മേഖലയിൽ നൂറ് തൊഴിൽദിനങ്ങൾ 200 ദിനമാക്കി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അങ്ങനെ കൊടുക്കാൻ തീരുമാനിച്ചത് അട്ടപ്പാടിയിലേയും വയനാട്ടിലേയും ചില ബ്ലോക്കുകളിൽ മാത്രമാണ്. സാർവ്വത്രികമായി ഈ സഹായം കൊടുക്കുന്നില്ല. ആദിവാസി മേഖലകളിലെങ്കിലും 200 ദിന തൊഴിലവസരങ്ങൾ കൊടുക്കാനുള്ള അവസരം കേരളത്തിൽ മുഴുവൻ വ്യാപകമാക്കിയാൽ വളരെ ചുരുങ്ങിയ എണ്ണം മാത്രമേ വരികയുള്ളൂ. രണ്ട് ജില്ലകളിലായി ഇപ്പോൾ പന്ത്രണ്ട് കോടി രൂപയാണ് കൊടുക്കുന്നത്. പന്ത്രണ്ട് കോടി രൂപ ധനകാര്യ വകുപ്പിന്റെ പ്രത്യേക ഫണ്ടിൽനിന്നല്ല, ട്രൈബൽ ഡിപ്പാർട്ടുമെന്റിന്റെ ഫണ്ടിൽനിന്നാണ് കൊടുക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇടുക്കിയിലും നിലമ്പൂരും പല ജില്ലകളിലും ആദിവാസികളുണ്ട്. അതുകൊണ്ട് വയനാട്ടിലും അട്ടപ്പാടിയിലും മാത്രമായി ഇത് ഒതുങ്ങരുത്. പക്ഷെ പൊതുവായി എടുത്താൽ ട്രൈബൽ സെക്ടറിലെ പോപ്പുലേഷൻ വളരെ കുറവാണ്. അതുകൊണ്ട് 100 ദിന തൊഴിൽ 200 ദിനമാക്കി ഉയർത്തിയാലും വലിയതോതിലുള്ള അധിക ബാദ്ധ്യത ഗവൺമെന്റിനുണ്ടാകില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ട്രൈബൽ

സെക്ടറുകളിലെല്ലാം 100 ദിന തൊഴിൽ 200 ദിനമാക്കി ഉയർത്തുന്നതിനുള്ള ശ്രമം നടത്തണമെന്നാണ് എനിക്ക് അങ്ങയോട് സൂചിപ്പിക്കാനുള്ളത്. അതുപോലെ അംശദായമൊടുക്കുന്നതുമായി ബന്ധപ്പെട്ട് അൻപത് രൂപ അടയ്ക്കണമെന്ന് പറയുന്നുണ്ട്. ആ തുക പഞ്ചായത്തും ഗവൺമെന്റുംകൂടി അടച്ചാൽ നന്നായിരിക്കുമെന്ന് എനിക്ക് തോന്നുന്നു. ഇവിടെ പ്രതിപക്ഷാംഗങ്ങൾ സംസാരിച്ചപ്പോൾ ഉന്നയിച്ച ചോദ്യത്തിനുള്ള ഉത്തരം അങ്ങ് മറുപടി പറയുമ്പോൾ പറഞ്ഞാൽ നന്നായിരുന്നു. ഈയൊരു പെൻഷൻ വാങ്ങിയാൽ മറ്റ് പെൻഷനൊന്നും ലഭിക്കില്ല. അറുപത് വയസ് കഴിഞ്ഞ ഒരാൾക്ക് അംശദായം അടയ്ക്കാതെതന്നെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലഭിക്കുന്നുണ്ട്. സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലഭിക്കുന്ന ഒരാളെ സംബന്ധിച്ച് കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻ പിന്നീട് ലഭിക്കില്ല. പൈസ അടയ്ക്കാതെ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കിട്ടുമ്പോൾത്തന്നെ പൈസ അടച്ചുകൊണ്ട് ഈ പെൻഷൻ ലഭിക്കുമ്പോൾ എന്ത് ഗുണമാണുണ്ടാകുന്നത്? അതുകൊണ്ട് അവർക്ക് ഈ രണ്ട് പെൻഷനും വാങ്ങുന്നതിനുള്ള അവസരമുണ്ടാക്കണം. ഇതെല്ലാം നാമമാത്രമായ തുകയാണുള്ളത്. ഈ രണ്ട് പെൻഷൻ കിട്ടാതെ നമ്മൾ കുറെ ക്ഷേമനിധി ഉണ്ടാക്കിയാൽ അതിന്റെ ഗുണം നോമിനേറ്റ് ചെയ്യുന്ന ഉദ്യോഗസ്ഥർക്കും ഡയറക്ടർ ബോർഡ് അംഗങ്ങൾക്കുമല്ലാതെ സാധാരണക്കാരന് കിട്ടുമെന്ന് തോന്നുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഇതേ കാര്യംതന്നെയാണ് ഞാൻ സംസാരിച്ചപ്പോഴും സൂചിപ്പിച്ചത്. രണ്ട് പെൻഷനും ഒരേ തുകതന്നെയാണ്. ഏതെങ്കിലുമൊരു പെൻഷന് കുറച്ച് കൂടിയ തുക ഉണ്ടായിരുന്നുവെങ്കിൽ കൂടിയ തുകയുള്ള പെൻഷൻ തെരഞ്ഞെടുക്കാമായിരുന്നു. ഒരു പെൻഷൻ കൈപ്പറ്റിയാൽ മറ്റേ പെൻഷൻ ഇല്ലാതാകുമെന്നുള്ളതാണ് 2017-ലെ ഉത്തരവ്. അതിനുമുമ്പ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രണ്ട് പെൻഷനും ലഭിച്ചുകൊണ്ടിരുന്നതാണ്. രണ്ടാമത്തെ കാര്യം നിയമനങ്ങളെപ്പറ്റി പറയുന്നിടത്താണ്. .....(തടസ്സം).... പതിനെട്ട് മാസത്തെ കുടിശ്ശിക കൊടുത്തുതീർത്ത ഉത്തരവിന്റെ പകർപ്പ് കാണിക്കാമോ? ഞാൻ വിനീതമായി ചോദിക്കുകയാണ്. പതിനെട്ട് മാസം ഉമ്മൻ ചാണ്ടി സർക്കാർ സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കുടിശ്ശികയാക്കിയെന്ന് നിങ്ങൾ പറയുന്നു. പതിനെട്ട് മാസത്തെ കുടിശ്ശിക തീർത്ത ധനകാര്യ വകുപ്പിന്റെ ഉത്തരവുണ്ടാകും. നിങ്ങളുടെ കൂട്ടത്തിലുള്ള ആരെങ്കിലും ആ ഉത്തരവ് കാണിക്കാമോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, നിങ്ങൾ രണ്ട് പെൻഷൻ അനുവദിച്ചപ്പോൾ രണ്ടുംകൂടി എത്ര തുകയാണ് ഉണ്ടായിരുന്നത്? അന്നത്തെ കാലത്ത് കേരളത്തിൽ 36 ലക്ഷം പേർക്കാണ് പെൻഷൻ കൊടുത്തത്. പിന്നീട് 57 ലക്ഷം പേർക്കായി വർദ്ധിപ്പിച്ചു. നേരത്തെ രണ്ട് പെൻഷനുംകൂടി ചേർത്ത് ആകെ

എത്ര രൂപയുണ്ടായിരുന്നു; ഇപ്പോൾ രണ്ട് പെൻഷനും ചേർത്ത് എത്ര രൂപ കൊടുക്കുന്നുണ്ട്?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, തുടക്കത്തിൽ രണ്ട് പെൻഷനുംകൂടി 600 രൂപയായിരുന്നു നൽകിയത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് 300 രൂപയായിരുന്ന പെൻഷനാണ് ഇരട്ടിയായി വർദ്ധിപ്പിച്ച് 600 രൂപയാക്കിയത്. മാത്രമല്ല, 2016-ൽ ഞങ്ങളുടെ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുന്ന സമയത്ത് പല തട്ടിലാക്കി 800 രൂപ പെൻഷനും 1100 രൂപ പെൻഷനുമുണ്ടായിരുന്നു. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലത്ത് എത്ര രൂപ പെൻഷനുണ്ടായിരുന്നു? ഏകദേശം പതിനഞ്ച് ലക്ഷം പെൻഷൻകാരാണുണ്ടായിരുന്നത്. അപ്പോൾ 200 രൂപയുണ്ടായിരുന്നത് അവസാന വർഷമാണ് 300 രൂപ ആക്കിയതും ആ 300 രൂപയാണ് ഞങ്ങൾ 600 രൂപയാക്കി വർദ്ധിപ്പിച്ചതും. അതാണ് 35 ലക്ഷം പേർക്ക് നൽകിയത്. 12 ലക്ഷം 35 ലക്ഷമാക്കിയതും 300 രൂപ 600 രൂപ ആക്കി വർദ്ധിപ്പിച്ചതും താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, അത്തരം കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽപ്പെടാത്തതുകൊണ്ടല്ല, കേരളത്തിലെ ഈ പെൻഷൻ പദ്ധതി ഇത്രയും ജനകീയവും സാർവ്വത്രികവുമാക്കിയതും ഒരാൾക്ക് രണ്ട് പെൻഷൻ വരെ വാങ്ങാനുള്ള തീരുമാനമെടുത്തതും ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്താണ്. നിങ്ങൾ അതെല്ലാം ബോധപൂർവ്വം മറക്കും. നിങ്ങളെന്തെങ്കിലും ചെറിയ കാര്യങ്ങൾ ചെയ്താൽ അതിനെ കൊട്ടിഘോഷിച്ച് എന്തൊക്കെയോ ചെയ്തുവെന്ന് വരുത്തിത്തീർക്കുന്നു. അതിനുദാഹരണമുണ്ടെങ്കിലും സഭയിൽ പറയാൻ പറ്റാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. യഥാർത്ഥത്തിൽ നിങ്ങൾ ചെയ്യുന്ന കാര്യമെന്താണ്; പാവപ്പെട്ട എത്ര ആളുകളുടെ പെൻഷനാണ് നിങ്ങൾ കട്ട് ചെയ്തത്? ഏറ്റവുമൊടുവിൽ വിധവകൾക്ക് പഞ്ചായത്തിൽനിന്നും ലഭിച്ചിരുന്ന സഹായംപോലും നിങ്ങൾ ഇല്ലാതാക്കി. അതുമായി ബന്ധപ്പെട്ട് ഞാൻ സബ്മിഷൻ കൊണ്ടുവന്നതാണ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, കർഷകത്തൊഴിലാളി പെൻഷൻ കേരളത്തിൽ ആദ്യമായി പ്രഖ്യാപിച്ച സന്ദർഭം നേരത്തെ മന്ത്രി ഇവിടെ വിശദീകരിച്ചു. അന്ന് പ്രത്യുൽപ്പാദനകരമല്ല, ഖജനാവിന് നഷ്ടം വരുത്തുന്ന പരിപാടിയാണെന്ന അഭിപ്രായം വലതുപക്ഷത്തിനിപ്പോഴുമുണ്ടോ?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കർഷകത്തൊഴിലാളി പെൻഷൻ കൊണ്ടുവന്നപ്പോൾ അന്നത്തെ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദായിരുന്നുവെന്ന കാര്യം ഓർമ്മയിലുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, രണ്ട് കാര്യങ്ങളും ഞാൻ ഓർക്കുന്നു. ഈ പദ്ധതിയുടെ കാര്യത്തിലായാലും ചെറുപ്പക്കാർക്ക് തൊഴിലില്ലായ്മ വേതനം നൽകിയ കാര്യത്തിലായാലും അന്ന് രണ്ടും ഭരിച്ചിരുന്നത് ഇന്ന് കോൺഗ്രസ്സിനോടൊപ്പമുള്ള നേതാക്കളായിരുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ; ഇല്ലെങ്കിൽ അത് പഠിച്ചാൽ മനസ്സിലാകും. കേരളത്തിലാണെങ്കിലും ഇന്ത്യയിലാണെങ്കിലും സാധാരണക്കാരനെ സഹായിക്കാനുള്ള ഇത്തരം നിയമങ്ങളൊക്കെ കൊണ്ടുവന്നത് കോൺഗ്രസ്സാണ്. എല്ലാ അർത്ഥത്തിലും ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ തൊഴിലാളിക്ക് ഈ നിയമത്തിലൂടെ ലഭ്യമാകുന്ന നേട്ടമെന്താണെന്ന് അങ്ങ് പറയണം. അതുപറഞ്ഞാൽ ഞങ്ങൾ അംഗീകരിക്കാൻ തയ്യാറാണ്. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ, എല്ലാ വർഷവും 600 രൂപ അംശദായം അടച്ച് 10 വർഷം കഴിഞ്ഞാൽ എന്താണോ സോഷ്യൽ സെക്യൂരിറ്റി പെൻഷന് കിട്ടുന്നത് അതുതന്നെ കിട്ടുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അതുപോലെ അസംഘടിത മേഖലയിൽ പണിയെടുക്കുന്നവർക്കുവേണ്ടി ക്ഷേമനിധി നിലവിലുണ്ട്. അവിടെ ലഭിക്കുന്ന അതേ കാര്യങ്ങളാണ് ഇവിടെയും ലഭിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ രണ്ട് കാര്യങ്ങൾ അടിവരയിട്ട് പറയുന്നത്. ഒന്ന്, അംശദായം വാങ്ങരുത്. അത് കൊടുക്കണമെന്നുണ്ടെങ്കിൽ പഞ്ചായത്തിനെ ചുമതലപ്പെടുത്താം; വലിയ തുകയൊന്നും വരില്ല. രണ്ടാമത്, ഇത്രയുംകാലം നമ്മുടെ നാടിനുവേണ്ടി തൊഴിൽ ചെയ്ത പാവപ്പെട്ട ആളുകൾക്ക് രണ്ട് പെൻഷൻ വാങ്ങാനുള്ള അവസരം കൊടുക്കണം. അങ്ങനെ കൊടുക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഇതിന്റെ നേട്ടം തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. നിലവിൽ ഒരുപാട് സ്കീമുകളുണ്ട്. ഒരു പെൻഷനും കിട്ടാത്ത ആളുകളുടെ എണ്ണം ഇന്ന് വളരെ കുറവാണ്. സാമ്പത്തിക പ്രയാസമനുഭവിക്കുന്ന ആളുകൾക്ക് ഇന്ന് ഏതെങ്കിലും പെൻഷൻ ലഭിക്കുന്നുണ്ട്. അത് വിധവാ പെൻഷനാകാം, വാർദ്ധക്യകാല പെൻഷനാകാം, കർഷകത്തൊഴിലാളി പെൻഷനാകാം, അസംഘടിത മേഖലയിലെ പെൻഷനാകാം. പല രീതിയിലും പെൻഷനുണ്ട്. ഈ പദ്ധതി നല്ല പദ്ധതിയാണ്. ലോകം അംഗീകരിച്ചൊരു പദ്ധതിയുടെ ഒപ്പം ചേർന്നുനിൽക്കുന്ന ഈ ക്ഷേമനിധി അതുപോലെതന്നെ വ്യത്യസ്തമാകണം. അതിന്റെ നേട്ടം യഥാർത്ഥത്തിൽ തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന രീതിയിലാക്കി മാറ്റണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. ആ രീതിയിൽ മാറ്റം വരുമ്പോൾമാത്രമേ നമ്മൾ കൊണ്ടുവരുന്ന ഇത്തരം ക്ഷേമനിധികളുടെ ഗുണവും നേട്ടവും പാവപ്പെട്ട തൊഴിലാളികൾക്ക് ലഭ്യമാകൂ. അതിനുവേണ്ടിയുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ 2(ബി) നമ്പർ ഭേദഗതിയെ പിന്താങ്ങുന്നു. ഞാൻ

രാഷ്ട്രീയമൊന്നും പറയുന്നില്ല. ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കുകയാണ്. 2005 സെപ്റ്റംബർ മാസമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പാർലമെന്റ് പാസ്സാക്കിയത്. 2005 സെപ്റ്റംബർ 7-നുതന്നെ നിലവിൽവന്നു. 2008 ഏപ്രിൽ 1 മുതൽ ഇന്ത്യയിലെ എല്ലാ ജില്ലകളിലും വ്യാപിച്ചു. ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചതുപോലെ ക്ഷേമ പദ്ധതികൾ, തൊഴിൽരഹിത വേതന വിതരണം, അപകടമരണം, അവരുടെ കുടുംബത്തിനുള്ള നഷ്ടപരിഹാരം, ചികിത്സ തുടങ്ങിയ എല്ലാ കാര്യങ്ങളും അതിൽ ഉൾക്കൊണ്ടിരുന്നു. കഴിഞ്ഞ സാമ്പത്തികവർഷം ശരാശരി തൊഴിൽ ദിനങ്ങൾ ദേശീയാടിസ്ഥാനത്തിൽ 48 ദിവസമായിരുന്നു. എന്നാൽ ഗവൺമെന്റിന്റെ കണക്കനുസരിച്ച് കേരളത്തിൽ അത് 55.75 ദിവസമായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഗവൺമെന്റ് കണക്കനുസരിച്ച് കേരളത്തിൽ 8.2 കോടി തൊഴിൽ ദിനങ്ങൾ നൽകി. ആക്ടിൽ പറയുന്ന എല്ലാ ആനുകൂല്യങ്ങളും നൽകി. ബില്ലിലെ മൂന്നാം വകുപ്പിൽ ക്ലോസ് 4-ൽ 'എ' മുതൽ 'ജി' വരെയുള്ള ക്ഷേമ പദ്ധതികൾ, അതായത് പെൻഷൻ, മരണപ്പെട്ടാൽ സാമ്പത്തിക സഹായം, രോഗം ബാധിച്ചവർക്കുള്ള ചികിത്സാ ധനസഹായം, വനിതാ അംഗങ്ങളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹ സഹായം, മക്കളുടെ പഠനത്തിനുള്ള സഹായം തുടങ്ങിയ കാര്യങ്ങളെയൊന്നും ആരും എതിർക്കില്ല. എന്നാൽ, നിലവിൽ തൊഴിലുറപ്പ് പദ്ധതി കൈകാര്യം ചെയ്തിരുന്ന ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരിൽനിന്ന് ഒരു പ്രോഗ്രാം കോ-ഓർഡിനേറ്ററും ഒരു ഐ.ടി. പ്രൊഫഷണൽ, ഒരു അക്രഡിറ്റഡ് എഞ്ചിനീയർ, ഒരു ഓവർസീയർ, ഒരു കമ്പ്യൂട്ടർ ഓപ്പറേറ്റർ, ഒരു അക്കൗണ്ടന്റ്-കം-ഐ.ടി. അസിസ്റ്റന്റ്, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ ഏകോപിപ്പിച്ച് ഈ നിധി കൈകാര്യം ചെയ്തുകൂടേ എന്നാണ് ഞാൻ ചോദിക്കുന്നത്. അതായത്, 8-ാം വകുപ്പിൽ പറയുന്ന ബോർഡ് രൂപീകരണത്തോടുകൂടി ചെയർമാനും ഉദ്യോഗസ്ഥർക്കും അനൗദ്യോഗിക അംഗങ്ങൾക്കുമെല്ലാംകൂടി വലിയൊരു സംഖ്യ ഈ കോവിഡ് മഹാമാരിസമയത്ത് ചെലവഴിക്കേണ്ടിവരുന്നു. 13, 24 വകുപ്പുകൾ പ്രകാരം നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്കും ശമ്പളം നൽകേണ്ടിവരുന്നു. 4-ാം വകുപ്പിൽ പറയുന്നതുപോലെ, തൊഴിലാളികളിൽനിന്നും 50 രൂപ മാസത്തിൽ അംശദായം വാങ്ങിയാണ് ഈ ചെലവുകളൊക്കെ നടത്തുന്നത്. ഉദ്യോഗസ്ഥരുടെ ദിനബത്ത, ടി.എ., മറ്റുള്ള എല്ലാ സൗകര്യങ്ങളും ഇതിൽനിന്ന് എടുക്കേണ്ടതുണ്ട്. നേരത്തെ സൂചിപ്പിച്ച ഉദ്യോഗസ്ഥരിൽനിന്ന് ഒരു സീനിയർ ഓഫീസർക്ക് ചുമതല നൽകിക്കൊണ്ട് ഈ പദ്ധതി നടപ്പാക്കിക്കൂടേ എന്നാണ് ഞാൻ ചോദിക്കുന്നത്. 13-ാം വകുപ്പിൽ ഉദ്യോഗസ്ഥരുടെ നിയമനത്തെക്കുറിച്ച് പറയുന്നുണ്ട്. പ്രസ്തുത നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ 17-ാം വകുപ്പിൽ ശിക്ഷാവിധികളെക്കുറിച്ച് പറയുന്നുണ്ട്.

അതായത്, "ഈ ആക്റ്റോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളോ പദ്ധതിയോ പ്രകാരം താൻ നൽകേണ്ടതായ ഏതെങ്കിലും തുക നൽകുന്നതിൽനിന്ന് ഒഴിവാകുന്നതിന് വേണ്ടിയോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളെ അപ്രകാരം പണം നൽകുന്നതിൽനിന്ന് ഒഴിവാക്കുന്നതിന് സഹായിക്കുന്നതിന് വേണ്ടിയോ അറിഞ്ഞുകൊണ്ട് ഏതെങ്കിലും വ്യാജമായ പ്രസ്താവനയോ വ്യാജമായ നിവേദനമോ നടത്തുകയോ നടത്തുവാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും മൂന്നുമാസക്കാലം വരെയാകാവുന്ന തടവോ അല്ലെങ്കിൽ അയ്യായിരം രൂപ പിഴയോ അല്ലെങ്കിൽ ഇവ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്." ഇതിൽ അധികവും പാവപ്പെട്ട സ്ത്രീകളാണ്. വിദ്യാഭ്യാസമില്ലാത്ത ആളുകളാണ്. അറിയാതെ എന്തെങ്കിലുമൊരു നിവേദനം കൊടുത്തുപോയാൽ, എന്തെങ്കിലുമൊരു പ്രസ്താവന നടത്തിപ്പോയാൽ അതിന് മൂന്ന് മാസം തടവോ അല്ലെങ്കിൽ അയ്യായിരം രൂപ പിഴയോ എന്നാണ് പറഞ്ഞിട്ടുള്ളത്. അതിന്റെ ആവശ്യമുണ്ടോ? തടവ് ഒഴിവാക്കി പിഴശിക്ഷ മാത്രം നിലനിർത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയിൽ എനിക്ക് സംശയമുണ്ട്. എന്റെ സഹപ്രവർത്തകൻ ശ്രീ. എൻ. ഷംസുദ്ദീൻ അത് സൂചിപ്പിക്കുകയുണ്ടായി. അതായത് എന്തുകൊണ്ടാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചതിനുശേഷം അത് സഭ പാസ്സാക്കാതിരുന്നതെന്ന് ബില്ലിന്റെ 19-ാം പേജിലെ 4, 5, 6, 7 എന്നീ ഖണ്ഡികകളിൽ പറയുന്നുണ്ട്. അതായത് 17-2-2021-ന് ഓർഡിനൻസ് വന്നു. പക്ഷേ അടുത്ത നിയമസഭയിൽ അത് പാസ്സാക്കാൻ കഴിഞ്ഞില്ല. എന്തുകൊണ്ട് കഴിഞ്ഞില്ല എന്ന് അവിടെ എഴുതിച്ചേർത്തിട്ടില്ല. 6-ാം ഖണ്ഡികയിൽ 2021 ജൂലൈ മാസം 2-ാം തീയതി അസാധാരണ ഗസറ്റിൽ ഈ 53-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിച്ചുവെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ അത് 2021 ആഗസ്റ്റ് 13-ാം തീയതി അവസാനിച്ച സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനോ പാസ്സാക്കുന്നതിനോ കഴിഞ്ഞില്ല. അങ്ങനെ മതിയോ; ഭരണഘടന നിഷ്കർഷിക്കുന്ന നിശ്ചിത സമയത്തിനുള്ളിൽ എന്തുകൊണ്ടാണ് അത് അവതരിപ്പിക്കാത്തതെന്നും എന്തുകൊണ്ടാണ് അത് പാസ്സാക്കിയെടുക്കാത്തതെന്നും വിശദീകരിക്കേണ്ടതല്ലേ; അതിന്റെ കാരണങ്ങൾ സൂചിപ്പിക്കേണ്ടതല്ലേ? എന്റെ നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്ത് പ്രസിഡന്റുമാരും ഒരു മുനിസിപ്പൽ ചെയർമാനും ചില കാര്യങ്ങൾ നിർദ്ദേശിക്കാൻ എന്നോട് ആവശ്യപ്പെട്ടിട്ടുണ്ട്. 100 തൊഴിൽദിനമെന്നത് 200 ദിവസമെങ്കിലുമാക്കി വർദ്ധിപ്പിക്കണം. 291 രൂപ കൂലി എന്നത് കേരളത്തെ സംബന്ധിച്ച് വളരെ ചെറുതാണ്. അതുകൊണ്ട് അത് നാനൂറോ അഞ്ഞൂറോ രൂപയാക്കി വർദ്ധിപ്പിക്കണം. പി.ഡബ്ല്യൂ.ഡി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ വശങ്ങളിലുള്ള പൊന്തക്കാടുകൾ, പുല്ലുകൾ എന്നിവ നീക്കം ചെയ്യാൻ ഇപ്പോൾ സാധിക്കുന്നില്ല. അത് ഉൾപ്പെടുത്തണം. അതുപോലെതന്നെ അരിച്ചാൽ നന്നാക്കാനും ഇപ്പോൾ

അനുവദിക്കുന്നില്ല. അതും അനുവദിക്കണം. 'മേറ്റുമാർ' പത്താം ക്ലാസ് പാസ്സാകണമെന്ന നിബന്ധന മാറ്റി എഴുത്തും വായനയും അറിയാവുന്ന ആൾ എന്നാക്കി മാറ്റണം. നെൽകൃഷി, ഞാർ നടൽ, കൊയ്ത്ത് തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നില്ല. അവ ഉൾപ്പെടുത്തണം. തെങ്ങിന് തടമെടുക്കുന്നതും ഇതിൽ ഉൾപ്പെടുത്തണം. ജി.ഐ.എസ്. സർവ്വേയിൽ ആവശ്യമുള്ള സമയത്ത് ആവശ്യമുള്ള സ്ഥലവും പ്രവൃത്തിയും ഇതിൽ ഉൾപ്പെടുത്തണം എന്നുള്ള നിർദ്ദേശങ്ങൾകൂടി മുന്നിൽ വച്ചുകൊണ്ട് ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എം. വിൻസെന്റ്]

ശ്രീ. രമേശ് ചെന്നിത്തല: സർ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ കഴിഞ്ഞ ഗവൺമെന്റ് ചെയ്ത ഒരു പാപത്തിന്റെ പരിഹാരം തേടിയുള്ളതാണ്. പാപപരിഹാരാർത്ഥം തിരിച്ചുംമറിച്ചും ബിൽ കൊണ്ടുവരുന്ന കൗതുകകരമായ കാര്യമാണ് ഇവിടെ കാണുന്നത്. ബഹുമാന്യനായ എന്റെ സുഹൃത്ത് എ. സി. മൊയ്തീൻ ചെയ്തൊരു പാപം ബഹുമാന്യനായ എന്റെ മറ്റൊരു സുഹൃത്ത് എം. വി. ഗോവിന്ദൻ മാസ്റ്റർ തിരുത്തുന്നുവെന്നുള്ളതാണ് ഈ ബില്ലിന്റെ ഏറ്റവും വലിയ പ്രത്യേകത. ഇത് ചെയ്യരുതെന്ന് അന്ന് ഞങ്ങൾ പ്രതിപക്ഷത്തിരുന്ന് വളരെ ശക്തമായി നിയമസഭയിൽ പറഞ്ഞതാണ്. ഇത് നിലനിൽക്കാൻ പോകുന്ന ബില്ലല്ല, കേന്ദ്ര നിയമത്തിന് വിരുദ്ധമായ നിയമമാണ്, ഇത് കൊണ്ടുവന്നാൽ കോടതിയുടെ തിണ്ണയിൽ ചെന്നാൽ ഈ ബിൽ ലാപ്സാകും, അതുകൊണ്ട് ഈ ബിൽ ഒരു കാരണവശാലും നിയമമാക്കാൻ പാടില്ലെന്ന് അന്ന് ഞങ്ങൾ പ്രതിപക്ഷത്തിരുന്ന് ആവർത്തിച്ച് പറഞ്ഞതാണ്. ഇപ്പോൾ റദ്ദുചെയ്യാൻ പോകുന്ന 2020-ലെ പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിലെ 6-ാം വകുപ്പിലെ 3-ാം ഉപവകുപ്പ്, കേന്ദ്ര നിയമത്തിന് ഘടകവിരുദ്ധമായിട്ടുള്ള ഒന്നാണ്. അന്ന് ഞങ്ങൾ നിയമസഭയിൽ പറഞ്ഞപ്പോൾ, ഞാനും സംസാരിച്ചതാണ്. അന്നത്തെ മന്ത്രി ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് എ. സി. മൊയ്തീൻ അതിനെ ശക്തമായി എതിർക്കുകയാണുണ്ടായത്. മാത്രമല്ല, അന്ന് ഞങ്ങൾ സർക്കാരിനും ഗവർണർക്കും കത്ത് നൽകി, പക്ഷെ ചെകുത്താനോട് വേദമോതിയിട്ട് കാര്യമില്ലെന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടു. സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് നിയമവിരുദ്ധമായ ആ ബിൽ അന്ന് പാസ്സാക്കുകയാണുണ്ടായത്. 2011-ലെ സെൻസസ് അനുസരിച്ച് ജനസംഖ്യാനുപാതികമായി പഞ്ചായത്ത് അംഗങ്ങളുടേയും നഗരസഭാംഗങ്ങളുടേയും എണ്ണം വർദ്ധിപ്പിക്കുന്നതിനാണ് 2020-ൽ, 1964-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ 6(3)-ാം വകുപ്പ് ഭേദഗതി ചെയ്യാനുള്ള തീരുമാനമെടുത്തത്. പക്ഷേ

1948-ലെ കേന്ദ്ര നിയമമായ സെൻസസ് ആക്ട് പ്രകാരം സെൻസസ് നടപടിക്രമം തുടങ്ങുന്നതിന് ഒരു വർഷംമുൻപ് ഇത്തരം നടപടികൾ അവസാനിപ്പിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. 1948-ലെ സെൻസസ് ആക്ട് പ്രകാരം ഇത്തരം നടപടികൾ സെൻസസിന് ഒരു വർഷമുണ്ടെങ്കിൽ നടത്താൻ പാടില്ലെന്ന് പ്രത്യേകമായി സൂചിപ്പിക്കുന്നു. വാർഡുകളുടെ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ മാറ്റം വരുത്താൻ പാടില്ലെന്നുള്ള ആ നിഷ്കർഷ, ആ നിയമം നിലനിൽക്കുമ്പോൾത്തന്നെ അതിനെ അതിജീവിച്ചുകൊണ്ടാണ്, അതിനെ മറികടന്നുകൊണ്ടാണ്, ഇത്തരമൊരു നിയമ ഭേദഗതി അന്ന് കൊണ്ടുവന്നത്. അന്നുതന്നെ സെൻസസ് രജിസ്ട്രാർ ജനറലിനും ഗവർണർക്കും ഗവൺമെന്റിനും ഞങ്ങൾ ഇതുസംബന്ധിച്ച് കത്ത് കൊടുത്തു. പക്ഷെ ഇതെല്ലാം ഗവൺമെന്റ് തള്ളിക്കളയുകയാണുണ്ടായത്. സെൻസസ് രജിസ്ട്രാർ ജനറൽ സംസ്ഥാന ചീഫ് സെക്രട്ടറിക്ക് ഇതുമായി ബന്ധപ്പെട്ട് കത്ത് നൽകിയിരുന്നു. എന്നിട്ടും കേന്ദ്ര നിയമത്തിന് വിരുദ്ധമായി ഈ നിയമസഭയിൽ ഒരു അമെന്റ്മെന്റ് കൊണ്ടുവന്ന് പാസ്സാക്കുകയാണ് ഗവൺമെന്റ് ചെയ്തത്. പ്രതിപക്ഷം എന്തുപറഞ്ഞാലും അത് വകവയ്ക്കാതിരിക്കുകയും അപഹസിക്കുകയും ചെയ്യുന്ന നടപടിയാണ് ഗവൺമെന്റ് സ്വീകരിച്ചത്. അന്ന് മന്ത്രിയായിരുന്ന ശ്രീ. എ. സി. മൊയ്തീനെ ഞാൻ കുറ്റം പറയുന്നില്ല. രാഷ്ട്രീയ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാകാം ശ്രീ. എ. സി. മൊയ്തീൻ അങ്ങനെയൊരു ബിൽ നിയമസഭയിൽ അവതരിപ്പിച്ചത്. ഏതായാലും കോവിഡ് വന്നുചേർന്നതിനാൽ നിയമവിരുദ്ധമായ ഈ ബില്ലിന് കോടതിയിൽ പോകേണ്ട അവസ്ഥയുണ്ടായില്ല, കോവിഡ്‌വന്ന സാഹചര്യത്തിൽ 'മോങ്ങാനിരുന്ന നായയുടെ തലയിൽ തേങ്ങ വീണു' എന്നുപറഞ്ഞതുപോലെ സർക്കാരിന് ഒരു കാരണം കിട്ടി, അതിൽ പിടിച്ച് സർക്കാർ ആ ഭേദഗതി നിയമം റദ്ദാക്കുകയാണുണ്ടായത്. അങ്ങനെയാണ് നാണക്കേടിൽനിന്ന്, കോടതിയിൽ പോയാൽ തള്ളിക്കളയാൻ സാധ്യതയുണ്ടായിരുന്ന, നിയമപരമായി ഒരു നിലനിൽപ്പുമില്ലാത്ത ഈ നിയമം രക്ഷപ്പെട്ടത്, അതാണ് ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി നിയമം. കേന്ദ്ര നിയമത്തെ വെല്ലുവിളിച്ചുകൊണ്ട് ഈ ഭേദഗതി കൊണ്ടുവരികയും അത് പിൻവലിക്കുകയും ചെയ്യേണ്ട എന്തെങ്കിലും ആവശ്യമുണ്ടായിരുന്നോ; നിയമസഭയുടെ വിലപ്പെട്ട സമയത്തെ ധൂർത്തടിക്കുകയല്ലേ ചെയ്തത്? ഈ ബിൽ കൊണ്ടുവരുമ്പോൾ സർക്കാർ കുറഞ്ഞപക്ഷം അന്ന് ചെയ്ത തെറ്റിന് ഈ നിയമസഭയോട് മാപ്പെങ്കിലും ചോദിക്കേണ്ടതല്ലേ? മഹാനായ രാജീവ് ഗാന്ധിയാണ് പഞ്ചായത്ത് രാജ് നിയമം നടപ്പിലാക്കാൻ ആഗ്രഹിച്ചുകൊണ്ട് അത് ലോക്‌സഭയിൽ കൊണ്ടുവന്നത്. അന്ന് ലോക്‌സഭയിൽ ബിൽ പാസ്സായെങ്കിലും രാജ്യസഭയിൽ സി.പി.ഐ.(എം) മെമ്പർമാരുടെ വോട്ട് എതിരായി ചെയ്തതുകൊണ്ടാണ് അന്ന് പാസ്സാക്കാൻ കഴിയാതെ പോയത്. അന്ന് രാജീവ്

ഗാന്ധി ജീവിച്ചിരുന്നപ്പോൾ അദ്ദേഹത്തിന് നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിലും അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിനുശേഷം, പിന്നീട് അധികാരത്തിൽവന്ന നരസിംഹറാവു ഗവൺമെന്റാണ് രാജ്യത്തെ പഞ്ചായത്ത് രാജ് നിയമം ഭരണഘടനാ ഭേദഗതിയിലൂടെ രാജ്യത്തൊട്ടാകെ നടപ്പിലാക്കാൻ ശ്രമിച്ചത്. ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വോട്ടെടുപ്പിൽ മാറ്റം വരുത്തേണ്ടി വന്നതാണ് ഈ ബില്ലിലെ മറ്റൊരു ഭേദഗതി; അതിലാർക്കും തർക്കമില്ല. പക്ഷെ കോവിഡ് രോഗികളുടെ പേരിൽ പോസ്റ്റൽ വോട്ടിൽ അന്ന് നടത്തിയ കൃത്രിമവും ഞങ്ങൾ ചൂണ്ടിക്കാണിച്ച കാര്യങ്ങളാണ്.

കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള വ്യവസ്ഥകൾ ഉദാരവൽക്കരിക്കുന്നതിനുള്ള മറ്റൊരു ഭേദഗതിയെന്നു പറയുന്നത്, 300 സ്ക്വയർ മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് സ്വയം സാക്ഷ്യപത്രം സഹിതം പെർമിറ്റിനുള്ള അപേക്ഷ നൽകിയാൽ 5 ദിവസത്തിനകം പെർമിറ്റിന് സമാനമായ സാക്ഷ്യപത്രം നൽകുമെന്നാണ് പുതിയ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത്. കേൾക്കുമ്പോൾ ഈ വകുപ്പ് വളരെ ആകർഷകമായി തോന്നും, പ്രയോജനകരമാണെന്ന് തോന്നും, ഇത് പ്രായോഗികമാണോയെന്ന സംശയം ഈ രംഗത്ത് പ്രവർത്തിക്കുന്ന നിരവധി ആളുകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകുന്ന പെർമിറ്റിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പിന്നീട് വയലേഷൻ കണ്ടെത്തിയാൽ കനത്ത പിഴ ഈടാക്കാനാണ് നിർദ്ദേശം. 100 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 2 ലക്ഷം രൂപയും 200 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 4 ലക്ഷം രൂപയും 300 ചതുരശ്രമീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് 6 ലക്ഷം രൂപയും വരെ പിഴ ഈടാക്കാനാണ് നിർദ്ദേശം. പ്ലാൻ തയ്യാറാക്കുന്ന എംപാനൽഡ് ലൈസൻസിയുടെ ലൈസൻസ് റദ്ദാക്കാനും ഇതിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് വൻതോതിലുള്ള ഉദ്യോഗസ്ഥ അഴിമതിക്ക് വഴിതെളിക്കുമെന്ന ആശങ്ക നിലനിൽക്കുകയാണ്. അതുകൊണ്ട് പിഴ ഒഴിവാക്കാൻവേണ്ടി ഉദ്യോഗസ്ഥരും അഴിമതിയിലേയ്ക്ക് എത്തുമോയെന്ന ആശങ്കയും പലകോണുകളിൽനിന്നും ആളുകൾ പ്രകടിപ്പിക്കുന്ന കാര്യമാണ്. പ്ലാൻ വരയ്ക്കുന്നതിനുള്ള ലൈസൻസികൾക്കും ഈ വകുപ്പിനോട് എതിർപ്പുണ്ട്. ഉടമസ്ഥരുമായി ചർച്ച ചെയ്ത് പ്ലാൻ വരച്ചുകഴിഞ്ഞാൽ ആർക്കിടെക്ടുകൾക്ക് പിന്നീട് കെട്ടിട നിർമ്മാണവുമായി നേരിട്ട് ബന്ധമുണ്ടാകണമെന്നില്ല. കെട്ടിട ഉടമസ്ഥൻ വയലേഷൻ നടത്തിയാൽ അതിന്റെ ഉത്തരവാദിത്വം ആർക്കിടെക്ടുകൾ ഏറ്റെടുക്കാൻ സാധ്യതയില്ല. ഇന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എന്താണ് നടക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ; തിരുവനന്തപുരം കോർപ്പറേഷനിൽ എന്താണ് നടക്കുന്നത്? ആളുകൾ നികുതിപണം അടച്ച്, ആളുകളിൽനിന്ന് വീട്ടുകരം പിരിച്ചിട്ടും ഉദ്യോഗസ്ഥർ അത് അടയ്ക്കാത്തതിന്റെ

പേരിൽ നാട്ടുകാർ ഇപ്പോൾ വീണ്ടും കരം അടയ്ക്കേണ്ടി വന്നിരിക്കുന്നു. ഇതൊക്കെയാണ് കോർപ്പറേഷനിൽ നടക്കുന്നത്. വൻതോതിലുള്ള അഴിമതി തിരുവനന്തപുരം കോർപ്പറേഷനിൽ ഉൾപ്പെടെയുള്ള കോർപ്പറേഷനുകളിൽ നടക്കുന്നുവെന്ന് കോൺഗ്രസ്സ് അടക്കമുള്ള കോർപ്പറേഷൻ കൗൺസിലർമാർ പറയുന്ന കാര്യങ്ങൾ ശരിയാണോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമോ? ഒരിക്കൽ കരം അടച്ച ആളുകൾ വീണ്ടും കരം അടയ്ക്കാൻ നിർബന്ധിതരാകുന്ന അവസ്ഥാവിശേഷം നിലനിൽക്കുന്നുവെന്ന് പറഞ്ഞാൽ ഗുരുതരമായ അഴിമതിയല്ലേ; അത് പരിശോധിക്കേണ്ട കാര്യമല്ലേ? ഇന്ന് സർക്കാരിന്റെ കെടുകാര്യസ്ഥതകൊണ്ടുണ്ടായ സാമ്പത്തിക പ്രതിസന്ധിയുടെ തിക്തഫലം മുഴുവൻ അനുഭവിക്കേണ്ടിവരുന്നത് പഞ്ചായത്തുകളാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വൻതോതിലാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വെട്ടിക്കുറച്ചത്. ഞാൻ അതിന് ബഹുമാനപ്പെട്ട മന്ത്രിയെ കുറ്റപ്പെടുത്തുന്നില്ല. പ്രളയം, കോവിഡ് തുടങ്ങി ഓരോ വർഷവുമുണ്ടാകുന്ന ഓരോ കാരണങ്ങളുടെ പേരിൽ പഞ്ചായത്തുകൾക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അലോട്ട് ചെയ്ത പണത്തിൽ നിന്നുതന്നെ അവരുടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചത് പദ്ധതി പ്രവർത്തനങ്ങളെ അവതാളത്തിലാക്കിയെന്നുള്ളത് വാസ്തവമല്ലേ? 2019-20-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ച തുകയിൽ 53.87 ശതമാനം മാത്രമാണ് ചെലവഴിച്ചത്. കഴിഞ്ഞ വർഷമാകട്ടെ പദ്ധതി വിഹിതത്തിൽനിന്നും 30 ശതമാനം വെട്ടിക്കുറവ് ആദ്യംതന്നെ വരുത്തി. പോരാത്തതിന് മുൻവർഷത്തെ ക്യാരിഓവർചെയ്ത പണികൾക്കുള്ള തുകയും കഴിഞ്ഞ വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നാണെടുത്തത്. ഫലത്തിൽ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശ്വാസംമുട്ടുകയാണ്, ഫണ്ടുകൾ ഇല്ലാത്തതുകൊണ്ട് പ്രയാസപ്പെടുകയാണ്. മുനിസിപ്പാലിറ്റികളിൽ ശമ്പളം കൊടുക്കാൻപോലും സാധിക്കാത്ത അവസ്ഥ പലയിടത്തും നിലനിൽക്കുന്നു. ഇങ്ങനെ വെട്ടിക്കുറച്ചതിനും തട്ടിക്കഴിച്ചതിനുംശേഷമുള്ള നാമമാത്രമായ തുകയുടെ 96 ശതമാനം ചെലവാക്കിയെന്നാണ് സർക്കാർ അവകാശപ്പെടുന്നത്. പഞ്ചായത്തിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാൽ വലിയ ജോലിഭാരമാണ് നിലവിലുള്ള ജീവനക്കാർ അനുഭവിക്കുന്നത്. പഞ്ചായത്തിലെ അമിത ജോലിഭാരവും മേൽത്തട്ടിൽനിന്നുള്ള സമ്മർദ്ദവും താങ്ങാനാകാതെ കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്ക് ഷിനിന്ത ആത്മഹത്യ ചെയ്ത സംഭവം മലബാറിലെ വാർത്താ മാധ്യമങ്ങളിൽ ഏറ്റവും പ്രാധാന്യത്തോടെ ചർച്ച ചെയ്യപ്പെട്ടതാണ്. പഞ്ചായത്തുകളുടെ ജോലിഭാരം കണക്കിലെടുത്ത് 2012-ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം നടപ്പിൽ വരുത്തുന്നതിനുവേണ്ടി സർക്കാർതലത്തിൽ റിപ്പോർട്ട് തയ്യാറാക്കുകയും 2013-ൽ

അയ്യായിരം പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനായി സർക്കാർ തീരുമാനിക്കുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഉൾപ്പെടെ 1864 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു. തുടർന്നുള്ള ഒരു തസ്തികയും പിന്നീടുള്ള കാലങ്ങളിൽ നടപ്പാക്കിയില്ലെന്നുള്ളതും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. അയ്യായിരത്തോളം തസ്തികകൾ സൃഷ്ടിക്കുമെന്ന് പറഞ്ഞിട്ട് കേവലം 1864 എണ്ണം മാത്രമേ സൃഷ്ടിച്ചുള്ളൂവെന്നതിനാൽ ബാക്കി തസ്തികകൾകൂടി സൃഷ്ടിക്കണമെന്ന ആവശ്യം മുൻനിർത്തിക്കൊണ്ട് സർവ്വീസ് സംഘടനകൾ രാഷ്ട്രീയഭേദമില്ലാതെ സമരങ്ങളും മറ്റ് പ്രക്ഷോഭങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പെരുമ്പാവൂർ എം.എൽ.എ. ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ട്രഷറിയിൽ സൂക്ഷിക്കണമെന്ന് ധനകാര്യ വകുപ്പിന്റെ ഒരു നിർദ്ദേശമുണ്ടായി. എന്തടിസ്ഥാനത്തിലാണ് അങ്ങനെയൊരു നിർദ്ദേശമുണ്ടായത്? ഗവൺമെന്റിന്റെ നിവൃത്തിമാർഗ്ഗത്തിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അതാണ് പറയേണ്ടത്, ട്രഷറിയിൽ പണമില്ലെങ്കിൽ അതുപറയണം. അതൊന്നും പറയാതെ മറ്റു തൊടുന്യായങ്ങൾ പറയുന്നത് ശരിയാണോ? തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് വിനിയോഗിക്കാനും നിക്ഷേപിക്കാനുമുള്ള അധികാരം കാലാകാലങ്ങളായി പ്രസ്തുത സ്ഥാപനങ്ങൾക്കുതന്നെ നൽകിയിട്ടുള്ളതാണ്. ഇപ്പോൾ അത് ട്രഷറിയിലേയ്ക്ക് മാറ്റണമെന്ന് പറയുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി പരിശോധിക്കുമോ? 1992-ലെ 73, 74 ഭരണഘടനാ ഭേദഗതി പ്രകാരം ഭരണഘടനാപരമായ അധികാരം കൈവന്ന ഗ്രാമപഞ്ചായത്തുകളെയും നഗരസഭകളെയും ഭരണഘടനാ പദവിയുള്ള സ്ഥാപനങ്ങളായതുകൊണ്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ (Local Self Government Institutions) എന്ന് വിളിക്കുന്നത്. ഭരണഘടനപ്രകാരം പ്രാദേശിക സർക്കാരുകളായ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ഫണ്ട് വിനിയോഗിക്കാനുള്ള അധികാരം അവർക്ക് കൊടുക്കണം. അവർതന്നെ ഉണ്ടാക്കുന്ന ഫണ്ടായതിനാൽ അതല്ലേ ശരിയായ ആവശ്യം. ഫണ്ട് എങ്ങനെ വിനിയോഗിക്കണം, എവിടെ നിക്ഷേപിക്കണം എന്നുള്ളതിനെ സംബന്ധിച്ച് അവർതന്നെ തീരുമാനമെടുക്കട്ടെ. അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനതത്വംതന്നെ അതല്ലേ? ഇപ്പോൾ അധികാര വികേന്ദ്രീകരണത്തിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ അധികാരങ്ങൾ കവർന്നെടുക്കാതെ കൂടുതൽ അധികാരങ്ങൾ അവർക്കുതന്നെ നൽകുക എന്നതായിരിക്കണം നമ്മുടെ സമീപനം. പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽവന്ന ആ സാഹചര്യം ഫലപ്രദമായി

മുന്നോട്ടുകൊണ്ടുപോകാൻ സഹായിക്കുകയല്ലേ ചെയ്യേണ്ടത്; നിയമസഭയും സർക്കാരും കൂടുതൽ അധികാരം അവർക്ക് നൽകുകയല്ലേ വേണ്ടത്? അതിനുപകരം അവരുടെ ഫണ്ടുകൂടി ട്രഷറിയിലേയ്ക്കെത്തിക്കുകയും ഗവൺമെന്റിന്റെ ദയാദാക്ഷിണ്യത്തിന്റെ അടിസ്ഥാനത്തിൽമാത്രം അവരുടെ തനത് ഫണ്ട് വിനിയോഗിക്കുന്ന അവസ്ഥാവിശേഷമുണ്ടാകുകയും ചെയ്യുന്നത് ആരോഗ്യകരമായ അധികാര വികേന്ദ്രീകരണത്തിന് ഗുണകരമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കണം.

ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രശ്നം എനിക്ക് മനസ്സിലാകും. അദ്ദേഹത്തിന്റെ കൈവശം പണമില്ല. 'സംസ്ഥാനത്തിന് സാമ്പത്തിക തകർച്ച' എന്നകാര്യം സൂചിപ്പിച്ചുകൊണ്ട് ഇപ്പോൾത്തന്നെ ഏഷ്യാനെറ്റ് ചാനലിൽ നിരന്തരമായി വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. നാളെ ധനകാര്യ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ അക്കാര്യം പറയാം. കേരളം സാമ്പത്തിക തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുകയാണ്. ഒരു ലക്കം ലഗാനുമില്ലാതെ ധൂർത്തും അഴിമതിയും നടന്നുകൊണ്ടിരിക്കുന്നു. ഒരു കാലത്തും ഒരു ഗവൺമെന്റും ചെയ്യാത്ത നിലയിൽ ഈ ഗവൺമെന്റ് കടം വാങ്ങിക്കൂട്ടിക്കൊണ്ടിരിക്കുന്നു. ഓരോ രംഗത്തും വാങ്ങാൻ പാടില്ലാത്ത കടങ്ങൾ വാരിക്കൂട്ടുകയാണ്. കിട്ടാവുന്ന എല്ലാ മേഖലകളിൽനിന്നും കടമെടുക്കുന്നു. ഒരുഭാഗത്ത് മസാല ബോണ്ട് ഉൾപ്പെടെയുള്ള രംഗം ഉപയോഗിച്ച് കടമെടുക്കുന്നു. വിദേശത്തുനിന്നും ഫണ്ട് കിട്ടുമോയെന്ന് ആലോചിച്ചുകൊണ്ട് അവിടെനിന്നും കടമെടുക്കാൻ ശ്രമിക്കുന്നു. കടം വാങ്ങി, കടം വാങ്ങി ഒരു മുടിഞ്ഞ തറവാടിന്റെ നിലയിലേയ്ക്ക് കേരളത്തെ എത്തിക്കുകയാണ്. ആ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കണമെങ്കിൽ നിങ്ങൾ മറ്റ് മാർഗ്ഗങ്ങൾ നോക്കണം, ചെലവുകൾ കുറയ്ക്കണം. ധൂർത്ത് അവസാനിപ്പിക്കണം. ഇവിടെ ശ്രീ. പി. ടി. തോമസ് ചൂണ്ടിക്കാണിച്ചിരുന്നു, ഈ സംസ്ഥാനത്ത് ഹെലികോപ്റ്ററാണോ ഏറ്റവും പ്രധാനപ്പെട്ട കാര്യം. പറക്കാത്ത ഒരു ഹെലികോപ്റ്ററിനുവേണ്ടി കോടിക്കണക്കിന് രൂപ ഓരോ ദിവസവും ചെലവഴിക്കുന്നു. അനാവശ്യ ധൂർത്തുകൾ ഒഴിവാക്കിക്കൊണ്ടും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും ചെലവുകൾ നിയന്ത്രിക്കാൻ ഗവൺമെന്റിന് സാധിക്കുന്നില്ല. അതുകൊണ്ടാണ് ഏഷ്യാനെറ്റ് ചാനലിൽ അവർ വളരെ വിശദമായി കാര്യങ്ങൾ സൂചിപ്പിച്ചതെന്ന് പരിശോധിച്ചാൽ കാണാൻ കഴിയും. ഗവൺമെന്റിന് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് കരുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടെടുത്ത് വിനിയോഗിക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് ചോദിച്ചിട്ടാണോയെന്ന കാര്യം എനിക്കറിയില്ല. ഏതായാലും ഇത് ശരിയായ നടപടിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞയാഴ്ച ധനകാര്യ വകുപ്പ് പുറപ്പെടുവിച്ച സർക്കുലറിലാണ് നിലവിൽ ബാങ്ക് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്ന തനത് ഫണ്ട് സ്പെഷ്യൽ ട്രഷറി

സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കണമെന്ന് നിർദ്ദേശം നൽകിയത്. സംസ്ഥാനത്തെ 941 പഞ്ചായത്തുകൾ, 87 നഗരസഭകൾ, 6 കോർപ്പറേഷനുകൾ എന്നിവയിലെ വസ്തു നികുതി, തൊഴിൽ നികുതി, വാടക വരുമാനം തുടങ്ങിയവയാണ് പ്രധാനമായും തനത് ഫണ്ടായി കാണുന്നത്. വാസ്തവം പറഞ്ഞാൽ ഈ പണമെല്ലാം ഗവൺമെന്റ് എടുക്കുകയാണ്. ട്രഷറിയിൽനിന്നും പണം ലഭ്യമാകാനുള്ള ബുദ്ധിമുട്ട് ആർക്കാണറിയാത്തത്? ഓരോ വർക്കുകൾ കഴിയുമ്പോഴും അത് ഏറ്റെടുത്ത കരാറുകാർ പണം കിട്ടാനായി തെക്കുവടക്ക് നടക്കേണ്ടിവരാറുണ്ട്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മാത്രമാണെന്ന് ഞാൻ പറയില്ല. ഗവൺമെന്റുകളുടെ സാമ്പത്തിക ഞെരുക്കംമൂലം പലപ്പോഴും ട്രഷറി ബാൻ ഉണ്ടാകുന്നു. ആ പ്രയാസങ്ങളൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുകൂടി വരാൻ പോകുന്നുവെന്നത് അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്നതിന് സമാനമാണെന്നാണ് എനിക്ക് പറയാനുള്ളത്. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നിയമപരമായ അധികാരം നിലനിൽക്കുമ്പോൾ അതിൽ ഇടപെടുന്നത് ശരിയല്ല, ഇതിലൊരു പുനർവിചിന്തനത്തിന് ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. തനത് ഫണ്ടിലെ വരുമാനക്കുറവുകൊണ്ട് ദൈനംദിന ചെലവുകളും ജീവനക്കാരുടെ ശമ്പളവും കൊടുക്കാൻ നിവൃത്തിയില്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രയാസപ്പെടുമ്പോഴാണ് ഈയൊരു സാഹചര്യമുണ്ടാകുന്നതെന്ന് നമ്മൾ കാണേണ്ട കാര്യമാണ്. പ്രളയകാലത്തും കോവിഡ് മഹാമാരിയുടെ കാലത്തും ഏറ്റവും നല്ല സേവനപ്രവർത്തനങ്ങൾ നടത്തിയത് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ്. രാഷ്ട്രീയത്തിനതീതമായി എല്ലാവരും സഹകരിച്ചു. പക്ഷേ അവർക്ക് ഗവൺമെന്റ് ഒരു ഫണ്ടും കൊടുത്തില്ല. അവരുടെ ഫണ്ട് ചെലവാക്കാൻ ഉത്തരവ് കൊടുക്കുകയാണുണ്ടായത്. അതുകൊണ്ടുതന്നെ എത്രയോതവണ പദ്ധതിപ്രവർത്തനങ്ങൾ മാറ്റി അംഗീകാരം വാങ്ങേണ്ടിവന്നു? പദ്ധതിപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പണംപോലും അടിയന്തര ഘട്ടത്തിലെടുത്ത് ചെലവഴിച്ചതുകൊണ്ടാണ് പല പദ്ധതിപ്രവർത്തനങ്ങളും നടക്കാതിരുന്നത്. അങ്ങനെ ചെലവഴിക്കേണ്ടെന്നല്ല ഞാൻ പറയുന്നത്, അത്തരംത്തിൽ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തിയതെന്ന കാര്യം നാം മനസിലാക്കണം. മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് സർക്കാർ നിർദ്ദേശപ്രകാരം സർക്കാർ പരിപാടികൾക്കുവേണ്ടി മാറ്റിവയ്ക്കപ്പെടുകയാണ്. അതുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സർക്കാർ ഇടപെടലിനുള്ള മറ്റൊരുദാഹരണമാണ്. മുകളിൽനിന്നും നിർദ്ദേശം വരുന്നു, മുകളിൽനിന്നുള്ള നിർദ്ദേശം ഒഴിവാക്കാനാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൊണ്ടുവന്നത്.

അധികാരം വികേന്ദ്രീകരിക്കുകയായിരുന്നു, power to the people. രാജീവ്ഗാന്ധി ആഗ്രഹിച്ചത് അതായിരുന്നു; നരസിംഹറാവു ഗവൺമെന്റ് ആഗ്രഹിച്ചതും അതായിരുന്നു. ജനങ്ങളിലേയ്ക്ക് അധികാരമെത്തുക എന്നതായിരുന്നു കാഴ്ചപ്പാട്. ഇവിടെ എന്താണ് ചെയ്യുന്നത്? അധികാരങ്ങൾ മുഴുവനും ഗവൺമെന്റുതന്നെ നിയന്ത്രിക്കുകയാണ്. ഫണ്ടുകൾ ഇന്നരീതിയിൽ ചെലവഴിക്കണമെന്ന് ഗവൺമെന്റ് നിർദ്ദേശിക്കുന്നു. അങ്ങനെ ഉത്തരവുകൾ കൊടുക്കുമ്പോൾ ജനപ്രതിനിധികൾക്ക് എന്തധികാരമാണുള്ളത്?

5.00 p.m.]

ഇവിടെ പ്ലാനിന് അലോട്ട് ചെയ്യുന്ന പണംപോലും വെട്ടിക്കുറയ്ക്കുന്നു. പിന്നെ എങ്ങനെ പഞ്ചായത്തുകൾക്ക് പ്രവർത്തിക്കാനും പദ്ധതികൾ രൂപീകരിക്കാനും കഴിയും; പ്ലാനിംഗ് കമ്മിറ്റികൾ എങ്ങനെ അവർക്ക് സാംഗ്ഷൻ നൽകും? അതുകൊണ്ടുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയതോതിലുള്ള പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന വികസന ഫണ്ടിൽനിന്നും മെയിന്റനൻസ് ഫണ്ടിൽനിന്നും എല്ലാവർഷവും നിർബന്ധിത പ്രോജക്ടുകൾ സർക്കാർ ഉത്തരവുകൾപ്രകാരം നടപ്പാക്കേണ്ടിവന്നിരിക്കുന്നുവെന്നുള്ളതും പ്രധാനപ്പെട്ട പ്രശ്നമാണ്. അത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമെന്ന് ഞാൻ കരുതുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെയ്യാൻ കഴിയുന്നത് ചെയ്യട്ടെ, അവരും നമ്മളെപ്പോലെ കഴിവുള്ളവർതന്നെയാണ്. അവർക്ക് അധികാരം കൊടുക്കുകയും പദ്ധതി തയ്യാറാക്കുകയും വേണം. ഗ്രാമസഭകളിലൂടെ തയ്യാറാക്കിവരുന്ന പദ്ധതികൾക്ക് രൂപംകൊടുത്ത് പ്ലാനിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ അവർ നടപ്പാക്കട്ടെ. നമ്മൾ എന്തിനാണ് എല്ലാ ദിവസവും നിർദ്ദേശം കൊടുക്കുന്നത്. ഏതൊക്കെ പ്രോജക്ട് നടപ്പാക്കണമെന്ന് തിരുവനന്തപുരത്തുനിന്ന് നിർദ്ദേശിക്കപ്പെടേണ്ട എന്ത് സാഹചര്യമാണുള്ളത്? ഇപ്പോൾ തദ്ദേശ പൊതുസർവ്വീസ് രൂപീകരണ നീക്കവുമായി സർക്കാർ മുന്നോട്ടുവന്നു. കോമൺ സർവ്വീസ് നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ, പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്നിവയെ ബാധിക്കില്ലെന്നുപറഞ്ഞ് കരട് ചട്ടങ്ങൾ പുറപ്പെടുവിച്ചു. എന്നാൽ ചട്ടങ്ങൾ പരിശോധിക്കുമ്പോൾ നിലവിൽ വിവിധ വകുപ്പുകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ആശങ്കകൾ അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ജോലിഭാരംകൊണ്ട് ഓഫീസുകൾ ബുദ്ധിമുട്ടുമ്പോൾ വ്യത്യസ്ത സ്വഭാവമുള്ള ഓഫീസുകളിൽനിന്ന് പൊതു സർവ്വീസിന്റെ പേരിൽ ജീവനക്കാരെ മാറ്റിവയ്ക്കുമ്പോൾ ആ ഓഫീസുകളിലെ ജോലിസംബന്ധമായ കാര്യങ്ങൾ പഠിച്ച് പൊതുജനങ്ങൾക്ക് സേവനം ലഭ്യമാക്കാനുള്ള കാലതാമസവും

പ്രധാനപ്പെട്ട പ്രശ്നമായി ഇന്ന് ചർച്ച ചെയ്യുന്ന കാര്യമാണ്. കാലതാമസം ഒഴിവാക്കാനാണ് നമ്മൾ ശ്രമിക്കേണ്ടത്. പക്ഷേ ഇന്നത്തെ സാഹചര്യംമൂലം കാലതാമസമുണ്ടാകുകയും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്ത അവസ്ഥാവിശേഷമുണ്ടാകുകയും ചെയ്യുന്നു. വകുപ്പിലെ ജീവനക്കാരുടെ എണ്ണം പെരുപ്പിച്ച് കാണിക്കാമെന്നതിലുപരി പൊതുജനങ്ങൾക്ക് ഗുണകരമായ ഒരു സാഹചര്യവും ഇതുകൊണ്ടുണ്ടാകുന്നില്ല എന്നുള്ളത് കാണേണ്ടതാണ്. സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ കോവിഡ് ബ്രിഗേഡിലെ 27000 പേരെ ഗവൺമെന്റ് കഴിഞ്ഞ ദിവസം പിരിച്ചുവിട്ടു. ഈ ജീവനക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കോവിഡ് പ്രവർത്തനങ്ങളെ സാരമായി സഹായിച്ചവരാണ്. പക്ഷേ ഇപ്പോൾ ഈ നടപടിയോടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. കോവിഡ് വാക്സിൻ ചലഞ്ചിന്റെ പേരിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് ലഭിച്ച തുകയുള്ളപ്പോഴാണ് ജീവൻ പണയംവച്ച് കോവിഡിനെതിരെ പൊരുതുന്നവരെ ഗവൺമെന്റ് പിരിച്ചുവിടുന്നത്. 30-7-2021 വരെ ലഭിച്ചത് 8017.15 കോടി രൂപയാണ്. വാക്സിൻ വാങ്ങാൻ ചെലവഴിച്ചത് 29 കോടി രൂപയാണ്. ബാക്കി പണം മുഖ്യമന്ത്രിയുടെ ഫണ്ടിൽ നിലവിലുണ്ട്. ഈ ജീവനക്കാരെ പിരിച്ചുവിട്ടതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ഈ നിയമം വാസ്തവത്തിൽ ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടും ആലോചനക്കുറവുകൊണ്ടും വന്നതാണ്. മുമ്പ് കൊണ്ടുവന്ന ഭേദഗതി നിയമം നടപ്പാക്കാൻ കഴിഞ്ഞില്ല; ഇപ്പോൾ ആ നിയമം പിൻവലിക്കണം. അതിനായി ഗവൺമെന്റ് മറ്റൊരു ഭേദഗതിയുമായി മുന്നോട്ടുവന്നിരിക്കുകയാണ്. നേരത്തെ ചെയ്തൊരു അബദ്ധം ഇപ്പോൾ തിരുത്തുന്നുവെന്നുള്ളതാണ് വസ്തുത. അതുകൊണ്ടുതന്നെയാണ് ഇത് പൊതുജനാഭിപ്രായത്തിന് വിടണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

ശ്രീ. ടി. ഐ. മധുസൂദനൻ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 73-ാം ഭേദഗതി അനുസരിച്ച് നിലവിൽവന്ന പഞ്ചായത്ത് രാജ് നിയമം കേരള പഞ്ചായത്ത് രാജ് ആക്ട് ആയി 1994-ൽ പ്രാബല്യത്തിൽവന്നു. അതിന്റെ ഭേദഗതിയാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് അധികാരവും അനുബന്ധ സൗകര്യങ്ങളും താഴെത്തട്ടിലേയ്ക്ക് പകർന്നുനൽകുന്ന ഉദാത്തമായ മാതൃകയാണ് കേരളം ഈ നിയമത്തിലൂടെ സൃഷ്ടിച്ചെടുക്കുന്നത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 25 വർഷം പിന്നിടുന്ന

ഈ ഘട്ടത്തിൽ ജനപങ്കാളിത്തത്തോടുകൂടിയ ആസൂത്രണപ്രക്രിയ, സുതാര്യവും കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം, ചടുലമായ സേവനപ്രദാന സംവിധാനങ്ങൾ, കൃത്യതയുള്ള അക്കൗണ്ടിംഗ് പരിശോധനാ സംവിധാനങ്ങൾ, ഐ.എസ്.ഒ. സർട്ടിഫിക്കേഷനുള്ള പഞ്ചായത്തുകൾ ഇതെല്ലാമാണ് 25 വർഷത്തെ അധികാര വികേന്ദ്രീകരണത്തിന്റെ ആസൂത്രണപ്രക്രിയയിലൂടെ നാം നേടിയെടുത്തിട്ടുള്ള പ്രധാനനേട്ടങ്ങൾ. പൊതുഭരണം, ധനകാര്യം, ക്ഷേമകാര്യം, പൊതുമരാമത്ത്, സാമൂഹ്യക്ഷേമം, വികേന്ദ്രീകൃത ആസൂത്രണം, ഗുഡ് ഗവേണൻസ് എന്നിവയ്ക്ക് മാതൃകയായി പഞ്ചായത്ത് സംവിധാനങ്ങൾ ഇതിനകം മാറിക്കഴിഞ്ഞിരിക്കുകയാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ ചരിത്രം യഥാർത്ഥത്തിൽ കേരള ചരിത്രത്തിലൊരു വികാസപരിണാമത്തിന്റെ വഴിത്തിരിവായി മാറുകയാണ്. ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ, ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ പ്രാദേശിക സ്വയംഭരണ അവകാശമുള്ള സ്ഥാപനങ്ങളായി മാറുകയാണ് ഇതിന്റെ ഭാഗമായുണ്ടായിട്ടുള്ളത്. മനുഷ്യനും സമൂഹവും ഭരണവും സ്ഥാപനവത്ക്കരിക്കപ്പെട്ടത് നൂറ്റാണ്ടുകളുടെ കാലദൈർഘ്യത്തിലാണ്. കൂട്ടായ്മയിലൂടെ പൊതുധാരണകളും തീരുമാനങ്ങളും രൂപപ്പെട്ടു. എല്ലാത്തിന്റെയും അടിസ്ഥാനമെന്നുപറയുന്നത് സമാധാനവും സുരക്ഷിതത്വവും വളർച്ചയുമാണ്. ആധുനിക രാഷ്ട്രസങ്കൽപ്പത്തിൽ ഇന്നുവരെ കണ്ടെത്തിയിട്ടുള്ളതിൽവച്ച് ഏറ്റവും സ്വീകാര്യമായതും അനുകരണീയമായതും ജനാധിപത്യരാഷ്ട്ര പ്രക്രിയതന്നെയാണ്. അതുകൊണ്ടാണ് ജനാധിപത്യം, രാഷ്ട്രവ്യവഹാരം ഒരു സംസ്കാരമായി രൂപം കൊണ്ടിരുന്നത്. ജനാധിപത്യം ശക്തിപ്പെടുന്നത് ജനപങ്കാളിത്തത്തോടെ ചെറുതും വലുതുമായ നിരവധി ഭരണസംവിധാനങ്ങൾ അർത്ഥപൂർണ്ണമായി പ്രവർത്തിക്കുമ്പോഴാണ്. 1957-ൽ കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി സഖാവ് ഇ.എം.എസ്. നേതൃത്വം കൊടുത്ത ഭരണഘട്ടത്തിൽ അന്ന് നിയോഗിക്കപ്പെട്ട ഭരണപരിഷ്കാര കമ്മിറ്റി, 1958 ജൂലൈ മാസം 26-ന് സമർപ്പിച്ച റിപ്പോർട്ടിൽ പഞ്ചായത്തുകൾ ഭരണത്തിന്റെയും വികസനത്തിന്റെയും അടിസ്ഥാന ഘടകമാണെന്ന് വ്യക്തമാക്കിയിരുന്നു. 1960-ൽ കേരള പഞ്ചായത്ത് രാജ് നിയമത്തിലൂടെ മലബാർ-തിരുവിതാംകൂർ-കൊച്ചി പ്രദേശങ്ങളിൽ നിലനിന്നിരുന്ന പഞ്ചായത്ത് നിയമങ്ങൾ ഏകീകരിക്കപ്പെടുകയുണ്ടായി. 1957-ലെ ബൽവന്ത് റായ് മേത്ത കമ്മിറ്റി മൂന്നുതലങ്ങളുള്ള പഞ്ചായത്ത് സംവിധാനങ്ങൾക്ക് ശിപാർശ നൽകുകയുണ്ടായി. തുടർന്ന് 1977-ൽ അശോക് മേത്ത കമ്മിറ്റി അധികാര വികേന്ദ്രീകരണത്തിന്റെ സജീവതയും 'തെരഞ്ഞെടുക്കപ്പെട്ട' അടിവരയിടുകയാണ്, തെരഞ്ഞെടുക്കപ്പെട്ട സമിതികളുള്ള പഞ്ചായത്തുകളുടെ ഭരണസംവിധാനത്തിന്റെ അനിവാര്യതയും ചൂണ്ടിക്കാണിച്ച് റിപ്പോർട്ട് നൽകി. പഞ്ചായത്ത് സംവിധാനങ്ങളെന്നുപറയുന്നത് കാലാകാലങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട ജനകീയ സ്വഭാവമുള്ളതായിരിക്കണമെന്നുള്ള

അന്തഃസത്തയാണ് ചൂണ്ടിക്കാണിക്കപ്പെട്ടത്. ഇതിന്റെ ഭാഗമായി പഞ്ചായത്ത് സംവിധാനം ഫലപ്രദമായി നടപ്പിലാക്കണമെങ്കിൽ ഭരണഘടനയുടെ പിൻബലം വേണമെന്ന വാദം ശക്തിപ്പെടുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ 1992-ൽ 73, 74 ഇന്ത്യൻ ഭരണഘടനാ ഭേദഗതിപ്രകാരം പഞ്ചായത്ത് രാജ്/നഗരപാലികാ നിയമമുണ്ടായത് സംബന്ധിച്ച് ഇവിടെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. 73-ാം ഭരണഘടന ഭേദഗതി അനുസരിച്ച് പഞ്ചായത്ത് രാജ് നിയമത്തിന്റെ ചുവടുപിടിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് പ്രാബല്യത്തിൽവന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വളരെ പ്രത്യക്ഷമായ ചില വ്യവസ്ഥകൾ നമ്മൾ കാണാതെ പോകുന്നത് ശരിയല്ല. പ്രത്യക്ഷ ജനാധിപത്യവേദികളായ ഗ്രാമസഭകൾക്ക് ഭരണഘടന പിൻബലം നൽകുന്നുവെന്നുള്ളതാണ്. ഗ്രാമ ഭരണത്തിന് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും നഗര ഭരണത്തിന് നഗരപാലിക സ്ഥാപനങ്ങളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും എന്ന വ്യവസ്ഥ ഈ നിയമത്തിന്റെ സവിശേഷതയാണ്. മാത്രമല്ല, അഞ്ചുവർഷം കൂടുമ്പോൾ നിർബന്ധമായും തെരഞ്ഞെടുപ്പ് നടക്കണമെന്നുള്ള വ്യവസ്ഥ ഈ നിയമത്തിന്റെ ഭാഗമായി ഭരണഘടനാ വ്യവസ്ഥാപിതമാകുകയാണ്. നമ്മുടെ മുമ്പിലുള്ള അനുഭവമറിയാം, ഏഴും എട്ടും വർഷങ്ങൾ നീണ്ടുനിന്ന, തെരഞ്ഞെടുപ്പുകൾപോലും നടപ്പിലാക്കാത്ത പഞ്ചായത്ത് സംവിധാനങ്ങൾ നിലനിന്നിരുന്നിടത്താണ് നിർബന്ധിതമായി തെരഞ്ഞെടുക്കപ്പെട്ട ഭരണസംവിധാനങ്ങളുടെ പ്രാതിനിധ്യം അല്ലെങ്കിൽ പ്രാധാന്യത്തെക്കുറിച്ച് പഞ്ചായത്ത് രാജ് നിയമത്തിൽ വിവക്ഷിക്കുന്നത്. ഈ നിയമത്തിന്റെ സവിശേഷത നമ്മൾ കാണാതെ പോകാൻ പാടില്ല. അംഗത്വത്തിലും അദ്ധ്യക്ഷപദവികളിലും അമ്പത് ശതമാനം സ്ത്രീ സംവരണം കൊണ്ടുവന്നു. എന്നാൽ 1992-ൽ ഈ നിയമം പാസ്സാക്കുന്ന സമയത്ത് 33 ശതമാനം, അതായത് മൂന്നിലൊന്ന് മാത്രമാണുണ്ടായിരുന്നത്. എന്നാൽ കേരളത്തിൽ 7-10-2009-ൽ കേരള പഞ്ചായത്ത് രാജ് നിയമ ഭേദഗതിയിലൂടെ പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ എന്നിവിടങ്ങളിലെ അംഗത്വത്തിലും അദ്ധ്യക്ഷപദവിയിലും അമ്പത് ശതമാനം സ്ത്രീ സംവരണം ലഭ്യമാക്കുന്ന ഭേദഗതി കൊണ്ടുവരികയാണുണ്ടായത്. 2010 മുതൽ അമ്പത് ശതമാനം സ്ത്രീ സംവരണം ഇവിടെ ഉറപ്പുവരികയാണ്. സമൂഹത്തിലെ പിന്നണിയിൽ ജീവിക്കുന്ന പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ആളുകൾ പഞ്ചായത്തുകളുടെ അധികാരികളാകുകയും അദ്ധ്യക്ഷപദവിയിലേയ്ക്ക് വരികയും ചെയ്യുന്നു; അവർ അംഗങ്ങളായി വരുന്നു. ജനസംഖ്യാനുപാതികമായി പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി വ്യവസ്ഥാപിതമായി ഈ നിയമത്തിൽ വിവക്ഷിക്കുകയാണ്. കൃത്യമായി ഇലക്ഷൻ നടക്കേണ്ടതുള്ളതുകൊണ്ടുതന്നെ സംസ്ഥാന ഇലക്ഷൻ കമ്മീഷൻ എന്ന സ്ഥാപനം രൂപവത്കരിക്കപ്പെടുന്നു. വികേന്ദ്രീകൃത ആസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി ഫണ്ടുകൾ ഡീസെൻട്രലൈസ് ചെയ്യപ്പെടുന്നതിനുവേണ്ടി

കൃത്യമായ ശാസ്ത്രീയ മാനദണ്ഡങ്ങൾ മുന്നോട്ടുവച്ചുകൊണ്ട് സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ നിലവിൽ വന്നു. മറ്റൊരു സുപ്രധാനമായ സവിശേഷത ജില്ലാ ആസൂത്രണ സമിതികളാണ്. ജില്ലാ ആസൂത്രണ സമിതികൾ അഥവാ ഡി.പി.സി. (ഡിസ്ട്രിക്ട് പ്ലാനിംഗ് കമ്മിറ്റി) പഞ്ചായത്ത് സംവിധാനങ്ങളുടെ എല്ലാ പൂർണ്ണ അധികാരങ്ങളുമുപയോഗിച്ച് ഒരു ജില്ലയുടെ വികസനത്തിൽ വിടവില്ലാത്ത രൂപത്തിൽ നേതൃത്വം കൊടുത്തുകൊണ്ട് ജില്ലാ പ്ലാനുകൾ രൂപീകരിക്കണമെന്ന നിർദ്ദേശം ഈ നിയമത്തിന്റെ സവിശേഷമായ മറ്റൊരു ഭാഗമാണ്. പഞ്ചായത്തുകളുടെ ചുമതലകൾ വിവക്ഷിക്കുന്ന പതിനൊന്നാം പട്ടികയും നഗരപാലികാ സ്ഥാപനങ്ങളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പന്ത്രണ്ടാം പട്ടികയും ഭരണഘടനയിലുൾപ്പെടുത്തി എന്നുള്ളത് അതിലേറെ സവിശേഷമായ മറ്റൊരു കാര്യമാണ്. 1994-ൽ ഈ നിയമം വന്നതിനുശേഷം ആദ്യത്തെ തെരഞ്ഞെടുപ്പ് 1995 സെപ്റ്റംബർ മാസത്തിൽത്തന്നെ നടന്നു. കാരണം, നിയമത്തിന്റെ വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ടുതന്നെ കൃത്യമായി തെരഞ്ഞെടുപ്പ് നടക്കുകയും ഒക്ടോബർ 2-ന് ഭരണസമിതി നിലവിൽ വരികയും ചെയ്യുന്ന സാഹചര്യമുണ്ടായി. 1995-ൽ അധികാര വികേന്ദ്രീകരണത്തിന്റെ തുടക്കം അവിടെയാണ്. 1995-ൽ സംസ്ഥാന സർക്കാരിന്റെ കീഴിലുണ്ടായിരുന്ന പതിനഞ്ചോളം വരുന്ന വകുപ്പുകളിൽനിന്നായി സ്ഥാപനങ്ങളും തസ്തികകളും ത്രിതല പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ട് 18-9-1995-ന് ഉത്തരവ് പ്രാബല്യത്തിൽവന്നു. 1996-ൽ അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാര വികേന്ദ്രീകരണം ശക്തമാക്കുന്നതിനായി പഠിച്ച് റിപ്പോർട്ട് നൽകുന്നതിനുവേണ്ടി എസ്. ബി. സെൻ അദ്ധ്യക്ഷനായ കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണമെന്ന ആശയം താഴെത്തട്ടിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾക്ക് നിയമപരമായി തുടക്കമിടുകയായിരുന്നു ആ ഘട്ടത്തിൽ. 1999-ൽ പഞ്ചായത്ത് രാജ് നിയമത്തിൽ ചില മാറ്റങ്ങൾ വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പൗരാവകാശ രേഖ, ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ, കുറുമാറ്റ നിരോധന നിയമം തുടങ്ങിയ കാര്യങ്ങൾ പഞ്ചായത്ത് രാജ് ആക്ടിൽ ഉൾക്കൊള്ളിക്കുകയുണ്ടായി. അധികാരം താഴേയ്ക്ക് കൊടുക്കുകയെന്നുള്ളതാണ് അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത. അങ്ങനെ അധികാരം കൊടുക്കുന്നതിനുള്ള ഉത്തരവ് മാത്രമല്ല അന്നത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റുണ്ടാക്കിയത്. അന്ന് ഒൻപതാം പദ്ധതിയിൽ ഉൾപ്പെടുത്തി മുപ്പത്തിമൂന്ന് ശതമാനം അധികാരം ജനങ്ങളിലേയ്ക്ക് എന്ന മുദ്രാവാക്യമാണ് ഉയർത്തിപ്പിടിച്ചത്. സംസ്ഥാന ബഡ്ജറ്റിന്റെ മുപ്പത്തിമൂന്ന് ശതമാനം ഫണ്ടുകൾ താഴെത്തട്ടിലുള്ള പഞ്ചായത്തുകൾക്ക് കൈമാറുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്ത് നടപ്പിലാക്കിയ ചരിത്രമാണ് നമ്മുടെ മുമ്പിലുള്ളത്. പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് സ്വയംഭരണ അധികാരമുണ്ട്, എന്നാൽ

പരമാധികാരമില്ല. പരമാധികാരവും സ്വയംഭരണാധികാരവും തമ്മിൽ വ്യത്യാസമുണ്ട്. ഒരു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പഞ്ചായത്ത് ഭരണ സംവിധാനങ്ങൾ ചെയ്യുകയെന്നതാണ് പരമാധികാരമെന്ന് പറയുന്നത്. നിയമത്തിനതീതമായ ചില കാര്യങ്ങൾ ചെയ്യുന്നതാണ് പരമാധികാരമെന്ന് വിവക്ഷിക്കുന്നത്. എന്നാൽ സ്വയം ഭരണാധികാരമുള്ള പഞ്ചായത്തുകൾക്ക് സർക്കാരിന്റെ നിബന്ധനകളുടെയും ഗൈഡ്‌ലൈൻസിന്റെയും അന്നന്നുള്ള സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ അതിനനുസരിച്ചുള്ള പ്രവർത്തനമാണുണ്ടാകുക. അതാണ് ഇവ തമ്മിലുള്ള വ്യത്യാസം. ഇവിടെ പഞ്ചായത്ത് സംവിധാനങ്ങൾ എന്നുപറയുന്നത് പരമാധികാര സംവിധാനങ്ങളല്ല. മറിച്ച്, ഓട്ടോണമസ് സംവിധാനങ്ങളാണ്. സ്വയംഭരണ അധികാരമുള്ള പ്രാദേശിക ഭരണ സർക്കാരുകളെന്നാണ് ഇതിനെ വിവക്ഷിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 73, 74 ഭേദഗതിയിൽ മാത്രമല്ല, ഇവിടെ വളരെ ശക്തമായി അധികാര വികേന്ദ്രീകരണത്തിന്റെ പ്രാദേശിക ഭരണ സംവിധാനം രൂപപ്പെടുത്തിയെടുക്കുന്നതിൽ കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റുകൾ വഹിച്ച പങ്ക് ചെറുതല്ല. ത്രിതല പഞ്ചായത്തുകളുടെ സംവിധാനത്തിനുപുറമെ ഭരണ സംവിധാനത്തിൽ ജനങ്ങൾക്ക് നേരിട്ട് ഇടപെടാനുള്ള അവസരമുണ്ടാകുകയാണ്. അതിൽ ഗ്രാമസഭകളും വാർഡ് സഭകളുമെന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കിയിരുന്നു. എല്ലാ ജില്ലകളെയും ഏകോപിപ്പിച്ചുകൊണ്ട്, ജില്ലാ പ്ലാനിംഗ് കമ്മിറ്റികളും അതോടൊപ്പംതന്നെ, നേരത്തെ സൂചിപ്പിക്കപ്പെട്ട ഓംബുഡ്സ്മാൻ, ട്രൈബ്യൂണൽ തുടങ്ങിയ സംവിധാനങ്ങളും വരുന്നതോടുകൂടി പ്രാദേശിക ഭരണ സംവിധാനത്തിന്റെ ഏകോപനം സാധ്യമാകുകയാണ്.

ഇന്ന് നമ്മുടെ മുന്നിൽ വന്നിട്ടുള്ള ഈ ബില്ലിനെ സംബന്ധിച്ച്, പഞ്ചായത്തുകൾക്ക് അധികാരമില്ലാതാക്കുകയാണെന്ന് പ്രതിപക്ഷത്തെ പ്രിയപ്പെട്ട സുഹൃത്തുക്കൾ സൂചിപ്പിക്കുകയുണ്ടായി. 1994-ലെ നിയമത്തിൽ പറഞ്ഞിട്ടുള്ള ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ ഭരണസമിതികളുടെ എണ്ണത്തെക്കുറിച്ചും അതിലെ അംഗസംഖ്യയെക്കുറിച്ചുമാണ് ഇതിന്റെ 6(3)-ൽ പറയുന്നത്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10-ഉം 2005-ലെ കേരള തദ്ദേശഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ഡീലിമിറ്റേഷൻ കമ്മീഷൻ ചട്ടങ്ങളിലെ 10-ാം ചട്ടവും പ്രകാരം ചില വ്യവസ്ഥകളും മാർഗ്ഗനിർദ്ദേശങ്ങളും നിലവിലുണ്ട്. ഇതുപ്രകാരം, ഗ്രാമപഞ്ചായത്തിന്റെ വാർഡുകൾ നിശ്ചയിക്കപ്പെടുന്നത് ജനസംഖ്യാനുപാതികമായാണ്. അത് മാത്രമല്ല, നിലവിലുള്ള ഒറിജിനൽ നിയമത്തിൽ പറയുന്നത് പതിമൂന്നിൽ കുറയാത്ത ഗ്രാമപഞ്ചായത്തിൽ എണ്ണം സൂചിപ്പിക്കുന്നത് പതിനയ്യായിരം എന്ന ജനസംഖ്യയ്ക്കാണ്. വർദ്ധിക്കുന്ന ഓരോ രണ്ടായിരത്തി അഞ്ഞൂറിനും ഒരംഗമെന്ന നിലയിൽ വർദ്ധിപ്പിക്കും. സ്വാഭാവികമായും

ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് ഡീലിമിറ്റേഷൻ ആവശ്യമായിവരും. വാർഡുകളുടെ നിർണ്ണയം ആവശ്യമായിവരും. ചിലപ്പോൾ കൂടുതൽ പഞ്ചായത്തുകൾ ആവശ്യമായിവരും. ഒരു ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞ് അടുത്ത തെരഞ്ഞെടുപ്പ് വരാനിരിക്കുന്ന ഘട്ടത്തിൽ തീർച്ചയായും ജനസംഖ്യയുടെ വർദ്ധനവിനനുസരിച്ച് ഡീലിമിറ്റേഷൻ ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ബഹുമാനപ്പെട്ട ഈ സഭയ്ക്ക് മുമ്പാകെ അവതരിപ്പിക്കുന്നതിനുള്ള സാഹചര്യമുണ്ടായിട്ടുള്ളത്. സ്വാഭാവികമായും അന്നുണ്ടായിരുന്ന ഒരവസ്ഥയനുസരിച്ച് ചില ഭേദഗതികൾ മുന്നോട്ടുവയ്ക്കുകയുണ്ടായി. അതിൽ 6(3)1(എ)-യിൽ 'പതിനാലിൽ കുറയാനോ ഇരുപത്തിനാലിൽ കവിയാനോ പാടുള്ളതല്ല' എന്നാണ്. അതേ രൂപത്തിൽത്തന്നെയാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിലും. അതായത്, 'പതിനാലിൽ കുറയാനോ ഇരുപത്തിനാലിൽ കവിയാനോ പാടുള്ളതല്ല' എന്നാണ്. ജില്ലാ പഞ്ചായത്തുകൾക്ക് 'പതിനേഴിൽ കുറയാനോ മുപ്പത്തിമൂന്നിൽ കവിയാനോ പാടില്ല' എന്നാണ്. ഈ വ്യവസ്ഥകളിൽ ഓർഡിനൻസ് വഴി ഭേദഗതികൾ മുന്നോട്ടുവയ്ക്കുമ്പോൾ നമ്മുടെ മുന്നിൽ കൊറോണയെന്ന സാഹചര്യമുണ്ടായിരുന്നില്ല. എത്രമാത്രം പ്രയാസമാണ് നമ്മളെല്ലാം അനുഭവിച്ചിരുന്നത്. നമ്മുടെ സമൂഹത്തിൽ കോവിഡ്-19 എന്ന മഹാമാരി മുമ്പ് കേട്ടുകേൾവിയുണ്ടോ; അത്രയേറെ പാൻഡമിക് ആയിട്ടുള്ള സാഹചര്യമായിരുന്നില്ലേ? ജനങ്ങളാകെ വിഭ്രാന്തിയിലായിരുന്നു. ഒന്ന്, രണ്ട്, മൂന്ന് ഘട്ടങ്ങൾ നമ്മൾ തരണം ചെയ്തു എന്നുള്ളതിരിക്കട്ടെ. എന്നാൽ ഈ നിയമപ്രകാരം തെരഞ്ഞെടുപ്പ് നിർബന്ധമായി വരുമ്പോൾ അതിന്റെ മുന്നോടിയായി നടത്തിയിരുന്ന ഡീലിമിറ്റേഷൻ നടപടിക്രമങ്ങൾ പൂർത്തീകരിച്ച ഘട്ടത്തിലാണല്ലോ ഈ ഓർഡിനൻസ് കൊണ്ടുവന്നത്; അതെങ്ങനെയാണ് നിയമപരമല്ലാതാകുന്നത്? നിയമപരമല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഇവിടെ സൂചിപ്പിക്കുകയാണ്. പഞ്ചായത്ത് രാജ് ആക്ടിന് ഒരു അമെന്റ്മെന്റ് ഈ സഭയിൽ അവതരിപ്പിച്ചത് ഏറ്റവും വലിയ പാതകമാണെന്ന് തോന്നുന്നരീതിയിലുള്ള ചർച്ചകളാണ് പ്രതിപക്ഷം നടത്തിയത്. തെരഞ്ഞെടുപ്പിന്റെ ഘട്ടമായപ്പോഴേയ്ക്കും കോവിഡ് മഹാമാരി കേരളത്തെ വിഴുങ്ങാനെത്തിയ സാഹചര്യമായിരുന്നു. അതിനെ പ്രതിരോധിക്കാനാവശ്യമായ പ്രവർത്തനങ്ങൾ ഒരുമിച്ച് നടത്തേണ്ട അവസ്ഥയാണുള്ളത്. എന്നാൽ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ, സ്വാഭാവികമായും ഡീലിമിറ്റേഷൻ നിർണ്ണയം നടത്തിയിട്ടുള്ള അംഗങ്ങളുടെ എണ്ണത്തിൽ കുറവുവരുത്തി നിലവിലുള്ള 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ പ്രതിപാദിക്കുന്ന എണ്ണമനുസരിച്ച് തെരഞ്ഞെടുപ്പ് നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ഈ അഞ്ച് വർഷത്തിൽ ഡീലിമിറ്റേഷന് പ്രസക്തിയില്ല. അത് നിയമസഭയിൽ അവതരിപ്പിച്ചുകൊണ്ട് വകുപ്പുകളിലുള്ള ആ

നിർദ്ദേശം ഭേദഗതി ചെയ്യുകയാണ്. ഇങ്ങനെ കാലാകാലങ്ങളിൽ മാറ്റങ്ങൾക്ക് വിധേയമായി നിയമനിർമ്മാണ സംവിധാനങ്ങൾ, അഭിപ്രായങ്ങളും അഭിപ്രായ വ്യത്യാസങ്ങളും രേഖപ്പെടുത്തിയും ആവശ്യമില്ലാത്ത വകുപ്പുകൾ ഒഴിവാക്കപ്പെട്ടുമാണല്ലോ പല നിയമങ്ങളുടെയും സമ്പുഷ്ടത വർദ്ധിപ്പിച്ചിട്ടുള്ളത്. ആ നിലയിൽ കൊണ്ടുവന്ന ഈ പഞ്ചായത്ത് രാജ് നിയമത്തിന്റെ 6-ൽ (3)-ാം ഉപവകുപ്പ് പ്രകാരമുള്ള നിർദ്ദേശങ്ങളെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കോവിഡ് മഹാമാരിയുടെ ഘട്ടത്തിലാണ് സാമൂഹിക അകലംപാലിച്ചും സാനിറ്റൈസേഷൻ നടത്തിയും തെരഞ്ഞെടുപ്പ് നടത്തേണ്ടിവന്നത്. ജനങ്ങൾ പരസ്പരം കാണാത്ത, മരണമടയുന്ന ഘട്ടത്തിൽ കൂടപ്പിറപ്പിനുപോലും മൃതദേഹം കാണാൻ കഴിയാത്ത സാഹചര്യത്തിൽ ഭരണഘടനാ സ്ഥാപനമായ പഞ്ചായത്ത് സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പുകളെ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുമ്പോൾ സ്വാഭാവികമായും ഇതിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഇവിടെ സെക്ഷൻ 70-ൽ (1)-ാമത്തെ ഉപവകുപ്പ് 'വോട്ടെടുപ്പിന് സമയം നിശ്ചയിക്കൽ' സംബന്ധിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. അതിൽ 'രാവിലെ 7 മണിക്കും വൈകുന്നേരം 5 മണിക്കും' എന്ന വാക്കുകൾക്കും അക്കങ്ങൾക്കും പകരം 'രാവിലെ 7 മണിക്കും വൈകുന്നേരം 6 മണിക്കും' എന്ന വാക്കുകളും അക്കങ്ങളും ചേർക്കണം എന്നാണ് പറഞ്ഞിട്ടുള്ളത്. എന്താണ് ഇതിന്റെ പ്രശ്നം? ഇതിൽ എന്തിനാണ് ഇത്രയും സമയം ചേർത്തത്; ഒരു മീറ്ററെങ്കിലും സാമൂഹ്യ അകലം പാലിക്കണ്ടേയെന്നെല്ലാം ഡോ. എം. കെ. മുനീർ സൂചിപ്പിക്കുകയുണ്ടായി. സാധാരണഗതിയിൽ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ പോളിംഗ് ബൂത്തുകളിൽ ഏതാണ്ട് ഉച്ചവരെ വലിയ തിരക്കാണുണ്ടാകാറുള്ളത്. എന്നാൽ ഈ കോവിഡ് ഘട്ടത്തിൽ ജാഗ്രത പാലിക്കുന്നതിന്റെ ഭാഗമായല്ലേ ഈ നിർദ്ദേശം വച്ചത്? ആ നിർദ്ദേശം നല്ല രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞല്ലോ. 5 മണി മുതൽ 6 മണി വരെ കോവിഡ് രോഗികൾക്കും അല്ലാത്തവർക്കുമൊക്കെ വോട്ട് ചെയ്യാനുള്ള അവസരം നൽകി. പാലക്കാട് പോലുള്ള ജില്ലയിലെ ആദിവാസി കോളനികളിലും മലയോര പ്രദേശങ്ങളിലുമുൾപ്പെടെയുള്ള വോട്ടർമാർക്ക് വന്നുപോകാൻ സൗകര്യപ്രദമായ രൂപത്തിലാണ് ഒരു ഭേദഗതി കൊണ്ടുവന്നത്. അതിനെ പൂർണ്ണമായും പിന്തുണയ്ക്കാം. അതോടൊപ്പംതന്നെ മറ്റൊരു കാര്യം ഇവിടെ സൂചിപ്പിച്ചത് 74 എ-യിൽ 'സാംക്രമിക രോഗം ബാധിച്ച ഏതൊരാളും', 'ക്വാറന്റീനിൽ ആയിരിക്കുന്ന ഏതൊരാളും' എന്നതാണ്. ഇതൊക്കെത്തന്നെ കോവിഡിന്റെ പശ്ചാത്തലത്തിൽ കൊണ്ടുവന്ന ചില ഭേദഗതികളാണ്. 74-ാം വകുപ്പിന്റെ കൂടെ 74 എ എന്ന വകുപ്പ് കൂട്ടിച്ചേർക്കുകയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് തപാൽ വോട്ടിനെ സംബന്ധിച്ചാണ്. തപാൽ വോട്ട് ജീവനക്കാർക്കും സർക്കാർ ഉദ്യോഗസ്ഥർക്കുമാണെന്നാണ് നമ്മൾ കേട്ടിട്ടുള്ളത്.

ഇവിടെ 80 വയസ്സിനുമുകളിലുള്ളവർക്കും കിടപ്പുരോഗികൾക്കും ആക്സിഡന്റ് സംഭവിച്ചവർക്കും ഈ പ്രത്യേക ഘട്ടത്തിൽ സാമൂഹിക അകലം പാലിച്ചുകൊണ്ട് പോളിംഗ് ബൂത്തിൽവന്ന് വോട്ട് ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. അതിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ബി.പി.ഒ.-മാരും അതുമായി ബന്ധപ്പെട്ടവരും രാഷ്ട്രീയ പാർട്ടിയിലുൾപ്പെടെയുള്ളവരും വീട്ടിൽചെന്ന് ഇൻഫർമേഷൻ നടത്തി തപാൽ വോട്ടെന്ന സംവിധാനം വളരെ നല്ലരൂപത്തിൽ നടപ്പിലാക്കാനായി. ഇതിൽ എന്ത് പ്രയാസമാണുണ്ടായത്? കാലാകാലങ്ങളിൽ ഈ പറഞ്ഞ രൂപത്തിലുള്ള പ്രയാസങ്ങൾ നേരിടുന്നതിനുവേണ്ടി ഉണ്ടാക്കിയെടുത്തിട്ടുള്ള ഭേദഗതി നൂറ് ശതമാനം അംഗീകരിക്കുകയെന്നുള്ള വ്യവസ്ഥയിലേയ്ക്കാണ് പോകേണ്ടത്. മാത്രമല്ല നമുക്ക് കേട്ടുകേൾവിയില്ലാത്ത കോവിഡ്പോലുള്ള സാംക്രമിക രോഗങ്ങൾ ഇനി എന്നുണ്ടാകുമെന്ന് പറയാൻ കഴിയില്ലെങ്കിൽപ്പോലും വരില്ലെന്ന് പറയാൻ നമുക്ക് സാധിക്കില്ല. ഇപ്പോഴത്തെ പശ്ചാത്തലത്തിൽ എന്നാണ് കോവിഡ് അവസാനിക്കുകയെന്നും നമുക്ക് പറയാൻ സാധിക്കില്ല. കോവിഡിന്റെ സാഹചര്യത്തിൽ സാംക്രമികരോഗങ്ങൾ ബാധിച്ച 80 വയസ്സിന് താഴെയുള്ളവർക്ക് മറ്റ് ശാരീരിക അവശതകളില്ലെങ്കിൽ നേരിട്ട് പോളിംഗ് ബൂത്തിലെത്തി വോട്ട് ചെയ്യാനുള്ള അവസരം എല്ലാവരുംതന്നെ അതിന്റെ ഭാഗമായി ഒരുക്കിക്കൊടുത്തതല്ലേ; എല്ലാ രാഷ്ട്രീയ പാർട്ടികളും അത്തരത്തിൽ ആളുകളെ കൊണ്ടുവന്ന് വോട്ട് ചെയ്യിപ്പിച്ചതല്ലേ? സ്വാഭാവികമായും ഇത് അനിവാര്യമാണ്. കോവിഡിന്റെ ഒന്നാംഘട്ടത്തിൽ വളരെ കർശനമായ ക്വാറന്റീൻ നിർദ്ദേശങ്ങളായിരുന്നു സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ചത്. കണ്ടെയ്ൻമെന്റ് സോണുകളുണ്ടായില്ലേ; സി.എഫ്.എൽ.ടി.സി.-കൾ ഉണ്ടായില്ലേ; വിദേശത്തുനിന്നും വരുന്നവർക്ക് വീടുകളിൽത്തന്നെ ക്വാറന്റീൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയില്ലേ; സമ്പർക്ക പട്ടികയിലുള്ളവർക്ക് ക്വാറന്റീൻ സംവിധാനങ്ങളുണ്ടായില്ലേ? ആ രൂപത്തിൽ ക്വാറന്റീൻ സംവിധാനങ്ങൾ ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കി അത്തരത്തിലുള്ളവർക്ക് വോട്ട് ചെയ്യാനുള്ള അവസരമുൾപ്പെടെയാണ് ഈ നിയമത്തിന്റെ ഭേദഗതിയായി കൊണ്ടുവന്നിട്ടുള്ളതെന്നത് ഏറ്റവും സ്വീകാര്യമായ കാര്യമാണ്. മറ്റൊന്ന്, ടാക്സ് പിരിവ് സംബന്ധിച്ചാണ്. ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ബാധിക്കുന്ന ചില നിയമങ്ങളുടെ ഭാഗമായി കേരള പഞ്ചായത്ത് രാജ് ആക്ടിൽ വന്നിട്ടുള്ള ചില പ്രധാനപ്പെട്ട വകുപ്പുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 'ഈസ് ഓഫ് ഡൂയിംഗ്' എന്നതാണ്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ഈ കാര്യം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട നയമായിരുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന ഏകജാലക സംവിധാനം കേരളത്തിൽ കൊണ്ടുവന്നതിന്റെ ഭാഗമായി നിലവിലുണ്ടായിരുന്ന

പ്രയാസങ്ങൾ പരിഹരിക്കാൻ സാധിച്ചു. ബിസിനസ്സ് തുടങ്ങാൻ ആഗ്രഹിക്കുന്ന ആളുകൾ ദിവസങ്ങളോളം ഓരോ സർട്ടിഫിക്കറ്റുകളും ആവശ്യമാണോ അല്ലയോ എന്നറിയാതെ നിരന്തരം ഓഫീസുകൾ കയറിയിറങ്ങുന്ന സാഹചര്യമാണ് നിലവിലുണ്ടായിരുന്നത്. അതിൽനിന്നും മാറി വളരെ എളുപ്പത്തിൽ അവർക്ക് ഇതുമായി ബന്ധപ്പെട്ട ലൈസൻസും മറ്റും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനത്തിന്റെ ഭാഗമായാണ് ഇത് കൊണ്ടുവന്നതെന്ന് ഈ നിയമത്തിൽ വളരെ വ്യക്തമായി സൂചിപ്പിച്ചിട്ടുള്ളതാണ്. അതിന്റെ രണ്ടാം വകുപ്പിൽ (xvi എ)-യിൽ "എംപാനൽഡ് ലൈസൻസി" എന്നതിന്റെ ഡെഫനിഷൻ സൂചിപ്പിക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ ആർക്കിടെക്റ്റുകൾ, എഞ്ചിനീയർമാർ, ബിൽഡിംഗ് മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്നവർ, എഞ്ചിനീയറിംഗ് കോളേജുകളിൽനിന്നും കോഴ്സുകൾ പാസ്സായി പുറത്തുവന്ന് തൊഴിലില്ലാതെ ഇരിക്കുന്നവർ എന്നിങ്ങനെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെയും തൊഴിൽ അറിയാവുന്നവരെയും പഞ്ചായത്തടിസ്ഥാനത്തിൽ കണ്ടെത്തി എംപാനൽഡ് ഏജൻസികളായി തീരുമാനിച്ച് അവർ നിർണ്ണയിക്കപ്പെടുന്ന ഒരു സംവിധാനത്തിലൂടെ ഏകജാലക സംവിധാനത്തെ വ്യാപിപ്പിക്കാനുള്ള ശ്രമം നടത്തിയത് വളരെ ശ്ലാഘനീയമായ ഒന്നാണെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ അപകടസാധ്യത കുറഞ്ഞ കെട്ടിടങ്ങളെ സംബന്ധിച്ചും സൂചിപ്പിച്ചിട്ടുണ്ട്. ചെറിയ ചെറിയ സംരംഭങ്ങളാരംഭിക്കാനും തൊഴിൽ കേന്ദ്രങ്ങൾ സ്ഥാപിക്കാനും മറ്റ് അനുബന്ധ ബിസിനസ്സുകൾ ആരംഭിക്കാനുമൊക്കെ കെട്ടിട നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ലഘൂകരിക്കണം. ഏഴ് മീറ്ററിൽ കുറവ് ഉയരമുള്ള രണ്ട് നിലവരെ പരിമിതപ്പെടുത്തിയിട്ടുള്ളതും 300 ചതുരശ്ര മീറ്ററിൽ കുറവ് നിർമ്മിത വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളെക്കുറിച്ച് വളരെ വ്യക്തമായി (xxii എ)-യിൽ പറയുന്നുണ്ട്. അതിൽ വളരെ പ്രധാനപ്പെട്ടത് പഞ്ചായത്തിൽനിന്നും ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളിലെ സങ്കീർണ്ണതകളെ ലഘൂകരിക്കുക എന്നതാണ്. (xxvi എ)-യിൽ സൂചിപ്പിക്കുന്ന "സ്വയം സാക്ഷ്യപത്രം" (self-certification) ആണ് ഏറ്റവും പ്രധാനപ്പെട്ട മറ്റൊന്ന്. എംപാനൽഡ് ഏജൻസികളും കെട്ടിടം നിർമ്മിക്കാനുദ്ദേശിക്കുന്നവരും സംയുക്തമായി സ്വയം സർട്ടിഫിക്കേഷനും രേഖകളും അപേക്ഷയും സഹിതം സെക്രട്ടറിക്ക് നൽകണമെന്നാണ്. സെക്രട്ടറി അഞ്ച് ദിവസത്തിനകം കൈപ്പറ്റ് സാക്ഷ്യപത്രം അപേക്ഷകന് നൽകുന്നതാണ്. ഇതിലൂടെ സ്ഥാപനം നടത്താൻ വ്യവസ്ഥകളോടുകൂടി ഒരു പൗരന് അധികാരം കൊടുക്കുകയാണ്. സാധാരണക്കാരായ ജനങ്ങൾക്ക് ഏറ്റവും ഗുണപ്രദമായ നിയമ സംവിധാനങ്ങളാണ് പ്രത്യേകിച്ച് പഞ്ചായത്തിന്റെ സേവനങ്ങളുമായി ബന്ധപ്പെട്ട് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഒരു പൗരൻ ബോധപൂർവ്വം വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ അതിന് ശിക്ഷാർഹമായ

നടപടി സ്വീകരിക്കേണ്ടതാണ്. അതിനുള്ള മുൻകരുതൽ നടപടിയെന്നുള്ള നിലയ്ക്ക് പ്രത്യേകം ഫൈൻ ഈടാക്കുന്നതിനും ശിക്ഷാ നടപടികളിലേയ്ക്ക് പോകുന്നതിനുംവേണ്ടിയുള്ള വകുപ്പ് കൂട്ടിച്ചേർത്തിട്ടുണ്ട്. നമ്മുടെ രാജ്യം നിയമത്താൽ ബന്ധിതമാണ്, വീഴ്ചകൾ വരുത്തിയാൽ പിഴ ഈടാക്കാനും ഇതിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഒരു നടപടിയെടുക്കുമ്പോൾ അതിന്റെ ലംഘനത്തിന് ലഭിക്കുന്ന ശിക്ഷകൂടി വരുമ്പോഴാണ് ഒരു നിയമത്തിന്റെ വകുപ്പ് പൂർണ്ണമാകുന്നത്. ആ അർത്ഥത്തിലാണ് അതിന്റെ ശിക്ഷാനടപടികൾകൂടി ഇതിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതെന്നാണ് ഇതിന്റെ ഭാഗമായി സൂചിപ്പിക്കാനുള്ളത്. 25 വർഷക്കാലയളവിലെ നമ്മുടെ പഞ്ചായത്ത് സംവിധാനങ്ങളുടെ വളർച്ച ചർച്ച ചെയ്യപ്പെടുമ്പോൾ കേരളത്തിൽ 1995-ൽ നടന്ന തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ഒരുവർഷക്കാലം പഞ്ചായത്തുകളുടെ സ്ഥിതിയെന്തായിരുന്നു എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഞാൻ 1995-ൽ ജില്ലാ പഞ്ചായത്തംഗമായിരുന്നു. അതിനാൽ വളരെ വ്യക്തമായി അറിയാവുന്ന കാര്യമാണ്, പഞ്ചായത്തുകൾക്ക് യഥാർത്ഥത്തിൽ അധികാര വികേന്ദ്രീകരണത്തിന് കാത്തുനിൽക്കുന്ന അവസ്ഥയാണുണ്ടായിരുന്നത്. Untied fund എന്ന വ്യവസ്ഥയിൽ ചെറിയ സംഖ്യ കൊടുത്ത് എന്തെങ്കിലും പണി ചെയ്യുകയെന്ന രീതിയിലായിരുന്നു പഞ്ചായത്ത് സംവിധാനങ്ങൾ നിലനിന്നിരുന്നത്. എന്നാൽ 1996-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് 'അധികാര വികേന്ദ്രീകരണം', 'ജനകീയ ആസൂത്രണം' എന്ന വാക്കുകൾ കേരളത്തിലും ലോക മലയാളികൾക്കും പരിചയപ്പെടുത്തിക്കൊടുത്തത്. അതിന്റെ ഭാഗമായാണ് ജനങ്ങളുടെ പങ്കാളിത്തം സാധ്യമായത്. 1997-ലെ ഫണ്ടുകൾ ബഡ്ജറ്റിന്റെ ഭാഗമായി ലഭ്യമാക്കിയെന്നത് 25 വർഷത്തിന്റെ ഭാഗമായി ചർച്ച ചെയ്യപ്പെടുമ്പോൾ അറിയാം. എന്നാൽ ഇടക്കാലത്ത് കേരളത്തിൽ അധികാരത്തിൽവന്ന യു.ഡി.എഫ്. ഗവൺമെന്റ്....

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഈ ബില്ലിലെ "സാംക്രമിക രോഗം" എന്ന സ്ഥലത്ത് "ക്വാറന്റീനിൽ ആയിരിക്കുന്ന ആൾ" എന്നുപറയുന്നതിൽ ക്വാറന്റീൻ സർട്ടിഫിക്കറ്റ് ആരാണ് കൊടുക്കുക എന്നുള്ള ഭാഗം ഇതിൽ പറയുന്നതായി കാണുന്നില്ല. അത് അങ്ങയുടെ ശ്രദ്ധയിൽവന്നിട്ടുണ്ടോ?

ശ്രീമതി ശാന്തകുമാരി കെ.: സർ, തീർച്ചയായും ഇത് പ്രസക്തമായ ചോദ്യമാണ്. നിലവിൽ ഈ ബില്ലിൽ തെരഞ്ഞെടുപ്പും അനുബന്ധ നടപടികളും സംബന്ധിച്ച് പ്രതിപാദിക്കുന്ന വകുപ്പുകളാണ് 74 (എ)-ഉം 6-ഉം. ഈ നിയമത്തിൽ ക്വാറന്റീനിൽ കഴിയുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് മെഡിക്കലുമായി ബന്ധപ്പെട്ടുള്ള വിഷയമാണ്. ഗവൺമെന്റിന്റെ

പ്രത്യേക നിർദ്ദേശമനുസരിച്ച് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സർട്ടിഫിക്കറ്റ് മെഡിക്കൽ ഓഫീസർമാർക്ക് ലഭ്യമാക്കാമെന്നുള്ള വ്യവസ്ഥയാണുള്ളത്. പക്ഷേ അത് ഈ പഞ്ചായത്ത് രാജ് നിയമത്തിൽ സൂചിപ്പിക്കുന്നില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതിന് അധികാരപ്പെട്ട സ്ഥാപനത്തിൽനിന്നുമാണ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതെന്നും സൂചിപ്പിക്കുന്നു. പ്രാദേശിക ഭരണ സംവിധാനത്തിന്റെ ഒരു പ്രധാനപ്പെട്ട നേട്ടമെന്താണെന്ന് സൂചിപ്പിക്കാൻ ഈ ഘട്ടത്തിൽ ഒരിക്കൽക്കൂടി ആഗ്രഹിക്കുകയാണ്. കാരണം ഏറ്റവും പുതിയ കണക്കനുസരിച്ച് കേരളത്തിൽ 941 ഗ്രാമപഞ്ചായത്തുകളാണുള്ളത്. അതിൽ 15962 വാർഡുകളിൽ 50 ശതമാനമെന്ന നിലയിൽ 9365 സംവരണ വാർഡുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകളിൽ 2079 വാർഡുകൾ. അങ്ങനെ 50 ശതമാനമെന്ന നിലയിൽ വലിയ രൂപത്തിൽ സംവരണം ലഭ്യമാക്കിയ സാഹചര്യമാണുള്ളത്. അദ്ധ്യക്ഷ പദവികളെ സംബന്ധിച്ചെല്ലാം വളരെ വ്യക്തമായി നമുക്കറിയാം. പഞ്ചായത്തുകളിൽ വനിതകൾ, എസ്.സി., എസ്.ടി. എന്നീ മേഖലകളിൽനിന്നുള്ളവർ അദ്ധ്യക്ഷ പദവികളിലേയ്ക്ക് വരുന്നു. കഴിഞ്ഞ 25 വർഷത്തിനകത്ത് ലോക്കൽ ബോഡികൾ നടപ്പിലാക്കിയിട്ടുള്ള ശരാശരി വികസനത്തിന്റെ തോതും ചെലവഴിക്കപ്പെട്ട ഫണ്ടിനെക്കുറിച്ചുള്ള ഒരു ചെറുവിവരണവുംകൂടി സൂചിപ്പിച്ച് ഞാൻ അവസാനിപ്പിക്കാം. ക്രെഡിബിളായി പഞ്ചായത്തുകൾ പ്രവർത്തനം നടത്തി മുന്നോട്ടുപോകുന്നുവെന്നുള്ളതാണ്. 1996-1997 മുതൽ 2015-2016 വരെയുള്ള കാലഘട്ടത്തിലെ മാത്രം കണക്കനുസരിച്ച് പഞ്ചായത്തുകൾക്ക് ലഭ്യമായത് 38,235 കോടി രൂപയാണ്. നോൺ പ്ലാൻ ഇനത്തിൽ 19827.67 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അങ്ങനെ പരിശോധിച്ചുനോക്കിയാൽ 2017 മുതൽ 2021-2022 കാലഘട്ടം വരെ മാത്രം 52587.46 കോടി രൂപയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി വിനിയോഗിക്കുന്നതിന് തയ്യാറായിട്ടുള്ളത്. തീർച്ചയായും പഞ്ചായത്തുകളുടെ ഭരണ സംവിധാനത്തെ ഏകോപിപ്പിക്കാനും ശക്തിപ്പെടുത്താനും അധികാര വികേന്ദ്രീകരണം എന്ന ആശയത്തെ കൂടുതൽ ശക്തിപ്പെടുത്താനും ഈ ഭേദഗതിക്ക് സാധ്യമാകുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിട്ടുകൊണ്ട് നിർത്തുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജോബ് മൈക്കിൾ]

ശ്രീ. പി. പി. സുമോദ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. സി. മൊയ്തീൻ: സർ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-10-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2016-ലെ

നിയമത്തിനാണ് ഇവിടെ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 2016-ലെ നിയമനിർമ്മാണത്തിന്റെ പശ്ചാത്തലം ബഹുമാനപ്പെട്ട മന്ത്രിയും മറ്റംഗങ്ങളും സൂചിപ്പിച്ചിട്ടുണ്ട്. 73, 74 ഭരണഘടനാ ഭേദഗതികളുടെ ഭാഗമായി കേരളത്തിൽ നിലവിലുണ്ടായിരുന്ന കേരള നഗര-ഗ്രാമാസൂത്രണ നിയമങ്ങൾ വൈരുദ്ധ്യമുള്ളതാണെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ പോയപ്പോൾ ഒരു ഏകീകൃത നിയമമുണ്ടാക്കണമെന്നതിന്റെ അടിസ്ഥാനത്തിൽ 2013-ലാണ് യു.ഡി.എഫ്. ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവരുന്നത്. അതാണ് 2016 മാർച്ച് മാസത്തിൽ നിയമമാകുന്നത്. ഞാൻ ഇത് പറയാൻ കാരണം, രണ്ട് നിയമസഭാ സമ്മേളനങ്ങൾ നടന്നിട്ടും ചില ബില്ലുകൾ അവതരിപ്പിക്കാൻ കഴിയാതെ വന്നത് വലിയ തെറ്റാണെന്ന വാദഗതികളുണ്ടായി എന്നതുകൊണ്ടാണ്. ആ ബിൽ ഏഴ് തവണ ഓർഡിനൻസായി ഇറക്കിയിട്ടുണ്ട്. 2013 സെപ്റ്റംബർ, 2014 ഫെബ്രുവരി, ജൂലൈ, 2015 ജനുവരി, ഏപ്രിൽ, സെപ്റ്റംബർ. 2016 മാർച്ച് 17-ന് ഇത് ബില്ലായി അവതരിപ്പിച്ചു. അന്നതിന് കാരണങ്ങളുണ്ടാകാം, അതിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ജനാധിപത്യത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് പ്രഭാഷണം നടത്തുന്നവർ, ഒരു ബില്ലിനെ സംബന്ധിച്ച് വാദഗതികളുയർത്തുമ്പോൾ..., ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നടത്തിയിട്ടുള്ളതിനാൽ ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഈ നിയമത്തിന്റെ ഭേദഗതിയുടെ ഭാഗമായി ഇന്നത്തെ സാഹചര്യത്തിനാവശ്യമായ കാലാനുസൃതമായ മാറ്റങ്ങളാണ് കേരള നഗര-ഗ്രാമാസൂത്രണ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ ഭൂപ്രകൃതി, ജനസാന്ദ്രത, നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാത്ത അവസ്ഥ, നമ്മൾ നേരിട്ട രണ്ട് പ്രളയങ്ങളും അതോടൊപ്പംതന്നെ പ്രകൃതിക്ഷോഭങ്ങളുംമൂലം പുതിയ ചില പ്രശ്നങ്ങൾ നേരിടേണ്ട സാഹചര്യമുണ്ടായി. അത്തരമൊരു സാഹചര്യത്തിലാണ് നിയമങ്ങളിൽ ഈ പ്രശ്നങ്ങൾക്കുകൂടി പരിഹാരം കാണാൻവേണ്ടി കാലാനുസൃതമായ നടപടികൾ സ്വീകരിക്കണമെന്ന് കഴിഞ്ഞ സർക്കാർ തീരുമാനിച്ചത്. മാസ്റ്റർപ്ലാനുകളെക്കുറിച്ച് വലിയ ആശങ്ക പ്രതിപക്ഷത്തുള്ള ചിലർ ഉന്നയിച്ചു. അതിൽ വസ്തുതയുണ്ട്. മാസ്റ്റർപ്ലാനുള്ള സ്ഥലങ്ങളിൽത്തന്നെ അത് ഭൂമി ഫ്രീസ് ചെയ്യിടാനുള്ളതാണ്. 2013-നുശേഷം 2016 വരെയും മാസ്റ്റർപ്ലാനുള്ള സ്ഥലത്ത് ഒരു നിർമ്മാണ പ്രവർത്തനങ്ങളും നടന്നിട്ടില്ലെന്നുള്ളത് കാണണം. ഇതിനുപുറമെ മാസ്റ്റർപ്ലാനുള്ള പ്രദേശങ്ങളിൽത്തന്നെ Detailed Town Planning (DTP) സ്കീമുകളുമുണ്ട്. പുതിയ കാലഘട്ടത്തിന്റെ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് 2016-ൽ സമഗ്രമായുണ്ടാക്കിയ നിയമത്തിൽ ഭേദഗതികളുണ്ടാകണമെന്നുള്ള അവസരം ഇതിന്റെ ഭാഗമായാണ് സൃഷ്ടിക്കപ്പെട്ടത്. അതുകൊണ്ട് ഈ ഭേദഗതി ബില്ലിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. അതിന് വകുപ്പ് തിരിച്ചുള്ള ചർച്ചയുണ്ടല്ലോ? മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനുള്ള കാലതാമസം കേരളത്തിൽ

വലിയൊരു പ്രശ്നമായിരുന്നു. ഇത്രയും കാലമായി കേരളത്തിലെ നഗര പ്രദേശങ്ങൾക്കോ മറ്റ് പ്രദേശങ്ങൾക്കോ എത്ര മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്? വളരെ കുറവാണ്. പഞ്ചായത്ത് രാജ് നിയമങ്ങൾ വരുന്നതിനുമുമ്പും ഇവിടെ നിയമങ്ങളുണ്ട്. അതിന്റെ ഭാഗമായ നിയമങ്ങൾ മാസ്റ്റർപ്ലാനുണ്ടാക്കിയാലും നാൽപ്പതും അൻപതും വർഷങ്ങളായി ഒരു പ്രവർത്തനവും നടക്കാതെ കിടക്കുന്നുവെന്ന ആക്ഷേപം വളരെ ഗൗരവപ്പെട്ടതാണ്. അതുപോലെതന്നെ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിയെടുക്കാൻ പത്തും പന്ത്രണ്ടും വർഷക്കാലത്തെ കാലതാമസമുണ്ടാകുന്നു. ആ പ്രശ്നത്തിന് പരിഹാരം കാണാൻവേണ്ടിയുള്ള ഭേദഗതികൾ ഇതിലുണ്ട്. അതിനുശേഷമാണ് ഈ ദുരന്ത സാധ്യതകൾ. ദുരന്ത സാധ്യതകളുമായി ബന്ധപ്പെട്ട പുതിയ പ്രശ്നങ്ങൾ നമ്മുടെ നാട്ടിലുണ്ടായി. മണ്ണിടിച്ചിലും വെള്ളപ്പൊക്കത്തിന്റെ ഭാഗമായി പുതിയ പ്രശ്നങ്ങളും വന്നു. നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തുണ്ടായതല്ലല്ലോ. അതിന്റെ ഭാഗമായി വരുന്ന കെടുതികളെ അഭിമുഖീകരിക്കാൻ കഴിയുന്ന പുതിയ മാറ്റങ്ങൾ വേണ്ടേ; ആ മാറ്റങ്ങൾ ഉൾക്കൊള്ളിക്കാൻ ദുരന്ത സാധ്യത പരിഗണിച്ചുകൊണ്ട് സ്ഥലപരാസൂത്രണം ഓർഡിനൻസിന്റെ ഭാഗമായിത്തന്നെ കൊണ്ടുവന്നു. അതിപ്പോൾ നിയമമാക്കാൻ പോകുകയാണ്. ആ സാധ്യതയ്ക്കുവേണ്ടിയാണ് അത് ചെയ്യുന്നത്. അതുപോലെതന്നെ നിലവിലുള്ള നിയമത്തിൽ വരുന്ന കുറവുകൾ. പ്ലാനാണോ DTP സ്കീമാണോയെന്നുള്ള തർക്കം ടൗൺ പ്ലാനിംഗ് വിഭാഗത്തിനും ഉദ്യോഗസ്ഥർക്കും സെക്രട്ടറിമാർക്കുമിടയിലുണ്ടാകുന്നുണ്ട്. അതിന് ഇപ്പോൾ വ്യക്തത വരുത്തിയിട്ടുണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കിക്കഴിഞ്ഞാൽ മറ്റെല്ലാം അതിന് വിധേയമായി പോകണമെന്ന രീതിയിലുള്ള നിർദ്ദേശങ്ങൾ ഇതിന്റെ ഭാഗമായുണ്ട്. പലപ്പോഴും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിനെ ജനപ്രതിനിധികൾ ഭയപ്പെടുകയാണ്. അതിനുകാരണം അവിടെയുള്ള വികസന പ്രവൃത്തികൾ ജനങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായാണുണ്ടാകുന്നത് എന്നതുകൊണ്ടാണ്. കൃഷി സ്ഥലങ്ങളോ വ്യവസായ സ്ഥലങ്ങളോ അതുപോലുള്ള മറ്റ് ഏരിയകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലോ കൃത്യമായ ധാരണയില്ലാതെ ആസൂത്രണപ്രക്രിയ പൂർണ്ണമാകാത്തതിന്റെ ഭാഗമായി പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടാകാറുണ്ട്. അതിന് പരിഹാരം കാണാൻകഴിയുന്ന സ്ഥിതി ഈ മാസ്റ്റർപ്ലാനിന്റെ ഇപ്പോഴത്തെ ഭേദഗതി നിയമത്തിന്റെ ഭാഗമായി കൊണ്ടുവന്നിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിൽ വീഴ്ച വരുത്തിയാൽ അതിൽ സർക്കാരിന് ഇടപെടാൻ കഴിയുന്ന വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആ വ്യവസ്ഥകൾ ചില സ്ഥലത്ത് അനിവാര്യമാണ്. ഒരു ഭൂപ്രദേശം രണ്ടോ മൂന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേതായിരിക്കും. അവിടെ അടിയന്തരമായൊരു കാര്യം നിർവ്വഹിക്കുന്നതിന് ഒരു പ്ലാൻ തയ്യാറാക്കാൻ അതുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഇടപെടണം.

അങ്ങനെയുള്ള ചില പ്രശ്നങ്ങളുണ്ട്. അതുപോലെ പ്രളയംപോലുള്ള ദുരന്തസംഭവങ്ങളും നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. അക്കാര്യത്തിലും മാതൃകാപരമായ, നിയമവിധേയമായ ഇടപെടലുകൾക്ക് അവസരമുണ്ടാകണം. അതിന്റെ ഭാഗമായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം എടുത്തുകളഞ്ഞ ഒരു വ്യവസ്ഥയും ഈ ഭേദഗതിയിലില്ല. പഴയ നിയമത്തിലെ എല്ലാ വ്യവസ്ഥകളും നിലനിർത്തിയിട്ടുണ്ട്. ഈ നിയമത്തിലെ 24-ാം വകുപ്പ് എടുത്തുകളഞ്ഞതിനെ സംബന്ധിച്ച് പറഞ്ഞു. 24-ാം വകുപ്പിന്റെ ഉപയോഗം 23-ാം വകുപ്പിന്റെ കൂട്ടിച്ചേർത്ത ഖണ്ഡികയിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനാൽ അത് ആവർത്തിക്കേണ്ടതില്ല. അതിന്റെ എക്സിക്യൂഷൻ എന്നുള്ളത്, മുൻഗണനാ പദ്ധതികൾ 23-ാം വകുപ്പിന്റെ ഭാഗത്തുതന്നെ കൂടുതലായി ചേർക്കപ്പെട്ട ഭാഗത്ത് വ്യക്തതയോടുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടാകാം 24-ാം വകുപ്പ് ഒഴിവാക്കിയതെന്ന് കരുതുന്നു. ഈ അർത്ഥത്തിൽ, നഗരവത്കരണത്തിന്റെ കാര്യത്തിൽ ഭൂമിയുടെ വിനിയോഗത്തിലും മറ്റുമൊക്കെയുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഈ നിയമം പാസ്സാക്കുന്നതിന്റെ ഭാഗമായി കഴിയും. നിലവിലെ നിയമപ്രകാരം ജില്ലയ്ക്കുവേണ്ടി സ്ഥലപര പ്ലാൻ തയ്യാറാക്കുന്നതിൽ ഉദ്യോഗസ്ഥ സംവിധാനത്തിനാണ് പ്രധാന ചുമതല. അതിനുപകരം ഭരണഘടനാനുസൃതമായി ആസൂത്രണ സമിതിക്ക് ചുമതല നൽകുന്നു. അതൊരു ജനാധിപത്യ പ്രക്രിയയല്ലേ; ഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നതിനുപകരം തെരഞ്ഞെടുക്കപ്പെട്ട ഡി.പി.സി.-യെ ജില്ലാ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏൽപ്പിക്കുന്നു. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ജനാധിപത്യപരമായ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നു. അതുപോലെ 2018-ലെയും 2019-ലെയും പ്രളയത്തിൽ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിലെ അടിയന്തരാസൂത്രണം ആവശ്യമാണെന്ന് കാണുന്നപക്ഷം ആയതിന് നഗര-ഗ്രാമാസൂത്രണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രത്യേക പ്രദേശത്തിന് അടിയന്തര ഇടപെടൽ സാധ്യമാക്കി പ്ലാൻ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകളും ഭേദഗതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പ്രത്യേക പ്രദേശത്തിനുവേണ്ടി സ്ഥലപര പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. അങ്ങനെ വിവിധ പ്ലാനുകൾ തയ്യാറാക്കാമോയെന്നതാണ് തർക്കം. മൂലനിയമത്തിലെ 30-ാം വകുപ്പിൽ ഇതുമായി ബന്ധപ്പെട്ട വ്യവസ്ഥകളുണ്ട്. അതിൽ വ്യക്തത വരുത്തുകയെന്ന സമീപനമാണ് ചെയ്തിട്ടുള്ളത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, സർക്കാരിന് ജനോപകാരപ്രദമായി കൈകാര്യം ചെയ്യാൻ കഴിയുന്ന ജനാധിപത്യ വ്യവസ്ഥകളാണ് ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഒരു അധികാരത്തെയും ചോദ്യംചെയ്യുന്ന സമീപനമല്ല. അതിനാൽ പുതിയ കാലഘട്ടത്തിലെ പ്രശ്നങ്ങൾക്ക്, ദുരന്തകാലത്തെ അതിജീവിക്കാൻ കഴിയുന്ന

നവകേരള സൃഷ്ടിക്കായുള്ള, റീബിൽഡ് കേരള ഇനീഷ്യേറ്റീവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്, ആ പ്രവർത്തനങ്ങൾക്കുകൂടി സഹായകരമാകുന്ന രീതിയിലാണ് ഈ ബില്ലിൽ ഭേദഗതികൾ വിഭാവന ചെയ്യുന്നത്.

സാന്ദർഭികമായി ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയുകയാണ്. നേരത്തെ ബഹുമാനപ്പെട്ട മുൻപ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ കഴിഞ്ഞ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് അദ്ദേഹം മുമ്പുപറഞ്ഞ അതേ വാദഗതി ആവർത്തിക്കുകയുണ്ടായി. അത് മാറ്റി ഇപ്പോൾ ഭേദഗതി വീണ്ടും വന്നപ്പോഴാണ് ഉന്നയിക്കാൻ അവസരമുണ്ടായതെന്നത് വസ്തുതയാണ്. 2011-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ മഹാഭൂരിപക്ഷം തദ്ദേശഭരണ സ്ഥാപനങ്ങളിലും വാർഡ് വിഭജനം ഇതുവരെയും നടന്നിട്ടില്ല. അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് വാർഡ് വിഭജനം നടന്നത് ചില മുനിസിപ്പാലിറ്റികളിലേയ്ക്കും കോർപ്പറേഷൻ പ്രദേശങ്ങളിലേയ്ക്കുമാണ്. അതായത്, പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലും മുനിസിപ്പാലിറ്റികളോട് കൂട്ടിച്ചേർക്കപ്പെട്ട ചില പ്രദേശങ്ങളിലുമാണ്. അങ്ങനെ വന്നപ്പോൾ ആ പ്രദേശങ്ങൾ പുതിയ മുനിസിപ്പാലിറ്റികളായി. അവിടെ വാർഡ് വിഭജനം നടന്നിട്ടുണ്ട്. കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലും 2011-ലെ സെൻസസ് അനുസരിച്ചുള്ള വിഭജനം നടന്നിട്ടില്ല. ആ സാഹചര്യത്തിലാണ് ഈ മാറ്റം വേണമെന്ന് തീരുമാനിച്ചത്. ഭരണഘടനാ വിരുദ്ധമായി എന്തോ ചെയ്തുവെന്നാണ് മുൻപ്രതിപക്ഷ നേതാവ് ഉന്നയിച്ച രണ്ടാമത്തെ ആക്ഷേപം. ഭരണഘടനാ വിരുദ്ധമായ നിലപാട് സർക്കാർ അന്നും സ്വീകരിച്ചിട്ടില്ല. നിയമസഭ അത്തരമൊരു ബിൽ പാസ്സാക്കിയതിൽ നിയമവിരുദ്ധമായൊന്നും ചെയ്തിട്ടില്ല. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറിയെന്ന് പറയുന്നത് പഞ്ചായത്തിന്റെ അതിർത്തിയും മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ മുനിസിപ്പൽ അതിർത്തിയുമാണ്. പുതിയ പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ രൂപീകരിക്കുന്നതിനുവേണ്ടി അതിന്റെ അഡ്മിനിസ്ട്രേറ്റീവ് ബൗണ്ടറികളിൽ ഒരുമാറ്റവും വരുത്താൻ സർക്കാർ ഉദ്ദേശിച്ചിട്ടില്ല. ഞാൻ അക്കാര്യം മുമ്പും വ്യക്തമാക്കിയതാണ്. സെൻസസിന്റെ വ്യവസ്ഥകൾക്കുവിരുദ്ധമായി ചെയ്തുവെന്ന് പറയുന്നതിൽ വസ്തുതയില്ല. 'ഞങ്ങൾ അത് ഈ ചെകുത്താൻമാരോട് പറഞ്ഞുവെന്നാണ്' മുൻപ്രതിപക്ഷ നേതാവ് സൂചിപ്പിച്ച വാചകം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംരക്ഷിച്ച മാലാഖമാരായിരുന്നു കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റുകളെന്ന് ഞങ്ങൾ പറയും. ഞാൻ പഴയ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. അധികാര വികേന്ദ്രീകരണത്തിനുവേണ്ടി ആരാണ് ചെയ്തതെന്നൊക്കെയുള്ള ചോദ്യങ്ങളുണ്ടായി. മുനിസിപ്പാലിറ്റികൾ പുതിയതായി രൂപീകരിക്കാൻവേണ്ടി

നടന്ന പരിശ്രമങ്ങൾ, നിങ്ങൾ ഒരുപാട് രൂപീകരിച്ചുവെന്നു പറയുന്നതിനെ അംഗീകരിക്കുകയാണ്. പക്ഷേ ആ മുനിസിപ്പാലിറ്റികൾക്ക് ജീവവായു നൽകാനാവശ്യമായ സ്റ്റാഫ് ഉണ്ടായിരുന്നോ; ആ മുനിസിപ്പാലിറ്റികൾക്ക് ആവശ്യമായ ജീവനക്കാരെ അനുവദിച്ചുനൽകിയത് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റാണെന്ന് അഭിമാനത്തോടെ ഞങ്ങൾ പറയും. ഞങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ കയ്യൊഴിയുകയാണോ ചെയ്തത്; അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്.-ന്റെ ഭരണത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി 33,000 കോടി രൂപയാണ് ചെലവഴിച്ചതെങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആകെ ചെലവഴിച്ചത് 53,000 കോടി രൂപയാണ്. ആരാണ് ഇതിന്റെ കൂടെനിന്നത്? ഇപ്പോൾ പ്രശ്നങ്ങളും പ്രതിസന്ധികളുമുണ്ടായിട്ടുണ്ട്. അത് കോവിഡുണ്ടാക്കിയ പ്രതിസന്ധിയാണ്. കോവിഡ് കാലത്ത് ജനങ്ങളെ സംരക്ഷിക്കുകയെന്നത് ഒരു വികസന പ്രവർത്തനമല്ലേ; രോഗപ്രതിരോധം എന്നത് പഞ്ചായത്തീരാജ് നിയമത്തിലുള്ളതല്ലേ? ഒരു പ്രതിസന്ധിയെ അതിജീവിക്കാനാവശ്യമായ പണം മുടക്കാൻ ബാധ്യതയുള്ളത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കെന്നാണ് ഞാൻ കരുതുന്നത്. ആവശ്യമായ സഹായം നൽകാമെന്ന് സർക്കാർ പറഞ്ഞിട്ടുണ്ട്. അത് നൽകണം, അക്കാര്യത്തിൽ എനിക്ക് രണ്ട് പക്ഷമില്ല. ഇതിനുവേണ്ടി ചെലവഴിച്ച സംഖ്യ നൽകാൻ കഴിയണം. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏകപക്ഷീയമായി ആരുടേതെങ്കിലുമല്ലല്ലോ; കാസർഗോഡ് മുതൽ ഇവിടംവരെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെടുത്താൽ വ്യത്യസ്ത രാഷ്ട്രീയ പാർട്ടികൾ കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണാധികാരികളുമായി ബന്ധമുള്ളവരല്ലേ ഈ സഭയിലിരിക്കുന്നത്? ഇക്കാര്യം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയത് തദ്ദേശഭരണ സ്ഥാപനങ്ങളാണോയെന്ന് അവർ പറയട്ടെ. ഗവൺമെന്റിന്റെ നിർദ്ദേശത്തിന്റെയും സഹായത്തിന്റെയും അടിസ്ഥാനത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ രാജ്യത്തെയാകെ ഒന്നായി അണിനിരത്തി കേരളം മാതൃകയാകുന്ന രീതിയിലുള്ള പ്രവർത്തനമാണ് കാഴ്ചവച്ചത്. അതൊരു വികസന പ്രവർത്തനമായി കാണണം. അതിനുവേണ്ടി കേരളത്തിലെ ധനകാര്യ വകുപ്പും സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കണമെന്നുള്ള കാര്യത്തിൽ എനിക്ക് യോജിച്ച അഭിപ്രായമാണുള്ളത്.

ഇടതുപക്ഷ രാഷ്ട്രീയത്തെ സംബന്ധിച്ച് ഗാന്ധിജിയായിരുന്നു ഇടതുപക്ഷം, പണ്ഡിറ്റ്ജിയായിരുന്നു ഇടതുപക്ഷം എന്നൊക്കെയുള്ള വലിയ അവകാശവാദങ്ങൾ ഉന്നയിച്ചു. അതിനോട് ഞങ്ങൾ യോജിക്കുന്നു. എന്നാൽ പ്രതിപക്ഷം ആ ഇടതുപക്ഷ നയം പിന്തുടരുന്നുണ്ടോയെന്നതാണ് പ്രശ്നം. ഗാന്ധിജി പിന്തുടർന്ന നയം, ഗ്രാമ സ്വരാജിന്റെ സങ്കൽപ്പം രണ്ടാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത്

തകർത്തെറിഞ്ഞവരല്ലേ നിങ്ങൾ? എല്ലാം മാർക്കറ്റിന് വിട്ടുകൊടുത്ത നയം സ്വീകരിച്ച് സമ്പന്നന്മാർക്ക് കൂടുതൽ സമ്പത്തുണ്ടാക്കി കൊടുക്കാൻ വഴിയൊരുക്കിയതിന്റെ മാതൃകയാണ് ഇപ്പോഴുള്ളവർ ചെയ്യുന്നത്. ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിച്ചതിനെ സംബന്ധിച്ചൊക്കെ ഇപ്പോൾ പറഞ്ഞല്ലോ; നെഹ്റുവിന്റെ ഇടതുപക്ഷ കാഴ്ചപ്പാടിലും മതേതര കാഴ്ചപ്പാടിലും കോൺഗ്രസ് നിൽക്കുന്നുണ്ടോ; സഭയിൽ സംസാരിച്ചപ്പോൾ ചില അംഗങ്ങൾ പറഞ്ഞു, ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ കാലത്ത് ഗാന്ധിജി അതിനെ പ്രോത്സാഹിപ്പിച്ചുവെന്ന്. അത് മതന്യൂനപക്ഷങ്ങളെ വിശ്വാസത്തിലെടുക്കുന്നതിന്റെ ഭാഗമായിട്ടാണ്. എന്തിനാണ് ഗാന്ധിജിയുടെ പാർട്ടി അയോദ്ധ്യയിൽ ശിലാന്യാസം നടത്താൻ കൂടെനിന്നത്; എന്ത് മതനിരപേക്ഷതയായിരുന്നു നിങ്ങൾക്ക് അക്കാര്യത്തിലുണ്ടായിരുന്നത്? ഇവിടെ പള്ളി തകർത്തല്ലോ, ഒരു പ്രധാനമന്ത്രിയുണ്ടായിരുന്നു നിങ്ങൾക്ക്, നിങ്ങളിപ്പോൾ ഓർക്കാൻ ഇഷ്ടപ്പെടാത്ത പേരുള്ള ഒരാൾ. മതന്യൂനപക്ഷങ്ങളുടെ ആരാധനാലയം തകർക്കലല്ല. ഇന്ത്യയിലെ മതനിരപേക്ഷതയുടെ കടയ്ക്കൽ കത്തി വച്ചപ്പോൾ എന്തുകൊണ്ട് നെഹ്റുവിന്റെയും ഗാന്ധിജിയുടെയും വാക്കുകൾ നിങ്ങൾ ഓർത്തില്ല? നിങ്ങൾ ആ ലക്ഷ്യത്തിൽനിന്നും മാറി സഞ്ചരിച്ചുവെന്നുള്ളതുകൊണ്ടാണ് കോൺഗ്രസ് ദുർബലമായത്. ആ വസ്തുത നിങ്ങൾ അംഗീകരിക്കുന്നില്ല. നിങ്ങൾ തലമാറ്റി കളിക്കുകയാണ്, മുറമാറിയിട്ടില്ല. തലമുറമാറ്റത്തിൽ തല മാറി, മുറമാറിയിട്ടില്ല. അതായത് കോൺഗ്രസ്സിന്റെ നയം അഖിലേന്ത്യാതലത്തിലും കേരളത്തിലും മാറിയിട്ടില്ല. ഇക്കാര്യം ഞങ്ങൾ പറഞ്ഞതല്ല, കഴിഞ്ഞ ദിവസം ഈ നയത്തിൽ മാറ്റം വേണമെന്ന് ശ്രീ. വി. എം. സുധീരൻ പറഞ്ഞത് ഞാൻ പത്രത്തിൽ വായിച്ചതാണ്. അദ്ദേഹം അഭിപ്രായം പറയുന്ന ആളാണ്. ഞാൻ അദ്ദേഹത്തിന്റെ രാജിയെക്കുറിച്ചൊന്നും ഈ സഭയിൽ ഉന്നയിക്കുന്നില്ല. ശ്രീ. വി. എം. സുധീരന്റെ അഭിപ്രായമുള്ള കോൺഗ്രസ്സുകാരുണ്ട്. നിങ്ങൾ ഏത് വിഭാഗത്തിന്റെ കൂടെയാണെന്ന് എനിക്കറിയില്ല. രാജ്യത്ത് ഈ നയങ്ങളുണ്ടാക്കിയ കെടുതികൾ നിങ്ങളെ കൂടുതൽ വലതുപക്ഷത്തേയ്ക്ക് കൊണ്ടുപോകുകയും നിങ്ങളുടെ കൂടെയുള്ള ധാരാളം ആളുകൾ തീവ്രവലതുപക്ഷമായ ബി.ജെ.പി.-യിൽ ചേക്കേറുകയും ചെയ്തതിന്റെ കാരണം അന്വേഷിക്കേണ്ടതില്ല. ഇതാണ് വിഷയം. ആ നയത്തിന് നിങ്ങൾ മാറ്റം വരുത്തണം. ആ നയത്തിന് മാറ്റമുണ്ടാകാതെ വെറും അധരവ്യായാമത്തിന്റെ ഭാഗമായി ഇടതുപക്ഷത്തിന്റെ തുടക്കം നിങ്ങളാണെന്ന് വാദിക്കുകയാണ്. ഞങ്ങൾ അതൊന്നും നിഷേധിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ അങ്ങനെയല്ലെന്നുള്ള കാര്യം മാത്രമാണ് ഞാൻ സൂചിപ്പിച്ചത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ശ്രീ. എ. സി. മൊയ്തീനെപ്പോലെ ഒരു മുതിർന്ന നേതാവ് രാമക്ഷേത്ര ശിലാന്യാസവുമായി ബന്ധപ്പെടുത്തി ഇടതുപക്ഷ ചായ്‌വ് ആർക്കാണെന്ന് പറയാൻ ശ്രമിച്ചു. ഞാനെന്റെ പ്രസംഗത്തിൽ ഒരു കാര്യം പറഞ്ഞിരുന്നു. ഈ രാജ്യം ഏറ്റവും കൂടുതൽ വർഗ്ഗീയമായി ചേരിതിരിഞ്ഞിരുന്ന

സമയത്ത് രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ പ്രതിഷേധമായിരുന്ന ഖിലാഫത്ത് മൂവ്മെന്റ്. ഇന്നത്തെ കാലത്താണെങ്കിൽ മഹാത്മാഗാന്ധിയെ ജിഹാദിയെന്ന് വിളിക്കുമായിരുന്നു. ആ സമയത്ത് നിലപാടെടുത്ത കോൺഗ്രസ്, അതുപോലതന്നെ ഇന്നും കോൺഗ്രസ്സിനെ വേട്ടയാടുന്ന ഏറ്റവും വലിയ വിഷയം, അങ്ങേയ്ക്ക് ഈ സഭയിൽ പറയാൻ സാധിക്കുമെങ്കിൽ പറയൂ. ഈ രാജ്യത്തെ ന്യൂനപക്ഷങ്ങളുടെ വിശ്വാസത്തെ അല്ലെങ്കിൽ വൈകാരികതയെ തൊട്ടന്നൊരു ജഡ്ജ്മെന്റ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നുമുണ്ടായപ്പോൾ ബഹുമാന്യനായ രാജീവ് ഗാന്ധി അതിനെതിരെ നിയമനിർമ്മാണം നടത്തിയതാണ് കോൺഗ്രസ്സിന്റെ ഇന്നത്തെ ഏറ്റവും വലിയ തെറ്റായിട്ടും കുറ്റമായിട്ടും പറയുന്നത്. ബഹുമാനപ്പെട്ട അംഗത്തിന് അക്കാര്യത്തെക്കുറിച്ച് ഒരു നിലപാട് പറയാമോ? അങ്ങ് ശിലാന്യാസത്തെക്കുറിച്ച് പറഞ്ഞു, എന്തുകൊണ്ട് ഇതിനെക്കുറിച്ച് പറയുന്നില്ല. ഏത് വശത്ത് വേദന വന്നാലും അവിടെ കോൺഗ്രസ്സുണ്ടായിരുന്നു. ഞങ്ങൾക്ക് ഏതെങ്കിലുമൊരു വശം മാത്രം നോക്കിപ്പറയാൻ കഴിയില്ല. രണ്ട് വശവും ചേർത്ത് എല്ലാ സമയത്തും ഒരുപോലെ നിന്നിട്ടുണ്ട് .

ശ്രീ. എ. സി. മൊയ്തീൻ: സർ, നിങ്ങൾ സൗകര്യാനുസരണം എല്ലാവശത്തും നിന്നിട്ടുണ്ട്. അതുതന്നെയാണ് പ്രശ്നം, നിങ്ങൾ പഞ്ചാബിലും അങ്ങനെ നിന്നു. ഭിന്ദ്രൻവാല കയ്യിലെ അഞ്ച് വിരലാണെന്ന് പറഞ്ഞ് വോട്ട് നേടാൻ സാധിക്കുമോയെന്ന് നോക്കി. അക്കാര്യംതന്നെയാണ് ഞാൻ പറഞ്ഞത്. ഇവിടെ ഷാ ബാനു കേസ് നിങ്ങൾ എന്തിനാണ് ഉപയോഗിച്ചത്? അതല്ലേ അദ്ദേഹം ഉദ്ദേശിച്ചത്. അപ്പുറത്ത് പോകുന്നത് ഇവിടെനിന്ന് കിട്ടാൻ മാർഗ്ഗമുണ്ടോയെന്ന് നോക്കാൻവേണ്ടി നിങ്ങൾ നീതിന്യായ വ്യവസ്ഥയെയും നിയമനിർമ്മാണത്തെയും അപഹാസ്യമാക്കുന്ന നടപടികൾ സ്വീകരിച്ചത് സദുദ്ദേശ്യപരവും ആളെ കൂടെച്ചേർത്ത് ഇന്ത്യയുടെ മതനിരപേക്ഷത കാത്ത് സൂക്ഷിക്കാനാണെന്നുമുള്ള അബദ്ധം ഇനി പറയരുത്. നിങ്ങൾ ചെയ്തത് വോട്ടിനുവേണ്ടിയുള്ള രാഷ്ട്രീയമാണ്, ആ രാഷ്ട്രീയം നിങ്ങൾ തിരുത്തണം. സദുദ്ദേശ്യപരമായിട്ടാണ് ഞങ്ങൾ പറയുന്നത്. നിങ്ങൾ മതനിരപേക്ഷതയ്ക്കൊപ്പം അടിയുറച്ച് നിൽക്കുകയും ഈ സാമ്പത്തിക നയങ്ങളുണ്ടാക്കിയ പ്രത്യാഘാതങ്ങൾക്കെതിരായി ജനങ്ങളെ അണിനിരത്തുകയും വേണം. നിങ്ങളുടെ 23 ആളുകളെയെങ്കിലും കൂടെ നിർത്തണം, അവർ തെറ്റൊന്നും പറയുന്നില്ലല്ലോ; സംഘടനാപരമായ നിങ്ങളുടെ മറ്റ് സവിശേഷതകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. അത് നിങ്ങളുടെ പാർട്ടിയുടെ ആഭ്യന്തരപ്രശ്നം. അതൊന്നുമിവിടെ പറയേണ്ട കാര്യമുണ്ടെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ, അടിസ്ഥാനപരമായ പ്രശ്നങ്ങളിൽ നിങ്ങളുടെ നിലപാട് വ്യക്തമാക്കാതെ ഞങ്ങൾ ഇടതുപക്ഷമാണ്, ഞങ്ങൾ മതനിരപേക്ഷതയുടെ കൂടെയാണ്, അവശതയനുഭവിക്കുന്ന

എല്ലാവരുടേയും കൂടെയാണെന്ന് പറയരുത്. കാരണം, അതിന്റെ പിന്നിലുള്ള ഇത്തരം രാഷ്ട്രീയ ലക്ഷ്യങ്ങൾ ഇന്ത്യയിലെ ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. നിങ്ങളേക്കാൾ വലതുപക്ഷം അപ്പുറത്തുണ്ട്, അതുകൊണ്ട് അവരുടെകൂടി സഹായത്തോടെയുള്ള നിലപാട് രാജ്യത്തുണ്ടാകുന്നു. നിങ്ങൾ അത് തിരുത്തണം എന്ന സദുദ്ദേശ്യമേ എന്റെ മനസ്സിലുള്ളൂ. അത് നിങ്ങൾ ചെയ്യണമെന്നുള്ളതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇനി ഒരു ബില്ലുകൂടിയുണ്ടെന്നുള്ളതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ച് എന്റെ അഭിപ്രായം ഞാൻ നേരത്തെ പറഞ്ഞു. സാന്ദർഭികമായി വന്നിട്ടുള്ള ഈ വിഷയങ്ങളിൽക്കൂടി പ്രതികരിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2018-ലെ പ്രളയത്തെത്തുടർന്നാണ് അതിജീവനക്ഷമതയേറിയ പശ്ചാത്തല സൗകര്യങ്ങളും നഗരവൽക്കരണവും സാദ്ധ്യമാക്കുന്നതിനും മഹാപ്രളയത്തിന്റെയും പ്രകൃതിക്ഷോഭങ്ങളുടെയും ആഘാതം അതിജീവിക്കുന്നതിനുംവേണ്ടി ദുരന്താഘാത സാദ്ധ്യതയും പരിസ്ഥിതി ദുർബലതയും പൈതൃക സംരക്ഷണവും സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അടിയന്തര വികസനവും പരിഗണിച്ചുകൊണ്ട് അടിയന്തര ആസൂത്രണ നടപടികൾ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുള്ള പ്രത്യേക പ്രദേശങ്ങളിലെ സ്ഥലപരാസൂത്രണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി ഗവൺമെന്റ് അവതരിപ്പിക്കുന്നത്. ഈ ഭേദഗതി അവതരിപ്പിക്കുന്നതിന്റെ സാമൂഹ്യപശ്ചാത്തലം നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ആഗോളവൽക്കരണ-സ്വകാര്യവൽക്കരണ നയങ്ങൾ നടപ്പിലാക്കിയതിനുശേഷം നഗരങ്ങളുടെ വളർച്ചയും ഗ്രാമീണ വാസമേഖലയിലെ നഗരവൽക്കരണവും വളരെ വേഗത്തിലാണ് പോകുന്നത്. ഈ നൂറ്റാണ്ടിലെ ആദ്യ പത്ത് വർഷത്തിനുള്ളിൽ പത്ത് ലക്ഷത്തിലധികം ജനസംഖ്യയുള്ള ഇന്ത്യൻ നഗരങ്ങളുടെ എണ്ണം പകുതിയോളം വർദ്ധിച്ചിരിക്കുകയാണ്. 35-ൽനിന്ന് 53 ആയി വർദ്ധിച്ചിട്ടുണ്ട്. ഇനിയൊരു പത്ത് വർഷത്തിനുള്ളിൽ രാജ്യത്തെ ആറ് നഗരങ്ങളുടെ ജനസംഖ്യ ഒരുകോടി കവിയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അപ്പോഴേയ്ക്കും നമ്മുടെ രാജ്യത്ത് നഗരവാസികളുടെ എണ്ണം ഏതാണ്ട് 57% വരുമെന്നാണ് കണക്കാക്കുന്നത്. ഈയൊരു മാറ്റം നമുക്ക് ഇത്തരം നിയമനിർമ്മാണങ്ങൾ കൊണ്ടുവരുന്നതിന് കാരണമാകുന്നുണ്ട്. ജനസംഖ്യ വർദ്ധിക്കുന്നതിനോടൊപ്പംതന്നെ നഗരങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയെന്നത് ഇന്ത്യയെ സംബന്ധിച്ചിടത്തോളം വലിയൊരു വെല്ലുവിളിയാണ്. ലോകത്ത് ഏറ്റവും

വേഗത്തിൽ നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണ് കേരളം. 26 ശതമാനത്തിൽ താഴെനിന്നിരുന്ന നഗരവാസികളുടെ എണ്ണം 2011-ൽ അവസാനിച്ച ഒരു പതിറ്റാണ്ടിനിടയിൽ 47 ശതമാനത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. ഇത് ദേശീയ നിലവാരത്തിന്റെ ഏകദേശം 4 മടങ്ങാണ്. ഇതനുസരിച്ച് കേരളത്തിന്റെ സാമൂഹിക ജീവിതവും പരിസ്ഥിതിയും വളരെ വേഗത്തിൽ മാറുകയാണ്. 2001-ലെ സെൻസസ്പ്രകാരം നഗരവൽക്കരണത്തിന്റെ തോതിൽ രാജ്യത്ത് 19-ാം സ്ഥാനത്തുണ്ടായിരുന്ന കേരളം പത്ത് വർഷത്തിനുള്ളിൽ അതായത്, 2011-ൽ 9-ാം സ്ഥാനത്തായി ഉയർന്നു. ഇത് അത്ഭുതപ്പെടുത്തുന്ന ഒരു വസ്തുതയാണ്. മലപ്പുറം, കോഴിക്കോട് തുടങ്ങിയ ജില്ലകളിലെ നഗരവൽക്കരണത്തിന്റെ വേഗം അമ്പരപ്പിക്കുന്നതാണ്. നമ്മുടെ നഗരാസൂത്രണത്തിലും സാമൂഹിക വികസന ദൗത്യങ്ങളിലും ഇത് എത്രമാത്രം പരിഗണിക്കുന്നുണ്ടെന്നതാണ് പ്രസക്തമായ ചോദ്യം. കേരളത്തിലെ ജനവാസത്തിന്റെ സ്വഭാവം ഒന്ന് വേറെ തന്നെയാണ്. ഇടനാട്ടിലും തീരപ്രദേശങ്ങളിലുമാണ് നഗരവൽക്കരണത്തിന്റെ സ്വാധീനം ഏറ്റവും കൂടുതലുള്ളത്. ഏറ്റവും ഫലഭൂയിഷ്ഠവും ജലസമൃദ്ധവുമായ മേഖലകളിൽ കൃഷിയും പരമ്പരാഗത വ്യവസായങ്ങളും ഇല്ലാതാക്കിക്കൊണ്ട് ഈ മാറ്റം തുടരുകയാണ്. പല സംസ്ഥാനങ്ങളിലും നഗരങ്ങളിൽ മാത്രം ലഭ്യമായിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും കേരളത്തിലെ മുഴുവൻ ഗ്രാമങ്ങളിലും സാധാരണയായി ലഭിക്കുന്ന വസ്തുതയാണ്. ജനസാന്ദ്രതയുടെ കാര്യത്തിൽ ബീഹാറിനും പശ്ചിമ ബംഗാളിനും പിന്നിൽ 3-ാം സ്ഥാനത്താണ് കേരളമെന്ന് നമുക്കറിയാം.

6.00 p.m.]

ഒരു ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് 860 പേർ ജീവിക്കുന്നുണ്ട്. കേരളം ഒരൊറ്റ വലിയ നഗരമായി മാറുന്നതിന് അതിവേഗത്തിലുള്ള മാറ്റം സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ നഗരങ്ങൾക്കും ഗ്രാമങ്ങൾക്കുമിടയിലുള്ള വിഭജനം നേർത്തുനേർത്ത് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഗ്രാമത്തിന്റെ പ്രതീതി നൽകുന്ന സ്ഥലങ്ങൾ മാറുന്ന കാലത്തിനൊപ്പം ഇല്ലാതാകുകയാണ്. സമീപഭാവിയിൽ കുറഞ്ഞത് ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളും കോർപ്പറേഷനുകളും നഗരസഭകളും അവയുടെ ഭാഗമാകുമെന്നാണ് കണക്കാക്കുന്നത്. കേരളം അതിവേഗത്തിൽ നഗരമായി മാറുന്ന പശ്ചാത്തലമാണ്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ വളരെ വിദഗ്ദ്ധമായി ഈ വിഷയത്തെ നേരിടാൻ തയ്യാറാക്കിയിരിക്കുന്ന നിയമ ഭേദഗതിയാണിത്. ഗ്രാമകേരളം എങ്ങനെയായിരുന്നുവെന്ന് നമുക്കറിയാം. പഴയകാല സിനിമകളിൽ അന്നത്തെ നായകനും നായികയുമൊക്കെ പ്രണയിച്ചും കലഹിച്ചുമൊക്കെ നടന്നിരുന്ന വയലേലകളും തെങ്ങിൻ പാടങ്ങളും പറമ്പുകളും

നെൽപ്പാടങ്ങളുമെല്ലാം നാഷണൽ ഹൈവേയും ക്കുറ്റൻ ഷോപ്പിംഗ് മാളുകളുമായി മാറുന്ന സ്ഥിതിയാണ്; ആ സാമൂഹ്യ പശ്ചാത്തലം നമ്മുടെ നാടും നേരിടുന്നുണ്ട്. അന്നത്തെ ചെറിയ അരുവികൾ ഇന്ന് അഴുക്കുചാലുകളായി മാറുന്ന അവസ്ഥയാണ്. മാനത്തുകണ്ണി, പരൽമീൻ തുടങ്ങിയ ചെറിയ മീനുകളൊക്കെ കളിച്ചിരുന്ന ചെറുനീർ തോടുകൾ ഇന്ന് വലിയ കെട്ടിട സമുച്ചയങ്ങളുടെ അടിയിലേയ്ക്ക് അപ്രത്യക്ഷമായി. ഇത്തരം നീരൊഴുക്കുകളും പ്രകൃതിസൗഹൃദമല്ലാത്ത പ്രവർത്തനങ്ങളും നടത്തിയതിന്റെ പരിണതഫലമാണ് 2018-ലെ പ്രളയം നമുക്ക് മനസ്സിലാക്കിത്തന്നത്. ഈ ഒരു സാമൂഹ്യ പശ്ചാത്തലം കൃത്യമായി നേരിടുന്നതിനുള്ള ആസൂത്രണമാണ് ഈ ബില്ലിൽ ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. ഗ്രാമങ്ങൾ ഉപേക്ഷിച്ച് നഗരങ്ങളിലേയ്ക്ക് ഇന്ത്യയിലെ ജനങ്ങൾ കുടിയേറുമ്പോൾ അതിൽനിന്നും വ്യത്യസ്തമായി ഗ്രാമങ്ങൾ വികസിച്ച് നഗരസ്വഭാവം കൈവരിക്കുന്നതാണ് കേരളത്തിന്റെ പ്രത്യേകത. നഗരമാക്കൽ അല്ലെങ്കിൽ നഗരമായാൽ വികസനമായെന്ന് പറയുന്ന മലയാളികളുടെ തെറ്റായ കാഴ്ചപ്പാട്, ആ വികസന കാഴ്ചപ്പാട് മലയാളിയെ വഴിതെറ്റിക്കുന്നതാണ്. ഇങ്ങനെപോയാൽ, ലോകത്തിലെ ഏറ്റവും വലിയ ഒരൊറ്റ നഗരമായി കേരളം മാറുമെന്നാണ് വിലയിരുത്തപ്പെടുന്നത്. നമ്മുടെ വികസന നേട്ടങ്ങളെയും അതിന് ശക്തിപകർന്ന സാമൂഹ്യ മുന്നേറ്റങ്ങളെയും വിലയിരുത്താൻ വിദേശസംഘങ്ങളും ഗവേഷകരുമൊക്കെയായി ഓരോ വർഷവും കേരളം സന്ദർശിക്കുന്നത് നിരവധിപേരാണ്. സങ്കീർണ്ണമായ വികസന പ്രശ്നങ്ങളുടെ നാടായി സമീപഭാവിയിൽ കേരളം മാറിയതിൽ അത്ഭുതപ്പെടാനില്ല. അത്തരം സങ്കീർണ്ണതകൾ ഒഴിവാക്കി പ്രകൃതി സൗഹൃദവും പ്രായോഗികവുമായ വികസന പ്രവർത്തനങ്ങൾ ഉറപ്പാക്കാനുള്ളതാണ് ഈ നിയമ ഭേദഗതിയെന്ന് ഞാൻ മനസ്സിലാക്കുന്നു. ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-11-2021 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, ഇവിടെ നിരാകരണ പ്രമേയത്തിലും മറ്റുരീതിയിലും ചർച്ച ചെയ്യപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ അന്തഃസത്തയ്ക്കും സമഗ്ര കാഴ്ചപ്പാടിനും കൂടുതൽ ശക്തിപകരുന്നതാണെന്ന് പറയാൻ കഴിയില്ല. കാരണം, ഏറ്റവും പ്രധാനപ്പെട്ട കാര്യം, ഈ നിയമത്തിന്റെ ഡ്രാഫ്റ്റിംഗിൽ വലിയ പോരായ്മ സംഭവിച്ചിട്ടുണ്ടെന്ന് ആമുഖമായി പറയാൻ ആഗ്രഹിക്കുകയാണ്. അത് സൂക്ഷ്മമായി പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയുന്ന ചില കാര്യങ്ങളാണ്. ഉദാഹരണമായി, കേരള മുനിസിപ്പാലിറ്റി നിയമവും ചട്ടങ്ങളും എന്നതിൽ ചട്ടം 387-ൽ പറയുന്നത്, 'മുനിസിപ്പിൽ പ്രദേശത്ത് കുടിലല്ലാത്ത ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും ആൾ

ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അയാൾ സെക്രട്ടറിക്ക്........' എന്നാണ്. ഇവിടെ പറയുന്ന കാര്യം ബില്ലിൽ കാണുന്നില്ല. ചട്ടത്തിൽ കുടിലിനെ നിർവ്വചിച്ചുകൊണ്ട് പറയുന്നു, (1)-ാം ഉപവകുപ്പിൽ "കുടിൽ" എന്ന വാക്കിനുശേഷം,.... അങ്ങനെയൊരു വാക്ക് അതിലില്ല. അത് എങ്ങനെ കടന്നുവന്നുവെന്ന് അറിയില്ല. അതോടൊപ്പം, രണ്ട് വൈരുദ്ധ്യങ്ങളും പറയാം. 389-ാം വകുപ്പിൽ പറയുന്ന "അനുവാദം കൂടാതെ തുടങ്ങുന്നതിനെതിരായുള്ള നിരോധനം പണി നടത്തുന്നതിനായി സെക്രട്ടറി അനുവാദം നൽകാത്തപക്ഷവും നൽകുന്നതുവരെയും ഒരു കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ ആരംഭിക്കാൻ പാടില്ല." അതിന്റെ വൈരുദ്ധ്യം ഈ നിയമഭേദഗതിയിൽ പല സ്ഥലത്തും കാണാൻ കഴിയും. അതോടൊപ്പം വളരെ പ്രധാനപ്പെട്ടതാണ് ചട്ടങ്ങൾ സംബന്ധിച്ച് പറയുന്ന കാര്യങ്ങൾ. ചട്ടം 4-ൽ പെർമിറ്റിന്റെ അനിവാര്യതയെപ്പറ്റിയാണ് പറയുന്നത്. 'സെക്രട്ടറിയിൽനിന്നും വികസനത്തിനല്ലെങ്കിൽ പുനർവികസനത്തിന് അനുവാദപത്രം ലഭിക്കാതെ ഒരാളും ഒരുതുണ്ട് ഭൂമിയുടെപോലും വികസനമോ പുനർവികസനമോ നടത്തുകയോ അതിന് കാരണമാകുകയോ ചെയ്യാൻ പാടുള്ളതല്ല'. ഈ വൈരുദ്ധ്യം ഭേദഗതിയിലുടനീളം നമുക്ക് കാണാൻ കഴിയും. അതോടൊപ്പം മറ്റൊരു പ്രധാനപ്പെട്ട കാര്യം, വകുപ്പ് " 392(എ):- <u>കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള അപേക്ഷ:</u> (1) കുറഞ്ഞ അപകട സാധ്യതയുള്ള ഒരു കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്യാനുദ്ദേശിക്കുന്ന ഏതൊരാളും, അപ്രകാരമുള്ള കെട്ടിടത്തിന്റെ കെട്ടിടസ്ഥാനത്തിനുള്ള അംഗീകാരത്തിനായും പണിനടത്തുന്നതിനുള്ള അനുവാദത്തിനായും ഒരു അപേക്ഷ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലുള്ള സ്വയം സാക്ഷ്യപത്രവും അപ്രകാരമുള്ള രേഖകളും സഹിതം, സെക്രട്ടറിക്ക് നൽകേണ്ടതാണ് ". സബ് സെക്ഷൻ 2-ൽ, എല്ലാരീതിയിലും പൂർണ്ണമായ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിന്മേൽ സെക്രട്ടറി, അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള, ഫാറത്തിൽ ഒരു കൈപ്പറ്റുസാക്ഷ്യപത്രം അപേക്ഷകന് നൽകേണ്ടതാണ്". ഇതിന്റെ വൈരുദ്ധ്യം മനസ്സിലാകുന്നത് 22 എ-യിലാണ്. "കുറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങൾ" എന്നതിൽ ഏഴ് മീറ്ററിൽ കുറവായ ഉയരമുള്ളതും രണ്ടുനില വരെ പരിമിതിപ്പെടുത്തിയിട്ടുള്ളതും 300 ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും എ 1 വിനിയോഗഗണത്തിൽപ്പെട്ടതുമായ വാസഗൃഹങ്ങളും 200 ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും എ2 വിനിയോഗഗണത്തിൽപ്പെട്ടതുമായ ഹോസ്റ്റൽ, ഓർഫനേജ്, ഡോർമിറ്ററി, ഓൾഡ് ഏജ് ഹോം, സെമിനാരി എന്നിവയും 200 ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും ബി വിനിയോഗ ഗണത്തിൽപ്പെട്ടതുമായ വിദ്യാഭ്യാസ കെട്ടിടങ്ങളും 200 ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ളതും ഡി വിനിയോഗ ഗണത്തിൽപ്പെട്ടതുമായ മതപരവും

ദേശസ്നേഹപരവുമായ ആവശ്യങ്ങൾക്കുവേണ്ടി ആളുകൾ സമ്മേളിക്കുന്ന കെട്ടിടങ്ങളും 100 ചതുരശ്രമീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണത്തോടുകൂടിയതും എഫ് വിനിയോഗഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും ശല്യമില്ലാത്തതും അപകട സാധ്യതയില്ലാത്തതുമായ 100 ചതുരശ്ര മീറ്ററിൽ കുറവായ നിർമ്മിത വിസ്തീർണ്ണമുള്ള ജി1 വിനിയോഗഗണത്തിൽപ്പെട്ടതുമായ കെട്ടിടങ്ങളും ഉൾപ്പെടുന്നു". ഇത് വളരെ സങ്കീർണ്ണമാണെന്ന് മാത്രമല്ല, ഇത് ഏതെങ്കിലും അനധികൃത നിർമ്മാണത്തെ ക്രമപ്പെടുത്താൻ വേണ്ടിയിട്ടുള്ള ബോധപൂർവ്വമായ ഒരു ശ്രമമാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അത് ഗൗരവതരമായി വിശദീകരിക്കേണ്ടതുണ്ട്. അക്കാര്യം വളരെ തെറ്റിദ്ധാരണയുണ്ടാകുന്ന ഒന്നാണ്. മറ്റൊന്ന് 130-ാം വകുപ്പിനുശേഷം 130 (എ) തപാൽ വോട്ടുകളെ സംബന്ധിച്ചാണ് പറയുന്നത്. ഇക്കാര്യം ചർച്ച ചെയ്തതുകൊണ്ട് ഞാൻ നീട്ടിക്കൊണ്ട് പോകുന്നില്ല. തപാൽ വോട്ടുകൾ രേഖപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് ഇവിടെ എന്റെ യുവ സ്നേഹിതൻ ഡോ. മാത്യു കുഴൽനാടൻ വിശദീകരിച്ചു. വളരെ കൃത്യമായ ഒരു കാര്യമാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അതിനെ സംബന്ധിച്ച് കൃത്യമായ ഒരു മറുപടി അനിവാര്യമാണ്. കാരണം ഒരു പകർച്ചവ്യാധി പിടിപെട്ടയാൾ, അയാൾക്ക് ഏതുകാലത്തും ഈ വോട്ട് രേഖപ്പെടുത്താമോ; അതിനൊരു ക്ലാരിഫിക്കേഷൻ വേണം. അതുമാത്രമല്ല, കേരളത്തിലെ തദ്ദേശഭരണ തെരഞ്ഞെടുപ്പുകളിലും മറ്റ് തെരഞ്ഞെടുപ്പുകളിലുമൊക്കെ ധാരാളമായി കള്ളവോട്ടുകൾ നടക്കുന്നുണ്ടെന്നാണ് മനസ്സിലാക്കുന്നത്. യഥാർത്ഥത്തിൽ കൃത്യമായി വോട്ട് രേഖപ്പെടുത്താൻ കഴിയാത്ത പല സ്ഥലങ്ങളും ബൂത്തുകളും കണ്ണൂർ, കോഴിക്കോട് തുടങ്ങി കേരളത്തിന്റെ പല ഭാഗത്തുമുണ്ട്. അങ്ങോട്ട് പോകാൻപോലും സാധിക്കില്ല. അങ്ങനെയുള്ള ആളുകളെക്കൂടി ഈ തപാൽ വോട്ടിന്റെ ഗണത്തിൽപ്പെടുത്തുന്ന ഒരു ഭേദഗതി കൊണ്ടുവന്നാൽ നിർഭയമായി വോട്ട് ചെയ്യാനുള്ള അവകാശം അവർക്ക് അനുവദിച്ചുകിട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ ഒരു ഭേദഗതി തന്നെ യഥാർത്ഥത്തിൽ ഉണ്ടാകേണ്ടതാണ്.

<u>ശ്രീ. കെ. ബാബു (നെന്മാറ):</u> സർ, ........(മൈക്ക് ഓഫ്)........

<u>ശ്രീ. പി. ടി. തോമസ്</u>: സർ, എന്തുപറ്റി; ഞാൻ വല്ല അശ്ലീലവും പറഞ്ഞോ; (.....ബഹളം.....) കണ്ണൂർ എന്ന് പറഞ്ഞാൽ അശ്ലീലമാണോ? (....ബഹളം....)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

<u>ശ്രീ. പി. ടി. തോമസ്</u>: സർ, (....ബഹളം....) എന്റെ ബഹുമാന്യനായ സ്നേഹിതൻ..... കണ്ണൂർ എന്ന് പറഞ്ഞാൽ നിങ്ങളുടെ തറവാട് സ്വത്താണെന്ന് ധരിച്ചുകൊണ്ട് സംസാരിക്കരുത്. അവിടെ എല്ലാവരുമുണ്ട്. അവിടെ ജനാധിപത്യപരമായ അവകാശങ്ങൾ........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... പ്ലീസ്...

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രിയപ്പെട്ട പത്നി മുനിസിപ്പൽ ചെയർപേഴ്സൺ ആയിരുന്ന മുനിസിപ്പാലിറ്റിയിൽ പല ബൂത്തിലും വോട്ട് ചെയ്യാൻ ആളുകൾക്ക് സ്വതന്ത്രവും നീതിപൂർവ്വവുമായി പോകാൻ കഴിയില്ലെന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്....

ശ്രീ. പി. ടി. തോമസ്: സർ, (....ബഹളം....) നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്? ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിൽ ആയിരത്തിൽപ്പരം ബൂത്തുകളിൽ മറ്റൊരു രാഷ്ട്രീയ പാർട്ടികളെയും വോട്ട് ചെയ്യാൻ അനുവദിക്കാത്ത ബൂത്തുകളുണ്ടെന്നത് നഗ്നസത്യമാണ്. അവിടെ കള്ളവോട്ടുമുണ്ട്. അത് (....ബഹളം....) ഒഴിവാക്കണം; അവർക്ക് നിർഭയമായി വോട്ട് ചെയ്യാൻ 130 (എ) എന്ന വകുപ്പ് ഉപയോഗപ്പെടുത്താൻ കഴിയുമോയെന്ന് പരിശോധിക്കണമെന്ന് മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. അതിൽ കൂടുതൽ ആരും ബഹളമുണ്ടാക്കിയിട്ട് കാര്യമില്ല. ഇനി ഞാൻ മറ്റൊരു വിഷയത്തിലേയ്ക്ക് വരാം. എന്റെ തൃക്കാക്കര നിയോജകമണ്ഡലം, കൊച്ചിൻ കോർപ്പറേഷന് കീഴിലുള്ള 24 ഡിവിഷൻ കൊച്ചിൻ കോർപ്പറേഷനിലും തൃക്കാക്കര മുനിസിപ്പാലിറ്റിയും മാത്രമുള്ളതാണ്. എന്റെ നിയോജകമണ്ഡലം പഞ്ചായത്തില്ലാത്ത ഒരു നിയോജകമണ്ഡലമാണ്. കൊച്ചിൻ കോർപ്പറേഷൻ അടക്കമുള്ള കോർപ്പറേഷനുകളിൽ, ബഹുമാനപ്പെട്ട മന്ത്രിക്കറിയാം, മാലിന്യ സംസ്കരണത്തിനായി തെരഞ്ഞെടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ നിയമാനുസൃതമായ ഘടനയും അനുഭവ സമ്പത്തും യോഗ്യതയും വലിയ വിവാദ ചുഴിയിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മാലിന്യശേഖരണവും അവയുടെ ട്രാൻസ്പോർട്ടേഷനും സംസ്കരണവും യുദ്ധകാലാടിസ്ഥാനത്തിൽ നടക്കേണ്ടതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ അതിനെ മറയാക്കി വേണ്ടത്ര യോഗ്യതയില്ലാത്ത കമ്പനികൾക്ക് ഇത്തരം കരാറുകൾ നൽകിയാൽ അത് അഴിമതിയുടെ ഭൂതം കുടം തുറന്നുവിടുന്നൊരു നടപടിയാകുമെന്ന് മുന്നറിയിപ്പ് നൽകാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അത് ഗുരുതര വിഷയമായി വളർന്ന് വരുന്നതാണ്. തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ സെക്രട്ടറിമാർ തമ്മിലുള്ള കസേര കളിയാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കൃഷ്ണകുമാർ എന്ന സെക്രട്ടറി ഫെബ്രുവരിയിൽ വന്നതാണ്. നേരം വെളുത്തപ്പോൾ അദ്ദേഹത്തെ തൃശ്ശൂരിലേയ്ക്ക് സ്ഥലംമാറ്റി. അദ്ദേഹം ഒരു പാവമായതുകൊണ്ട് തൃശ്ശൂരിലേയ്ക്ക് പോയി. അവിടെ ജോയിൻ ചെയ്യാൻ എത്തിയപ്പോൾ അവിടത്തെ

സെക്രട്ടറി ഒരു സ്റ്റേ വാങ്ങി. അദ്ദേഹത്തിന് അവിടെ ജോയിൻ ചെയ്യാൻ സാധിച്ചില്ല. ഇവിടെ തിരിച്ചുവന്നപ്പോൾ പുനലൂരിൽ ജോലിചെയ്തിരുന്ന അനിൽകുമാർ എന്ന സെക്രട്ടറി ഇദ്ദേഹത്തിന്റെ കസേരയിൽ കയറി ഇരിക്കുകയാണ്. ആരും ചാർജ്ജ് കൊടുത്തിട്ടില്ല. സ്വയം assume ചെയ്യുകയാണ്. നമ്മുടെ പ്രിയപ്പെട്ട ശ്രീ. സുരേഷ് ഗോപി തൃശ്ശൂർ പോയി "ഞാൻ ഇങ്ങോട്ടെടുക്കുകയാണ്" എന്ന് പറഞ്ഞതുപോലെ, ഈ മുനിസിപ്പൽ സെക്രട്ടറി തൃക്കാക്കരയെ അങ്ങോട്ടെടുത്തു. ആരും ചാർജ്ജ് കൊടുത്തില്ല. കേരളത്തിലെ നിയമാനുസൃതമുള്ള ട്രിബ്യൂണലിന്റെ വിധി ഈ പട്ടികജാതിക്കാരനായ സെക്രട്ടറിക്ക് അനുകൂലമായുള്ളപ്പോൾ മറ്റൊരു സെക്രട്ടറി വന്ന് ആ സ്ഥാനം പിടിച്ചടക്കി കസേരയിൽ കയറിയിരിക്കുകയാണ്. രണ്ട് ദിവസം രണ്ട് സെക്രട്ടറിമാരായിരുന്നു. ഇപ്പോൾ ഏതായാലും ട്രിബ്യൂണലിന്റെ തീരുമാനം അംഗീകരിച്ച് ' എടുക്കാൻ വന്ന' സെക്രട്ടറിയെ ചങ്ങനാശ്ശേരിയിലോ മറ്റോ മാറ്റിയിട്ടുണ്ട്. അത്രയും നല്ലത്. അദ്ദേഹം ഒരു ദിവസം മാത്രമേ അവിടെയിരുന്നുള്ളൂ. അദ്ദേഹം മുനിസിപ്പൽ ചെയർപേഴ്സനോടും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരോടും പറഞ്ഞു, "ഞാൻ ചിലതൊക്കെ ശരിയാക്കാൻ വന്നിരിക്കുകയാണെന്ന്". ആരാണ് ഇങ്ങനെയുള്ള അധികാരം കൊടുത്തിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയെ ഭയപ്പെടുത്തുന്ന ഒരു സെക്രട്ടറി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നു. അദ്ദേഹത്തിന്റെ നടപടിയെപ്പറ്റി അന്വേഷിക്കണം. ഞാൻ പറയുന്നത് ബോധ്യപ്പെട്ടാൽ അദ്ദേഹത്തിന്റെ പേരിൽ ശക്തമായ നടപടിയുണ്ടാകണം. ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായ കൗൺസിലർ റാഷിദ് ഉള്ളംപള്ളിയോട് പറഞ്ഞത് "ചാർജ്ജ് പിടിച്ചെടുത്തിട്ട് ഭരണസമിതിക്ക് ഞാൻ പണി തരും" എന്നാണ്. ഇതെന്താ മുനിസിപ്പൽ സെക്രട്ടറി പഴയ പട്ടാള മേധാവിപോലും ചെയ്യാത്ത കാര്യമാണോ ചെയ്യുന്നത്? ഇത്തരം പെരുമാറ്റം ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകൊണ്ടാണെന്ന് ഞാൻ പറയുന്നില്ല. അക്കാര്യം പരിശോധിക്കണം.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇവിടെ സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്നുണ്ട്. അതിലെ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പാവപ്പെട്ടവരായ ചില ഡയാലിസിസ് രോഗികൾക്ക് ഡോക്ടർമാരുടെ നിർദ്ദേശത്തെ തുടർന്നും രോഗത്തിന്റെ അവസ്ഥയനുസരിച്ചും അവരുടെ വീടുകളിൽ എ.സി. വയ്ക്കേണ്ട സാഹചര്യമുണ്ട്. പക്ഷേ എ.സി.-യുള്ളതുകൊണ്ട് അവർക്ക് സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കാൻ പാടില്ലെന്നുള്ള ഒരു നിബന്ധനയുണ്ട്. ഇങ്ങനെയുള്ള രോഗികളെക്കൂടി പരിഗണിച്ച് അവർക്കുകൂടി പെൻഷൻ ലഭിക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കുമോ? പഞ്ചായത്ത് മെമ്പർമാരും

മുൻപഞ്ചായത്ത് മെമ്പർമാരും കാലാകാലങ്ങളായി അവരുടെ പെൻഷനുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. അവർ എല്ലാ പാർട്ടികളിലും ഉൾപ്പെട്ടവരാണെന്ന് നമുക്കറിയാം. അവർ രാഷ്ട്രീയപരമായും സാമ്പത്തികമായും വലിയ ബുദ്ധിമുട്ടനുഭവിക്കുന്നവരാണ്. അവർക്ക് പെൻഷൻ അനുവദിക്കുന്ന സാഹചര്യമുണ്ടായാൽ അത് ആ പൊതുപ്രവർത്തകരോട് ചെയ്യുന്ന ഏറ്റവും വലിയ നീതിയായിരിക്കും. അതിന് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടാൽ അങ്ങനെയൊരു സാമൂഹ്യ പെൻഷനുണ്ടാക്കുവാൻ സാധിക്കും. ആലുവ മുനിസിപ്പാലിറ്റിയിലെ ഡയറക്ടർ ശ്രീ. കമലിന് അവിടെയൊരു ബിൽഡിംഗുണ്ട്. അദ്ദേഹം ബിൽഡിംഗിനുവേണ്ടി സെക്രട്ടറിയുടെ അടുത്തുചെന്നപ്പോൾ റെഗുലറൈസേഷന്റെ ഭാഗമായി അദ്ദേഹത്തിനോട്; ബിൽഡിംഗിന് 7 ലക്ഷം രൂപ ഫൈൻ അടയ്ക്കാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം ഫൈൻ അടച്ചു. അതിനുശേഷം വീണ്ടും മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥർ പ്രസ്തുത ബിൽഡിംഗ് ശരിയല്ല; അത് പൊളിച്ച് കളയണമെന്ന് പറയുന്നു. ഇത് എന്ത് തീരുമാനമാണെന്ന് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി അതിലൊന്ന് ഇടപെടണം.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ബഹുമാനപ്പെട്ട തൃക്കാക്കര അംഗം പി. ടി. തോമസ് ഉന്നയിച്ച, സെക്രട്ടറിമാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് കേരളത്തിൽ യു.ഡി.എഫ്. ഭരിക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇതേ സ്വഭാവമുള്ള സംഭവങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പെരുമ്പാവൂരിൽ വെങ്ങോല പഞ്ചായത്തിൽ പൗലോസ് എന്ന സെക്രട്ടറിയെ അന്യായമായി സ്ഥലം മാറ്റിക്കഴിഞ്ഞു. അതിനുശേഷം അദ്ദേഹം ഓർഡർ വാങ്ങി തിരിച്ചുവന്നു. പക്ഷേ സംഘടനാ ഭാരവാഹികൾ അദ്ദേഹത്തെ പേടിപ്പിച്ച് നിർബന്ധമായി ലീവെടുത്തുപോകേണ്ട അവസ്ഥയുണ്ടായി. യു.ഡി.എഫ്. ഭരിക്കുന്ന പല സ്ഥലങ്ങളിലും പഞ്ചായത്ത് ഭരണസമിതി നന്നായി ഭരണം കൊണ്ടുപോകുമ്പോൾ സംഘടനാപരമായി എതിർവിഭാഗം ആളുകൾ ഇടപെട്ട് അവരെ സ്ഥലം മാറ്റുന്ന രീതി എല്ലായിടത്തുമുണ്ട്. അത് മാത്രമല്ല, കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ പഞ്ചായത്തിൽ താൽക്കാലികമായി ജോലിചെയ്യുന്ന ആളുകളെ ഇനിയൊരു ഗവൺമെന്റ് അറിയിപ്പുണ്ടാകുന്നതുവരെ പിരിച്ചുവിടരുത് എന്നൊരു ഉത്തരവുകൂടി ഗവൺമെന്റ് ഇറക്കിയിരിക്കുകയാണ്. ഈ ഗവൺമെന്റ് ചെയ്തത് എന്താണ്? കോവിഡ്-19-ന്റെ സാഹചര്യത്തിൽ താൽക്കാലികമായി നിയമിച്ച ആരോഗ്യ പ്രവർത്തകരെയും മറ്റുള്ളവരെയുമെല്ലാം കോവിഡ് ശമിക്കുന്നതിനുമുമ്പ് പിരിച്ചുവിട്ട സംഭവവുമുണ്ടായി. ഇതൊക്കെക്കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട അംഗം ഒന്ന് പരിശോധിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട അൻവർ സാദത്ത് ചൂണ്ടിക്കാണിച്ചത് വളരെ മാനുഷികവും ജീവകാരുണ്യപരവുമായ കാര്യമാണ്. കാരണം, ഡയാലിസിസ് രോഗികൾക്ക് അവരുടെ വീടുകളിൽ എ.സി. വയ്ക്കേണ്ടിവരും. അതുപോലെ ഗുരുതരാവസ്ഥയിലുള്ള രോഗികളുടെ കാര്യം, പ്രത്യേക കേസ്സായിത്തന്നെ ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. ചട്ടത്തിലോ, നിയമത്തിലോ ആവശ്യമായ ഭേദഗതി വരുത്തണമെങ്കിൽ അത് വരുത്തണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, മുനിസിപ്പാലിറ്റികളിൽ ആവശ്യത്തിന് ജീവനക്കാരില്ലെന്നുള്ളതാണ്. തൃക്കാക്കര മുനിസിപ്പൽ സെക്രട്ടറിയെ മാറ്റിയതുപോലെ അല്ലെങ്കിൽ അവിടെ നടന്ന കസേരകളിപോലൊരു കാര്യമാണ് ബഹുമാന്യനായ എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. ഇത്തരം കാര്യങ്ങൾ ജനങ്ങളിൽ മോശപ്പെട്ട അവസ്ഥയാണുണ്ടാക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനമുള്ളൊരു മുനിസിപ്പാലിറ്റിയാണ് തൃക്കാക്കര മുനിസിപ്പാലിറ്റി. 145 കോടി രൂപ വരുമാനമുണ്ട്. 145 കോടി രൂപ വരുമാനമുള്ള ഈ മുനിസിപ്പാലിറ്റിയെ 'എ' ഗ്രേഡ് മുനിസിപ്പാലിറ്റിയായി ഉയർത്തിയത് യു.ഡി.ഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ്. ഇന്നുവരെ ആ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ചിട്ടില്ല. 29 ജീവനക്കാരാണ് അവിടെയുള്ളത്. ഇതിൽ 6 പേരെ സ്ഥലം മാറ്റിയിരിക്കുകയാണ്. സ്ഥലം മാറിപ്പോയ ആളുകളെ ആരെയും തിരിച്ചുതന്നിട്ടില്ല. പതിനഞ്ച് കോടി രൂപയോളം പിരിച്ചെടുക്കാനുണ്ട്. ടാക്സ്, റെന്റ് എന്നിവ പിരിക്കാൻ ആവശ്യത്തിന് ജീവനക്കാരില്ല. കൊറോണക്കാലത്ത് ആവശ്യത്തിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ജെ.എച്ച്.ഐ.)-മാരുടെ സേവനം തികയാതിരിക്കുമ്പോൾ നിലവിലുള്ളവരെക്കൂടി സ്ഥലം മാറ്റിയിരിക്കുകയാണ്. ഇക്കാര്യം ഗൗരവമായി പരിശോധിക്കുകയും കേരളത്തിൽ ഏറ്റവും കൂടുതൽ വരുമാനമുള്ള മുനിസിപ്പാലിറ്റികളിൽ ഒന്ന് എന്ന നിലയിൽ 'എ' ഗ്രേഡ് മുനിസിപ്പാലിറ്റിയുടെ സ്റ്റാഫ് സ്ട്രെംഗ്ത് അടിയന്തരമായി അനുവദിച്ചുതരാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. നേരത്തെ ഞാൻ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ടൊരു കാര്യം ചൂണ്ടിക്കാണിച്ചു. അതിനിടയ്ക്ക് ചോദ്യം വന്നതുകൊണ്ടാണ്. കൊച്ചിൻ കോർപ്പറേഷന്റെ ലെഗസി വേസ്റ്റ് നീക്കം ചെയ്യാൻ പതിനഞ്ച് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപയാണ് ആദ്യം നിശ്ചയിച്ചിരുന്നത്; പിന്നീട് ഇത് അമ്പത്തിനാല് കോടി രൂപയായി; ഇപ്പോൾ അത് അറുപത്തിമൂന്ന് കോടി രൂപയായി വർദ്ധിച്ചതായി പറയപ്പെടുന്നു. 'സോണറ്റ്' എന്ന പുതിയ കമ്പനിയാണ് ഇപ്പോൾ രംഗത്തുവന്നിരിക്കുന്നത്. ബ്രഹ്മപുരത്തുള്ള ലെഗസി വേസ്റ്റ് ഒരു റാ-മെറ്റീരിയലായി ഉപയോഗിക്കാനായിരുന്നു യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് തീരുമാനിച്ചിരുന്നത്. ഒരു തുകയും കൊടുക്കേണ്ട. ഇപ്പോൾ ഇത് നീക്കം ചെയ്യുന്നതിന് വലിയ തുക വേണ്ടിവരുമെന്നാണ് കേൾക്കുന്നത്. ഈ വേസ്റ്റ്

പുതുതായി വന്ന കമ്പനിക്ക് കൊടുക്കുമെന്നാണ് പറയുന്നത്. അങ്ങനെയാണ് തീരുമാനമെങ്കിൽ, വേസ്റ്റ് കൊടുക്കുന്നതുകൊണ്ട് വിരോധമില്ല. എന്നാൽ ഈ കരാർ യഥാർത്ഥത്തിൽ എന്താണെന്ന് ആർക്കുമറിയില്ല. ഈ കമ്പനി 100 കോടി രൂപയുടെ വർക്ക്ചെയ്ത ട്രാക്ക് റിക്കാർഡുള്ളതായും കാണുന്നില്ല, ബയോ മൈനിംഗ് പരിചയമുള്ളതായും അറിയുന്നില്ല, ക്യാപ്പിംഗ് മാത്രം നടത്തിയ ഒരു കമ്പനിയാണെന്ന് പറയപ്പെടുന്നു, ഈ കമ്പനിക്കുള്ള രാഷ്ട്രീയ സ്വാധീനം പിന്നാമ്പുറങ്ങളിൽ സംസാരവിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രിക്കും അപ്പുറത്തിരിക്കുന്ന പലർക്കും അതറിയാം. ഞാൻ ഇപ്പോൾ അത് പറയുന്നില്ല. അതിനൊരു അവസരം വരുമ്പോൾ ഞാൻ പറയും. സർക്കാർ ഇക്കാര്യത്തിൽ മുൻകരുതലെടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്. വളരെ ഗുരുതരമായൊരു വിഷയമായി മാറാനുള്ള സാധ്യത തള്ളിക്കളയാൻ കഴിയില്ല. മറ്റൊരു കാര്യം, എന്റെ നിയോജകമണ്ഡലത്തിൽ 2016-2017 കാലത്ത് എം.എൽ.എ. ഫണ്ടിൽനിന്നും നാൽപ്പത്തിയൊൻപത് ലക്ഷത്തി തൊണ്ണൂറായിരം രൂപ വെണ്ണല സ്കൂളിന്റെ നിർമ്മാണത്തിനുവേണ്ടി കൊടുത്തു. ഇന്നുവരെ പണിചെയ്ത കോൺട്രാക്ടർക്ക് കുടിശ്ശിക തുക കൊടുത്തിട്ടില്ല. ഞാൻ രേഖാമൂലം മന്ത്രിയോട് പറയുന്നു. ഇരുപത്തിയെട്ട് ലക്ഷംരൂപ ആദ്യംകൊടുത്തു; പതിനാറ് ലക്ഷത്തി അമ്പത്തിയൊൻപതിനായിരം രൂപ ഇന്നുവരെ കൊടുത്തിട്ടില്ല. ഇയാൾ രാവിലെയും വൈകിട്ടും എന്റെ ഓഫീസിൽ കയറിയിറങ്ങി നടക്കുകയാണ്. ഗവൺമെന്റ് എം.എൽ.എ.-മാർക്ക് അനുവദിച്ചിരിക്കുന്ന ഫണ്ടുപയോഗിച്ച് പണി ചെയ്ത ഒരു കെട്ടിടത്തിന്റെ പണിതീർന്നതിനുശേഷവും അത് അങ്ങോട്ടുമിങ്ങോട്ടുമിട്ട് തട്ടികളിക്കുകയാണ്. നാൽപ്പത്തിയൊൻപത് ലക്ഷം രൂപയിൽ നാൽപ്പത്തിയഞ്ച് ലക്ഷം രൂപയേ ചെലവായിട്ടുള്ളൂ. ഇക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാകണം. എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പണത്തിനുവേണ്ടി രാവിലെയും വൈകിട്ടും കയറിയിറങ്ങുകയാണ്. എം.എൽ.എ. ഫണ്ടാണെന്ന് വിചാരിച്ചാണ് പോയതെന്ന് പറഞ്ഞാൽ ഞങ്ങൾ എന്തുചെയ്യും?

മി. സ്പീക്കർ: തടസ്സപ്പെടുത്തരുത്, അദ്ദേഹം പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പറയുന്നത് ഗൗരവമായി കേട്ട് ഇതിൽ ഒരു തീരുമാനമെടുക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. പി. ടി. തോമസ്, അങ്ങയുടെ രണ്ടാമത്തെ പ്രസംഗമാണ്. അങ്ങേയ്ക്ക് ചുരുക്കാവുന്നതാണ്.

ശ്രീ. പി. ടി. തോമസ്: സർ, ആദ്യത്തെ പ്രസംഗം പഞ്ചായത്തുമായി ബന്ധപ്പെട്ടതാണ്. തീർച്ചയായും ഞാൻ പെട്ടെന്ന് പ്രസംഗം നിർത്താം. നിയമനിർമ്മാണത്തിൽ സമയ പരിമിതിയില്ലെങ്കിലും ഇന്നത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസംഗം ഉടൻ നിർത്താം. ഞാൻ ഒന്നുരണ്ട്

ചെറിയ കാര്യങ്ങൾകൂടി പറയുകയാണ്. ഇവിടെ വലിയ വീരവാദങ്ങളൊക്കെ മുഴങ്ങി. ആരാണ് ഇടതുപക്ഷം എന്നൊക്കെ പറഞ്ഞു. ഇവിടെയിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പർമാരോട് ഞാൻ ചോദിക്കട്ടെ, നിങ്ങളുടെ ത്രിതല പഞ്ചായത്തിലെ കൂട്ടുകെട്ട് എങ്ങനെയാണ്? പത്തനംതിട്ട മുനിസിപ്പാലിറ്റി ചെയർമാന്റെ പേര് സക്കീർ ഹുസൈൻ, വൈസ് ചെയർമാന്റെ പേര് ആമിന ഹൈദ്രാലി. ആരാണ് ആമിന ഹൈദ്രാലി? എസ്.ഡി.പി.ഐ. -യുടെ നേതാവ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ആമിന ഹൈദ്രാലി സ്വതന്ത്ര സ്ഥാനാർത്ഥിയായി ജയിച്ചുവന്ന വ്യക്തിത്വമാണ്. അവർക്ക് എസ്.ഡി.പി.ഐ.-യുമായി ബന്ധമുള്ള ആളല്ല. സഭാരേഖയിൽനിന്നും ഇത് നീക്കം ചെയ്യണം.

ശ്രീ. പി. ടി. തോമസ്: സർ, ആമിന ഹൈദ്രാലിയെക്കൊണ്ട് ഇക്കാര്യമൊന്ന് പറയിപ്പിക്കാമോ? ശ്രീ. കെ. യു. ജനീഷ് കുമാർ ഇത് പറയും. ആമിന ഹൈദ്രാലി ഇതുപറയുമോ? പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ കോൺഗ്രസ്-13, കോൺഗ്രസിന്റെ സ്വതന്ത്രന്മാർ -2, സി.പി.ഐ.(എം) - 10 കേരളാ കോൺഗ്രസ് (മാണി) -2, സി.പി.ഐ-1, എസ്.ഡി.പി.ഐ -4. ഈ എസ്.ഡി.പി.ഐ. - 4-ൽ ഉൾപ്പെട്ടതാണ് ആമിന ഹൈദ്രാലി (....ബഹളം....) ഇങ്ങനെയല്ലെങ്കിൽ ആമിന ഹൈദ്രാലിയെക്കൊണ്ട് അവർക്ക് എസ്.ഡി.പി.ഐ.-യുമായി യാതൊരു ബന്ധവുമില്ലെന്ന് ഒരു പ്രസ്താവന സമർപ്പിക്കൂ.

ശ്രീ. ഡി. കെ. മുരളി: സർ, തിരുവനന്തപുരം ജില്ലയിൽ പാങ്ങോട് പഞ്ചായത്തിൽ യു.ഡി.എഫ്.-6, വെൽഫെയർ പാർട്ടി-2, എസ്.ഡി.പി.ഐ. -2 (സ്വതന്ത്രരല്ല). അവർ അവരുടെ പാർട്ടി ചിഹ്നത്തിൽ മത്സരിച്ചുവന്നവരാണ്. എസ്.ഡി.പി.ഐ.-യുടെയും വെൽഫെയർ പാർട്ടിയുടെയും പിന്തുണയോടുകൂടിയാണ് പാങ്ങോട് പഞ്ചായത്തിൽ അങ്ങയുടെ പ്രദേശികനേതാവ് പ്രസിഡന്റായിരിക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, പത്തനംതിട്ടയിലെ ന്യായീകരണത്തിന് വേണ്ടിയാണ് ഇത് പറയുന്നതെങ്കിൽ ഞാൻ സമ്മതിച്ചുതരാം. രണ്ട്, നിങ്ങൾക്ക് ആരോടുംകൂടാൻ ഒരു മടിയുമില്ലെന്നുള്ളതിന്റെ തെളിവാണ് റാന്നി. അവിടത്തെ പ്രസിഡന്റ് ശ്രീമതി ശോഭാ ചാർലി (കേരള കോൺഗ്രസ് മാണി), എൽ.ഡി.എഫ്.- 5 ബി.ജെ.പി.-2, യു.ഡി.എഫ്. -5, കോൺഗ്രസ് സ്വതന്ത്രൻ-1. ഇവിടെ ബി.ജെ.പി.-യിലെ രണ്ടംഗങ്ങളുടെ പിന്തുണയോടെ ശ്രീമതി ശോഭാ ചാർലി ഭരിക്കുകയാണ്. അതിനുശേഷം നിയമസഭയിൽ വന്നിരുന്ന് സംസാരിക്കുകയാണ്. എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. പ്രമോദ് നാരായൺ: സർ, ശ്രീമതി ശോഭാ ചാർലി കേരള കോൺഗ്രസ് (എം)-ന്റെ പ്രസിഡന്റ് എന്നാണ് റാന്നിയെക്കുറിച്ച് സംസാരിച്ചപ്പോൾ അങ്ങ് പറഞ്ഞത്. ശ്രീമതി ശോഭാ ചാർലി കേരള കോൺഗ്രസ് (എം)-ന്റെയോ എൽ.ഡി.എഫ്.-ന്റെയോ പ്രസിഡന്റല്ല. എൽ.ഡി.എഫ്. അക്കാര്യത്തിൽ സംഘടനാപരമായി നടപടിയെടുത്തിട്ടുണ്ട്. ഇദ്ദേഹം അക്കാര്യത്തെക്കുറിച്ചൊന്നും അന്വേഷണം നടത്താതെയാണ് സഭയെ തെറ്റിദ്ധരിപ്പിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, അവർക്കെതിരെ എന്ത് നടപടിയെടുത്തുവെന്ന ഉത്തരംകൂടി പറഞ്ഞാൽ കാര്യങ്ങൾ മനസ്സിലാകും. ഞാൻ പറഞ്ഞത് സത്യമാണെന്ന് പറഞ്ഞതിന് പ്രത്യേക നന്ദി. എസ്.ഡി.പി.ഐ.-യുമായുള്ള പത്തനംതിട്ട സഖ്യം മഹാരാജാസ് കോളേജിൽ ഭീകരരുടെ കുത്തേറ്റുമരിച്ച അഭിമന്യുവിന് ഞാൻ സമർപ്പിക്കുകയാണ്. ഇവിടെ ഇന്നത്തെ പ്രസംഗത്തിൽ മുഴുവനും ആരാണ് ഇടതുപക്ഷം; ഞങ്ങളല്ലേ ഇടതുപക്ഷം; എന്നുള്ള ചോദ്യങ്ങളാണുണ്ടായത്. എനിക്ക് വളരെ സ്നേഹ ബഹുമാനമുള്ള ബഹുമാനപ്പെട്ട മുൻമന്ത്രി എ. സി. മൊയ്തീന്റെ പ്രധാനവാദം യു.ഡി.എഫ്. ഭരണകാലത്ത് 33,000 കോടി രൂപ കൊടുത്തുവെന്നാണ്. ഇപ്പോൾ 53,000 കോടി രൂപ നിങ്ങൾ കൊടുക്കുന്നുവെന്നാണ്. അത് സ്വാഭാവികമല്ലേ? 2016-17-ലെ ബഡ്ജറ്റ് തുകയും 2020-21-ലെ ബഡ്ജറ്റ് തുകയും കൂട്ടിക്കഴിഞ്ഞാൽ ആ വ്യത്യാസം മനസ്സിലാകും. അത് പ്രധാനപ്പെട്ട കാര്യമല്ല.

ശ്രീ. എ. സി. മൊയ്തീൻ: സർ, ശതമാനക്കണക്കിൽ നോക്കിയാൽ ഈ വർഷം കൊടുത്തത് പദ്ധതി വിഹിതത്തിന്റെ ഇരുപത്തിയാറ് ശതമാനമാണ്. അത് സർവ്വകാല റിക്കോർഡാണ്. അതിനുമുമ്പത്തെ വർഷം ഇരുപത്തിയഞ്ച് ശതമാനമാണ്. നിങ്ങളുടെ കാലത്ത് കൊടുത്തത് പരിശോധിച്ചു നോക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, എന്റെ കയ്യിൽ സി. ആൻഡ് എ.ജി.-യുടെ റിപ്പോർട്ടുണ്ട്.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസിനെ പ്രസംഗം അവസാനിപ്പിക്കാൻ ഭരണപക്ഷം സഹായിക്കണം. പ്രസംഗം ചുരുക്കാമെന്ന് അദ്ദേഹം വാഗ്ദാനം നൽകിയിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും നൽകിയ തുക കുറഞ്ഞുപോയിയെന്ന സി. ആൻഡ് എ.ജി.-യുടെ റിപ്പോർട്ടിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഇവിടെ കോവിഡ് കാലഘട്ടത്തിലെ പ്രവർത്തനങ്ങളെക്കുറിച്ച് പറയുകയുണ്ടായി. കേരളം ഇന്ത്യയ്ക്കും ലോകത്തിനും ഏറ്റവും വലിയ മാതൃകയാണെന്ന് പറഞ്ഞു. എല്ലാവരും സഹകരിച്ച്

കോവിഡ് കാലത്ത് എല്ലാകാര്യങ്ങളും നടന്നു. ലോകത്തിന് മാതൃകയാണെന്നുള്ള നമ്മുടെ വാദം ചീട്ടുകൊട്ടാരംപോലെ പൊളിഞ്ഞുപോയിയെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതല്ലേ. അത് മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റേയോ അല്ലെങ്കിൽ ഇപ്പോഴത്തെ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റേയോ പ്രശ്നമായിട്ടല്ല പറയുന്നത്. ആ വാദം, മേനിനടിക്കൽ ചീട്ടുകൊട്ടാരംപോലെ പൊളിഞ്ഞുപോയിയെന്നത് സത്യമല്ലേ? കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി ആയിരക്കണക്കിന് പേരെ നിയമിച്ചു. അവരെല്ലാം കോവിഡ് രോഗികൾക്കുവേണ്ടി ജോലിചെയ്തു. അവരെ യാതൊരു മുന്നറിയിപ്പുമില്ലാതെ പിരിച്ചുവിട്ടിരിക്കുകയാണ്. ഞാൻ ഇക്കാര്യം ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി പി. രാജീവിനോട് പറഞ്ഞിരുന്നു. (......ബഹളം.....) കേന്ദ്ര സർക്കാർ പറയുന്നതെല്ലാം ചെയ്യാനിരിക്കുകയാണോ നിങ്ങൾ? അക്കാര്യത്തിൽ ഒരു പുനർവിചിന്തനം നടത്തണമെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

മറ്റൊരു കാര്യം, ബി.ജെ.പി.-യെ നമ്മൾ എന്തോ ചെയ്തുവെന്ന രീതിയിൽ ബഹുമാന്യനായ എ. സി. മൊയ്തീൻ പറഞ്ഞു. രണ്ട് സീറ്റുണ്ടായിരുന്ന ബി.ജെ.പി.-ക്ക് ഇന്ത്യയിൽ രാഷ്ട്രീയ മാന്യതകൊടുത്തത് ആരാണെന്ന് അദ്ദേഹത്തിനറിയാം. ഗാന്ധി വധത്തിനുശേഷം പുറത്തിറങ്ങാൻ കഴിയാതെ തലയിൽ മുണ്ടിട്ടുനടന്ന സംഘ്പരിവാർ ശക്തികൾക്ക് ഇന്ത്യൻ രാഷ്ട്രീയത്തിൽ മാന്യതയുണ്ടാക്കിക്കൊടുത്തത് നിങ്ങളാണ്. കൽക്കട്ടയിലെ പീരങ്കി മൈതാനത്ത് ഇ.എം.എസ്.-ഉം ജ്യോതിബസുവും ശ്രീ. എൽ. കെ. അദ്വാനിയും എ. ബി. വാജ്പേയിയും കൈകോർത്ത് നിൽക്കുന്ന മനോഹരമായ ചിത്രമുണ്ടല്ലോ; ഇന്ന് ആ പീരങ്കി മൈതാനത്ത് ഒരു സി.പി.ഐ.(എം)-കാരൻ പോലുമില്ല. ആ ദുരന്തം നിങ്ങൾ അറിയണം. അങ്ങനെ നിങ്ങളാണ് അവർക്ക് മാന്യതയുണ്ടാക്കിക്കൊടുത്തത്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഗാന്ധിവധത്തിനുശേഷം നിരോധിക്കപ്പെട്ട ആർ.എസ്.എസ്.-ന് ഇന്ത്യയ്ക്കകത്ത് നിരോധനം പിൻവലിച്ചത് സാക്ഷാൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവല്ലേ; അതങ്ങേയ്ക്കറിയില്ലേ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, നിങ്ങൾ ഇന്ത്യാ-ചൈന യുദ്ധകാലത്ത്.....

<u>മി. സ്പീക്കർ</u>: ബഹുമാന്യനായ പി. ടി. തോമസ്, അങ്ങ് പ്രസംഗം ചുരുക്കുന്നുവെന്ന് വാഗ്ദാനം നൽകിയിട്ട് 10 മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന മാനിച്ച് ഇതിനൊന്നും മറുപടി പറയുന്നില്ല. അല്ലെങ്കിൽ മറുപടി എന്റെ കയ്യിലുണ്ട്. ഇന്ത്യയുടെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ കോൺഗ്രസിന്റെ മുഖ്യമന്ത്രിയുണ്ടായിരുന്ന ഒരുകാലത്തും ബാബറി മസ്ജിദിനുനേരെ ഒരു

പൂഴിമണൽപോലും വാരിയെറിയാൻ ഞങ്ങൾ സമ്മതിച്ചിട്ടില്ല. അവിടെ ക്ഷണികവികാരത്തിന്റെ പേരിൽ നിങ്ങൾ കല്യാൺ സിംഗിനെ അധികാരത്തിൽ കൊണ്ടുവന്നു. കല്യാൺ സിംഗ് പള്ളിപൊളിക്കുമെന്ന് പറഞ്ഞ് അധികാരത്തിൽ വന്നു, പള്ളിപൊളിച്ചു. നിങ്ങൾ നരസിംഹ റാവുവിനെ കുറ്റം പറഞ്ഞല്ലോ? ഞങ്ങൾ നിരീക്ഷണ ക്യാമറ ഉൾപ്പെടെ വച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞു. അവിടെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിരീക്ഷണമുണ്ടായിരുന്നു. സുപ്രീംകോടതി പറയാതെ നരസിംഹ റാവുവിന് അവിടെ പ്രവർത്തിക്കാൻ കഴിയുമായിരുന്നില്ല. അത് വസ്തുതയാണ്. അക്കാര്യങ്ങൾ പറഞ്ഞ് നിങ്ങൾ മേനിനടിച്ച് ഞങ്ങളെ പേടിപ്പിക്കാൻ നോക്കണ്ട. ഞാനൊരു വാക്കുകൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. നിങ്ങളിപ്പോൾ ഇടതുപക്ഷത്തിന്റെ കാര്യം പറഞ്ഞല്ലോ. അങ്ങേയ്ക്കറിയാമല്ലോ

'വരിക വരിക സഹജരേ,

സഹനസമര സമയമായി...'

എന്ന അംശി നാരായണപിള്ളയുടെ കവിതയിലെ ഒരു വരിയാണ്, 'എത്രനാൾ അടിമയായി

കിടക്കണം സഖാക്കളേ'

ഈ സഖാക്കളൊന്നും നിങ്ങളുടെ വകയല്ല. നിങ്ങൾ പലതും ഏറ്റെടുത്തു. ഞാൻ ഇന്നലെ നിങ്ങളുടെയൊരു വിപ്ലവ ഗാനം കേട്ടു,

'മാറുമറയ്ക്കാൻ സമരം ചെയ്ത

ഇൻക്വിലാബിന് അഭിവാദ്യം'

ആറാട്ടുപുഴ വേലായുധ പണിക്കർ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ആത്മാവ് എഴുന്നേറ്റുവന്ന് നിങ്ങളെ തല്ലുമായിരുന്നു. ഇതാണ് നിങ്ങളുടെ വാദം. അതുകൊണ്ട്, ഏറ്റവും പുരോഗമനപരമായ നിയമനിർമ്മാണം കേരളത്തിലും ഇന്ത്യയിലുംകൊണ്ടുവന്ന പാർട്ടി ഇന്ത്യൻ നാഷണൽ കോൺഗ്രസാണ്. അല്ലെങ്കിൽ കോൺഗ്രസ് പിന്തുണച്ചിട്ടുള്ള ഗവൺമെന്റുകളാണെന്നകാര്യം അറിയണം. ഇപ്പോൾ സി.പി.ഐ.-ലെ ബഹുമാന്യരായ നേതാക്കൾ പലതും മറയ്ക്കുകയാണ്. തിരുവിതാംകൂറിലെ ആദ്യ ഭൂപരിഷ്കരണ നിയമം പി. എസ്. നടരാജപിള്ള കൊണ്ടുവന്നതാണ്. ആ നിയമത്തെ പിന്തുണച്ചുകൊണ്ട് 'ഇന്ത്യയ്ക്ക് മാതൃകയായ നിയമം' എന്ന് കെ. ആർ. ഗൗരിയമ്മ കേരള നിയമസഭയിൽ പ്രസംഗിച്ചതിന് രേഖയുണ്ട്. കെ. ആർ. ഗൗരിയമ്മ ജീവിച്ചിരുന്ന സമയത്ത് ആ സഭയിൽ അംഗമാകാൻ എനിക്ക് ഭാഗ്യം ലഭിച്ചു. ഞാനത് ചൂണ്ടിക്കാണിച്ചപ്പോൾ ഗൗരിയമ്മ

എന്നെ അഭിനന്ദിച്ചിട്ടുണ്ട്. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് അതിനുശേഷം കൊണ്ടുവന്ന നിയമത്തിന് നിയമപ്രാബല്യം ലഭിച്ചില്ല. ആക്ട് (1)1964 എന്ന പി. ടി. ചാക്കോ അവതരിപ്പിച്ച, ആർ. ശങ്കർ മന്ത്രിസഭയിലെ നിയമമാണ് പിന്നീട് കൊണ്ടുവന്ന സമഗ്ര നിയമം. കോൺഗ്രസിന്റെ പിന്തുണയോടെ സി. അച്യുതമേനോൻ കൊണ്ടുവന്ന 1969-ലെ ഭേദഗതിയാണ് സമഗ്രമായ കേരള ചരിത്രത്തിലെ ഭൂപരിഷ്കരണ നിയമം. സി.പി.ഐ.-ലെ ശ്രീ. കാനം രാജേന്ദ്രൻ ശ്രീ. ഡി. രാജയെ തള്ളിപ്പറഞ്ഞതുകൊണ്ട് നിലനിൽപ്പിനുവേണ്ടി ചിലപ്പോൾ സി. അച്യുതമേനോനെയും തള്ളിപ്പറയാം. പക്ഷെ അതാണ് സത്യം. അതുകൊണ്ട് നിങ്ങളിങ്ങനെ എല്ലാത്തിന്റെയും മേനിയൊന്നും നടിക്കണ്ട. വിപ്ലവകരമായ തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോയിട്ടുള്ള പാരമ്പര്യമുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ, 'ചെണ്ടകൊട്ട് കേട്ടു വളരുന്ന കോഴിയെ ചെറിയ തകിലുകൊട്ടി പേടിപ്പിക്കാൻ ദയവായി നോക്കരുത് എന്ന് വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ട് ഈ ഭേദഗതി നിയമത്തിന്റെ പോരായ്മകളും അതിലുണ്ടാകേണ്ട മാറ്റങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. യഥാർത്ഥത്തിൽ കുറെ കാര്യങ്ങൾ പറയാനുണ്ടെങ്കിലും ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. വി. കെ. പ്രശാന്ത്: സർ, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ ജനോപകാരപ്രദമായ നിരവധി കാര്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇപ്പോഴത്തെ ജനസംഖ്യാ വർദ്ധനവും ഇന്നത്തെ ജീവിത സാഹചര്യങ്ങളുംവച്ച് ഈ ബില്ലിലെ പല വ്യവസ്ഥകളും ജനോപകാരപ്രദമായി മാറ്റാൻ നമുക്ക് സാധിക്കും. പ്രത്യേകിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വലിയ നിലയ്ക്കുള്ള മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഈ ബിൽ സഭ മുമ്പാകെ വരുന്നത്. നേരത്തേ ഇവിടെ ചർച്ച ചെയ്തതുപോലെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനം തുക വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ചെലവഴിക്കപ്പെടുന്ന ഏറ്റവും സുന്ദര മുഹൂർത്തത്തിലാണ് നമ്മളുള്ളത്. ഒരു ഗവൺമെന്റ് അതിന്റെ 26 ശതമാനം പദ്ധതി വിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾവഴി ചെലവിടുമ്പോൾ, അത് ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പലകാര്യങ്ങളും നേടിയെടുക്കുകയാണ്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാദേശിക സർക്കാരുകളായി മാറ്റിക്കൊണ്ട് കോവിഡ് അടക്കമുള്ള മഹാമാരിയെ ചെറുത്തുനിർത്താൻ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. അത് തീർച്ചയായും അഭിമാനകരമായിട്ടുള്ള ഒരു വസ്തുതയായി

നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. വൃത്തി, വെള്ളം, വിളവ് എന്നീ മേഖലകളിൽ രാജ്യത്തെ രണ്ടരലക്ഷം ഗ്രാമപഞ്ചായത്തുകളോട് മത്സരിച്ച് ഒന്നാമതെത്തിയ പാപ്പിനിശ്ശേരി പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് വികസന പദ്ധതി പുരസ്കാരം നേടിയിരിക്കുകയാണ്. ജൈവവൈവിധ്യത്തിന്റെ കേന്ദ്രങ്ങൾ സംരക്ഷിച്ചുകൊണ്ട് ജലവും മണ്ണും പരിപാലിച്ച് വികസനത്തിന് ഹരിതമുഖം നൽകിയ കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത്, ദേശീയ ജല അവാർഡ് നേടുകയുണ്ടായി. ഐക്യരാഷ്ട്രസഭ വിഭാവനം ചെയ്യുന്നതരത്തിൽ കുട്ടികൾക്ക് അതിജീവനം, സംരക്ഷണം, പങ്കാളിത്തം, വികസനം എന്നിവ നടപ്പിലാക്കിയതിലുള്ള അംഗീകാരമായാണ് കോലഴി ഗ്രാമപഞ്ചായത്തിന് ജനസൗഹൃദ പഞ്ചായത്ത് അവാർഡ് നേടാനായത്. 2019-ലെ ദീൻദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് ശാക്തീകരൺ പുരസ്കാരം നേടിയ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട്, ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തുകൾ, ദീൻദയാൽ ഉപാദ്ധ്യായ പഞ്ചായത്ത് ശാക്തീകരൺ പുരസ്കാരവും നാനാജി ദേശ്മുഖ് രാഷ്ട്രീയ ഗൗരവ് ഗ്രാമസഭ പുരസ്കാരവും നേടിയ തിരുനാവായ പഞ്ചായത്ത് എന്നിവ കേരളത്തിന് അഭിമാനകരമാണ്. മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും കോർപ്പറേഷനുകളും നമ്മൾ ഉദ്ദേശിക്കുന്ന ലക്ഷ്യത്തിലേയ്ക്ക് വളരെ പെട്ടെന്നുതന്നെ അടുത്തുകൊണ്ടിരിക്കുകയാണ്. പരമ്പരാഗത ചുമതല നിറവേറ്റുന്നതിന് പദ്ധതി വിഹിതത്തിൽനിന്നും 3.5 ശതമാനം നൽകുന്നുണ്ട്. 6 ശതമാനം തുക വികേന്ദ്രീകരണത്തിന്റെ ഭാഗമായി മെയിന്റനൻസിനുവേണ്ടി നൽകുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനുവേണ്ടി നിരവധി നടപടികൾ കഴിഞ്ഞകാലത്ത് ഗവൺമെന്റ് ഏറ്റെടുത്തുവെന്നതാണ് ഏറെ ശ്ലാഘനീയമായ കാര്യം. അതിന്റെ സബ്സിഡി മാർഗ്ഗരേഖയിലും പദ്ധതി മാർഗ്ഗരേഖയിലും മാറ്റം വരുത്താൻ തയ്യാറായത്, പ്രത്യേക ജനവിഭാഗങ്ങൾക്ക് പരിഗണന നൽകിയത്, ട്രാൻസ്ജെൻഡേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം, കുട്ടികൾക്കും ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുംവേണ്ടിയുള്ള കാര്യങ്ങൾ എന്നിവയെല്ലാംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പുരോഗതിയായി കാണാൻ കഴിയുന്നതാണ്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. സദ്ഭരണത്തിന്റെ പുതിയ കാൽവയ്പുകളാണ് ഗവൺമെന്റ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. പ്രത്യേകിച്ച് അഞ്ച് വകുപ്പുകൾ ഏകീകരിച്ചുകൊണ്ട് പൊതുസർവ്വീസ് വരുന്ന ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള നിയമ ഭേദഗതികൾ ജനങ്ങൾക്ക് വളരെ ഗുണകരമായി മാറുകയാണ്. പഞ്ചായത്തും നഗരകാര്യവും ഗ്രാമവികസനവും ടൗൺ പ്ലാനിംഗും എഞ്ചിനീയറിംഗും ഒന്നിക്കുമ്പോൾ സ്വാഭാവികമായും ജനങ്ങൾ ആഗ്രഹിക്കുന്ന നിലയിൽ വരാൻകഴിയും. തദ്ദേശഭരണ സ്ഥാപനങ്ങൾ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയരുകയാണ്. 941 ഗ്രാമപഞ്ചായത്തുകളിൽ 939-നും ഐ.എസ്.ഒ. അംഗീകാരം

ലഭിച്ചിരിക്കുകയാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്കെല്ലാം ഈ അംഗീകാരം ലഭിച്ചുകഴിഞ്ഞു. രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകൾക്കാണ് നിലവിൽ അംഗീകാരം ലഭിച്ചത്. അത് ബാക്കിയുള്ള മുനിസിപ്പൽ കോർപ്പറേഷനുകളിൽക്കൂടി വ്യാപിപ്പിക്കാൻ സാധിക്കും. മുനിസിപ്പൽ നഗരസഭകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കേന്ദ്ര-സംസ്ഥാന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വലിയ പ്രയത്നമാണ് നടക്കുന്നത്. ജനസംഖ്യാനുപാതികമായി വർക്ക് സ്റ്റഡി നടത്തുകയും അവശ്യംവേണ്ട ശുചീകരണം, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, എൻവയോൺമെന്റ് എഞ്ചിനീയറിംഗ്, സ്ട്രക്ച്ചറൽ എഞ്ചിനീയറിംഗ് തുടങ്ങി വിവിധ വിഭാഗങ്ങളിൽ ജീവനക്കാരെ നൽകാനുള്ള ഇടപെടൽകൂടി ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വലിയ നഗരസഭകളെ സംബന്ധിച്ചും ഈ പ്രശ്നമുണ്ട്. ഒരു ഫിനാൻസ് ഓഫീസറേയും ലാ ഓഫീസറേയും പബ്ലിക് റിലേഷൻ ഓഫീസറേയും നൽകാൻ സാധിക്കണം. അങ്ങനെയുള്ള നിരവധി കാര്യങ്ങളിൽക്കൂടി ഗവൺമെന്റിന്റെ ഇടപെടലുണ്ടാകണം. ഇവിടെ പലതവണ ആവർത്തിച്ച കാര്യങ്ങളായതുകൊണ്ട് ബിൽ സംബന്ധിച്ച് മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇത്രയും സൂചിപ്പിച്ചുകൊണ്ട് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുകയാണ്.

മി. സ്പീക്കർ: കാര്യമാത്ര പ്രസക്തമായി പ്രസംഗിച്ചതിന് അങ്ങയെ അഭിനന്ദിക്കുന്നു.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ഇവിടെ ശ്രീമതി കെ. കെ. രമ മുതൽ അവസാനം സംസാരിച്ച ശ്രീ. വി. കെ. പ്രശാന്ത് ഉൾപ്പെടെ പത്തൊൻപത് അംഗങ്ങളാണ് നിരാകരണപ്രമേയം അവതരിപ്പിച്ചും അതിനെ പിന്താങ്ങിയും ഭേദഗതി അവതരിപ്പിച്ചുമെല്ലാം സംസാരിച്ചത്. ഒരു സംവാദംപോലെതന്നെ, വിശദാംശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അംഗങ്ങൾ ബില്ലിന്മേൽ ഈ സമയമത്രയും സംസാരിച്ചിട്ടുണ്ട്. അതോടൊപ്പം ഇന്ത്യൻ രാഷ്ട്രീയത്തിന്റെയും കേരള രാഷ്ട്രീയത്തിന്റെയും പ്രശ്നങ്ങളും ചില മുതിർന്ന നേതാക്കളുൾപ്പെടെ വളരെ വിശദമായി ചർച്ചയുടെ ഭാഗമായി ഉന്നയിച്ചു. ബഹുമാനപ്പെട്ട പി. സി. വിഷ്ണുനാഥും പി. ടി. തോമസും ഡോ. മാത്യു കുഴൽനാടനുമെല്ലാം പ്രധാനമായി ഊന്നൽ നൽകിയത് രാഷ്ട്രീയ പ്രശ്നങ്ങളിലാണ്. ബില്ലുകൾ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ, ഇടത്-വലത് എന്നുള്ള പ്രശ്നം ഉയർന്നുവന്ന സന്ദർഭത്തിൽ എന്റെ അഭിപ്രായം അപ്പോൾത്തന്നെ പറഞ്ഞുകഴിഞ്ഞതാണ്. പക്ഷേ ഡോ. മാത്യു കുഴൽനാടൻ സംസാരിച്ചപ്പോൾ ഞാൻ എന്തോ തെറ്റായ രീതിയിൽ വിശദീകരിക്കുകയാണ് ചെയ്തതെന്ന പരാമർശം നടത്തുകയുണ്ടായി. ഞാൻ തെറ്റായ പരാമർശമല്ല നടത്തിയത്, വ്യക്തമായ ധാരണവച്ചു കൊണ്ടുതന്നെയാണ്

പറഞ്ഞത്. ഇന്ത്യയിൽ ഏറ്റവും പ്രധാനപ്പെട്ട ഇടതുപക്ഷ പാർട്ടി കോൺഗ്രസ്സാണെന്നും ഏറ്റവും വലിയ വലതുപക്ഷ പാർട്ടി ബി.ജെ.പി.-യാണെന്നും അദ്ദേഹം പറഞ്ഞു. ഞാൻ നേരത്തെ പറഞ്ഞ കാര്യം ആവർത്തിക്കുകയാണ്, കോൺഗ്രസ് ഏറ്റവും പ്രധാനപ്പെട്ട വലതുപക്ഷ പാർട്ടിയാണ്. ഇന്നത്തെ സാർവ്വദേശീയ, ദേശീയ പശ്ചാത്തലം പരിശോധിച്ചാൽ ബി.ജെ.പി. തീവ്ര വലതുപക്ഷ പാർട്ടിയാണ്. ഈ പ്രയോഗത്തിന് വ്യത്യാസമുണ്ട്. ലോകവ്യാപകമായി പരിശോധിച്ചാൽ, ട്രംപിന്റെ കാലം മുതൽ ഇങ്ങോട്ട് ലോകത്തിലെ വിവിധ രാജ്യങ്ങളിൽ തീവ്ര വലതുപക്ഷത്തിന് നല്ല മുൻകൈ നേടാൻ സാധിച്ചിട്ടുള്ള സാർവ്വദേശീയ പശ്ചാത്തലമാണുള്ളത്. അതിൽ ഇന്ത്യയും ഉൾപ്പെടും. ഒരു ഹിന്ദു രാഷ്ട്രമാക്കി മാറ്റണമെന്ന ഉദ്ദേശ്യത്തോടുകൂടി പാർലമെന്ററി ജനാധിപത്യത്തെയും ജനാധിപത്യ ഉള്ളടക്കമുള്ള സ്വതന്ത്ര സംവിധാനത്തെയും (പാർലമെന്റ് ഉൾപ്പെടെ) വളരെ അപകടകരമായ രീതിയിൽ ഹിന്ദു വർഗ്ഗീയ വാദത്തിനെ അടിസ്ഥാനപ്പെടുത്തി ജനാധിപത്യ വിരുദ്ധമായി, ഭരണഘടനാ വിരുദ്ധമായി കൈകാര്യം ചെയ്തുപോകുകയാണ്. ഭരണഘടനാ സ്ഥാപനങ്ങളെന്നുപറയുന്ന സ്ഥാപനങ്ങളെല്ലാം ആർ.എസ്.എസ്.-ന്റെ നിയന്ത്രണത്തിൽ ഗൗരവകരമായ അപകടം സൃഷ്ടിക്കത്തക്കരീതിയിൽ നീങ്ങുന്നു എന്നാണ് വിമർശനം ഉയർന്നുവരുന്നത്. കോൺഗ്രസുകാർതന്നെ ആ വിമർശനം ഉന്നയിച്ചിട്ടുണ്ട്. വളരെ തീവ്രമായ വലതുപക്ഷ നിലപാട് സ്വീകരിച്ചുകൊണ്ട്, വർഗ്ഗീയ സമീപനങ്ങൾ ശക്തിമത്തായ രീതിയിൽ ധ്രുവീകരണത്തിലേയ്ക്കെത്തിക്കുന്നതിനുവേണ്ടി, പൗരത്വ ഭേദഗതി ഉൾപ്പെടെയുള്ള പ്രശ്നം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇതെല്ലാം വച്ചുകൊണ്ട് നടത്തുന്ന പ്രവർത്തനങ്ങളെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനുവേണ്ടി ഇന്ത്യയിൽ സാധിക്കണം. അതിനുവേണ്ടി വലിയ കൂട്ടായ്മ രാജ്യത്ത് ഉയർന്നുവരികയും വേണമെന്ന കാര്യത്തിലും യാതൊരു സംശയവുമില്ല. പക്ഷേ കോൺഗ്രസ് എടുത്തുകൊണ്ടിരിക്കുന്ന നിലപാടുകളെല്ലാം ഇടതുപക്ഷത്തിന്റേതാണ്, ഇടതുപക്ഷ സമീപനമാണ് എന്നിവിടെ ചൂണ്ടിക്കാണിച്ചതിനോട് എനിക്ക് യോജിക്കാൻ സാധിക്കുന്നതല്ല. കാരണം കോൺഗ്രസ് എല്ലാക്കാലത്തും ഒരേ രീതിയിലുള്ള കോൺഗ്രസ് ആയിരുന്നില്ല. കോൺഗ്രസിനെ പരിശോധിച്ചുനോക്കിയാൽ മഹാത്മാഗാന്ധി കോൺഗ്രസിന്റെ അമരക്കാരനായി വരുന്ന ആദ്യഘട്ടം മുതൽ കോൺഗ്രസിലുണ്ടായിരുന്ന ചില ആളുകളുടെ ധാരണ കോൺഗ്രസിനെ ഒരു ഹിന്ദുരാഷ്ട്ര പാർട്ടിയാക്കി രൂപപ്പെടുത്താനാകുമെന്നാണ്. സുദീർഘമായ ആശയ പോരാട്ടത്തിലൂടെ അത് നടക്കില്ലായെന്ന് മനസ്സിലാക്കിയപ്പോൾ, മതനിരപേക്ഷ ഉള്ളടക്കത്തോടുകൂടിയാണ് കോൺഗ്രസും മഹാത്മാഗാന്ധിയും മുന്നോട്ടുപോകുന്നതെന്ന് മനസ്സിലാക്കിയപ്പോൾ കെ. ബി. ഹെഡ്ഗേവാറിനെ പോലെയുള്ള ആളുകൾ പുതിയ പ്രസ്ഥാനത്തിനുവേണ്ടി, ആർ.എസ്.എസ്.-നുവേണ്ടി പ്രവർത്തിക്കുകയും അതിന് രൂപം നൽകുകയും ചെയ്തു. അഞ്ച് വർഷക്കാലം വലിയ പോരാട്ടമായിരുന്നു ഇന്ത്യയിൽ നടന്നത്, പ്രത്യേകിച്ച് കോൺഗ്രസിന്റെ അകത്തും പുറത്തും. ആ

സന്ദർഭത്തിലെ കോൺഗ്രസിന്റെ ചരിത്രം പരിശോധിച്ചാൽ അതറിയാം. കമ്മ്യൂണിസ്റ്റ് പാർട്ടി രൂപംകൊണ്ടത് 1920-ലാണെന്നും 1925-ലാണെന്നുമുള്ള പ്രശ്നമുണ്ട്. ആ തർക്കത്തിലേയ്ക്ക് ഞാനിപ്പോൾ കടക്കുന്നില്ല. പക്ഷേ 1920-ൽ താഷ്കൻഡിൽനിന്ന് തിരിച്ചുവന്ന ഉടനെതന്നെ കോൺഗ്രസ് സമ്മേളനം അഹമ്മദാബാദിൽ നടക്കുമ്പോൾ, ആ സമ്മേളനത്തിൽ അന്നത്തെ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പ് കോൺഗ്രസിന്റെതന്നെ ഭാഗമായി പ്രവർത്തിക്കുന്ന ഘട്ടം, അന്ന് അവതരിപ്പിച്ച പ്രമേയത്തിൽ ഒന്ന് 'പൂർണ്ണ സ്വരാജ്' എന്ന മുദ്രാവാക്യം വച്ചുകൊണ്ടുള്ളതായിരുന്നു. പൂർണ്ണ സ്വരാജ് എന്ന മുദ്രാവാക്യം വച്ചുകൊണ്ട് സമ്മേളനത്തിൽവന്ന പ്രമേയത്തെ അന്ന് മഹാത്മാഗാന്ധി ഉൾപ്പെടെയുള്ളവർ അംഗീകരിച്ചില്ല. 'പൂർണ്ണ സ്വരാജ്' എന്ന പ്രമേയം ആ സമ്മേളനത്തിൽ തള്ളിപ്പോകുകയാണ് ചെയ്തത്. 'പൂർണ്ണ സ്വരാജ് ' എന്ന മുദ്രാവാക്യം മുന്നോട്ടുവരാൻ 1931 വരെ കാത്തിരിക്കേണ്ടിവന്നു. അങ്ങനെ കോൺഗ്രസ്സിനകത്തുതന്നെ ഒരുപാട് വ്യത്യാസങ്ങളുണ്ടായിരുന്നു, അവാന്തര വിഭാഗങ്ങളുണ്ടായിരുന്നു. അതിന്റെ ഉൽപ്പന്നമാണല്ലോ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, 1930-കളുടെ ആദ്യം നടന്ന ഏറ്റവും ശക്തമത്തായ കോൺഗ്രസ്സിന്റെ സമരത്തിൽ ആവേശത്തോടുകൂടി പങ്കെടുത്ത ഇന്ത്യയിലെ വിവിധ മേഖലയിലെ ചെറുപ്പക്കാരുൾപ്പെടെയുള്ള ആളുകൾ ജയിലിൽനിന്നും ഇറങ്ങിവരുമ്പോഴേയ്ക്കും ഏതാണ്ട് കോൺഗ്രസ് വിരുദ്ധ സമീപനത്തിലേയ്ക്ക് നീങ്ങിയെന്ന് മനസ്സിലാക്കിയപ്പോഴാണ്, കോൺഗ്രസ്സിനെ ഏറ്റവും പ്രധാനപ്പെട്ട ഒരു ജനകീയ പ്രസ്ഥാനമാക്കണമെന്ന ബോധപൂർവ്വമായ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തി രൂപം കൊണ്ടതാണ് 1934-ലെ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി. ഒരാൾക്ക് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി അംഗമാകണമെങ്കിൽ അദ്ദേഹം അടിസ്ഥാനപരമായി കോൺഗ്രസ് ആയിരിക്കണം. അങ്ങനെ കോൺഗ്രസ് ആയിട്ടുള്ള കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി ഒരു തിരുത്തൽ ശക്തിയെന്ന രീതിയിൽ ഇന്ത്യയിൽ പ്രവർത്തിച്ചുവെന്ന് ആർക്കാണറിയാത്തത്? അതിന്റെ ഭാഗമായാണ് വർഗ്ഗപ്രസ്ഥാനങ്ങളും ബഹുജന പ്രസ്ഥാനങ്ങളും രൂപീകരിക്കാൻ തീരുമാനിച്ചത്. കേരളത്തിൽ കർഷക പ്രസ്ഥാനം രൂപംകൊണ്ടത് അങ്ങനെയാണ്. 1935-ൽ കർഷക സംഘം രൂപീകരിക്കുന്നത് ആ പശ്ചാത്തലത്തിലാണ്. ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും യുവജന പ്രസ്ഥാനങ്ങളും വിദ്യാർത്ഥി പ്രസ്ഥാനങ്ങളും രൂപംകൊള്ളുന്നത് അങ്ങനെയാണ്. നിരവധി പ്രസ്ഥാനങ്ങൾ ഇന്ത്യയിൽ രൂപംകൊണ്ടത് കോൺഗ്രസ്സിന്റെതന്നെ തിരുത്തൽ ശക്തിയായി സ്വതന്ത്രമായി പ്രവർത്തിക്കുന്ന കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയുടെ തീരുമാനത്തെ അടിസ്ഥാനപ്പെടുത്തിയിട്ടായിരുന്നുവെന്ന് കേരളത്തിന്റെ അനുഭവംവച്ചുകൊണ്ട് വളരെ വ്യക്തതയോടുകൂടി നമുക്ക് പറയാൻ സാധിക്കും. ഇന്ത്യയിലും അതുതന്നെയാണ്. 1931-ലെ കറാച്ചി സമ്മേളനത്തിലെ ഏറ്റവും പ്രധാനപ്പെട്ട വേറൊരു പ്രമേയം കോൺഗ്രസുമായി ബന്ധപ്പെട്ട് പരിശോധിച്ചാൽ 'കൃഷിഭൂമി കൃഷിക്കാരന്' എന്ന മുദ്രാവാക്യമായിരുന്നു. 'കൃഷിഭൂമി

കൃഷിക്കാരന് എന്ന മുദ്രാവാക്യം ജനാധിപത്യപരമായ മുദ്രാവാക്യമാണ്. ഞങ്ങൾക്കാർക്കും എതിർക്കേണ്ട ഒരു കാര്യവുമില്ല. ആ ജനാധിപത്യപരമായ മുദ്രാവാക്യം 1947 ആഗസ്റ്റ് 15-ന് സ്വാതന്ത്ര്യം കിട്ടിയപ്പോൾ നിങ്ങൾ നടപ്പിലാക്കിയോ? കൃഷിഭൂമി കൃഷിക്കാരന് കൊടുത്തോ; ജന്മിത്വം അവസാനിപ്പിച്ചോ? വെച്ചുകാണലും കങ്കാണിയും മൂരിയും മുക്കാലും വാശിയും വണ്ണാത്തി മാറ്റുമടക്കലും കല്ലും തോലും വച്ചുകെട്ടലും ഉൾപ്പെടെയുള്ള നിരവധി അക്രമ പിരിവുകൾ, ചൂഷണം, അതിനടിസ്ഥാനപ്പെടുത്തിയിട്ടുള്ള തെറ്റായ ധാരണകൾ മലബാറിന്റെ മാത്രമല്ല, തിരുവിതാംകൂറിലും തിരുകൊച്ചിയിലും ഉൾപ്പെടെവന്ന ഇത്തരത്തിലുള്ള അക്രമങ്ങൾ പലരീതിയിലാണ് പല സ്ഥലങ്ങളിൽ പ്രതിരോധിക്കപ്പെട്ടത്. നവോത്ഥാന പ്രസ്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയുമെല്ലാം വളരെ ഫലപ്രദമായ ഇടപെടലിനെത്തുടർന്നാണ് ഇതിനൊക്കെ മാറ്റം വന്നതെന്ന് മനസ്സിലാക്കണം. ഇൻക്വിലാബ് സിന്ദാബാദ് അതിന് സമർപ്പിക്കുന്നു എന്നുപറയുമ്പോൾ തെറ്റിദ്ധരിക്കേണ്ട, പരിഹസിക്കേണ്ട ഒരു കാര്യവുമില്ല. രക്തസാക്ഷിത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് കേരളത്തിലെയും ഇന്ത്യയിലെയും സ്വാതന്ത്ര്യ പ്രസ്ഥാനം മുന്നോട്ടേയ്ക്കുവന്നത്. കോൺഗ്രസ് മാത്രമായിരുന്നില്ലല്ലോ ദേശീയ പ്രസ്ഥാനത്തിന്റെ പ്രധാനപ്പെട്ട ശക്തിയും കരുത്തും എന്നുപറയുന്നത്. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ഭാഗമായി ആരൊക്കെയുണ്ടായിരുന്നു? ഞാൻ നേരത്തെ പറഞ്ഞതുപോലെ കോൺഗ്രസിൽ മഹാത്മാഗാന്ധി കടന്നുവരുന്നതിനുമുമ്പ് ഖദർ പ്രസ്ഥാനമില്ലേ; ഞാനാണ് എന്റെ ജീവിതമാണ് ആദ്യം സമർപ്പിക്കുന്നത് എന്ന് പ്രഖ്യാപിച്ച് മുന്നോട്ടുവന്ന ഖദർ പ്രസ്ഥാനത്തിലെ ധീരരായ നേതാക്കന്മാരില്ലേ? സായുധ വിപ്ലവത്തിലൂടെ ഈ ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ ഞങ്ങൾ അവസാനിപ്പിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ടല്ലേ ലോകത്തിന്റെ വിവിധ മേഖലകളിലേയ്ക്ക് ആയുധം ശേഖരിക്കാൻ പുറപ്പെട്ടത്. ആ കപ്പൽ തിരിച്ചുവരുമ്പോഴല്ലേ അതിനകത്തുണ്ടായിരുന്ന നൂറുകണക്കിനാളുകളെ കൽക്കത്തയിലെത്തുന്നതിനുമുമ്പ് കൊന്നത്. ഇതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി രൂപപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട സമരങ്ങളിൽ അത് കാണാൻ കഴിയും. ഭഗത് സിംഗിന്റെ പ്രസ്ഥാനമില്ലേ; ചന്ദ്രശേഖർ ആസാദിന്റെ പ്രസ്ഥാനമില്ലേ? എന്തിന് ഈ കേരളത്തിലും അതുപോലെ വിവിധ സംസ്ഥാനങ്ങളിലും നടന്ന കർഷക പ്രസ്ഥാനങ്ങൾ, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുണ്ട്. അതുപോലെതന്നെ കരിവെള്ളൂർ, കാവുമ്പായി, പുന്നപ്ര വയലാർ തുടങ്ങി നിരവധി സമരങ്ങളുണ്ട്. സുഭാഷ് ചന്ദ്രബോസിന്റെ പ്രസ്ഥാനമുണ്ട്. ശരിയായിരുന്നോ എന്നുചോദിച്ചാൽ ശരിയായിരുന്നില്ല ആ നിലപാട്. പക്ഷേ സാമ്രാജ്യത്വത്തിനെതിരായിട്ടാണ് നടന്നത്. ബ്രിട്ടീഷ് സാമ്രാജ്യത്തെ കെട്ടുകെട്ടിക്കുന്നതിനുവേണ്ടി യഥാർത്ഥത്തിൽ ശക്തമായ രീതിയിൽ മുന്നോട്ടുപോകാൻ, (തെറ്റായ നിലപാടാണ് ഫാസിസത്തോടൊപ്പം ചേർന്ന്) ബ്രിട്ടീഷുകാരെ ഒഴിവാക്കാൻ എന്നാണ് കരുതിയിരുന്നത്. അതും സ്വാതന്ത്ര്യ

പ്രസ്ഥാനത്തിന്റെ ഭാഗമല്ലേ? ആരെയും ഒഴിവാക്കാനാവില്ല. നിരവധി കൈവഴിയിലൂടെയാണ് ഈ കേരളത്തിൽ, ഇന്ത്യയിൽ ദേശീയപ്രസ്ഥാനം മുന്നേറിയത്. അതിൽ ത്രസിക്കുന്ന ഉജ്ജ്വലമായ പോരാട്ടത്തിന്റെ, രക്തസാക്ഷിത്വത്തിന്റെ ചരിത്രം ഇടതുപക്ഷ പ്രസ്ഥാനത്തിന്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനുണ്ടെന്ന കാര്യം മറക്കേണ്ട. ഞാനതിന്റെ ചരിത്രത്തിലേയ്ക്കൊന്നും കടക്കുന്നില്ല. എല്ലാവരും വലിയ രീതിയിൽ ചരിത്രം പറഞ്ഞതുകൊണ്ട് ഞാൻ പറഞ്ഞുവെന്നുമാത്രമേയുള്ളൂ. 1947-ൽ സ്വാതന്ത്ര്യം ലഭിച്ചിട്ട് കൃഷിഭൂമി കൃഷിക്കാരന് കൊടുത്തില്ല. എന്തുകൊണ്ടാണ് കൊടുക്കാതിരുന്നത്? ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെ വർഗ്ഗനിലപാട് ഇന്ത്യയിലെ കുത്തക മുതലാളിമാർക്ക് അനുകൂലമായിരുന്നു. ടാറ്റയ്ക്കും ബിർളയ്ക്കും അംബാനിക്കും അദാനിക്കുംവേണ്ടി. ഇന്ത്യൻ സമ്പത്തിന്റെ 75 ശതമാനം സമ്പത്ത്/ആസ്തി ഒരു ശതമാനത്തിന്റെ കയ്യിലാണ്. നിങ്ങൾ ഇവിടെ സോഷ്യലിസവും സോഷ്യലിസംപോലെയുള്ള സമൂഹവുമെല്ലാം സൃഷ്ടിക്കും. ഞങ്ങൾ ഇടതുപക്ഷമാണ്, ഞങ്ങൾ ജനാധിപത്യത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നെല്ലാം പറയുന്ന നിങ്ങൾ ആത്മപരിശോധന നടത്തണം. ഇപ്പോഴുള്ള ബി.ജെ.പി. ഗവൺമെന്റായാലും അതിനുമുമ്പുള്ള നിങ്ങളുടെ ഗവൺമെന്റായാലും ഇന്ത്യയിൽ സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുകയും ദരിദ്രരെ കൂടുതൽ ദരിദ്രരാക്കുകയും ചെയ്തപ്പോൾ, 75 ശതമാനം ആസ്തി കൈവിരലിലെണ്ണാവുന്ന ഒരു ശതമാനത്തിന്റെ കയ്യിലാണ് നിൽക്കുന്നതെന്ന് ഇന്ത്യാ ഗവൺമെന്റിന്റെതന്നെ കൃത്യമായ കണക്കുകൾ വ്യക്തമാക്കുന്നു. ലോകത്തിലെ ഏറ്റവും സമ്പന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഞാൻ പറയുമ്പോൾ നിങ്ങൾ സംശയിക്കുന്നുണ്ടാകും. ഒരു സംശയവും എനിക്ക് അതിലില്ല. സമ്പന്നമാണ് നമ്മുടെ രാജ്യം. ദരിദ്രരുടെ ഏറ്റവും വലിയ രാജ്യമായി ഇന്ത്യ മാറിയത് എന്തുകൊണ്ടാണ്? ദരിദ്രരുടെ രാജ്യമാണ് ഇന്ത്യ, എന്നാൽ ഇന്ത്യ സമ്പന്നമായ രാജ്യമാണ്. 365 ദിവസവും കൃത്യമായി സൂര്യപ്രകാശം ലഭിക്കുകയും നമുക്കാവശ്യമായത് കൃഷി ചെയ്ത് ഉല്പാദനം ആവശ്യംപോലെയുണ്ടാക്കാനും വ്യാവസായിക മേഖലയിലേയ്ക്ക് കടക്കാനും ഏതുപശ്ചാത്തലത്തിലും മുന്നോട്ടുപോകാൻ കഴിയുന്ന എല്ലാ ഭൗതിക സമ്പത്തിന്റെയും കലവറയാണ് ഇന്ത്യ. അതിനെ ഫലപ്രദമായി മാറ്റാൻ സാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മനുഷ്യശേഷിയുള്ള കേന്ദ്രം കൂടിയാണ് ഇന്ത്യ. 193 രാജ്യങ്ങളിൽ നൂറിനപ്പുറം സ്ഥാനം നമുക്ക് കിട്ടിയത് എന്തുകൊണ്ടാണ്? പിന്നോക്കാവസ്ഥയിൽ ബംഗ്ലാദേശിന്റേയും മുകളിലാണ് നമ്മുടെ രാജ്യം. പിന്നോക്കാവസ്ഥയിലേയ്ക്ക് പോകാനുള്ള കാരണമെന്താണ്? നിങ്ങൾ കോൺഗ്രസ് ഗവൺമെന്റിന്റെ വലിയ വികസനത്തെപ്പറ്റി പറഞ്ഞുകൊണ്ടിരിക്കുകയാണല്ലോ? അദ്ധ്വാനിക്കുന്ന തൊഴിലാളികൾ, കൃഷിക്കാർ, കർഷകത്തൊഴിലാളികൾ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, മുന്നോക്ക സമുദായത്തിലെ പിന്നാക്ക വിഭാഗം എന്നിവരെങ്ങനെയാണ് ജീവിക്കുന്നത് എന്നുനോക്കിയിട്ടാണ് ഇൻഡക്സ് തയ്യാറാക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ സമ്പന്നരിൽ നാലിലൊരാൾ ലോകത്ത് ഏറ്റവും കൂടുതൽ ദരിദ്രർ താമസിക്കുന്ന ഇന്ത്യയിൽനിന്നാണ്.

ആരാണിതിന് ഉത്തരവാദി; ഏത് ഭരണ സംവിധാനത്തിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ നീങ്ങിയത്? ഒരു സംശയവും വേണ്ട, അതിന്റെ പ്രധാനപ്പെട്ട കാരണം ഭരണവർഗ്ഗത്തിന്റെ നിലപാട് അടിസ്ഥാനപ്പെടുത്തിയിട്ടാണ്. ടാറ്റയും ബിർളയും അദാനിയും അംബാനിയും വെറുതെ വരുന്നതല്ല, ഭരണവർഗ്ഗ നിലപാടിന്റെ ഭാഗമായിട്ടാണ്. അവർക്കുവേണ്ടി ഭൂപ്രഭുത്വവുമായി സന്ധി ചെയ്യുകയാണ് നിങ്ങൾ ചെയ്തത്. അതാണ് ജന്മിത്വം അവസാനിപ്പിക്കാൻ കഴിയാത്തത്; അതുകൊണ്ടാണ് ഭൂപ്രഭുത്വം അവസാനിപ്പിക്കാൻ സാധിക്കാത്തത്. ധനമൂലധന ശക്തികളുമായി അടിക്കടി കൂട്ടുകൂടി മുന്നോട്ടുപോകുന്ന നിലപാടുകളല്ലേ നിങ്ങളെ മുന്നോട്ടുനയിച്ചത്? ദേശസാൽകൃത ബാങ്കുകളെപ്പറ്റി ഇപ്പോൾ പ്രസംഗിക്കുകയാണ്. അത് പ്രസംഗിക്കാൻ നിങ്ങൾക്കെന്ത് അവകാശമാണുള്ളത്; 11.5 ലക്ഷം കോടി രൂപയല്ലേ ദേശസാൽകൃത ബാങ്കുകളിൽനിന്നും ഇന്ത്യയിലെ കുത്തക മുതലാളിമാർക്കുവേണ്ടി എഴുതിമാറ്റിയത്? പാവപ്പെട്ട മനുഷ്യൻ ബാങ്കിൽനിന്നും കടം വാങ്ങിയാൽ അവന്റെ വീടും പറമ്പുമെല്ലാം ജപ്തി ചെയ്യും. പക്ഷേ 11.5 ലക്ഷം കോടി രൂപ നിങ്ങൾ എഴുതിത്തള്ളി. ഇതെല്ലാം കുത്തകകൾക്കല്ലേ കൊടുത്തത്; പാവപ്പെട്ടവനല്ലല്ലോ? ബാങ്ക് ദേശസാൽക്കരണത്തിന്റെ അവസാനത്തെ സ്ഥിതിയാണിത്. 1980-കളുടെ മധ്യത്തോടുകൂടി, രാജീവ്ഗാന്ധിയുടെ ഭരണത്തിന്റെ തുടക്കത്തോടുകൂടി, പുതിയ സാമ്പത്തിക നയം, പുതിയ വിദ്യാഭ്യാസ നയം, എല്ലാം പുതിയ നയം എന്നെല്ലാം പറഞ്ഞുകൊണ്ട് ആഗോളവൽക്കരണം നടപ്പിലാക്കാൻ ശ്രമിക്കുകയായിരുന്നു. ആഗോളവൽക്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നിലപാട് സ്വകാര്യവൽക്കരണമാണ്. എല്ലാം സ്വകാര്യവല്ക്കരിക്കുകയാണ്. അപ്പോഴാണ് പൊതുമേഖല വേണ്ട, പൊതുവിതരണം വേണ്ട, സബ്സിഡി വേണ്ട, ഒരു കാര്യവും വേണ്ട എന്നുപറയുന്നത്. എന്നിട്ട് സബ്സിഡി കൊടുത്തതിനെ സംബന്ധിച്ചല്ലേ ഇവിടെ പറഞ്ഞത്. ഒന്നും നൽകേണ്ടതില്ലെന്ന് തീരുമാനിച്ചവരാണ് നിങ്ങൾ. ശക്തിമത്തായ സമരങ്ങളും പോരാട്ടങ്ങളും രാജ്യത്ത് നടന്നുവന്നപ്പോൾ, ഞങ്ങൾ മാത്രമല്ല, ജനങ്ങളാകെ ശക്തമായി മുന്നോട്ടുവന്നപ്പോഴാണ് ഒരുപരിധിവരെ അതിനെ പ്രതിരോധിക്കാൻ കഴിഞ്ഞത്. നിങ്ങളെ പിന്തുടർന്ന് ബി.ജെ.പി. അതേ നിലപാട് സ്വീകരിച്ചപ്പോൾ മൂന്നോ നാലോ പൊതുമേഖലാ സ്ഥാപനങ്ങളൊഴികെ മറ്റെല്ലാം വിൽക്കുകയാണ് ചെയ്തത്. നിങ്ങളുടെ കാലത്താണ് ആ വിൽപ്പന തുടങ്ങിയത്. പിന്നീട് പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കാൻവേണ്ടി മന്ത്രിയെത്തന്നെ നിയമിച്ചു. ഇടതുപക്ഷത്തിന്റെ ഭാഗമാണ് ഞങ്ങളെന്ന് പറഞ്ഞുകൊണ്ടിരിക്കുന്ന ഡോ. മാത്യു കുഴൽനാടൻ ഉൾപ്പെടെയുള്ളവർ.

7.00 p.m.]

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, അങ്ങ് പറഞ്ഞ വസ്തുതയെ നിഷേധിക്കുകയല്ല. ഇതിൽ ലെഫ്റ്റ് എന്നുപറയുന്നത് ഞങ്ങളെ സംബന്ധിച്ചിടത്തോളം ഫാഷനല്ല. Let me make it clear. ഈ കാലഘട്ടത്തിൽ ഇടതുപക്ഷം, ഇടതുപക്ഷം

എന്നുപറയുമ്പോൾ, കോൺഗ്രസ്സുകാർ ഇടതുപക്ഷത്തെ പ്രണയിക്കുന്നതുകൊണ്ട് ഫാഷനായി പറയുകയാണെന്ന് ധരിക്കരുത്. പൊളിറ്റിക്കൽ കോൺടെക്സ്റ്റിൽ സോഷ്യൽ ലെഫ്റ്റും സോഷ്യൽ റൈറ്റുമുണ്ട്. അതിൽ സോഷ്യൽ ലെഫ്റ്റ് ഭാഗത്താണ് ഞങ്ങളെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇക്കണോമിക്കലി ലെഫ്റ്റും ഇക്കണോമിക്കലി റൈറ്റുമുണ്ട്. ഇതിൽ രണ്ടിലും we are totally against your policy. പക്ഷേ സോഷ്യലി ലെഫ്റ്റ് എന്നുപറയുന്നത്, ന്യൂനപക്ഷത്തിനും പിന്നാക്കക്കാരനും സാധാരണക്കാരനും വേണ്ടിയുള്ളതാണ്. ആ നിലപാട് കോൺഗ്രസിന് ഒരു കാലത്തും കൈമോശം വന്നിട്ടില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഡോ. മാത്യു കുഴൽനാടനോട് എനിക്ക് വലിയ സ്നേഹമാണ്. പക്ഷേ, ഒരു കാര്യം ഞാൻ പറയുകയാണ്. നിങ്ങളിപ്പോൾ കോൺഗ്രസ്സിന്റെ നേതൃനിരയിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്ന ആളാണ്. കോൺഗ്രസ്സിന്റെ ചരിത്രവും ഇന്ത്യയുടെ പൊതുവായ ചരിത്രവും പൂർണ്ണമായും മനസ്സിലാക്കുമ്പോഴാണ് കോൺഗ്രസ് എന്തായിരുന്നുവെന്ന് കൃത്യമായി പഠിക്കാനാവുക. ശ്രീ. പി. സി. വിഷ്ണുനാഥ് നേരത്തെ ഇവിടെ പറഞ്ഞല്ലോ. മുതലാളിത്തത്തിന്റെ നല്ല വശവും സോഷ്യലിസത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യവും ചേരുന്നതിനെയാണ് നിങ്ങൾ മിക്സഡ് ഇക്കോണമി എന്ന് വിളിച്ചത്.

ഡോ. മാത്യു കുഴൽനാടൻ: സർ, 1989-90 ഇന്ത്യാ രാജ്യത്തിന്റെ ഏറ്റവും വലിയ ക്രൈസിസ്, ഇന്ത്യാ രാജ്യം മുന്നോട്ടുപോകാതെ തകർന്നുവെന്ന് ലോകം മുഴുവൻ വിധിയെഴുതിയ സമയം. എന്റെ അനുഭവത്തിൽനിന്ന് പറയാം. ഇന്ത്യാ രാജ്യത്തിന് കാൻസർ പിടിപെട്ട് മരിക്കാൻ പോകുകയാണെന്ന് ഇടതുപക്ഷ ബുദ്ധിജീവിയായ ഒരു നേതാവ് പ്രസംഗിക്കുന്നത് ഞാൻ കേട്ടതാണ്. അന്ന് 65 ടൺ സ്വർണ്ണം പണയം വച്ചു. അതിനുശേഷമാണ് ഡോ. മൻമോഹൻ സിംഗ് പുതിയ നയം...... പ്ലീസ്...... ഒരു മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം. 1990-നുശേഷമാണ് ഇന്ത്യാ രാജ്യത്ത് വെളിച്ചമുണ്ടായതെന്നറിയാമോ? ഇന്ത്യാ രാജ്യത്തെ എല്ലാ ഗ്രാമങ്ങളിലും വൈദ്യുതിയെത്തിയത് അന്നാണ്. (.......ബഹളം......) ഇന്ത്യാ രാജ്യത്തിന്റെ എല്ലാ പ്രധാനപ്പെട്ട മേഖലയിലും റെയിൽവേ എത്തിയത് അതിനുശേഷമാണ്. 2008-ലാണ് ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പണമുണ്ടാക്കിയത്. 65 ടൺ സ്വർണ്ണം പണയം വച്ചത് തിരികെയെടുത്തുവെന്നുമാത്രമല്ല, 1991-നുശേഷം ലോകത്തെ അമ്പരപ്പിച്ചുകൊണ്ട് 200 ടൺ സ്വർണ്ണം ഇന്ത്യാ രാജ്യത്തിന്റെ ഖജനാവിൽ മുതൽക്കൂട്ടി. ഇതൊക്കെ ഡോ. മൻമോഹൻ സിംഗ് പുറപ്പുറത്തുനിന്ന് വിളിച്ചുപറയാത്തതുകൊണ്ടാണ് അറിയാത്തത്. നിങ്ങൾക്ക് ഇതിനെ നിഷേധിക്കാൻ കഴിയുമോ? (.......ബഹളം......)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, എനിക്ക് പ്രസംഗിക്കാൻ സമയമുണ്ടാകില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് വളരെ ഉദാരമായി വഴങ്ങുന്നു. ഇത്രയും വഴങ്ങാനുള്ള സമയമില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ വഴങ്ങുന്നില്ല. ചെയർ അനുവദിക്കാത്തതിനാൽ ഞാൻ വഴങ്ങുന്നില്ല. ഏത് കമ്മ്യൂണിസ്റ്റുകാരനാണ് പറയാനുള്ളതെന്ന് ചോദിച്ചുകൊണ്ട് നേരത്തെ ഡോ. മാത്യു കുഴൽനാടൻ ഇവിടെ വെല്ലുവിളിച്ചല്ലോ? എനിക്ക് സംസാരിക്കാൻ അവസരം വരുമെന്നുള്ളതുകൊണ്ടാണ് ഞാനപ്പോൾ എഴുന്നേൽക്കാതിരുന്നത്. കോൺഗ്രസ്സുകാരനോട് വിശദീകരിക്കുമ്പോൾ തോറ്റുപോകുന്നതാണ് കമ്മ്യൂണിസ്റ്റെങ്കിൽ പിന്നെ കമ്മ്യൂണിസ്റ്റായി നടക്കുന്നതിൽ എന്ത് കാര്യമാണുള്ളത്; കമ്മ്യൂണിസ്റ്റ് എന്നുപറഞ്ഞ് നടക്കുന്നുണ്ടെങ്കിൽ, കോൺഗ്രസ് പറയുന്ന നിലപാടുകളെയും നയങ്ങളെയും ഫലപ്രദമായി പ്രതിരോധിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂവെന്ന് ആർക്കാണ് അറിയാത്തത്? അതുകൊണ്ട് ആ രീതിയിലുള്ള വെല്ലുവിളികളൊന്നും വേണ്ട. ആ വെല്ലുവിളികളെല്ലാം കേട്ടവർ ഇപ്പോഴുള്ള ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ പഠിതാക്കളൊക്കെയാണ്. ഞാൻ ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ കാര്യങ്ങളിലേയ്ക്ക് കടക്കാം.

ഡോ. മാത്യു കുഴൽനാടൻ: സർ, വഴങ്ങുമോ?

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ പറഞ്ഞ് തീർന്നതിനുശേഷം വഴങ്ങാം. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഞാൻ പറയാം. കോൺഗ്രസ്സിന്റെ നിലപാട് മിക്സഡ് ഇക്കോണമിയാണ്. ഇപ്പോൾ അതൊന്നും നിങ്ങൾ പറയുന്നില്ല. എന്നുപറഞ്ഞാൽ, സോഷ്യലിസത്തിന്റെ നല്ല വശവും മുതലാളിത്തത്തിന്റെ നല്ല വശവും തമ്മിൽ ചേർന്നുള്ള ലോകോത്തരമായ ഒന്നാണ് ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ എന്നാണ് നിങ്ങളെ പറഞ്ഞ് പഠിപ്പിച്ചത്. സത്യം പറഞ്ഞാൽ എന്താണ്? രണ്ടാം ലോക മഹായുദ്ധം അവസാനിക്കുന്നതിനുമുമ്പ് സുഖവാസ കേന്ദ്രമായ ബ്രിട്ടൺവുഡ്സ് എന്ന സ്ഥലത്താണ് ഒരു സമ്മേളനം വിളിച്ചുചേർത്തത്. ഏറ്റവും പ്രധാനപ്പെട്ട ഒരു സാമ്പത്തിക ശാസ്ത്രജ്ഞന്റെ, (ആഡംസ്മിത്തിനെപ്പോലെയോ ഡേവിഡ് റിക്കാർഡോയെപ്പോലെയോ പ്രശസ്തനായിരുന്നില്ല) നേതൃത്വത്തിൽ അന്നത്തെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ മാന്ദ്യത്തെക്കുറിച്ച് ചർച്ച നടത്തി. ലോകം മുഴുവൻ മാന്ദ്യത്തിൽ കിടക്കുമ്പോഴും മാന്ദ്യം ബാധിക്കാത്ത ഒറ്റ രാജ്യം മാത്രമേയുണ്ടായിരുന്നുള്ളൂ. അത് സോവിയറ്റ് റഷ്യയായിരുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഇപ്പോൾ അതെങ്ങനെ പോയി?

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, അതിനെക്കുറിച്ച് വിശദീകരിക്കാം. നമുക്ക് സമയമുണ്ടല്ലോ, എത്ര വേണമെങ്കിലും വിശദീകരിക്കാം. അതെങ്ങനെ പോയെന്നതിനെക്കുറിച്ചൊക്കെ ഞങ്ങൾക്ക് നല്ല ധാരണയുണ്ട്. നിങ്ങൾക്ക് ധാരണയില്ലെങ്കിൽ നമുക്ക് ധാരണയുണ്ടാക്കാം. ലോകം മുഴുവൻ സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി വലിയ രീതിയിലുള്ള തകർച്ചയെ അഥവാ മാന്ദ്യത്തെ അഭിമുഖീകരിക്കുമ്പോൾ ലോകത്ത് ഒരേയൊരു പ്രതീക്ഷ നൽകുന്ന രാഷ്ട്രം സോവിയറ്റ് റഷ്യയാണെന്ന് അന്ന് ജവഹർലാൽ നെഹ്റു പറഞ്ഞു. ഒരു കാര്യം വളരെ വ്യക്തമാണ്. ബ്രിട്ടൺവുഡ്സ് സമ്മേളനത്തിൽവച്ച് ലോക ബാങ്ക്, ഐ.എം.എഫ്. എന്നീ രണ്ട് സംഘടനകൾ രൂപീകരിച്ചു. അതിന് നേതൃത്വം കൊടുത്തത് കെയിൻസാണ്. സോവിയറ്റ് റഷ്യയൊഴിച്ച് ബാക്കി എല്ലായിടത്തും മുതലാളിത്ത സമ്പദ്‌വ്യവസ്ഥയാണെന്ന് എല്ലാവർക്കും അറിയാമല്ലോ? അദ്ദേഹമാണ് പറഞ്ഞത്, രക്ഷപ്പെടാൻ ഒറ്റ വഴിയേയുള്ളൂ, ഉല്പാദിപ്പിക്കുന്ന മേഖലയിൽ ശക്തിപ്പെടണം. അതിന് പൊതുമേഖലവേണം. മുതലാളിത്തത്തിലെ പൊതുമേഖല സോഷ്യലിസമാണെന്ന് തെറ്റിദ്ധരിക്കുന്നവരാണ് നിങ്ങൾ. അല്ല, മുതലാളിത്തത്തിലെ പൊതുമേഖല സ്റ്റേറ്റ് മുതലാളിത്തമാണ്. അല്ലാതെ സോഷ്യലിസമാണെന്നുള്ള തെറ്റിദ്ധാരണവേണ്ട. ആ സ്റ്റേറ്റ് മുതലാളിത്തത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സോഷ്യലിസത്തിന്റെ നല്ല വശവും മുതലാളിത്തത്തിന്റെ നല്ല വശവും ചേർന്ന് മിക്സഡ് ഇക്കോണമിയാണെന്ന് ഇവിടെ പറഞ്ഞത്. ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങനെയാണ് പൊതുമേഖലാ സ്ഥാപനം ആരംഭിക്കുന്നത്. അല്ലാതെ സോഷ്യലിസം കണ്ടിട്ടൊന്നുമല്ല, ഈ മാന്ദ്യത്തെ എങ്ങനെ മറികടക്കാമെന്ന കെയിൻസിന്റെ സിദ്ധാന്തമനുസരിച്ചാണ് മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ മറികടക്കാനായി യഥാർത്ഥത്തിൽ അന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചത്. അത് മുതലാളിത്ത താല്പര്യംവച്ചാണ്. ഇപ്പോൾ പൊതുമേഖലാ സ്ഥാപനം വേണ്ടെന്നുവച്ചതും മുതലാളിത്ത താല്പര്യം അടിസ്ഥാനപ്പെടുത്തിയാണ്. രണ്ടും ഒന്നാണ്, ഒരേ നയമാണ്. മുതലാളിത്ത വളർച്ചയ്ക്ക് തടസ്സമാണ് പൊതുമേഖല എന്നുവന്നു. കാരണം, ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട കരുത്തുറ്റ ശക്തിയായി, അതിന്റെ ഗോപുരനടയായി, അല്ലെങ്കിൽ അതിന്റെ പതാക ഉയർത്തുന്ന കൊടിമരമായി പൊതുമേഖലാ സ്ഥാപനങ്ങൾ നിന്നപ്പോൾ ഇന്ത്യൻ കുത്തക മുതലാളിത്തത്തിന് കയ്യിലുള്ള സമ്പത്ത് ഇനിയും കുന്നുകൂട്ടുന്നതിന് ഈ പൊതുമേഖല അവസാനിപ്പിക്കണം എന്നുള്ളതാണ്. അങ്ങനെയാണ് നിങ്ങൾ പൊതുമേഖലയെ അവസാനിപ്പിക്കാൻ തീരുമാനിച്ചത്. ലോകത്തെമ്പാടും ഇവിടെയും അങ്ങനെതന്നെ. അങ്ങനെയാണ് പൊതുമേഖല പൂർണ്ണമായും വിറ്റുതുലയ്ക്കാൻ തീരുമാനിച്ചത്. ഇപ്പോൾ ബി.ജെ.പി. നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും അതുതന്നെയാണ്. അതുകൊണ്ടാണ് കോൺഗ്രസും ബി.ജെ.പി.-യും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണെന്ന് ഞാൻ പറഞ്ഞത്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, കോൺഗ്രസ്സിന്റെ മിക്സഡ് ഇക്കോണമി ആ സമയത്ത് കൊണ്ടുവന്നുവെന്നാണ് മാഷ് ഇപ്പോൾ വിശദീകരിച്ചത്. എങ്ങനെയാണ് കോൺഗ്രസ് സാമ്പത്തിക ഉദാരവൽക്കരണ നയത്തിലേയ്ക്ക് വന്നതെന്ന് എന്റെ സ്നേഹിതൻ ഡോ. മാത്യു കുഴൽനാടൻ പറയുകയുണ്ടായി. കോൺഗ്രസ് പറഞ്ഞിട്ടാണ് വന്നത്. എ.ഐ.സി.സി. റെസല്യൂഷൻ പാസ്സാക്കിയതിനെ എതിർത്തവരുണ്ട്. നരസിംഹ റാവുവിന്റെ സാന്നിദ്ധ്യത്തിൽ ശ്രീ. വയലാർ രവി എ.ഐ.സി.സി.-യിൽ അതിനെ വിമർശിച്ചിട്ടുമുണ്ട്. കോൺഗ്രസ് അങ്ങനെയാണ്. വിമർശിക്കാനും സാധിക്കും. മാഷ് മനസ്സിലാക്കണം, പത്ത് വർഷംകൊണ്ട് 27 കോടി ജനങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലേയ്ക്കുകൊണ്ടുവന്നത് ആ ഗവൺമെന്റും അതിന്റെ പോളിസിയുമാണ്. മാഷിന്റെ ബദൽ ഇനി എന്താണ്? നിങ്ങൾക്ക് ബദലുണ്ടെന്ന് പറഞ്ഞു. പശ്ചിമബംഗാളിൽ ടാറ്റായ്ക്കും സാലേം (Salem) ഗ്രൂപ്പിനുംവേണ്ടി പാവപ്പെട്ട കർഷകനെ വെടിവച്ച് കൊന്നത് നിങ്ങളുടെ ഏത് സാമ്പത്തിക ബദലാണ്; ലോക മുതലാളിത്തത്തിന്റെ പ്രതീകമായ ലണ്ടൻ സ്റ്റോക്ക് എക്സ്ചേഞ്ചിൽപ്പോയി നമ്മുടെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ മണിയടിച്ചിട്ട് മസാല ബോണ്ട് വാങ്ങുന്നത് ഏത് ബദലാണ്?

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, സോഷ്യലിസമെന്നു പറയുന്നത് പൊതുമേഖലയിൽ മാത്രമല്ല, അത് 30-40 വർഷംമുമ്പായിരുന്നു. ഇന്നത്തെ സോഷ്യലിസം എവിടെയാണ്? ഡോ. മൻമോഹൻ സിംഗ് നടപ്പിലാക്കിയത് ഒന്നിനുപിറകെ ഒന്നായി പറയാം. വിവരാവകാശ നിയമം, തൊഴിലുറപ്പ് പദ്ധതി ............(മൈക്ക് ഓഫ്) ...........

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി ഇനി വഴങ്ങാതിരിക്കുന്നതാണ് നല്ലത്. ഇപ്പോൾത്തന്നെ ബദലിനെക്കുറിച്ചുള്ള ചോദ്യങ്ങളാണ് നടക്കുന്നത്. മറുപടിക്ക് ഒരു മണിക്കൂർ സമയമാണുള്ളത്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> സർ, നിങ്ങൾക്ക് ഒരു സംശയവും വേണ്ട, ഇന്ത്യയിൽ ഇതിന് ബദലുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം തീർന്നുവെന്നാണ് ഡോ. മാത്യു കുഴൽനാടൻ പറയുന്നത്. ഞാൻ അതിന്റെ ബദലാണ് പറയാൻ പോകുന്നത്. അതായത്, ആഗോളവൽക്കരണത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ വിറ്റുതുലയ്ക്കണമെന്ന് പറഞ്ഞപ്പോൾ വിറ്റുതുലയ്ക്കാൻ മനസ്സില്ലായെന്ന് പറഞ്ഞ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. അതാണ് ഇടതും വലതുമെന്നൊക്കെ പറയുന്നതിലെ വ്യത്യാസം. ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി വ്യക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഞങ്ങൾ

വിറ്റുതുലയ്ക്കാനില്ലെന്ന് പറഞ്ഞു. കഴിഞ്ഞ ടേമിലും വിറ്റിട്ടില്ല, ഇപ്പോഴും വിറ്റിട്ടില്ല. അവർ വിൽക്കുന്നത് ഞങ്ങൾ വാങ്ങുകയാണ്. തിരുവനന്തപുരം എയർപോർട്ട് വാങ്ങാമെന്ന് പറഞ്ഞിട്ട് തരാതിരുന്നത് അദാനിയോടുള്ള താല്പര്യമാണ്, വർഗ്ഗപരമായ കൂറാണ്. അതുതന്നെയാണ് കോൺഗ്രസ്സും ചെയ്തുകൊണ്ടിരിക്കുന്നത്. ഞങ്ങൾ ജനാധിപത്യത്തിന്റെ അപ്പോസ്തലന്മാരാണെന്ന് നിങ്ങൾ പറഞ്ഞു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച നിങ്ങളാണോ ജനാധിപത്യത്തിന്റെ അപ്പോസ്തലന്മാർ? രാജ്യത്തെ ജനാധിപത്യ സംവിധാനത്തെ മുഴുവൻ തകർത്തെറിഞ്ഞുകൊണ്ട്, എല്ലാ ജനാധിപത്യ അവകാശങ്ങളും അവസാനിപ്പിച്ച് ഭരണഘടനാവിരുദ്ധമായ നിലപാടുകൾ സ്വീകരിച്ച, ജനാധിപത്യവിരുദ്ധ നിലപാട് സ്വീകരിച്ച നിങ്ങളാണോ ജനാധിപത്യ വിശ്വാസികൾ? 1975 ജൂൺ 26-ന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. ആ അടിയന്തരാവസ്ഥയെ അടിസ്ഥാനപ്പെടുത്തി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോയത് നിങ്ങളാണ്.

ശ്രീ. പി. ടി. തോമസ്: സർ,.............

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ചെയർ അനുവദിച്ചിട്ടില്ല. അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്യണം.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വഴങ്ങാൻ പാടില്ലായെന്ന് ചെയർ പ്രത്യേകിച്ച് പറയുന്നുണ്ട്. അടിയന്തരാവസ്ഥക്കാലത്തെ അനുഭവങ്ങൾക്കെതിരായി പൊരുതിവന്ന ചിലരെങ്കിലും അപ്പുറത്ത് ഇപ്പോഴുമുണ്ടല്ലോ. ഇത്രയുംകാലം കഴിഞ്ഞിട്ടാണ് കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇത്രനേരം പറഞ്ഞതുമുഴുവൻ കാലത്തിന്റെ ഭാഗമായിട്ടല്ല. വർത്തമാനകാലം മാത്രമേ നിങ്ങൾ പറഞ്ഞിട്ടുള്ളൂവെങ്കിൽ ഞാൻ ഈ ബില്ലിന്റെ ഭാഗമായി ഒതുങ്ങി വർത്തമാനം പറഞ്ഞ് അവസാനിപ്പിക്കുമായിരുന്നു. നിങ്ങൾ 1947-നുമുമ്പുള്ള സാർവ്വദേശീയ പശ്ചാത്തലം മുഴുവൻ വിശദീകരിക്കാൻ തുടങ്ങി. അതുമാത്രമല്ല, ആരാണ് എന്നോട് വിശദീകരിക്കാനുള്ളതെന്നും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആരെങ്കിലും ഇവിടെയുണ്ടോയെന്നും വെല്ലുവിളി ഉയർത്തി. അതിന് മറുപടി പറയാതെ പോകാൻ സാധിക്കില്ല. ഞാൻ ബിൽ അവതരിപ്പിക്കുമ്പോൾ ഒരു രാഷ്ട്രീയവും പറഞ്ഞിട്ടില്ല. അപ്പുറത്തുള്ളവരുടെ ചർച്ച കേട്ടപ്പോഴാണ് കാര്യങ്ങൾ വിശദീകരിക്കണമെന്നും അതെല്ലാം രേഖയിലുണ്ടാകണമെന്നും തീരുമാനിച്ചത്.

ബാബ്റി മസ്ജിദ് പൊളിച്ചതിനെപ്പറ്റി പറഞ്ഞു. ബാബ്റി മസ്ജിദ് പൊളിക്കാൻ കൂട്ടുനിന്നത് നിങ്ങളാണ്. ഇല്ലെങ്കിൽ ബാബ്റി മസ്ജിദ് പൊളിയില്ല. ഇന്ത്യയിലെ പ്രതിപക്ഷ പാർട്ടികളും ഇടതുപക്ഷ പ്രസ്ഥാനങ്ങളും ഒറ്റക്കെട്ടായി ഇൻഡ്യൻ പ്രധാനമന്ത്രിയെ കണ്ട് സംസാരിച്ചു. ഒരുതരത്തിലും അത് പൊളിക്കാൻ

അനുവദിക്കരുതെന്ന് പറഞ്ഞു. എന്നാൽ ഒറ്റ ബറ്റാലിയൻ പോലീസോ പട്ടാളമോ മാത്രം മതി, ഒന്നും സംഭവിക്കില്ലെന്നുപറഞ്ഞു. (.....ബഹളം...... )

മി. സ്പീക്കർ: ഇന്ന് റെഫർ ചെയ്യപ്പെട്ട നാല് ബില്ലുകൾ പരിഗണിക്കുന്നതിനുവേണ്ടി സബ്ജക്ട് കമ്മിറ്റി യോഗം സഭ പിരിഞ്ഞതിനുശേഷം നിശ്ചയിച്ചിട്ടുണ്ട്. സഭ പിരിയുന്നത് വൈകിയാൽ കാര്യങ്ങൾ കൂടുതൽ ബുദ്ധിമുട്ടിലാകും.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ഞാൻ പറയുന്നത്, ബാബ്റി മസ്ജിദ് പൊളിക്കാനിടയായ കാര്യമാണ്. നൂറ്റാണ്ടുകളായി ഒരു വിഭാഗം പൂർണ്ണമായി തങ്ങളുടെ ആരാധനാലയമായി അംഗീകരിച്ചുപോയിട്ടുള്ളതാണ്. ആ സംവിധാനം അവിടെയുണ്ടാകില്ലെന്ന് വരുത്താൻ വർഗ്ഗീയവാദികൾ പ്രകോപനപരമായ പ്രവർത്തനമാണ് നടത്തിയത്. അതിന്റെ ഭാഗമായി ആർക്കും അവിടെ പ്രവേശിക്കാൻ അനുവാദമില്ലെന്നായിരുന്നു അന്ന് സുപ്രീംകോടതിയുടെ ഉത്തരവ്. അങ്ങനെയുള്ള സ്ഥലത്ത് നിങ്ങൾ കർശനമായ നിലപാട് സ്വീകരിക്കണമെന്ന് പറഞ്ഞപ്പോൾ, പ്രധാനമന്ത്രി പ്രതിപക്ഷനേതാക്കളോട് പറഞ്ഞത് ഭയക്കേണ്ട, ഒന്നും സംഭവിക്കില്ലയെന്നാണ്. (.........ബഹളം......) അത് നരസിംഹ റാവുവാണ് പറഞ്ഞത്. അതായത്, സി.പി.ഐ.(എം)-ന്റെയും സി.പി.ഐ.-യുടെയും ഇടതുപക്ഷ പ്രസ്ഥാനത്തിന്റെയും ജനാധിപത്യശക്തിയുടെയുമെല്ലാം ഡെലിഗേഷൻ പ്രധാനമന്ത്രിയോട് സംസാരിക്കാൻ പോയി. ആ ഡെലിഗേഷൻ ഇതിന് രണ്ടുദിവസംമുൻപ് അപകടമാണ് വരാൻ പോകുന്നത്, ഇത് ഒരുതരത്തിലും അനുവദിക്കാൻ പാടില്ലായെന്ന് പറഞ്ഞപ്പോൾ, നിങ്ങൾ ഒന്നും ഭയപ്പെടേണ്ട; ഒന്നും സംഭവിക്കില്ലായെന്ന് പറഞ്ഞതുകേട്ട് തിരിച്ചുവന്നു. വളരെ ജാഗ്രതയോടുകൂടി നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ട് ആ പള്ളി പൊളിക്കുകയാണ് ചെയ്തത്. ഇന്ത്യയിലെ മതപരമായ ധ്രുവീകരണത്തിന്റെ ഏറ്റവും അടിസ്ഥാനപരമായിട്ടുള്ള തായ്‌വേര് എവിടെയാണെന്ന് ചോദിച്ചാൽ ബാബ്റി മസ്ജിദിന്റെ തകർച്ചയാണെന്നുപറയും. അതിനാണ് നിങ്ങൾ കൂട്ടുനിന്നത്. അതിൽനിന്ന് കോൺഗ്രസ്സിന് മാറിനിൽക്കാൻ സാധിക്കുമോ? ഇപ്പോൾ നിങ്ങൾ മതനിരപേക്ഷതയെപ്പറ്റി പ്രസംഗിക്കുകയാണ്. മതനിരപേക്ഷതയെപ്പറ്റി പ്രസംഗിക്കാൻ നിങ്ങൾക്ക് എന്ത് അധികാരമാണുള്ളത്; അതിനുമുൻപല്ലേ രാജീവ് ഗാന്ധി അവിടെ ശിലാന്യാസത്തിന് പൂർണ്ണ പിന്തുണ കൊടുത്തത്? ആർ.എസ്.എസ്.-കാരും ബി.ജെ.പി.-ക്കാരും കണ്ണൂരിൽനിന്നും തിരുവനന്തപുരത്തുനിന്നുമൊക്കെ ശിലാന്യാസത്തിന്റെ ഭാഗമായി ഇഷ്ടികയുംകൊണ്ടുപോയപ്പോൾ അവിടെ പ്രവേശിക്കാൻ പാടില്ലായെന്നുള്ളത് കോടതിവിധിയായിരുന്നല്ലോ. ആ കോടതിവിധിയെ ലംഘിച്ചുകൊണ്ട് രാജീവ് ഗാന്ധി, അന്നത്തെ ഏറ്റവും

പ്രധാനപ്പെട്ട നേതൃത്വമല്ലേ അതിന് അനുവാദം കൊടുത്തത്? നിങ്ങൾ ഇങ്ങനെ ഓരോ കാര്യങ്ങൾ മറച്ചുവച്ച് നിങ്ങൾക്കാവശ്യമുള്ളത് മാത്രം പറഞ്ഞാൽ പോരല്ലോ. അതുകൊണ്ട് ഞാൻ ആ ഭാഗം മതിയാക്കുകയാണ്. ഗാന്ധിജിയെ മഹാത്മാ ഗാന്ധിയെന്ന് വിളിച്ചുകൂട എന്നുപറഞ്ഞപ്പോൾ ഒരു കോൺഗ്രസ്സുകാരന്റെയും നാക്ക് അനങ്ങിയിട്ടില്ലല്ലോ. (.....ബഹളം.....) മഹാത്മാ ഗാന്ധിയെ മഹാത്മാ ഗാന്ധിയെന്ന് വിളിക്കരുതെന്ന് വർഗ്ഗീയവാദികൾ വലിയ രീതിയിൽ പ്രചരണം നടത്തിയപ്പോൾ അന്ന് മഹാത്മാ ഗാന്ധിയാണ് രാഷ്ട്രപിതാവെന്ന് പറയാൻ ഒറ്റ കമ്മ്യൂണിസ്റ്റുകാരനെ ഉണ്ടായിരുന്നുള്ളൂ, അത് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്. അതുകൊണ്ട് കേരളത്തിലായാലും ഇന്ത്യയിലായാലും ഇടതുപക്ഷ പ്രസ്ഥാനത്തിന് കൃത്യമായ നിലപാടുണ്ട്. ആ നിലപാടുകൾ വച്ചുകൊണ്ടുതന്നെയാണ് ഞങ്ങൾ മുന്നോട്ടുപോകുന്നത്. അതിനൊരു വിട്ടുവീഴ്ചയും വ്യത്യസ്തതയുമുണ്ടാകില്ലെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, (........ മൈക്ക് ഓഫ്........)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചെയറിനെ അഭിസംബോധന ചെയ്യുക. ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതല്ലാതെ മറ്റൊന്നും രേഖയിലുണ്ടാകില്ല.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, (...... ബഹളം.....) ഞാൻ ഇനി വഴങ്ങുന്നില്ല. ഇവിടെ ഈ നാല് ബില്ലുകളും ഓർഡിനൻസിന്റെ ഭാഗമായി പകരം വയ്ക്കുന്നതിനുള്ള കാര്യങ്ങൾ അവതരിപ്പിച്ചപ്പോൾ ഞാൻ നേരത്തെ പറഞ്ഞതുപോലെ, രാഷ്ട്രീയ ഭാഗം മാറ്റിനിർത്തിയാൽ ബില്ലിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള ചർച്ചകൾതന്നെയാണ് പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും അംഗങ്ങൾ നടത്തിയത്. ചർച്ചയിൽ പറഞ്ഞ കാര്യങ്ങളുൾപ്പെടെ സ്കൂട്ടിണിയുടെ ഭാഗമായി സബ്ജക്ട് കമ്മിറ്റിയിലും അതിനുശേഷം ക്ലോസ് ബൈ ക്ലോസായിട്ടും വിശദമായി പരിശോധിക്കാനുള്ള അവസരം ഇനിയുമുണ്ട്. അതുകൊണ്ട് ഇപ്പോൾ ക്ലോസ് ബൈ ക്ലോസായി വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ ഓരോന്നായി പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കാം.

തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായിട്ടുള്ളവരിൽനിന്നും ക്ഷേമനിധിയിലേയ്ക്ക് പ്രതിമാസം 50 രൂപ അംശദായമായി നൽകണമെന്നുള്ളത് 10 രൂപയായി ചുരുക്കി ബാക്കി 40 രൂപ പഞ്ചായത്ത്/മുനിസിപ്പാലിറ്റി നൽകുന്നതായിരിക്കും ഉചിതമെന്ന് പറയുകയുണ്ടായി. ക്ഷേമനിധിയുടെ ഭാഗമായി വരുമ്പോൾ, അവരവർ തന്നെയാണ് ക്ഷേമനിധിയിൽ അംഗമായി ചേരുന്നത്. നിർബന്ധപൂർവ്വം ആരും ചേരേണ്ടതില്ലെന്ന് ഞാൻ ആദ്യംതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മിനിമം സംഖ്യയായ 50 രൂപ അവർ കൊടുക്കണം. അതിന് തുല്യമായ സംഖ്യ

ഗവൺമെന്റും കൊടുക്കുന്നുണ്ട്. തൊഴിലുറപ്പ് ക്ഷേമനിധിയിലെ ജീവനക്കാരുടെ ശമ്പളത്തെക്കുറിച്ചും ഇവിടെ സൂചിപ്പിച്ചു. അതെല്ലാം തൊഴിലാളികളിൽ നിന്നല്ലേ കൊടുക്കുന്നതെന്ന് പറയുകയുണ്ടായി. അല്ല. ഗവൺമെന്റ് നൽകുന്ന തുകകൂടി ഉപയോഗിച്ചുകൊണ്ടാണ് ക്ഷേമനിധി മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായുള്ള പ്രശ്നങ്ങൾ ആ രീതിയിൽ കൈകാര്യം ചെയ്യാൻ സാധിക്കുന്നതാണ്. ഈ ബില്ലിന്റെ പേര് മാറ്റണമെന്ന് ബഹുമാനപ്പെട്ട ചില അംഗങ്ങൾ പറയുകയുണ്ടായി. അക്കാര്യം സ്കൂട്ടിണിയുടെ ഭാഗമായി പരിശോധിക്കാം. മഹാത്മാഗാന്ധിയുടെ പേര് മാത്രം വേണോ, അയ്യൻകാളിയുടെ പേരുകൂടി ഉൾപ്പെടുത്തണമോ, അതോ രണ്ടുംകൂടി ചേർത്തുകൊണ്ട് വേറെ പേര് നൽകണമോയെന്ന കാര്യം പരിശോധിക്കാം. ഇന്ന് കേരള ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ടൊരു ദിവസമാണ്. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ സംഖ്യ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും കൊടുത്ത ഗവൺമെന്റാണ് ഇന്നത്തെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റെന്ന് ബഹുമാനപ്പെട്ട മുൻമന്ത്രി ശ്രീ. എ. സി. മൊയ്തീൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ മേഖലയിൽ പ്രശ്നങ്ങളൊക്കെയുണ്ട്, ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകും. എല്ലാം കേന്ദ്രീകരണത്തിലേയ്ക്കാണ് വരുന്നതെന്ന് ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ളവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒരു കേന്ദ്രീകരണത്തിലേയ്ക്കും പോകില്ല. അധികാര വികേന്ദ്രീകരണത്തിനായി നിലകൊള്ളുകയും ജനകീയാസൂത്രണ പ്രസ്ഥാനത്തെ അടിസ്ഥാനപ്പെടുത്തി മുന്നോട്ടുപോകുകയും ചെയ്ത ഈ പശ്ചാത്തലത്തിൽ എല്ലാ അർത്ഥത്തിലും കേരളത്തിന്റെ വികസനമാണ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട അജണ്ട. ആ അജണ്ട കൈകാര്യം ചെയ്യുന്നതിനാവശ്യമായ നിലപാട് സ്വീകരിച്ച് അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം പറയുമ്പോഴും ഞാൻ ഒരു കാര്യം ഉറപ്പായിട്ടും പറയുകയാണ്, തെറ്റായ ഒരു കാര്യത്തിനും കൂട്ടുനിൽക്കുന്ന സമീപനം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. ഏതെങ്കിലും കെട്ടിടം സാധൂകരിക്കാൻവേണ്ടിയുള്ള ഒന്നാണോ ഇതെന്ന് സംശയിക്കുന്നുവെന്നാണ് ശ്രീ. പി. ടി. തോമസ് പറഞ്ഞത്. അങ്ങനെ സംശയിക്കേണ്ട. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഏതെങ്കിലും ഒരു വ്യക്തിയുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി നിയമംതന്നെ മാറ്റിമറിക്കുകയെന്ന ഒരു പദ്ധതിയും കൊണ്ടുവരില്ലെന്ന കാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് ശ്രീ. പി. ടി. തോമസിന്റെ ആ സംശയം ഇനിയെങ്കിലും മാറ്റിവയ്ക്കുകയെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. ശ്രീ. ഷാഫി പറമ്പിൽ സംസാരിച്ചപ്പോൾ വികേന്ദ്രീകരണത്തിലേയ്ക്കല്ല കേന്ദ്രീകരണ സംവിധാനത്തിലേയ്ക്കാണ് കേരളം നീങ്ങുന്നതെന്ന് പറഞ്ഞു. പൈതൃക സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അദ്ദേഹം അവസാനം ചൂണ്ടിക്കാണിച്ചു.

അതെങ്ങനെയാണ് സംരക്ഷിക്കാൻ കഴിയുകയെന്ന കാര്യം പരിശോധിക്കാം. നന്നായി സംരക്ഷിക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. ഡോ. മാത്യു കുഴൽനാടൻ ഉൾപ്പെടെയുള്ളവർ പകർച്ചവ്യാധിയടക്കമുള്ള കാര്യങ്ങളെക്കുറിച്ച് സംസാരിച്ചു. സബ്ജക്ട് കമ്മിറ്റി ചർച്ചയിൽ അതുസംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നിലപാട് സ്വീകരിക്കാം. ശ്രീ. പി. ടി. തോമസ് അവസാനം സംസാരിച്ചപ്പോൾ കുറച്ച് വിട്ടുതന്നെ പറയുന്ന നിലപാട് സ്വീകരിച്ചു. ഞാൻ അത്തരത്തിൽ ഒന്നും പറയാൻ പോകുന്നില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും അധികാരത്തിലേയ്ക്ക് വന്നതും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് വൻഭൂരിപക്ഷം ലഭിച്ചതും കള്ളവോട്ടുകൊണ്ടാണെന്ന് പറഞ്ഞാൽ ആരും വിശ്വസിക്കുകയില്ല. പണ്ടേ പറഞ്ഞുകൊണ്ടിരിക്കുന്നൊരു പല്ലവി പറയാമെന്നുമാത്രമേയുള്ളൂ. ജനാധിപത്യ സമൂഹത്തിൽ ഫലപ്രദമായി ഇടപെടൽ നടത്താനുള്ള ശേഷി ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കുള്ളതുകൊണ്ടാണ് നിങ്ങളെല്ലാം പ്രതീക്ഷിക്കുന്നതിൽനിന്നും തികച്ചും വ്യത്യസ്തമായി ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽവന്നത്. എന്നെപ്പറ്റിയും എന്റെ പ്രദേശത്തെപ്പറ്റിയും അതായത്, കണ്ണൂരിനെയും കണ്ണൂരിലെ ആന്തൂരിനെപ്പറ്റിയും അദ്ദേഹം പറയുകയുണ്ടായി. അതുകൊണ്ട് ഞാൻ അക്കാര്യം പറയുകയാണ്. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സ്വാധീനമുള്ള നല്ലൊരു കേന്ദ്രമാണ് ആന്തൂർ. 1940 സെപ്റ്റംബർ 15-നാണ് മൊറാഴ സമരം നടന്നത്. മൊറാഴ സമരത്തിന്റെ തുടർച്ചയായിട്ടാണ് കെ.പി.ആർ. ഗോപാലനെ തൂക്കിലേറ്റാൻ വിധിച്ചത്. മഹാത്മാഗാന്ധി ഉൾപ്പെടെയുള്ളവർ കെ.പി.ആർ. ഗോപാലനെ തൂക്കുമരത്തിൽനിന്നും ഇറക്കിക്കൊണ്ടുവരാൻ ഇടപെട്ടു. തൂക്കിലേറ്റാൻ തീരുമാനിച്ച കെ.പി.ആർ. ഗോപാലനെ ജനകീയ പ്രക്ഷോഭത്തിന്റെ ഭാഗമായി തിരിച്ചുകൊണ്ടുവരികയാണ് ചെയ്തത്. ജനകീയ പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാണ് മൊറാഴ. ആ മൊറാഴയിൽ ഇപ്പോഴും ഇടതുപക്ഷ പ്രസ്ഥാനം പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തിയായിട്ടുണ്ടെന്നുള്ളത് സത്യമാണ്. എല്ലാക്കാലത്തും പഴി കേൾക്കുന്ന ഒരു പ്രദേശമായി ഇതിനെ മാറ്റുകയാണ്. അതുകൊണ്ട് ഒരു പ്രശ്നവുമില്ല. അവിടെ എല്ലാ സീറ്റിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി ജയിക്കും. ഇപ്രാവശ്യം ഞാൻ മത്സരിച്ചപ്പോൾ 13000 വോട്ടിന്റെ ഭൂരിപക്ഷമുണ്ടായി. അതിലൊന്നും അത്ഭുതപ്പെട്ടിട്ട് കാര്യമില്ല. അങ്ങനെയുള്ളൊരു രാഷ്ട്രീയ കേന്ദ്രമാണ് മൊറാഴ ഉൾപ്പെടുന്ന ആന്തൂർ. ആ ആന്തൂരിൽ വോട്ട് ചെയ്യാൻ അനുവദിച്ചില്ലെന്ന് പറഞ്ഞ് ഒരാളുടെ പരാതിയും അന്നും ഇന്നും നിലവിലില്ല. ഒരു പരാതിയുമില്ലാതെ കോൺഗ്രസ്സിന്റെ പ്രമുഖനായ നേതാവ് ശ്രീ. പി. ടി. തോമസ് ഇവിടെ അവതരിപ്പിച്ചത് ശരിയായ കാര്യമല്ലെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് വിശദീകരണത്തിലേയ്ക്കൊന്നും കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

സെക്രട്ടറിമാരെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുകയുണ്ടായി. ശരിയല്ലാത്ത നിലപാട് സ്വീകരിക്കുന്ന ഒരാൾക്കും ഒരു പിന്തുണയും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ലെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. ഇവിടെ പറഞ്ഞതുപോലെ കസേരകളി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിക്കാനാവശ്യമായ നടപടി സ്വീകരിക്കാം. ഇതിനൊപ്പം ചേർത്ത് പറഞ്ഞിട്ടുള്ള ഒരുപാട് കാര്യങ്ങളുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രശ്നം ശ്രീ. പി. ടി. തോമസ് ചൂണ്ടിക്കാണിച്ചു. സുതാര്യമായി, ഒന്നും മറച്ചുവയ്ക്കാതെ ജനങ്ങളെ മുഖവിലയ്ക്കെടുത്ത് കൂട്ടായി നടത്തുന്ന ശ്രമത്തിലൂടെവേണം മാലിന്യമുക്ത കേരളത്തെ സ്വരുക്കൂട്ടിയെടുക്കാൻ. അതിന് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. എൽ.എസ്.ജി.ഡി.-യുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ട് ഇപ്പോൾ കൊടുക്കുന്നില്ലെന്ന കാര്യം അടിയന്തരമായി പരിശോധിക്കാം. അക്കാര്യത്തിൽ തെറ്റായ നിലപാട് സ്വീകരിക്കേണ്ട കാര്യമില്ല. ശരിയായ നിലപാട് സ്വീകരിച്ചുതന്നെ മുന്നോട്ടുപോകും. നാഷണൽ ഹെൽത്ത് മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരെ പിരിച്ചുവിട്ടതിനെക്കുറിച്ച് പറഞ്ഞു. അത് കേന്ദ്ര ഗവൺമെന്റ് സ്കീമിന്റെ ഭാഗമാണ്. അവരെ നേരത്തെ പിരിച്ചുവിടാൻ പറഞ്ഞതാണ്. ഇതുവരെയും പിരിച്ചുവിടാതിരുന്നു എന്നതാണ് സത്യം. ഇത് സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട സംവിധാനത്തിന്റെ ഭാഗമല്ല. മറ്റൊന്ന്, പെൻഷൻ ലഭിക്കുന്ന ഒരാളുടെയും പെൻഷൻ ഇല്ലായ്മ ചെയ്യുന്ന പ്രശ്നമേ ഉദിക്കുന്നില്ല. ബാക്കികാര്യങ്ങൾ പിന്നീട് ചർച്ച ചെയ്യാം. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ ക്ഷേമനിധിയിൽനിന്നും പിരിയുന്ന 60 വയസ്സായ അംഗങ്ങൾക്ക് പെൻഷൻ കൊടുക്കണമെന്ന വ്യവസ്ഥയിൽ ഒരു വിട്ടുവീഴ്ചയും ചെയ്യില്ല. അവർക്ക് പെൻഷൻ നൽകുകതന്നെ ചെയ്യും. അക്കാര്യത്തിൽ യാതൊരു സംശയവുംവേണ്ട. മറ്റ് പെൻഷൻ സംബന്ധിച്ച് ഞാൻ മാത്രം മറുപടി പറയേണ്ടതല്ല, അത് പരിശോധിച്ച് പിന്നീട് പറയാം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, മുൻപ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല സംസാരിച്ചപ്പോൾ "ഞാൻ കഴിഞ്ഞ പ്രാവശ്യംതന്നെ ചൂണ്ടിക്കാണിച്ചതാണ്, ഞങ്ങളെല്ലാം പറഞ്ഞതാണ്, ഈ നിയമം ഇവിടെ നിലനിൽക്കാൻ പോകുന്നില്ല. അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. എ. സി. മൊയ്തീൻ അവതരിപ്പിച്ച ബില്ലിന്റെ ഭാഗമായ കാര്യങ്ങളൊക്കെ അസ്ഥിരീകരിക്കുമെന്ന് ഞാൻ അന്നേ പറഞ്ഞതാണ്, ഇപ്പോൾ നിങ്ങൾ തന്നെ വന്നിരിക്കുന്നു" എന്നൊക്കെ പറയുകയുണ്ടായി. സെൻസസ് അടിസ്ഥാനമാക്കി കാര്യങ്ങൾ നീക്കുമ്പോൾ അതിന് ജനസംഖ്യമാത്രമേ നോക്കുകയുള്ളൂ. നമ്മുടേത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട കാര്യമാണ്. സ്വാഭാവികമായും ആ ബിൽ അന്ന്

അവതരിപ്പിച്ചപ്പോൾ കേരളത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പിന്റെ ഭാഗമായി വാർഡുകൾ വിഭജിച്ച് മുന്നോട്ടുപോകാമെന്നാണ് തീരുമാനിച്ചത്. അപ്പോഴേയ്ക്കും കോവിഡ് മഹാമാരി വന്നുതുടങ്ങി. കോവിഡ് പശ്ചാത്തലത്തിൽ ഒന്നും ചെയ്യാൻ സാധിക്കാത്ത സാഹചര്യം വന്നാൽ ഉള്ളത് ഉള്ളതുപോലെ കാണണ്ടേ; അതിനെ മാറ്റുകയെന്നല്ലാതെ വേറെ വഴിയുണ്ടോ? ഒരു വാർഡെങ്കിലും വർദ്ധിപ്പിക്കാമെന്ന കാര്യം മാറ്റി. അത് യഥാർത്ഥത്തിൽ സാമൂഹിക പശ്ചാത്തലത്തിൽവന്ന ഗുരുതരമായ ഭവിഷ്യത്തിന്റെ അനന്തരഫലമാണ്. അങ്ങനെയൊന്നും മുൻകൂട്ടി കാണാൻ നമുക്ക് സാധിക്കില്ലല്ലോ. വാർഡ് വിഭജനത്തിനെതിരെ സ്റ്റേ ആവശ്യപ്പെട്ട് കോടതിയിൽ പോയിരുന്നു. എന്നാൽ സ്റ്റേ കൊടുക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി തയ്യാറായില്ല. ആ സാഹചര്യംകൂടി കണക്കിലെടുത്തുവേണം അതിനെ കാണാൻ. ജുഡീഷ്യൽ സ്ക്രൂട്ടിണി നടന്നിരുന്നു, യഥാർത്ഥത്തിൽ കൃത്യമായൊരു നിലപാട് സ്വീകരിച്ച് അന്ന് ഗവൺമെന്റ് പോയിരുന്നു. പക്ഷേ, അത് തുടർന്ന് മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞില്ല. അപ്പോഴുള്ള ചോദ്യമെന്താണ്? തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടക്കുന്ന തെരഞ്ഞെടുപ്പ് ജനാധിപത്യപരമായി കൃത്യസമയത്ത് നടത്തണോ വേണ്ടയോ എന്നതാണ്. വേണമെന്നാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കണ്ടത്. അതിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി അന്നത്തെ പ്രത്യേക പശ്ചാത്തലത്തിലുള്ള സംവിധാനമാണ് രൂപപ്പെടുത്തിയത്. അതിന്റെ വോട്ടിംഗ് സംവിധാനത്തെക്കുറിച്ചെല്ലാം നമ്മൾ ചർച്ച ചെയ്തു. അതിന്റെ തെളിവെന്താണ്? ഈ ഓർഡിനൻസ് അടിസ്ഥാനപ്പെടുത്തി ഫലപ്രദമായി തെരഞ്ഞെടുപ്പ് നടന്നുവെന്നതാണ് അതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവ്. ഒരാൾക്കും ആക്ഷേപമില്ലാത്ത രീതിയിൽ ആ തെരഞ്ഞെടുപ്പ് നടത്തി. പ്രാബല്യത്തിൽവന്ന അന്നത്തെ ഓർഡിനൻസ് അടിസ്ഥാനപ്പെടുത്തി ഒരു തെരഞ്ഞെടുപ്പ് പ്രക്രിയ പൂർണ്ണമായും നടത്താൻ കഴിഞ്ഞെങ്കിൽ നമുക്ക് ഉത്കണ്ഠപ്പെടേണ്ട കാര്യമില്ല. ഫലപ്രദമായി ചർച്ചചെയ്ത് ആവശ്യമായ തീരുമാനമെടുത്ത് മുന്നോട്ടുപോകാൻ നമുക്ക് പ്രയാസമുണ്ടാകില്ല. മറ്റൊരു കാര്യം, പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും നൽകിയിരുന്ന അധികാരാവകാശങ്ങൾ നഗരാസൂത്രണവുമായി ബന്ധപ്പെട്ട് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഇങ്ങോട്ടെടുക്കുകയാണെന്നാണ്. അങ്ങനെയില്ല. ഗ്രാമപഞ്ചായത്തിനെയും മുനിസിപ്പാലിറ്റിയെയും കോർപ്പറേഷനെയും കൃത്യമായി കണ്ടുകൊണ്ട് ആസൂത്രണ സംവിധാനത്തിലേയ്ക്ക് ഇടപെടാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിലൊരു മാറ്റം വരുത്തണമെന്ന് ആരും വിചാരിക്കുന്നില്ല. മാത്രമല്ല, ഇവിടത്തെ മാസ്റ്റർപ്ലാനിനെയും അതിന്റെ ഭാഗമാകുന്ന പ്രശ്നങ്ങളെയും സംബന്ധിച്ച് ഇവിടെ അവതരിപ്പിച്ചു. ഇതെല്ലാം ഉണ്ടായിട്ടും ഗവൺമെന്റിന് എന്തുകൊണ്ടാണ് ഇതിൽ ഇടപെടേണ്ടിവരുന്നതെന്ന കാര്യം ഞാൻ നേരത്തെ

വിശദീകരിച്ചു. ഒരു പഞ്ചായത്തിലും ഒരു മുനിസിപ്പാലിറ്റിയിലും എക്സിക്യൂഷൻ പ്ലാൻ നടപ്പിലായിട്ടില്ല. അധികാരാവകാശം എന്തോ തിരിച്ചുപിടിക്കുന്നുവെന്ന് പറയുമ്പോൾ അതിൽനിന്നും എന്തോ പിടിക്കുന്നു എന്നല്ലേ? അങ്ങനെ ഉണ്ടായിട്ടേയില്ല. എന്നാൽ ഗവൺമെന്റിന് ഉണ്ടാകണം എന്ന നിർബന്ധമുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് ഞാൻ രാവിലെ സൂചിപ്പിച്ചു. വളരെ അപകടകരമായ പ്രദേശംതന്നെയാണ് കേരളം. വരൾച്ചയും വെള്ളപ്പൊക്കവുമുണ്ടാകാൻ സാധ്യതയുണ്ട്, അതിന്റെ ഭാഗമായി നിരവധി പ്രശ്നങ്ങൾവരും. അങ്ങനെയുള്ള സംസ്ഥാനത്ത് മാസ്റ്റർപ്ലാൻ നോക്കി മാത്രം കാര്യങ്ങൾ കൈകാര്യം ചെയ്യാൻ സാധിക്കില്ല. അതിന് തദ്ദേശീയമായ പ്രത്യേകതകൾ കണക്കിലെടുത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങളെക്കൂടി കണ്ടുകൊണ്ടുള്ള മുൻഗണനാ പ്ലാനിംഗ് വേണം. അത് സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും താഴെത്തലംവരെയും വേണം. അത് തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ഡി.പി.സി.-യെ ശക്തിപ്പെടുത്താനാണുദ്ദേശിക്കുന്നത്. ഈ ഭേദഗതിയും അതുതന്നെയാണ്. എന്നാൽ ഡി.പി.സി. പറഞ്ഞിട്ടും ഈ പ്രത്യേക പരിതസ്ഥിതിയിൽ, തദ്ദേശീയമായ രീതിയിൽ ഈ പ്ലാനിംഗ് മുന്നോട്ടുപോകുന്നില്ലെങ്കിൽ ഡി.പി.സി.-ക്കും ഗവൺമെന്റിനും ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ സാധിക്കണമെന്ന ഭേദഗതിയാണുള്ളത്. അല്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏതെങ്കിലും അധികാരം കവർന്നെടുക്കുകയല്ല. അവരെ ശക്തിപ്പെടുത്തി കൂടുതൽ ഫലപ്രാപ്തിയിലെത്തിക്കാനുള്ള ബോധപൂർവ്വമായ ഇടപെടലിനുവേണ്ടിയാണ്. അല്ലാതെ അധികാര വികേന്ദ്രീകരണത്തിന് എന്തെങ്കിലും മാറ്റം വരുത്താൻ വേണ്ടിയുള്ളതല്ലെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം, ചിലർ അതുസംബന്ധിച്ച് നന്നായി സംസാരിച്ചു, അതിന്റെ കണക്കുകൾ നേരത്തെ നിങ്ങൾ ഉദ്ധരിച്ചതാണ്. അതായത്, ക്ഷേത്രത്തിന്റെയോ പള്ളിയുടെയോ സ്കൂളിന്റെയോ ഭാഗമായി ഒരു ചെറിയ സ്ഥാപനം നിർമ്മിക്കുന്നതിന് നിലവിൽ സെക്രട്ടറിയുടെ അംഗീകാരത്തോടുകൂടി മാത്രമേ സാധിക്കുകയുള്ളൂ. അതിന് എത്ര സമയം വേണ്ടിവരുമെന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല. ഡോ. എം. കെ. മുനീർ ഇക്കാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. ഇതിൽ ഒരു കാര്യം ചെയ്യാനുദ്ദേശിക്കുന്നത്, സംരംഭകർ അല്ലെങ്കിൽ സാധാരണക്കാരായ ജനങ്ങൾ അംഗീകാരത്തിനായി വിവിധ ഓഫീസുകളിൽ നിരന്തരമായി കയറിയിറങ്ങി ഒരെത്തുംപിടിയും കിട്ടാതെപോകുന്ന സാഹചര്യം അവസാനിപ്പിക്കണമെന്നാണ്. അതുപോലെ പുതിയ സംരംഭകർ വലിയ രീതിയിലുള്ള പ്രശ്നങ്ങളാണ് അഭിമുഖീകരിക്കുന്നത്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയും ഞാനും ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഉത്തരവാദപ്പെട്ട പ്രതിനിധികളെയും സെക്രട്ടറിമാരെയും വിളിച്ച് ഇക്കാര്യങ്ങൾ സംസാരിച്ചു. കൃത്യമായി നൽകുന്ന

ഒരപേക്ഷയ്ക്ക് സെക്രട്ടറി കൈപ്പറ്റ് രസീത് കൊടുത്താൽ അഞ്ചാമത്തെ ദിവസം അതിനുള്ള അനുവാദമായി കണക്കാക്കി അവർക്ക് പണി ആരംഭിക്കാവുന്നതാണ്. ശരിയായ രീതിയിലല്ല പ്ലാൻ തയ്യാറാക്കി നൽകിയതെങ്കിൽ അവർക്കെതിരെയും കർശന നിലപാട് സ്വീകരിക്കും. അതിനാണ് 2 ലക്ഷം, 4 ലക്ഷം, 6 ലക്ഷം രൂപവരെ പിഴയടയ്ക്കേണ്ടി വരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്ലാൻ വരച്ചത് തെറ്റായ രീതിയിലാകുമ്പോൾ പ്ലാൻ വരച്ചയാൾക്ക് പിന്നീട് വരയ്ക്കാൻ അവസരമുണ്ടാകില്ല. അത് അവസാനത്തെ വരയായി മാറുമെന്ന് പരസ്യമായി പറയുകയാണ്. ശരിയായ രീതിയിൽ വരയ്ക്കണം. തെറ്റായി വരച്ചശേഷം ഇവരെ കുടുക്കാൻ സാധിക്കില്ല. അതൊക്കെ 'അന്നേരം' ശരിയാക്കാമെന്ന് ചിലയാളുകൾ പറയാറുണ്ട്. ഒരു 'അന്നേരം' ശരിയാക്കലുമുണ്ടാകില്ല. ശരിയായ രീതിയിൽ വരച്ചുകൊടുത്താൽ മാത്രമേ ആർക്കിടെക്റ്റിന്റെ ഭാഗമായ കാര്യം നിർവ്വഹിക്കാൻ സാധിക്കുകയുള്ളൂ. 213 സേവനങ്ങൾ ഇപ്പോൾ ഓൺലൈനാക്കിയിട്ടുണ്ട്. ILGMS (Integrated Local Governance Management System)-ന്റെ ഭാഗമായ സോഫ്റ്റ്‌വെയർ എല്ലാ പഞ്ചായത്തുകളിലും വന്നുകഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി അത് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. 230 പഞ്ചായത്തുകൾ A മുതൽ Z വരെയുള്ള മുഴുവൻ കാര്യങ്ങളും ഓൺലൈനായി ചെയ്യാൻ പ്രാപ്തമായി. ബാക്കിയുള്ള പഞ്ചായത്തുകളിൽ അതിന്റെ പ്രവർത്തനം നടന്നുവരികയാണ്. അടുത്തവർഷം ആദ്യം തദ്ദേശഭരണ സ്ഥാപനങ്ങളായ ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓൺലൈൻ സംവിധാനത്തിലൂടെ എല്ലാ സേവനങ്ങളും നിർവ്വഹിക്കാൻ കഴിയും. മുനിസിപ്പാലിറ്റികളിൽ പ്ലാൻ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സൗകര്യം ഇപ്പോൾത്തന്നെയുണ്ട്. തെറ്റായ രീതിയിലാണ് ഒരു പ്ലാൻ സമർപ്പിച്ചിരിക്കുന്നതെങ്കിൽ എവിടെയാണ് കുഴപ്പമെന്നുള്ളതുസംബന്ധിച്ച് അപ്പോൾത്തന്നെ വ്യക്തമാകും. IBPMS (Intelligent Building Plan Management System)-ന്റെ സോഫ്റ്റ്‌വെയറാണ് ഇതിനായി ഉപയോഗിക്കുന്നത്. അത് നമുക്ക് അപ്ഡേറ്റ് ചെയ്യാനും സാധിക്കും. പൂർണ്ണമായും ശരിയായെന്ന് ഞാൻ പറയുന്നില്ല. അടുത്ത വർഷം ആദ്യംമുതൽ അത് പൂർണ്ണമായ അർത്ഥത്തിൽ കൈകാര്യം ചെയ്യാൻ സാധിക്കും. ഒരുപാട് പ്രശ്നങ്ങൾ നമുക്ക് ഇതിലൂടെ അവസാനിപ്പിക്കാൻ കഴിയും. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും അതിന്റെ ഭാഗമായുള്ള തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നിൽക്കുന്ന എല്ലാവർക്കും വേണ്ടിയുള്ളതാണ്. രാജ്യത്തിന് മാതൃകയായി നിരവധി നിയമനിർമ്മാണങ്ങൾ കേരളം ഇതിനുമുമ്പും നിർമ്മിച്ചിട്ടുണ്ട്. 1969 ഒക്ടോബർ 14-ാം തീയതി കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ജന്മിത്വം അവസാനിപ്പിക്കുന്ന 'കാർഷിക ഭൂപരിഷ്കരണ നിയമം' അതിൽ പ്രധാനപ്പെട്ടതാണ്. കേരളത്തെ ഇന്നത്തെ

കേരളമാക്കി രൂപപ്പെടുത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിച്ച നിയമനിർമ്മാണം അതാണ്. അതിന്റെ തുടർച്ചയായി വലിയ പോരാട്ടങ്ങളും സമരങ്ങളും പ്രക്ഷോഭങ്ങളും ഗവൺമെന്റ് നിലപാടുകളുമുണ്ടായി. അതിന്റെയെല്ലാം ഭാഗമായാണ് 36 ലക്ഷം കുടുംബങ്ങൾക്ക് ഇന്ത്യയിൽ ഒരു സംസ്ഥാനത്തുമില്ലാത്ത രീതിയിൽ കേരളത്തിൽ അഞ്ച് സെന്റ് മുതൽ പതിനഞ്ച് ഏക്കർവരെ ഭൂമി ലഭിച്ചിട്ടുള്ളത്. ഇതാണ് കേരളത്തിന്റെ മാറ്റം. കേരളം ഒരുപാട് പ്രക്രിയകളിലൂടെയാണ് ഇന്നത്തെ നിലയിലെത്തിയത്. ഇതൊന്നും ഒരു ഇന്ത്യൻ സംസ്ഥാനത്തും നടന്നിട്ടില്ല. അതുകൊണ്ടാണ് അവിടെ കാർഷിക മേഖലയിലെ ഭൂപ്രഭുത്വത്തിന്റെയും ജന്മിത്വത്തിന്റെയും കെട്ടുപാട് അതുപോലെ നിൽക്കുന്നത്. കേരളത്തിന്റെ വമ്പിച്ച മാറ്റം ഇനിയും പ്രദാനംചെയ്ത് മുന്നോട്ടുപോകേണ്ടതുണ്ട്. അതിനുതകുന്ന ബില്ലുകളാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. എല്ലാവരും നടത്തിയ ചർച്ചയ്ക്ക് നന്ദി രേഖപ്പെടുത്തുന്നു. വിശദമായി സബ്ജക്ട് കമ്മിറ്റിയിലും അടുത്ത ദിവസങ്ങളിൽ വരാൻപോകുന്ന ചർച്ചയിലും ഇത് പൂർത്തിയാക്കാമെന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ, അങ്ങയുടെ 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി കെ. കെ. രമ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: 2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സഭ ഇന്ന് നാല് ബില്ലുകൾ ചർച്ച ചെയ്തു. ഈ നാല് ബില്ലുകളും ഇന്നുതന്നെ സബ്ജക്ട് കമ്മിറ്റി പരിഗണനയ്ക്കെടുക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്വാഭാവികമായും നിലവിലുള്ള നിയമമനുസരിച്ച് ഇന്ന് ചർച്ച ചെയ്തുകഴിഞ്ഞാൽ ഒരു ദിവസത്തെ ഇടവേള കൊടുത്താണ് അടുത്ത ദിവസം പരിഗണിക്കാറുള്ളത്. അതിന് അങ്ങേയ്ക്ക് വിവേചനാധികാരമുണ്ട്. ആ വിവേചനാധികാരം ഉപയോഗിച്ച് അനുവാദം കൊടുക്കാം. പക്ഷേ അക്കാര്യം അങ്ങ് സഭയിൽ പറയേണ്ടതായിരുന്നു. റൂൾ 237 അനുസരിച്ച് അങ്ങനെയൊരു കീഴ്വഴക്കമുണ്ട്, അങ്ങത് പറഞ്ഞില്ല. അങ്ങ് പറയുന്നതായിരുന്നു ഉചിതം.

മി. സ്പീക്കർ: അങ്ങനെയൊരു കീഴ്വഴക്കമില്ല.

ഡോ. എം. കെ. മുനീർ, 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ: ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: 2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല, അങ്ങയുടെ '1എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. രമേശ് ചെന്നിത്തല സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്തില്ല.)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശാന്തകുമാരി കെ., അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്, 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നു.

മി. സ്പീക്കർ: 2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള നഗര-ഗ്രാമാസൂത്രണ (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്, 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: 2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ്, അങ്ങയുടെ '1 എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. പി. ടി. തോമസ്, അവതരിപ്പിച്ച '1 എ' നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്, അങ്ങയുടെ '2 ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2021-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ.................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

## X അറിയിപ്പ്

മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ഇന്ന് ചേർന്ന കാര്യോപദേശക സമിതി യോഗത്തിലുണ്ടായ ധാരണയുടെ അടിസ്ഥാനത്തിൽ 6-10-2021 ബുധനാഴ്ച, സഭയുടെ മുമ്പാകെവരുന്ന 2021-ലെ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ബിൽ, 2021-ലെ കേരള ധാതുക്കൾ (അവകാശങ്ങൾ നിക്ഷിപ്തമാക്കൽ) ബിൽ, 2021-ലെ കേരള കള്ള് വ്യവസായ വികസന ബോർഡ് ബിൽ എന്നീ നാല് ബില്ലുകളിന്മേലുള്ള ഓർഡിനൻസ് നിരാകരണ പ്രമേയ നോട്ടീസുകളുടെയും സബ്ജക്ട് കമ്മിറ്റികളുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസുകളുടെയും മുൻഗണനാക്രമം നിർണ്ണയിക്കുമ്പോൾ നടത്തുന്ന നറുക്കെടുപ്പിന്റെ തീയതിയും സമയവും നാളെ (5-10-2021) ഉച്ചയ്ക്ക് 12.00 മണിയാണെന്ന വിവരം അറിയിക്കുന്നു.

ഓർഡർ...........ഓർഡർ........... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ഒക്ടോബർ 5-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 7.47-ന് പിരിഞ്ഞു.)

## അനുബന്ധം

### അനുബന്ധം I

നക്ഷത്രചിഹ്നമിട്ട 14-ാം നമ്പർ ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

**മുൻഗണന ഗുണഭോക്താക്കളുടെ ക്വോട്ട പുനർനിർണ്ണയം**

(*14) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ അശാസ്ത്രീയമായി മുൻഗണന ഗുണഭോക്താക്കളുടെ എണ്ണം നിജപ്പെടുത്തിയത് അർഹതപ്പെട്ട അനവധി പേർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കാതെ പോകുന്നതിനും സൗജന്യ ചികിത്സ നിഷേധിക്കപ്പെടുന്നതിനും ഇടയാക്കിയിട്ടുണ്ടെന്നതിനാൽ മുൻഗണന ഗുണഭോക്താക്കളുടെ ക്വാട്ട ശാസ്ത്രീയമായി പുനർനിർണ്ണയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന മുൻഗണനാ പട്ടികയിലുൾപ്പെടുത്താവുന്ന അംഗങ്ങളുടെ പരിധി 15,48,00,40 ആണ്. സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ 52.63 ശതമാനവും നഗര പ്രദേശങ്ങളിൽ 39.5 ശതമാനവും ജനങ്ങളെയാണ് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്താൻ കഴിയുന്നത്. ഇപ്രകാരം അംഗങ്ങളുടെ പരിധി നിശ്ചയിച്ചതിനാൽ അർഹരായ എല്ലാ കുടുംബങ്ങളെയും മുൻഗണനാ പട്ടികയിലുൾപ്പെടുത്താൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി വർദ്ധിപ്പിച്ചുനൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണമുണ്ടായിട്ടില്ല. 18-9-2017-ലെ സർക്കാർ ഉത്തരവ് (സാധാ) 320/2017/ഭ.പൊ.വി.വ. പ്രകാരം മുൻഗണനാ മാനദണ്ഡങ്ങൾ പരിഷ്കരിച്ചിരുന്നു. ഗുരുതരമായ ശാരീരിക/മാനസിക പ്രശ്നമുള്ള അംഗങ്ങളുൾപ്പെട്ട കുടുംബങ്ങളെ പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുപുറമേ ഒഴിവാക്കൽ മാനദണ്ഡങ്ങളിലുൾപ്പെടുന്ന കുടുംബങ്ങളിൽ ആർക്കെങ്കിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിച്ച് ടി കുടുംബങ്ങളെ മുൻഗണനാ പട്ടികയിലുൾപ്പെടുത്താൻ 27-10-2020-ലെ സ.ഉ.

(സാധാ)നം.319/2020/ഭ.പൊ.വി.വ. പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പിൽ വരുത്തിയശേഷം 6.67 ലക്ഷം അനർഹമായ മുൻഗണനാ റേഷൻ കാർഡുകൾ നാളിതുവരെ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അനർഹമായി മുൻഗണന റേഷൻ കാർഡുകൾ കൈവശപ്പെടുത്തിയിട്ടുള്ളവരെ കണ്ടെത്തി മുൻഗണനാ ലിസ്റ്റിൽനിന്ന് ഒഴിവാക്കാൻ സ്വീകരിച്ച നടപടിയുടെ പുരോഗതി അറിയിക്കാമോ;

(സി) 2021 നവംബറിന് മുമ്പായി ഒരു ലക്ഷം മുൻഗണനാ കാർഡുകൾ നൽകാൻ പദ്ധതിയുണ്ടോ; നിലവിൽ തീർപ്പാക്കാനുള്ള അപേക്ഷകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അറിയിക്കാമോ; അനർഹരെ കണ്ടെത്താൻ റേഷനിംഗ് ഇൻസ്പെക്ടർമാർ നടത്തുന്ന പരിശോധന കാര്യക്ഷമമാക്കാൻ വേണ്ട ഇടപെടലുണ്ടാകുമോ എന്ന് വ്യക്തമാക്കാമോ?

(ബി & സി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം മുൻഗണനാ വിഭാഗങ്ങളായ എ.എ.വൈ. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളും പി.എച്ച്.എച്ച്. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സംസ്ഥാന മാനദണ്ഡങ്ങളും പ്രകാരമുള്ള പരിശോധനകൾ നടത്തി ആർ.സി.എം.എസ്. ഡാറ്റ മാപ്പിംഗ് നടത്തി അനർഹരെ കണ്ടെത്തി ഒഴിവാക്കിവരുന്നു. അനർഹമായി കൈവശം വച്ചിരുന്ന മുൻഗണനാ കാർഡുകൾ സ്വമേധയാ തിരിച്ചേൽപ്പിക്കുന്നതിന് സർക്കാർ അവസരം നൽകിയിരുന്നു. ഇത്തരത്തിൽ മുൻഗണനാ കാർഡുകൾ തിരിച്ചേൽപ്പിക്കുന്നവരെ പിഴ, മറ്റ് ശിക്ഷാ നടപടികൾ എന്നിവയിൽനിന്നും ഒഴിവാക്കിയിരുന്നു. ഈ സൗകര്യമുപയോഗിച്ച് 11587 എ.എ.വൈ. കാർഡുകൾ, 74,624 പി.എച്ച്.എച്ച്. കാർഡുകൾ, 55974 എൻ.പി.എസ്. കാർഡുകൾ എന്നിങ്ങനെ ആകെ 1,42,187 കാർഡുകളാണ് തിരിച്ചേൽപ്പിക്കപ്പെട്ടത്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് എ.എ.വൈ./പി.എച്ച്.എച്ച്. വിഭാഗങ്ങളിലുള്ള, തുടർച്ചയായി മൂന്നുമാസം റേഷൻ വാങ്ങാത്തവരുടെ പട്ടിക തയ്യാറാക്കി അനർഹരെ ഒഴിവാക്കിയിട്ടുമുണ്ട്. കൂടാതെ ആധാർ ലിങ്ക് ചെയ്യാത്തതോ ഒരംഗം മാത്രമുള്ളതോ ആയ മുൻഗണനാ റേഷൻ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ ഒഴിവാക്കുന്നുണ്ട്. റേഷൻ ഭക്ഷ്യധാന്യങ്ങൾ ആവശ്യമില്ലാത്ത കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതം ആറ് മാസക്കാലയളവിലേയ്ക്ക് ഉപേക്ഷിക്കാവുന്ന Give-UP പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ളവരിൽ എ.എ.വൈ./മുൻഗണനാ വിഭാഗത്തിൽപ്പെട്ട

കാർഡുടമകളാണെങ്കിൽ ടി കാർഡുകൾ മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും തുടർന്നുവരുന്നു. അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വച്ചിരിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് സർക്കാരിനെ അറിയിക്കുന്നതിലേയ്ക്കായി 9495998223 എന്ന ഫോൺ നമ്പർ പരസ്യപ്പെടുത്തുകയും പരാതി നൽകുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഫോണിലൂടെയും വാട്സ്ആപ്പിലൂടെയും 519 പരാതികൾ ലഭ്യമാകുകയും അവയിൽ അർഹതയില്ലായെന്ന് കണ്ടെത്തിയ 232 കാർഡുകൾ പൊതുവിഭാഗത്തിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. സ്വമേധയാ സറണ്ടർ ചെയ്യുന്നതും പരിശോധനയിലൂടെ കണ്ടെത്തിയതുമായ ഒഴിവുകളും ഉൾപ്പെടെ എ.എ.വൈ. വിഭാഗത്തിൽ 13,000-ഉം പി.എച്ച്.എച്ച്. വിഭാഗത്തിൽ 1,32,000 ഒഴിവുകളുമുണ്ടായി. 31-7-2021 വരെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് മേൽപ്പറഞ്ഞ ഒഴിവുകളിൽനിന്ന് 12,596 കുടുംബങ്ങളെ എ.എ.വൈ. വിഭാഗത്തിലേയ്ക്കും 1,19,866 കുടുംബങ്ങളെ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും മാറ്റിയിട്ടുണ്ട്. 1-8-2021 മുതൽ 43635 അപേക്ഷകളാണ് താലൂക്കുതലത്തിൽ മുൻഗണനയിലേയ്ക്ക് മാറ്റുന്നതിനായി ലഭ്യമായിട്ടുള്ളത്. അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. എ.എ.വൈ. കാർഡുകളുടെ സംസ്ഥാനതല വിതരണം ആഗസ്റ്റ് 6-നും പി.എച്ച്.എച്ച്. കാർഡുകളുടെ സംസ്ഥാനതല വിതരണം സെപ്റ്റംബർ 28-നും നടത്തിയിട്ടുണ്ട്. താലൂക്കടിസ്ഥാനത്തിലുള്ള വിതരണം സെപ്റ്റംബർ 30, ഒക്ടോബർ 1, 2, 3 തീയതികളിലായി നടന്നു. ശേഷിക്കുന്നവ ഒക്ടോബർ 15-ാം തീയതിയോടെ പൂർത്തിയാക്കും. മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം ഒരു തുടർപ്രക്രിയയായതിനാൽ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്ന നടപടികൾ തുടരുന്നതാണ്. റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുന്നു. ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുന്നു. റേഷനിംഗ് ഇൻസ്പെക്ടർമാർ പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുകയും വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## അനുബന്ധം II

### അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ മേശപ്പുറത്തുവച്ച വിശദാംശങ്ങൾ ഒന്നാം അലോട്ട്മെന്റ് പൂർത്തിയായപ്പോഴുള്ള പ്രവേശന വിവരം

| ജില്ല | ആകെ അപേക്ഷകർ | മറ്റ് ജില്ലകളിൽ നിന്നുള്ള അപേക്ഷകരുടെ എണ്ണം | ജില്ലക്കകത്തുള്ള അപേക്ഷകരുടെ എണ്ണം | പ്രതീക്ഷിത പ്രവേശനം ശതമാനത്തിൽ (5 വർഷത്തെ പ്രവേശനം തോത് അടിസ്ഥാനപ്പെടുത്തി) | പ്രവേശനം നേടാൻ സാധ്യതയുള്ള അപേക്ഷകരുടെ എണ്ണം | ഒന്നാം അലോട്ട്മെന്റിൽ പ്രവേശനം നേടിയവർ | അലോട്ട്മെന്റ് നൽകിയിട്ടും പ്രവേശനം നേടാത്തവർ | വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ പ്രവേശനം നേടിയവർ | പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 35949 | 1431 | 34518 | 93 | 32102 | 19748 | 1466 | 481 | 10407 |
| കൊല്ലം | 34644 | 3251 | 31393 | 91 | 28568 | 14472 | 1415 | 1352 | 11329 |
| പത്തനംതിട്ട | 14515 | 3220 | 11295 | 75 | 8471 | 6702 | 1237 | 268 | 264 |
| ആലപ്പുഴ | 26753 | 2501 | 24252 | 89 | 21584 | 11600 | 1179 | 442 | 8363 |
| കോട്ടയം | 23689 | 2461 | 21228 | 86 | 18256 | 10076 | 1408 | 498 | 6274 |
| ഇടുക്കി | 12998 | 1209 | 11789 | 84 | 9903 | 5448 | 945 | 304 | 3206 |
| എറണാകുളം | 37375 | 3998 | 33377 | 89 | 29706 | 15510 | 1385 | 713 | 12098 |
| തൃശ്ശൂർ | 40486 | 3012 | 37474 | 90 | 33727 | 16869 | 1290 | 780 | 14788 |
| പാലക്കാട് | 43010 | 5667 | 37343 | 92 | 34356 | 18531 | 1628 | 375 | 13822 |
| കോഴിക്കോട് | 48606 | 3595 | 45011 | 93 | 41860 | 20761 | 1202 | 443 | 19454 |
| മലപ്പുറം | 77837 | 6212 | 71625 | 92 | 65895 | 29008 | 1837 | 605 | 34448 |
| വയനാട് | 12415 | 103 | 12312 | 95 | 11696 | 6120 | 563 | 82 | 4931 |
| കണ്ണൂർ | 37289 | 2057 | 35232 | 92 | 32413 | 17625 | 812 | 429 | 13547 |
| കാസർഗോഡ് | 19653 | 772 | 18881 | 90 | 16993 | 9019 | 701 | 364 | 6909 |
| ആകെ | 465219 | 39489 | 425730 | | 385530 | 201489 | 17065 | 7136 | 159840 |

| ജില്ല | പ്രവേശനത്തിനായി ശേഷിക്കുന്നവരുടെ എണ്ണം | ഒന്നാം അലോട്ട്മെന്റിന ശേഷം മെറിറ്റ് ക്വാട്ടായിൽ ഒഴിവുള്ള സീറ്റുകൾ | കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകൾ | സ്പോർട്സ് ക്വാട്ടാ സീറ്റുകളിൽ പൊതു മെരിറ്റിനായി പരിവർത്തനം ചെയ്യാവുന്ന സീറ്റുകളുടെ എണ്ണം | മാനേജ്മെന്റ് ക്വാട്ടാ സീറ്റുകൾ | അൺ-എയ്ഡഡ് ക്വാട്ടാ സീറ്റുകൾ | ഒന്നാം അലോട്ട്മെന്റിന ശേഷം ലഭ്യമായ ആകെ സീറ്റുകൾ | സീറ്റിന്റെ ലഭ്യത കുറവ് |
|---|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 10407 | 4986 | 2172 | 383 | 2772 | 6425 | 16738 | 6331 |
| കൊല്ലം | 11329 | 4001 | 1819 | 236 | 2480 | 3822 | 12358 | 1029 |
| പത്തനംതിട്ട | 264 | 2981 | 1286 | 218 | 1750 | 1891 | 8126 | 7862 |
| ആലപ്പുഴ | 8363 | 3965 | 2255 | 254 | 2780 | 1839 | 11093 | 2730 |
| കോട്ടയം | 6274 | 3833 | 2380 | 254 | 2760 | 3058 | 12285 | 6011 |
| ഇടുക്കി | 3206 | 2396 | 1185 | 146 | 1240 | 1517 | 6484 | 3278 |
| എറണാകുളം | 12098 | 4742 | 2805 | 210 | 3360 | 5789 | 16906 | 4808 |
| തൃശ്ശൂർ | 14788 | 4733 | 2629 | 259 | 3240 | 4946 | 15807 | 1019 |
| പാലക്കാട് | 13822 | 5959 | 1585 | 318 | 2520 | 4116 | 14499 | 677 |
| കോഴിക്കോട് | 19454 | 7226 | 2849 | 135 | 3756 | 5072 | 19038 | -416 |
| മലപ്പുറം | 34448 | 12575 | 3846 | 540 | 4452 | 11275 | 32688 | -1760 |
| വയനാട് | 4931 | 1967 | 620 | 33 | 708 | 756 | 4084 | -847 |
| കണ്ണൂർ | 13547 | 7892 | 1928 | 392 | 2520 | 2417 | 15149 | 1602 |
| കാസർഗോഡ് | 6909 | 3974 | 602 | 174 | 876 | 2078 | 7704 | 795 |
| ആകെ | 159840 | 71230 | 27961 | 3552 | 35214 | 55002 | 192959 | 33119 |